# മംഗളോദയം



# മംഗളോദയം

൧൦൮൩

| ൦ | മേടം | ലക്കം ൧ |
|---|---|---|

## മംഗളം

സർവ്വജ്ഞസർവ്വസംസാരസർവ്വസ്വം സർവ്വകാലവും
സർവ്വർക്കും [illegible]ടട്ടേ സർവ്വമംഗള മംഗളം.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# പ്രസ്താവന.



ക്കത്തോടുകൂടി മംഗളോദയം ന്നാം വയസ്സിൽ പ്രവേശിക്കുകയായി. പോയ കൊല്ലത്തിലുണ്ടായ സുഖദുഃഖങ്ങളുടേയും, പുക്ക കൊല്ലത്തിൽ ചെയ്തിട്ടുള്ള നിശ്ചയങ്ങളുടേയും ചുരുക്കവിവരം വായനക്കാരെ ധരിപ്പിക്കുവാൻ തക്ക അവസരം ഇതാണ്. അടിയന്തരത്തിന്ന് ഇവിടെ വലിയ വട്ടങ്ങളൊന്നും കൂട്ടീട്ടില്ലാത്തതിനാൽ തൽക്കാലം അധികമായൊന്നും പറയേണമെന്നു വിചാരിക്കുന്നില്ല.

മംഗളോദയത്തിന്റെ ഉദ്ദേശ്യം ഇക്കഴിഞ്ഞ കൊല്ലത്തിൽ എത്രത്തോളം സാധിച്ചിട്ടുണ്ടെന്നു ചോദിക്കുന്നതായാൽ ആ ചോദ്യം തന്നെ ഞങ്ങളോട്ടും ചോദിച്ചേക്കാം. അതു നിർണ്ണയിപ്പാനുള്ള അധികാരം സഹൃദയന്മാരായ സുഹൃജ്ജനങ്ങൾക്കാണ്. ഉദ്ദേശ്യനിർവ്വഹണത്തിന്ന് അനേകം സംഗതികൾ ആവശ്യമാണെങ്കിലും

പ്രധാനമായി വേണ്ടതു കാലഗുണം, ബന്ധുബലം, സമ്പത്തു് എന്നിവയാണല്ലൊ. ഈ ത്രിഗുണങ്ങളിൽ ആദ്യത്തെ രണ്ടും അനുകൂലമാണെങ്കിൽ ഒടുവിലത്തേതു താനേ അധീനമാവും; നേരെ മറിച്ച്, സമ്പത്തു സ്വതസ്സിദ്ധമായിട്ടെന്ന ധാരാളമുണ്ടെങ്കിലും മററു രണ്ടു ഗുണങ്ങളില്ലെങ്കിൽ ഉദ്ദിഷ്ടകാൎയ്യം സാധിക്കുവാൻ പ്രയാസവുമാണ്. പ്രകൃതത്തിൽ, യൂറോപ്പിലെ ഘോരസമരംനിമിത്തം അച്ചടിസ്സാമാനങ്ങൾക്കുള്ള വില പതിന്മടങ്ങു വൎദ്ധിക്കയാലും തക്ക വില കൊടുത്താൽക്കൂടി സാമാനങ്ങൾ കിട്ടാൻ ദുൎല്ലഭമാകയാലും പല അച്ചുക്കൂടങ്ങളുടേയും പത്രങ്ങളുടേയും മാസികകളുടേയും ജീവിതം തന്നെ സംശയസ്ഥാനത്തിൽപ്പെട്ടിരിക്കുന്ന ഇക്കാലത്തു കാലഗുണത്തെസ്സംബന്ധിച്ചടത്തോളം ഒന്നും പറയാതിരിക്കയാണുത്തമം. ബന്ധുബലമാണെങ്കിൽ മംഗളോദയത്തിനു ധാരാളമുണ്ട്. കേരളത്തിൽ കേളികേട്ടവരായ ഗ്രന്ഥകാരന്മാരും കവികളും ലേഖകന്മാരും വായനക്കാരും ഒക്കെ ഞങ്ങളുടെ ബന്ധുക്കളാണ്; അല്ലെങ്കിൽ ഞങ്ങൾ അവരുടെ ബന്ധുക്കളാണ്. അവരുടെയെല്ലാം അനുഗ്രഹം മംഗളോദയത്തിന്റെ പേരിൽ എപ്പോഴും ഉണ്ടെന്നാണു ഞങ്ങളുടെ വിശ്വാസവും. പക്ഷേ, ഇവരുടെ പ്രവൃത്തിരൂപേണയുള്ള സാഹായ്യം വളരെ കുറച്ചു മാത്രമേ ഞങ്ങൾക്കു സിദ്ധിക്കുന്നുള്ളുവെന്നു വ്യസനസമേതം പറയേണ്ടിവന്നിരിക്കുന്നു. ഈ സ്ഥിതിക്കു മാസികയുടെ സമ്പൽസ്ഥിതി എങ്ങിനെയിരിക്കുന്നു എന്നൂഹിക്കാമല്ലൊ.

കേരളത്തിൽ എഴുതാവുന്നവരായ
വിദ്വാന്മാർ വളരെയുണ്ട്;
വർ പ്രായേണ എഴുതുന്ന
ന്നവരാകട്ടെ അതിലും അ
ന്നാൽ, അവരിൽ മിക്കവരു
വരുമല്ല. ഈ വൈഷമ്യം
ടി പാകമാക്കേണമെങ്കിൽ
സമുണ്ട്. ഒന്നാമത്, ഈ
ജീവനത്തിനുകൂടി സഹാ
ത്തിയായി വരണം. രണ്ടാ
റിയുന്ന വിദ്വാന്മാരെ പെ
ക്കവിധം അത്യധികം
ന്മാരില്ലെന്നും വരണം. ഇ
ത്തെ കാൎയ്യം സാധിക്കുന്നത
ത്തേത് എളുപ്പത്തിൽ സ
ണ്. അതു സാധിക്കുന്നകാ
ഴുതാവുന്ന ലേഖകന്മാരെ
തുന്നവരിൽ ചിലരുടെ പ്ര
ചിച്ച ലേഖനങ്ങൾ സമ്പാ
'മുട്ടുശാന്തി' നിവൃത്തിക്കുവാ
ലെ മാസികാധിപന്മാർക്കു
ഇങ്ങിനെ ഭാഷാദേവിയെ
ത്തു ശുദ്ധമേ 'ഇരുളടഞ്ഞത്'
ത്തെ കഴിപ്പാൻ കുറച്ചൊ
ണ്ടെങ്കിലേ സാധിക്കൂ. ആ
ഗുണാഗുണങ്ങൾ നോക്കി
ത്തെ പത്രഗ്രന്ഥങ്ങളുടെ
കണക്കാക്കേണ്ടത്. ആ ക
ഗുണദോഷങ്ങൾ തട്ടിക്കിഴി
'മംഗളോദയ'ത്തിനു വല്ല കാ
ങ്കിൽ അതു മാത്രം ഞങ്ങൾ
മതി. ഇത്രമാത്രമേ ഞങ്ങൾ
കൊല്ലത്തെപ്പററി പറയാനു

ഇനി മേലാലത്തെ
ററിയും രണ്ടു വാക്കു പറയാം.

ട്ട് ഇപ്പോൾ ഉത്തമരീതിയിൽ നടക്കുന്ന മാസികകളെക്കൊണ്ടു സിദ്ധിക്കാവുന്ന സംഗതികൾ വളരെയുണ്ട്. ഒന്നാമതു, സാഹിത്യത്തെസ്സംബന്ധിച്ചു തന്നെ പല കാൎയ്യങ്ങളും മലയാളത്തിൽ ഇപ്പോൾ ചെയ്യേണ്ടതായിട്ടാണിരിക്കുന്നത്. പഴയവയും പുതിയവയുമായ ഗ്രന്ഥങ്ങളെ നിരൂപണം ചെയ്തു വിദ്യാൎത്ഥികൾക്കു വിജ്ഞാനവും വിനോദവും ഉണ്ടാക്കുന്നത് ഇന്നത്തെ ഒഴിച്ചുകൂടാത്ത വിഷയങ്ങളിൽ ഒന്നാണ്. സൎവ്വകലാശാലാപരീക്ഷകൾക്കും മറ്റുമായി മലയാളസാഹിത്യഗ്രന്ഥങ്ങൾ പഠിക്കുന്ന വിദ്യാൎത്ഥികൾക്ക് അത്യാവശ്യമുള്ള അറിവുകളുണ്ടാക്കിക്കൊടുക്കുന്നതിൽ പല സാഹായ്യങ്ങളും ഇന്നത്തെ മാസികകളെക്കൊണ്ട് ഉണ്ടാവേണ്ടതുണ്ട്. ഗ്രന്ഥനിരൂപണം ചെയ്യുന്നതിൽ ശാസ്ത്രീയമായ യാതൊരു നിയമവും അനുസരിക്കായ്കയാൽ പണ്ഡിതന്മാൎക്ക് അധൈൎയ്യവും പാമരന്മാൎക്ക് ധൈൎയ്യവും വൎദ്ധിച്ചുവരുന്നതുകൊണ്ടുള്ള ദോഷങ്ങൾ ഇക്കാലത്തെ ഉത്തമപത്രഗ്രന്ഥങ്ങൾ മുഖേന കുറെയൊക്കെ നിവാരണം ചെയ്യാവുന്നതാണ്. രണ്ടാമതു, നവീനശാസ്ത്രങ്ങളെപ്പറ്റി പലതും ഭാഷാസ്നേഹികൾ മനസ്സിലാക്കേണ്ടതുണ്ട്. ഉൽകൃഷ്ടരീതിയിലുള്ള വിദ്യാഭ്യാസം ചെയ്യുന്നതിന്നു വേണ്ടുന്ന ശാസ്ത്രപുസ്തകങ്ങൾ സ്വദേശഭാഷകളിൽ തന്നെ നിൎമ്മിക്കണമെന്നാണു ഭാരതീയരായ ദേശാഭിമാനികൾ ആഗ്രഹിക്കുന്നത്. കേരളഭാഷയ്ക്കു പ്രാധാന്യം കൊടുക്കുന്നതായ ഒരു സൎവ്വകലാശാല വേണമെന്നുള്ള പുതിയ ആഗ്രഹം സാധിക്കേണമെങ്കിൽ കേരളഭാഷയിൽത്തന്നെ വേണ്ട ശാസ്ത്രഗ്രന്ഥങ്ങളാക്കയും ഉണ്ടാക്കേണ്ടി വരും. അതു ഇപ്പോഴല്ലെങ്കിൽ അടുത്തൊരിക്കൽ കൂടാതെ കഴിയുന്നതുമല്ല. ഈ കാൎയ്യം കാലാന്തരത്തിലെങ്കിലും സാധിക്കുവാൻ ഇപ്പോഴത്തെ മാസികകളിലെഴുതുന്ന ശാസ്ത്രവിഷയമായ ലേഖനങ്ങൾ വളരെ സഹായിക്കാതിരിക്കയില്ല. ഇതുപോലെ, ചരിത്രവിഷയത്തിലുള്ള അന്ധവിശ്വാസങ്ങൾ കളഞ്ഞു പഴയതും പുതിയതുമായ ചരിത്രസംഗതികളെ യഥാൎത്ഥരൂപത്തിൽ വിവരിക്കുക, വ്യവസായസംബന്ധമായും മറ്റുമുള്ള കാൎയ്യങ്ങളെ പ്രതിപാദിച്ചു പുതിയ ധനാഗമമാൎഗ്ഗങ്ങളെ വെളിപ്പെടുത്തുക, മതസംബന്ധമായും സമുദായസംബന്ധമായുമുള്ള തത്വങ്ങളെ നിരൂപണം ചെയ്ക എന്നു മുതലായി എത്രയോ വിഷയങ്ങൾ കേരളത്തിൽ മാസികകളെക്കൊണ്ടു സാധിക്കേണ്ടതും സാധിക്കാവുന്നതുമായിട്ടുണ്ട്. ഇപ്പറഞ്ഞ വിഷയങ്ങളെപ്പറ്റി വിദ്വാന്മാരെക്കൊണ്ടെഴുതിച്ചും സ്വയമായി എഴുതിയും രസാവഹങ്ങളായ ലേഖനങ്ങൾ കഴിയുന്നേടത്തോളം പ്രസിദ്ധപ്പെടുത്തുവാൻ ഞങ്ങൾ മുമ്പത്തെപ്പോലെ പുതിയ കൊല്ലത്തിലും പ്രത്യേകം മനസ്സിരുത്തുന്നതാണെന്നു മാത്രം ഇക്കാലം പറഞ്ഞുകൊള്ളുന്നു.

ഇതേവരെയും ഞങ്ങളെ സഹായിച്ചിട്ടുള്ള ലേഖകന്മാൎക്കും വരിക്കാൎക്കും ഞങ്ങളുടെ ഹാൎദ്ദമായ വന്ദനം പറഞ്ഞുകൊണ്ടും, അവരുടെയും അവരെപ്പോലെയുള്ള മറ്റു മഹാന്മാരുടേയും സഹകരണം മേലിലും ഉണ്ടാവണമെന്നപേക്ഷിച്ചുകൊണ്ടും, ഈ പുതിയ കൊല്ലത്തിൽ എല്ലാ സഹൃദയന്മാൎക്കും മംഗളോദയം വരുവാൻ ആശംസിച്ചുകൊണ്ടും 'മംഗളോദയം' മാസിക ഇതാ പത്താം വയസ്സിൽ പ്രവേശിക്കുന്നു.

# അഗ്നിപുരാണവും സാഹിത്യശാസ്ത്രവും

‘പുരാണം’ എന്ന പദത്തിനു ‘പഴയത്’ എന്ന് അർത്ഥമാകുന്നു. പുരാണങ്ങൾ വൈദികസാഹിത്യത്തിന്റെ ഒരു ശാഖയായിരുന്നു എന്ന് അഥർവ്വവേദത്തിൽ പറയുന്നു. വേദവ്യാസ മഹർഷി തന്റെ ശിഷ്യന്മാരെ പുരാണം അഭ്യസിപ്പിച്ചു വന്നതായി മഹാഭാരതത്തിൽ പ്രസ്താവിച്ചിട്ടുള്ളതിനു പുറമെ, വനപർവ്വത്തിൽ ‘വായുപ്രോക്തമനുസ്മൃത്യ പുരാണമൃഷിസംസ്തുതം’ എന്ന പദ്യാർദ്ധത്തിൽ വായുപുരാണത്തിന്റെ സംഗതി വിളിച്ചുപറഞ്ഞിട്ടുമുണ്ട്. ഇങ്ങനെയാണെങ്കിലും, ഇപ്പോൾ പ്രചാരത്തിലിരിക്കുന്ന അഷ്ടാദശപുരാണങ്ങളോ വായുപുരാണം തന്നെയോ മഹാഭാരതകാലത്തുണ്ടായിരുന്നു എന്നൂഹിക്കുന്നതു സാഹസമായിരിക്കും. ഇന്നത്തെ വായുപുരാണത്തിൽ മഹാഭാരതത്തെപ്പറ്റി പറയുന്ന സ്ഥിതിക്ക് അത് അന്നുണ്ടായിരുന്നിരിക്കുവാനിടയില്ല. ഈ പുരാണങ്ങൾ എല്ലാം വേദവ്യാസമഹർഷിയുടെ കൃതികളാണെന്നു പറയുന്നതിനും അടിസ്ഥാനമില്ല. ഓരോ കാലത്ത് ഓരോ മഹർഷിമാർ പല കഥകളേയും ക്രോഡീകരിച്ച് ഈ വക ഗ്രന്ഥങ്ങൾ നിർമ്മിച്ചു എന്ന് അനുമാനിക്കുന്നതാണ് യുക്തിയുക്തമായിട്ടുള്ളത്. മഹാഭാഷ്യകാലത്തിൽ മഹാവിഷ്ണുവിന്റെയും ശ്രീപരമേശ്വരന്റെയും ആരാധനം ആര്യാവർത്തത്തിൽ ദൃഢമൂലമാകാതിരുന്നതിനാൽ പതഞ്ജലി ജീവിച്ചിരുന്ന ക്രി. മു. രണ്ടാം ശതവർഷത്തിനിപ്പുറമാണ് ഈ ഗ്രന്ഥങ്ങളുടെ ആവിർഭാവമെന്നു തീർച്ചപ്പെടുത്താം. ഭാമഹൻ, ദണ്ഡി മുതലായ പ്രാചീനസാഹിത്യാചാര്യന്മാരുടെ കാലമായ ക്രി. പി. ആറാം ശതവർഷത്തിനു മുമ്പാണ് ഇവയുടെ നിർമ്മിതി എന്നു സ്ഥാപിക്കുന്നതിലും വലിയ അസാംഗത്യമില്ല. അഷ്ടാദശപുരാണങ്ങൾ താഴെ കാണുന്ന ക്രമമനുസരിച്ച് ഉത്ഭവിച്ചതായാണ് അനുമാനിക്കേണ്ടിയിരിക്കുന്നത്. (1) ബ്രാഹ്മം (2) പാത്മം (3) വിഷ്ണു (4) വായു (5) ഭാഗവതം (6) നാരദീയം (7) മാർക്കണ്ഡേയം (8) അഗ്നി (9) ഭവിഷ്യം (10) ബ്രഹ്മവൈവർത്തം (11) ലിംഗം (12) വാരാഹം (13) സ്കാന്ദം (14) വാമനം (15) കൂർമ്മം (16) മാത്സ്യം (17) ഗാരുഡം (18) ബ്രഹ്മാണ്ഡം.

ഇവയിൽ അഗ്നിപുരാണത്തിനു പ്രകടമായുള്ള ഒരു വിശേഷം വ്യാകരണസംബന്ധമായും സാഹിത്യസംബന്ധമായും അനേകം പ്രമേയങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു എന്നുള്ളതാണ്. ‘സർഗ്ഗശ്ച പ്രതിസർഗ്ഗശ്ച വംശോ മന്വന്തരാണി ച വംശാനുചരിതഞ്ചേതി പുരാണം പഞ്ചലക്ഷണം’ എന്നു വായുപുരാണത്തിൽ പുരാണത്തിനു അഞ്ചു ലക്ഷണങ്ങൾ പറയുന്നുണ്ടെങ്കിലും ഈ അഞ്ചു സംഗതികൾ ഒഴികെ ബാക്കിയൊന്നും അതിൽ വിവരിച്ചുകൂടെന്നുള്ളതിനു യാതൊരു വിധിയുമില്ല. എന്നുമാത്രമല്ല, വായുപുരാണത്തിൽ തന്നെ നാട്യവിദ്യയെപ്പറ്റി പല രഹസ്യ

ങ്ങളും പ്രസ്താവിച്ചു കാണുന്നുമുണ്ട്. അഗ്നിപുരാണത്തിലും പഞ്ചലക്ഷണങ്ങളെപ്പററി പ്രതിപാദിക്കുന്നുണ്ടെങ്കിലും അതിന്റെ നിർമ്മാതാവു വിദ്യയെ പരയെന്നും അപരയെന്നും രണ്ടു ശാഖയായി ഭാഗിച്ച് രണ്ടിന്റെയും വിവരണത്തിനായി ഉദ്യമിക്കുന്നു. പരവിദ്യ ആദ്ധ്യാത്മികവും അപരവിദ്യ ലൌകികവുമാണ്. അപരവിദ്യയിൽ ഋഗ്യജുസ്സാമാഥർവ്വവേദങ്ങളും ശിക്ഷ, കല്പം, വ്യാകരണം, നിരുക്തം, ജ്യോതിസ്സ്, ഛന്ദസ്സ്, ഈ ആറു വേദാംഗങ്ങളും അഭിധാനം, മീമാംസ, ധർമ്മം, പുരാണം, ന്യായം, വൈദ്യകം, ഗാന്ധർവ്വം, ധനുർവ്വേദം, അർത്ഥശാസ്ത്രം എന്നിവയുമുൾപ്പെടും. പരവിദ്യ സാക്ഷാൽ ബ്രഹ്മജ്ഞാനം തന്നെയെന്നു പറയേണ്ടതില്ലല്ലോ. ഈ രണ്ടു വക വിദ്യയേയും പററി പ്രതിപാദിക്കേണ്ടിവന്നതിനാൽ ആഗ്നേയപുരാണകാരനു പഞ്ചലക്ഷണങ്ങളെ പേരിനു മാത്രം കാണിച്ചുകൊണ്ടു അന്യവിഷയങ്ങളിൽ പ്രവേശിക്കേണ്ട ആവശ്യം നേരിട്ടു. ഇതിനാൽ ഈ ഗ്രന്ഥത്തിന്റെ മുക്കാൽ അംശത്തിലധികവും പഞ്ചലക്ഷണങ്ങളിൽപെടാത്ത പ്രമേയങ്ങൾകൊണ്ടുതന്നെയാണു കഴിഞ്ഞുകൂടുന്നത്.

മുന്നൂററിമുപ്പത്താറാമദ്ധ്യായത്തിൽ അഗ്നിഭഗവാൻ ധനപതിയോടു 'കാവ്യസ്യനാടകാദേശ്ച അലങ്കാരാൻവദാമ്യഹം' എന്നുള്ള പീഠികയോടുകൂടി കാവ്യലക്ഷണങ്ങൾ വിവരിക്കുവാനാരംഭിക്കുന്നു.

'നരത്വം ദുർല്ലഭം ലോകെ
വിദ്യാ തത്ര ച ദുർല്ലഭാ
കവിത്വം ദുർല്ലഭം തത്ര
ശക്തിസ്തത്ര ച ദുർല്ലഭാ
വ്യുൽപത്തിർദ്ദുർല്ലഭാ തത്ര
വിവേകസ്തത്ര ദുർല്ലഭഃ'

എന്ന ഭാഗത്തിൽനിന്നു ഏതെങ്കിലും ഒരു വിദ്യ സമ്പാദിക്കുന്നത് എത്ര പ്രയാസമാണെന്നും, അതിൽ തന്നെ കവിത്വം ലഭിക്കുന്നതിനു എത്ര ബുദ്ധിമുട്ടുണ്ടെന്നും വ്യക്തമാകുന്നു. കവികളിൽ തന്നെ വാസനക്കാരേയും അവരുടെ ഇടയിൽ പഠിത്തമുള്ളവരേയും അവരിൽ ഒരു ചിത്രബോധമുള്ളവരേയും കണ്ടുകിട്ടാൻ വളരെ ഞെരുക്കമുണ്ടെന്നു ഇതിൽനിന്നു നാം ഗ്രഹിക്കുന്നു. വ്യക്തമായി അഭിമതമായ അർത്ഥത്തെ ബോധിപ്പിക്കുന്ന പദസമൂഹം (ഇഷ്ടാർത്ഥവ്യവച്ഛിന്നാപദാവലി) വാക്യമെന്നു സംക്ഷിപ്തമായി പറയാം.

'കാവ്യം സ്ഫുടദലങ്കാരം
ഗുണവദ്ദോഷവർജ്ജിതം'

ഒരു കാവ്യമായാൽ അതിൽ അലങ്കാരം സ്ഫുടമായുണ്ടായിരിക്കണമെന്നു മാത്രമല്ല, അതു ഗുണത്തോടുകൂടിയതും ദോഷമില്ലാത്തതും ആയിരിക്കണം. ഈ നിർവ്വചനത്തിന്റെ സാധുതയെ സംബന്ധിച്ച് അനന്തരകാലികന്മാരായ ആലങ്കാരികന്മാർക്കുള്ള ഭിന്നാഭിപ്രായങ്ങളെ അപ്രകൃതമാകയാൽ ഇവിടെ വിവരിക്കുന്നില്ല. ഗദ്യം, പദ്യം, മിശ്രം, ഇങ്ങനെ കാവ്യം മൂന്നുവിധം. ഗദ്യത്തിൽ തന്നെ ചൂർണ്ണകം, ഉൽകലിക, വൃത്തഗന്ധി, ഇങ്ങനെ മൂന്നുവകഭേദങ്ങളുണ്ട്. ചൂർണ്ണകത്തിൽ സമാസം കുറഞ്ഞും ഉൽകലികയിൽ കൂടിയുമിരിക്കും. വൃത്തഗന്ധി പദ്യത്തെ നോക്കി വൃത്തത്തോടുകൂടിയതായി തോന്നിപ്പിക്കുന്ന ഒരു വക ഗദ്യമാണ്. ഗദ്യകാവ്യങ്ങൾ അഞ്ചുവിധം. ആഖ്യായിക, കഥ, ഖണ്ഡകഥ, പരികഥ, കഥാനിക.

'കർത്തൃവംശപ്രശംസാ സ്യാ-
ദ്യത്ര ഗദ്യേന വിസ്തരാൽ
കന്യാഹരണസംഗ്രാമ-
വിപ്രലംഭവിപത്തയഃ
ഭവന്തി യത്ര ദീപ്താശ്ച
രീതിവൃത്തിപ്രവൃത്തയഃ
ഉച്ഛ്വാസൈശ്ച പരിച്ഛേദോ
യത്ര യാ ചൂർണ്ണികോത്തരാ
വക്ത്രം ചാപരവക്ത്രം ച
യത്ര സാഖ്യായികാ സ്മൃതാ'.

ഇതിൽനിന്നു ഈഷദ്വ്യത്യാസം കഥയ്ക്കുണ്ട്. അതിന്റെ ആരംഭത്തിൽ ഒരു ശ്ലോകമുണ്ടായിരിക്കണം. കഥയും ആഖ്യായികയും കൂടിച്ചേരുമ്പോൾ പരികഥയായി. ഇങ്ങനെ പല സംഗതികൾ പ്രസ്താവിച്ചതിനു മേൽ കവി പദ്യകാവ്യലക്ഷണം നിരൂപിക്കുന്നു. നാലു പാദമുള്ളതു പദ്യം. അതു വൃത്തം, ജാതി എന്നു രണ്ടു വിധം. വൃത്തം അക്ഷരസംഖ്യകൊണ്ടു നിർണ്ണയിക്കുന്നത്. മാത്രകളെക്കൊണ്ടു ഗണിക്കുന്നതു ജാതി. വൃത്തം സമം, അർദ്ധസമം, വിഷമമെന്നു മൂന്നുവിധം. വൃത്തജ്ഞാനം കവികൾക്കു വളരെ ആവശ്യകമാണ്.

'സാ വിദ്യാ നൗസ്തിതീർഷൂണാം
ഗംഭീരം കാവ്യസാഗരം'

മഹാകാവ്യത്തിനു അഗ്നിപുരാണത്തിൽ കാണുന്ന ലക്ഷണം താഴെ എഴുതുന്നതാണ്.

'സർഗ്ഗബന്ധോ മഹാകാവ്യ-
മാരബ്ധം സംസ്കൃതേന യൽ
താദാത്മ്യമജഹത്തത്ര
തത്സമം നാതിദുഷ്യതി
ഇതിഹാസകഥോദ്ഭൂത-
മിതരദ്വാ സദാശ്രയം
മന്ത്രദൂതപ്രയാണാജി-
നിയതം നാതിവിസ്തരം
*　　*　　*　　*
നഗരാർണ്ണവശൈലർത്തു-
ചന്ദ്രാർക്കാശ്രമപാദപൈഃ
ഉദ്യാനസലിലക്രീഡാ-
മധുപാനരതോത്സവൈഃ
ദൂതീവചനവിന്യാസൈ-
രസതീചരിതാദ്ഭുതൈഃ
തമസാ മരുതാപ്യന്യൈ-
ർവിഭാവൈരതിനിർഭരൈഃ
സർവ്വവൃത്തിപ്രവൃത്തം ച
സർവ്വഭാവപ്രഭാവിതം
സർവ്വരീതിരസൈഃ പുഷ്ടം
പുഷ്ടം ഗുണവിഭൂഷണൈഃ
അത ഏവ മഹാകാവ്യം
തത്കർത്താ ച മഹാകവിഃ

വാഗ്വൈദഗ്ദ്ധ്യമാണു കാവ്യത്തിൽ പ്രധാനമെങ്കിലും അതിന്റെ ജീവൻ രസംതന്നെയാണ്.

മുന്നൂറ്റിമുപ്പത്തേഴാമത്തെ അദ്ധ്യായത്തിൽ കവി നാടകലക്ഷണത്തെ നിരൂപണം ചെയ്യുന്നു. നാടകം ഇരുപത്തേഴു മാതിരിയുണ്ട്. നാടകം, പ്രകരണം, ഡിമം, ഈഹാമൃഗം, സമവകാരം, പ്രഹസനം, വ്യായോഗം, ഭാണം, വീഥി, ത്രോടകം, നാടിക, സട്ടകം, ശില്പകം, കർണ്ണം, ലാപം, ദുർമ്മല്ലിക, പ്രസ്ഥാനം, ഭാണിക, ഭാണി, ഗോഷ്ഠി, ഹല്ലീശകം, കാവ്യം, ശ്രീഗദിതം, നാട്യരാസകം, രാസകം, ഉല്ലാപ്യകം, പ്രേംഖണം—രൂപകങ്ങൾക്കും ഉപരൂപകങ്ങൾക്കും തമ്മിൽ അഗ്നിപുരാണകാരൻ ഭേദം കല്പിച്ചിട്ടില്ലെങ്കിലും രൂപകങ്ങളുടെ പേർ പറഞ്ഞതിനു മേലാണ് ഉ

പത്രപകങ്ങളുടെ പേർ പറഞ്ഞിരിക്കുന്നതു എന്നു കാണാവുന്നതാണ്. "ആഖ്യാനത്തിലും ചില വ്യത്യാസങ്ങൾ കാണുന്നില്ലെന്നില്ല. നാന്ദീമുഖത്തിൽ ദേവതാനമസ്കാരം, ഗുരുസ്തുതി, ഗോബ്രാഹ്മണനൃപാദികൾക്ക് ആശീർവാദം ഇവ അടങ്ങിയിരിക്കും. നാന്ദ്യന്തത്തിൽ സൂത്രധാരൻ പ്രവേശിച്ച് കവിയുടെ ഗുരുക്കന്മാർ, വംശം, പൌരുഷം, ഇവയേയും കാവ്യത്തിന്റെ സംബന്ധാർത്ഥങ്ങളേയും വിവരിക്കും. നടിയോ വിദൂഷകനോ പാരിപാർശ്വികനോ സൂത്രധാരനുമായി സംഭാഷണം ചെയ്യും. ഇത്യാദി പല നിയമങ്ങളേയും പ്രതിപാദിച്ചു, പഞ്ചസന്ധികളേയും മറ്റും വിവരിച്ചു് ഈ അദ്ധ്യായം സമാപിപ്പിക്കുന്നു.

മുന്നൂറിമുപ്പത്തെട്ടാമദ്ധ്യായം ശൃംഗാരാദിരസനിരൂപണമാണ്. രസമെന്നാലെന്തെന്നുള്ളതിനു പുരാണകാരന്റെ ഉത്തരം താഴെ കാണുന്നതാണ്.

'അക്ഷരം പരമം ബ്രഹ്മ
സനാതനമജം വിഭും
വേദാന്തേഷു വദന്ത്യേകം
ചൈതന്യം ജ്യോതിരീശ്വരം
ആനന്ദസ്സഹജസ്തസ്യ
വ്യജ്യതേ സ കദാചന
വ്യക്തിസ്സാ തസ്യ ചൈതന്യ-
ചമൽകാരരസാഹ്വയാ'

ഏകദേശം ഈ തത്വത്തെ തന്നെയാണു വിശ്വനാഥനും സാഹിത്യദർപ്പണത്തിൽ,

'സത്വോദ്രേകാദഖണ്ഡസ്വ-
പ്രകാശാനന്ദചിന്മയഃ
വേദ്യാന്തരസ്പർശശൂന്യോ
ബ്രഹ്മാസ്വാദസഹോദരഃ
ലോകോത്തരചമൽകാര-
പ്രാണഃ കൈശ്ചിൽ പ്രമാതൃഭിഃ
സ്വാകാരവദഭിന്നത്വേ-
നായമാസ്വാദ്യതേ രസഃ'

എന്ന പദ്യങ്ങളിൽ പ്രതിബിംബിപ്പിക്കുന്നത്. ബ്രഹ്മത്തിന്റെ ആദ്യത്തെ വികാരം അഹങ്കാരം. അതിൽനിന്നു അഭിമാനവും അതിൽനിന്നു രതിയും ജനിക്കുന്നു. രതി പരിപോഷത്തെ പ്രാപിക്കുമ്പോൾ ശൃംഗാരരസമായി പരിണമിക്കുന്നു. രാഗത്തിൽനിന്നു ശൃംഗാരമെന്നെയോ അതുപോലെ ക്രോധത്തിൽനിന്നു രൌദ്രവും ഉത്സാഹത്തിൽനിന്നു വീരവും ഉദ്വേഗ (സങ്കോചം)ത്തിൽനിന്നു ബീഭത്സവും ജനിക്കുന്നു. ശൃംഗാരത്തിൽനിന്നു ഹാസ്യവും രൌദ്രത്തിൽനിന്നു കരുണവും വീരത്തിൽനിന്നു അത്ഭുതവും ബീഭത്സത്തിൽനിന്നു ഭയാനകവും ജനിക്കുന്നതാകയാൽ പ്രകൃത്യാ രസങ്ങൾ നാലേ ഉള്ളൂ എന്നു ഗ്രന്ഥകാരൻ സ്ഥാപിക്കുന്നു. ദാനംകൂടാതെയുള്ള ശ്രീ എങ്ങനെ അതുപോലെ രസമില്ലാതെയുള്ള വാക്കു ശോഭിക്കുന്നില്ല. (ലക്ഷ്മീരിവ വിനാ ത്യാഗാന്ന വാണീ ഭാതി നീരസാ). കവിയെ അനുസരിച്ചു തന്നെയാണു കാവ്യമിരിക്കുന്നത്.

'അപാരേ കാവ്യസംസാരേ
കവിരേവ പ്രജാപതിഃ
യഥാസ്മൈ രോചതേ വിശ്വം
തഥേദം പരിവർത്തതേ
ശൃംഗാരീ ചേൽ കവിഃ കാവ്യേ
ജാതം രസമയം ജഗൽ
സ ചേൽ കവിർവീതരാഗോ
നീരസം വ്യക്തമേവ തൽ'

ഇതു കഴിഞ്ഞു കവി വിഭാവാനുഭാവവ്യഭിചാരികളെ വിവരിച്ചു്, അനന്തരം നായ-

കലക്ഷണത്തെ നിരൂപണം ചെയ്യുന്നു.

മുന്നൂററിമുപ്പത്തൊൻപതാമദ്ധ്യായം രീതിനിരൂപണമാണ്. രീതി നാലു വിധം: പാഞ്ചാലി, ഗൌഡി, വൈദർഭി, ലാടി. അനന്തരം വൃത്തി: അതും നാലു വിധം. ഭാരതി, ആരഭടി, കൈശികി, സാത്വതി. അടുത്ത അദ്ധ്യായം നൃത്യാദിയിലുള്ള അംഗകർമ്മങ്ങളുടെ നിരൂപണമാണ്. ലീല, വിലാസം, വിച്ഛിത്തി, വിഭ്രമം, കിലകിഞ്ചിതം, മോട്ടായിതം, കുട്ടമിതം, ബിബ്ബോകം, ലളിതം, വിഹൃതം, ക്രീഡിതം, കേളി ഇങ്ങനെ അംഗകർമ്മം പന്ത്രണ്ടു വിധം. ശിരസ്സുകൊണ്ടു പതിമൂന്നും പുരികംകൊണ്ടു ഏഴും കണ്ണുകൊണ്ടു മൂന്നും കൃഷ്ണദിഠികൊണ്ടു ഒമ്പതും മൂക്കുകൊണ്ടു ആറും ശ്വാസംകൊണ്ടു ഒമ്പതും ചുണ്ടുകൊണ്ടു ആറും താടികൊണ്ടു ഏഴും മുഖംകൊണ്ടു ആറും കഴുത്തുകൊണ്ടു ഒമ്പതും വിരിഞ്ഞ കൈകൊണ്ടു ഇരുപത്തിനാലും കുമ്പിയ കൈകൊണ്ടു പതിമൂന്നും മാറിടംകൊണ്ടു അഞ്ചും വയറുകൊണ്ടു മൂന്നും പാർശ്വംകൊണ്ടു അഞ്ചും മുട്ടുകൊണ്ടു അഞ്ചും പാദംകൊണ്ടു അനേകവിധവും കർമ്മങ്ങൾ ചെയ്യേണ്ടതുണ്ടെന്നു കവി പറയുന്നു.

അടുത്ത അദ്ധ്യായം അഭിനയാദിനിരൂപണം: ഈ അദ്ധ്യായത്തിൽ രസഭേദങ്ങളേയും ഉപപാദിക്കുന്നുണ്ട്. പിന്നെ അലങ്കാരപ്രകരണമായി.

'കാവ്യശോഭാകരാൻ ധർമ്മാ-
നലങ്കാരാൻ പ്രചക്ഷതേ
അലങ്കരിഷ്ണുവസ്തേ ച
ശബ്ദമർത്ഥമുഭൌ ത്രിധാ'

വ്യുൽപത്ത്യാദികൊണ്ടു ശബ്ദത്തെ അലങ്കരിക്കുന്നതു ശബ്ദാലങ്കാരം. അതു ഛായ, മുദ്ര, ഉക്തി, യുക്തി; ഗുംഫന, വാകോവാക്യം, അനുപ്രാസം, ചിത്രം, ദുഷ്കരം ഇങ്ങനെ ഒമ്പതു വിധം. മററൊരാൾ സംസാരിക്കുന്നതിന്റെ ഛായ പിടിച്ചു പറയുന്നതു ഛായോക്തി. അതു ലോകോക്തി, ഛേകോക്തി, അർഭകോക്തി, മത്തോക്തി ഇങ്ങനെ നാലു വിധം. ഛേകന്മാർ എന്നാൽ വിദഗ്ദ്ധന്മാർ. വൈദഗ്ദ്ധ്യമെന്നതു കലകളിൽ നിഷ്ണതമായ ബുദ്ധി. ഒപ്പം വരുന്ന കവിതയാണ് അർഭകോക്തി എന്നു പറയുന്നത്. അക്ഷരം തെററുമാത്തും അശ്ലീലമായുമുള്ളതു മത്തോക്തി (കള്ളുകുടിയന്റെ വാക്ക്). അഭിപ്രായവിശേഷംകൊണ്ടു കവി തന്റെ ശക്തിയെ പ്രകടിപ്പിക്കുമ്പോൾ മുദ്രോക്തിയായി. ഇതിൽ ശയ്യയുമടങ്ങുമെന്ന് അഗ്നിപുരാണകാരന്റെ മതം. ഇങ്ങനെയുള്ള വിവരണങ്ങളോടുകൂടി ഗ്രന്ഥകർത്താവു മുന്നൂററിനാല്പത്തിരണ്ടാമദ്ധ്യായത്തിൽ അനുപ്രാസഭേദങ്ങളെ പ്രതിപാദിക്കുന്നു. വൃത്ത്യനുപ്രാസം അഞ്ചുവിധം: മധുരം, ലളിതം, പ്രൌഢം, ഭദ്രം, പരുഷം. യമകവും അനുപ്രാസത്തിൽ തന്നെ ഉൾപ്പെടുന്നു.

'ഗോഷ്ഠ്യാം കുതൂഹലാധ്യായി
വാഗ്ബന്ധശ്ചിത്രമുച്യതേ.'

ഈ ചിത്രം ഏഴു വിധം. പ്രശ്നം, പ്രഹേളിക, ഗുപ്തം, ച്യുതം, ദത്തം, ച്യുതദത്തം, സമസ്യ-സമസ്യകൾ ചിത്രത്തിലല്ല ദുഷ്കരത്തിലാണുൾപ്പെടുന്നതു എന്നു ഇവിടെ പ്രത്യേകം വക്തവ്യമാണ്. ദുഷ്കരത്തെപ്പററിയുള്ള ഗ്രന്ഥകാരമതം താഴെ ഉദ്ധരിച്ചുകൊള്ളുന്നു.

'ദുഃഖേന കൃതമത്യർത്ഥം
കവിസാമർത്ഥ്യസൂചകം
ദുഷ്കരം നീരസത്വേപി
വിദഗ്ദ്ധാനാം മഹോത്സവഃ'

വാസ്തവം തന്നെ. നീരസമായാലും പദ്മാദിബന്ധങ്ങൾ വിദഗ്ദ്ധന്മാൎക്കു മനോഹരമാണെന്നുള്ളതിനു സംശയമുണ്ടോ? നിയമംകൊണ്ടും വികല്പംകൊണ്ടും ബന്ധംകൊണ്ടും ദുഷ്കരം മൂന്നു വിധത്തിൽ വരും. ആവശ്യമുള്ള ദിക്കിൽ പ്രതിജ്ഞ അനുസരിച്ചു വൎണ്ണങ്ങൾ വിനിവേശിപ്പിക്കുന്നതു നിയമം. അനുലോമപ്രതിലോമസാമ്യം തന്നെ വികല്പം.

'അനേകധാ വൃത്തവൎണ്ണ-
വിന്യാസൈഃ ശില്പകല്പനാ
തത്തൽപ്രസിദ്ധവസ്തൂനാം
ബന്ധ ഇത്യഭിധീയതേ.'

പിന്നീടു ഗോമൂത്രികാസൎവ്വതോഭദ്രാദിബന്ധങ്ങളുടെ സ്വരൂപത്തെ കവി കൂലങ്കഷമായി നിരൂപണം ചെയ്യുന്നു. പല ബന്ധങ്ങളേയും വിവരിച്ചു് ഒടുവിൽ—

'ഏതേബന്ധാസ്തു ദിശാ ചാന്യേ
ഹ്യേവംജാതീയാസ്സ്വയംബുധൈഃ'

എന്നു വായനക്കാരുടെ ഊഹത്തിനായി ബാക്കി ഭാഗം വിട്ടുകൊടുത്തു മുന്നൂറിനാല്പത്തിമൂന്നാമദ്ധ്യായത്തിൽ അൎത്ഥാലങ്കാരപ്രകരണത്തിൽ പ്രവേശിക്കുന്നു.

'അലങ്കരണമൎത്ഥാനാ-
മൎത്ഥാലങ്കാര ഇഷ്യതേ
തം വിനാ ശബ്ദസൌന്ദൎയ്യ-
മപി നാസ്തി മനോഹരം
അൎത്ഥാലങ്കാരരഹിതാ
വിധവേവ സരസ്വതീ.'

ഇത്യാദി വിധിയോടുകൂടി ഉപമാദ്യലങ്കാരങ്ങളെ സ്ഥൂലമായി വിവരിച്ചതിനുമേൽ ശബ്ദാൎത്ഥങ്ങളിൽ ഒന്നുപോലെ വിനിവേശിക്കുന്ന ചില അലങ്കാരങ്ങളെപ്പററി അടുത്ത അദ്ധ്യായത്തിൽ പ്രസ്താവിക്കുന്നു. ഈ അലങ്കാരങ്ങളുടെ സ്വഭാവം താഴെ കാണുന്ന മാതിരിയിലാണു്.

'ശബ്ദാൎത്ഥയോരലങ്കാരോ
ദ്വാവലങ്കുരുതേ സമം
ഏകത്ര നിഹിതോ ഹാരഃ
സ്തനം ഗ്രീവാമിവ സ്ത്രിയാഃ'

ഒരു സ്ഥലത്തണിയുന്ന മുത്തുമാല എങ്ങനെ ഒരു സുന്ദരിയുടെ കണ്ഠത്തിനും സ്തനത്തിനും ഒന്നുപോലെ ഭൂഷണമായിത്തീരുന്നുവോ, അങ്ങനെ ഈ അലങ്കാരങ്ങളും ശബ്ദത്തേയും അൎത്ഥത്തേയും ഒന്നുപോലെ അലങ്കരിക്കുന്നു. ഇവ പ്രശസ്തി, കാന്തി, ഔചിത്യം, സംക്ഷേപം, യാവദൎത്ഥത, അഭിവ്യക്തി ഇങ്ങനെ ആറു വിധം.

മുന്നൂററിനാല്പത്തഞ്ചാമദ്ധ്യായം കാവ്യഗുണങ്ങളുടേയും മുന്നൂററിനാല്പത്താറാമദ്ധ്യായം കാവ്യദോഷങ്ങളുടേയും നിരൂപണത്തിനായി വിനിയോഗിക്കപ്പെടുന്നു.

'അലംകൃതമപി പ്രീത്യൈ
ന കാവ്യം നിൎഗ്ഗുണം ഭവേൽ
വപുഷ്യലളിതേ സ്ത്രീണാം
ഹാരോ ഭാരായതേ പരം
യഃ കാവ്യേ മഹതീം ഛായാ-
മനുഗൃഹ്ണാത്യസൌ ഗുണഃ'

കാവ്യത്തിനു ശോഭയെ നൽകുന്നതു ഗുണം. അതില്ലെങ്കിൽ അലങ്കാരംകൊണ്ടും പ്രയോജനമില്ല. വിരൂപമായ ശരീരത്തിൽ ഹാരംകൊണ്ടു് എന്തു ഭംഗിയാണു് വരാൻപോകുന്നതു്? ശബ്ദാൎത്ഥഗുണാദികളെ പ്രതിപാദിച്ചതിനുശേഷം ദോഷത്തിലേക്കു കടക്കുന്നു.

'ഉദ്വേഗജനകോ ദോഷഃ
സഭ്യാനാം സ ച സപ്തധാ
വക്തൃവാചകവാച്യാനാ-
മേകദ്വിത്രിനിയോഗതഃ'

കേൾക്കുന്ന സഹൃദയന്മാൎക്ക് ഉദ്വേഗത്തെ ഉണ്ടാക്കുന്നതു ദോഷം. അതു് ഏഴുവിധം. വക്താവു കവി തന്നെ. കവികൾക്കു ദോഷം പലവിധത്തിൽ വരാം. സന്ദിഗ്ദ്ധൻ(സംശയാത്മാവ്), അവിനീതൻ, അജ്ഞൻ, ജ്ഞാതാവ് ഇങ്ങനെയുള്ള കവികളെക്കൊണ്ടു നാലുവിധത്തിൽ ദോഷം വരാവുന്നതാണെന്നു ഋഷി പറയുന്നു.

ഇങ്ങനെ പതിനൊന്നദ്ധ്യായങ്ങളിൽ ഒരു കുട്ടിത്തരം സാഹിത്യദൎപ്പണം അഗ്നിപുരാണകൎത്താവു നമുക്കു സമ്പാദിച്ചുതന്നിട്ടുണ്ട്. അതിനു മുൻപു ഛന്ദശ്ശാസ്ത്രത്തെയും അതുകഴിഞ്ഞ് അഭിധാനം ഏകാക്ഷരം, വ്യാകരണം, കോശം മുതലായ വിഷയങ്ങളേയും ലളിതമായ രീതിയിൽ പ്രതിപാദിക്കുന്നതു കൌതുകകരമായിരിക്കുന്നു.

'ഉപദേശഇഡലന്തം
ഭവേദജനനാസികഃ

ആദിവൎണ്ണേന്ദ്രാഗ്രാഹ്യമാണോ-
പ്യന്ത്യേനേതാസഹൈവതു.'

എന്നും മറ്റും പാണിനിസൂത്രങ്ങളെ കാരികകളാക്കി എഴുതിക്കൊണ്ടുപോയിരിക്കുന്ന വ്യാകരണാദ്ധ്യായങ്ങൾ വായിച്ചുനോക്കാൻ പ്രത്യേകിച്ചു രസമുണ്ട്. ആകപ്പാടെ അഗ്നിപുരാണം സംസ്കൃതസാഹിത്യത്തിന്റെ ഒരു അമൂല്യമായ മൂലധനമെന്നു പറയുന്നതിൽ പക്ഷാന്തരത്തിന് അവകാശമുണ്ടാകുന്നതല്ല. അനന്തരകാലികന്മാരായ ഭാമഹൻ, ദണ്ഡി, വാമനൻ, ആനന്ദവൎദ്ധനൻ, ആപ്തകൻ, മമ്മടഭട്ടൻ, വിശ്വനാഥകവിരാജൻ, ജഗന്നാഥപണ്ഡിതൻ മുതൽപേർ എല്ലാം ഓരോ വിധത്തിൽ മാന്യന്മാരാണെങ്കിലും അവരുടെ സൂക്തികൾ ഈ സാഹിത്യശാസ്ത്രമാൎഗ്ഗദൎശിയുടെ 'വാഗമൃതകൂപനിപാനലക്ഷ്മി'യെ മാത്രമാണ് ഭരിക്കുന്നതെന്നുള്ളതു സഹൃദയന്മാരാൽ സൎവ്വഥാ സ്മരണീയമാണ്.

ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ എം. എ., ബി. എൽ., എം. ആർ. എ. എസ്സ്.

---

# 'കബൂലിവാല.'*

## (ഒരു ചെറുകഥ)

അഞ്ചു വയസ്സു പ്രായമുണ്ടായിരുന്ന എന്റെ മകൾ 'മിനി' എപ്പോഴും എന്തെങ്കിലും സംസാരിച്ചുകൊണ്ടിരിക്കും. അവൾക്ക് അതുകൂടാതെ കഴികയില്ല. അവളുടെ ആയുസ്സിൽ ഒരിക്കലും ഒരു നിമിഷനേരമെങ്കിലും മൌനം ദീക്ഷിച്ചിട്ടില്ലെന്നാണ് എ

* ഈ കഥ സേർ. രവീന്ദ്രനാഥടാഗോർ എഴുതീട്ടുള്ളതാണ്. 'കബൂലിവാല' എന്ന വാക്കിനു 'കബൂൾ രാജ്യത്തുകാരൻ' എന്നു അൎത്ഥമുള്ള. 'റിക്ഷാവാല' 'ജഡ്ജ്വാല' എന്നും മറ്റും ഇംഗ്ലീഷിൽ സാധാരണ പറയാറുള്ളതുപോലെ 'കബൂലിവാല' എന്നു ഉപയോഗിച്ചിട്ടുള്ളതാണ്. 'കാബൂൾക്കാരൻ' എന്നു പറയുന്നതിന്നു പകരം 'കബൂലിവാല' എന്ന പേരുതന്നെ തൎജ്ജമയിൽ സ്വീകരിച്ചിട്ടുള്ളതാകുന്നു. ആകൃതിയിലും പ്രകൃതിയിലും കുറെയൊക്കെ സാമ്യമുള്ളതുകൊണ്ടു ചിലേടത്തു കബൂലിവാല എന്നതിന്നു പകരം 'ലാടൻ' എന്ന പദം ഞാൻ ഉപയോഗിച്ചിട്ടുണ്ടു.

ന്റെ വിശ്വാസം. അവളുടെ അമ്മയ്ക്ക് അത് അശേഷം ഇഷ്ടമായിരുന്നില്ല. അവർ അവളെ പലപ്പോഴും താക്കീതു ചെയ്യാറുണ്ട്. പക്ഷേ, എനിക്ക് അതിന്നു മനസ്സു വന്നില്ല. 'മിനി'യെ നിശ്ശബ്ദയായി കാണുന്നതു വളരെ അസാധാരണമായിരുന്നതുകൊണ്ട് അവൾ മിണ്ടാതിരിക്കുന്നതു കണ്ടാൽ എനിക്കു സഹിക്കില്ല. അതുകൊണ്ടു ഞാൻ തന്നെ അവളോടു സംസാരിക്കുന്നതെല്ലാം വളരെ ചൊടിയോടുകൂടിയായിരുന്നു.

ഉദാഹരണമായി, ഞാൻ ഒരു ദിവസം എന്റെ മുറിക്കകത്തു തനിച്ചിരുന്നു ഞാൻ അന്ന് എഴുതിവന്നിരുന്ന ഒരു നോവലിന്റെ പതിനേഴാമത്തെ അദ്ധ്യായം ബദ്ധപ്പെട്ട് എഴുതിക്കൊണ്ടിരിക്കുമ്പോൾ 'മിനി' ആരും കാണാതെ എന്റെ മുറിക്കകത്തു പ്രവേശിച്ച് എന്റെ കയ്യു പിടിച്ചു എന്നോട് ഇപ്രകാരം ചോദിച്ചു: 'നമ്മുടെ പടികാവൽക്കാരനായ 'രാമദയാൽ' 'കാക്ക' എന്നു പറയുന്നതിന്നു പകരം 'കാക്' എന്നു പറയുന്നു. അയാൾക്ക് ഒന്നും അറിഞ്ഞുകൂടാ, ഉവ്വോ?'

ഈ വാക്കുകളുടെ ഉച്ചാരണത്തിൽ ഉള്ള വ്യത്യാസത്തെക്കുറിച്ചു ഞാൻ അവളെ പറഞ്ഞു മനസ്സിലാക്കുവാൻ ആരംഭിച്ചപ്പോഴേക്കും അവൾ ബഹു ധൃതിയായി മറ്റൊരു വിഷയത്തിലേക്കു ചാടി അതിനെക്കുറിച്ചു സംസാരിക്കുവാൻ തുടങ്ങി. 'ഭോല പറയാ ആ ആകാശത്തിൽ മേഘങ്ങളുടെ ഇടയിൽ ഒരു ആനയുണ്ടെന്ന്. അതു അതിന്റെ തുമ്പിക്കയ്യിൽക്കൂടി വെള്ളം ഒഴിക്കുന്നതാണത്രെ മഴ. അതു ശരിയാണോ അച്ഛാ?'

ഈ ചോദ്യത്തിന്നു തക്കതായ ഒരു സമാധാനം പറയുവാൻ ഞാൻ ആലോചിക്കുന്നതിന്നിടയ്ക്ക് അവൾ വീണ്ടും മറ്റൊരു സംഗതിയെക്കുറിച്ചു സംസാരിച്ചു തുടങ്ങി. 'ആട്ടെ അച്ഛാ, അമ്മയും അച്ഛനും തമ്മിൽ എന്താ ചാർച്ച?' എന്നായിരുന്നു അവളുടെ പിന്നത്തെ ചോദ്യം.

'എന്റെ പ്രിയപ്പെട്ട ചെറിയ സഹോദരി' എന്നു ഞാൻ തന്നെത്താൻ അറിയാതെ പതുക്കെ പറഞ്ഞു എങ്കിലും ഗൌരവം നടിച്ച് ഒരു വിധത്തിൽ 'മിനി, നീ പോയി 'ഭോല'യോടുകൂടി കളിച്ചോളൂ. എനിക്കു ജോലിത്തിരക്കുണ്ട്' എന്നു പറഞ്ഞു അവളെ അകലെ മാററി നിർത്തി.

എന്റെ മുറിയുടെ ജനവാതിൽ വെട്ടുവഴിക്കു നേരെ ആയിരുന്നു. കുട്ടി എന്റെ മേശയ്ക്കടുത്തു ചുവട്ടിൽ എന്റെ കാലിന്നു സമീപം ഇരുന്നു. അവൾ അവളുടെ മുട്ടിന്മേൽ താളം പിടിച്ചുംകൊണ്ട് അവിടെ ഇരുന്നു മന്ദമായി കളിച്ചിരുന്നു. ഞാൻ ബഹു ഏകാഗ്രതയായി നോവലിന്റെ പതിനേഴാമത്തെ അദ്ധ്യായം എഴുതിക്കൊണ്ടിരുന്നു. കഥയിലെ നായകൻ 'പ്രതാപസിംഹൻ' നായികയായ 'കാഞ്ചനലത'യെ വാരി എടുത്തു രണ്ടുപേരും കൂടി കൊട്ടാരത്തിന്റെ മൂന്നാമത്തെ നിലയിൽനിന്നു ജനവാതിലിൽക്കൂടി പുറത്തു ചാടുവാൻ ഭാവിക്കുന്ന ആ ഘട്ടമാണ് ഞാൻ എഴുതിയിരുന്നത്. പെട്ടെന്നു മിനി അവളുടെ കളി നിർത്തി എഴുന്നേററ് ഓടി ജനേരിക്കരികിൽ എത്തി, 'കബൂളിവാല, കബൂളിവാല' എന്നു പറഞ്ഞു പൊടിച്ചു കരയുവാൻ തുടങ്ങി. പുറത്തു ചുവട്ടിൽ വഴിയിൽക്കൂടി ഒരു കബൂളിവാല പതുക്കെ അയാളുടെ വ

ഴിക്ക പോകുന്നുണ്ടായിരുന്നു. പൊടി പിരണ്ടു നന്നെ അഴഞ്ഞ ഒരു ഉടുപ്പും — അയാളുടെ രാജ്യക്കാർ സാധാരണ ധരിക്കുന്ന തരത്തിലുള്ള ഒരു ഉടുപ്പ് — വളരെ വലിയതായ ഒരു തലപ്പാവും അയാൾ ധരിച്ചിരുന്നു. അയാളുടെ തോളിൽ ഒരു മാറാപ്പും, കയ്യിൽ ഒരു പെട്ടിയിൽ കുറെ മുന്തിരിങ്ങയും ഉണ്ടായിരുന്നു.

അയാളെ കണ്ടപ്പോൾ എന്റെ മകൾക്കുണ്ടായ വികാരങ്ങൾ എന്തെല്ലാമായിരുന്നു എന്നു പറയുവാൻ എനിക്കു സാധിക്കയില്ല. അവൾ അയാളെ, എന്തായാലും, ഉറക്കെ വിളിക്കുവാൻ തുടങ്ങി. അയാൾ വിളി കേട്ടു അകത്തു കേറിവരുമെന്നും എന്റെ നോവലിന്റെ ഉദ്ദേശമത്തെ അല്പം പൂർത്തിയാക്കുവാൻ സാധിക്കാതെ വരുമെന്നും ഞാൻ ഭയപ്പെട്ടു. ആ സമയത്തുതന്നെ ആ ലാടൻ തിരിഞ്ഞുനിന്നു മേല്പോട്ടു എന്റെ കുട്ടിയുടെ നേർക്കു നോക്കി. അയാൾ തന്റെ നേർക്കു തുറിച്ചു നോക്കുന്നതു കണ്ടപ്പോൾ കുട്ടി വളരെ ഭയപ്പെട്ടു അമ്മയുടെ അടുക്കൽ ചെന്നു രക്ഷ പ്രാപിക്കുന്നതിനു പരിഭ്രമിച്ചു ഓടിപ്പോയി. അയാളുടെ തോളിൽ ഉണ്ടായിരുന്ന വലിയ മാറാപ്പിൽ അവളെപ്പോലെ ഉള്ള രണ്ടോ മൂന്നോ ചെറിയ കുട്ടികളെ പിടിച്ചു കെട്ടിവെച്ചിട്ടുണ്ടെന്നായിരുന്നു അവളുടെ വിശ്വാസം. ഇതിന്നിടയ്ക്കു കബൂലിവാല എന്റെ പടിക്കത്തു കടന്നു ചിരിച്ചുംകൊണ്ടു എന്നെ അഭിവാദ്യം ചെയ്തു.

എന്റെ നോവലിലെ നായകനെ വല്ലാത്ത ഒരു അപകടസ്ഥിതിയിൽ ആഴിന്നു ഞാൻ കൊണ്ടുനിർത്തിയിരുന്നതെങ്കിലും, ആ ലാടനെ കുട്ടി വിളിച്ചുവരുത്തിയതുകൊണ്ട് അയാളോടു വല്ല സാമാനവും വാങ്ങിക്കുകയാണെന്നാണ് എനിക്ക് ആദ്യം തോന്നിയത്. അതുപ്രകാരം ഞാൻ അയാളോടു ചില ചില്ലറ സാമാനങ്ങൾ വാങ്ങി, കാബൂൾരാജ്യകാര്യങ്ങളേയും ഇംഗ്ലീഷുഗവർമ്മേണ്ടും റഷ്യാഗവർമ്മേണ്ടും ഇന്ത്യയുടെ വടക്കപടിഞ്ഞാറെ അതിർത്തിസ്ഥലങ്ങളിൽ അനുസരിച്ചുവരുന്ന നയങ്ങളെയും കുറിച്ച് ഓരോന്നു സംസാരിച്ചുംകൊണ്ടിരുന്നു.

എല്ലാം കഴിഞ്ഞു വിട്ടുപിരിയാറായപ്പോൾ അയാൾ എന്നോടു 'ആട്ടെ, ആ ചെറിയ കുട്ടി എവിടെ, സാർ' എന്നു ചോദിച്ചു. മിനിയുടെ പേടി തീർക്കേണ്ടത് ആവശ്യമാണെന്നു എനിക്കു തോന്നുകയാൽ ഞാൻ അവളെ പുറത്തു കൊണ്ടുവരുവിച്ചു.

അവൾ ഭയന്നു എന്റെ കസേലയുടെ അടുക്കൽ ആ ലാടനേയും അവന്റെ ഭാണ്ഡത്തേയും സൂക്ഷിച്ചു നോക്കിക്കൊണ്ടു നിന്നതേയുള്ളു. അയാൾ കുട്ടിക്കു അണ്ടിപ്പരിപ്പും കാരക്കയും നീട്ടി കാണിച്ചു എങ്കിലും അതുകൊണ്ടു അവളുടെ സംശയവും ഭയവും പൂർവ്വാധികം വർദ്ധിച്ച് അവൾ എന്റെ അടുക്കൽ അധികം ചേർന്നു നിന്നതേയുള്ളു.

മിനിയും ആ 'കബൂലിവാലയും' തമ്മിലുണ്ടായ ആദ്യത്തെ കൂടിക്കാഴ്ച ഇങ്ങിനെ കഴിഞ്ഞു.

കുറച്ചു ദിവസങ്ങൾക്കുശേഷം ഒരിക്കൽ ഞാൻ എന്റെ വീട്ടിൽനിന്നു പുറത്തേക്കിറങ്ങുമ്പോൾ വാതലിന്നടുത്ത് ഒരു ബെഞ്ചിന്മേൽ മിനി തനിച്ചിരുന്നു് അവളുടെ കാല്ക്കൽ നിലത്തിരിക്കുന്ന ആ വലി

യ കബൂലിവാലയോടു പലതും രസമായി സംസാരിക്കുന്നതും ഏടയ്ക്കു ചിരിക്കുന്നതും കണ്ടു ഞാൻ സ്തംഭിച്ചുനിന്നുപോയി. ആ കുട്ടിയുടെ ഓരോ വാക്കുകളും അയാൾ അത്യന്തം ശ്രദ്ധയോടും ക്ഷമയോടും കൂടി കേൾക്കുന്നുണ്ടായിരുന്നു. അവളുടെ അച്ഛനെ കൂടാതെ ഇത്ര നല്ല ഒരു ശ്രോതാവിനെ അവൾ അവളുടെ ജീവകാലത്തു ഒരിക്കലെങ്കിലും കണ്ടിട്ടില്ല. അവളുടെ സാരിയുടെ മടിക്കുത്തിൽ നിറച്ച് അവളുടെ അതിഥി സമ്മാനിച്ചതായ അണ്ടിപ്പരിപ്പും കാരക്കായയും ഉണ്ടായിരുന്നു. 'താൻ എന്തിനാണ് അതെല്ലാം അവൾക്കു കൊടുത്തത്' എന്നു ഞാൻ അയാളോടു ചോദിക്കുകയും കുപ്പായക്കീശയിൽനിന്നു ഒരു എട്ടണനാണ്യം എടുത്തു അയാൾക്കു കൊടുക്കുകയും ചെയ്തു. അയാൾ യാതൊരു ഭാവഭേദവും കൂടാതെ അതു സ്വീകരിച്ചു.

കഷ്ടം! ഏകദേശം ഒരു മണിക്കൂറു കഴിഞ്ഞു ഞാൻ വീട്ടിൽ മടങ്ങി എത്തിയപ്പോൾ, ആ എട്ടണ അതിന്റെ ഏരട്ടി വിലയുള്ള ലഹള ഉണ്ടാക്കിയിരിക്കുന്നതായി എനിക്കു അനുഭവപ്പെട്ടു. ആ ലാടൻ ആ എട്ടണയും മിനിക്കുതന്നെ സമ്മാനിച്ചു. മിനിയുടെ അമ്മ അവളുടെ കയ്യിൽ അതു കണ്ടെത്തി 'നിനക്കു ആ എട്ടണ എവിടെനിന്നു കിട്ടി' എന്നു ദേഷ്യപ്പെട്ടു ചോദിച്ചു.

'എനിക്കു ആ കബൂലിവാല തന്നതാണ്' എന്നു മിനി സന്തോഷത്തോടുകൂടി മറുവടി പറഞ്ഞു.

'കബൂലിവാലയോ!' എന്ന് അമ്മ കോപവും അത്ഭുതവും സഹിക്കവയ്യാതെ വീണ്ടും ചോദിച്ചു. 'എന്റെ മിനി! നീ അതു് അയാളോടു എന്തിനു വാങ്ങി.'

ഇത്ര ആയപ്പോഴേയ്ക്കും ഞാൻ കേറിച്ചെന്നു. അതു കാരണം പിന്നീടുണ്ടായേക്കാമായിരുന്ന അപകടത്തിൽനിന്നു എന്റെ മകൾക്കു രക്ഷ കിട്ടി. ഞാൻ ആ കാര്യത്തെക്കുറിച്ചു സ്വന്തമായി അന്വേഷണങ്ങൾ നടത്തി

മിനിയും ലാടനും തമ്മിൽ സംസാരിച്ചതു അന്ന് ഒന്നാമത്തെയോ രണ്ടാമത്തെയോ തവണയല്ലെന്നു ഞാൻ മനസ്സിലാക്കി. ആദ്യം മിനിക്കുണ്ടായിരുന്ന പേടിയെല്ലാം സൂത്രത്തിൽ കുറെ അണ്ടിപ്പരിപ്പും കാരക്കായയും കൊടുത്തു ആ ലാടൻ ഇല്ലാതാക്കി. അതിൽ പിന്നെ അവർ രണ്ടുപേരും വലിയ ചങ്ങാതിമാരായിത്തീർന്നു.

അവർ അന്യോന്യം വളരെ വെടി പറഞ്ഞു രസിക്കാറുണ്ട്. അയാളുടെ മുമ്പിൽ ഇരുന്നു, അയാളുടെ ആ നീണ്ടുനിവന്ന ശരീരത്തെ ഒരു ചെറിയ കുട്ടിക്കു ചേർന്ന ഗൌരവത്തോടുകൂടി സൂക്ഷിച്ചു നോക്കിക്കൊണ്ടിരിക്കുമ്പോൾ മിനി വളരെ സന്തോഷിച്ചു ചിരിച്ചു. അവളുടെ മുഖം ചുമക്കുകയും അവൾ ഇടയ്ക്കിടയ്ക്കു 'ആട്ടെ നിങ്ങളുടെ ഭാണ്ഡത്തിൽ എന്താണ് ഉള്ളതു' എന്നു ആ കബൂലിവാലയോടു ചോദിക്കുകയും ചെയ്യാറുണ്ട്.

ഒരു മലംപ്രദേശത്തുകാരനായ അയാൾ തനിക്കു സ്വതേ ഉള്ള ഉച്ചാരണവിശേഷത്തോടുകൂടി 'ഒരു ആന' എന്നു മറുവടി പറയാറുണ്ട്. അതിൽ വലിയ നേരമ്പോക്കിന്നു പക്ഷേ, വഴിയില്ലെങ്കിലും അവർ രണ്ടുപേരും ആ ഫലിതത്തിലെ രസത്തെ ധാരാളം അനുഭവിക്കാറുണ്ട്. പ്രായാധിക്യമുള്ള ഒരാളോടു ഈ കുട്ടി സംസാ

രിക്കുന്നതു അസാധാരണമായ വിധത്തിൽ രസജനകമാണെന്നാണ് എന്നെ സംബന്ധിച്ചേടത്തോളം ഉള്ള അഭിപ്രായം.

നേരമ്പോക്കു പറയുന്ന കാൎയ്യത്തിൽ താൻ കുട്ടിയെക്കാൾ ഒട്ടും പിന്നിലാകരുതെന്നു വിചാരിച്ചു ആ ലാടനും ചിലതെല്ലാം ഇപ്രകാരം പറയും:- 'അതെ കുട്ടി! നീ എന്നാണ് നിന്റെ ഭൎത്താവിന്റെ അച്ഛന്റെ വീട്ടിലേക്കു പോകുന്നത്?'

ബംഗാളത്തിലെ കന്യകമാരെല്ലാം ചെറുപ്പത്തിൽ തന്നെ ഭൎത്താവിന്റെ പിതൃഗൃഹത്തെക്കുറിച്ചു ധാരാളം കേട്ടിരിക്കും. പക്ഷെ ഞങ്ങൾ കുറെ പുതിയ സമ്പ്രദായക്കാരായതുകൊണ്ട് ആ വക വൎത്തമാനങ്ങളെല്ലാം ഞങ്ങളുടെ കുട്ടിയിൽനിന്നു മറച്ചുവെച്ചിരുന്നു. അതുകൊണ്ടു കബൂലിവാലയുടെ മേല്പറഞ്ഞ ചോദ്യം കേട്ടപ്പോൾ കാൎയ്യം മനസ്സിലാവാതെ 'മിനി' കുറെ പരിഭ്രമിച്ചിട്ടുണ്ടായിരിക്കണം. എങ്കിലും അവൾ അതൊന്നും പുറത്തു കാണിക്കാതെ ബുദ്ധിസാമൎത്ഥ്യത്തോടുകൂടി 'നിങ്ങൾ അവിടെക്കാണോ പോകുന്നത്' എന്നു നിസ്സംശയം മറുവടി പറഞ്ഞിട്ടുണ്ടായിരിക്കും.

കബൂലിവാലയുടെ വൎഗ്ഗത്തിൽ പെട്ട ആളുകളുടെയിടയിൽ ഭൎത്താവിന്റെ പിതൃഗൃഹം എന്ന വാക്കിന്നു എല്ലാവൎക്കും അറിയാവുന്നതായി രണ്ടൎത്ഥമുണ്ടായിരുന്നു. സാധാരണ 'ജെയിൽ' എന്നു പറയുന്നതിന്നു പകരം ഈ പദം ഉപയോഗിക്കാറുണ്ട്. നമ്മുടെ യാതൊരു ചിലവും കൂടാതെ നമ്മുടെ ആവശ്യങ്ങൾ എല്ലാം മറ്റുള്ളവരാൽ അന്വേഷിക്കപ്പെടുന്ന ഒരു സ്ഥലമാണല്ലൊ 'ജെയിൽ'. ഈ അൎത്ഥത്തിലാണ് ദീൎഘകായനായ ആ കബൂലിവാല മിനിയുടെ ചോദ്യത്തെ ധരിച്ചത്. 'ഹാ ഞാൻ എന്റെ ഭൎത്താവിന്റെ അച്ഛനെ അടിച്ചു വീഴ്ത്തും' എന്നു തന്റെ വലിയ മുഷ്ടികൾ ചുരുട്ടി സങ്കല്പനിൎമ്മിതനായ ഒരു പൊല്ലീസ്സുകാരന്റെ നേൎക്കു തലകുലുക്കിയുംകൊണ്ടു അയാൾ മിനിയോടു സമാധാനം പറയും. അതു കേൾക്കുമ്പോൾ സാധുവും നിസ്സഹായനും ആയ ആ ബന്ധുവിനെക്കുറിച്ചു — ഭൎത്താവിന്റെ പിതാവിനെക്കുറിച്ച് — വിചാരിച്ചു സഹതാപം തോന്നി മിനി ഉറക്കെ ചിരിക്കുവാൻ തുടങ്ങും. ഭീമോപമനായ അവളുടെ സ്നേഹിതനും അപ്പോൾ കൂടെ ചിരിക്കും.

ശരൽക്കാലമായിരുന്നു. ഈ കാലത്താണ് പുരാതനകാലങ്ങളിൽ രാജാക്കന്മാർ യുദ്ധത്തിന്നു പുറപ്പെട്ടിരുന്നത്. കല്ക്കട്ടയിലെ ഒരു മൂലയിലുള്ള എന്റെ വീട്ടിൽനിന്നു ഞാൻ പുറത്തിറങ്ങാറില്ലെങ്കിലും, ലോകം മുഴുവൻ യഥേഷ്ടം സഞ്ചരിക്കുന്നതിന്നു ഞാൻ എന്റെ മനസ്സിനെ അനുവദിക്കാറുണ്ട്. പുതുതായി വല്ല രാജ്യത്തിന്റെയും പേരു കേട്ടാൽ എന്റെ മനസ്സ് ഉടനെ അവിടെ ചെല്ലും. വിദേശീയനായ വല്ലവനേയും വഴിക്കുവെച്ചു കണ്ടാൽ അവന്റെ സ്വരാജ്യത്തിലുള്ള പൎവ്വതങ്ങൾ, തുറകൾ, കാടുകൾ, നദികൾ ഇവയെക്കുറിച്ചും അവയുടെ ഇടയിൽ സ്ഥിതിചെയ്യുന്ന അവരുടെ ഭവനങ്ങളെക്കുറിച്ചും അവിടെ ദൂരത്തുള്ള മലകളിലെ സ്വതന്ത്രജീവിതത്തെക്കുറിച്ചും എന്റെ മനസ്സു പലവിധത്തിൽ ആലോചിച്ചു സ്വപ്നം കണ്ടു തുടങ്ങും. സസ്യങ്ങളെപ്പോലെ അചേതനമായ ഒരു ജീവിതം ഞാൻ നയിച്ചു

പോന്നതുകൊണ്ടായിരിക്കാം ദേശസഞ്ചാരം എന്നു കേൾക്കുമ്പോൾ തന്നെ എന്റെ മനസ്സിൽ ഇടിമിന്നൽപോലെ ഒരു ആളൽ ഉണ്ടാവുന്നതു്. അന്യരാജ്യസഞ്ചാരത്തിൽ കാണാവുന്ന കാഴ്ചകളും ഉണ്ടാകാവുന്ന അനുഭവങ്ങളും തുടരെത്തുടരെ എന്റെ മനോമുകുരത്തിൽ പ്രതിഫലിച്ചുകാണുന്നതിനുള്ള കാരണവും അതുതന്നെയായിരിക്കാം. ഈ കബൂലിവാലയുടെ സന്നിധാനത്താൽ എന്റെ മനസ്സു പെട്ടെന്നു അയാളുടെ സ്വരാജ്യത്തിലേക്കു ആകർഷിക്കപ്പെട്ടു. വരണ്ട പർവ്വതക്കൊടുമുടികളും, അവയ്ക്കു ചുററുമുള്ള ഇടുങ്ങിയ തുറകളും മററും ക്ഷണത്തിൽ എന്റെ മനസ്സുകൊണ്ടു ഞാൻ കണ്ടു. പല വഴിക്കുമായി പോകുന്ന കച്ചവടക്കാരുടെ ഭാരം വഹിക്കുന്ന ഒട്ടകങ്ങളേയും, വലിയ തലപ്പാവുകൾ ധരിച്ച പഴയ തരത്തിലുള്ള പല ആയുധങ്ങളും എടുത്തു മലംപ്രദേശത്തുനിന്നു മൈതാനപ്രദേശങ്ങളിലേക്കു യാത്ര ചെയ്യുന്ന കച്ചവടക്കാരേയും ഞാൻ എന്റെ മനോരാജ്യത്തിൽ കണ്ടു. അവിടെ സഞ്ചരിക്കുന്നതിനിടയ്ക്കു മററു ചിലതും കൂടി നോക്കിക്കാണുന്ന അവസരത്തിൽ മിനിയുടെ അമ്മ വന്നു എന്നെ തടഞ്ഞു 'ആ മനുഷ്യനെ സൂക്ഷിക്കണേ' എന്നു എന്നോടു് അപേക്ഷിച്ചതായി എനിക്കു തോന്നി. മിനിയുടെ അമ്മ വളരെ ഭീരുവായ ഒരു സ്ത്രീയാണു്. വഴിയിൽ നിന്നു വല്ല ശബ്ദവും കേൾക്കുകയോ, വീട്ടിലേക്കു വല്ലവരും കയറി വരികയൊ ചെയ്താൽ അവരെല്ലാം കള്ളന്മാരൊ, കുടിയന്മാരൊ, പാമ്പുകളൊ, പുലികളോ, പാററകളോ, പുഴുക്കളോ, ഇംഗ്ലീഷുകപ്പൽക്കാരോ ആണെന്നു് അവൾ ആ ക്ഷണത്തിൽ തീരുമാനിച്ചുകഴിയും. ഇത്ര കാലത്തെയെല്ലാം പരിചയം ഉണ്ടായിട്ടും അവളുടെ ഈ ഭയവും ഭീരുത്വവും ഇതുവരെ തീർന്നിട്ടില്ല. അതുകൊണ്ടു അവൾക്കു കബൂലിവാലയെക്കുറിച്ചു വളരെ സംശയം ഉണ്ടായിരുന്നു. ആയാളെ സൂക്ഷിക്കേണമെന്നു് എന്നോടു പലപ്പോഴും പറയാറും ഉണ്ടായിരുന്നു.

ഞാൻ അതു കേൾക്കുമ്പോൾ ചിരിച്ചു അവളെ കളിയാക്കി ധൈര്യപ്പെടുത്തുവാൻ ശ്രമിച്ചിരുന്നു. പക്ഷെ അവൾ അപ്പോൾ തിരിഞ്ഞു നിന്നു എന്നോടു ഗൌരവമുള്ള പല ചോദ്യങ്ങൾ ചോദിക്കാറുണ്ടു്:—

'കുട്ടികളെ ഇതുവരെ ആരും ബലമായി പിടിച്ചുകൊണ്ടു പോയിട്ടില്ലേ? കാബൂൾ രാജ്യത്തു അടിമവ്യാപാരം ഉണ്ടായിരുന്നു എന്നു പറയുന്നതു നേരല്ലേ? ഉഗ്രകായനായ ഈ മനുഷ്യനു ഒരു ചെറിയ കുട്ടിയെ പിടിച്ചുകൊണ്ടുപോകുവാൻ സാധിക്കുമെന്നു വിചാരിക്കുന്നതു് അസംബന്ധമാണൊ?'

അതു അസാദ്ധ്യമല്ലെങ്കിലും അസംഭാവ്യമാണു് എന്നു ഞാൻ ഉറപ്പിച്ചു പറഞ്ഞു. അവൾ അതുകൊണ്ടു തൃപ്തിപ്പെട്ടില്ല. അവളുടെ ഭയം വർദ്ധിച്ചതേയുള്ളു. എങ്കിലും അതു ഒരു അടിസ്ഥാനവും വ്യവസ്ഥയും ഇല്ലാത്ത ഭയമായിരുന്നതുകൊണ്ടു ആ ചില്ലറ കച്ചവടക്കാരനായ കബൂലിവാലയോടു ഞങ്ങളുടെ വീട്ടിൽ കടക്കരുതെന്നു പറയുന്നതു അനുചിതമായിരിക്കുമെന്നു എനിക്കു തോന്നി. തന്നിമിത്തം ക

ട്ടിയും അയാളുമായുള്ള സ്നേഹം നിർവിശേഷം വൎദ്ധിച്ചു വന്നു.

കൊല്ലത്തിൽ ഒരിക്കൽ കബൂലിവാല സ്വരാജ്യത്തേക്കു മടങ്ങിപ്പോകും. അക്കാലത്ത് അയാൾക്കു ജോലിത്തിരക്കാണ്. തനിക്കു പിരിഞ്ഞു കിട്ടുവാനുള്ളതെല്ലാം വീടുകൾ തോറും നടന്നു പിരിച്ചെടുക്കുന്ന ധൃതിയാണ്. ഇക്കൊല്ലത്തിൽ ആവക ധൃതികൾ ഒക്കെ ഉണ്ടായിരുന്നിട്ടും ഏടയ്ക്കിടയ്ക്കു മിനിയെ വന്നു കാണുന്നതിന് അയാൾക്കു സമയമില്ലാതിരുന്നിട്ടില്ല. മിനിയും അയാളും തമ്മിൽ എന്തോ ഒരു കാൎയ്യം ആലോചിച്ചു വരുന്നുണ്ടെന്നു കാണുന്നവൎക്കൊക്കെ തോന്നി. എന്തുകൊണ്ടെന്നാൽ, രാവിലെ വരുവാൻ സാധിച്ചില്ലെങ്കിൽ വൈകുന്നേരമെങ്കിലും അയാൾ എത്താതിരിക്കയില്ല. വീട്ടിൽ വല്ല മുക്കിലും മൂലയിലും വെച്ചു മലിനവസ്ത്രധാരിയും ദീൎഘകായനും വളരെ പ്രാകൃതവേഷക്കാരനും ആയ ആ ലാടനെ പെട്ടെന്നു കണ്ടുമുട്ടിയാൽ എനിക്കു തന്നെ പലപ്പോഴും ഒരു സങ്കോചം തോന്നാറുണ്ട്. എങ്കിലും മിനി-യാതൊരു പരിഭ്രമവും കൂടാതെ 'ആ കബൂലിവാല, കബൂലിവാല' എന്ന് ഉറക്കെ വിളിച്ചു പുഞ്ചിരി തൂകിയുംകൊണ്ട് അയാളുടെ അടുക്കലോടി എത്താറുണ്ട്. പ്രായത്തിൽ ഇത്ര വളരെ വ്യത്യാസമുണ്ടായിരുന്ന അവർ രണ്ടുപേരും തമ്മിൽ കണ്ടുമുട്ടിയാൽ ബഹുരസമായി ചിരിച്ചും വെടി പറഞ്ഞും അന്യോന്യം രസിക്കാതിരിക്കയുമില്ല. അത് എനിക്കു നല്ല തീൎച്ചയാണ്.

അയാൾ മടങ്ങി പോകുവാൻ നിശ്ചയിച്ചിരുന്നതിന്റെ കുറച്ചു ദിവസം മുമ്പ് ഒരു രാവിലെ ഞാൻ മുറിയിൽ ഇരുന്ന് എന്റെ നോവലിന്റെ അച്ചടിച്ച പ്രൂഫുകൾ പരിശോധിക്കുകയായിരുന്നു. കാലം നല്ല തണുപ്പുള്ളതായിരുന്നു. വാതായനത്തിൽ കൂടി സൂൎയ്യരശ്മി അകത്തു പ്രവേശിച്ച് എന്റെ പാദങ്ങളെ സ്പൎശിച്ചു. അതുകൊണ്ട് അല്പമായുണ്ടായിരുന്ന ആ ചൂട് അത്യന്തം ഹൃദയംഗമമായിരുന്നു. സമയം എട്ടുമണി ആയിരുന്നു. ചില്ലറ കച്ചവടക്കാർ — നടന്നു കച്ചവടം ചെയ്യുന്നവർ — ചിലർ സ്വസ്ഥാനങ്ങളിലേക്കു തല നിറയെ സാമാനവുമായി മടങ്ങുന്നുണ്ടായിരുന്നു. പെട്ടെന്നു ഞാൻ വഴിയിൽ നിന്ന് ഒരു ബഹളം കേട്ടു. പുറത്തേക്കു നോക്കിയപ്പോൾ, മിനിയുടെ കബൂലിവാലയെ രണ്ടു പൊല്ലീസ്സുകാർ കൂടി വിലങ്ങു വെച്ചു കൊണ്ടുപോകുന്നതും ജിജ്ഞാസുക്കളായ ഒരു കൂട്ടം കുട്ടികൾ പിന്നാലേ കൂടിയിരിക്കുന്നതും ആണ് ഞാൻ കണ്ടതു. കബൂലിവാലയുടെ വസ്ത്രങ്ങളിന്മേൽ എല്ലാം രക്തം പുരണ്ടിരുന്നു. പൊല്ലീസ്സുകാരിൽ ഒരാളുടെ കയ്യിൽ ഒരു വലിയ കത്തിയും ഉണ്ടായിരുന്നു. ഞാൻ അക്ഷമനായി പുറത്തു വന്ന് അവരെ തടഞ്ഞുനിൎത്തി 'എന്താ കാൎയ്യം' എന്ന് അന്വേഷണം ചെയ്തു. കബൂലിവാല ഒരാൾക്കു ഒരു 'രാമപുരി സാൽവ' വിറ്റിരുന്നു എന്നും അതിന്റെ വില ചോദിച്ചപ്പോൾ വാങ്ങിയവൻ സാൽവ തന്നെ വാങ്ങിയിട്ടില്ലെന്നു പറഞ്ഞു എന്നും തന്നിമിത്തം അവർ തമ്മിൽ ഘോരമായ ഒരു വാഗ്വാദം നടന്നു എന്നും അതിന്നിടയിൽ കബൂലിവാല അയാളെ കുത്തി മുറി ഏല്പിച്ചു എന്നും ഞാൻ അവരോടും ഇവരോടും ഒക്കെ

ചോദിച്ചു മനസ്സിലാക്കി. തന്റെ പരിഭ്രമവും കോപവും ശമിക്കാതെ പോകുന്ന വഴിക്കെല്ലാം കബൂലിവാല ആ ശത്രുവിനെ കലശലായി അധിക്ഷേപിക്കുന്നുണ്ടായിരുന്നു. പോകുംവഴിക്ക് എന്റെ ഭവനത്തിന്റെ ഒരു ഏറായത്തു മിനി നില്ക്കുന്നുണ്ടായിരുന്നു. അവൾ അയാളെ കണ്ടപ്പോൾ പതിവുപോലെ 'കബൂലിവാല്' എന്നു വിളിച്ചുംകൊണ്ടു സന്തോഷത്തോടുകൂടി ഓടി എത്തി. കബൂലിവാലയ്ക്ക് അവളെ കണ്ടപ്പോൾ വളരെ സന്തോഷം തോന്നി. അയാളുടെ മുഖം തെളിഞ്ഞു. അന്ന് അയാളുടെ തോളത്തു മാറാപ്പുണ്ടായിരുന്നില്ല. അതുകൊണ്ട് അതിനകത്തുണ്ടെന്നു പറയാറുള്ള ആനയെക്കുറിച്ചു സംസാരിക്കുവാൻ അപ്പോൾ അവൾക്കു സാധിച്ചില്ല. അതുകൊണ്ട്, അവൾ സാധാരണ ചോദിക്കാറുള്ള രണ്ടാമത്തെ ചോദ്യം അയാളോടു ചോദിച്ചു. 'നിങ്ങൾ നിങ്ങളുടെ ഭർത്താവിന്റെ പിതൃഗൃഹത്തിലേക്കു പോകുകയാണോ?' അയാൾ ചിരിച്ചുംകൊണ്ട് 'ഇപ്പോൾ അങ്ങോട്ടു തന്നെ ആണ് പോകുന്നത്' എന്നു മറുപടി പറഞ്ഞു. തന്റെ മറുപടി മിനിക്കു രസിച്ചില്ലെന്ന് അയാൾക്കു മനസ്സിലായി. ഉടനെ, വിലങ്ങിട്ടു മുറുക്കിയിരുന്ന തന്റെ കൈകൾ രണ്ടും അയാൾ ഉയത്തി പിടിച്ചു 'ഹാ. ഞാൻ എന്റെ ഭർത്താവിന്റെ വയസ്സനായ ആ പിതാവിനെ അടിച്ചു വീഴ്ത്തുമായിരുന്നു. എന്തു ചെയ്യാം, എന്റെ കയ്യുകൾ കെട്ടിയിട്ടിരിക്കുന്നു' എന്ന് അയാൾ കൂടതലായി പറഞ്ഞു.

മരണം വരത്തക്കവിധത്തിൽ കയ്യേറ്റം ചെയ്ത കുറ്റത്തിനു കബൂലിവാലയെ കുറെ വർഷത്തെ തടവുശിക്ഷ വിധിച്ചു.

കാലം അങ്ങിനെ കഴിഞ്ഞുകൂടി. അയാളെപ്പറ്റി ആരും ഓർത്തതും ഇല്ല. പതിവുള്ള സ്ഥലത്തു പതിവുള്ള ജോലികൾ ചെയ്തു ഞങ്ങൾ ദിനം കഴിച്ചുകൂട്ടി. ഒരിക്കൽ ഞങ്ങളുടെ വീട്ടിൽ വരുമാറു നിത്യനും ഇപ്പോൾ തടവിൽ കിടക്കുന്നവനുമായ ആ 'ലോടനെ'ക്കുറിച്ച് ആരും ആലോചിച്ചതും ഇല്ല. അസ്ഥിരബുദ്ധിയായ എന്റെ മിനിക്കുട്ടി—എനിക്കു പറയുവാൻ ലജ്ജയാകുന്നു—അവളുടെ പഴയ സ്നേഹിതനെ തീരെ മറന്നു. അവൾക്കു പുതിയ ചങ്ങാതിമാർ ഉണ്ടായി. അവൾക്കു പ്രായം അധികമായതോടുകൂടി അവളുടെ ചങ്ങാതിമാർ അധികവും പെൺകുട്ടികളായി. അവരൊന്നിച്ച് അവൾ അവളുടെ സമയം കഴിച്ചു. സമയം മുഴുവനും കൂട്ടുകാർ ഒന്നിച്ചു കഴിച്ചിരുന്നതുകൊണ്ട് അവൾക്കു പണ്ടത്തെപ്പോലെ അവളുടെ അച്ഛന്റെ മുറിയിൽ കടന്നു വരുന്നതിനു പോലും സൗകര്യമുണ്ടായില്ല. ഞാൻ അവളോടു സംസാരിക്കുക തന്നെ പതിവില്ലാതായി.

അങ്ങിനെ കുറെ കൊല്ലങ്ങൾ കഴിഞ്ഞു. ശരൽകാലമായിരുന്നു. മിനിയുടെ വിവാഹം നിശ്ചയിച്ചിരുന്നു. നവരാത്രികാലത്തു കഴിക്കണമെന്നാണ് തീർച്ചപ്പെടുത്തിയിരുന്നത്. ദുർഗ്ഗ കൈലാസത്തിലേക്കു മടങ്ങി എത്തുന്ന ആ കാലത്തു, ഞങ്ങളുടെ ഭവനത്തിലെ പ്രഭയുള്ള ദീപമായിരുന്ന മിനി അവളുടെ അച്ഛനെ നിഴലത്തു വിട്ടുംകൊണ്ട് അവളുടെ ഭർത്താവിന്റെ ഭവനത്തെ പ്രകാശമാനമാക്കിത്തീർക്കുന്ന

തിന്ന് അങ്ങോട്ടു പോകുവാൻ നിശ്ചയിച്ചിരുന്നു.

പ്രഭാതം തെളിഞ്ഞു പ്രകാശിച്ചു. മഴക്കാലം കഴിഞ്ഞതുകൊണ്ടു വായുമണ്ഡലത്തിന്നു ഒരു പ്രത്യേകപരിശുദ്ധത സിദ്ധിച്ചതുപോലെ കാണപ്പെട്ടു. പ്രഭാതസൂര്യന്റെ രശ്മികൾ തനിത്തങ്കശ്ശലാകകൾ പോലെ പ്രകാശിച്ചു. ആ പ്രഭയിൽ യാതൊരു കൌതുകവും സാധാരണ തോന്നാത്ത കല്ക്കട്ടയിലെ ഇടവഴികളിലുള്ള ഭവനങ്ങളുടെ ഇഷ്ടികച്ചുമരുകൾ കൂടി വളരെ പരിശോഭിച്ചു. പ്രഭാതം മുതൽ വിവാഹവാദ്യങ്ങൾ മുഴങ്ങിക്കൊണ്ടിരുന്നു. ഓരൊ താളത്തിലും എന്റെ ഹൃദയം അധികം ഉച്ചത്തിൽ അടിച്ചുകൊണ്ടിരുന്നു. ഭൈരവീരാഗത്തിന്റെ ഒരു ആലാപം കേട്ടപ്പോൾ ആസന്നമായ വേർപാടിനെക്കുറിച്ച് ഓർത്തുള്ള എന്റെ പരിതാപം ദൃഢീഭവിക്കുന്നതായി എനിക്കു തോന്നി. എന്റെ മിനിയുടെ വിവാഹം അന്നു രാത്രിയായിരുന്നു.

പ്രഭാതം മുതൽ ഭവനത്തിൽ തിരക്കും ലഹളയും വർദ്ധിച്ചു. മിറ്റത്തു മേക്കട്ടിയോടുകൂടിയ പന്തൽ കെട്ടുവാനുണ്ടായിരുന്നു. ഭിത്തികളിന്മേൽ എല്ലാം വാൽസെറവുകൾ തൂക്കുവാനുണ്ടായിരുന്നു. ധൃതിക്കും പരിഭ്രമത്തിന്നും അളവുണ്ടായിരുന്നില്ല. ഞാൻ എന്റെ മുറിക്കകത്തിരുന്നു ചില കണക്കുകൾ പരിശോധിക്കുകയായിരുന്നു. അപ്പോൾ പെട്ടെന്ന് ഒരാൾ മുറിയിൽ കടന്നുവന്ന് എനിക്കു സലാം തന്നു എന്റെ മുമ്പിൽ വിനീതനായി നിന്നു. അത് ആ പഴയ കബൂലിവാലയായിരുന്നു. എനിക്ക് ആദ്യത്തിൽ ആളെ മനസ്സിലായില്ല. അയാളുടെ തോളിൽ ഭാണ്ഡമുണ്ടായിരുന്നില്ല. അയാളുടെ മുടി നീണ്ടതായിരുന്നില്ല. അയാളുടെ ശരീരത്തിന്നുണ്ടായിരുന്ന പഴയ ഓജസ്സോ ശക്തിയോ ഇപ്പോൾ കണ്ടില്ല. അയാൾ പതുക്കെ ഒന്നു പുഞ്ചിരിക്കൊണ്ടു. അപ്പോൾ എനിക്ക് ആളെ മനസ്സിലായി.

'താൻ എപ്പോൾ വന്നു' എന്നു ഞാൻ അയാളോടു ചോദിച്ചു.

'ഇന്നലെ വൈകുന്നേരം എന്നെ ജെയിലിൽ നിന്നു വിട്ടയച്ചു' എന്നായിരുന്നു അയാളുടെ മറുപടി.

ആ വാക്കുകൾ എന്റെ കർണ്ണരന്ധ്രങ്ങളിൽ വല്ലാതെ തറച്ചു. തന്റെ സമജീവിയെ മുറിവേല്പിച്ച ഒരു ക്രൂരനോടു ഞാൻ ഇതുവരെ സംസാരിച്ചിട്ടില്ല. അതോർത്തപ്പോൾ എന്റെ മനസ്സിൽ വല്ലാത്ത ഒരു പരിഭ്രമമുണ്ടായി. ഇന്നേദിവസം ഈ ആൾ വന്നിരുന്നില്ലെങ്കിൽ ഈ ശുഭദിവസം ഇതിലുമധികം മംഗളകരമാകുമായിരുന്നു എന്ന് എനിക്കു തോന്നി.

'ഇവിടെ ഇന്ന് ഒരു അടിയന്തരമാണ്. പല ക്രിയകളും നടന്നുകൊണ്ടിരിക്കുന്നു. എനിക്കു കുറെ തിരക്കുണ്ട്. അടുത്തു വേറെ ഒരു ദിവസം വരരുതേ?' എന്നു ഞാൻ വീണ്ടും ചോദിച്ചു.

ഉടനെ അയാൾ പോകുവാനായി ഭാവിച്ചു. പക്ഷേ വാതൽക്കൽ എത്തിയപ്പോൾ അല്പം സംശയിച്ചു നിന്നു പിന്നോക്കം തിരിഞ്ഞ് എന്നോട് 'എനിക്ക് ആ ചെറിയ കുട്ടിയെ ഒന്നു കണ്ടുകൂടെ, സാർ, ഒന്നു കണ്ടാൽ മതി' എന്നു പറഞ്ഞു. മിനി ഇന്നും പണ്ടത്തെ മിനി തന്നെ ആണെന്നായിരുന്നു അയാളുടെ വി

ശപഥം! 'കബൂലിവാല' എന്നു വിളിച്ചും കൊണ്ട് അവൾ പണ്ടത്തെപ്പോലെ അയാളുടെ അടുക്കൽ ഓടി എത്തുമെന്ന് അയാൾ വിചാരിച്ചിരുന്നു. അയാൾ എങ്ങിനെയോ തന്റെ ഒരു നാട്ടുകാരനോടു വാങ്ങിയതായ കുറച്ച് അണ്ടിപ്പരിപ്പും കാരക്കായയും ഒരു കീറക്കടലാസ്സിൽ പൊതിഞ്ഞ് ആ കുട്ടിക്കു കൊടുക്കുവാനായി സൂക്ഷിച്ചു കൊണ്ടുവന്നിട്ടുണ്ടായിരുന്നു. ജെയിലിൽ നിന്നു പുറത്തു വിട്ടഉടനെ അയാൾ ആദ്യമായി ചെയ്ത കൃത്യം അതാണ്. തന്റെ സ്വന്തം വകയായി ഒരു പൈസപോലും ഇല്ലാതിരുന്നതിനാൽ ഇതു സമ്പാദിക്കുന്നതിന് അയാൾ കുറെ കഷ്ടപ്പെട്ടിട്ടുണ്ടായിരിക്കണം.

'ഇന്ന് ഈ വീട്ടിൽ ഒരു അടിയന്തരമാകയാൽ ഇവിടെ ആരേയും കാണുന്നതിനു സാധിക്കയില്ല' എന്നു ഞാൻ ഉത്തരം പറഞ്ഞു. അയാളുടെ മുഖത്തു നിന്നു പ്രസന്നത തീരെ പോയി. മുഖം താന്നു. അയാൾ അത്യാഗ്രഹത്തോടുകൂടി എന്റെ നേരെ കുറച്ചു നേരം നോക്കിക്കൊണ്ടു നിന്നു. ഒടുവിൽ 'സലാം' എന്നു പറഞ്ഞു പുറത്തേക്കു പോയി.

എനിക്കു കുറച്ചു വ്യസനം തോന്നി. ഞാൻ അയാളെ തിരികെ വിളിച്ചാലൊ എന്ന് ആലോചിച്ചു. പക്ഷെ അയാൾ സ്വന്തമനസ്സാലെ തന്നെ തിരികെ വരുന്നുണ്ടായിരുന്നു. അയാൾ എന്റെ നന്നെ അടുത്തെത്തി ഒരു പൊതി നീട്ടിക്കാണിച്ചുകൊണ്ടു 'ഞാൻ ഇത് ആ ചെറിയ കുട്ടിക്കു വേണ്ടി കൊണ്ടുവന്നതാണ്. ഇതു നിങ്ങൾ എനിക്കു വേണ്ടി ആ കുട്ടിക്കു കൊടുക്കാമോ?' എന്നു ചോദിച്ചു.

ഞാൻ അതു വാങ്ങി അയാൾക്കു പണം കൊടുക്കുവാനായി ഭാവിച്ചു. അപ്പോൾ അയാൾ എന്റെ കയ്യു കടന്നുപിടിച്ചു. 'നിങ്ങൾ വളരെ ദയാലു തന്നെ. എന്നെ നിങ്ങൾ മറക്കാതിരുന്നാൽ മതി. എനിക്കു പണം തരരുത്. നിങ്ങൾക്കു ഓമനയായ ഒരു പെൺകുട്ടി ഉണ്ട്. എനിക്കും അവളെപ്പോലെ തന്നെ ഒരു കുട്ടി എന്റെ വീട്ടിൽ ഉണ്ട്. ഞാൻ മിനിയെ കാണുമ്പോൾ അവളെ ഓർക്കുന്നു. ആ ഓർമ്മയോടുകൂടിയാണ് ഞാൻ മിനിക്കു എടക്കു വല്ലതും കൊണ്ടു കൊടുക്കുന്നത്. അല്ലാതെ എനിക്ക് അതുകൊണ്ടു ഒരു ലാഭം ഉണ്ടാകുവാനല്ല.' എന്നിങ്ങിനെ അയാൾ എന്നോടു പറഞ്ഞു.

ഇത്രയും പറഞ്ഞ് അയാൾ അയാളുടെ അഴുക്കു പിരണ്ട അയഞ്ഞ ഉടുപ്പിന്റെ അകത്തു നിന്നു ഒരു ചുളി പിടിച്ച ചെറിയ കടലാസ്സുപൊതി പുറത്തേക്ക് എടുത്തു. വളരെ സൂക്ഷ്മതയോടുകൂടി അയാൾ അതു കെട്ടഴിച്ചു. രണ്ടു കൈ കൊണ്ടും കൂടി അതിൽ ഉണ്ടായിരുന്ന ഒരു കടലാസ്സെടുത്തു എന്റെ മേശപ്പുറത്തു വെച്ചു. അതിൽ ഒരു കുട്ടിയുടെ കൈപ്പടത്തിന്റെ ഛായയുണ്ടായിരുന്നു. ഛായാപടമല്ല. ചിത്രം വരച്ചതുമല്ല. കയ്യിൽ മഷിപുരട്ടി കടലാസ്സിൽ പതിച്ചതായിരുന്നു ആ ചിത്രം. അത് അയാളുടെ പുത്രിയുടേതായിരുന്നു. ഈ കാലമെല്ലാം ഇതു കൈവശത്തിൽ ഉണ്ടായിരുന്നു. കൊല്ലംതോറും കല്ക്കട്ടയിൽ വന്നു സാമാനങ്ങൾ വിററു നടക്കുമ്പോഴെല്ലാം ഈ കടലാസ്സ് അയാൾ അയാളുടെ ഹൃദയത്തോടു ചേർത്തു സൂക്ഷിച്ചിട്ടുണ്ടായിരുന്നു.

എന്റെ നയനങ്ങളിൽ താനേ അശ്രുക്കൾ നിറഞ്ഞു. അയാൾ ദരിദ്രനായ ഒരു കാബൂൾക്കാരൻ പിച്ച കച്ചവടക്കാരനാണെന്ന കഥ തന്നെ ഞാൻ തല്ക്കാലം മറന്നു. എന്നാൽ ഞാനോ?_ ഇല്ല. ഒന്നുമില്ല. എനിക്കെന്താ അയാളേക്കാൾ ഒരു വിശേഷം! അയാളും എന്നെപ്പോലെ ഒരു അച്ഛനായിരുന്നു.

ദൂരെ കാബൂളിൽ കിടക്കുന്ന അയാളുടെ ചെറിയ പുത്രിയുടെ കഷ്ടത്തിന്റെ അതു മരായ എന്റെ മിനിയുടെ കാര്യത്തെ എന്റെ ഓർമ്മയിൽ കൊണ്ടുവന്നു.

ഞാൻ അവൾക്ക് ആളെ ഉടനെ അയച്ച് അന്തഃപുരത്തിൽ നിന്ന് അവളെ പുറത്തേക്കു വരുത്തി. വളരെ ആളുകൾ ഉവൃന്ന വിധമെല്ലാം അവിടെ തടസ്ഥം പറഞ്ഞു. ഞാൻ അതൊന്നും ശ്രദ്ധിച്ചതേ ഇല്ല. അവൾ, എന്റെ മിനി, ചുവന്ന പട്ടുടുത്തു കല്യാണവേഷം ധരിച്ച്, ലലാടത്തിൽ ചന്ദനം വരച്ചു കുറിയിട്ട്, യൌവനയുക്തയായ വധുവിനെപ്പോലെ അലങ്കരിച്ചു ലജ്ജാവിവശിതയായി എന്റെ അടുത്തു വന്നു നിന്നു.

ആ വേഷം കണ്ടു കബൂലിവാല പരിഭ്രമിച്ചു കുറച്ചൊന്നു സ്തംഭിച്ചു നിന്നുപോയി. അയാൾക്ക് അവളുമായുള്ള പഴയ പഞ്ചാരത്തമാശയും കൂട്ടുകെട്ടും വീണ്ടും പുതുക്കുവാൻ ഇനി സാധിക്കുകയില്ല. ഒടുവിൽ അല്പം ചിരിച്ചുംകൊണ്ട് 'ഞെട്ടെ കുട്ടി, നീ നിന്റെ ഭർത്താവിന്റെ പിതൃഗൃഹത്തിലേക്കു പോകുകയാണോ' എന്നു കബൂലിവാല മിനിയോടു ചോദിച്ചു.

ആ വാക്കുകളുടെ അർത്ഥം ഇപ്പോൾ അവൾക്കു നല്ലപോലെ അറിയാമായിരുന്നു. പണ്ടത്തെപ്പോലെ ഇന്നു മറുവടി പറയുവാൻ അവൾക്കു നിർവ്വാഹമില്ല. ചോദ്യം കേട്ടപ്പോൾ അവളുടെ മുഖം ചുവന്നു. മുഖം താഴ്ത്തി അവൾ അയാളുടെ മുമ്പിൽ ചിന്താമഗ്നയായി നിന്നു.

കബൂലിവാലയും മിനിയും തമ്മിൽ ഒന്നാമതായി കണ്ടെത്തിയ അവസരത്തെ ഞാൻ അപ്പോൾ ഓർത്തു. എനിക്കു വ്യസനം തോന്നി. മിനി വീണ്ടും അന്തഃപുരത്തിലേക്കു പോയപ്പോൾ കബൂലിവാല സാശങ്കവും പരിതാപജനകവും ആയ ഒരു ദീർഘശ്വാസത്തോടുകൂടി അവിടെത്തന്നെ നിലത്തു പെട്ടെന്നു ഇരുന്നു. ഈ കാലത്തിനിടയ്ക്ക് അയാളുടെ മകളും ഇതുപോലെ വളർന്നു പ്രായപൂർത്തി വന്നിട്ടുണ്ടാകുമെന്ന് അയാൾക്കു ഓർമ്മ വന്നു. അയാൾ അവിടെ ചെന്നാൽ അച്ഛനും മകളും തമ്മിൽ തമ്മിൽ അറികയില്ലെന്നും അന്യോന്യം വീണ്ടും പരിചയപ്പെടേണ്ടി വരുമെന്നും അയാൾ അനുമാനിച്ചു. തീർച്ചയായിട്ടും അയാളുടെ മകൾ ഇപ്പോൾ മുമ്പിരുന്നിരുന്ന പോലെ ആയിരിക്കയില്ല. വിശേഷിച്ച്, ഈ എട്ടുകൊല്ലത്തിനിടക്ക് അവൾക്ക് എന്തെല്ലാമൊക്കെ സംഭവിച്ചിട്ടുണ്ടാവാം?

വിവാഹവാദ്യം മുഴങ്ങി. ശരൽക്കാലസൂര്യന്റെ പ്രഭാപടലത്താൽ ആ പ്രദേശമെല്ലാം ശോഭമാനമാക്കി. പക്ഷെ കബൂലിവാല കല്ക്കട്ടയിലെ ആ ഇടവഴിയിൽ ഇരുന്നു ദൂരെ കിടക്കുന്ന അഫ്ഗാനിസ്ഥാനിലെ (അവിടത്തെ പ്രധാനനഗരമാണു കാബൂൾ) ഫലപുഷ്ടിയില്ലാത്ത പർവ്വതനിരകളെ മനസ്സുകൊണ്ടു ധ്യാനിച്ചുകൊണ്ടിരുന്നു.

ഞാൻ ഒരു ബാങ്കു നോട്ട് എടുത്തു അയാൾക്കു കൊടുത്ത്, ഈപ്രകാരം പറഞ്ഞു. 'താൻ വേഗം തന്റെ നാട്ടിലേക്കു മടങ്ങി ദൂരെ കിടക്കുന്ന തന്റെ പുത്രിയുടെ സമീപത്തേക്കു വേഗം ചെല്ലുക. നിങ്ങളുടെ സന്തോഷകരമായ ആ കൂടിക്കാഴ്ച എന്റെ കുട്ടിയുടെ ക്ഷേമാഭിവൃദ്ധിക്കു കാരണമായി തീരട്ടെ'.

ഈ സമ്മാനം കൊടുത്തതു കാരണം അന്നത്തെ കല്യാണച്ചിലവിൽ പല ഭാഗവും എനിക്കു വേണ്ടെന്നു വെയ്ക്കേണ്ടതായും, ചിലതെല്ലാം ചുരുക്കേണ്ടതായും വന്നു. ഉദ്ദേശിച്ച മാതിരി വിദ്യുച്ഛക്തി വിളക്കുകൾ ഞാൻ ഏർപ്പെടുത്തിയില്ല. പട്ടാളക്കാരുടെ ബാൻറും വേണ്ടെന്നു വെച്ചു. വീട്ടിലെ സ്ത്രീകൾക്ക് എല്ലാം വലിയ പരിഭവമായി. എന്നാൽ എന്നെ സംബന്ധിച്ചേടത്തോളം വിവാഹം വിചാരിച്ചതിൽ അധികം തൃപ്തികരവും മംഗളകരവും ആയിത്തീർന്നു. എന്തുകൊണ്ടെന്നാൽ, വളരെ ദൂരത്തുള്ള ഒരു ഭവനത്തിൽ വളരെ കാലമായി അന്യോന്യം കാണാതിരിക്കുന്ന ഓമനയായ ഒരു കുട്ടിയും അവളുടെ സ്നേഹമുള്ള പിതാവും വീണ്ടും ഒന്നിച്ചു ചേരുവാൻ സംഗതിയായല്ലോ എന്ന വിചാരം എനിക്കു ഞാൻ അതുവരെ അനുഭവിച്ചിട്ടില്ലാത്ത സമാധാനത്തെയും സംതൃപ്തിയെയും സന്തോഷത്തെയും തന്നു.

പുത്തേഴത്തു രാമമേനോൻ
ബി. എ., ബി. എൽ.

---

# കാലഗതിയും കലികൌടില്യവും

'ബ്രഹ്മാണ്ഡകോടികൾ നഷ്ടങ്ങളായതും ബ്രഹ്മണാസൃഷ്ടങ്ങളായതും' നോക്കിയാൽ ഒരു കയ്യും കണക്കുമില്ലെന്നാണു ഹിന്തുശാസ്ത്രം ഘോഷിക്കുന്നത്. ഓരോ മനുഷ്യരേയും ഓരോ ബ്രഹ്മാണ്ഡമായി സങ്കല്പിക്കുന്നതായാൽ ആ മനുഷ്യശരീരത്തിൽ വസിക്കുന്ന കൃമികളും കീടങ്ങളും ജീവങ്ങളുമെല്ലാം ആ മനുഷ്യന്റെ ദേഹവിയോഗത്തോടു കൂടി നശിക്കുന്നതുപോലെയാണ് നാം അധിവസിക്കുന്ന ഈ ഭൂമിയെപ്പോലുള്ള അനവധി ഗോളങ്ങൾ ഉണ്ടായും നശിച്ചും കൊണ്ടിരിക്കുന്നതെന്നു നമുക്കു ക്ഷണത്തിൽ മനസ്സിലാക്കാം. നാം ആകാശത്തിൽ കാണുന്ന നക്ഷത്രങ്ങളിൽ മിക്കതും ഭൂമിയെപ്പോലുള്ള ഓരോ ബ്രഹ്മാണ്ഡങ്ങളാണെന്നും നമ്മെപ്പോലുള്ള ജീവജാലങ്ങൾ ആ കാണുന്ന ഗോളങ്ങളിലും വസിക്കുന്നുണ്ടെന്നുമാണു നവീനശാസ്ത്രജ്ഞന്മാർ പറയുന്നത്. ശാസ്ത്രീയസിദ്ധാന്തപ്രകാരം പഞ്ചഭൂതങ്ങളുടെ പരിണാമഫലമായി ആകാശത്തിൽ ഇടയ്ക്കിടെ ഗോളങ്ങളുണ്ടാകുന്നുണ്ടെന്നും നശിക്കുന്നുണ്ടെന്നും കാണുന്നു. കാലക്രമംകൊണ്ടു ഓരോ ഗോളങ്ങളിലെയും ശീതോഷ്ണസ്ഥിതിക്കു മാററം വരുന്നുണ്ടെന്നും തന്മൂലം ആ ഗോളങ്ങളിൽ താമസിക്കുന്ന ജീവികളുടെ പ്രകൃതിയിലും മ-

ററം വരുന്നുണ്ടെന്നും നവീനശാസ്ത്രജ്ഞന്മാർ സമ്മതിക്കുന്നു. ബ്രഹ്മാണ്ഡകോടികളുണ്ടെന്നു കണ്ടുപിടിച്ച നമ്മുടെ പൂർവ്വന്മാരോടു നവീനശാസ്ത്രജ്ഞന്മാർ മിക്ക സംഗതികളിലും യോജിക്കുന്നുണ്ട്. ഇത്രത്തോളം ബുദ്ധിശക്തിയുള്ള നമ്മുടെ പൂർവ്വന്മാർ ഈ ഭൂമിയെപ്പററി പറയുന്ന അഭിപ്രായങ്ങൾ എന്തൊക്കെയാണെന്നു ശ്രദ്ധയോടെ നോക്കേണ്ടതാണ്. ഈ ഭൂമിയുണ്ടായിട്ടു എത്ര കാലമായി, ഇനി എത്ര കാലം ഈ ഭൂമി നിലനില്ക്കും, ഈ ഭൂമിയിൽ വസിക്കുന്നവർക്കു കാലഗതിയിൽ വല്ല മാററങ്ങളും വന്നുചേരുന്നുണ്ടോ എന്നൊക്കെ അറിവാൻ പൂർവ്വന്മാരുടെ റിക്കാട്ടുകൾ നാം ഒന്നു പരിശോധിച്ചു നോക്കുക. നവീനന്മാരുടെ അഭിപ്രായവും പൂർവ്വന്മാരുടെ അഭിപ്രായവും തമ്മിൽ വ്യത്യാസം വല്ലതുമുണ്ടോ എന്നു നോക്കേണ്ട ഭാരം തല്ക്കാലം നാം കയ്യേല്ക്കേണ്ടതില്ല. കാരണം നവീനന്മാരുടെ അഭിപ്രായത്തിൽ ദിനംപ്രതി മാററം വന്നുകൊണ്ടിരിക്കുന്നുണ്ടെന്ന സംഗതി തന്നെ.

പൂർവ്വികന്മാർ കാലത്തെ അളക്കുവാൻ ഉപയോഗിച്ച ഇടങ്ങഴി എത്രയും വളരെ ചെറുതാണ്. രണ്ടു താമരയിലകൾ കൂട്ടിപ്പിടിച്ചു, അതിശക്തിയുള്ള ഒരുവൻ ഒരു സൂചികൊണ്ടു ഈ താമരയിലകളിൽ കുത്തിത്തുളയുണ്ടാക്കുമ്പോൾ ഒരു ഇലത്തുളത്ത് മറെറ ഇല തുളയുവാൻ എത്ര സമയം വേണ്ടിവരുന്നുണ്ടോ അത്ര സമയത്തിന്നാണ് അല്പകാലം എന്നു പേരു കൊടുത്തിട്ടുള്ളത്. ഈ അല്പകാലമാണ് കാലഗതിയെ അളക്കുവാൻ പൂർവ്വികന്മാർ ഉപയോഗിക്കുന്നത്. പാശ്ചാത്യന്മാരുടെ ഒരു സെക്കണ്ടും ഹിന്തുക്കളായ ഗണിതശാസ്ത്രജ്ഞന്മാരുടെ അല്പകാലവും തമ്മിൽ എത്ര മാത്രം വ്യത്യാസമുണ്ടെന്നു താഴെ ചേർക്കുന്ന കണക്കുകൊണ്ടു വ്യക്തമാവും.

30 അല്പകാലം= ഒരു ത്രുടി
30 ത്രുടി= ഒരു കല
30 കല= ഒരു കാഷ്ഠ
30 കാഷ്ഠ ഒരു നിമിഷം (ഞൊടി- മാത്ര)

ഹിന്തുക്കളുടെ ഈ നിമിഷമാണെന്നു തോന്നുന്ന പാശ്ചാത്യന്മാരുടെ ഒരു സെക്കണ്ട്.

4 നിമിഷം (മാത്ര)= ഒരു ഗണിതം
10 ഗണിതം= ഒരു ശ്വാസം
6 ശ്വാസം= ഒരു വിനാഴിക
60 വിനാഴിക= ഒരു നാഴിക

ഈ കണക്കുപ്രകാരം ഒരു നാഴികയെ ഹിന്തുക്കൾ ആയിരത്തി ഒരുനൂറു കോടിയിലധികം അല്പകാലമായി ഭാഗിച്ചിട്ടുണ്ടെന്നു കാണാം. പൂർവ്വികന്മാരും നവീനന്മാരുമായുള്ള വ്യത്യാസം ഇത്രത്തോളമുണ്ടെന്നു ഗണിതശാസ്ത്രംകൊണ്ടു തന്നെ തെളിയുന്നതല്ലോ. യൂനിററ് (Unit) എത്രത്തോളം ചുരുക്കിക്കൊണ്ടു വരുന്നുവോ അത്രത്തോളമാണ് ഗണിതം ശരിയായി വരുന്നതെന്ന സിദ്ധാന്തം നവീനന്മാർ തന്നെ സമ്മതിക്കുന്നതാണ്. നാഴികവരെയുള്ള ഗണിതം കൊണ്ടുമാത്രമായില്ല; അതിന്നപ്പുറവും കടന്നു നോക്കുക.

60 നാഴിക= ഒരു ദിവസം
15 ദിവസം= ഒരു പക്ഷം
2 പക്ഷം= ഒരു മാസം (പിതൃക്കൾക്കു ഒരു അഹോരാത്രം)
6 മാസം= ഒരു അയനം
2 അയനം= ഒരു സംവത്സരം (ദേവകൾക്കു അഹോരാത്രം)

നമുക്കു ഒരു കൊല്ലം കഴിയുമ്പോൾ പിതൃക്കൾക്കു 24 ദിവസമെ കഴികയുള്ളൂ. ദേവകൾക്കാണെങ്കിൽ ഒരു ദിവസം മാത്രം കഴിയുന്നു. ജീവികൾ ഒരോന്നും തമ്മിലുള്ള ആയുസ്സിന്റെ മാററം ഈ ഭൂമിയിൽ തന്നെ നാം ധാരാളം കാണുന്നുണ്ടു്. ചില കീടങ്ങൾ നമുക്കു ഒരു ദിവസം തികയുന്നതിന്നു മുമ്പായി ജനിച്ചു് ബാല്യം, യൌവനം, വാൎദ്ധക്യം എന്നീ അവസ്ഥകളെല്ലാം കഴിഞ്ഞു നശിക്കുന്നു. അതിലിടക്കു സന്താനങ്ങളെയും ഉണ്ടാക്കുന്നു. ഇതുപോലെ ഈഷൽകാലഭേദത്തോടു കൂടി അനവധി ജീവജാലങ്ങൾ ഈ ലോകത്തിൽ തന്നെ ഉണ്ടായിക്കൊണ്ടും നശിച്ചുകൊണ്ടും ഇരിക്കുന്നുണ്ടു്. ഈ സംഗതികളാൽ മനുഷ്യരുടെയും പിതൃക്കളുടെയും ദേവന്മാരുടെയും ആയുസ്സിന്നു തമ്മിൽ വ്യത്യാസമുണ്ടെന്നു പറയുന്നതിൽ ആശ്ചൎയ്യത്തിന്നു യാതൊരു വഴിയും ഇല്ല. നമ്മുടെ 360 സംവത്സരമാണു് ഒരു ദേവാബ്ദം. (ദിവ്യസംവത്സരം) എന്നു പറയുന്നതു. മനുഷ്യരുടെ മൂന്നു നാലു തലമുറ കഴിയുമ്പോഴാണു ദേവന്മാരുടെ ഒരു കൊല്ലക്കാലം കഴിയുന്നതു്. ഈ ദിവ്യസംവത്സരത്തെ അടിസ്ഥാനമാക്കിയാണു യുഗങ്ങളെ തിരിച്ചിട്ടുള്ളതു്. യുഗത്തിന്റെ കണക്കു താഴെ ചേൎക്കുന്നു.

| | |
|---|---|
| കൃതയുഗം= 4800 | ദിവ്യസംവത്സരം |
| ത്രേതായുഗം=3600 | ടി |
| ദ്വാപരയുഗം= 2400 | ടി |
| കലിയുഗം=1200 | ടി |

ഇപ്രകാരം നാലു യുഗങ്ങളും കൂടി 12000 ദിവ്യസംവത്സരമാണു്, അതായതു് ഒരു ചതുൎയ്യുഗകാലമെന്നാൽ 4320000 മനുഷ്യരുടെ കൊല്ലങ്ങളാണു്. ഇപ്രകാരം കൃതം, ത്രേത, ദ്വാപരം, കലി എന്നു 72 ചതുൎയ്യുഗം കഴിയുമ്പോഴാണു ഒരു മന്വന്തരം കഴിയുന്നതു്. ഒരു മന്വന്തരമാണു ദേവകളുടെ ആയുസ്സ്. മനു മാറുന്നതോടു കൂടി ദേവകളും എല്ലാം മാറുന്നു. ഇപ്രകാരം 14 മന്വന്തരം കഴിയുമ്പോഴാണു് (1008 ചതുൎയ്യുഗം) ബ്രഹ്മാവിന്റെ പകൽ കഴിയുന്നതു്. പിന്നെ രാത്രി ഉറക്കമായതുകൊണ്ടു ആ രാത്രികാലം 1008 ചതുൎയ്യുഗം ലോകമെല്ലാം പ്രളയത്തിൽ കിടക്കുന്നു. മേൽപ്രകാരം 2016 ചതുൎയ്യുഗം കഴിയുമ്പോൾ ബ്രഹ്മാവിന്നു ഒരു ദിവസമാകുന്നു. ഇപ്രകാരമുള്ള 360 ബ്രഹ്മദിവസം ഒരു ബ്രഹ്മസംവത്സരമാകുന്നു. ആ ബ്രഹ്മസംവത്സരം 120 കഴിയുമ്പോൾ ബ്രഹ്മായുസ്സും കഴിയുന്നു. അപ്പോഴുണ്ടാകുന്ന പ്രളയത്തിന്നാണു ബ്രഹ്മപ്രളയം എന്നു പേർ. ആ ബ്രഹ്മപ്രളയം 120 ബ്രഹ്മവൎഷം നില്ക്കുകയും ചെയ്യും.

മേൽ കാണിച്ച കണക്കുകൊണ്ടു സിദ്ധിക്കുന്നതു ഇപ്പോൾ നാം കാണുന്ന ഈ ഭൂലോകം കഴിഞ്ഞ ബ്രഹ്മപ്രളയത്തിന്നു ശേഷം ഉണ്ടായി ഇത്ര മനുഷ്യസംവത്സരമായി എന്നു കണക്കാക്കാമെന്നുള്ളതാണു്.

ഏഴാമത്തെ മന്വന്തരമായ വൈവസ്വതമന്വന്തരത്തിൽ, 28-ാമത്തെ ചതുൎയ്യുഗത്തിൽ, കലിയുഗത്തിൽ 5019-ാമത്തെ സംവത്സരത്തിലാണു നാമിപ്പോൾ എത്തീട്ടുള്ളതെന്നാണു ഹിന്തുശാസ്ത്രപ്രകാരം കാണുന്നതു്. ആ കണക്കു പ്രകാരം

$$(7 \times 72 + 28) \times 4320000 + 5019.$$

അതായതു് സൃഷ്ടിക്കു ശേഷം ഇന്നത്തെ

തിഷ്ഠതിക്കു 2198246019 മനുഷ്യസംവത്സരങ്ങൾ കഴിഞ്ഞുവെന്നു പറയേണ്ടതില്ലല്ലൊ. സാധാരണ പ്രളയത്തിന്നുള്ള 4854560000 സംവത്സരത്തിൽനിന്നു കഴിഞ്ഞതു തള്ളിയാൽ ഇനി 2056814981 മനുഷ്യസംവത്സരം ഈ ലോകം ഉണ്ടാകുമെന്നു കണക്കാക്കാം. ഇപ്രകാരമുള്ള ചെറിയ പ്രളയങ്ങൾ 720 കഴിഞ്ഞാൽ മാത്രമെ ഒരു ബ്രഹ്മവർഷമാകയുള്ളു. അങ്ങിനെ 120 ബ്രഹ്മവർഷം കഴിയുന്നതു വരെ ബ്രഹ്മപ്രളയം വരുന്നതുവരെ എത്ര ചെറിയ പ്രളയങ്ങൾ കഴിയേണമെന്നു ഊഹിക്കാമല്ലൊ. ഇത്രയൊക്കെ ആയുസ്സുള്ള നമ്മുടെ ഭൂമിയെ 'മഡൂസ' നശിപ്പിക്കുമെന്ന് അമേരിക്കക്കാർ പറഞ്ഞാൽ ഹിന്തുക്കൾ വിശ്വസിക്കുമൊ?

## കലിയുഗം

കലിയുഗം തുടങ്ങീട്ടു 6019 കൊല്ലമായെന്നു പറഞ്ഞുവല്ലൊ. ചതുർയ്യുഗങ്ങളിൽ ഒരോ യുഗത്തിലും ഈ ഭൂമിയിൽ നിവസിക്കുന്ന ജീവജാലങ്ങളുടെയും സസ്യവർഗ്ഗങ്ങളുടെയും ആകൃതിയിലും പ്രകൃതിയിലും വലുതായ മാററം വരുന്നുണ്ടെന്നാണു ഹിന്തുശാസ്ത്രം സിദ്ധാന്തിക്കുന്നത്. അതു മാത്രമല്ല മനുഷ്യരുടെ സദാചാരനിഷ്ഠയിലും ചില വ്യത്യാസങ്ങൾ വരുന്നുണ്ടെന്നാണു പറയുന്നത. ഇപ്പോൾ നടപ്പിലിരിക്കുന്ന ചതുർയ്യുഗത്തിൽ കൃതയുഗം, ത്രേതായുഗം, ദ്വാപരയുഗം ഇങ്ങിനെ മൂന്നു യുഗങ്ങൾ കഴിഞ്ഞിട്ടുണ്ടല്ലൊ. ഈ കഴിഞ്ഞ മൂന്നു യുഗത്തിലുള്ള ജനങ്ങളും ഇപ്പോൾ നടക്കുന്ന കലിയുഗത്തിലെ ജനങ്ങളും തമ്മിൽ വലുതായ മാററമുണ്ടെന്നാണ് ഹിന്തുശാസ്ത്രപ്രകാരം കാണുന്നത്. മനുഷ്യരുടെയും മൃഗങ്ങളുടെയും കാര്യത്തിൽ ദേഹപ്രകൃതിക്കു മുമ്പും ഇപ്പോഴുമായി വലുതായ മാററമുണ്ടായിട്ടുണ്ടെന്നു ആധുനികശാസ്ത്രജ്ഞന്മാർ തന്നെ സമ്മതിക്കുന്നുണ്ട്. ഭൂമി കിളക്കുമ്പോൾ ചില ദിക്കിലൊക്കെ കണ്ടെത്തുന്ന മൃഗങ്ങളുടെ അസ്ഥികൂടങ്ങൾ നോക്കി അത്ര വലുപ്പമുള്ള ജന്തുക്കൾ ഇപ്പോൾ ലോകത്തിലില്ലെന്നു തിട്ടപ്പെടുത്തുന്നു. ശരിയായ സിംഹത്തെ വല്ല കാഴ്ചബങ്കളാവിലുമല്ലാതെ വേറെ എവിടെയും കാണ്മാനില്ലെന്നു വന്നിരിക്കുന്നു. മുൻകാലങ്ങളിലും മനുഷ്യരുടെ അസ്ഥികൂടം പരിശോധിച്ചു ദേഹദാർഢ്യവും വലുപ്പവും മുമ്പുള്ളവരെപ്പോലെ ഇപ്പോഴുള്ളവർക്കില്ലെന്നു സ്ഥാപിച്ചിരിക്കുന്നു. മുൻകാലങ്ങളിൽ യോദ്ധാക്കന്മാർ ഉപയോഗിച്ചിരുന്ന ആയുധങ്ങൾ ഇപ്പോഴുള്ളവർക്ക് എടുപ്പാൻ തന്നെ ശക്തിയില്ലാതെ വന്നിരിക്കുന്നു. ജനങ്ങൾ ക്രമേണ ഹ്രസ്വകായന്മാരും അശക്തന്മാരുമായിത്തുടങ്ങിയിരിക്കുന്നു. പ്രകൃതിയെ സംബന്ധിച്ചേടത്തോളമുള്ള മാററത്തിന്നു പുറമെ സദാചാരത്തിൽ വന്നു കൂടുന്ന മാററത്തെപ്പററി ശ്രീമഹാഭാഗവതം ദ്വാദശസ്കന്ധത്തിൽ കിളിപ്പാട്ടായി ഇപ്രകാരം എഴുതിയിരിക്കുന്നു:—

മുന്നം പുരായുഗത്തിങ്കൽ ജനങ്ങളിൽ
കേവലം ധർമ്മമുള്ളിതു ധരിപ്പതും
നാലിലൊന്നാമതു സത്യം, ദയം, തപം,
ദാനമിത്ഥം ചതുഷ്പാദങ്ങൾ ധർമ്മത്തി-
ന്നാകമത്ത്നാലുമുണ്ടുകൃതയുഗേ
സന്തോഷവും, കരുണാ, മൈത്രി, ശാന്തിയും,
ദാന്തി, തിതിക്ഷ, വർണ്ണാ ചാരധർമ്മങ്ങൾ
നല്ലവണ്ണം ചെയ്കയാശ്രമാചാരവും

അല്ലലില്ലാത്തൊരാമന്മാരതാണ്ടൊണ്ടു
സമഗ്രകകളായിരവും കൃതയുഗേ
മെല്ലമെല്ലെക്കുറയുന്നു ധൎമ്മപദം
ധൎമ്മത്തിലേകാംശമില്ലാ ത്രേതായുഗേ
പാലിപ്പതിന്നു ധൎമ്മസത്യാഹിംസാ
ഭേദംകുറയുന്നു സല്ക്കൎമ്മവുമല്ലാ
താപവുമാചാരവൎണ്ണങ്ങളുമേക്രമ
മേവംകുറഞ്ഞുപോകുന്നു ത്രേതായുഗേ
ദ്വാപരത്തിൽ ധൎമ്മപാദങ്ങൾ രണ്ടുപോം
ഹിംസസന്തോഷവിനാശമന്നതവും
ദ്വൈതമധൎമ്മംയശസ്സീമഹാശാലാ
സ്വാദ്ധ്യായമദ്ധ്യയനേരതിയില്ലാഞ്ഞു
ആഢ്യരാകുന്നവരോടുകുടുംബികൾ
ശ്രേഷ്ഠദ്വിജരോടുക്ഷത്രിയവീരരും
ധൎമ്മഹേതുക്കളാൽതന്നെപരിഹാസം
നന്നായ്ത്തുടങ്ങുന്നു സൽക്കൎമ്മലോപവും.'

ഇപ്രകാരം ധൎമ്മത്തിന്റെ നാലു പാദങ്ങളിൽ മൂന്നും കലിയുഗത്തിന്റെ ആരംഭത്തോടു കൂടി നശിക്കുന്നുവെന്നും ശേഷിക്കുന്ന പാദം സത്യം ഒന്നു മാത്രമാണെന്നും ആണ് കാണുന്നത്. ത്രേതായുഗത്തിൽ നടന്ന രാമായണകഥയും ദ്വാപരയുഗാന്തത്തിൽ നടന്ന ഭാരതകഥയും തമ്മിലുള്ള വ്യത്യാസം നോക്കിയാൽ യുഗത്തിന്റെ പരിണാമത്തിൽ സദാചാരങ്ങൾക്കും പരിണാമം വരുന്നുണ്ടെന്നു തീൎച്ചയായും സമ്മതിക്കേണ്ടിവരും. കലിയുഗത്തിൽ ഉണ്ടാവാനിരിക്കുന്ന സംഭവങ്ങളെപ്പറ്റിയും ദ്വാദശസ്കന്ധത്തിൽ അല്പം വിസ്തരിച്ചു കാണുന്നുണ്ട്. ഈ സംഭവങ്ങൾ നാം അറിഞ്ഞിരിക്കേണ്ടതായതുകൊണ്ടു് അവയെ താഴെ പകൎത്തുവാൻ ഞാൻ അശേഷം ശങ്കിക്കുന്നില്ല.

'സൽക്കൎമ്മജാതികൾക്ഷീണമായ്ത്തീൎന്നിട്ടും
മിക്കതുംകാടായ്ത്തീൎന്നിതുമേദിനി
എല്ലാംദുരാചാരനിൎദ്ദയശീലരായ്
കള്ളരായ്ശൂദ്രരായ്ക്കൊണ്ടുവത്തിച്ചു
ഏറ്റംവിഷയരായ്ത്തീൎന്നു(1)രാജമാന
ത്തുറ്റമോടേവിച്ചിടുന്നിതുകാലേ
മ്ലേച്ഛ(2)രായോരജമാനരാകുംവിധൌ
വൈശ്യകൎമ്മങ്ങളുപേക്ഷിച്ചുമാകാലേ'

എന്ന പാദത്തിന്നു ശേഷം സാത്വികം, രാജസം, താമസം, രാജസതാമസം എന്നിങ്ങിനെ നാലുവിധത്തിൽ കൃതം, ത്രേത, ദ്വാപരം, കലി എന്നീ യുഗങ്ങളിൽ ഗുണങ്ങൾ കാണുമെന്നാണു പറയുന്നത്.

'തന്ദ്രിചതികപടമസത്യങ്ങളും
പേടിയുംദുഃഖവുമിത്യാദിധൎമ്മങ്ങൾ
മന്നിടത്തിങ്കലനേകപ്രജകൾക്കും'

താമസഗുണത്തിന്റെ ശക്തിയാൽ ഉണ്ടാകുമെന്നാണ് പറയുന്നത്. ത്രിദോഷം കോപിച്ചാൽ മനുഷ്യൻ മരിക്കുന്നതുപോലെ ത്രിഗുണങ്ങൾ സമമായി ലോകത്തിൽ വന്നാൽ അപ്പോഴാണ് പ്രളയമെന്നും പറയുന്നത്. കലിയുഗത്തിൽ ഉണ്ടാകാനിരിക്കുന്ന ചില സദാചാരമാറ്റങ്ങളെപ്പറ്റിയും ഭാഗവതത്തിൽ ചിലതൊക്കെ പറഞ്ഞു കാണുന്നുണ്ട്. ഇതെല്ലാം എത്രത്തോളം ഫലിച്ചിട്ടുണ്ടെന്നു വായനക്കാർ ത

(1) ചാണക്യൻ മൌൎയ്യരാജവംശം സ്ഥാപിച്ചതോടുകൂടി ഇന്ത്യയിൽ ക്ഷത്രിയഭരണം തീരെ നില്ക്കുകയും ശൂദ്രരാജാക്കന്മാരുടെ ആധിപത്യം തുടങ്ങുകയും ചെയ്തതായി ഭാഗവതത്തിൽ കാണുന്നുണ്ട്.

(2) മ്ലേച്ഛശബ്ദം മുഹമ്മദീയർ തുടങ്ങിയ പാശ്ചാത്യവിദേശികളുടെ ആക്രമണത്തെ സൂചിപ്പിച്ചിരിക്കുന്നു.

ന്നെ എളുപ്പത്തിൽ ഗ്രഹിക്കാവുന്നതുമാണല്ലോ.

അന്യോന്യക്ഷുദ്രദുഷ്ടന്മാർ മനുഷ്യരും
ഭിന്നഭാഗ്യം നിഹ്ലാദശോകാക്കളായുള്ള
നാരികൾക്കില്ലപ്പാതിവ്രത്യഗുണമൊട്ടും
സ്വൈരിണികൾ സതിയാകും യുവതികൾ
പുംശ്ചലികൾ യുവതീജനമൊക്കയും
നിശ്ചയിക്കാം മനസ്സാലതെന്നാകിലും
ദസ്യുക്കൾപോലെഗുണഹീനമക്കളും
ദസ്യുക്കളെക്കൊണ്ടുതന്നെ വ്യവഹാരവും
വേദങ്ങൾ പാഷണ്ഡികളാൽ ദൂഷിപ്പിച്ചു
വേദത്തെ നിന്ദിപ്പൂ പാഷണ്ഡമതമാകും(1)
രാജാക്കൾ തങ്ങൾ പ്രജകളെയൊക്കയും
കാര്യലാഭം നോക്കിയൊക്കെ നശിപ്പിക്കും(2)
ബ്രാഹ്മണർ ശിശ്നോദരഭരമാത്രരായ്
നിർമ്മലമാം വ്രതമൊന്നുമില്ലാതെയാം
ബാലരെപ്പോലെ ശുചിയുമറിവില
ശീലം കുഡുംബികൾ ഒക്കെ ഭിക്ഷാടനം.
താപസന്മാർ ഗ്രാമസേവകരായ്വരും
ന്യാസികളർത്ഥത്തിലേറ്റവും ലോഭികൾ(3)
കായം ചെറുപ്പമായ് ഭക്ഷണമേററമായ്
ജായാരതിയേററം മക്കളുമേററമാം
വേഗമപക്വജനനവും നാശവും (4)
വൈരവും തമ്മിൽ കഠിനവാക്യങ്ങളും
പൂർവ്വവേദങ്ങൾ ചൊൽകേട്ടു വാദിക്കയും
കേവലം വേദാർത്ഥമൊന്നുമേയില്ലല്ലോ
നാരികൾ കാഠിന്യമേറെപ്പറഞ്ഞിടും
ശൌര്യവുമേററം നടിപ്പുമായായുതം (5)
കാര്യം നിനച്ചു മഹാസാഹസങ്ങളും
കാര്യലാഭം കൊടുത്തോനെ നിന്ദിക്കയും
ദ്രവ്യത്തിനായ് ക്ഷുദ്രയക്ഷികർമ്മങ്ങളും
ദ്രവ്യലാഭത്തിനായ് യജ്ഞങ്ങൾ ചെയ്കയും
സന്യാസികൾ കൂടകർമ്മത്തെ ചെയ്യും
വന്നണയുന്നോരാപത്തിൽ ത്യജിക്കയും
നിന്ദയുമേററമാം സജ്ജനത്തെക്കൊണ്ടു
നന്നായ കർമ്മമാരാനും കഴിക്കിലൊ
നന്നായതിന്നെ നിന്ദിച്ചു മറെറല്ലാരും
മേദിനിയിൽ ജന്മകാണഭേദങ്ങളായ്(6)
മോദേന ദ്രവ്യം പതിപ്പിച്ചെഴുതിക്കും
ദ്രവ്യങ്ങൾ മണ്ണിൽ കുഴിച്ചിട്ടു സൂക്ഷിച്ചു
ദ്രവ്യനാശം വരുത്തുന്നു ധർമ്മം വിനാ(7)
ഭൃത്യനായുള്ളവൻ തന്നെസ്സകലക്കു
ഉത്തമനെന്നു പ്രഭുത്വമാക്കുന്നു. (8)
സ്വാമിയെ ദ്രോഹിപ്പു ഭൃത്യജനങ്ങളും
സ്വാമിതൻ കാമിനി ഭൃത്യങ്കലായ്വരും
കൌലവഗോക്കൾക്കു ക്ഷീരം കുറകയും
പാലുപശുക്കൾ കൊടുക്കയില്ലുള്ളതും(9)

---

(1) കലിയുഗാരംഭത്തിന്നു ശേഷം (5000 കൊല്ലത്തിന്നുള്ളിൽ) ലോകത്തിൽ സ്ഥാപിച്ചവയല്ലാതെ ഒരു പുതിയ മതവും കാണുന്നതല്ല.

(2) സാമ്രാജ്യവർദ്ധനക്കു വേണ്ടിയും പക വീട്ടുവാൻ വേണ്ടിയും സ്വാർത്ഥലാഭത്തിന്നു എത്ര യുദ്ധങ്ങൾ രാജാക്കന്മാർ നടത്തി! ഇപ്പോൾ എത്ര നടക്കുന്നു! കേരളം നശിച്ചതു ഈ വക യുദ്ധം കൊണ്ടല്ലെ?

(3) ബ്രാഹ്മണരിൽ വന്നിട്ടുള്ള ഈ മാററം പ്രത്യക്ഷം കാണുന്നുണ്ട്.

(4) ഈ സംഗതി വളരെ വാസ്തവമാണ്. ചെറിയ ശരീരക്കാർ അധികം ഭക്ഷിച്ചാൽ ശുക്ലം വർദ്ധിച്ചു രതിയിൽ അധികം ആഗ്രഹം ഉണ്ടാകുന്നതും സന്താനം വർദ്ധിക്കുന്നതും ആയുസ്സു ചുരുങ്ങുന്നതും ഫലമാണല്ലോ. ജനസംഖ്യ വർദ്ധിക്കുന്നതിൽ ആശ്ചര്യമില്ല. ഈ സംഭവം വാസ്തവമായി കാണുന്നുണ്ട്.

(5) സ്ത്രീകളിൽ ഇപ്രകാരം ഒരു മാററം ലോകമെങ്ങും ഇപ്പോൾ കാണുന്നുണ്ടല്ലോ.

(6) ഈ ഗ്രന്ഥനിർമ്മാണകാലത്തും ജന്മവും കാണവും ഉണ്ടോ?

(7) എത്ര വാസ്തവം!

(8) ഇതു വളരെ വളരെ വാസ്തവം.

(9) ഇതു അനുഭവസിദ്ധമാണല്ലോ.

തൻപിതൃഭ്രാതൃസപത്നിസജാതികൾ
തന്നുടെമേലുകീഴംപത്നിതൻകുലം·
ഇത്യാദിയായഭേദങ്ങൾത്യജിച്ചിട്ടു
തമ്മിലെയോനിലിംഗങ്ങളാൽ സംഗമം
എന്നതുസ്നേഹമാമെന്നതുറച്ചിട്ടു
സോദരീസോദരതാതമാതാദിയായ്
ഭേദമില്ലാതെസംയോഗംതുടങ്ങീടും
അംഗനമാക്കുംപുരുഷൎക്കുമെല്ലാമെ
ബന്ധുതമാവതുസ്ത്രീസംഗമൊന്നാകും(1)
ചാതുൎയ്യമുള്ളവനേവനെന്നാകിലും
സ്യാലസംവാദേനസോദരിദാനവും
ദ്രവ്യസമ്പാദ്യവാനോടുസബന്ധുതാവും
കാമിച്ചുചെന്നുബന്ധുതാംതുടങ്ങിയും (2)
നാലുകെട്ടുംനടുമിററവുമില്ലാതെ
യാലയംതീൎത്തീടുമെന്നുമറിയണം.
വീടുകൾക്കുള്ളാരകൈകണക്കെക്കൊണ്ടു
നാടുകളിൽപ്രതിവാദമായുംവരും (3)
ഇങ്ങിനെതന്നെകലിയിൽവൎണ്ണാചാരം
മംഗലമില്ലാതെദീനരാകുംജനം
ശൂദ്രപ്രതിഗ്രഹംവാങ്ങിനടന്നിടും
ഭദ്രമന്യേതപോവേഷേണജീവിതം
ചിത്തമധൎമ്മത്തിൽ,വാക്കമാത്രംധൎമ്മ-
മുത്തമമേററമുയൎന്നസ്ഥലത്തിങ്കൽ
വാഴുന്നുമഹതാമതാമാസന-
മിഷലില്ലെന്നുയരത്തിൽവസിക്കയും
നിത്യമുദ്വിഗ്നമാകുന്നമനസ്സോടും
ദുൎഭിക്ഷകൎമ്മശീലാചാരവാക്യവും
അന്നമില്ലാതെവലഞ്ഞുവിമന്നവ!
നന്നായുഴയിലുഭീതിദുഃഖങ്ങളും

(1) ഇപ്പോഴത്തെ പരിഷ്കാരം!

(2) ദിവസേന കാണുന്നു സംഭവമാണിത്.

(3) മരുമക്ക ഡിപ്പാർട്ടുമെണ്ടിൻെറ മഹത്വം പ്രകാശിച്ചു തുടങ്ങിയതു മുതൽ ഇതും നശിച്ചു.

വസ്ത്രാന്നപാനശയനവ്യവായങ്ങൾ
സ്നാനവിഭൂഷണഹീനരാകുംജനം. (4)
മാനുഷരൊക്കെപ്പിശാചവൽതോന്നിടും
ദ്രവ്യംഗ്രഹിപ്പതിന്നുള്ളവിദഗ്ദ്ധജനം
ദ്രവ്യസ്ഥനാമവൻവിദ്വാനതെന്നാകും
ദ്രവ്യലാഭത്തിനുതൻെറാജനത്തേയും
കേവലംതൻപ്രിയപ്രാണാദികളേയു-
മൊക്കെനശിപ്പിച്ചുദ്രവ്യാഗ്രഹംകൊണ്ടു
ദുഷ്ടതികൾതൻെറപ്രാണൻകളയുന്നു
വിത്തമെന്നൊന്നുപ്രധാനമെന്നാസ്ഥയും
വിത്തംദിനംദിനംകാണാതെയുംവരും
പിത്രാസഹജമിത്രാദികലഭൎത്തൃ
പുത്രാദികളെരക്ഷിക്കയുംചെയ്യാതെ
ക്രുദ്ധിച്ചവരോടുശിഷ്ടോദരരെ
ബുദ്ധിയോടുംകലികന്മഷരാംനരർ
മേദിനിയിങ്കൽരാജാക്കളുമില്ലെടോ'.

ഇത്രയും കലിയുഗധൎമ്മങ്ങളെ വൎണ്ണിച്ചത് എന്തിന്നാണെന്നും പറഞ്ഞിട്ടുണ്ട്.
'താമസവൃത്തികൾകേട്ടറിയുംവിധൌ
താമസംപോയിസാത്വികംതെളിയുന്നു.'
എന്നാണ് സമാധാനം പറഞ്ഞിട്ടുള്ളത്.

കലിയുഗം 1200 ദിവ്യസംവത്സരമുണ്ടെങ്കിലും ശ്രീകൃഷ്ണൻെറ സ്വൎഗ്ഗാരോഹണത്തിന്നു ശേഷമാണ് കലി ലോകത്തിൽ പരന്നു തുടങ്ങിയതെന്നും അന്നു മുതൽ 1000 ദിവ്യസംവത്സരം (3 60000 കൊല്ലം) കഴിയുമ്പോൾ കലിയുടെ ശക്തി ക്ഷയിച്ചു കൃതയുഗം തുടങ്ങുമ്പോഴക്കം സാത്വികഗുണപ്രധാനന്മാരായ മനുഷ്യർ വീണ്ടും ഈ ലോകത്തിൽ ഉണ്ടായിവരുമെന്നുമാണ് പറയുന്നത്.

എം. ആർ. കെ. സി.

(4) ഈ കാലം വരുന്നതെന്നുള്ളവായിരിക്കും. അല്ലെങ്കിൽ പാശ്ചാത്യരുടെ വസ്ത്രാഡംബരം പിശാചിൻെറതാണൊ ആവൊ!

# ആൾക്കുരങ്ങൻ.

(CHIMPANZEE)


"ഈശ്വര ചെത്തൊരു പൃഷ്ടനായിടുന്നു ഈശ്വരന്റെ വിലാസങ്ങളിങ്ങിനെ". എന്നു പാടുന്ന ഹിന്തുക്കളും, ഈ തത്വത്തെ പൂർണ്ണമായി വിശ്വസിച്ച് 'അഹിംസാ പരമോധർമ്മഃ' എന്നു പറയുന്ന ബുദ്ധമതക്കാരും പരിണാമവാദത്തിൽ ഒരു ഭാഗത്തും, നോം ഈ ലേഖനത്തിൽ കാണുന്നതൊക്കെ നമ്മുടെ ...വശ്യത്തിന്നായി ദൈവം ഉണ്ടാക്കിയതാണ്. മനുഷ്യർ മരിച്ചാൽ രണ്ടുതരക്കാരായി സ്വർഗ്ഗം, നരകം എന്നു രണ്ടു രാജ്യത്തിലേക്കു പോകുന്നു' എന്നു സിദ്ധാന്തിക്കുന്ന പാശ്ചാത്യർ മറ്റൊരു ഭാഗത്തും ആണല്ലൊ ഇരിക്കുന്നത്. പാശ്ചാത്യരുടെ ഇടയിൽ തന്നെ ഡാർവ്വിൻ തുടങ്ങിയ ചില ശാസ്ത്രജ്ഞന്മാർ മനുഷ്യർ കുരങ്ങന്മാരുടെ സന്തതികളായി പരിണമിച്ചവരാണെന്നു സിദ്ധാന്തിക്കുന്നുണ്ട്. ഈ വക സിദ്ധാന്തങ്ങൾ എന്തുതന്നെ ആയാലും ആഫ്റിക്കയിൽ കണ്ടുവരുന്ന ആൾക്കുരങ്ങന്മാർ (ചീമ്പാൻസി) മനുഷ്യവർഗ്ഗത്തിൽ താഴത്തെ പതനത്തിൽ എത്തിയ മൃഗവർഗ്ഗത്തിൽ പെട്ടതാണെന്നു സമ്മതിക്കാതെ കഴികയില്ല. ഈ കുരങ്ങുകളെ തന്നെ പല വർഗ്ഗമായും ആഫ്റിക്കയിൽ കാണ്മാനുണ്ട്. അല്പം ചില വ്യത്യാസങ്ങളെ ഈ വർഗ്ഗക്കാർ തമ്മിൽ തമ്മിൽ കാണ്മാനുള്ളു. ഈ വ്യത്യാസം വലിപ്പം, തോലിന്റെയും രോമത്തിന്റെയും നിറം, ബുദ്ധിശക്തി, സ്വഭാവം ഇവയിലൊക്കെ കാണ്മാനുണ്ട്. ആഫ്റിക്കയിൽ ഇത്തരം കുരങ്ങന്മാരെ കണ്ടെത്തുന്ന പ്രദേശങ്ങളിലെ ശീതോഷ്ണസ്ഥിതിക്കനുസരിച്ചാണ് ഈ വ്യത്യാസം കാണുന്നത്.

ആഫ്റിക്കയിൽ കൊൺഗൊ സംസ്ഥാനത്തിലാണ് ചിമ്പാൻസിയെ അധികമായി കണ്ടെത്തുന്നത്. അവിടെയുള്ളതിൽ ബുദ്ധിശക്തിയും സാമർത്ഥ്യവും അധികം കൂടുന്നത് 'സ്റ്റാൻലി വില്ലി' എന്ന ഒരു വർഗ്ഗത്തിന്നാണ്. ഈ പേരിൽ ബെൽജിയക്കാരുടെ ഒരു മുഖ്യപട്ടണം കൊൺഗൊവിലുണ്ട്. ആ പട്ടണത്തിന്റെ പേരാണ് ഈ വർഗ്ഗക്കാൎക്ക കൊടുത്തിട്ടുള്ളത്. ഇത്തരം ചിമ്പാൻസികളെ ആഫ്റിക്കയിൽ മറ്റൊരേടത്തും കാണുന്നതല്ല. മനുഷ്യരുടെ എല്ലാ അവയവങ്ങളോടും കൂടുതൽ സാദൃശ്യം ഈ കുരങ്ങിന്നുണ്ട്. പിൻകാലിന്മേൽ നിന്നാൽ 5 ഫീറ്റ് 4 ഇഞ്ച് ഉയരം ഉണ്ടാകുമെന്നു മാത്രമല്ല ദേഹം തന്നെ വളരെ തടിച്ച് എത്രയും ശക്തി കാട്ടുവാൻ മതിയായിട്ടുള്ളതുമാണ്.



'വൃക്ഷശാഖാവൃക്ഷസ്കന്ധഃ...ഫലഭുജഃ' എന്നു
... വിവരണം ഈ കരങ്ങിന്നു
വളരെ യോജിക്കും

പ്രായം ചെന്ന കുരങ്ങിനെ പിടിപ്പാൻ തീരെ സാധിക്കയില്ല. സാധിച്ചാൽ തന്നെ ഇണക്കുവാൻ പ്രയാസമാണ്. കാട്ടിലെ ജീവികളിൽ ഇത്ര ധൈര്യതയുള്ള ഒരു ശത്രു ഉണ്ടോ എന്ന കാര്യം തന്നെ സംശയമാണ്. കുട്ടികളെത്തന്നെ പിടിച്ചാൽ ആയതു സ്വാതന്ത്ര്യത്തിനായി മല്ലിടുന്നതു കാണുമ്പോൾ ബുദ്ധിമുട്ട വേണ്ടെന്നുവെച്ചു മടങ്ങുകയാണ് അധികംപേരും ചെയ്യാറുള്ളത്. പിടിച്ചാൽ തന്നെ ആധിയോടെ വളരെ ദിവസം വിശപ്പും ദാഹവും നോക്കാതെ പട്ടിണി കിടന്നുകളയും. ഭക്ഷണം കൊണ്ടുവെച്ചാൽ തിരിഞ്ഞു നോക്കുകകൂടിയില്ല. തന്നെ പിടിച്ചവർ അടുത്തു വന്നാൽ തന്നെ അവരെ കണ്ടുവെന്നു നടിക്കാതെ നിസ്സരിക്കയാണൊ എന്നുകൂടി തോന്നും. കാലം കഴിഞ്ഞാൽ ഭക്ഷണം കുറേശ്ശ കഴിച്ചുതുടങ്ങും. ക്രമേണ മനുഷ്യരെ കുറേശ്ശെ സ്നേഹിച്ചുതുടങ്ങും. അങ്ങിനെ സ്നേഹം വർദ്ധിച്ചുവരികയാണെങ്കിൽ ഇത്ര സ്വാമിസ്നേഹവും സ്വഭാവഗുണവും ഉള്ള വേറെ ഒരു ജീവി കാട്ടിൽ ഉണ്ടോ എന്ന കാര്യം സംശയമാണ്.



ഇണങ്ങിയ കുരങ്ങന്മാർ രാവിലെ ഉറക്കമുണർന്ന സ്ഥിതി.

ചിമ്പാൻസി വർഗ്ഗത്തിൽ ആണിന്റെ മാറിടം ഏകദേശം 60 ഇഞ്ചോളം വീതിയുണ്ട്. ഇതിന്റെ ശക്തി ഇത്രയുണ്ടെന്നു പറഞ്ഞു ബോധിപ്പിക്കുവാൻ പ്രയാസമാണ്. തോക്കോടുകൂടി പോകുന്നതെങ്കിൽ മാത്രമേ മനുഷ്യർ ഈ ജീവിയോടു ജയം നേടുവാൻ സാധിക്കയുള്ളൂ. എന്നാൽ തന്നെ നോട്ടം പിഴച്ചാൽ പിന്നെ ജീവനോടെ മടങ്ങുന്ന കാര്യം സംശയമാണ്. ചിമ്പാൻസികൾ പത്തും പന്ത്രണ്ടും ഒന്നായിട്ടാണ് കാട്ടിൽ കൂടി സഞ്ചരിക്കുക പതിവ്. ചിലപ്പോൾ ഇരുപതെണ്ണത്തോളം കൂട്ടമായി സഞ്ചരിക്കുന്നതുകാണാം. ആഫ്രിക്കയിലെ കാടന്മാർ ഇതിലധികം ഒന്നായി സഞ്ചരിക്കുന്നതും കണ്ടിട്ടുണ്ടെന്നു പറയും. അമ്മയും അച്ഛനും സന്താനങ്ങളുംകൂടി ഒരു കുടുംബമായിട്ടാണ് സഞ്ചരിക്കുന്നത്. കാട്ടിൽ നല്ലസ്ഥാനം നോക്കി മക്കളേയും കളിപ്പിച്ചുകൊണ്ടിരിക്കുന്നതും പ്രായം ചെന്ന കുരങ്ങന്മാർ മരച്ചുവട്ടിലിരുന്ന് അകലെ പോയി കളിക്കുന്ന കുട്ടികളെ ശിക്ഷിക്കുന്നതും കാണാം. നാട്ടുകാർ ചിമ്പാൻസ്,

യെ വല്യതായ ഭയമാണ്. സിംഹത്തെക്കൂടി അത്ര ഭയമില്ല. നാട്ടുകാരുടെ കൃഷിസ്ഥലത്തു കടന്നു കാട്ടിക്കൂട്ടുന്ന കൊള്ളരുതായ്മ തോക്കുകൊണ്ടല്ലാതെ യാതൊരു പ്രതികാരവും ചെയ്യാൻ തരമില്ല. നിലവിളിച്ചു ലഹള കൂട്ടിയാലും ജനങ്ങൾ കൂട്ടംകൂട്ടമായി വന്നാലും ചിമ്പാൻസിക്കു ഒരു കൂസലുമുണ്ടാവുകയില്ല. തോട്ടങ്ങളിൽ കടന്നാൽ വയർ നിറഞ്ഞാലല്ലാതെ അവ പുറത്തേയ്ക്കു പോകയില്ല.



ഇണങ്ങിയ ഒറാങ്ങ്ഉട്ടാൻ.

കൃഷിയും തോട്ടവുംമാത്രമല്ല ചിമ്പാൻസിയുടെ ആക്രമണത്തിന്നു സ്ഥാനമാകുന്നത്. ചിലപ്പോൾ ഗ്രാമങ്ങളിൽ കടന്നു വീടുകളിലുള്ളകലവറകൾ പരിശോധിച്ചുകിട്ടുന്നതെല്ലാം തിന്നു_പോകുന്നതിന്നു പ്രായവും ഉണ്ട്. തോന്നിയവിധം കൊള്ളയും കഴിച്ചു കയ്യും കയ്യും കോർത്തു പിടിച്ചു ഗ്രാമം വിട്ടു കാട്ടിൽ പോയി കിടന്നുറങ്ങുകയും ചെയ്യും. ഇക്കാലങ്ങളിൽ ഗ്രാമക്കാരിൽ മിക്കവക്കും തോക്കുള്ളതുകൊണ്ടു മേല്പറഞ്ഞപ്രകാരമുള്ള കൂട്ടായ്ക്കവെച്ചു വളരെ കുറവാണ്.

വെടികൊണ്ടാൽ തന്നെ ചാവുന്നതു ദുല്ലഭമാണ്. വെടികൊണ്ടു മുറിയേറ്റാൽ കാട്ടിന്നുള്ളിൽ കടന്നു മുറി ഉണങ്ങുന്നതുവരെ മേലിൽ എന്തൊക്കെ പകരം ചെയ്യേണമെന്നു ആലോചിച്ചുകൊണ്ടിരിക്കും.

ഇണങ്ങിപ്പോയാൽ മനുഷ്യരെക്കൊണ്ടുള്ള പ്രവൃത്തി മിക്കതും ഇവറ്റെക്കൊണ്ടു ചെയ്യിക്കാം. ആടുകളെ മേയിക്കുവാനും തോട്ടം കാപ്പാനും ചുമടെടുപ്പാനും എന്നു വേണ്ട പല ആവശ്യങ്ങളും ഈ കുരങ്ങന്മാരെക്കൊണ്ടു നിവൃത്തിക്കാം. കാര്യങ്ങളൊക്കെ ബുദ്ധികൃത്യമാണ്. ചിലപ്പോൾ കാട്ടിൽ പോയി സ്നേഹിതന്മാരെ പിടിച്ചുകൊണ്ടുവന്നു നാടന്മാരാക്കുകയും ചെയ്യും. വസ്ത്രധാരണത്തിൽ വലിയ കുതുകം കാണിക്കും. കാടന്മാർ നൃത്തം ചെയ്യുമ്പോലെ നൃത്തം ചെയ്യും. ദിനചര്യയൊക്കെ മനുഷ്യർ ചെയ്യുമ്പോലെ നടത്തും. ഭാഷ മാത്രം ഒന്നുമില്ല. ചില ശബ്ദങ്ങൾ മാത്രം പുറപ്പെടുവിക്കും. ഈ ശബ്ദങ്ങൾ ഇവക്കന്യോന്യം മനസ്സിലാവുകയും ചെയ്യും.



ഇണങ്ങിയ കരങ്ങന്മാരുടെ പ്രാതൽ.

സി. കെ.

# മാനസോദ്യാനം.

---

എത്രയും സങ്കുചിതമായ മനസ്സ് അതിനെ സംബന്ധിച്ച ദേഹത്തെ മാത്രമേ തന്റേതാക്കുന്നുള്ളൂ. അതു മൃഗമാണ്. അല്പം വികസിച്ചാൽ പുത്രകളത്രാദികൾ തന്റേതാവും. ഇതു മുതൽ മനുഷ്യത്വത്തിന്റെ തുടക്കമായി. ഇങ്ങിനെ മനോവികാസത്തിനു തക്കവണ്ണം കുടുംബം, ബന്ധുജനം, ദേശം, സമുദായം, മതം, രാജ്യം, ഭൂഖണ്ഡം, ലോകം, ബ്രഹ്മാണ്ഡകടാഹം– എന്നിങ്ങിനെ ഒന്നൊന്നായി തന്റേതാക്കിക്കൊണ്ടു കയറിക്കയറി മനുഷ്യൻ പരബ്രഹ്മസ്വരൂപമായിത്തീരുന്നു. ഒരു മനുഷ്യന് എത്രത്തോളം വികാസമുണ്ടാകുന്നുവോ, ഒരു മനുഷ്യനു ലോകത്തിൽ എത്ര വളരെ ഭാഗം തന്റേതാക്കുവാൻ അഥവാ തന്റെ മനസ്സിൽ അടക്കുവാൻ കഴിയുന്നുവോ, അത്രത്തോളം അവനിൽ ദിവ്യത്വം പ്രകാശിക്കും. യഥാർത്ഥമായ ആരോഗ്യവും സൌന്ദര്യവും ദിവ്യത്വത്തിന്റെ വികാരങ്ങളാണ്. പ്രേമം– സാക്ഷാൽ പ്രേമം– അതുതന്നെയാണ് സുഗമവും സുന്ദരവുമായ സുഖജീവിതമാർഗ്ഗം. സ്നേഹിക്കുക; എല്ലാവരെയും സ്നേഹിക്കുക. മനസ്സ് ആദ്യം പ്രേമാർദ്രമാവട്ടെ. അപ്പോൾ അതു വികസിച്ചുതുടങ്ങും. ആ വികാസം ഏറുന്തോറും നിങ്ങളിൽ ദിവ്യത്വവും ഏറും. ഭാര്യാപുത്രന്മാരെ നിങ്ങൾ ഉള്ളഴിഞ്ഞു സ്നേഹിക്കുന്നതുകൊണ്ടു അവർ നിങ്ങളോടു സഹചരിക്കുന്നു. അതേവിധം നിങ്ങൾ ഒരു സമുദായത്തെ ഒട്ടാകെ സ്നേഹിക്കുന്നതായാൽ ആ സമുദായം നിങ്ങളോടു തിച്ച്യായും സഹചരിക്കും. ഒരു രാജ്യത്തെ ഒട്ടൊഴിയാതെ സ്നേഹിക്കുന്ന ഒരു രാജാവിനെ– അദ്ദേഹം അശക്തനും അജ്ഞനുമായിരുന്നാൽ കൂടിയും– പ്രജകൾ ഭക്തിപരവശരായി കുമ്പിടുന്നതു നോക്കുക. അദ്ദേഹത്തിനു വേണ്ടി ദേഹത്തെക്കൂടിയും ബലികഴിക്കുന്നതു നോക്കുക. അദ്ദേഹത്തിന്റെ മനഃപ്രഭാവമാണ് ഇത്രയും ലക്ഷം ജനങ്ങളെ കീഴ്പ്പെടുത്തിയിരിക്കുന്നതു. ഐശ്വര്യപരാക്രമങ്ങളോ, ജ്ഞാനമോ, ധനമോ അല്ല; സിംഹാസനവുമല്ല. സ്നേഹത്തെ വർദ്ധിപ്പിച്ചു പരത്തുക. എന്റേതു എന്ന ദൃഢബോധത്തോടെ രാജ്യത്തെ സ്നേഹിച്ചു പഠിക്കുക. ഇതാണ് ജീവിതരഹസ്യത്തിലെ പ്രഥമവും പ്രധാനവുമായ പാഠം.

*   *   *

സമുദായാഭിവൃദ്ധിയുടെ ആദിമഘട്ടത്തിൽ പ്രസംഗിക്കുന്നവർ മാത്രമാണ് അധികമായുണ്ടായിരിക്കുക. ആ പ്രസംഗിക്കുന്നവർ നിമിത്തം പ്രവർത്തിക്കുന്നവർ വേറെയുണ്ടായിവരും. ഈ തത്വം മനസ്സിലാക്കി, ഇപ്പോൾ മലയാളത്തിൽ പ്രസംഗൈകപരന്മാരായിക്കാണുന്നവരെ നാം ഒരിക്കലും ദ്വേഷിക്കാതിരിക്കണം. അവർ പ്രവർത്തിക്കാതിരിക്കുന്നതിനെപ്പററി അവരെ വെളിവിൽ ആക്ഷേപിക്കുന്നതായാൽ അവരുടെ പ്രസംഗത്തിനു വില കുറയും. അവരുടെ പ്രസംഗം കേട്ട് അതിന്നണ്ണം പ്രവർത്തിക്കുവാൻ ഒരുങ്ങുന്നവർ ചിലരുണ്ടാവും. അവരെ നാം വഴിതെ

റിച്ചതായും വരും. നാം ആഗ്രഹിക്കുന്നതെന്താണ്? സാക്ഷാൽ സമുദായഗുണം അല്ലേ? ഏതെങ്കിലും വിധത്തിൽ സ്വല്പം പ്രാമാണ്യമുള്ളവരെപ്പിടിച്ചു മുൻനിറുത്തി നാം ഉദ്ദേശിക്കുന്നതുപോലെയുള്ള സമുദായപരിഷ്കാരഗുണം അവരിൽ ധാരാളമുണ്ടെന്നു നാം പുകഴ്ത്തണം. അപ്പോൾ ആ പരിഷ്കാരഗുണം സാധാരണന്മാരിൽ പലരിലും പകർന്നു കാണാം. ഇതാണ് സമുദായതന്ത്രം. അങ്ങിനെയല്ലാതെ നമ്മുടെ നേതാക്കന്മാരുടെ ദോഷത്തെ നാം ഒരിക്കലും വെളിപ്പെടുത്തരുത്. അത് നാം തന്നെ നമ്മുടെ തലയിൽ തീവാരിയിട്ടപോലെയാകുന്നു. ഒരു നേതാവിനെ ആക്ഷേപിക്കുന്നതിന്റെ ഉദ്ദേശ്യം, ആ നേതാവു മാത്രം നന്നാവണമെന്നോ സമുദായഗുണം ഉണ്ടാവണമെന്നോ? രണ്ടാമത്തു പറഞ്ഞതു തന്നെ എന്നതിനു സംശയമില്ല. ഒരാളെ ആക്ഷേപിച്ചതുകൊണ്ട് സമുദായത്തിനു ഗുണമെന്താണ്? ആക്ഷേപം ആക്ഷേപത്തെ വർദ്ധിപ്പിക്കുകയാണുണ്ടാകുക. പുകഴ്ത്തുക- ഇല്ലാത്ത ഗുണം ഉണ്ടെന്നു പറഞ്ഞും പുകഴ്ത്തുക. അപ്പോൾ തന്നെയും അങ്ങിനെ പുകഴ്ത്തണമെന്ന് ആഗ്രഹിച്ചു മറ്റൊരുവർ ആ ഗുണങ്ങൾ സമ്പാദിച്ചുകൊണ്ട് മുൻവരുന്നതായി കാണാം. അങ്ങിനെ തുടരെത്തുടരെ പലരും മുൻവരും. അപ്പോൾ സമുദായഗുണമായി. ഇതാണ് സമുദായതന്ത്രം. ഇതാണ് പാശ്ചാത്യരിൽനിന്നു ഇന്നത്തെ ഇന്ത്യാസമുദായാഭിമാനികൾ ശീലിക്കേണ്ടതായ തന്ത്രം.

* * *

മനുഷ്യജീവിതം എന്നും സുഖഭദ്രമായിത്തന്നെ ഇരിക്കേണ്ടതിനായി ഓരോ മനുഷ്യനും തന്റെ ജീവിതത്തെ നാലു ആശ്രമങ്ങളിൽകൂടി പരമപദത്തിലേക്കു നയിക്കേണ്ടതാണെന്നു പ്രാചീനഭാരതഷിമാർ വിധിച്ചിരിക്കുന്നു. ബ്രഹ്മചര്യം, ഗാർഹസ്ഥ്യം, വാനപ്രസ്ഥം, സന്യാസം എന്നിവയാണവ. ബാല്യത്തിൽ ബ്രഹ്മചര്യാശ്രമത്തിൽ പ്രവേശിച്ചു വിദ്യാഭ്യാസം തുടങ്ങുന്നു. കുലധർമ്മത്തെ യഥാവിധി നിർവ്വഹിക്കത്തക്ക വിദ്യാഭ്യാസത്തിൽ മാത്രമല്ലാതെ മറ്റൊരു വിഷയത്തിലും മനസ്സു ചേർന്നുകൂടാ. സുഖഭോഗങ്ങളൊന്നും ആശിച്ചുകൂടാ. രാജകുമാരനായാലും പ്രഭുകുമാരനായാലും ഒരു സാധാരണന്റെ നിലയിൽ ഇരുന്നുകൊണ്ടു ഗുരുവിനെ പരിചരിച്ചുകൊണ്ടാണ് അപ്പോഴത്തെ ജീവിതം. പിന്നെ ഗൃഹസ്ഥാശ്രമം: ഫലേച്ഛ കൂടാതെ കുലധർമ്മം നിർവ്വഹിക്കയാണ് അപ്പോൾ വേണ്ടത്. ഫലം സർവ്വവും ഈശ്വരങ്കൽ സമർപ്പിച്ച് ജീവിതരംഗത്തിൽ തനിക്കവകാശപ്പെട്ട ഭാഗത്തു ഒരു സ്വതന്ത്രനായി ധീരതയോടെ ഇറങ്ങി നിന്നെതിർക്കണം. പിന്നെ യൌവനം ക്ഷയിച്ചു തുടങ്ങിയ കാലത്ത് വാനപ്രസ്ഥാശ്രമത്തിലേക്കു കടക്കാം. താൻ ചെയ്തു തുടങ്ങിവെച്ച കാര്യങ്ങൾ പൂർത്തിയാക്കുവാനായി തന്റെ പുത്രന്മാരെയോ അനന്തരവന്മാരെയോ ഏല്പിച്ച് ഭാര്യാസമേതം വിജനസ്ഥലത്തു വാസമാക്കി ഈശ്വരധ്യാനപരനായിട്ടാണ് അപ്പോൾ ജീവിക്കേണ്ടത്. ഒടുക്കത്തെ പടി സന്യാസം: സർവ്വസംഗപരിത്യാഗിയായിട്ടാണ് അപ്പോഴത്തെ ഇരിപ്പ്. ലൌകികസുഖദുഃഖങ്ങളൊന്നും അവനെ ബാധിക്കുന്നില്ല. ആ ജീ

വാത്മാവ് പരമാത്മാവോട് അണഞ്ഞു തുടങ്ങിയിരിക്കുന്നു. ഹാ ജീവിതത്തെ എത്ര സുന്ദരമായി വ്യവസ്ഥിതമാക്കിയിരിക്കുന്നു! ഇപ്പൊഴോ? പിറന്ന നാൾ മുതല്ക്കു ലോകവ്യവഹാരങ്ങളിൽ പങ്കു പറ്റുന്നു. കുലധർമ്മം എന്നൊന്നു കണി കാണ്മാൻ പോലുമില്ല. തന്നിക്കു തോന്നിയതു എന്തൊക്കെയോ അതൊക്കെ ചെയ്യുന്നു. വിചാരങ്ങൾക്കും കർമ്മങ്ങൾക്കും ലക്ഷ്യവും വ്യവസ്ഥയും ഇല്ലാതെ പലേടത്തും ചിതറി നിലകെട്ടു പോകുന്നു. അങ്ങിനെ മനസ്സും ബുദ്ധിയും ക്ഷയിക്കുന്നു. കർമ്മങ്ങൾക്കു ഊക്കു കുറയുന്നു. ജീവിതം വലിയ ഭാരമായിത്തീരുന്നു. ബുദ്ധിഹീനന്മാർ രോഗികൾ നിർഗ്ഗതികൾ എന്നിവരെക്കൊണ്ടു ലോകം നിറയുന്നു. ജീവിതത്തിനു ആദർശമില്ല; ഐകരൂപ്യവുമില്ല. മനുഷ്യരെല്ലാം അവരവർക്കു തോന്നിയ വഴിക്കു തിരിഞ്ഞുപിരിഞ്ഞുപോകുന്നവരായതിനാൽ അവർക്കു പരസ്പരം കൂട്ടുകെട്ടില്ല. പൌരാണികജീവിതഘടനയിൽനിന്നു തെറ്റിപ്പോയതിനാലുള്ള ഫലം ഇതെല്ലാമാണ്. ലോകത്തിൽ യഥാർത്ഥസുഖം വീണ്ടു വരേണമെങ്കിൽ വഴിതെറ്റിപ്പോകുന്ന മനുഷ്യജീവിതത്തെ പഴയ നിലയിലേക്കു മടക്കിക്കൊണ്ടു വരണം.

* * *

ആഡംബരം നിന്ദ്യവിഷയങ്ങളിലൊന്നായിട്ടാണ് നമ്മുടെ പൂർവ്വികന്മാർ ഗണിച്ചിട്ടുള്ളത്. പാശ്ചാത്യപരിഷ്കാരഭ്രമത്താൽ നമ്മുടെ വന്ദ്യപൂർവ്വികന്മാർക്കു നാം നിന്ദ്യചരിതന്മാരായിത്തീർന്നു. ആ മഹാന്മാർ സമ്പാദിച്ചു വെച്ചിട്ടുള്ള മാനത്തെയും പണത്തെയും നാം മിക്കവാറും നശിപ്പിച്ചു കളഞ്ഞു. ഇപ്പോൾ നാം ഭയങ്കരമായ ആപത്തിന്റെ വിവൃതകവാടദ്വാരത്തിൽ ഊക്കോടെ തള്ളിക്കയറി നില്ക്കയാണ്. ഇപ്പോഴെങ്കിലും നാമൊന്നുണരണം. നിന്ദ്യമായ ആഡംബരഭ്രമത്തിൽ നിന്നു വേർപെടണം. ഒറ്റമുണ്ടും തോർത്തും ധരിച്ചു കാൽനടയായി നടന്നു കാര്യങ്ങൾ നടത്തി പുൽപ്പായയിലിരുന്നു വിശ്രമിച്ച് ഇങ്ങിനെ എത്രയും ചുരുങ്ങിയ നിലയിൽ ഊണും ഉടുപ്പുമായി കഴിഞ്ഞ നമ്മുടെ പൂർവ്വികന്മാർ എത്രയധികം മനസ്സുഖം അനുഭവിച്ചു! എത്രയധികം കാര്യങ്ങൾ നിർവ്വഹിച്ചു പണവും മാനവും വളർത്തി! എത്രയധികം ആരോഗ്യദൃഢഗാത്രന്മാരായി നീണാൾ ജീവിതം നയിച്ചു! നമ്മളോ? കോട്ടും, ഷർട്ടും, കാൽസ്രായും ഇട്ടുകെട്ടി, വടിയും വണ്ടിയും സേവന്മാരുമായി ലാത്തി, കട്ടിലും കസാലയും വീട്ടിൽ പരത്തി, കാപ്പിയും സൂപ്പും ഇടയ്ക്കിടെ അകത്താക്കി- അങ്ങിനെ പരിഷ്കാരപ്പകിട്ടിൽ കഴിയുന്ന നാം– കഷ്ടം! മനസ്സുഖത്തിന്റെ ഛായ പോലും ഏല്ക്കാത്തവരാണ്; പണവും മാനവും നശിപ്പിച്ചു സ്വന്തം കുടുംബത്തെ കുഴക്കിൽ കുടുക്കുന്നവരാണ്; ഭയങ്കരങ്ങളായ പല വ്യാധികൾക്കും ദേഹത്തെ ഇരയാക്കുന്നവരുമാണ്. ഇത്രയുമാണ് പാശ്ചാത്യവിദ്യാഭ്യാസവും സമുദായപരിഷ്കാരവും ഇവിടെ ധാരാളം നട്ടുവളർത്തിയതുകൊണ്ടു നമുക്കുണ്ടായ ഫലം. ശുചിത്വം, യഥാർത്ഥശുചിത്വം, ഇപ്പോഴുണ്ടോ? സുഖഭോജനം ഇപ്പോഴുണ്ടോ? ആരോഗ്യവിജ്ഞാനസംബന്ധമായ പല പുസ്തകങ്ങളും ചുമന്നു നടക്കുന്നതല്ലാതെ, ആരോഗ്യജീവിതം ഇപ്പോഴുണ്ടോ? പൂർവ്വികജീവിതക്രമത്തിന്റെ വിലയറിയാതെ, അതിനെ തിരസ്കരിച്ചു പരിഷ്കാരത്തിൽ ഭ്രമിച്ചു

സൎവ്വത്തെയും ജീവിതത്തെയും നാം നശിപ്പിക്കാൻ തുടങ്ങി. സമ്പാദ്യത്തിൽ ചിലവു ചെയ്വാനും തുടങ്ങി. നമ്മുടെ അഗതികൾക്കാവട്ടെ യുവാക്കന്മാൎക്കാവട്ടെ ഒരു പൈസ്സപോലും സമ്പാദിക്കേണമെന്നു ചിന്തയില്ല. ദുരഭിമാനത്താൽ അദ്ധ്വാനിപ്പാൻ വയ്യ. എന്നാൽ എത്ര വളരെ ചിലവു ചെയ്താലും അവർ തൃപ്തിപ്പെടുന്നില്ല. ചെലവു ചെലവു; ആഡംബരച്ചെലവു ദുരഭിമാനച്ചെലവു എന്നല്ലാതെ വരവിന്റെ ശബ്ദമേ കേൾപ്പാനില്ല. ആകപ്പാടെ എങ്ങും നാശം! എങ്ങും ദാരിദ്ര്യം! എങ്ങും ദുരാചാരം! ഇതാണ് ഇന്നത്തെസ്ഥിതി: നാട്ടുകാരെ! ജാഗ്രത ജാഗ്രത. ഇപ്പോഴെങ്കിലും ഉണൎന്നു ചെലവു ചുരുക്കുവിൻ. ആഡംബരത്തിൽ ഭ്രമിക്കേണ്ട. ദുരാചാരത്തെ വരിക്കേണ്ട. സ്വന്തം സ്ഥിതിയെ ഉറപ്പിക്കുക. സ്വന്തം സഹോദരന്മാരെ രക്ഷിക്കുവാൻ പ്രാപ്തരാകുക. ഒന്നു കൂടി ഇതാ പറയുന്നു: ജാഗ്രത! ജാഗ്രത!

കണ്ണത്തു ജനാൎദ്ദനമേനോൻ.

# ഒരു ഗണപതി.

(കൃഷ്ണഗാഥാരീതി)

ആനമുഖവനുമാറുമുഖവനും
ഘോരമാംവണ്ണംകലഹിക്കുമ്പോൾ
പാരമുറക്കെക്കരഞ്ഞുതുടങ്ങിനാൻ
ഹേരംബൻപാരംവിവശമോടേ
എന്തുമകനേ! കരയുന്നതെന്നമ്മ
ദന്തിമുഖനോടുചോദിച്ചപ്പോൾ
ചൊല്ലിനാനെങ്കിലോഷണ്മുഖൻവന്നുടൻ
തല്ലിനാനെന്റെചെവിമേലൊന്നു
ഉണ്ണി! നീയെന്തിവനോടുചെന്നോരോരോ
ദുൎന്നയംകാട്ടുന്നതെന്നാളമ്മ
സങ്കടമായതുമെന്റെനയനങ്ങൾ
സംഖ്യാഗണിപ്പാൻവരികമൂലം
ഉണ്ണി! നീയെന്തിനുഷണ്മുഖൻതന്നുടെ
കണ്ണുകളെണ്ണുവാൻചെന്നതിപ്പോൾ
വെക്കമവനൊരുകോലെടുത്തെന്നുടെ
മൂക്കളന്നാനതുകൊണ്ടുതന്നെ
പാരമുറക്കെച്ചിരിച്ചുഭഗവതി
പോരുമിതെന്നുവിലക്കിച്ചിന്നെ
ഇത്തരംക്രീഡനംചെയ്തുവസിക്കുന്ന
വിഘ്നഹരാപോററി! കൈതൊഴുന്നേൻ

(ഒരു പഴയ ഗ്രന്ഥത്തിൽ നിന്നു.)

# ചിത്തോരിലെ മഹായുദ്ധം.

IV

## ഉപസംഹാരം

മുസൽമാന്മാൎക്കു കീഴടങ്ങുകയോ? അത് ഒരിക്കലും ഉണ്ടാവാത്ത കാൎയ്യമാണ്. കീഴടങ്ങുക എന്നതു പരാധീനതയുടെ ഉറപ്പുള്ള ഒരു ഇരിമ്പുചങ്ങലയാണ്. അതു

മരണത്തേക്കാൾ മൎമ്മവേദനയുണ്ടാക്കുന്നതാണ്. നീചതയുടെ പരിഷ്കൃതമായ ഒരു പ്രതിബിംബമാണ്. നരകത്തിലുള്ള ഒരു വിശേഷമാൎഗ്ഗമാണ്. ഹൃദയദൌൎബ്ബല്യത്തിന്റെ സ്പഷ്ടമായ ഒരു പാപയാണ്. വളരെക്കാലം സ്വാതന്ത്ര്യം അനുഭവിച്ചുവന്നിരുന്നവരും വീരന്മാരുമായ രാജപുത്രജാതിക്കാർ പ്രാണനുള്ള കാലത്തോളം അന്യന്മാൎക്കു കീഴടങ്ങുകയില്ല. അതിന്നു പകരം ശത്രുക്കളുടെ അസ്ത്രങ്ങളേറ്റു ചോരയണിഞ്ഞ ദേഹത്തോടുകൂടിയവരായിട്ട് അവർ ഭൂമിയിൽ വീണു കിടന്നു ചിരനിദ്രയെ പ്രാപിക്കും. എന്നാലും മുസൽമാനൎക്കു അവർ ഒരിക്കലും കീഴടങ്ങുകയില്ല.

പുത്തൻ തിരിഞ്ഞുനോക്കിയപ്പോൾ ചിത്തോരിൽ ബാക്കിയുണ്ടായിരുന്ന സകല രാജപുത്രവീരന്മാരും വാളൂരി കയ്യിൽ പിടിച്ചു ജീവിതത്തിലുള്ള സകലമമതകളും ഉപേക്ഷിച്ച് അവസാനയുദ്ധം ചെയ്വാനൊരുമ്പെട്ടു വരുന്നതു കണ്ടു. അവർ ഏററവും പരാക്രമത്തോടുകൂടി മൊഗളസൈന്യത്തിന്റെ നാശം വരുത്തിത്തുടങ്ങി. ചിത്തോരിനെ രക്ഷിപ്പാനുള്ള ആശയ്ക്കു വഴിയില്ലെന്നും, പീരങ്കികളുടെ നേരെ അസ്ത്രപ്രയോഗംകൊണ്ടു ഫലമില്ലെന്നും, അങ്ങിനെയൊക്കെയാണെങ്കിലും കഴിയുന്നേടത്തോളം മുസൽമാന്മാരെ കൊന്നൊടുക്കി അവസാനത്തിൽ പോൎക്കളത്തിൽവെച്ചു പ്രാണത്യാഗം ചെയ്യാമെന്നും പുത്തൻ വിചാരിച്ചു. പുത്തന്റെ മനസ്സിന്നു വീണ്ടും ഉറപ്പു വന്നു. രണ്ടു കണ്ണുകളിൽനിന്നും തീപ്പൊരികൾ പാറന്നുതുടങ്ങി. വീണ്ടും മുഷ്ടിബന്ധത്തിന്നു ഉറപ്പു കൂടി. ഹരഹരശബ്ദം പുറപ്പെടീച്ചു വീണ്ടും മൊഗളസൈന്യത്തെ തകൎത്തുതുടങ്ങി. അയാളുടെ സിംഹനാദം കേട്ടു ശത്രുക്കൾ നടുങ്ങിത്തുടങ്ങി. പുത്തനും കൂട്ടാളികളും എത്രത്തോളം ശത്രുക്കളെ കൊന്നൊടുക്കിയോ അത്രയും പുതിയ സൈന്യങ്ങൾ വന്ന് അവരുടെ സ്ഥാനം എടുത്തു. ശത്രുക്കളുടെ പീരങ്കികളിൽനിന്നു പുറപ്പെടുന്ന വെടിയുണ്ടകൾകൊണ്ട് അനേകം രാജപുത്രഭടന്മാർ നിലത്തു വീണു മരിച്ചുതുടങ്ങി. അവരുടെ ദേഹങ്ങൾ ഛിന്നഭിന്നമായിത്തുടങ്ങി. അല്പനേരത്തിന്നുള്ളിൽ പുത്തന്റെ കുതിര വെടിയുണ്ടകൊണ്ടു നിലത്തു വീണു. പുത്തൻ വാളും പരിചയും ധരിച്ചു നിലത്തുനിന്നു യുദ്ധം ചെയ്തുതുടങ്ങി. അയാളെ ഈ അവസ്ഥയിൽ കണ്ട് അസംഖ്യം മുസൽമാന്മാർ 'അള്ളാഹോ അക്ബർ' എന്ന ശബ്ദം പുറപ്പെടീച്ചുകൊണ്ടും പോൎക്കളത്തെ കലുഷമാക്കിക്കൊണ്ടും അയാളുടെ നേൎക്കു പാഞ്ഞെത്തി. അവരെല്ലാവരും ഒത്തൊരുമിച്ച് അനവധി അസ്ത്രങ്ങൾ പുത്തന്റെ നേരെ പ്രയോഗിച്ചുതുടങ്ങി. അത്ഭുതകരമായ അഭ്യാസബലംകൊണ്ട് ആ വീരബാലൻ പ്രത്യസ്ത്രങ്ങളെക്കൊണ്ട്. അവയെല്ലാം തടുത്തുകൊണ്ടുനിന്നു. വീരനായ അഭിമന്യുവിനെപ്പോലെ പോൎക്കളം തകൎത്തുകൊണ്ടു പുത്തൻ ശത്രുക്കളെ കൊന്നൊടുക്കിത്തുടങ്ങി. അഭിമന്യുവിനെ വളഞ്ഞിരുന്നവർ ഏഴു യോദ്ധാക്കന്മാർ മാത്രമാണ്. അവരോടു മാത്രമേ അഭിമന്യുവിന്നു ഒടുവിൽ യുദ്ധം ചെയ്യേണ്ടിവന്നുള്ളൂ. എന്നാൽ വീരവരനായ പുത്തനെ അനേകായിരം ശത്രുക്കൾ വളയുകയും ആക്രമിക്കുകയും ചെയ്തു. പുത്തന് എത്രനേരംവരെ ശക്തിയുണ്ടായിരുന്നുവോ, എത്രനേരംവരെ അയാളുടെ മുഷ്ടിക്കു ദൃഢതയുണ്ടായിരുന്നുവോ, അത്രനേരംവരെ ശത്രുക്കളിൽ ഒ

രാൾക്കെങ്കിലും പുത്തന്റെ അടുത്തു ചെല്ലാൻ കഴിഞ്ഞില്ല. ദേഹത്തിൽനിന്നു ഇടവിടാതെ ഒലിച്ചിരുന്ന ചോരപ്രവാഹം കൊണ്ടു ക്രമത്തിൽ ബലം ക്ഷയിച്ചു പുത്തൻ തന്റെ കൈകൾകൊണ്ടു വധിക്കപ്പെട്ട അസംഖ്യം ശത്രുഭടന്മാരുടെ ശവശരീരങ്ങളുടെ മീതെ വീണു. ആ മൃതസൈന്യങ്ങളുടെ ശവകുന്നിന്റെ മീതെ മേഘപ്വത്തിന്റെ സൂൎയ്യനോടുകൂടി വന്നുവീണു. ചോരത്തിരമാലകളുടെ മീതെ പാരിജാതപുഷ്പം കളിയാടിത്തുടങ്ങി. ചിത്തോരിന്റെ ആശകളെല്ലാം ദൂരെപ്പോയി. വീരവരനായ പുത്തന്റെ ഊൎദ്ധ്വശ്വാസം വായുമണ്ഡലത്തിൽ ലയിച്ചു. മൊഗളസൈന്യം വിജയോന്മത്തമായിത്തീൎന്നു. അവരുടെ രണവാദ്യങ്ങൾ ജയഭേരി അടിച്ചു. അതിഭയങ്കരമായ ശബ്ദങ്ങൾ പുറപ്പെടിച്ചു് അവർ ലോകങ്ങളും കലുക്കി. കാണെക്കാണെ ബാക്കിയുണ്ടായിരുന്ന രാജപുത്രഭടന്മാർ മൊഗളസൈന്യസമുദ്രത്തോടുകൂടി ലയിച്ചുപോയി. എല്ലാവരും അവരവരുടെ കൎത്തവ്യകൃത്യങ്ങളെ നിറവേറിയശേഷം ചോരയണിഞ്ഞ ദേഹത്തോടുകൂടി വീരശയ്യയിൽ ശയനം ചെയ്തു. വീരന്മാൎക്ക് എപ്പോഴും ഈ മാതിരിയിലുള്ള ശയനത്തിലാണ് താല്പൎയ്യം.

അക്ബർചക്രവൎത്തിയുടെ മനോരഥം പൂൎണ്ണമായി. അദ്ദേഹം വലുതായ തന്റെ സൈന്യത്തോടുകൂടി മരിച്ചുകിടക്കുന്ന അസംഖ്യം രാജപുത്രന്മാരുടെ ശവശരീരങ്ങളുടെ മീതെ നടന്നുംകൊണ്ടു ചിത്തോരനഗരത്തിൽ പ്രവേശിച്ചു. പീരങ്കികൾകൊണ്ടു ചിത്തോരിന്റെ വന്മതിലുകളും വിജയസ്തംഭങ്ങളും വെണ്മാടങ്ങളും മറ്റും തകൎത്തുകളയുവാൻ അദ്ദേഹം തന്റെ ഭടന്മാൎക്കു കല്പന കൊടുത്തു. അവർ അദ്ദേഹത്തിന്റെ കല്പനയെ അക്ഷരംപ്രതി നിറവേറ്റി. നഗരത്തിലുണ്ടായിരുന്ന വൃദ്ധന്മാരും കുട്ടികളും സ്ത്രീകളും മൊഗളഭടന്മാരുടെ അസ്ത്രശസ്ത്രങ്ങളേറ്റു മരിച്ചു. മൂന്നു രാപ്പകൽ ഒരുപോലെ ഈ മാതിരിയിലുള്ള കൊള്ള തടസ്ഥംകൂടാതെ നടന്നു. ഇന്ദ്രപുരിക്കു തുല്യമായ ചിത്തോരനഗരം വെടിയുണ്ടകൾ കൊണ്ടു ഛിന്നഭിന്നമായി നശിച്ചുകൂട്ടത്തിലായി. അന്നത്തെ മഹായുദ്ധത്തിൽ മുപ്പതിനായിരം രാജപുത്രഭടന്മാർ വീരസ്വൎഗ്ഗം പ്രാപിച്ചു. അതിന്നു പുറമെ പല ദിക്കുകളിൽനിന്നും വന്നിരുന്ന രാജപുത്രന്മാരും മഹാറാണന്റെ കുടുംബക്കാരായ എഴുന്നൂറാളും ആളുകളും യുദ്ധത്തിൽ മരിച്ചിരുന്നു. ഒമ്പതു രാജ്ഞിമാരും അഞ്ചു രാജകുമാരികളും രണ്ടു രാജകുമാരന്മാരും പ്രഭുകുടുംബങ്ങളിലെ അനേകം കുലസ്ത്രീകളും കഠോരമായ 'ജഹരവ്രതം' അനുഷ്ഠിച്ചു പ്രാണത്യാഗം ചെയ്തു. മറ്റനേകം സ്ത്രീകൾ നേൎക്കുനേരെയുള്ള യുദ്ധത്തിൽ പ്രാണനെ കളഞ്ഞിരുന്നു. അന്നത്തെ ദിവസം ഹിന്തുക്കൾക്കു ഒരു ദുൎദ്ദിവസമായിരുന്നു. ഈ യുദ്ധം നടന്നതു ക്രിസ്തുവൎഷം 1568-ാമാണ്ടിലായിരുന്നു. ആ ദിവസം രാജപുത്രന്മാരുടെ സ്വാധീനതാദേവിയുടെ ജീവനും പരാശക്തിയുമായ ഭഗവതി ചിത്തോരിനെ എന്നെന്നേക്കും ഉപേക്ഷിച്ചുപോയി. ചിത്തോരിന്റെ സ്വാതന്ത്ര്യം അസ്തമിച്ചു. ഈ യുദ്ധത്തിൽ തുയാരരാജാവു മാത്രം ഭാവിയിൽ എന്തോ ഒരു മഹത്തായ ഉദ്ദേശം സാധിപ്പിക്കുവാൻ വേണ്ടി ജീവരക്ഷ പ്രാപിച്ചു.

അക്ബറേ! അങ്ങ് ജഗൽഗുരുവാണെന്നു ലോകരെ ധരിപ്പിയ്ക്കുന്നതിൽ അങ്ങേയ്ക്കു ലേശം സങ്കോചം വേണ്ടാ. അങ്ങു സമദർശിയല്ലേ? ശില്പകലാവിദ്യകൾക്ക് അങ്ങു പ്രധാനാവലംബമല്ലേ? ഈ ചിത്തോരിനെ കൊള്ളയിട്ടു നശിപ്പിച്ചതു തന്നെ അതിന്റെ ഒരു ഉത്തമദൃഷ്ടാന്തമല്ലേ? ഇതുകൊണ്ട് അങ്ങയുടെ ഹൃദയത്തിൽ ഹിന്ദുക്കളുടെ നേരെ എത്രത്തോളം ദ്വേഷമുണ്ടായിരുന്നു എന്നു സ്പഷ്ടമാവുന്നുണ്ട്. അലാ ഉദ്ദീനനാവട്ടെ, കഠിനഹൃദയനായ ബാഹാദൂർരാജാവാകട്ടെ നശിപ്പിക്കാതിരുന്ന ചിത്തോരിലെ സകല ദേവാലയങ്ങളും രമ്യങ്ങളായ മണിമേടകളും കീർത്തിസ്തംഭവും കട്ടൊഴിയാതെ അങ്ങു കൊള്ളയിട്ടു നശിപ്പിച്ച് അങ്ങയുടെ പ്രാണനു തൃപ്തിവരുത്തിയല്ലൊ. ഇത് അങ്ങേയ്ക്കു ഹിന്ദുക്കളുടെ നേരെയുണ്ടായിരുന്ന പ്രബല വിദ്വേഷത്തിന്റെ ഉജ്ജ്വലദൃഷ്ടാന്തമല്ലേ? അങ്ങയുടെ മ്ലേച്ഛോചിതമായ ക്രൂരകൃത്യങ്ങൾകൊണ്ടു ചിത്തോര് ജനശൂന്യമായിത്തീർന്നു. ചിത്തോരിലെ ദേവാലയങ്ങളിലെ വിളക്കുകളും ചിത്തോരിലെ സിംഹദ്വാരത്തിന്റെ ഉറപ്പേറിയ വാതിലുകളും അപഹരിച്ചുകൊണ്ടു പോകാൻ അങ്ങേയ്ക്കു ലേശം ലജ്ജയുണ്ടായില്ലല്ലൊ. അങ്ങയുടെ രാജനീതി പുറമേയ്ക്കു വളരെ മിനുസമുള്ളതും മാനവഹിതകാംക്ഷകൊണ്ടു നിറഞ്ഞതും ആയിരുന്നു എങ്കിലും അതിന്റെ ഉള്ളിൽ നിറച്ചു കാളകൂടവിഷമായിരുന്നു. ഈ കൂടനീതികൊണ്ടു ഹിന്ദുക്കൾക്ക് എന്തെല്ലാം വലിയ കോട്ടങ്ങളും ദോഷങ്ങളും നേരിട്ടുവോ ആ വക ദോഷങ്ങളൊന്നും മററു മുസൽമാന ചക്രവർത്തികൾ മൂലം ഹിന്ദുക്കൾക്കു സംഭവിച്ചിട്ടില്ല. നവ്യജനങ്ങളേയും മോഹിപ്പിക്കത്തക്ക 'വശ്യം' അങ്ങേയ്ക്കുണ്ടായിരുന്നു. ആ വശ്യമാകുന്ന വലവെച്ചു അങ്ങു രാജപുത്രന്മാരെ വശത്താക്കി അവരുടെ കുലകന്യകമാരെ- സ്വർഗ്ഗത്തിലെ ദേവകന്യകമാരെ- അങ്ങു വിവാഹം ചെയ്ത് അവരുടെ സർവ്വസ്വവും അപഹരിച്ചിട്ടില്ലേ? അതുകൊണ്ടും തൃപ്തിപ്പെടാതെ അങ്ങു 'നവരോജാ' എന്ന ഒരു ചന്ത ഏർപ്പെടുത്തി അനവധി രാജപുത്രകന്യകമാരുടെ പാതിവ്രത്യരത്നത്തെ അപഹരിച്ച് അങ്ങയുടെ മനോരഥം പൂർത്തിയാക്കിയില്ലേ? ഇത് അങ്ങേയ്ക്കു ഹിന്ദുക്കളുടെ നേരെയുണ്ടായിരുന്ന വിദ്വേഷവഹ്നിയുടെ ആളിക്കത്തുന്ന ജ്വാലകളല്ലേ? മഹാമനസ്കനായ ടോഡ് (Tod) എന്ന രാജസ്ഥാനചരിത്രകാരൻ അദ്ദേഹത്തിന്റെ ചരിത്രഗ്രന്ഥത്തിൽ അങ്ങയുടെ ആസുരമൂർത്തിയെ എന്നെന്നേയ്ക്കും മാഞ്ഞുപോകാത്തവിധത്തിൽ കൊത്തിവെച്ചിട്ടുണ്ട്. അങ്ങയെക്കുറിച്ചു അദ്ദേഹം എഴുതീട്ടുള്ള വികൃതചിത്രം വളരെക്കാലം ലോകദൃഷ്ടിക്കു വെളിപ്പെട്ടുകൊണ്ടു തന്നെയിരിക്കും. പാപം എന്നത് എല്ലായ്പോഴും, ഒളിഞ്ഞിരിക്കാൻ കഴിയാത്ത ഒരു വസ്തുവാണ്. അതു ഒരു കാലത്തു അങ്ങയുടെ ബീഭത്സമൂർത്തിയെ ലോകദൃഷ്ടിയിൽ പ്രത്യക്ഷമായി കൊണ്ടുവരാതിരിക്കയില്ല. അതിന്ന് അണുപോലും സംശയമില്ല. അനേകം പേർ അങ്ങയുടെ വീര്യത്തെ പ്രശംസിച്ചുകൊണ്ടിരിക്കുന്നുണ്ട്. രാജപുത്രകുലതിലകനായ ജയമല്ലനെ ഗൂഢമായി വെടിവെച്ചുകൊന്നതു അങ്ങയുടെ വീര്യത്തിന്റെ ഉജ്ജ്വലദൃഷ്ടാന്തമാണോ? മേല്പറഞ്ഞ എല്ലാ സംഗതികളും അങ്ങയുടെ നീചതയെ ധാരാളം വെളിപ്പെടു-

ത്തുന്നുണ്ടു്. യഥാൎത്ഥത്തൊന്നിയുടെ അടക്കൽ അരാദസ്സുള്ള ആസനസ്ഥാനം എത്രയോ പടവു താണിട്ടാണ്.

ഈ ഭയങ്കരമായ കൊള്ളയ്ക്കും നാശത്തിന്നും ശേഷം ചിത്തോരനഗരം ഒരിക്കലെങ്കിലും പൂൎവ്വസമൃദ്ധിയെ പ്രാപിച്ചില്ല. അതിന്നു കാരണം പിന്നീടു മഹാറാണനായിവന്ന പ്രതാപസിംഹന്റെ കാലത്തും ചിത്തോറു മുസല്മാന്മാരുടെ കീഴിലായിരുന്നതുതന്നെ. മൊഗള ചക്രവൎത്തി ഒരു ക്ഷത്രിയാധമനെക്കൊണ്ടു ചിത്തോറ രാജ്യകാൎയ്യങ്ങൾ നടത്തിച്ചിരുന്നു. തന്റെ ജീവിതം മുഴുവനും ചിത്തോറിനെ വീണ്ടെടുക്കാൻവേണ്ടി വിനിയോഗിച്ചിട്ടും ചിത്തോറിനെ വീണ്ടെടുക്കാനുള്ള ഭാഗ്യം പ്രതാപസിംഹനുണ്ടായില്ല. മൊഗളന്മാരുടെ പീരങ്കികൾകൊണ്ടും മററും ഉടഞ്ഞു തകൎന്നിരുന്ന ചിത്തോറിലെ മേടകളും മററും വീണ്ടും നന്നാക്കാൻ ആൎക്കും സാദ്ധ്യമായില്ല. പ്രതാപസിംഹന്റെ പിൻകാലത്തും രാജ്യത്തിൽ കലഹങ്ങളുണ്ടായിക്കൊണ്ടിരുന്നു. മൊഗളന്മാരുടെ ആക്രമണങ്ങൾ നിമിത്തം പ്രതാപന്റെ പിൻഗാമികളായ മഹാറാണന്മാൎക്കു ആത്മരക്ഷ ചെയ്തുകൊണ്ടിരിക്കാൻ മാത്രമേ കഴിഞ്ഞുള്ളു. നൂതനനഗരമായ ഉദയപുരം മീവാരരാജ്യത്തിന്റെ തലസ്ഥാനമായിത്തീൎന്നതിന്റെശേഷം ചിത്തോറിനെ പുനരുദ്ധാരണം ചെയ്യേണ്ട കാൎയ്യത്തിൽ മഹാറാണന്മാർ ദൃഷ്ടിവെയ്ക്കയുണ്ടായില്ല. അതുനിമിത്തം ചിത്തോറുനഗരം ക്രമത്തിൽ നാശം പ്രാപിച്ചു പാഴായിത്തീൎന്നു. അതു ഇപ്പോൾ സിംഹം, പുലി, വിഷപ്പാമ്പുകൾ മുതലായവയുടെ വാസസ്ഥലമായിത്തീൎന്നിരിക്കുന്നു. അതു ഇപ്പോൾ പുരാതനകീൎത്തിയുടെ ശവകുടീരമായിത്തീൎന്നിരിക്കുന്നു. 'ദൈവീവിചിത്രാഗതിഃ' എന്നല്ലാതെ മറെറന്തുപറയട്ടെ!

ഈ ഭയങ്കരയുദ്ധത്തിൽവെച്ചു നേക്കുനേരെയുള്ള ശണ്ഠയിൽ വീണു മരിച്ച രാജപുത്രന്മാരുടെ പൂണനൂലുകൾ 58 സേറ് തൂക്കമുണ്ടായിരുന്നു. അതുകൊണ്ടു ഈ യുദ്ധത്തിന്റെ ഭയങ്കരത്വവും അതിൽ നശിച്ചവരുടെ കണക്കും നല്ലപോലെ അറിയാൻ കഴിയുന്നതാണ്. കാൎത്തജിലെ വീരയോദ്ധാവായ ഹാനിബാൾ കാണിനഗരത്തിൽവെച്ചുണ്ടായ ഭയങ്കരയുദ്ധത്തിൽ റോമാക്കാരെ തോല്പിച്ചു. അതിൽ വീണു മരിച്ച റോമാക്കാരായ കുതിരപ്പടയാളികളുടെ എണ്ണം കണക്കാക്കപ്പെട്ടതു് അവരുടെ മോതിരങ്ങളുടെ എണ്ണം നോക്കീട്ടായിരുന്നു. ചിത്തോറിലെ യുദ്ധത്തിൽ പൂണനൂലില്ലാതിരുന്ന ക്ഷത്രിയബാലന്മാരും സ്ത്രീകളും ഹിന്തുക്കളിൽ താണ ജാതിക്കാരും മരിച്ചിരുന്നു. അതുകൊണ്ടു പൂണനൂലിന്റെ തൂക്കംകൊണ്ടു് ആ യുദ്ധത്തിൽ മരിച്ചവരുടെ ശരിയായ എണ്ണം അറിയാൻ കഴിയുന്നതല്ല. പൂണനൂലിന്റെ തൂക്കം നോക്കി തിട്ടപ്പെടുത്താൻ കഴിയുന്ന സംഖ്യയിൽ എത്രയോ അധികം പേർ ആ യുദ്ധത്തിൽ മരിച്ചിട്ടുണ്ടെന്നു നിസ്സംശയം പറയാൻ കഴിയുന്നതാണ്.

അക്ബർ ചക്രവൎത്തി തന്റെ വിരകീൎത്തിയെ നിലനിൎത്തണമെന്നു വിചാരിച്ചിട്ടോ അല്ലെങ്കിൽ വീരവരനായ ജയമല്ലന്റെയും വീരബാലനായ പുത്തന്റെയും ആശ്ചൎയ്യകരമായ വീരത്വത്തെ ഹാ

ന്നി വരാതെ നിവനിൎത്തണമെന്ന ഉദ്ദേശം കൊണ്ടോ എന്തെങ്കിലുമാവട്ടെ, ഡില്ലിയിലെ ഒരു വലിയ കെട്ടിടത്തിന്റെ സിംഹദ്വാരത്തിൽ ഒരു വലിയ കരിങ്കൽത്തറ കെട്ടിച്ച് അതിന്റെ മീതെ ഇവർ രണ്ടുപേരുടേയും പ്രതിമകൾ കല്ലുകൊണ്ടുണ്ടാക്കിച്ചു സ്ഥാപിച്ചു. ഇരുനൂറു കൊല്ലങ്ങൾക്കു ശേഷം ബർന്നിയർ എന്ന ദേശസഞ്ചാരി ഇന്ത്യയെ സന്ദൎശിപ്പാൻ വരികയുണ്ടായി. അയാൾ ജയമല്ലന്റേയും പുത്തന്റേയും പ്രതിമകൾ കണ്ട് അയാളുടെ പുസ്തകത്തിൽ ഇങ്ങിനെ എഴുതിയിരിക്കുന്നു:- 'ജയമല്ലൻ ചിത്തോരിലെ രാജാവായിരുന്നു. പുത്തൻ അദ്ദേഹത്തിന്റെ അനുജനായിരുന്നു. കല്ലുകൊണ്ടുള്ള ആനകളുടെ പുറത്തിരിക്കുന്ന മാതിരിയിലാണ് ഇവരുടെ പ്രതിമകൾ കൊത്തി വെച്ചിട്ടുള്ളത്. ഇവരുടെ പരാക്രമങ്ങൾ കേട്ടിട്ട് എനിക്കു വളരെ അത്ഭുതം തോന്നി. പുത്തനും അയാളുടെ അമ്മയും മററനേകം സ്ത്രീകളും ഈ യുദ്ധത്തിൽ തങ്ങളുടെ ജീവനെ ബലി കഴിച്ചിരുന്നു.' ജയമല്ലനെ ചിത്തോർ രാജാവായും പുത്തനെ അദ്ദേഹത്തിന്റെ അനുജനായും ബർന്നിയർ വിവരണം ചെയ്തിട്ടുള്ളതു തെററാണ്. അറിവില്ലാത്ത ആരോ അയാളെ തെററിദ്ധരിപ്പിച്ചിട്ടായിരിക്കണം ബർന്നിയർ ഇങ്ങിനെ എഴുതീട്ടുള്ളത്. രാജസ്ഥാനത്തെ സംബന്ധിച്ചേടത്തോളം യഥാൎത്ഥവും സൎവ്വപ്രധാനവുമായ ചരിത്രം മഹാനായ ടോഡ്സായ്വിന്റെ ചരിത്രമാണ്. അദ്ദേഹം വളരെ അന്വേഷണങ്ങൾ കഴിക്കുകയും രാജസ്ഥാനരാജാക്കന്മാരുടെ പല ഗ്രന്ഥവരികളും ലക്ഷ്യങ്ങളും നോക്കുകയും ചെയ്ത ശേഷം ബർന്നിയർ പറഞ്ഞതു തെററാണെന്നു സ്ഥാപിച്ചിട്ടുണ്ട്.

മഹാവീരന്മാരും സ്വദേശപ്രാണന്മാരുമായ ജയമല്ലനേയും പുത്തനേയും രാജസ്ഥാനത്തിൽ ഇന്നും ദേവന്മാരെപ്പോലെ പൂജിച്ചു വരുന്നുണ്ട്. വിദ്വാന്മാരും കവികളും അവരുടെ വീൎയ്യമഹിമയെ പലമാതിരി കവിതകളിലും പ്രകടിപ്പിച്ച് ഇപ്പോഴും രജപുത്രവീരന്മാരുടെ ഹൃദയത്തിൽ സ്വാതന്ത്ര്യത്തിന്റെ ബീജമന്ത്രത്തെ നട്ടു വളൎത്തുന്നുണ്ട്. രാജപുത്രസ്ത്രീകൾ സന്ധ്യാസമയത്തു ദേവന്മാൎക്കു വിളക്കുകൾ കൊളുത്തിക്കാണിക്കുമ്പോൾ താണു തൊഴുതു പുത്തനേയും ജയമല്ലനേയും പോലെയുള്ള വീരസന്താനങ്ങൾ തങ്ങൾക്കുണ്ടാവണേ എന്ന് ഇപ്പോഴും പ്രാൎത്ഥിച്ചുവരുന്നുണ്ട്. യവം, ഗോതമ്പു മുതലായ ധാന്യങ്ങൾ പൊടിക്കുന്ന സമയത്ത് ഇപ്പോഴും രാജപുത്രസ്ത്രീകൾ പുത്തനേയും ജയമല്ലനേയും കുറിച്ചുള്ള വീരഗാഥകൾ പാടി കൃതാൎത്ഥമാരായിത്തീരുന്നുണ്ട്. പുത്താ! ജയമല്ലാ! നിങ്ങൾ രാജസ്ഥാനത്തിലാണ് ജനിച്ചതെങ്കിലും ലോകത്തിന്ന് അലങ്കാരഭൂതന്മാരായിത്തീൎന്നിരിക്കുന്നു. ലോകത്തിൽ എത്രകാലം വരെ സ്വാതന്ത്ര്യം ജനങ്ങളുടെ ബഹുമതിക്കു പാത്രമായിത്തീരുമോ, എത്ര കാലം വരെ വീരപൂജ നിലനില്ക്കുമോ അത്രകാലം വരെയ്ക്കും ലോകത്തിലുള്ള സ്ത്രീപുരുഷന്മാർ നിങ്ങളെ ഭക്തിപുഷ്പംകൊണ്ടു ആരാധിച്ചു തങ്ങൾ കൃതാൎത്ഥന്മാരായി എന്നു വിചാരിക്കുന്നതാണ്. വീരമാതാവായ ഭാരതപുണ്യഭൂമിയെ ലോകർ ഭക്തിപൂൎവ്വം പൂജിക്കുന്നതാണ്.

കേകയൻ.

# പലവക.

കൊച്ചി മലയാളഭാഷാപരിഷ്കരണ കമ്മററിയുടെ അദ്ധ്യക്ഷതയിലും ആധിമുഖ്യത്തിലും ഉണ്ടാക്കുവാൻ നിശ്ചയിച്ചിട്ടുള്ള ഭാഷാനിഘണ്ടുവിനെ സംബന്ധിച്ചുള്ള ചില നിശ്ചയങ്ങൾ ഇയ്യിടയിൽ ഗസററിൽ പ്രസിദ്ധപ്പെടുത്തിക്കാണുന്നുണ്ട്. അവയിൽ ചിലതു താഴെ ചേർക്കുന്നു:—

(൧) "മലയാളഭാഷയിൽ നല്ല പാണ്ഡിത്യവും ഇതരദ്രാവിഡഭാഷകളിൽ സാമാന്യപരിചയവും സംസ്കൃതത്തിലും ഇംഗ്ലീഷിലും നല്ല വ്യുൽപത്തിയുമുള്ള അഞ്ചു വിദ്വാന്മാരെ, മാസം ഒന്നുക്കു ൨൫ ക വീതം ശമ്പളം കൊടുത്തു, നിഘണ്ടുനിർമ്മാണകാര്യത്തിൽ പ്രവർത്തിപ്പിക്കുവാൻ കമ്മററിയിൽ നിന്നു തീർച്ചപ്പെടുത്തിയിരിക്കുന്നു. (൨) ഈ വിദ്വാന്മാരിൽ ഒരാൾ മലബാർ ജില്ലയിലും, ഒരാൾ കൊച്ചിയിലും, ഒരാൾ തിരുവിതാംകൂറിലും, ശേഷം രണ്ടു പേർ എറണാകുളത്തു കമ്മിററി ആപ്പീസ്സിലും, കമ്മിററിയുടെ നിയമങ്ങളും നിശ്ചയങ്ങളും അനുസരിച്ചു ജോലി ചെയ്യേണ്ടതാകുന്നു. (൩) ഈ വിദ്വാന്മാർ അഞ്ചു പേരും ഭാഷയിലുള്ള വാക്കുകൾ ശേഖരിക്കേണ്ടതും, എന്നാൽ അവർ ശേഖരിക്കുന്ന വാക്കുകൾ ഗുണ്ടർട്ടിന്റെ ഭാഷാനിഘണ്ടുവിലുള്ളവയാണെങ്കിൽ അവക്കു ആ വാക്കുകളെക്കുറിച്ചു പ്രത്യേകം വിശേഷമായി യാതൊന്നും പറവാനില്ലാത്ത പക്ഷം നിഘണ്ടുവെരുതെ പകർത്തി അയക്കുവാൻ ആവശ്യമില്ലാത്തതും ആകുന്നു. ഈ ആവശ്യത്തിലേക്കായി അവക്കു ഓരോ നിഘണ്ടു കമ്മിററിയിൽനിന്നും വാങ്ങി കൊടുക്കുന്നതും, ഉദ്യോഗകാലം കഴികയൊ അവർ പിരികയൊ അവരെ പിരിക്കയൊ ചെയ്യുന്ന സമയം അവർ പുസ്തകങ്ങൾ കമ്മിററിയുടെ അടുക്കൽ തിരിയെ ഏല്പിക്കേണ്ടതുമാകുന്നു. (൪) സഞ്ചാരികളായ മൂന്നു വിദ്വാന്മാരും അതാതു ദിക്കുകളിൽ സഞ്ചരിച്ചു, അതാതു തൊഴിൽക്കാർ അവരുടെ തൊഴിൽ സംബന്ധമായി പ്രത്യേകം ഉപയോഗിക്കുന്നവയും സംസാരഭാഷയിൽ മാത്രം പ്രചാരമുള്ളവയുമായ എല്ലാ വാക്കുകളെയും കഴിയുന്നതും ശേഖരിച്ചു അവയുടെ ശരിയായ അർത്ഥവും വ്യാപ്തിയും മലയാളത്തിലും പര്യായങ്ങൾ ഇംഗ്ലീഷിലും സംസ്കൃതത്തിലും ചേർക്കുന്നതോടുകൂടി ഉചിതമായ ഉദാഹരണങ്ങളെക്കൊണ്ടു വിശദീകരിക്കേണ്ടതുമാകുന്നു. ഈ മൂന്നു വിദ്വാന്മാരും, ആഴ്ചതോറും, അതാതു ദിക്കുകളിൽ നിന്നയയ്ക്കുന്ന വാക്കുകളെ പരിശോധിച്ചു പുനരുക്തിദോഷം കൂടാതെ സ്വരൂപിച്ചു ക്രമപ്പെടുത്തേണ്ടതു ആപ്പീസ്സിലുള്ള ഒരു വിദ്വാന്റെ ജോലിയും ആപ്പീസ്സിൽ ശേഖരിച്ചു കൊടുക്കുന്ന സകല ഗ്രന്ഥങ്ങളും പരിശോധിച്ചു പഴയ വാക്കുകളെ ശേഖരിച്ചു മേൽപ്പറഞ്ഞപ്രകാരം വ്യാപ്തി മുതലായവയെ കാണിച്ചു ഉദാഹരണങ്ങളെക്കൊണ്ടു വ്യക്തമാക്കേണ്ടതു ആപ്പീസ്സിലുള്ള മറെറ വിദ്വാന്റെ ജോലിയുമാകുന്നു. (൫) പ്രതിഫലേച്ഛ കൂടാതെ ഈ കാര്യത്തിൽ പ്രയത്നിക്കുവാൻ മനസ്സുള്ള സകല വിദ്വാന്മാരുടേയും സഹായവും സഹകരണവും കമ്മിററി നന്ദിപൂർവ്വം സ്വീകരിക്കുന്നതാകുന്നു."

നിഘണ്ടുവുണ്ടാക്കേണ്ടതിനെപ്പററി പല അഭിപ്രായങ്ങളടങ്ങിയ ലേഖനങ്ങൾ മംഗളോദയത്തിൽ മുമ്പു പ്രസിദ്ധപ്പെടുത്തീട്ടുണ്ട്. കമ്മിററിക്കാരുടെ ശ്രദ്ധ അവയിലും പതിയുമെന്നു വിശ്വസിക്കുന്നു.

* * *

# മംഗളോദയം

൧൦൮൨

പുസ്തകം ൧൦ } എടവം { ലക്കം ൨

## മംഗളം

കർമ്മംതാൻ മനുജർക്കിഹ ധർമ്മത്തിൻമർമ്മമെന്ന വേദമതം
നിർമ്മലമായ്ത്തെളിയിച്ചൊരു നിർമ്മത്സരനാംമുനീന്ദ്രനെ തൊഴുന്നേൻ

കെ. വാസുദേവൻ മൂസ്സത്.

## പൂർവ്വമീമാംസാശാസ്ത്രം.

ഷഡ്ദർശനങ്ങളിലൊന്നായ പൂർവ്വമീമാംസാശാസ്ത്രത്തെപ്പററി സംക്ഷിപ്തമായ ഒരു വിവരണം 'മംഗളോദയം' വായനക്കാർക്കരസകരമാവാതിരിപ്പാൻ നിവൃത്തിയില്ല. ജൈമിനി നിർമ്മിതങ്ങളായ സൂത്രങ്ങളാണു മീമാംസാസൌധത്തിന്റെ അസ്തിഭാരമായിരിക്കുന്നത്. ഈ സൂത്രങ്ങൾ പന്ത്രണ്ടദ്ധ്യായങ്ങളായി വിഭാഗിക്കപ്പെട്ടിരിക്കുന്നു. അതുകൊണ്ടു മീമാംസാശാസ്ത്രത്തിനു ദ്വാദശലക്ഷണി എന്ന പേർ സിദ്ധിച്ചിരിക്കുന്നു. സന്ദേഹവിഷയങ്ങളായ വേദഭാഗങ്ങളിൽ അർത്ഥനിർണ്ണയം ചെയ്വാനായിട്ടാണു മീമാംസാശാസ്ത്രം ഉണ്ടായിട്ടുള്ളത്. ധർമ്മാധർമ്മങ്ങളെ വഴിപോലെ ഉപദേശിച്ചു പുരുഷനു പ്രവൃത്തിയേയും നിവൃത്തിയേയും യഥാക്രമമായി ജനിപ്പിക്കുകയാണല്ലോ വേദങ്ങളുടെ പ്രയോജനം. സംശയരൂപമായ ജ്ഞാനത്തിനു ഒരിക്കലും പ്രവൃത്തിഹേതുത്വം സംഭവിക്കാത്തതിനാൽ നിശ്ചയാത്മകമായ



ജ്ഞാനം ജനിപ്പിപ്പാൻ മീമാംസാശാസ്ത്രത്തിന്റെ സഹായം കഴിച്ചുകൂടാത്തതാകുന്നു. കൎമ്മകാണ്ഡം, ഉപാസനാകാണ്ഡം, ജ്ഞാനകാണ്ഡം എന്നിങ്ങിനെ മൂന്നായി തിരിക്കപ്പെട്ടിരിക്കുന്ന ശ്രുതിസമൂഹത്തിൽ കൎമ്മകാണ്ഡത്തെ സംബന്ധിച്ചുണ്ടാകാവുന്ന സംശയങ്ങളുടെ പരിഹാരമാകുന്നു പൂൎവ്വമീമാംസയുടെ പ്രയോജനം.

മീമാംസാശാസ്ത്രത്തിലെ വിഷയനിരൂപണം അധികരണരീതിയിലാണു ചെയ്യപ്പെട്ടിരിക്കുന്നത്. ഏതെങ്കിലും ഒരു ശ്രുതിഭാഗത്തെ വിഷയമായെടുത്ത് അവിടെ ജനിക്കാവുന്ന സംശയത്തെ സഹേതുകമായി വിവരിച്ചതിന്നു ശേഷം പൂൎവ്വപക്ഷങ്ങളെ യുക്തികൾകൊണ്ടു ഖണ്ഡിച്ചു സിദ്ധാന്തത്തെ സ്ഥാപിക്കുന്ന ഒരു പ്രകരണത്തിന്ന് അധികരണം എന്നു പേർ പറയുന്നു. നവീനന്മാരുടെ ഭാഷയിൽ 'അധികരണം' എന്നതിന്നു 'കേസ്സ്' എന്നൎത്ഥം പറയാവുന്നതാണ്. അധികരണസിദ്ധാന്തമെന്നു വച്ചാൽ 'കേസ്സിലെ വിധി' എന്നാണൎത്ഥം. ഇതിലേക്കു ഒരുദാഹരണം കാണിക്കാം. 'അക്താഃ ശൎക്കരാ ഉപദധാതി' എന്ന വാക്യത്താൽ സ്നിഗ്ദ്ധപദാൎത്ഥംകൊണ്ടു നനക്കപ്പെട്ട പരല്ലുകളുടെ ഉപധാനം വിധിക്കപ്പെട്ടിരിക്കുന്നു. ഈ വാക്യത്താൽ വിധിക്കപ്പെട്ട അഞ്ജനം ഏതു ദ്രവ്യംകൊണ്ടാണു ചെയ്യേണ്ടതെന്നു സംശയം ജനിക്കുന്നു. അഞ്ജനം ചെയ്വാനുതകുന്ന ഘൃതം, തൈലം മുതലായവയിൽ ഏതെങ്കിലും ഒന്നുകൊണ്ടു അഞ്ജനം ചെയ്യേണ്ടതാണെന്നാണ് ഒന്നാമതായി തോന്നുന്നത്. എങ്കിലും 'തേജോ വൈ ഘൃതം' എന്ന അനന്തരവാക്യംകൊണ്ടു ഘൃതത്തിനെ പ്രശംസിച്ചുകാണുന്നതിനാൽ ആ വാക്യത്തിന്നു വൈയൎത്ഥ്യം വരാതിരിപ്പാനായി ഘൃതംകൊണ്ടു തന്നെയാണ് അഞ്ജനം ചെയ്യേണ്ടതെന്നു സിദ്ധാന്തിച്ചിരിക്കുന്നു. സാമാന്യമാക്കിപ്പറയുന്നതായാൽ സന്ദേഹമുള്ള വിഷയങ്ങളിൽ വാക്യശേഷംകൊണ്ടു നിൎണ്ണയം ചെയ്യേണ്ടതാണെന്നാണ് ഈ അധികരണത്തിന്റെ താല്പൎയ്യമെന്നു പറയാവുന്നതാണ്. ഈ മാതിരിയിൽ ഓരോ സംദിഗ്ദ്ധവാക്യങ്ങളെയെടുത്ത് അവിടങ്ങളിൽ ജനിക്കുന്ന സംശയങ്ങളെ നിരാകരിച്ചു സിദ്ധാന്തസ്ഥാപനം ചെയ്യുന്ന ഓരോ ഘട്ടത്തിന്ന് ഓരോ അധികരണമെന്നു പേർ പറയുന്നു. വിഷയം, സംശയം, സംഗതി, പൂൎവ്വപക്ഷം, സിദ്ധാന്തം എന്നീ അഞ്ചു ഭാഗങ്ങൾ എല്ലാ അധികരണങ്ങൾക്കും ഉണ്ടായിരിക്കുന്നതാണ്.

മീമാംസാശാസ്ത്രത്തിൽ കുമാരിലഭട്ടന്റെ പദ്ധതിയും പ്രഭാകരഗുരുവിന്റെ പദ്ധതിയും ഇങ്ങിനെ രണ്ടു ശാഖാഭേദങ്ങളുണ്ട്. ആദ്യത്തേതിനെ ഭട്ടമതമെന്നും രണ്ടാമത്തേതിനെ ഗുരുമതം എന്നും പറഞ്ഞുവരുന്നു. ഇവയിൽ ഭട്ടമതത്തെയാണ് പ്രാമാണികന്മാർ വിലവെച്ചിരിക്കുന്നത്. ഭട്ടമതപ്രകാരം ഒരധികരണത്തിലെ പൂൎവ്വപക്ഷസിദ്ധാന്തങ്ങൾ ഒരു വിധത്തിലായിരിക്കും. അവിടെത്തന്നെ പ്രഭാകരമതം ഒന്നു വേറെയായിരിക്കും. ഇങ്ങിനെ പല അധികരണങ്ങളിലും കാണുന്നുണ്ട്.

മീമാംസകന്മാർ ജ്ഞാനങ്ങൾക്കു പ്രാമാണ്യം സ്വതസ്സിദ്ധമാണെന്നു പറയുന്നു. അവരുടെ മതത്തിൽ എല്ലാ ജ്ഞാനങ്ങളും പ്രമാണമാകുന്നു. ശുക്തിയെക്കണ്ടു രജ

തമാണെന്നു ഭ്രമമായി തോന്നുന്നതും, ഇതു രജതമല്ല ശുക്തിയാണെന്നുള്ള ബാധജ്ഞാനം ജനിക്കുന്നതുവരെ പ്രമാണംതന്നെ. ഒരു ജ്ഞാനത്തിന്റെ പ്രാമാണ്യം മറെറാരു ജ്ഞാനംകൊണ്ടു സാധിക്കേണ്ടതാണെന്നു പറയുന്നവരുടെ മതത്തിൽ അനവസ്ഥാദോഷത്തെ ഉൽഭാവനംചെയ്തു മീമാംസകന്മാർ പരതഃപ്രാമാണ്യവാദത്തെ ഖണ്ഡിക്കുന്നു. മീമാംസകന്മാരുടെ ഈ സിദ്ധാന്തം വേദപ്രാമാണ്യത്തിന്റെ രക്ഷക്കു് അഭേദ്യമായ ഒരു പ്രാകാരംപോലെ സഹായിച്ചുംകൊണ്ടു നില്ക്കുന്നു. വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ ശരിയല്ലെന്നു കാണിക്കേണ്ട ഭാരത്തെ മീമാംസകന്മാർ പ്രതിപക്ഷികളുടെ തലയിൽ കെട്ടിവെക്കുകയാണു ചെയ്യുന്നതു്. വേദത്തിൽ പ്രതിപാദിച്ചിട്ടുള്ള സംഗതികൾ ശരിയാണെന്നു തെളിയിക്കേണ്ട ഭാരം തങ്ങൾക്കില്ലെന്നാണു് അവരുടെ നില. വേദത്തിൽ പറയുന്ന പാരലൌകികങ്ങളോ ആധ്യാത്മികങ്ങളോ ആയ സംഗതികൾ സാധാരണജനങ്ങൾക്കു കേവലം അഗോചരങ്ങളാകയാൽ അവ വേദത്തിൽ പറയുന്നപോലെയല്ലെന്നു തെളിയിപ്പാൻ ആർക്കാണു സാധിക്കുക? മീമാംസകന്മാരുടെ ഈ സിദ്ധാന്തത്തിന്റെ സാരത്തെയാണു ശാസ്ത്രസിദ്ധാന്തങ്ങളെ ശ്ലോകത്തിൽ തട്ടിവിടുന്ന ശ്രീഹർഷകവി 'സ്വത ഏവ പരാർത്ഥതാ സതാം ഗ്രഹണാനാം ഹി യഥാ യഥാർത്ഥതാ' എന്ന ശ്ലോകാർദ്ധത്തിൽ പ്രതിപാദിച്ചിരിക്കുന്നതു്.

വേദപ്രാമാണ്യം മുതലായ വിഷയങ്ങളിൽ പൂർവമീമാംസാസിദ്ധാന്തത്തെത്തന്നെയാണു് ഉത്തരമീമാംസയിലും സ്വീകരിച്ചിരിക്കുന്നതു്. എന്നുതന്നെയല്ല ആത്മവിഷയകങ്ങളായ സിദ്ധാന്തങ്ങളൊഴികെ ബാക്കിയുള്ളവയെല്ലാം മീമാംസകന്മാർക്കും വേദാന്തികൾക്കും സാധാരണമാകുന്നു. 'വ്യവഹാരേ ഭട്ടനയഃ' എന്നാണു വേദാന്തികളുടെ അഭ്യുപഗമം. വേദാർത്ഥങ്ങളെ നിർണ്ണയിപ്പാനുതകുന്നതായി പൂർവ്വമീമാംസയിൽ സ്വീകരിച്ചിട്ടുള്ള ന്യായങ്ങളും പൂർവ്വമീമാംസയിലെ അധികരണസിദ്ധാന്തങ്ങളും ജ്ഞാനകാണ്ഡത്തിന്റെ അർത്ഥം നിർണ്ണയിപ്പാനും അത്യാവശ്യമായിരിക്കുന്നതിനാൽ മീമാംസാജ്ഞാനം സാമാന്യമായിട്ടെങ്കിലും സംപാദിച്ചിട്ടില്ലാത്ത ഒരുവനു വേദാന്തത്തിന്റെ തത്ത്വം മനസ്സിലാവാൻ വളരെ പ്രയാസമുണ്ടു്. സ്മൃതികൾ മുതലായവയുടേയും അർത്ഥനിർണ്ണയത്തിൽ മീമാംസാജ്ഞാനം സഹായിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ, മീമാംസാസിദ്ധാന്തങ്ങൾ അറിയാത്ത ഒരുവനു് ഇതരശാസ്ത്രങ്ങളുടേയും നിഷ്കൃഷ്ടജ്ഞാനം ഉണ്ടാവാൻ പാടില്ലാത്തതാണെന്നുതന്നെ പറയാവുന്നതാണു്.

മീമാംസകന്മാരുടെ സിദ്ധാന്തത്തെ അനുസരിച്ചുള്ള പദാർത്ഥനിരൂപണങ്ങളടങ്ങിയ പ്രകരണഗ്രന്ഥങ്ങൾ ഇപ്പോൾ ദുർല്ലഭങ്ങളായിരിക്കുന്നതിനാൽ അവരുടെ ആ വിഷയത്തെസ്സംബന്ധിക്കുന്ന അഭിപ്രായങ്ങൾ എന്താണെന്നറിവാൻ സാധിക്കാതായിരിക്കുന്നു. നൈയായികന്മാരുടെ പ്രകരണഗ്രന്ഥങ്ങളിൽ പല മീമാംസാസിദ്ധാന്തങ്ങളേയും എടുത്തു ഖണ്ഡിച്ചുകാണുന്നുണ്ടു്. 'ശക്തി' എന്നൊരു പദാർത്ഥം മീമാംസകന്മാർ സ്വീകരിച്ചിട്ടുള്ളതി

ന്നെ നിരാകരിക്കുന്ന 'ശക്തിവാദം' എന്നൊരു പ്രകരണം 'മുക്താവലി' മുതലായ ന്യായഗ്രന്ഥങ്ങളിൽ കാണുന്നതുകൊണ്ടു മീമാംസകന്മാൎക്കു ഈ വിഷയത്തിൽ ചില പ്രത്യേകസിദ്ധാന്തങ്ങളുണ്ടെന്ന് ഊഹിക്കേണ്ടിയിരിക്കുന്നു. അൎത്ഥാപത്തി, അനുപലബ്ധി എന്നു മീമാംസകസമ്മതങ്ങളായ രണ്ടു പ്രമാണങ്ങളെ നൈയായികന്മാർ നിരാകരിക്കുന്നു. ഈ മാതിരി മറ്റു ശാസ്ത്രങ്ങളിലെ പ്രകരണഗ്രന്ഥങ്ങൾ നോക്കുമ്പോൾ വ്യത്യാസപ്പെട്ടു കാണുന്ന ചില വിഷയങ്ങളിലൊഴികെ മറ്റുള്ള ഭാഗങ്ങളിൽ മീമാംസകസിദ്ധാന്തം എന്തായിരുന്നുവെന്നറിവാൻ ഒരു മാൎഗ്ഗവും ഇല്ലാതെയാണു കലാശിച്ചിരിക്കുന്നത്. നഷ്ടശിഷ്ടങ്ങളായ പ്രാചീനഗ്രന്ഥങ്ങളെ തിരഞ്ഞുപിടിച്ചു വെളിവാക്കുവാൻ പലവിധത്തിലും പലരും ശ്രമിച്ചു വരുന്നതുകൊണ്ടു അവരുടെ അന്വേഷണത്തിന്റെ ഫലമായി ഈ വിഷയത്തിൽ വല്ല പ്രബന്ധങ്ങളും കണ്ടുകിട്ടുന്നതായാൽ അതു ഭാരതീയതത്വവിജ്ഞാനത്തിലേക്കു ഉപബൃംഹകമായി തീരുമെന്നു തീൎച്ചയായും പറയാം.

മീമാംസകന്മാർ ശ്രുതിയെ വിധി, മന്ത്രം, അൎത്ഥവാദം എന്നിങ്ങിനെ മൂന്നു തരമായി വേർതിരിച്ചിരിക്കുന്നു. പ്രമാണാന്തരംകൊണ്ടു അറിവാൻ പാടില്ലാത്ത ധൎമ്മസാധനങ്ങളെ അറിയിച്ചു പുരുഷനെ പ്രവൎത്തിപ്പിക്കുന്ന വാക്യങ്ങൾ വിധിയെന്നു പറയപ്പെടുന്നു. 'ജ്യോതിഷ്ടോമേന സ്വൎഗ്ഗകാമോ യജേത' എന്നു തുടങ്ങിയുള്ളവ വിധികളാകുന്നു. യാഗാദികൎമ്മങ്ങളിലുൾപ്പെട്ടിട്ടുള്ള ഓരോ കാൎയ്യങ്ങളെ ഓൎമ്മിച്ചു ചെയ്യാനുതകുന്ന ഭാഗങ്ങൾ മന്ത്രങ്ങൾ. 'സ്യോനം തേ സദനം കൃണോമി ഘൃതസ്യ ധാരയാ സുശേവം കല്പയാമി' എന്നു തുടങ്ങിയുള്ളവ പുരോഡാശസദനത്തെ ഘൃതധാരകൊണ്ടു സംസ്കരിക്കേണമെന്നും മറ്റും സ്മരിപ്പിച്ചുംകൊണ്ടു അതിലേക്കുപകരിക്കുന്നതിനാൽ മന്ത്രങ്ങളെന്നു വ്യപദേശിക്കപ്പെടുന്നു. വിധിവാക്യംകൊണ്ടു ബോധിപ്പിക്കപ്പെട്ട കൎമ്മങ്ങളേയോ കൎമ്മോപകരണങ്ങളായ സാധനങ്ങളേയോ പ്രശംസിക്കുന്ന ഭാഗങ്ങൾ അൎത്ഥവാദങ്ങൾ. 'വായവ്യം ശ്വേതമാലഭേത' എന്ന വിധിവാക്യത്തെ പിന്തുടൎന്നുകൊണ്ടു പ്രവൎത്തിക്കുന്ന 'വായുർവൈ ക്ഷേപിഷ്ഠാ ദേവതാ' ഇത്യാദികളായ വാക്യങ്ങൾ അൎത്ഥവാദങ്ങളാകുന്നു. വായുവെന്ന ദേവത വളരെ ശീഘ്രഗാമിയാകയാൽ വായുദേവതാകമായ കൎമ്മം ശീഘ്രഫലപ്രദമാണെന്നു പറഞ്ഞു പ്രശംസിക്കയാണ് ഈ വേദഭാഗത്തിന്റെ ഉദ്ദേശ്യം.

വിധികൾക്കുതന്നെ പല അവാന്തരവിഭാഗങ്ങളുമുണ്ട്. ഒരു കൎമ്മത്തെ ഒന്നാമതായി വിധിക്കുന്ന വാക്യം ഉൽപത്തിവിധിയെന്നു പറയപ്പെടുന്നു. 'അഗ്നിഹോത്രം ജുഹോതി' എന്നു തുടങ്ങിയുള്ളവ ഇതിലേക്കുദാഹരണമാകുന്നു. വാക്യാന്തരംകൊണ്ടു പ്രാപ്തമായിരിക്കുന്ന കൎമ്മത്തിന്റെ ഉപകരണം മുതലായവയെ വിധിക്കുന്ന വാക്യങ്ങൾ ഗുണവിധികളെന്നു പറഞ്ഞുവരുന്നു. പ്രാപ്തമായ അഗ്നിഹോത്രത്തിൽ ദധി, പയസ്സ്, മുതലായ ദ്രവ്യങ്ങളെ വിധിക്കുന്ന 'ദധ്നാ ജുഹോതി' 'പയസാ ജുഹോതി' ഇത്യാദികൾ ഈ വൎഗ്ഗത്തിലുൾപ്പെടുന്നു. ഇന്ന ഫലത്തെ ആഗ്രഹിക്കുന്നവൻ ഇന്ന ദ്രവ്യംകൊണ്ടു ഹോ

മിക്കണമെന്നും മററും ബോധിപ്പിക്കുന്ന വാക്യങ്ങളെ 'ഫലായഗുണവിധി'യെന്നു പറയുന്നു. ഇങ്ങിനെ വിധികൾക്കു പല അവാന്തരഭേദങ്ങളും അവയുടെ സ്വഭാവത്തെ നോക്കി കല്പിക്കാവുന്നതാണ്.

അപൂർവ്വവിധി, നിയമവിധി, പരിസംഖ്യാവിധി എന്നിങ്ങിനെ മൂന്നുവിധമായി മറെറാരുപ്രകാരത്തിൽ വിധികളെ വേർതിരിക്കാവുന്നതാണ്. പ്രമാണാന്തരംകൊണ്ടു പ്രാപ്തമല്ലാത്ത അർത്ഥത്തെ വിധിക്കുന്നതിന്ന് അപൂർവ്വവിധിയെന്നു സംജ്ഞ. 'ജ്യോതിഷ്ടോമേന സ്വർഗ്ഗകാമോ യജേത്' ഇത്യാദികൾ ഈ ജാതിയിൽ ചേരുന്നു. പലവിധത്തിലും കാര്യം സാധിക്കാവുന്ന വിഷയങ്ങളിൽ കാര്യസിദ്ധിക്കായി ഒരു പ്രത്യേകവിധത്തെ ഉപദേശിക്കുന്നതു നിയമവിധി. 'വ്രീഹീനവഹന്തി' മുതലായവ ഇതിലേക്കുദാഹരണമാകുന്നു. വ്രീഹികളുടെ ഉമികളവാൻ അവഘാതംതന്നെ വേണമെന്നില്ല. നഖംകൊണ്ടു നുള്ളീട്ടും ഉമികളയാം. എങ്കിലും 'അവഘാതം'കൊണ്ടു ഉമികളഞ്ഞിട്ടുവേണം പുരോഡാശമുണ്ടാക്കുവാൻ എന്നുള്ള വിധി ഒരു പ്രത്യേകമായ മാർഗ്ഗത്തെ ഉപദേശിക്കുന്നതുകൊണ്ടു നിയമവിധിയാകുന്നു. ഒരേ സമയത്തു അനേകം വിഷയങ്ങളിൽ പ്രസക്തമാകുന്ന കാര്യത്തെ ചിലതിൽ മാത്രമായി സ്ഥാപിക്കുന്ന വിധിയാണ് പരിസംഖ്യാവിധി. 'പഞ്ച പഞ്ചനഖാ ഭക്ഷ്യാഃ' എന്നാണിതിലേക്കുദാഹരണം. പഞ്ചനഖങ്ങളായ പ്രാണികളിലെല്ലാം മാംസഭക്ഷണത്തിലുള്ള രാഗത്താൽ ഭക്ഷണം പ്രാപ്തമാകുന്നു. ആ ഭക്ഷണം പഞ്ചനഖങ്ങളായ അഞ്ചുജാതി പ്രാണിവിശേഷങ്ങളെസ്സംബന്ധിച്ചേടത്തോളം ഈ ശാസ്ത്രത്താൽ അനുവദിക്കപ്പെട്ടിരിക്കുന്നു. പരിസംഖ്യാവിധിയിൽ ശ്രുതമായ അർത്ഥത്തിലല്ല താല്പര്യം. 'പഞ്ചപഞ്ചനഖാഭക്ഷ്യാഃ' എന്നതിന്നു 'പഞ്ചേതരങ്ങളായ പഞ്ചനഖപ്രാണികൾ അഭക്ഷ്യങ്ങളാണെന്ന അംശത്തിലാണു പരമതാല്പര്യം. അതുകൊണ്ടു പരിസംഖ്യാവിധിക്കു വാക്യത്തിന്റെ യഥാശ്രുതാർത്ഥത്തിൽ പ്രവർത്തകത്വം വരുന്നില്ല. ഈ അംശം നിയമവിധിയിൽനിന്നു പരിസംഖ്യാവിധിക്കുള്ള വ്യത്യാസത്തിന്നും കാരണമാകുന്നു.

അർത്ഥവാദങ്ങൾ അനുവാദം, ഗുണവാദം, ഭൂതാർത്ഥവാദം എന്നു മൂന്നുവിധത്തിലാണ്. പ്രത്യക്ഷാദി പ്രമാണംകൊണ്ടറിയപ്പെട്ട സാധനങ്ങളെ അനുസരിച്ചു പറയുന്നവയ്ക്കു അനുവാദമെന്നു സംജ്ഞ. 'അഗ്നിർഹിമസ്യ ഭേഷജം' മുതലായവ ഇതിലേക്കുദാഹരണമാകുന്നു. പ്രത്യക്ഷദൃഷ്ടത്തിന്നു വിരോധമായിവരുന്ന സ്ഥലങ്ങളിൽ ഗുണാരോപംകൊണ്ടു സമർത്ഥിക്കപ്പെടുന്നവ ഗുണവാദങ്ങളാകുന്നു. 'ആദിത്യോ യൂപഃ' എന്നു തുടങ്ങിയുള്ളവയെ ഈ തരത്തിലാണ് ചേർക്കേണ്ടത്. പശുബന്ധനസ്തംഭരൂപമായ യൂപം ആദിത്യനാവുകയില്ലെന്നു പ്രത്യക്ഷത്തിന്നു വിരോധം വരികയാൽ യൂപം ആദിത്യസദൃശമാണെന്നു കല്പിച്ചിരിക്കുന്നു. ആദിത്യന്റെ ഗുണങ്ങളായ ഉജ്ജ്വലതാദികളെ യൂപത്തിൽ ആരോപിക്കുന്നുവെന്നു താല്പര്യം. പ്രമാണാന്തരത്തിന്റെ വിരോധമൊ അനുഗുണ്യമോ ഇല്ലാത്ത കഥാരൂപമായും മററുമുള്ളവ ഭൂതാർത്ഥവാദമാകുന്നു. 'ഇന്ദ്രോ വൃത്രമവധീൽ' ഇത്യാദികളെയാണ് ഭൂതാർത്ഥവാദമെന്നു പറയു

ന്നത്. പുരാണങ്ങളിലും മററുമുള്ള ഇതിഹാസങ്ങളെ ഈ തരത്തിലാണ ധരിക്കേണ്ടത്.

വിധിരൂപങ്ങളായ വാക്യങ്ങൾക്കു മാത്രമെ അന്യാപേക്ഷയില്ലാതെ സ്വാൎത്ഥബോധകത്വമുള്ളുവെന്നാണ് മീമാംസകന്മാരുടെ സിദ്ധാന്തം. ലിങ്, ലോട്, ലേട്, തവ്യപ്രത്യയം ഇതുകൾ വിധിയെ ബോധിപ്പിക്കുന്നു. മന്ത്രങ്ങൾക്കും അൎത്ഥവാദങ്ങൾക്കും വിധിയുടെ ഉപകാരകങ്ങളെന്ന നിലയിലാണ പ്രാമാണ്യം സ്വീകരിക്കപ്പെട്ടിട്ടുള്ളത്. എല്ലാം ശാസ്ത്രങ്ങളും മനുഷ്യരുടെ പ്രവൃത്തിയേയൊ നിവൃത്തിയേയൊ ഉദ്ദേശിച്ചാണ് ആവിൎഭവിച്ചിട്ടുള്ളത്. പ്രവൃത്തിയൊ നിവൃത്തിയൊ പരമതാൽപൎയ്യമായിനില്ക്കുന്നില്ലെങ്കിൽ ആ വാക്യങ്ങളെല്ലാം അൎത്ഥബോധകങ്ങളാകകൂടിയില്ലെന്ന് ഇവർ പ്രബലമായി സ്ഥാപിക്കുന്നു. രാമാദികളെപ്പോലെയാണ നാം പ്രവൎത്തിക്കേണ്ടത്, രാവണാദികളെപ്പോലെയല്ല എന്നുള്ള ഒരു താൽപൎയ്യമില്ലാതിരുന്നാൽ കാവ്യങ്ങളും പുരാണങ്ങളും ഇവരുടെ ദൃഷ്ടിയിൽ വെറും പ്രലാപങ്ങളായി തീരുമായിരുന്നു. രഘുവംശാദികളെ മീമാംസകന്മാർ അനൎത്ഥകവാക്യത്തിന്റെ പൎയ്യായമായിട്ടാണ ഗണിച്ചിരിക്കുന്നത്. ഉപനിഷത്തുകൾപോലും കൎമ്മഫലഭോക്താവായ ജീവാത്മാവിന്റെ പ്രശംസയ്ക്കായി അവതരിച്ചിട്ടുള്ള അൎത്ഥവാദങ്ങളാണെന്നു പറവാൻ കൂസലില്ലാത്ത കൎമ്മഠന്മാർ രഘുവംശത്തെ നിരൎത്ഥകമാക്കി നിരസിക്കുന്നതിൽ എന്താശ്ചൎയ്യമാണുള്ളത്?

കൎമ്മങ്ങളുടെ അംഗാംഗിഭാവം നിൎണ്ണയിക്കുന്നതിലാണ മീമാംസാശാസ്ത്രത്തിന്റെ പ്രധാനമായ ഒരു ഭാഗത്തെ വിനിയോഗിച്ചിരിക്കുന്നത്. മന്ത്രങ്ങളുടേയും മററും ഉപയോഗത്തെ തീരുമാനിപ്പാനുതകുന്ന ആറു പ്രമാണങ്ങളായ ശ്രുതി, ലിംഗം, വാക്യം, പ്രകരണം, സ്ഥാനം, സമാഖ്യ ഇതുകളുടെ സ്വരൂപത്തെപ്പററിയും ബലാബലവിചാരത്തെപ്പററിയുമുള്ള വിവരണം മറെറാരു സന്ദൎഭത്തിലേക്കു നിൎത്തിവെപ്പാനെ നിൎവ്വാഹമുള്ളു. ശ്രുത്യൎത്ഥനിൎണ്ണയത്തിൽ ശ്രദ്ധേയങ്ങളായ ഉപക്രമം, ഉപസംഹാരം, അഭ്യാസം മുതലായവയെപ്പററിയും ഒരു പ്രത്യേകപ്രബന്ധം എഴുതേണ്ടിവരുന്നതാണ്.

മീമാംസാശാസ്ത്രത്തിൽ ഇപ്പോൾ നടപ്പിലുള്ള ഗ്രന്ഥങ്ങളെപ്പററി രണ്ടുവാക്കുകൂടി പറഞ്ഞ് ഈ ഉപന്യാസത്തെ ഉപസംഹരിച്ചുകൊള്ളാം. ജൈമിനിനിൎമ്മിതങ്ങളായ സൂത്രങ്ങൾക്കു ശബരസ്വാമികളാൽ രചിക്കപ്പെട്ട ഭാഷ്യവും അതിന്റെ വിവരണമായി കുമാരിലഭട്ടൻ നിൎമ്മിച്ചിട്ടുള്ള വാൎത്തികവും ഇപ്പോൾ നടപ്പിലുള്ളവയാണ്. പാൎത്ഥസാരഥിമിശ്രന്റെ കൃതിയായ ശാസ്ത്രദീപിക മീമാംസയിലെ മറെറാരു പ്രൌഢഗ്രന്ഥമാണ്. ഭാട്ടദീപിക, ഭാട്ടരഹസ്യം, ഭാട്ടചിന്താമണി മുതലായ് ഉപരിഗ്രന്ഥങ്ങൾ മീമാംസയിൽ സുലഭങ്ങളാണ്. മാധവാചാൎയ്യരുടെ ന്യായമാല, വാസുദേവദീക്ഷിതരുടെ അദ്ധ്വരമീമാംസാകുതൂഹലവൃത്തി എന്നീ ഗ്രന്ഥങ്ങൾ സൂത്രക്രമാനുസാരികളായ സുഗമഗ്രന്ഥങ്ങളാകുന്നു. എന്നാൽ ആരംഭപാഠത്തിന്നുപയോഗിക്കുന്ന ഗ്രന്ഥങ്ങൾ ഈ ശാസ്ത്രത്തിൽ വളരെ ദുൎല്ലഭമായിട്ടാണ

കാണുന്നത്. ലൌഗാക്ഷിഭാസ്കരന്റെ അർത്ഥസംഗ്രഹവും, ആപദേവന്റെ ന്യായപ്രകാശവും മാത്രമേ ചെറിയ പ്രകരണങ്ങളുടെ കൂട്ടത്തിൽ കണക്കാക്കുവാൻപാടുള്ളൂ. അവയിൽ പ്രതിപാദിക്കപ്പെട്ടിട്ടുള്ള വിഷയങ്ങൾ മീമാംസാശാസ്ത്രത്തിന്റെ സ്വാതന്ത്ര്യജ്ഞാനത്തിന്നു പോലും തീരെ മതിയാവാത്തവയുമാണ്. ഗ്രന്ഥാന്വേഷകന്മാരുടെ പരിശ്രമംകൊണ്ടു, മീമാംസാശാസ്ത്രത്തിലുള്ള നല്ലനല്ല പ്രകരണഗ്രന്ഥങ്ങൾ പുറത്തു വരുന്നതായാൽ ഒരു ശാസ്ത്രവ്യസനികൾക്കു വലിയ ഒരനുഗ്രഹമായിരിക്കുന്നതാണ്. കർമ്മശൂരന്മാരായ കേരളീയരുടെ ഇടയിൽ പുരാതനകാലത്തു പല മീമാംസകന്മാരും ഉണ്ടായിരുന്നുവെന്നു ചരിത്രങ്ങളെക്കൊണ്ടും ഐതിഹ്യങ്ങളെക്കൊണ്ടും അറിവാനിടയായിട്ടുണ്ട്. കേരളീയന്മാരായ മീമാംസകന്മാർ മീമാംസാവിഷയകമായ ഒരു ഗ്രന്ഥവും ഉണ്ടാക്കിട്ടില്ലെന്നു വരുമോ? പരിഷ്കാരഭ്രമംകൊണ്ടു മതിമറന്നിരിക്കുന്ന പുതിയ കൂട്ടരുടെ തലയിലുണ്ടോ ഈ കഥ കയറുവാൻ പോകുന്നു? കഷ്ടം കാലത്തിന്റെ ക്രൂരപരിണാമമെന്നേ പറയേണ്ടതുള്ളൂ.

എ. എസ്സ്.

# ചാണക്യനും രാക്ഷസനും

൧.

ചാണക്യനും രാക്ഷസനും, മുദ്രാരാക്ഷസനാടകത്തിലെ രണ്ടു പ്രധാനപാത്രങ്ങളാണ്. ക്രിസ്തു ജനിക്കുന്നതിന്നു മുമ്പു നാലാം നൂറ്റാണ്ടിൽ സുപ്രസിദ്ധനായ ചന്ദ്രഗുപ്തൻ മഗധരാജ്യത്തെ ആക്രമിച്ചു പിടിച്ചതായ കഥയേയും അതു സംബന്ധമായുണ്ടായ ആഭ്യന്തരകലഹങ്ങളേയും ആധാരമാക്കിക്കൊണ്ടു മഹാകവി വിശാഖദത്തൻ നിർമ്മിച്ചിട്ടുള്ളതും രാജ്യതന്ത്രവിഷയകമായ ഏകസംസ്കൃതനാടകവുമാണ് മുദ്രാരാക്ഷസം. ആ ഗ്രന്ഥത്തിൽ അനേകം കഥാപുരുഷന്മാരുണ്ടെങ്കിലും, ചാണക്യനേയും രാക്ഷസനേയും എടുത്തുകളഞ്ഞാൽ, സിംഹവും ഗജവുമില്ലാത്ത വനംപോലെ നാടകം ശൂന്യമായിത്തീരും. ചാണക്യനും രാക്ഷസനും ചെയ്യുന്ന നീതിപ്രയോഗങ്ങളുടെ ഫലത്തിന്നു അവരല്ലാ അധികാരികളെങ്കിലും, അവരില്ലെങ്കിൽ നാടകത്തിന്റെ സർവ്വസ്വവും നശിച്ച കൂട്ടത്തിലാവുന്നതാണ്.

ചാണക്യന്റെ യഥാർത്ഥനാമധേയം വിഷ്ണുഗുപ്തൻ എന്നാകുന്നു. കൌടില്യൻ എന്നു മറ്റൊരു പേരും ഇദ്ദേഹത്തിന്നുണ്ട്. ഇദ്ദേഹം നീതിശാസ്ത്രപ്രണേതാവായ ചണകന്റെ പുത്രനും, ഔശനസദണ്ഡനീതിയിലും ചതുഃഷഷ്ട്യംഗമായ ജ്യോതിശ്ശാസ്ത്രത്തിലും വിദഗ്ധനുമാണ്. അർത്ഥശാസ്ത്രത്തിന്റെ പ്രണേതാവും ഇദ്ദേഹം തന്നെ. ജാതിയിൽ ഇദ്ദേഹം ബ്രാഹ്മണനാണ്. രാക്ഷസനും ബ്രാഹ്മണൻ തന്നെ.

രാക്ഷസനെന്നു പേരുവന്നത് എങ്ങിനെയോ? ഇദ്ദേഹം മഗധവംശത്തിൽ ജനിച്ച നന്ദരാജാക്കന്മാരുടെ കുലാമാത്യന്മാരായ വക്രനാസാദികളുടെ കൂട്ടത്തിൽ കേൾവിപ്പെട്ട ഒരു മന്ത്രിശ്രേഷ്ഠനും, നീതിവിദ്യയിൽ ചാണക്യനോടു കിടപിടിക്കുന്ന ഒരു യോഗ്യനുമാണ്.

ചാണക്യൻ യൌവനകാലത്തു തന്നെ രാക്ഷസന്റെ വിരോധിയായിത്തീൎന്നു. നവനന്ദന്മാരും ചന്ദ്രഗുപ്തനുമായുണ്ടായ വിരോധത്തിൽ നന്ദന്മാരുടെ ഭാഗത്തു രാക്ഷസനും ചന്ദ്രഗുപ്തന്റെ പക്ഷത്തിൽ ചാണക്യനുമാണ് മുൻനടന്നു പ്രവൎത്തിച്ചത്. നന്ദവംശജനായ സൎവ്വാൎത്ഥസിദ്ധി തനിക്കു സുനന്ദ എന്ന ക്ഷത്രിയഭാൎയ്യയിൽ ജനിച്ച നവനന്ദന്മാൎക്കു രാജ്യാധികാരം കൊടുത്ത്, മുര എന്ന ശൂദ്രഭാൎയ്യയിൽ ജനിച്ച മൌൎയ്യനെ സേനാപതിയാക്കി രാജ്യം ഒഴിഞ്ഞു തപസ്സു ചെയ്‌വാനായി തപോവനത്തിലേക്കു പോയശേഷം, നന്ദന്മാർ തങ്ങളുടെ വംശാമാത്യനായ രാക്ഷസന്റെ സാഹായ്യത്തോടുകൂടി മൌൎയ്യനേയും അദ്ദേഹത്തിന്റെ നൂറു മക്കളേയും ഉപായത്തിൽ അപായപ്പെടുത്തി. ദൈവഗത്യാ മൌൎയ്യപുത്രന്മാരിൽവെച്ചു ബുദ്ധിമാനായ ചന്ദ്രഗുപ്തൻ മാത്രം ശേഷിച്ചു. ചന്ദ്രഗുപ്തൻ നന്ദന്മാരോടു പകരം ചോദിപ്പാനായി, നീതിവിദഗ്ദ്ധനായ ചാണക്യനെ ഗുരുവായി വരിച്ച് അഭയം പ്രാപിക്കുകയും, ചാണക്യൻ തന്റെ നീതിവിദ്യാപ്രയോഗത്താൽ നന്ദന്മാരെയെല്ലാം നിഗ്രഹിച്ചു ചന്ദ്രഗുപ്തനെ രാജാവാക്കി വാഴിക്കയും ചെയ്തു. പിന്നീടു ചാണക്യൻ ചന്ദ്രഗുപ്തന്റെ മന്ത്രിയായിത്തീൎന്നു. രാക്ഷസനാകട്ടെ, തനിക്കെത്രയും പ്രിയപ്പെട്ട നന്ദവംശത്തിന്റെ ഉന്മൂലനാശം ചെയ്തതു നിമിത്തം ചാണക്യന്റെ വിരോധിയും ആയി.

ചാണക്യൻ തന്റെ ക്രോധാഗ്നിയിൽ ശലഭതുല്യമായി നവനന്ദന്മാരെ ഹോമിച്ചതിന്നു കാരണം ചന്ദ്രഗുപ്തന്റെ അപേക്ഷ മാത്രമല്ല. നന്ദന്മാർ ചാണക്യനെ സദസ്സിൽവെച്ചപമാനിച്ചതും അതിന്നുള്ള കാരണങ്ങളിൽ പ്രധാനമായ ഒന്നാണ്. അദ്ദേഹം ഒരിക്കൽ നന്ദന്മാരുടെ രാജധാനിയിൽ അതിഥിയായിച്ചെന്നു ഭക്ഷണത്തിന്നായി മാന്യസ്ഥാനത്തു കയറിയിരുന്നപ്പോൾ 'ഇതേതാ ഒരു വടു' എന്നു പറഞ്ഞു നന്ദന്മാർ അദ്ദേഹത്തെ അഗ്രാസനത്തിൽനിന്നിറക്കി അയയ്ക്കുകയുണ്ടായി. ഈ അപമാനം സഹിക്കാഞ്ഞു ചാണക്യൻ 'എന്നാലിനി നന്ദന്മാരുടെ മൂലച്ഛേദം ചെയ്തിട്ടേ മററു കാൎയ്യമുള്ളൂ. ഈ കുടുമ കെട്ടുന്നതും അതു കഴിഞ്ഞിട്ട്' എന്നു ശപഥം ചെയ്ത് തന്റെ കുടുമ കെട്ടഴിച്ചിട്ട് ആ സദസ്സിൽനിന്നിറങ്ങിപ്പോന്നു. അതിന്നുശേഷമാണ് ചാണക്യനും രാക്ഷസനും തമ്മിൽ വിരോധമായത്.

ചാണക്യരാക്ഷസന്മാരുടെ മത്സരത്തിന്റെയും നീതിപ്രയോഗത്തിന്റെയും ഒരു മുഖവുര മാത്രമാണ് നന്ദവംശോന്മൂലനം. അതിന്നുശേഷമാണ് അവരുടെ നീതിവിദ്യയിലെ പ്രധാനപരീക്ഷകൾ ആരംഭിക്കുന്നത്. ചാണക്യന്റെ ശപഥം നന്ദവംശം നശിപ്പിക്കുവാൻ മാത്രമാണെങ്കിലും, അവരെ കൂട്ടത്തോടെ കൊല ചെയ്തു ചന്ദ്രഗുപ്തനെ രാജാവാക്കി കുസുമപുരത്തിലെ സുഗാംഗപ്രാസാദത്തിൽ കയററിയിരുത്തീട്ടുകൂടി ആ ക്രോധമൂൎത്തിയുടെ ക്രോധം ശമിച്ചില്ല. സൎവ്വാൎത്ഥസിദ്ധിയുടെ സ

ച്ചകാൎയ്യങ്ങളിലും ഉള്ളഴിഞ്ഞു പ്രവൎത്തിച്ച് അദ്ദേഹത്തിന്റെ വംശത്തെ വളരെ ബഹുമാനിച്ചും സ്നേഹിച്ചും കഴിഞ്ഞ മന്ത്രിവൎയ്യനായ രാക്ഷസൻ, തൽപുത്രന്മാരായ നന്ദന്മാരോടുകൂടി താൻ ക്ഷത്രിയവംശത്തെ നശിപ്പിച്ചുകളഞ്ഞതു കണ്ടുംകൊണ്ടിരിക്കുന്ന ഒരാളല്ലെന്നും, രാക്ഷസനെ പാട്ടിൽ പിടിച്ച് അദ്ദേഹത്തെക്കൊണ്ടു ചന്ദ്രഗുപ്തന്റെ മന്ത്രിസ്ഥാനം സ്വീകരിപ്പിക്കാത്തപക്ഷം അതേവരെ ചെയ്ത പണിയെല്ലാം പാഴിലായിത്തീരുമെന്നും ചാണക്യൻ വിചാരിച്ചു. നന്ദവംശത്തിൽ ഒരാളെങ്കിലും ജീവനോടുകൂടിയിരിക്കുന്ന കാലത്തോളം രാക്ഷസനെ പാട്ടിൽ വരുത്തുവാൻ സാധിക്കയില്ലെന്നു ചാണക്യനു നല്ല നിശ്ചയമുണ്ട്. അതുകൊണ്ടാണ്, നന്ദന്മാരുടെ കയ്യിൽ രാജ്യഭാരമേല്പിച്ചു വാനപ്രസ്ഥാശ്രമം സ്വീകരിച്ചു വനത്തിൽ പോയി തപസ്സുചെയ്യുന്ന ആ സാധു സൎവ്വാൎത്ഥസിദ്ധിയെക്കൂടി ചാണക്യൻ സിദ്ധികൂട്ടിച്ചത്. എന്നാൽ 'പത്തും ഒന്നും പതിനൊന്ന്' എന്നുവെച്ച് രാക്ഷസനെക്കൂടി നിഗ്രഹിക്കുവാൻ അദ്ദേഹത്തിനു സാധിക്കുമെങ്കിലും അതിന്നദ്ദേഹം തുനിഞ്ഞില്ല. കാരണം, രാക്ഷസനെപ്പോലെ പ്രാപ്തനും വിശ്വസ്തനുമായ മറ്റൊരു മന്ത്രി ലോകത്തിലില്ലായ്കതന്നെ. അതുകൊണ്ടു, രാക്ഷസനെ ചന്ദ്രഗുപ്തമന്ത്രിയാക്കി വെക്കുകകൂടി ചെയ്താലേ തന്റെ അഴിച്ച കുടുമ കെട്ടുകയുള്ളു എന്നുകൂടി ചാണക്യൻ പ്രതിജ്ഞചെയ്തു. ആ പ്രതിജ്ഞ നിറവേറുവാനായി നീതിശാസ്ത്രാചാൎയ്യനായ ചാണക്യൻ പ്രയോഗിച്ച നീതികൌശലമാണ് മുദ്രാരാക്ഷസത്തിലെ വിഷയം.

ധൎമ്മനീതി, ശാഠ്യനീതി എന്നു രണ്ടു വിധം നീതികളുള്ളതിൽ ശാഠ്യനീതിയാണ് ചാണക്യനീതി. 'ശഠസ്യ ശാഠ്യം' എന്ന ന്യായപ്രകാരം പ്രകൃതത്തിൽ രാക്ഷസൻ പ്രയോഗിച്ചതും ശാഠ്യനീതി തന്നെ. പക്ഷേ, അതിന്നു ചാണക്യനീതിയെക്കാൾ കുറച്ചൊരു മാൎദ്ദവം ഇല്ലായ്കയില്ല. ശാഠ്യനീതിയാണു കലികാലത്തു കാൎയ്യത്തിന്നധികം കൊള്ളുന്നതെന്ന് ഒരു പക്ഷമുണ്ട്. ഇതിനെപ്പറ്റി ഭൂരിപക്ഷാഭിപ്രായം എങ്ങിനെയായാലും ചാണക്യൻ ആ പക്ഷക്കാരനാണെന്നു പറഞ്ഞാൽ കഴിഞ്ഞുവല്ലോ. ശത്രുവിനെ തോല്പിക്കുവാൻ സാമദാനഭേദദണ്ഡങ്ങളായ നാലുപായങ്ങളും തഞ്ചംനോക്കി പ്രയോഗിക്കുന്നതിൽ ചാണക്യൻ അതിസമൎത്ഥനാണ്. ശത്രുവിന്റെ ഉള്ളും കള്ളിയും കാണുന്നതിന്ന് അദ്ദേഹത്തിനുള്ള കണ്ണുകൾ ഒറ്റുകാരാണ്. എന്നാൽ ലോകത്തിലാരേയും അദ്ദേഹത്തിന്നു വിശ്വാസമില്ല. തന്റെ ഉള്ളുകള്ളികൾ പുറത്തേക്കു ഒരു വിധത്തിലും മൂപ്പർ കാണിക്കുകയില്ല. ശുണ്ഠിയാണെങ്കിൽ ചാണക്യനു മൂക്കത്താണ്. ശുണ്ഠിയെടുത്ത് ഒരു കാൎയ്യത്തിൽ കടന്നിറങ്ങിയാൽ പിന്നെ കാൎയ്യം സാധിക്കുന്നതുവരെ മറ്റൊരു വിചാരമില്ല. തനിക്കുപദ്രവം ചെയ്യുന്നവനോടു അദ്ദേഹത്തിനുള്ള പക ഒന്നു വേറെ തന്നെയാണ്. വഴിക്കു പോകുമ്പോൾ ഒരു ദൎഭപ്പുല്ലു കാലിൽ തടഞ്ഞതിന്ന് ആ പുല്ലു മുരടോടെ പറിച്ചു കരിച്ചു കലക്കിക്കുടിച്ചു കളഞ്ഞ പുള്ളിയുടെ പകയെപ്പറ്റി പറയേണമൊ? എന്തിനേറെപ്പറയുന്നു? താൻ പിടിച്ച കാൎയ്യം സാധിക്കുന്നതിന്ന് എന്തു വേണമെങ്കിലും പ്രവൎത്തിക്കുന്നതിൽ ചാണ

ക്യൻ മേലുകീഴാകട്ടെ ധർമ്മാധർമ്മങ്ങളാകട്ടെ നോക്കുകയില്ല. 'എങ്ങിനെ വിണാലും പൂച്ച തഞ്ചത്തിൽ വീഴും' എന്നു പറഞ്ഞതുപോലെ എത്ര വലിയ അപകടത്തിൽനിന്നും അസാധാരണമായ വിധത്തിൽ രക്ഷ പ്രാപിക്കുവാൻ തക്ക ബുദ്ധിശക്തി അദ്ദേഹത്തിന്നുണ്ട്. ചന്ദ്രഗുപ്തന്റെ മന്ത്രിയാണെങ്കിലും കാര്യം നടത്തുവാനുള്ള സകലസ്വാതന്ത്ര്യവും രാജാവിന്നല്ല, മന്ത്രിക്കാണ്. രാജാവു കേവലം സചിവായത്തസിദ്ധിയാകുന്നു. ചന്ദ്രഗുപ്തന്റെ പേരിൽ മന്ത്രിക്കു വളരെ സ്നേഹമാണെങ്കിലും സംസാരമൊക്കെയും വളരെ താണ ഒരു നിലയിലാണ്. 'വൃഷളൻ' എന്നു നികൃഷ്ടവാക്കല്ലാതെ ചാണക്യൻ ചന്ദ്രഗുപ്തനെപ്പറ്റി പറയാറില്ല. 'ആര്യചാണക്യൻ' എന്നു കേട്ടാൽ കുസുമപുരത്തിലെ സകലജനങ്ങളും ചന്ദ്രഗുപ്തന്റെ എല്ലാ ഉദ്യോഗസ്ഥന്മാരും ചന്ദ്രഗുപ്തൻ തന്നെയും കിടുകിട വിറയ്ക്കും. മന്ത്രിയുടെ അധികാരശക്തി ഇത്രമേൽ ഉണ്ടെങ്കിലും അദ്ദേഹത്തിന്റെ ഗൃഹജീവിതം എത്രയും ഒതുങ്ങിയ നിലയിലാണ്. ഇടിഞ്ഞു പൊളിഞ്ഞു വീഴാറായ ഒരു ചെറുഭവനത്തിൽ ഏറ്റവും ഒതുങ്ങിയ മട്ടിലാണദ്ദേഹത്തിന്റെ താമസം. എന്നാൽ രാക്ഷസന്റെ സ്ഥിതി ഇങ്ങിനെയൊന്നുമല്ല. അദ്ദേഹം നന്ദവംശാമാത്യനുള്ള എത്രയും ഉയർന്ന പദവിയിലാണ് താമസം. ആളുകൾ അദ്ദേഹത്തെ സ്നേഹിച്ചിട്ടാണ് ചാണക്യനെപ്പോലെ ഭയപ്പെട്ടിട്ടല്ല, അദ്ദേഹത്തിന്റെ ഇഷ്ടങ്ങൾ സാധിപ്പിക്കുന്നത്. ആശ്രിതന്മാരെയും സ്നേഹിതന്മാരെയും അദ്ദേഹത്തിന്നു വളരെ വിശ്വാസമാണ്. ദീനന്മാരിൽ ദയ, സുഹൃത്തുക്കളിൽ സ്നേഹം മുതലായ ഗുണങ്ങൾക്കു പുറമെ സർവ്വോപരിയായി സ്വാമിഭക്തിയും രാക്ഷസന്നുണ്ട്. തന്റെ സ്വാമിയായ സർവ്വാർത്ഥസിദ്ധി വംശത്തോടെ നശിച്ചുപോയിട്ടു കൂടി സ്വർഗ്ഗസ്ഥനായ അദ്ദേഹത്തിന്റെ പേരിലുള്ള കടമ തീർക്കുവാനായിട്ടാണ് രാക്ഷസൻ ശത്രുക്കളോടെതിരിട്ടത്. സർവ്വാർത്ഥസിദ്ധിയുടെ പേരു പറയുമ്പോഴക്കു രാക്ഷസന്റെ കണ്ണിൽ വെള്ളം നിറയും. ഇതൊക്കെയും അദ്ദേഹത്തിന്റെ വാക്കുകളിൽനിന്നും ചേഷ്ടകളിൽനിന്നും അനേകം പ്രാവശ്യം വ്യക്തമായിട്ടുണ്ട്. 'വിശ്വസിച്ചവരെ വിശ്വസിക്കുക' എന്ന ഗുണം ചന്ദനദാസന്റെ കഥയിൽനിന്നു ധാരാളം വ്യക്തമാവുന്നുണ്ട്. രാക്ഷസന്നുള്ള ഈ വക ഗുണങ്ങളെപ്പറ്റി ചാണക്യന്നു നല്ല അറിവും ബഹുമാനവുമുണ്ട്. ഇത്രമേൽ ഗുണവാനായ രാക്ഷസനെ മന്ത്രിയായിക്കിട്ടിയാലെ ചന്ദ്രഗുപ്തന്റെ സാമ്രാജ്യം നിലനില്പ വരികയുള്ളൂ എന്നു വെച്ചിട്ടാണ് ചാണക്യൻ, കാട്ടാനയെ വാരിക്കുഴിയിൽ ചാടിച്ചു പിടിച്ചിണക്കുന്നതുപോലെ, രാക്ഷസനെ വിവിധോപായങ്ങളെക്കൊണ്ടു വശത്താക്കി പറഞ്ഞതുപോലെ പ്രവർത്തിപ്പിക്കുവാൻ ത്രിവിധകരണങ്ങളെക്കൊണ്ടും യത്നിക്കുന്നത്.

കെ. വി. എം.

# മൂഢന്റെ കഥാകഥനം.

മൂഢൻ ഒരു രാജസദസ്സിലെ വിദ്വത്സഭയിൽ അംഗമായിരുന്നു. ആ രാജാവ് ഏതു രാജ്യം ഭരിച്ചിരുന്നു എന്നോ അദ്ദേഹത്തിന്റെ രാജ്യഭരണരീതി എന്തായിരുന്നു എന്നോ നമുക്കറിവാൻ തരമില്ല. എങ്കിലും വിദ്വാന്മാരെ അറിഞ്ഞു ബഹുമാനിക്കുന്ന ആളായിരുന്നു, നിശ്ചയം തന്നെ. മൂഢൻ യുവാവായ ഒരു കർണ്ണാടക കവിയായിരുന്നു. സകലസൽഗുണസമ്പൂർണ്ണയായ അദ്ദേഹത്തിന്റെ പ്രണയിനി 'മനോരമ'യും അദ്ദേഹവും ഏതു തരത്തിലാണ് അവരുടെ ഗൃഹജീവിതത്തെ നയിച്ചിട്ടുള്ളതെന്നു മൂഢൻ ഉണ്ടാക്കിയ 'ശ്രീരാമാശ്വമേധം' എന്ന ഗ്രന്ഥത്തിൽ സ്പഷ്ടമായി വർണ്ണിച്ചിരിക്കുന്നു. ഒരു സന്താനംപോലും ലഭിച്ചിട്ടില്ലാത്തതിനാൽ അവരുടെ വിവാഹം കഴിഞ്ഞിട്ടു അധികനാളായിട്ടില്ലെന്നു ഏകദേശം ഊഹിക്കാം. പകൽ സമയം മുഴുവൻ ഭർത്താവിനെ പിരിഞ്ഞിരിക്കുന്നതിൽ ഭാര്യയ്ക്കുള്ള സങ്കടവും ഇതിനെ ഏറെക്കുറെ സ്പഷ്ടമാക്കുന്നു.

ഇങ്ങിനെയിരിക്കെ വർഷകാലമാരംഭിച്ചു. ഭർത്തൃവിരഹിണിയായ മനോരമയ്ക്കു് അക്കാലങ്ങൾ വളരെ ദുസ്സഹമായി തോന്നി. ഒരു ദിവസം വൈകീട്ടു മൂഢൻ രാജസന്നിധിയിൽനിന്നു വന്നപ്പോൾ മനോരമ അദ്ദേഹത്തിന്റെ പാദപ്രക്ഷാളനത്തിനു കുറച്ചു ജലവും ഇരിക്കുന്നതിനു ഒരു പലകയും കൊടുത്തിട്ടു താൻ പ്രത്യേകം ഒരുക്കിവെച്ചിരുന്ന കുറെ ഫലങ്ങൾ കൊണ്ടുവന്നു കൊടുത്തു. അദ്ദേഹം അതു ഭക്ഷിച്ചു തൃപ്തനായെന്നു കണ്ടപ്പോൾ ഇപ്രകാരം സംഭാഷണമാരംഭിച്ചു:—

മനോരമ—ഹാ! ഈ ദിവസങ്ങൾ എത്ര ദുസ്സഹമായിരിക്കുന്നു. തീരെ സമയം പോകുന്നില്ല. പ്രാണനാഥൻ ഒരു കഥ പറഞ്ഞാൽ എനിക്കു വളരെ സുഖം തോന്നും.

മൂഢൻ—പ്രിയേ! നിന്റെ ഇഷ്ടം അങ്ങിനെയാണെങ്കിൽ കഥ പറയുന്നതിനു ഞാൻ ഒരുക്കമാണ്. നവരസങ്ങളിൽ ഏതിനോടാണ് നിനക്കധികം ഇഷ്ടമുള്ളത്? ശൃംഗാരമോ കരുണമോ വീരരസമോ ഏതാണ്?

മനോ—എല്ലാ രസങ്ങളും അടങ്ങിയ ഒരു കഥ പറയണം.

മൂഢ—ആകട്ടെ, ഭീമന്റെയോ വിക്രമന്റെയോ കഥ പറയാം.

മനോ—എനിക്കതു രണ്ടും കേൾക്കേണ്ട. ശ്രീരാമന്റെ കഥയല്ലേ അധികം നല്ലത്?

മൂഢ—എന്നാൽ സീതാവിവാഹമാകട്ടെ.

മനോ—അത് ഇതിനുമുമ്പു എന്നോടു പറഞ്ഞതാണല്ലോ. ഇന്നൊരു പുതിയ കഥ കേൾക്കാനാണ് എനിക്കാഗ്രഹം.

മൂഢ—'ശ്രീരാമാശ്വമേധ'മായാലോ? ഗദ്യമോ പദ്യമോ ഏതാണ് വേണ്ടത്?

മനോ—പദ്യം പാറക്കല്ലുപോലെ മുരടിയതും ഗദ്യം റോസാപ്പൂപോലെ മൃദുവും ആകയാൽ ഗദ്യത്തിൽ തന്നെ പറയണം.

മൂഢ—ആകട്ടെ നിന്റെ ഇഷ്ടംപോലെ. നല്ല സംസ്കൃതഗദ്യത്തിൽ പറയാം.

മനോ—കസ്തൂരിയെപ്പോലെ വാസനയുള്ള എന്റെ മാതൃഭാഷയുള്ളപ്പോൾ എന്തിനാണ് സംസ്കൃതപാഠം തിരയുന്നത്?

* ഒരിംഗ്ലീഷുമാസികയിൽ നിന്ന്.

മുധ— എന്റെ പ്രിയപ്പെട്ട മനോരമേ! മുത്തും പവിഴവും ചേൎന്ന നിന്റെ ഈ കണ്ഠാഭരണംപോലെ സംസ്കൃതവും കൎണ്ണാടകവും ഇടകലൎത്തി പറഞ്ഞാലൊ?

മനോരമ സമ്മതിച്ചു. മുധനൻ പ്രതിഫലം കിട്ടാതെ യാതൊരു കഥയും പറയുക പതിവില്ലായിരുന്നു. അദ്ദേഹത്തിന്റെ കൃതികളെ മഹാരാജാവുപോലും അഭിനന്ദിച്ചു മതിയായ പ്രതിഫലം കൊടുത്തുവന്നിരുന്നു.

മുധ— ആകട്ടെ, ഞാൻ കഥപറയാം. എന്നാൽ നീ എനിക്കെന്തു സമ്മാനം തരും?

മനോ— ഞാൻ എന്നെത്തന്നെ തന്നേക്കാം.

മുധ— എന്ത്? നിന്നെത്തന്നെ എന്നോ! നിന്റെ അച്ഛനും അമ്മയും കൂടി നിന്നെ എനിക്കായി തന്നിട്ടുള്ള കഥ മറന്നുപോയോ? വീണ്ടും നീ എങ്ങിനെയാണു തരുന്നത്?

മനോ— പിന്നെ ഞാനെന്താണു തരേണ്ടത്? എങ്കിലും ഒരു കഥ പറയണം; അപ്പോഴാകട്ടെ. മഹാരാജാവും കഥ പറഞ്ഞ ശേഷമാണല്ലൊ സമ്മാനം തരുക പതിവുള്ളത്.

അതു മതി എന്നു പറഞ്ഞു മുധനൻ കഥപറയാനാരംഭിച്ചു. ശ്രോതാവിന്റെ നയനങ്ങളിൽനിന്നും ധാരമുറിയാതെ അശ്രുകണങ്ങൾ പ്രവഹിക്കത്തക്കവിധത്തിൽ, സീതയെ കാട്ടിലേക്കു കൊണ്ടുപോകുന്നതിനു ശ്രീരാമൻ ലക്ഷ്മണനോടാജ്ഞാപിക്കുന്ന ഭാഗം അദ്ദേഹം വൎണ്ണിക്കുന്നു. മൎമ്മഭേദകമായ വിധത്തിൽ സീത വിലപിക്കുന്നതും അവസാനത്തിൽ അവളെ തനിയെ കാട്ടിൽ വിട്ടിട്ടു ലക്ഷ്മണൻ അയോധ്യയിലേക്കു മടങ്ങുന്നതും അപ്പോൾ 'വത്സ! ഞാൻ കരഞ്ഞു എന്നു രാമദേവനോടു പറയരുതെ. അദ്ദേഹം ഇതറിഞ്ഞാൽ ഇതിലധികം വിലപിക്കും'. എന്നുപദേശിക്കുന്നതും മറ്റും വൎണ്ണിച്ചശേഷം 'ഇവിടെ അയോധ്യയിൽ സീതാരാമൻ ദിഗ്വിജയത്തിനായുള്ള കുതിരയെ......'എന്നു പറഞ്ഞപ്പോൾ

'കുതിരയെക്കൊണ്ടു കളയു. ആ ഘോരവനത്തിൽ അനന്യശരണയായി ഉപേക്ഷിക്കപ്പെട്ട സീതയുടെ സ്ഥിതി എന്തായി എന്നറിയാഞ്ഞിട്ട് എന്റെ ഹൃദയം തളരുന്നു.' എന്നു മനോരമ ഇടയ്ക്കു തടഞ്ഞു പറഞ്ഞു. അനന്തരം വാല്മീകി മഹർഷി തന്റെ ആശ്രമത്തിലേക്കു അവളെ കൂട്ടിച്ചുകൊണ്ടുപോയ കഥ പറഞ്ഞശേഷം 'ഇവിടെ അയോധ്യയിൽ സീതാരാമൻ......' എന്നു തുടങ്ങിയപ്പോൾ

മനോ— എന്തസംബന്ധമാണ് പ്രിയതമൻ പറയുന്നത്? സീതയെ ദൂരത്തെറിഞ്ഞ ആ കഠിനഹൃദയൻ സീതാരാമനോ? അയാൾ ഭീമനായിരിക്കും.

മുധ— പ്രിയെ! ഇതു ശരിയല്ല. അദ്ദേഹം കഠിനഹൃദയനൊ? സീതയെ വിട്ടുപിരിഞ്ഞപ്പോൾ അദ്ദേഹത്തിനു എത്രമാത്രം വ്യസനമുണ്ടായി എന്നു നിനക്കറിഞ്ഞുകൂടെ?

മനോ— എന്ത്? അദ്ദേഹം വിധികൎത്താവും കുറ്റക്കാരനും രണ്ടും ആയിരുന്നു എന്നോ? ലജ്ജിതനൊ ശിക്ഷ അനുഭവിക്കേണ്ടതായിവന്നൊ?

മുധ— പ്രിയെ! നീ എന്താണു പറയുന്നത്? ആരാണ് വിധികൎത്താവ്? അദ്ദേഹത്തിന്റെ പേരു നിഷ്കളങ്കമായി സൂക്ഷിക്കുന്നതിന് അദ്ദേഹം ചുമതലപ്പെ

ട്ടവനല്ലേ? രാമൻ സീതയെ ഉപേക്ഷി ച്ചു എന്നു വിചാരിക്കരുത്.

മനോ — രാമനുപേക്ഷിച്ചാലും ലക്ഷ്മണനു പേക്ഷിച്ചാലും ലോകരുപേക്ഷിച്ചാലും ഏതായാലും ഫലമൊന്നുതന്നെ. നിർഭാഗ്യവതിയായ ആ സാധ്വി നിഷ്കരുണം വനത്തിൽ തള്ളപ്പെട്ടു.

അദ്ദേഹം വീണ്ടും കഥ തുടൎന്നു. കഥാഭാഗത്തെക്കു അവളെ ഒന്നുകൂടി ആകൎഷിക്കുന്നതിനായി ഇടക്കു അദ്ദേഹം 'ദേവി' എന്നു സംബോധന ചെയ്തു.

മനോ — ദേവി! ശ്രീദേവിയോ ഭൂദേവിയോ?

മൂഢ — ഞാൻ നിന്നേയാണ് ദേവി എന്നു വിളിച്ചത്.

മനോ — അങ്ങയുടെ ധൎമ്മപത്നിയായ ഇവളെ ദേവി എന്നു വിളിക്കത്തക്കവിധം കഥയിൽ അത്രമാത്രം ലയിച്ചിരിക്കാം.

മൂഢ — എന്തോ എനിക്കു നിശ്ചയമില്ല.

മനോ — ഞാൻ ഏതു ദേവിയാണെന്നാണ് പറഞ്ഞത്?

മൂഢ — രതിദേവിയല്ലാതാരാണ്?

മനോ — അപ്പോൾ അവിടുന്നു മദനദേവനാണല്ലോ.

മൂഢ — ദേവിയുടെ അനുഗ്രഹം അങ്ങിനെയാണെങ്കിൽ, ആകട്ടെ.

മനോ — മന്മഥനെ ഉണ്ടാക്കുന്ന മദനദേവ! അങ്ങയുടെ രതിദേവിയെ ഒന്നു വൎണ്ണിക്കുക.

മൂഢ — ഇതൊരു വലിയ കല്പനതന്നെ. ഞാൻ ദേവിയെക്കുറിച്ചു പാടുകയെന്നോ?

മനോ — രതിദേവിയെ വൎണ്ണിക്കാൻ പാടില്ലെങ്കിൽ പിന്നെ എന്തു മന്മഥനാണ്?

മൂഢ — ഹാ! ഈ മദനദേവനൊ? പാടാൻ സാധിക്കുകയില്ലെന്നൊ? കൂടിയെ തീരു എന്നു വരുന്നപക്ഷം അതിനും കഴിയുമായിരിക്കും. 'കുവലയദളങ്ങളെ അതിശയിക്കുന്ന നേത്രഭംഗിയും ചന്ദ്രബിംബംപോലെ ശോഭമാനമായ മുഖകമലവും ആ കൃശാംഗിയെ സവിശേഷം........'

മനോ — (കടാക്ഷവിക്ഷേപത്തോടെ) നിങ്ങളുടെ രതിദേവിക്കു അത്ര കൃശമായ ശരീരമാണെങ്കിൽ ഒരു പക്ഷേ അവൾക്കു ക്ഷയരോഗം പിടിപെട്ടിരിക്കാം. കണ്ണിലും മുഖത്തും പുഷ്ടവും ചന്ദ്രനുമുണ്ടെങ്കിൽ നിൎദ്ദയനായ അവളുടെ കാമുകൻ അവളെ പിരിഞ്ഞിരിക്കുന്നതിനാലുള്ള വിരഹപീഡക്കു പരിഹാരം ചെയ്യുകയായിരിക്കാം.

മൂഢ — എന്റെ ഭരദേവതെ! എന്താണിത്ര കോപിക്കുന്നതു്. ഞാൻ സരസ്വതിയെ ഒന്നു വന്ദിക്കട്ടെ. സാക്ഷാൽ രതിദേവിയെ ആരു മടങ്ങു പുകഴ്ത്തുന്നതിനു അപ്പോൾ എനിക്കു സാധിക്കുമെന്നു ഞാനിതാ ഈ പൂണുനൂൽ തൊട്ടു സത്യം ചെയ്യുന്നു. (സരസ്വതിയെ വന്ദിക്കുന്നു.)

മനോ — ദേവി പ്രസാദിച്ചൊ?

മൂഢ — പ്രാൎത്ഥനകൊണ്ടും കീൎത്തനംകൊണ്ടും ദേവി പ്രസാദിച്ചിരിക്കണം. ഇനി ഞാൻ വൎണ്ണിക്കട്ടെ. 'മഹാകാളിയെപ്പോലെ കറുത്ത...............' അവളെ കേശാദിപാദം വൎണ്ണിക്കണമെന്നു കരുതിയാണ് മൂഢനൻ ഇപ്രകാരം ആരംഭിച്ചത്. അപ്പോഴെക്കും മനോരമ തടുത്തുംകൊണ്ട്, 'രതിദേവിയെ സ്തുതിക്കുന്നതിനു മഹാകാളി എന്തു വേണം'?

മൂഢ — ഹാ! നീ ഇടക്കു തടസ്ഥം ചെയ്യുന്നു

വല്ലൊ. അപ്പൊ ഞാൻ വിഘ്നേശ്വരനെ വന്ദിച്ചില്ലല്ലൊ. അതിനാലാണു തടസ്ഥമുണ്ടായത്.

'വന്ദേഹം വിഘ്നരാജേന്ദ്ര
മേകദന്തം ഗണേശ്വരം
……………… ………
മഹാകായ! പ്രസീദമേ'.

എന്റെ രതിദേവിയെ സ്തുതിക്കുന്നതിന് എന്നെ അനുഗ്രഹിച്ചാൽ, അവിടുന്നു എനിക്കു തരുന്ന സമ്മാനത്തിന്റെ ഒരു ഭാഗം അങ്ങേക്കായി സമപ്പിച്ചു കൊള്ളാം.

മനോ__ അങ്ങയുടെ വിഘ്നരാജൻ ഏകദന്തനാണെന്നല്ലെ പറഞ്ഞത്? പിന്നെ യെങ്ങിനെയാണദ്ദേഹം ഭക്ഷണം കഴിക്കുന്നത്?

മധ—പ്രിയേ! എന്താണിത്? ഈശ്വരൻ ഭക്ഷിക്കുമോ? എങ്കിൽ ഞാൻ കൊടുക്കുകയും ചെയ്യും.

മനോ__പിന്നെ അവിടത്തേക്കു തരേണ്ടുള്ളത്?

മധ__നിശ്ചയമായും നീ വല്ലതും തരുമോ?

മനോ__കിട്ടുമെന്നുതന്നെ വിചാരിക്കുക.

മധ__അതു മുഴവൻ ഞാനെങ്ങിനെ തിന്നും? അതുകൊണ്ടു കാമദേവനു * ചക്കയും ശരിഗിയും മുധനനു അവലും പഴവും അതിമധുരമായ കഥ പറഞ്ഞു കവിക്കു കരിമ്പും കൊടുത്തുകൊണ്ട് എന്റെ പങ്കായി നാളികേരവും സ്വീകരിക്കും.

മനോ__അതു കൊള്ളാം. രതിദേവിക്കു ഞ്ഞു കൊടുക്കും.

മധ__ദേവിയാണല്ലൊ തരുന്നത്.

മനോ__മനോരമക്കോ?

* ഇവ ചില ഭക്ഷണപദാത്ഥങ്ങളുടെ കന്നടസങ്കേതങ്ങളാണ്.

മധ__രതിദേവിയെക്കുറിച്ചുള്ള സ്തുതിയിൽ ഞാൻ മനോരമയെ വിസ്മരിച്ചുപോയി. ഭക്ഷണസാധനങ്ങളെല്ലാം പങ്കു വെച്ചു തിന്നതുകൊണ്ടു വല്ലതും ഉച്ഛിഷ്ടം വന്നാൽ ഞാനതു മനോരമക്കു കൊടുക്കും.

മനോ__എന്തൊരു കഠിനഹൃദയൻ! ഇരിക്കട്ടെ; കഥ പറയണം.

ഇങ്ങിനെ ആ തക്കം തീൎന്നു. മധുനൻ കഥ പറവാൻ തുടങ്ങി. ആ ഭാഗം മുഴവൻ ഇവിടെ പകൎത്തണമെന്നു വിചാരിക്കുന്നില്ല. ഇനി നമുക്കു മറ്റൊരു ഭാഗത്തേക്കു കടക്കാം. ദിഗ്വിജയത്തിനായി പുറപ്പെട്ടു ശത്രുഘ്നനേയും അദ്ദേഹത്തിന്റെ മഹാസേനയേയും ചതുൎവ്വിധവിഭവങ്ങളോടു കൂടി ഒരു ഋഷി സല്ക്കരിച്ച കഥ മധുനൻ പറഞ്ഞു തുടങ്ങി.

മനോ__സ്വാഗതവചനങ്ങളാൽ മാത്രമായിരിക്കാം; അതൊ വാസ്തവമായും സല്ക്കരിച്ചു എന്നൊ?

മധ__ഒരിക്കലുമല്ല; അവൎക്കു മുഷ്ടാന്നവും സുഗന്ധപുഷ്പങ്ങളും വാസനാദ്രവ്യങ്ങളും മററും സമ്മാനിച്ചും അവരുടെ മററാവശ്യങ്ങളും സാധിച്ചും സല്ക്കരിക്കതന്നെ ചെയ്തു.

മനോ__അനേകായിരം ജനങ്ങൾക്കു വേണ്ട സാമഗ്രികൾ ഒരു കാട്ടിൽ പാൎക്കുന്ന മുനി സംഭരിച്ചുകൊടുക്കുന്നതെങ്ങിനെയാണ്? ഞാൻ അത്ഭുതപ്പെടുന്നു.

മധ__ജപത്തിന്റെയും തപസ്സിന്റെയും മാഹാത്മ്യം ഒട്ടും ചെറുതല്ല. അദ്ദേഹത്തിന്റെ എല്ലാ ആവശ്യങ്ങളും തപശ്ശക്തിയാൽ സാധിക്കുന്നു.

മനോ__എന്തൊരാശ്ചൎയ്യം!

മധ—ഏകാക്ഷരി, ദ്വയാക്ഷരി പഞ്ചാക്ഷരി എന്നിങ്ങിനെ പലതരത്തിലുള്ള

മഹാമന്ത്രങ്ങളെക്കുറിച്ചു നീ കേട്ടിട്ടില്ലേ?

മനോ—അവയെ ആവൎത്തിക്കുന്നതുകൊണ്ടുള്ള ഗുണമെന്താണ്?

മൃധ—ഇപ്രകാരമുള്ള മന്ത്രോച്ചാരണത്താലും പ്രാൎത്ഥനയാലും തങ്ങളുടെ ഇഷ്ടദേവതമാർ (ദേവന്മാർ) സന്തോഷിച്ചു പ്രത്യക്ഷപ്പെട്ടു വേണ്ട വരങ്ങൾ ചോദിക്കുന്നതിന്നാവശ്യപ്പെടുന്നു.

മനോ—അപ്പോൾ ഋഷിമാരെല്ലാം സ്വഛന്ദവൃത്തികളായിരിക്കുമല്ലൊ.

മൃധ—അതെ, അങ്ങിനെതന്നെ.

മനോ—കവികളുടെ കഥയാണ് കഷ്ടമായിട്ടുള്ളത്. അവർ ഗ്രന്ഥനിൎമ്മാണാനന്തരം കേവലം ഭ്രാന്തന്മാരെപ്പോലെയായിത്തീരുന്നു. സ്വന്തം കുടുംബത്തിന്റെ ആവശ്യങ്ങൾപോലും അവർ അന്വേഷിക്കുന്നില്ല. ദിവ്യന്മാരായ മഹൎഷിമാരെപ്പോലെ ഈ കൂട്ടൎക്കും ഒരു മന്ത്രം കിട്ടിയിരുന്നെങ്കിൽ കൊള്ളാമായിരുന്നു.

മൃധ—ഭവതി എന്നെ പരിഹസിക്കുന്നു. നമുക്ക് എന്തൊരാവശ്യമാണുള്ളത്? നമുക്കൊരു മന്ത്രമില്ലെങ്കിലല്ലേ മഹൎഷിമാരെ ആശ്രയിക്കേണ്ടു? ഊഷരയെ ഉൎവ്വരയായും ഏധൻതോട്ടത്തെ സഹാറയായും മാററി മറിക്കാൻ കഴിയുന്ന കവികളുടെ വൈഭവം മഹൎഷിമാരുടേതിനേക്കാൾ ചെറുതാണൊ? കവികളുടെ വാക്ക് അനുഗ്രഹവും സ്വയം സ്വൎഗ്ഗവുമാണ്. എന്തിനധികം വിസ്തരിക്കുന്നു? സ്വന്തം വാക്കിന്റെ ശക്തിയാൽ സൃഷ്ടിക്കും സംഹാരത്തിനും നിഗ്രഹാനുഗ്രഹങ്ങൾക്കും എന്നുവേണ്ട സകലത്തിനും ശക്തിയുള്ള മഹാകവികൾ മൂന്നുലോകത്തേയും ജയിക്കുന്നു.

മനോ—(സ്വഗതം.) ആശ്ചൎയ്യം തന്നെ. ഇതെല്ലാം സത്യമൊ എന്നെ കളിപ്പിക്കാൻ വേണ്ടി പറഞ്ഞതൊ? ഈശ്വരനുമാത്രമറിയാം (പ്രകാശം) എന്നാൽ അങ്ങേക്കും അവിടുത്തെ കൂട്ടുകാൎക്കും ഇത്തരത്തിലുള്ള മന്ത്രങ്ങളുണ്ടായിരിക്കണമല്ലൊ.

മൃധ—നിശ്ചയമായും.

മനോ—അങ്ങേക്കൊ? എന്നാൽ അതൊരു വലിയ കാൎയ്യമാണല്ലൊ ഇതിന്റെ ഉപദേശകൎത്താവാരാണ്?

മൃധ—എന്റെ ബാല്യത്തിൽ ഉപാധ്യായൻ എനിക്കുപദേശിച്ചു തന്നതാണ്.

മനോ—നാഥ! അതെന്താണെന്നെന്നോടു പറയാമൊ?

മൃധ—അയ്യോ! അതൊരിക്കലും സ്ത്രീജനങ്ങൾ കേൾക്കാൻ പാടുള്ളതല്ല.

മനോ—എന്നെ പഠിപ്പിച്ചാലും വേണ്ടതില്ല; ഇല്ലെങ്കിലും വേണ്ടതില്ല ഞാനതിന്റെ പേരു മാത്രമെ ആവശ്യപ്പെട്ടുള്ളു.

മൃധ—ഇതു തപസ്വികളുടെ ഏകാക്ഷരിയോ ദ്വയാക്ഷരിയോ അല്ല. ഞങ്ങളുടെ മന്ത്രം സപ്താക്ഷരിയാണ്. മഹാമന്ത്രങ്ങളുടെ ശിരോരത്നമായ ഈ മന്ത്രത്തിന്റെ ശക്തി....

മനോ—ഇതു ഏതു ദേവിക്കുള്ളതാണ്? ഈ മന്ത്രം ആദ്യമായി ഉപദേശിച്ചതാരാണ്?

മൃധ—ഇതൊക്കെ അറിഞ്ഞിട്ടു നിനക്കെന്തു കാൎയ്യമാണ്?

മനോ—കാൎയ്യമൊന്നുമുണ്ടായിട്ടല്ല. അറിയാൻ വേണ്ടി മാത്രം ചോദിച്ചതാണ്.

മൃധ—ഈ മന്ത്രത്തിന്റെ അധിഷ്ഠാനദേവത ജ്യേഷ്ഠാഭഗവതിയാണ്.

മനോ—ഹാ! എന്തൊരു ദിവ്യമന്ത്രം. അ

ങ്ങയുടെ തൃപ്പാദത്താണേ! ഞാൻ മററാരോടും പറയുകയില്ല. ഇതെന്താണെന്നെന്നോടു പറയണം.

മൃധ—എന്ത്! സപ്താക്ഷരമന്ത്രമാണെന്നു ഞാൻ പറഞ്ഞുവല്ലോ.

മനോ—പേരുമാത്രം അറിഞ്ഞതുകൊണ്ടെന്താണ് ഫലം? മന്ത്രം തന്നെ പറയണം.

മൃധ—എന്തൊരു ദുശ്ശീലമാണിത്. മുമ്പെ ഇവൾ പേരുമാത്രം ചോദിച്ചു. അതു പറഞ്ഞപ്പോൾ മന്ത്രം തന്നെ അറിയണമെന്നായിരിക്കുന്നു. കുറച്ചുകൂടി കഴിഞ്ഞാൽ മറെറാന്നാകും. ഞാൻ ധരിച്ചിരിക്കുന്ന വസ്ത്രത്തെയും ഈ പ്രേമത്തെയും തൊട്ടു കൊണ്ടു പറയുന്നു, നിശ്ചയമായും അതു ഞാൻ പറയുകയില്ല. ഇതു നിന്റെ നയനങ്ങൾക്കും പാദങ്ങൾക്കും അശുഭോദർക്കമായിട്ടുള്ളതാണ്.

ഇപ്രകാരം അത്യത്ഭുതകരവും ദിവ്യശക്തിയുള്ളതുമായ ആ മഹാമന്ത്രം എന്താണെന്നറിവാൻ എന്റെ വായനക്കാർക്കു ജിജ്ഞാസയുണ്ടായിരിക്കാം. 'നയനങ്ങൾക്കും പാദങ്ങൾക്കും അശുഭകരം' എന്നാണല്ലോ അതിന്റെ ഫലശ്രുതി പറഞ്ഞത്. അത് എന്തെങ്കിലുമാകട്ടെ. അല്പംകൂടി വായിക്കുമ്പോൾ ആ സപ്താക്ഷരി എന്താണെന്നു നമുക്കും പഠിക്കാം.

മനോ—വേദവും വേദാന്തവും കൂടി സ്ത്രീകൾ കേൾക്കുന്നു. ഒരു മന്ത്രം മാത്രം കേൾക്കരുതെന്നോ? അങ്ങയുടെ അഹംഭാവം ഒട്ടും ചെറുതല്ല.

മൃധ—നീ വിചാരിക്കുന്നതിൽ പകുതി ഭാഗം എനിക്കില്ല. വേദവും മന്ത്രവും തമ്മിൽ അജഗജാന്തരമുണ്ട്. എന്നുതന്നെയുമല്ല, മന്ത്രം രഹസ്യങ്ങളുടെ രഹസ്യമാണ്. ഞാനിതു പറകയും നീ കേൾക്കുകയും രണ്ടും ഉണ്ടാകയില്ല. അതുകൊണ്ടു നമുക്കു കഥ മുഴുവനാക്കാം. 'ഇപ്രകാരം ആ മഹർഷി....'

മനോ—എനിക്കു കഥ കേൾക്കേണ്ട. മന്ത്രം എന്താണെന്നു പറയുകയില്ലേ? എന്റെ കഴുത്തിൽ കിടക്കുന്ന ഈ മാംഗല്യസൂത്രത്തോട് അങ്ങേക്ക് അല്പമെങ്കിലും സ്നേഹമുണ്ടെങ്കിൽ എന്നോടു പറയണം.

മൃധ—ഈ സ്വഭാവം ആർക്കും കൊള്ളുകയില്ല. (സ്വഗതം) ഞാൻ പറയുകയില്ലെന്നു എത്രതന്നെ ഉറപ്പായി പറഞ്ഞിട്ടും ഇവൾ കേൾക്കുന്നില്ല. (അല്പനേരം ആലോചിച്ച ശേഷം) പ്രിയേ! ഞാൻ പറഞ്ഞാൽ നീ രഹസ്യമായിത്തന്നെ വെച്ചുകൊള്ളുമോ?

മനോ—നിശ്ചയമായും.

മൃധ—എന്നാൽ കേട്ടുകൊള്ളുക. ഭ....വ.... നീ ആരോടും പറയുകയില്ലെന്ന് എന്റെ കയ്യിൽ തൊട്ടു ആണയിടണം.

മനോ—അങ്ങിനെ തന്നെ. ഞാനിതാരോടും പറയുകയില്ല.

മൃധ—കേട്ടോളൂ. ഭവ...തിഭി.... പ്രിയേ! നീ സത്യലംഘനം ചെയ്യുമോ? എങ്കിൽ ഞാൻ പറയുകയില്ല.

മനോ—പ്രാണനാഥന് എന്നെ ഇത്ര അവിശ്വാസമോ?

മൃധ—എന്നാൽ പറയാം. "ഭവതിഭിക്ഷാം ദേഹി"* ഇതാണ് ഞങ്ങളുടെ സപ്താക്ഷരമന്ത്രം.

മനോ—അങ്ങ് എന്നെ കളിയാക്കുന്നു. എ

* ഭക്ഷ്യം വാങ്ങാൻ ചെല്ലുന്ന ഭിക്ഷുകൾ സാധാരണ പറയുന്ന വാക്യം.

ന്നെപ്പോലെയുള്ള വിഡ്ഢികൾ മാത്രമെ അങ്ങയുടെ കഥ കേൾക്കകയുള്ളു.

മൃഡനൻ പിന്നെയും കഥ തുടൎന്നു പറഞ്ഞു. സീതയുടെ പ്രത്യാഗമനത്തിന്റെ ശേഷം അയോധ്യയിലെ സ്ഥിതി വൎണ്ണിച്ച് 'അവർ ഇപ്രകാരം സൎവ്വസമ്പത്സമൃദ്ധിയോടെ വാണു' എന്നവസാനിപ്പിച്ചു.

മനോ—അങ്ങിനെ കഥയും പൂൎത്തിയായി.

മൃഡ—ഒരുവിധത്തിൽ ഈ മുരഞ്ഞ കഥ അവസാനിച്ചു.

മനോ—മുരഞ്ഞ കഥയോ? ശ്രീരാമന്റെ കഥയെക്കുറിച്ച് ഇങ്ങിനെ പറയാമോ?

മൃഡ—രാമകഥയെക്കുറിച്ചല്ല പറഞ്ഞത്. ഒരു രസവുമില്ല, ഗുണവുമില്ല; മുഷിച്ചിലും തോന്നും. അത്തരത്തിലാണല്ലൊ ഞാൻ പറഞ്ഞത്.

മനോ—തങ്ങളുടെ കൃത്യങ്ങൾ എത്രതന്നെ മഹത്തായിരുന്നാലും മഹാന്മാർ അവയെ ശ്ലാഘിക്കുക പതിവില്ലല്ലൊ.

മൃഡ—നിനക്കിതു രസിച്ചു എന്നാണൊ പറയുന്നത?

മനോ—(തന്റെ വാഗ്ദാനത്തെ മറന്നിട്ടു) ഞാൻ മാത്രമോ? ഇതു കേൾക്കുന്നവരൊക്കയും ഈ അഭിപ്രായം തന്നെ പറയും.

മൃഡ—(സസ്മിതം) നിനക്കെന്നോടുള്ള സ്നേഹംകൊണ്ടു പറയുന്നതാണ്.

മനോ—അങ്ങയുടെ വേറെപ്പോലെ തന്നെ ഈ കഥയും എനിക്ക് ഏററവും പ്രിയപ്പെട്ടതാണ്.

മൃഡ—തരംവരുമ്പോഴെല്ലാം നീ എന്നെ കളിയാക്കുക പതിവാണ്.

മനോ—നല്ലതിനെ ആരെങ്കിലും നിന്ദിക്കുമോ?

മൃഡ—എന്നെക്കൊണ്ട് തോണയിടാമോ?

മനോ—ഓഹോ! (ആണയിടുന്നു).

മൃഡ—എന്റെ മൂത്തശ്ശിയെക്കൊണ്ടോ?

മനോ—(വീണ്ടും ആണയിട്ടു പറയുന്നു)

മൃഡ—അതു മതി. എങ്ങിനെയായാലും നീ സന്തോഷിച്ചാൽ മതി. ഇനി എനിക്കു സമ്മാനം തരിക.

മനോ—എന്തൊരു സൂത്രക്കാരൻ! ഇതിനാണൊ ഇത്രയൊക്കെ വിദ്യയെടുത്തത്?

മൃഡ—നമുക്ക് ഒരു വിരുന്നായാലൊ?

മനോ—ഇന്നു എന്റെ····ദിവസവും മാറുമല്ലല്ലൊ.

ഇങ്ങിനെ പറഞ്ഞു മനോരമ എഴുന്നേല്ക്കാൻ തുടങ്ങി. (മൃഡനൻ അവളെ കൈപ്പടങ്ങളിൽ എടുത്തുകൊണ്ട്) 'എനിക്കുള്ള സമ്മാനം തരാതെ നിന്നെ ഞാൻ വിട്ടയയ്ക്കുകയില്ല.'

മനോ—എന്തൊരു സമ്മാനമാണ് ഞാൻ തരേണ്ടത്?

മൃഡ—ഞാൻ നിന്നോടു യാചിക്കുവാൻ വന്നവനല്ല. നീ എന്തു തന്നാലും ഞാനതു സ്വീകരിച്ചുകൊള്ളാം.

മനോ—ഞാനൊരടിമയാണെന്നു മുമ്പുതന്നെ പറഞ്ഞുവല്ലൊ.

മൃഡ—ഇന്ന വേലയ്ക്ക് ഇന്ന കൂലി കിട്ടണമെന്ന് എനിക്കു നിൎബ്ബന്ധമില്ല. ആര് എന്തു തന്നാലും സന്തോഷത്തോടെ സ്വീകരിച്ച് അത് എന്റെ പ്രയത്നത്തിനു മതിയായ പ്രതിഫലമാണെന്നു തൃപ്തിപ്പെട്ടുകൊള്ളും.

'എന്നാൽ എന്റെ സമ്മാനമിതാണ്' എന്നു പറഞ്ഞുകൊണ്ടു പ്രണയപരവശയായ മനോരമ ഭൎത്താവിനെ ആശ്ലേഷംചെയ്ത് അദ്ദേഹത്തിന്റെ ഗണ്ഡസ്ഥലങ്ങളിൽ ചുംബിച്ചു. മനോരമയെ അദ്ദേഹത്തിനു കൊടുത്തതുകൊണ്ട് ഇതും അദ്ദേഹത്തിനു കിട്ടേണ്ടതാണെന്നു ചിലർ പറ

യുമായിരിക്കും. ആ സ്ഥിതിക്ക് അത് ഒരു സമ്മാനമായി ഗണിക്കാനില്ലെന്നും വാദിച്ചേക്കാം. എന്നാൽ മുധാനാകട്ടെ, അതിന്നെ തനിക്കു രാജസദസ്സിൽനിന്നും ലഭിക്കാറുള്ള മുത്തുമാല്യത്തിനേക്കാൾ വിലവെച്ചു.

വി. കെ. നമ്പ്യാർ.

---

# പുലയന്മാർ *

എണ്ണംകൊണ്ടും, ഒരു മാതൃകാജാതിയുടെ നിലയിലും പുലയന്മാർ കൊച്ചിയിലെ അടിമജാതികളിൽ ഒരു പ്രധാനഭാഗക്കാരാകുന്നു. ഈ രാജ്യത്തിന്റെ വടക്കൻ പ്രദേശങ്ങളിൽ ഇവരെ 'ചെറുമക്കൾ' എന്നു വിളിച്ചുവരുന്നു. ഇവർ തീരെ നിരക്ഷരകുക്ഷികൾ തന്നെ. തമിഴ് പദങ്ങളും പ്രത്യയങ്ങളും ധാരാളം കൂടികലർന്നിട്ടുള്ള ഒരു വക താണ മലയാളമാണ് ഇവർ സംസാരിക്കുന്നത്. മലയാളഭാഷയുടെ ആദിരൂപം 'കൊടും തമിഴ്' ആകുന്നതിനാൽ, ഇവർ കേരളത്തിലെ ആദിമനിവാസികളുടെ താവഴിക്കാരായിരിപ്പാൻ നല്ല കാരണമുണ്ട്. ഇവരും മററു താണജാതിക്കാരും ദ്രാവിഡമലയാളം സംസാരിക്കുന്നവെന്നുള്ള സംഗതി അത്ഭുതകരമായിട്ടുള്ളതാണെന്നും, ആ വടക്കെ അമേരിക്കയിലെയും മററും നിഗ്രോജാതിക്കാർ ഇംഗ്ലീഷ് സംസാരിക്കുന്നപോലെയാണെന്നും, ഇവൎക്ക് സ്വന്തമായി ഒരു ഭാഷയുണ്ടായിരുന്നുവെന്നും, എന്നാൽ അതിപ്പോൾ മാഞ്ഞുപോയെന്നുമാണ് ഡാക്ടർ എ. എച്ച്. കീൻ (Dr A. H. Keane) എന്ന സായ്പിന്റെ അഭിപ്രായം. ഇവർ ശരീരത്തിന്റെ അവയവങ്ങളെപ്പററി മേൽജാതിക്കാരോട് സംസാരിക്കുമ്പോൾ കണ്ണിന്നു 'പറക്കണ്ണ്', ചെവിക്കു 'പഴഞ്ചെവി' എന്നിങ്ങിനെ 'പഴയ' എന്ന വിശേഷണംകൂടി ഉപയോഗിക്കും. അവരുടെ കുട്ടികളെ 'അടിക്കിടാവ്' എന്നും, വെള്ളി എന്നതിന്നു 'ചെമ്പ്' എന്നും, 'നെല്ല്' എന്നതിന്നു 'പതിര്' എന്നും പറയും; അവർ നായന്മാരെ 'തമ്പുരാക്കന്മാർ' എന്നു വിളിക്കുന്നു.

ജാതിയെപ്പററിയുള്ള ഐതിഹ്യങ്ങൾ.

പുലയരുടെ ഉല്പത്തി ഇനിയും തീൎച്ചപ്പെട്ടിട്ടില്ല. അശുദ്ധിയെന്നർത്ഥമായ 'പുല' എന്നതിൽ നിന്നാണ് 'പുലയൻ' എന്ന പദം ഉണ്ടായിട്ടുള്ളത്. 'പുല' എന്ന പദം 'പൊല്ല്' എന്നതിന്റെ മറെറാരു രൂപമാണെന്നു വിചാരിക്കുന്നപക്ഷം, തമിഴ്ജില്ലകളിലെ പള്ളന്മാരും മലബാർ, കൊച്ചി, തിരുവിതാംകൂർ ഇവിടങ്ങളിലെ പുലയന്മാരും ഒരേ ഗോത്രക്കാർ തന്നെയാണ്. 'ചെറുമന്മാർ' അല്ലെങ്കിൽ 'ചെറുമക്കൾ' എന്ന പേര് 'ചേററിലെ അല്ലെങ്കിൽ മണ്ണിലെ മക്കൾ' എന്നു സൂചിപ്പിക്കുന്നുവത്രെ. എന്നാൽ ആ പദത്തിന്നു 'ചെറിയമക്കൾ' എന്ന് അർത്ഥമാണെന്നും, അവരെ ആ വി

---

* The Cochin Tribes and Castes എന്ന പുസ്തകത്തിൽ നിന്ന്.

ം നോക്കി പരിപാലിക്കണമെന്നാണ് പരശുരാമാജ്ഞയെന്നും ചിലർ പറഞ്ഞുവരുന്നുണ്ട്.

മലയാളത്തിൽ ചേരരാജ്യം ഉൾപ്പെട്ടിരുന്നുവല്ലോ. കടൽത്തീരത്തും കോഴിക്കോട്ടിന്നു തെക്കുകിഴക്കും കിടക്കുന്ന പ്രദേശത്തിന്നു നൽകപ്പെട്ടിരിക്കുന്ന 'ചേരനാട്' എന്ന പദത്താൽ ഈ പൂർവ്വനാമത്തെ ഇപ്പോഴും നിലനിർത്തിക്കൊണ്ടു പോരുന്നതായി കാണുന്നുണ്ട്. ചേരനാട്ടിലും ഏറനാട് താലൂക്കിൽ ഏതാനും ഭാഗത്തും അതിന്നു സമീപമുള്ള സ്ഥലങ്ങളിലുമാണ് ഇവർ ഉള്ളതിലധികം കാണപ്പെട്ടു വരുന്നത്. ഏറനാട്, വള്ളുവനാട്, പൊന്നാനി ഈ മൂന്നു താലൂക്കുകളിൽ നിന്നും അധികം പേർ ഇസ്ലാം മതത്തിലേക്കു ചേർന്നിട്ടുള്ളതായി കാണുന്നതുകൊണ്ട് ഇവർ മറ്റെല്ലാ സ്ഥലങ്ങളിലേക്കാൾ അധികമായി ഇവിടങ്ങളിൽ പാർത്തിരുന്നുവെന്നു വിചാരിക്കണം. അതിനാൽ പുലയന്മാർ അല്ലെങ്കിൽ ചെറുമന്മാർ മലയാളത്തിലെ ആദ്യനിവാസികളാണെന്നുള്ള അഭിപ്രായം സ്വീകരിപ്പാൻ വളരെ ന്യായമുണ്ട്. പണ്ടു ചോളരാജാക്കന്മാരാൽ കീഴടക്കപ്പെട്ടപ്പോൾ സ്വാതന്ത്ര്യത്തെക്കാൾ നല്ലത് അടിമകളായി കാട്ടിൽ പട്ടിണികിടക്കുകയാണെന്നു കരുതിയ ചില ആദിമനിവാസികളുടെ താവഴിക്കാരാണ് ഇവരെന്നും ഒരു ഐതിഹ്യമുണ്ട്. എന്നാൽ നാട്ടുകാർ അധികവും പറയുന്നത് ഇവർ ബ്രാഹ്മണരുടെ കൃഷി ആവശ്യത്തിന്നായി പരശുരാമനാൽ സൃഷ്ടിക്കപ്പെട്ടവരാണെന്നാണ്. ഇതുകൾക്കും പുറമെ, ഇവർ ദ്രാവിഡന്മാരുടെ താവഴിക്കാരാണെന്നു ചിലരും, ആര്യന്മാരുടെ ആക്രമണത്തിന്നു മുമ്പ് ഇന്ത്യയിൽ പാർത്തുവന്നിരുന്ന ദുരേണിയന്മാരുടെ താവഴിക്കാരാണെന്നു മറ്റു ചിലരും ഇവരെപ്പറ്റി പറഞ്ഞുവരുന്നുണ്ട്. എന്നാൽ ഇതു രണ്ടും അത്ര ശരിയാണെന്നു തോന്നുന്നില്ല. ഇവർ ഇവിടത്തെ ആദിമനിവാസികളായിരിപ്പാൻ തന്നെയാണ് അധികവും സംഗതി. പക്ഷെ ആഫ്രിക്കയിലെന്നപോലെ അനവധി പുറനാട്ടുകാർ ഇവിടെയും വന്നുചേർന്നിട്ടുള്ളതിനാൽ ഇവർ അവരോടു കൂടികലർന്നു പോയിരിക്കുന്നുവെന്നേയുള്ളു. ഡാക്ടർ കീനിന്റെ അഭിപ്രായവും ഇതുതന്നെയാണ്. അദ്ദേഹം പറയുന്നത് ഇവർ ആദ്യത്തിൽ ഇന്ത്യാരാജ്യമൊട്ടുക്കു വ്യാപിച്ചിരുന്നതും, പിന്നീടു വന്ന കോളേറിയന്മാരും ദ്രാവിഡന്മാരും ആര്യന്മാരുമായി കലർന്നിട്ടുള്ളതുമായ നിഗ്രിട്ടോക്കാർ തന്നെയാണെന്നും, ഇത് അവരുടെ കറിയ ഗാത്രവും താണ നെറ്റിയും ഉന്തിയ താടിയും കൊണ്ടു കാണാവുന്നതാണെന്നുമാണ്. പുലയന്മാരുടെ തന്നെ ഇടയിൽ പറഞ്ഞുവരുന്ന ഐതിഹ്യങ്ങളിൽനിന്നും അവർക്ക് ഒരു കാലത്തു പലേടത്തും രാജ്യങ്ങളുണ്ടായിരുന്നുവെന്നു കാണാം. വടക്കൻ തിരുവിതാംകൂറിലെ പുലയന്മാർ പുലയരാജാക്കന്മാരുടെ പിൻവാഴ്ചക്കാരനെന്നു വിചാരിക്കപ്പെട്ടുവരുന്ന 'ഓയിക്കര എജമാനൻ' എന്ന ഒരാളെ ഇപ്പോഴും അത്യന്തം ആദരിച്ചു മേധാവിയായി കരുതിയും വരുന്നുണ്ട്. 'ഓയിക്കരനാട്' എന്നു ഇന്നും പറഞ്ഞുവരുന്ന നാമധേയം ഇതിൽ കുറെ സത്യമുണ്ടെന്നു കാണിക്കുന്നതുമുണ്ട്. തിരുവനന്തപുരത്തു വെള്ളിത്തടാകത്തിനരികെ 'പുലയനാർ കോട്ട' എന്ന ഒരു

കുന്നുണ്ട്. ഇവിടെ ഒരു പുലയരാജാവു വാണിരുന്നുവെന്നു വിശ്വസിക്കപ്പെട്ടുവരുന്നു. പണ്ടുകാലത്തു ഒരു പുലയൻ രാജാവായി വാണിരുന്നുവെന്നും ആ രാജാവിന്റെ അരമന തിരുവിതാംകൂറിന്റെ ഇന്നത്തെ തലസ്ഥാനത്തുനിന്നും വളരെ അകലെയായിരുന്നില്ലെന്നും തിരുവനന്തപുരത്തിന്നു ചുററുമുള്ള പുലയന്മാർ പറഞ്ഞുംവരുന്നുണ്ട്.

മേൽക്കോട്ടയിൽ ചെൽവപ്പിള്ളയുടെ ബിംബം ഒരു പറയൻ കണ്ടെത്തിയപോലെയും, ജഗന്നാഥക്ഷേത്രത്തിലെ ബിംബം ഒരു ശബരന്റെ കൈവശമായിരുന്നപോലെയും തന്നെ തിരുവനന്തപുരത്തു പത്മനാഭസ്വാമിയുടെ സംഗതിയും ഒരു പുലയനോടു സംബന്ധപ്പെട്ടിട്ടുള്ളതാണ്. അതിന്റെ കഥ ഇങ്ങിനെയാകുന്നു: ഒരിക്കൽ അനന്തൻകാട്ടിൽ തന്റെ ഭൎത്താവുമായി പാൎത്തുവന്നിരുന്ന ഒരു പുലക്കള്ളി പെട്ടെന്നു ഒരു കുട്ടിയുടെ കരച്ചിൽ കേട്ട് ഓടിച്ചെന്നു നോക്കിയപ്പോൾ ഒരു കുട്ടി നിലത്തു കിടക്കുന്നതും അതിനെ ഒരു സൎപ്പം കാത്തു രക്ഷിക്കുന്നതും കണ്ടിട്ട് അത്യന്തം ആശ്ചര്യഭരിതയായിത്തീൎന്നു. ഒടുവിൽ കുട്ടിയുടെ നേൎക്കു അനുകമ്പ തോന്നി അതിനെ എടുത്തു സ്വന്തമായി വളൎത്തി. സൎപ്പത്തിന്റെ പ്രത്യക്ഷതകൊണ്ടു കുട്ടിയുടെ ഉല്പത്തി ദൈവികമാണെന്ന് അവൾക്കു തോന്നി. ഇതു വാസ്തവമായി പ്രത്യക്ഷപ്പെടുകയും ചെയ്തു. എന്തുകൊണ്ടെന്നാൽ കുട്ടി വിഷ്ണുവിന്റെ ഒരു അവതാരമായിരുന്നു. ഈ അത്ഭുതകരമായ സംഗതി മഹാരാജാവു തിരുമനസ്സിൽ നിന്നും കേട്ട ക്ഷണത്തിൽ കുട്ടിയെ കണ്ടുകിട്ടിയ സ്ഥലത്ത് ഒരു ബിംബം സ്ഥാപിക്കുകയും അതിനെ പത്മനാഭസ്വാമിയായി സങ്കല്പിക്കുകയും ചെയ്തു.

പുലയന്മാരെപ്പററി വേറൊരു കഥകൂടിയുണ്ട്. അതു, കാടുവെട്ടി തെളിയിച്ചു കൃഷിചെയ്തു സ്വന്തമായി വെച്ചുകൊൾവാൻ ശിവൻ അവൎക്കു വരവും ഒരു കയ്ക്കോട്ടും വെട്ടുകത്തിയും കല്പിച്ചു കൊടുത്തുവെന്നും, പിന്നീടു മററുള്ളവർ വന്നു ഈ വക വസ്തുക്കൾ കൈവശമാക്കിയപ്പോൾ അവരുടെ കീഴിൽ പണിചെയ്തു ദിവസവൃത്തി കഴിക്കുവാൻ തുടങ്ങിയെന്നുമാണ്. ഇവർ ഇവിടത്തെ പൂൎവ്വനിവാസികളാണെന്ന് ഇവർ പാൎത്തുവരുന്ന സ്ഥലങ്ങളിലെ ഭഗവതീക്ഷേത്രങ്ങളിൽ അവൎക്കു പണ്ടുതന്നെ സിദ്ധിച്ചിട്ടുള്ള ചില അവകാശങ്ങളിൽനിന്നും തെളിയുന്നതാകുന്നു.

കൊച്ചിരാജ്യത്തിന്റെ തെക്കൻപ്രദേശങ്ങളിലുള്ള പുലയന്മാരുടെ ഒരു ഉപജാതിയായ 'തണ്ടപ്പുലയന്മാരെ' പററി താഴെ പറയുംവിധം കേൾക്കുന്നുണ്ട്. അവരുടെ പെണ്ണുങ്ങൾ 'തണ്ട' എന്ന നീൎച്ചെടിയുടെ ഇലകൊണ്ടുള്ള ഉടുപ്പു ധരിക്കുന്നതിനാലാണ് 'തണ്ടപ്പുലയർ' എന്ന പേരു സിദ്ധിച്ചത്. അവർ ഇതിന്റെ ഇലകൾ രണ്ടടി നീളത്തിൽ കണ്ടിച്ച് ഒരു ചരടിൽ കോൎത്തു മുട്ടോളം ഇറക്കി അരയിൽ ചുററുന്നു. ഈ തരം ഉടുപ്പിന്റെ ആഗമത്തെപ്പററി രസകരമായ ഒരു കഥയുണ്ട്. ഈ ജാതിക്കാർ പാൎത്തിരുന്ന പ്രദേശത്തിനടുത്തു മേൽജാതിക്കാരിലൊരുവൻ ചിലതെല്ലാം വിതക്കുവാനും സസ്യാദികൾ നടുവാനും സംഗതിയായി. എന്നാൽ ഒരു ദിവസം ചെയ്ത

തൊന്നും പിറ്റേദിവസം ചെന്നുനോക്കുമ്പോൾ കാണാനുണ്ടായിരുന്നില്ല. എങ്ങിനെ പോകുന്നുവെന്നു നോക്കീട്ടു ഒരു മാർഗ്ഗവും കാണാഞ്ഞപ്പോൾ ഉടയോൾക്കു വല്ലാത്ത ആശ്ചര്യം ജനിച്ചു. എങ്കിലും കാരണം ഏതുവിധവും കണ്ടുപിടിക്കണമെന്നു തീർച്ചപ്പെടുത്തി അയാൾ ഒരു ദിവസം രാത്രി കാവലിരുന്നു. അപ്പോൾ തീരെ നഗ്നന്മാരായ ചിലർ കുഴിയിൽനിന്നും പുറത്തേക്കു വരികയും അയാളെക്കണ്ടക്ഷണത്തിൽ ഓടിക്കളകയും ചെയ്തു. എങ്കിലും അയാൾ പിന്നാലെ ഓടിയപ്പോൾ ഒരു ആണും ഒരു പെണ്ണും അയാളുടെ കയ്യിലകപ്പെട്ടു. അവരുടെ നഗ്നത കണ്ടിട്ടു നാണമായിത്തീൎന്നു തന്റെ മേൽമുണ്ടു അതിൽ പുരുഷനു ചുററുവാൻ കൊടുത്തു. പെണ്ണിന്നു കൊടുപ്പാൻ ഒന്നുമില്ലായ്കയാൽ കുറെ തണ്ടയില പറിച്ചു അവൾക്കും ഇട്ടുകൊടുത്തു. ഇങ്ങിനെയാണു് ഇവൎക്കു 'തണ്ടപ്പുലയർ' എന്ന പേരു കിട്ടിയതു്. ഒരു കുഴിയിൽനിന്നും പുറത്തേക്കു വരികയാൽ 'കുഴിപ്പുലയർ' എന്നും ഇവർ വിളിക്കപ്പെട്ടുവരുന്നുണ്ടു. തിരുവിതാംകൂറിൽ പുലയന്മാർ 'കിഴക്കെക്കൂട്ടം', 'പടിഞ്ഞാറെ കൂട്ടം' എന്നിങ്ങിനെ രണ്ടു കൂട്ടക്കാരായിത്തിരിഞ്ഞിട്ടുണ്ടു്. ഇതിൽ കിഴക്കെ കൂട്ടം ദുര്യോധനാദികളുടേയും മററവർ പാണ്ഡവരുടേയും അടിമകളായിരുന്നുവെന്നും, ഇരുവരും മഹാഭാരതയുദ്ധത്തിൽ പ്രതിയോഗികളായി നിന്നിരുന്നുവെന്നും, ദുര്യോധനന്റെ തോൽവിയാണു് ഇവരുടെ താഴ്ചക്കു കാരണമെന്നും പറഞ്ഞുവരുന്നതുമുണ്ടു്. ഈ കഥയുടെ ആഗമത്തെപ്പററി മനസ്സിലാക്കുവാൻ ഞാൻ വളരെ ശ്രമിച്ചുനോക്കിയെങ്കിലും ആരെക്കൊണ്ടും സൂക്ഷ്മമായ ഒരു വിവരം പറഞ്ഞുതരുവാൻ കഴിഞ്ഞിട്ടില്ല.

ഭൂമി സംബന്ധിച്ച അടിമയ്മ

മലബാർ കൊച്ചി തിരുവിതാംകൂർ രാജ്യങ്ങളിലെ കൃഷിജ്ജോലി മിക്കതും ചെറുമക്കൾ അല്ലെങ്കിൽ പുലയന്മാരാകുന്നു നടത്തിവരുന്നതു്. ഇവർ തമ്പുരാക്കന്മാരുടെ നിഷ്ഠാധീനമായ സ്വത്തായിരുന്നു. അവൎക്കു തോന്നിയ പണികളെല്ലാം ഇവരെക്കൊണ്ടു ചെയ്യിച്ചും വന്നിരുന്നു. ഇവരെ ഇഷ്ടംപോലെ വിക്രയം ചെയ്വാനോ കൈമാററം ചെയ്വാനോ അവൎക്കു വിരോധമുണ്ടായിരുന്നില്ല. എന്നാൽ ഭാൎയ്യയെ ഭൎത്താവൊന്നിച്ചല്ലാതെ തിരിച്ചു വില്ക്കരുതെന്നു മാത്രമേയുള്ളൂ. മക്കളെ മാതാപിതാക്കന്മാരിൽനിന്നോ സഹോദരന്മാരെ സഹോദരികളിൽനിന്നോ തിരിച്ചു വില്ക്കുവാൻ വിരോധമില്ല. അടിമകൾ പുലയന്മാർ അല്ലെങ്കിൽ ചെറുമക്കൾ, ഏരളന്മാർ, പറയന്മാർ എന്നിങ്ങിനെ പല ജാതിക്കാരായിരുന്നു. ഇവരുടെ സന്താനങ്ങളുടെ മേൽ മുതലാളന്മാൎക്കുള്ള അവകാശങ്ങൾ ഇവരുടെ കല്യാണസമ്പ്രദായങ്ങളനുസരിച്ചും അതു അവരുടെ ജാതിയെ ആശ്രയിച്ചുമായിരുന്നു. തങ്ങളുടെ കിഴുള്ള അടിമകൾക്കു ഭക്ഷണത്തിന്നുള്ള വക കൊടുപ്പാൻ മുതലാളന്മാർ ബാദ്ധ്യസ്ഥന്മാരാണ്. ഇവരിൽ പണിയെടുപ്പാൻ പ്രാപ്തിയുള്ളവനു ദിവസം രണ്ടുമൂന്നണയും, കുട്ടികൾക്കും പ്രാപ്തികുറഞ്ഞ വൃദ്ധന്മാൎക്കും ഇതിൽ പകുതിയും കൂലിയുണ്ടു്. ഒന്നിന്നും വയ്യാത്ത കുഞ്ഞുങ്ങൾക്കു ഒന്നും കൊടുക്കുക പതിവില്ല. ഇവൎക്കു ഈ കിട്ടുന്ന കൂലി കാലക്ഷേപത്തിന്നു മതിയാവാത്തതു തന്നെ. എന്നാൽ അവരെ പ്രോത്സാഹിപ്പി

ക്കുവാനും അദ്ധ്വാനശീലന്മാരാക്കുവാനുമായി കൃഷിയിലുണ്ടാവുന്ന ആകെ വിളവിൽ ഇരുപത്തൊന്നിൽ ഒരു ഭാഗവും കൂടി കൊടുക്കുന്നതാണ്. ഇതു കൂടാതെ രണ്ടു മുണ്ടിന്നു പാകമായ 7 മുഴം തുണി ആണിന്നും, രണ്ടു മുറിക്കു പാകമായ 14 മുഴം തുണി പെണ്ണിന്നും കൊടുക്കുന്ന പതിവുമുണ്ട്.

പൂർവ്വകാലത്തെ അടിമകളുടെ സ്ഥിതി

പണ്ടുകാലത്തു പടിഞ്ഞാറൻ കരയിൽ മുഴുവനും അടിമത്തം സാധാരണയായിരുന്നു. മേൽജാതിക്കാർക്കു അടിമകളുടെ നേർക്കുള്ള പക്ഷഭാവം അവരുടെ ദോഷസ്ഥിതി മുഴുപ്പിക്കുകയും ചെയ്തു. അവർ പലേടങ്ങളിലും ഭൂമിസംബന്ധപ്പെട്ടവരായിരുന്നു. അവരുടെ തിരുവില അവരൊന്നിച്ചു മേയ്ക്കപ്പെടുന്ന കന്നുകാലികളുടേതിൽ വളരെ കൂടുതലായിരുന്നില്ല. എന്നുല്ല, അവർ അവയെക്കാൾ താഴെയാണെന്നാണ് നിശ്ചയിക്കപ്പെട്ടിരുന്നതും. അക്കാലത്ത് അടിമവ്യാപാരം പാപകരമായി കരുതിവന്നിരുന്നതുമില്ല. മുതലാളന്മാർ അധികവും ബ്രാഹ്മണരോ നായന്മാരോ നാട്ടുക്രിസ്ത്യാനികളോ ആണ്. അവർ തമ്മിൽ ജാതികൊണ്ടു ഭിന്നിച്ചവരാണെങ്കിലും അടിമകളെ പീഡിപ്പിക്കുന്നതിൽ അശേഷം വ്യത്യാസമുണ്ടായിരുന്നില്ല. കൂട്ടത്തോടെ ദ്രോഹിച്ചിരുന്നുവെന്നല്ലാതെ ഒരുത്തനെ പ്രത്യേകമായി കഷ്ടപ്പെടുത്തുകയോ ദയനീയമായ വിധം വളർത്തുകയോ അപൂർവ്വമായേ ചെയ്തുവന്നിരുന്നുള്ളുവെങ്കിലും, ഒരുവനെ ദീനമോ മറ്റോ പിടിപെട്ടാൽ ദൈവകല്പിതംപോലെ അനുഭവിപ്പാൻ വിട്ടുകളയുകയല്ലാതെ ശുശ്രൂഷകളൊന്നും ചെയ്തുവെന്നുവരുന്നതല്ല. അവരുടെ പട്ടിണിയിങ്കൽ അനുകമ്പ തോന്നാറില്ലെന്നല്ല വാർദ്ധക്യമാവുമ്പോൾ അവരെ ഉപേക്ഷിച്ചുകളകയും ചെയ്യും. അന്നു അടിമപ്പാടിൽനിന്ന് ഒഴിവാക്കുന്ന നടപ്പോ ഒഴിവാക്കണമെന്നു അടിമകൾക്കു മോഹമോ ഉണ്ടായിരുന്നതുമില്ല. എന്തുകൊണ്ടെന്നാൽ അവർക്കു സ്വന്തമായി യാതൊരു മുതലും ഉണ്ടായിരുന്നില്ലാത്തതിനാൽ ഒരു ദിക്കിൽനിന്നു വിട്ടാൽ മറ്റൊരു ദിക്കിൽ ചെന്നു അടിമയായി കഴിയാതെ അഹർവൃത്തിക്കു മാർഗ്ഗമില്ലായിരുന്നു. അന്ധവിശ്വാസത്താൽ വല്ല ക്ഷേത്രങ്ങളിലേക്കും നേരുന്ന വഴിപാടുകൾക്കായി മാത്രമേ അടിമകൾക്കു സ്വാതന്ത്ര്യം നൽകിയിരുന്നുള്ളൂ.

(തുടരും)

കെ. പരമേശ്വരക്കുറുപ്പ്.

---

# പ്ലേഗ്.

ഇംഗ്ലീഷുവൈദ്യപ്രകാരം പ്ലേഗ് എന്നു പറഞ്ഞുവരുന്ന രോഗത്തിന്നു നമ്മുടെ വൈദ്യപുസ്തകങ്ങളിൽ എന്താണു പേർ വിളിച്ചുവരുന്നതെന്നു ഞാൻ പലരോടും ചോദിച്ചുനോക്കീട്ടുണ്ട്. ആയുർവ്വേദപ്രകാരം അങ്ങിനെ ഒരു വ്യാധിയില്ലെന്നു ചിലരും, ആയുർവ്വേദത്തിൽ വിവരിക്കുന്ന 'അഗ്നിരോഹിണി' എന്ന മഹാരോഗമാണ് ഇംഗ്ലീഷിലെ പ്ലേഗ് എന്നു വേറെ ചിലരും, പ്ലേഗും 'കറമസൂരി'യും ഒന്നുതന്നെ

യാണെന്നു മററു ചിലരും അഭിപ്രായം പറയാറുമുണ്ട്. 'ഹരമേഖല' എന്ന ഗ്രന്ഥത്തിൽ ഒരുതരം എലിവിഷത്തിന്നു* പറഞ്ഞിട്ടുള്ള ലക്ഷണങ്ങൾ പ്ലേഗിന്നുള്ള ലക്ഷണങ്ങളോട് ഏറാവും ഒത്തിരിക്കുന്നുണ്ടെന്നു, പൂനയിൽ വെച്ചു കൂടിയ ആയുർവ്വേദമഹാസഭയിൽ ആദ്ധ്യക്ഷ്യം വഹിച്ച കൊച്ചി വലിയ തമ്പുരാൻ തിരുമനസ്സുകൊണ്ടു (സ്ഥാനത്യാഗം ചെയ്തു) അഭിപ്രായപ്പെട്ടിരിക്കുന്നു. 'മഹാമാരി' എന്നു സാധാരണ ചിലർ പറഞ്ഞുവരുന്ന വ്യാധിയാണ് പ്ലേഗ് എന്നു വേറെ ചില കൂട്ടരും പറയുന്നു. ഏതെങ്കിലും, പ്ലേഗ് എന്ന ഇംഗ്ലീഷുവാക്കിന്നു ശരിയായ ഒരു മലയാളവാക്കോ സംസ്കൃതവാക്കോ എനിക്കു ഇതുവരേയും കിട്ടീട്ടില്ല.

ആദ്യമായി പ്ലേഗ് എന്ന വാക്കിന്ന് ഇംഗ്ലീഷിൽ മരണത്തിന്നു ഹേതുവായ ഏതെങ്കിലും ഒരു വ്യാധി എന്നായിരുന്നു അർത്ഥം. പിന്നീട് അതു ഒരു പ്രത്യേകതരം വ്യാധിക്കു മാത്രം ഉപയോഗിച്ചുവന്നു. പ്ലേഗ് എന്നു നാം സാധാരണയായി പറഞ്ഞുവരുന്ന വ്യാധി എത്രയോ പുരാതനമായ ഒന്നാണ്. ഏതൻസ്‌രാജ്യത്തിൽ ക്രിസ്താബ്ദത്തിന്നു 430 സംവത്സരങ്ങൾക്കു മുമ്പു അതികഠിനമായി വ്യാപിച്ചിരുന്ന വ്യാധി പ്ലേഗായിരുന്നുവെന്നു ചില പഴയ പുസ്തകങ്ങളിൽനിന്നു അറിയാവുന്നതാണ്. ഈ വ്യാധിയെപ്പററി വിശ്വാസയോഗ്യമായി ആദ്യമായ ഒരു വിവരണം ഇപ്പോഴുള്ളത് അതു ക്രിസ്താബ്ദം 542-ാമാണ്ടിൽ ഈജിപ്തിൽ ഉത്ഭവിച്ചു യൂറോപ്പുരാജ്യം മുഴുവനും പരന്നുപിടിച്ചപ്പോൾ ചിലർ എഴുതിവെച്ചിട്ടുള്ളതാണ്. ഇതിന്നുശേഷം പല കുറിയും ഇതു യൂറോപ്പുരാജ്യത്തെ സന്ദർശിച്ചിട്ടുണ്ട്. 1847-ലെ പ്ലേഗ് യൂറോപ്പിലെ നാലിൽ ഒരു ഭാഗം ജനങ്ങളെ അതിന്നിരയാക്കിയ ശേഷമേ ഒന്നു ഒതുങ്ങിയുള്ളു. 1656-ൽ നേപ്പിൽസിൽ മൂന്നുലക്ഷം ജനങ്ങൾ പ്ലേഗു നിമിത്തം മരിച്ചു. 1665-ൽ ലണ്ടൻപട്ടണത്തിലെ നിവാസികളിൽ 68596 പേർ നശിച്ചു. 1751-ൽ തുർക്കിരാജ്യത്തെ ആക്രമിച്ച ഈ വ്യാധി ⅓ ലക്ഷം ജനങ്ങളെ പരലോകപ്രാപ്തരാക്കി. 1894-ൽ ചൈനയിലുണ്ടായ കലാപത്തെ ഇനിയും വളരെ പേർ മറന്നിട്ടുണ്ടായിരിക്കയില്ല. ഇന്ത്യാരാജ്യത്ത് ആദ്യമായി പ്ലേഗ് ഉണ്ടായത് 1325, 1351 ഈ വർഷങ്ങൾക്കിടയിൽ 'മുഹമ്മദുതുഗ്ലാക്കി'ന്റെ സൈന്യങ്ങളുടെ ഇടയിലാണ്. ഇതിന്നുശേഷം 1399-ൽ ഇന്ത്യയിൽ പല പ്രദേശങ്ങളേയും, 1618-ൽ അഹമ്മദ്ബാദു പട്ടണത്തേയും, 1816-ൽ പശ്ചിമ ഇന്ത്യയിൽ പല ദിക്കുകളേയും, 1836-ൽ രജപുട്ടാനയേയും അടുത്ത കാലത്തു ബോമ്പേ പട്ടണത്തേയും പ്ലേഗ് സന്ദർശിച്ചുപോയിട്ടുണ്ട്.

നമ്മുടെ പൂർവ്വികന്മാർക്കു പ്ലേഗിനെക്കുറിച്ചു ഒട്ടുംതന്നെ അറിവുണ്ടായിരുന്നില്ല. എങ്കിലും അതു പകരുവ്യാധികളിൽ ഒന്നാണെന്നും, അതു ഒരു വീട്ടിലുണ്ടായാൽ ഉടനെ മാറി താമസിക്കേണ്ടതു അത്യാവശ്യമാണെന്നും അവർ ധരിച്ചുവെച്ചിരുന്നു. 1348-ൽ ഇററലിരാജ്യത്തുണ്ടായ പ്ലേഗിനെപ്പററി 'ബോക്കേഷിയോ' എന്ന ഗ്രന്ഥകർത്താവിപ്രകാരം പറയുന്നു:— 'ഈ മ

* ഹിമാലയത്തിന്റെ തെക്കെ ചെരുവിലുള്ള 'കുമാരൺ' 'ഗർവാൽ' എന്ന രണ്ടു സ്ഥലങ്ങളിൽ പ്ലേഗിന്നു 'മഹാമാരി' എന്നാണു അതുരാജ്യക്കാർ കൊടുത്തിട്ടുള്ള പേർ.

ഹാവ്യാധി മാററുവാൻ എത്ര സമത്ഥവൈദ്യന്നും, എത്ര വിലപിടിച്ച ദിവ്യൌഷധത്തിന്നും സാധിക്കുന്നതല്ല. ഈ വ്യാധി പിടിപെട്ടാൽ എത്രയോ ചുരുക്കം പേർ മാത്രമേ രക്ഷപ്പെട്ടവരായുള്ളു. സുഖക്കേട തുടങ്ങിയ മൂന്നാംദിവസം രോഗി മരിച്ചുപോകും. അടുത്ത പെരുമാറുന്നവക്കും ഉടനെ പകച്ചമൂലം ഇത പിടിപെടും. രോഗിയേയും, അടുത്ത ശുശ്രൂഷിക്കുന്നവരേയും ദൈവം രക്ഷിച്ചുകൊള്ളുമെന്നുവെച്ചു തന്റെ കാൎയ്യം നോക്കി അകലെപ്പോയി താമസിക്കുകയാണ് എല്ലാവരും ചെയ്തുവരുന്നത്. ദീനപ്പെട്ട രോഗിയെ നോക്കുവാൻ പോകുന്ന വൈദ്യന്മാർ പ്രത്യേകതരം ഒരു ഉടുപ്പുണ്ടായിരുന്നുവത്രെ. ദേഹം മുഴുവനും തോൽകൊണ്ടുള്ള കുപ്പായങ്ങളേയും മററുംകൊണ്ടു മൂടും. മൂക്കിൽനിന്നു ഒരു നീളമുള്ള കുഴൽവെച്ചു അതു നിറയെ വാസനാദ്രവ്യങ്ങളും മരുന്നുകളുംവെച്ചിട്ടുണ്ടായിരിക്കും. ഇത വ്യാധി പകരാതിരിപ്പാനായിരുന്നുവത്രെ! സുഖക്കേട രാജ്യത്തു വ്യാപിക്കാതിരിപ്പാൻ പല നിയമങ്ങളും മററുമുണ്ടായിരുന്നു. 'ബൊർസിലോണ' എന്ന പട്ടണത്തിലെ മുൻസിപ്പാലിട്ടിക്കാരുടെ ചില റൂളുകൾ താഴെ ചേക്കുന്നു. (1) മനസ്സു പ്രാത്ഥനകൾകൊണ്ടും മററും ശുദ്ധിവരുത്തണം. (2) ഒരാൾ പട്ടണത്തിന്നു പുറത്തുപോയി മടങ്ങിവരുന്ന സമയം അതിന്നു പ്രത്യേകമായി നിയമിച്ചിരുന്ന വൈദ്യൻ പരിക്ഷിച്ചുനോക്കി വ്യാധി പകന്നു കിട്ടി എന്നു പറയുന്നതായാൽ ഉടനെ ആ ആളെ കൊന്നുകളയുന്നതാണ്. (വൈദ്യന്റെ പരീക്ഷയിൽ സുഖക്കേടൊന്നുമില്ലെന്നു പറഞ്ഞാൽകൂടി ന്നാടിയാണത്രെ പട്ടണം വിട്ടു പോയതിന്നുള്ള ശിക്ഷ) (3) പ്ലേഗുള്ള സ്ഥലങ്ങളിൽനിന്നു വരുന്നവർ പട്ടണത്തിന്നകത്തു കടന്നാൽ ഉടനെ വധിച്ചുകളയും. (4) മതിലൊ മററൊ കയറി അകത്തു ചാടുവാൻ ശ്രമിക്കുന്നവൎക്ക ഉടനെ മരണം. കീറവസ്ത്രങ്ങൾ വലിച്ചെറിയുന്നവക്കും അപ്രകാരം. ഇതിന്നും പുറമേ രോഗിയെ കാണുവാൻ പോയാൽ മടങ്ങിവന്നാൽ മരണശിക്ഷ; കുട്ടികളെ ഒന്നിച്ചു വിളിച്ചുവരുത്തുന്ന മാസ്റ്റർമാക്കും 25 പവൻ പിഴ; സുഖക്കേടുണ്ടെന്നു സംശയമുണ്ടായാൽ അതു വേണ്ട പ്രകാരം അറിച്ചു കൊടുക്കാഞ്ഞാൽ 100 പ്രഹരം—ഇപ്രകാരം ചില നിയമങ്ങളെക്കൊണ്ടു പ്ലേഗ് പകരാതിരിപ്പാൻ അവർ ശ്രമിച്ചു. യൂറോപ്പിൽ പല രാജ്യങ്ങളിലും ഇപ്രകാരം പല യുക്തികളും നോക്കിവന്നു. രോഗിയെ കാണ്മാൻ മടിക്കുന്ന വൈദ്യന്മാൎക്ക ഉടനെതന്നെ മരണശിക്ഷ കല്പിച്ചുവന്നിരുന്നുവത്രെ.

പ്ലേഗിന്റെ പൂവ്വചരിത്രത്തിൽ ചില ഭാഗങ്ങൾ മാത്രമേ ഇതുവരെ പറഞ്ഞിട്ടുള്ളു. ഇനി ഈ വ്യാധി എന്താണെന്നു നോക്കുക. പ്ലേഗ് എന്ന വ്യാധി മനുഷ്യശരീരത്തിൽ എത്രയോ ചെറുതായ ഒരുതരം ജീവികൾ കടന്നുകൂടുന്നതുകൊണ്ടാണുണ്ടാവുന്നത്. ഈ ചെറുപ്രാണിയെ ആദ്യമായി കണ്ടുപിടിച്ചതു ടോക്യോ നഗരത്തിലെ കീത്തിപ്പെട്ട ഒരു ജാപ്പാൻ ശാസ്ത്രജ്ഞനായ പ്രൊഫസർ കിടസാടോ (Prof. Kitasato) എന്ന മഹാനാണ്. പ്രൊഫസർ കിടസാടോ കണ്ടുപിടിച്ചതിന്നു കുറച്ചു ദിവസങ്ങൾക്കശേഷം ഒരു പാന്ത്രിസ്സു ശാസ്ത്രജ്ഞനായ യർസിൻ എന്നാളും ഈ പ്രാണിയെ തന്റെ സ്വന്തമായ യത്നത്താൽ കാണുകയുണ്ടായി. ഇപ്പോൾ

ഈ അണുപ്രായമായ ജീവികൾ കിടസാടൊ- യർസിൻ ബേസിലസ്* എന്നാണു പേർ കൊടുത്തിട്ടുള്ളത്. ഈ ചെറുജന്തു ചെറുതായ ഒരു വടിപോലെയാണത്രെ. അതിന്റെ രണ്ടഗ്രങ്ങളും ഉരുണ്ടവയാണ്. മദ്ധ്യം നിറമില്ലാത്ത ഒരു വരപോലെയായിരിക്കും. ഈ ജീവികൾ ചലനശക്തിയില്ലത്രെ. സൂര്യരശ്മി തട്ടിയാൽ മൂന്നാലു മണിക്കൂറിലിടക്ക് അതു ചത്തുപോകും. 65 ഡിഗ്രി ചൂടുള്ള സ്ഥലത്തു നാല്പതു മിനിട്ടുനേരം വെച്ചാൽ അതിന്റെ ജീവൻ നശിച്ചുപോകും. ഈ ജീവി എപ്രകാരമാണ് മനുഷ്യശരീരത്തിൽ കടന്നുകൂടുന്നതെന്നു ഇനിയും തീർച്ചയായിട്ടുണ്ടോ എന്നു സംശയമാണ്. ഡാക്ടർ ചൈൽഡ് (Dr. Child) എന്നാളുടെ അഭിപ്രായം അതു മനുഷ്യശരീരത്തിൽ സാധാരണയായുണ്ടാവുന്ന ചെറുകീറൽ (വിള്ളൽ) മുതലായവയിൽ കൂടിയാണ് ദേഹത്തിൽ വ്യാപിക്കുന്നത് എന്നാണ്. കാലിൽ വേണ്ടവിധം ചെരിപ്പു മുതലായതിടാതെ 'വെറുംകാലുമായി' നടക്കുന്നവർക്കാണു അധികമായി പ്ലേഗു പിടിപെടുന്നത് എന്നും ഇദ്ദേഹം അഭിപ്രായപ്പെട്ടിട്ടുണ്ട്. മനുഷ്യൻ ശ്വാസിക്കുന്ന വായുവിൽ കൂടിയും ഈ ജീവി അകത്തു കടന്നുകൂടുമത്രെ. ഭക്ഷണസാധനങ്ങളിൽ കൂടി കടന്നതായി ഇതുവരെ ആരും പറഞ്ഞു കേട്ടിട്ടില്ല.

പ്ലേഗ് ഇപ്രകാരം ഒരു ജീവികാരണമാണുണ്ടാവുന്നത് എന്നതിന്നു സംശയമൊന്നുമില്ല. പ്രൊഫസർ കോച്ച് (Koch) എന്ന വിദ്വാൻ തന്റെ പ്രയത്നങ്ങൾകൊണ്ടു താഴെ കാണിക്കുന്ന മൂന്നു കാര്യങ്ങൾ കണ്ടിട്ടുണ്ട്:_ (1) എല്ലാ പ്ലേഗുരോഗികളുടെ ദേഹത്തിലും ഈ ജീവികളെ കാണാം. (2) യാതൊരു സുഖക്കേടുമില്ലാത്ത ഒരാളുടെ ദേഹത്തിൽ ഈ ജീവിയെ കടത്തിവിട്ടാൽ ആയാൾക്കു പ്ലേഗുദീനം പിടിപെടും. ഇപ്രകാരം ദീനം പിടിച്ചവരുടെ ദേഹത്തിൽ മുമ്പില്ലാത്തതായ ഈ ജീവിയെ ധാരാളം കാണാം. (3) വേറെ യാതൊരു രോഗത്തിലും ഈ ജാതി ജീവിയെ കാണുന്നില്ല. മേലെ കാണിച്ച മൂന്നു സംഗതികൾകൊണ്ടുതന്നെ പ്ലേഗ് ഒരു പ്രത്യേകതരം ജീവിയുടെ പണിയാണെന്നു തീർച്ചപ്പെടുത്താം.

മേല്പറഞ്ഞ ജീവി ശരീരത്തിൽ കടന്നാൽ അതു ഒരു ജാതി വിഷം ഉണ്ടാക്കുമത്രെ. ഈ വിഷം ദേഹം മുഴുവനും വ്യാപിക്കുമ്പോഴാണ് ദീനം പുറമെ കാണുന്നത്. ദേഹത്തിൽ കടന്ന ഉടനെത്തന്നെ രോഗചിഹ്നങ്ങൾ കാണുന്നതല്ല. പത്തുദിവസത്തിനുള്ളിൽ വിഷം ഉണ്ടാക്കിയതിന്നു ശേഷമേ രോഗം പുറമെ കാണുവാൻ സാധിക്കുകയുള്ളൂ. സാധാരണയായി ആദ്യം കഠിനമായ തലവേദനയും തണുപ്പും തോന്നും. ചിലൎക്കു ഛൎദ്ദിയുണ്ടാവാറുണ്ട്. (ഇതു ചീത്ത ലക്ഷണമാണു.) അതിയായ ക്ഷീണവും, ദേഹം മുഴുവനും ചുട്ടുനീറലും സാധാരണ ലക്ഷണമാണ്. ചിലൎക്കു ഉടനെത്തന്നെ മോഹാലസ്യമുണ്ടാവും. കഴുത്ത്, കക്ഷം, ഒടി ഈ മൂന്നിൽ എന്തെങ്കിലും ഒരു സ്ഥലത്തു ഒരു വീക്കവുമുണ്ടാവും. സുഖക്കേടു തുടങ്ങി നാലുദിവസത്തിനകം മരിക്കാതെയിരുന്നാൽ പിന്നെ ജീവിപ്പാൻ എളുപ്പമാണത്രെ. ഈ ജാതി പ്ലേഗിന്നു 'ബ്യൂബോണിക് പ്ലേഗു' എന്നാ

* The Kitasato—-yersin Bacillus

ണുപേർ. വേറെയും പല ജാതി പ്ലേഗുണ്ട്. ഒരു ജാതിക്കു അരിയായ ക്ഷീണം മാത്രമെ പറയത്തക്ക ചിഹ്നമായുണ്ടാവുകയുള്ളൂ. സുഖക്കേടു തുടങ്ങി 24 മണിക്കൂറിന്നുള്ളിലോ കവിഞ്ഞുപോയാൽ രണ്ടു ദിവസത്തിന്നുള്ളിലൊ രോഗി മരിച്ചുപോവും. വേറെയൊരുജാതി പ്ലേഗ്, പുഴ ശ്വാസകോശത്തിൽ കടന്നാലുണ്ടാവുന്നതാണ്. അതിന്റെ ചിഹ്നം അതിയായ ചുമയാണല്ലൊ. രോഗി ചുമച്ചുചുമച്ചു മരിക്കും.

പ്ലേഗിന്നു ചികിത്സയൊന്നുമില്ലെന്നുതന്നെ പറയാം. അതുണ്ടാവാതിരിപ്പാൻ ചില വിദ്യകളുണ്ട്. ഇതിൽ പ്രധാനമായതു ഹാഫ്കിൻ എന്ന മഹാന്റെ കുത്തിവെക്കലാണ് (Haffkin's Anti-Plague Inoculation). അനുഭവംകൊണ്ടു ഇതിന്റെ ഉപയോഗം എല്ലാവരും അറിഞ്ഞിട്ടുണ്ടായിരിക്കണം. ഇപ്രകാരം കുത്തിവെക്കുന്ന ഒരാൾക്കു ആറുമാസകാലത്തേക്കു ഒരിക്കലും ഈ രോഗം പിടിക്കുന്നതല്ല. ഇതുകൊണ്ടു വേറെ യാതൊരു രോഗവും വരുന്നതുമല്ല. യെർസിൻ എന്നു മുമ്പു പ്രസ്താവിച്ച ശാസ്ത്രജ്ഞന്റെ ക്രമം വേറെ ഒരുവിധത്തിലാണ്. ഒരു കുതിരയുടെ ദേഹത്തിൽ പലപ്രാവശ്യമായി പ്ലേഗുപുഴുവെ കേറ്റിയാൽ ഒടുവിൽ, അതിന്റെ ദേഹത്തിൽ എത്ര അധികം ജീവിയെ കുത്തിച്ചു കേറ്റിയാലും യാതൊരു ചിഹ്നങ്ങളും കാണുകയില്ല. ഈ നിലക്കു അതിന്റെ ദേഹത്തിൽനിന്നു 'പ്ലേഗുനീർ' എടുത്തു മനുഷ്യദേഹത്തിൽ കുത്തിക്കേറ്റിയാൽ ആയാൾക്കു പിന്നീടു പ്ലേഗുണ്ടാവുകയില്ലപോൽ. ഇപ്രകാരമുള്ള ചികിത്സാക്രമത്തിന്നു ഇപ്പോൾ ഒട്ടുംതന്നെ പ്രചാരമില്ല. ഹാഫ്കിൻ എന്നവരുടെ ചികിത്സാക്രമമാണ് ഇപ്പോൾ നടപ്പ്.

മററു എല്ലാ വ്യാധികളേപ്പോലെതന്നെ പ്ലേഗിന്നും നല്ല ശുശ്രൂഷ അത്യാവശ്യമാണ്. രോഗിയുടെ അടുത്ത് എപ്പോഴും ഒരാൾ നില്ക്കണം. രോഗി ഒരിക്കലും കിടക്കയിൽനിന്നു എഴുനേല്പാൻ ശ്രമിക്കരുത്. ഈ ശ്രമത്തിൽത്തന്നെ ചിലർ മരിച്ചുപോയതായി വായിച്ചിട്ടുണ്ട്. വായുസഞ്ചാരമുള്ള ഒരു വലിയ മുറിയിലാണു രോഗിയെ കിടത്തേണ്ടത്. രോഗി ഉപയോഗിക്കുന്ന സകല വസ്ത്രങ്ങളും തുണികളും കരിച്ചുകളയണം. സുഖക്കേടിന്റെ ആരംഭത്തിൽ തന്നേ വയറിളക്കിയാൽ നന്ന്. സുഖക്കേടുകാലത്ത് അതിയായ ദാഹമുണ്ടാവുമ്പോൾ ഐസ്, നാരങ്ങവെള്ളം മുതലായതു കൊടുക്കാം. മോഹാലസ്യമുണ്ടായാൽ തലയിൽ ഐസ് കട്ടിവെക്കണം. അകത്തേക്കു കഴിപ്പാൻ പലമരുന്നുകളും ശ്രമിച്ചുനോക്കുന്നുണ്ട്. കർപ്പൂരം, കസ്തൂരി മുതലായതു ചിലർ കൊടുക്കും. ഈ മഹാവ്യാധി പിടിപ്പെട്ടാൽ ശുശ്രൂഷിച്ചു മാററുവാൻ വളരെ പ്രയാസമായതുകൊണ്ടു പിടിപെടാതിരിപ്പാൻ ശ്രമിക്കുകയാണു എളുപ്പമായുള്ള വഴി.

എ. പി.

# നാടകപ്രസ്താവന

നാടകത്തിൽ പ്രസ്താവന എന്നതു്, പ്രയോജ്യമായ കഥാവസ്തുവിനെ അവതരിപ്പിക്കുന്ന ഒരു പ്രകരണമാകുന്നു. ഒരു പീഠിക അല്ലെങ്കിൽ അവതാരിക പറഞ്ഞുവെച്ചു കാൎയ്യം പറഞ്ഞാൽ ശ്രോതാക്കൾക്കു മനസ്സിലാകാൻ അധികം എളുപ്പമുള്ളതുപോലെ പ്രസ്താവനകഴിഞ്ഞു കഥ തുടങ്ങുന്നതായാൽ കാണികൾക്കും കേൾക്കുന്നവൎക്കും അതിന്റെ സ്വഭാവം എളുപ്പത്തിൽ മനസ്സിലാക്കാൻ സാധിക്കുന്നതാണ്. ഇതത്രെ പ്രസ്താവനയുടെ പ്രയോജനം. ഇതിന്റെ സ്വരൂപത്തെപ്പററി 'മന്ദാരമരന്ദ'ത്തിലിങ്ങിനെ പറഞ്ഞിരിക്കുന്നു:

'നടീ വിദൂഷകോ വാപി
നടോ വാ പാരിപാൎശ്വകഃ
സൂത്രധാരേണ സഹിതാഃ
സല്ലാപം യത്ര കുൎവ്വതേ.

ചിത്രൈൎവ്വാക്യൈഃ സ്വകാൎയ്യോ-
പ്രസ്തുതാക്ഷേപിഭിൎമ്മിഥഃ (ത്ഥൈഃ
ആമുഖം തദ്ധി വിജ്ഞേയം
നാമ്നാ പ്രസ്താവനാപി സാ.'

നടിയൊ, നടനൊ, വിദൂഷകനൊ, പാരിപാൎശ്വകനൊ സൂത്രധാരനോടുകൂടി പ്രകൃതകാൎയ്യം വിടാതെ കാവ്യാൎത്ഥസൂചകങ്ങളായ വാക്യങ്ങളെക്കൊണ്ടു വിചിത്രമായ രീതിയിൽ സംഭാഷണം ചെയ്യുന്നതു എതിലൊ അതാണ് ആമുഖം അല്ലെങ്കിൽ പ്രസ്താവന എന്നു പറയപ്പെടുന്നത്. സങ്കല്പം പ്രവൃത്തിയുടെ മുഖമാകുന്നതുപോലെ പ്രസ്താവന പ്രധാനപ്രബന്ധത്തിന്നു മുഖം(പ്രാരംഭം) ആകുന്നതുകൊണ്ടാണു അതിന്നു ആമുഖം എന്നു പേർ കല്പിച്ചത്. സൂത്രധാരൻ മധുരങ്ങളായ നാന്ദിപദ്യങ്ങൾ പാടി ഭാരതീവൃത്തിയെ ആശ്രയിച്ചു ആടാൻ പോകുന്ന നാടകത്തെയും, കവിയെയും പ്രശംസിച്ചു ഋതുഗാനം അല്ലെങ്കിൽ ധ്രുവഗാനം ചെയ്യണം. ഇശേഷത്തിൽ ഏതാണ്ടൊരു ഛായ പതിഞ്ഞുകാണുന്ന ഭാരതീവൃത്തി എന്നതു നടന്മാർ ചെയ്യേണ്ട സംസ്കൃതപ്രധാനമായ വാഗ്വ്യാപാരമാകുന്നു. നാട്യശാസ്ത്രത്തിൽ ഭാരതിയെപ്പററി കുറെ വിശദമായി പറഞ്ഞുകാണുന്നുണ്ട്.

'യാ വാക് പ്രധാനാ പുരുഷപ്രയോജ്യാ
സ്ത്രീവൎജ്ജിതാ സംസ്കൃതവാക്യയുക്താ
സ്വനാമധേയൈൎഭരതൈഃ പ്രയുക്താ
സാ ഭാരതീ നാമ ഭവേത്തു വൃത്തിഃ'

ഇങ്ങിനെയുള്ള ഭാരതിക്കു, പ്രരോചന, വീഥി, പ്രഹസനം, ആമുഖം എന്നു നാലു അംഗങ്ങളുണ്ട്. അപ്പോൾ പ്രസ്താവന എന്നതു ഭാരതിയുടെ അംഗങ്ങളിൽ പെട്ട ഒന്നാണെന്നു വ്യക്തമാകുന്നുണ്ടല്ലൊ. ഇപ്രകാരമുള്ള പ്രസ്താവനയ്ക്കു ഉൽഘാത്യകം, കഥോൽഘാതം, പ്രയോഗാതിശയം, പ്രവൎത്തകം, അവലഗിതം എന്നിങ്ങിനെ സാഹിത്യദൎപ്പണത്തിൽ അഞ്ചു ഭേദങ്ങൾ കാണിച്ചിരിക്കുന്നു. ദശരൂപകത്തിലാവട്ടെ, കഥോൽഘാതം, പ്രവൎത്തകം, പ്രയോഗാതിശയം എന്നു മൂന്നു ഭേദങ്ങൾ മാത്രമെ പറഞ്ഞുകാണുന്നുള്ളു. എന്നാൽ രണ്ടിലും, ഉൽഘാത്യകം, അവലഗിതം എന്നിവയെ വീഥ്യംഗങ്ങളിൽ ചേൎത്തുകാണുന്നുണ്ടുതാനും. ഇനി ഈ ഭേദ

ങ്ങളെപ്പററി അല്പം പ്രസ്താവിക്കാം.

അപ്രസിദ്ധതനിമിത്തം ഉദ്ദിഷ്ടമായ അർത്ഥംതോന്നാത്തപദങ്ങളെ അഭിപ്രേതാർത്ഥമാത്രബോധകങ്ങളായ പദാന്തരങ്ങളോടു ചേർത്ത് ഉദ്ദേശിച്ച അർത്ഥം കുറിക്കുന്ന വാക്യങ്ങളൊ ശ്ലോകങ്ങളൊ അടങ്ങിയ പ്രസ്താവന 'ഉൽഘാത്യകം' എന്നു പറയപ്പെടുന്നു. മുദ്രാരാക്ഷസത്തിൽ സൂത്രധാരൻ കാവ്യാർത്ഥസൂചനത്തിന്നായി ചൊല്ലുന്ന

'ക്രൂരഗ്രഹഃസകേതു-
ശ്ചന്ദ്രമസംപൂർണ്ണമണ്ഡലമിദാനീം.
അഭിഭവിതുമിച്ഛതിബലാ-
ദ്രക്ഷത്യേനന്തുബുധയോഗഃ'

എന്ന ശ്ലോകത്തിൽ ക്രൂരഗ്രഹമായ (അനിഷ്ടഫലദാതാ) കേതു ഇന്നു. പൂർണ്ണചന്ദ്രനെ ഗ്രസിപ്പാൻ പോകുന്നുണ്ടെങ്കിലും, ബുധഗ്രഹത്തിന്റെ യോഗം നിമിത്തം ഗ്രഹണമുണ്ടാകയില്ല എന്ന പ്രകൃതാർത്ഥം കൂടാതെ, ദുരാഗ്രഹിയായ മലയകേതു രാജ്യത്തിൽ സ്ഥിരപ്രതിഷ്ഠകിട്ടാത്ത ചന്ദ്രഗുപ്തനെ ആക്രമിപ്പാനിച്ഛിക്കുന്നു; എന്നാൽ ബുധനായ ചാണക്യന്റെ യോഗം അതിൽനിന്നു രക്ഷിക്കും' എന്ന കാവ്യാർത്ഥവും ധ്വനിക്കുന്നുണ്ട്. എന്നാൽ 'ക്രൂരഗ്രഹം' മുതലായ ശബ്ദങ്ങൾക്കു ദുരാഗ്രഹം മുതലായ അർത്ഥങ്ങളിൽ പ്രസിദ്ധിയില്ലാത്തതിനാൽ അവ ഉദ്ദിഷ്ടമായ താല്പര്യാർത്ഥത്തെ ബോധിപ്പിക്കുന്നതു 'ചന്ദ്രൻ' (ചന്ദ്രഗുപ്തൻ) കേതു (മലയകേതു) മുതലായ അഭിപ്രേതാർത്ഥബോധകപദങ്ങളുടെ ബലത്താലാണ്. ഇങ്ങിനെ ധ്വനിച്ച കാവ്യാർത്ഥത്താൽ സൂചിതമായിട്ടാണു 'ആഃ കഃഏഷമയിസ്ഥിതേ' എന്നുപറഞ്ഞു ചാണക്യന്റെ പ്രവേശം. ആകയാൽ മുദ്രാരാക്ഷസത്തിലെ പ്രസ്താവനക്കു പേർ 'ഉൽഘാത്യകം' എന്നാണ്. ദശരൂപകത്തിൽ

'ഗൂഢാർത്ഥപദപര്യായ-
മാലാപ്രശ്നോത്തരസ്യ വാ
യത്രാന്യോന്യംസമാലാപൊ
ദ്വേധോൽഘാത്യംതദുച്യതെ'

എന്നു ലക്ഷണംചെയ്തു വിക്രമോർവ്വശീയം രണ്ടാമങ്കത്തിലെ രാജാവിന്റെയും വിദൂഷകന്റെയും സംവാദത്തെയാണു ഉദാഹരിച്ചിരിക്കുന്നത്.

സൂത്രധാരന്റെ വാക്യത്തെയൊ വാക്യാർത്ഥത്തെയൊ എടുത്തുപറഞ്ഞുംകൊണ്ടു അങ്കാദിയിലെ പാത്രം പ്രവേശിക്കുന്നതായാൽ ആ പ്രസ്താവന കഥോൽഘാതമാകുന്നതാണ്. വാക്യത്തിന്നുദാഹരണം 'രത്നാവലി' എന്ന നാടികയിലാണ്. 'ദ്വീപാദന്യസ്മാൽ' എന്ന സൂത്രധാരന്റെ ശ്ലോകമെടുത്തു ചൊല്ലിയുംകൊണ്ടാണു പ്രസ്താവനാനന്തരം യൌഗന്ധരായണൻ പ്രവേശിക്കുന്നത്. വാക്യാർത്ഥത്തിന്നുദാഹരണം വേണീസംഹാരമാണ്. അതിൽ 'നിർവ്വാണവൈരദഹനാഃ' എന്നു സൂത്രധാരൻ പറഞ്ഞിട്ടുള്ളതിന്റെ അർത്ഥം മനസ്സിലാക്കി അണിയറയിൽനിന്നു ഭീമസേനൻ 'ആഃ വൃഥാമംഗലപാഠക' എന്നു പറഞ്ഞുംകൊണ്ടു സൂത്രധാരൻ പോയ ഉടനെ പ്രവേശിക്കുന്നു. കാവ്യേന്ദുപ്രകാശത്തിൽ,

'ഏദിസ്ഥാനാമർത്ഥവതാം
പദാനാമന്യഥാകൃതേഃ
യഃപാത്രസ്യപ്രവേശഃസ്യാൽ
സകഥോൽഘാതഇഷ്യതെ.'

എന്നു സൂത്രപനിർവ്വചനം ചെയ്തു അന്യ

ഗാകരണത്തിന്നു പദഭംഗം, അൎത്ഥഭംഗം എന്നു രണ്ടു ഭേദങ്ങൾകൂടി കാണിച്ചിട്ടുണ്ട്.

ഒരു പ്രയോഗംകൊണ്ടു മറെറാരു പ്രയോഗം നിൎവ്വഹിച്ച് അതിനാൽ സൂചിതമായിട്ടു പാത്രപ്രവേശം ഉണ്ടാകുമെങ്കിൽ അതു പ്രയോഗാതിശയമാകുന്നു. കുന്ദമാലയിൽ, 'നേപഥ്യേ' ഇത ഇതോവതരതാര്യേ' എന്നു ലക്ഷ്മണവാക്യം കേട്ടതാകൎണ്ണിച്ചു സൂത്രധാരൻ, 'ആൎയ്യയെ വിളിച്ചു എന്നെ സഹായിപ്പാനിച്ഛിക്കുന്ന താരാണു' എന്നുപറഞ്ഞു തിരഞ്ഞു നേരെ നോക്കി, 'കഷ്ടമതിദാരുണംഖ ത്തതേ' ലേങ്കേശ്വരനൃപവനേസൂചിതം' എന്നുപറഞ്ഞു നിഷ്ക്രമിക്കുന്നു. ഇതിൽ സംഗീതത്തിന്നായ് നടിയെ വിളിപ്പാൻ ഭാവിച്ച സൂത്രധാരൻ ആൎയ്യാപ്രസ്താവത്താൽ സീതാം വനായ പരികൎഷതിലക്ഷ്മണോയം' എന്നു സീതാലക്ഷ്മണന്മാരുടെ പ്രവേശത്തെ സൂചിപ്പിച്ചതുകൊണ്ടു സ്വപ്രയോഗത്തെ അതിശയിച്ചിരിക്കുന്ന പ്രയോഗത്തെയാണ് ചെയ്തിരിക്കുന്നത്. അതിനാൽ കുന്ദമാലയിലെ പ്രസ്താവന പ്രയോഗാതിശയം എന്ന ഇനത്തിൽ ചേരുന്നു. ദശരൂപകത്തിൽ,

'ഏഷോയമിത്യുപക്ഷേപാൽ
സൂത്രധാരപ്രയോഗതഃ
പാത്രപ്രവേശോയത്രൈഷ
പ്രയോഗാതിശയോമതഃ'

എന്നു സ്വരൂപം കാണിച്ചു പ്രയോഗാതിശയത്തിന്നുദാഹരണമായി ശാകുന്തളത്തിലെ 'ഏഷരാജേവദുഷ്യന്തഃ' എന്ന സൂത്രധാരശ്ലോകത്തെ ഉദാഹരിക്കുന്നു.

കാലസാമ്യംകൊണ്ടു പാത്രപ്രവേശത്തെ സൂചിപ്പിക്കുന്ന പ്രസ്താവനയാണു പ്രവൎത്തകം എന്നു പറയപ്പെടുന്നത്.

'ആസാദിതപ്രകടനിൎമ്മലചന്ദ്രഹാസഃ
പ്രാപ്തഃശരത്സമയഏഷവിശുദ്ധകാന്തഃ
ഉൽഖായഗാഢതമസംഘനകാലമുഗ്രം
രാമോദശാസ്യമിവസംഭൃതജീവബന്ധുഃ'

ശരൽക്കാലവൎണ്ണനം ചെയ്യുന്ന പ്രസ്തുതശ്ലോകത്തിലെ ശ്ലേഷത്താൽ ഗമ്യമാനമാകുന്ന സാമ്യംകൊണ്ടും, 'രാമൻ' എന്നു നായകന്റെ പേർ പറഞ്ഞിരിക്കുന്നതിനാലും പാത്രപ്രവേശം സൂചിതമായിരിക്കുന്നതിനാലും ഈ പ്രസ്താവന പ്രവൎത്തകമാകുന്നു.

ഒരു പ്രയോഗത്തിൽനിന്നു സാദൃശ്യോതു സംനിമിത്തം കാൎയ്യാന്തരം സാധിക്കപ്പെടുന്നുവെങ്കിൽ ആ പ്രസ്താവന അവലഗിതമാകുന്നു. ശാകുന്തളത്തിൽ, സൂത്രധാരൻ നടിയുടെ ഗാനത്താൽ സഭ്യന്മാരൊക്കെ അപഹൃതചിത്തവൃത്തികളായിരിക്കുന്നുവെന്നു പറഞ്ഞ് ആ പ്രയോഗത്തിൽനിന്നു സാരംഗത്താൽ ആകൃഷ്ടനായ രാജാവിന്റെ സാദൃശ്യത്തെ ഉത്ഭാവനം ചെയ്തു രാജപ്രവേശരൂപമായ കാൎയ്യത്തെ സാധിക്കുന്നതു നോക്കുക:—

'തവാസ്മിഗീതരാഗേണ
ഹാരിണാപ്രസഭംഹൃതഃ
ഏഷരാജേവദുഷ്യന്തഃ
സാരംഗേണാതിരംഹസാ'.

ആകയാൽ ശാകുന്തളത്തിലെ പ്രസ്താവന അവലഗിതം എന്ന വിഭാഗത്തിലുൾപ്പെടുന്നുവെന്നാണ് സാഹിത്യദൎപ്പണകാരൻ പറഞ്ഞിരിക്കുന്നത്. ദശരൂപകകാരന്റെ മതത്തിൽ ശാകുന്തളപ്രസ്താവന പ്രയോ

ഗാതിശയത്തിൽ ചേരുന്നതാണെന്നു മുന്നുതന്നെ പറഞ്ഞിട്ടുണ്ടല്ലോ. ദശരൂപകത്തിൽ അവലഗിതത്തിന്നുദാഹരണമായി 'ഛലിതരാമ'ത്തിലെ ഒരു ഭാഗമാണു് ഉദ്ധരിക്കപ്പെട്ടിരിക്കുന്നതു്. അന്യകാൎയ്യംകൊണ്ടു അന്യകാൎയ്യത്തിന്റെ സാധനം, സ്വകീയകാൎയ്യംകൊണ്ടു് അന്യകാൎയ്യത്തിന്റെ സാധനം, എന്നിങ്ങിനെ അവലഗിതം രണ്ടുവിധത്തിലുണ്ടെന്നുകൂടി പറഞ്ഞിട്ടുണ്ടു്. അവലഗിതത്തെപ്പററി മന്ദാരമരന്ദത്തിൽ-

'അന്യകാൎയ്യമിഷാദന്യ-
കാൎയ്യസ്യകരണം തഥാ
ഉച്യതാവലഗിതം തത്ര
കാൎയ്യാച്ചസ്വാൎത്ഥസാധനം.'

എന്നിങ്ങിനെയത്രെ പറഞ്ഞുകാണുന്നതു്. കാവ്യേന്ദുപ്രകാശത്തിൽ 'അവലഗിതം' എന്ന പേർ മാററി 'ചലിതം' എന്നാക്കിയിരിക്കുന്നു. 'യഃ പാത്രസ്യപ്രവേശസ്സ്യാച്ചലിതം ചാന്യവൎണ്ണനാൽ' എന്നു പറഞ്ഞിരിക്കുന്നതിനാൽ പ്രവൎത്തകത്തിന്നും ചലിതത്തിന്നും തമ്മിൽ ഭേദമെന്താണെന്നു ചോദിക്കുന്നതായാൽ പ്രസ്തുതകാലവൎണ്ണനത്തിന്നനുരൂപമായി പാത്രപ്രവേശത്തെ പ്രവൎത്തിപ്പിക്കുന്നതാണു് പ്രവൎത്തകമെന്നും, ഏതെങ്കിലും ഒന്നിനെ മാത്രം പറഞ്ഞു പാത്രപ്രവേശത്തെ സാധിപ്പിക്കുന്നതാണു് ചലിതമെന്നും സമാധാനം പറയാവുന്നതാണു്. ഇങ്ങിനെ ഉള്ള ഭേദം ഇവയുടെ ഉദാഹരണങ്ങളിൽനിന്നു വിശദമാകുന്നുമുണ്ടു്.

അണിയറയിൽവെച്ചു പറയപ്പെടുന്നതിനേയോ, കേൾക്കപ്പെടുന്നതിനേയോ, ആകാശഭാഷിതത്തേയോ ആശ്രയിച്ചിട്ടും പ്രസ്താവന കല്പിക്കാമെന്നും നവകൂട്ടൻ അഭിപ്രായപ്പെടുന്നു.


ഒരു നാടകത്തിലെ പ്രസ്താവനയിൽനിന്നു് ആ നാടകത്തിന്റെ ഇതിവൃത്തത്തെ സംബന്ധിച്ച മാത്രമല്ല നാടകകൎത്താവിനെസ്സംബന്ധിച്ചും വളരെ സംഗതികൾ അറിയാവുന്നതാണു്. കവിയെപ്പററിയ പ്രസ്താവം പ്രസ്താവനയിലെ ഒരു ഭാഗമാണു്. പ്രായേണ ഏതു നാടകത്തിലും അതിന്റെ പ്രണേതാവിനെ പ്രശംസിച്ചും, അദ്ദേഹത്തിന്നുള്ള യോഗ്യതകളെ ശ്ലാഘിച്ചും ഉള്ള സംഭാഷണങ്ങൾ ഉണ്ടായിരിക്കും. പ്രാചീനകവികളുടെ ഈ സമ്പ്രദായം അൎവ്വാചീനസാഹിത്യചരിത്രവേദികൾക്കു വളരെ സഹായിക്കുന്നുണ്ടു്. രത്നാവലീകാരനായ ശ്രീഹൎഷൻ ഒരു രാജാവാണെന്നു അദ്ദേഹത്തിന്റെ പ്രസ്താവനകളിൽനിന്നു വെളിവാകയാൽ ഒരു രാജസേവകനായ സാക്ഷാൽ ശ്രീഹൎഷനെ (നൈഷധകാരനെ) രത്നാവലീകാരനിൽനിന്നു വ്യാവൎത്തിക്കുവാൻ നമുക്കു സാധിക്കുന്നു. ഭവഭൂതിയുടെ നാടകത്രയത്തിൽ മഹാവീരചരിതത്തിലെ പ്രസ്താവനയിൽ സ്വകാവ്യദൂഷകന്മാരായ 'പാംശുക'ന്മാരെപ്പററി ഒന്നും പറയാതെയും, മാലതീമാധവത്തിൽ 'യേ നാമ കേചിദിഹ നഃ പ്രഥയന്ത്യവജ്ഞാം' എന്നിങ്ങിനെ കാൎയ്യമാത്രം പറഞ്ഞും, ഉത്തരരാമചരിതത്തിൽ 'ലോതിട്ടജ്ഞനുരിവക്തവ്യം' എന്നാദിയായി വളരെ ആധിക്ഷേപിച്ചു പ്രസ്താവിച്ചും കാണുന്നതുകൊണ്ടു് ആ നാടകങ്ങളുടെ പൌൎവ്വാപൎയ്യം നിൎണ്ണയിപ്പാൻ നമുക്കു സാധിക്കുന്നു. ഈ സ്ഥിതിക്കു പ്രാചീനസംസ്കൃതകവികൾ ജീവചരിത്രവിഷയത്തിൽ ഒന്നും എഴുതിയിട്ടില്ല എന്നുള്ള പുതിയ കൂട്ടരുടെ ആക്ഷേപം, നാടകകവികളെസ്സംബന്ധിച്ചിടത്തോളം, നിസ്സാരമാണെന്നു

വർണ്ണം പറയുവാൻ. എന്നാൽ, അർവാചീനകവികളിൽ പലരും പ്രസ്താവനയുടെ ഹാത്മ്യോദ്ദേശം മറന്ന് അതിനെ ആത്മപ്രശംസയ്ക്കുള്ള ഒരു രംഗമാക്കിത്തീർത്തിരിക്കുന്നു. ഇതിനെ സാഹിത്യശാസ്ത്രകാരന്മാർ എങ്ങിനെ സ്വീകരിക്കുമെന്നു വായനക്കാർ തീർച്ചപ്പെടുത്തട്ടെ.

സി. ശങ്കുണ്ണിനായർ.

# പ്രത്യക്ഷപരിണാമം.

ജീവവർഗ്ഗപരിണാമതത്വത്തെപ്പററി ഭിന്നാഭിപ്രായം എത്രതന്നെയുണ്ടെങ്കിലും, മനുഷ്യരുടെ ആഡംബരങ്ങളിലും നടവടികളിലും പല പരിണാമവും നമുക്കു പ്രത്യക്ഷമായി കാണ്മാനുണ്ടാകുന്നുണ്ട്. മനുഷ്യവർഗ്ഗത്തിനേയും മൃഗവർഗ്ഗത്തിനേയും കൂട്ടിയിണക്കുന്ന കണ്ണി ആഫ്രിക്കയിലെ ആൾക്കുരങ്ങന്മാരാണോ അല്ലയോ എന്നു തീർച്ചപ്പെടുത്തുവാൻ നാം ശ്രമിക്കേണമെന്നില്ല. ആൾക്കുരങ്ങന്മാരെ മൃഗവർഗ്ഗത്തിൽ തന്നെ പെടുത്തുക. എന്നാലും ഈ ആൾക്കുരങ്ങന്മാർ മൃഗവർഗ്ഗത്തിൽ മേലെപ്പടിയിൽ എത്തീട്ടുണ്ടെന്നു സമ്മതിക്കാതിരിപ്പാൻ തരമില്ല. ചിത്തവൃത്തികളെ അടിസ്ഥാനപ്പെടുത്തിനോക്കീട്ടാണല്ലോ മനുഷ്യനേയും മൃഗത്തേയും പ്രധാനമായി വേർതിരിക്കുന്നത്. സന്തോഷം, വ്യസനം, കോപം, ധാരണാശക്തി, സഹതാപം, കൃതജ്ഞത, ധൈര്യം തുടങ്ങിയ പല ചിത്തവൃത്തികളും ആഫ്രിക്കയിലെ ആൾക്കുരങ്ങന്മാരെപ്പോലുള്ള ചില മൃഗങ്ങളിൽ കാണ്മാനുണ്ട്. എല്ലാ ചിത്തവൃത്തികളും മനുഷ്യരിൽ മാത്രമേ തികഞ്ഞുകാണുകയുള്ളു എന്നില്ല. ആഫ്രിക്കയിലെ ആൾക്കുരങ്ങന്മാരെക്കാളും ചിത്തവൃത്തികൾ കുറവായ മനുഷ്യരും ഇല്ലെന്നില്ല. ലജ്ജ, വിവേകം എന്നു തുടങ്ങിയ ചില ചിത്തവൃത്തികളാണ് മനുഷ്യരിൽ പ്രത്യേകമായി ഒന്നു കാണ്മാനുള്ളത്. മനുഷ്യരിൽ തന്നെ താഴെപ്പടിയിൽ കിടക്കുന്ന കാടന്മാരും ആഫ്രിക്കയിലെ ആൾക്കുരങ്ങന്മാരും തമ്മിൽ വലിയ അന്തരമുണ്ടെന്നു തോന്നുന്നില്ല. കാടന്മാരും മനുഷ്യരാണല്ലോ. മനുഷ്യദേഹത്തിലുള്ള അംഗങ്ങളിൽ ഓരോന്നിന്നും തമ്മിൽ വ്യത്യാസമുണ്ടെന്നോ, അതിൽ ചിലതു മാറ്റേണ്ടതാണെന്നോ ശുദ്ധകാടന്നറിവില്ല. അവൻ പ്രകൃതിദത്തമായ ദേഹത്തെ പ്രകൃതിയോടു യോജിപ്പിച്ചു തന്നെ വെക്കുന്നു. ആഹാരം, വിഹാരം, ഉറക്കം തുടങ്ങിയ പ്രകൃതിചേഷ്ടകൾ മൃഗങ്ങൾക്കുള്ളപോലെ തന്നെ ഈ ശുദ്ധകാടന്നും ഉണ്ട്. ഈ കാടനാണു മനുഷ്യവർഗ്ഗത്തിൽ ഏററവും ചുവട്ടിലെ പടിയിൽ നില്ക്കുന്നത്. അവനാണ് മൃഗവർഗ്ഗത്തിൽ ഏററവും മേലെപടിയിൽ ഇരിക്കുന്ന ആൾക്കുരങ്ങനുമായി ജീവശൃംഖലമാകുന്ന ചങ്ങലയി·



I. ആൾക്കുരങ്ങൻ.

ലെ ഒരു കണ്ണിയായി കോൎത്തുപിടിച്ചിരിക്കുന്നത്. പ്രകൃതിവിരുദ്ധമായ ഒരു പ്രവൃത്തിയും ഈ രണ്ടു ജീവികളും ചെയ്യാറില്ല. സ്വസാമൎത്ഥ്യംകൊണ്ടു സ്വാദുണ്ടാക്കി അധികം ഭക്ഷിച്ച് അജീൎണ്ണം പിടിച്ചോ, സ്നേഹിതന്റെ നിൎബ്ബന്ധംകൊണ്ടു 'കുറച്ചുകൂടി' വയററിൽ കടത്തി രോഗം പിടിച്ചു വൈദ്യനെ അന്വേഷിച്ചുനടന്നോ ഇക്കൂട്ടർ ബുദ്ധിമുട്ടാറില്ല. 'തന്നിൽ എളിയതു തനിക്കിര' എന്ന പ്രമാണപ്രകാരം വന്നുചേരുന്ന ദോഷങ്ങൾകൊണ്ടോ, പരിഷ്കൃതന്മാരുടെ ഉപദ്രവംകൊണ്ടോ, അല്ലെങ്കിൽ കാലമൃത്യുവാലോ നശിക്കുന്നതേയുള്ളൂ.



III. സന്യാസി

സ്ത്രീപുരുഷഭേദമെന്യേ കയ്യും കയ്യും കോൎത്തുപിടിച്ച് ഉദ്യാനങ്ങളിലും, ഉത്സവസ്ഥലത്തും, ഷാപ്പുകളിലും മററും യഥേഷ്ടം സഞ്ചരിക്കുന്ന ഏററവും പരിഷ്കൃതന്മാരായ യൂറോപ്യന്മാരും, സ്ത്രീപുരുഷന്മാർ ഒപ്പമിരുന്നു കള്ളുഷാപ്പിന്റെ മുമ്പിൽവെച്ചു മദ്യപാനം ചെയ്തും വെടി പറഞ്ഞും രസിക്കുന്ന നമ്മുടെ ചെറുമക്കളും തമ്മിൽ യാതൊരു ഭേദവുമില്ലെന്നു പറയാവുന്നതാണ്. പരിഷ്കാരം എന്നത് ഒരു ചക്രമാണെങ്കിൽ ആ ചക്രത്തിൽ ഒരു ദിക്കിൽ ഏററവും അപരിഷ്കൃതന്മാരും ഏററവും പരിഷ്കൃതന്മാരും തമ്മിൽ കൂട്ടിമുട്ടാതെ തരമില്ലല്ലോ. അതുപോലെതന്നെ ഏററവും അജ്ഞാനിയും ഏററവും ജ്ഞാനിയും ജ്ഞാനചക്രത്തിൽ ഒരിടത്തിൽ കൂട്ടിമുട്ടാതെ തരമില്ലെന്നു വരുന്നു. നമ്മുടെ കാടനും ഏററവും ജ്ഞാനിയായ സന്യാസിയും പ്രകൃതിയെ സംബന്ധിച്ചേടത്തോളം ഒരുപോലെയാണ്. കാടനു പ്രകൃതിയും പുരുഷനും ഒ



II. കാടൻ

ന്നും അറിയുന്നുകൂട. അവനെ പ്രകൃതി എന്തൊക്കെയോ പ്രവർത്തിപ്പിക്കുന്നു. ജ്ഞാനിയാണെങ്കിൽ പ്രകൃതിയെ മായയെന്നു പറഞ്ഞു പുരുഷനെ കാണുമാറുള്ള ധ്യാനത്തോടെ കഴിച്ചുകൂട്ടുന്നു. പ്രകൃതിയുടെ ഗോഷ്ഠികളൊന്നും അദ്ദേഹം വിലവെക്കുന്നില്ല. ചിത്തവൃത്തികളെ അദ്ദേഹം നിരോധിക്കുന്നു. ഒരുവന്നു ജ്ഞാനം ഇല്ലാഞ്ഞിട്ടാണ്; മറ്റേയാൾക്കു ജ്ഞാനം ഏറീട്ട്. രണ്ടുപേക്കും പ്രകൃതിയെ സംബന്ധിച്ചേടത്തോളമുള്ള ഫലം ഒന്നായിട്ടാണ് കാണുന്നത്.


ജീവജാലങ്ങളുടെ സ്ഥൂലശരീരത്തിന്റെ പരിണാമം 'ഈച്ചചതൊരു പൃച്ഛയായിടുന്നു' എന്ന തത്വത്തെ അവലംബിച്ചാണോ എന്നും, ചിത്തവൃത്തികളുടെ പരിണാമം ഒടുവിൽ ജ്ഞാനമായിത്തീർന്നു പ്രകൃതിയെ വിലവെയ്ക്കാത്ത സ്വഭാവമായിത്തീരുന്നതാണോ എന്നും അത്ര വിസ്തരിക്കേണ്ട ആവശ്യം ഇപ്പോളില്ല. ചിത്തവൃത്തികളിൽ ചിലതിന്നു പരിണാമമുണ്ടെന്നു സ്ഥാപിപ്പാൻ വല്ല തെളിവും ഉണ്ടോ എന്നു മാത്രം നമുക്ക് ഇപ്പോൾ ആലോചിച്ചാൽ മതി. ലജ്ജയെന്ന ചിത്തവൃത്തി തീരെയില്ലാത്ത ശുദ്ധകാടൻ പോയി മരത്തോലുകൊണ്ടോ ഇലകളെക്കൊണ്ടോ ഗുഹ്യപ്രദേശങ്ങൾ മറയ്ക്കുന്ന കാടനായിട്ടു നാം കാണുന്നു. ലജ്ജയുടെ ഉദയത്തോടുകൂടി സൌന്ദര്യഭ്രമം ഉണ്ടാകുന്നു. എങ്ങിനെയായാലാണ് പ്രകൃതിദത്തമായ ദേഹത്തിന്നു കൃത്രിമമായ സൌന്ദര്യം ഉണ്ടാക്കുക എന്ന ആലോചനയാണ് പിന്നെയുണ്ടാകുന്നത്. ഈ ആലോചനയേയും അതിന്റെ ഫലത്തേയുമാണ് പരിഷ്കാരം പരിഷ്കാരം എന്നു നവീനന്മാർ ഘോഷിക്കുന്നത്. ഇല്ലാത്തതിനെ ഉണ്ടാക്കി ഉള്ളതാണെന്നു തോന്നിക്കുവാൻ ആർക്കു സാമർത്ഥ്യമുണ്ടോ അവനാണ് പരിഷ്കാരി. പ്രകൃതിദത്തമായ ദേഹത്തെ പ്രകൃതിയുടെ ചേഷ്ടയിൽനിന്നു രക്ഷിപ്പാൻ പ്രകൃതിദത്തമായ ജ്ഞാനം ബ്രഹ്മാദിപിപീലികാപര്യന്തം ഉള്ള ജീവികൾക്കൊക്കെയുണ്ട്. അവരവർക്കാവശ്യമായ കൂടുകൾ കെട്ടിയുണ്ടാക്കുവാൻ വേണ്ടുന്ന ജ്ഞാനം നാം പക്ഷി മുതലായ പല ജീവികളിലും കാണുന്നുണ്ട്. അവരവർക്കു വേണ്ടുന്ന ആഹാരത്തെ സമ്പാദിപ്പാനുള്ള സാമർത്ഥ്യം മിക്ക ജീവികളിലും നാം കാണുന്നുണ്ട്. എന്നാൽ അവരവർക്കു അത്ര ആവശ്യമില്ലെങ്കിലും മററു ചിലരെ ബോധിപ്പിക്കാൻ മാത്രം ആഡംബരങ്ങളും അലങ്കാരങ്ങളും മോടികൂട്ടി ഉണ്ടാക്കുവാൻ മനുഷ്യർ മാത്രമാണ് ശ്രമിക്കുന്നത്. ഈ ശ്രമത്തിന്നു പരിഷ്കാരം എന്നാണ് പേർ കൊടുത്തിട്ടുള്ളത്. ബാഹ്യാഡംബരം ദേഹത്തിന്നു കാന്തിയും മോടിയും കൂട്ടുവാനായും, ഗുഹ്യപ്രദേശങ്ങൾ മറയ്ക്കുവാനായും ശീതോഷ്ണസ്ഥിതികൾകൊണ്ടു (പ്രകൃതിയുടെ ചേഷ്ടകൊണ്ടു) പ്രകൃതിദത്തമായ ഈ ദേഹത്തിന്നു വല്ല കേടും തട്ടാതെ കഴിപ്പാനായും, തനിക്കില്ലാത്ത സൌന്ദര്യം ഉണ്ടെന്നു അന്യന്മാർക്കു തോന്നിക്കുവാനായും, അല്ലെങ്കിൽ നാലാൾ കാട്ടുമ്പോലെ നാമും കാട്ടേണമെന്നു വിചാരിച്ചും ഇങ്ങിനെ പലവിധത്തിലുമായിട്ടാണ് ജനങ്ങൾ സ്വീകരിക്കുന്നത്. ആഫ്റിക്കയിലെ നീഗ്രോജാതിക്കാരും, അമേരിക്കയിലെ ഇന്ത്യക്കാരും, ഇന്ത്യയിലെ കാട്ടാളന്മാരും ഒക്കെ ഈ ആഡംബരത്തിന്റെ പരിണാമത്തെ പ്രത്യക്ഷമായി കാണിച്ചുതരുന്നുണ്ട്. അതെങ്ങിനെയാണെന്നു നോക്കുക.

തട്ടാൻമിററത്തു ഇട്ടിണ്ണാൻനായർ പരിഷ്കാരത്തിന്റെ ചുവട്ടിലെ പടി ഒന്നു കയറിട്ടേയുള്ളു. തലമുടികൾ കെട്ടി ചന്തം വരുത്തുവാനും വസ്ത്രാഡംബരം ചെയ്യാനും ഇയ്യാൾക്ക് അറിഞ്ഞുകൂട. അരയിൽ ഒരു ആച്ഛാദനം വേണമെന്നും, അതിന്റെ ഉദ്ദേശം ഗുഹ്യപ്രദേശം മറയ്ക്കുകയാണെന്നും മാത്രമേ ഇയ്യാൾ മനസ്സിലാക്കീട്ടുള്ളു. പ്രകൃതിയും പുരുഷനും ബ്രഹ്മാവും മായയും എല്ലാം ഇയ്യാൾക്കു ഒന്നുതന്നെ.



തട്ടാൻമിററത്ത് ഇട്ടിണ്ണാൻനായർ.

തേലപ്പുറത്തു ഇക്കണ്ടൻനായർ പരിഷ്കാരചക്രത്തിൽ ഒരു പടികൂടി കയറിയിരിക്കുന്നു. മുട്ടമറയെ മുണ്ടുടുത്തു കുടുമ ശരിക്കു കെട്ടി മാസത്തിൽ ഒരു തവണ ക്ഷൌരം കഴിച്ചു സൌന്ദൎയ്യഭ്രമം എന്ന ചിത്തവൃത്തിക്കു അധീനനായിത്തുടങ്ങിയിരിക്കുന്നു. മനുഷ്യശക്തിയും പ്രകൃതിശക്തിയും രണ്ടാണെന്നു മനസ്സിലാക്കീട്ടില്ലെങ്കിലും മനുഷ്യപ്രയത്നംകൊണ്ടു പ്രകൃതിയിൽ ചില സൌന്ദൎയ്യമൊക്കെ ഉണ്ടാക്കാമെന്ന് ഇയ്യാൾ മനസ്സിലാക്കീട്ടുണ്ട്. നായൎക്ക് എന്തൊക്കെയോ ചിലതു വേണമെന്നു മോഹമുണ്ട്; പക്ഷേ ഇന്നതെല്ലാമാണു വേണ്ടതെന്നു തീൎച്ചപ്പെടുത്തുവാൻ സാധിക്കുന്നില്ലെന്നേയുള്ളു. പരിഷ്കാരചന്ദ്രന്റെ ഉദയം കാത്തുകൊണ്ടും, ആ ഉദയത്തെ ബഹുമാനിക്കുവാൻ താനെന്തൊക്കെയാണ് എങ്ങിനെയൊക്കെയാണ് ചെയ്യേണ്ടത് എന്നു ചിന്തപൂണ്ടും ആണ് ഇയ്യാളുടെ സ്ഥിതി.



തേലപ്പുറത്ത് ഇക്കണ്ടൻനായർ.

കോമൻനായർ സൌന്ദര്യബോധത്തിൽ നിന്നുണ്ടായ ആഡംബരഭ്രമത്തിന്നു വശംവദനായി കഴിഞ്ഞിരിക്കുന്നു. കുടുമ്മ മുറിച്ചിട്ടില്ലെങ്കിലും ആയതു പരിഷ്കാരത്തിൽ കെട്ടേണമെന്നും താടിമേൽ രോമം വളരുന്നതു അഭംഗിയാണെന്നുള്ള വിചാരത്താൽ അർദ്ധക്ഷൌരം വേണ്ടതാണെന്നും തീർച്ചയാക്കീട്ടുണ്ട്. രണ്ടാംമുണ്ടിന്റെ ആവശ്യം ചുമലിൽ ഉടനീളം ഇടുകയാണെന്നും ചലനത്തിൽ ദേഹത്തിന്റെ അവയവങ്ങൾക്കു കൃത്രിമമായ ചില ചേഷ്ടകൾ ആവശ്യമാണെന്നും അല്ലെങ്കിൽ പരിഷ്കാരമാവില്ലെന്നും ഇയ്യാൾ മനസ്സിലാക്കീട്ടുണ്ട്.



ഇട്ട്യാറാണൻ.

ഇട്ട്യാറാണൻ ആച്ഛാദനം വിട്ടു ആഡംബരത്തിലേയ്ക്കു കാലെടുത്തു വെച്ചാളാണ്. രണ്ടാംമുണ്ടു വേണമെന്നും പക്ഷേ വിനയത്തിന്റെ ലക്ഷണമായി ആയത് ഒന്നാംമുണ്ടിന്റെ മേൽ ചുററിയാൽ മതിയെന്നും തീർച്ചയാക്കീട്ടുണ്ട്. ഇയ്യാളുടെ ഹൃദയത്തിൽ സൌന്ദര്യബോധം ഉദിച്ചുവന്നുതുടങ്ങിയിരിക്കുന്നു.



കോമൻനായർ.



തെണ്ടിവീട്ടിൽ കുളൻനായർ.

തെണ്ടിവീട്ടിൽ കുളൻനായർ പരിഷ്കാരസമുദ്രത്തിന്റെ നടുവിൽ എത്തിയ ആളാണ്. രണ്ടാംമുണ്ടു വളരെ നീളത്തിലുള്ള വേഷ്ടിയാക്കി ചുമലിൽക്കൂടിയും കക്ഷത്തിൽക്കൂടിയും അങ്ങുമിങ്ങും വലിച്ചിട്ടു കയ്യിൽ ഒരു വടിയും പിടിച്ച് 'അമ്പടഞാനെ' എന്ന് അഭിമാനിക്കുന്നാളാണ്.

കുടുമ ആവശ്യമില്ല. ആയത്തു വെട്ടി മിനുക്കി ചീപ്പുകൊണ്ടു വാൎന്നു വെടിപ്പാക്കി അൎദ്ധക്ഷൌരം ദിനംപ്രതി ചെയ്താലെ മൂപ്പൎക്കു സുഖമുള്ളൂ. ദിവസം പകൽ 12 മണിക്കൂറുള്ളതിൽ 6 മണിക്കൂറും ദേഹത്തിന്നു സൌന്ദൎയ്യമുണ്ടാക്കുന്ന ജോലിയാണ് ഒരു പ്രധാന ജോലിയായി ഇദ്ദേഹം കണക്കാക്കീട്ടുള്ളത്.



രാമകൃഷ്ണമേനോൻ

രാമകൃഷ്ണമേനോൻ ദേഹം മുഴുവനും ആച്ഛാദനം ചെയ്യുന്നമെന്നും അല്ലെങ്കിൽ 'കണ്ട്റി'യായിപ്പോകുമെ

നുംകൂടി മനസ്സിലാക്കീട്ടുള്ളാളാണ്. കൃഷ്ണൻനായരുടെ സ്ഥാ ത്തിൽ നിന്നു അല്പം മേലേക്കിടയിലാണ് മൂപ്പരെത്തീട്ടുള്ളത്. പരിഷ്കാരത്തിന്റെ മൂലതത്വങ്ങളെല്ലാം ഇദ്ദേഹം ഗ്രഹിച്ചിട്ടുണ്ട്.



E. W. കോന്തുക്കുറുപ്പ്.

ഇദ്ദേഹം ഇ. ഡബ്ലിയു. കോന്തുക്കുറുപ്പാണ്. ദേഹാച്ഛാദനത്തിന്നു ഷൎട്ടും മറ്റും പോരാ കോട്ടുകൂടിവേണമെന്നും തല 'ക്രോപ്പു ചെയ്ത' ഭംഗിയായി ചീകി മിനുക്കണമെന്നുമാണിദ്ദേ

ഹം ധരിച്ചിട്ടുള്ളത്. പരിഷ്കാരസൌധത്തിന്റെ മുകളിലോളം ചെന്നു് എത്തിനോക്കുന്ന ഒരാളായിട്ടാണിദ്ദേഹത്തെ കണക്കാക്കേണ്ടത്.



കെ. എസ്സ്. മേനോൻ.

പരിഷ്കാരസമുദ്രം ഇന്ത്യക്കും ബിലാത്തിക്കും മദ്ധ്യത്തിലാണു കിടക്കുന്നത്. ആ സമുദ്രം കടന്നു ബിലാത്തിയിൽ എത്തുവാനാണല്ലൊ എല്ലാപരിഷ്കാരികളും ശ്രമിക്കുന്നത്. കെ. എസ്സ്. മേനോൻ എത്താണ്ട്

ബിലാത്തിക്കാര കണ്ടുതുടങ്ങിയ ആളാണ്. പക്ഷേ ഇന്ത്യക്കാരനാണ് താൻ എന്ന ബോധം തീരെ വിട്ടിട്ടില്ല. അതുകൊണ്ടാണ് തലയിൽ 'ടർബൻ' മതിയെന്നു തൽക്കാലം ഇയ്യാൾ തീച്ചയാക്കീട്ടുള്ളത്. കോളരും നെക്ക്ടൈയും കാപ്പൻകോട്ടും ട്രൌസറും ബൂട്ട്സും ഒക്കെ അത്യാവശ്യമാണെന്നും അതൊന്നുമില്ലെങ്കിൽ 'ഫാഷനബിൾ ജൻറിൽമാൻ' ആവില്ലെന്നുമാണ് ഇയ്യാളുടെ നിശ്ചയം.



കെ. എൻ. മാങ്ങാട്ട്.

ഈ മനുഷ്യൻ കെ. എൻ. മാങ്ങാട്ട് ആണ്. മാങ്ങാട്ട് കോമൻനായർ എന്നത്ഥം. പേര് ഇംഗ്ലീഷീകരിച്ചിരിക്കയാണ്. അതോടുകൂടിത്തന്നെ ആഡംബരങ്ങളും ഇംഗ്ലീഷികരിച്ചിട്ടുണ്ട്. മനുഷ്യപ്രയത്നംകൊണ്ടുള്ള മാററമൊക്കെ വരുത്തിട്ടുണ്ട്. പ്രകൃതിദത്തമായ ദേഹത്തിൻെറ നിറം മാററുവാൻ മാത്രം വിദ്യ കണ്ടിട്ടില്ല. അതുംകൂടി സാധിച്ചാൽ 'തനിച്ച വാലുള്ള വെള്ളക്കാരനാണെന്ന്' ആരും പറയും. ആഡംബരപരിഷ്കാരത്തിൻെറ കൊടുമുടിയിൽ ഇയ്യാൾ എത്തിക്കഴിഞ്ഞിട്ടുണ്ട്.

പ്രകൃതിയിലുള്ള സൌന്ദര്യത്തെ കണ്ടാനന്ദിക്കുന്ന പൂവ്വികന്മാരും, മനുഷ്യപ്രയത്നത്താൽ കൃത്രിമമായുണ്ടാക്കുന്ന സൌന്ദര്യത്തെ കണ്ടാനന്ദിക്കുന്ന നവീനന്മാരും തമ്മിൽ ഹൃദയസംസ്കാരത്തെ സംബന്ധിച്ച വ്യത്യാസമുണ്ടോ ഇല്ലയോ എന്ന കാര്യം ചിത്തവൃത്തിയുടെ പരിണാമത്തെപ്പററി ആലോചിക്കുമ്പോൾ തീച്ചപ്പെടുത്താനെ തരമുള്ളൂ.

എം. ആർ. കെ. സി.

# ഞങ്ങളുടെ വായനശാല

## ജാഹനിറ.

പരന്ത്രീസ്സിൽ ജനിച്ച്, ഇംഗ്ലീഷിൽ വന്നിട്ടുള്ള 'ഇന്ത്യാചരിത്രകഥകൾ' എന്ന പുസ്തകത്തിലടങ്ങിയ ഒരു കഥയുടെ തജ്ജമയാണിത്. ചരിത്രവിഷയത്തിലുള്ള ശുഷ്കമായ അസ്ഥികൂടം നീക്കിക്കളഞ്ഞ്, സാഹിത്യരസംകൊണ്ട് മാംസളമാക്കി സഹൃദയന്മാരെ രസിപ്പിക്കുക എന്ന 'ചരിത്രകഥാധമ്മം' ഈ ഇന്ത്യാചരിത്രകഥകളിൽ വിശേഷിച്ചും വിളങ്ങിക്കാണുന്നുണ്ട്. 17-ാം

ശതാബ്ദത്തിന്റെ ചരിത്രപശ്ചാത്തലത്തോടുകൂടി ഈ കഥ ആരംഭിക്കുന്നു. 1627-ൽ അക്ബർചക്രവർത്തിയുടെ മകനായ ജഹാംഗീർ (സലിം) മരിച്ചതിനുശേഷം, അദ്ദേഹത്തിന്റെ ജ്യേഷ്ഠപുത്രനായ ഖുറാം ഷാജഹാൻ എന്ന സ്ഥാനത്തോടുകൂടി സിംഹാസനാരൂഢനായി. ഖുറാമിന്റെ പ്രവൃത്തികൾ അനേകം സാമന്തപ്രഭുക്കന്മാർക്കു രസിച്ചിരുന്നില്ല. അക്കൂട്ടത്തിൽ പ്രധാനനായ ബർഹാൻപൂരിലെ ഖാൻജഹാൻ ലോധി എന്ന പ്രഭുവിനെ കീഴൊതുക്കുവാൻ ഷാജഹാൻ പല തന്ത്രങ്ങളും പ്രയോഗിക്കുകയും ഭയങ്കരമായ യുദ്ധങ്ങൾ ചെയ്യുകയും ഉണ്ടായെങ്കിലും അദ്ദേഹം കീഴൊതുങ്ങിയില്ല. അദ്ദേഹം ഷാജഹാന്റെ സൈന്യങ്ങളോടു യുദ്ധം വെട്ടി കുടുംബസമേതം മരിക്കുകയാണുണ്ടായത്. ഇതാണ് ഇതിലെ കഥാവസ്തു. ഇതിൽ, ഖാൻജഹാൻ ലോധിയുടെ മകളായ 'ജോഹാജീറ' എന്ന കന്യകയുടെ നാമധേയത്തെയാണ് ഈ ഗ്രന്ഥം വഹിക്കുന്നത്.

ഖാൻജഹാൻ ലോധി, ജോഹാജീറ, അവളുടെ സഹോദരന്മാർ എന്നിവരൊക്കെ വായനക്കാരുടെ ഹൃദയത്തിൽനിന്ന് ഒരിക്കലും മായാത്ത പാത്രങ്ങളാണ്. സ്വാതന്ത്ര്യരക്ഷയ്ക്കായി ധർമ്യമായ വഴിക്കു ധൈര്യസമേതം പോരാടുന്നതിനായി ആത്മാർപ്പണം തന്നെ നാം ഇ[illegible] അറിയാതെ [illegible]പോകുന്നു. അവരുടെ ഗുണത്തിൽ സന്തോഷവും ദോഷത്തിൽ സന്താപവും നമുക്കുണ്ടാകുന്നു. അവരുടെ ഒരു പ്രവൃത്തിയും നമ്മുടെ സശിരഃകമ്പമായ അഭിനന്ദനത്തിന്നു വിഷയമാവാതിരിക്കുന്നില്ല. എന്നാൽ, ഷാജഹാന്റെ സേനാപതി സൈന്യസമേതം ചെന്നു പാളയമടിച്ചിരിക്കുന്ന ദിക്കിൽ ജോഹാജീറ ഒരു ദേവദാസിയായി ചെന്നു സേനാപതിക്കു വിഷം ചേർത്ത 'സർബത്തു' കൊടുത്ത് അദ്ദേഹത്തെ ഹിംസിച്ചതു അവളുടെ ആഭിജാത്യത്തിനും ധൈര്യത്തിനും യോജിച്ചതായി തോന്നിയില്ല. സേനാപതിയുടെ മരണം കേട്ടു വിസ്മയിക്കുന്ന അച്ഛനോടു 'വിസ്മയിക്കാനൊന്നുമില്ലച്ഛാ' എന്നു പറഞ്ഞു ജോഹാജീറ താൻ ചെയ്ത കപടം പ്രകടിപ്പിക്കുമ്പോൾ [illegible] ഒരു സങ്കോചമാണു നമുക്കുണ്ടാകുന്നത്. പക്ഷേ, ഇതു ഒരു പ[illegible]കാരന്റെയും ഇന്ത്യക്കാരന്റെയും ധർമ്മവിചാരത്തിലുള്ള താരതമ്യം കൊണ്ടു തോന്നുന്നതായിരിക്കാം

തർജ്ജമക്കാരൻ സരസഗദ്യലേഖകനായ മൂർക്കോത്തു കുമാരനവർകളാണ്. തർജ്ജമ വളരെ നന്നായിട്ടുണ്ട്. ഓരോ പാത്രങ്ങളുടേയും ജീവനും തന്മയത്വവും തർജ്ജമയായതുകൊണ്ടു ലേശംപോലും തേഞ്ഞുമാഞ്ഞുപോയിട്ടില്ല. പ്രസിദ്ധഗദ്യകാരനായ മൂർക്കോത്തു കുമാരനവർകളുടെ ഭാഷയ്ക്കു സഹജമായുള്ള ലാളിത്യവും അർത്ഥപുഷ്ടിയും ഇതിലും ധാരാളം കാണുന്നുണ്ട്. ചില്ലറ ചില പ്രയോഗങ്ങളിൽ ഞങ്ങൾക്ക് അല്പം അസ്വാരസ്യമില്ലാതിരുന്നില്ല. 'അധികാരമേറ്റത്തി', 'ഉ[illegible] കഴിക്കുക', 'പൃഷ്ഠാങ്കന[illegible] വദനകന്ദരം', 'അ[illegible] ഉള്ള സംബന്ധം', 'ഉറക്കം ഞെട്ടുക', 'പട വിളിക്കുക', 'വിക്കി വിക്കി കരയുക', എന്നിങ്ങനെ അഭംഗിയായും അസാധാരണമായും അപഭ്രഷ്ടമായുമുള്ള ചില പ്രയോഗങ്ങൾ കാണുന്നുണ്ട്. '[illegible]വ്യാവസ്ഥ', 'പാകത', 'പ്രവർത്തി', 'അന്തഃപുരസ്ത്രീകൾ' മുതലായവയും വായനക്കാർക്കു പുതുമയായിത്തോന്നും. ഉത്തമമായ ഈ പുസ്തകത്തിൽ ഇതുകൂടി കൂടാതെ കഴിക്കേണ്ടതായിരുന്നു എന്നാണ് ഞങ്ങൾക്കു തോന്നുന്നത്. വില 6-ണ.

# ശബ്ദാലങ്കാരം

ശ്രുതിസുഖമുളവാക്കുംശബ്ദമാമർത്ഥസമ്പ-
ത്തിരുചിയൊടുചേരുന്നല്ലലങ്കാരമോടും
നിധരമടിമുടിക്കൂടിടുംമങ്കയാളെൻ
ത്തിയിൽവിലസിടട്ടേനല്ലകാവ്യംകണക്കേ
സൗന്ദര്യംകളവാണിയായകവിത-
പ്പെണ്ണിന്നലങ്കാരമാ-
ണെന്നോറാംതെളിയിപ്പതെന്നു സരസ-
ന്മാർക്കൊക്കയുമേ സമ്മതം
എന്നല്ലങ്ങിനെഭംഗികൂട്ടിടുമല-
ങ്കാരം ചമസ്സന്നച-
ർക്കന്നസ്സംകവിതാംഗനാപ്രിയജനം
സമ്മാനമേകുംദൃഢം.
മലമങ്കയ്ക്കുകമ്പിട്ട
ചിലപിച്ചളവാക്കിൽഞാൻ
അലങ്കാരംപണിസ്സുള്ള
നിലവെച്ചുച്ചകൊത്തിടാം. 1
അലങ്കാരംരണ്ടുവിധ-
മലംകവിത ചാർത്തുമ
ശബ്ദാലങ്കാരവുംപിന്നെ-
യർത്ഥാലങ്കാരവുംതഥാ. 2
ശബ്ദങ്കൊണ്ടെഴുകാണ്മു
ശബ്ദാലങ്കാരമാണതുപോലെ
അർത്ഥത്താൽവിലയേറിയ-
തർത്ഥാലങ്കാരമെന്നിമണികണക്ക. 3
അതൃപ്രപറഞ്ഞുവെച്ചോരു
ശബ്ദാലങ്കാരമൊന്നൊട്ടത്തിവിടെ
ക്രമമൊടുവേറുതിരിസ്സാം
യമകമനുപ്രാസമെന്നുരണ്ടുവിധം. 4

## യമകം

ഭിന്നാർത്ഥമായ്ശബ്ദമാത്ര-
മൊന്നാകുംപദ,മക്ഷരം
സ്ഥാനത്തിവയിരട്ടിച്ചാൽ
നൂനംയമകമായ്‌വരും. 5
ശിക്ഷയിലിഹപദയമകമി-
തക്ഷരയമകമതിതെന്നതിരിവറിവാൻ
ലക്ഷണമൊന്നുണ്ടർത്ഥാ-
പേക്ഷപെരുത്തൊന്നിനൊന്നിനില്ലൊട്ടും.

## സ്ഥാനം

പാദംമുഴുക്കെയൊരുപാദമതല്ലനേക-
പാദങ്ങളെന്നിവയിലാദി നടുക്കൊടുക്കം
സ്ഥാനങ്ങളീനിലയിലായ്പലമട്ടിലുണ്ടീ
സ്ഥാനങ്ങളാൽയമകഭേദമനേകമല്ലോ. 7

പാദം മുഴുക്കെയുള്ള യമകം പദയമകമല്ലാതെ പറയുന്നതല്ലെന്നു പറയേണ്ടതില്ലല്ലോ.

## പദയമകം

പാദം മുഴുക്കെ എങ്ങിനെയെന്നാൽ:

ശംഭോ!നിൻനിലയുംനന്നു
നല്ലാർചൂടുംകലാപവും
ഇതിൽത്തേടുന്നിതല്ലോനിൻ
നല്ലാർചൂടുംകലാപവും. 8

അർത്ഥം — നല്ലനടി ചൂടുന്ന ഭൂഷണം എന്നും, സ്ത്രീവ്യസനവും കലാപവും ഇതുമൂലം തേടുന്നു എന്നുമാകുന്നു.

ഓരോ പാദങ്ങളുടെ ആദി നടുക്കൊടുക്കം ഈ സ്ഥാനങ്ങളിലുള്ള യമകങ്ങളെ യഥാക്രമം കാണിക്കുന്നു: —

ശിവനേ!ശിവനേതിനുമില്ലദ്ഭുതം
വിഷമംവിഷമന്നമശിച്ചിതവൻ
മലയോമലയോർത്തുകൊടുക്കെ സം
വഴിയേവഴിയേയുടലാക്കിമഹാൻ. 9

അർത്ഥം — ശിവനേ! എന്ന് ആശ്ചര്യസൂചകമാകുന്ന വാക്കാണ്. ശിവന്, എ

തിന്നും വിഷമം, വിഷം, അന്നം, മല, കാമലേ, കാന്ത്യ, കൊട്ടക്ക, രസം വഴിയേ വഴിഞ്ഞുകൊണ്ടു- വഴിയേ ക്രമത്തിൽ

മലയിലാലയിലാണെന്നോമലേടണോ
കണ്ണാവന്നണവന്നാണെടൽപാതിതേ
സകലതംകലതംഭുവനാശി!നിൻ
വിഭവമോഭവമേഹിനി!മോഹനം. 10

അത്ഥം—ആല=ചെറാക്കടിൽ; സകലതംകലതംഭുവനാശി= എല്ലാവരുമിടകലർന്നിട്ടുള്ള ലോകത്തിന്നു നാഥേ!-

കഠിനംഭവസംകടമേകടമേ-
തവനംഎദ്ദിനൈകതൊഴിയാതൊഴിയാ
ഇതിനൊരൊറാരുപായമിതായമിതാ-
ശയമാത്മസുഖാവരണംവരണം. 11

അത്ഥം—സംകടമേകടം എത്രവനം- നൈകതൊഴിയാതെ ഒഴിയാ- ഉപായം ഇതാ-യമിതാശയം=മനോനിയമനം ചെയ്തിട്ടുള്ള-ആത്മസുഖാവരണം സുഖമാകുന്ന മറ്റു വരണം.

ഈരണ്ടു പാദങ്ങളിലായിട്ട് ആദിമദ്ധ്യാന്തയമകങ്ങളെ കാട്ടുന്നു.

മലമകേ!മനസ്സിന്റെ
മലമറ്റംവരുത്തിമേ
ഗുണമേകേണമേസതം
ഗുണമേറുന്നദൈവമേ! 12

ഉടനമുക്കിന്നൊരു പാട്ടുവും
പെട്ടന്നമുക്കിന്നൊഴിപ്പിൽകിട്ടി
സ്പടംഭവാനീപദമോർത്തുകണ്ടാൽ
ദുഃഖംഭവാനീവ്യസനംകടക്കാം. 13

ഉടൻ- നമുക്ക്- ഇന്ന്- ഒരുപാട്— പെട്ടന്ന്-മുക്കിന്ന്. ഒഴി-ഭവാനീപദം- ഭവാന്- ഇരു വ്യസനം.

പുരക്രുപയുടെയകിടാവേ- (ടാവേ!
ഒന്നോമനിന്മിഴിശൈലമൌലിയുടെയകി-
എന്മേൽവിളയാടണമേ-
റാമേസുഖസമൃദ്ധിവിളയാടണമേ. 14

കൃപയുടെ-അകിട്-ആവേണ്ട. കൃപ കറന്നൊട്ടുന്ന അകിട് (അവിട്) ആവേണ്ടതായ. ശൈല മൌലിയുടെ-ഹിമവാന്റെ-കിടാവേ- വിളയാടണം- എറ്റം- വിത്തുവിളു-ആടണമേ.

ഓരോ പാദങ്ങളിടവിട്ടാ ആദിമദ്ധ്യാവസാനങ്ങളിൽ,

സംസാരമായചികടകടലകരേണ
പാറാൻതവസ്മരണമേവഴിയെന്നിവണ്ണം
സംസാരമായതു ശിവേ!പുനരെങ്കൽമാത്രം
പാരാതതെന്തുനിഗമാത്ഥമനത്ഥമാമോ?
പനിമലയ്ക്കുപിറന്നതിവ്യമാ-
നിനി!വരന്തരികത്തൊരാശ്ശിലും
ഇനിമലയ്ക്കകയില്ലിവനിശകാ-
മിനി!വരന്തരമേമമവാഞ്ഛിതം. 16

എല്ലാവക്കുംമഹാമായ-
മല്ലോമാരെന്നെന്നുമേ
എല്ലാംതീക്കുംമഹാമായ-
യല്ലോശരണമെന്നുമേ. 17

എല്ലാ പാദങ്ങളിലും ഒരേ യമകത്തെത്തന്നെ ആദിനടുവൊടുവുകളിൽ ഉദാഹരിച്ചു കാട്ടുന്നു:—

കരമറ്റെപ്പെട്ടമിവിഷയാഗ്നിയിൽ
കരണനിരയാവിചണത്തിനുകുട്ടംവിധം
കരതിനെ നടുമേൽത്തവദൃഷ്ടിയാം
കരതിരിക്കപവൃതകന്യകേ! 18

ഹൃദയമേ!ശിവയെസ്തുതിചെയ്കിലി
ന്നുദയമേകിടുമായവൾമേല്ക്കുമേൽ
സദയമേമനമാമഖനന്ദിടോ!
വദയമേയെന്തിനുചിന്തയും. 19

ഭവഭയത്തിനിനിസ്സിനിവല്ലഭേ-
ഭവുമന്നപ്പതിനിശപവല്ലഭേ!
തവദയപ്പോഴിലേകക്കഴിവല്ലഭേ-
ഷിവിടെയെന്നിതുഞാൻവിധിവല്ലഭേ! 20

വിധിവൽ-ലഭേ എന്നു പദച്ഛേദം.

മൂന്നാപ്പുത്ത്യുള്ള യമകങ്ങളേയും ആദിമദ്ധ്യാന്തസ്ഥാനങ്ങളിൽ കാട്ടുന്നു:—

പരാപരാപരാധപാ-
പമുള്ളിതുള്ളിലുള്ളതാ-
കമേകമേകമേദനാ
വിനാശമേശിടുംവിധം
തടിത്തടിത്തടിത്തരം
ശിവാശരീരമെന്നകാൺ-
മനോമനോമനോഹര-
താസത്തിലാത്തലിഞ്ഞുഞാൻ. 21

പരാപരങ്ങളായ അപരാധങ്ങളാലുണ്ടാവുന്ന പാപമാകുന്ന മുള്ള് ഉള്ളിലുള്ളത് അകമേകമേ ഒക്കെ വെന്തു പോകമ്പോഴും അകമേദനാവിനാശം അന്തർവ്യഥയ്ക്കു നാശം വരും പ്രകാരം, തടിയുള്ള തടിത്തിന്റെ മിന്നലിന്റെ അടിത്തരം അടിപോലെയുള്ള പ്രകാശമാനമായ ശിവാശരീരം മനോമനസ്സു മനോഹരതാസത്തിലലിഞ്ഞു ഞാനെന്ന കണ്ടെന്നോ? എന്നിനിയ്ക്കു കാണ്മാൻ സംഗതി വരും?

കാരുണ്യകൈനയനയനയ-
നാഞ്ചലംകൊണ്ടീശ്വരനാം
സൌഖ്യശ്രീദായിനി!യിനിയിനി
ക്കെന്റെശൈലേന്ദ്രകന്യേ!
മോക്ഷത്തിനാതിരിതിരിതിരി
ച്ചന്ധകാരങ്ങളെമാററി-
ക്കാട്ടിത്തന്നാൽമതിമതിമതി!
സ്വൈരമങ്ങെത്തുവൻഞാൻ. 22

മോക്ഷംതന്നുതന്നില്ലെന്നരിമയൊടുവിധി-
ക്കുംവിധിക്കുംവിധിക്കും
സ്വാതന്ത്ര്യംമായയുണ്ടോഭവനമിഹകൊടു-
ക്കുംകൊടുക്കുംകൊടുക്കും
സേവിച്ചാവിഷ്ണുമായാനിലയമനാഹരി-
ച്ചാഹരിച്ചാഹരിച്ചാ-
ൾക്കുണ്ടാവാമായതുംതന്മഹിമകളിലുര-
ച്ചാലുരച്ചാലുരച്ചാൽ. 23

വിധിക്കും വിധിക്കും വിധിക്കുന്ന വിധിക്കുകൂടി സ്വാതന്ത്ര്യം വിധിക്കും ഭവനം ബ്രഹ്മാവിനും പരമേശ്വരനും ഉണ്ടോ കൊടുക്കും? കൊടുക്കുമോ? ഇല്ലാ എന്നാശയം. കൊടുക്കക്കൊടുക്കും=കൊടുക്കുക് കൊടുക്കന്നതിലുള്ള ഉക്, ഭർത്താവിനാം കടക്കം. അനാഹരിച്ച് - സ്വീകരിച്ച് ആഹരിച്ചു നേടിയ ആഹരിച്ചാൾക്ക് വിഷ്ണുവിന് - ഉരച്ചാൽ പറഞ്ഞാൽ ഉരച്ചാല് ഭേദമാത്രം ഉരച്ച് എന്ന - ഉരച്ചു തിരില്ലാ.

മാലായമകത്തെയും താഴെ കാണിക്കുന്നു.

ഹന്താഹന്താവേഗംവേഗം
മാറുംമാറുംമേയമേയ
മായേ!മായേപാർത്താൽപാർത്താൽ
പോരാപോരാന്നൂനംനൂനം. 23

ഹന്ത=അഹന്താവേഗം- വേഗം- മാറും മാറും മേ- അമേയേ- അമേയേ! മായേ! മായേ! പാർത്താൽ- പാർത്താൽ- പോരാ- പോരാ- അനൂനം- നൂനം. അയ്യോ അമേയയായ മായേ! എന്നെ നീ കടാക്ഷിച്ചാൽ ആശ്ചര്യം! മമതകൊണ്ടുള്ള സങ്കടം മാറും, ശുഭാവഹവിധിയിലേയ്ക്കു മാറുകയും ചെയ്യും താമസിച്ചാൽപ്പോരാ. അതു നല്ലപോരാവില്ലാ നിശ്ചയം.

പാദങ്ങളുടെ ആദ്യന്തങ്ങളിലായിട്ടു യമകം:—

കാള്ളാമെന്നോർത്തുഝടപതിച്ചുവർതാനേ
താനേററീട്ടാമടിയിലിമത്തുംമായേ!
മായേണാംമോഹസന്മതിന്നെന്നചിത്ത
ചിത്തേജഗ്മേ!കനിവൊടുവാണാൽകൊ-
(ള്ളാം. 24

## വ്യംഗ്യപദയമകം

ചിത്രപ്രശ്നംചെയ്യുതി-
നുത്രപ്രത്യുത്തരത്തിൽമറെറാരുവർ
ഹൃദയമെടുക്കുന്നതുമൊരു
പാദമകവ്യംഗ്യരീതിവകഭേദം. 25

എന്താകന്നുസുഖമാകമൊരുവാ-

കൈനല്ലനിലാംബര-
നെന്തോന്നായുധ,മെന്തു കന്നമതിനെ
ച്ചൊല്ലുന്നചൊല്ലാന്നിഹ
എന്താകംക്രൂഷിയിൽഫലം,നൃപതികൾ-
ക്കാരാണു [illegible]
ണ്ടെ,ന്താന്നിശപരനിഷ്ടവസ്തു,വിവകൾ-
ക്കെന്തുത്തരം,ശങ്കരീ. 26

1 ശം 2 കരി 3 ശങ്ക് 4 അരി 5 അരി 6 ശങ്കരി 7 ശങ്കരി.

മണ്ണോടൊപ്പംകിടക്കുന്നൊരുകഠിനപദാ-
ർത്ഥന്തിനെന്തോട്ടുവാനം
വിണ്ണോളംപൊന്നപച്ചക്കൊടകൊടിയമല
സ്ഥിന്നതെന്തോത്തുവാനം
ഖണ്ഡിച്ചാലെന്നുപോരുംപുനരതുമുഴുവൻ
മന്നവൻചൊന്നവാക്കാം
ഭണ്ഡിപ്പിപ്പോനിലേത്തുംഭേദമതുതലകീ-
ഴാകി,ലെന്താണിതോത്തു. 27

കല്പന. 1. കല്+2പന. 3കല്പന. 4. നല്പക. ഇതിൽ പാദങ്ങളുടെ ആദിമദ്വ്യന്തങ്ങളൊന്നും സ്ഥാനമായിട്ടില്ലെന്നു ചിലർ ആക്ഷേപിച്ചേക്കാമായിരിക്കാം. എന്നാൽ അവർ സമാധാനത്തിനുവേണ്ടി ഉത്തരകർത്താവു താഴെ കാണിക്കും ശ്ലോകം കൊടുക്കട്ടെ.

കല്പനാനാമിഹസുകവേ!
കല്പനമൻമലകളിൽക്രമാൽക്കാ
കല്പനസുപരമാഴിനല്പക (ണ്ടാ
കല്പനാപോലുമറിയിലേതവനം()

മാത്രാച്യുതകം,ബിന്ദു-
ച്യുതകം,പുനരക്ഷരച്യുതകം,
ഇവ മൂന്നുമുണ്ടുപാർത്താ-
ലൊരുജാതിവ്യംഗ്യപദയമകം

## മാത്രാച്യുതകം.

മടിയാൽബ്ബാദ്ധ്യമയബ്ധി
വിടമൂലമമന്നവൻ
പരംശപപദത്തിന്റെ
പൊരുൾ കാണാത്തമൂർത്തിപോൽ 30

മടിയാൽബ്ബാദ്ധ്യമയബ്ധി
വടമൂലമമന്നവൻ
പരംശിവപദത്തിന്റെ
പൊരുൾ,കാണാത്തമൂർത്തിപോൽ. 31

## ബിന്ദുച്യുതകം

കടകന്തന്നെയാംരാജ
സംമാനമതിനെന്തെടോ!
കംടകന്തന്നെയാരാജ-
സമാനംമോക്ഷവിധിയിൽ. 32

ഇതിൽ പൂർവ്വാർദ്ധത്തിന്റെ ബിന്ദുച്യുതകം ഉത്തരാർദ്ധവും, ഉത്തരാർദ്ധത്തിന്റെ പൂർവ്വാർദ്ധവുമായി കാണിക്കുന്നു.

## അക്ഷരച്യുതകം

ശരിക്കുചേരുംവരനോടുമയാളി-
ച്ചിരിക്കുമാറാല്ലൊരുമസ്കവാസം,
ചിരിത്തുക്കൂടംസുമനോവിശേഷാ
തിരിഞ്ഞിടുംമാമലയിങ്കലത്രേ. 33

നല്ലൊരുമസ്ക (ശ്രീസ്ക)വാസം മാമലയിങ്കൽ എന്ന് അക്ഷരച്യുതകത്തിൽ വേറെ അർത്ഥവും ചേരും.

ഈ ച്യുതകങ്ങൾ പദയമകങ്ങളുടെ കൂട്ടത്തിൽ ചേരുന്നപക്ഷം 'സ്ഥാനത്തിവയിരട്ടിച്ചാൽ നാനായമകം' എന്ന ലക്ഷണം പിഴച്ചുപോകും. ഇവകളിൽ പദങ്ങൾ ഇരട്ടിക്കുന്നതുപോലുമില്ലല്ലോ. എന്നു ചിലർ ആക്ഷേപിക്കും. പക്ഷേ ച്യുതാച്യുതപദങ്ങൾക്കു തമ്മിൽ അഭേദകല്പനകൊണ്ടു മാത്രം പ്രാചീനന്മാരിതിനെ യമകഗണത്തിലേക്കു തള്ളിയതാണെന്നോ അതിനു സമാധാനമുള്ളൂ. ഇവിടെ സ്ഥാനനിയമമില്ലായ്മതന്നെയാണ് വാച്യയമകത്തിൽ നിന്നു വ്യംഗ്യയമകത്തിനു വൈലക്ഷണ്യം കൊടുക്കുന്നതത്രേ.

(പദയമകകാണ്ഡം കഴിഞ്ഞു)

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

# മംഗളോദയം

൧൦൮൨

പുസ്തകം ൧൦ } മിഥുനം { ലക്കം ൯


## മംഗളം

അമരികൾ പണിയുന്ന പൂമണക്കും
ഭ്രമരികൾ വന്നുനിരന്നിൻപദാബ്ജം
അമരണമകമേ രമേ! പിഴയ്ക്കാ-
തമരണമേ ചിരമേവമല്ലലും മേ.

## അമരസിംഹൻ.



അമരകോശപ്രണേതാവായ അമരസിംഹൻ ജൈനമതക്കാരനൊ ബൌദ്ധമതക്കാരനൊ ആയിരുന്നു എന്നാണല്ലൊ ഇപ്പോൾ പരക്കെ ജനങ്ങൾക്കുള്ള ധാരണ. ഈ ധാരണയെ പ്രബലപ്പെടുത്തുവാൻ അമരകോശത്തിലെ മംഗളശ്ലോകവും മറ്റും ഏറെ സഹായിക്കുന്നുമുണ്ട്. എങ്കിലും, ചില പണ്ഡിതന്മാൎക്ക് അമരസിംഹൻ അന്യമതക്കാരനാണെന്നു സമ്മതിക്കുവാൻ വളരെ മടി കാണുന്നുണ്ട്. അമരകോശത്തിലെ മംഗളശ്ലോകത്തിൽ ഒരു ദേവനെയും പ്രത്യേകമായി വിവക്ഷിച്ചിട്ടില്ലെന്നും, വിശേഷണബലത്താൽ അതിൽ വിവക്ഷിക്കപ്പെട്ട ദേവൻ ജിനനോ ബുദ്ധനോ ആണെന്നു വിചാരിക്കുന്നതുപോലെ ശിവനൊ വിഷ്ണുവൊ ആണെന്നു വിചാരിക്കുന്നതിന്നും വിരോധമില്ലെന്നും അവർ വാദിക്കുന്നു. ഈ വാദത്തിന്നു വിഷയമായ മംഗളശ്ലോകം 'അങ്ങോട്ടുമിങ്ങോട്ടും കൊള്ളിക്കാവുന്ന'താകകൊണ്ടു നേരെ പ്രമാണം

കാണുന്നതുവരെ ഈ പണ്ഡിതന്മാരുടെ അഭിപ്രായവും സ്വീകരിക്കുവാൻ വയ്യ. ഈ സ്ഥിതിക്ക്, അമരസിംഹൻ ഒരു ഹിന്ദുമതക്കാരൻ തന്നെയായിരുന്നുവെന്നുള്ളതിലേക്ക് ഇയ്യിടയിൽ എന്റെ അന്വേഷണത്തിൽ കണ്ടുകിട്ടിയ ചില സംഗതികൾ വെളിപ്പെടുത്തുന്നതു ഹിന്ദുക്കളായ പണ്ഡിതന്മാൎക്കു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു.

ക്രിസ്ത്വബ്ദാരംഭത്തിന്നു മുമ്പു ജീവിച്ചിരുന്ന ശ്രീ വിക്രമാദിത്യരാജാവിന്റെ കാലമായിരുന്നു സംസ്കൃതഭാഷയുടെ ശുക്രദശാകാലം. അന്നാണ് ഈ ഭാഷയിലെ പ്രധാനപ്പെട്ട പല സാഹിത്യഗ്രന്ഥങ്ങളും ശാസ്ത്രങ്ങളും ഉണ്ടായിട്ടുള്ളത്. സ്വതേ പണ്ഡിതനും പണ്ഡിതന്മാരെ ബഹുമാനിക്കുന്നതിൽ വിദഗ്ദ്ധനും ആയ വിക്രമാദിത്യന്റെ സഭയിൽ 'നവരത്നങ്ങൾ' എന്നു കേൾവിപ്പെട്ട ഒമ്പതു പണ്ഡിതന്മാർ ഉണ്ടായിരുന്നു. പ്രമാണം:—

"ധന്വന്തരിക്ഷപണകാമരസിംഹശങ്കു-
വേതാളഭട്ടഘടഖർപ്പരകാളിദാസാഃ
ഖ്യാതോ വരാഹമിഹിരോ നൃപതേസ്സഭായാം
രത്നാനി വൈ വരരുചിർന്നവ വിക്രമസ്യ."
(ജ്യോതിർവ്വിദാഭരണം)

മേല്പറഞ്ഞ നവരത്നങ്ങളിൽ ഒരാളാണ് അമരകോശപ്രണേതാവായ അമരസിംഹൻ എന്നു സ്പഷ്ടമാണല്ലോ. ഇങ്ങിനെ വിക്രമാദിത്യന്റെ സഭയിൽ ഒരംഗം എന്ന നിലയിൽ മാത്രമല്ല, വേറെ വിധത്തിലും അമരസിംഹന്നു വിക്രമാദിത്യനോടു ബന്ധമുണ്ട്. വിക്രമാദിത്യന്റെ വൈമാത്രേയനായ ഒരു സഹോദരൻ കൂടിയാണ് അമരസിംഹൻ. വിക്രമാദിത്യന്റെ അച്ഛനും, ബ്രാഹ്മണോത്തമനും ആയ ശബരസ്വാമി ബ്രാഹ്മണാദിശൂദ്രപര്യന്തമുള്ള നാലു വൎണ്ണങ്ങളിൽനിന്നും ഓരോ കന്യകമാരെ വിവാഹം ചെയ്തിരുന്നു. അവരിൽ ബ്രാഹ്മണസ്ത്രീയിൽ പ്രസിദ്ധജ്യോതിശ്ശാസ്ത്രജ്ഞനായ വരാഹമിഹിരനും, ക്ഷത്രിയസ്ത്രീയിൽ വിക്രമാദിത്യനും ഭൎത്തൃഹരിയും, വൈശ്യസ്ത്രീയിൽ ഹരിചന്ദ്രൻ-ശങ്കു എന്നിവരും, ശൂദ്രസ്ത്രീയിൽ അമരനും എന്നിങ്ങിനെ ആറു പുത്രന്മാരുണ്ടായി. പ്രമാണം:—

"ബ്രാഹ്മണ്യാമഭവദ്വരാഹമിഹിരോ
ജ്യോതിർവ്വിദാമഗ്രണീ
രാജാ ഭൎത്തൃഹരിശ്ച വിക്രമനൃപഃ
ക്ഷത്രാത്മജായാമഭൂൽ
വൈശ്യായാം ഹരിചന്ദ്രവൈദ്യതിലകോ
ജാതശ്ച ശങ്കുഃ കൃതീ
ശൂദ്രായാമമരഃ ഷഡേവ ശബര-
സ്വാമിദ്വിജസ്യാത്മജാഃ."

അമരസിംഹന്റെ യഥാൎത്ഥനാമധേയം ദൃക്സിംഹൻ എന്നാണ്; അമരസിംഹൻ എന്നതു വിശേഷപ്പേരാണ്. ദൃക്സിംഹൻ നാമലിംഗാനുശാസനം (അമരകോശം) നിൎമ്മിച്ചു വിക്രമാദിത്യന്ന് അടിയറ വെക്കുകയും, വിക്രമാദിത്യൻ അതു കണ്ടു സന്തോഷിച്ചു ദൃക്സിംഹന്ന് അമരസിംഹൻ എന്ന ബഹുമാനപ്പേർ കല്പിച്ചു കൊടുക്കുകയും ചെയ്തു. അതിന്നു ശേഷം ദൃക്സിംഹൻ അമരസിംഹനും, നാമലിംഗാനുശാസനം അമരകോശവും എന്നപേരിൽ പ്രസിദ്ധമായി. നാമലിംഗാനുശാസനം ഉണ്ടാക്കിയതിനാൽ ദൃക്സിംഹൻ

അമരൻ (മരണമില്ലാത്തവൻ, യശശ്ശരീരനായി എന്നും ജീവിക്കുന്നവൻ) ആയി എന്നുള്ള വിചാരത്താലായിരിക്കാം ഇങ്ങിനെയൊരു ബിരുദം രാജാവു നൽകിയത്. ഏതായാലും വാസ്തവം ഇങ്ങിനെയാണെന്നുള്ളതിന്ന് അമരകോശത്തിന്റെ പ്രക്രിയാവ്യാഖ്യാനത്തിൽ കാണുന്ന,

"ദുർഗ്ഗസിംഹഃ പ്രചരിതേ
നാമലിംഗാനുശാസനേ
ലഭതേസ്മാമരോപാധിം
രാജേന്ദ്രാദ്വിക്രമാൽപുനഃ"

എന്ന പദ്യം തെളിവാണ്. ഈ പദ്യത്തിൽ പറഞ്ഞ പ്രകാരം ബങ്കാളത്തിൽ ഒരൈതിഹ്യവും ഉണ്ടത്രെ.

അമരസിംഹൻ വ്യാകരണശാസ്ത്രത്തിൽ അസാധാരണമായ വ്യുൽപത്തിയുള്ള ആളാണെന്നു പറയേണ്ടതില്ലല്ലോ. വ്യാകരണത്തിൽ നല്ല പാണ്ഡിത്യമുള്ളവൎക്കു മാത്രമേ അമരകോശത്തിന്റെ തത്ത്വം ശരിയായി ഗ്രഹിപ്പാൻ സാധിക്കയുള്ളൂ. വ്യാകരണതന്ത്രസ്വതന്ത്രതനിമിത്തമാണ് അദ്ദേഹത്തെ ആദിശാബ്ദികന്മാരുടെ കൂട്ടത്തിൽ ഒരാളായി ഗണിച്ചിട്ടുള്ളത്. നോക്കുക:—

"ഇന്ദ്രശ്ചന്ദ്രഃ കാശകൃത്സ്നാ-
പിശലീശാകടായനഃ
പാണിന്യമരജൈനേന്ദ്രാ
ജയന്ത്യഷ്ടാദിശാബ്ദികാഃ"

ഇങ്ങിനെ വ്യാകരണത്തിൽ അമരസിംഹനുള്ള പാണ്ഡിത്യത്തെ, അദ്ദേഹം ദുർഗ്ഗസിംഹനായിത്തന്നെ ഇരുന്നിരുന്ന കാലത്തു നിൎമ്മിച്ച കാലാപവ്യാകരണവൃത്തി, കാതന്ത്രവൃത്തി മുതലായ ഗ്രന്ഥങ്ങളും ദൃഷ്ടാന്തപ്പെടുത്തുന്നുവെന്നു പണ്ഡിതന്മാൎക്കു തെളിവായിക്കാണാവുന്നതാണ്.

ഹിന്ദുക്കൾക്കും ഇതരമതക്കാൎക്കും വിരോധമില്ലാത്ത വിധത്തിൽ, ഒരു ദേവനേയും ഇദംതയാ നിൎദ്ദേശിക്കാതെ, ഇഷ്ടദേവതാനമസ്കാരം ചെയ്യുന്നതു ദുർഗ്ഗസിംഹന്റെ പതിവാണ്. കാതന്ത്രവൃത്തിയുടെ വ്യാഖ്യാനത്തിൽ 'ദേവദേവം പ്രണമ്യാദൌ സൎവ്വജ്ഞം' എന്നാണ് പറഞ്ഞിട്ടുള്ളത്. ഇതിൽ 'സൎവ്വജ്ഞൻ' എന്നുള്ളതു ഹിന്ദുക്കൾക്കും ബൌദ്ധന്മാൎക്കും സ്വീകാൎയ്യമാണല്ലൊ. ഒരുകാലത്തു ജൈനബൌദ്ധാദിമതങ്ങൾക്കു വളരെ പ്രചാരമുണ്ടായിരുന്നതിനാൽ ആ മതക്കാരുടെ ഇടയിൽക്കൂടി തന്റെ ഗ്രന്ഥത്തിന്നു പ്രചാരം സിദ്ധിക്കണം എന്ന ഉദ്ദേശത്താലായിരിക്കണം ദുർഗ്ഗസിംഹൻ അഥവാ അമരസിംഹൻ ഇങ്ങിനെ ഒരുപായം പ്രയോഗിച്ചത്.

ഇത്രയും പറഞ്ഞതിൽനിന്ന് അമരസിംഹൻ യഥാൎത്ഥത്തിൽ ഇതരമതക്കാരനല്ലെന്നും, ബ്രാഹ്മണനു ശൂദ്രസ്ത്രീയിൽ ജനിച്ച സന്താനമാണെന്നും വ്യക്തമായല്ലൊ. അതുകൊണ്ടു, ബ്രാഹ്മണമതത്തിന്നെതിരായ ഒരു മതക്കാരന്റെ കൃതിയെ ഹിന്ദുക്കൾ ആദരിക്കുന്നതു 'ബാലാദപി സുഭാഷിതം' എന്ന മനുവചനപ്രകാരമാണെന്നുള്ള സമാധാനവും, എന്നിട്ടും വ്രതദിനമായ ഏകാദശിദിവസം ഇതു പഠിക്കരുതെന്നുള്ള നിഷേധവും ഒക്കെ വെറുതെയാണ്. യഥാൎത്ഥത്തിൽത്തന്നെ നമ്മുടെ അമരകോശത്തിന്റെ — ഉദ്ദേശം 2000 കൊല്ലത്തോളമായി നാം പഠിച്ചുവരുന്ന അമരകോശത്തിന്റെ — പ്രണേതാവ് ഒരൊന്നാന്തരം ഹിന്ദുവാണ്.

കെ. വി. എം.

# പാശ്ചാത്യരുടെ ജ്യോതിശ്ശാസ്ത്രം.

നമ്മുടെ ജ്യോതിശ്ശാസ്ത്രം അനാദിയാണെന്നാണു പറഞ്ഞുവരുന്നത്. അതു് 'അപൌരുഷേയ'മായ വേദത്തിന്റെ അംഗങ്ങളിൽ ഒന്നാകുന്നു. അനേകം അംഗങ്ങളോടുകൂടിയ ജ്യോതിശ്ശാസ്ത്രത്തിന്റെ ഒരു ഭാഗമായ ഗണിതസ്കന്ധവും (Astronomy) നമുക്ക് അനാദിതന്നെ. പാശ്ചാത്യരുടെ ജ്യോതിശ്ശാസ്ത്രമാകട്ടെ അങ്ങിനെയല്ല; അത് അനാദിയല്ല. ഇതു ആരംഭിക്കുന്നത് ക്രിസ്താബ്ദം 1548 മുതൽക്കാണ്. ഭൂമി സ്ഥിരമാണെന്നും സൂര്യനുമാത്രമേ ചലനമുള്ളുവെന്നും ഉള്ള ടോളമി (Ptolomy) യുടെ അഭിപ്രായം പാശ്ചാത്യരാജ്യക്കാർ പ്രബലമായി വിശ്വസിച്ചുകൊണ്ടിരുന്നു. ആ അഭിപ്രായം പ്രസ്തുതശാസ്ത്രസംബന്ധമായ അഭിപ്രായങ്ങൾക്കു തീരെ പ്രതികൂലമാകയാൽ അതിനെ വിലവെച്ചു കൊണ്ടിരിക്കുന്ന കാലത്തു ഈ ശാസ്ത്രത്തിന്റെ ഉൽപത്തിക്കു പ്രസക്തിയില്ലല്ലോ. കോപ്പർ നിക്കസ് (Coper Nicus) എന്ന വിദ്വാൻ ഈ അഭിപ്രായത്തിന്നെതിരായ ഒരു സിദ്ധാന്തം ഒന്നാമതായി സ്ഥാപിച്ചു. ഭൂമിക്കു ചലനമുണ്ടെന്നും അതു സൂര്യനെ പ്രദക്ഷിണം വെക്കുന്നുവെന്നുമാണ് ഈ മഹാന്റെ അഭിപ്രായം. ഈ അഭിപ്രായത്തെ സ്ഥാപിച്ചുകൊണ്ട് അദ്ദേഹം എഴുതിയ പുസ്തകം 1548-ൽ ആണ് പ്രസിദ്ധപ്പെടുത്തിയത്. അതിന്നു ശേഷമാണ് നക്ഷത്രസംബന്ധമായ ഈ ശാസ്ത്രം പാശ്ചാത്യരുടെ ഇടയിൽ ഒന്നാമതായി പുറപ്പെട്ടത്. ഇതിന്നുശേഷം ഈ ശാസ്ത്രത്തെപ്പററി ആലോചന ചെയ്തവരിൽ വെച്ചു പ്രധാനപ്പെട്ട ചില പണ്ഡിതന്മാരുടേയും അവർ കണ്ടുപിടിച്ച തത്വങ്ങളുടേയും ഒരു സംക്ഷേപം താഴെ ചേർക്കുന്നു.

പ്രസ്തുതശാസ്ത്രത്തിന്റെ ആരംഭകാലത്തു ആ ശാസ്ത്രത്തെ പുഷ്ടിപ്പെടുത്തുവാൻ വളരെ പണിയെടുത്ത ഒരാളാണ്

ടൈക്കോ ബ്രാഹി
Tycho Brahe
1546—1661

ദ്ദേഹം. ഈ മഹാൻ അതാതവസരങ്ങളിലായി അനേകം സംഗതികൾ കണ്ടുപിടിച്ചു. പക്ഷേ, അവ പൊതുജനങ്ങളുടെ വിശ്വാസത്തിന്നു പാത്രമായില്ല. എങ്കിലും, തെററിക്കരുതപ്പെടാത്ത സംഗതികളൊന്നും ഇദ്ദേഹം പ്രസ്താവിക്കുകയുണ്ടായിട്ടില്ല. ഈ മഹാൻ അടുത്തു പറയുവാൻ പോകുന്ന കെപ്ലരുടെ ഗുരുവായിരുന്നു.

ഇദ്ദേഹം വളരെ താണനിലയിൽ നിന്നുയർന്നു ഒരു വലിയ വിദ്വാനായിത്തീർന്ന ആളാണ്. ആദ്യം

കെപ്ലർ
Kepler
1571—1630

ഇദ്ദേഹം ഒരു മദ്യശാലയിൽ ഒരു ചെറിയ പ്രവൃത്തിക്കാരനായിരുന്നു. അനേകകാലത്തെ പ്രയത്നത്തിന്റെ ഫലമായി ഈ മഹാൻ മൂന്നു പ്രധാനസംഗതികൾ കണ്ടുപിടിച്ചു. ഗ്രഹങ്ങൾ തമ്മിലുള്ള സംബന്ധം, അവയുടെ ഭ്രമണസമയം, ഗ്രഹങ്ങൾക്കു സൂര്യനിൽനിന്നുള്ള

ദൂരം എന്നിവയാണ് ഇദ്ദേഹം കണ്ടുപിടിച്ച തത്വങ്ങൾ. ഇവയിൽ ആദ്യത്തേതു നക്ഷത്രങ്ങളുടെ ചലനസ്വരൂപത്തേയും, രണ്ടാമത്തേതു ഭ്രമണസമയത്തിന്റെ വ്യവസ്ഥയേയും, ഒടുവിലത്തേതു സൂര്യനും ഗ്രഹങ്ങൾക്കും തമ്മിലുള്ള അകലത്തിന്നും ഗ്രഹങ്ങളുടെ ചലനത്തിന്നും തമ്മിൽ ഒരു സംബന്ധമുണ്ടെന്നുള്ളതിനേയും അടിസ്ഥാനപ്പെടുത്തിക്കൊണ്ടാണ് സ്ഥാപിച്ചിട്ടുള്ളത്. ഈ മൂന്നു തത്വങ്ങൾ കണ്ടുപിടിക്കുവാൻ കെപ്ലർ അ൨൨ സംവത്സരം മുഷിഞ്ഞിരുന്നു പണിയെടുത്തിട്ടുണ്ട്. കെപ്ലർ കണ്ടുപിടിച്ച ഈ നിയമങ്ങൾ പാശ്ചാത്യശാസ്ത്രങ്ങളിൽ വളരെ പ്രമാണപ്പെട്ടവയാണ്. ന്യൂട്ടന്റെ കണ്ടുപിടുത്തങ്ങളിൽ പലതിന്നും അടിസ്ഥാനം കെപ്ലരുടെ ഈ നിയമങ്ങളാണ്. 1604-ൽ ഒരു പുതിയ നക്ഷത്രത്തേയും ഇദ്ദേഹം കണ്ടുപിടിച്ചു.

ഗലീലിയോ
Galileo
(1564—1642)

ഇദ്ദേഹം പാശ്ചാത്യലോകത്തിൽ ഏറ്റവും പ്രസിദ്ധി നേടിയ ഒരു വിദ്വാനാണ്. ഇദ്ദേഹം ജനിച്ചതു ഫ്ലോറൻസ് നഗരത്തിലായിരുന്നു. ആദ്യം വൈദ്യശാസ്ത്രം പഠിക്കുവാനാണ് ശ്രമിച്ചതെങ്കിലും, പിന്നീട് അതു വിട്ട് ഒരു ജ്യോതിശ്ശാസ്ത്രജ്ഞനായിത്തീർന്നു. ക്ലോക്കിന്റെ പെണ്ഡുലം, ഉഷ്ണമാപനയന്ത്രം (Thermometre) എന്നിവ ഒന്നാമതായി കണ്ടുപിടിച്ചതു ഈ മഹാനാണ്. പെണ്ഡുലത്തിന്റെ തത്വം കണ്ടുപിടിച്ച കഥ വളരെ രസമുള്ള ഒന്നാണ്. ഒരിക്കൽ ഇദ്ദേഹം പള്ളിയിൽ പോയിരുന്നപ്പോൾ അവിടെ ഒരു സ്തംഭത്തിന്മേൽ കെട്ടിത്തൂക്കിയ വിളക്കു കിടന്നാടുന്നതായി കണ്ടു. ആ ആട്ടം കണ്ടപ്പോൾ തന്റെ നാഡി പിടിച്ചു നാഡിയുടേയും വിളക്കിന്റേയും ചലനത്തിന്നു തമ്മിലുള്ള സാധർമ്മ്യവും വൈധർമ്മ്യവും കണക്കാക്കുകയും അതിന്റെ ഫലമായി ഏറ്റവും പ്രയോജനമുള്ളതായ നാഴികമണിയുടെ പെണ്ഡുലത്തെ ഇദ്ദേഹം നിർമ്മിക്കുകയും ചെയ്തു. ഗലീലിയോ കെപ്ലരുടെ സ്നേഹിതനും, ഭൂമി ചലിക്കുന്നു എന്ന അഭിപ്രായമുള്ളാളും ആയിരുന്നു. ഈ സംഗതി ഈ മഹാന്റെ പ്രാമാണ്യത്തെ തെളിയിപ്പാൻ വേണ്ടി മാത്രം പറഞ്ഞതാണ്. ജ്യോതിശ്ശാസ്ത്രത്തിൽ ഇദ്ദേഹത്തിന്റെ നാമധേയത്തെ ലോകാവസാനംവരെ നിലനിർത്തുന്നതായ ഒരു വസ്തു ഇദ്ദേഹം കണ്ടുപിടിച്ച ദൂരദർശിനിക്കുഴൽ (Telescope) ആണ്. ഇപ്പോൾ പലരുടേയും വകയായി പല ജാതി ദൂരദർശിനിക്കുഴലുകൾ ഉണ്ടായിട്ടുണ്ടെങ്കിലും, ഒന്നാമതായി ഒരു കുഴൽ കണ്ടുപിടിച്ചത് ഇദ്ദേഹമാണ്. ഇതിനെ കണ്ടുപിടിച്ചതും കുറെ നേരമ്പോക്കുള്ള ഒരു കഥയാണ്. ഒരു കണ്ണാടക്കച്ചവടക്കാരൻ ചില കണ്ണാടച്ചില്ലുകളിൽ ഒന്നു വെച്ചുനോക്കിയപ്പോൾ ദൂരത്തുള്ള വസ്തുക്കൾ അയാളുടെ ദൃഷ്ടിയിൽ അടുത്തായി കാണുകയുണ്ടായി. ഈ അത്ഭുതമായ കണ്ണാടച്ചില്ലിനെപ്പറ്റി അറിവു കിട്ടിയതിന്നുശേഷം അതു പരിശോധിച്ചിട്ടാണ് ഗലീലിയോ ദൂരദർശിനിക്കുഴൽ കണ്ടുപിടിച്ചത്. ദൂരദർശിനിക്കുഴലിന്റെ സഹായം നക്ഷത്രങ്ങളുടെ ദർശനത്തെ എത്ര

ത്തോളം തെളിയിച്ചിട്ടുണ്ടെന്നു പറയുവാൻ പ്രയാസമാണ്. കുഴൽ വെച്ചുനോക്കിയാൽ 5 കോടി നക്ഷത്രങ്ങളെ കാണ്മാൻ സാധിക്കും. വെറും കണ്ണുകൊണ്ടു നോക്കിയാൽ കവിഞ്ഞതു 3391 നക്ഷത്രത്തിലധികം കാണ്മാൻ കഴികയില്ല. ഭൂമിക്കു ഏറ്റവും അടുത്തിട്ടുള്ള നക്ഷത്രങ്ങളും ഭൂമിയും തമ്മിലുള്ള അകലം ഭൂമിയും സൂര്യനും തമ്മിലുള്ളതിനേക്കാൾ നാലു ലക്ഷം ഇരട്ടി അധികമുണ്ട്. ഇത്രയും ഉപകാരപ്രദമായ ദൂരദർശിനിക്കുഴലിന്നു പുറമെ ചെറിയ വസ്തുക്കളെ വലുതാക്കി കാണിക്കുന്നതായ ഭൂതക്കണ്ണാടിയും ഗലീലിയോവിന്റെ കണ്ടുപിടുത്തമാണ്. ജൂപ്പിറ്റർ എന്ന ഗ്രഹത്തിന്റെ നാലുപുറവും പല ചെറിയ നക്ഷത്രങ്ങളുണ്ടെന്നും, നമ്മുടെ ഭൂമിക്കുള്ള സൂര്യാദികളെപ്പോലെ ജൂപ്പിററർ എന്ന ഗ്രഹത്തിന്നും സൂര്യചന്ദ്രാദികളുണ്ടെന്നും, അവയാണ് ജൂപ്പിററിന്നടുത്തുള്ള നക്ഷത്രങ്ങളെന്നും ഇദ്ദേഹം സിദ്ധാന്തിച്ചു. ഇത് അധികം പേർ വിശ്വസിച്ചില്ല. നാമൊക്കെ ഛായാപഥം, വിണ്ണുപടി, ആകാശഗംഗ എന്നിങ്ങിനെ അനേകം പേർകൊണ്ടു വ്യവഹരിക്കുന്നതായി ആകാശത്തിൽ കാണുന്ന ധവളമാർഗ്ഗം (Milky way) വാസ്തവത്തിൽ നാം വിചാരിക്കുന്നതുപോലെ കടനിളത്തിലുള്ള ഒരുടവല്ലെന്നും, അത്ര പുഞ്ജീഭൂതങ്ങളായ നക്ഷത്രങ്ങളാണെന്നും ഇദ്ദേഹമാണ് പാശ്ചാത്യക്ക് ഒന്നാമതായി മനസ്സിലാക്കിയത്. ഇങ്ങിനെ കണ്ണിന്റെ സഹായത്താൽ പലതരം സൂക്ഷ്മസംഗതികൾ കണ്ടുപിടിച്ചതുകൊണ്ട് 1687-ൽ ഇദ്ദേഹം അന്ധനായിത്തീർന്നു. റോമക്കാരുടെ വിശ്വാസത്തിന്നു വിപരീതമായി ഭൂമിക്കു ചലനമുണ്ടെന്നുള്ള സംഗതി റോമിൽ വെച്ചു പ്രസംഗിച്ചതിനാൽ ഇദ്ദേഹത്തെ തടവിൽ പാർപ്പിക്കുകയും അവിടെവെച്ച് ഇദ്ദേഹം മരിച്ചുപോകയും ചെയ്തു.

1642 മുതൽ 1727 വരെയാണ് പ്രസിദ്ധനായ ന്യൂട്ടന്റെ കാലം. ആകർഷണശക്തി കണ്ടുപിടിച്ചതാണ് ഇദ്ദേഹത്തിന്റെ പ്രസിദ്ധിക്കു കാരണം. സാധാരണ കണ്ടുവരുന്ന വെളിച്ചത്തിൽ ഏഴു നിറങ്ങൾ അടങ്ങിയിരിക്കുന്നുണ്ടെന്നു കണ്ടുപിടിച്ചതും ഇദ്ദേഹമാണ്. ചലനസംബന്ധമായ മൂന്നു തത്വങ്ങൾ ഇദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ട്. 1644 മുതൽ 1710 വരെ ജീവിച്ചിരുന്ന റോമർ (Roemar) എന്നാൾ വെളിച്ചത്തിന്റെ ഗതിവേഗം കണക്കാക്കി. വെളിച്ചം ഒരു സെക്കണ്ടിൽ രണ്ടു ലക്ഷം നാഴിക അകലെ ചെല്ലുമെന്നാണ് റോമർ കണ്ടെത്തിയത്. ഈ സംഗതിയിൽ ചില തെറ്റുകളുണ്ടെന്നു വേറെ ചിലർ വാദിച്ചു.

ലാപ്ലാസ്
Laplace
1749-1827

വെളിച്ചത്തിന്റെ ഗതിവേഗത്തെപ്പററി റോമർ പറഞ്ഞ അഭിപ്രായത്തിലെ തെററു തിരുത്തി വിശിഷ്ടമായ ഒരു നിശ്ചയം ചെയ്തതു ലാപ്ലാസ്സാണ്. റോമറുടെ അഭിപ്രായപ്രകാരമുള്ള കണക്കു ഒരുമൊത്തക്കണക്കായിരുന്നു. വെളിച്ചത്തിന്റെ ഗതിയെ തടസ്ഥപ്പെടുത്തുന്നതായി മഞ്ഞു മുതലായ ചില വസ്തുക്കളുണ്ടെന്നും തന്മൂലം വരാവുന്ന തടസ്ഥങ്ങളെ കിഴിച്ചു നോക്കിയാൽ ശരാശരി 186000 നാഴിക അകലെയാണ് വെളിച്ചം ഒരു സെക്ക

ങ്ങിൽ എത്തുന്നതെന്നും ഇദ്ദേഹം സ്ഥാപിച്ചു. ന്യൂട്ടൻ തുടങ്ങിവെച്ച പല സംഗതികളേയും മുഴുവനാക്കിയത് ഇദ്ദേഹമാണ്. ഇദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ഒരു സംഗതി ലോകത്തിന്നൊട്ടുക്കു സമാധാനം നൽകുന്നതാകുന്നു. നക്ഷത്രങ്ങൾ നശിച്ചുപോകുന്നതിന്നു പകരം ആ സ്ഥാനത്തു പുതിയ നക്ഷത്രങ്ങൾ ഉണ്ടായിക്കൊണ്ടിരിക്കുന്നുണ്ടെന്നും, സൂര്യമണ്ഡലത്തിന്ന് എന്നും നാശമില്ലെന്നും ആണ് ലപ്ലാസ്സിന്റെ സിദ്ധാന്തം.

വില്യം ഹെർഷൽ
William Herschel.
1738—1822.

നക്ഷത്രസംബന്ധമായ തത്വങ്ങളെ കണ്ടുപിടിച്ചവരിൽ ഏററവുമധികം പ്രാധാന്യം വില്യം ഹെർഷലിന്നാണ്. ഇദ്ദേഹം ചെറുപ്പകാലത്ത് ഒരു പാട്ടുകാരനായിരുന്നു. മുപ്പത്തഞ്ചു വയസ്സു പ്രായമാകുന്നതുവരെയും അങ്ങിനെ കഴിഞ്ഞു. മുപ്പത്തഞ്ചാം വയസ്സിലാണ് ഇദ്ദേഹം ഒന്നാമതായി ഒരു ദൂരദർശിനിക്കുഴൽ കണ്ടത്. അതിന്നുശേഷം ഇദ്ദേഹം വലിയ ഒരു ശാസ്ത്രജ്ഞനായിത്തീർന്നു. 1781-ൽ യൂറാനസ് (Uranus) എന്നൊരു പുതിയ നക്ഷത്രം ഇദ്ദേഹം കണ്ടുപിടിച്ചു. ശനി, യൂറാനസ് എന്നീ രണ്ടു ഗ്രഹങ്ങൾക്ക് ഈരണ്ടു ചന്ദ്രന്മാരുണ്ടെന്നും ഈ വിദ്വാനാണ് കണ്ടെത്തിയത്. ആകപ്പാടെ 2500 പുതിയ നക്ഷത്രക്കൂട്ടവും 806 പുതിയ നക്ഷത്രങ്ങളും ഇദ്ദേഹം കണ്ടുപിടിക്കുകയുണ്ടായി. ഛായാപഥത്തിന്റെ തത്വം ഗലീലിയോവാണ് ആദ്യം മനസ്സിലാക്കിയതെങ്കിലും അതിനെപ്പററി ശരിയായി ഒരു വിവരണം ആദ്യമായിക്കൊടുത്തതു ഹെർഷലാണ്. ആകാശം ഒരു തോട്ടംപോലെയാണെന്നും, തോട്ടത്തിൽ പല വളർച്ചയിലുമുള്ള മരങ്ങളെന്നപോലെ ആകാശത്തിൽ പല പ്രായത്തിലുമുള്ള നക്ഷത്രങ്ങളുണ്ടെന്നും, ചില നക്ഷത്രങ്ങളെ സൃഷ്ടിച്ചിട്ട് അനവധികോടി സംവത്സരമായെങ്കിലും അവയുടെ വെളിച്ചം ഭൂമിയിൽ ഇനിയും എത്തിട്ടില്ലെന്നും, നക്ഷത്രങ്ങളുടെ ഉൽപത്തിക്ക് ഉപാദാനകാരണമായ ഒരു ജാതി ബാഷ്പപദാർത്ഥം ആകാശത്തിലുണ്ടെന്നും പഴയ ചില നക്ഷത്രങ്ങൾ നശിച്ചുപോകുന്നതിന്നു പകരം ഈ ബാഷ്പപദാർത്ഥത്തിൽനിന്നു പുതിയ നക്ഷത്രങ്ങൾ ഉണ്ടാകുന്നുണ്ടെന്നും ഹെർഷൽ സ്ഥാപിച്ചു. സൂര്യന്റെ ചലനം ഹെർക്കലസ് (Hercules) എന്ന നക്ഷത്രസമൂഹത്തിന്നഭിമുഖമാണെന്ന് ഇദ്ദേഹം അഭിപ്രായപ്പെട്ടു. ഏത്രയും ദൂരത്തു നിൽക്കുന്ന ചില നക്ഷത്രങ്ങൾ നമ്മുടെ ദൃഷ്ടിയിൽ ഒററയായിത്തോന്നുന്നവയാണെങ്കിലും ശരിയിൽ ചിലതു വാസ്തവത്തിൽ ഇരട്ടയാണെന്നും ഇദ്ദേഹം കണ്ടെത്തിട്ടുണ്ട്. ഹെർഷലിന്റെ കാലംവരെയും പാശ്ചാത്യരുടെ ജ്യോതിശ്ശാസ്ത്രം സൂര്യനെ അടിസ്ഥാനപ്പെടുത്തിട്ടായിരുന്നു; അതു മുതൽ നക്ഷത്രങ്ങളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടായി. ഹെർഷലിന്റെ സഹോദരിയായ കേരൊലിൻ (Caroline) എന്ന സ്ത്രീയും നക്ഷത്രശാസ്ത്രത്തിൽ വാസനയുള്ള ആളായിരുന്നു. അവരുടെ സ്വന്തപരിശ്രമത്താൽ എട്ടു വാൽനക്ഷത്രം കണ്ടെത്തിട്ടുണ്ട്.

നെപ്ട്യൂൺ (Neptune=വരുണൻ) എന്ന ഗ്രഹത്തെ കണ്ടുപിടിച്ച കഥ വളരെ രസകരമാണ്. യുറാനസ് എന്നൊരു നക്ഷത്രത്തെ ഹെർഷൽ കണ്ടുപിടിക്കുകയുണ്ടായല്ലോ. അതിന് ഇന്നിന്നമാതിരി ചലനങ്ങളുണ്ടെന്നു ഹെർഷൽ പറഞ്ഞിരുന്നു. അതിനു വിപരീതമായ ചില ചലനങ്ങൾ അതിനുണ്ടെന്നു പിന്നീട കാണ്മാനിടയായി. ഇതിന്റെ കാരണം ആൎക്കും മനസ്സിലായില്ല. അക്കാലത്തു ജോൺ ആഡംസ് (John Adams) എന്ന വിദ്യാൎത്ഥി, യുറാനസ്സിന്റെ ചലനഭേദത്തിനു കാരണം അതിന്നടുത്തുണ്ടായേക്കാവുന്ന ഒരു ഗ്രഹത്തിന്റെ ആകൎഷണശക്തിയായിരിക്കണമെന്നും ഇന്ന സ്ഥലത്ത് ഇന്ന ദിവസം ദൂരദൎശിനിക്കുഴൽ വെച്ചു നോക്കിയാൽ ഈ പുതിയ നക്ഷത്രത്തെ കാണാമെന്നും ഗണിച്ചു പറഞ്ഞു. ഈ ഗണിതത്തെ ആരും വിലവെച്ചില്ല. ഇക്കാലത്തുതന്നെ ഫ്രാൻസിൽ ലവറിയർ (Leverrier) എന്നാൾ യുറാനസ്സിന്റെ ചലനത്തെപ്പററി ചില പരീക്ഷകൾ നടത്തുകയുണ്ടായി. അദ്ദേഹവും അതിന്റെ ചലനഭേദത്തിന് ആഡംസ് പറഞ്ഞ കാരണം തന്നെ പറഞ്ഞു. ബെർലിൻനക്ഷത്രബംഗ്ലാവിലെ മാനേജരായ ഗാലി എന്നാൾക്കു താൻ പറയുന്ന ദിവസം ഇന്ന ദിക്കിൽ കുഴൽവെച്ചു നോക്കണമെന്നായി ലവറിയർ എഴുതി അയച്ചു. അതുപ്രകാരം 1846 സപ്തംബർ മാസം 28-ാംനു വൈകുന്നേരം ലവറിയർ പറഞ്ഞ ദിക്കിൽ കുഴൽവെച്ചുനോക്കിയപ്പോൾ നെപ്ട്യൂൺ എന്ന ഗ്രഹത്തെ കണ്ടു. എട്ടുമാസം മുമ്പ് ആഡംസ് കുഴൽവെച്ചു നോക്കാൻ പറഞ്ഞ സ്ഥാനത്തിനും ഇപ്പോൾ ഇതിനെ കണ്ടെത്തിയ സ്ഥാനത്തിനും തമ്മിൽ ഒരു ഡിഗ്രിയുടെ വ്യത്യാസമേ ഉണ്ടായിരുന്നുള്ളു. ഈ കാൎയ്യത്തിൽ ഒരു വിദ്യാൎത്ഥിയുടെ വാക്കു വിലവെയ്ക്കായ്കയാൽ ഇംഗ്ലീഷുകാരുടെ മാനം ഫ്രാൻസുകാർ കൊണ്ടുപോയി.

മേല്പറഞ്ഞ സംഗതികൾ പാശ്ചാത്യരുടെ ജ്യോതിശ്ശാസ്ത്രചരിത്രത്തിന്റെ ചില ശകലങ്ങൾ മാത്രമാണ്. ഇങ്ങിനെ അനേകകാലത്തെ അനേകവിധം പരീക്ഷകളുടെ ഫലമായിട്ടാണ് പാശ്ചാത്യരുടെ ജ്യോതിശ്ശാസ്ത്രം ഇപ്പോഴത്തെ നിലയിൽ എത്തീട്ടുള്ളത്. ഇത് ഏററവും അഭിനന്ദനീയമാണെന്നുള്ളതിനു യാതൊരു സംശയവുമില്ല. പക്ഷെ, ബുദ്ധിശക്തികൊണ്ടും സ്ഥിരപരിശ്രമംകൊണ്ടും പാശ്ചാത്യർ ഓരോ തത്വങ്ങൾ 'കണ്ടുപിടി'ക്കുമ്പോൾ ആ തത്വങ്ങൾ അതിനുമുമ്പു വല്ല വിധത്തിലും അറിയപ്പെട്ടിട്ടുള്ളവയാണൊ എന്ന് ആലോചിക്കാതെ അതികവിഞ്ഞ് ആശ്ചൎയ്യപ്പെടുന്നതു ശരിയല്ല. ഇപ്പോൾ പാശ്ചാത്യർ ചെയ്യുന്നതുപോലെ പണ്ടൊരു കാലത്തു നമ്മുടെ വൈദികൎഷിമാർ കാടുകളിലും മലകളിലും ഗുഹകളിലും ഇരുന്നു നിസ്സ്വാൎത്ഥമായും ശാന്തമായും പ്രകൃതിപുരുഷപരിശോധന ചെയ്തു വെളിപ്പെടുത്തീട്ടുള്ള തത്വങ്ങളാണ് പിന്നീട ഇവർ കണ്ടുപിടിക്കുന്നവയിൽ പലതുമെന്നു പല സംഗതികളിൽ നിന്നും ഊഹിക്കാം. അതിനെപ്പററി ഇനിയൊരവസരത്തിൽ എഴുതാമെന്നുവെക്കുന്നു.

ഭാസ്കരചാൎയ്യർ.

# കൃതാർത്ഥത*

## (ഒരു ചെറുകഥ)

ഞാനും 'സുരബാല'യും കുട്ടിക്കാലത്തു ഒരു പാഠശാലയിലാണ് പഠിച്ചിരുന്നത്. ചെറിയ കുട്ടികളായിരുന്നപ്പോൾ ഞങ്ങൾ 'അച്ഛനും അമ്മയും' ആയി കളി'ക്കാറുണ്ട്. ഞാൻ അക്കാലത്ത് അവളുടെ വീട്ടിൽ ചെല്ലുമ്പോൾ അവളുടെ അമ്മ എന്റെ പുറത്തു തട്ടി എന്നെ ഓമനിച്ചിരുന്നു. ഞങ്ങളെ രണ്ടുപേരേയും അടുത്തടുത്തു നിർത്തി 'എത്ര യോജിപ്പുള്ള ദമ്പതിമാർ' എന്ന് അവർ തന്നെത്താൻ പറയാറുണ്ട്.

ഞാൻ അന്നു തന്നെ ചെറിയ കുട്ടിയായിരുന്നു. എങ്കിലും അവർ പറയുന്നതിന്റെ അർത്ഥം എനിക്ക് അന്നു ഒരു വിധം നല്ലപോലെ മനസ്സിലായിരുന്നു. സാധാരണജനങ്ങൾക്കുണ്ടായിരുന്നതിനേക്കാൾ അധികമായ ഒരു അവകാശം എനിക്ക് അവളുടെ കാര്യത്തിൽ ഉണ്ടായിരുന്നു എന്ന് ഒരു ജ്ഞാനം എന്റെ മനസ്സിൽ വേരൂന്നിയിരുന്നു. ആ അധികാരാവകാശം അഥവാ ഉടമസ്ഥാവകാശം ഉണ്ടെന്നുള്ള അഭിമാനത്താൽ ഞാൻ പലപ്പോഴും അവളെ ശിക്ഷിക്കയും ഉപദ്രവിക്കയും ചെയ്യാറുണ്ട്. അവളും ആവലാതിപ്പെടാതെ എന്റെ അധികാരത്തെ സമ്മതിച്ചു കീഴടങ്ങുകയും എന്റെ ശിക്ഷകളെ നിരാക്ഷേപം സഹിക്കുകയും ചെയ്തിരുന്നു. ഗ്രാമക്കാരെല്ലാം അവളുടെ സൌഭാഗ്യത്തെ പുകഴ്ത്തിയിരുന്നു. പക്ഷേ തീരെ അരസികനായ എന്നെപ്പോലുള്ള ഒരു നാടൻകുട്ടിയുടെ ദൃഷ്ടിയിൽ ആ സൌന്ദര്യം വല്ലാതെ ശ്രേഷ്ഠമായി കാണപ്പെട്ടില്ല. സുരബാല അവളുടെ അച്ഛന്റെ കുടുംബത്തിൽ ജനിച്ചിട്ടുള്ളത് എന്റെ അടിമയാകുന്നതിന്നു മാത്രമായിട്ടാണെന്നായിരുന്നു എന്റെ വിശ്വാസം. അതുകൊണ്ട് അവൾ എന്റെ അനാദരവിന്നും അശ്രദ്ധയ്ക്കും പ്രത്യേകം വിഷയമായിത്തീർന്നു.

എന്റെ അച്ഛൻ, വലിയ ജന്മികളായ 'ചൌധരി' കുടുംബക്കാരുടെ ഒരു കാര്യസ്ഥനായിരുന്നു. കയ്യക്ഷരം ഒരുവിധം നന്നായതിന്നുശേഷം, നാട്ടുകാര്യസ്ഥതയും 'എസ്റ്റേറ്റുഭരണ'വും ശീലിപ്പിച്ച് എന്നെ വല്ല സ്ഥലത്തും ഒരു 'മുതൽപിടിക്കാരൻ' ആക്കേണമെന്നായിരുന്നു അച്ഛന്റെ മനോരാജ്യം. അച്ഛന്റെ ആ ആലോചന എനിക്കു തീരെ ബോധിച്ചില്ല. എന്റെ അയൽവക്കത്തുകാരനായ 'നീലരതൻ' വീട്ടുവിട്ടു കൽക്കട്ടയിലേക്കു ചാടിപ്പോയി; അവിടെച്ചെന്ന് ഇംഗ്ലീഷു പഠിച്ചു; വഴിയെ ഡിസ്ത്രിക്ട് മജിസ്ട്രേട്ടുകോടതിയിൽ 'നാജർ' ആയിത്തീർന്നു. അതു തന്നെയായിരുന്നു എന്റെയും അഭിലാഷം. മജിസ്ട്രേട്ടിന്റെ 'നാജ'രായില്ലെങ്കിൽ ജില്ലാക്കോടതിയിലെ 'ഹേഡ്ക്ലാർക്ക്'എങ്കിലും ആകേണമെന്നു ഞാൻ മുമ്പുതന്നെ ഉള്ളിൽ ആലോചിച്ചു തീർച്ചപ്പെടുത്തിയിരുന്നു.

---

* ഈ കഥ സർ. രവീന്ദ്രനാഥടാഗോർ എഴുതീട്ടുള്ളതാകുന്നു.

കോടതിഉദ്യോഗസ്ഥന്മാരുടെ അടുക്കൽ എന്റെ അച്ഛൻ അത്യന്തം ആദരവോടുകൂടി പെരുമാറുന്നതു ഞാൻ പലപ്പോഴും കണ്ടിട്ടുണ്ട്. പണവും സമ്മാനവും കാഴ്ചയും മററും കൊടുത്തു അവരെ സന്തോഷിപ്പിച്ച് അവരുടെ പ്രീതി സമ്പാദിക്കുന്നത് ആവശ്യമാണെന്നു ഞാൻ കുട്ടിക്കാലത്തുതന്നെ ധരിച്ചിട്ടുണ്ട്. അതുകൊണ്ടു ഞാൻ കോടതിയിലെ കീഴുദ്യോഗസ്ഥന്മാരെ — ശിപായിമാരേയും കൂടി — വളരെ ഉയർന്നനിലയിലാണു ഗണിച്ചുവന്നിട്ടുള്ളത്. എന്റെ ദൃഷ്ടിയിൽ അവക്ക് തുലോം ഔന്നത്യമുള്ള ഒരു സ്ഥാനമുണ്ടായിരുന്നു. നാട്ടുകാർ ആരാധിക്കുന്ന ഈശ്വരന്മാർ അവരാകുന്നു. ഹിന്തുപുരാണങ്ങളിൽ വർണ്ണിച്ചിട്ടുള്ള മുപ്പത്തുമുക്കോടി ദേവന്മാരുടെ ഇന്നത്തെ പ്രത്യക്ഷപ്പകർപ്പുകൾ ആകുന്നു അവർ. ഐഹികമായ വിജയലാഭത്തിനു ജനങ്ങൾ വിശ്വേശ്വരനെക്കാൾ അധികം വിശ്വസിക്കുന്നതും ആശ്രയിക്കുന്നതും അവരെ ആകുന്നു. അതുനിമിത്തം മുൻകാലങ്ങളിൽ ജനങ്ങൾ വിശ്വേശ്വരനു ചെയ്തിരുന്ന വഴിപാടുകളെല്ലാം ഇപ്പോൾ ഈ ഉദ്യോഗസ്ഥന്മാർക്കാണു ചെയ്യുന്നത്.

‘നീലമത’ന്റെ പ്രവൃത്തിയാൽ ആകർഷിക്കപ്പെട്ടവനായ ഞാൻ ഉത്സാഹഭരിതനായി തരംനോക്കി ഒരു ദിവസം കല്ക്കട്ടയിലേക്കു ‘ചാടിപ്പോയി’. എന്റെ ഗ്രാമക്കാരനായ ഒരു പരിചയക്കാരൻ അവിടെ ഉണ്ടായിരുന്നു. അയാളുടെ ഗൃഹത്തിൽ ഞാൻ ആദ്യം ചെന്നുകൂടി. പിന്നീടു അച്ഛനെഴുതിയയച്ച് വിദ്യാഭ്യാസാർത്ഥം കുറെ പണം വരുത്തി. അച്ഛൻ എനിക്കതു അയച്ചുതന്നു. ഞാൻ ക്രമേണ പഠിച്ചുതുടങ്ങി.

അതിന്നുപുറമെ ഞാൻ ചില രാജ്യതന്ത്രകാര്യാലോചനസംഘങ്ങളിലും ധർമ്മസ്ഥാപനങ്ങളിലും അംഗമായി ചേർന്നു. എന്റെ സ്വരാജ്യത്തിന്നുവേണ്ടി എന്റെ ജീവനെക്കൂടിയും തൃണവൽകരിച്ചു ഉടനെ പ്രവർത്തിക്കേണ്ടതു ആവശ്യമാണെന്നുള്ള സംഗതിയെക്കുറിച്ചു എനിക്ക് അശേഷം സംശയമുണ്ടായില്ല. എന്നാൽ ആ പ്രയാസമുള്ള ജോലി ഏതുവിധത്തിൽ നിവ്വഹിക്കാമെന്നു എനിക്കു ഒരു വിവരവും ഉണ്ടായിരുന്നില്ല. മാതൃകയായി അത്തരത്തിൽ ആരും പ്രവർത്തിക്കുന്നതും കണ്ടില്ല; പ്രവൃത്തികൊണ്ടു ആരും ദൃഷ്ടാന്തപ്പെടുത്തിയില്ല.

എതായാലും എന്റെ അത്യുത്സാഹം അശേഷം നിലച്ചില്ല. കല്ക്കട്ടയിലെ പരിഷ്കൃതബാലന്മാരെപ്പോലെ അർത്ഥമില്ലാതെ കണ്ടതിനെയെല്ലാം പുച്ഛിക്കുന്നതിന്നും അധിക്ഷേപിക്കുന്നതിന്നും കേവലം നാടന്മാരായിരുന്ന എന്നെപ്പോലുള്ള കുട്ടികൾ പഠിച്ചിട്ടുണ്ടായിരുന്നില്ല. ആകയാൽ ഞങ്ങളുടെ വിശ്വാസവും ആശയും സുസ്ഥിരങ്ങളായിരുന്നു. ഞങ്ങളുടെ സംഘാദ്ധ്യക്ഷന്മാരും നായകന്മാരുമെല്ലാം വാചാപ്രസംഗങ്ങൾ മാത്രം നടത്തിയിരുന്നു. എന്നാൽ പ്രാതൽകൂടി കഴിക്കാതെ നട്ടുച്ചയ്ക്കു വെയിലത്തു വീടുകൾ തോറും തെണ്ടി സംഭാവനസംഖ്യകൾ പിരിച്ചിരുന്നതു ഞങ്ങളായിരുന്നു. വഴിമദ്ധ്യത്തിൽ നിന്നു സഭയുടെ നോട്ടീസ്സുകൾ കാണുന്നവർക്കെല്ലാം കൊടുത്തിരുന്നതും, സഭാസ്ഥലത്തു ചെന്നു കസേരകളും ബെഞ്ചുകളും — സ്വന്തംകൈകൾകൊണ്ടു — ക്രമപ്പെടുത്തിയിട്ടിരുന്നതും ഞങ്ങളായിരുന്നു. ഞങ്ങളു

ടെ നാഥനേയോ നായകനേയോ പററി ആരെങ്കിലും എന്തെങ്കിലും അധിക്ഷേപിച്ചാൽ ഞങ്ങൾ അവരോടു മല്ലിടുവാൻ സന്നദ്ധരായിരുന്നു. അതെല്ലാം കണ്ടാൽ തന്നു പട്ടണവിദ്യാൎത്ഥികൾ ഞങ്ങളെ 'നാട്ടുപുറങ്ങളിലെ പിള്ളർ' എന്നു ആക്ഷേപിക്കാറുണ്ടു്.

ഞാൻ കല്ലൂട്ടയിലേക്കു പോയതു നാഝരോ [illegible]ക്ലാസ്ക്കാ ആകേണമെന്നു കരുതീട്ടായിരുന്നു. പക്ഷേ ഒരു ജനപ്രതിനിധിയോ, രാജ്യകക്ഷിക്കാരനോ മററൊ ആകുന്നതിന്നു വേണ്ട ശ്രമങ്ങളാണു ഞാൻ ചെയ്തിരുന്നവയെല്ലാം.

അക്കാലത്തു സുരബാലയുടെയും എന്റെയും പിതാക്കന്മാർ തമ്മിൽ ഞങ്ങളെ ഇരുവരെയും വിവാഹപാശത്തിൽ ബന്ധിക്കുന്നതിനുവേണ്ടി കൂടിയാലോചിച്ചുതുടങ്ങി. പതിനഞ്ചുവയസ്സിലാണു ഞാൻ കല്ലൂട്ടയ്ക്കു പോന്നതു്. അന്നു സുരബാലയ്ക്കു എട്ടുവയസ്സുണ്ടായിരുന്നു. ഇന്നു എനിക്കു പതിനെട്ടുവയസ്സായി. എന്റെ അച്ഛന്റെ അഭിപ്രായത്തിൽ എന്റെ വിവാഹകാലം അതിക്രമിച്ചിരുന്നു. പക്ഷേ, എന്റെ ആയുഷ്കാലം മുഴുവനും ബ്രഹ്മചാരിയായിത്തന്നെ കഴിച്ചു മാതൃഭൂമിക്കുവേണ്ടി യത്നിച്ചുമരിക്കേണമെന്നു ഞാൻ എന്റെ മനസ്സുകൊണ്ടു നിശ്ചയിച്ചുറപ്പിച്ചിട്ടുണ്ടായിരുന്നു. അതുകൊണ്ടു, എന്തായാലും എന്റെ വിദ്യാഭ്യാസം പൂൎത്തിയാകുന്നതിന്നുമുമ്പു ഞാൻ വിവാഹബന്ധത്തിൽ ഏൎപ്പെടുന്നതല്ലെന്നു അച്ഛനോടു ഖണ്ഡിതമായിപ്പറഞ്ഞു.

രണ്ടുമൂന്നു മാസത്തിന്നിടയ്ക്കു സുരബാലയെ 'രാമലോചനൻ' എന്ന ഒരു വക്കീലിന്നു വിവാഹം ചെയ്തുകൊടുത്തതായി ഞാൻ പിന്നീടറിഞ്ഞു. അന്നു് എത്രയും അധഃപതിക്കുവാൻ പോകുന്ന ഇന്ത്യാമാതാവിന്റെ പുനരുദ്ധാരണത്തിന്നു വേണ്ടി തെണ്ടി നടന്നു സംഭാവനകൾ പിരിക്കുന്ന ധൃതിയും തിരക്കുമായിരുന്നു. ഈ വിവാഹവൎത്തമാനത്തിന്നു എന്റെ ശ്രദ്ധയേയോ ആലോചനയേയോ ആകൎഷിക്കത്തക്ക ശക്തിയോ വിലയോ ഉണ്ടായിരുന്നില്ല. ഞാൻ അതിനെപ്പററി അശേഷം ഗൌരവമായി വിചാരിച്ചതു ഇല്ല.

മട്രിക്കുലേഷ്യൻ ജയിച്ചു് എഫെയ്ക്കു പഠിച്ചു പരീക്ഷയ്ക്കു ചേരുവാനുള്ള കാലം സമീപിച്ചതോടുകൂടി എന്റെ അച്ഛൻ ചരമഗതിയെ പ്രാപിച്ചു. ഞാൻ വലിയ ഭാരക്കാരനായിത്തീൎന്നു. ഞാൻ ഏകനല്ലായിരുന്നു. എനിക്കു എന്റെ അമ്മയേയും രണ്ടു സഹോദരിമാരേയും സംരക്ഷിക്കേണ്ടതുണ്ടായിരുന്നു. തന്നിമിത്തം എനിക്കു പഠിപ്പു നിൎത്തി വല്ല ജോലിയിലും പ്രവേശിക്കുവാൻ ഉത്സാഹിക്കേണ്ടിവന്നു. ഭഗീരഥപ്രയത്നം ചെയ്തതിന്നുശേഷം എനിക്കു ഒരു ചെറിയ പട്ടണത്തിൽ ഒരു മട്രിക്കുലേഷ്യൻ സ്കൂളിൽ രണ്ടാമത്തെ ഉപാദ്ധ്യായന്റെ പണി കിട്ടി.

ഇതുതന്നെയാണ് എനിക്കു ചേൎന്ന ജോലി എന്നിങ്ങിനെ ഞാൻ വിചാരിച്ചു! ഇന്ത്യയുടെ ഭാവിയെ നിയന്ത്രിക്കുന്നതിന്നു ശക്തിയുള്ള ഭാവിപൌരന്മാരെ, എന്റെ ഉപദേശത്താലും പ്രോത്സാഹനത്താലും ഞാൻ ഇവിടെനിന്നുണ്ടാക്കും. എന്നെ ഭരമേല്പിച്ചിരിക്കുന്ന വിദ്യാൎത്ഥികളെ ഞാൻ ഉചിതന്മാരായ ധീരപൌരന്മാരാക്കും.

ഞാൻ പണിയിൽ പ്രവേശിച്ചു. കാൎയ്യത്തോടടുത്തപ്പോൾ നൈരാശ്യങ്ങൾ ക

ക്കേ തെററി. ആസന്നമായിരുന്ന പരീക്ഷയാണ് ഇന്ത്യയുടെ ഭാവിയേക്കാൾ കുട്ടികൾക്കു അധികം ഗൌരവമായി ഗൌനിക്കേണ്ട കാൎയ്യം. കുട്ടികളെ പരീക്ഷയ്ക്കു തെയ്യാറാക്കുവാനായിരുന്നു അധികം ധൃതി. വ്യാകരണത്തിൽനിന്നും ബീജഗണിതത്തിൽനിന്നുമല്ലാതെ, വല്ലതുമെന്തെങ്കിലും ഞാൻ എന്റെ കുട്ടികളോടു പ്രസ്താവിച്ചുപോയാൽ ഹെഡ്മാസ്റ്റർ കലശലായി ശുണ്ഠി എടുക്കും. എന്തിന്, കുറച്ചു മാസം കഴിഞ്ഞപ്പോഴെക്കും എന്റെ ഉത്സാഹവും ഉശിരും എല്ലാം താനെ ഒതുങ്ങി.

ഞാൻ ഒരു അസാധാരണബുദ്ധിമാനല്ല. വീട്ടിൽ തനിച്ചിരിക്കുമ്പോൾ എനിക്കു വമ്പിച്ച പല ആലോചനകളും തോന്നിയേക്കാം. പക്ഷേ പ്രവൃത്തിരംഗത്തിൽ പ്രവേശിക്കുമ്പോൾ ഞാൻ ഇന്ത്യയിലെ കാളക്കുട്ടികളെപ്പോലെ ആണ്. ഭാരിച്ച നുകം ഞാൻ എന്റെ കഴുത്തിൽത്തന്നെ വഹിക്കണം. ഉഴുന്നവൻ—ഉടമസ്ഥൻ—അടിക്കുന്നതും വാലു പിടിച്ചു തിരിക്കുന്നതും കടിക്കുന്നതും ഞാൻ അനുഭവിക്കണം. പകൽ മുഴുവനും തലതാഴ്ത്തി നിലത്തു നോക്കി വയലു മുഴുവനും ഉഴുതു മറിക്കണം. അസ്തമിച്ചാൽ വല്ലതും അയവിറക്കാൻ കിട്ടിയാൽ—എന്നാൽ ഭാഗ്യമായി—അതുകൊണ്ടു തൃപ്തിപ്പെട്ട് സ്വസ്ഥനായിരിക്കണം. ആരംഭിക്കാനായുള്ള ഒരു ജീവിക്കു ചാടാനും തുള്ളാനും ഉള്ള മനസ്സും ശക്തിയും ഉത്സാഹവും ഉണ്ടാകുന്നതല്ല.

സ്കൂൾകെട്ടിടം ഓലമേഞ്ഞതായിരുന്നു. അഗ്നിഭയം കൂടാതെ സൂക്ഷിക്കുന്നതിന്നും മററും അദ്ധ്യാപകന്മാരിൽ ഒരാൾ സ്ഥിരമായി സ്കൂളിൽ താമസിക്കണമെന്നായിരുന്നു നിശ്ചയം. ഞാൻ ബ്രഹ്മചാരിയായിരുന്നതുകൊണ്ട് ആ ചുമതല എന്റെ തലയ്ക്കു വെച്ചുകെട്ടി. സ്കൂൾ നടത്തിയിരുന്ന കെട്ടിടത്തിന്റെ സമീപത്തു തൊട്ടുള്ള ഓലമേഞ്ഞ ഒരു ചെറിയ ഗൃഹത്തിലായിരുന്നു ഞാൻ താമസിച്ചിരുന്നത്. പട്ടണത്തിലെ ജനബാഹുല്യമുള്ള പ്രദേശത്തുനിന്നു കുറെ ദൂരെ ആയിരുന്നു സ്കൂൾ. അതു ഒരു വലിയ തടാകത്തിന്റെ വക്കത്തായിരുന്നു. അതിന്നു ചുററും തെങ്ങു, കവുങ്ങു മുതലായ വൃക്ഷങ്ങൾ നിബിഡമായി വളൎന്നിരുന്നു. സ്കൂളിന്റെ അടുക്കൽ വളരെ പഴക്കമുള്ള രണ്ടു പേരാൽവൃക്ഷങ്ങൾ കൂട്ടിത്തൊട്ടു വളൎന്നു തഴച്ചു പന്തലിച്ച് ആ ഭാഗമെല്ലാം നല്ല തണുപ്പും തണലും ഉള്ളതാക്കിത്തീൎത്തു.

ഇതിന്നിടയ്ക്ക് ഒരു സംഗതി ഞാൻ പറവാൻ വിട്ടുപോയി. ഇതുവരെ അതെനിക്കു പറയത്തക്ക ഗൌരവമുള്ള കാൎയ്യമായി തോന്നിയിരുന്നതും ഇല്ല. സ്ഥലത്തെ ഒരു വക്കീലായിരുന്ന 'രാമലോചനൻ' താമസിച്ചിരുന്നതു ഞങ്ങളുടെ പാഠശാലയുടെ അടുത്തായിരുന്നു. എന്റെ കുട്ടിക്കാലത്തെ കളിത്തോഴിയായ 'സുരബാല' രാമലോചനന്റെ ഭാൎയ്യയാണെന്നും, അവൾ അദ്ദേഹം ഒന്നിച്ച് അവിടെത്തന്നെ താമസിച്ചിരുന്നു എന്നും എനിക്കറിയാമായിരുന്നു.

ഞാൻ ബാബുരാമലോചനന്റെ പരിചയം സമ്പാദിച്ചു. കുട്ടിക്കാലം മുതല്ക്കേ തന്നെ ഞാനും സുരബാലയും തമ്മിൽ പരിചയമായിരുന്നു എന്ന സംഗതി അദ്ദേഹം ധരിച്ചിരുന്നുവോ എന്നെനിക്കറിവില്ല. ഞാനും അദ്ദേഹവും തമ്മിൽ കണ്ടുപരിച

യമായ ദിവസം തന്നെ ആ സംഗതി ഞാൻ അങ്ങോട്ടു പറയുന്നത് ഉചിതമായിരിക്കുമെന്ന് എനിക്കു തോന്നിയില്ല. സുരബാല എന്റെ ജീവിതത്തോട് എന്തെങ്കിലും വിധത്തിൽ എന്നെങ്കിലും ബന്ധിക്കപ്പെട്ടവളായിരുന്നു എന്നുള്ള ശരിയായ ഒരു ഓൎമ്മതന്നെ അന്നെനിക്കുണ്ടായിരുന്നില്ല.

കഴിവുള്ള ദിവസം ഒരിക്കൽ ഞാൻ ബാബു് രാമലോചനെ സന്ദൎശിച്ചു. അന്നെന്തായിരുന്നു ഞങ്ങളുടെ സംഭാഷണവിഷയമെന്ന് എനിക്കിപ്പോൾ തോന്നുന്നില്ല. ഒരു സമയം ഇന്നത്തെ ഇന്ത്യയുടെ നിൎഭാഗ്യസ്ഥിതിയെ കുറിച്ചായിരുന്നിരിക്കാം ഞങ്ങൾ സംസാരിച്ചത്. വക്കീലിന്ന് ആ കാൎയ്യത്തിൽ വലിയ മനോവേദനയോ പ്രത്യേകതാല്പൎയ്യമോ ഒന്നും ഉണ്ടായിരുന്നില്ല. എങ്കിലും സിഗാററും വലിച്ചു പൊടിപറഞ്ഞുകൊണ്ടിരിക്കുമ്പോൾ ധാരാളം ഉറന്നു സംസാരിക്കുവാനും മാനസികമായ അസംതൃപ്തിയെ വാക്കുകൾക്കു സാധിക്കുന്ന ശക്തിയോടുകൂടി പ്രദൎശിപ്പിപ്പാനും അതു വളരെ പററിയതായ ഒരു വിഷയമായിരുന്നു. ഒന്നോ രണ്ടോ മണിക്കൂറുനേരം അപ്രകാരം ആ വിഷയത്തെക്കുറിച്ചു സംസാരിച്ചുകൊണ്ടിരിക്കുന്നതിന്നു ഒരു പ്രയാസവും ഉണ്ടായിരുന്നില്ല.

അങ്ങിനെ സംസാരിച്ചുകൊണ്ടിരിക്കുമ്പോൾ ഞാൻ അടുത്തുള്ള ഒരു മുറിയിൽനിന്നു കൈവളകളുടെ കിലുക്കവും, വസ്ത്രത്തിന്റെ ഉലച്ചിലും, കാൽപ്പെരുമാററവും കേട്ടു. ജാലകപ്പഴുതിൽക്കൂടി വളരെ ജിജ്ഞാസയോടുകൂടി ഒരാൾ എന്നെ ഉററുനോക്കുന്നുണ്ടായിരിക്കണമെന്നു എനിക്കു തോന്നി.

പെട്ടെന്ന് എന്റെ ഓൎമ്മശക്തിക്കു എന്തെന്നില്ലാത്ത ഒരുണൎച്ചയുണ്ടായി. തേജഃപുഞ്ജങ്ങളായ രണ്ടു നേത്രോല്പലങ്ങൾ— നീണ്ടുതെളിഞ്ഞു വിശ്വാസത്തെയും സാധുതയെയും നിഷ്കാപട്യത്തെയും ബാല്യത്തിലെ സ്നേഹമഹിമയെയും പ്രത്യക്ഷപ്പെടുത്തുന്ന ജീവനുള്ള രണ്ടു കണ്ണുകൾ— എപ്പോഴും ഇളകിക്കൊണ്ടിരിക്കുന്ന ഇരുണ്ട കൃഷ്ണമണികൾ— വില്ലുപോലെ വളഞ്ഞും എടക്കിളകിയും വിലസുന്ന കറുത്ത പുരികക്കൊടികൾ— ശാന്തതയോടും സ്ഥിരതയോടും കൂടിയ കടാക്ഷവീക്ഷണങ്ങൾ... ഹാ! ഇപ്രകാരമുള്ള വിശിഷ്ടങ്ങളായ കുവലയനേത്രങ്ങളെ ഞാൻ പഴയ ഓൎമ്മകൾ പുനൎജ്ജീവിച്ച എന്റെ മനസ്സുകൊണ്ടു പ്രത്യക്ഷത്തിൽ സ്പഷ്ടമായിക്കണ്ടു. ശക്തിയുള്ള ഇരിമ്പുചങ്ങലകളാൽ ചേൎത്തു ബന്ധിക്കപ്പെട്ടപോലെ എന്റെ ഹൃദയത്തിന്ന് എന്തെന്നില്ലാത്ത ഒരമൎച്ചയുണ്ടായി. ഹൃദയം ദുസ്സഹമായ വേദനയോടുകൂടി അടിക്കുവാൻ തുടങ്ങി.

ഞാൻ എന്റെ ഭവനത്തിലേക്കു തിരിച്ചുപോന്നു. എങ്കിലും എന്റെ ഹൃദയവേദനയ്ക്കു കുറവുണ്ടായില്ല. എഴുതുമ്പോളും വായിക്കുമ്പോളും എന്നു വേണ്ടാ ഞാൻ എന്തു ജോലിയിൽ ഏൎപ്പെട്ടിരിക്കുമ്പോളും എന്റെ ഹൃദയത്തിലെ കനം എന്നെ കലശലായി പീഡിപ്പിച്ചു. എന്തുചെയ്തിട്ടും അതിനെ ദൂരീകരിക്കുന്നതിന്നു സാധിച്ചില്ല. എന്റെ ഹൃദയവള്ളികളിൽ ഞാന്നു നില്ക്കുന്ന ദുസ്സഹമായ ഒരു ഭാരം അങ്ങോട്ടും ഇങ്ങോട്ടും ഇളകി എന്നെ വേദനിപ്പിച്ചുകൊണ്ടിരുന്നതായി എനിക്കു തോന്നി. സായാഹ്നത്തിൽ ഞാൻ ധൈൎയ്യം അവലംബിച്ചു തന്നെത്താൻ സമാധാനപ്പെടു

വാൻ ശ്രമിച്ചു. 'എന്നെ പീഡിപ്പിക്കുന്നതെന്താണ്?' എന്നു ഞാൻ ആലോചിച്ചുനോക്കി.

അപ്പോൾ എന്റെ മനസ്സിന്റെ അടിയിൽനിന്നു ഒരു പ്രശ്നം പുറപ്പെട്ടു. 'നിന്റെ സുരബാല ഇപ്പോൾ എവിടെയാണ്?' എന്നായിരുന്നു ആ ചോദ്യം. 'ഞാൻ പൂർണ്ണമനസ്സോടുകൂടി അവളെ ഉപേക്ഷിച്ചു. തീർച്ചയായിട്ടും അവൾ എനിക്കുവേണ്ടി എന്നും കാത്തിരിക്കുമെന്നു ഞാൻ വിചാരിച്ചിട്ടില്ല' എന്നുള്ള സമാധാനമാണ് എനിക്കു തോന്നിയത്.

എന്റെ മനസ്സിൽ പിന്നെയും എന്തോ ഒന്നു സംസാരിച്ചുകൊണ്ടിരുന്നു. 'അന്നു നിനക്കു അവളെ ചോദിച്ചാൽ അപ്പോൾ കിട്ടുമായിരുന്നു. എന്നാൽ ഇന്നു നീ എത്ര പരിശ്രമിച്ചാലും അവളെ ഒരു കണ്ണു കാണുവാൻകൂടി നിനക്കു അർഹതയില്ല. നീ ഒന്നിച്ചു കുട്ടിക്കാലത്തു കളിച്ചിരുന്ന ആ സുരബാല നിന്റെ വളരെ അടുത്തു വന്നേക്കാം. അവളുടെ കൈവളകളുടെ കിലുക്കം നിനക്കു കേൾക്കുവാൻ സാധിക്കുമായിരിക്കാം. അവളുടെ കുന്തളഭാരത്തിൽനിന്നു പുറപ്പെടുന്ന പരിമളത്താൽ സുവാസമായിത്തീർന്ന വിശുദ്ധവായു നീ ശ്വസിക്കുമായിരിക്കാം. പക്ഷേ, നിനക്കും സുരബാലയ്ക്കും എടയ്ക്കു ദീർഘവും ദൃഢവുമായ ഒരു ഭിത്തി എപ്പോഴും ഉണ്ടായിരിക്കും.'

ഞാൻ പറഞ്ഞു: 'എങ്ങിനെ ആവട്ടെ. അതിനു ഞാൻ എന്തുവേണം? സുരബാല എന്റെ ആരാണ്?'

അതിനുള്ള മറുപടിയും എന്റെ ഹൃദയത്തിൽനിന്നു പുറപ്പെട്ടു. 'ഇന്നു സുരബാല നിനക്കു ആരുമല്ല. എന്നാൽ അവൾ നിന്റെ ആരെല്ലാം ആകുമായിരുന്നേനെ!'

ഹാ! അതു ശരിയാണ്! അവൾ എന്റെ ആരെല്ലാം ആകുമായിരുന്നു. എല്ലാററിലുംവെച്ചു എനിക്കു ഏററവും ഇഷ്ടമുള്ളതും സമീപത്തുള്ള ലോകത്തേക്കാൾ എന്നോടു അധികം അടുത്തുചേർന്നതും ആയ വസ്തു! എന്റെ ജീവിതത്തിലെ സുഖദുഃഖങ്ങളുടെ സമാവകാശി!! ഹാ! അവൾ എന്റെ ആരെല്ലാം ആകുമായിരുന്നു! ഇപ്പോഴോ! എത്രയോ അകന്നു; തീരെ പരിചയമില്ലാത്ത സ്ഥിതി. അവളുടെ മുഖദർശനം നിരോധിക്കപ്പെട്ടിരിക്കുന്നു. അവളോടു സംസാരിക്കുന്നതു അപമര്യാദയായിത്തീർന്നിരിക്കുന്നു. അവളെപ്പററി ആലോചിക്കുന്നതു പാപമായിരിക്കുന്നു. എവിടെനിന്നോ ചാടിവീണ ആ 'രാമലോചനൻ' അവളുടെ ജീവിതപഥത്തിൽ കടന്നുകൂടി എന്തോ ചില വേദമന്ത്രങ്ങൾ ഉച്ചരിച്ചു 'സുരബാല'യെ ഒരു ഒററ വീശൽകൊണ്ടു മററു മനുഷ്യരുടെ അധികാരത്തിൽനിന്നു അകററി കൊണ്ടുപോയിരിക്കുന്നു.

ഞാൻ ഒരു പുതിയ നീതിശാസ്ത്രത്തേയോ സദാചാരനിബന്ധനയേയോ കുറിച്ചു പ്രസംഗിക്കുവാൻ ഉദ്ദേശിക്കുന്നില്ല. സമുദായത്തെ ഉടച്ചു വാർക്കുവാനും ഞാൻ ആഗ്രഹിക്കുന്നില്ല. ഗൃഹജീവിതശൃംഖലകളെ പറിച്ചുഴയ്ക്കുവാനും ഞാൻ ഇച്ഛിക്കുന്നില്ല. ഞാൻ എന്റെ മനോവികാരങ്ങളുടെ വാസ്തവമായ പ്രകൃതിവ്യത്യാസത്തെക്കുറിച്ചു മാത്രമേ പ്രസ്താവിക്കുന്നുള്ളു. അതു പലർക്കും അസംബന്ധമായി തോന്നുമായിരിക്കാം. അവിടെ, രാമലോചനന്റെ ഭവനത്തിൽ, അദ്ദേഹത്തിന്റെ രക്ഷയിൽ നിവ

സിച്ചിരുന്ന സുരബാലയുടെ പേരിൽ എന്നെക്കഴിഞ്ഞിട്ടേ രാമലോചനന്നു തന്നെ അവകാശമുണ്ടായിരുന്നുള്ളു എന്ന വിചാരം എന്തു ചെയ്തിട്ടും എന്റെ മനസ്സിൽനിന്നു പുറത്തു പോയില്ല. ആ വിചാരം അത്യന്തം അസംബന്ധവും അനുചിതവും ആയിരുന്നു എന്നു ഞാൻ തന്നെ സമ്മതിക്കാം. പക്ഷേ, അതു അശേഷം പ്രകൃതിവിരുദ്ധമായ ഒരു വികാരം ആയിരുന്നില്ല.

അതിൽപ്പിന്നെ എനിക്കു ഒരു ജോലി എടുക്കുന്നതിലും മുഴുവൻ മനസ്സുവെക്കുവാൻ സാധിച്ചിട്ടില്ല. ഉച്ചക്കു എന്റെ ക്ലാസ്സിലെ കുട്ടികൾ മൂളിക്കൊണ്ടിരിക്കുമ്പോൾ, പുറത്തു പ്രകൃതി സൂൎയ്യരശ്മിയിൽ ആഹ്ലാദിച്ചിരിക്കുമ്പോൾ, സമീപത്തുള്ള തൊടികളിൽനിന്നു വിവിധപുഷ്പഗന്ധത്തെ അപഹരിച്ചുംകൊണ്ടു മന്ദമാരുതൻ എന്റെ മുറിക്കകത്തു കടന്നു വീശിക്കൊണ്ടിരിക്കുമ്പോൾ, ഹാ! ഞാൻ ഹൃദയപുരസ്സരം 'ആഗ്രഹിച്ചു.' എന്താണ് ആഗ്രഹിച്ചതെന്നു എനിക്കുതന്നെ നിശ്ചയമില്ല. എങ്കിലും ഒരു കാൎയ്യം തീൎച്ചയാണ്. എന്റെ ആയുഷ്കാലം മുഴുവനും ഇന്ത്യയുടെ ഭാവിയിലെ ആശാബീജങ്ങളായ ആ ചെറുവിദ്യാൎത്ഥികളുടെ വ്യാകരണത്തെറ്റുകൾ തിരുത്തിക്കൊണ്ടു കഴിച്ചുകൂട്ടേണമെന്നു ഞാൻ അശേഷം ആഗ്രഹിച്ചില്ല.

സ്കൂൾ സമയത്തിനുശേഷം എനിക്കു എന്റെ വലിയ ഗൃഹത്തിൽ തനിച്ചു കഴിച്ചുകൂട്ടുന്നതു വളരെ ദുസ്സഹമായിത്തീൎന്നു. എന്നിട്ടും വല്ല സ്നേഹിതന്മാരും എന്നെ സന്ദൎശിക്കാത്തത് എനിക്ക് അത്യന്തം സങ്കടമായിരുന്നു. അസ്തമയസമയത്തു തടാകത്തിന്റെ വക്കത്തിരുന്നു തോട്ടത്തിലെ തെങ്ങുകളുടെയും കവുങ്ങുകളുടെയും ഇടയിൽക്കൂടി ഊതിക്കൊണ്ടിരുന്ന മന്ദപവനന്റെ അൎത്ഥമില്ലാത്ത ദീൎഘനിശ്വാസങ്ങളെക്കുറിച്ച് ആലോചിക്കുമ്പോൾ പല ചിന്തകളും എന്റെ മനസ്സിൽ ഉയൎന്നുവരാറുണ്ട്. മനുഷ്യസമുദായം, കെട്ടുപിണഞ്ഞുകിടക്കുന്ന അബദ്ധങ്ങളെക്കൊണ്ടുണ്ടാക്കീട്ടുള്ള ഒരു വലപോലെയാണ്. ശരിയായ കൎത്തവ്യത്തെ തക്കസമയത്തു ചെയ്വാൻ മാത്രം ബുദ്ധിയും തന്റേടവും ആൎക്കും ഇല്ല. കൃത്യനിൎവ്വഹണത്തിനുള്ള സന്ദൎഭത്തെ ഗൌനിക്കാതെ വിട്ടുകളകയും പിന്നീട അസാദ്ധ്യങ്ങളായിത്തീൎന്ന ആഗ്രഹങ്ങളെക്കുറിച്ചു ആലോചിച്ചു പശ്ചാത്തപിക്കുകയും ചെയ്യുന്നു. ഇതാണ് ലോകത്തിൽ എവിടേയും നടന്നുകൊണ്ടിരിക്കുന്നത്.

എനിക്കു 'സുരബാല'യെ നിഷ്പ്രയാസം വിവാഹംചെയ്തു ആയുഷ്കാലം മുഴുവനും സുഖിക്കാമായിരുന്നു. അത്യാഗ്രഹം എനിക്കു ഒരു രാജ്യതന്ത്രജ്ഞനാവണം; സമുദായനേതാവാവണം. ഒടുവിൽ എന്റെ പരിശ്രമങ്ങളുടെ എല്ലാം ഫലം എന്തായി? ഞാൻ ഒരു നാട്ടുപുറത്തെ ഗ്രാമപാഠശാലയിലെ രണ്ടാം അദ്ധ്യാപകനായിത്തീൎന്നു. സുരബാലയുടെ ഭൎത്തൃസ്ഥാനം സ്വീകരിക്കുന്നതിനു പ്രത്യക്ഷന്യായമൊന്നും ഇല്ലാതിരുന്ന വക്കീൽ 'രാമലോചനറായി'—വിവാഹത്തിനു മുമ്പു സുരബാലയെ മറ്റനേകം കന്യകകളുടെ കൂട്ടത്തിൽ ഒരു കന്യകയായല്ലാതെ ഒട്ടും വേൎതിരിച്ചറിയാതിരുന്ന രാമലോചനറായി—യാതൊരു പരിഭ്രമവും കൂടാതെ അവളെ വിവാഹംചെയ്തു. ഇതാ ഇപ്പോൾ സൎക്കാർ വ

ക്കീലായി അനവധി പണം സമ്പാദിക്കുന്നു! അദ്ദേഹത്തിന്റെ ഭക്ഷണം അവൾ പാകംചെയ്യുന്നു. വെപ്പു നന്നായില്ലെങ്കിൽ അദ്ദേഹം സുരബാലയെ ശകാരിക്കുന്നു. അദ്ദേഹത്തിന്നു സന്തോഷം തോന്നുമ്പോൾ ഒരു വളയോ കാപ്പോ അവൾക്കു സമ്മാനിക്കുന്നു. തടിച്ചു മിനുത്ത ആളാണദ്ദേഹം. കൌതുകമായി വസ്ത്രധാരണം ചെയ്യും. അദ്ദേഹത്തിന്നു ഒരുവിധത്തിലും ഒരസുഖമില്ല. അദ്ദേഹം ഒരിക്കലും സന്ധ്യാസമയത്തു തടാകതീരത്തിരുന്നു വെറുതെ നക്ഷത്രങ്ങളെ നോക്കി ദീർഘമായി നിശ്വസിക്കാറില്ല!

പുറത്തു എവിടെയോ ഒരു വലിയ കേസ്സ് ഉണ്ടായിരുന്നതുകൊണ്ടു രാമലോചനനു കുറെ ദിവസത്തേക്കു ഞങ്ങളുടെ പട്ടണം വിട്ടു ദൂരെ പോകേണ്ടിവന്നു. എന്റെ വസതിയിൽ ഞാൻ ഏകനായിരുന്നതുപോലെത്തന്നെ സുരബാല അന്ന് അവളുടെ ഭവനത്തിൽ ഏകാകിനിയായിരുന്നു.

അന്നു ഒരു തിങ്കളാഴ്ചയായിരുന്നു. എനിക്കു നല്ല ഓർമ്മയുണ്ട്. പ്രഭാതംമുതൽക്കുതന്നെ ആകാശമെല്ലാം കാർമേഘങ്ങളാൽ മൂടപ്പെട്ടിരുന്നു. പത്തുമണിയോടുകൂടി മഴ ചാറുവാൻ തുടങ്ങി. അന്നത്തെ ദിവസം പന്തിയല്ലെന്നു തീർച്ചയാക്കി ഞങ്ങളുടെ ഹെഡ്മാസ്റ്റർ സ്കൂൾ കാലെ വിട്ടു. ആകാശത്തു പല സ്ഥലങ്ങളിലായി വെവ്വേറെ തൂങ്ങിക്കിടന്നിരുന്ന കറുത്ത മേഘപടലങ്ങൾ എന്തോ ഒരു വലിയ അസാധാരണപ്രദർശനത്തിന്നു വട്ടംകൂട്ടുന്നതുപോലെ അങ്ങോട്ടുമിങ്ങോട്ടും വളരെ ധൃതിയിൽ പാഞ്ഞുതുടങ്ങി. പിറ്റേദിവസം ഉച്ചയോടുകൂടി കൊടുങ്കാറ്റോടുകൂടിയ ഘോരമാരി ആരംഭിച്ചു. രാത്രിയായപ്പോഴയ്ക്കും കാറ്റിന്റെയും വെള്ളത്തിന്റെയും ശക്തി വർദ്ധിച്ചു. ആദ്യത്തിൽ കാറ്റു കിഴക്കനായിരുന്നു. ക്രമേണ ഗതി തിരിഞ്ഞു തെക്കനും തെക്കുപടിഞ്ഞാറനും ആയിത്തീർന്നു.

ഇപ്രകാരമുള്ള ഒരു രാത്രിയിൽ സ്വസ്ഥനായി കിടന്നുറങ്ങുവാൻ ശ്രമിക്കുന്നതു കേവലം നിഷ്ഫലമായിരുന്നു. ആ ഭയങ്കര രാത്രിയിൽ പ്രകൃതി കഠോരമായി കോപിച്ചിരുന്ന അവസരത്തിൽ 'സുരബാല' അവളുടെ ഗൃഹത്തിൽ ഏകാകിനിയായിരുന്നു എന്ന കഥ എനിക്കു ഓർമ്മവന്നു. അവൾ അധിവസിച്ചിരുന്ന ബംഗ്ലാവിനേക്കാൾ വളരെ അധികം ഉറപ്പിൽ പണിയിച്ചിട്ടുള്ളതായിരുന്നു ഞങ്ങളുടെ സ്കൂൾകെട്ടിടം. ഞാൻ രാത്രികാലങ്ങളിൽ തടാകതീരത്തു തനിച്ചിരുന്നു സമയംമുഴുവനും മനോരാജ്യസഞ്ചാരിയായി കഴിച്ചിരുന്നപ്പോൾ 'സുരബാല'യെ സ്കൂൾകെട്ടിടത്തിലേക്കു ക്ഷണിച്ചു വരുത്തിയാലോ എന്നു പലകുറിയും ആലോചിച്ചിട്ടുണ്ട്. പക്ഷേ, എനിക്ക് അങ്ങിനെ ചെയ്യുന്നതിന് ഒരിക്കലും ധൈര്യമുണ്ടായില്ല.

നേരം രാത്രി ഒന്നരമണിയായി. സമുദ്രം എരമ്പുന്ന ശബ്ദം അസാധാരണമായ വിധത്തിൽ ഉയർന്നു. കരയെടുത്തു കടൽ ആക്രമിക്കുകയായിരുന്നു. ഞാൻ എന്റെ മുറി വിട്ടു പരിഭ്രമിച്ചു സുരബാലയുടെ വീട്ടിലേക്കു ഓടി. ഞങ്ങളുടെ തടാകത്തിന്റെ ഒരു ചിറവരമ്പു ഞാൻ ഓടിപ്പോകുന്ന വഴിയിൽ ആയിരുന്നു. ഞാൻ അതിന്മേൽ കയറുമ്പോഴയ്ക്കും ജലപ്രവാഹം അടുത്തെത്തി. വെള്ളം എന്റെ മു

ട്ടോളം ഉയൎന്നു. ഞാൻ ചിറയുടെ മുകളിൽ എത്തിയപ്പോൾ രണ്ടാമത്തും ഒരു തിരയടിച്ചുകയറി. ചിറവരമ്പിന്റെ ഏററവും ഉന്നതമായ ഭാഗം മൈതാനത്തിന്റെ സമനിരപ്പിൽനിന്നും പതിനേഴടിയിൽ അധികം ഉയൎന്നതായിരുന്നു.

ഞാൻ ചിറക്കെട്ടിന്മേൽ കയറിയതോടുകൂടി മറുഭാഗത്തുനിന്നു വേറൊരാൾ നീന്തിക്കുഴഞ്ഞ് ആ സ്ഥലത്തെത്തിച്ചേൎന്നു. അവൾ ആരായിരുന്നു എന്ന് എന്റെ ശരീരത്തിലെ ഓരോ ഞരമ്പുകൾകൂടി തൽക്ഷണം തന്നെ മനസ്സിലായി. ആ ജ്ഞാനത്താൽ എന്റെ ആത്മാവു അസാധാരണമായ ഒരു ഉണൎച്ചയെ കൈക്കൊണ്ടു; ദേഹമാസകലം ഒന്നു വിറച്ചു. ഞാൻ ആരാണെന്ന് അവളും നിശ്ചയമായും ധരിച്ചിട്ടുണ്ടായിരിക്കണം. മൂന്നു വാരയിൽ അധികം വിസ്താരമില്ലാത്ത ഒരു സ്ഥലത്തിന്മേൽ ഞങ്ങൾ രണ്ടുപേരും തനിച്ചു നിന്നു. പരിസരപ്രദേശങ്ങളെല്ലാം പ്രവാഹത്തിൽ മഗ്നമായിത്തീൎന്നു.

അത് ഒരു ഭയങ്കരമായ വെള്ളപ്പൊക്കമായിരുന്നു. വലിയ അത്യാപത്തായിരുന്നു. ആകാശത്തു തിളങ്ങിയിരുന്ന നക്ഷത്രദീപങ്ങളെല്ലാം കെട്ടുപോയി. ഭൂമിയിലുണ്ടായിരുന്ന വിളക്കുകളെല്ലാം കത്തി അണഞ്ഞുപോയി. അന്ന്, അപ്പോൾ ഞങ്ങൾ തമ്മിൽ സംഭാഷണം നടത്തിയിരുന്നു എങ്കിൽ അതുകൊണ്ടു യാതൊരു ദോഷവും വരുവാനുണ്ടായിരുന്നില്ല. എന്നാൽ ഒരു വാക്കെങ്കിലും ഉരിയാടുന്നതിനു ഞങ്ങൾക്കു രണ്ടാൾക്കും ധൈൎയ്യമുണ്ടായില്ല. അന്യോന്യമുള്ള സുഖസ്ഥിതിയെക്കുറിച്ചുംകൂടി ഒരു സാധാരണ അന്വേഷണമെങ്കിലും ഞങ്ങൾ രണ്ടാളും ചെയ്തില്ല. ഞങ്ങൾ അന്ധകാരത്തിലേക്കു നോക്കിക്കൊണ്ടു നിശ്ശബ്ദമായി നിന്നു. ഞങ്ങളുടെ പാദങ്ങൾക്കു സമീപം—കാലടികളിൽ തന്നെ—മരണമാകുന്ന ഭയങ്കരപ്രവാഹം ഇരുട്ടിന്നും കറുത്തിരുണ്ടും ഭയങ്കരമായിരമ്പിയും അടിച്ചുകേറിക്കൊണ്ടിരുന്നു.

'ഇന്നു' സുരബാല ലോകത്തെ മുഴുവനും അഗണ്യമാക്കിവിട്ടുംകൊണ്ട് 'എന്റെ' അടുക്കലേക്കു വന്നു. ഇന്ന് അവൾക്കു 'ഞാന'ല്ലാതെ ആരുമില്ല. ദൃഷ്ടിഗോചരമല്ലാത്ത ഞങ്ങളുടെ ആ കുട്ടിക്കാലത്ത് ഈ സുരബാല ഇന്നതെന്നു വിവരിക്കുവാൻ വയ്യാത്തതായ ഏതോ ഇരുട്ടായ ഒരു ആദ്യസ്ഥാനത്തിൽനിന്നു പുറപ്പെട്ട്—മറെറതോ ഒരു ഗോളത്തിൽ ഒരു ജന്മം കഴിച്ചു—പ്രശാന്തരമണീയമായി ജീവിതസമൃദ്ധിയുള്ള ഈ ഭൂമിയിൽ എത്തി, എന്റെ സമീപത്തു ചേൎന്നുനിന്നു. ഇന്നു വളരെ കാലങ്ങൾക്കു ശേഷം, അവൾ ആ മനോഹരവും ജനങ്ങൾ നിറഞ്ഞു പാൎക്കുന്നതും ആയ ഭൂമിയെ വിട്ട് അത്യന്തം ഭയാനകവും, ശൂന്യവും, പ്രശാന്തവും, ഗംഭീരവും ആയ പ്രകൃതിയുടെ മൃത്യുസാഗരത്തിലെ ക്രൂരങ്ങളായ തിരകൾ കാലടികളിൽ അടിക്കുന്ന അവസരത്തിൽ വീണ്ടും എന്റെ അടുത്തു വന്നുചേൎന്നിരിക്കുന്നു! ജന്മശക്തി,—വാസനാബലം—മുഗ്ദ്ധമായ ആ പൂമൊട്ടിനെ എന്റെ മുമ്പാകെ വലിച്ചെറിഞ്ഞു. മരണമാകുന്ന പ്രവാഹം ആ മനോഹരകുസുമത്തെത്തന്നെ, പൂൎണ്ണമായി വികസിച്ചു കാണികളെ ആകൎഷിക്കുന്ന ആ യൌവനപുഷ്പത്തെ, തിരയടിച്ചു മററാൎക്കുമല്ലാതെ എനിക്കുതന്നെയായി, എന്റെ

അടുക്കെ എത്തിച്ചിരിക്കുന്നു. ഒരു തിരകൂടി അടിച്ചാൽ ഭൂമിയുടെ ഈ അവസാനമുനമ്പിൽനിന്നു ഞങ്ങൾ അടിച്ചുനീക്കപ്പെടും. ഞങ്ങളെ അന്യോന്യം വേർതിരിച്ചിരുത്തിയിരിക്കുന്ന പുൽക്കൊടികളെ വിട്ടു ഞങ്ങൾ മൃത്യുവിൽ ഒന്നിച്ചു ചേരും. ഞങ്ങൾ ഒന്നായിത്തീരും.

ഹാ! ആ അവസാനത്തെ തിര ഒരിക്കലും വരാതിരിക്കട്ടെ. സ്വരനാല വളരെക്കാലം ഭാഗ്യത്തോടും, ആയുരാരോഗ്യസമ്പത്സമൃദ്ധിയോടും, സന്താനലബ്ധിയോടും കൂടി ജീവിതസുഖം അനുഭവിക്കുമാറാകട്ടെ! ഈ ഏകരാത്രിയിൽ നാശോന്മുഖയായ പ്രകൃതിയുടെ നിഷ്ഠുരതയുടെ വക്കത്തുവെച്ചു ഞാൻ അത്യന്തമില്ലാത്ത പരമമായ പാവനസൌഖ്യത്തെ അനുഭവിച്ചിരിക്കുന്നു! ഞാൻ സംതൃപ്തിയുടെ മറുകര കണ്ടിരിക്കുന്നു! എന്റെ കൃതാർത്ഥത അതിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്നു!

ആ രാവു മന്ദമന്ദം കഴിഞ്ഞു. കൊടുങ്കാറ്റു ശമിച്ചു. വെള്ളപ്പൊക്കം താണു. ഒരു വാക്കെങ്കിലും ഉരിയാടാതെ സ്വരനാല അവളുടെ സ്വഗൃഹത്തിലേക്കു തിരിച്ചുപോയി. ഒരു ശബ്ദംപോലും ഉച്ചരിക്കാതെ ഞാനും എന്റെ താമസസ്ഥലത്തു മടങ്ങിയെത്തി.

ഞാൻ ആലോചനാനിമഗ്നനായി. വാസ്തവമാണു; ഞാൻ 'നാഝരോ', ഹെഡ്ക്ലാർക്കോ, രാജ്യതന്ത്രജ്ഞനോ ആയിത്തീർന്നിട്ടില്ല. ദാരിദ്ര്യമുള്ള ഒരു ചെറിയ പാഠശാലയിലെ രണ്ടാമത്തെ അദ്ധ്യാപകൻ മാത്രമാണു ഞാൻ. എന്റെ ആദ്യത്തെ ഉദ്ദേശങ്ങളും, അഭിലാഷങ്ങളും സാധിച്ചിട്ടില്ലായിരിക്കാം. എന്നാൽ എന്നെന്നേക്കുമായി നിലനില്ക്കുന്ന ആ ഒരു രാത്രി, കുറച്ചു സമയത്തേക്കു മാത്രമാണെങ്കിലും, എന്റെ ജീവിതസരണിയെ മുഴുവനും ഹൃദയാകർഷകമായ വിധത്തിൽ പ്രശോഭിതമാക്കിത്തീർത്തു.

ആ ഒരു രാത്രി എന്റെ ജീവിതകാലത്തിലെ എല്ലാ രാത്രികളേക്കാളും, പകലുകളേക്കാളും തുലോം മാഹാത്മ്യമുള്ളതാകുന്നു. എന്റെ എളിയ ജീവിതത്തിന്റെ ശ്രേഷ്ഠതയുടെ പരമകാഷ്ഠയും, എന്റെ കൃതാർത്ഥതയുടെ അതിരും ആ ഒരു രാത്രിയാകുന്നു. ആ രാത്രി സർവ്വോൽക്കർഷേണ വർത്തിക്കട്ടെ.

പുത്തേഴത്തു രാമമേനോൻ
ബി. എ., ബി. എൽ.

---

## ലൂയിക്കുഞ്ഞിയുടെ
# ചികിത്സാക്രമം.

അലോപ്പതി, ഹോമ്യോപ്പതി, ഹൈഡ്രോപ്പതി മുതലായ പാശ്ചാത്യവൈദ്യശാസ്ത്രങ്ങളിലും ആയുർവ്വേദം, ചിന്താമണി, യൂനാനി മുതലായ പൌരസ്ത്യചികിത്സാശാസ്ത്രങ്ങളിലും ദിനംപ്രതി നവീനമായ ഓരോ തത്വങ്ങൾ കണ്ടുപിടിച്ചും പരിശ്രമങ്ങൾ നടത്തിയും വരുന്ന ഇക്കാലത്തു, 'ലോകത്തിൽ ഒന്നിലധികം സുഖക്കേടില്ല,' 'എല്ലാ സുഖക്കേടുകൾക്കും ഒരു മരുന്നു മതി', 'മരുന്നുകൾ കൂടാതെ സുഖക്കേ

ടുകൾ തീരെ ഭേദപ്പെടുത്താം' എന്നും മറ്റും ഒരാൾ സധൈര്യം പ്രസംഗിക്കുന്നതായാൽ ആയാൾ ഒരു ഭ്രാന്തനോ മറ്റോ ആണെന്ന് ആരും സംശയിക്കും. ഇരുപത്തഞ്ചു കൊല്ലത്തെ നിരന്തരപരിശ്രമത്തിന്റെ ഫലമായി മേൽക്കാണിച്ച പ്രകാരം ലൂയികൂണി (Luis Kühne) എന്ന മഹാൻ ആദ്യമായി പ്രസംഗിച്ചപ്പോൾ അദ്ദേഹം ശുദ്ധമേ ഒരു ഭ്രാന്തനാണെന്നു പലരും തീർച്ചപ്പെടുത്തി. എന്നാൽ അക്കാലത്ത് അദ്ദേഹം പറഞ്ഞത് എത്രയോ സാരഗർഭമായ തത്വമാണെന്നതിന് ഇപ്പോൾ അദ്ദേഹത്തിന്റെ ചികിത്സാക്രമം ആചരിച്ചുവരുന്ന അനേകായിരം യോഗ്യന്മാർ സാക്ഷികളാണ്.

ഈ മഹാൻ വൈദ്യശാസ്ത്രം പഠിച്ചു നൈപുണ്യം നേടിയ ഒരാളല്ല. ലോകത്തിൽ പലമാതിരിയായി കണ്ടുവരുന്ന വൈദ്യശാസ്ത്രങ്ങളെയെല്ലാം ഇദ്ദേഹത്തിനു പുച്ഛമാണ്. വളരെ ചെറുപ്പം മുതല്ക്കു തന്നെ ഇദ്ദേഹം പ്രകൃതിയുടെ പല വിശേഷങ്ങളേയും കണ്ട് ആനന്ദിച്ചിരുന്നു. തനിക്കു 20 വയസ്സു പ്രായമായപ്പോൾ ദേഹത്തിന് അതിയായ ക്ഷീണത തുടങ്ങുകയും, ശ്വാസകോശത്തിലും ശിരസ്സിലും കഠിനമായ വേദനകൾ ആരംഭിക്കുകയും ചെയ്തു. യോഗ്യന്മാരായ അനവധി ഡാക്ടർമാരെ കാണിച്ചിട്ടും യാതൊരു ഫലവുമുണ്ടായില്ല. ഇദ്ദേഹത്തിന്റെ പിതാവു ശസ്ത്രക്രിയയാൽ മരിച്ചതുകൊണ്ടും, മാതാവ് അവരുടെ അപ്പോഴത്തെ ശോചനീയസ്ഥിതിക്കു മുഴുവനും (അവർ വളരെ കാലമായി ഒരു രോഗിണിയായിരുന്നു) കാരണം ഡാക്ടർമാരാണെന്നു തന്റെ കുട്ടികളെ പറഞ്ഞു ധരിപ്പിച്ചിരുന്നതുകൊണ്ടും, ഇവക്കു പുറമെ തന്റെ സുഖക്കേട് എത്ര മരുന്നുകൾ സേവിച്ചിട്ടും ഭേദമാകാഞ്ഞതുകൊണ്ടും അദ്ദേഹത്തിന്ന് ഇംഗ്ലീഷു വൈദ്യശാസ്ത്രത്തോട് അത്യന്തം വൈരം ജനിച്ചു.

ഈ കാലത്താണ് 'മെൽട്സർ' (Meltzer) എന്ന മഹാൻ തന്റെ വക 'പ്രകൃതിചികിത്സാക്രമം' (Nature cure) എന്നതിനെപ്പറ്റി പ്രസംഗിച്ചിരുന്നത്. ഇദ്ദേഹത്തിന്റെ കൂട്ടുകാരോടു തന്റെ സുഖക്കേടിന്നു വല്ല നിവൃത്തിയും പറഞ്ഞുകൊടുക്കാമോ എന്നു കൂണി അപേക്ഷിച്ചതിൽ അവരിൽ ഒരു വിദ്വാൻ ഒരു ഉപായം പറഞ്ഞുകൊടുത്തു. അതുപ്രകാരം ചെയ്തപ്പോൾ അപ്രതീക്ഷിതമായ ആശ്വാസം കുറച്ചു കാലത്തേക്കു കിട്ടി. അന്നുമുതൽ മെൽട്സരുടെ കൂട്ടുകാരുടെ സഭകളിൽ എല്ലാം താൻ ഹാജരാവുകയും അവരുടെ പുതിയ ചികിത്സാക്രമത്തെ വേണ്ടുവണ്ണം മനസ്സിലാക്കുകയും ചെയ്തു. ഇക്കാലത്തു തന്റെ സഹോദരന്നു കഠിനമായ ഒരു രോഗം പിടിപെടുകയും എല്ലാ ഡാക്ടർമാരും കൈവെടിഞ്ഞ ശേഷം 'പ്രകൃതിവൈദ്യന്മാരി'ൽ വിശ്രുതനായ 'തിയോഡർ ഹാൻ' (Theodor Hahn) എന്നാളുടെ ചികിത്സയിൽ സുഖക്കേട് ആശ്വാസമാവുകയും ചെയ്തു. അന്നുമുതല്ക്കു ലൂയികൂണിക്ക് ഈ വിധം ചികിത്സയിൽ അനല്പമായ വിശ്വാസം ജനിച്ചു. എങ്കിലും തന്റെ വ്യാധിക്ക് അതുകൊണ്ടു യഥാർത്ഥമായ ഒരു ആശ്വാസവും വന്നില്ല. എന്നുമാത്രമല്ല, ദിനംപ്രതി രോഗം വർദ്ധിച്ചുവരികയും ചെയ്തു. ശ്വാസകോശം തീ

രെ ക്ഷയിച്ചു വരികയും, വയററിൽ വ്രണങ്ങൾ നിറയുകയും, ശിരോവ്യാധി വൎദ്ധിച്ചു വന്നമൂലം നിദ്ര തീരെയില്ലാതെയാവുകയും, ക്ഷയരോഗചിഹ്നങ്ങൾ കുറെശ്ശെ കണ്ടുതുടങ്ങുകയും ചെയ്തു. ഇക്കാലത്തു തന്റെ ഏകജോലി ജനബാഹുല്യം തീരെയില്ലാത്ത വയലുകളിലും മററും സദാ ചുററിത്തിരിയുകയായിരുന്നു. ഇപ്രകാരം ഭഗ്നാശനായി അലഞ്ഞുനടന്ന കാലത്താണ് ക്കൂണി തന്റെ ചികിത്സാക്രമത്തെപ്പററി ആലോചിച്ചു തീൎച്ചയാക്കിയത്. അതുപ്രകാരം ചെയ്തുതുടങ്ങിയപ്പോൾ ക്ഷണേന ആശ്വാസം കാണുകയും, കുറച്ചുകാലംകൊണ്ടു തീരെ സുഖപ്പെടുകയും ചെയ്തു. തന്റെ ഈ അനുഭവങ്ങളെക്കുറിച്ചും, താൻ പുതുതായി പരീക്ഷിച്ചു ഫലം കണ്ട ചികിത്സാക്രമത്തെക്കുറിച്ചും സവിസ്തരമായി ജനങ്ങളോടു പറഞ്ഞറിയിക്കുന്നതിന്നു ഇദ്ദേഹം പല പ്രസംഗങ്ങളും നടത്തി. അന്നു അദ്ദേഹത്തെ ഭ്രാന്തൻ എന്നു പലരും തീൎച്ചപ്പെടുത്തി. 1883-ൽ തന്റെ സ്വന്ത ചിലവിന്മേൽ ഒരു ചികിത്സാശാല ഏൎപ്പെടുത്തി അതിൽ വന്നുകിടന്നിരുന്ന അനേകം ജനങ്ങളെ കഠോരവ്യാധികളിൽനിന്നു തീരെ രക്ഷിച്ചതിന്നുശേഷമെ ഇദ്ദേഹത്തിന്നു തന്റെ കീൎത്തി ലോകത്തിൽ പരത്തുവാൻ സാധിച്ചുള്ളു. ഇപ്പോൾ ലൂയിക്കൂണിയുടെ ചികിത്സാക്രമം ലോകമെങ്ങും ധാരാളമായി നടപ്പുണ്ട്. അതിന്നു പ്രചാരം ദിനംപ്രതി വൎദ്ധിച്ചു വരുന്നുമുണ്ട്.

ക്കൂണിയുടെ ചികിത്സാക്രമം എത്രയോ എളുപ്പമായതാണ്. രോഗാതുരന്മാരെ പ്രകൃതിനിശ്ചിതമായ നിലക്കു കൊണ്ടു വരുന്നതാണ് അതിന്റെ ഏകതത്വം. തന്റെ ആശാവിഹീനമായ കാലത്തെ സക്കീട്ടുകളിൽ താൻ കണ്ടതായ പലേവിധംകാഴ്ചകളുടേയും ആന്തരം മനസ്സിലാക്കി അവയെ ഒന്നായി കൂട്ടിച്ചേൎത്തതാണ് ക്കൂണിയുടെ ചികിത്സാക്രമം. അവയിൽ ചിലതുമാത്രം പറയാം. വയലുകളിൽ അലഞ്ഞുനടന്നു പച്ചപ്പുല്ലും പച്ചവെള്ളവും മററും ഭക്ഷിച്ചു വരുന്ന ഒരു പശുവിന്നു വല്ല രോഗവും പിടിപെടുന്നുണ്ടോ? അതിന്റെ മലമൂത്രവിസൎജ്ജനത്തിന്നുശേഷം ആ പ്രദേശങ്ങളിൽ എന്തെങ്കിലും വൃത്തികേടുണ്ടോ? അതിന്നു പ്രസവകാലത്തു എന്തെങ്കിലും കഷ്ടപ്പാടുകളുണ്ടോ? സാമാന്യബുദ്ധി (Instinct) മാത്രമുള്ള ഒരു മൃഗത്തിന്നു യാതൊരു രോഗവും പിടിപെടാതെ ഇത്ര സുഖമായി ജീവിതം കഴിച്ചുകൂട്ടുവാൻ സാധിക്കുമ്പോൾ, അതിലും എത്രയോ ബുദ്ധിയും വിവേകവും മററുമുള്ള മനുഷ്യൻ മാത്രം നിരന്തരം അനവധി വ്യാധികൾ പിടിപ്പെട്ടു വലയുവാൻ എന്താണു കാരണം? ഈ ചോദ്യത്തിന്നു ലൂയിക്കൂണി കണ്ട മറുപടി 'മനുഷ്യൻ പ്രകൃതിക്കു വിരുദ്ധമായി നടക്കുന്നതുകൊണ്ടാണ്" എന്നായിരുന്നു. പരിഷ്കാരവൎദ്ധനയോടുകൂടി രോഗങ്ങളുടെ കാഠിന്യവും എണ്ണവും വൎദ്ധിച്ചു വരുന്നുണ്ടെന്നു അദ്ദേഹം കണ്ടു. പരിഷ്കാരത്തിന്നുവേണ്ടി മനുഷ്യൻ ചെയ്യുന്നതെല്ലാം അബദ്ധമാണ്. തനിക്കു വല്ലതെ പിടുത്തമില്ലെങ്കിലും ഒരാൾ ക്ഷണിച്ചുവരുത്തി മത്സ്യമാംസങ്ങൾ സൽക്കരിക്കുന്നതായാൽ അതു വേണ്ടെന്നു പറഞ്ഞു തള്ളുന്നതു ലോകമൎയ്യാദ (Etiquette)

ല്ല വിരോധമാണെന്നുവെച്ച് ഒരാൾ അവ ഭക്ഷിക്കുന്നപക്ഷം അത് അയാൾക്കു വിഷസമമാണ്. നയനം, ജിഹ്വാ, നാസിക ഈ മൂന്നു ഇന്ദ്രിയങ്ങൾക്കും ആഹ്ലാദകരമായി തോന്നാത്ത ഏതൊരു സാധനവും കഴിക്കുന്നതു ദേഹത്തിനു കേടാണ്. ഈ തത്വം ഗ്രഹിച്ചു നടക്കുന്ന ആളുകൾ എത്രയും ദുർല്ലഭമേ ഉള്ളൂ? കോഴിമുട്ട ദേഹത്തിനു ശക്തി കൊടുക്കുന്നതാണെന്നുവെച്ചു രാവിലെ എഴുന്നേറ്റു മൂക്കുപൊത്തി കണ്ണടച്ചു ആയതു കഴിക്കുന്നതു ദേഹത്തിനു ദോഷമല്ലാതെ ഒരിക്കലും ഗുണം ചെയ്യുന്നതല്ല. അങ്ങിനെ ചെയ്യുന്നതായാൽ സുഖക്കേട എളുപ്പത്തിൽ പിടിപെടും. അതിനു കാരണം കോഴിമുട്ട ആ മനുഷ്യന്റെ പ്രകൃതിക്കു ചേന്നതല്ലായ്കതന്നെ. അങ്ങിനെ ചേന്നതാണെന്നുവരികിൽ അയാൾക്ക് അതു മൂക്കുപൊത്താതെതന്നെ കഴിക്കുവാൻ സാധിക്കുന്നതാണ്. വേറെ ഒരുദാഹരണം നോക്കുക: ഒരു മൃഗത്തിനു പ്രസവം വളരെ കഷ്ടപ്പാടുള്ളതല്ല. പ്രസവകാലംവരെ അതു ചാടിത്തിരിഞ്ഞു നടക്കുകയും, പ്രസവത്തിനുശേഷം യാതൊരു കേടും തട്ടാതെ പിന്നെയും തന്റെ ജോലി നോക്കിത്തുടങ്ങുകയും ചെയ്യുന്നു. മനുഷ്യരുടെ ഇടയിൽ പ്രസവം എത്ര ദുർഘടമായ ഒരു ഘട്ടമാണ്! കാലം കഴിയുന്തോറും സുഖപ്രസവം എത്രയോ അപൂവ്വമായ ഒരു സംഗതിയായിട്ടാണ് കാണുന്നത്. ഇരട്ട പ്രസവിക്കുന്നതു സാധാരണ സംഭവമായി വരുന്നു. മൃഗങ്ങളുടെ ഇടയിൽ ഒരു ദേഹം രണ്ടു തല, ഒരു ദേഹം മൂന്നു കൈ മുതലായവയുള്ള വികൃതസന്താനങ്ങൾ എത്ര ചുരുക്കമാണ് കണ്ടുവരുന്നത്! ഇതിനു കാരണവും മനുഷ്യന്റെ പ്രകൃതിവിരുദ്ധമായ നടവടികളാണ്. ഇവയിൽ കുഞ്ഞി പ്രത്യേകമായി എടുത്തു പറയുന്നത് 'അകാലസംഗം' എന്ന ദോഷമാണ്. ഒരു മൃഗത്തിനു ഗർഭധാരണം തുടങ്ങിയാൽപ്പിന്നെ അത് ഒരിക്കലും സംഗത്തിനു സമ്മതിക്കുന്നതല്ല. മനുഷ്യരുടെ ഇടയിൽ ഈ തത്വം വളരെ പേർ മറന്നുപോകുന്നു. ഗർഭധാനം കഴിഞ്ഞ നിമിഷത്തിനുശേഷം സംഗമുണ്ടായാൽ അതു ഗർഭപാത്രത്തിലുള്ള ശിശുവിനു വളരെ ദോഷം ചെയ്യുന്നതാണ്. ഇതുപ്രകാരമുള്ള അകാലസംഗമാണ് സ്ത്രീകളുടെ അകാലവാർദ്ധക്യത്തിനും അനവധി രോഗങ്ങൾക്കും കാരണം. ഇതുതന്നെയാണ് പ്രസവകാലത്തെ അനല്പസങ്കടത്തിനും മറ്റും ഹേതു. ഇങ്ങിനെ ചെയ്യുന്നതു പ്രകൃതിക്കു തീരെ വിരുദ്ധമാണ്.

'പ്രകൃതിനിയമങ്ങൾക്കു വിരോധമായി നടക്കുന്നതിന്റെ ഫലമാണ് രോഗം. എല്ലാതരം രോഗങ്ങൾക്കും ഈ ഏകകാരണം മാത്രമേയുള്ളു. ലോകത്തിൽ കണ്ടുവരുന്ന അസംഖ്യം രോഗങ്ങൾ എല്ലാം ഏകരോഗത്തിന്റെ ഭേദഗതികളാണ്' മേൽകാണിച്ച മൂന്നു തത്വങ്ങളാണ് ലൂയിക്കുഞ്ഞിയുടെ ചികിത്സാക്രമത്തിന്റെ അടിസ്ഥാനം. രോഗം എന്നുവെച്ചാൽ എന്താണ്? ഈ ചോദ്യത്തിനു കുഞ്ഞിയുടെ മറുവടി 'പ്രകൃതിവിരോധമായി മനുഷ്യർ വല്ലതും പ്രവൎത്തിച്ചാൽ തന്നിമിത്തം മനുഷ്യശരീരത്തിൽ 'പരപദാൎത്ഥങ്ങൾ' (Foreign substances) വന്നു നിറയുന്നതാണ് രോഗം' എന്നാണ്. 'പരപദാൎത്ഥങ്ങൾ' ദേഹത്തിൽ വന്നു ചേരുന്നതു രണ്ടു

വഴിയാണ്. 1. ശ്വാസകോശം, 2. വായ് ഇവയിൽ കൂടിയല്ലാതെ മനുഷ്യശരീരത്തിൽ എതൊരു പദാൎത്ഥവും കടക്കുന്നതല്ല. (മുറികളിൽ കൂടി വിഷം ദേഹത്തിൽ വ്യാപിക്കുന്നതു സാധാരണയല്ലാത്തതുകൊണ്ട് അതിനെപ്പററി പ്രത്യേകം പറയുന്നില്ല.) മേല്പറഞ്ഞ രണ്ടു വഴികളിൽ കൂടി അന്യപദാൎത്ഥങ്ങൾ ദേഹത്തിൽ കടക്കാതിരിക്കത്തക്കവണ്ണം പലവിധമായ തടസ്ഥങ്ങളും നമ്മുടെ ദേഹത്തിൽ തന്നെയുണ്ട്. എങ്കിലും നാം അവയെ ശരിയെ വിലവെക്കാതെയിരുന്നാൽ കാലക്രമേണ അവ തങ്ങളുടെ പ്രവൃത്തികൾ ചെയ്യുന്നതല്ല. ഇതിന്ന് ഒരു സാധാരണ ഉദാഹരണം നോക്കുക. ചുരുട്ടുവലി തീരെയില്ലാത്ത ഒരുവന്ന് അഞ്ചെട്ടാളുകൾ ഇരുന്നു ചുരുട്ടു വലിക്കുന്ന ഒരു മുറിക്കകത്തു കഴിച്ചുകൂട്ടുവാൻ എത്ര കഷ്ടപ്പെടേണ്ടിവരും! എങ്കിലും അവിടെത്തന്നെ ഇരിക്കുന്നപക്ഷം കുറച്ചു ദിവസത്തിലകം അവന്നു ചുരുട്ടിന്റെ പുക കൊണ്ടു യാതൊരുപദ്രവവുമില്ലാതെയാവുന്നതാണ്. ആദ്യത്തെ ദിവസം പുകയേല്ക്കുമ്പോൾ ഉണ്ടാവുന്ന ചുമ, തുമ്മൽ മുതലായത് ആ വിഷവായു അകത്തേയ്ക്കു കടക്കാതിരിക്കുവാൻ ശ്വാസകോശത്തിലേ തടസ്ഥങ്ങൾ ചെയ്യുന്ന പ്രയത്നങ്ങളാണ്. അവയെ വകവെക്കാതെയിരുന്നാൽ കുറച്ചു ദിവസത്തിന്നു ശേഷം അവ തീരെ തടസ്ഥം ചെയ്യുന്നതല്ല. തന്നിമിത്തം വിഷപ്പുക അകത്തു കടന്നു ദോഷങ്ങൾ ചെയ്യുന്നു. ഇപ്രകാരമാണ് ശ്വാസകോശത്തിൽ കൂടി പരപദാൎത്ഥങ്ങൾ ശരീരത്തിൽ കടന്നുകൂടുന്നത്. ഇതേ വിധത്തിൽ വായ് വഴിയായി വയററിലും അന്യപദാൎത്ഥങ്ങൾ വന്നുചേരുന്നു. അമിതഭക്ഷണമാണ് ഇതിൽ മുഖ്യമായി പറയേണ്ടത്. മനുഷ്യൻ തനിക്കാവശ്യമില്ലാതെ വല്ലതും ഭക്ഷിക്കുന്നതായാൽ അതു രോഗകാരണമാകുന്നു. 500 റാത്തൽ ഭാരം വഹിപ്പാൻ സാധിക്കുന്ന ഒരു കുതിരയെക്കൊണ്ടു 800 റാത്തൽ വഹിപ്പിച്ചാൽ കുറച്ചു ദിവസത്തിനകം അതിന്റെ ശരീരം ക്ഷയിക്കുകയും ക്രമേണ അതിന്നു 500 റാത്തൽകൂടി വഹിപ്പാൻ സാധിക്കാതെയാകയും ചെയ്യും. ഇതേപ്രകാരം തന്നെ ആവശ്യത്തിലധികം ഭക്ഷണം കഴിക്കുന്നതായാൽ കുറച്ചു കാലത്തിനകം നമ്മുടെ ദഹനശക്തി കുറഞ്ഞുവരികയും ഒടുവിൽ ഉദരരോഗം പിടിപെടുകയും ചെയ്യുന്നു. ഇതിന്നു ശേഷം അകത്തു ചെല്ലുന്ന എല്ലാ പദാൎത്ഥങ്ങളും വിഷത്തിന്നു സമമാണ്. അവയുടെ സാരാംശം ദേഹത്തിൽ വ്യാപിക്കുന്നതിന്നു പകരം അവ ദേഹത്തിൽ അവിടവിടെ ചില സ്ഥലങ്ങളിൽ കെട്ടിനില്ക്കുകയും അവയിൽനിന്നു രോഗബീജങ്ങൾ ദേഹമാസകലം പരന്നുപിടിക്കുകയും ചെയ്യുന്നു. ഇങ്ങിനെ ശ്വാസകോശം വഴിയായും വായ് വഴിയായും ദേഹത്തിൽ കടന്നു കെട്ടിനില്ക്കുന്ന പരപദാൎത്ഥങ്ങളാണ് സകല രോഗങ്ങൾക്കും ഏകകാരണം. ഈ അഭിപ്രായം ശരിയായിട്ടുള്ളതാണെന്നതിന്നു ചില ദൃഷ്ടാന്തങ്ങൾ പറയാം. വയററിൽ അതിയായ വേദനയും മററും ഉണ്ടായാൽ സാധാരണയായി ചെയ്യുന്നതു വയറിളക്കുകയാണ്. ഈ പ്രവൃത്തികൊണ്ടു കെട്ടിനില്ക്കുന്ന പരപദാൎത്ഥങ്ങളെല്ലാം പുറമെ പോവുകയും അതുനിമിത്തം തീരെ സുഖപ്പെടുകയും ചെയ്യുന്നു.

ചില സുഖക്കേടുകൾക്കു ഛർദ്ദി വലിയ ആശ്വാസം കൊടുക്കുന്നു. ഛർദ്ദിക്കുമ്പോൾ വയററിൽ കെട്ടിനില്ക്കുന്ന ദോഷപദാർത്ഥങ്ങൾ മുഴുവൻ വെളിയേ പോകുന്നു. അതുകൊണ്ടു വലിയ ആശ്വാസം വരുന്നതാണു. സകല സുഖക്കേടുകൾക്കും മുമ്പിൽ പനി വരുന്നതും ഈ അഭിപ്രായത്തോടു ചേർന്ന ഒരു സംഗതിയാണ്. ദേഹത്തിൽ കെട്ടി നില്ക്കുന്ന ദോഷപദാർത്ഥങ്ങൾ പുളിച്ചു നശിക്കുമ്പോൾ (Ferment) ആയതിൽനിന്നു വലിയ ചൂടു പുറപ്പെടുകയും ആ ചൂടു ദേഹം മുഴുവനും വ്യാപിക്കുകയും ചെയ്യുമ്പോഴാണ് പനി വരുന്നത്. സകല വ്യാധികൾക്കും മുമ്പിൽ പനി വരുന്നതുകൊണ്ടു, അവയെല്ലാം കാരണം ഈ പരപദാർത്ഥമാണെന്നു ഊഹിക്കാവുന്നതാണ്.

മനുഷ്യശരീരയന്ത്രത്തിൽ തന്നെ ഈ വക പരപദാർത്ഥത്തെ പുറത്തു കളയുവാൻ പലവിധമായ സൂത്രങ്ങളും ഉണ്ടു. ഇവയിൽ മുഖ്യമായവ വിയർപ്പ്, മലം, മൂത്രം, ശ്വാസം ഇവയാകുന്നു. ദേഹത്തിലുള്ള ദുഷ്ടു വളരെ അധികഭാഗവും നാം പുറത്തേക്കു ശ്വസിക്കുമ്പോൾ നാലുപാടുമുള്ള വായുവോടു ചേരുന്നു. ബാക്കിയുള്ളതു മററു മേൽകാണിച്ച മൂന്നുവിധത്തിൽ പുറമേ പോകുന്നു. രക്തത്തിൽ കടന്നിട്ടുള്ള ദുഷ്ടു വിയർപ്പുവഴിയായാണ് പുറത്തേക്കു പോകുന്നത്. മനുഷ്യനു നല്ലവണ്ണം വിയർക്കുന്നതു ദേഹസുഖത്തിൻെറ ഒരു ലക്ഷണമാണ്. രോമകൂപങ്ങളിൽകൂടെ വിയർപ്പു പുറമെ വരുന്നതുകൊണ്ടു ആ സുഷിരങ്ങൾ എല്ലായ്പോഴും വൃത്തിയായും യാതൊരു തടസ്ഥവുമില്ലാതെയും വെക്കണം. ഈ ആവശ്യത്തിനാണ് മനുഷ്യൻ ദിനംപ്രതി ഒരിക്കലെങ്കിലും സ്നാനംചെയ്യണമെന്നു വൈദ്യന്മാർ നിഷ്കർഷിക്കുന്നത്. രോമസുഷിരങ്ങൾ അടഞ്ഞുനിന്നാൽ വിയർപ്പിനു പുറമേ വരുവാൻ നിവൃത്തിയില്ലാതാവുകയും അതുകാരണം ദേഹത്തിലെ കെട്ടുനീരുകൾ രക്തത്തിൽ വ്യാപിക്കുകയും കഠോരവ്യാധികളും ചിലപ്പോൾ പൊടുന്നനെയുള്ള മരണവും വരികയും ചെയ്യുന്നതാണ്. ഇററലിരാജ്യത്ത് ഒരു ഉത്സവാഘോഷദിവസം 18 വയസ്സു പ്രായമുള്ള ഒരു യുവാവ് ഒരു ദേവൻെറ വേഷം കെട്ടിയത്രെ. വേഷപ്പകിട്ടിനുവേണ്ടി ദേഹമാസകലം വാർണ്ണീഷും, ചില ചായങ്ങളും തേച്ചു. ഉത്സവം കഴിഞ്ഞു ഉടനെ ആ സാധു പെട്ടെന്നു മരിച്ചുപോയി. ദൈവകോപമാണെന്നു ചിലർ അഭിപ്രായപ്പെട്ടുവെങ്കിലും, ഡാക്ടർമാർ അഭിപ്രായപ്പെട്ടതു വിയർപ്പു പുറത്തേക്കു വരുവാൻ സാധിക്കാഞ്ഞതുകൊണ്ടാണ് മരണം വന്നത് എന്നായിരുന്നു. ഇതിലധികം നല്ല ഒരു ഉദാഹരണം ആവശ്യമില്ലല്ലൊ. ഇതേപ്രകാരം തന്നെ മലമൂത്രവിസർജ്ജനം സമയത്തിനു ചെയ്യാതെയിരുന്നാലും അപായം വരും. മലത്തിൽനിന്നു രക്തത്തിലേക്കു ഒരു ജാതി വിഷം കയറുകയും (Faecal absorption) അതു ദേഹത്തിൽ വ്യാപിച്ചാൽ തലവേദന മുതലായി ചില ചിഹ്നങ്ങൾ ആദ്യം കാണുകയും ഒടുവിൽ അതു വലിയ രോഗമായി അവസാനിക്കുകയും ചെയ്യുന്നു. മൂത്രം കെട്ടിനിന്നാൽ മൂത്രകൃച്ഛ്രം എന്ന ഭയങ്കരരോഗം തീർച്ചയായും വരും.

ലൂയിക്കൂണിയുടെ ചികിത്സ മേല്പറഞ്ഞപ്രകാരം പരപദാർത്ഥങ്ങളെ പുറമെ

കളയുവാൻ മാത്രമാണ്. ദേഹത്തിൽ കെട്ടിനില്ക്കുന്ന ഈ വക അന്യപദാൎത്ഥങ്ങൾ മുഴുവൻ വെളിയെ പോകാത്തപക്ഷം സുഖക്കേടു മാറുന്നതല്ല. മരുന്നുകൾകൊണ്ടു തല്ക്കാലശാന്തി മാത്രമേയുണ്ടാവുകയുള്ളൂ. വൃത്തിയായി കിടക്കുന്ന മുറിയുടെ ഒരു മൂലക്കു ചീയുവാൻതുടങ്ങിയ ഒരു കഷണം മാംസമുണ്ടെന്നു വെക്കുക. കുറച്ചുദിവസം കഴിയുമ്പോൾ അതിൽനിന്നു ചെറിയ പുഴുക്കൾ പുറപ്പെട്ടു മുറിയിലെങ്ങും പരക്കുന്നു. ആ മുറിയിൽ മുഴുവനും 'കാർബോളിക് ഓയിൽ' (Carbolic oil) ഒഴിച്ചാൽ പുഴുക്കൾ എല്ലാം ചത്തുപോകും. എങ്കിലും കുറച്ചുദിവസവുംകൂടി കഴിഞ്ഞാൽ രണ്ടാമതും ആ മാംസക്കഷണത്തിൽ നിന്നു പുഴുക്കൾ പുറപ്പെടും. ആ കഷണം അവിടെനിന്നു എടുത്തുകളഞ്ഞല്ലാതെ മുറി എത്ര മരുന്നൊഴിച്ചാലും വൃത്തിയാകുന്നതല്ല. ഇപ്രകാരം തന്നെ നമ്മുടെ ദേഹത്തിൽ ദുഷിച്ചുകിടക്കുന്ന പദാൎത്ഥങ്ങൾ മുഴുവനും പുറത്തുപോകാത്തപക്ഷം എത്ര മരുന്നു സേവിച്ചാലും ആ ദുഷ്ടിൽനിന്നു ഉത്ഭവിക്കുന്നതായ രോഗങ്ങൾ ഭേദപ്പെടുന്നതല്ല.

കൂണിയുടെ ചികിത്സ അധികം മൂന്നു ജാതിസ്നാനങ്ങളാണ്. 1. കടിസ്നാനം (Hip-bath) 2. Sitz bath 3. ആവിസ്നാനം (Steam bath)- ഇവയിൽ മൂന്നാമതു പറഞ്ഞതു ദേഹം വിയൎപ്പിക്കുവാനാണ്. ഒന്നാമത്തേതു വെറും പച്ചവെള്ളംകൊണ്ട് അരക്കെട്ടും കടവയറും തണുപ്പിക്കുന്നതാണ്. സകലവ്യാധികളും ഉത്ഭവിക്കുന്നതു മനുഷ്യന്റെ കടവയറിൽ (അടിവയർ= Abdomen) നിന്നാണ് എന്നാണ് ഇദ്ദേഹത്തിന്റെ അഭിപ്രായം. അവിടെയാണത്രെ പരപദാൎത്ഥങ്ങൾ അധികവും കെട്ടിനില്ക്കാറുള്ളത്. രണ്ടാമതു പറഞ്ഞ സ്നാനം ഗുഹ്യസ്ഥലത്തെ പച്ചവെള്ളംകൊണ്ടു ഒരു പ്രത്യേകതരത്തിൽ തണുപ്പിക്കുന്നതാണ്. ഈ മൂന്നു ജാതി സ്നാനങ്ങളോടു കുറച്ചു വ്യായാമവും മിതഭക്ഷണവും കൂടിച്ചേൎത്താൽ എത്ര മഹാരോഗങ്ങളും തീരെ മാറാറാമെന്ന് അദ്ദേഹം ഖണ്ഡിച്ചുപറയുന്നുണ്ട്. തന്റെ അനുഭവത്തിൽ തന്നെ കുഷ്ഠം, മഹോദരം, ക്ഷയം, വാതം, കല്ലടപ്പ് മുതലായ വ്യാധികൾ അദ്ദേഹം മാററിയതായും പറയുന്നുണ്ട്. ശസ്ത്രക്രിയ കൂടാതെ യാതൊരു നിവൃത്തിയുമില്ലെന്നു ഡാക്ടൎമാർ അഭിപ്രായപ്പെട്ട പല രോഗങ്ങളും ഇദ്ദേഹം നിഷ്പ്രയാസം സുഖപ്പെടുത്തീട്ടുണ്ട്.

458 ഭാഗമുള്ള ലൂയികൂണിയുടെ 'നവീനചികിത്സാശാസ്ത്രം' (New Science of Healing) എന്ന പുസ്തകം മുഴുവൻ വായിച്ച് അതിൽ പ്രധാനമായി തോന്നിയ ചില ഭാഗങ്ങൾ മാത്രമേ മേലെ കാണിച്ചിട്ടുള്ളൂ. ഇദ്ദേഹത്തിന്റെ ചികിത്സാക്രമത്തെപ്പററി വിവരമായി അറിയുവാൻ താല്പൎയ്യമുള്ളവർ മേലെ പറഞ്ഞ പുസ്തകം വായിച്ചാൽ പലവിധമായ അറിവു സമ്പാദിപ്പാനിടയുണ്ട്. തങ്ങൾക്കു കിട്ടുന്ന ശമ്പളത്തിൽ നാലിലൊന്നു ഡാക്ടൎമാൎക്കു മരുന്നുഷാപ്പിലേക്കും കൊടുക്കുന്ന ഉദ്യോഗസ്ഥന്മാരും, കൊല്ലത്താലുള്ള ആദായത്തിൽ മിക്ക ഭാഗവും എണ്ണ, കുഴമ്പ്, കഷായം, ഗുളിക മുതലായവസ്സും വൈദ്യന്മാൎക്കും ചിലവാക്കുന്ന നാട്ടുപ്രമാണികളും കൂണിയുടെ പുസ്തകം ഒന്നു വായിച്ച് അതുപ്രകാരം പ്രവൎത്തിച്ചാൽ അവൎക്കു വലിയ ആദായമുണ്ടാവുന്നതാണ്.

എ. പി.

# പുലയന്മാർ

(തുടർച്ച)

പണ്ടു അടിമനിഗ്രഹം കഠോരമായി നിന്നിരുന്നതു വളരെ അപൂർവ്വമായിരുന്നു. പ്രായേണ എല്ലാ വിക്രയപത്രങ്ങളിലും 'നിങ്ങൾക്കു അവനെ അല്ലെങ്കിൽ അവളെ വില്ക്കുകയോ കൊല്ലുകയോ ചെയ്യാം' എന്ന വാചകംകൂടി ചേർത്തുവന്നിരുന്നു. അടിമകൾക്കു തങ്ങളുടെ തൊഴിലിനെപ്പററിയേടത്തോളമല്ലാതെ അതിൽ കവിഞ്ഞു യാതൊരു അഭിപ്രായമോ ആലോചനയോ ഇല്ലാത്തതുകൊണ്ടു് അവർ മുതലാളന്മാരുടെ നേരെ യാതൊരു അക്രമവും ചെയ്തിരുന്നില്ലെന്നല്ല, അവർ അവരുടെ മാന്യമായ സ്വഭാവത്തിന്നൊക്കുംവിധം അനുസരണമുള്ളവരുമായിരുന്നു. അമ്മയപ്പന്മാർ അടിമകളാകയാൽ അവരുടെ സന്താനങ്ങളും ജനനാൽത്തന്നെ അടിമകളായിത്തീരുന്നു. അതിനാൽ ഒരു മുതലാളന്നു അനവധി അടിമകളുണ്ടാവാൻ പ്രയാസമില്ല. ഇവർ പരാധീനം വർദ്ധിച്ചു വലച്ചിലായാൽ തങ്ങളുടെ കുട്ടികളെ പതിനാലോ പതിനേഴോ ഉറുപ്പികക്കു വില്ക്കും. ഇതിലധികമായ വില കിട്ടിയെങ്കിൽ ജാസ്തിയുള്ളതു മുതലാളന്നാകയാൽ അവർക്കു കൂടുതൽ കിട്ടിയാലും ഇല്ലെങ്കിലും ശരിതന്നെ. ഒരു അടിമയുടെ സീമന്തപുത്രൻ മുതലാളന്റെ സ്വത്താണ്. എന്നാൽ അയാൾക്കു നാലര ഉറുപ്പിക കൊടുത്താൽ അവന്റെ മേലുള്ള അവകാശം [illegible] ഒഴിഞ്ഞുവാങ്ങാവുന്നതുമാണ്.

പുലയന്മാർ കൃഷിക്കു മാത്രമേ ഉദ്യോഗിച്ചിരുന്നുള്ളൂ. ഒരവക്കതിന്നു ആണിന്നു മൂന്നിടങ്ങഴിയും പെണ്ണിന്നു രണ്ടിടങ്ങഴിയും കുട്ടിക്കു ഒരിടങ്ങഴിയും വീതം ധാന്യം ചിലസക്കൂലിയും കൊടുത്തിരുന്നു. ഇതാണ് അവരുടെ കഴിച്ചലിന്നുള്ള ആകെമുതൽ. ഇതു തന്നെയും ശരിയായി കൊടുത്തിരുന്നതുമില്ല. വല്ലദിവസവും വേലയ്ക്കു ചെല്ലാതിരുന്നാൽ ആ വകക്കു പകുതിയും, വിധേയതകൂടാതെ എന്തെങ്കിലും കാണിച്ചാൽ മുഴുവൻ തന്നെയും പിടിക്കും. കൊയ്ത്തുകാലം ഒരുമാതിരി സമൃദ്ധിയുള്ള സമയമാണ്. എങ്കിലും അതുകൊണ്ടും അവരുടെ ആഹാരദൌർല്ലഭ്യം പരിഹരിപ്പാൻ മതിയാകുന്നതല്ല. വസ്തുക്കൾ അന്യംവരുമ്പോൾ ഗവർമ്മേണ്ടിലേക്കടങ്ങുന്നതോടുകൂടി ആ വക വസ്തുക്കളോടു ചേർന്ന അടിമകളും ഗവർമ്മേണ്ടിലേക്കടങ്ങുക പതിവാകയാൽ ഗവർമ്മേണ്ടിൻകീഴിലും അനവധി അടിമകളുണ്ടായിരുന്നു. ഇവരെ ഗവർമ്മേണ്ടുഭൂമികളിൽ പണിയെടുപ്പിച്ചോ പാട്ടത്തിന്നു കൊടുത്തോ ആണ് വന്നിരുന്നത്. പട്ടിണി കിടന്നു ചാവാൻ സംഗതിയാവാതിരിപ്പാൻ അവർക്കു ചില സഹായങ്ങളും അനുവദിച്ചിരുന്നു. മുതലാളന്മാർ അടിമകളെ സംരക്ഷിപ്പാൻ ബാദ്ധ്യതപ്പെട്ടവർ തന്നെ. അടിമകൾ നിവസിക്കുന്ന ഭൂമി മുതലാളന്മാരുടേതായിരിക്കും. അപൂർവ്വം ചിലപ്പോൾ മററുള്ളവരുടേതും ആയിരിക്കും. മുതലാളന്മാർക്കു പണിയില്ലാത്ത സമയം അവർക്കു വേറെ എവിടെയെങ്കിലും

അടിമകളുടെ വൃത്തി

പോയി വേലചെയ്തു കൂലി സമ്പാദിക്കവാൻ വിരോധമില്ല. അവർ ആവശ്യപ്പെടുമ്പോൾ ഹാജരുണ്ടായിരിക്കണമെന്നേയുള്ളൂ. അതിന്നുപേക്ഷ ചെയ്താൽ ശിക്ഷയും കൊടുത്തിരുന്നു.

പൂർവ്വകാലങ്ങളിൽ അടിമകളെ പല അവകാശങ്ങളിന്മേലാണ് ഓരോരുത്തർ കൈവശം വെച്ചിരുന്നത്. അതിലൊന്നു മുഴുവൻ വില കൊടുത്തു വാങ്ങുന്ന ജന്മാവകാശം തന്നെ. ഒരു പുലയനും പുലച്ചിക്കും കൂടി 70 മുതൽ 100 വരെ ഉറുപ്പിക തീറുവില വെച്ചിരുന്നു. പണിയാൻ പ്രാപ്തിയുള്ള രണ്ടോ മൂന്നോ കുട്ടികളും കൂടി ഉണ്ടായിരുന്നാൽ ആ കുടുംബത്തിന്നു 140 മുതൽ 170 വരെയും വില വെച്ചിരുന്നു. പിന്നത്തേതു കാണാവകാശം അല്ലെങ്കിൽ പണയാവകാശമാണ്. ഇതു ഉടമസ്ഥന്നുള്ള അവകാശം പോയിട്ടില്ലെന്നു വരുത്തുവാൻ കുറെ നെല്ലും സാധാരണയായി തിറുവിലയിൽ മൂന്നിൽ രണ്ടു ഭാഗം പണവും വാങ്ങിക്കൊടുക്കുന്നതാകുന്നു. അതിനാൽ ആവശ്യമാവുമ്പോൾ പണം പലിശ കൂടാതെ തിരിയെ കൊടുത്ത് അടിമകളെ തിരിച്ചെടുപ്പാൻ കൊടുക്കുന്നവന്നവകാശമുണ്ട്. പണയകാലത്ത് അടിമകളിൽ ആരെങ്കിലും മരിച്ചുപോവാനിടയായാൽ അവന്നു ശരിക്കു വിലയുള്ള ഒരുവനെ കൊടുക്കുവാൻ വാങ്ങിയവൻ ചുമതലക്കാരനാണ്. അയാൾ അടിമകളെ സംരക്ഷിക്കണം. അതിലേക്കു വേണ്ടതും തന്റെ പണയത്തിന്റെ പലിശയും അവരെക്കൊണ്ടു വേല ചെയ്യിച്ചു വസൂലാക്കുന്നു. മൂന്നാമത്തെ അവകാശം പാട്ടാവകാശമാകുന്നു. ഇത് അടിമകളെ ഉടമസ്ഥനിൽനിന്നു വാങ്ങി അവരെക്കൊണ്ടു വേല ചെയ്യിച്ച് ഉടമസ്ഥന്നു കൊല്ലംതോറും പാട്ടം കൊടുത്തുവരുന്നതാണ്. സാധാരണയായി ഒരു ആണിന്നുള്ള പാട്ടം കൊല്ലത്തിൽ രണ്ടേകാലുറുപ്പികയും പെണ്ണിന്ന് അതിൽ പകുതിയുമാകുന്നു.

ഒടുവിലത്തെ രണ്ട് അവകാശസംഗതികളിൽ ഈ സാധുക്കളെക്കൊണ്ടു പണിയെടുപ്പിക്കുവാനും അവരെ പോററി രക്ഷിക്കുവാനും ഉള്ള ആൾ, വേല അധികമായി ചെയ്യിക്കുവാനും ഭക്ഷണം കമ്മിയായി കൊടുക്കുവാനും കാരണമാകകൊണ്ട് അവ രണ്ടും അസഹ്യങ്ങളായ അവകാശങ്ങളാണെന്നാണ് ബുക്കാനൻ (Buchanan) എന്ന സായ്വിന്റെ അഭിപ്രായം. വാസ്തവത്തിൽ അടിമകളെ നിർദ്ദയമായിട്ടാണു നോക്കിവന്നിരുന്നതെന്നും മതിയാംവണ്ണം ഭക്ഷണം കൊടുത്തു രക്ഷിച്ചിരുന്നില്ലെന്നും അവരുടെ വളച്ചുകുറഞ്ഞ ശരീരവും വൃത്തികെട്ട ആകൃതിയും പ്രത്യക്ഷപ്പെടുത്തിയിരുന്നു. ഒരു പാസ്സു നിലം നടപ്പുള്ള ഒരു കൃഷിക്കാരന്ന് ആണുങ്ങളും പെണ്ണുങ്ങളും കുട്ടികളും കൂടി 25 പേരുള്ള അടിമ- കുടുംബം അടിമകൾ മതിയാവുന്നതാണത്രെ.

അടിമത്തം നിൽത്തൽചെയ്തത്

അടിമത്തം നിയമമൂലമായി മലയാളത്തിൽ നിൽത്തൽചെയ്തിട്ട് 60 കൊല്ലത്തിലധികമായി. അടിമവ്യാപാരം നിൽത്തൽ ചെയ്തതിനെപ്പററിമിസ്റ്റർ ലോഗൻ'മലബാർ മാന്യുൽ' എന്ന ഗ്രന്ഥത്തിൽ ഈവിധം പറഞ്ഞിരിക്കുന്നു:—* അടിമത്തവും അടിമവ്യാപാരവും ബ

* Logan's Manual of Malabar pp. 148 to 151.

ഹുമാനപ്പെട്ട കമ്പനിഗവര്‍മ്മേണ്ടിന്റെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുകയും 1792-ല്‍ ബ്രിട്ടീഷുരാജ്യഭരണം തുടങ്ങിയ കൊല്ലം അടിമവ്യാപാരത്തെ വിരോധിച്ചു ഒരു വിളംബരം പ്രസിദ്ധപ്പെടുത്തുകയുമുണ്ടായി. അടിമയെ വില്ക്കുന്നവന്‍ കള്ളനായി ഗണിക്കപ്പെട്ടു. വില്ക്കുന്നവനെയും വാങ്ങുന്നവനെയും കഠിനമായി ശിക്ഷിക്കുകയും ചെയ്തു. അടിമകളെ കയററിക്കൊണ്ടുപോയിരുന്ന മീന്‍പിടുത്തക്കാരെയും മാപ്പിളമാരെയും കഠിനമായി ദണ്ഡിക്കുകയും അവര്‍ അടിമയൊന്നിനു 10 ക. വീതം പിഴ കല്പിക്കുകയും അവരെ കയററിക്കൊണ്ടുപോകുന്ന ഉരുക്കള്‍ ഗവര്‍മ്മെണ്ടിലേക്കു അടക്കുകയും ചെയ്തു. ഇതുകൂടാതെ തിയ്യന്മാര്‍ മുതലായ ചില സാധുക്കളുടെ കുട്ടികളെ കള്ളന്മാര്‍ പരന്ത്രീസു ദ്വീപുകളിലേക്കു ബലമായി കയററിക്കൊണ്ടുപോകുന്ന ഒരു സമ്പ്രദായവും അന്നു നടപ്പുണ്ടായിരുന്നു. ഇതു പരന്ത്രീസുപ്രദേശമായ മാഹിയില്‍ നിന്നും ലന്തപ്രദേശമായ കൊച്ചിയില്‍ നിന്നും കച്ചവടത്തിന്റെ ആവശ്യത്തിനു വരുന്ന കപ്പലുകാര്‍വഴിക്കു ധാരാളമായി നിലനിര്‍ത്തിയും വന്നിരുന്നു. അതിനാല്‍ മുന്‍പറഞ്ഞ വിളംബരം ഇതിലേക്കും ബാധകമാക്കിത്തീര്‍ത്തു. 1819-ല്‍ അന്നത്തെ പ്രധാന കലക്ടര്‍ ചെറുമക്കളുടെ സ്ഥിതിയെപ്പററി റിപ്പോര്‍ട്ടുചെയ്തു നികുതിബാക്കിക്കു അടിമകളെ വില്ക്കുന്ന സമ്പ്രദായം ഇല്ലായ്മചെയ്യുന്നതിലേക്കു കല്പനവരുത്തി. 1836-ല്‍ അടിമകളുടെ പക്കല്‍നിന്നും ഗവര്‍മ്മെണ്ടിലേക്കു തീരുവാന്‍ മലബാറില്‍ ബാക്കി കണ്ട 927 ക 13 ണ നികുതി കറവുചെയ്യുന്നതിലേക്കു ഗവര്‍മ്മെണ്ടു അനുവാദവും നല്‍കി. ചില താലൂക്കുകളില്‍ അടിമകളെ പെരുപ്പിക്കുന്നതിലേക്കു പെണ്ണുങ്ങളെ അധികവിലക്കു വിററുവരുന്നുവെന്നും, പത്തുവയസ്സില്‍ താഴെയുള്ള ആണിനു ശരാശരി 3 ക 8 ണ വിലയാണെന്നും, പെണ്ണിന്നു അതില്‍ അല്പം കുറയുമെന്നും, പത്തുമാസത്തിനു താഴെയുള്ള ഒരു കുട്ടിയെ തന്റെ കോര്‍ട്ടില്‍ 1ക 10 ണ 6 പൈക്കു ലേലം ചെയ്യുകയുണ്ടായെന്നും, അടുത്തു ഫയലായ ഒരു അന്യായത്തിന്റെ സംഗതി 20 അടിമകളുടെ മേല്‍ ഒരാള്‍ക്കുള്ള അവകാശം സ്ഥാപിച്ചുകിട്ടുവാനായിരുന്നെന്നും, അതില്‍ അതിന്റെതെളിവനുസരിച്ചു വിധി കല്പിച്ചുവെന്നും മററും കോഴിക്കോട്ടു ജഡ്ജിയായിരുന്ന മിസ്റ്റര്‍ ഇ. ബി. തോമസ്സ് 1843-ല്‍ സാദര്‍ അദാലത്തിലേക്കു എഴുതിയ ഒരു കത്തില്‍ പ്രസ്താവിച്ചിരുന്നു. പിന്നീടെഴുതിയ ഒന്നില്‍ അടിമകള്‍ എണ്ണംകൊണ്ടു വളരെ വര്‍ദ്ധിച്ചിരിക്കുന്നുവെന്നും പ്രസ്താവിച്ചിരുന്നു. അതിനാല്‍ അധികം താമസിയാതെ 'ഏതെങ്കിലുമൊരുവന്‍ ഒരു അടിമയെ ജന്മമൊ കാണമൊ പണയമൊ ആയി അവകാശപ്പെടുന്നതായാല്‍ ആ വക അവകാശങ്ങള്‍ യാതൊന്നും ഗവര്‍മ്മേണ്ട് ആപ്പീസ്സുകളിലും കോടതികളിലും സ്വീകരിച്ചുപോകരുത്' എന്നുള്ള 1843-ലെ 5-ാം ആക്ടു ഗവര്‍മ്മേണ്ടില്‍ നിന്നും പാസ്സാക്കുകയും അതിലെ സംഗതികള്‍ മലബാര്‍ ഒട്ടുക്കു പ്രസിദ്ധപ്പെടുത്തുകയും ചെയ്തു. 1852-ലും അവിടുന്നു 1855-ലും അടിമവ്യാപാരം പിന്നെയും പിന്നെയും നിലനിന്നു വരുന്നുണ്ടെന്നുള്ള സംഗതി ഗവര്‍മ്മേണ്ടിന്റെ ദൃഷ്ടിയില്‍ പെടുത്തി. എ

ന്നാൽ ചെറുമക്കൾക്കു സ്വാതന്ത്ര്യം നൽകുന്നതിലേക്കു ഏർപ്പാടുകൾ അപ്പോൾ ആവശ്യമായി കണ്ടില്ല. ഒടുവിൽ 1862-ൽ നടപ്പാക്കിയ ശിക്ഷാനിയമത്തിൽ അടിമവ്യാപാരത്തിന്നു നിയമിച്ചിരുന്ന ശിക്ഷകളെക്കൊണ്ടു മാത്രമേ ഈ വ്യാപാരത്തെ തീരെ നിൎത്തൽചെയ്വാൻ സാദ്ധ്യമായുള്ളു.

മലബാറിൽ നടന്നുവന്നിരുന്ന വിധം അടിമവ്യാപാരം കൊച്ചിയിലും വളരെക്കാലം മുമ്പു മുതൽക്കേ നടന്നുകൊണ്ടിരുന്നു. അടിമവ്യാപാരം നിൎത്തൽചെയ്വാനുള്ള വിളംബരത്തിന്റെ ഒരു പ്രതി അന്നത്തെ വലിയ തമ്പുരാൻ തിരുമനസ്സിലേക്കു ബ്രിട്ടീഷു ഗവൎമ്മെണ്ടിൽനിന്നും അയച്ചുകൊടുത്തു. അതു് ആ കൊല്ലത്തിൽത്തന്നെ ഇവിടെയും പ്രസിദ്ധപ്പെടുത്തുകയും, അടിമകളെ വ്യാപാരം ചെയ്യുന്നതും അവരെ ചില്ലറ കുറ്റങ്ങൾക്കും തെറ്റുകൾക്കും അക്രമമായി ശിക്ഷിക്കുന്നതും വലിയ കുറ്റമായി കല്പിക്കുകയും, കോടതിവിധിക്കും നികുതിനാക്കിക്കും അടിമകളെ വില്ക്കുന്ന സമ്പ്രദായം നിൎത്തൽ ചെയ്കയും, ഗവൎമ്മേണ്ടു ഭൂമികളിൽ പണിയുവന്നിരുന്ന പുലയൎക്കു സ്വാതന്ത്ര്യം നൽകുകയും ചെയ്തു.

സ്വാതന്ത്ര്യം ലഭിച്ചുവെങ്കിലും പുലയന്മാർ പല സ്ഥലങ്ങളിലും പണ്ടത്തെ

അടിമകളുടെ ഇപ്പോഴത്തെ സ്ഥിതി

സ്ഥിതിയിൽ തന്നെ വളരെക്കാലം ഇരുന്നിരുന്നതും ഇപ്പോഴും ഇരിക്കുന്നതുമാകുന്നു. അവൎക്കു കിട്ടിയ സ്വാതന്ത്ര്യത്തെ വേണ്ടുംവിധം ഉപയോഗപ്പെടുത്തുവാൻ അവരെക്കൊണ്ടു കഴിയുന്നില്ല. നിത്യവൃത്തിക്കു് അവരിന്നും മുതലാളന്മാരെ ആശ്രയിച്ചുതന്നെ വരുന്നു. നവീനസമ്പ്രദായത്തിലും അന്യമതത്തിങ്കലും മുതലാളന്മാൎക്കുള്ള വിരോധവും, അടിമജാതികളുടെ പ്രാഥമികസമ്പ്രദായങ്ങളുമാണു് അവരുടെ ഇടിച്ചിലിനും അവരെ അന്യസമ്പൎക്കത്തിൽനിന്നു വിരോധിക്കുവാനും കാരണമാക്കിത്തീൎത്തിരിക്കുന്നതു്. മേൽജാതിക്കാർ ഇവരെ ജീവിതസന്മാരെന്നു നിനച്ചും സാംക്രമികരോഗം പിടിപെട്ടവരെപ്പോലെ അകററിനിൎത്തിയും വരുന്നു. അവരുടെ സമുചസ്ഥിതി അവരിൽ ഭയവും വെറുപ്പും ഉണ്ടാക്കുന്നു. അവർ പട്ടണങ്ങൾ, ചന്തകൾ മുതലായവകൂടി അശുദ്ധമാക്കുന്നതായി വിചാരിച്ചും വരുന്നു. സ്വാതന്ത്ര്യം ലഭിക്കുന്നതിന്നു മുമ്പു് അവരുടെ സ്ഥിതി ഇപ്പോഴത്തേതിൽ തുലോം ഭേദമായിരുന്നു എന്നും, അക്കാലത്തു മുതലാളന്മാർ ഉണ്ണുവാനും കല്യാണം മുതലായ അടിയന്തരങ്ങൾക്കും വേണ്ടുംവിധം കൊടുത്തു രക്ഷിച്ചിരുന്നുവെന്നും, എന്നാലിപ്പോൾ ആ വക ചിലവുകളെല്ലാം തന്നത്താൻ നടത്തേണ്ടതായിവന്നിരിക്കുന്നുവെന്നും, അതിനാൽ അവൎക്കു് അന്നത്തെക്കാൾ സുഖമായിരുന്നുവെന്നും പുലയന്മാരുടെയിടയിലുള്ള ചില വൃദ്ധന്മാർ ഇപ്പോഴും പറഞ്ഞുവരുന്നുണ്ടു്. അടിമത്തം നിൎത്തൽ ചെയ്തിട്ടു വളരെക്കാലമായെങ്കിലും അടിമ എന്നൎത്ഥമായ 'വല്ലിയാൾ' (വല്ലി വാങ്ങുന്ന ആൾ) എന്നു ഇപ്പോഴും അവരെ വിളിച്ചുവരുന്നതാണു്.

(തുടരും)

കെ. പരമേശ്വരക്കുറുപ്പ്.

# ഒരെഴുത്ത് *

ഹിന്ദുക്കൾതന്നാശകളാകമാനം
ഹിന്ദുക്കളെത്തന്നെയണഞ്ഞിടുന്നു
ഹിന്ദുപ്രവീരാഗ്രണിറാണവിട്ടാൽ
ഹിന്ദുക്കളാരെശ്ശരണംഗമിക്കും?

ക്ഷത്രാഭിമാനത്തൊടുകൂടിരാജ-
പുത്രാന്വയംതീരെയധഃപതിച്ചു
കുത്രാപിതല്ലക്ഷ്മിയുമസ്തമിച്ചു,
സത്രാസമോമാനവുമന്തരിച്ചു.

മീവാരധാത്രീമടിയിൽപ്രതാപ-
ദ്രുവാംപ്രതാപൻസുതനില്ലയെങ്കിൽ
ചാവാതെചത്തിമ്മുകിലന്നുകീഴായ്
പോവാതെപോമോരാജപുത്രരെല്ലാം.

ശ്രീതാവുമസ്സദ്വിഭവാപണത്തിൽ
ക്രേതാവൊരാളക്രമിയക്ബറെല്ലാം
വിത്താമയംവാങ്ങി,യിനിക്കഴിച്ചോ-
ന്നേതാണതൊന്നുണ്ടുദയാഖ്യരത്നം

ഹാഹന്ത!ഗൂഢംരജപുത്രരക്തം
ദേഹത്തിലെല്ലാമൊഴുകുന്നനേരം
മോഹത്തിനാലിന്നവരോജ''പണ്യ–
ഗേഹത്തിലാർവിററിടുമാത്മധർമ്മം.

മാനത്തെയുംക്ഷത്രിയനൊത്തപൂജ്യ-
സ്ഥാനത്തെയുംവിററവരാണശേഷം
നൂനംചിതോരന്നയിരാംപ്രതാപൻ–
താനത്രപോവാൻനിനപ്പിപ്പതാമോ?

ഒന്നായ്നശിച്ചന്ന്ജനാട്ടുറാണ-
ക്കൊന്നാന്തരംതൽപ്പുരവുംമുടിഞ്ഞു.
എന്നാകിലുംധർമ്മയശോധനത്തെ-
യിന്നാമഹാൻമാനി ഭരിച്ചിടുന്നു.

നൈരാശ്യമോടന്നവരോജികലത്ര-
പേരാഗമിച്ചേററിട്ടുമാനഭംഗം
പേരാർന്നഹാമീർകുലജൻപ്രതാപ-
താരാധിപൻമാത്രമൊഴിഞ്ഞുനിന്നു.

---

* ഈ എഴുത്തു പൃഥ്വീരാജാവ് പ്രതാപസിംഹന് അയച്ചുകൊടുത്തതാണ്. മീവാർറാണായായ പ്രതാപസിംഹൻ വളരെക്കാലം അക്ബർ ചക്രവർത്തിയോടു യുദ്ധം ചെയ്തു. ഒടുവിൽ നിവൃത്തിയില്ലാതെ അദ്ദേഹം മൊഗൾചക്രവർത്തിക്കു കീഴടങ്ങാമെന്നു ഒരു എഴുത്തയച്ചു. ആ എഴുത്തു കിട്ടിയപ്പോൾ അക്ബർക്കുണ്ടായ സന്തോഷത്തിനു അതിരുണ്ടായില്ല. ചക്രവർത്തി ആ എഴുത്തു പൃഥ്വീരാജാവിനു കാണിച്ചു. ഇതു കണ്ടപ്പോൾ സ്വജാതിഭക്തനും മഹാനുമായ പൃഥ്വീരാജാവിനു അതിയായ മനോവേദനയുണ്ടായി. പ്രതാപനെക്കൊണ്ട് ഈ എഴുത്തു പിൻവലിപ്പിച്ചു രാജപുത്രന്മാരുടെ മാനം രക്ഷിക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി പൃഥ്വീരാജാവ് അദ്ദേഹത്തിന്റെ മാതൃഭാഷയിൽ സാരഗർഭവും തേജോമയവുമായ ഒരു ചെറിയ കവിതയുണ്ടാക്കി പ്രതാപനു അയച്ചുകൊടുത്തു. ആ പ്രസിദ്ധകവിതയുടെ ഒരു ഭാഷാന്തരമാണ് മേലെഴുതിയ പദ്യങ്ങൾ. ഇതിൽ പറഞ്ഞതുപോലെ അക്ബറുടെ കാലത്തു മാസംതോറും ൯-ാം തിയ്യതികളിൽ ഡില്ലി രാജധാനിയിൽ ഒരു ചന്ത കൂടിയിരുന്നു. ഇതിനു സാധാരണയായി 'നവരോജ' എന്നാണ് പേർ പറയപ്പെടുന്നതു. ഈ ചന്തയിൽ പുരുഷന്മാർക്കു പ്രവേശനമുണ്ടായിരുന്നില്ല. ഇതിൽ സാമാനങ്ങൾ വില്ക്കുന്നവരും വാങ്ങുന്നവരും കാഴ്ചക്കായി വരുന്നവരും സ്ത്രീകൾ മാത്രമായിരുന്നു. മാന്യകുലത്തിൽ ജനിച്ച അസംഖ്യം ഹിന്ദുയുവതികളും മുസൽമാന്യുവതികളും ഈ ചന്തയ്ക്കു വന്നിരുന്നു. ചക്രവർത്തിയുമായി സന്ധിചെയ്ത സകലസാമന്തരാജാക്കന്മാരും തങ്ങളുടെ കുലസ്ത്രീകളെ ഈ ചന്തയ്ക്കയച്ചിരുന്നു. അക്ബർ ഒരു സ്ത്രീയുടെ വേഷം ധരിച്ചു ഈ ചന്തയിൽ അങ്ങുമിങ്ങും ചുററിനടന്നു ഈ സുന്ദരീരത്നങ്ങളെ കണ്ടാനന്ദിക്കുക പതിവായിരുന്നു.

സൈന്യംസ്വധർമ്മസ്ഥിതിയിൽ പ്രതാപ-
നാരഞ്ഞുതാങ്ങെന്നുഴലുന്നലോകം
വീരന്നുതാന്തുരിയവാളുമെയ്യു-
മീരണ്ടുമേപിൻബലമുള്ളതാനാം.

ഏതാകിലും നമ്മുടെധർമ്മപണ്യ-
ക്രേതാവൊരുന്നാളുടിതൊറ്റിവീഴും
സ്ഥിതാശമന്നാളണയും പ്രതാപ-
ജേതാവിനെപ്പാർത്തുജനങ്ങളെല്ലാം.

ആരാലുതാസന്ന്യവിഹീനയാമ-
ശ്രീരാജപുത്രാവനിയിൽത്തദാനീം.
ധീരാഗ്ര്യരാകുംരജപുത്രർഭാഗ്യ-
സാരാഢ്യമാംവിത്തുവിതച്ചുമല്ലോ.

ആവിത്തുകാക്കുന്നതിനായ് പ്രതാപ-
നാവില്ലയെന്നായ്‌വരാത്തപക്ഷം
കേൾവിപ്പെട്ടും ക്ഷത്രിയപുത്രധർമ്മം
ജീവിക്കുമെന്നായ് കരുതുന്നു ഞങ്ങൾ.

കുറിപ്പാത്തു കേശവൻനായർ.

# ഇന്ത്യയിലെ
# വൈരക്കല്ലുകൾ.

നമ്മുടെ ഭാരതഭൂമി 'രത്നഗർഭ' എന്ന നാമധേയത്തെ വാസ്തവമായി അർഹിക്കുന്ന ഒരു ഭൂമിയാണല്ലോ. സ്വർണ്ണം, വെള്ളി മുതലായ വിലപിടിച്ച ലോഹങ്ങളും, വജ്രവൈഡൂര്യാദികളായ രത്നങ്ങളും ഈ ഭൂമിയുടെ അടിയിൽ വളരെ കിടക്കുന്നുണ്ട്. രത്നങ്ങളുടെ കൂട്ടത്തിൽ ഏററവും വിലയുള്ള ഒന്നായ വൈരക്കല്ല് സുലഭമായി കിട്ടിയിരുന്നതു ഇന്ത്യയിലാണ്. തെക്കെ ഇന്ത്യയിലെ ഗോദാവരി, കൃഷ്ണ ഈ പ്രദേശങ്ങൾ വൈരക്കല്ലിന്നു കേളികേട്ടവയാണ്. ഈജിപ്തിന്റെ ചരിത്രത്തിൽ എത്രയും പഴയ കാലത്തുതന്നെ ഇന്ത്യയിൽ വൈരവ്യാപാരം നടന്നിരുന്നുവെന്നു 'കാർൽ റിററർ' എന്ന ജർമ്മൻകാരൻ പറയുന്നു. 1728-ൽ 'ബ്രസിൽ' എന്ന ദിക്കിലെ വൈരഖനി പണിതുടങ്ങിയതിന്നുമുമ്പു ലോകത്തിൽ സകല ദിക്കിലേക്കും ആവശ്യമുള്ള വൈരക്കല്ലുകൾ പോയിരുന്നതു ഇന്ത്യയിൽ നിന്നായിരുന്നു. ഇന്ത്യക്കു തെക്കുകിഴക്കായിക്കിടക്കുന്ന 'ബോർണിയൊ' എന്ന ദ്വീപിൽ വൈരം വിളഞ്ഞിരുന്നുവെങ്കിലും, അതു അന്യദിക്കുകളിലേക്കു കയററി അയക്കാൻ മാത്രം ഉണ്ടായിരുന്നില്ല.

ഇന്ത്യയിൽ വൈരം വിളയുന്ന പ്രദേശങ്ങളെ മൂന്നുഭാഗമായിത്തിരിക്കാം — 1. പുരാണഭാഗം, 2. വിന്ധ്യഭാഗം, 3. ഹൈദരബാദ്. ഇതിൽ ആദ്യത്തേതിൽ കർണ്ണൂൽ- കടപ്പ മുതലായ സ്ഥലങ്ങളും, രണ്ടാമത്തേതിൽ ബണ്ടൽക്കണ്ടും ഉൾപ്പെടും. വിന്ധ്യപ്രദേശങ്ങളിൽ കാണുന്നതും തെക്കെ ആഫ്രിക്കയിലെ ചിലയിടങ്ങളിൽ കാണുന്നതും ആയ വൈരക്കല്ലുകൾ ഒന്നാണെന്നു 'ഗ്രിസ്ബാക്ക്' എന്ന വിദ്വാൻ പറയുന്നു. ഇങ്ങിനെ സംഭവിക്കുവാൻ വഴിയുണ്ട്. പണ്ടൊരുകാലത്ത് ഇന്ത്യ, ആഫ്രിക്കയിലെ ചില ഭാഗങ്ങൾ, തെക്കേ അമേരിക്ക, ആസ്ത്രേലിയ എന്നീ രാജ്യങ്ങൾ ഒന്നായിച്ചേർന്നു നടുവിൽ വെള്ളമില്ലാതെ 'ഗോണ്ട്വാനവൻകര' എന്ന

പോരോടെ കിടന്നിരുന്നു. പിന്നീടാണ് അത്‌ലാന്തിക്ക് സമുദ്രം നടുവിൽ വന്ന് ഈ വൻകരയെ വേർതിരിച്ചത്. അതു കൊണ്ടു ഗ്രിസ്ബാക്കിന്റെ അഭിപ്രായം സംഭവിക്കാൻ പാടില്ലാത്തതല്ല.

വൈരത്തിന്റെ ഉൽപത്തി കല്ലൂരിയിൽനിന്നാണത്രെ. മണ്ണിന്റെ അടിയിൽ താണുകിടക്കുന്ന കല്ലൂരിക്ക് അമർച്ച തട്ടുമ്പോൾ അതിൽനിന്നു പുറപ്പെടുന്ന ഒരു തരം സത്താണത്രെ വൈരം. 'ക്യാപ്ടൻ ന്യൂബോൾഡ്'' എന്നാൾ അടിയിൽ കല്ലൂരി ചൂടുപിടിക്കുമ്പോൾ അതിൽനിന്നാണു വൈരം ഉണ്ടാവുന്നതെന്നു പറയുന്നു. ഇന്ത്യയിലാകട്ടെ കല്ലൂരിയുള്ള ദിക്കുകളിൽ വൈരവും; വൈരമുള്ള സ്ഥലങ്ങളിൽ കല്ലൂരിയും നിയമേന കണ്ടുവരുന്നില്ല. 'ബുണ്ടിൽക്കണ്ട്' എന്ന ദിക്കിൽ കല്ലൂരിയില്ലെങ്കിലും വൈരം കാണുന്നുണ്ട്.

കടപ്പ, കർണ്ണൂൽ, ബെല്ലാരി എന്നീ സ്ഥലങ്ങളിൽ അതിപ്രാചീനകാലത്തുതന്നെ വൈരഖനികൾ ഉണ്ടായിരുന്നു. ഹൈദരബാദിൽ കൊല്ലൂർ, പസ്ഥപ്പള്ളി, ഝട്കർഗഞ്ച് എന്നിവിടങ്ങളിലും വൈരഖനികൾ സുലഭമായിരുന്നു. ഗോൽക്കണ്ട വൈരക്കല്ലുകൾക്കു പ്രസിദ്ധമായിത്തീർന്നതു വൈരം വിളയുന്നതുകൊണ്ടല്ല; വൈരക്കച്ചവടംകൊണ്ടാണു. എന്നാൽ ഗോൾക്കണ്ടയിൽ ദിവസേന കൊണ്ടുവന്നിരുന്ന വൈരക്കല്ലുകൾ ഏതെല്ലാം ഖനികളിൽനിന്നു കിട്ടിയിരുന്നവയാണെന്നറിവില്ല. പണ്ടുകാലങ്ങളിൽ ഏററവുമധികം പ്രസിദ്ധി നേടിയവ കൊല്ലൂർ ഖനികളായിരുന്നു. പണ്ടൊരിക്കൽ കൊല്ലൂരിൽ ഒരു കൃഷിക്കാരൻ പയർകൃഷിയിടുവാനായി നിലംകിളച്ചുമറിച്ചപ്പോൾ ഒരു വിശേഷപ്പെട്ട കുത്ത കല്ലു കണ്ടെത്തി. അതു 25 കാരററ് (Carut) തൂക്കമുണ്ടായിരുന്നു. അവൻ ആ കല്ലിന്റെ തത്ത്വം മനസ്സിലാകായ്കയാൽ ഗോൽക്കണ്ടയ്ക്കു കൊണ്ടുപോയി നോക്കിച്ചപ്പോൾ ആ കുത്ത കല്ല് ഒരൊന്നാന്തരം വൈരക്കല്ലായിരുന്നു. ഈ സംഭവത്തിനുശേഷം കൊല്ലൂരിന്റെ പേർ ഉയർന്നു. ഈ സംഭവം കഴിഞ്ഞു ഒരു നൂറു കൊല്ലത്തിനു ശേഷമാണ് 'ടെവർണിയർ' എന്നാൾ ഇന്ത്യയിൽ വന്നത്. അയാൾ കൊല്ലൂരിലെ വൈരഖനി പരിശോധിച്ചപ്പോൾ അവിടെ അറുപതിനായിരം (60000) ആളുകൾ പണിചെയ്തിരുന്നുവത്രെ!

കൊല്ലൂർ ഖനിയിൽനിന്നു കിട്ടിയ വൈരക്കല്ലുകളിൽവെച്ചു ഏററവും വലുപ്പമുള്ളതും പ്രാധാന്യമേറിയതും ചരിത്രപ്രസിദ്ധവുമായ കല്ല് 'മീർജമ്ല' എന്നാൾ ഔറംഗസീബിനു കാഴ്ചവെച്ച ഒരു കല്ലായിരുന്നു. ഇതു 700 കാരററ് തൂക്കമുണ്ട്. ഇതാണു പ്രസിദ്ധമായ 'കോഹിനൂർ' രത്നമെന്നു 'ബാൾ' എന്ന മഹാൻ പറയുന്നു. നമ്മുടെ ചക്രവർത്തിയുടേയും ചക്രവർത്തിനിയുടെയും കിരീടത്തിൽ കയറി ശോഭിക്കുവാൻ തക്ക സൌഭാഗ്യം സിദ്ധിച്ച സാക്ഷാൽ കോഹിനൂർ രത്നം 5000 വർഷങ്ങൾക്കു മുമ്പു അംഗരാജ്യം വാണിരുന്ന ആളും മഹാഭാരതപ്രസിദ്ധനുമായ കർണ്ണന്റെയും, പിന്നീടു, ക്രിസ്ത്വാബ്ദാരംഭത്തിനു 56 കൊല്ലം മുമ്പു ഉജ്ജയിനിയിൽ വാണിരുന്ന വിക്രമാദിത്യന്റെയും അധീനത്തിലിരുന്നിരുന്നതാണെന്നു ഒരൈതിഹ്യമുണ്ടു. ഇതു വിശ്വസിക്കത്തക്ക തെളിവുകൾ കിട്ടീട്ടില്ല.

പുരാതനകാലത്തു പന്നാ എന്ന പ്രദേശവും അതിന്നു ചുററുമുള്ള ബണ്ടിൽക്കണ്ടും മനുഷ്യഗതാഗതത്തിന്നു തീരെ നിവൃത്തിയില്ലാതെ വന്യമൃഗങ്ങൾ മാത്രം സഞ്ചരിച്ചുകൊണ്ടിരുന്ന ഒരു മഹാരണ്യമായിരുന്നപ്പോൾ അവിടങ്ങളിൽ വൈരക്കല്ലുകൾ സാധാരണ ചെറുകല്ലുകളെപോലെ നിലത്ത് അനവധി കിടന്നിരുന്നു. അവിടങ്ങളിൽ താമസിച്ചിരുന്ന ഗൊണ്ട്സ് (Gonds) എന്നൊരുതരം കാടന്മാരല്ലാതെ ആ പ്രദേശങ്ങളിൽ മററാരും പോയിരുന്നില്ല. ഈ കാടുകളിൽ കണക്കില്ലാതെ കിടന്നിരുന്ന അമൂല്യം വെള്ളക്കല്ലുകൾ ചെത്തി വെട്ടപ്പു വരുത്തിയാൽ എത്രയോ വിലപിടിച്ച വൈരമാവുമെന്നു അവരാരുംതന്നെ കരുതിയിരുന്നില്ല. ഇക്കാലത്ത് ആ ദിക്കിൽക്കൂടെ സഞ്ചരിപ്പാൻ സംഗതി വന്ന പ്രാണനാഥ് എന്നു പേരായ ഒരു ഗുജറാത്തിവ്യാപാരിയാണ് ആദ്യമായി ഇവ വൈരക്കല്ലുകളാണെന്നറിഞ്ഞത്. ഈ രസികൻ ഇതിന്നുശേഷം ഇടയ്ക്കിടക്കു ഒരു വൈരാഗിയുടെ വേഷം കെട്ടി കയ്യിൽ ഒരു പൊള്ള മുളവടിയുമായി ആ പ്രദേശത്തു പോയി ആ വടിയിൽ വൈരക്കല്ലുകൾ നിറച്ചുകൊണ്ടു വരിക പതിവായി. ഇപ്രകാരം കുറെക്കാലം കള്ളക്കച്ചവടം ചെയ്തു വലിയ ഒരു ധനികനായ ശേഷം ശാശ്വതമായ ഒരു പേർ തനിക്കു ലഭിക്കേണമെന്നുവെച്ച് ആയാൾ ഒരു വിദ്യ പ്രയോഗിച്ചു. ഒരു സന്യാസിവേഷം ധരിച്ചു കയ്യിൽ കുറെ വൈരക്കല്ലുകളുമെടുത്തു പന്നാ രാജാവിനെ സന്ദർശിപ്പാൻ പോയി. തന്റെ ഓരോ സൂത്രങ്ങളാലും മററും രാജാവിന്നും പ്രജകൾക്കും ഇയ്യാളിൽ വലിയ വിശ്വാസം തോന്നി. ഒടുവിൽ അവർ എല്ലാം ഇദ്ദേഹത്തെ ഒരു യതീശ്വരനായി പൂജിച്ചു വന്നു. കുറച്ചുകാലം ഇപ്രകാരം രാജധാനിയിൽ സുഖമായി താമസിച്ചതിന്നു ശേഷം തനിക്കു രാജാവിനോടും നാട്ടുകാരോടുമുള്ള നിർവ്യാജസ്നേഹത്തേയും തൃപ്തിയേയും പ്രദർശിപ്പിപ്പാനായി താൻ അവൎക്ക് ഒരു വരം കൊടുപ്പാൻ ഭാവമുണ്ടെന്നു രാജാവിനെ ഉണർത്തിച്ചു. വലിയ ഒരു ഡർബാർ കൂട്ടുകയും, അവിടെവെച്ചു പ്രാണനാഥ് തന്റെ ധ്യാനശക്തികൊണ്ടു പന്നാവനത്തിലെ ചെറുകൽ മുഴുവനും വൈരമായിട്ടുണ്ടെന്നും മേലാൽ അവ രാജസ്വത്താണെന്നും പറകയും ചെയ്തു താൻ സൂക്ഷിച്ചിരുന്ന വൈരം കുറെ അവിടെ വെച്ചു തന്നെ രാജാവിന്നു സമ്മാനമായി കൊടുത്തു. അന്നുമുതൽ പ്രാണനാഥ് വലിയ മുനിവരനായി. അദ്ദേഹത്തിന്റെ മരണശേഷം ഓൎമ്മക്കായി ഒരു അമ്പലം പണിയിച്ചു. അതിൽ ഇന്നും അദ്ദേഹത്തെ പൂജിക്കയും ചെയ്തുവരുന്നു. ഇതാണ് പന്നായിലെ പ്രാണനാഥ് ക്ഷേത്രം. ഈ വരത്തിന്നു ശേഷം പന്നായിലെ മുതലെടുപ്പിൽ മുക്കാൽഭാഗവും വൈരവ്യാപാരത്തിൽ നിന്നാണ്. അക്ബരുടെ കാലത്തു വർഷംപ്രതി ഈ വ്യാപാരത്തിൽ നിന്നു ൮ ലക്ഷം ക. ആദായമുണ്ടായിരുന്നുവത്രെ. 1750ൽ ഛത്രസൽ രാജാവിന്റെ വാഴ്ചക്കാലത്തു ൪ ലക്ഷം ക. ലാഭമുണ്ടായി. എങ്കിലും പന്നായിൽ നിന്നു വലുപ്പത്തിലുള്ള വൈരങ്ങൾ കിട്ടിയതായി അറിവില്ല. പന്നാമഹാരാജാവിന്റെ പക്കൽ പല ജാതിയിലും വലുപ്പത്തിലും ഉള്ള അനവധി വൈരങ്ങൾ ഇപ്പോഴുമുണ്ട്.

മദിരാശി സംസ്ഥാനത്തിലേയും ഹൈദരബാദിലേയും ഖനികൾ ഇപ്പോൾ പണിയുന്നില്ലെങ്കിലും ഒരുകാലത്ത് അവ വിശ്രുതമായിട്ടുള്ളവയായിരുന്നുവെന്നതിന്നു സംശയമില്ല. ഇപ്പോഴും അവ തീരെ നശിച്ചുപോയി എന്നു പറഞ്ഞുകൂട. അവയുടെ ആധുനികാവസ്ഥയെപ്പററി വേണ്ട മാതിരി പരിശോധന ഇനിയും ചെയ്തിട്ടില്ല.

കുമാരദാസ്സ്.

---

# പ്രത്യക്ഷപരിണാമം.*

## II

പരിഷ്കാരം എന്നാൽ പരിണാമം എന്ന അൎത്ഥത്തിൽ ബാഹ്യപരിഷ്കാരങ്ങളെപ്പററിയുള്ള നമ്മുടെ ചില പ്രത്യക്ഷാനുഭവങ്ങളെ കഴിഞ്ഞ ലക്കത്തിൽ വിശദമാക്കിയല്ലോ. പുരുഷന്മാരെ എന്നപോലെ സ്ത്രീകളെയും ഈ പരിണാമം ബാധിക്കാതിരുന്നിട്ടില്ല. ബാഹ്യമായി സ്ഥൂലശരീരത്തെ സംബന്ധിച്ചേടത്തോളം സ്വാതന്ത്ര്യേച്ഛകൊണ്ടോ അല്ലെങ്കിൽ മററു ചില ചിത്തവൃത്തികളുടെ ചാപല്യം കൊണ്ടോ വലുതായ മാററങ്ങൾ ഉണ്ടായിട്ടുണ്ടു. അത്യാവശ്യവും, അനാവശ്യവും കഴിഞ്ഞു് ആഡംബരത്തിൽ എത്തിച്ചേൎന്നിട്ടുള്ള പരിഷ്കാരം നമ്മുടെ ധനസ്ഥിതിക്കു എത്രത്തോളം അനുകൂലിച്ചതാണെന്നു ധനശാസ്ത്രപാരംഗതന്മാരായ വിദ്വാന്മാർ തീൎച്ചപ്പെടുത്തിക്കൊള്ളട്ടെ. നമ്മുടെ രാജ്യത്തുള്ള ശീതോഷ്ണസ്ഥിതിക്കനുസരിച്ചുള്ള വസ്ത്രാഭരണങ്ങൾ ഏതാണെന്നു ഇപ്പറഞ്ഞ പരിഷ്കാരസൂൎയ്യന്റെ ഉദയത്തിന്നു മുമ്പും ശേഷവും ജീവിച്ചിരിക്കുന്നവരുടെ അനുഭവംകൊണ്ടു ബോധ്യപ്പെട്ടിട്ടുണ്ടാവണം. ഈ സംഗതിയിൽ വടക്കെ ഇന്ത്യയിൽ ഇതിനിടെ നടന്ന ഒരു സംഭവം പ്രത്യേകം പ്രസ്താവയോഗ്യമാണ്.

ശ്രുതിപ്പെട്ട ശ്രീമാൻ ഗാന്ധി ഒരു ബാരിസ്റ്ററാണ്. ഇദ്ദേഹം യൂറോപ്പുരാജ്യങ്ങളിലും യൂറോപ്യന്മാരുടെ ഇടയിലും ദേശാവസ്ഥക്കനുസരിച്ചുള്ള വസ്ത്രാഭരണങ്ങൾ ധരിച്ചു അധികം കാലം കഴിച്ചുകൂട്ടിയ ഒരാളാണ്. നാലഞ്ചുകൊല്ലമായി ഇന്ത്യയിലാണു ഇദ്ദേഹം പാൎത്തുവരുന്നതു്. ഇന്ത്യയിൽ വന്ന മുതൽ ഇന്ത്യക്കാരുടെ മുണ്ടും രണ്ടാംമുണ്ടും മാത്രമാണ് ഇദ്ദേഹം ധരിച്ചുവരുന്നതു്. ഗാന്ധിയുടെ ഈ സമ്പ്രദായത്തെപ്പററി പരിഹസിച്ചുകൊണ്ടു ഒരു സായ്പ് എഴുതിയതിന്നു ഗാന്ധി കൊടുത്ത മറുവടി യഥാൎത്ഥഭാരതീയരായ നാം മനസ്സിരുത്തി പഠിക്കേണ്ടതാണു. ഇംഗ്ലാണ്ടിൽ മുലകുടിമാറിയ കുട്ടിയെ ഒക്കത്തെടുത്തു മദ്യഷാപ്പിലെച്ചെന്നു മദ്യം വാങ്ങി വായിൽ ഒഴിച്ചുകൊടുക്കുന്ന മാതാക്കന്മാരെ ധാരാളം കാണാം. ഒരു സ്ത്രീ മദ്യഷാപ്പിൽ



* Illustrated by Mr P. J. Cherian.

പോകരുതെ? നമ്മുടെ കഥയെന്താണു! അവിടെ എല്ലാ കാലവും തണുപ്പാണ്. ശരീരത്തിന്നു ചൂടുകൊടുക്കത്തക്കവണ്ണമുള്ള ശക്തിയുള്ള മദ്യവും, അവക്ക് ആവശ്യമാണത്രെ. പോരെങ്കിൽ ഗുരുത്വമുള്ള മത്സ്യമാംസാദിഭക്ഷണസാധനങ്ങൾ ഉപയോഗിക്കുന്നവരായതുകൊണ്ടു ദഹനശക്തി കൊടുക്കുന്ന മദ്യം അത്യന്താപേക്ഷിതവുമാണുപോൽ. ഇതിന്നുപുറമെ ഉള്ളിൽ ചൂടുപിടിക്കുവാൻ പുകവലിയും അത്യാവശ്യമാണ്. ചൂടുള്ള ഫ്ലാനൽകൊണ്ടുണ്ടാക്കിയ കുപ്പായങ്ങൾ ഒന്നിന്മീതെ ഒന്നായി അനവധി വേണംതാനും. നഖശിഖാന്തം എപ്പോഴും മൂടിയിരിക്കുകയും വേണം. ഈ പ്രകാരമുള്ള ഒരു രാജ്യത്തു വളരുന്നവരെപ്പോലെ ഉഷ്ണമേഖലയിൽ വസിക്കുന്ന ഇന്ത്യക്കാർ തുടങ്ങിയാൽ എന്താണുകഥ! ഇവിടങ്ങളിൽ ഉഷ്ണകാലത്തു ഉടുത്ത മുണ്ടും കൂടെ അഴിച്ചിട്ടു നിലത്തു കിടന്നുരുളുന്നവർ എത്രയുണ്ട്! ഇതിനെയാണെങ്കിൽ ഇന്ത്യയിൽ നിവസിക്കുന്ന യൂറോപ്യന്മാർ എന്തുകൊണ്ടു അവരുടെ വസ്ത്രധാരണങ്ങളിൽ മാററം വരുത്തുന്നില്ല? എന്നാണെങ്കിൽ അതിന്നു കല്ക്കത്തയിൽനിന്നു പ്രസിദ്ധപ്പെടുത്തുന്ന അമൃതബസാർ പത്രിക തക്കതായ ഒരു സമാധാനം കണ്ടുപിടിച്ചിരിക്കുന്നു. അതാതെന്ത് തങ്ങളുടെ ദേഹം ഇന്ത്യക്കാർ കണ്ടാൽ ഈ വേഷസ്ഥിതിയിൽ യൂറോപ്യന്മാരും ഇന്ത്യക്കാരും ഒരുപോലെയുള്ള അവയവങ്ങളോടുകൂടിയവരാണെന്നു ഇന്ത്യക്കാർ ധരിച്ചുവെങ്കിലോ എന്ന വിചാരംകൊണ്ടു മാത്രമാണത്രെ യൂറോപ്യന്മാർ ഇന്ത്യയിൽ വന്നു ചൂടുസഹിച്ചും ഇത്രയൊക്കെ ഭാരങ്ങൾ ശരീരത്തിൽ വഹിച്ചുംകൊണ്ടു നടക്കുന്നത്. പോരെങ്കിൽ ഈ ഉഷ്ണമേഖലയിൽ വന്നു താമസിക്കുന്നുവെന്ന കാരണത്താൽ യൂറോപ്യന്മാർക്കു ശമ്പളവും കൂടുതൽ കിട്ടുന്നുണ്ട്. കൊല്ലത്തിൽ അത്യുഷ്ണകാലം ഉൗട്ടകമെണ്ട് മുതലായ മലകളിൽ തണുപ്പുള്ള ദിക്കിൽ ചെന്നു പാർക്കുവാൻ സൎക്കാർ പ്രത്യേകം അലവൻസും ഉണ്ട്. 'കട്ടിലുകണ്ടു പനിച്ചാൽ കന്നക്കല്ല കിട്ടുമെന്നാകിലേ മോഹം ജനിക്കാവൂ' എന്നു പറഞ്ഞ പ്രകാരം ഇന്ത്യക്കാർ യൂറോപ്യന്മാരെ കണ്ടു മോഹിച്ചിട്ടു ഫലമില്ല.

ബാഹ്യപരിഷ്കാരമൊ അതങ്ങിനെയിരിക്കട്ടെ. ആന്തരമായ വല്ല പരിഷ്കാരവും ഈ പരിണാമത്തിൽ നമുക്കുണ്ടായിട്ടുണ്ടോ എന്നു നോക്കുകതന്നെ. സ്ത്രീത്വം എന്ന സ്വഭാവത്തിൽ ലജ്ജക്കു മുഖ്യമായ ഒരു സ്ഥാനം കൊടുക്കാതെ തരമില്ല. ഒരു സ്ത്രീക്കു ലജ്ജയില്ലെങ്കിൽ മറെറന്തു സൌന്ദര്യമുണ്ടായിട്ടും ഫലമില്ലെന്നാണു യോഗ്യന്മാരായ ചിലരുടെ അഭിപ്രായം. നമ്മുടെ പരിണാമത്തിന്റെ ഒരു ഫലം സ്ത്രീകളിൽ ലജ്ജയെന്ന ചിത്തവൃത്തി നശിപ്പിച്ചുവരു




ന്നതാണ്. യൌവനയുക്തയായ ഒരു സ്ത്രീ പുരുഷന്മാർ നിറഞ്ഞിരിക്കുന്ന ഒരു സദസ്സിൽ നേരേതായി പ്രവേശിക്കുന്നതു വിവാഹാവസരത്തിലാണ്. അഗ്നിസാക്ഷിയായി പുരുഷന്മാരുടെ ബന്ധുജനങ്ങളുടെ മദ്ധ്യത്തിൽവെച്ചു ലജ്ജയാൽ രണ്ടാംമുണ്ടുകൊണ്ടു മുഖത്തുള്ള സ്വേദത്തെ മാച്ചു ശാസ്ത്രോക്തപ്രകാരമുള്ള കർമ്മങ്ങൾ ചെയ്യുന്ന വധു



വും, നാടകരംഗത്തിൽ പ്രവേശിക്കുമ്പോലെ നിർല്ലജ്ജയായി പുരുഷന്മാരുടെ സദസ്സിൽ പ്രവേശിച്ചു വരനെ 'ഷേയ്ക്ക്ഹാണ്ട്' ചെയ്തു മോതിരം മാറി സഭ്യന്മാരുടെ ഹസ്തതാഡനമെഴ്യ 'എനിക്കൊരു ലജ്ജയുമില്ല. എന്റെ ഇതിൽ ഇല്ലയുള്ളത്. ഭർത്താവിന്റെ കയ്യും പിടിച്ചു നാളെ തെരുവീഥികളിൽ കൂടെ ലാത്താൻ പോകുന്ന എനിക്കെന്താ ഇന്നു പ്രത്യേകമായ ഒരു വികാരത്തിന്റെ ആവശ്യം' എന്നു നടിക്കുന്ന സ്ത്രീയും തമ്മിൽ എന്താണു വ്യത്യാസം. പരിണാമം ആഡംബരങ്ങളെ മാത്രമല്ല മനോവികാരങ്ങളേയും ബാധിക്കുന്നുണ്ടെന്നു ഇവ വക ദാമ്പത്യജീവിതത്തിലുള്ള സംഭവങ്ങൾ തന്നെ ദൃഷ്ടാന്തമായി വളരെ കാണിപ്പാനുണ്ടാകും.

എം. ആർ. കെ. സി.



ലണ്ടൻപട്ടണത്തിലെ തെരുവീഥികളിൽ കൂടി രാത്രിസമയം യൂറോപ്യന്മാരുടെ ഉടുപ്പുംധരിച്ചു നടക്കുന്ന ഒരു ഇന്ത്യക്കാരന്റെ വേഷമാണു ഈ കാണുന്നതു്. കറുത്ത മനുഷ്യന്മാരെ പരിഹസിച്ചു ലണ്ടൻ പട്ടണത്തിലെ ഒരു മാസിക പ്രസിദ്ധപ്പെടുത്തിയ ചിത്രമാണ് ഇത്.

# ഞങ്ങളുടെ വായനശാല

൫. ലോകമഹായുദ്ധം, രണ്ടാംഭാഗം:— (കുന്നത്തു ജനാർദ്ദനമേനോൻ എഴുതിയതു്; ഭാരതമിത്രം പ്രസ്സ്, കൊച്ചി; വില ൧ക.)

ഈ പുസ്തകത്തിന്റെ ഒന്നാംഭാഗത്തെ ഞങ്ങൾ നിരൂപണം ചെയ്തിട്ടുള്ളതുകൊണ്ടു ഇതിന്റെ സ്വരൂപത്തെപ്പറ്റി അധികം വിസ്തരിക്കേണ്ട ആവശ്യമില്ല. സൈന്യനിർമ്മാണം, സൈന്യവിഭാഗം, യുദ്ധക്രമം, യുദ്ധതന്ത്രം മുതലായവയുടെ വിവരണമാണ് ഈ രണ്ടാംഭാഗത്തിലെ വിഷയം. ഇതിന്റെ ഒന്നാംഭാഗത്തിൽ പുതിയ ആശയങ്ങളില്ലെന്നു ഞങ്ങൾ പറഞ്ഞതു ഗ്രന്ഥകർത്താവു സമ്മതിച്ചിരിക്കുന്നു; പക്ഷെ പുതിയ ആശയങ്ങൾ വേണ്ടെന്നാണ് അദ്ദേഹത്തിന്റെ പക്ഷം. അതിനെപ്പറ്റി 'ഭിന്നരുചിർഹി ലോകഃ' എന്നേ പറയാനുള്ളു. അക്ഷരാഭ്യാസം മാത്രമുള്ള മലയാളികളെ സഹായിക്കാനാണ് ഗ്രന്ഥകർത്താവ് ഈ ഗ്രന്ഥം എഴുതിട്ടുള്ളതെന്നു കാണുന്നു. അതിനു യോജിക്കത്തക്കവിധം തന്നെ ഇതിലെ ഭാഷ അനേകഭാഗങ്ങളിൽ ലളിതമായിക്കാണുന്നുമുണ്ടു. പക്ഷെ തമിഴ്‌രീതിയിലുള്ള ചില പദങ്ങളും പ്രയോഗങ്ങളും ദുർല്ലഭം ചില വലിയ സംസ്കൃതവാക്കുകളും ഇതിൽ കൂടാതെ കഴിക്കാമായിരുന്നു. അതിനാൽ എന്നർത്ഥത്തിൽ 'എന്നതിനാൽ' എന്നുള്ള പ്രയോഗം ഇതിൽ അനവധിയുണ്ടു്. ഇതു ഓരോ വാക്യങ്ങളിൽ ചേരുമ്പോൾ വളരെ അഭംഗിയായിട്ടാണ് കാണുന്നതു്. ഉദാഹരണം വേണ്ടവർ ഇതിലെ ഏടുകൾ മറിച്ചു നോക്കിയാൽ പല ഏടുകളിലും കാണാം. ആകപ്പാടെ ഭാഷയ്ക്കു ഒരു പ്രസാദം പോരാ; തർജ്ജമയുടെ ഛായയാണ് തോന്നുന്നതു്. അച്ചടിത്തെറ്റുകളാണെങ്കിൽ വരിക്കുവരിക്കു കാണുന്നുണ്ടു. വളരെ വേഗം എഴുതി രണ്ടാമതൊരിക്കൽ വായിക്കാതെ പ്രസ്സിലേക്കയച്ചതുകൊണ്ടാണ് ഇങ്ങിനെ വന്നതെന്നു ഒരു സമാധാനം പറഞ്ഞുകാണുന്നു. പക്ഷെ ഇത്രയൊക്കെ ധൃതികൂട്ടുവാൻ നിർബ്ബന്ധിച്ചതാരാണെന്നറിയുന്നില്ല. ഈ പുസ്തകത്തിൽ ചില പടങ്ങൾ ചേർക്കുവാനായി കുറെയേറെ താമസിച്ചുവെങ്കിലും ഒടുവിൽ അതിനു സാധിക്കാതെ പോയെന്നു കാണുന്നതിൽ വ്യസനിക്കുന്നു. എന്നാൽ സാധിക്കാതെ പോയ ആ കാര്യത്തിനായി താമസിച്ചിരുന്ന സമയത്തെ പ്രസ്സിലേക്കയക്കുന്ന വിഷയങ്ങൾ ഒന്നുകൂടി വായിച്ചു ശരിപ്പെടുത്തുവാനും പ്രൂഫുകൾ പരിശോധിക്കുവാനുമായി ഗ്രന്ഥകർത്താവ് വിനിയോഗിച്ചിരുന്നുവെങ്കിൽ വളരെ ഉചിതമായിരുന്നേനെ. ഇല്ലാത്തതുണ്ടാക്കുവാനല്ലാ ഉള്ളതു നന്നാക്കുവാനാണ് ഒന്നാമതായി ശ്രമിക്കേണ്ടതു്. എന്തായാലും ജനാർദ്ദനമേനോനവർകളുടെ ഉദ്യമത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു.

ശേഷം പുസ്തകങ്ങളുടെ അഭിപ്രായങ്ങൾ വഴിയെ പ്രസിദ്ധപ്പെടുത്തുന്നതാണ്.

# ശബ്ദാലങ്കാരം.

## അക്ഷരയമകം.

അക്ഷരയമകത്തെയും ആദിമദ്ധ്യാന്ത
ങ്ങളിൽ ഉദാഹരിക്കുന്നു.

പാപാഗ്നിയിൽപ്പെട്ടുകഷ്ടം
വേവേണ്ടുന്നിലയായിമേ
മാമാശു കാക്കവാനുള്ളോ-
രാരാണീശൗരിയെന്നിയേ. 34

എന്തിനോനോങ്ങഴങ്ങുന്ന-
തില്ലയോയോഗവിദ്യകൾ
മാനസേസേവചെയ്തോർത്താൽ-
കാണാമാമായതൻപദം. 35

സുകൃതംനേടണംമേൽമേൽ-
സ്സുഖത്തിനെന്നുതാനിനി
മടിവിട്ടെന്നുമോരോരോ
ശ്രമമത്രേതരംമമ. 36

പലതരമക്ഷരയമക-
ത്തിലെനിലഭേദങ്ങൾവിവിധബന്ധങ്ങൾ
ഖണ്ഡംവരച്ചുവേണ്ടും-
വർണ്ണംവർണ്ണംന്യസിച്ചിലിവയഴകാം. 37

### ഗോമൂത്രികാബന്ധം.

വരിരണ്ടായ്ഖണ്ഡമിട്ട
ശരിക്കെഴുതിവെക്കുകിൽ
മാറിമാറിച്ചൊല്ലിവരാം
പാരിൽഗ്ഗോമൂത്രികാക്രമം. 38

എല്ലാവർക്കുംമഹാമായ-
മല്ലോമാരണമെന്നുമേ
എല്ലാന്തിക്കുംമഹാമായ-
യല്ലോശരണമെന്നുമേ. * 39

ഈ ശ്ലോകം ഓരോ പാദങ്ങളിടവി
ട്ടുള്ള അന്ത്യപദയമകത്തിങ്കൽ ഉദാഹ
രിച്ചിട്ടുണ്ടെങ്കിലും അർത്ഥാപേക്ഷ കൂടാതെ
അക്ഷരയമകവർഗ്ഗത്തിലേക്കും പ്രവേശിക്കു
ന്നതാകുന്നു.

### പത്മബന്ധം (അല്ലെങ്കിൽ ഗോമൂത്രിക)

പതിനാറിതളാംപത്മ-
മതിൻദളനടുക്കളിൽ
പതിപ്പുപത്മബന്ധത്തെ-
യിതിഗ്ഗോമൂത്രികക്കുമാം. 40

ഗൗരിയാരിൽച്ചിരിപ്പോരി-
ച്ചിരിചാരിയൊരിത്തിരി
താരിൽനാരിക്കുരിയൊരി-
സൈരിപാരിലിരിപ്പരി. * 41

### ഷൾക്കോണചക്രബന്ധം.

ചേർപ്പുഷൾക്കോണചക്രത്തി-
ന്നേപ്പുതൊട്ടാത്രികോണകേ
അപ്പുറപ്പാടിലേച്ചാറി
ത്തിപ്പുമറ്റേത്രികോണവും. 42

മേന്മേൽനമിക്കുവൻമോഹേ
വേണ്ടുംവിജ്ഞാനദീപമേ!
മേനസ്സാനന്ദവൻവിത്തേ!
ഹേദേവിത്തുണനൾകമേ. * 63

* ബന്ധചിത്രങ്ങൾ ഇതു പ്രത്യേകപുസ്തകമാക്കുമ്പോൾ ചേർക്കുന്നതാണ്.

പുഷ്പബന്ധം (അല്ലെങ്കിൽ മറൊരുതരം
മാതിരി ഷൾക്കോണചക്രം.)

വിടർന്നനില്ലും പുഷ്പത്തിൻ
നടുതൊട്ടിതൾക്കണ്ടതിൽ
പെടുത്തിപ്പോരണമിതു
പെടും ഷൾക്കോണചക്രകേ. 44

മഹാമായസമസ്താധീശകളുമങ്ങുകളഞ്ഞുമ
മനസ്സുഖമമന്ദന്തന്നിടമണ്ഡയമ്മമ. * 45

രഥചക്രബന്ധം.

ആറോളമൊത്തഴിയെഴും രഥചക്രബന്ധേ
നേരോടുചിട്ടഴികൾതോറുമുടൻ നടത്തി
മാറാതെചുറ്റുമൊരുയാത്രയിൽവിട്ടിടേ-
(ണം
പേരായതിന്നഴിവഴിക്കൊഴിയാതെചേ-
(ക്കാം. 46

താഴെ ഉദാഹരിക്കുന്ന രഥചക്രബന്ധത്തിൽ 'കുഞ്ഞിക്കുട്ടനെന്നു', 'രാമവർമ്മരാജാ' എന്ന കവിനാമം അഴികളുടെ മൂന്നും ആറും അക്ഷരങ്ങളെക്കൊണ്ടു കാണിച്ചിരിക്കുന്നു.

നന്നാകുമ്പടിരാജമാന്നകവിതാ-
നമ്മപ്പകിട്ടങ്ങളി-
ല്പിപ്പോളെന്നയിരാജചൂഡകമനി!
പ്രേമത്തെഞ്ചാരിഞ്ഞിട്ടുടൻ
നിത്യന്നല്ലൊരുജാത്യമുള്ളകരുണാ-
ഭാവങ്ങളക്കംക്രമേ
മേന്മേലാദിരസപ്പിറപ്പിനിമനം-
നന്ദിച്ചുടൻനൽകമേ. * 47

രഥബന്ധം.

രണ്ടുനാലാറെട്ടുവീണ്ടു
മാറുനാൽരണ്ടുഖണ്ഡമാം
രഥബന്ധംമേൽനടത്താം
പാദോദ്ധാരംനടക്കിതിൽ. 48

മനോവൃത്തിയെരുക്കേണം
സ്നേഹാദികൾജയിക്കയാൽ
അതിൽമാത്രംഗുണംകിട്ടും
തോല്ക്കിലപ്പായേതുദിക്കിലും. * 4

ഇതിൽ 'മഹാമായേതുണസ്കണം'എന്നു രഥമദ്ധ്യരേഖകൊണ്ടൊരു പാദം കിട്ടുന്നു.

സർപ്പബന്ധം.

ചുറ്റിപ്പിണഞ്ഞുകാണുന്ന
ക്രൂരൻസർപ്പപ്പുറത്തിഹ
പടംമുതൽക്കവാലോളം
നടത്താമക്ഷരങ്ങളെ. 5

നിത്യംപ്രേമമ്പുലത്തുംകണവനുടയുടൽ-
പ്പാതിയാമദ്രികന്യേ!
നിന്നെയ്നന്ത്യാനിദാനംമമമതിഗതിയേ-
കുന്നകല്യാണരീതി
തേടുമ്മാർകണ്ടമന്ദംനവകലകളെയി-
ച്ച്യാനമൂലമ്പകക്കം
വയ്പ്രാണസ്ഥേമമോടുന്നടവിടവെനിക്ക
മട്ടുനിസ്സായിസത്യം. 5

അർത്ഥം: നിജംമട്ടുനിസ്സായി=സാ(
പ്യംകിട്ടി. പ്രാണസ്ഥേമം പ്രാണായാമ
ന്നാശയം.

മുക്താഹാരബന്ധം.

മുക്താഹാരത്തിലധ്യഞ്ചോ-
ട്ടോത്തന്നും പന്തിരണ്ടിലും
നടുക്കെല്ലാംമൂന്നുമായ്
നടത്താമക്ഷരങ്ങളെ. 5

താനേതാനേറനേകാധികസകലകലാ
രീതിജാതിസ്കുതിങ്ങും (തി(
താനോഞാനോവിനോദപ്പടിവടിവൊടു
പ്പേരുപേരന്നൊരുത്തൻ

സ്ഥാനാന്തനംമനംചെത്തിലതിധ്യതിമാ
നായിതായിന്നിയിപ്പോൾ
മാനിഷ്യാനിഷ്ടനിത്ഥംചിരമെരതെരയും
ദേവികൈവിട്ടവിഡ്യാൻ. * 53

സർവ്വതോഭദ്രബന്ധം.

ചതുരംഗക്കളിയിട്ട
ചതുരംനാലുപാദവും
ചേർപ്പുനാൽമൂന്നരണ്ടൊന്നും
സർവ്വതോഭദ്രബന്ധനേ. 54

മഹേശിയേയേശിഹേമ
ഹേയിവായയവായിഹേ
ശിവാത്ഥമാമാത്ഥവാശി
യേയമാററമായയേ. * 55

അത്ഥം: 'മഹേശിയേ എശി' മഹേശി തന്നെ എന്നിൽപ്പററി. ഞാൻ പരാനായി എന്നു താൽപര്യം. 'ഹേമഹേയിവാ' ഹേ! അയി! ഹേമ! അല്പയോ സ്വർണ്ണമേ! വാ വരൂ. 'അയവായിഹേ' ഹേ അയവായി. ചിചവായി, ചിലവിട്ടകയായി എന്നത്ഥം. ഇവിടെ ഭഹ എന്നു മഹാതിശയത്തിൽ പ്രയോഗിച്ചതാണ്. എന്തിനാണു ചിലവിടുന്നതെന്നാൽ 'ശിവാത്ഥമാം' മംഗളത്തിന്നു വേണ്ടിയാണ്. 'ആത്ഥവാശിയേ!' ധനസംബന്ധമായവാശി! അതിതൃഷ്ണേ! 'അയ' അയ ഞങ്ങളൊ. നശിച്ചുവോ എന്നഭിപ്രായം. 'മാററമായയേ! അാമായയേ! 'അറകല' എന്നപോലെയുള്ള പ്രയോഗമാണിത്. നാശകാരിണിയായ മായേ! അജ്ഞാനമേ! മാററ് മാറിപ്പോ. അജ്ഞാനം മാറിതൃഷ്ണാദികൾ നശിച്ച സമ്പിഷയത്തിൽ ദ്രവ്യവ്യയം ചെയ്യുന്നതിനു വണ്ണം ഞാൻ മഹേശ്വരിയെ സേവിക്കുന്നു എന്നു ഭാവം. സംസ്കൃതഭാഷയിൽ കൂടി സുഗമാത്ഥമായി പ്രയോഗിപ്പാൻ കഴിയാതെയുള്ള ഈ വക ദുർഘടബന്ധങ്ങളിലും 'മററും' മലയാളഭാഷയിൽ പ്രയോഗിക്കുമ്പോൾ ക്ലിഷ്ടത വന്നുപോയാലും സഹൃദയന്മാർ ക്ഷമിക്കാതിരിക്കയില്ലെന്നു വിശ്വസിക്കുന്നു.

ഏകാക്ഷരദ്വ്യക്ഷരാദി
ശ്ലോകാപാദനഗോഷ്ഠികൾ
സമസ്തമിച്ചൊന്നവണ്ണ-
യമകത്തിന്റെഭേദമാം.

നന്നനന്നെന്നനാന്നിന്നോ-
നിന്നിനിന്നനനന്നിന
നന്നനന്നിനി!നിന്നന്നി
നന്നെന്നിന്നൊന്നിനെന്നിന. 56

അത്ഥം: നാം നന്നനന്ന് എന്നു നിന്നോന്ന് നിന്നതിനു പ്രവേശിച്ചുവന്ന വിഷയസുഖാദികൾക്ക് എന്നത്ഥം. ഇന്നിനിന്നന നിന്ദന ധിക്കാരം നന്നിന നന്ദിയല്ല. നന്നനന്നിനി! നന്ദനന്ദിനി! വിഷ്ണുമായേ! നിൻനന്നി നിൻനന്ദിനന്ന് എന്ന് ഇന്ന് ഒന്നിന് എന്റിന നിനവ് വിചാരം. ഈ ശ്ലോകത്തിൽ നിന്നോന്ന് എന്നു ലോകവ്യവഹാരരീത്യാ പ്രയോഗിച്ചതാകുന്നു. നിന്നതിന് എന്നാണ് സ്വതേ ഉള്ള രൂപം. നിന്നന, നന്നി, നന്നനന്നിനി, നിന്നന്നി, ഇവകൾ നിന്ദന, നന്ദി, നന്ദനന്ദിനി, നിൻനന്ദി, ഇവയുടെ തത്ഭവങ്ങളാകുന്നു.

പോപപോപോപാപ!പെപ്പെപ്പേ-
യായായിയയയായയേ
മാമാമേമാമമേമേമാമ-
ല്ലീലാലീലല്ലലേലൊലാ. 57

അത്ഥം: പോപോപോപാപ! പാപമേ! നീ ദൂരെപ്പോ. പെപ്പെപ്പേയായ്

നിന്റെ കഥ മോശമായി എന്നർത്ഥം. ആയി എന്ന കർത്സരിയിൽ. അയയായ് നശിച്ചുകയായി. അയേ! എന്ന സംബുദ്ധി. മാമാമോ എന്നോട് പറവുമോ, മാ ഇല്ല. മമ എനിക്ക് ഉമോമല്ലീലാലിൽ ഉമയുടെ കാമല്ലീലാളിയിൽ ഗൌരീചരിത്രസ്മരണത്തിൽ എന്ന ഭാവം. ഇതിൽ 'ലളയോരഭേദഃ' എന്ന ന്യായം സ്വീകരിക്കയും ലോകസംഭാഷണപ്രകാരം ലീലാളിയിൽ എന്ന യകാരലോപവും മുമ്പിലുള്ള ഇകാരത്തിന്ന ദീർഘവും കൊടുക്കുകയും ചെയ്തിരിക്കുന്നു. ഒരു ല്ലൽഎടലാലാ എല്ലത്.

കാലകാലകലേ!കാലേ
കോലക്കാലാകിലേകക
കലികാലകലിക്കാല്യ
കല്യക്കകകല്യക്കക. 58

അർത്ഥം: കോലക്കാലാകിൽ (തിരുമേനിയുടെ പാദാരവിന്ദമാണെങ്കിൽ)

ഹേമമോഹംമഹാമോഹം
ശിവേ!ശിവവശേ/ശിവം
പരാപരപരേ!പാരിൽ
സത്തുതേസൽസ്തുതേ!സ്തുതി. 59

മുന്നമഞ്ചിഞ്ഞണ്ണെഞ്ഞ ഞ്ഞു-
മ്മഞ്ഞുമ്മനാമുമേമമ
മഞ്ഞിന്നേന്നേഞ്ഞനിന്നേനി
മേഞ്ഞിന്നെഞ്ഞുമന്ന ഞ്ഞുമോ. 60

ഈ ശ്ലോകത്തിൽ അനുനാസികാക്ഷരങ്ങൾ മാത്രമേയുള്ളൂ.

വിരിലേ മേൽപ്പോട്ടമുടൻ
തിരിയേകീഴ്പ്പോട്ടമോതിടുംപത്യം
രുപത്യത്തിനകംമ-
റൊരെണ്ണമിവവണ്ണയമകവകഭേദം. 61

വേകവാനികശംഹേമ
കേണായാണത്തുമേയുനീ
വൻതമേയ്കശ്ശശാമേര
സേവാരാശയവാരമേ
മേരുവായശരാവാസേ
രമേശാശ്ശുകമേയ്തവൻ
നീയുമേത്തുണയാണാകേ
മഹേശകനിവാകവേ. 62

അർത്ഥം: 'വേകവാനികശംഹേമ'വാന് ഇക (ഇഹ)ശം, വാനികശം പരലോകത്തിലും ഇഹലോകത്തിലും ശം സുഖമായ ഹേമ സ്വർണ്ണം വേക വേണ്ട പോട്ടേ. ഞാൻ അതിന്നാവശ്യപ്പെടുന്നില്ല എന്നു ഭാവം. 'കേണായാണത്തുമേയുനീവന്തമേയ്ക്ക' കേണ ആരാണ് നീ ദുഃഖിതനായി ആരാണ് സാംസാരികപുരുഷൻ നീ വന്തമേയ്ക്ക് കിട്ടിയ ശരീരത്തിന്ന് അതു മേയുമേന്തുകൊള്ളൂ. സ്വർണ്ണാലങ്കാരമണ്ഡിതശരീരനായി നടന്നുകൊള്ളൂ. പക്ഷേ അതു വെറുതെയാണെന്നു കാണിക്കുന്നു. 'അശു' നിസ്സാരം. എന്തുകൊണ്ടെന്നാൽ 'ശാമേ' നശിക്കുമല്ലോ. 'രസേവാരാശയവാരമേ' അവ ആരുമേ രസേ ആശവാരാ. അവയൊന്നും ആരും രസത്തിൽ അനശ്വരപരമാനന്ദത്തിൽ എന്ന സിദ്ധാന്തം. അശ ആശയായിട്ട് ആശപ്പെട്ടിട്ട് എന്നു താല്പര്യം. വാരാ എടുക്കാറില്ല.( ഈ ശ്ലോകത്തിൽ, ഇക, വന്ത, ശാമേ, ഈ വക പദങ്ങൾ പഴയ മലയാളവാക്കുകളാകുന്നു. ഇനി പരമാനന്ദവിഷയത്തിൽ ഉപകരിക്കുന്നതെന്താണെന്നുള്ളതു പ്രതിലോമമായി ചൊല്ലുമ്പോൾ ഈഷത്ത്യംകൊണ്ടു തന്നെ വെളിപ്പെടുന്നതാണ്.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ

# മംഗളോദയം

൧൦൮൨

പുസ്തകം ൧൦ } കൎക്കടകം { ലക്കം ൪


## മംഗളം.

തന്തടിത്തനുവലംകരിച്ചു,മുദ്ഗമാലകൈത്തളിരിലേന്തി,ഹാ-
ഹന്ത! ലജ്ജ, വരകോമളാനനവിലോകനേച്ഛയിവമൂലമായ്
പന്തടിച്ചുമളവെന്നപോ,ലിളകുമീക്ഷണത്തൊടു,വിവാഹസൽ-
പ്പന്തലിൻ നടുവിൽനിന്നിടുന്നതുഹിനാദ്രിപുണ്യലതികേ! തൊഴാം.

കെ. ഡബ്ളിയു. മാധവ മാരാർ.

## കവികളും
## ചിത്രനിൎമ്മാണവും.

കവിയുടെ ഗുണങ്ങളിൽ മുഖ്യമായതു 'ചിത്രനിൎമ്മാണശക്തി'യാണെന്ന് ഒരു പാശ്ചാത്യപണ്ഡിതൻ അഭിപ്രായപ്പെട്ടിട്ടുണ്ട്. "കവി വാക്കുകൊണ്ടു ചിത്രമെഴുതുന്നു; ചിത്രകാരൻ തുലികകൊണ്ടു കവിതയുണ്ടാക്കുന്നു"



ന്നും ഒരു വിദ്വാൻ പ്രസ്താവിച്ചിട്ടുണ്ട്. കവിതയേയും ചിത്രമെഴുത്തിനേയും 'സുകുമാരകലാവിദ്യ'കളുടെ കൂട്ടത്തിലാണു കണക്കാക്കീട്ടുള്ളതും. അതുകൊണ്ടു കവിയുടെ ഗുണങ്ങളിലൊന്നു 'ചിത്രനിൎമ്മാണശക്തിയാ'ണ്; ചിത്രകാരനു വേണ്ടുന്ന ധൎമ്മങ്ങളിലൊന്നു 'കവിതാനിൎമ്മാണശക്തിയും' ആകുമോ ആവോ.

ഇപ്പറഞ്ഞ കവിലക്ഷണത്തിനു പാശ്ചാത്യസമ്മതമായ നിൎവ്വചനം എങ്ങിനെയാണെന്നുള്ള ഭാഗം പാശ്ചാത്യസാഹിത്യപണ്ഡിതന്മാരുടെ നിരൂപണത്തിന്നായി വിടുകയാണ് ഞാൻ ചെയ്യുന്നത്. എന്നാൽ, ഈ ലക്ഷണത്തെ നമ്മ

ടെ സാഹിത്യശാസ്ത്രത്തോടു തട്ടിച്ചു നോക്കുമ്പോൾ മനസ്സിലാകുന്ന സംഗതികളെന്തെല്ലാമാണെന്നുള്ളതിനെക്കുറിച്ചു കുറച്ചു പ്രസ്താവിക്കുവാൻ വിചാരിക്കുന്നു. അതു അസ്ഥാനത്തിലായി വരികയില്ലെന്നു വിശ്വസിക്കുകയും ചെയ്യുന്നു.

'കവിയുടെ ഗുണങ്ങളിലൊന്നു ചിത്രനിർമ്മാണശക്തിയാണ്' എന്നു പറഞ്ഞാൽ നമ്മുടെ ഭാഷയിൽ അത്ഥയോജനയ്ക്കു കുറെ ക്ലേശമുണ്ടെങ്കിലും, കാൎയ്യം കൊണ്ടു നോക്കുമ്പോൾ ഒരുവിധം യോജിക്കുന്നുണ്ട്. ഒരു ചിത്രകാരൻ ഒരു ഭാവം വരുത്തി ഒരു ചിത്രം എഴുതിയാൽ ആ ചിത്രത്തിൽ ആവാഹിച്ചിട്ടുള്ള ഭാവം അതു കാണുന്നവരുടെ കണ്ണിനെ ആനന്ദിപ്പിച്ചുകൊണ്ട് അവരുടെ മനസ്സിൽ ചമൽക്കാരജനകമായ വിധത്തിൽ പതിഞ്ഞുകിടക്കുന്നതെങ്ങിനെയൊ അങ്ങിനെ, ഒരു കവി താൻ വൎണ്ണിക്കുന്ന ആളിൽ വരുത്തീട്ടുള്ള ഭാവം വായനക്കാരുടെ ഹൃദയദൎപ്പണത്തിൽ ആഹ്ലാദകരമായ വിധത്തിൽ പതിഞ്ഞുകിടക്കുന്നു. ഈ ഭാവാവബോധനവിഷയത്തിൽ ഒരു കവിയും ഒരു ചിത്രകാരനും ഒരുപോലെയാണ്.

കാളിദാസൻ, ഭവഭൂതി തുടങ്ങിയ സംസ്കൃതകവികളും എഴുത്തച്ഛൻ മുതലായ കേരളീയകവികളും തങ്ങളുടെ കാവ്യങ്ങളിൽ ഒരു ചിത്രകാരനു പകൎത്തിയെടുക്കാവുന്ന വിധത്തിൽ മനോഹരങ്ങളും ഭാവവ്യഞ്ജകങ്ങളുമായ അനേകം വൎണ്ണനകൾ ചെയ്തിട്ടുണ്ട്; അല്ലെങ്കിൽ കാളിദാസാദികവികൾ തങ്ങളുടെ കാവ്യങ്ങളിൽ ഭംഗിയേറിയ അനേകം ചിത്രങ്ങൾ എഴുതിച്ചേൎത്തിട്ടുണ്ട്. അവയിൽ ചിലതിന്റെ സൌന്ദൎയ്യത്തെ നമുക്കൊന്നു പരിശോധിക്കുക:—

രഘുവംശത്തിൽ പശുപാലകനായിച്ചമഞ്ഞ ദിലീപൻ തന്റെ പശുവിനെ പിടിപ്പാൻ വന്ന സിംഹത്തിന്റെ നേരെ ശരം തൊടുപ്പാൻ തുടങ്ങിയപ്പോൾ ബാഹുസ്തംഭം സംഭവിച്ച നിലയെ വൎണ്ണിച്ചിട്ടുള്ളതു നോക്കുക:

"എയ്ത്തിന്നൊരുങ്ങീട്ടമവനു, നഖാംശുകങ്കം.
പത്രത്തിലേററ ശിഖകൾക്കിടയിങ്കലായി
സക്തങ്ങളാം വിരൽകടകളൊത്തു വലത്തുകയ്യു
ചിത്രത്തിലാനിലകുറിച്ചതുപോലെനിന്നു."

'ചിത്രത്തിലാനിലകുറിച്ചതുപോലെനിന്നു' എന്നു കവിതന്നെ എടുത്തു പറഞ്ഞിരിക്കയാൽ വിസ്തരിക്കേണ്ട ആവശ്യമില്ലല്ലോ.

രഘുവംശത്തിൽ സ്വയംവരത്തിന്നു വന്നിട്ടുള്ള രാജാക്കന്മാരെ നോക്കിക്കാണ്മാനായി വരുന്ന ഇന്ദുമതിയെക്കണ്ടപ്പോൾ രാജാക്കന്മാൎക്കുണ്ടായ ശൃംഗാരചേഷ്ടകളെ വൎണ്ണിച്ചിട്ടുള്ളതിൽ ഓരോ ശ്ലോകവും ഓരോ ചിത്രങ്ങളെപ്പോലെയാണ്. മാതിരി കാണ്മാനായി ഒന്നുദാഹരിക്കാം:—

'സ്വതചന്ദ്രമുഖവും തിരിച്ചു തോൾവി-
ട്ടാരുനിജമാലയെയാഗതത്തിൽനിന്നും
വിരുതനൊരു വിലാസി വേർപെടുത്തി-
ട്ടരസമോടഥ വെണ്മട്ടിവിട്ടു."

ഇന്ദുമതീസ്വയംവരം കഴിഞ്ഞ് ഇന്ദുമതിയോടുകൂടി അജൻ പുരം പ്രവേശിക്കുമ്പോൾ പൌരാംഗനമാർ, 'ഫൊൻജനലുകളുള്ള മേടതോറും' ചെന്നു കാണിച്ച ചേഷ്ടകളെ വൎണ്ണിച്ചിട്ടുള്ളതും ഇങ്ങിനെ തന്നെയാണ്. അതിൽനിന്നും രണ്ടെണ്ണം താഴെ കൊടുക്കാം:—

"ഓടിപ്പോയ് ജനലണവാനൊരുത്തി, മാല്യം
ചൂടിപ്പോം പടിയുലയുന്ന കേശപാശം
തേടിക്കയ്യിണ കിളുമായ തൊന്നു കെട്ടാൻ-
കൂടി തൻ കരളിൽ നിനച്ചിടാതമട്ടിൽ."
"പോക്കിൽ തൻ പുടവയഴിഞ്ഞതാത്തു കയ്യിൽ
പൊക്കിൾക്കാഭരണനിറം കൊടുത്തു താങ്ങി
ലാക്കിൽ പ്പോയൊരുവൾ മനോജ്ഞജാലമുള്ള-
ദ്വിക്കിൽ ച്ചെന്നരിയൊരു കാഴ്ച കണ്ടുനിന്നു."

രഘുവംശത്തിലെ പൌരാംഗനാചേഷ്ടകൾ കാണിക്കുന്ന ഈ പദ്യചിത്രങ്ങൾ കാളിദാസൻ്റെ തന്നെ ഏററവും ബോധിച്ചവയായിട്ടുണ്ടെന്നു വേണം പറവാൻ. അതുകൊണ്ടല്ലയോ അദ്ദേഹം ഈ പദ്യചിത്രങ്ങളെത്തന്നെ, കുമാരസംഭവത്തിൽ പാർവതീപരിണയം കഴിഞ്ഞു ശ്രീപരമേശ്വരൻ പുരപ്രവേശം ചെയ്യുന്ന ഘട്ടത്തിലും പകർത്തിയിരിക്കുന്നത്?

കുമാരസംഭവത്തിൽനിന്നും ഈ വിഷയത്തിൽ അനേകം ശ്ലോകങ്ങൾ ഉദാഹരിക്കുവാനുണ്ട്. മൂന്നാം സർഗ്ഗത്തിൽ ശ്രീപാർവ്വതി, ധ്യാനത്തിൽനിന്ന് ഉപരതനായ പരമേശ്വരനെ തലകുനിച്ചു വണങ്ങിക്കൊണ്ടു തൻ്റെ നീലാളകമദ്ധ്യത്തിൽ ചൂടീട്ടുള്ള കർണ്ണികാരകുസുമം കുറഞ്ഞൊന്നു കിഴിഞ്ഞും കർണ്ണങ്ങളിൽ അണിഞ്ഞിട്ടുള്ള ഇളന്തളിർ കൊഴിഞ്ഞും നില്ക്കുന്ന നില്പ് ഒരു ചിത്രത്തിൽ പകർത്തിയാൽ ഏററവും ഭംഗിയാവുന്നതാണ്. 'പര്യങ്കബന്ധസ്ഥിരപൂർവ്വകായം' എന്നു തുടങ്ങി വർണ്ണിച്ചിട്ടുള്ള പരമേശ്വരൻ്റെ ധ്യാനാവസ്ഥാനം, 'സ്ഥിതാഃ ക്ഷണം പക്ഷ്മസു' എന്ന പദ്യത്തിൽനിന്നു ധ്വനിക്കുന്ന പാർവ്വതിയുടെ തപോവസ്ഥാനം എന്നിവ ചിത്രത്തിൽപ്പെടുത്തിയാൽ തന്മയത്വം വിളങ്ങുന്ന ഓരോ ചിത്രങ്ങളായിപ്പരിണമിക്കും. കാമദേവൻ പരമശിവൻ്റെ മേൽ ശരം പ്രയോഗിക്കുവാനായി വില്ലും വളച്ചു ശരവും തൊടുത്തു നില്ക്കുന്നതായ നില്പ് 'സദക്ഷിണാപാംഗനിവിഷ്ടമുഷ്ടിം' എന്ന പദ്യത്തിൽ ഒരു ചിത്രത്തിലെന്നപോലെ ശോഭിക്കുന്നുണ്ട്. പാർവ്വതീദർശനത്താൽ ധൈര്യം കുറഞ്ഞൊന്നിളകി 'ഭാവോദയം' ഉണ്ടായ സ്ഥിതിയിൽ കാളിദാസൻ പരമശിവൻ്റെ ഛായയെടുത്തിട്ടുള്ളത് എത്ര മനോഹരമായിരിക്കുന്നു! ശ്രീപാർവ്വതി, പൂർവ്വാനുരാഗവിപ്രലംഭദശയിൽ ആരും കാണാതെ ഒരിടത്തു വെച്ചു തൻ്റെ കൈകൊണ്ടു പരമേശ്വരൻ്റെ ചിത്രമെഴുതി ആ ചിത്രപുരുഷനോടു 'മുള്ളുവാക്കു' പറയുന്ന ഘട്ടവും ഒരു ചിത്രത്തിൽ വന്നാൽ ശോഭിക്കുന്നതാണ്. പരമശിവൻ ഒരു കപടബ്രഹ്മചാരിയുടെ വേഷം പൂണ്ടിരുന്നതു പെട്ടെന്നു മാററിയപ്പോൾ പാർവ്വതി പോകാനായി എടുത്ത കാൽ അങ്ങിനെതന്നെ നിർത്തിക്കൊണ്ടു, നില്പാനും പോകാനും വയ്യാതെയായ അവസ്ഥയും എത്ര മനോഹരമായിരിക്കുന്നു! സപ്തർഷിമാർ ചെന്നു ഹിമവാനോടു പാർവ്വതിയുടെ വിവാഹത്തെപ്പററി സംസാരിക്കുമ്പോൾ, അച്ഛൻ്റെ അടുത്ത് ശ്രീപാർവ്വതി അധോമുഖിയായിനിന്നു 'തൻകളിത്താമരത്താരു തങ്കലുള്ളിതളെണ്ണുന്ന' ചിത്രവും വളരെ ഭംഗിയുള്ള ഒന്നാണ്. ഇതുപോലെ മേഘസന്ദേശത്തിൽനിന്നും പല ഉദാഹരണങ്ങൾ എടുക്കുവാനുണ്ട്.

ഇങ്ങിനെതന്നെ സംസ്കൃതഭാഷയിലുള്ള ഇതരകാവ്യങ്ങളിൽനിന്നും നാടകങ്ങളിൽനിന്നും അനേകം ഉദാഹരണങ്ങൾ എടുത്തു കാണിക്കാവുന്നതാണ്. അവയെ ഇ

വിടെ വിസ്തരിക്കുന്നില്ല. കേരളീയകവികളുടെ കൃതികളിലും ചിത്രങ്ങളിൽ പകർത്തിയതുപോലെ ഉള്ളിൽ പതിയുന്ന പലേ വർണ്ണനകളുമുണ്ട്. ആ വക ഭാഗങ്ങൾ ചിത്രകാരന്മാരുടെ തൂലികയ്ക്കു മഹോത്സവമായിരിക്കുമെന്നു മാത്രമേ പറയുവാൻ തോന്നുന്നുള്ളൂ. അവയെ ഇവിടെ ചുരുക്കത്തിലെങ്കിലും ഉദാഹരിക്കുന്നതായാൽ ഈ ലേഖനം വളരെ നീണ്ടുപോകുമെന്നു ഭയമുണ്ടെങ്കിലും ഒരുദാഹരണം താഴെ കാണിക്കുന്നു. തുഞ്ചത്തെഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിൽ അർജ്ജുനസാരഥിയായി ശോഭിക്കുന്ന ശ്രീകൃഷ്ണന്റെ രൂപം വർണ്ണിച്ചിട്ടുള്ളതാണിത്:—

'നിറന്നപീലികൾനിരക്കവേകുത്തി
നെറുകയിൽക്കൂട്ടിത്തിറമൊടുകെട്ടി
കരിമുകിലൊത്തചികുരഭാരവും
മണികൾമിന്നീടുമണികിരീടവും
കനകനച്ചിന്നംകുറുനിരതന്മേൽ
നനനനെപ്പൊടിഞ്ഞൊരുപൊടിപാറി

... .... ... ...

.... .... ... ....

മകരകുണ്ഡലംപ്രതിബിംബിക്കുന്ന
കവിൾത്തടങ്ങളുംമുഖസരോജവും
വിയർപ്പുതുള്ളികൾപൊടിഞ്ഞനാസികാ-
ഗ്രമന്ദഹാസവുമധരശോഭയും
തുളസിയുംനല്ലസരസിജങ്ങളു-
മിളതായീടിനതളിരുകളുമാ-
യിടകലർന്നുടനിളകുംമാലകൾ.
തടവുംമുത്തുമാലകളുംകൌസ്തുഭ-
മണിയുംചേരുന്നഗളവുംചമ്മട്ടി
പിടിച്ചോരുകരതലവുംകുങ്കുമാ
ദ്യഴകപ്പൂചിനതിരുമാറുമാറും
നിറന്നമഞ്ഞപ്പട്ടുകളുംകാഞ്ചികൾ

.... .... ... ....

മണിരഥംതന്നിലകംകളിക്കവേ
മണിവർണ്ണന്തന്നെത്തെളിഞ്ഞുകണ്ടേനാൻ'

ഇത്രയും പറഞ്ഞതിൽനിന്നു കവികളുടെ ഗുണമായ 'ചിത്രനിർമ്മാണശക്തി' യെപ്പറ്റിയ ഒരു സാമാന്യജ്ഞാനം സിദ്ധിക്കുമെന്നു വിശ്വസിക്കുന്നു. പാശ്ചാത്യന്മാർ ഇതിനെ കവിതാഗുണങ്ങളിലൊന്നായി പറയുന്നുണ്ട്, നമ്മളാകട്ടെ അങ്ങിനെ പറയുന്നില്ല; വാസനാശാലികളായ കവികൾ എന്തെങ്കിലും ഒരു വർണ്ണന ചെയ്യുമ്പോൾ അവർ വർണ്ണിക്കുന്ന വസ്തു അതിനുള്ള സ്വോരസത്തോടുകൂടി വായനക്കാരുടെ ഹൃദയത്തിൽ പതിയുന്നതു സാധാരണമാണ്. അങ്ങിനെ ഹൃദയത്തിൽ പതിയുന്ന കവിതകളുണ്ടാവാനുതകുന്ന കവിശക്തിയെ ചിത്രനിർമ്മാണശക്തിയെന്നു പറയുന്നതിനു വിരോധമില്ലന്നേ ഉള്ളൂ. ഈ ഒരു ഗുണം കവിതകളിൽ എത്രമാത്രം ആവശ്യമാണെന്നു പറഞ്ഞറിയിക്കേണ്ടതില്ലല്ലോ. കവികൾ സഹൃദയന്മാരുടെ ഹൃദയത്തെ രസിപ്പിക്കുവാൻ കടപ്പെട്ടവരാണ്. എന്നാൽ വായനക്കാരുടെ സ്ഥിതിവ്യത്യാസമനുസരിച്ച് അവരിൽ ഓരോരുത്തൎക്ക് ഓരോ ഗുണങ്ങളിലായിരിക്കും രസം. ചിലർ ശബ്ദഭംഗിയെ വലിയ കാൎയ്യമായിക്കരുതുന്നു. മറ്റു ചിലർ അൎത്ഥകല്പനകളേയും അലങ്കാരങ്ങളേയും ആണധികം വിലമതിക്കുന്നത്. എന്നാൽ, ഒരു വസ്തുവിനെ യാതൊരു മാറ്റവും വരുത്താതെ അതിന്റെ താദാത്മ്യത്തോടുകൂടി വർണ്ണിച്ച് അതിന്റെ ഛായയെടുത്താലെന്നപോലെ അനുഭവപ്പെടുത്തുന്ന വിഷയത്തിൽ ആൎക്കും രസം ജനിക്കുന്നതാണ്. അതുകൊണ്ട് ഈ ഗുണം കവികൾക്ക് ഏററവും വലുതായ ഒന്നാണെന്നു വേണം പറയുവാൻ.

കെ. വി. എം.

സ്വാമി

# വിരജാനന്ദസരസ്വതി.*

ലോകോപകാരികളുടെ ശേഖരത്തിൽവെച്ച് ഒരു സ്ഥാനത്തു പ്രകാശിക്കുന്ന മഹാത്മാവും, അജ്ഞാനമാകുന്ന അന്ധകാരത്തിൽ തപ്പിത്തടയുന്ന തന്റെ സഹോദരന്മാൎക്ക് ആത്മപ്രകാശം ഉണ്ടാക്കിക്കൊടുക്കുന്നതിന്നു പ്രയത്നിച്ച മാന്യഗുരുവും, 'ആൎയ്യസമാജ'സ്ഥാപകനുമായ സ്വാമി ദയാനന്ദസരസ്വതിയുടെ ഗുരുവാണ് ഈ ലേഖനത്തിന്നു വിഷയമായിരിക്കുന്നത്.

'സ്വാമിവിരജാനന്ദസരസ്വതി' ജനിച്ചതു വിക്രമവൎഷം 1854-ൽ ആയിരുന്നു. 'പഞ്ചാബ്' രാജ്യത്തിൽക്കൂടിയൊഴുകുന്ന 'ബീയാസ്' എന്ന നദിയുടെ തീരത്തു സ്ഥിതിചെയ്യുന്ന 'ഗംഗാപുരം' എന്ന ഒരു ചെറുഗ്രാമമാണു ജന്മഭൂമി. സ്വാമികളുടെ അച്ഛൻ ശ്രീമാൻ 'നാരായണദത്തൻ' നല്ല വ്യുൽപന്നനായ ഒരു സാരസ്വതബ്രാഹ്മണനായിരുന്നു. മകനെ സമൎത്ഥനായ ഒരു സംസ്കൃതപണ്ഡിതനാക്കിത്തീൎക്കണമെന്ന് അദ്ദേഹത്തിന്ന് ആഗ്രഹമുണ്ടായിരുന്നതിനാൽ, വേണ്ട സമയത്തു പുത്രന്നു വിദ്യാഭ്യാസമാരംഭിച്ചു; 'ദേവവാണി' പഠിപ്പിച്ചു തുടങ്ങുകയും ചെയ്തു. അന്നു മുതൽക്കുതന്നെ പഠിപ്പിൽ അസാധാരണമായ ധാരണാശക്തിയും ഉത്സാഹവും ആ ബാലൻ പ്രദൎശിപ്പിച്ചു: ഇതു കണ്ട് അച്ഛന്നു വളരെ സന്തോഷമായി എന്നു പറയേണ്ടതില്ലല്ലോ.

തങ്ങളുടെ വാത്സല്യഭാജനമായിരുന്ന ഈ സന്താനത്തെ മാതാപിതാക്കന്മാർ അത്യന്തം ലാളിച്ചു വളൎത്തുകയും, കുട്ടിയുടെ ജീവിതം സുഖപ്രദമാക്കിത്തീൎക്കേണ്ടതിന്നു യഥാശക്തി സദാ പ്രവൎത്തിക്കയും ചെയ്തിരുന്നു. എങ്കിലും, ദൈവവൈപരീത്യത്താൽ, ബാല്യത്തിൽ തന്നെ 'വിരജാനന്ദ'ന്ന് അനേക കഷ്ടാരിഷ്ടങ്ങൾ അനുഭവിക്കേണ്ടിവന്നു. വിധിമതം തടുക്കാവുന്നതല്ലല്ലോ. അഞ്ചാമത്തെ വയസ്സിൽ, വസൂരി എന്ന മഹാരോഗം അദ്ദേഹത്തെ പിടിപെടുകയും, തന്മൂലം അദ്ദേഹത്തിന്നു വളരെ കഷ്ടിക്കേണ്ടിവരികയും ചെയ്തു. അതു മാറിയതോടുകൂടി കണ്ണിന്റെ കാഴ്ചയും പോയി; അതിന്റെ ശേഷം സൂൎയ്യന്റെ വെളിച്ചം കാണുവാൻ അദ്ദേഹത്തിന്നു സാധിച്ചിട്ടില്ല. പക്ഷെ, മനസ്സിൽ വേറെയൊരു പ്രകാശമുണ്ടായിരുന്നതുകൊണ്ട് ആദ്യത്തേതില്ലാഞ്ഞതുകൊണ്ടുള്ള ബുദ്ധിമുട്ടു അധികം അനുഭവിക്കേണ്ടിവന്നില്ല.

'ആപത്തുവരുമ്പോൾ കൂട്ടത്തോടെ' എന്ന പഴമൊഴിയുടെ വാസ്തവം എത്ര ശരിയായിരിക്കുന്നു! 'വിരജാനന്ദ'ന്നു പതിനൊന്നു വയസ്സായപ്പോൾ അമ്മയച്ഛ

* ഈ ലേഖനത്തിലെ സംഗതികൾ ഒരു ഇംഗ്ലീഷുമാസികയിൽനിന്നു സംഗ്രഹിച്ചിട്ടുള്ളവയാണ്.

ന്മാർ പരലോകപ്രാപ്തന്മാരായി. ഈ വ്യസനകരമായ സംഭവം നിമിത്തം അദ്ദേഹത്തിന്നു തന്റെ മനസ്സിൽ ഒരു വലിയ കനം തൂങ്ങിയതുപോലെ തോന്നി. ഇക്കാലത്ത് അദ്ദേഹത്തിന്റെ സ്ഥിതി ഏറ്റവും ശോചനീയമായിരുന്നു. തന്റെ ഏകാശ്രയമായിരുന്ന അമ്മയച്ഛന്മാർ, തന്നെ ലോകത്തിൽ നിസ്സഹായനായി വിട്ടു പരലോകം പ്രാപിച്ചു. താനോ, പതിനൊന്നു വയസ്സുമാത്രം പ്രായം ചെന്ന ഒരു ബാലൻ; പോരെങ്കിൽ കുരുടനും; ഉപജീവനത്തിന്നു തീരെ മാർഗ്ഗമില്ല; പറയത്തക്ക ബന്ധുക്കളാരുമില്ലതാനും; ഒരു മാതുലൻ മാത്രം ശേഷിച്ചിട്ടുണ്ട്: അദ്ദേഹമാകട്ടെ, അനുകമ്പാലേശമറിഞ്ഞിട്ടില്ലാത്ത ഒരു കഠിനഹൃദയൻ; ക്രൗര്യംകൊണ്ടു 'ഹിരണ്യകശിപു'വിനെക്കൂടി അധഃകരിക്കുന്നവൻ; കുരുടനായ തന്റെ മരുകൻ (അതേ, സ്വന്തം സോദരിയുടെ പുത്രൻതന്നെ) വിശന്നു വലഞ്ഞു ഭക്ഷണത്തിന്നാവശ്യപ്പെടുമ്പോൾ കല്ലും, ദാഹംകൊണ്ടു തൊണ്ട വരണ്ടു വെള്ളമാവശ്യപ്പെടുമ്പോൾ തല്ലും, നിന്ദാവചനങ്ങളും ക്ഷാമമില്ലാതെ ദാനം ചെയ്യാൻ മടിക്കാത്ത മഹാപാപി! ഇതിലുമധികം ദയനീയമായ സ്ഥിതി ഒരു ബാലന്നു വരേണ്ടതുണ്ടോ? എങ്കിലും, അന്യാദൃശമായ മനഃസ്ഥൈര്യവും ക്ഷമയും ഉണ്ടായിരുന്ന 'വിരജാനന്ദൻ' ലേശംപോലും കൂസൽകൂടാതെ അവയെല്ലാം ശിരസാ വഹിച്ചു. മാതുലനായ 'ഹിരണ്യകശിപുവിൽ'നിന്നു ഈ 'പ്രഹ്ലാദ'നെ രക്ഷിക്കുന്നതിനായി 'നരസിംഹാ'വതാരം ചെയ്യാൻ 'വിഷ്ണു' ഉണ്ടായിരുന്നതുമില്ല. പക്ഷെ, അദ്ദേഹംതന്നെ ഒരു കാലത്തു 'നരസിംഹ'മാകുവാൻ വിധിക്കപ്പെട്ടിരുന്നു.

'വിരജാനന്ദന്നു' വയസ്സു പന്ത്രണ്ടു തികഞ്ഞു. അമ്മാമന്റെ അക്രമങ്ങൾ തീരെ സഹിക്കവയ്യാതെയായി. ഒരു ദിവസം അദ്ദേഹം നാടുവിട്ടു കാട്ടിലേക്കു ഓടിപ്പോയി. അവിടെ കായ്കനികൾ തിന്നു തൃപ്തിപ്പെട്ടുകൊണ്ടു കുറെ ദിവസം കഴിച്ചുകൂട്ടി. ഇടയ്ക്കു, വിദ്യാതൽപരനായിരുന്ന ആ ബാലൻ 'ഗായത്രീ' മന്ത്രത്തിന്റെ തത്വം ആലോചിച്ചുകൊണ്ടിരിക്കുക പതിവായിരുന്നു. കാന്താരവാസം അദ്ദേഹത്തിന്നു ഒട്ടുംതന്നെ ഭീതികരമായി തോന്നിയില്ല. എങ്ങിനെയാണു തോന്നുക? ഈ സമയംകൊണ്ടു അദ്ദേഹം ഭയമറിയാതെ ഒരു യുവയോഗിയായിത്തീർന്നു കഴിഞ്ഞിരിക്കുന്നു. ആ ഘോരകാന്താരത്തിൽ വസിക്കുമ്പോൾ കൂടി, പരമാത്മാവിന്റെ ഹസ്തം, അദ്ദേഹത്തേയും സംസ്കൃതസാഹിത്യത്തേയും രക്ഷിക്കുന്നതിന്നു സന്നദ്ധമായിരുന്നു. ജഗൽഗുരു സാക്ഷാൽ ശ്രീമച്ഛങ്കരാചാര്യസ്വാമികൾ, കുമാരിലഭട്ടൻ മുതലായ പുണ്യശ്ലോകന്മാരുടെ ജനനംകൊണ്ടു ഏറ്റവും സുകൃതവതിയായിത്തീർന്നിരിക്കുന്ന 'ഭാരതഭൂമിയുടെ' പ്രിയപ്പെട്ട സന്താനവും വേദങ്ങളുടെ രക്ഷിതാവും ആയിരുന്ന അദ്ദേഹത്തെ നശിപ്പിക്കുവാനാകട്ടെ, ഭയപ്പെടുത്തുവാനാകട്ടെ, കാട്ടുമൃഗങ്ങളുടെ ക്രൂരതയ്ക്കും കാടിന്റെ വിജനതയ്ക്കും സാധിക്കാതെയിരുന്നതിൽ അത്ഭുതപ്പെടുവാനില്ലല്ലോ.

ഇങ്ങിനെയുള്ള വനവാസം മൂന്നു കൊ

ല്ലത്തോളമുണ്ടായി. അതിന്റെ ശേഷം അദ്ദേഹം 'ഹൃഷീകേശ'ത്തേക്കു പുറപ്പെട്ടു. അവിടെച്ചെന്നു സമീപമുണ്ടായിരുന്ന കാട്ടുകളിൽ മുറയ്ക്കു തപസ്സാരംഭിച്ചു. പതിനെട്ടു വയസ്സു തികയുന്നതുവരെ തപസ്സു ചെയ്തു. തദനന്തരം 'ഹരിദ്വാരത്തു' ചെന്നു 'സ്വാമിപൂർണ്ണാനന്ദസരസ്വതി'യുടെ തൃക്കൈകൊണ്ടു സന്ന്യാസവും, 'സ്വാമിവിരജാനന്ദസരസ്വതി' എന്ന നാമവും സമ്പാദിച്ചു. സ്വാമികൾ 'സിദ്ധാന്തകൌമുദി' എന്ന വ്യാകരണഗ്രന്ഥം പഠിച്ചതും ഇവിടെ വെച്ചായിരുന്നു.

അദ്ദേഹം പിന്നെ സന്ദർശിച്ച ഗ്രാമം 'കങ്കൻ' ആണു്. ഈ ഗ്രാമത്തിന്നടുത്താണു് വിശ്വവിശ്രുതമായ 'ഗുരുകുല' വിദ്യാലയം സ്ഥിതിചെയ്യുന്നതു്. വിദ്യാർത്ഥികൾ തങ്ങളുടെ അദ്ധ്യാപകന്മാരോടുകൂടി കുറഞ്ഞതു പതിനാറു കൊല്ലം വസിച്ചു ബ്രഹ്മചര്യവിധികൾ അല്പവും പിഴയ്ക്കാതെ അനുഷ്ഠിക്കേണമെന്നു് ഇപ്പോഴും ഇവിടെ ഒരു നിയമമുണ്ടു്. 'ഗുരുകുല' വിദ്യാലയത്തിൽ കൊടുക്കുന്ന തരം വിദ്യാഭ്യാസമാണു, ഭാരതഖണ്ഡത്തിന്റെ ഭാവിശ്രേയസ്സിന്നു കാരണഭൂതന്മാരാകുവാനുള്ള നമ്മുടെ ഇന്നത്തെ യുവജനങ്ങൾക്കു കൊടുക്കേണ്ടതു് എന്നുള്ളതിന്നു യാതൊരു സംശയവുമില്ല. സ്വാമി വിരജാനന്ദസരസ്വതിയുടെ അന്യാദൃശമായ പ്രതിഭാവിലാസത്തിന്റെയും അദ്ദേഹത്തിന്റെ പ്രിയശിഷ്യൻ ദയാനന്ദസരസ്വതിയുടെ അത്ഭുതകരമായ പാണ്ഡിത്യത്തിന്റെയും സ്മരണയെ നിലനിർത്തിക്കൊണ്ടു് ഈ അദ്വിതീയമായ വിദ്യാലയം എന്നും പരിലസിക്കട്ടെ!

കാശിയിൽ വെച്ചായിരുന്നു സ്വാമികൾ 'തർക്ക'വും 'വേദാന്ത'വും ജാഗ്രതയോടുകൂടി പഠിക്കുവാൻ തുടങ്ങിയതു്. താൻ സംസ്കൃതമഭ്യസിച്ചിരുന്ന കാലത്തുതന്നെ ഇദ്ദേഹം അദ്ധ്യാപകന്റെ നിലയും വഹിച്ചിരുന്നു. അസംഖ്യം കുട്ടികൾ ഇക്കാലത്തു് അദ്ദേഹത്തിന്റെ കീഴിൽ വിദ്യ അഭ്യസിച്ചുപോന്നിരുന്നു. അതുകൊണ്ടു, വാസ്തവത്തിൽ, അധികകാലവും സ്വാമികൾ ഒരേ സമയത്തുതന്നെ ഗുരുവും ശിഷ്യനുമായിരുന്നുവെന്നു വേണം പറയുവാൻ. ഇക്കാര്യം നിർവ്വഹിക്കുന്നതു സാധാരണന്മാർക്കു സുസാദ്ധ്യമല്ലെന്നു പ്രത്യേകം പറഞ്ഞറിയിക്കേണ്ടതില്ലല്ലോ; എന്നാൽ വിരജാനന്ദനു ഇതും ഇതിലപ്പുറവും ചെയ്യാൻ പ്രയാസമുണ്ടായിരുന്നില്ല. ബാഹ്യമായി കുരുടനെങ്കിലും, ആ മഹർഷിശ്രേഷ്ഠന്നു് അത്യന്തം ബലവത്തായ ധാരണാശക്തിയും മററുള്ളവരെ പഠിപ്പിക്കുന്നതിന്നു പ്രത്യേകമായ ഒരു പാടവവുമുണ്ടായിരുന്നു.

കാശിയിൽനിന്നു അദ്ദേഹം നേരെ 'ഗയ'യ്ക്കാണു പോയതു്. അവിടെ വളരെ കാലം താമസിച്ചു 'വേദാന്തദർശനം' മുഴുവനും അതിസൂക്ഷ്മതയോടുകൂടി അദ്ദേഹം പഠിച്ചു.

ഒരു യഥാർത്ഥയോഗിക്കു ധനത്തിൽ കൊതിയുണ്ടാകുന്നതല്ല. കൊട്ടാരവും കാടും അദ്ദേഹത്തിന്നു സമമാണു്. മായാമയമായ ഈ പ്രപഞ്ചത്തിലെ നിബിഡമായ അന്ധകാരത്തിന്നും അനേകദുഃഖങ്ങൾക്കുമിടയിൽ ജീവിച്ചിരിക്കുവാൻ ആഗ്രഹിക്കുന്ന മൂഢന്മാർക്കു്, ഒരു സമയം രാജധാനി സുഖപ്രദമായും വനം ഭയങ്ക

രമായും തോന്നിയേക്കാം. എന്നാൽ വിരജാനന്ദൻ ഇക്കൂട്ടരിൽപ്പെട്ട ഒരാളല്ലായിരുന്നു. ഇതിന്നു അദ്ദേഹത്തിന്റെ ചരിത്രത്തിൽനിന്നു നമുക്കു ഒരു ചെറിയ ഉദാഹരണമെടുക്കാം.

ഒരു ദിവസം സ്വാമികൾ ഗംഗാനദിയിലെ നിൎമ്മലജലത്തിൽ ഇറങ്ങിനിന്നു വിഷ്ണുസ്തുതിയായ ചില സംസ്കൃതശ്ലോകങ്ങൾ ഉച്ചത്തിൽ ചൊല്ലുകയായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത് 'ആൾവാര'ത്തിലെ രാജാവായിരുന്ന 'വിനായകസിങ്ങ്'' നില്ക്കുന്നുണ്ടായിരുന്നു. വിരജാനന്ദൻ ശ്ലോകം ചൊല്ലിയിരുന്ന രീതിയും, അദ്ദേഹത്തിന്റെ മുഖത്തും ശ്ലോകങ്ങളിലും പരിസ്ഫുരിച്ചിരുന്ന ഭക്തിരസവും രാജാവിനെ അത്ഭുതപരതന്ത്രനാക്കിത്തീൎത്തു. ഉടനെ രാജാവ് ആ മഹായോഗിയുടെ സന്നിധിയിൽ പ്രവേശിച്ച് അഭിവാദ്യം ചെയ്തു നമസ്കരിക്കുകയും, തന്റെ കൂടെ രാജധാനിയിലേക്കു ചെന്ന് ആതിഥ്യം സ്വീകരിക്കേണമെന്നു സാഞ്ജലിയായി അപേക്ഷിക്കയും ചെയ്തു. ഇതിന്നു സ്വാമികൾ പറഞ്ഞ മറുവടി ഇപ്രകാരമായിരുന്നു: "അല്ലയോ മാന്യ! ഭവാൻ ഒരു രാജാവും 'ഭോഗി'യുമാകുന്നു. ഞാനാകട്ടെ, കേവലം ഭിക്ഷതെണ്ടി ഉപജീവനം കഴിക്കുന്ന ഒരു 'യോഗി' മാത്രമാകുന്നു. നമ്മുടെ അന്യോന്യവിരുദ്ധങ്ങളായ ഈ നിലകൾക്ക് ഒരേ ദിക്കിൽ ഒരുമിച്ചു വളരുവാൻ ഒരിക്കലും സാധിക്കുമെന്നു തോന്നുന്നില്ല." ഇതു കേട്ടപ്പോൾ 'വിനായകസിങ്ങി'ന്നു വളരെ ബുദ്ധിക്ഷയമായി; അദ്ദേഹം പിന്നേയുമപേക്ഷിച്ചു. ഒടുവിൽ ദയാശീലനായ സ്വാമികൾ രാജാവിന്റെ അപേക്ഷ സ്വീകരിക്കയും, പകരം ദിവസംതോറും മൂന്നു മണിക്കൂറുനേരം സ്വാമികളുടെ അടുക്കൽ താൻ സംസ്കൃതം പഠിച്ചുകൊള്ളാമെന്നു രാജാവു വാഗ്ദത്തം ചെയ്കയുമുണ്ടായി. രാജധാനിയിൽ വസിക്കുമ്പോൾ, അസൂയാകുക്ഷികളായിരുന്ന ചില ബ്രാഹ്മണ 'വാദ്ധ്യാന്മാ'രുടെ ശല്യമല്ലാതെ, സ്വാമികൾക്കു പറയത്തക്ക യാതൊരു അസൌകൎയ്യവുമുണ്ടായിരുന്നില്ല. മറ്റുള്ളവൎക്കെല്ലാം, അദ്ദേഹത്തെക്കുറിച്ചു വളരെ ഭക്തിയും ബഹുമാനവുമുണ്ടായിരുന്നു. വിനായകസിങ്ങ് ദിവസംതോറും നിശ്ചിതസമയത്തു വിരജാനന്ദന്റെ മുമ്പിൽ ഹാജരാകാറുണ്ടായിരുന്നു. ഇങ്ങിനെയിരിക്കെ, ഒരു ദിവസം എന്തോ സംഗതിവശാൽ അദ്ദേഹത്തിന്ന്, അതു തരമായില്ല. സ്വാമികൾ അത്യന്തം കുപിതനായിത്തീൎന്നു. രാജാവു പലപ്രകാരത്തിലും അദ്ദേഹത്തെ സമാധാനപ്പെടുത്തുവാൻ ശ്രമിച്ചു; എങ്കിലും സാധിച്ചില്ല. അന്നുതന്നെ വിരജാനന്ദൻ രാജധാനി വിട്ടുപോയി എന്നു പറഞ്ഞാൽ മതിയല്ലോ. ഈ സംഭവത്തിൽനിന്നു നമുക്കു അദ്ദേഹത്തിന്റെ സ്വഭാവത്തെക്കുറിച്ച് ഏറെക്കുറെ ഊഹിക്കാവുന്നതാകുന്നു.

വിക്രമവൎഷം 1893-ൽ സ്വാമികൾ മധുര (വടക്കൻ മധുര) യിൽ ഒരു ചെറിയ സ്ഥലം വാടകയ്ക്കെടുത്ത് അവിടെ ഒരു ചെറിയ സംസ്കൃതവിദ്യാലയം സ്ഥാപിച്ചു. ഇതിൽ പഠിപ്പിച്ചിരുന്ന വിഷയങ്ങൾ 'സംസ്കൃതവ്യാകരണ'വും 'തൎക്കശാസ്ത്ര'വുമായിരുന്നു. അക്കാലത്ത് അവിടെവെച്ചു വിരജാനന്ദന്റെ ശിഷ്യരും

പ്രസിദ്ധ സംസ്കൃതപണ്ഡിതനായിരുന്ന 'കൃഷ്ണശാസ്ത്രി'കളുടെ ശിഷ്യരും തമ്മിൽ ഒരു വലിയ തക്കം നടന്നതായറിയുന്നു. വാദവിഷയം തുച്ഛമായിരുന്നുവെങ്കിലും, വൈയാകരണന്മാരുടെ ശ്രദ്ധയെ ആകർഷിക്കുന്നതായിരുന്നു. 'പാണിനി'മഹർഷിയുടെ ഒരു 'സൂത്രം' ഷഷ്ഠീതൽപുരുഷനോ സപ്തമീതൽപുരുഷനോ എന്നു തീർച്ചയാക്കേണ്ടതിന്നായിരുന്നു സഭ കൂടിയത്. വിരജാനന്ദനും ശിഷ്യരും അതു ഷഷ്ഠീതൽപുരുഷനാണെന്നു വാദിച്ചു; അല്ലെന്നു മററവരും. ഒടുവിൽ ഒരു ചതിപ്രയോഗം കൊണ്ടു വിരജാനന്ദനെ എതൃകക്ഷിക്കാർ തോല്പിച്ചു. അന്നു മുതല്ക്കു അദ്ദേഹത്തിന്നു ചില സ്വാത്ഥതല്പരന്മാരാൽ നിർമ്മിക്കപ്പെട്ട വ്യാകരണഗ്രന്ഥങ്ങളിൽ തീരെ അവിശ്വാസവും വിപ്രതിപത്തിയും തോന്നിത്തുടങ്ങി. അതിന്റെ ശേഷമാണ് അദ്ദേഹം 'പാണിനീയം' പഠിക്കുവാൻ തുടങ്ങിയത്. ഈ ഉത്തമഗ്രന്ഥപരിശീലനത്തിന്നു സ്വാമികളെ ആദ്യം പ്രോത്സാഹിപ്പിച്ചതു തെക്കെ ഇന്ത്യയിലെ ഒരു ബ്രാഹ്മണനായിരുന്നുവെന്ന് അറിയുന്നതിൽ നമുക്കു അളവററ സന്തോഷത്തിന്നവകാശമുണ്ട്. വേദങ്ങളുടെ സാരം ഗ്രഹിക്കുന്നതിന്ന് ഈ വ്യാകരണത്തെപ്പററിയുള്ള അറിവ് അവശ്യം ആവശ്യകവുമാണ്.

സ്വാമികൾ മധുരയിൽ താമസിക്കുന്ന കാലത്തുതന്നെയായിരുന്നു അദ്ദേഹത്തിന്റെ പ്രധാനശിഷ്യനായ ദയാനന്ദൻ യഥാത്ഥവൈദികമതം ലോകമെങ്ങും പരത്തുവാൻ താൻ ശ്രമിക്കുമെന്നു പ്രതിജ്ഞ ചെയ്തത്. ഇതിന്റെ ശേഷം ഇവർ തമ്മിൽ പിരിയുന്ന ഘട്ടം ഏററവും രസാവഹമായിരിക്കുന്നു. വാദ്ധക്യലക്ഷണങ്ങളാലും ദേഹപീഡകളാലും തനിക്കു മഹത്തായ യാതൊരു പ്രവൃത്തിയും ചെയ്യാൻ സാദ്ധ്യമല്ലെന്നു കണ്ടപ്പോൾ ആ മാന്യഗുരു തന്റെ ശിഷ്യനോടു വേദങ്ങൾ, ഉപനിഷത്തുകൾ, ദർശനങ്ങൾ മുതലായ ശാസ്ത്രങ്ങളുടെ പഠനത്തിന്റെ പ്രചാരത്തിന്നായിക്കൊണ്ടു 'ആകാശവും ഭൂമിയും ഒരുപോലെയിളക്കുവാൻ ഉപദേശിക്കുന്നു. അനന്തരം ശിഷ്യൻ ആ ഉപദേശത്തെ സ്വീകരിച്ച് എത്രയും മാനാഹമായ വിധത്തിൽ തന്റെ കൃത്യത്തെ നിവ്വഹിക്കുന്നു.

ഒരിക്കൽ നഷ്ടമായിപ്പോയ 'വേദങ്ങളുടെ താക്കോൽ' രണ്ടാമതും കണ്ടുപിടിച്ചതു സ്വാമി വിരജാനന്ദസരസ്വതിയാണെന്നു വേണം പറയുവാൻ. അതുകൊണ്ടുള്ള ബഹുമാനവും അദ്ദേഹത്തിന്നു തന്നെ. അതു ലഭിച്ചശേഷം, തത്സഹായംകൊണ്ടു ദയാനന്ദൻ വേദങ്ങളാകുന്ന ഭണ്ഡാരങ്ങൾ തുറന്നു അവയിൽ നിക്ഷേപിക്കപ്പെട്ടിരുന്ന അനേകം അനഘരത്നങ്ങളെ ലോകോപകാരാത്ഥം പുറത്തേക്കു കൊണ്ടുവന്നു എന്നു മാത്രമേയുള്ളു. വേദങ്ങളിൽ ഘോഷിച്ചിരിക്കുന്നതു യഥാത്ഥമായി ഏകദൈവമതമാണെന്നും, അല്ലാതെ ശിലാപ്രതിമകളേയും മററും പൂജിക്കുകയല്ലെന്നും ഒന്നാമതായി പ്രസംഗിച്ചതു ദയാനന്ദസരസ്വതിയാകുന്നു. അദ്ദേഹം സ്മൃതികളും ശാസ്ത്രങ്ങളും മററും കുലങ്കഷമായി പഠിക്കുകയും, അപ്പോൾ 'വൈദികമതം' ഏതുവിധം നോക്കിയാലും അത്യുത്തമമാണെന്നു ബോധപ്പെടു

കയും ചെയ്തു. ചതുൎവ്വൎണ്ണങ്ങളും, നാലാശ്രമങ്ങളും, ഷോഡശസംസ്കാരങ്ങളും, പഞ്ചയജ്ഞങ്ങളും മററും അദ്ദേഹത്തിന്നു വളരെ കേമമായി തോന്നി. എന്നാൽ ഒരു കാൎയ്യം തീൎച്ചതന്നെ: തന്റെ ഗുരുവായിട്ടു വിരജാനന്ദസരസ്വതി എന്നൊരാൾ ഉണ്ടായിരുന്നില്ലെങ്കിൽ ദയാനന്ദന്റെ കീൎത്തി ഇത്ര പരക്കമായിരുന്നില്ല. അതുകൊണ്ടു, 'വൈദികധൎമ്മ'ത്തിന്റെ വൈചിത്ര്യവും ഗാംഭീൎയ്യവും ലോകത്തിന്നു സ്പഷ്ടമാക്കിക്കൊടുത്ത ബഹുമാനം അധികവും സ്വാമി വിരജാനന്ദസരസ്വതിയ്ക്കു തന്നെയാണെന്നു സമ്മതിച്ചേ തീരു.

വിരജാനന്ദൻ സുസ്ഥിരമായ ധൈൎയ്യവും അക്ഷീണമായ ഉത്സാഹവും ഉള്ള ഒരു മഹാത്മാവായിരുന്നു. വേദങ്ങളോടുള്ള സ്നേഹവും, ജന്മഭൂമിയുടേയും ഹിന്തുമതത്തിന്റെയും ഉൽക്കൎഷത്തിന്നു വേണ്ടതു പ്രവൎത്തിപ്പാനുള്ള ആഗ്രഹവും അദ്ദേഹത്തിന്റെ ഹൃദയത്തിൽ അഹമഹമികയാ വിളങ്ങിക്കൊണ്ടിരുന്നു. തന്റെ അസാധാരണമായ ക്ഷമയും സ്ഥിരോത്സാഹവും കൊണ്ട് അദ്ദേഹം സകല ബുദ്ധിമുട്ടുകളേയും ജയിച്ചു.

അദ്ദേഹത്തിന്റെ എത്രയും സാധാരണമായ ജീവിതരീതിയും ഗംഭീരോദാരമായ ആലോചനാശക്തിയും ഒരു മഹൎഷിയുടെ സ്ഥാനത്തിന്ന് അദ്ദേഹത്തെ അൎഹനാക്കിത്തീൎക്കുന്നുണ്ട്. അനശ്വരമായ സംസ്കൃതവിദ്യ അഭ്യസിക്കുന്നതിന്നായി സ്വപാദസരോജങ്ങൾ കൂപ്പിക്കൊണ്ട് അടുത്തുനിന്നിരുന്ന ശിഷ്യരുടെ ഉന്നതിയിൽ അദ്ദേഹത്തിന്നുണ്ടായിരുന്ന ശ്രദ്ധയും സന്തോഷവും തന്നെ, വിദ്യാഭ്യാസത്തോടു തനിക്കുണ്ടായിരുന്ന അതിരററ പ്രേമത്തിന്റെ ഒരു ഉത്തമാദൎശമായി കണക്കാക്കാവുന്നതാണ്. അദ്ദേഹവും തന്റെ ശ്രുതിപ്പെട്ട ശിഷ്യനും കൂടി പൊതുവെ സംസ്കൃതസാഹിത്യത്തിന്നും, പ്രത്യേകിച്ചു വേദങ്ങൾക്കും ചെയ്തിട്ടുള്ള ഉപകാരത്തിന്റെ മാഹാത്മ്യമറിയുവാൻ വേദങ്ങൾക്കു സ്വാമി ദയാനന്ദസരസ്വതി എഴുതീട്ടുള്ള വ്യാഖ്യാനം ഒരിക്കൽ വായിച്ചാൽ മതി.

ഒരു യഥാൎത്ഥയോഗിയും മഹാവിദ്വാനും, നിഷ്കപടബന്ധുവും, വഞ്ചകന്മാരുടെ ഘോരവൈരിയും, പുരാതനകാലത്തുണ്ടായിട്ടുള്ള മഹാത്മാക്കളുടെ വാസ്തവസന്താനവും ആയ നമ്മുടെ ഉപന്യാസനായകൻ വിക്രമവൎഷം 1925-ൽ ലോകബന്ധമാകുന്ന പാശത്തിൽനിന്നു മുക്തനായി നിത്യാനന്ദമയമായ ലോകം പ്രാപിച്ചു.

സംസ്കൃതഭാഷയെക്കുറിച്ചും വേദങ്ങളെക്കുറിച്ചും നമുക്കു ബഹുമാനമുള്ളിടത്തോളം കാലം ഈ മഹാന്റെ ശ്രമത്തെ അറിഞ്ഞ് അഭിനന്ദിക്കേണ്ടതും, നിൎവ്യാജമായ കൃതജ്ഞതയോടുകൂടി അദ്ദേഹത്തിന്റെ സ്മരണ സൎവ്വകാലവും നിലനിൎത്തുവാൻ ഉത്സാഹിക്കേണ്ടതും ആൎയ്യസന്താനങ്ങളായ നമ്മുടെ ഒരു മുഖ്യകൃത്യമാകുന്നുവെന്നു നിസ്സംശയം പറയാം.

കെ. ഡബ്ളിയു മാധവ മാരാർ.

# സൂൎയ്യമണ്ഡലം

ഭൂമി സൂൎയ്യനെ ചുററും ഒരു പ്രദക്ഷിണംവെക്കുവാൻ രണ്ടു മാസം വേണം. സൂൎയ്യൻ ഭൂമിയെക്കാൾ നൂറുലക്ഷം മടങ്ങു ഘനമേറിയ വസ്തുവാകുന്നു. അതിന്റെ അന്തൎഭാഗത്തിൽ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന അഗ്നിയുടെ ഉഗ്രതകൊണ്ടും വായുക്കളുടെ ഞെരുക്കംകൊണ്ടും അവിടെയുള്ള ബാഷ്പപദാൎത്ഥങ്ങളിൽ ഓരോ അണുപോലും അതിതീവ്രമായ ഗതിയെ അവലംബിച്ച് ഏതൽപ്രദേശങ്ങളെ കാഠിന്യമേറിയ ലോഹങ്ങളെക്കാൾ ആയിരം മടങ്ങു ഉറപ്പുള്ളവയാക്കിത്തീൎക്കുന്നു. ഉറപ്പുള്ളത് എന്നു പറഞ്ഞതുകൊണ്ട് അവിടെ കട്ടിയായ ഘനപദാൎത്ഥങ്ങളുണ്ടോ എന്നു സംശയിപ്പാനിടയുണ്ട്. ഒരു നദി അതിവേഗമായി ഒഴുകുമ്പോൾ അതിലുള്ള അണുക്കൾക്കു പരസ്പരം ഘനപദാൎത്ഥങ്ങളിലുള്ള അണുക്കളെപ്പോലെ അത്ര ഐക്യവും ഉറപ്പും ഇല്ലെങ്കിലും പ്രത്യക്ഷത്തിൽ ഉള്ളതുപോലെയാണ് കാണുന്നത്. അതുപോലെ തന്നെ സൂൎയ്യമണ്ഡലത്തിന്ന് അണുക്കളുടെ തീക്ഷ്ണമായ ചലനംകൊണ്ട് ഒരു ഉറപ്പും കാഠിന്യവും സിദ്ധിക്കുന്നു എന്നു താല്പൎയ്യം. ഇനിയും ഒരുദാഹരണം പറയാം. ഒരു ചെറിയ ചങ്ങലയെ വൃത്താകാരത്തിൽ വളച്ചുപിടിച്ച് അതിതീവ്രമായി ചുററിയാൽ അത് ഇരുമ്പുകൊണ്ടുണ്ടാക്കിയ വളയംപോലെ അങ്ങോട്ടുമിങ്ങോട്ടും വളയാതെ ചുററും. ഇവിടെ ഇരുമ്പുചങ്ങലയിൽ ഒരു കണ്ണിക്കും മറെറാരു കണ്ണിക്കും ഒരു ഇരുമ്പുവളയത്തോളം അത്ര ഐക്യമില്ലെങ്കിലും യഥാൎത്ഥത്തിൽ ഉള്ളതുപോലെ കാണുന്നു. അപ്രകാരമാണ് സൂൎയ്യമണ്ഡലത്തിൽ കാണപ്പെടുന്ന ബാഷ്പപദാൎത്ഥങ്ങൾ അതിവേഗമായി ചുററുമ്പോൾ അണുക്കൾ തമ്മിൽ യോജിച്ച് ഒരു ഘനപദാൎത്ഥത്തെപ്പോലെ ഉറപ്പുള്ളതായിത്തീരുന്നത്.

സൂൎയ്യമണ്ഡലത്തിലെ ശീതോഷ്ണസ്ഥിതിയെ ഒരു ഊഷ്മമാപനയന്ത്രംകൊണ്ട് അളക്കുവാൻ സാദ്ധ്യമെങ്കിൽ ഏകദേശം പതിനായിരം ഡിഗ്രി ഉഷ്ണമുള്ളതായി കാണാം. ഒരുവിധത്തിലും നമ്മളാൽ ആവിയായി മാററുവാൻ കഴിയാത്ത എത്ര കാഠിന്യമേറിയ ധാതുവും അവിടെ വായുവായി പരിണമിക്കുമെന്നതിന്നു ലേശം സംശയമില്ല. പുരാതനകാലങ്ങളിൽ സൂൎയ്യമണ്ഡലം മുഴുവനും അംഗാരമേഘം (Clouds of carbon) അല്ലെങ്കിൽ കരിയിൽനിന്നുണ്ടാവുന്ന ബാഷ്പമേഘം കൊണ്ടു നിൎമ്മിക്കപ്പെട്ടതാണെന്നു പലരും വിശ്വസിച്ചുവന്നിരുന്നു. ഇതു തീരെ വിശ്വാസയോഗ്യമല്ലെന്നാണ് ആധുനികശാസ്ത്രജ്ഞന്മാരുടെ വാദം. അടുപ്പിന്നു സമീപം ഒരു മഞ്ഞുകട്ടയെ രൂപാന്തരരഹിതം സൂക്ഷിക്കുന്നത് എങ്ങിനെ പ്രകൃതിവിരുദ്ധവും അസംഭാവ്യവും ആണോ അതുപോലെ മേൽപ്രസ്താവിച്ച സംഗതിയും അസംഭാവ്യമാണ്.

സൂൎയ്യമണ്ഡലത്തിൽനിന്നു പലപ്പോഴും നീണ്ടു കോണിച്ച ജ്വാലാസമൂഹങ്ങൾ അനേകായിരം യോജന ദൂരത്തിലേയ്ക്കു പൊങ്ങുന്നതായി ശാസ്ത്രജ്ഞന്മാർ പറയുന്നു. പ്രത്യേകം ചില സമയങ്ങളിൽ അവ ഇതിലും ദീൎഘിച്ചുപോകുന്നുണ്ടത്രെ. തത്സമയം വലിയ കൊടുങ്കാറ്റുകളും ചുഴലിക്കാറ്റുകളും അതികഠിനമായി തിളങ്ങിക്കൊണ്ടിരിക്കുന്ന സൂൎയ്യമണ്ഡലത്തിൽ അടിക്കുകയും അവിടെ കറുത്ത് ഇരുണ്ട ചില കളങ്കങ്ങളെ അല്ലെങ്കിൽ കുത്തുകളെ വിശദമാക്കുകയും ചെയ്യുന്നു. ഈ ഘോരവഹ്നിയിൽ ഭൂഗോളം എങ്ങാനും അകപ്പെട്ടുപോയാൽ നമ്മുടെ അവസ്ഥ എന്തായിത്തീരുമെന്ന് എടുത്തു പറയേണ്ടാവശ്യമില്ല.

ഈ കൊടുങ്കാറ്റുകൾക്കും അഗ്നിശിഖകൾക്കും പുറമെ സൂൎയ്യമണ്ഡലത്തിന്നു ചില പ്രത്യേക വൈശിഷ്ട്യങ്ങൾ ഉണ്ട്. സൂൎയ്യന്നു സ്വന്തം അച്ചുതണ്ടിൽ ഒരു പ്രാവശ്യം ചുററുവാൻ മുപ്പതു ദിവസങ്ങൾ വേണം. എന്നാൽ അതിന്റെ മദ്ധ്യപ്രദേശങ്ങൾക്ക് അവിടുന്നു നാല്പതു ഡിഗ്രി തെക്കും വടക്കും അകലെ കിടക്കുന്ന മററു പ്രദേശങ്ങളെക്കാൾ രണ്ടു ദിവസം മുമ്പു ചുററിത്തീൎപ്പാൻ സാധിക്കും. അതുകൊണ്ട് അവിടെ വാഷ്പാകാരത്തിൽ സ്ഥിതി ചെയ്യുന്ന പലവിധപദാൎത്ഥങ്ങൾക്കും ചലനസൌകൎയ്യം ധാരാളം ഇല്ല. അവ ഒന്നിന്മേൽ ഒന്നു മുട്ടി തഴച്ചിപ്പോകുന്നുണ്ടെന്നും അതിനാൽ സൂൎയ്യമണ്ഡലത്തിൽ ഒരു വിശേഷമായ കലക്കം കൂടി ഉണ്ടാകുന്നുണ്ടെന്നും ഊഹിക്കാം.

സൂൎയ്യമണ്ഡലത്തിന്റെ ഏതുഭാഗത്തു നിന്നാണ് നമുക്കു ദിവസംപ്രതി ഇത്ര വിശേഷമായ വെളിച്ചം കിട്ടുന്നത്? അതിതീക്ഷ്ണമായ ശോഭയോടെ സദാ ജ്വലിച്ചുകൊണ്ടിരിക്കുന്ന അതിന്റെ ഉപരിഭാഗത്തിൽനിന്നാണ് അത് ഉത്ഭവിക്കുന്നത്. ഈ പ്രദേശത്തിന്നു പാശ്ചാത്യജ്യോതിശ്ശാസ്ത്രജ്ഞന്മാർ ഫോട്ടോസ്പിയർ (Photosphere) എന്ന് ഇംഗ്ലീഷിലും സൂൎയ്യമണ്ഡലം എന്ന് ആകപ്പാടെ നാം മാതൃഭാഷയിലും പേർ പറഞ്ഞുവരുന്നു. ഇതിനുമീതെ ബ്രാഷ്പദ്രവ്യങ്ങളുടെ ഘനം (Aerostatic Pressure) വ്യാപിക്കുന്നില്ല. ഇതിനു മേല്പോട്ടുള്ള വസ്തുക്കൾ ഇതരസഹായംകൂടാതെ തന്നെ സ്വന്തം നില ഉറപ്പിച്ചുകൊള്ളുന്നു. സൂൎയ്യമണ്ഡലത്തിൽ രണ്ടുതരം വായുക്കൾ അടങ്ങീട്ടുണ്ട്. സ്ഥാനം അനുസരിച്ച് അവയെ രണ്ടു തട്ടിയായി വിചാരിക്കാം. ഒന്നാമതായി വിശേഷപ്പെട്ട ലോഹങ്ങൾ വാഷ്പാകാരത്തിൽ ജ്വലിച്ചുകൊണ്ടിരിക്കുന്ന ഒരു തട്ടി. ഇതിന്ന് ഏകദേശം അറുനൂറു നാഴികയോളം ഘനം കാണും. സൂൎയ്യരശ്മിസംബന്ധമായ 'സ്പെൿട്രം' (Spectrum) പരിശോധിച്ചാൽ അതിൽ നാനാവിധ വൎണ്ണഭേദങ്ങൾക്കും മദ്ധ്യേ കറുത്തിരുണ്ട ചില വരകൾ സ്പഷ്ടമായി കാണാം. ഈ വരകൾക്കു കാരണം മേൽപ്പറഞ്ഞ ലോഹങ്ങളാണത്രെ. ഇതിന്നുമീതെ ഉള്ള ഒരു തട്ടിയിൽ ഏററവും നേൎമ്മയുള്ളതും ഘനം ചുരുങ്ങിയതുമായ 'ഹൈഡ്രജൻ' (Hydrogen) മുതലായ വായുക്കൾ അടങ്ങിയിരിക്കുന്നു. ഈ പ്രദേശം തുടുത്ത നിറത്തോടുകൂടിയതാകുന്നു. ഇതു സൂൎയ്യമണ്ഡലം വിട്ടു മേല്പോട്ട് അനേകായിരം യോ

ജന വിസ്താരത്തിൽ കിടക്കുന്നു. മൂന്നാമതായി ഒരുട്ടിയുംകൂടി ഉണ്ട്. ഇവിടെ അതിവിശേഷമായ ഒരു ശോഭ പ്രത്യക്ഷപ്പെടുന്നു. അതു സൂൎയ്യന്നു ചുററും വൃത്താകാരത്തിൽ പരന്നുകിടക്കുന്നു. ഇതിന്നു രാശിചക്രത്തിൽ കാണപ്പെട്ട വെളിച്ചം എന്നു പേർ പറയാം (Zodiacal Light). പക്ഷെ ഭൂമിയുടെ ചലനമാൎഗ്ഗത്തിന്നപ്പുറം (Earth's orbit) കൂടി ഈ വെളിച്ചം വ്യാപിക്കുന്നുണ്ടോ എന്നു ഊഹിപ്പാൻ തക്ക കാരണങ്ങൾ ഉണ്ട്.

ഒരു പൂൎണ്ണ സൂൎയ്യഗ്രഹണദിവസം സൂൎയ്യമണ്ഡലം നമ്മുടെ കാഴ്ചയിൽനിന്നു സ്വല്പസമയത്തിന്നു മറഞ്ഞുപോകുന്നു. അപ്പോൾ ഒരു ഭൂതക്കണ്ണാടിയിൽകൂടി സൂൎയ്യമണ്ഡലത്തെ പരിശോധിച്ചാൽ അനേകം വിശേഷപ്പെട്ട കാഴ്ചകൾ കാണാം. മുൻവിവരിച്ച രണ്ടാം അട്ടക്കിലുള്ള ഹൈഡ്രജൻ വായു കത്തുന്നതാകുന്നു നമുക്കു ഒന്നാമതായി വെളിവാകുന്നത്. രണ്ടാമതായി ഒന്നാം അട്ടക്കിലുള്ള ലോഹവായുക്കൾ പഴുത്തു ജ്വലിക്കുന്നതും ഒരു ആഗ്നേയഗിരി പൊട്ടുംപോലെ പൊട്ടിത്തെറിക്കുന്നതുമാണ്. ബിംബം മുഴുവൻ മൂടപ്പെട്ടു ചുററും പല വിധവൎണ്ണങ്ങൾ അടങ്ങിയ ഒരു ദിവ്യതേജസ്സോടുകൂടി സൂൎയ്യൻ വിളങ്ങുന്ന ഒരവസരമാണ് നാം മൂന്നാമതായി കാണുന്നത്. ഈ ദിവ്യതേജസ്സിന്നു കൊറോണ (Corona)) എന്നു പാശ്ചാത്യജ്യോതിശ്ശാസ്ത്രജ്ഞന്മാർ പേർ പറയുന്നു.

സൂൎയ്യമണ്ഡലത്തിൽ ഉഷ്ണം ഒരിക്കലും ക്ഷയിക്കാതിരിപ്പാൻ കാരണമെന്തു? ഹെംഹോൾട്സ് (Hemholts) എന്ന ജ്യോതിശ്ശാസ്ത്രജ്ഞന്റെ അഭിപ്രായത്തിൽ ഇതിന്നു കാരണം അവിടെയുള്ള വായുക്കളുടെ ഞെരുക്കവും വേഗവും ഒഴികെ മറെറാന്നുമല്ലെന്നാണ്. എന്തെന്നാൽ സൂൎയ്യമണ്ഡലത്തിന്റെ ഉപരിഭാഗത്തുള്ള അണുക്കൾ ക്രമേണ തണുത്തുചുരുങ്ങുകയും ഉടനെ അവയുടെ തീവ്രഗതി കുറയുകയും ചെയ്യുന്നു. അപ്പോൾ സൂൎയ്യൻ അവയെ തന്റെ മദ്ധ്യമനയിലേക്ക് ആകൎഷിക്കുന്നു. എന്നാൽ സൂൎയ്യന്റെ ആകൎഷണം നിമിത്തം സൂൎയ്യമണ്ഡലം സമീപിക്കുംതോറും ഈ അണുക്കളുടെ ചൂടും വേഗവും വീണ്ടും വൎദ്ധിച്ചുവരുന്നു. ഒടുവിൽ സൂൎയ്യമണ്ഡലത്തിൽ എത്തിക്കഴിഞ്ഞാൽ അവയുടെ വേഗം ഏററവും ഉന്നതസ്ഥിതിയെ പ്രാപിക്കയും, പരക്കെ ഉഷ്ണം കഠിനമായി വൎദ്ധിക്കയും ചെയ്യുന്നു. ഇപ്രകാരം ഉപരിഭാഗത്തിൽനിന്നു മദ്ധ്യമനസ്സു സദാ ഈ അണുക്കൾ ആകൎഷിക്കപ്പെടുന്നു. അതിനാൽ ഉഷ്ണം സദാ വൎദ്ധിച്ചുകൊണ്ടിരിക്കയും ചെയ്യുന്നു. എന്നാൽ ഈ അണുക്കൾ വീണ്ടും അതിശക്തിയോടെ ഉപരിഭാഗത്തിലേക്കു തള്ളപ്പെടുന്നു. അപ്പോൾ അവയുടെ ശക്തിയും വേഗവും കുറഞ്ഞുപോകുന്നതും ഉണ്ട്. ഇപ്രകാരം ഈ അണുക്കൾ തള്ളപ്പെടുകയും വീണ്ടും ആകൎഷിക്കപ്പെടുകയും ചെയ്യുന്നതിനാലാണ് സൂൎയ്യന്റെ ശക്തി നിരന്തരമായിരിക്കുന്നത്. അതുകൊണ്ട് ഈ ശ്വാസോച്ഛ്വാസം തന്നെയാണ് അതിന്റെ ജീവവായു. ഉപരിഭാഗത്തിൽ ഉഷ്ണം കുറയുന്തോറും സൂൎയ്യന്റെ ശക്തി വൎദ്ധിച്ചുവരുന്നു. എന്നാൽ അണുക്കൾക്കു യഥാവിധി ചലനസൌകൎയ്യം ഉള്ളപ്പോൾ മാത്ര

മേ ഇതു സംഭവിക്കുകയുള്ളൂ എന്നു പ്രകൃതിശാസ്ത്രം സിദ്ധാന്തിക്കുന്നുണ്ട്. ചലനസൌകൎയ്യമുള്ളേടത്ത് ഒരു ബാഷ്പസഞ്ചയത്തെ നല്ലവണ്ണം ഞെക്കി അമൎത്തി ആകൃതിയിൽ പകുതിയും ഘനത്തിൽ എട്ടിലൊരംശവും ആക്കിത്തീൎത്താൽ അവസാനത്തിൽ അതിന്റെ ചൂട് ഇരട്ടി വൎദ്ധിച്ചിട്ടുള്ളതായിക്കാണാം. ഇതു പ്രകൃതിശാസ്ത്രസംബന്ധമായ ഒരു പ്രധാന തത്വമാകുന്നു. എന്നാൽ ബാഷ്പാണുക്കളെ ഇപ്രകാരം ഞെക്കിയമൎത്തുമ്പോൾ ഇതിലും എത്രയോ അധികം ഉഷ്ണം ജനിക്കുന്നുണ്ട്. പക്ഷെ അത് ഒരണുവിൽ നിന്നു മറ്റൊന്നിലേക്കു വ്യാപിച്ച് ഒടുവിൽ പദാൎത്ഥമാസകലം സമമായ ചൂടുള്ളതായി തീരുമ്പോൾ അതിൽ ഏതാനും ഭാഗം അസ്പഷ്ടമായിത്തീരുന്നു. അതുകൊണ്ടു അവസാനത്തിൽ രണ്ടിരട്ടി ഉഷ്ണം ഉള്ളതായിട്ടേ പ്രത്യക്ഷത്തിൽ നാം കാണുന്നുള്ളൂ. ഒരു പദാൎത്ഥത്തിൽ എല്ലാ അണുക്കളിലും ഒരുപോലെ ചൂടു വ്യാപിക്കുന്നതിൽ എത്ര അളവു ചൂടു അസ്പഷ്ടമാകുമെന്ന കണക്കു പദാൎത്ഥത്തിന്റെ പ്രകൃതിയെ അനുസരിച്ചിരിക്കും. അണുക്കളുടെ ഒഴുക്കിന്നു വിഘ്നമില്ലാതിരുന്നാൽ ഏറ്റവും ഘനമുള്ള അണുക്കൾ സൂൎയ്യമണ്ഡലത്തിന്റെ അന്തൎഭാഗത്തിൽ ഒടുവിലത്തെ അട്ടിയിൽ ഓടി ഒളിക്കുന്നു. മേല്പോട്ടു കയറുന്തോറും അണുക്കളുടെ ഘനം ക്രമമായി ചുരുങ്ങിവരികയും ഒടുവിൽ ഉപരിഭാഗത്തിലെത്തുമ്പോൾ ഏറ്റവും ഘനം ചുരുങ്ങിയതായ ഹൈഡ്രജൻ,(Hydrogen) ഹീലിയം, (Helium) നെബ്യൂലിയം, (Nebulium) മുതലായ വായുക്കൾ കത്തിക്കൊണ്ടിരിക്കയും ചെയ്യുന്നതായി കാണാം.

അണുമയമായ ഒരു ബാഷ്പസഞ്ചയത്തിന്മേൽ ബാഹ്യമായ ഒരു ശക്തിയും പ്രവൎത്തിക്കാത്തപക്ഷം അതിന്റെ ഉപരിഭാഗത്തിൽ യാതൊരു കലക്കവും ഉണ്ടാവുന്നതല്ല. എന്നാൽ സൂൎയ്യമണ്ഡലത്തിൽ സദാ കലക്കമുള്ളതായിട്ടാണു നാം കണ്ടുവരുന്നത്. അതിന്റെ കാരണം എന്തായിരിക്കാം? രാശിചക്രത്തിൽ ഒരു പ്രത്യേകശോഭ കാണപ്പെടുന്നുണ്ടെന്നു മുൻപ്രസ്താവിച്ചുവല്ലോ. ഈ വെളിച്ചം സൂൎയ്യമണ്ഡലത്തിന്റെ ഒരു ഉപാംഗമാണെന്നു പറയാം. അവിടെ തിങ്ങിനില്ക്കുന്ന ഉൽക്കാണുക്കളിൽ (Meteoric Particules) നിന്നാണ് അതുത്ഭവിക്കുന്നത്. സൂൎയ്യമണ്ഡലം മുഴുവനും ഉൽക്കാണുമയമാണെങ്കിലും ഉപാംഗസ്ഥമായ ഈ അണുക്കൾ തീവ്രമായി ചുറ്റുന്നതുകൊണ്ട് അവയെ ആകൎഷിച്ചെടുത്തു മറ്റണുക്കളോടു സംയോജിപ്പിച്ചുകൊള്ളുവാൻ സൂൎയ്യന്ന് അശക്യമായി ഭവിക്കുന്നു. അതിവേഗമായി ചുറ്റിക്കൊണ്ടിരിക്കുന്ന രണ്ടു ബ്രഹ്മാണ്ഡങ്ങൾ തമ്മിൽ മുട്ടി മറ്റു ചില അണ്ഡങ്ങളുടെ ഉല്പത്തിക്കു കാരണമായിത്തീരുന്നു. സൂൎയ്യന്റെ ഉല്പത്തി തദനുസരണം ഉണ്ടായതെന്നാണ് ചില ശാസ്ത്രജ്ഞന്മാരുടെ അഭിപ്രായം. എന്നാൽ സൂൎയ്യനിബന്ധനഗ്രഹമണ്ഡലത്തിലുള്ള ഗ്രഹങ്ങൾ ഇപ്രകാരം ഉണ്ടായവയല്ല. സൂൎയ്യനിൽനിന്നും എത്രയോ ദൂരസ്ഥമായ ഉൽക്കാപിണ്ഡങ്ങൾ ഈ മുട്ടലിൽ അകപ്പെടാതെ വളരെ വേഗത്തോടുകൂടി ചലിച്ചുകൊണ്ടിരുന്നുവെന്നും ക്രമേണ അ

വ അന്യസഹായംകൂടാതെ സ്വന്തം ചലനമാൎഗ്ഗത്തിൽ നില ഉറപ്പിച്ച് ഓരോ ഗ്രഹമായിത്തീൎന്നു എന്നും മററുമാണ് പൊതുവായ അഭിപ്രായം.

രാശിചക്രസംബന്ധമായ ഒരു വെളിച്ചമുണ്ടെന്നും അതു അസംഖ്യം ഉല്ക്കാണുക്കളിൽനിന്നുത്ഭവിക്കുന്നുവെന്നും മററും മുൻ പ്രസ്താവിച്ചിട്ടുണ്ട്. ഈ അണുക്കൾ ഓരോന്നും അനാശ്രിതമായ ഓരോ ചെറിയ പാന്ഥാവിൽകൂടി സൂൎയ്യനു ചുററും പ്രദക്ഷിണം ചെയ്യുന്നു. ഈ പന്ഥാക്കൾ മിക്കവാറും അണ്ഡാകൃതി (In the form of an Ellepse) യിൽ ആയിരിക്കും. സൂൎയ്യൻ ഇവയെ ആകൎഷിക്കുന്നു. അപ്പോൾ അവയുടെ വേഗം വൎദ്ധിക്കുന്നു. ഒരു നിമിഷത്തിൽ അവ പതിനെണ്ണായിരം മൈൽസ് വീതം യാത്രചെയ്യുന്നുവത്രെ. അതുകൊണ്ടു അവ അനായാസേന സൂൎയ്യന്റെ സഹജമായ ശക്തിയെ വൎദ്ധിപ്പിക്കുന്നുണ്ടെന്നു തെളിയുന്നു. ഇത്ര വേഗം ഓടുന്ന ഒരു ധാതുവിന്നു അതേ അളവുള്ള ഒരു കഷണം പാറമരുന്നി (Dynamite) നേക്കാൾ ഇരുപതിനായിരത്തിലധികം ഇരട്ടി ശക്തിയുള്ളതായി കണ്ടുപിടിച്ചിരിക്കുന്നു. എന്നാൽ അതിന്റെ ശക്തി സൂൎയ്യമണ്ഡലത്തിൽ വ്യാപിക്കുമ്പോൾ ഉണ്ടാവുന്ന കലക്കത്തിന്റെ ശക്തി അതിന്റെ യാത്രാമാൎഗ്ഗം അനുസരിച്ചിരിക്കും. എന്നാൽ മിക്കവാറും അണുക്കൾ സൂൎയ്യചലനപഥത്തിന്റെ സ്പൎശരേഖാമാൎഗ്ഗമായിട്ടാണ് (Tangentially) സൂൎയ്യമണ്ഡലത്തിൽ വന്നടിക്കുന്നത്. രാശിചക്രസംബന്ധമായ വെളിച്ചത്തിന്റെ കിടപ്പു കണ്ടാൽ മേൽപ്പറഞ്ഞ ധാതുക്കളുടെ ചലനപഥം (Orbit) മദ്ധ്യരേഖാപ്രദേശങ്ങളിലായി കിടക്കുന്നുണ്ടെന്നു ഊഹിക്കാം. എന്നാൽ ഈ മദ്ധ്യരേഖയുടെ നിരപ്പും (Plane of the Equator) ഭൂചലനപഥത്തിന്റെ നിരപ്പും (Plane of the Earth's orbit) ഒന്നല്ലാത്തതുകൊണ്ടും അവ അനേക ഡിഗ്രി ദൂരം വ്യത്യാസപ്പെട്ടിട്ടുള്ളതുകൊണ്ടും മേപ്പടി ധാതുക്കളുടെ ചലനമാൎഗ്ഗങ്ങൾ മദ്ധ്യരേഖയിൽനിന്നു എത്രയോ ദൂരസ്ഥമായിരിപ്പാനിടയുണ്ട്.

ഒരു ടൺതൂക്കം പാറമരുന്നിന്നു പൊട്ടിത്തെറിക്കുമ്പോൾ എത്ര ശക്തിയുണ്ടാവുമോ അതിലും ഇരുപതിനായിരം ഇരട്ടി ശക്തി സമഘനമുള്ള ഉല്ക്കാണുവിന്നുണ്ട്. ഇത്രയും ശക്തിയുള്ള ധാതുക്കളാണ് ബാഷ്പമയമായ സൂൎയ്യമണ്ഡലത്തെ മേല്പോട്ടു തിക്കിത്തിരക്കിക്കയറുന്നത്. ഈ ശക്തി സൂൎയ്യമണ്ഡലത്തിന്റെ ഏററവും ഉയൎന്ന പ്രദേശങ്ങളെ മാത്രം ബാധിക്കുന്നതുകൊണ്ട് അവിടെയാണ് സൂൎയ്യന്റെ വ്യത്യസ്തഗതി ഏററവും ആധിക്യത്തെ പ്രാപിക്കുന്നത്. അതുകൊണ്ടു നാം ഏററവും ഉന്നതപ്രദേശങ്ങളിൽനിന്നു സൂൎയ്യന്റെ ഛായ എടുക്കുന്നതായാൽ ഏററവും കഠിനമായ കലക്കവും കൊടുങ്കാററുകളും സൂൎയ്യമണ്ഡലത്തിൽ ഉണ്ടായിരുന്ന മാതിരി ആ ഛായയിൽ കാണപ്പെടും. ഛായ എടുക്കുന്ന സ്ഥലം കീഴ്പ്പോട്ടിറങ്ങുന്തോറും ഛായയിൽ ഈ കലക്കം ക്രമേണ ചുരുങ്ങി വരുന്നതായും കാണാം.

ഹൈഡ്രജൻ മുതലായ വായുക്കളടങ്ങിയതും തുടുത്ത നിറത്തോടു കൂടിയതുമാ

യ ഒരു പ്രദേശം സൂൎയ്യബിംബത്തിലുണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. ഒരു നിമിഷത്തിൽ പതിനെണ്ണായിരം മൈത്സ് വീതം ഓടുന്ന ഒരു ധാതു അതിന്റെ വേഗത്തിൽനിന്നുത്ഭവിക്കുന്ന ഉഷ്ണംകൊണ്ടുതന്നെ ആവിയായിപ്പരിണമിക്കുമെന്നതിന്നു സംശയമില്ല. സദാ ചലിച്ചുകൊണ്ടിരിക്കുന്ന ഒരു വായുസഞ്ചയം സമീപസ്ഥമായ മറ്റു വായുസഞ്ചയങ്ങളെ ഇളക്കിത്തീൎക്കയും ചെയ്യും. ഈ ന്യായമനുസരിച്ചു ഉപരിഭാഗത്തിൽ ജ്വലിക്കുന്ന ബാഷ്പസഞ്ചയങ്ങളെ സൂൎയ്യൻ ആകൎഷിക്കുമ്പോൾ സമീപത്തിലുള്ള ഹൈഡ്രജൻ വായുവും അതോടൊന്നിച്ച് ആകൎഷിക്കപ്പെടുന്നു. എന്നാൽ ആദ്യം ആകൎഷിക്കപ്പെട്ട വായുക്കൾ അതിശക്തിയോടെ സൂൎയ്യമണ്ഡലത്തിൽ പാഞ്ഞെത്തി മാൎഗ്ഗത്തിൽ ഒരു വിഘ്നമായി തിങ്ങിനില്ക്കുന്ന മറ്റുവായുക്കളെ തിക്കിത്തിരക്കി മാറ്റി നിൎത്തിയുംകൊണ്ട് അകത്തു പ്രവേശിക്കുന്നു. ഉടനെതന്നെ അതിന്റെ ശക്തിക്കു ബലക്ഷയമേല്ക്കുന്നതിനാൽ ഹൈഡ്രജൻ വായുവിനെ പുറത്തുവിട്ടേച്ചുപോകുന്നു. എന്നാൽ തിക്കും തിരക്കും സഹിക്കവയ്യാതെ തല്ക്കാലം മാൎഗ്ഗം ഒഴിച്ചുനിന്നു മറ്റു വായുസഞ്ചയങ്ങൾ ഞെരുക്കമില്ലെന്നു കണ്ടാൽ പെട്ടെന്നു വികസിക്കയും പൂൎവ്വസ്ഥാനം പ്രാപിപ്പാൻ ശ്രമിക്കയും നിമിഷനേരംകൊണ്ടു ഹൈഡ്രജൻ വായുവിനെ അളവററ ദൂരത്തിൽ പൊട്ടിത്തെറിപ്പിക്കയും ചെയ്യുന്നു. ഈ പ്രകൃതിവിശേഷം ഒരു ആഗ്നേയഗിരി പൊട്ടിത്തെറിക്കുന്നതുപോലെ വളരെ ശക്തിയോടും ഭയങ്കരമായുമിരിക്കുമെന്നതിന്നു സംശയമില്ല.

എന്നാൽ ഈ അഗ്നിപ്രവൃത്തത്തിന്റെ ശക്തി മിക്കവാറും ഹൈഡ്രജൻവായുവിനെ പുറത്തു വിസൎജ്ജിക്കുന്നതിൽതന്നെ ചിലവായിപ്പോകുന്നു. എന്നാൽ ആദ്യം പൊട്ടിത്തെറിക്കുമ്പോൾ അതിന്നു അകത്തു പ്രവേശിച്ച ധാതുവിനേക്കാൾ എത്രയോ അധികം ശക്തി ഉണ്ടായിരിക്കണം. എന്തുകൊണ്ടെന്നാൽ പൊട്ടിയ ഉടനെതന്നെ മേൽഭാഗത്തുള്ള ഭാരം ശമിക്കുന്നതിനാൽ അകത്ത് അഗാധത്തിൽ കിടന്നിരുന്ന പദാൎത്ഥങ്ങൾ പെട്ടെന്ന് വികസിക്കയും ഒരേസമയം പുറത്തു ചാടുവാൻ യത്നിക്കയും ചെയ്യുന്നു.

കൊടുങ്ങല്ലൂർ ദേശത്തു ഇയ്യിടെ വിശേഷമായ ഒരുതരം കല്ലുകൾ വീണതായി വൎത്തമാനക്കടലാസ്സിൽ പ്രസ്താവിച്ചിട്ടുണ്ടായിരുന്നുവല്ലോ. ഈ കല്ലുകൾക്കു മീട്ടിയോർ (Meteors) എന്നാണ് ഇംഗ്ലീഷിൽ പേർ പറയുന്നത്. ഇതുപോലെയുള്ള കല്ലുകൾ അല്ലെങ്കിൽ ഉല്ക്കാപിണ്ഡങ്ങൾ ഭൂമിയിൽ മാത്രമല്ലാ സൂൎയ്യമണ്ഡലത്തിലും വീഴാറുണ്ട്. ഇതിന്നുപുറമെ സൂൎയ്യനിൽ ചിലപ്പോൾ വിശേഷവിധിയായ മിന്നൽപ്പിണരുകൾ കാണപ്പെടുന്നുണ്ട്. ഉടനെതന്നെ ഭൂമിയിൽ കാന്തഗുണമുള്ള കൊടുങ്കാററുകൾ വീശുന്നതായും സൂൎയ്യമണ്ഡലം ഒരു ദിവ്യശോഭകൊണ്ടു അലങ്കരിക്കപ്പെട്ടതായും സദാ ശാസ്ത്രജ്ഞന്മാർ കണ്ടിട്ടുള്ളതായി പ്രസ്താവിക്കുന്നു.

ഈ കല്ലുകൾ ഏറെ വലിയതല്ലാത്തപക്ഷം ഗതിവേഗത്തിൽനിന്നുത്ഭവിക്കുന്ന ഉഷ്ണത്തിൽതന്നെ വെന്തു ആവിയായി പരിണമിക്കുന്നു. അല്ലാത്തപക്ഷം

അവ സൂൎയ്യമണ്ഡലത്തിൽ വീണു് പൊട്ടിത്തെറിക്കയും ചെയ്യുന്നു. അഗ്നിപൎവ്വതശിഖരത്തിൽകൂടി അഗാധത്തിൽ കിടക്കുന്ന പദാൎത്ഥങ്ങൾ കൂട്ടംകൂട്ടമായി പുറത്തു ചാടുകയും, ഒടുവിൽ ഭാരം ആഴത്തിലും ആകൃതിയിലും വൎദ്ധിക്കുന്തോറും ഏററവും അഗാധത്തിൽ കിടക്കുന്നതായ ലോഹങ്ങൾകൂടി പൊട്ടിപ്പുറപ്പെടുകയും ചെയ്യുന്നു. അതിവേഗമായി ചലിക്കുന്നതുകൊണ്ടു സൂൎയ്യമണ്ഡലം വളരെ ഉറപ്പുള്ളതായിത്തീരുന്നു. എന്നാൽ കീഴ്പ്പോട്ടുള്ള ഭാരം ശമിക്കുമ്പോൾ അതിൽനിന്നു മേല്പോട്ടു് ഒരു ആവിയൊഴുക്കും അഗ്നിപൎവ്വതശിഖരത്തിന്റെ ഇരുപാൎശ്വങ്ങളിൽകൂടി താഴോട്ടു ഒരു ആവിയൊഴുക്കും ഉണ്ടാകുന്നു. എന്നാൽ മേല്പോട്ടുള്ള ഒഴുക്കിന്റെ ശക്തിയെ വിപരീതമായ മററെ ഒഴുക്കു ദുൎബ്ബലപ്പെടുത്തുന്നു. പക്ഷേ ഇതു എല്ലായ്പോഴും സംഭവിച്ചു എന്നു വരില്ല. ആകൎഷിക്കപ്പെട്ട കല്ലുകൾ ഏററവും വലുതായിരുന്നാൽ മേല്പോട്ടുള്ള ഒഴുക്കിനു യാതൊരു വാട്ടവും തട്ടുന്നതല്ല. എന്നുമാത്രമല്ല ഈ ഒഴുക്കിന്റെ ശക്തികൊണ്ടു് അനേകയോജന ദൂരം ദീൎഘിച്ചു കിടക്കുന്ന സൂൎയ്യകിരണങ്ങളെ അതു ഉളവാക്കുകയും ചെയ്യുന്നു.

അണുമയമായ ഉല്ക്കാസഞ്ചയങ്ങൾ തമ്മിൽ മുട്ടി സൂൎയ്യന്റെ സഹജമായ ശക്തിയെ സ്വതന്ത്രപ്പെടുത്തുന്നതിനാൽ ചില കറുത്ത കുത്തുകൾ ഉണ്ടാവുന്നു. സൂൎയ്യസംബന്ധമായ ചില കൊടുങ്കാററുകൾക്കും ഇതേകാരണംതന്നെ. പക്ഷേ ഈ കൊടുങ്കാററുനിമിത്തമുണ്ടാവുന്ന കലക്കംതന്നെയാണു് നമ്മുടെ കാഴ്ചയിൽ കറുത്ത കുത്തുകളായി തോന്നുന്നതു് എന്നും സംശയിക്കാം. അതുകൊണ്ടു് ഈ കുത്തുകൾ ഉണ്ടാവുന്നതു സൂൎയ്യമണ്ഡലം വികസിക്കുമ്പോളാണെന്നു പറഞ്ഞാൽ ശരിയായിരിക്കും. എന്നാൽ മദ്ധ്യേയിരിക്കുന്ന ആഗ്നേയഗിരിയുടെ ശിഖരം നമ്മുടെ കാഴ്ചയിൽനിന്നു ഒരിക്കലും മറയാതെ ഈ കലക്കസമയത്തുകൂടി പൂൎവ്വസ്ഥിതിയിൽ വ്യക്തമായി നമുക്കു കാണപ്പെടുന്നു. മേല്പോട്ടു തെറിച്ചുപോയ പദാൎത്ഥങ്ങൾ ക്രമേണ തണുത്തു സൂൎയ്യമണ്ഡലത്തിൽ വീണ്ടും പതിക്കുന്നതിനാൽ പ്രകാശമുള്ളവയായിത്തീരുന്നു.

ഈ കുത്തുകൾ ഒററയൊററയായിട്ടും അസംഖ്യം ഒന്നിച്ചുചേൎന്നു് നീണ്ടവരകളായിട്ടും കാണപ്പെടുന്നു. ഏററവും വലുതായ ഈ കുത്തുകൾ ഉണ്ടാവുന്നതു് വാൽനക്ഷത്രങ്ങളിൽനിന്നാണെന്നു ഒരഭിപ്രായം ഉണ്ടു്. വ്യാഴൻ അനേകം വാൽനക്ഷത്രങ്ങളെ ആകൎഷിച്ചു് സൂൎയ്യസന്നിധാനത്തിൽ ചേൎക്കുന്നുവെന്നും അങ്ങിനെ ചേൎക്കപ്പെട്ട വാൽനക്ഷത്രങ്ങൾ മിക്കവാറും സൂൎയ്യന്റെ ആകൎഷണശക്തിയിൽ അകപ്പെട്ടു പൊട്ടിച്ചിതറിപ്പോകുന്നുവെന്നും ഇതു ഒരു സാധാരണ സംഭവമാണെന്നും സ്ലൂററർ എന്നൊരുജ്യോതിശ്ശാസ്ത്രജ്ഞൻ അഭിപ്രായപ്പെട്ടിട്ടുണ്ടു്. ഇങ്ങിനെ ഛിന്നഭിന്നമായിപ്പൊട്ടിത്തെറിച്ച കഷ്ണങ്ങളുടെ പ്രേരണാശക്തികൊണ്ടാകുന്നു ഈ വലിയതരം കുത്തുകൾ ഉണ്ടാവുന്നതു്.

പൂൎണ്ണഗ്രഹണദിവസം ആദിത്യന്നു ചുററും കാണുന്ന തേജസ്സ് വിദ്യുച്ഛക്തിയിൽനിന്നുണ്ടാവുന്നതാണു്. ധൂമകേതുക്കളുടെ വാൽ, മിന്നൽപ്പിണറുകൾ മുതലായ വിശേഷ ശോഭകളും വിദ്യുച്ഛ

ക്തിസംബന്ധമായവ തന്നെ. എന്നാൽ സൂര്യനിൽ വിദ്യുച്ഛക്തി എങ്ങിനെ ഉണ്ടാവുന്നു? സൂര്യഭഗവാന്റെ ശ്വാസോച്ഛ്വാസവായുവെന്നപോലെ രണ്ടു വായുകഴകൾ സൂര്യമണ്ഡലത്തിൽ ഉണ്ടെന്നു മുമ്പു പ്രസ്താവിച്ചുവല്ലൊ. ഇവ രണ്ടും തമ്മിൽ മുട്ടുമ്പോൾ വിദ്യുച്ഛക്തി ഉണ്ടാവുന്നു. ഇതിന്റെ വെളിച്ചം ചുററുമുള്ള ബാഷ്പപദാർത്ഥങ്ങളിൽ വീഴുമ്പോൾ അവ പ്രകാശമുള്ളവയായിത്തീരുന്നു. മേൽ പ്രസ്താവിച്ച കറുത്ത പൊട്ടുകൾക്കും വിദ്യുച്ഛക്തിക്കും വളരെ സംബന്ധമുണ്ടെന്ന് ഊഹിക്കാം. എന്തുകൊണ്ടെന്നാൽ ഈ കുത്തുകൾക്കു വല്ല മാററവും സംഭവിച്ചാൽ ഉടനെ ഈ വെളിച്ചത്തിന്നും ഒരു മാററം നേരിടുന്നു. ഭൂമിയുടെ കാന്തശക്തികൂടി ഈ വിദ്യുച്ഛക്തിനിമിത്തം ഉണ്ടാവുന്നതാകുന്നു. കറുത്ത കുത്തുകൾ ഈ ശക്തിക്കു ഏതാനും മാററം ചിലപ്പോൾ മാത്രമെ ഉണ്ടാക്കുന്നുള്ളു.

വി. ആർ. കൃഷ്ണയ്യർ, ബി. എ.

# പുലയന്മാർ.

(തുടൎച്ച)

ഇവിടങ്ങളിൽ 20-ം 30-ം 100-ം വല്ലിയാളന്മാരുള്ള ജന്മികളും കൃഷിക്കാരുമുണ്ട്. ഉടമസ്ഥന്മാൎക്കുവേണ്ടി അവർ പകൽ മുഴുവനും വേലയെടുത്തും, രാത്രി വിളവുകാത്തും, അതിലേക്കു ആളൊന്നുക്കു രണ്ടുരണ്ടര ഇടങ്ങഴി നെല്ലു മാത്രം പററി അതുകൊണ്ടു സംതൃപ്തിയോടെ കാലംകഴിച്ചും വരുന്നു. എങ്കിലും അവർ കീഴിൽനിന്നും ഓടിക്കളഞ്ഞെങ്കിലൊ എന്നൊരു ഭയം ഉടമസ്ഥന്മാരുടെയുള്ളിൽ കടന്നുകൂടിട്ടുണ്ട്. എന്നാൽ അവരുടെ സ്ഥിതി കുറെക്കൂടെ നന്നാക്കണമെന്നൊ കൂലിയിലെന്തെങ്കിലും ഭേദഗതി ചെയ്യണമെന്നൊ അവർ വിചാരിക്കുന്നുമില്ല. ഇങ്ങിനെയൊക്കെയാണെങ്കിലും സ്വാതന്ത്ര്യം ലഭിച്ചതുകൊണ്ട് അവരുടെ സ്ഥിതിയിൽ യാതൊരു ഭേദവും വന്നിട്ടില്ലെന്നു പറവാനും വയ്യ. മുതലാളന്മാരുടെ ബന്ധനത്തിലാണെന്ന് അവൎക്കുള്ള ബോധം കുറേശ്ശെ കുറഞ്ഞുവരുവാൻ തുടങ്ങീട്ടുണ്ട്. ചിലർ യഥേഷ്ടം വയനാട്ടിലെ തോട്ടങ്ങളിലും കോലാറിലെ സ്വൎണ്ണഖനികളിലും പോയി പണിത് അധികക്കൂലി സമ്പാദിക്കുവാൻ തുടങ്ങീട്ടുമുണ്ട്. പിന്നെ, പാതിരിമാരുടെ ഉത്സാഹത്താലും ഇവരുടെ സ്ഥിതിക്കു വലിയ ഭേദം കണ്ടുവരുന്നുണ്ട്.

ജാതിയുടെ അവാന്തരവിഭാഗം.

പുലയരിൽ തന്നെയും പലേ അവാന്തരവിഭാഗങ്ങളുണ്ട്. മേൽജാതിക്കാർ അവരെല്ലാവരും ഒന്നുപോലെ നീചന്മാരാണെന്നു നിനച്ചു വരുന്നുണ്ടെങ്കിലും, അവരും 'നായർതമ്പ്രാക്കളുടെ' ഇടയിലെന്നപോലെ ഈ അവാന്തരവിഭാഗങ്ങൾ തമ്മിലുള്ള അല്പാല്പവ്യത്യാസങ്ങളെയും ആചാരസമ്പ്രദായനടവടിക

ളെയും വലിയ സാരമായി ഗണിച്ചും കൂടുതൽ ശ്രേഷ്ഠതയുണ്ടെന്നു നിനച്ചുവരുന്ന കൂട്ടർ അതിനെപ്പററി അഭിമാനിച്ചും മററവരെ താണവരായി തള്ളിയും കഴിഞ്ഞുവരുന്നുണ്ട്. 1901-ൽ കഴിഞ്ഞ കാനേഷുമാരിക്കണക്കുപ്രകാരം മലബാറിൽ ആകെ 37 അവാന്തരവിഭാഗങ്ങളാണ്. അവയിൽ മുഖ്യമായവ കണക്കച്ചെറുമന്മാർ, പുലച്ചെറുമന്മാർ, ഏരളന്മാർ, കുടന്മാർ, രോളന്മാർ എന്നിവയാകുന്നു. കൊച്ചിരാജ്യത്തിലെ വടക്കൻപ്രദേശങ്ങളിൽ, പ്രത്യേകിച്ചു ചിററൂർ താലൂക്കിൽ, ഏരളന്മാർ അല്ലെങ്കിൽ ഏറച്ചെറുമന്മാർ,* കൊങ്ങച്ചെറുമന്മാർ, കുടന്മാർ, കണക്കച്ചെറുമന്മാർ, പുലച്ചെറുമന്മാർ അല്ലെങ്കിൽ പശ്ചപ്പുലയന്മാർ എന്ന ഉപവർഗ്ഗങ്ങളെ കണ്ടുവരുന്നുണ്ട്. തെക്കൻ പ്രദേശങ്ങളിൽ കുളമാരി അല്ലെങ്കിൽ വള്ളുവപ്പുലയന്മാർ, വെട്ടുവന്മാർ അല്ലെങ്കിൽ വേട്ടുവപ്പുലയന്മാർ, തണ്ടപ്പുലയന്മാർ എന്നിങ്ങിനെ അവർ വിഭാഗിക്കപ്പെട്ടിരിക്കുന്നു. തിരുവിതാംകൂറിലെ വിഭാഗം ഇതിൽനിന്നും തീരെ വ്യത്യാസപ്പെട്ടതാണ്. ഓരോ ഉപവർഗ്ഗക്കാരും മററുള്ളവരേക്കാൾ ശ്രേഷ്ഠത്വം ഭാവിച്ചു വരുന്നുണ്ട്. ഇങ്ങിനെ വന്നു ഇവർ അന്യോന്യം പരിചയമൊ ബന്ധമൊ ഇല്ലാതെ വളരെക്കാലം മുമ്പു മുതൽക്കെ അകന്നിരുന്നു കഴിഞ്ഞുവരികകൊണ്ടായിരിക്കണം. അതിൽ ഒരു കൂട്ടർക്ക മററവരേക്കാൾ യഥാർത്ഥമായി ശ്രേഷ്ഠത്വം കൂടമെങ്കിൽ അതു അറിവാനൊ ശ്രേഷ്ഠത്വത്തിന്റെ ക്രമം നോക്കി അവരെ തിരിക്കുവാനൊ സാദ്ധ്യമല്ല. ഓരോ ഉപവർഗ്ഗവും 'ഇല്ല'മൊ, 'കൂട്ട'മൊ ആയി വീണ്ടും വിഭാഗിക്കപ്പെട്ടിട്ടുണ്ട്. ഒരേ കുടുംബം തമ്മിൽ കല്യാണബന്ധമുണ്ടാവാതിരിക്കേണ്ടതിന്നു കല്യാണകാര്യത്തിൽ ഏർപ്പാടുചെയ്യുമ്പോളെല്ലാം ദമ്പതിമാരുടെ ഇല്ലം അല്ലെങ്കിൽ കൂട്ടത്തെപ്പററി അവർ സൂക്ഷ്മത്തോളം മനസ്സിലാക്കും. തണ്ടേലത്തു കൂട്ടം, മൂത്താനംകൂട്ടം, പരുത്തിക്കൂട്ടം, കൊച്ചാനംകൂട്ടം, മണ്ണത്തുകൂട്ടം, നരിങ്കണക്കൂട്ടം എന്നിതുകളാണ് കൊച്ചിക്ക സമീപമുള്ള പുലയക്കൂട്ടങ്ങളുടെ പേരുകളിൽ ചിലവ. ഈ പേരുകൾ മുതലാളന്മാരുടെ വീട്ടുപേരുകളിൽ നിന്നൊ അല്ലെങ്കിൽ പൂർവ്വികന്മാർ അടിമപ്പെട്ടിരുന്നവരുടെ പേരുകളിൽനിന്നൊ എടുത്തിട്ടുള്ളതാണ്. എങ്കിലും കൂട്ടങ്ങൾക്ക അധികമായും മുതലാളന്മാരുടെ പേരുകളിൽനിന്നാണ് പേരു സിദ്ധിക്കുന്നത്.

കുടിയിടങ്ങൾ

പുലയരുടെ കുടിയിടങ്ങൾക്ക 'മാടങ്ങൾ' എന്നാണ് സാധാരണയായി പേർ പറയുക. അതുകൾ വയലുകളിലൊ വയൽവക്കുകളിലുള്ള വൃക്ഷച്ചുവടുകളിലൊ വിളവു കാക്കുന്നതിലേക്ക സൌകര്യമാവത്തക്കവിധം കെട്ടിയുണ്ടാക്കും. മേൽജാതിക്കാരെ തീണ്ടാതിരിക്കത്തക്കവണ്ണം അവരുടെ സഞ്ചാരപദ്ധതികളിൽനിന്ന് അകന്നുമിരിക്കും. കുറെക്കൂടി സൌകര്യവും സുഖകരവുമായവിധം ജീവിതം നയിക്കപ്പെടുന്നതായാൽ അവൎക്ക കൃഷിയിലേക്കുള്ള ശ്രദ്ധ കുറഞ്ഞുപോയെങ്കിലൊ എന്നു കരുതി ഭേദപ്പെട്ട മാടങ്ങൾ പണിയാൻ

---

* ഇവൎക്ക ഈഴവക്കുടികളുടെ 'ഏറ'വരെ ചെല്ലുവാൻ വിരോധമില്ലാത്തതിനാലാണ് ഈ പേർ സിദ്ധിച്ചിട്ടുള്ളത്.

ന്നവരെ അനുവദിച്ചിരുന്നില്ല. അവരുടെ മാടങ്ങളെല്ലാം മററു താണജാതിക്കാരിൽ മഹാസാധുക്കളുടേതുപോലെ തന്നെ മോശമാണ്. തറ അല്പം ഉയന്നിരിക്കുമെങ്കിലും വഷക്കാലത്ത് ഓതം കയറത്തക്കവിധം താണതുതന്നെ. മേൽപ്പുരകൾ നാലൊ ആറൊ മുളന്തൂണുകളിന്മേലൊ മരത്തൂണുകളിന്മേലൊ കേററി പനയോലകൊണ്ടൊ മടഞ്ഞ തെങ്ങോലകൊണ്ടൊ വയ്ക്കോൽകൊണ്ടൊ മേഞ്ഞിരിക്കും. നാലുപുറവും പനമ്പുകൊണ്ടൊ മേൽപ്പറഞ്ഞ ഓലകൾകൊണ്ടൊ കുത്തിമറയ്ക്കുകയും ചെയ്യും. ചിലേടങ്ങളിൽ മണ്ണുകൊണ്ടു ചുമരുവെച്ചും വരുന്നുണ്ട്. ആകെ ഒരു മുറിയേ ഉണ്ടായിരിക്കുള്ളു. അതിലേക്കുള്ള ഏകമാഗ്ഗം വളരെ ചെറുതുമായിരിക്കും. കതവുകൾ പനയോലകൊണ്ടാണ്. ചിലപ്പോൾ അതുകൂടി ഉണ്ടായിരിക്കില്ല. ഒരു ചെറിയ ദ്വാരം മാത്രമേ ഉണ്ടായിരിക്കുള്ളു. വെയ്ക്കാനുള്ള അടുപ്പിടന്നത് ഈ മുറിയുടെ ഒരു മൂലക്കലാണ്. അത് അധികവും വഷക്കാലത്തെ ഉപയോഗിക്കാറുള്ളു. വേനൽക്കാലത്തു പുറത്തുതന്നെ കഴിച്ചുകൂട്ടും. വായുസഞ്ചാരത്തിന്നുള്ള മാഗ്ഗം വളരെ കുറവാകകൊണ്ട് അകത്തുള്ള വായു മിക്ക സമയവും മലിനപ്പെട്ടേ ഇരിക്കുള്ളു. ചിററൂരും പാലക്കാട്ടും താലൂക്കുകളിലുള്ള കണക്കച്ചെറുമക്കളുടെ മാടങ്ങൾക്കു മൺചുമരും മരവാതിലുകളും പനയോല മേഞ്ഞ മേൽപ്പുരയുമുണ്ട്. അതുകൾ അധികവും നില്ക്കുന്നത് പാടങ്ങളുടെയിടയിലുള്ള ഓരൊ ചെറിയ പറമ്പുകളിലാണ്. അതുകൾക്കു നാലുപുറവും, ഇല്ലെങ്കിൽ മുൻവശത്ത്, എറയവുമുണ്ട്. പുലയക്ക് ആകെയുള്ള വീട്ടുസാമാനങ്ങൾ, ഇരിക്കുവാനും കിടക്കുവാനും 'ലോഗ്യം' ചെയ്യാനും മററുമായി കുറെ പായകളും, വെയ്ക്കാനും ഉണ്ണാനും വെള്ളമെടുക്കാനുമായി കുറെ ചട്ടികലങ്ങളും പിഞ്ഞാണങ്ങളും, സാമാനങ്ങൾ സൂക്ഷിക്കുന്നതിലേക്കും മററുമായി ചില കൊട്ടവട്ടികളും, അപൂവ്വമായി ഉരൽ ഉലക്ക മുതലായതുകളും തന്നെ. അവരുടെ ആകെയുള്ള സ്വത്തും ഇതുതന്നെ.

താരുണ്യം സംബന്ധിച്ചുള്ള സമ്പ്രദായങ്ങൾ

ഒരു പുലയപ്പെണ്ണു തിരണ്ടാൽ അവളെ ഏഴു ദിവസം ഒരു പ്രത്യേക മാടത്തിൽ പാപ്പിക്കും. അക്കാലത്ത് അവൾക്കുള്ള ഭക്ഷണം അകലെ ഒരിടത്തു വെച്ചുകൊടുക്കുകയേ ഉള്ളു. അവളെ പുറത്തിറങ്ങി സഞ്ചരിക്കാനൊ സഖികളൊന്നിച്ചു കളിക്കാനൊ അനുവദിക്കുന്നതുമല്ല. ആദ്യത്തെ ദിവസം കാലത്ത് ഒരു പറയൻ ഒരു മണിക്കൂറുനേരം ചെണ്ട, പീപ്പി (കുഴൽ) മുതലായ വാദ്യങ്ങളോടുകൂടി 'മലപ്പാട്ട്' എന്നൊരുവക പാട്ടുപാടും. അതിന്നവന്ന് ഏഴണക്കും അവന്റെ സഹായികൾക്കു മൂന്നണയ്ക്കുംനെല്ലു പതിവുണ്ട്. പാട്ടു കഴിഞ്ഞാൽ ഏഴു നാളികേരമുടച്ച് അതിലെ വെള്ളം പെണ്ണിന്റെ തലയിൽ ഒഴിക്കുകയും, നാളികേരത്തിന്റെ മുറികൾ അവിടെ ക്ഷണിച്ചു വരുത്തുന്ന അഞ്ചു വെള്ളോന്മാക്കും ഏഴു പെൺകുട്ടികൾക്കും കരക്കാക്കും കൂടി വീതിച്ചുകൊടുക്കുകയും ചെയ്യും. ഏഴാം ദിവസം കാലത്തു കരയിലെ വെള്ളോന്മാരെയും സ്വജാതിക്കാരെയും വീണ്ടും ക്ഷണിച്ചു വരുത്തുന്നതാണ്. അപ്പോൾ സ്വജാതിക്കാർ സദ്യച്ചിലവിലേ

യ്ക്കു കറി അരിയും കറിസ്സാമാനങ്ങളും കള്ളും കൊണ്ടുചെല്ലും. പെണ്ണിന്റെ തലയിൽ അന്നും കുറെ വെള്ളമൊഴിക്കുകയും ഇടങ്ങഴി അരി വീതം വെള്ളോന്മാർ ഓരോരുത്തർക്കും കൊടുക്കുകയും ചെയ്യും. അതിനെ പുലച്ചിയുംതന്നെ പെണ്ണും മറ്റു ഏഴു പുലയസ്ത്രീകളുമായി എണ്ണ തേച്ച് അടുത്തുള്ള കുളത്തിലോ തോട്ടിലോ കൊണ്ടുപോയി കുളിപ്പിക്കും. അനന്തരം പെണ്ണിനെ വൃത്തിയായുടുപ്പിച്ച്, അവളുടെ മുഖത്തു മഞ്ഞളും തേപ്പിച്ചു, പലനിറത്തിലുള്ള പൊട്ടുകളും കുത്തി അവളെ കുടെ പായയുടെ മുമ്പിൽ കൊണ്ടുചെന്നു നിർത്തും. അവളുടെ ദേഹത്തിൽ വല്ല പ്രേതങ്ങളും ബാധിച്ചിട്ടുണ്ടെങ്കിൽ അവർ അതുകളെ ഒഴിക്കുവാൻ തങ്ങളുടെ പീപ്പിയും ചെണ്ടയുംകൊണ്ട് ഒരു വാദ്യം നടത്തും. ഇങ്ങിനെ ചെയ്യുമ്പോൾ പ്രേതബാധയുണ്ടെങ്കിൽ പെണ്ണു തുള്ളും. അപ്പോൾ ഉടൻ ഓരോ വഴിപാടുകൾ ചെയ്തു പ്രേതങ്ങളെ ആവാഹിച്ചുകൊണ്ടുപോയി അടുത്തുള്ള ഒരു വൃക്ഷത്തിന്മേൽ വെച്ച് ആണി താക്കും. ബാധയില്ലെങ്കിൽ തുള്ളില്ല. എന്നാൽ വാദ്യം നിർത്തിക്കളയും. ബാധയൊഴിച്ചതു കഴിഞ്ഞാൽ സഖിമാരൊന്നിച്ചു പെണ്ണിനെ വീണ്ടും കുളിപ്പിക്കും. അവർ കുളിച്ചു വന്നാൽ അവർക്കും മറ്റു സ്വജനങ്ങൾക്കും ഒരു സദ്യയുണ്ട്. അതു കഴിഞ്ഞാൽ എല്ലാ ക്രിയകളും അവസാനിച്ചു. ഇതു കൊച്ചിയിലും അടുത്തുള്ള പ്രദേശങ്ങളിലുമുള്ള വള്ളുവപ്പുലയരുടെയിടയിൽ നടപ്പുള്ള സമ്പ്രദായമാണ്. മറ്റുള്ളവരുടെയിടയിൽ ഇങ്ങിനെയൊന്നും പതിവില്ല. എന്നാൽ പെണ്ണുങ്ങൾ തിരണ്ടാൽ അവരെ ചെകുത്താൻ ബാധിക്കുന്നതാണെന്നും, അവരെ കർമ്മാനുഷ്ഠാനമായ ബലികളാൽ ഒഴിക്കേണ്ടതാണെന്നുമുള്ള വിശ്വാസം ഇവർക്കെല്ലാവർക്കുമുള്ളതാണ്.

കല്യാണ സമ്പ്രദായം

പുലയർ സ്വവർഗ്ഗത്തിൽനിന്നു മാത്രമേ വിവാഹം ചെയ്യാറുള്ളു. ഒരേ കൂട്ടത്തിൽ പെട്ടവർ തമ്മിൽ വിവാഹം പതിവുമില്ല. ചിറ്റൂരും പാലക്കാട്ടും ഒരേ തറക്കാർ തമ്മിൽ കൂടി കല്യാണം നടത്താറില്ല. എന്തുകൊണ്ടെന്നാൽ, അവർ തമ്മിലുള്ള ചാർച്ചയെപ്പറ്റി സൂക്ഷ്മം അറിവില്ലെങ്കിലും അവരുടെ പൂർവ്വികന്മാർ എന്നെങ്കിലും ഒരേ ഭൂമിയുടമസ്ഥന്റെ (മുതലാളന്റെ) അടിമകളായിരുന്നിരിക്കാമെന്നും, തന്മൂലം എല്ലാവരും ഒരേ തറവഴിക്കാരായിരിക്കാമെന്നുമാണ് അവരുടെ വിചാരം. മിക്ക സ്ഥലങ്ങളിലും അമ്മവഴിക്കുള്ള അമ്മാമന്റെ മകളെയാണ് ഒരുവൻ കല്യാണം കഴിച്ചുവരാറുള്ളത്.

പുലയരുടെ കല്യാണരീതി ഓരോ ദിക്കിൽ ഓരോ വിധമാകുന്നു. കൊച്ചിയിലെ തെക്കൻ പ്രദേശങ്ങളിൽ കുട്ടികളെ പ്രായം ചെല്ലുന്നതിനുമുമ്പു കല്യാണം ചെയ്തു കൊടുക്കും. മറ്റുള്ള പ്രദേശങ്ങളിൽ ഈ നടപ്പില്ല. ഈ നടപ്പുള്ള പ്രദേശങ്ങളിലും കൊച്ചിയിലും അതിനു ചുറ്റുമുള്ള പ്രദേശങ്ങളിലും കുട്ടികളെ ചെറുപ്പത്തിൽ കല്യാണം ചെയ്തുകൊടുക്കാതിരിക്കുന്നത് അപമാനകരമായി കരുതിവരുന്നു. ഇക്കൂട്ടരിൽ കല്യാണം ചെയ്വാൻ, പെണ്ണിനു വകയില്ലാതിരുന്നാൽ ചിലപ്പോൾ കരക്കാരെല്ലാവരും കൂടിച്ചേർന്നു വരിയിട്ടെടുത്ത് അവളെ അവരിലാർക്കെങ്കിലും തന്നെ കല്യാണം ചെയ്തുകൊ

ടുക്കുന്നു. ചിലരുടെയിടയിൽ ഭർത്താവിനെ ലഭിപ്പാൻ കഴിയാത്ത പെണ്ണിനെ ബന്ധുക്കൾ ഉപേക്ഷിച്ചുകളയുന്ന സമ്പ്രദായവുമുണ്ട്. പണ്ടുകാലങ്ങളിൽ ഈവിധം ഉപേക്ഷിക്കപ്പെട്ടവളെ വള്ളോന് (മൂപ്പന്) എല്പിച്ചുകൊടുത്തും അവൻെറ ഇഷ്ടംപോലെ ഒന്നുകിൽ തൻെറ മക്കളിലാക്കെങ്കിലും കെട്ടിക്കൊടുക്കുകയോ അല്ലെങ്കിൽ അടിമവ്യാപാരികൾക്കു വില്ക്കുകയോ ചെയ്യുമാണു വന്നിരുന്നത്.

ചിലേടങ്ങളിൽ ഒരുവനു കല്യാണം ചെയ്യണമെന്നു തോന്നിയാൽ അവൻ മൂതലാളൻെറ അടുക്കൽ പോയി വിവരം അറിയിക്കും. അയാൾ കല്യാണച്ചിലവു കൊടുപ്പാൻ ചുമതലക്കാരനാണ്. അതിനാൽ അയാൾ വധുവിൻെറ മൂതലാളന്നു രണ്ടുറുപ്പികയും, അവളുടെ അമ്മയ്ക്ക് ഒരുറുപ്പിക ഏഴണയും, വധുവിന്നു നാലണ വിലയ്ക്കു് ഒരു കച്ചയും, വരന് ഏഴണ വിലയ്ക്കു് ഒരു മുണ്ടും, കല്യാണസ്സദ്യയ്ക്കു മൂന്നുറുപ്പികയോളവും കൊടുക്കുന്നതാണ്. കല്യാണത്തിന്ന് എല്ലാംകൂടി പത്തുറുപ്പികയോളം ചിലവുണ്ട്. കല്യാണത്തിൻെറ പ്രധാനക്രിയകൾ വരൻ വധുവിൻെറ വിരലിൽ ഒരു പിച്ചളമോതിരം ഇടുവിക്കുകയും, ക്ഷണിച്ചു വരുത്തിയ ബന്ധുമിത്രങ്ങൾക്കു സദ്യ കഴിക്കുകയുമാണ്.

(തുടരും.)

കെ. പരമേശ്വരക്കുറുപ്പ്.

---

# ചില പുരാണവിമർശനങ്ങൾ

"ഹിന്തുക്കളുടെ പുരാണഗ്രന്ഥങ്ങളിൽ വർണ്ണിക്കപ്പെടുന്ന സംഗതികൾക്കെല്ലാം ശരിയായ അടിസ്ഥാനമില്ലെ"ന്ന് ഒരു കൂട്ടരും, "അങ്ങിനെ അഭിപ്രായപ്പെടുന്നത് ആന്തരമായ തത്വത്തെ കണ്ടുപിടിക്കുവാൻ ബുദ്ധിയില്ലാഞ്ഞിട്ടാണെ"ന്നു മറെറാരു കൂട്ടരും വാദിക്കുവാൻ തുടങ്ങീട്ടു കാലം കുറെയായി. ഇതിൽ ഉത്തരപക്ഷാവലംബികളായ പലേ മഹാന്മാരും പുരാണങ്ങളുടേയും ഇതിഹാസങ്ങളുടേയും ആന്തരാർത്ഥത്തെ യുക്തിയുക്തമായും സരസമായും പ്രതിപാദിച്ച്, നിഷ്പക്ഷപാതികളുടെ സദഭിപ്രായത്തിന്നു പാത്രീഭവിച്ചിട്ടുണ്ടെന്നും പാത്രീഭവിക്കുന്നുണ്ടെന്നുമുള്ള സംഗതിയും പ്രസ്താവയോഗ്യമാണ്. അതിപ്രാചീനന്മാരായ മഹർഷിവര്യന്മാരുടെ സൂക്തിസുധയിൽ കരടും കളങ്കവുമില്ലെന്നുള്ള വസ്തുതത്തെ ഏതു സാരഗ്രാഹിയും സമ്മതിക്കാതിരിക്കയില്ല. ഋഷീശ്വരന്മാർ ത്രൈകാലികങ്ങളായ തത്വങ്ങളെ തപശ്ശക്തികൊണ്ടോ ബുദ്ധിബലംകൊണ്ടോ ആരാഞ്ഞറിഞ്ഞു ലോകോപകാരത്തിന്നുവേണ്ടി മന്ത്രരൂപേണയോ പുരാണരൂപേണയോ ഇതിഹാസരൂപേണയോ ലോകസമക്ഷം അവതരിപ്പിക്കുന്നു. പക്ഷേ, അന്യാപദേശവിധേനയോ മറേറാ അവർ സംഘടിപ്പിക്കുന്ന കഥാവസ്തുവിനെ ഗ്രഹിക്കുവാൻ

നമുക്കു ബുദ്ധിബലമില്ലെങ്കിൽ ഒരുപക്ഷം മാത്രം നോക്കി, 'അടിസ്ഥാനമില്ലാത്തതാണ്' എന്നു വിധി പറയുന്നതു വലിയ കഷ്ടമല്ലേ? പുരാണസംബന്ധമായി ഞാൻ ഈയിടയിൽ ചെയ്ത ചില വിമർശങ്ങളുടെ പര്യവസാനത്തെ പകർത്തുന്നതു സഹൃദയന്മാർക്കു രുചിപ്രദമായിരിക്കുമെന്നു വിശ്വസിക്കുന്നു.

നമ്മുടെ പുരാണഗ്രന്ഥങ്ങളെ പരിശോധിച്ചാൽ ദേവാസുരമഹായുദ്ധത്തെ വർണ്ണിക്കാത്ത ഒരു ഗ്രന്ഥം ഉണ്ടോ എന്നു വളരെ സംശയമാണ്. വാസ്തവത്തിൽ ദേവന്മാരെന്നും അസുരന്മാരെന്നും രണ്ടു കക്ഷികൾ ഇല്ലെന്നും ആരും സമ്മതിക്കും. എന്നാൽ ഈ വർണ്ണനയുടെ ഉദ്ദേശം എന്തായിരിക്കുമെന്നു ക്ഷമയോടുകൂടി ആലോചിക്കുക. ലോകങ്ങളേയും അവയിലുള്ള ചരാചരങ്ങളേയും 'വിരാൾ' പുരുഷന്റെ ഓരോ അവയവങ്ങളായി വർണ്ണിച്ചിട്ടുള്ളതു വായിക്കാത്തവർ പുരാണപാരായണക്കാരിൽ ഉണ്ടാകുമെന്നു തോന്നുന്നില്ല. വിരാൾപുരുഷനെ സാധാരണ പുരുഷനായി സങ്കല്പിക്കുന്നപക്ഷം പുരാണലോകങ്ങളും അവയിലെ വസ്തുക്കളും ശരീരത്തിന്റെ ഓരോ ഭാഗങ്ങളാണെന്നു വിചാരിക്കുന്നതിൽ യുക്തിഭംഗമുണ്ടെന്നു തോന്നുന്നില്ല. ഇതുപോലെ പുരാണപ്രതിപാദിതങ്ങളായ സകലസംഭവങ്ങൾക്കും ലൌകികങ്ങളായോ അലൌകികങ്ങളായോ ഓരോ സാരാർത്ഥങ്ങൾ ഉണ്ടാകാതിരിക്കയില്ല. ദേവാസുരമഹായുദ്ധം നമ്മുടെ ശരീരത്തിൽ അഹോരാത്രം എടവിടാതെ നടന്നുകൊണ്ടിരിക്കുന്ന രക്തക്രിമികളുടെ മഹായുദ്ധത്തിന്റെ പ്രതിച്ഛന്ദകമാണെന്നു അല്പം ആലോചിച്ചാൽ വ്യക്തമാവുന്നതാണ്.

രക്തത്തിൽ വെളുത്തവയും കറുത്തവയുമായി രണ്ടുതരം ക്രിമികൾ ഉണ്ടെന്ന് ഒരു ഭൂതക്കണ്ണാടിയുടെ സഹായംകൊണ്ട് എളുപ്പത്തിൽ ആർക്കും മനസ്സിലാക്കാൻ കഴിയും. ഒരു തുള്ളി രക്തത്തെ ഒരു പാത്രത്തിലാക്കി ഭൂതക്കണ്ണാടികൊണ്ടു നോക്കിയാൽ അത്യത്ഭുതമായ ഒരു കാഴ്ച— ഈ ക്രിമികൾ തമ്മിൽ നടത്തുന്നതായ ഭയങ്കരയുദ്ധം— കാണാം. വെളുത്തവ വർദ്ധിക്കുന്തോറും ആരോഗ്യവും, ക്ഷയിക്കുന്തോറും അനാരോഗ്യവും ഉണ്ടാകുന്നു. അപത്ഥ്യങ്ങളായ ആഹാരവിഹാരങ്ങളെക്കൊണ്ടു കറുത്ത ക്രിമികൾ പെരുകുമ്പോൾ അവയെ തിന്നൊടുക്കുവാൻ വെളുത്ത ക്രിമികൾക്കു സാധിക്കാതെ വരുന്നതുകൊണ്ടാണ് ശരീരത്തിൽ രോഗങ്ങൾ ഉണ്ടാകുന്നതെന്നു പാശ്ചാത്യവൈദ്യവിദ്വാന്മാർ യുക്തിയുക്തമായി പ്രതിപാദിക്കുന്നു. ഇവിടെ ആ സംഗതിയെ വിസ്തരിക്കുന്നില്ല. വെളുത്ത ക്രിമികളുടെ സ്ഥാനത്തു ദേവന്മാരെയും കറുത്തവയുടെ സ്ഥാനത്ത് അസുരന്മാരെയും കല്പിക്കുന്നതായാൽ ദേവാസുരമഹായുദ്ധത്തിന്റെ ആന്തരാർത്ഥം ആർക്കും വ്യക്തമായി മനസ്സിലാകുമെന്നു വിശ്വസിക്കുന്നു. ദേവന്മാരെ ശുക്ലവർണ്ണന്മാരായും അസുരന്മാരെ കൃഷ്ണവർണ്ണന്മാരായും വർണ്ണിക്കുന്നതുതന്നെ ഇതിന്നു ശരിയായ തെളിവല്ലയോ? പാൽ, നൈ മുതലായവ ദേവന്മാരുടെ ഭക്ഷണസാധനമാണെന്നും മദ്യം, മാംസം, മുതലായ മററു സാധനങ്ങളെല്ലാം അസുരന്മാരുടെ ഭക്ഷണസാധനങ്ങളാണെന്നും വർണ്ണിച്ചതിന്റെ തത്വം പാൽ

മുതലായവയിൽനിന്നു വെളുത്ത കൃമികൾ അധികമുണ്ടാകുന്ന രക്തവും മററവയിൽനിന്നു കറുത്ത കൃമികൾ വൎദ്ധിക്കുന്ന രക്തവുമാണ് ഉണ്ടാകുന്നതെന്നാണെന്നു തീൎച്ചയായും അനുമാനിക്കാം. ദേവന്മാരുടെ അധിവാസം ഭൂമിയിൽനിന്ന് ഉയൎന്ന പൎവ്വതപ്രദേശങ്ങളിലും അസുരന്മാരുടേതു ഭൂമിക്കു താഴെയുമായി കല്പിച്ചിട്ടുള്ളത് വായുവിനെ അടിസ്ഥാനപ്പെടുത്തിയായിരിക്കണം.

ആൎയ്യന്മാരായ ഋഷീശ്വരന്മാർ കാടുകളിലും ഉയൎന്ന പൎവ്വതനിരകളിലും വസിച്ച് തപസ്സു ചെയ്തതായി വൎണ്ണിക്കപ്പെടുന്നു. സമുദ്രതീരം ദുഷ്ടന്മാരായ രാക്ഷസന്മാരുടെയും പിശാചുക്കളുടെയും അധിവാസഭൂമിയാണെന്നാണ് ഹിന്തുക്കളുടെ വിശ്വാസം. 'ജന്മപ്രഭൃതിദാരിദ്ര്യം ദശവൎഷാണി ബന്ധനം സമുദ്രതീരേ മരണം കിഞ്ചിച്ഛേഷം വിശേഷതഃ' എന്നു ഒരു പഴയ ശ്ലോകവും സമുദ്രതീരത്തിൽ മരണംകൂടി മഹാപാപമാണെന്നു കാണിക്കുന്നു. രാവണനോ മാരീചനോ അവരുടെ കൂട്ടക്കാരൊ മാത്രം കടൽക്കരയിൽ തപസ്സു ചെയ്തിട്ടുണ്ടായിരിക്കാം. ഇതിനും ശരിയായ അൎത്ഥമുണ്ടെന്നു ഈയിടയിൽ വെളിവായിരിക്കുന്നു. പാശ്ചാത്യവൈദ്യന്മാർ ഈയിടയിൽ മാത്രമേ കടൽക്കാററിലെ ദോഷാംശത്തെ ശരിയായി മനസ്സിലാക്കിയുള്ളു. എന്നാൽ മഹാത്മാക്കളായ ഹിന്തുഋഷീശ്വരന്മാരാകട്ടെ എത്രയോ കാലം മുമ്പു തന്നെ ഈ തത്വത്തെ ഗ്രഹിച്ചിരുന്നുവെന്നു മേൽ എഴുതിയ സംഗതിയിൽനിന്നും അനുമാനിച്ചുകൂടയൊ? ലവണവായു ശ്വാസകോശത്തിൽ വ്യാപിക്കുമ്പോൾ അതിൽ ഉപ്പുരസം ഉള്ളതുകൊണ്ട് രക്തത്തിൽ ഒരു വിധം ക്ലേദം ഉണ്ടാകുന്നുവെന്ന് ഈയിടയിൽ ജൎമ്മനിക്കാർ കണ്ടുപിടിച്ചിരിക്കുന്നു. അതു അരോഗദൃഢഗാത്രന്മാൎക്കു ദോഷത്തെ ചെയ്തില്ലെങ്കിലും രോഗികൾക്കു വളരെ ആപൽക്കരമാണെന്നും വിശിഷ്യ ക്ഷയരോഗത്തിന്നു പ്രത്യേകം ദോഷകരമാണെന്നും ജൎമ്മനിയിലെ ഒരു പ്രസിദ്ധ വൈദ്യൻ പ്രതിപാദിച്ചിരിക്കുന്നു. ലവണമാരുതന്റെ മാഹാത്മ്യത്തെ പ്രതീക്ഷിച്ച് സമുദ്രതീരങ്ങളിൽ പ്രതിഷ്ഠിതങ്ങളായിരുന്ന ക്ഷയരോഗാസ്പത്രികളെല്ലാം പൊളിച്ചു ഉൾനാടുകളിലുള്ള കാടുകളിലും പൎവ്വതോപത്യകകളിലും സ്ഥലമാററം ചെയ്തിരിക്കുന്നുവത്രെ. തത്വദൎശനത്തിൽ അദ്വിതീയന്മാരെന്നു ഖ്യാതിക്കു പാത്രീഭൂതന്മാരായ ജൎമ്മനിക്കാർ ഈയിടയിൽ കണ്ടുപിടിച്ചിട്ടുള്ള തത്വത്തെ എത്രയോ ശതാബ്ദങ്ങൾക്കു മുമ്പുതന്നെ കണ്ടുപിടിച്ചിട്ടുള്ള ഭാരതീയതാപസശ്രേഷ്ഠന്മാർ അഭിവന്ദനീയന്മാരും അഭിനന്ദനീയന്മാരുമല്ലയോ? ഇതുകൊണ്ടുതന്നെയാണ് പുരാണങ്ങളിൽ ദേവന്മാരെ പൎവ്വതക്കൊടുമുടികളിലും അസുരന്മാരെ പാതാളത്തിലും പ്രതിഷ്ഠിച്ചിരിക്കുന്നത്.

പുരാണങ്ങളിൽ ദേവസ്ത്രീകൾക്കു വ്യഭിചാരം നിഷിദ്ധമല്ലെന്നാണല്ലോ വെച്ചിട്ടുള്ളത്. ഇത് ഇന്നും നടന്നുവരുന്ന ഒരു വാസ്തവസംഭവത്തെ അടിസ്ഥാനമാക്കി എഴുതിയതായിരിക്കണം. ഈ പരിഷ്കൃതകാലത്തു കന്യകമാരെ വിലയ്ക്കു വില്ക്കുമെന്നു പറഞ്ഞാൽ അധികം പേർ വിശ്വസിക്കുമെന്നു തോന്നുന്നില്ല. എന്നാൽ വാസ്തവം പറയുകയാണെങ്കിൽ ഈ ഒരു സംഭവം പരസ്യമായി നടക്കു

ന്നു. പക്ഷെ ഭൂമിയിലല്ല. ദേവലോകത്താണ്. പൌരാണികന്മാരുടെ 'സാററൽമൻറ്' പ്രകാരം ഹിമാലയം ദേവലോകത്തോടു സംബന്ധിക്കുന്നു. കവികളും ഈ കാൎയ്യത്തിൽ പ്രതിപക്ഷം ഭാവിക്കുന്നില്ല. 'ദിവം യദി പ്രാൎത്ഥയസേ വൃഥാശ്രമഃ പിതുഃ പ്രദേശാസ്തവ ദേവഭൂമയഃ' (സ്വൎഗ്ഗത്തിനാണ് നീ തപസ്സു ചെയ്യുന്നതെങ്കിൽ വെറുതെയാണ്. നിന്റെ അച്ഛന്റെ– ഹിമവാന്റെ– പ്രദേശങ്ങളെല്ലാം സ്വൎഗ്ഗഭൂമികളാണല്ലോ) എന്നു കവികുലസാൎവ്വഭൌമൻ തന്നെ വിളംബരം പ്രസിദ്ധപ്പെടുത്തിയിരിക്കുന്നു. അതിനാൽ, സിക്ക ദേവലോകത്തോടു ചേൎന്ന ഭാഗമാണെന്നു സമ്മതിക്കാതിരിപ്പാൻ നിൎവ്വാഹമുണ്ടോ? അവിടെ ഈ നൂററാണ്ടിൽ കൂടി സ്ത്രീകളെ വില്ക്കുന്ന ഒരു ചന്ത കൊല്ലംതോറും നടത്തിവരുന്നു. എന്നാൽ കാമിനീകാമുകന്മാരുടെ അനുരാഗഗൎഭമായ അഭിപ്രായത്തെ അടിസ്ഥാനപ്പെടുത്തിമാത്രമാണ്. കൊല്ലത്തിൽ 3 ദിവസം (സാധാരണ മെയിമാസത്തിലാണ്) ഈ ചന്ത ഉണ്ടാകും. അവിടെ ആയിരത്തിലധികം ഉൎവ്വശിമാർ സന്നിഹിതരാകുന്നു. എത്രയോ അധികം പുരൂരവസ്സുകളും ആ പുണ്യസ്ഥലത്തെ സമലങ്കരിക്കുന്നു. 'പന്തണിക്കൊങ്കമാർപന്തിനിരക്കവേ പന്തടിക്കുന്നതും ചിന്തുപാടുന്നതും' കണ്ടാനന്ദിക്കുവാൻ ജിതേന്ദ്രിയന്മാരായ 'വാരുണീപാസ്തച്യ'ന്മാരും ഹാജരാകാതിരിക്കുന്നില്ല. ഈ മൂന്നു ദിവസം സിക്ക സ്വൎഗ്ഗഭൂമിതന്നെ. ടിബ്ബററ് മുതലായ സ്വൎഗ്ഗദേശങ്ങളിൽനിന്നും അശ്വമുഖിമാർ ആ ദിവസങ്ങളിൽ അച്ഛനമ്മമാരോടോ ഉററ ബന്ധുക്കളോടോ കൂടി അവിടെ അവതരിക്കുന്നു. ഈ പാൎവ്വതിമാർ രൂപലാവണ്യംകൊണ്ട് ഏതു ഭൂലോകമത്തകാശിനികളേയും അധഃകരിക്കുമെന്നാണ് അധികാഭിപ്രായം. അച്ഛനമ്മമാൎക്ക് അല്പം ഒരു ദക്ഷിണ (50 മുതൽ 200 വരെ ഉറുപ്പികയാവാം) കഴിച്ചാൽ പിന്നെ ചന്തയുടെ സമീപത്തുള്ള കൂടാരത്തിൽ എഴുന്നള്ളിത്താമസിക്കുന്ന കാട്ടാളരാജാവിന്റെ പുസ്തകത്തിൽ കയ്യൊപ്പു വെച്ചാൽ കാൎയ്യം കലാശിച്ചു. ഒരാൾക്കു പത്തോ പതിനഞ്ചോ രത്നങ്ങളെ ഒന്നിച്ചു വാങ്ങുന്നതിന്നു വിരോധമില്ല. ഈ ആവശ്യത്തിന്നു വണ്ടിക്കൂലിയും സമയനഷ്ടവും സഹിച്ചു ദൂരദേശത്തിൽനിന്നുകൂടി എത്ര പേർ വരുന്നു! സ്വൎഗ്ഗസുഖത്തിൽ വൈരാഗ്യം വന്നാൽ ദേവാംഗനയെ സ്വച്ഛന്ദം പരിത്യജിക്കാം. ദേവാംഗനയ്ക്കും പരിത്യജിക്കാം. ഒന്നാമത്തു പറഞ്ഞ മാതിരിയാണെങ്കിൽ പകുതി പണം മടക്കിക്കിട്ടും. ദേവാംഗന പോകുന്നതായാൽ മുഴുവനും മടക്കിക്കിട്ടും. സൌകൎയ്യപ്പെട്ടാൽ അധികസംഖ്യയ്ക്ക് അന്യനു വില്ക്കുന്നതിന്നും വിരോധമില്ല. ഇങ്ങിനെ ത്യക്തകളായ ദേവസ്ത്രീകൾ അടുത്ത ചന്തയിൽ വന്നു വേറെ ആളെ സ്വീകരിക്കും. ചാരിത്രശുദ്ധിക്കു മാലിന്യമില്ല. സന്താനങ്ങളുണ്ടായാൽ ചിലപ്പോൾ ശകുന്തളയുടെ ദശയെ അവലംബിക്കും. അച്ഛനമ്മമാരുടെ സംഖ്യയിൽനിന്ന് ഒരു ഭാഗം കാട്ടാളത്തമ്പുരാന് (ഇദ്ദേഹം ഒരു ദേവനായിരിക്കണം) തിരുമുൽക്കാഴ്ച കഴിക്കണം. ഈ സമ്പ്രദായങ്ങളെല്ലാം കാലാന്തരത്തിൽ പരിഷ്കാരംകൊണ്ടു വന്നതായിരിക്കണം. പുരാണകാലത്തു വൎണ്ണിക്കപ്പെട്ടപോലെ തന്നെയായിരിക്കണം

ആചാരം. ആകപ്പാടെ ആലോചിച്ചാൽ പുരാണങ്ങളിൽ വർണ്ണിക്കപ്പെട്ടിട്ടുള്ള ദേവാംഗനാവൃത്താന്തം ഏതാദൃശമായ ഒരു സമ്പ്രദായത്തെ അടിസ്ഥാനപ്പെടുത്തിയല്ലെന്ന് എങ്ങിനെ വാദിക്കാം?

ഇങ്ങിനെ ഓരോ സംഭവങ്ങളേയും നാം താരതമ്യപ്പെടുത്തി ഗാഢമായി ആലോചിച്ചുനോക്കിയാൽ പൌരാണികകഥകളുത്രയും വാസ്തവത്തെ കുറിക്കുന്നവയാണെന്നും, എന്തോ ഗാഢമായ ഒരു അന്തസ്സാരം അക്ഷരംപ്രതി ഒളിച്ചു കിടക്കുന്നുണ്ടെന്നും ആൎക്കും മനസ്സിലാകും.

യു. പി. ശങ്കുണ്ണി മേനോൻ.

# മണപ്പുറം.

മണപ്പുറം എന്ന നാടു ചേററുവായസ്സും കൊടുങ്ങല്ലൂൎക്കും മദ്ധ്യേ കിടക്കുന്ന വീതി കുറഞ്ഞ ഒരു കടൽപ്പുറമാണ്. ഇതു ബ്രിട്ടീഷുമലബാറിൽ പൊന്നാനി താലൂക്കിൽ പെട്ടതും കൊച്ചിശ്ശീമയെ സമുദ്രതീരത്തിൽനിന്നു വേർതിരിക്കുന്നതും ആയ ഒരു പ്രദേശമാകുന്നു. ഈ ചെറിയ പ്രദേശം കേരളചരിത്രത്തിൽ എത്രയും വലിയ ഒരു സ്ഥാനത്തെ അൎഹിക്കുന്നുണ്ട്. ആകൃതിയിൽ ഈച്ചവാളുപോലെ കിടക്കുന്ന ഈ പ്രദേശം പ്രകൃതിയിലും ഏകദേശം ഈച്ചവാളിനോടു തുല്യമായിരുന്നു.

ആദികാലത്തെ ചരിത്രത്തിൽ മണപ്പുറം ശാക്കെപ്രഭുവിൻെറ വകയായിരുന്നു എന്നാണു കാണുന്നത്. ഇപ്പോഠം ആ പ്രഭുവംശം കുററിമുടിഞ്ഞു പോയി. ആ വംശത്തിലെ ഒടുവിലത്തെ പ്രഭു, തനിക്കു പഴയന്നൂരി നായർവീട്ടിൽ ഉണ്ടായ ഒരു പുത്രന്ന് ഈ പ്രദേശവും ഇരുപത്തയ്യായിരം നായന്മാരേയും പുത്രാവകാശമായിക്കൊടുക്കുകയും, തൻെറ കുടുംബക്കാൎക്കു മണപ്പുറത്തിന്മേൽ അവകാശമില്ലാതാക്കുകയും ചെയ്തു. പഴയന്നൂരി നായന്മാർ സാമൂതിരിപ്പാട്ടിലെ പടയാളികളും ആശ്രിതന്മാരുമാകയാൽ ആ വഴിക്കു മണപ്പുറം സാമൂതിരിപ്പാട്ടിലെ അധികാരത്തിനു കീഴടങ്ങി.

പണ്ടു കേരളത്തിൽ അനേകം രാജാക്കന്മാരും അവർ തമ്മിൽ പലപ്പോഴും യുദ്ധവും ആയിട്ടാണ് കഴിഞ്ഞിരുന്നത്. അവയിൽ പ്രധാനമായിട്ടുള്ളതു കൊച്ചിയും കോഴിക്കോടും രാജാക്കന്മാർ തമ്മിൽ അനേകകാലത്തോളം നടത്തിയിരുന്ന യുദ്ധങ്ങളാണ്. കൊല്ലവൎഷം ഒമ്പതാം ശതാബ്ദത്തിൻെറ ഉത്തരഭാഗത്തിൽ ഇവർ തമ്മിലുള്ള യുദ്ധം വളരെ പ്രബലമായി വന്നു. കൊല്ലം 675-ാമാണ്ടിൽ പോൎത്തുഗീസ്സുകാർ വന്നതിന്നു ശേഷം ഉദ്ദേശം 250 കൊല്ലംവരെ ഇവർ തമ്മിൽ പലപ്പോഴും യുദ്ധമുണ്ടായിട്ടുണ്ട്. സാമൂതിരിപ്പാട്ടിലേയ്ക്കു കൊച്ചിരാജാവിനോടെതൃക്കുവാനുള്ള തരം മണപ്പുറത്തിൽപ്പെട്ട

ചേററുവായും കൊടുങ്ങല്ലൂരും കൂടി കരവഴിക്കായിരുന്നു. അതിനാൽ മണപ്പുറത്തെ പ്രഭുവായ പഴയന്നൂരി നായരെപ്പോലെ കൊടുങ്ങല്ലൂരുരാജാവും സാമൂതിരിപ്പാട്ടിലെ അധീനത്തിലായിരുന്നു.

കൊച്ചിയും കോഴിക്കോടും രാജാക്കന്മാർ തമ്മിലുള്ള വിരോധം വർദ്ധിപ്പിച്ചു സ്വാർത്ഥം നേടുവാൻ വിദേശീയരായ കച്ചവടക്കാർ തരംനോക്കിക്കൊണ്ടിരുന്നു. ലന്തക്കാർക്കു കൊച്ചിയുമായി പല ഏടവാടുകളും ധനസംബന്ധമായി പല വലിയ ബന്ധങ്ങളും ഉണ്ടായിരുന്നതുകൊണ്ട് അവർ എപ്പോഴും കൊച്ചിരാജാവിൻെറ ബന്ധുക്കളാണ്. കൊച്ചിരാജ്യത്തിൻെറ അതിർത്തിക്കടുത്തു സാമൂതിരിക്കെന്തെങ്കിലും പ്രവർത്തിക്കേണ്ടിവരുമ്പോൾ സാമൂതിരി ലന്തഗവർണ്ണരുടെ സഖ്യം സമ്പാദിപ്പാൻ ശ്രമിക്കും. ഗവർണ്ണർ പലപ്പോഴും അതിന്നു വഴിപ്പെടില്ല. പിന്നെ കുറെ കാലത്തേക്കു ലന്തക്കാരും സാമൂതിരിയും തമ്മിൽ യുദ്ധമായി. ഇങ്ങിനെയുണ്ടാവുന്ന യുദ്ധങ്ങൾക്കു രംഗമായിത്തീന്നതു മണപ്പുറമായിരുന്നു.

കൊല്ലം 771-ാമാണ്ടിൽ സാമൂതിരിപ്പാട്ടിലേക്കു ലന്തക്കാരുമായി ഒരു കരാറു ചെയ്യേണ്ടിവന്നു. ആ കരാറുപ്രകാരം കൊടുങ്ങല്ലൂർ രാജാവിൻെറയും പഴയന്നൂരി നായരുടെയും പേരിൽ തനിക്കുള്ള മേലധികാരം സാമൂതിരി ലന്തക്കാർക്കൊഴിഞ്ഞുകൊടുത്തു. അതോടുകൂടി മണപ്പുറവും ലന്തക്കാർക്കൊത്തുങ്ങി. ഉടനെ ലന്തക്കാർ മണപ്പുറത്തുള്ള ചേററുവായ എന്ന പ്രദേശത്ത് ഒരു കോട്ട കെട്ടിയുറപ്പിക്കുകയും, മേലിൽ സാമൂതിരിയുടെ ആക്രമണം ഉണ്ടാവുന്ന പക്ഷം തടുത്തുനില്ക്കാനുള്ള എല്ലാ സാമഗ്രികളും അവിടെ ഒരുക്കുകയും ചെയ്തു.

ചേററുവായിലെ കോട്ട ഒരു നല്ല ലക്ഷണമല്ലെന്നു സാമൂതിരിപ്പാട് വിചാരിച്ചു. ആ കോട്ട പിടിക്കാതിരുന്നാൽ തൻെറ രാജ്യത്തേക്കു ലന്തക്കാർ നിമിത്തം മേലിൽ കഠിനമായ പല ആപത്തുകളും നേരിട്ടേക്കാമെന്നും സാമൂതിരിക്കു തോന്നി. ഈ വിചാരത്താൽ സാമൂതിരി ശക്തിയേറിയ ഒരു സൈന്യം ശേഖരിച്ച് ഒരു ദിവസം രാത്രി പെട്ടെന്നു ചെന്നു ചേററുവായിലെ കോട്ട വളഞ്ഞു പിടിച്ചു കരസ്ഥമാക്കി. 1715 ജനവരി 22-ാംനു- (കൊല്ലം 776) യാണ് ഈ സംഭവം നടന്നത്. അന്നത്തെ ലന്തഗവർണ്ണരായ 'ബാറൺകെട്ടൽ' എന്നാളുടെ പോരായ്മയും ഭീരുത്വവുമാണിങ്ങിനെ കോട്ട കൈവിട്ടുപോവാൻ കാരണമെന്നാണ് ലന്തക്കാർ വിചാരിച്ചത്. ഈ ഗവർണ്ണരുടെ പേരിൽ സ്വാമിദ്രോഹം എന്ന കുററം ചുമത്തി പിന്നീടു ചില വിചാരണകളും മററും നടത്തുകയുമുണ്ടായി.

ഏതായാലും കോട്ട കൈവിട്ടതുകൊണ്ടുള്ള വ്യസനവും കോപവും ലന്തക്കാരുടെ ഉള്ളിൽ കിടന്നു പുകഞ്ഞുകൊണ്ടിരുന്നു. മേലിൽ കേരളദേശത്തു ലന്തയുടെ ശക്തി നിലനിർത്തുന്നതിന്നു തക്കതായ സൈന്യം കൂടിയേ കഴിയൂ എന്നു നിശ്ചയിച്ച് ആയിരത്തഞ്ഞൂറു പടയാളികളും 'വില്യംബേക്കർ ജേക്കബ്സ്' എന്ന സേനാനായകനുമായി 'ജോഹന്നസ് ഹെർട്ടൻബർഗ്ഗ്' എന്ന ലന്തഗവർണ്ണർ 1716 നവമ്പർ 23-ാംനു- കൊച്ചിയിൽ എത്തി. ഇയ്യാളുടെ വരവു സാമൂ

തിരിപ്പാട്ടിലെ ശിക്ഷിക്കാനായിരുന്നു. ഇവർ എത്തിയ വിവരവും വന്നതു സാമൂതിരിയെ ശിക്ഷിപ്പാനാണെന്നുള്ള സംഗതിയും കേരളത്തിലെ പല പ്രഭുക്കന്മാക്കും പരസ്യമായി അറിവുകൊടുത്തു. അങ്ങിനെ അറിയിക്കപ്പെട്ട 24 പ്രഭുക്കന്മാരുടെ പേരുകൾ അവയുടെ അൎത്ഥത്തോടും സ്ഥലവിവരണത്തോടുംകൂടി 'സ്റ്റെയിൻ വാൻ ഗോളനീസ്സിന്റെ' മെമ്മോറാണ്ടത്തിൽ കാണിച്ചിട്ടുണ്ട്.

യുദ്ധം ആരംഭിച്ചു. ആരംഭത്തിൽ 3226 വെള്ളക്കാരും 1000 ലന്തക്കാരും ഉണ്ടായിരുന്നു. ഈ വലിയ സൈന്യം 1717 ഫിബ്രവരി 26-ാംനു- ചേററുവായിൽ ചെന്നെത്തി. ഈ പുറപ്പാടു മുൻകൂട്ടി അറിഞ്ഞു സാമൂതിപ്പാട്ടുന്നു ചേററുവായ കോട്ടയിൽനിന്ന് ഉദ്ദേശം 20 നാഴിക തെക്കുള്ള പാപ്പിനിവട്ടം എന്ന പ്രദേശത്ത് ഒരു മരക്കോട്ട കെട്ടി തമ്പടിച്ചുകൂടി. ലന്തപ്പട്ടാളക്കാർ സാമൂതിരിയുടെ രണ്ടായിരം നായന്മാരെ കൊന്നു പാപ്പിനിവട്ടത്തെ ആ കോട്ട കയ്യിലാക്കി. ഈ യുദ്ധം നാട്ടുകാരെ വല്ലാതെ ഭയപ്പെടുത്തി. ഈ സംഭവം കഴിഞ്ഞു വളരെ കൊല്ലത്തിന്നു ശേഷവും പാപ്പിനിവട്ടം പ്രദേശങ്ങളിൽ മനുഷ്യരുടെ അസ്ഥികൾ സുലഭമായി കാണാമായിരുന്നുവത്രെ. പാപ്പിനിവട്ടത്തുനിന്നു ലന്തക്കാർ ചേററുവായിൽ ചെന്നു സാമൂതിരിപ്പാട്ടിലെ തോല്പിച്ച് ആ കോട്ടയും പിടിച്ചു. പിന്നെ ഉറിവെന്നൂർ എന്ന ദിക്കിൽ വെച്ച് ഒരു ചില്ലറ യുദ്ധമുണ്ടായി. അതിലും സാമൂതിരി തോററു. ഒരു നിവൃത്തിയുമില്ലെന്നായപ്പോൾ സാമൂതിരി സന്ധിസംസാരം തുടങ്ങി. അതിന്റെ ഫലമായി സാമൂതിരി പാപ്പിനിവട്ടം, മണപ്പുറം ഈ നാടുകളെ ലന്തക്കാൎക്ക യുദ്ധച്ചിലവിലേക്ക പണയമായി പൂൎണ്ണസ്വാതന്ത്ര്യത്തോടെ വിട്ടുകൊടുത്തു. ഇതിന്നു പുറമെ കുറെയധികം ദ്രവ്യവും സാമൂതിരി ലന്തക്കാൎക്ക കൊടുക്കേണ്ടിവന്നു. പക്ഷെ ഈ കരാറിൽ മണപ്പുറം നാടിന്റെ അവകാശം തനിക്കാണെന്നു സാമൂതിരിപ്പാടു പ്രത്യേകം കാണിച്ചിരുന്നു. സാമൂതിരിപ്പാട്ടിലെ മന്ത്രിമാരിലൊരാളും വലിയ ജന്മിയുമായ ധൎമ്മോത്തു പണിക്കർ ചേററുവായിൽവെച്ചുണ്ടായ യുദ്ധത്തിൽ ലന്തക്കാൎക്ക വളരെ ദ്രോഹങ്ങൾ ചെയ്തിരുന്നു. അതുകൊണ്ട് മേല്പറഞ്ഞ കരാറിൽ ധൎമ്മോത്തുപണിക്കരെ സാമൂതിരിപ്പാട്ടുന്നു എല്ലാ ഉദ്യോഗങ്ങളിൽനിന്നും പിരിക്കണമെന്നും, ലന്തക്കാർ പിടിച്ചതും അവൎക്ക വിട്ടുകൊടുത്തതുമായ നാട്ടിന്നകത്തു പണിക്കൎക്കുള്ള എല്ലാ ഭൂമികളും സ്വത്തുക്കളും ലന്തക്കാൎക്കാണെന്നും നിശ്ചയിച്ചിരുന്നു. അതിനാൽ, പാപ്പിനിവട്ടത്തിന്റെ വടക്കെ അതിരിൽ തൃപ്രയാർ ക്ഷേത്രത്തിന്നു സമീപമായി ധൎമ്മോത്തു പണിക്കൎക്കുണ്ടായിരുന്ന വസ്തുവഹകളെല്ലാം ലന്തക്കാൎക്കായി.

ഇങ്ങിനെ പല അവകാശവാദങ്ങൾക്കും പല യുദ്ധങ്ങൾക്കും പാത്രമായിത്തീൎന്ന മണപ്പുറത്തെ 1776-ൽ ലന്തക്കാരുടെ കയ്യിൽനിന്നു ഹൈദരും, പിന്നെ 1790-ൽ ഹൈദരുടെ മകൻ ടിപ്പുസ്സുൽത്താന്റെ കൈവശത്തിൽനിന്നു ഇംഗ്ലീഷുകാരും കയ്യേറി. പിന്നീടു സാമൂതിരിപ്പാട്ടുന്നു മണപ്പുറത്തെപ്പററി തനി

ക്കുള്ള ഉടമാവകാശം പുറപ്പെടുവിക്കുകയുണ്ടായെങ്കിലും അതു സ്വീകരിച്ചില്ല.

കേരളചരിത്രത്തിൽ ഇത്രയും 'പ്രസിദ്ധമായ മണപ്പുറം നാട് ഒരു കാലത്തു പഴയഞ്ചേരിനായന്മാരുടെ വകയായിരുന്നുവെന്നു പറകയുണ്ടായല്ലോ. ഈ പഴയഞ്ചേരിനായർ വീട്ടുകാർ പണ്ടുതന്നെ പല താവഴികളായിത്തിരിഞ്ഞിരുന്നു. ആ താവഴികളിൽ ഓരോന്നും കാലക്രമേണ പല ശാഖകളായിത്തിരിഞ്ഞു. അടിയറ്റുനില്ക്കുന്ന ഒരു മരമെന്നപോലെ ശാഖോപശാഖകളായിത്തിരിഞ്ഞ ഈ പഴയഞ്ചേരിത്തറവാട്ടിലെ ചില ശാഖകൾ ഇന്നും വളരെ ജന്മവസ്തുക്കളോടും പദവികളോടുംകൂടി ഇരിക്കുന്നുണ്ട്.

കുമാരദാസ്സ്.

# പത്രാധിപർ*

## (ഒരു ചെറുകഥ)

എന്റെ ഭാര്യ ജീവിച്ചിരുന്ന കാലത്തു ഞാൻ 'പ്രഭ'യുടെ കാര്യത്തിൽ വളരെ മനസ്സിരുത്തിയിരുന്നില്ല. വാസ്തവം പറകയാണെങ്കിൽ ആ കുട്ടിയെ (പ്രഭയെ) പററി വിചാരിച്ചിരുന്നതിനേക്കാൾ എത്രയോ അധികം അവളുടെ അമ്മയെപ്പററിയാണ് ഞാൻ വിചാരിച്ചിരുന്നത്.

അക്കാലത്തു പ്രഭയുമായി എനിക്കുള്ള ബന്ധം സാധാരണനിലയിൽനിന്ന് ഒട്ടും കവിഞ്ഞിരുന്നില്ല. ആ ബന്ധം ഇത്രമാത്രമായിരുന്നു: അവളെ ഞാൻ എടുത്തു താലോലിക്കും; അവളുടെ അവ്യക്തമധുരങ്ങളായ കളഭാഷണങ്ങളെ ഞാൻ വളരെ രസമായി കേട്ടുകൊണ്ടിരിക്കും; എടയ്ക്കെടയ്ക്ക് അവൾ ചിരിക്കുന്നതും കളിക്കുന്നതും കണ്ടുകൊണ്ടിരിക്കുകയും ചെയ്യും. എന്നാൽ, ഈ ചിരിയും കളിയുമൊക്കെ എനിക്കെത്ര നേരത്തോളം സുഖമായിത്തോന്നുമോ അത്ര നേരത്തോളമേ ഞാനവളെ ലാളിച്ചിരുന്നുള്ളു. എപ്പോളാണോ അതെനിക്ക് അല്പം ഉപദ്രവമായിത്തോന്നുന്നത് അപ്പോൾ ഞാനവളെ അമ്മയുടെ കയ്യിൽ ഏല്പിച്ചുകൊടുക്കും.

ഒടുവിൽ എന്റെ ഭാര്യയുടെ അകാലമരണത്തോടുകൂടി അമ്മയുടെ കയ്യിൽ നിന്ന് എന്റെ കയ്യിലേക്ക് അവൾ പകരേണ്ടിവന്നു. ഞാനവളെ എന്റെ ഹൃദയത്തോട് അധികം അടുപ്പിക്കുകയും ചെയ്തു.

എന്നാൽ അമ്മയില്ലാത്ത ഒരു കുട്ടിയെ പൂർവ്വാധികം ശ്രദ്ധയോടുകൂടി വളർത്തേണ്ടത് എന്റെ കർത്തവ്യകർമ്മമാണെന്നു ഞാൻ വിചാരിച്ചിരുന്നതിനെക്കാളധികം, വിഭാര്യനായ അച്ഛനെ അധികം ശുശ്രൂഷിച്ചു സുഖിപ്പിക്കേണ്ടതു തന്റെ കർത്തവ്യമാണെന്ന് അവളാണോ

* സർ. രവീന്ദ്രനാഥടാഗൂർ എഴുതിയ ഒരു കഥയുടെ ഏകദേശതർജ്ജമ.

വിചാരിച്ചത് എന്നു സംശയം തോന്നുന്നു. അതെങ്ങിനെയെങ്കിലുമാകട്ടെ. ഒന്നു തീർച്ചയാണ്: ആറാം വയസ്സിൽ പ്രവേശിച്ചതോടുകൂടി അവൾ ഒരു വലിയ ഗൃഹനായികയുടെ സ്ഥാനം നടിച്ചുതുടങ്ങി. ഈ ചെറിയ കുട്ടി തന്റെ അച്ഛന്റെ ഏകരക്ഷാധികാരിണിയായി വന്നു എന്നുള്ളത് അവളുടെ ചേഷ്ടകളിൽനിന്നു വളരെ വ്യക്തമായിരുന്നു.

അവളുടെ ഈ നാട്യത്തെപ്പററി എനിക്ക് ഉള്ളിൽ അല്പം ചിരിയാണുണ്ടായതെങ്കിലും, അവളുടെ ഇഷ്ടംപോലെ എല്ലാം പ്രവർത്തിക്കുവാൻ ഞാൻ എന്നെ അവൾക്കധീനമാക്കിക്കൊടുത്തു. ഞാൻ ഒരു കാര്യത്തിന്നും പോരാത്തവനെപ്പോലെ ആയിത്തീർന്നു. എന്റെ എല്ലാ അന്വേഷണങ്ങളും 'പ്രഭു'തന്നെ ചെയ്തു എന്നായി. ഇങ്ങിനെ, ഞാൻ എത്രത്തോളം കാര്യത്തിന്നു പോരാത്തവനായിത്തീർന്നുവോ അത്രത്തോളം അവൾ സന്തോഷിച്ചതേ ഉള്ളു. എന്റെ വസ്ത്രങ്ങൾ ഞാൻ തന്നെ അയക്കോലിന്മേൽ നിന്നെടുക്കുകയോ എന്റെ കുടയെടുപ്പാൻ ഞാൻ തന്നെ പോവുകയോ മറേറാ ചെയ്താൽ അവൾ കലശലായ പരിഭവം ഭാവിച്ചു മുഖം വീർപ്പിച്ചു നില്ക്കുന്നതും, ഞാനവളുടെ ചില അധികാരങ്ങൾ തട്ടിപ്പറിച്ചതുപോലെ നടിക്കുന്നതും കാണാറുണ്ട്. ഇങ്ങിനെ ഞാനവൾക്ക് ഒരു 'കളിപ്പണ്ട'മായിത്തീർന്നു. അവളുടെ ജീവദശയിൽ ഒരിക്കലും ഈ അച്ഛനെപ്പോലെ ഒരു കളിസ്സാമാനം അവൾക്കു കിട്ടീട്ടുണ്ടായിരുന്നില്ല. അതുകൊണ്ട് അച്ഛന്റെ ഭക്ഷണം കഴിപ്പിക്കുന്നതിലും, വസ്ത്രം ധരിപ്പിക്കുന്നതിലും, എന്തിന്, അച്ഛനെ കിടത്തി ഉറക്കുന്നതിലുംകൂടി അവൾ അതിയായി ജാഗ്രത വെച്ചിരുന്നു. അവളെ കണക്കശാസ്ത്രത്തിന്റെ പ്രാഥമികതത്വങ്ങളും ആരംഭപാഠവും പഠിപ്പിക്കുമ്പോൾ മാത്രമേ എനിക്ക് അച്ഛന്റെ അധികാരം പ്രയോഗിപ്പാൻ ആകപ്പാടെ ഒരവസരം ഉണ്ടായിരുന്നുള്ളു.

അക്കാലത്ത് എന്റെ മനസ്സിൽ യാതൊരു വിചാരത്തിന്നും സുഖക്കേടിന്നും എടയുണ്ടായിരുന്നില്ല. 'അമ്മയില്ലാത്ത കുട്ടിയെ' വളർത്തുന്നതിൽ എനിക്കൊരു ബുദ്ധിമുട്ടും നേരിട്ടില്ല. എന്നാൽ, അവൾക്ക് അനുരൂപനായ ഒരു വരനെ ഉണ്ടാക്കിക്കൊടുക്കുമ്പോൾ മതിയായ സ്ത്രീധനം കൊടുപ്പാൻ പണം എവിടെനിന്നുണ്ടാവും എന്ന ഒരു വിചാരം എന്റെ മനസ്സിനെ എടയ്ക്കെടയ്ക്കു ക്ലേശിപ്പിച്ചിരുന്നു. അവൾക്കു ഞാൻ ശരിയായ വിദ്യാഭ്യാസം നൽകുന്നുണ്ടായിരുന്നു. പക്ഷേ അവൾ മൂഢനായ ഒരു വരന്റെ അധീനത്തിലാണു ചെന്നു പെടുന്നതെങ്കിൽ എന്താണ് സംഭവിച്ചുകൂടാത്തത്? അതു പാടില്ല; അവളെ അനുരൂപനായ ഒരു വരന്നു കൊടുക്കുവാൻ പണമില്ലെന്നുള്ള പ്രതിബന്ധം വരുവാൻ പാടില്ല.

അതുകൊണ്ടു കുറെ പണം സമ്പാദിക്കണമെന്നു ഞാൻ തീർച്ചപ്പെടുത്തി. ഗവൎമ്മെണ്ടാപ്പീസ്സുകളിൽ ഉദ്യോഗം കിട്ടുവാൻ പ്രായാധിക്യത്താൽ എനിക്കു തരമുണ്ടായിരുന്നില്ല. മററു വല്ല ആപ്പീസ്സുകളിലുമാണെങ്കിൽ അതിന്നു തക്കവണ്ണം ജനസ്വാധീനവും എനിക്കുണ്ടായിരുന്നില്ല. ഈ സ്ഥിതിക്ക് എങ്ങിനെയാണ് പ

ണം സമ്പാദിക്കേണ്ടത്? വളരെ ആലോചന ചെയ്തതിന്നു ശേഷം ഒരു വഴി കണ്ടെത്തി. സാഹിത്യത്തിൽ പ്രവേശിച്ച പുസ്തകങ്ങളെഴുതി പണം സമ്പാദിക്കാമെന്നു ഞാൻ തീച്ചപ്പെടുത്തി.

ഒരു കാൎയ്യത്തിന്നും ഉപകാരമില്ലാത്ത ഒരാൾ ആഡംബരത്തിന്നു കൊള്ളും; മറെറാരു വ്യവസായത്തിലും ഫലപ്രാപ്തിയില്ലാത്ത ഒരാൾക്കു സാഹിത്യത്തിൽ ജയം കിട്ടും. നിങ്ങൾ ഒരു മുളംകുററിയെടുത്ത് അതിന്നൊരു ദ്വാരമുണ്ടാക്കിയാൽ പിന്നെ അതിന്നുള്ളിൽ എണ്ണയോ വെള്ളമോ ആക്കി സൂക്ഷിക്കുവാൻ സാധിക്കുന്നതല്ല. അതായത്, ആ മുളംകുററിക്കു ദ്രവദ്രവ്യങ്ങളെ പിടിച്ചുനിൎത്താനുള്ള ശക്തി നശിച്ചുപോകുന്നു. എന്നാൽ, ആ ദ്വാരത്തിൽക്കൂടെ നിങ്ങൾ ഊതുകയാണെന്നു വെക്കുക. അപ്പോൾ അതു മധുരമായ സംഗീതസ്വനം പുറപ്പെടുവിച്ചുതുടങ്ങും. ഇതുപോലെയാണ്, മറ്റു കാൎയ്യങ്ങൾക്കു പററാത്തവർ സാഹിത്യത്തിൽ വിജയം നേടുന്നത്. ഈ വിചാരത്താൽ ധൈൎയ്യപ്പെട്ടു പണം സമ്പാദിക്കാനായി ഞാൻ സാഹിത്യത്തിലേക്കു പ്രവേശിച്ചു.

ആദ്യം ഞാനൊരു പ്രഹസനമാണെഴുതിയുണ്ടാക്കിയത്. അതു വളരെ നന്നായിട്ടുണ്ടെന്നു ജനങ്ങൾ പറഞ്ഞു. അതു നാടകമട്ടിൽ അഭിനയിക്കുകകൂടി ചെയ്തുതുടങ്ങി. ഇങ്ങിനെ യശസ്സിന്റെ സ്വാദ് അനുഭവിച്ചുതുടങ്ങിയപ്പോൾ വീണ്ടും അതിനെ പിന്തുടരുവാനുള്ള ആഗ്രഹത്തെ നിൎത്തുവാൻ എന്നാൽ സാദ്ധ്യമായില്ല. ഞാൻ എന്തെന്നില്ലാത്ത ഉത്സാഹത്തോടുകൂടി എല്ലാദിവസവും പ്രഹസനം എഴുതിക്കൊണ്ടു തന്നെ കഴിച്ചുകൂട്ടി. ആ അവസരങ്ങളിൽ ചിലപ്പോൾ 'പ്രഭ' മന്ദഹാസത്തോടുകൂടി പതുക്കെ അടുത്തുവന്ന് 'അച്ഛാ! കുളിക്കാൻ സമയമായല്ലൊ' എന്ന് എന്നെ ഓൎമ്മപ്പെടുത്തും. അപ്പോൾ 'പോ പോ! ഞാൻ വളരെ തിരക്കായി ഒരു പണിയെടുക്കുകയാണെന്നു നീ കാണുന്നില്ലേ? എന്നെ വെറുതെ ശല്യപ്പെടുത്തേണ്ട' എന്നു ഞാൻ അവളുടെ നേരെ ശുണ്ഠിയെടുക്കും. അതു കേൾക്കുമ്പോൾ ആ സാധുക്കുട്ടി, പെട്ടെന്നു തിരികെടുക്കുകയാൽ ഇരുട്ടണഞ്ഞ വിളക്കുപോലെ നിഷ്പ്രഭമായ മുഖത്തോടുകൂടി ആരും കാണാതെ പോകയുംചെയ്യും. ദാസിമാരെയെല്ലാം ഞാൻ ശകാരിച്ചയയ്ക്കും. വാലിയക്കാരെ പ്രഹരിക്കും. ധൎമ്മക്കാർ ഉമ്മറത്തു വന്നു പാട്ടുപാടുമ്പോൾ ഞാൻ വടിയെടുത്തു പിന്നാലെ ഓടും. എന്റെ ആപ്പീസ്സുമുറി നിരത്തുവഴിക്കു തൊട്ടായിരുന്നതുകൊണ്ട് വഴിയാത്രക്കാർ ചിലപ്പോളൊക്കെ വന്ന് എന്നോടു വഴി ചോദിക്കും. അപ്പോൾ ഞാൻ 'അനന്തൻകാട്ടിലേക്കു'ള്ള വഴിയാണ് പറഞ്ഞുകൊടുക്കാറുള്ളത്. എന്തിനു പറയുന്നു? ഞാൻ ഇപ്പോൾ ക്ഷോഭജനകമായ ഒരു പ്രഹസനം എഴുതുന്നതിലാണ് ഏൎപ്പെട്ടിരിക്കുന്നതെന്ന് ആരും തന്നെ ഗൌരവമായി വിചാരിച്ചില്ല.

പക്ഷെ, ഇത്രയൊക്കെ ബുദ്ധിമുട്ടീട്ട് എനിക്കു കിട്ടിയതെന്താണ്? വെറും യശസ്സും വിനോദവും മാത്രം. ഞാൻ ഉദ്ദേശിച്ചപ്രകാരം 'പണം' അധികമൊന്നും കിട്ടിയില്ല. പ്രഹസനമെഴുതാത്ത അച്ഛന്മാരുടെ പെൺമക്കൾക്കെല്ലാം പാക

ത്തിൽ ആ പ്രദേശത്തു വിവാഹം ചെയ്യാൻ പ്രായമായിട്ടുള്ള ആൺകുട്ടികൾ വളൎന്നുവരുന്നുമുണ്ടായിരുന്നു. എങ്കിലും ഇതുകൊണ്ടൊന്നും എന്റെ മനസ്സ് ഇളകിയില്ല. സാഹിത്യപരിശ്രമംകൊണ്ടു ഞാനുദ്ദേശിച്ച കാൎയ്യം സാധിക്കയില്ലെന്ന് എനിക്കു തീരെ തോന്നിയില്ല.

അതുമല്ല, അപ്പോൾ എനിക്കു വേറെയൊരു വലുതായ അവസരവും കിട്ടി. ജാഹീർഗ്രാമം എന്ന പ്രദേശത്തെ ഒരു ജന്മി ആയിടയ്ക്ക് ഒരു വൎത്തമാനപത്രം തുടങ്ങുന്നുണ്ടായിരുന്നു. അതിന്റെ പത്രാധിപരായംൽക്കൊള്ളാമെന്ന് എന്നോടപേക്ഷിച്ചു. ആ സ്ഥാനം ഞാൻ സ്വീകരിക്കയും ചെയ്തു. എന്റെ കീൎത്തി ഒന്നുകൂടി വൎദ്ധിക്കുവാനിടയായി. ആദ്യം എതാനും ദിവസങ്ങളിൽ ഞാൻ വളരെ മനസ്സിരുത്തി ശക്തിയേറിയ ലേഖനങ്ങൾ എഴുതി പ്രസിദ്ധപ്പെടുത്തുകകാരണമായി ജനങ്ങൾ എന്നെ പൂൎവ്വാധികം അറിഞ്ഞുതുടങ്ങി. ഞാൻ തെരുവീഥിയിൽക്കൂടെ നടക്കുമ്പോൾ ജനങ്ങൾ 'ഇദ്ദേഹമാണ് പത്രാധിപർ' എന്ന് എന്നെ ചൂണ്ടിക്കാണിച്ചു പറഞ്ഞുതുടങ്ങി. എന്റെ തലയിൽ മുമ്പുള്ളതിലും അധികമായി ഞാനറിയാത്ത ചില യോഗ്യതകൾ ഇപ്പോൾ ഉണ്ടായതായി എനിക്കുതന്നെ തോന്നിത്തുടങ്ങി.

ജാഹീർഗ്രാമത്തിന്നടുത്ത് ആഹീർഗ്രാമം എന്നൊരു ദേശമുണ്ട്. ഈ ഗ്രാമത്തിലും ഒരു ജന്മിയുണ്ടായിരുന്നു. ഈ രണ്ടു ജന്മികളും തമ്മിൽ എപ്പോഴും ആഭിജാത്യവഴക്കുകളും കേസ്സും കൂട്ടവും നടന്നിരുന്നു. ചില സമയങ്ങളിൽ ഇവർ തമ്മിൽ കായികമായ ബലാബലം തന്നെ പരീക്ഷിച്ചിട്ടില്ലെന്നില്ല. അതിനാൽ സ്ഥലത്തെ മജിസ്ട്രേട്ട് ഇവരോടു നല്ലനടപ്പിന്നു ജാമ്യം വാങ്ങി. അതിന്നു ശേഷമാണ്, ഇവരിലൊരാൾക്കു മററാളെ ശകാരിപ്പാനുള്ള ഒരു ശമ്പളക്കാരന്റെ സ്ഥാനം ഞാൻ സ്വീകരിച്ചത്. ഞാനെന്റെ സ്ഥാനവലുപ്പത്തിന്നനുസരിച്ചു പ്രവൎത്തിക്കുന്നുണ്ടെന്ന് എല്ലാവരും പറഞ്ഞുതുടങ്ങി. എന്റെ ലേഖനങ്ങൾ വളരെ ശക്തിയുള്ളവയും കുറിക്കുകൊള്ളുന്നവയുമായിരുന്നതിനാൽ ആഹീർഗ്രാമത്തിലെ ജന്മിയുടെ തല പൊങ്ങാതെയായി. അയാളുടെ തറവാട്ടുമാന്യതയേയും കുലമഹിമയേയും ഞാനെന്റെ മഷികൊണ്ടു കറുപ്പിച്ചു. ഈ കാലത്തൊക്കെ എന്നെപ്പററി എനിക്കുതന്നെ നല്ല തൃപ്തിയും ബഹുമാനവും തോന്നിയിരുന്നു. ഞാൻ കുറച്ചു തടിക്കുകൂടി ചെയ്തുവോ എന്നു സംശയമുണ്ട്. ഒരസാധാരണപുരുഷന്റെ മുഖത്തെന്നപോലെ എന്റെ മുഖത്ത് എപ്പോഴും പരമാനന്ദം വിളങ്ങിക്കൊണ്ടിരുന്നു. ഹാസ്യരസവും മൎമ്മഭേദകവുമായ അലങ്കാരങ്ങളോടുകൂടി ആഹീർഗ്രാമത്തിലെ ജന്മിയുടെ നേരെ ഞാൻ ചെയ്ത ശകാരപ്രയോഗങ്ങൾ ജാഹീർഗ്രാമക്കാരെ പാടില്ലാതെ ചിരിപ്പിച്ചു. ചിരിച്ചുചിരിച്ച്, അധികം മൂത്ത വെള്ളരിക്ക പൊട്ടുന്നതുപോലെ, അവരുടെ കുടൽ നുറുങ്ങുന്നതു കാണുമ്പോൾ എന്റെ സാമൎത്ഥ്യത്തെപ്പററി എനിക്കുതന്നെ എന്തെന്നില്ലാത്ത ഒരു ബഹുമാനമുണ്ടായി. എന്തിനു പറയുന്നു? എന്റെ ജീവിതം വളരെ ആനന്ദമയമായിത്തീൎന്നു.

എന്നാൽ, ആഹീർഗ്രാമക്കാരും ഒടുവിൽ ഒരു പത്രം ആരംഭിച്ചു. ആ പത്ര

ക്കാരുടെ ശകാരം സാഹിത്യത്തിന്നുള്ള വ്യംഗ്യമർയ്യാദയെ വിലവെക്കാതെ കേവലം നഗ്ന രൂപത്തിലായിരുന്നു. അവരിലെ ഓരോ അക്ഷരവും, കൂട്ടുകൂടാത്ത പച്ച ഭാഷയിൽ, കേൾക്കുന്നവന്റെ മുഖത്തു കരിതേക്കത്തക്കവിധം അത്ര പച്ചയായിരുന്നു. ഇതിന്റെയൊക്കെ ഫലം എന്തെന്നാൽ, ആ രണ്ടു ഗ്രാമക്കാർക്കും സംഗതികളെല്ലാം വ്യക്തമായി മനസ്സിലായതായിരുന്നു. ഞാനാകട്ടെ, മർയ്യാദയെ ലംഘിക്കുന്നതിലുള്ള വൈമനസ്യംകൊണ്ടും, എന്റെ ഭാഷയിലുള്ള അർത്ഥകല്പനകൾ വേണ്ടവിധം മനസ്സിലാക്കുവാൻ തക്ക പ്രാപ്തി എന്റെ ശത്രുകൾക്കും ബന്ധുക്കൾക്കും ഇല്ലാഞ്ഞതുകൊണ്ടും വല്ലാതെ കുഴങ്ങി. ഈ യുദ്ധത്തിൽ എനിക്കാണു വാസ്തവത്തിൽ ജയമുണ്ടായതെങ്കിലും, എന്റെ വായനക്കാർ ആ ജയത്തെ അറിഞ്ഞില്ല.

ഒടുവിൽ ഒരു നില്ക്കക്കള്ളിയുമില്ലാതായപ്പോൾ ഞാൻ സാഹിത്യസംബന്ധമായുള്ള ലേഖനമർയ്യാദയെപ്പററി ഒരു പ്രസംഗമാണെഴുതിയത്. പക്ഷെ, ഞാൻ ആ ചെയ്തതു വലിയ തെററായെന്നു പിന്നെ ഞാൻ കണ്ടുപിടിച്ചു. ഹാസ്യജനകമായിപ്പറയുന്ന ഒന്നിനേക്കാൾ ഗൌരവമായിപ്പറയുന്നതിനെയാണധികം ആളുകൾ ഹസിക്കുക എന്നു ഞാൻ മനസ്സിലാക്കി. അതുകൊണ്ടു, എന്റെ സഹജീവികളെ മർയ്യാദ പഠിപ്പിക്കുന്നതിന്നുള്ള ശ്രമം വിപരീതമായ ഫലത്തെയാണുണ്ടാക്കിയത്.

ഈ ഘട്ടത്തിൽ, എന്റെ പ്രഭു മുമ്പെന്നോടു കാട്ടിയിരുന്ന സ്വഭാവത്തിൽ ഭേദഗതി വന്നുതുടങ്ങി എന്നെനിക്കു മനസ്സിലായി. എനിക്കു സാധാരണ കിട്ടാറുള്ള ബഹുമതിക്കു ക്ഷയം തട്ടിത്തുടങ്ങിയെന്നല്ലാ, അതിന്റെ ഗുണത്തിന്നും കുറവു കണ്ടുതുടങ്ങി. ഞാൻ തെരുവീഥിയിലിറങ്ങുമ്പോൾ എന്റെ ലേഖനങ്ങളെ പ്രശംസിച്ചുംകൊണ്ടു ആരും പറയാതേയുമായിത്തുടങ്ങി. എന്നുതന്നെയല്ലാ, ആളുകൾ അതിപരിചയം നടിച്ച് എന്റെ പുറത്തു തട്ടുവാനും ഓരോ പുതിയ പേരുകൾ വിളിക്കുവാനും തുടങ്ങി. എന്നെ ആദ്യം അഭിനന്ദിച്ചിരുന്നവർ, എന്റെ യശസ്സിന്നു കാരണമായ പ്രഹസനങ്ങളുടെ കാര്യംതന്നെ ഇപ്പോൾ മറന്നുതുടങ്ങിയൊ എന്നു തോന്നി. ഞാനിപ്പോൾ, അററംവരെ കത്തിത്തീർന്നു കരിപിടിച്ച ഒരു തീപ്പെട്ടിക്കോലിന്റെ മാതിരിയിലായെന്ന് എനിക്കു തോന്നി. ആകപ്പാടെക്കൂടി മനസ്സിന്നു വലിയ ഇടിച്ചൽ തട്ടുകയാൽ, തലച്ചോറുപയോഗിക്കുവാൻ എത്ര ശ്രമിച്ചിട്ടും ഒരു വരിപോലും എഴുതുവാൻ എനിക്കു സാധിച്ചില്ല. ജീവിതം എത്ര സുഖകരമാണെങ്കിലും എനിക്കതിലുള്ള കൊതിതന്നെ ഇല്ലാതായി.

'പ്രഭു' ഇപ്പോളെന്നെ ഭയപ്പെട്ടുംകൊണ്ടാണു വളർന്നുവരുന്നത്. വിളിച്ചാലല്ലാതെ അടുത്തുവരുവാൻ അവൾ ശ്രമിക്കാറേയില്ല. ഒരു അസാധാരണപുരുഷനും പ്രഹസനകർത്താവുമായ അച്ഛനേക്കാൾ സാധാരണമായ ഒരു കളിക്കോപ്പാണ് സാഹചര്യത്തിന്നധികം നല്ലതെന്ന് അവൾ ധരിച്ചുകഴിഞ്ഞിരിക്കുന്നു.

ഒരു ദിവസം ആഹീർഗ്രാമത്തിലെ പത്രം എന്റെ പ്രഭുവിനെ ഒഴിവു

ക്കി ശകാരം മുഴവൻ എന്റെ നേക്കുതന്നെ പ്രയോഗിച്ചതായി ഞാൻ കണ്ടു. എന്നെപ്പററി വളരെ ആഭാസമായ ആക്ഷേപങ്ങൾ എഴുതിട്ടുണ്ടായിരുന്നു. എന്റെ സ്നേഹിതന്മാരും പരിചയക്കാരും ഓരോരുത്തരായി വന്നുതുടങ്ങി. അവർ സാകൂതമായ ചിരിയോടുകൂടി ഓരോ ആക്ഷേപങ്ങൾ വായിച്ചുതുടങ്ങി. വിഷയത്തിൽ പ്രതിപാദിച്ച സംഗതിയിൽ യോജിപ്പാൻ മടിയുണ്ടെങ്കിലും എഴുതിയതു വളരെ സാമത്ഥ്യത്തോടുകൂടെയായിട്ടുണ്ടെന്നു ചിലർ പറഞ്ഞുതുടങ്ങി. ആ ഒരു ദിവസം പകൽ കഴിയുന്നതിന്നിടയ്ക്കു് ഇരുപതിലധികം ആളുകൾ വന്നു് ഈഷൽഭേദത്തോടുകൂടി പറഞ്ഞതുതന്നെ പറഞ്ഞു മടങ്ങിപ്പോയി.

എന്റെ വീട്ടിന്നമ്മാത്തു മുമ്പിലായി ഒരു ചെറിയ തോട്ടമുണ്ടു്. ആ തോട്ടത്തിൽ ഞാൻ വൈകുന്നേരം മനോവേദനയോടുകൂടെ ലാത്തുകയായിരുന്നു. പക്ഷികളെല്ലാം അവരുടെ കൂട്ടിൽ മടങ്ങിയെത്തി സന്ധ്യാസമയത്തെ നിശ്ശബ്ദതയ്ക്കു കീഴടങ്ങിയിരുന്നു. എന്നാൽ, പക്ഷികളുടെ കൂട്ടത്തിൽ പത്രപ്രവത്തനത്തിൽ പരിചയിച്ചിട്ടുള്ളവരൊ ലേഖനമയ്യാദയെപ്പററി വ്യവഹരിക്കുന്നവരൊ ഇല്ലെന്നു ഞാൻ മനസ്സിലാക്കി. ഞാനീയവസരത്തിൽ ഒന്നേ ആലോചിച്ചിരുന്നുള്ളു—എന്നെപ്പററി പറഞ്ഞിട്ടുള്ള ആക്ഷേപങ്ങൾക്കു് എന്തു സമാധാനമാണെഴുതേണ്ടതെന്നു മാത്രം. മയ്യാദയ്ക്കു് ഒരു ദോഷമുണ്ടു്. അതായതു്, അതെല്ലാത്തരക്കാരും മനസ്സിലാക്കുന്നതല്ല. അതുകൊണ്ടു്, എന്റെ നേരെ ഇങ്ങോട്ടെഴുതിയ സമ്പ്രദായത്തിൽത്തന്നെ അങ്ങോട്ടും എഴുതേണമെന്നാണു് ഞാൻ തീച്ചയാക്കിയതു്. എനിക്കു തോല്മപാററിയെന്നു സമ്മതിക്കുവാൻ ഞാനൊരിക്കലും ഒരുക്കമുണ്ടായിരുന്നില്ല.

ഞാൻ ഇങ്ങിനെ തീച്ചപ്പെടുത്തിക്കഴിഞ്ഞപ്പോഴയ്ക്കും എനിക്കു് അതിപരിചിതമായ ഒരു ശബ്ദം, സന്ധ്യാസമയത്തെ അന്ധകാരത്തിലൂടെ വളരെ മൃദുവായി എനിക്കു കേൾക്കമാറായി. അപ്പോഴയ്ക്കും എന്റെ കയ്യിന്റെ പടത്തിൽ മൃദുവായും ചൂടുള്ളതായും ഇരിക്കുന്ന ഒരു സ്പശനവും തോന്നി. ആ ശബ്ദവും ആ കരസ്പശവും, എനിക്കു വളരെ അനുഭവമുള്ളതായിരുന്നവെങ്കിലും, തൽക്കാലം മനസ്സിന്നുണ്ടായിരുന്ന വ്യസനവും കുണ്ഠിതവും നിമിത്തം അതെനിക്കു പരിചിതമാണെന്നുള്ള ജ്ഞാനം അപ്പോളുണ്ടായില്ല.

എന്നാൽ, ആ ശബ്ദവും സ്പശനവും വിട്ടു കുറച്ചു കഴിഞ്ഞപ്പോൾ അടുത്ത ക്ഷണത്തിൽ അതിന്റെ ഓമ്മ എനിക്കുണ്ടായി. അതു്, എന്റെ കുട്ടി സാവധാനത്തിൽ അടുത്തുവന്നു് 'അച്ഛാ!' എന്നു എന്റെ ചെവിയിൽ മന്ത്രിക്കുകയായിരുന്നു. പക്ഷെ, അതിന്നൊരു മറുവടിയും കിട്ടായ്കയാൽ അവൾ എന്റെ വലത്തെ കൈ പൊന്തിച്ചു് അവളുടെ നെററിമേൽ തടവി നിശ്ശബ്ദമായി സ്വസ്ഥാനത്തേയ്ക്കു മടങ്ങിപ്പോകയാണുണ്ടായതു്. വളരെ കാലമായിട്ടു 'പ്രഭ' എന്നെ ഇങ്ങിനെ വിളിക്കുകയുണ്ടായിട്ടില്ല. അവൾ എന്റെ അടുത്തു വരുവാൻ ധൈയ്യപ്പെടുകയും ഉണ്ടായിട്ടില്ല. അതുകൊണ്ടു്, അവളുടെ ഇന്നത്തെ ഈ സ്പ

ശം എന്നെ പെട്ടന്ന് അവളുടെ സമീപത്തിലേക്കാകൎഷിച്ചു.

ഞാൻ വീട്ടിൽ മടങ്ങിച്ചെന്നപ്പോൾ 'പ്രഭ' അവളുടെ കിടക്കയിൽ കിടക്കുന്നതായിട്ടാണു കണ്ടത്. അവളുടെ കണ്ണുകൾ പകുതി അടഞ്ഞിരിക്കുന്നു. അവൾ എന്തോ ഒരു വേദന സഹിക്കുന്നുണ്ടെന്ന് എനിക്കു തോന്നി. സന്ധ്യാസമയത്തു ഞെട്ടററുവീണു പൊടിപുരണ്ടു കിടക്കുന്ന ഒരു പുഷ്പമെന്നപോലെ അവൾ കിടക്കുന്നു. ഞാൻ എന്റെ കൈ അവളുടെ നെററിമേൽ വെച്ചുനോക്കി. അവൾക്കു പനിയായിരുന്നു. അവളുടെ ശ്വാസങ്ങൾ ചൂടുള്ളതായിരുന്നു. നാഡികൾ മിടിച്ചുകൊണ്ടിരുന്നു. സാധുവായ എന്റെ കുട്ടി, പനിയുടെ ലക്ഷണങ്ങൾ കണ്ടപ്പോൾ അച്ഛന്റെ സ്നേഹവാത്സല്യങ്ങളോടുകൂടിയ ശുശ്രൂഷയേല്ക്കുവാനുള്ള മോഹത്തോടെ അച്ഛന്റെ അടുക്കൽ വന്നിരിക്കയായിരുന്നുവെന്നും, അപ്പോൾ അവളുടെ അച്ഛൻ വൎത്തമാനപത്രത്തിലേക്കു തീക്ഷ്ണമായ ഒരു പ്രത്യാഖ്യാനമെഴുതുവാൻ ആലോചിച്ചിരിക്കയായിരുന്നുവെന്നും ഞാൻ മനസ്സിലാക്കി. ഞാനവളുടെ അടുക്കെ ഇരുന്നു. 'പ്രഭ' ഒന്നും സംസാരിക്കാതെ, പനിപിടിച്ചു ചുട്ടിരിക്കുന്ന അവളുടെ രണ്ടു കൈകളോടുംകൂടി എന്റെ കൈ പിടിച്ചു തന്റെ നെററിമേൽ വെച്ച് അനങ്ങാതെകണ്ടു കിടന്നു.

എന്റെ വീട്ടിലുണ്ടായിരുന്ന ജാഹീർഗ്രാമം കടലാസ്സിന്റെ പ്രതികളെല്ലാം ഞാൻ ചുട്ടു ഭസ്മമാക്കി. എന്നെപ്പററിയുള്ള ആക്ഷേപത്തിന്ന് ഒരു മറുവടിയും ഞാനെഴുതിയില്ല. ഞാൻ തോററു എന്നു സമ്മതിച്ചപ്പോളുണ്ടായപോലൊരു സന്തോഷം എന്റെ ജീവിതത്തിൽ ഒരിക്കലും അനുഭവിച്ചിട്ടുമില്ല.

എന്റെ കുട്ടിയുടെ അമ്മ മരിച്ചതിനുശേഷമാണ് ഞാനവളെ എന്റെ കരത്തിൽ എടുത്തത്. പിന്നെ അവളുടെ അമ്മയുടെ സ്ഥാനത്തിരുന്ന പത്രികയെക്കൂടി സംസ്കരിച്ചതിനുശേഷം വീണ്ടും ഞാൻ എന്റെ കുട്ടിയെത്തന്നെ കയ്യിൽ എടുത്തു.

ഒരു സഹൃദയൻ.

—ഃഃഃ—

# ഒരു പ്രണയകലഹം.

മൌലിയിൽക്കാണുന്നതെന്തുനാഥാ?
ബാലക്കളിർമതിതന്നെബാലേ!
പിന്നെയുമേതാനമുണ്ടോനാഥാ?
പന്നഗപംക്തികളുണ്ടുബാലേ!
അളുതമേതാനമുണ്ടോനാഥാ?
അല്പവുംഞാനറിഞ്ഞീലബാലേ!

ഉള്ളിൽവെള്ളത്തൊന്നുകാണുമാറുണ്ടു,
വെള്ളംജടയിന്നുപോകുന്നില്ല.
വെള്ളത്തിനിപ്പോൾമുഖവുമുണ്ടോ,
കള്ളമല്ലാമുഖമല്ലേകാൺമൂ?
അംബുജമംബുവിൽക്കാണുന്നോരം
തന്മുഖമെന്നാണുതോന്നിപ്പോകം.

പാർകുഴലുണ്ടാമോവാരിതന്നിൽ?
പാർകുഴലല്ലതുചണ്ടിയത്രേ
നേത്രങ്ങളുണ്ടാമോവെള്ളംതന്നിൽ?
നേത്രങ്ങളല്ലതുമത്സ്യമത്രെ.
കാമവികാരങ്ങൾകാണ്മാനുണ്ടു,
കാമിനിയല്ലയോചൊല്ലുനാഥാ!
പൂന്തേൻമൊഴിയാളേ!കേട്ടുകൊൾക
കാന്തയെനിക്കില്ലാനിയ്യല്ലാതേ.
കാട്ടിയതൊക്കയുംനന്നുതാനും,
കാട്ടിയപോലെയാകട്ടെതാനും.
അപ്പനെക്കണ്ടുവരട്ടെഞാനും,
ഇപ്പുഴയിൽനന്നായ്‌രമിക്കനാഥാ!
വാവാമകനേഗണപതിയേ!
പോരുന്നോബാലകാസുബ്രഹ്മണ്യാ!
പോവാൻതുടങ്ങുന്നേനമ്മാത്തസ്സു
കൈവരുംമോദേനപോന്നുകൊൾവിൻ!
പ്രേമകലഹങ്ങളിങ്ങിനെയാ
മാമലമാതുതുടൎന്നുകൊണ്ടു്
എന്നുംമണക്കാട്ടുഭ്രസുരന്റെ
മന്ദിരന്തന്നിൽവസിച്ചീടേണം.
കല്യാണശീലവടക്കുംനാഥാ!
ഞാനിതാശ്രീപാദംകൈതൊഴുന്നേൻ.

(ഒരു പഴയ ഗ്രന്ഥത്തിൽനിന്നു്)

# ഞങ്ങളുടെ വായനശാല.

## കേരളപാണിനീയം *

സംസ്കൃതസാഹിത്യചരിത്രത്തിൽ ഭഗവാൻ പാണിനിമഹർഷിയുടെ പവിത്രമായ നാമധേയം എങ്ങിനെയോ അങ്ങിനെയാണു കേരളസാഹിത്യചരിത്രത്തിൽ 'കേരളപാണിനി' എന്നു പ്രഖ്യാതനായ പ്രഫസർ എ. ആർ. രാജരാജവൎമ്മതമ്പുരാനവർകളുടെ നാമധേയം ശോഭിക്കുന്നതു്. അവിടുന്നു നിൎമ്മിച്ചിട്ടുള്ള 'കേരളപാണിനീയം' എന്ന വ്യാകരണശാസ്ത്രം പാണിനി കണ്ടുപിടിച്ച രീതിയിലായിരുന്നതിനാൽ അതു വായിച്ച് ഒരു വ്യുൽപത്തി സമ്പാദിക്കുവാൻ സാധാരണക്കാരെക്കൊണ്ടു കഴിയാതെയാണിരുന്നിരുന്നതു്. അതുകൊണ്ടു് ശിഷ്യവത്സലനായ അവിടുന്നുതന്നെ അതു നിശ്ശേഷം പരിഷ്കരിച്ച് ഇപ്പോൾ എത്രയും സുഗമമാക്കിത്തീൎത്തിരിക്കുന്നു. ഇപ്പോൾ 'കേരളപാണിനീയം' ഒരു വെറും വ്യാകരണശാസ്ത്രം മാത്രമല്ല; ഇതിൽ കേരളഭാഷാചരിത്രത്തിന്റെയും അലങ്കാരശാസ്ത്രത്തിന്റെയും ഒരു സാമാന്യവിവരണംകൂടെ അടങ്ങിയിരിക്കുന്നു. ഇങ്ങിനെ പരിഷ്കരിച്ചു ഈ പുതിയ പതിപ്പു തെയ്യാറാക്കുവാൻ 'ലീലാതിലകം' എന്ന അലങ്കാരഗ്രന്ഥം അവിടേക്കു വളരെ ഉപകരിച്ചിട്ടുണ്ടെന്നാണു കാണുന്നതു്. ദുൎഗ്ഗമങ്ങളായ അനേകം സങ്കേതങ്ങളാൽ കൎക്കശമായിരുന്ന 'കേരളപാണിനീയ'ത്തെ പുതിയ പരിഷ്കാരങ്ങളെക്കൊണ്ടു് ഇങ്ങിനെ മൃദുപ്പെടുത്തിയതിൽ ഞങ്ങൾ സന്തോഷിക്കുന്നു.

* പരിഷ്കരിച്ച പതിപ്പ്; തിരുവനന്തപുരം ബി. വി. ബുക്കുഡിപ്പോവിൽനിന്നു പ്രസിദ്ധപ്പെടുത്തിയതു്; വില 2 ക.

# ശബ്ദാലങ്കാരം.

അതിന്റെ അത്ഥം: 'മേരുചാപശരാസനേ' കനകഗിരികാർമ്മുകത്തിൽ 'ശരമേശാശ്രുക(ഗ)മേഷ്ടവൻ' ശ്രീപതിയായ ബാണം പ്രയോഗിച്ചവൻ ധനതൃഷ്ണാപരിഹാരകൻ എന്ന് ധ്വനിപ്പിക്കുന്നു. 'മഹേശൻ' സാക്ഷാൽ പരമേശ്വരൻ 'കനിവാകവേ' പ്രസാദിക്കുന്ന സമയം, 'നീയുമേതുണയാണാകേ' ആകെ, സർവ്വപ്രകാരേണയും ഉമേ നീ തുണയാണ്. പരമേശ്വരപ്രസാദത്താൽ അജ്ഞാനമയിയായ അവിദ്യ നശിച്ചു ജ്ഞാനസ്വരൂപിണിയായ വിദ്യാഭഗവതി തെളിഞ്ഞാലേ അനശ്വരപരമാനന്ദം കിട്ടുള്ളു എന്നു സിദ്ധാന്തം.

പക്ഷംരണ്ടില്ലമേവിശ്വമിതരിമയിൽഞാ
ഹന്തപാർത്ഥാർത്തമകോപം (ൻ
പാറിച്ചുലക്ഷമാത്രംമതിയെരിയുമഘം
ചെയ്കിലെന്തുണ്ടുപോലും (യും
പണ്ടേദക്ഷാരിതൻതാർമുഖികൃപയണി
ഭൂഷിതന്നെററിലെന്നേ
പ്പുകാരിഷ്ടങ്ങൾപായുമ്പടിയലിവിലണ-
ച്ചിട്ടുവാടേണമോമേ.

ഈ ശ്ലോകത്തിൽ, ഉടനെ ആദ്യാക്ഷരപ്രാസത്തിന്നു ദാഹരിപ്പാൻ പോകുന്ന ശ്ലോകം അടങ്ങിയിരിക്കുന്നു എന്നു താഴെ വരച്ചിട്ടുള്ള അക്ഷരങ്ങൾ മാത്രം വായിച്ചു നോക്കിയാൽ അറിയാവുന്നതാകുന്നു.

ചിലരക്ഷരയമകത്തിൻ
നിലഭേദംപ്രാസമെന്നുമോതുന്നു
പലഭാഷാകവികളുമിതിൽ
നിലവിട്ടധികംഭ്രമിച്ചുപോകുന്നു
പരമേശ്വരി!ഞാൻപാപം
പലമാതിരിചെയ്കിലും
പദതാർപണിയുന്നെന്നേ-
പ്പരിപാലിച്ചിടേണമേ.

ആദ്യാക്ഷരപ്രാസം.

മഞ്ഞോലുമ്മാമലസ്സുള്ള
കുഞ്ഞോമൽപ്പൈങ്കിടാവിനേ
നെഞ്ഞോടണച്ചുമ്മവെക്കു
നഞ്ഞോനല്ലമൃതാണുപോൽ

രണ്ടാമക്ഷരപ്രാസം.

ഒരുപാടുപണംശിവപ്രിയേ!
തവപാദങ്ങളിൽവെച്ചുമേചിലർ
അയിപാർവ്വതി!ഭക്തിയോടിതാ
മമപാടേവഴിപാടുവന്ദനം.

മൂന്നാമക്ഷരപ്രാസം.

കുളുർതിങ്കൾശിരസ്സിലേന്തുമോമ-
ന്മലമകസ്സുഴകാംമിഴിപ്രയോഗം
മമസങ്കടമൊക്കയുംകെടുക്കും
ശിവസങ്കല്പവിലാസവിത്തതല്ലോ

നാലാമക്ഷരപ്രാസം.

മലപെററവളേ!വിചിത്രമാമോ
തവപുത്രൻവരഹസ്തിവക്ത്രനായാൽ
വിഷധാരിവരന്റെബീജമല്ലേ-
തലയാരുംവരുമേമകന്നുപിന്നെ

അഞ്ചാമക്ഷരപ്രാസം.

എന്നാൽപ്പിന്നെപ്പിന്നെയുള്ള വർണ്ണ

ങ്ങൾക്കു പ്രാസങ്ങൊട്ടുകൂടാത്ത യതിമുഖാന്തരമായാലേ പ്രകാശിക്കുകയുള്ളു.

അസ്തമ്പച്ചാർകസ്താസ്തോണം
മസ്തൽക്കണ്ണോടുകണ്ണിട്ടീശൻ
തീക്ഷ്ണല്പിക്കുംകന്ദർപ്പന്തൻ
മെയ്യേല്പിച്ചോടുകണ്ണാൽക്കാളി.

ഈരണ്ടു പാദങ്ങളിലായിട്ടും ഈ പ്രാസങ്ങളെക്കാണിക്കുന്നു.

കരീന്ദ്രകുംഭത്തിനുതുല്യമാകുമോ
കനത്തനിൻപോർമുലശൈലകന്യകേ!
മുഴുത്തമുത്താംകരിമസ്തകത്തിൽനിൻ
മുലക്കുകംനല്ലമൃതാണുമോക്ഷദേ!.
കരിമ്പുവില്ലുംമലരമ്പുമെപ്പൊഴും
ധരിച്ചുകൊണ്ടീശപരപാർശ്വഭൂമിയിൽ
വിളങ്ങുമാമാമലമങ്കമാരനൊ-
ന്നിളക്കിവെക്കുംജയലക്ഷ്മിതന്നെയോ.
ശ്രീചക്രമദ്ധ്യത്തിൽമുറക്കുഗൌരി!നിൻ
പൂജാക്രമന്നിത്യവുമാചരിപ്പവൻ.
ധ്യാനിച്ചുസാക്ഷാൽബ്ഭവസങ്കടങ്ങളേ-
പ്പായിച്ചുസായൂജ്യസുഖത്തെനേടുമേ
ഇനിക്കുപക്ഷേതവപാദപങ്കജം
ഭജിച്ചതിക്ഷേമപദത്തിലെത്തുവാൻ
ഭവാനി!നിന്മായകൾവിഘ്നമാകയാൽ
കരഞ്ഞുടന്മാറടിതന്നെയാശ്രയം

ഒന്നും രണ്ടുംകൂട്ടി പ്രാസം.

പരസങ്കടമുള്ളലിഞ്ഞുതീക്കും
പരമേശപ്രണയാമൃതക്കൊഴുപ്പേ!
പരതാപമറിഞ്ഞിടുംപ്രകാരം
പരമെന്നിൽക്കൃപചെയ്കഗൌരിയമ്മേ!

രണ്ടും മൂന്നുംകൂട്ടി പ്രാസം.

സ്മരിക്കുമാറെന്റെമനോരഥത്തിൽവ-
ന്നിരിക്കുകശ്രീപരമേശപ്രിയേ!
സ്മരിക്കുമാശക്കുശമിക്കുകൊണ്ടുസ-
ഞ്ചരിക്കുമേസ്മൃതനിലക്കുഭക്തിദേ.

ഒന്നും രണ്ടും മൂന്നുംകൂട്ടി പ്രാസം.

കരയുന്നടിയൻഭവാംബുധിക്കും
കരയുണ്ടെന്നറിയുംവിധത്തിലായി
കരയുഗ്മമണക്കുമൌലിയിൽശ്ശ-
ങ്കരയുഗ്മവ്രതപുണ്യസാരധാരേ!.

ഈ ഉദാഹരണം മൂന്നും പദയമകത്തിൽപ്പെടുന്നതാണെന്നുണ്ടു ചിലരുടെ പക്ഷം. അർത്ഥാനപേക്ഷാമൂലകമാണ് അക്ഷരയമകപ്രവേശനമെന്നാണു മറ്റേവരുടെ പക്ഷം. ഈ സന്ദേഹത്തെ സൂചിപ്പിച്ചുകൊണ്ടാണ് "ചിലരക്ഷരയമകത്തിൻ നിലഭേദം പ്രാസമെന്നു മോതുന്നു" എന്നു പറഞ്ഞത്.

രണ്ടും നാലും പ്രാസവും ആദ്യന്തങ്ങൾക്ക്
ഈ രണ്ടു പാദങ്ങളിൽ പ്രാസവും.

പുരാരിവേട്ടീടിനലോകർത്തായേ!
പുരാണവേദപ്പൊരുളായമായേ!
വരാങ്ഗി!വേണ്ടാത്തവിപത്തുമെന്മേൽ
വരാക്കുവേണംകൃപചെയ്കെന്മേൽ.

അന്തരാളപ്രാസം.

കാമാരാതിക്കുകാമാഗമവിധിയിൽനികാ
മാദരംകൺവിലാസ-
ക്കൈമാറാത്താലെയീമാതിരിയരുളിനാ
മാമലപ്പൈതലാളേ! (ഹേ
നീമായംവിട്ടസീമാമലദയയൊടയേ
മാർദ്ദവംപൂണ്ടുനോക്കി
ശ്രീമാനാക്കീടുകീമാനുഷനെയധികമാ-
മാശയൊപ്പിച്ചുനീളേ.
ഉന്നതസ്തനമതൊന്നുകൊണ്ടുമല
മന്നവന്റെമകളെന്നുതാ-
നെന്നെകാട്ടുമൊരുസന്നതാങ്ഗി!ഗിരി
ശന്നുസൌഖ്യമരുളുന്നനീ
എന്നുമേ!മനസിമിന്നുമാറുവില-
സുന്നതാകിൽമതിയെന്നുമേ
പിന്നെവേറെയിവനൊന്നുമേകരുതി-
ടുന്നതില്ലസുഖമെന്നുമേ

സ്ഥാനഭേദം കാണിപ്പാനിതും കാണിച്ചു എന്നു മാത്രമല്ലാ, ഇതിൽ ചിലേടത്ത് ഹല്ലുകൊണ്ടു മാത്രമേ ആവൃത്തിയുള്ളൂ.

അഷ്ടപ്രാസം.

ശിവനുടെസുഖസത്തേ!
ശിഷ്ടവേദാന്തസത്തേ!
ചിരമടിയനിടത്തേ
ചിന്തിട്ടംസങ്കടത്തേ
കൃപയൊടിഹതകർത്ത
കീട്ടകെന്നുംസുഖത്തേ
മുനികൾകിമപിചിത്തേ
മുത്തൊടോർക്കുന്നചിത്തേ!

ഇതിൽ പാദന്തോറും ആദ്യക്ഷരങ്ങൾക്കു, മദ്ധ്യേ ഒരേ ആവൃത്തികൂടെയുണ്ട്.

ഫാലേതീമിഴിയുള്ളപോററിമടിയി–
ന്മേലെവഹിക്കുന്നൊരാ–
ബ്ബാലേ!നിന്നുടെരൂപമെന്റെകരളിൽ
ച്ചാലേവിളങ്ങേണമേ
നീലേന്ദീവരമായതിന്നുടെദള–
മ്പോലേകളിക്കുന്നക–
ണ്ണാലേകേവലമൊന്നുനോക്കുകിവനെ
ന്നാലേജയംകൈവരും.

ഇതിന്നു മുൻപറഞ്ഞ വിശേഷവിധിയൊന്നുമില്ല. സ്ഥാനവും വേറെയാണ്. ഭംഗിയും അങ്ങിനെതന്നെ.

മൂന്നാംതൃക്കണ്ണിൽമുമ്പേമുറിമതിമുടിയൻ
ചുട്ടമാരന്റെയമ്പേ!
സൌന്ദര്യത്തേൻകുഴമ്പേ!സുരുചിരനിഗമ
ശ്രീഫലത്തിൻകുഴമ്പേ!
എന്നെക്കാത്താലുമയ്മ്പേറിനകടമിഴിയാ
ലെപ്പോഴുംശ്രീകരമ്പേ! (മേൽ
കുന്നിൻനാഥന്നുവയ്മ്പേകുമൊരണിമുടി
ക്കല്പകത്തിന്റെകൊമ്പേ!

ദ്വാക്ഷരയമകത്തിൽപ്പുന–
രച്ചൊഴിവാക്കീട്ടഹല്ലിനേമാത്രം
ആവർത്തിപ്പു മിക്കതു
മാവിദ്യപ്രാസവിധികളിൽക്കാണാം.

ഇതിന്നുദാഹരണമായിട്ടൊരന്ത്യപ്രാസം കാട്ടുന്നു.

മാരാരേ!ചെണ്കൊട്ടീടരുതുവിഷമശി–
ഖ്യേണ്ടൊഴിച്ചേന്ന്പേടി
ച്ചാരാലോട്ടുന്നഭൂതപ്പടമുറയിടവേ
വിണ്ണുകണ്ണിച്ചുനില്ക്കേ
പാരാകെപ്പാഞ്ഞെരിക്കുമ്പടികടുതപെട്ടം
കാളകൂടംകുടിച്ചു
ധാരാളംശൈലകന്യാധരരസസുധസാ–
പ്പെട്ടുവീപ്പിട്ടവീരൻ.

ഇതിൽ നാലു പാദങ്ങളിലായി നാലുതരം അന്ത്യപ്രാസം പ്രയോഗിച്ചിട്ടുള്ളതിൽ മിക്കതും ഹല്മാത്രംകൊണ്ടാവർത്തിച്ചിട്ടാകുന്നു.

(അക്ഷരയമകകാണ്ഡം കഴിഞ്ഞു.)

ഭംഗം.

ഭംഗംകൊണ്ടതിഭംഗിയി–
ണങ്ങുംയമകത്തിനത്രഭംഗവഴി
ശൃംഖല,പരിവർത്തക,മഥ
ചൂർണ്ണകമെന്നുണ്ടുമൂന്നുവിധം

എന്നാൽ ഈ മൂന്നു വിധത്തിലുള്ള ഭംഗമാർഗ്ഗങ്ങളും അധികം പദയമകങ്ങളുടെ നടപ്പിന്നുള്ളവയാണെങ്കിലും അക്ഷരയമകങ്ങൾക്കും ചിലത് ആവശ്യന്തന്നേ.

വർണ്ണംപദത്തിന്നുമുറിക്കിലൊക്കം
വർണ്ണംതരമ്പോലതിലങ്ങുമിങ്ങും
ചിന്നിപ്പിണക്കുന്നതിനേബുധന്മാ–
രന്വർത്ഥമായ്ശൃംഖലയെന്നുചൊ
(ല്വൂ.

'ഭവഭയത്തിനിനിക്കിനിവല്ലഭേ'–
എന്ന പദ്യത്തിൽ 'വല്ലഭേ' എന്ന യമ

കപടം മുറിയ്ക്കുമ്പോൾ 'വല്ല ഭേദവും' എന്ന ദിക്കിൽ 'ഭേ' എന്ന അക്ഷരം ഭേദപദത്തിലേയ്ക്കും, 'കഴിവല്ലഭേഷ്' എന്ന ദിക്കിൽ 'വ്' എന്നക്ഷരം 'കഴിവ്' എന്ന ദിക്കിലേയ്ക്കും, 'ഭേ' എന്നത് 'ഭേഷ്' എന്നതിലേയ്ക്കും ചിന്നിപ്പിണയ്ക്കുന്നതിനാൽ, ശൃംഖലയായി വരുന്നു. ഈ ശൃംഖല അക്ഷരയമകത്തിൽ വരുന്ന കാൎയ്യം സംശയം തന്നെ.

### പരിവൎത്തകം

ഇണങ്ങിനില്ക്കുന്നപദംമുറിയ്ക്കും
ക്ഷണത്തിലാസ്സന്ധിയിലുള്ളരൂപം
വെടിഞ്ഞുവൎണ്ണംനിജമാംസ്വരൂപ-
മെടുത്തെടത്തിൽപ്പരിവൎത്തകന്താൻ

മുൻകാണിച്ച പദ്യത്തിൽ, 'വിധിവല്ലഭേ' എന്ന ദിക്കിൽ വിധിവൽ-ലഭേ എന്നു പദം മുറിയ്ക്കുമ്പോൾ, സന്ധിയിൽ ലകാരത്തോടു യോജിച്ചിട്ട് 'ല്ല' എന്നു ലകാരദ്വയത്തിൽ ഒരു ലകാരമായി നിന്നിരുന്ന 'ൽ' എന്ന അൎദ്ധാക്ഷരം സ്വരൂപമെടുക്കുന്നതിനാൽ പരിവൎത്തകമായിരിയ്ക്കുന്നു. 'മലയിലാലയിലാണ്ടു'- എന്ന പദ്യത്തിലും 'മലയിൽ' എന്ന ദിക്കിലെ 'ൽ' എന്ന അൎദ്ധാക്ഷരം 'ആല' എന്ന ആകാരത്തോടുള്ള സന്ധിയിൽ 'ല' എന്ന ലകാരമായിരുന്നിട്ടു പദച്ഛേദത്തിൽ, 'ൽ' എന്നു തന്നെയാകുന്നതിനാൽ ശുദ്ധപരിവൎത്തകമായിരിയ്ക്കുന്നു. അക്ഷരയമകങ്ങൾക്ക് ഈ ഒരു പരിവൎത്തകമാണധികമുപകരിച്ചു കാണുന്നത്. 'മാമാശുകാക്ഷവാനുള്ളോരാരാണ്' എന്ന ദിക്കിൽ, മാം ആശു എന്നു പദം മുറിയ്ക്കുമ്പോൾ, മാമാ എന്ന അക്ഷരയമകത്തെ ഉണ്ടാക്കിക്കൊണ്ട് ആകാരത്തിന്മേൽത്തട്ടി ആകാരം മറച്ചുംകൊണ്ടു നില്ക്കുന്ന അനുസ്വാരം സ്വരൂപമെടുക്കുന്നതിനാൽ പരിവൎത്തകമായി. 'ഉള്ളോർ, ആർ, ആണ്' എന്നു പദം മുറിയ്ക്കുമ്പോൾ 'ർ' എന്നായിപ്പോകുന്ന രണ്ടൎദ്ധാക്ഷരങ്ങൾകൊണ്ടാണല്ലോ പരിവൎത്തകഭംഗത്തോടുകൂടിയ മറോ അക്ഷരയമകവും ജീവിച്ചുനില്ക്കുന്നത്! ഇങ്ങിനെ പലേടത്തും വിശേഷിച്ച് ഏകാക്ഷരശ്ലോകാദികൾക്കും പരിവൎത്തകം ഉപകരിയ്ക്കുന്നു.

### ചൂൎണ്ണകം

കൂട്ടക്ഷരംപദച്ഛേദം
കാട്ടുന്നതിനടപ്പതിൽ
പൊട്ടിസ്വരൂപംലോപിച്ചു-
പ്പെട്ടിടുന്നതുചൂൎണ്ണകം

'വിധിവല്ലഭേ' എന്ന ദിക്കിൽത്തന്നെ വിധിവൽ എന്നും ലഭേ എന്നും പദം മുറിയ്ക്കുമ്പോൾ, 'ല്ല' എന്ന കൂട്ടക്ഷരത്തിന്റെ സ്വരൂപം ലോപിയ്ക്കുന്നതിനാൽ ചൂൎണ്ണകവുമാവുന്നു.

കല്ക്കണ്ടവുംനിലത്തുള്ള
കല്ക്കണ്ടവുമഹോസമം
കല്ക്കണ്ടവാണി!രുചിനിൻ-
കല്ക്കണ്ടവനപാൎവ്വതി!

ഈ ശ്ലോകത്തിൽ, 'നിൻകല്ക്കണ്ടവന്' എന്ന ദിക്കിൽ, നിൻകൽ കണ്ടവന് എന്നു പദം മുറിയ്ക്കുമ്പോൾ, 'ല്ക്ക' എന്നു ലകാരച്ഛായയിൽ നിന്നിരുന്ന 'ൽ' എന്ന അൎദ്ധാക്ഷരം സ്വരൂപമെടുക്കുന്നതുകൊണ്ടു പരിവൎത്തകമാവുന്നുണ്ടെങ്കിൽ അതിന്നും പുറമെ ല്ക്ക എന്നതിലെ ഒരു കകാരം ലോപിച്ചെവിടെയോ പോയിട്ടു 'കണ്ട' എന്നു കേവലം ഏകകകാരമായിത്തീരുന്നതിനാൽ നല്ല ചൂൎണ്ണകമായി. ഈ ചൂൎണ്ണകവും അക്ഷരയമകത്തിന്നു ഉപകരിയ്ക്കാൻ വഴിയുണ്ടെന്നു തോന്നുന്നില്ല.

(ഭംഗകാണ്ഡം കഴിഞ്ഞു)

കൊടുങ്ങല്ലൂർ കുഞ്ഞുക്കുട്ടൻ തമ്പുരാൻ.

# മംഗളോദയം

൧൦൮൬

പുസ്തകം ൧൦ } ചിങ്ങം. { ലക്കം ൫


## മംഗളം.

ശുദ്ധാവദാതരാജത-
വൃദ്ധാചലമാണ്ടെഴുന്ന വൃദ്ധൻെറ
ശുദ്ധാന്തം നോം കരുതും
സിദ്ധാന്തം സഫലമാക്കിവെച്ചിടണം.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ.

## മകുടലക്ഷണം.



'മോഡർൺ റിവ്യൂ' എന്ന ഇംഗ്ലീഷ് മാസികപത്രത്തിൽ, പ്രാചീനഭാരതത്തിലെ രാജാക്കന്മാരെപ്പറ്റി എഴുതീട്ടുള്ള ചരിത്രസംബന്ധമായ ഒരു വലിയ ഉപന്യാസത്തിൽനിന്നു, മകുടലക്ഷണത്തെസ്സംബന്ധിച്ചേടത്തോളമുള്ളേടത്തോളം ഭാഗം വളരെ സംക്ഷിപ്തമായി താഴെ തൎജ്ജമചെയ്തു ചേൎക്കുന്നു. ദേവാലയങ്ങളിലെ വിഗ്രഹങ്ങൾ നിൎമ്മിക്കുന്ന വിഷയത്തിലും, ശില്പശാസ്ത്രത്തിലെ ഇതര വിഷയങ്ങളിലും പണ്ടൊരു കാലത്തു പ്രസിദ്ധി നേടിയിരുന്ന കേരളീയരുടെ ശ്രദ്ധയെ പ്രാചീനചരിത്രാന്വേഷണത്തിലേക്കു തിരിക്കുവാൻ ഇതുപകരിക്കുമെന്നു വിശ്വസിക്കുന്നു.

ഇന്ത്യയിൽ ഓരോ ജാതിക്കാൎക്കു പ്രത്യേകമായി ചില ചിഹ്നഭേദങ്ങൾ ഉള്ളതുപോലെതന്നെ, ശിരസ്സിനെ അലങ്കരിക്കുന്നതിലും ആധുനികകാലത്തെന്നപോ

ലെ പ്രാചീനകാലത്തും വളരെ ഭേദങ്ങൾ ഉണ്ടായിരുന്നു. ബോംബേ 'മ്യൂസിയ'ത്തിൽ കാണുന്ന പലതരത്തിലുള്ള തലക്കെട്ടുകളും, ഹൈദരാബാദുസംസ്ഥാനത്തിൽ ഉപയോഗിച്ചുകാണുന്ന നാനാപ്രകാരത്തിലുള്ള ഉഷ്ണീഷങ്ങളും, കച്ചിക്കാരുടേയും പാർസികളുടേയും ഇടയിൽ നടപ്പുള്ള ശിരോവേഷ്ടനങ്ങളും സൂക്ഷ്മമായിപ്പരിശോധിക്കുന്നതായാൽ ജാതി, തൊഴിൽ, സമുദായമഹിമ മുതലായതിനെ തലക്കെട്ടുകൊണ്ടു സൂചിപ്പിക്കുന്നതായി അറിയാവുന്നതാണ്. ശാസ്ത്രവിധിപ്രകാരമുള്ള കർമ്മാനുഷ്ഠാനസമയങ്ങളിലൊക്കെ ഉഷ്ണീഷം (തലക്കെട്ടു) ധരിക്കേണമെന്നു കല്പിച്ചിരിക്കയാൽ, ഹിന്ദുക്കളുടെ സമുദായത്തിൽ തലക്കെട്ടു ഒരു പ്രത്യേകാവശ്യമായിട്ടാണു കരുതിവരുന്നതെന്നു വ്യക്തമാവുന്നു. ദേവാലയങ്ങളിലെ, വിഗ്രഹങ്ങളിലും വിവിധരാജാക്കന്മാരുടെ ശിരസ്സുകളിലും ധരിക്കുന്ന കിരീടങ്ങളെ, അവ ധരിക്കുന്ന ദേവന്റേയോ രാജാവിന്റേയോ അവസ്ഥയും അതിനുപയോഗിക്കുന്ന സ്വർണ്ണത്തിന്റെ തൂക്കവും മറ്റും അനുസരിച്ചാണ് ക്രമപ്പെടുത്തിട്ടുള്ളത്. പലതരത്തിലുള്ള ആഗമശാസ്ത്രങ്ങളിൽ മകുടങ്ങളെപ്പറ്റി ശരിയായ വിവരണങ്ങൾ കാണുമാറുണ്ട്. അവ പുരാണവസ്തു പരിശോധകന്മാർക്കെങ്കിലും രസകരമാകാതിരിക്കുന്നതല്ല.

'മാനസാരം' എന്ന ഗ്രന്ഥത്തിൽ എല്ലാതരത്തിലുമുള്ള മൌലികൾ അല്ലെങ്കിൽ കിരീടങ്ങളെപ്പറ്റി പൂർണ്ണമായ ഒരു വിവരണം കാണുമാറുണ്ട്. 'ശില്പരത്ന'ത്തിലും ചുരുക്കം ചില വിവരണങ്ങളില്ലെന്നില്ല. എല്ലാജാതി തലക്കെട്ടുകൾക്കും പൊതുവിൽ ഉള്ള പേര് മൌലി അല്ലെങ്കിൽ മകുടം എന്നാണ്. എന്നാൽ അതു കിരീടമകുടം, കാരണ്ഡമകുടം, ജടാമകുടം, ശിരസ്ത്രകം, കേശബന്ധം, ധമ്മില്ലം, അളകചൂഡകം, പുഷ്പപട്ടം, രത്നപട്ടം, പത്രപട്ടം മുതലായി ഭാഗിക്കപ്പെട്ടിരിക്കുന്നു. ഇവയിൽവെച്ച് അധികം സാധാരണമായി ഉപയോഗിക്കുന്നതു കിരീടമകുടം, കാരണ്ഡമകുടം, ജടാമകുടം, അളകചൂഡകം എന്നിവയാണ്. കിരീടമകുടം എന്നുള്ളതു വിഷ്ണുവിന്നാണു നിശ്ചയിച്ചിട്ടുള്ളത്; ജടാമകുടം ബ്രഹ്മരുദ്രന്മാർക്കാണ്; കാരണ്ഡമകുടം മറ്റു ദേവന്മാർക്കുമാണ്. ദേവിമാരിൽ മനോന്മനിക്കു ജടാമകുടവും, ഇന്ദിരയ്ക്കു കുന്തളവും, സരസ്വതിക്കു കേശബന്ധവും, മറ്റു ദേവിമാർക്കു കാരണ്ഡമകുടവും ആണ്.

മനുഷ്യവർഗ്ഗത്തിൽ സാർവ്വഭൌമന്മാർ, അധിരാജന്മാർ ഇവർക്കാണ് കിരീടമകുടം കല്പിച്ചിട്ടുള്ളത്. നരേന്ദ്രന്മാർക്കു കാരണ്ഡമകുടവും, പാർഷ്ണികന്മാർക്കു ശിരസ്ത്രകവുമാണു പതിവ്. ചിലപ്പോൾ എ



പേർഷ്യൻ



അസീറിയൻ



പല്ലവ



പല്ലവ

ല്പാവിധ രാജാക്കന്മാരും കാരണ്ഡമകുടം അണിയാറുണ്ട്. സാർവ്വഭൌമന്മാരുടേയും അധിരാജന്മാരുടേയും രാജ്ഞിമാർക്ക് കേശബന്ധമാണു പതിവ്. എന്നാൽ കുന്തളവും ധരിക്കാറില്ലെന്നില്ല. ധമ്മില്ലം മാണ്ഡലികന്മാ◌ാണ് ധരിക്കുന്നത്. രാജാക്കന്മാരുടേയും രാജ്ഞിമാരുടേയും മുമ്പിൽ വിളക്കെടുത്തു നടക്കുന്ന സ്ത്രീകളും അകമ്പടിക്കാരും അളകചൂഡകമാണ് ധരിക്കാറ്. കേശബന്ധം, അളകചൂഡകം ഇതൊക്കെ കുന്തളത്തെ ഒതുക്കിക്കെട്ടുവാനുള്ളവയാണ്. ഇതിനെ പുഷ്പപട്ടം, രത്നപട്ടം, പത്രപട്ടം എന്ന ചരടുകളാൽ ബന്ധിക്കാറുമുണ്ട്.

മകുടങ്ങളുടെ ഉയരത്തിന്നും ചില പ്രമാണങ്ങളുണ്ട്. സാധാരണ ധരിക്കുന്നാളുടെ മുഖത്തിന്റെ രണ്ടിരട്ടിയൊ മൂന്നിരട്ടിയൊ ആയിരിക്കണമെന്നാണു നി



ചാളുക്യ ഫാസല



ധമ്മില്ലം




കിരീടമകുടം



സിലോൺ
കിരീടമകുടം

യമം. ബ്രഹ്മരുദ്രന്മാരുടെ മകുടങ്ങൾ മുഖത്തിന്റെ ഒന്നേമുക്കാൽ ഇരട്ടിയാണ്. ശക്തിക്ക് മുഖത്തിന്റെ രണ്ടിരട്ടിയാണ്. മകുടങ്ങളുടെ വീതി നീളത്തിന്നു സമമായിരിക്കണം. മകുടത്തിന്റെ മുകൾഭാഗത്തിന്റെ വീതി ചുവട്ടിലെ വീതിയുടെ പതിനാറിലൊരു ഭാഗമാണ്. ഇങ്ങിനെ തന്നെ രാജാക്കന്മാരുടെയും മററു മകുടത്തിന്നും ചില പ്രമാണങ്ങളുണ്ട്.

മകുടത്തിന്നുപയോഗിക്കുന്ന സ്വർണ്ണങ്ങളുടെ കാര്യത്തിലും ചില നിയമങ്ങളുണ്ട്. ഉപയോഗിക്കുന്ന സ്വർണ്ണത്തിന്റെ തൂക്കം അനുസരിച്ച് കിരീടങ്ങളെ ഉത്തമാധമമദ്ധ്യമങ്ങളായിട്ട് ഭാഗിച്ചിരിക്കുന്നു. രാജാക്കന്മാർ പുതുതായി കിരീടമുണ്ടാക്കിക്കുന്നതു പ്രഥമാഭിഷേകത്തിങ്കലൊ മംഗളാഭിഷേകത്തിങ്കലൊ ആണ്. വിവാഹാവസരങ്ങളിലും, വലുതായ ഒരു യുദ്ധത്തിൽ ജയിച്ചതിന്നുശേഷം കഴിക്കുന്ന വിജയാഭിഷേകങ്ങളിലും, വലുതായ ചില വീരകൃത്യങ്ങൾ കഴിച്ചാൽ ചെയ്യാറുള്ള വീരാഭിഷേകങ്ങളിലും മകുടങ്ങളെ രാജാക്കന്മാർ മാററാറുണ്ട്. ആവക അഭിഷേകാവസരങ്ങളിൽ മകുടങ്ങളുടെ ആകൃതിക്കും ചില നിയമങ്ങളുണ്ട്. കിരീടമകുടം, വേണുകണ്ണം അല്ലെങ്കിൽ മുളയുടെ ഇലപോലെയാവണമെന്നാണ നിയമം. കേശബന്ധം വെള്ളരിക്കയുടെ




ആകൃതിയിലായിരിക്കണം. 'ശിരസ്കം' ജലത്തിലെ പോളപോലെ. ഒരു കിരീടമകുടത്തെ വിവരിച്ച് ഇവിടെ കൊടുത്തിട്ടുള്ള ചിത്രം നോക്കിയാൽ അതിന്റെ ഓരോ ഭാഗത്തിന്നുമുള്ള പേരുകൾ അറിയാവുന്നതാണ്. സാമാന്യജ്ഞാനത്തിന്നു മററു ചിത്രങ്ങളും ഉപകരിക്കുന്നതാണ്.

# ഹൈന്ദവവീരധർമ്മം.

ഒരു സമുദായത്തിൻെറ പരിഷ്കൃതസ്ഥിതിയുടെ മാനദണ്ഡം, അതിലെ വീരധർമ്മാചരണസക്തന്മാരായ അംഗങ്ങളുടെ ആധിക്യമാകുന്നു എന്നുള്ള പാശ്ചാത്യന്മാരുടെ അഭിപ്രായം ശരിയാണെങ്കിൽ ഹിന്ദുസമുദായത്തിനും, അവർ നിർദ്ദേശിക്കുന്നവിധം ലോകത്തിൽ കാണപ്പെടുന്ന മറേറതു സമുദായത്തോടും കിടപിടിക്കുന്നതിനു തക്ക പരിഷ്കാരം ലഭിച്ചിട്ടുണ്ടായിരുന്നു; ഇപ്പോഴും ഉണ്ടുതാനും.

ബലഹീനന്മാരോടും സാധുക്കളോടും ദയാപൂർവ്വം പെരുമാറുകയും, അവരെ ആപന്മുഖത്തിൽനിന്നു കാത്തു രക്ഷിക്കുകയും ആകുന്നു വീരന്മാരുടെ ധർമ്മം. ഇതിനു ഹിന്ദുക്കളുടെ ഇടയിലാണ്, മറേറതു പ്രാചീനസമുദായത്തിലേക്കാളും കൂടുതൽ പ്രചാരമുണ്ടായിരുന്നത്. രാമായണമഹാഭാരതാദിഗ്രന്ഥങ്ങൾ, പ്രത്യേകിച്ച് അവയിൽ യുദ്ധത്തെപ്പററി വർണ്ണിക്കുന്ന ഘട്ടങ്ങൾ, ഈ അഭിപ്രായത്തെ സവിശേഷം തെളിയിക്കുന്നുണ്ട്. സൂത്രങ്ങളും (ക്രി. മു. 800—300) ഈ വിഷയത്തിൽ, നമുക്കു ധാരാളം ഉപകരിക്കുന്നവയാകുന്നു. 'നിരായുധന്മാരേയും, പറക്കുന്ന തലമുടികളോടും (തൊപ്പിയെടുത്ത്) തൊഴുകയ്യോടുംകൂടി ക്ഷമായാചനം ചെയ്യുന്നവരേയും, പോർക്കളത്തിൽ നിന്നോടിപ്പോകുന്നവരേയും കൊല്ലാൻ പാടില്ലെന്ന് 'ആപസ്തംബൻ' പറയുന്നു. ഭീതന്മാർ, മദ്യപാനം ചെയ്തവർ, ബോധഹീനന്മാർ, മനസ്സില്ലാത്തവർ, കവചഹീനന്മാർ, സ്ത്രീകൾ, കുഞ്ഞുങ്ങൾ, വൃദ്ധന്മാർ, ബ്രാഹ്മണർ മുതലായവരോടു യുദ്ധം ചെയ്യരുതെന്നു ബോധായനനും പ്രസ്താവിച്ചിരിക്കുന്നു. കൊല്ലപ്പെട്ട ഭടന്മാരുടെ ഭാര്യമാർക്കു നിത്യാവശ്യങ്ങൾക്കു വേണ്ട പദാർത്ഥങ്ങളെ അന്വേഷിച്ചു കൊടുക്കേണ്ടതാണെന്നു വസിഷ്ഠൻ വിധിച്ചിരിക്കുന്നു. ഇങ്ങിനെ വേറെയും ഉദാഹരണങ്ങളുണ്ട്.

എന്നാൽ, ആധുനികവിദ്വാന്മാർ വീരധർമ്മത്തെ ഈ അർത്ഥത്തിലല്ല ഉപയോഗിക്കുന്നത്. അബലാവർഗ്ഗത്തോടു യഥാർത്ഥസ്നേഹബദ്ധമാനാദരങ്ങൾ ഉള്ളവരായിരിക്കുകയാണ് വീരധർമ്മം എന്ന് അവർ അഭിപ്രായപ്പെടുന്നു. ഈ അഭിപ്രായത്തെ പുരസ്കരിച്ചു നോക്കിയാലും ഹിന്ദുക്കൾ, മററു സമുദായങ്ങളെപ്പോലെ തന്നെ, വീരധർമ്മാനുഷ്ഠാനത്തിൽ തല്പരന്മാരായിരുന്നു എന്നു കാണാവുന്നതാണ്. ഹൈന്ദവശാസ്ത്രങ്ങൾ, സ്ത്രീത്വത്തെ പരിശുദ്ധമായി ഗണിച്ചുവരുന്നു. എന്തുകാരണത്താലും സ്ത്രീകളെ യുദ്ധത്തിൽ വധിക്കാൻ പാടില്ലെന്നാണ് അവയുടെ അഭിപ്രായം. വ്യാസൻെറയും, വാല്മീകിയുടേയും കൃതികളിൽനിന്ന് ഇതു സംബന്ധിച്ച് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും ഉദ്ധരിക്കാവുന്നതാണ്.

ആത്മീയജ്ഞാനവിഷയത്തിൽ അദ്വിതീയന്മാർ ഹിന്ദുക്കൾ തന്നെ ആയിരുന്നു. പ്രാചീനകാലത്ത്, ഒരു കാര്യത്തിനുവേണ്ടിയേ അവർ ജീവിച്ചുള്ളൂ– ത

ങ്ങളുടെ ആത്മാവിനു സ്വാതന്ത്ര്യം ലഭിക്കുന്നതിനു മാത്രം! ഈ ഉദ്ദേശ്യസിദ്ധിക്കായി ഒരു ഹിന്ദുവിനു പല കർമ്മങ്ങൾ ചെയ്വാനുണ്ടായിരുന്നു. അവയിലെല്ലാം സാഹായ്യാധികാരിണി, അവൻെറ ഭാര്യയുമായിരുന്നു. സ്വർഗ്ഗപ്രാപ്തിക്കായി, ഭർത്താവിനോടുകൂടെ ഈശ്വരപ്രാർത്ഥനകളും, ദൈവികകർമ്മങ്ങളും നടത്തിയ പല സ്ത്രീരത്നങ്ങളെക്കുറിച്ചു വൈദികസാഹിത്യഗ്രന്ഥങ്ങളിൽ അവിടവിടെ വർണ്ണിച്ചിട്ടുണ്ട്. മതസംബന്ധമായ ആഘോഷങ്ങളിൽ പങ്കുകൊള്ളുന്നതു, ഭാര്യയോടുകൂടി ആയിരിക്കണമെന്ന് ഒരു നിയമം തന്നെ അക്കാലത്തുണ്ടായിരുന്നു. സീതാദേവിയെ പരിത്യജിച്ചതിനാൽ അശ്വമേധയാഗകാലത്ത്, ശ്രീരാമനു സ്വർണ്ണംകൊണ്ട് ഒരു സീതാപ്രതിമ ഉണ്ടാക്കേണ്ടിവന്ന കഥ പ്രസിദ്ധമാണല്ലോ.

വിശ്വവരയെപ്പോലെ വൈദികജ്ഞാനം സമ്പാദിച്ച പല സ്ത്രീരത്നങ്ങൾ അക്കാലത്തുണ്ടായിരുന്നു. സ്ത്രീകൾക്ക് അന്നും, ന്യായ്യമായ സ്വാതന്ത്ര്യവും ബഹുമാനവും സിദ്ധിച്ചിരുന്നു എന്നുള്ളതിന് ആ മഹതിയുടെ ചരിത്രം തന്നെ ഉദാഹരണമാകുന്നു. ഭർത്തൃസ്വീകരണവിഷയത്തിലും അവർക്കു ചില സ്വാതന്ത്ര്യങ്ങൾ അനുവദിച്ചിരുന്നതായി പറയപ്പെട്ടിരിക്കുന്നു. ദായക്രമാവകാശം അഭിവൃദ്ധിയിൽ വന്നിരുന്നു. വിവാഹം കഴിയാത്ത ഒരു കന്യകയ്ക്കു് അവളുടെ പിതൃസ്വത്തിൽ ഒരു ഭാഗത്തിന് അവകാശമുണ്ടായിരുന്നു. പുരുഷസന്താനങ്ങളില്ലെങ്കിൽ പിതാക്കന്മാർ, അവരുടെ സ്ഥാനത്തു പൌത്രന്മാരെ പ്രതിഷ്ഠിച്ചിരിക്കുന്നു. ആ വൈദികകാലത്തും എത്ര ഗഹനങ്ങളായ വിഷയങ്ങളും സ്ത്രീബുദ്ധിക്കു ദുർഗ്ഗമങ്ങളായിരുന്നില്ലെന്നു, ബൃഹദാരണ്യകോപനിഷത്തിലെ മൈത്രേയീയാജ്ഞവൽക്യസംവാദം വേണ്ടുംവണ്ണം തെളിയിക്കുന്നുണ്ട്. ജനകമഹാരാജസദസ്സിൽവെച്ചു ഗാർഗ്ഗിയും യാജ്ഞവൽക്യനുമായുണ്ടായ തർക്കവും ഈ അഭിപ്രായത്തെ പ്രബലമാക്കുന്നു. അന്നു സ്ത്രീകൾ അന്തഃപുരങ്ങളിൽ ഒളിച്ചു വസിച്ചിരുന്നില്ലെന്നും, ഈ സംഭവങ്ങൾ വിളിച്ചു പറയുന്നുണ്ട്. മെഗസ്തനീസ്സ് എന്ന ഗ്രീക്കു ദേശസഞ്ചാരി, അന്നു സ്ത്രീകൾക്കും വേദവേദാന്തങ്ങളഭ്യസിക്കാമായിരുന്നെന്നും, അതിനു മൈത്രേയീഗാർഗ്ഗിമാർ തന്നെ ലക്ഷ്യങ്ങളാണെന്നും എഴുതിയിരിക്കുന്നു. ഗ്രീസ്സിലും, റോമിലും പരിഷ്കാരം അതിൻെറ പരമകാഷ്ഠയെ പ്രാപിച്ചിരുന്നപ്പോഴും, മൂവായിരം വർഷങ്ങൾക്കുമുമ്പു ഹിന്ദുക്കളുടെ ഇടയിൽ ഉണ്ടായിരുന്നതുപോലുള്ള സ്വാതന്ത്ര്യവും, ബഹുമാനവും സ്ത്രീകൾക്ക് അവിടങ്ങളിൽ ഇല്ലായിരുന്നു എന്നു പ്രാചീനഹൈന്ദവസാഹിത്യഗ്രന്ഥങ്ങളിൽ പരിചയമുള്ള ആരോടും പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല.

വസിഷ്ഠമഹർഷിയുടെ ധർമ്മസൂത്രത്തിൽ ഇപ്രകാരം പറഞ്ഞിരിക്കുന്നു:— "ആചാര്യൻ ഉപാദ്ധ്യായന്മാരെക്കാൾ പത്തിരട്ടിയും, പിതാവ് ആചാര്യനെക്കാൾ ആറിരട്ടിയും, മാതാവു പിതാവിനെക്കാൾ സഹസ്രഗുണവും ബഹുമാനിക്കപ്പെടണം."

ന്യായ്യമായ കാരണങ്ങൾ കൂടാതെ ഭാര്യാപരിത്യാഗം ചെയ്യുന്ന പുരുഷന്മാ

ൾ, ഒരു ഹൈന്ദവശാസ്ത്രകാരൻ നൽകിയിട്ടുള്ള ശിക്ഷ നോക്കുക:— "അന്യായമായി ഭാൎയ്യയെ ഉപേക്ഷിക്കുന്നവൻ, ഒരു കഴുതത്തോലിനെ ദേഹത്തിൽ ധരിച്ച്, തലമുടിയും അഴിച്ചിട്ട് ഏഴു വീടുകളിൽ ചെന്ന്, ഇപ്രകാരം പറഞ്ഞുകൊണ്ടു യാചിക്കണം— 'ഭാൎയ്യാപരിത്യാഗം ചെയ്ത ഒരാൾക്കു ധൎമ്മം തരണേ!' ആറു മാസകാലത്തേയ്ക്കു അവന്റെ ജീവിതമാൎഗ്ഗം അതുതന്നെ ആയിരിക്കട്ടെ!"

മനുവിന്റേയും, വസിഷ്ഠന്റേയും അഭിപ്രായത്തിൽ, ഗുണവതിയായ ഒരു ഭാൎയ്യയോടു ചേൎന്നിട്ടുള്ള ആൾ മാത്രമേ ഭാഗ്യവാനാകുന്നുള്ളൂ. മനു പറയുന്നതു, ലക്ഷ്മീദേവിയും ഭാൎയ്യയും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ്.

ഈശ്വരന്റെ ഒരവതാരമായി ഗണിച്ചുവരുന്ന ബുദ്ധമഹൎഷിയുടെ എട്ടു സിദ്ധാന്തങ്ങളിൽ ഒന്ന്, പരസ്ത്രീസംയോഗം വിഹിതമല്ലെന്നാകുന്നു. ബുദ്ധമതാനുയായികൾ, സ്ത്രീകളോടു സ്നേഹവിശ്വാസബഹുമാനങ്ങളോടെ പെരുമാറുന്നതിനും, അവരെ അന്യന്മാരുടെ ബഹുമാനഭാജനമാക്കുന്നതിനും ചുമതലയുള്ളവരായിരുന്നു. സ്ത്രീകൾക്കു ചേരുന്ന വസ്ത്രങ്ങൾ, ആഭരണങ്ങൾ മുതലായവപോലും വേണ്ടിവന്നാൽ ഉണ്ടാക്കിക്കൊടുത്തുകൊള്ളണമെന്നു ബുദ്ധൻ അവരോടുപദേശിച്ചിട്ടുണ്ട്. ഇപ്പോഴത്തെ പരിഷ്കൃതാശയന്മാർകൂടി, സ്ത്രീകളുടെ സുഖാസുഖങ്ങളിൽ ഇത്ര ദൃഷ്ടിവെയ്ക്കുമോ എന്നു സംശയമാണ്.

ക്രി. മു. ഒന്നാം ശതാബ്ദത്തിലോ, ക്രി പി. ഒന്നാം നൂററാണ്ടിലോ എഴുതപ്പെട്ട മനുസ്മൃതിയിൽനിന്നു സ്ത്രീകളെ സംബന്ധിച്ച ചില ഭാഗങ്ങൾ ഉദ്ധരിച്ചു ഇവിടെ ചേൎത്തുകൊള്ളുന്നു:— "സ്ത്രീകളെ എവിടെ ബഹുമാനിക്കുന്നോ അവിടെ ഈശ്വരന്മാർ പ്രസാദിക്കുന്നു; എന്നാൽ എവിടെ അവർ ബഹുമാനിക്കപ്പെടുന്നില്ലയോ അവിടെ വൈദികകൎമ്മങ്ങൾ ഫലവത്തുക്കളായിത്തീരുന്നില്ല." "യാതൊരെടത്തു സ്ത്രീജനങ്ങൾ വ്യസനാസമേതം വസിക്കുന്നുവോ ആ കുടുംബം, മുഴുവൻ നശിച്ചുപോകുന്നു. എന്നാൽ അവർ പീഡകളൊന്നും കൂടാതെ താമസിക്കുന്ന കുടുംബം, നിരന്തരം അഭിവൃദ്ധിപ്പെട്ടുകൊണ്ടേ ഇരിക്കുന്നു." "ചതുൎവ്വൎണ്ണങ്ങളിലുമുള്ള എല്ലാ സ്ത്രീകളും രക്ഷാൎഹകളാകുന്നു." "ഈശ്വരനിൽനിന്നു ലഭിച്ച ഒരനുഗ്രഹമാണ് ഭാൎയ്യ എന്നറിയുക; ഒരു ഭൎത്താവിനും, തന്റെ ഇഷ്ടമനുസരിച്ച് അവളെ കിട്ടുന്നതല്ല. അതുകൊണ്ടു പതിവ്രതയായ ഭാൎയ്യയെ എവിടെ ബഹുമാനിക്കുന്നുവോ അവിടെ, ഈശ്വരന്മാർ പ്രസാദിക്കുന്നു." അക്കാലത്തു സ്ത്രീകളിൽ കാണിച്ചിരുന്ന ദയയും, സൂക്ഷ്മതയും അടിയിൽ ചേൎക്കുന്ന ഭാഗങ്ങളിൽനിന്നു ഗ്രഹിക്കാവുന്നതാണ്:— "ഒരു സ്ത്രീയെ, അവൾ വസ്ത്രം ധരിച്ചിട്ടില്ലാത്ത അവസരത്തിൽ നോക്കരുത്." "നവോഢ, അബല, പ്രസവിച്ചു കിടക്കുന്നവൾ മുതലായവൎക്ക് അതിഥികളെക്കാൾ മുമ്പു തന്നെ ഭക്ഷണം കൊടുക്കണം." "പുത്രിമാർ സ്നേഹഭാജനമാണ്; അതിനാൽ അവർ പരിഹസിച്ചാലും പിതാക്കന്മാർ യാതൊരതൃപ്തിയും കൂടാതെ ക്ഷമിപ്പാൻ കടപ്പെട്ടവരാകുന്നു." "വന്ധ്യ

കളും, അപുത്രകളും, അബലകളുമായ സ്ത്രീകളുടെ വസ്തുക്കളേ, ബന്ധുശൂന്യകളായ സതീരത്നങ്ങളുടെ സ്വത്തിനെപ്പോലെ തന്നെ, രാജാക്കന്മാർ രക്ഷിക്കേണ്ടതാണ്." "എല്ലാ ദ്വിജന്മാരും സ്ത്രീകളുടെ രക്ഷയ്ക്കായി ആയുധം ധരിക്കേണ്ടവരാകുന്നു."

ഒരു പാശ്ചാത്യസ്ത്രീക്കു, ഒരിദാനീന്തനപരിഷ്കാരിയിൽനിന്നു[illegible]വടേ ചേൎന്ന മനുവിന്റെ നിയമത്തിൽ സൂചിപ്പിച്ചിട്ടുള്ളതിനേക്കാൾ കൂടുതൽ ബഹുമാനത്തെ പ്രതീക്ഷിക്കാൻ കഴിയുമോ? "ആർതന്നെ ആയിരിക്കട്ടെ, ഒരു സ്ത്രീയെ അഭിസംബോധന ചെയ്യുമ്പോൾ അയാൾ അവളെ 'സഹോദരി' എന്നു വിളിക്കണം. വൃദ്ധൻ, പുരോഹിതൻ, രാജാവു, മണവാളൻ മുതലായവരെ സംബന്ധിച്ചു ചെയ്യുന്നതിനേക്കാൾ വേഗത്തിൽ അവൾക്കു വഴി മാറിക്കൊടുക്കുകയും വേണം." "തന്റെ മുമ്പിലൂടെ കടന്നുപോകുന്ന ഒരു സ്ത്രീയെ വന്ദിക്കാതിരിക്കരുത്. അവളുടെ—സ്ത്രീയുടെ—പേർ ഉച്ചാരണസൌകൎയ്യമുള്ളതും, സുഗമവും, പ്രൌഢവും, മധുരവും, സദാശയങ്ങളെദ്യോതിപ്പിക്കുന്നതുമായിരിക്കണം'.

ഇതുവരെ നാം പരിശോധിച്ചതു ഹൈന്ദവമതഗ്രന്ഥങ്ങൾ മാത്രമാകുന്നു; നമ്മുടെ പുരാണേതിഹാസങ്ങളിലും പ്രാചീനഹിന്ദുക്കളുടെ വീരധൎമ്മത്തെ വ്യക്തമാക്കുന്ന പല ഭാഗങ്ങൾ കാണാവുന്നതാണ്. മഹാഭാരതത്തിലെ ദ്രൌപദീസ്വയംവരവും, രഘുവംശത്തിലെ ഇന്ദുമതീസ്വയംവരവും നോക്കുക! പൌരാണികകാലത്തും സ്ത്രീകൾ മിക്കവാറും സ്വതന്ത്രകളായിരുന്നുഎന്നുള്ളതിനു, ഈ സ്വയംവരങ്ങൾ ദൃഷ്ടാന്തങ്ങളാകുന്നു. അനവധി രാജാക്കന്മാർ നിറഞ്ഞിരിക്കുന്ന വിവാഹമണ്ഡപത്തിൽ പ്രവേശിച്ചു്, ഓരോരുത്തരുടേയും രൂപസൌന്ദൎയ്യാദികളെ പ്രത്യേകം പ്രത്യേകം പരിശോധിച്ചു് തങ്ങൾക്കു അഭിമതന്മാരായ വരന്മാരെ സ്വീകരിക്കുന്നതിന്നു അവൎക്കു കഴിഞ്ഞിരുന്നു. ഇപ്രകാരമുള്ള സ്വയംവരങ്ങളിൽ വരണമാലസ്കന്ധന്മാരായിത്തീൎന്ന രാജാക്കന്മാർ എങ്ങിനെ കൃതാൎത്ഥന്മാരായെന്നും, മറ്റുള്ളവരുടെ സ്ഥിതി എന്തായിരുന്നു എന്നും താഴെ ചേൎക്കുന്ന രഘുവംശപദ്യങ്ങളിൽനിന്നൂഹിക്കാവുന്നതാണ്.

'ഇരവിലിഹനടന്നിടുംവിളക്കൊ- (ൽ
ത്തരമവളാരെവെടിഞ്ഞുപോവതെന്നോ
പരമൊരുതെരുവിൽപ്പുരംകണക്കാ-
നരവരനാർന്നതദാവിവൎണ്ണഭാവം'
'അരികിലവളണഞ്ഞുകണ്ടജൻ,സു-
ന്ദരിവിടുമെന്നൊഴുമെന്നു മാലിയന്നു;
പരിചൊടിളകുമംഗദത്തൊടൊത്തു-
ള്ളരിയവലങ്കര,മാവിശങ്കതിത്തു'.
'അരിയൊരുമലർമാലയീവിധംതൻ
വിരിയുമുരസ്സിലണഞ്ഞുകണ്ടനേരം,
ശരിയെയരിയഭോജകന്യതൻകൈ-
പരിചൊടണപ്പതിതെന്നജൻനിനച്ചു!'
'മുകിൽ വിട്ടമനുത്രപൻ
ചന്ദ്രനൊത്തുനിലാവോ,-
ക്കകിലുദധിയൊടൊത്തു
ഗംഗ,യെന്നിപ്രകാരം
നിഖിലനൃവരകണ്ണാ-
ശുത്തുദാത്തംകൊടുത്ത-
നാഖിലരുമരചസ്സു
തുല്യയോഗപ്രമോദാൽ'

‘ഒരുദിശിവരപക്ഷ-
ക്കാർപരംപ്രീതരായ്, മ-
റെറാരുദിശിന്നുപർവാടി-
ക്കൊണ്ടുമന്നാപ്രദേശം,
കരുത്തുമളവുപത്മം
ഫുല്ലമാ, യാമ്പൽക്കുമ്പീ-
ട്ടുരസമൊടുഷസ്സിൽ
ക്കാണുമപ്പൊസ്സയൊത്തു.’

യുധിഷ്ഠിരമഹാരാജാവു ചൂതിൽ തോററ്, രാജ്യത്തെയും, സഹോദരന്മാരെയും, തന്റെ മറെറല്ലാവസ്തുക്കളേയും, തന്നെത്തന്നെയും പണയപ്പെടുത്തിയതിൽപ്പിന്നെയാണ്, തന്റെ ഭാര്യയായ ദ്രൗപദിയെ പണയം വെയ്ക്കുന്നത്. അദ്ദേഹം അങ്ങനെ ചെയ്തതുതന്നെ, ഭാര്യയെ പണയം വെയ്ക്കാനുള്ള മടിയാൽ ചൂതുകളിയിൽനിന്നു വിരമിക്കുന്നതു രാജധർമ്മത്തിന്നു യോജിക്കുന്നതാണോ എന്ന സംശയംകൊണ്ടുമാത്രമായിരുന്നു. കൌരവന്മാരുടെ അധഃപതനത്തിന്നു കാരണം, ദുശ്ശാസനന്റെ ദ്രൗപദീവസ്ത്രാക്ഷേപമാണ് എന്ന സംഗതി സ്മരണീയമത്രെ! സീതാദേവിയെ ബലാൽ അപഹരിച്ച്, തന്റെ ഉദ്യാനത്തിൽ കൊണ്ടിരുത്തിയ രാവണനും, അവരുടെ പാതിവ്രത്യഭഞ്ജനമാകുന്ന മഹാപാപകർമ്മം ചെയ്വാൻ ധൈര്യപ്പെട്ടില്ല.

ഭാര്യ ഭർത്താവിന്റെ ആപന്നിവാരണമൂർത്തിയാകുന്നു എന്നാണ് വ്യാസരുടെ അഭിപ്രായം. മഹാഭാരതത്തിൽ ഒരിടത്തു, അദ്ദേഹം ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—

‘പാതിയുംമനുഷ്യനുഭാര്യയെന്നറിഞ്ഞാലും
മേദിനീപതേ, ഭാര്യവലിയസഖിയല്ലോ;
ധർമ്മാർത്ഥകാമങ്ങൾക്കുകാരണംഭാര്യയത്രേ;
കർമ്മികളാകുന്നതുംഭാര്യാവത്തുകളത്രേ;
ബന്ധുമാനാകുന്നതുംഭാര്യയുള്ളവനത്രേ;
സന്തതംഗൃഹസ്ഥന്മാർഭാര്യാവത്തുകളത്രേ;
ഭാര്യാവത്തുകളത്രേസന്തോഷിച്ചീടുന്നതും;
ഭാര്യാവത്തുകളത്രേനിശ്ചലശ്രീമത്തുകൾ
വിവിക്തവാസത്തിങ്കൽത്തുണയുംഭാര്യയത്രേ;
പ്രവൃത്തിക്കനുകരിക്കുന്നതുംഭാര്യയത്രേ;
അശ്രാന്തംപ്രിയംപറയുന്നതുംഭാര്യയത്രേ
വിശ്വാസ്യനാകുന്നതുംഭാര്യയുള്ളവനത്രേ;
സാക്ഷിയായീടുന്നതുംഭാര്യയുള്ളവനത്രേ;
മോക്ഷത്തെസ്സാധിപ്പതുംഭാര്യയുള്ളവനത്രേ?’

സംസ്കൃതകാവ്യങ്ങളും, നാടകങ്ങളും പാരായണം ചെയ്യുന്ന ഒരാൾക്ക്, സ്ത്രീകളോടു അവരുടെ ഭർത്താക്കന്മാർക്കുണ്ടായിരുന്ന സ്നേഹവാത്സല്യബഹുമാനാദികൾ സീമാതീതങ്ങളായിരുന്നു എന്നു മനസ്സിലാക്കാവുന്നതാണ്. ഉത്തരരാമചരിതം, സീതയോടു ശ്രീരാമനുണ്ടായിരുന്ന പരിശുദ്ധാനുരാഗത്തെ തെളിയിക്കുന്ന പല സംഭവങ്ങളടങ്ങിയ ഒരു കൃതി ആകുന്നു. ഹൃദയസ്പൃക്കുകളായ ഭാവങ്ങളും, ആശയങ്ങളും അതിൽ എവിടെ നോക്കിയാലും കാണാം.

‘നിലാവെൻകണ്ണിന്നുനീതാൻ; മമതനുവിന്നുനീ
നല്ലപീയൂഷമാ; മെൻ-
ജീവൻനീതാൻ; ദ്വിതീയംമമഹൃദയമതാ
കുന്നുനീസുന്ദരാംഗി!’

എന്നാണ് സീതയെക്കുറിച്ചു ശ്രീരാമൻ പറയുന്നത്. സ്വഭാൎയ്യയായ സുദക്ഷിണയുടെ പ്രസവം അടുത്തു വരുന്തോറും, അവളുടെ സൎവ്വാഭീഷ്ടങ്ങളും സാധിപ്പിക്കുന്നതിന്നു ദിലീപൻ എത്ര കരുതലോടു കൂടി പ്രവൎത്തിച്ചുവന്നു എന്നു നമുക്കറിയാമല്ലൊ. ആൎതർമഹാരാജാവിൻെറ 'റൌൻഡ് ടേബിളി'ൽ ഉൾപ്പെട്ടിരുന്ന വീരപുരുഷന്മാരെക്കൂടി ലജ്ജിപ്പിക്കുന്നതിനുള്ള സാമൎത്ഥ്യം അദ്ദേഹത്തിനുണ്ടായിരുന്നു. തൻെറ പ്രാണപ്രിയ അകാലമരണം പ്രാപ്പിച്ചതിനാൽ തകൎന്ന ഹൃദയത്തോടെ, അജൻ വിലപിക്കുന്നതു കേൾക്കുക!

'പ്രിയ,മന്ത്രി,സുഹൃത്തു,വിദ്യയിൽ–
പ്രിയയാംശിഷ്യയിവൎണ്ണമോൎക്കിൽ
സ്വയമെന്തുഹരിച്ചിടാത്തു,നി–
ൎദ്ദയനീനിന്നെഹരിച്ചൊരന്തകൻ!'

ആധുനിക പാശ്ചാത്യകവികളും, പരിഷ്കാരികളും 'സ്ത്രീസ്വാതന്ത്ര്യ'ത്തെപ്പററി കൊട്ടിഘോഷിക്കുന്ന അഭിപ്രായം, ഈ പദ്യത്തിൽ എത്ര വെളിവായി പ്രതിപാദിച്ചിരിക്കുന്നു! ദമയന്തി നളൻ, ശകുന്തള ദുഷ്യന്തൻ മുതലായ ദമ്പതികളുടെ ചരിത്രങ്ങളും, വായനക്കാരുടെ ഹൃദയത്തെ അവരറിയാതെ ആകൎഷിച്ച്, അവൎക്ക് സ്ത്രീവൎഗ്ഗത്തിൽ ന്യായമായ ബഹുമാനത്തെ ഉദിപ്പിക്കുവാനുതകുന്നു. ഇതിനെക്കുറിച്ചു, ഒരു പാശ്ചാത്യപണ്ഡിതൻ, ഇങ്ങിനെ പറഞ്ഞിരിക്കുന്നു:—'ഹൈന്ദവകവികൾ വളരെ ചുരുക്കമായിട്ടേ അവരുടെ സ്ത്രീകളെ ദുഷിക്കാറുള്ളു. ഹിന്തുസ്ത്രീകൾ, പുരുഷന്മാരുടെ വാത്സല്യനിധാനങ്ങളാകുന്നു. അവരെ മനഃപൂൎവ്വമായി അധിക്ഷേപിക്കുന്ന യൂറോപ്പിലെ ചില ജാതിക്കാൎക്ക്, വിശിഷ്യ ഗ്രീക്കുകാൎക്ക്, ഇതൊരു പാഠമായിരിക്കട്ടെ!'

കെ. എസ്സ്. പരമേശ്വരൻപിള്ള

---

# പുലയന്മാർ.

(തുടൎച്ച)

ഭാൎയ്യ പിറേറ ദിവസം തന്നെ ഭൎത്താവൊന്നിച്ച് അവൻെറ മാടത്തിലേയ്ക്കു പോകും. അവന് അവളെക്കൊണ്ടു ബുദ്ധിമുട്ടായാൽ അവളുടെ സമ്മതത്തോടുകൂടി വേറെ ആൎക്കെങ്കിലും കൊടുക്കാം. അപ്പോൾ അവനു കല്യാണത്തിന്നു ചിലവായതു പുതിയ വരൻ കൊടുക്കുകയും ചെയ്യും. ചിലപ്പോൾ ഭൎത്താവും ഭാൎയ്യയും വെവ്വേറെ മുതലാളന്മാർ കീഴിലായിരിക്കും. ഈ വക സംഗതികളിൽ സ്ത്രീകളെ ഭൎത്താക്കന്മാൎക്കു കൈവശംപണയമായിട്ടല്ലാതെ അപൂൎവ്വമായിട്ടേ തീറായി കൊടുക്കയുള്ളു. മൂത്ത ആൺകുട്ടി അച്ഛൻെറ മുതലാളനുള്ളതാണ്. ബാക്കിയുള്ള കുട്ടികളെല്ലാം കുട്ടിക്കാലത്ത് അമ്മയൊന്നിച്ചുതന്നെ താമസിക്കുകയും, പ്രായം ചെന്നു വേലയെടുക്കാറായാൽ അമ്മയുടെ മുതലാളൻെറ അടുക്കലേയ്ക്കു പോക

യും ചെയ്യും. വിധവയാവുമ്പോൾ അമ്മയും തിരിച്ചുപോകുന്നതാണ്.

ചിലേടങ്ങളിൽ പുലയൻ ഒരു പെണ്ണിനേയും കൂട്ടിക്കൊണ്ടു തന്റെ മുതലാളന്റെ അടുക്കൽ ചെന്നു തനിക്കവളെ കല്യാണം ചെയ്യണമെന്നു പറയും. എന്നാൽ അവൾ ഭാര്യയായിരിക്കുന്ന കാലത്തെല്ലാം അയാളവൾക്കു ചിലവിനു കൊടുക്കുന്നതാണ്. അവൾക്കു തോന്നുമ്പോൾ ഭർത്താവിനെ ഉപേക്ഷിച്ചു പോകാനോ മറ്റേതെങ്കിലുമൊരുവനെ വരിക്കുവാനോ യാതൊരു വിരോധവുമില്ല.

എറാച്ചിറമക്കളുടെ കല്യാണം കുറെക്കൂടെ ആചാരപുരസ്സരമാണ്. അവരിൽ, മണവാളന്റെ ആൾക്കാർ മണവാട്ടിയുടെ വീട്ടിൽ ചെന്ന് അവിടത്തെ പ്രമാണിക്കു കുറെ അരിയും വെററിലയും കാഴ്ചവെച്ചു പെണ്ണിനെ ചോദിക്കും. അവൾക്കു സമ്മതമാണെങ്കിൽ പെണ്ണിന്റെ ഉടപ്പിറന്നവൻ കുറെ അരിയും ഒരു തുണിയും അവരുടെ മുമ്പിൽ കൊണ്ടുചെന്നു വെച്ച് അവിടെയുണ്ടായിരിക്കുന്ന ഗോത്രപ്രധാനിയുടെ തലയിൽ കുറച്ച് അരിയിടും. പിന്നീടു കല്യാണദിവസം വരൻ തന്റെ രണ്ടു ചങ്ങാതിമാരോടുകൂടി വധുവിന്റെ ഗൃഹത്തിൽ ചെന്ന് അവൾക്കൊരു തുണിയും മൂന്നുറുപ്പിക രണ്ടണയും സമ്മാനിക്കും. അന്നു മുതൽക്ക് അവനവളുടെ ഭർത്താവാണ്. എന്നാൽ 'മംഗളം' എന്നൊരു ക്രിയ കഴിഞ്ഞല്ലാതെ അവളെ കൂട്ടിക്കൊണ്ടുപോവാൻ പാടില്ല. ആ ക്രിയയ്ക്കു വരൻ വധുവിന്റെ മാടത്തിലേയ്ക്കു ഒരു ഘോഷയാത്രയായി ചെല്ലും. അവിടെ അവർക്കൊരു സദ്യയുണ്ട്. അതു കഴിഞ്ഞാൽ അവൻ അവളുടെ സോദരന്മാൎക്കു പലഹാരം കൊടുക്കും. അപ്പോൾ പുരോഹിതൻ വധൂവരന്മാരുടെ പേരും കുടുംബചരിത്രവും അവരുടെ മുതലാളന്മാരുടേയും ദൈവങ്ങളുടേയും നാമങ്ങളും ചൊല്ലും. അതിന്നുശേഷം ഒരു പന്തലിൽ കുറെ അരിയും ഒരു വിളക്കും വെച്ച്, അവരെ അതിന്നുമുമ്പിൽ കൊണ്ടു ചെന്നിരുത്തി, കൂട്ടത്തിലൊരുവൻ എഴുന്നേററു കളവു, ചതി, വ്യഭിചാരം മുതലായവകൊണ്ടുള്ള ദോഷങ്ങളെ പ്രസ്താവിച്ചുകൊണ്ടു, വിവാഹം ചെയ്യുവർ ആചരിക്കേണ്ട മുറകളെപ്പററി ഒരു പ്രസംഗം ചെയ്യും. അതു കഴിഞ്ഞാൽ ദമ്പതിമാരുടെ നിറുകയിൽ അരിയെറിയുകയും, വരൻ മൂത്തവരുടെ കാല്ക്കൽ നമസ്കരിക്കുകയും ചെയ്യും. പിറേറ ദിവസം തന്നെ വരന്റെ മാടത്തിലേയ്ക്കു പുറപ്പെടുന്നതാണ്. അവിടെ ചെല്ലുമ്പോഴും തലയിൽ അരിയെറിയുക പതിവുണ്ട്. അതു കഴിഞ്ഞാൽ അവിടെ കൂടീട്ടുള്ളവർ വധൂവരന്മാൎക്ക് ഓരോ കാഴ്ചവെയ്ക്കുന്നതാണ്. അതിൽ ഒരു ഭാഗം പുരോഹിതന്നും മറേറ ഭാഗം വരന്റെ മുതലാളന്നുമുള്ളതാകുന്നു.

കൊങ്ങച്ചെറുമന്മാരുടെ കല്യാണം ഇതിൽനിന്നും വ്യത്യാസപ്പെട്ടതാകുന്നു. അവരിൽ, പെണ്ണിനെ താലികെട്ടിച്ചു കൂട്ടിക്കൊണ്ടുവരുവാൻ ചെക്കൻ സോദരിയെ പറഞ്ഞയയ്ക്കും. ഈ സമ്പ്രദായം അവർ പാൎക്കുന്ന താലൂക്കിലെ ഈഴവരിൽനിന്നും കിട്ടീട്ടുള്ളതാകുന്നു.

തൃശ്ശിവപേരൂർ താലൂക്കിൽ ചേന്നൂരകം പ്രവൃത്തിയിലെ പുലയരുടെ കല്യാണസമ്പ്രദായം ഏതാണ്ട് നായ

ന്മാരുടെയിടയിൽ നടപ്പുള്ള സംബന്ധം പോലെയാകുന്നു. അവരും ഭർത്താവിനെ 'സംബന്ധക്കാരൻ' എന്നാണു പറഞ്ഞു വരുന്നത്. പുരുഷൻ ദിവസേന രാത്രി കിടപ്പാൻ സ്ത്രീയുടെ ഗൃഹത്തിലേയ്ക്കു പോകയുമാണ്. എത്താണ്ട് ഇതുതന്നെയാകുന്നു തൃശ്ശിവപേരൂർ താലൂക്കിലെ പുലച്ചെറുമന്മാരുടെ സമ്പ്രദായവും. അവർ കല്യാണത്തിന്നു 'മെരുങ്ങുകൂടുക' * എന്നാണു പറയുക. ഒരുവന്നു മെരുങ്ങുകൂടണമെന്നു തോന്നിയാൽ അവൻ ചെന്നു പെണ്ണിന്റെ മാതാപിതാക്കന്മാരോടു സമ്മതം ചോദിക്കും. അവർ സമ്മതിച്ചാൽ അവൻ രാത്രി കിടക്കാൻ ചെന്നുതുടങ്ങും. അപൂർവ്വമായിട്ടേ പെണ്ണു ചെക്കന്റെ മാടത്തിലേയ്ക്കു പോകുന്നുള്ളൂ. അതിന്നു അവരുടെ 'തമ്പുരാന്റെ' (മുതലാളന്റെ) സമ്മതവും വേണം.

കൊച്ചിരാജ്യത്തെ വടക്കൻപ്രദേശങ്ങളിലുള്ള കണക്കച്ചെറുമന്മാരുടെ കല്യാണം വേറൊരു വിധമാണ്. അവരിൽ കല്യാണം ചെയ്യേണ്ടവരുടെ മാതാപിതാക്കന്മാരും ബന്ധുക്കളും കരയിലെ ചില പ്രമാണികളോടു കൂടി ആദ്യമായി വധുവിന്റെ ഗൃഹത്തിൽ വെച്ച് എല്ലാം പറഞ്ഞു തീച്ചപ്പെടുത്തി കല്യാണത്തിന്നു ഒരു ശുഭദിവസം നിശ്ചയിക്കുകയും വരന്റെ ആളുകൾ വധുപ്പണം ഒരുറുപ്പിക ഏഴണ അപ്പോൾ തന്നെ കൊടുക്കുകയും ചെയ്യുന്നു. അന്നവിടെ കൂടിയവൎക്കൊക്കെ ഒരു ഊണിന്റെ വട്ടമുണ്ട്. ഇമ്മാതിരി തന്നെ ഒരു വട്ടം വരന്റെ മാടത്തിൽ വെച്ച് പിന്നീടു അവനെ കാണ്മാൻ ചെല്ലുന്ന വധുവിന്റെ മാതാപിതാക്കന്മാർ അമ്മാമൻ മുതലായ ആൾക്കാൎക്ക് അവിടെയും പതിവുണ്ട്. കല്യാണദിവസം രാവിലെ വരൻ തന്റെ ആൾക്കാരൊന്നിച്ചു വധുവിന്റെ മാടത്തിലേക്കു ചെല്ലുകയും അവൻ അവരെ പുതുതായി കെട്ടിയുണ്ടാക്കിയ ഒരു പന്തലിൽ സല്ക്കരിച്ചിരുത്തുകയും ചെയ്യും. അവൻ വധുവിന്നു കൊടുക്കുന്ന കാഴ്ചസാധനങ്ങൾ ഒരു മുറിയും ഒരു കൂട്ടം തോടയും രണ്ടു ചെറിയ മുണ്ടുമാണ്. പന്തലിന്റെ പ്രധാനപ്പെട്ട ഒരു ഭാഗത്ത് ഒരു പാത്രം നിറച്ചു നെല്ലും ഒരു വിളക്കും ഒരു നാളികേരവും വെച്ചിരിക്കും. അതിന്റെ മുമ്പിലായിട്ടാണ് വധൂവരന്മാരെ കൊണ്ടുചെന്നിരുത്തുക. അപ്പോൾ ദമ്പതിമാൎക്ക് ക്ഷേമം യാചിക്കുന്ന സ്തോത്രങ്ങൾ ചൊല്ലിക്കൊണ്ടു വരൻ വധുവിന്റെ കഴുത്തിൽ താലി കെട്ടും. അതു കഴിഞ്ഞാൽ ക്ഷണിച്ചു വരുത്തീട്ടുള്ള എല്ലാ അതിഥികൾക്കും ഒരു സദ്യ പതിവുണ്ട്. അതും കഴിഞ്ഞാൽ എല്ലാ ക്രിയകളും സമാപ്തിയായി. സദ്യയിൽ കള്ള് ഒഴിച്ചു കൂടാത്ത ഒരു പദാൎത്ഥമാണ്. രാത്രിയിൽ ആണുങ്ങളും പെണ്ണുങ്ങളും ഒരുമിച്ചു ചേൎന്ന് ഓരോ പാട്ടും പാടിക്കളിച്ചു കോലാഹലം കൂട്ടും. പിറ്റെ ദിവസം വരൻ തന്റെ ആൾക്കാരൊന്നിച്ചു വധുവിനെ സ്വഗൃഹത്തിലേക്കു കൊണ്ടുപോകും. അതിഥികളെ അവിടെയും ഒരു സദ്യ കഴിച്ചു സല്ക്കരിക്കുന്നതാണ്. അവിടുന്നു ഒരാഴ്ച കഴിയുമ്പോൾ വധുവിന്റെ ഗൃഹത്തിൽനിന്നു രണ്ടുപേർ ചെന്നു ദമ്പതിമാരെ ക്ഷണിച്ചുകൊണ്ടുപോകും. അവർ

* 'മരുവളമായി ഇണങ്ങുക' എന്നൎത്ഥം.

ഒല്ലദിവസം അവിടെ താമസിച്ചു തിരിച്ചുപോരികയും ചെയ്യും. വരൻ കല്യാണപ്പന്തലിൽ പ്രവേശിക്കുന്നതിനു മുമ്പായി ഏഴു കന്യകമാരുടെ അകമ്പടിയോടു കൂടി വധു അവനെ ഏഴു പ്രദക്ഷിണം വെയ്ക്കുന്ന ഒരു പതിവുകൂടി ഇവരുടെ ഇടയിലുണ്ട്. ഈ വക ക്രിയകൾ നടക്കുമ്പോഴൊന്നും വധുവിന്റെ മാതാവു വരന്റെ സമീപം ചെല്ലുകയില്ല. അങ്ങിനെ ചെയ്താൽ അശുദ്ധി ബാധിക്കുമത്രെ.

കൊച്ചിയിലെ തെക്കൻപ്രദേശങ്ങളിലെ, പ്രത്യേകിച്ചു കൊച്ചി കണയന്നൂർ താലൂക്കിലെ വള്ളുവപ്പുലയന്മാരുടെ കല്യാണസമ്പ്രദായം കുറെക്കൂടെ നിയമാനുസൃതവും രസകരവുമാണ്. ചെക്കനു 15 മുതൽ 20 വരെയും പെണ്ണിനു 10 മുതൽ 12 വരെയും വയസ്സുകൾക്കിടയിലാണ് അവരുടെ കല്യാണം. ഒരുവൻ കല്യാണം ചെയ്യണമെന്നു വിചാരിക്കുന്നതിനു മുമ്പായി അവിടത്തിൽ തന്റെ പരുവത്തിലുള്ളൊരുവനായി നിയമാനുസരണം സഖിത്വം കൂടണം. അവൻ ശ്രേഷ്ഠകുടുംബക്കാരനല്ലെങ്കിൽ സമനിലയോ കുറെക്കൂടെ ഉന്നതനിലയോ ഉള്ളൊരുവനെ അവന്റെ അച്ഛൻ തിരഞ്ഞെടുക്കും. അവനും അവരും ഒരേ ഇല്ലത്തിൽ പെട്ടവരാവരുത്. ഇരുകൂട്ടരുടെയും മാതാപിതാക്കന്മാർ യോജിച്ചു കഴിഞ്ഞാൽ ക്രിയയ്ക്കുള്ള ദിവസം നിശ്ചയിക്കും. ആ ദിവസം വള്ളോനെയും മറ്റു സ്വജനങ്ങളെയും ക്ഷണിച്ചുവരുത്തുകയും എല്ലാവരും പുലയരുടെ സമ്പ്രദായത്തിൽ ഒരു സദ്യ കഴിക്കുകയും ചെയ്യും. അന്നു സഖിത്വം ചേരുവാനുള്ള ഇരുവരും ഒരു പാത്രത്തിലിരുന്നുണ്ണണം. അതു കഴിഞ്ഞാൽ സഖിത്വംചേരുവാനാവശ്യമുള്ളവന്റെ അച്ഛൻ തന്നെ പണം കൊടുത്ത് സഖ്യം വാങ്ങുവാനനുവദിക്കേണമെന്നു വള്ളോനോടും മറ്റുള്ളവരോടും അപേക്ഷിക്കുകയും അവരുടെ അനുമതിയോടു കൂടി സഖ്യം വാങ്ങുകയും ചെയ്യും. അപ്പോൾ രണ്ടു കുട്ടികളും കൈയ്യടിച്ചു സ്നേഹഭാവമവലംബിക്കും. അവർ തമ്മിൽ പിന്നെ ഒരിക്കലും ശണ്ഠയിടുവാൻ പാടില്ല. അന്നു മുതൽക്കു പുതിയ സ്നേഹിതൻ മറ്റവന്റെ കുടുംബത്തിൽ പെട്ടവനാണ്. അവന്റെ ഇഷ്ടംപോലെ അവനവിടെ പോകയും വരികയും ചെയ്യാം. അവൻ കൂടാതെ പിന്നീടവിടെ ഒരു ക്രിയയുമില്ല. അവനോടാലോചിക്കാതെ ഒന്നുംചെയ്കയുമില്ല. ആകയാൽ, കല്യാണകർമ്മങ്ങളിൽ ഇവൻ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരു അംഗമായിത്തീരുന്നതാകുന്നു.

കല്യാണകാര്യത്തിൽ ആദ്യമായി നടത്തേണ്ട ക്രിയ 'പെണ്ണുകാണുക'യാണ്. അതിലേയ്ക്കു ചെക്കനും, ചങ്ങാതിയും, അച്ഛനും, അമ്മവഴിക്കുള്ള അമ്മാമനും അവളുടെ മാടത്തിൽ ചെല്ലും. അവളെ അവർക്കു ബോധിച്ചാൽ കല്യാണം നടക്കുന്നവരെ, തന്റെ അവകാശം നിലനിർത്തിക്കൊണ്ടുപോകാൻ, ചെക്കൻ ഓരോ കാഴ്ച കൊണ്ടുപോയിക്കൊടുത്തുകൊണ്ടിരിക്കണം. കാഴ്ചകൾ സാധാരണയായി ഓരോ പലഹാരങ്ങളായിരിക്കും. കൊണ്ടുപോകുന്നതു ചെക്കനും ചങ്ങാതിയും കൂടീട്ടുതന്നെയാണ്. അവിടെച്ചെല്ലുമ്പോൾ പെണ്ണിന്റെ മാതാവ് അവരെ സുഖമായി ഊട്ടുകയും മടങ്ങിപ്പോകു-

മ്പോൾ അവർ ചില ചില്ലറ സാധനങ്ങൾ കൊടുത്തയയ്ക്കുകയും ചെയ്യും. പിന്നത്തെ ആചരണം കല്യാണം സംബന്ധിച്ചുള്ള സന്ധിയേപ്പാടാണ്. അന്നു വധൂപ്പണം കൊടുക്കുകയും ഒരു കണിയാനെ വരുത്തി കല്യാണത്തിന്നുള്ള ശുഭദിവസം നിശ്ചയിക്കുകയും ചെയ്യും. കല്യാണത്തിന്റെ തലേന്നാൾ വൈകുന്നേരം വരന്റെ മാടത്തിൽവെച്ച് എല്ലാ ബന്ധുമിത്രങ്ങൾക്കും സദ്യ കഴിക്കും. കല്യാണദിവസം പുലച്ചയ്ക്കു വരനും ചങ്ങാതിയും കുളിച്ചു ശുദ്ധമായി വെളുത്ത വസ്ത്രം ധരിച്ചു മീതെ ഓരോ കൈലേസ്സും കെട്ടി അരയിൽ പിശ്ശാങ്കത്തിയും തിരുകി മിത്രജനങ്ങളുടെ അകമ്പടിയോടുകൂടി വധുവിന്റെ മാടത്തിലേയ്ക്കു ചെല്ലും. അവിടെ എല്ലാവരേയും നല്ലപോലെ സല്ക്കരിച്ചു പായ കൊടുത്തിരുത്തും. കല്യാണപ്പന്തലിൽ വധുവിന്റെ അമ്മയാൽ പ്രത്യേകം നെയ്തുണ്ടാക്കപ്പെടുന്ന ഒരു പായിൽ മൂന്നിടങ്ങഴി അരിയും ചില സ്വർണ്ണക്കഷണങ്ങളും ഒരു പിച്ചളത്തമലയും വെളുപ്പും ചകപ്പും ശീലകൾകൊണ്ടു മൂടപ്പെട്ടു ഒരു പലകയും വെച്ചിട്ടുണ്ടായിരിക്കും. വരൻ പന്തലിന്നു 7 പ്രദക്ഷിണം വെച്ചതിന്നു ശേഷം ഈ പലകയിന്മേൽ ചെന്നു നില്ക്കുകയും, തത്സമയം വധു മററു നാലു സ്ത്രീകളാൽ തലയ്ക്കു മീതെ പിടിക്കപ്പെടുന്ന മേക്കട്ടിയോടും ഏഴു കന്യകമാരുടെ അകമ്പടിയോടും കൂടി മൂന്നു പ്രദക്ഷിണവും വെച്ചു അവന്റെ സമീപം ചെന്നു അഭിമുഖമായി നില്ക്കുകയും ചെയ്യും. അന്നേരം അവരുടെ പാട്ടുകൾ ആരംഭിക്കുകയായി. അതിന്നിടയിൽ പെണ്ണിന്റെ രക്ഷിതാവു ആദിത്യനെക്കുറിച്ചുള്ള ചില സ്തോത്രങ്ങൾ ചൊല്ലിക്കൊണ്ടു അവളുടെ കഴുത്തിൽ ഒരു സ്വർണ്ണത്താലി കെട്ടിക്കുന്നതാണ്. താലിയുടെ കെട്ടു മുറുക്കുവാൻ വരന്റെ ചങ്ങാതിയാകുന്നു. താലികെട്ടുകഴിഞ്ഞാൽ മതസംബന്ധമായുള്ള എല്ലാ ക്രിയകളും അവസാനിച്ചു.

(തുടരും)

കെ. പരമേശ്വരക്കുറുപ്പ്

# സങ്കല്പചിത്രം *

ഒരു ഛായാഗ്രഹണയന്ത്രത്തിന്റെ സഹായത്താൽ നമ്മുടെ ബാഹ്യമായ സ്വരൂപത്തിന്റെ ഛായയെടുക്കുന്നതു നമുക്കനുഭവമുള്ള സംഗതിയാണല്ലോ. എന്നാൽ, ഫ്റാൻസുരാജ്യത്തു ഛായയെടുക്കുവാനുള്ള ഒരു ജാതി വിശേഷപ്പെട്ട യന്ത്രമുണ്ടെന്നും, അതിന്റെ സഹായത്താൽ മനസ്സിൽ സങ്കല്പിക്കുന്ന സ്വരൂപത്തിന്റെകൂടി ഛായയെടുത്തുവരുന്നുണ്ടെന്നും കാണുന്നു. ഈ യന്ത്രത്തിന്റെ

* ഈ ലേഖനത്തിലെ ചില വിഷയങ്ങൾ, തിരുനൽവേലിയിലെ 'ഇന്ത്യൻശാസ്ത്രമന്ദിരം (The Indian academy of Science) വകയായ 'സെല്ഫ് കൾച്ചർ' (Self-culture) എന്ന മാസികയിൽ നിന്നെടുത്തവയാണ്— ലേഖകൻ.

മുമ്പിൽ, അനേകായിരം നാഴിക ദൂരെ വസിക്കുന്ന ഒരാളുടെ സ്വരൂപത്തെ സങ്കല്പിച്ചുകൊണ്ട് ഒരു മനുഷ്യൻ ഉരുന്നാൽ ആ ഇരിക്കുന്ന മനുഷ്യന്റെ സ്വരൂപമല്ലാ അയാൾ സങ്കല്പിച്ചുംകൊണ്ടിരിക്കുന്ന ആളുടെ സ്വരൂപമാണ് കണ്ണാടിയിൽ പ്രതിബിംബിക്കുക. ഒരാൾ ശ്രീകൃഷ്ണരൂപം ധ്യാനിച്ചുകൊണ്ട് ആ യന്ത്രത്തിന്റെ മുമ്പിലിരിക്കുന്നു എന്നു വിചാരിക്കുക. എന്നാൽ അയാൾ ധ്യാനിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണന്റെ രൂപമാണ് കണ്ണാടിയിൽ പതിയുക.

ഈ യന്ത്രത്തിന്നുള്ള അത്ഭുതശക്തി നവീനശാസ്ത്രജ്ഞന്മാരുടെ അഭിനന്ദനത്തിന്നു വിഷയീഭവിക്കുന്നു ഒന്നാണെന്നുള്ളതിന്നു സംശയമില്ല. ആശ്ചര്യകരമായ ഈ ശക്തിയുടെ കാരണങ്ങളെ പാശ്ചാത്യശാസ്ത്രജ്ഞന്മാർ ഇപ്പോൾ അന്വേഷിച്ചുംകൊണ്ടു വരികയാണത്രെ. ഈ അവസരത്തിൽ, ഈ സംഗതിയെ ഭാരതഖണ്ഡത്തിലെ പഴയ മഹർഷിമാരുടെ സിദ്ധാന്തങ്ങളോടു തട്ടിച്ചുനോക്കിയാൽ വെളിവാകുന്ന കാര്യങ്ങൾ എന്തെല്ലാമാണെന്നു വിവരിക്കുന്നതു രസകരമായിരിക്കുമെന്നു വിശ്വസിക്കുന്നു. പഴമയും പുതുമയും കൂടി എടകലൎന്നു വരുമ്പോളാണല്ലൊ കാര്യങ്ങളുടെ യഥാൎത്ഥസ്വരൂപം മനസ്സിലാവുക.

നമ്മുടെ മനസ്സിൽ ഉദിക്കുന്ന സകലസങ്കല്പങ്ങളുടേയും പ്രതിബിംബം സൂക്ഷ്മാകാശത്തിൽ പ്രതിഫലിക്കുമെന്നു ഹിന്ദുശാസ്ത്രങ്ങളിൽ സിദ്ധാന്തിക്കുന്നു. നാം ഒരു വസ്തുവിനെ വിചാരിക്കുമ്പോൾ ആ വസ്തുവിന്റെ സ്വരൂപം നമ്മുടെ മാംസചക്ഷുസ്സുകൾക്ക വിഷയമാവുന്നില്ലെങ്കിലും, നമ്മുടെ ഭാവനാദൃഷ്ടിയിൽ അതു തെളിഞ്ഞുകാണുന്നുണ്ടെന്ന് എല്ലാവൎക്കും അനുഭവമുണ്ടല്ലൊ. ഭാവനാദൃഷ്ടിയിൽ കാണുന്ന ആ രൂപം ആ വസ്തുവിന്റെ — ആ സങ്കല്പത്തിന്റെ — സൂക്ഷ്മാകാശത്തിൽ പ്രതിബിംബിച്ചിട്ടുള്ള രൂപമാണ്. ഒരു വസ്തുവിന്റെ ജ്ഞാനം എന്നതിന്ന് ആ വസ്തുവിന്റെ സ്വരൂപത്തിന്നു സങ്കല്പദ്വാരാ സൂക്ഷ്മാകാശത്തിലുണ്ടാവുന്ന പ്രതിബിംബനം എന്നാണൎത്ഥം.

സങ്കല്പം എന്നതു മനസ്സിന്റെ വ്യാപാരമാണ്. അതു സ്വരൂപത്തെ ആശ്രയിച്ചിരിക്കുന്നു. സ്വരൂപഹീനമായ ഒരു വസ്തുവിനെ സങ്കല്പിക്കുന്നത് അസാദ്ധ്യമാകുന്നു. അതുകൊണ്ടത്രെ നിൎഗ്ഗുണബ്രഹ്മോപാസന അസാദ്ധ്യമെന്നു പറയുന്നത്. ഈശ്വരനെ ധ്യാനിക്കണമെങ്കിൽ ഈശ്വരന്റെ രൂപം ഇന്നവിധത്തിലാണെന്നറിയണം. വാസ്തവത്തിൽ ഈശ്വരൻ സ്വരൂപഹീനനാകുന്നു. എങ്കിലും, സ്വരൂപഹീനമായ നിലയിൽ ഈശ്വരനെ ധ്യാനിക്കുന്നതു ദുസ്സാധമാകയാൽ പ്രാരംഭദശയിൽ നാം ഈശ്വരന്നു ചില രൂപങ്ങൾ കല്പിച്ചു, തദ്രൂപവിശിഷ്ടമായ നിലയിൽ അദ്ദേഹത്തെ ധ്യാനിക്കുന്നു. അങ്ങിനെ സഗുണാവസ്ഥയിൽ ഈശ്വരധ്യാനം ചെയ്ത് അതിൽ നല്ല ഉറപ്പും ഈശ്വരവിശ്വാസവുംഉണ്ടായാൽപ്പിന്നെ സ്വരൂപഹീനമായ അവസ്ഥയിൽ ഈശ്വരനെ അനുഭവപ്പെടുത്തുവാൻ ശ്രമിക്കുന്നു. ഈ അനുഭവപ്പെടുത്തുന്നതു സങ്കല്പംകൊണ്ടല്ലാ സമാധികൊണ്ടാകുന്നു. സങ്കല്പവും സമാധിയും തമ്മിൽ ഭിന്നമാ

ണ്. സങ്കല്പത്തിന്നു സ്വരൂപമാണാശ്രയം. അതു മനസ്സുകൊണ്ടു ചെയ്യുന്നതുമാണ്. സമാധിയാകട്ടെ മനോനിഗ്രഹമുള്ളവൎക്കേ സാധിക്കയുള്ളൂ. അതിനാലാണ് മനോവൃത്തികളെജ്ജയിച്ചു മനസ്സിനെ നിഗ്രഹിച്ചു നിൎവ്വികല്പസമാധിയിലിരുന്ന് ഈശ്വരനെ അനുഭവപ്പെടുത്തുവാനുള്ള വഴികൾ യോഗശാസ്ത്രത്തിൽ വിധിച്ചിട്ടുള്ളത്.

ആകയാൽ സങ്കല്പം സ്വരൂപാശ്രയമാണെന്നും, സങ്കല്പിതമായ വസ്തുവിന്റെ ജ്ഞാനം എന്നത് അതിന്റെ രൂപത്തിന്നു സൂക്ഷ്മാകാശത്തിലുള്ള പ്രതിബിംബനമാണെന്നും, അങ്ങിനെയുള്ള പ്രതിബിംബനം കൂടാതെ ഒരു വസ്തുവിനെ സങ്കല്പിക്കുന്ന കാൎയ്യം അസാദ്ധ്യമാണെന്നും വരുന്നു.

പ്രഭാതത്തിൽ ഉറക്കമുണൎന്നതിന്നു ശേഷം പിന്നെ ഉറങ്ങുന്നതുവരെയും നമ്മുടെ മനസ്സിൽ ജനിക്കുന്ന നല്ലതും ചീത്തയുമായ സകലസങ്കല്പങ്ങളും അപ്പോളപ്പോൾ സൂക്ഷ്മാകാശത്തിൽ പ്രതിബിംബിക്കുന്നു. ഒരു മനുഷ്യന്റെ ജീവകാലത്ത് ആയാളുടെ മനസ്സിൽ അതാതു സമയം ഉണ്ടായിട്ടുള്ള പുണ്യസങ്കല്പങ്ങളുടേയും പാപസങ്കല്പങ്ങളുടേയും ഛായ ഈ സൂക്ഷ്മാകാശത്തിൽ പതിഞ്ഞ് 'റിക്കാൎട്ടായി' കിടക്കുന്നു. മനുഷ്യരുടെ പുണ്യപാപങ്ങൾക്കു ശരിയായ കണക്കെഴുതി 'നാൾവഴിയും പേരേടും' സൂക്ഷിക്കുന്ന 'തെക്കെ കോവിലകത്തെ' (അന്തകരാജധാനിയിലെ) കാൎയ്യസ്ഥനായ ചിത്രഗുപ്തൻ എന്നത് ഈ സൂക്ഷ്മാകാശത്തിന്റെ മറ്റൊരു പേരാണ്. സ്വതേ ശൂന്യമായ സൂക്ഷ്മാകാശത്തെ ഗോപനം ചെയ്യുന്നത് (അശൂന്യമാക്കിത്തീൎക്കുന്നതു) മനസ്സങ്കല്പങ്ങളുടെ ചിത്രങ്ങളാകയാൽ സൂക്ഷ്മാകാശത്തിന്ന് ഈ പേർ അന്വൎത്ഥവുമാകുന്നു. അല്ലെങ്കിൽ 'ചിത്രഗുപ്ത'ശബ്ദത്തിന്നു ചിത്രത്തിൽ ഗുപ്തമായ (ഗോപ്യമായി സൂക്ഷിക്കപ്പെട്ട) സങ്കല്പസമുദായം എന്നൎത്ഥമെടുക്കാം. നമുക്കുള്ള സുഖദുഃഖാനുഭവത്തിന്നു കാരണം ഈ സങ്കല്പസമുദായമാകയാൽ അതിന്നു വ്യക്തിയും കൎത്തൃത്വവും കല്പിച്ചു നാം 'ചിത്രഗുപ്തൻ' എന്ന് അതിനെ വ്യവഹരിച്ചുവരികയാണ്. രണ്ടായാലും ചിത്രഗുപ്തൻ ഒരു മനുഷ്യനല്ല, ദേവനുമല്ല; അദ്ദേഹത്തിന്റെ കണക്കുപുസ്തകം കടലാസ്സും മഷിയും തൂവലും ഉപയോഗിച്ചു തെയ്യാറാക്കിയതുമല്ല; അതു സൂക്ഷ്മാകാശത്തിൽ പ്രതിബിംബിക്കുന്ന മനസ്സങ്കല്പങ്ങളുടെ ഒരു സങ്കലനമാണ്.

ഈ സങ്കല്പചിത്രങ്ങൾ നമ്മുടെ സ്ഥൂലദൃഷ്ടിക്കു ഗോചരമാവുന്നതല്ല. എന്നാൽ, മനോവൃത്തികളെ നിരോധിച്ചവരായ മഹൎഷിമാർ ദിവ്യചക്ഷുസ്സുകൊണ്ട് ഇവയെ കാണുന്നു. അതീന്ദ്രിയങ്ങളായ ഭാവങ്ങളിൽക്കൂടി അപ്രതിഹതമായ ആ സമാധിദൃഷ്ടികൊണ്ട് അവൎക്കു നമ്മുടെ ഈ സങ്കല്പചിത്രങ്ങൾ കാണ്മാൻ സാധിക്കുന്നു; അതായതു നമ്മുടെ പൂൎവ്വസ്ഥിതികളെ അറിവാൻ കഴിയുന്നു. ഇങ്ങിനെ സംഭവിച്ചതായി എത്രയോ കഥകൾ നമ്മുടെ പുരാണങ്ങളിൽ കാണുന്നുമുണ്ട്.

നമ്മുടെ മനസ്സിലുണ്ടാവുന്ന ഓരോ സങ്കല്പത്തിന്റെയും ചിത്രങ്ങളെ നമുക്ക് അപ്പോളപ്പോൾ കാണ്മാൻ കഴികയില്ലെങ്കിലും, ജീവകാലത്തിന്റെ അവസാ

നത്തിലൊരിക്കൽ അതു കാണ്മാൻ സാധിക്കുന്നതാണ്. മരണകാലത്തു മനുഷ്യന്നു ഒരു നിമിഷനേരം ദിവ്യദൃഷ്ടിയുണ്ടാവുകയും, ആ സമയത്തു താൻ അതേവരെ ചെയ്തിട്ടുള്ള പ്രബലസങ്കല്പങ്ങളുടെ ചിത്രം അയാൾ തെളിവായി കാണുകയും ചെയ്യുമെന്നു രാജയോഗവേദികൾ പറയുന്നുണ്ട്. ആ ഒരു നിമിഷത്തിൽ തന്റെ ദൃഷ്ടിയിൽപ്പെടുന്ന സങ്കല്പസ്വരൂപങ്ങളിൽ ഏതൊന്നാണൊ അധികം പ്രകൃഷ്ടമായിരിക്കുന്നത് അതിൽ മനസ്സുനിന്നിന്നതിനെത്തന്നെ സ്മരിച്ചുകൊണ്ടാണ് ജീവൻ സ്ഥൂലശരീരത്തെ വിട്ടുപിരിയുന്നത്. ഇങ്ങിനെ പ്രകൃഷ്ടമായിത്തോന്നുന്ന ചിത്രം, മനുഷ്യൻ ജീവിതകാലത്തു അധികം താല്പര്യത്തോടെ സങ്കല്പിച്ചിട്ടുള്ള വസ്തുവിന്റേതായിരിക്കും. ഒരാൾ തന്റെ ജീവിതകാലത്തിൽ ഒരു സ്ത്രീയെ അധികം സ്നേഹത്തോടും താല്പര്യത്തോടുംകൂടി മറ്റുള്ള വസ്തുക്കളെക്കാൾ പ്രബലമായി വിചാരിക്കുന്നുണ്ടെന്നു വെക്കുക. എന്നാൽ അയാൾ അന്ത്യദശയിൽ ആ സ്ത്രീയുടെ രൂപം കണ്ടുംകൊണ്ടാണ് മരിക്കുക. ഇതുപോലെതന്നെ, ഒരാൾ ജീവിതകാലത്തിൽ ഭക്തിവിശ്വാസങ്ങളോടുകൂടി ഒരു ഇഷ്ടദേവതയെ ഉപാസിക്കുകയാണു ചെയ്യുന്നതെങ്കിൽ ആ ഉപാസനാമൂർത്തിയുടെ പ്രതിബിംബം കണ്ടുംകൊണ്ട് അയാൾക്കു മരിക്കുവാനിടവരും.

പ്രാണൻ പോകുന്ന സമയത്ത് ഏതു വസ്തുവിനെയാണോ ജീവൻ സ്മരിക്കുന്നത് ആ വസ്തുവിന്റെ രൂപം ആ ജീവന്നു പിന്നീടു സിദ്ധിക്കുന്നു. അതുകൊണ്ട്, മരണശേഷം ജീവന്നു നല്ലതായ സ്വരൂപം (സൽഗതി) സിദ്ധിക്കേണമെങ്കിൽ മരണത്തിന്നുമുമ്പുള്ള കാലങ്ങളിൽ നല്ല സങ്കല്പങ്ങളോടുകൂടിയിരിക്കേണ്ടത്ത്യാവശ്യമാകുന്നു; ജീവിതകാലത്തു ധർമ്മാനുഷ്ഠാനം, സജ്ജനസംസർഗ്ഗം, ഭൂതാനുകമ്പ, ഈശ്വരഭക്തി മുതലായവയോടേ കഴിയുന്നവർക്കു മരണശേഷം നല്ല സ്വരൂപം കൈവരും. ഈ തത്വത്തെയാണ് ഭഗവൽഗീതയിൽ എട്ടാമദ്ധ്യായത്തിൽ 5-6-7 * ശ്ലോകങ്ങളെക്കൊണ്ടു ഭഗവാനരുളിച്ചെയ്തിട്ടുള്ളത്. മനുഷ്യൻ സ്വധർമ്മനിഷ്ഠയിലിരുന്ന് ഈശ്വരാർപ്പണമായും ഫലേച്ഛകൂടാതെയും കർമ്മം ചെയ്യണമെന്നാണു ഗീതോപദേശത്തിന്റെ പരമതാല്പര്യം. ഈ കർമ്മത്തിന്നുവേണ്ടിയുള്ള ന്യായമായ പ്രവൃത്തികളെല്ലാം ഈശ്വരാർപ്പണമായി ചെയ്യുന്നതാകയാൽ, മനസ്സിൽ വിവിധസങ്കല്പങ്ങൾ വരുന്നതു ഈശ്വരസ്മരണയോടുകൂടിയാകുന്നതുകൊണ്ട്, ആ സങ്കല്പങ്ങളുടെ ചിത്രവും മരണസമയത്തു കാണുന്ന ചിത്രവും താൻ സ്മരിക്കുന്ന ഈശ്വരന്റെ രൂപമായിരിക്കുവാനും, മരണാനന്തരം ഉത്തമമായ സ്വരൂപം കൈവരുവാനും എ

* 'അന്തകാലേ ച മാമേവ
സ്മരൻമുക്ത്വാ കളേബരം
യഃ പ്രയാതി സ മദ്ഭാവം
യാതി നാസ്ത്യത്ര സംശയഃ'
'യം യം വാപി സ്മരൻ ഭാവം
ത്യജത്യന്തേ കളേബരം
തം തമേവൈതി കൗന്തേയ!
സദാ തദ്ഭാവഭാവിതഃ'
'തസ്മാത് സർവ്വേഷു കാലേഷു
മാമനുസ്മര യുദ്ധ്യ ച
മയ്യർപ്പിതമനോബുദ്ധിർ-
മ്മാമേവൈഷ്യസ്യസംശയഃ'

ടവരും. ഇതത്രേ കർമ്മയോഗത്തിന്റെ പരമസിദ്ധാന്തം. ഇതത്രേ ഗീതയുടെ ഉൽകൃഷ്ടതാൽപര്യം.

മനസ്സങ്കല്പത്തിന്റെ ചിത്രം സൂക്ഷ്മാകാശത്തിൽ പതിയുന്നതോടുകൂടി, അതേ രൂപത്തോടുകൂടിയ ഒരു ഭൂതം (Thought form) ഉൽപന്നമാവുന്നു. ഈ സങ്കല്പഭൂതത്തെ ദിവ്യചക്ഷുസ്സുള്ളവർക്കല്ലാതെ കാണ്മാൻ സാധിക്കുകയില്ല. ഇങ്ങിനെ ഒരാളുടെ സങ്കല്പത്താൽ നിർമ്മിതമായ ഭൂതം അയാളുടെ സമീപത്തിലുള്ള മറൊരാളുടെ മനസ്സിൽ അദൃശ്യമായി പ്രവേശിക്കും. ദുഷ്ടസങ്കല്പങ്ങളിൽനിന്നു അനർത്ഥഹേതുവായ പിശാചാണുണ്ടാവുക. അത് അദൃശ്യമായി അടുത്തുള്ളവരുടെ മനസ്സിൽ പ്രവേശിച്ചു തന്റെ വീര്യത്തെ ആ മനസ്സിലും പരത്തുന്നു. അപ്പോൾ അതിൽനിന്നു പിന്നേയും ഒരു പിശാചുണ്ടാവുന്നു. ഇങ്ങിനെ ഒരു ദുഷ്ടസങ്കല്പപ്പിശാചുതന്നെ പരമ്പരയാ 'മററതും ഖണ്ഡിച്ചു മററതിന്മേൽ വീണു മററതും മററതും മററതും ഭസ്മമായ്'ത്തീരുവാൻ എടവരുത്തുന്നു. ഇങ്ങിനെ ഒരേ ഒരാളുടെ ഒരു ദുഷ്ടസങ്കല്പം മൂലം ക്രമേണ ഉണ്ടാവുന്ന പിശാചുക്കൾ അയാളുടെ കുടുംബത്തേയും, നാടിനെത്തന്നെയും മലിനമാക്കി അന്ധകാരത്തിൽപ്പെടുത്തുന്നു.

നല്ല സങ്കല്പങ്ങളിൽനിന്നുണ്ടാവുന്ന ഭൂതം തേജോമയമായ ഒരു ദേവതയായിരിക്കും. അതും മുമ്പറഞ്ഞതുപോലെതന്നെ മററു മനസ്സിൽ പ്രവേശിച്ചു സന്തത്യുൽപാദനം ചെയ്യുന്നു. ആ വഴിക്കു നാട്ടിൽ നല്ല സങ്കല്പങ്ങൾ വർദ്ധിക്കുവാനും എടയാവുന്നു. അങ്ങിനെയുള്ള തേജോരൂപങ്ങൾ നാട്ടിലൊക്കയും പരക്കുകയും, പിശാചരൂപങ്ങൾ ഇല്ലാതാവുകയുമാണല്ലോ ലോകത്തിന്റെ അഭിവൃദ്ധിക്കാവശ്യമായിട്ടുള്ളത്. അതുകൊണ്ടു, പരിശുദ്ധമായ വിചാരത്തോടും പ്രവൃത്തിയോടുംകൂടി അവനവന്റെ കർത്തവ്യകർമ്മങ്ങൾ നടത്തുവാനാണ് എല്ലാവരും ശ്രമിക്കേണ്ടത്.

ഇത്രയും പറഞ്ഞതുകൊണ്ടു, മനസ്സങ്കല്പങ്ങളാണ് മനുഷ്യരുടെ സുഖദുഃഖങ്ങൾക്കു ഹേതുവാകുന്നതെന്നും, ഏതുവിധം സങ്കല്പവും മനസ്സിൽ ജനിക്കുന്ന സമയത്തു തന്നെ അതിന്റെ ചിത്രം സൂക്ഷ്മാകാശത്തിൽ പതിയുമെന്നും വ്യക്തമായല്ലോ. ഇങ്ങിനെ ഹിന്തുക്കളുടെ ശാസ്ത്രങ്ങളെ ആലോചിച്ചു നോക്കുമ്പോൾ ഫ്രാൻസിലുള്ള അത്ഭുതമായ ഛായാഗ്രഹണയന്ത്രത്തിന്റെ ശക്തിയെപ്പററി ഒട്ടും ആശ്ചര്യപ്പെടുവാൻ വകയില്ല. നമ്മുടെ 'ചിത്രഗുപ്ത'ന്റെ സ്ഥാനമാണ് ഫ്രാൻസിലെ യന്ത്രത്തിന്നു കല്പിക്കേണ്ടത്. ഇങ്ങിനെ ഒരു യന്ത്രം ലോകത്തിൽ സുലഭമായി നടപ്പിൽ വരുന്ന പക്ഷം പല മാതിരിയിലുള്ള മലിനസങ്കല്പങ്ങളിൽപെട്ടു, പരിശുദ്ധമായ മനുഷ്യജന്മത്തെ പാഴതെ കളയുന്ന എത്ര മനുഷ്യരുടെ 'ഉള്ളുകള്ളിക'ളാണു പുറത്താവുക എന്നും, അതു നിമിത്തം ലോകത്തിന്റെ സദാചാരസ്ഥിതിയിൽ എത്ര വലിയ മാററമാണു സംഭവിക്കുക എന്നും പറഞ്ഞാലാവുന്നതല്ല.

കെ. വി. എം.

# ചില ചരിത്രശകലങ്ങൾ.

## വെലക്കകുത്തുക.

കേരളത്തിൽ പണ്ടത്തെ രാജാക്കന്മാരുടെയും പ്രഭുക്കന്മാരുടെയും ഇടയിൽ 'വെലക്കകുത്തുക' എന്നൊരു നടപ്പുണ്ടായിരുന്നു. ഇതു കുടിയാന്മാരിൽ വല്ലവരും തെററു ചെയ്താൽ അവരുടെ വീട്ടിലും അവരുടെ വകയായ വിളകളിലും ചെയ്യുന്ന ഒരു മാതിരി 'തടങ്ങൽ' ആണ്. അശുദ്ധമായിക്കിടക്കുന്ന കുളം, കിണറ് മുതലായവയിൽ അറിയാതെ വല്ലവരും കടന്നുചെല്ലാതിരിപ്പാൻ 'കട്ടയും തോലും വെക്കുന്ന'തിന്നും ഇതിന്നും തമ്മിൽ വളരെ സാമ്യമുണ്ട്. തെററു ചെയ്ത ആളുടെ ഉമ്മറത്തും പറമ്പിലും പാടത്തും രണ്ടുമൂന്നു ചെറിയ തോലുകൾ തൂണിന്മേലോ വൃക്ഷത്തിന്മേലോ വടിത്തലയ്ക്കലോ കെട്ടിത്തൂക്കും. ഇതിന്നാണ് വെലക്കകുത്തുക എന്നു പേർ പറയുന്നത്. ഈ 'തടങ്ങൽ' കണ്ടാൽപ്പിന്നെ തെററു തീർത്തു സമ്മതം വാങ്ങാതെ പുരയിൽ കടക്കാനോ വിളകൾ എടുപ്പാനോ പാടില്ല. എടുത്താൽ വലിയ തെററായിത്തീരും. ഇങ്ങിനെ വെലക്കകുത്തിയതിന്നുശേഷം തെററുകാരന്റെ വിളകൾ കൊയ്തെടുക്കുക, മരങ്ങൾ മുറിക്കുക മുതലായ ബലാൽക്കാരങ്ങൾ പ്രവർത്തിക്കുകയും പതിവായിരുന്നു എന്നു കാണുന്നു.

## "മരുന്നറയിൽ തീപ്പെട്ട തമ്പുരാൻ."

കൊല്ലവർഷം പത്താം നൂററാണ്ടിൽ കോഴിക്കോട്ടു നാടുവാണിരുന്ന ചില സാമൂതിരിരാജാക്കന്മാർ 'തിരുമുമ്പു സേവക'ന്മാരുടെ വലയിൽ കുടുങ്ങി സ്വന്തം കാര്യങ്ങൾ നോക്കാൻ പ്രാപ്തിയില്ലാതെ വളരെ അനർത്ഥത്തിൽപ്പെട്ടതായി ലന്തക്കാർ എഴുതിവെച്ച ചില റിക്കാട്ടുകളിൽ കാണുന്നുണ്ട്. എന്നാൽ അഭിമാനംനിമിത്തം അന്യന്മാരെ കൂട്ടാക്കാതിരിക്കുക എന്ന 'മാനവിക്രമന്മാരുടെ' ധർമ്മം അന്നും അവർക്കുണ്ടായിരുന്നു. കൊല്ലം 941-ൽ നവാബ് ഹൈദരാലിഖാൻ സാമൂതിരിപ്പാട്ടിലെ രാജ്യം ആക്രമിച്ചു. സാമൂതിരികോവിലകത്തെ ദുർന്നയത്താലാണ് ഇതിന്നിടവന്നത്. നവാബിന്നു കിട്ടേണ്ടുന്ന കപ്പം കിട്ടാനായി ദൂതന്മാരെ അയച്ചപ്പോൾ സാമൂതിരി അവരെ വളരെ നിന്ദിച്ചു മടക്കിഅയയ്ക്കുകയാണുണ്ടായത്. നവാബ് ഈ ധിക്കാരം കണ്ടു കോപിച്ചു, സാമൂതിരിപ്പാട്ടിലെ നാടു മുഴുവനും ജയിച്ചു രാജാവിനെ തടവിലാക്കി. കാണാനാവശ്യപ്പെട്ടപ്പോൾ സമ്മതിച്ചില്ല. ഒടുവിൽ സാമൂതിരിപ്പാട് സ്വയംകൃതാനർത്ഥങ്ങൾക്കിരയായിത്തീർന്നു. നവാബു തന്നെ വധിക്കുമെന്നും, തന്റെ ശവം മതാനുസാരേണ സംസ്കരിപ്പാനയയ്ക്കയില്ലെന്നും, ഇഹപരലോകങ്ങൾക്കു വിരുദ്ധമായിത്തീരുമെന്നും വിചാരിച്ചു സാമൂതിരിപ്പാട് താനിരുന്നിരുന്ന കോവിലകത്തിന്റെ നാലുമുക്കിലും ഒപ്പം തീക്കൊളുത്തി ആരാലും തീക്കെടുപ്പാൻ നിവൃത്തിയില്ലാത്തവിധത്തിലാക്കി യഥാർത്ഥത്തിൽത്ത

ന്നെ ജീവനോടെ 'തീപ്പെട്ടു.' ഈ തമ്പുരാനെ ഇന്നും മലയാളികൾ 'മരുന്നറയിൽ തീപ്പെട്ട തമ്പുരാൻ' എന്നു പറഞ്ഞുവരുന്നു. അവിടത്തെ കോവിലകം തളിയിൽനിന്നു മാനാഞ്ചിറയ്ക്കു പോകുന്ന വഴിക്കായിരുന്നു.

അയിരൂർ രാജവംശം. ഈ രാജവംശം വളരെ പുരാതനമായ ഒന്നാണ്. ഈ വംശമാണു കൊടുങ്ങല്ലൂർ രാജവംശത്തിന്റെ മൂലം. കൊടുങ്ങല്ലൂർ, കാട്ടമന എന്നീ രണ്ടു വംശങ്ങൾ അയിരൂർനിന്നു പിരിഞ്ഞവയാണ്. അയിരൂർ വംശത്തിലെ രണ്ടു സഹോദരന്മാർ ആദ്യം തമ്മിൽ ഭാഗിച്ച് അയിരൂരും കൊടുങ്ങല്ലൂരുമായി രണ്ടു കോവിലകങ്ങളിൽ പാർപ്പാക്കി. പിന്നെ, മൂത്താളുടെ താവഴിയായ അയിരൂർ കോവിലകം പിരിഞ്ഞുണ്ടായ ഒരു ശാഖ കാട്ടമന കോവിലകത്തും പാർത്തുതുടങ്ങി.

അയിരൂർ രാജവംശം മലയാളത്തിൽ പ്രസിദ്ധപ്പെട്ട പുരാതന രാജവംശമായിരുന്നു. ചേരമാൻ പെരുമാൾ നാടു ഭാഗിച്ച കൂട്ടത്തിൽ ഈ രാജ്യം കിട്ടി. പൂർണ്ണമായ രാജ്യാധികാരങ്ങളും കിട്ടി. പക്ഷെ ഈ വംശം സാമൂതിരിപ്പാട്ടിലെ കീഴേടമായിട്ടാണു പണ്ടുമുതൽക്കെ നടന്നുവന്നത്. ഈ രാജകുടുംബത്തിലേക്കു കിട്ടിയ രാജ്യം ഒന്നായി തൊട്ടുകിടന്നിരുന്നവയല്ല. കൊടുങ്ങല്ലൂരിന്നും ചേററുവായയ്ക്കും മദ്ധ്യേ കിടക്കുന്ന പാപ്പിനിവട്ടം നാട്ടിൽ പലേടങ്ങളിലുമായിട്ടാണ് ഇവരുടെ മിക്ക നാടുകളും കിടന്നിരുന്നത്. പിന്നെ കുറെ രാജ്യം പാപ്പിനിവട്ടത്തിന്റെ വടക്കെ അറ്റത്തെ പുഴയുടെ വടക്കുഭാഗത്തായിരുന്നു. ഇവിടെയാണ് അയിരൂർ രാജാവിന്റെ കോവിലകവും ആയിരുന്നത്. വിളങ്ങല്ലൂർ ദേശത്തിലാണ് ഈ അയിരൂർ കോവിലകം കിടന്നിരുന്നത്. അതുകൊണ്ട് ഈ വംശത്തെ വിളങ്ങല്ലൂര് എന്നും വിളങ്ങുകോവിലകമെന്നും ചിലപ്പോൾ വിളിച്ചുവന്നിരുന്നു.

ഇങ്ങിനെ അധികംകാലം കഴിഞ്ഞ് ഈ വംശത്തിൽ രണ്ടു സോദരന്മാരും ഒരു തമ്പുരാട്ടിയും മാത്രമായിത്തീൎന്നു. ഇവർതമ്മിൽ സ്പരച്ചേച്ച് ഇല്ലാതെയും വന്നുവശായി. ഇവരുടെ സ്വത്തുക്കളെല്ലാം രണ്ടാക്കി ഭാഗിച്ചു മൂത്താൾ പഴയ അയിരൂർ കോവിലകവും അതോടുചേന്ന സ്വത്തുക്കളും എടുത്തു. എളയരാജാവും സോദരിയും കൂടി പുഴയ്ക്കു തെക്കെ പാപ്പിനിവട്ടം നാട്ടിൽ താമസിച്ചു. രാജ്യാധികാരമെല്ലാം വലിയതമ്പുരാനുതന്നെ ആയിരുന്നു. എളയരാജാവു ഒരു ജന്മിയുടെ നിലയിൽ ഭാഗത്തിൽ കിട്ടിയ താവഴിക്കായ്യം നോക്കിയിരുന്നു.

ഇങ്ങിനെ ഇരിക്കുമ്പോൾ കൊടുങ്ങല്ലൂര് ഒരു രാജാവു തന്റെ സ്വത്തുകളെയും സ്ഥാനമാനങ്ങളെയും എല്ലാം ഈ അയിരൂർ എളമരാജാവിന്നു ദാനമായി കൊടുത്തു. ഈ കൊടുങ്ങല്ലൂരു രാജവംശവും പുരാതനകാലത്തെ ഉള്ള ഒരു വലിയ രാജകുടുംബമാണ്. ഈ വംശത്തിലുള്ള രാജാക്കന്മാൎക്ക സാമൂതിരിപ്പാട്ടിലെ വംശത്തിലുള്ള തമ്പാട്ടിമാരെ പള്ളിക്കെട്ടു കഴിപ്പാനും അവരോടു സംബന്ധം തുടങ്ങുവാനും ഉള്ള അവകാശം പണ്ടുപണ്ടേ ഉണ്ടായിരുന്നു. ഇങ്ങിനെ കൊടു

ങ്ങല്ലൂരു രാജസ്ഥാനം കൂടി തനിക്ക് ഒതുങ്ങിയപ്പോൾ അയിരൂർ എളമരാജാവു കൊടുങ്ങല്ലൂർക്കു പോയി അവിടെ കോവിലകം കെട്ടിച്ച് അവിടെ പാർപ്പാക്കി. ഒടുവിൽ വൃദ്ധനായ കൊടുങ്ങല്ലൂരു രാജാവിന്റെ മരണശേഷം അയിരൂർ എളമവംശക്കാരെ സാമൂതിരിപ്പാട്ടുന്നു കൊടുങ്ങല്ലൂരു രാജാവായി സമ്മതിച്ചു വാഴിച്ചു. കൊല്ലാനും രക്ഷിപ്പാനും ഉൾപ്പെടെ ഉള്ള അധികാരങ്ങളെയും നെടിയിരുപ്പു സ്വരൂപത്തിലെ തമ്പാട്ടിമാരെ പള്ളിക്കെട്ടു കഴിപ്പാനും അവരുടെ ഭർത്താവാവാനും ഉള്ള അവകാശത്തെയും നല്കി. ഇങ്ങിനെയാണ് ഇപ്പോഴത്തെ കൊടുങ്ങല്ലൂരു വംശക്കാരുണ്ടായത്. ഇവർ അയിരൂർ എളയതാവഴിക്കാരാണെന്നു വിചാരിക്കണം. ഈ വംശത്തിലേയ്ക്കു കൊടുങ്ങല്ലൂർ രാജ്യം മുഴുവനും അയിരൂർ രാജ്യത്തിന്റെ പകുതിയും കിട്ടി.

ഇങ്ങിനെ അധികം കാലം കഴിഞ്ഞപ്പോൾ അയിരൂർ കോവിലകത്തെ മൂത്ത താവഴിക്കാർ പിന്നെയും രണ്ടായി പിരിഞ്ഞു. അതിൽ മൂപ്പിന്നു പിന്നെ പാപ്പിനിവട്ടം വടക്കെ പുഴയുടെ വടക്കുള്ള നാട്ടിലെ രാജാവായി ആ കോവിലകത്തു തന്നെ പാർത്തു. എളമ ഒരു ജന്മിയായി പാപ്പിനിവട്ടം നാട്ടിൽ കാട്ടുമന എന്ന കോവിലകത്തും പാർത്തു. ഈ രണ്ടു വംശക്കാരുടെ ആധാരങ്ങളിൽ 'കുശിക്കാട്ടും കാട്ടുമനയും വംശക്കാരെന്ന്' എഴുതിക്കാണുന്നു.

ഈ മൂന്നു ചെറിയ രാജവംശക്കാരും അയിരൂർവംശത്തിലെ ശാഖകളാണ്. അയിരൂർവംശത്തിലെ നാലിൽ ഓരോ ഓഹരി അയിരൂർക്കും കാട്ടുമനക്കും പകുതി കൊടുങ്ങല്ലൂർക്കും ആണ് ഒതുങ്ങിയത്. കൊടുങ്ങല്ലൂർക്കു പണ്ടത്തെ കൊടുങ്ങല്ലൂർ സ്വത്തു വേറെയുമുണ്ട്. $\frac{1710}{885}$-ലും $\frac{1717}{892}$-ലും ലന്തക്കാർ സാമൂതിരിപ്പാട്ടുന്നുമായി ചെയ്ത കരാറുകളാൽ ഈ മൂന്നു രാജവംശക്കാരും ലന്തക്കാരുടെ കീഴേടങ്ങളായിത്തീർന്നു.

അയിരൂരും കൊടുങ്ങല്ലൂരും രാജാക്കന്മാർക്കു മരണശിക്ഷ കല്പിക്കാനധികാരമുണ്ടായിരുന്നു എങ്കിലും, മേൽപ്പറഞ്ഞ കരാറുകളാൽ ലന്തക്കാർക്കു കിട്ടിയ പാപ്പിനിവട്ടം നാട്ടിന്നകത്തുള്ള നിവാസികളുടെ മേൽ ഈ അധികാരം ലന്തക്കാർക്ക് ഈ നാടു കിട്ടിയ മുതൽക്കില്ലാതായി. കാട്ടുമനതാവഴിക്കുള്ള നാട് എല്ലാം പാപ്പിനിവട്ടത്തിനുള്ളിൽ പെട്ടതാകയാൽ അവർക്കു മരണശിക്ഷ വിധിപ്പാനുള്ള അധികാരം തീരെ പോയി. കൊല്ലാനൊ നാടുകടത്താനൊ വിധിക്കേണ്ടിവരുന്ന സംഗതികളിൽ ലന്തകമ്പനിക്കാർക്ക് എഴുതി സമ്മതം വാങ്ങീട്ടാണ് കാട്ടുമനക്കാർ ഈ ശിക്ഷ കല്പിച്ചുവന്നിരുന്നത്. ഈ രാജാക്കന്മാർ അധികാരം കവിഞ്ഞു പ്രവർത്തിച്ചതായി കണ്ടാൽ അവരുടെ വിളജപ്തി ചെയ്തു പിഴ എടുക്കുന്നതു ലന്തക്കാരുടെ പതിവായിരുന്നു. രാജ്യഭരണം ചെയ്യുന്നവരുടെ അധികാരങ്ങൾക്ക് എതിരിടുന്നത് അത്ര ഭംഗിയല്ലെങ്കിലും നടവടി ഇങ്ങിനെ ആയി വന്നതിനാൽ ഈ മാമൂലിനെ ലന്തക്കാർ നിലനിർത്തി. ഇതു നിമിത്തം ഈ രാജാക്കന്മാർ ചിലപ്പോൾ മുഷിഞ്ഞു കമ്പനിപ്രജകളുടെ നേരെ ചി

ല ദ്രോഹങ്ങൾ ചെയ്തിരുന്നു. അപ്പോഴെല്ലാം കമ്പനിസൈന്യങ്ങൾ ഇവരുടെ നാട്ടിൽ കേറി ഈ പ്രവൃത്തികളെ നിത്തൽ ചെയ്കയും ചെയ്തുവന്നു. ചിലപ്പോൾ രാജാക്കന്മാർ തിരുവിതാംകൂർ-കൊച്ചി-കോഴിക്കോട് രാജാക്കന്മാരോട് സഹായത്തിന്ന് അപേക്ഷിക്കാറുണ്ട്. അവർ പ്രത്യക്ഷത്തിൽ കമ്പനിക്കാർക്ക വിരോധം ചെയ്യാറില്ല. എങ്കിലും ഉള്ളാൽ ഇവരെ സഹായിച്ച കമ്പനിക്ക പല ഉപദ്രവങ്ങളെയും ഉണ്ടാക്കിവന്നു. ഈ മൂന്ന താവഴിക്കാരും തമ്മിലും പല അവകാശവാദങ്ങളും ചെയ്തുവരികയും വാദപ്പെട്ട സ്വത്തിന്മേൽ വേലക്ക കുത്തുകയും ചെയ്തുവന്നിരുന്നു. അപ്പോൾ സങ്കടക്കാരൻ കമ്പനിക്കാരോട് ആവലാധി പറയും. അവർ നിവൃത്തിയാക്കും. ഈ തക്കങ്ങൾ തീക്കാൻ വലിയ പ്രയാസമായിരുന്നു. ഈ രാജാക്കന്മാർ തമ്മിലുണ്ടായ ഭാഗത്തിൽ പത്രങ്ങൾ ഒന്നും എഴുതി പിരിഞ്ഞില്ല. അവരവക്ക കിട്ടിയത് അവരവർ അടക്കിവന്നു. ഈ വക തക്കങ്ങളിൽ അധികകാലം കൈവശം വെച്ചാൾക്ക ഗുണമായിട്ടാണ് കമ്പനിക്കാരുടെ സാധാരണ തീപ്പ്.

# ചതി പുറത്തു വരും.

അടുത്തകാലങ്ങളിൽ സംഭവിച്ചിട്ടുള്ള അപമൃത്യുക്കളിൽ ഏററവും അത്ഭുതകരവും കഠിനവുമായതു 'ചമ്പക'ത്തു വീട്ടിൽവെച്ച നടന്ന മീനാക്ഷി അമ്മയുടെ മരണമാണ്. സംഭവം കഴിഞ്ഞു കൊല്ലം ഒന്നാവാറായി. മിടുക്കന്മാരായ മൂന്ന കുററാന്വേഷികളുടെ നിരന്തരപരിശ്രമംകൊണ്ടും, പൊല്ലീസ്സുകാരുടെ ഇടവിടാതുള്ള പ്രയത്നങ്ങൾകൊണ്ടും ഫലമൊന്നുംതന്നെയുണ്ടായിട്ടില്ല. ഈ അക്രമകൃത്യം ചെയ്തവൻ ആൾ വലിയ കേമനായിരിക്കണം. മീനാക്ഷി അമ്മയുടെ രക്തമണിഞ്ഞ മൃതശരീരമല്ലാതെ മററു യാതൊരു സാധനവും ആ മുറിക്കകത്തു നിന്ന് എത്ര തന്നെ പരീക്ഷിച്ച നോക്കീട്ടും കണ്ടുകിട്ടീട്ടില്ല. കുററം ചെയ്തവന്റെ കാലടികളുടെ നിലത്തോ ചുമരിന്മേലോ പതിഞ്ഞതായികൂടി കണ്ടില്ല. മീനാക്ഷി അമ്മയുടെ അകാലമരണത്തെപ്പററി ചുരുക്കി പറയാം. തന്റെ സ്വഭാവത്തിന്റെ പ്രകൃത്യാ ഉള്ള ഗുണങ്ങൾകൊണ്ടും, ജനങ്ങളുമായുള്ള നിഷ്കളങ്കമായ രഞ്ജിപ്പുകൊണ്ടും, തന്റെ തൊഴിലിൽ തനിക്കുള്ള അനിതരസാധാരണമായ നൈപുണ്യംകൊണ്ടും ആ ദിക്കിലെ ജനങ്ങളെല്ലാം ഭക്തിബഹുമാനസ്നേഹപുരസ്സരം കൊണ്ടാടിക്കൊണ്ടിരുന്ന ഡാക്ടർ ശ്രീധരമേനോന്റെ പത്നിയായിരുന്നു നമ്മുടെ മീനാക്ഷി അമ്മ. ഇത്ര സുശീലനും ജനസമ്മതനുമായ ഒരു യോഗ്യനു തീരെ വിപരീതഗുണങ്ങൾ മാത്രമല്ലാതെ യാതൊരു സത്സ്വഭാവവുമില്ലാത്ത ഈ സ്ത്രീ

യെ പത്നിയായി എങ്ങിനെയാണ് കിട്ടിയത് എന്ന് എല്ലാവരും അത്ഭുതപ്പെട്ടിരുന്നു. മീനാക്ഷി അമ്മയുടെ ശീലത്തിൽ ദോഷങ്ങളല്ലാതെ ഗുണം ഒന്നുംതന്നെയുണ്ടായിരുന്നില്ല. ഭൎത്തൃസ്നേഹമെന്ന ഉന്നതധൎമ്മം ആയമ്മയ്ക്കു തീരെ അറിവില്ലായിരുന്നു. മരണത്തിന്നു കുറച്ചു കാലം മുമ്പു മുതൽ അവർ സുരാപാനവും അഭ്യസിച്ചിരുന്നുവത്രെ. തന്നാൽ കഴിയുന്ന പണിയെല്ലാം ശ്രമിച്ചു നോക്കീട്ടും യാതൊരു ഗുണവും ഭാൎയ്യയുടെ ശീലത്തിൽ വരുന്നതല്ലെന്നു തീൎച്ചയായതിന്നുശേഷം ഡാക്ടർ മേനോൻ ആ സ്ത്രീയോടു അവരുടെ വീട്ടിൽ പോയി താമസിക്കേണമെന്നും ചിലവിന്നു മാസംതോറും താൻ വേണ്ടതു അയച്ചുതരാമെന്നും പറഞ്ഞു. അവർ അതിന്നു സമ്മതിച്ചു. പോകുന്നതിന്നു തലേദിവസം രാത്രി വഴിയാത്രച്ചിലവിന്നും മററുമായി ഭാൎയ്യയുടെ പക്കൽ 250 ക-യുടെ നോട്ടുകൾ മേനോൻ കൊടുത്തു. താൻ താമസിച്ചിരുന്ന ദിക്കിൽനിന്നു 15 നാഴിക ദൂരമുള്ള ഒരു സ്ഥലത്ത് അന്നുരാത്രി ഒരു പ്രസവക്കേസ്സിന്നു പോകേണ്ടിവന്നതിനാൽ പിറേറന്നാൾ പ്രഭാതത്തിൽ താൻ സ്റ്റേഷനിൽ എത്തിക്കൊള്ളാമെന്നും അവിടെ വെച്ചു യാത്ര പറയാമെന്നും ഭാൎയ്യയോടു പറഞ്ഞു ഡാക്ടർ പോയി. അവൎക്കു വേണ്ടുന്ന ഒരുക്കങ്ങൾ എല്ലാം ചെയ്യാൻ തന്റെ ഭൃത്യന്മാരെ ഏല്പിക്കുകയും ചെയ്തു. പിറേറന്നാൾ പുലച്ചെ 4 മണിക്കു ദാസി വണ്ടിക്കു പുറപ്പെടുവാൻ സമയമായെന്നറിയിക്കുവാൻ മീനാക്ഷി അമ്മ കിടന്നിരുന്ന മുറിക്കകത്തു കടന്നപ്പോൾ കണ്ട കാഴ്ച ഏററവും ഭയങ്കരമായിട്ടുള്ളതായിരുന്നു. അവരുടെ വായിൽ മുഴുവൻ തുണിക്കഷണങ്ങൾ കുത്തി നിറച്ചിരുന്നു. ഉടലും തലയും പകുതിയിലധികം വേർപെട്ടിരുന്നു. അതിന്നകത്തുള്ള സാമാനങ്ങൾ മുഴുവൻ രക്തത്തിൽ നനഞ്ഞിരുന്നു. തന്റെ തലയ്ക്കലുള്ള ഒരു ചെറിയ എഴുത്തുപെട്ടി പൊളിഞ്ഞുകിടന്നിരുന്നു. അതിൽനിന്നു 250 കയുടെ നോട്ടുകളും 500-ൽ ചില്വാനം ഉറുപ്പികക്കുള്ള ആഭരണങ്ങളും കളവുപോയിരിക്കുന്നു. വിവരം ഉടനെ നാടെല്ലാം പരന്നു. ഡാക്ടർ ഈ വൎത്തമാനം കേട്ട മാത്രയിൽ വീട്ടിലെത്തി വേണ്ടുന്ന അന്വേഷണങ്ങൾ എല്ലാം നടത്തി. ഒടുവിൽ ഒരു തുമ്പുമില്ലാതെ കണ്ടതുകൊണ്ടു പ്രസിദ്ധ കുററാന്വേഷികളായ മൊഹിദിൻഖാൻ, ദാമോദരമേനോൻ, നാഗറാവു ഇവരെ ഈ കാൎയ്യത്തിൽ വേണ്ടതെല്ലാം പ്രവൎത്തിപ്പാൻ ഏല്പിച്ചു. അവരുടെ പരിശ്രമങ്ങൾകൊണ്ടു ഫലമൊന്നുമിതുവരെ കണ്ടില്ല. എങ്കിലും ഈ ക്രൂരകൃത്യം ചെയ്തവൻ തുറന്നു കിടന്നിരുന്ന ഒരു ജാലകം വഴിയാണ് അകത്തു കടന്നതെന്നും, അവൻ ഒരു മൂൎച്ചയുള്ള ചെറുവാൾ കൊണ്ടാണു കഴുത്തിൽ വെട്ടിയതെന്നും, ഈ കൃത്യമെല്ലാം അൎദ്ധരാത്രിക്കു മുമ്പു കഴിഞ്ഞിട്ടുണ്ടായിരിക്കണമെന്നും അവർ ചില പരീക്ഷകളിൽനിന്നു ഗണിച്ചുണ്ടാക്കി. കവച്ചു ചെയ്യപ്പെട്ട നോട്ടുകളിൽ ചിലതിന്റെ നമ്പ്രുകൾ ഡാക്ടൎക്കു നിശ്ചയമുണ്ടായിരുന്നതു പോലീസ്സിന്ന് അറിവു കൊടുത്തു. ഇന്നേവരെ ആ നോട്ടുകൾ എങ്ങും മാററീട്ടില്ലപോൽ. ഈ സംഭവ-

ത്തിനുശേഷം ഡാക്ടർ മേനോൻ ആ സ്ഥലത്തുനിന്നു മാറി വേറെ ഒരു ബംഗ്ലാവു വാടകക്കെടുത്തു താമസിച്ചു. മീനാക്ഷി അമ്മയുടെ മുറിയിലുണ്ടായിരുന്ന സാമാനങ്ങൾ ഒന്നും മേലിൽ തനിക്കു് ആവശ്യമില്ലെന്നും, അവ മുഴുവനും ലേലം വിളിച്ചു വിററു കിട്ടുന്ന സംഖ്യ ധർമ്മവിഷയങ്ങളിൽ ചിലവാക്കേണമെന്നും അദ്ദേഹം തീർച്ചയാക്കി അപ്രകാരം ചെയ്തു.

അഞ്ചു മാസം കഴിഞ്ഞു. ഒരു ദിവസം വൈകുന്നേരം ഡാക്ടർ ശ്രീധരമേനോൻ തൻെറ സ്നേഹിതൻ കൃഷ്ണക്കുറുപ്പിനെ കാണ്മാനായി അദ്ദേഹത്തിൻെറ വീട്ടിൽ പോയി. കുറുപ്പു കുറച്ചു സുഖക്കേടായി കിടക്കുകയായിരുന്നു. സ്നേഹിതൻെറ രോഗത്തെ വേണ്ടവിധം പരിശോധിച്ചു സാരമില്ലെന്നു ഡാക്ടർ പറഞ്ഞു. താൻ എഴുതിക്കൊടുത്ത ഒരു മരുന്നു നാലു നേരം സേവിച്ചാൽ തിരെ സുഖപ്പെടുമെന്നും തീർച്ച പറഞ്ഞു. അതിന്നുശേഷം അവർ തമ്മിൽ വളരെ നേരം പലേ സംഗതികളേയും പററി സംസാരിച്ചു. സന്ധ്യയായപ്പോൾ 'ഇതിനകത്തു വലിയ ഉഷ്ണം. നമുക്കു് എൻെറ ആപ്പീസ്സുമുറിയിൽ പോയി കുറച്ചു കാററു കൊള്ളാം' എന്നു കുറുപ്പു് പറഞ്ഞപ്രകാരം അവർ ആപ്പീസ്സുമുറിക്കകത്തു പോയി. അവിടെ വലിയ ഒരു കണ്ണാടി വെച്ചിരുന്നതു കണ്ടു ഡാക്ടർ 'എയ്! ഇതു് എവിടെനിന്നു സമ്പാദിച്ചു?' എന്നു ചോദിച്ചു.

കൃ-കു—'അതു് എനിക്കു 15 ക. ക്കു കിട്ടിയതാണ്. അതിൻെറ ഉടമസ്ഥൻ അതിൽ ദിവസേന രാത്രി ഒരു ഭയങ്കരരൂപം കണ്ടു പേടിക്കാറുണ്ടത്രേ. അതുകൊണ്ടാണ് അതു് ഇത്ര ചുരുക്കവിലക്കു വിററതു്. അതിന്നു ചുരുങ്ങിയതു 200 ക. വില കാണും.

ഡാ— അത്രയില്ല. 150 ക. ക്കാണു് ഞാൻ അതു വാങ്ങിയതു്.

കൃ- കു— എന്താ ഡാക്ടർ പറയുന്നതു് നിങ്ങളാണോ അതു വാങ്ങിയതു്?

ഡാ—അതേ. അതു ഞാൻ രണ്ടാംകൊല്ലം പൂനയിൽവെച്ചു വാങ്ങിയതാണ്. ഇയ്യിടെ എൻെറ ചില സാമാനങ്ങൾ ലേലം വിളിച്ചപ്പോൾ ആ കൂട്ടത്തിൽ ഇതും പെട്ടുപോയി. അതാണു ഞാൻ പറയുന്നതു്.

കൃ- കു— ആ! ഹാ! അതു ഞാനറിഞ്ഞില്ല. എന്താ അതിലെ ഭയങ്കരരൂപം? നിങ്ങൾ വല്ലതും കാണാറുണ്ടായിരുന്നുവോ?

ഡാ— ഞാനൊന്നും കണ്ടിരുന്നില്ല. അതു മീനാക്ഷിയുടെ മുറിയിലായിരുന്നു. വല്ലതുമുണ്ടെങ്കിൽ ഞാനറിയാതിരിക്കില്ല. നിങ്ങൾക്കു് ഇതു ചിററവന്നു തലക്കു കാച്ചലുണ്ടായിരിക്കും.

രണ്ടുപേരും കുറെ ചിരിച്ചു. വേറെയും പല സംഗതികളെപ്പററി അവർ തമ്മിൽ സംസാരിച്ചു. മണി 11 കഴിഞ്ഞു. ഡാക്ടർ പോവാൻ പുറപ്പെട്ടു. അപ്പോൾ അവർ സംസാരിച്ചുകൊണ്ടിരുന്നതിന്നടുത്തുണ്ടായിരുന്ന ഒരു ചെറുകസേരമേൽനിന്നു കുറുപ്പിൻെറ കുണ്ണിലുണ്ണിയായ 'ര ബി' എന്ന പൂച്ച പെട്ടെന്നു ചാടി വാലുയർത്തി ആ കണ്ണാടിയുടെ അടുക്കലേക്കു ഓടി ചില ശബ്ദങ്ങൾ പുറപ്പെടുവിച്ചുംകൊണ്ടു് അതു് ഉൗക്കോടെ മാന്തുവാൻ തു

ടങ്ങി. 'എന്താ! റൂബിയും അതിനകത്തു ഭയങ്കരരൂപത്തെ കാണുന്നുണ്ടോ?' എന്നു ഡാക്ടർ ചോദിച്ചു ചിരിച്ച് അവിടെത്തന്നെ ഇരുന്നു. കറുപ്പ് ഏററവും ശ്രദ്ധയോടുകൂടി തന്റെ പൂച്ചയുടെ പണി നോക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആ പൂച്ച ആ കണ്ണാടിക്കു നാലുപുറവും ഓടി നടക്കുകയും ഇടയ്ക്കു് അതു കഠിനമായി മാന്തുകയും ചിലപ്പോൾ അതിന്റെ മുമ്പിൽനിന്നു ഭയങ്കരമായ ചില ശബ്ദങ്ങൾ ഉണ്ടാക്കുകയും ചെയ്തിരുന്നു. 'റൂബി എന്തെങ്കിലും കാണുന്നുണ്ടായിരിക്കണം. ഇല്ലാതെ ഇത്ര ലഹള കൂട്ടില്ല. ആകപ്പാടെ നമ്മുടെ ചെട്ടിയാർ കണ്ടിരുന്ന ഭയങ്കരരൂപം വാസ്തവംതന്നെയായേക്കാമോ' എന്ന് ഒടുവിൽ അദ്ദേഹം പറഞ്ഞു. ഇത്രയും പറഞ്ഞു തീരുമ്പോഴേക്കു ഡാക്ടർക്കു കഠിനമായ ഒരു തണുപ്പു തോന്നുകയും ദേഹം മുഴുവൻ വിറ തുടങ്ങുകയും ചെയ്തു. അദ്ദേഹം ഉടനെത്തന്നെ എഴുന്നേററു കണ്ണാടിയുടെ അടുത്തു പോയി അതിന്റെ ഒരു വശത്തു നിന്നു. മേശപ്പുറത്തു പ്രഭയോടുകൂടി കത്തിക്കൊണ്ടിരുന്ന ഒരു വിളക്കിന്റെ വെളിച്ചമേററു ജ്വലിച്ചിരുന്ന ആ കണ്ണാടി മങ്ങുവാൻ തുടങ്ങുന്നുണ്ടെന്നും, കുറച്ചു സമയത്തിനുശേഷം തീരെ കറുപ്പുനിറമായെന്നും, ആ കറുപ്പുനിറത്തിൽ കൂടെ ഒരു നിമിഷനേരംകൊണ്ട് ഒരു ആൾരൂപം തെക്കുവടക്കു നടന്നുപോയെന്നും അദ്ദേഹത്തിന്നു തോന്നി. കണ്ണടച്ചു ക്ഷണം തുറന്നു നോക്കിയപ്പോൾ പൂർവ്വസ്ഥിതിയിൽത്തന്നെ പ്രഭയോടുകൂടിയതായിക്കണ്ടു. ഡാക്ടർ ഒന്നും മിണ്ടാതെ കുറച്ചുനേരം നിന്നു. 'എന്താ ഡാക്ടർ, വല്ലതും കണ്ടുവോ?' എന്നു സ്നേഹിതൻ ചോദിച്ചപ്പോഴാണ് അദ്ദേഹത്തിന്നു സ്വബോധം വന്നത്. 'നിങ്ങൾ വല്ലതും കണ്ടുവോ' എന്നു കറുപ്പിനോടു ചോദിച്ചു. 'ഉവ്വ്. ആ കണ്ണാടി കൃഷ്ണവർണ്ണമായെന്നും, ഒരു ആൾ അതിൽക്കൂടെ നടന്നിരുന്നുവെന്നും എനിക്കു തോന്നി' എന്നു കറുപ്പ് പറഞ്ഞു. 'ഞാനും അങ്ങിനെതന്നെ ചിലതു കണ്ടു. ചെട്ടിയാർ വെറുതെയല്ല ഇതു പതിനഞ്ചിന്നു വിററത്. എന്തോ അതിൽ ചിലതൊക്കെയുണ്ട്. ആട്ടേ! പിന്നെ നോക്കി തീർച്ചയാക്കാം' എന്നു പറഞ്ഞു, താനെഴുതിക്കൊടുത്ത മരുന്നു ക്രമമായി സേവിക്കേണമെന്നും, രണ്ടു ദിവസം കഴിഞ്ഞു താൻ വരാമെന്നും പറഞ്ഞു ഡാക്ടർ മേനോൻ പോയി. കറുപ്പ് അവിടെത്തന്നെ കുറെ സമയവുംകൂടി ഇരുന്നു. യാതൊന്നും കണ്ടില്ല. പിറെറന്നാളും, മൂന്നാം ദിവസവും ആ സമയത്തുതന്നെ അദ്ദേഹം ആ മുറിക്കകത്തു റൂബിയേയും ഒന്നിച്ചു വെച്ചിരുന്നു. യാതൊന്നും കണ്ടില്ല. പറഞ്ഞപ്രകാരംതന്നെ നാലാം ദിവസം വൈകുന്നേരം മേനോൻ വന്നു. രണ്ടുപേരും ഒരുമിച്ചു കറുപ്പിന്റെ ആപ്പീസ്സുമുറിയിൽ ഇരുന്നു സംസാരിച്ചു.

ഡാ — 'അന്നുണ്ടായതിൽപ്പിന്നെ വല്ലതും കണ്ടുവോ?'

ക — 'ഒന്നും കണ്ടില്ല. ഞാൻ അതിന്നു വേണ്ടി മൂന്നു ദിവസം രാത്രി ഒരു മണിവരെ ഇരുന്നു.'

ഡാ — 'ഇന്നു പക്ഷെ വല്ലതും കാണാമായിരിക്കാം. നമ്മൾ ഇരുവരും ഉള്ളപ്പോഴല്ലെ അന്നു കണ്ടത്? അല്ല, ന

7 *

ങ്ങൾക്കു വെറുതെയെങ്കിലും വല്ല വിഡ്ഢിത്താവും തോന്നിയതോ?'

കു— അങ്ങിനെയാവില്ല. രണ്ടാളും ഒരുപോലെയല്ലെ അന്നു ചിലതു കണ്ടത്. അപ്പോൾ അതു വിഡ്ഢിത്തമാവില്ല. പിന്നെ ചെട്ടിയാരും റൂബിയുമില്ലേ വേറെ രണ്ടു സാക്ഷികൾ?

ഡാ— ആവോ എന്തു വിദ്യയാണാവോ! ആട്ടെ മിസ്റ്റർ കുറുപ്പു പോയി കുളിച്ചു വരൂ. അപ്പോഴേക്കും വല്ലതും കണ്ടാൽ ഞാൻ വിളിക്കാം.

കുറുപ്പു കുളിക്കുവാൻ പോയി. ഡാക്ടർ മേശമേലുണ്ടായിരുന്ന ഒരു മെഴുതിരിവിളക്കു കത്തിച്ച് ആ കണ്ണാടിയുടെ വളരെ അടുത്തുപോയി അതു നല്ലവണ്ണം പരീക്ഷിച്ചുനോക്കി. അതിൽ അത്ഭുതമായി ഒന്നുംതന്നെ കണ്ടില്ല. അവിടവിടെയായി നാലഞ്ചു സ്ഥലങ്ങളിൽ പിന്നിൽ തേച്ചിരുന്ന രസം (Mercury) അടൎന്നു വീണിരുന്നതിനാൽ ചില ചെറിയ കറുപ്പുപുള്ളികളുണ്ടായിരുന്നു. ഏകദേശം കണ്ണാടിയുടെ മദ്ധ്യത്തിലായി ഒരു ചെറിയ വിള്ളലുമുണ്ടായിരുന്നു. ഇതെല്ലാം സാധാരണ കണ്ണാടികൾക്കുള്ളതുകൊണ്ടു ഡാക്ടർ അവയെ അത്ര വകവെച്ചില്ല. തന്റെ പൂൎവ്വസ്ഥാനത്തു വന്നിരുന്നു റൂബിയെ പിടിച്ചു കണ്ണാടിയുടെ നേൎക്കു നിൎത്തി. അതിന്നു യാതൊരു വികാരവുമുണ്ടായിരുന്നില്ല. കണ്ണാടിയുടെ അടുത്തു കൊണ്ടുവെച്ചു. ഉടനെ അത് അവിടെ നിന്നു മടങ്ങി തന്റെ ചെറുകസേരമേൽ വന്നു കിടന്നു. കുറച്ചു കഴിഞ്ഞപ്പോൾ കുറുപ്പു കുളി കഴിഞ്ഞു വന്നു. 'വല്ലതും ഉണ്ടായോ' എന്നു ചോദിച്ചതിന്നു 'ഒന്നും ഇല്ലഹേ. അന്നു നമ്മൾ വെറുതെ അന്ധാളിച്ചു' എന്നു മേനോൻ മറുവടി പറഞ്ഞു. അപ്പോൾ മണി 11-45 അടിച്ചു. ഉടനെ റൂബി ചാടി പണ്ടു കാട്ടിയ ലഹളകൾ എല്ലാം കാണിച്ചു. ഇരുവരും ശ്രദ്ധിച്ചുനോക്കി. മുമ്പിലത്തെപ്പോലെതന്നെ കണ്ണാടി മങ്ങുകയും, തീരെ കറുത്തുവരികയും ചെയ്യുന്നുണ്ടെന്നു ഡാക്ടൎക്കു തോന്നി. കുറുപ്പും ജാഗ്രതയോടെ കണ്ണിമയാട്ടാതെ നോക്കുകയായിരുന്നു. ഒരു കട്ടിലിന്മേൽ ഒരു സ്ത്രീ കിടക്കുന്നുണ്ടെന്നു ഡാക്ടൎക്കു തോന്നി. സൂക്ഷിച്ചു നോക്കിയപ്പോൾ അതു മറയുന്നതായും, ആ സ്ഥലത്ത് ഒരു പുരുഷൻ ആകെ മൂടിയ ഒരു വേഷത്തിൽ നില്ക്കുന്നതായും കണ്ടു. മറുനിമിഷത്തിൽ എല്ലാം പൂൎവ്വസ്ഥിതിൽ തന്നെ വന്നു. 'എന്താ ഡാക്ടർ, ഇപ്പോൾ വിശ്വാസമായോ'? 'ഉവ്വ്. ഇതിൽ തീൎച്ചയായും ഒരു സ്വകാൎയ്യമുണ്ട്. നിങ്ങൾ എന്താണ് കണ്ടത്?'

കു— 'ഞാൻ അന്നു കണ്ടതു മാത്രമല്ല ഇന്നു കണ്ടത്. ഇന്നു പുരുഷന്റെ ദേഹം മുഴുവനും കണ്ടു.'

ഡാ— പിന്നെ!

കു— പിന്നെയൊന്നും കണ്ടില്ല.

ഡാ— 'ഞാനും അങ്ങിനെയൊക്കെ ചിലതു കണ്ടു.'

അവർ പിന്നെയും കുറച്ചു നേരം ഈ അത്ഭുതക്കാഴ്ചയെപ്പറ്റി സംസാരിച്ചു. അന്നു രാത്രി ഡാക്ടർ അവിടെത്തന്നെ കിടന്നു. പിറ്റെന്നാൾ കൃഷ്ണക്കുറുപ്പിന്ന് ഒരു കക്ഷിയുടെ ആവശ്യമായി

അവിടെനിന്നു 16 നാഴിക ദൂരമുള്ള ഒരു മജിസ്ത്രേട്ടുകോടതിയിൽ ഹാജരാകുവാനുണ്ടായിരുന്നു. അന്ന് ഒരുസമയമേ മടങ്ങിവരികയുള്ളു എന്നും, തനിക്കു വേണമെങ്കിൽ അന്നു രാത്രി അവിടെവന്നു കണ്ണാടിയിലെ അത്ഭുതം ഒന്നുകൂടി കാണാമെന്നും കുറുപ്പുപറഞ്ഞു. അങ്ങിനെതന്നെ എന്നു പറഞ്ഞ് ക്ലിപ്പീസ്സുമുറിയുടെ താക്കോൽ വാങ്ങി ഡാക്ടർ പോയി. അന്നുരാത്രി ഡാക്ടർ 11 മണിക്കു കുറുപ്പിന്റെ ആപ്പീസ്സുമുറിയിലെത്തി. 'റുബി'യേയും അകത്തേയ്ക്ക് എടുത്തുകൊണ്ടുവന്നു. ഡാക്ടർ ആൾ വലിയ ധീരനായിരുന്നുവെങ്കിലും അന്നു രാത്രി കുറച്ചൊരു ഭീരുതയുമുണ്ടായി. ഏകനായി ഒരു മുറിക്കകത്തിരുന്ന് എന്തെന്നറിയാത്ത ഒരു കാഴ്ച കാണ്മാൻ തയ്യാറായിരിക്കുന്ന ഏതൊരു ധീരനും കുറഞ്ഞൊരു സംശയം ഉള്ളിൽ വരുന്നതു സാധാരണയാണല്ലോ. എങ്കിലും കഴിയുന്നത്ര ധൈര്യമവലംബിച്ചു മേനോൻ ആ കണ്ണാടി നോക്കി ഇരിപ്പായി. 11_30 ആയി. യാതൊന്നുമില്ല. 11_45_നു ശരിയായി റുബി ചാടി എഴുന്നേറ്റു. മുമ്പിലത്തെ സംഭവങ്ങൾ എല്ലാം വഴിക്കുവഴി നടന്നു. പക്ഷേ അന്നു ഡാക്ടർ കണ്ടതു കുറച്ചുകൂടി തെളിവുള്ള ചില സംഗതികളായിരുന്നു. കട്ടിലിന്മേൽ കിടന്നിരുന്നതായി തലേദിവസം രാത്രി ആ കണ്ണാടിയിൽ കണ്ട സ്ത്രീയുടെ രൂപം മീനാക്ഷി അമ്മയുടേതായിരുന്നു എന്നു തീർച്ചയായി. ഉടനേതന്നെ ആ കട്ടിലിന്നരികെ ഒരാൾ ദേഹം മുഴവനും പുതച്ചു വന്നുനില്ക്കുന്നതു തോന്നി. ആ മനുഷ്യരൂപം സൂക്ഷിച്ചു നോക്കിയപ്പോൾ തന്റെ വണ്ടിക്കാരൻ രാവുണ്ണിയുടേതാണെന്നു കണ്ടു. ആ രൂപം ഒരു ചെറിയ വാൾ പൊക്കുന്നതും, അപ്പോൾ ഉറങ്ങികിടന്നിരുന്ന ആ സ്ത്രീ പൊടുന്നനവെ ഞെട്ടി ഉറക്കമുണരുന്നതും, ആ നിമിഷത്തിൽത്തന്നെ ആ മനുഷ്യരൂപം സ്ത്രീയുടെ വായ ഒരു കൈകൊണ്ടു പൊത്തുന്നതും, മറെറ കൈകൊണ്ടു കിടക്കയിലേ വിരികീറി സ്ത്രീയുടെ വായിൽ കുത്തിക്കയററുന്നതും, അതിന്നുശേഷം വാൾ പൊന്തിച്ചു കഴുത്തു ലാക്കാക്കി വേഗത്തോടെ— ഇവിടെ ഡാക്ടർ കണ്ണടച്ചു. ഇതെല്ലാം കണ്ടു അമ്പരന്നു മേനോൻ രണ്ടാമതും കണ്ണുതുറന്നപ്പോൾ എല്ലാം പഴയനിലയിൽ എത്തിയതായിക്കണ്ടു. ഒരക്ഷരവും മിണ്ടുവാൻ വഹിയാതെ ദേഹം മുഴുവനും തളർന്നു. അടുത്തുണ്ടായിരുന്ന ഒരു മേശമേൽനിന്നു കുറേ നല്ല പച്ചവെള്ളം എടുത്തു കുടിച്ചു. കുറുപ്പിന്റെ ഗൃഹസ്ഥനെ വിളിച്ചു തനിക്ക് ഒരു മെത്തയും മററും കിട്ടിയാൽ കൊള്ളാമെന്നു പറഞ്ഞു. അന്നുരാത്രി അവിടെ കിടന്നു. പ്രഭാതംവരെ നിദ്രയില്ലാതെ കഴിച്ചുകൂട്ടി. കാലത്തു 8 മണിക്കു കുറുപ്പു തിരിച്ചെത്തി. മേനോന്റെ മുഖം കണ്ടപ്പോൾ ഒന്നു പരിഭ്രമിച്ചു. 'എന്താ സാർ നിങ്ങൾ വല്ലാതെയിരിക്കുന്നത്? കണ്ണുകൾ രക്തവർണ്ണമായിരിക്കുന്നുവല്ലൊ.' എന്നു സ്നേഹിതൻ ചോദിച്ചതിന്നു തനിക്കു നിദ്ര സുഖമായില്ലെന്നും തലയ്ക്കു വല്ലാതെ വേദനയുണ്ടെന്നും മററും ഓരോ കാരണം പറഞ്ഞു. അന്നുരാത്രി വരാമെന്നു പറഞ്ഞു പോയി.

ഡാക്ടരുടെ തന്റെ ഭാര്യയുടെ മര

ണത്തിൻെറ വാസ്തവസ്ഥിതി മുഴവനും മനസ്സിലായി. എങ്കിലും തൻെറ എത്രയും സാധുവായ വണ്ടിക്കാരനെ ഈ ഒരു സംഭവംകൊണ്ടു മാത്രം സംശയിക്കുന്നതു് ഉചിതമല്ലെന്നുവെച്ചു. ഒരുവിധം സാഹസപ്പെട്ടു പകൽ കഴിച്ചുകൂട്ടി. രാത്രി വണ്ടികെട്ടുവാൻ പറഞ്ഞു. അതിൽ കയറി കുറുപ്പിൻെറ വീട്ടിലേയ്ക്കുപോയി. ഡാക്ടർ വന്നു കയറിയ ഉടനെ കുറുപ്പു 'എന്താ ഡാക്ടർ നടപ്പാൻകൂടി ശേഷിയില്ലാതായോ? അരനാഴിക ദൂരം വരാൻ വണ്ടിയെന്തിനാ?' എന്നു ചോദിച്ചു. അതിന്നു ഡാക്ടർ 'എൻെറ വണ്ടിക്കാരനു കുറച്ചു മന്ത്രവാദമറിയാം. അവനെ ഇവിടത്തെ കണ്ണാടി ഒന്നു കാണിക്കാമെന്നുവെച്ചു ഇങ്ങോട്ടു കൊണ്ടുവരുവാനാണു ഞാൻ വണ്ടിയിൽ വന്നതു്. അവനോടു വിവരമൊന്നും പറയേണ്ട. നമ്മൾ സാധാരണ കാണാറുള്ള സമയത്തു് അവനെ അകത്തേയ്ക്കു കൊണ്ടുവരാം' എന്നു പറഞ്ഞു. അവർ ആപ്പീസ്സുമുറിയിലേയ്ക്കു പോയി. 11-30 ആയപ്പോൾ രാവുണ്ണിയെ വിളിച്ചു, 'എടോ താൻ ആ കണ്ണാടിയുടെ നേക്കു നോക്കിനില്ക്കു. അവിടെ കുറച്ചുകഴിഞ്ഞാൽ വല്ലതും കാണുമോ എന്നു പറയണം' എന്നു പറഞ്ഞു. 'ഓ എജമാനേ' എന്നു പറഞ്ഞു അവൻ അതിൻെറ മുമ്പിൽനിന്നു. 11-45 അടിച്ചു. റുബിചാടി. ഡാക്ടർ എഴുന്നേററു വാതിലടച്ചു അതിന്മേൽ ചാരിനിന്നു കുറുപ്പിനോടു് 'അവൻെറ മുഖം നല്ലവണ്ണം സൂക്ഷിച്ചുനോക്കുക' എന്നു് ഇംഗ്ലീഷിൽ പറഞ്ഞു. 'എന്താ രാവുണ്ണി, വല്ലതും കാണുന്നുണ്ടോ' എന്നു കുറുപ്പു ചോദിച്ചതിന്നുത്തരമായി 'അയ്യോ ഇതുഞാനറിഞ്ഞില്ല.' എന്നുപറഞ്ഞു രാവുണ്ണി മൂർച്ഛിച്ചുവീണു. ഉടനെത്തന്നെ അവർ അടുത്തുചെന്നു അവനെ പിടിച്ചു എഴുന്നേല്പിച്ചു. സ്വബോധം വന്ന നിമിഷത്തിൽ അവൻ കുതിച്ചോടുവാൻ ശ്രമിച്ചു. പക്ഷേ ഡാക്ടരുടെ ബലമേറിയ കൈ അവനെ പിടിച്ചുനിർത്തി. 'എജമാനന്മാരേ! രക്ഷിക്കണം. കട്ടതു മുഴവനും മടക്കിത്തരാം. എന്നെ കൊല്ലരുതെ' എന്നു് അവൻ ആർത്തുവിളിച്ചു. അപ്പോൾ രണ്ടു പോലീസ്സുകാർ അകത്തു കടന്നുവന്നു രാവുണ്ണിയെ കയ്യാമംവെച്ചു കൊണ്ടുപോയി. പിറേറന്നാൾ അവൻെറ വീടു പരിശോധിച്ചപ്പോൾ ഏതാണ്ടാഭരണങ്ങളും 175-കയുടെ നോട്ടും കിട്ടി. രാവുണ്ണിക്കു വേണ്ടുവിധം ശിക്ഷയും കിട്ടി.

വായനക്കാരെ! എന്താണ് ഈ അത്ഭുതത്തിൻെറ സാരം? മീനാക്ഷിഅമ്മ മരിച്ചദിവസം ആ സമയത്ത് ആ മുറിക്കകത്തു നടന്ന സംഭവങ്ങൾ എല്ലാം എങ്ങിനെയാണ് അതിനകത്തു വെച്ചിരുന്ന കണ്ണാടിയിൽ ആ സമയത്തു കൃത്യമായി കണ്ടതു്? മനുഷ്യന്നു കാരണം പറയുവാൻ കഴിയാത്ത പല സംഭവങ്ങളും ലോകത്തിൽ നടക്കുന്നില്ലേ? ഭയങ്കരമായ ആ കൃത്യത്തിൻെറ സാക്ഷിയായ കണ്ണാടി, അതു നടന്ന സമയത്തെ സംഭവം അതേനിലയിൽത്തന്നെ അതേ സമയത്തു റിക്കാട്ടാക്കുന്നതു അത്ഭുതമാണെങ്കിലും അസംഭാവ്യമാണെന്നു വരുമോ?

എ. പി.

# അമരസിംഹൻെറ മതം.

അമരകോശകൎത്താവായ അമരസിംഹൻ ജൈനമതക്കാരനൊ ബുദ്ധമതക്കാരനൊ ആയിരുന്നു എന്നുള്ള ധാരണ ശരിയല്ലെന്നും അദ്ദേഹം 'ഒരൊന്നാന്തരം ഹിന്ദുവാണ്'' എന്നും വിവരിച്ചുകൊണ്ടു മിസ്റ്റർ കെ. വി. എം. മംഗളോദയത്തിൽ എഴുതിയ ലേഖനം ആ വിഷയമായി കുറഞ്ഞൊരഭിപ്രായം പ്രസ്താവിക്കേണ്ടതിന്ന് എന്നെയും പ്രേരിപ്പിക്കുന്നു. 'ചില പണ്ഡിതന്മാൎക്ക് അമരസിംഹൻ അന്യമതക്കാരനാണെന്നു സമ്മതിക്കുവാൻ വളരെ മടികാണുന്നുണ്ട്.' എന്ന വാസ്തവത്തെ സ്വന്തം യുക്തിയോടു യോജിപ്പിച്ച് ഒരഭിപ്രായം പറകയാണു ലേഖകൻ ചെയ്തിട്ടുള്ളത്. അതിലേയ്ക്കു ചില ശ്ലോകങ്ങളെ ഉദാഹരിച്ചിട്ടുമുണ്ട്. അമരസിംഹൻ വിക്രമാദിത്യൻെറ സദസ്സിലുണ്ടായിരുന്ന നവരത്നങ്ങളിൽ ഒന്നാണെന്നും അദ്ദേഹം ആ രാജാവിന്ന് ഒരു വൈമാത്രേയസഹോദരൻ കൂടിയായിരുന്നുവെന്നും മററും വിവരിച്ചതിൽനിന്ന് അമരൻ (ദുൎഗ്ഗാസിംഹൻ) ഹിന്ദുമതജാതനും ഹിന്ദുമതസ്ഥന്മാരോടു സമ്പൎക്കമുള്ള ദേഹവുമാണെന്നു തെളിഞ്ഞിരിക്കുന്നു. അങ്ങിനെയുള്ള ഒരാൾക്കു ബുദ്ധമതത്തിലൊ ജൈനമതത്തിലൊ പ്രതിപത്തി വന്നുകൂടേ? എന്നൊന്നുകൂടി വഴിയെ ആലോചിക്കണമല്ലോ. അങ്ങിനെ വരാമെങ്കിൽ അമരകോശത്തിലെ മംഗളശ്ലോകത്തെയും മററനേകം തെളിവുകളെയും അടിസ്ഥാനമാക്കി പല മഹാന്മാരും പ്രസ്താവിച്ചതിൽനിന്നു പരമ്പരയാ വരുന്നപോന്ന ആദ്യത്തെ ധാരണയെ ദുൎബ്ബലയുക്തികളെക്കൊണ്ടു തള്ളിക്കളയണമെന്നില്ലല്ലോ. കപിലൻ, ജൈമിനി തുടങ്ങി അനേകം ആചാൎയ്യന്മാർ തങ്ങളുടെ മതപ്രവൎത്തകന്മാരായിരുന്നു എന്നുള്ള കാൎയ്യം ഏതു ഹിന്ദുമതസ്ഥനും സമ്മതിക്കുന്നുണ്ട്. മേൽപ്പറഞ്ഞ ആചാൎയ്യന്മാരിൽ ഭിന്നാഭിപ്രായക്കാരും വളരെയുണ്ടായിരുന്നുവെന്നതും സമ്മതിക്കാതെ കഴികയില്ല. നിരീശ്വരവാദം ചെയ്തിട്ടുള്ള ആചാൎയ്യന്മാരെക്കൂടി ഹിന്ദുക്കളായിട്ടാണു ഗണിച്ചുവന്നിട്ടുള്ളത്. ഇവിടെ ബുദ്ധമുനിയുടെ സ്ഥിതിയാലോചിക്കുക. ഇദ്ദേഹം 'ഒരൊന്നാന്തരം ഹിന്ദു.' ക്ഷത്രിയകുലത്തിൽ ജനിച്ചു. സജാതീയയായ ഒരു സ്ത്രീയെ വിവാഹംചെയ്തു. വഴിയെ ഹിംസാപ്രചുരങ്ങളായ അനേകം കൎമ്മങ്ങളെ കണ്ടറികയാൽ ദയാധീനമനസ്സായ അദ്ദേഹം ലോകത്തെ വെറുത്തു സന്ന്യസിക്കുകയും അനേകവൎഷം തപസ്സുചെയ്ത് ഒടുവിൽ ബുദ്ധപദത്തെ ലഭിക്കുകയുംചെയ്തു. ജീവകാരുണ്യമാണ് അദ്ദേഹത്തെ ആ വിധം ജ്ഞാനിയാക്കിത്തീൎത്തത്. ആ ഉൽകൃഷ്ടഗുണം ലോകത്തിന്നു എത്രത്തോളം നന്മയാണു ചെയ്തതെന്നു വിവരിപ്പാൻ പ്രയാസം. ഗൌതമസിദ്ധാൎത്ഥൻ എന്നും ബുദ്ധൻ എന്നും സൎവ്വജ്ഞൻ എന്നും മററുമായ നാമങ്ങൾ ഹിന്ദുപൎയ്യായങ്ങളിൽ യോജിക്കുന്നില്ലെ

നു ഞാൻ വിചാരിക്കുന്നില്ല. ഹിന്ദുക്കളിൽത്തന്നെ ബുദ്ധനെ അസാമാന്യമായി ആദരിച്ചവർ പലരുമുണ്ട്. ഭക്തശിരോമണിയായ ജയദേവന്റെ ഗീതഗോവിന്ദം അല്ലെങ്കിൽ അഷ്ടപദി ഇന്നും നമ്മുടെ ക്ഷേത്രങ്ങളിൽ 'കൊട്ടിപ്പാടിസ്സേവ'ക്കു ഉപയോഗിക്കുന്ന ഒരു സ്തോത്രമാണല്ലോ. ജയദേവൻ ബുദ്ധമുനിയെപ്പററി എന്താണു പറയുന്നത്? ദശാവതാരങ്ങളിൽ ഒന്നു ബുദ്ധാവതാരമാണെന്നു സങ്കല്പിച്ചുകൊണ്ടാണ് ആ കവിവര്യൻ സ്തുതിക്കുന്നത്.

'നിന്ദസിയജ്ഞവിധേരഹഹശ്രുതിജാതം
സദയഹൃദയദർശിതപശുഘാതം
കേശവധൃതബുദ്ധശരീര
ജയജഗദീശഹരേ!'

ഓരോ അവതാരങ്ങളും പ്രത്യേകമായ ചില ആവശ്യങ്ങൾക്കായിട്ടാണെന്നു സൂക്ഷ്മാന്വേഷണത്തിൽ തെളിയുന്നുണ്ട്. അജ്ഞാനികളായ അസുരാദികൾ നടത്തിയിരുന്ന ക്രൂരഹിംസകളെ കണ്ടുകണ്ടു സഹിക്കാതായപ്പോൾ ഈശ്വരൻ ബുദ്ധാവതാരം ചെയ്തു ഉദ്ദേശം സാധിപ്പിച്ചു എന്നുള്ളതാണ് തത്വം. വേദപ്രോക്തമായ യജ്ഞത്തെ ധിക്കരിച്ചതുകൊണ്ടു പല വൈദികന്മാരും ബുദ്ധനിൽ വെറുക്കുകയും അദ്ദേഹത്തിന്റെ പരിനിർവ്വാണത്തിന്നു ശേഷം കാലാന്തരത്തിൽ ഭാരതഭൂമിയിൽ ബുദ്ധമതാശയായികളുടെ സംഖ്യ കുറയുകയുംചെയ്തു. വേദത്തെ ബുദ്ധമുനി നിന്ദിച്ചിട്ടില്ല. കർമ്മകാണ്ഡം, ഉപാസനകാണ്ഡം, ജ്ഞാനകാണ്ഡം എന്ന ഉൾപ്പിരിവുകൾ വേദത്തിനുള്ളവയിൽവെച്ചു ഹിംസാത്മകമായ യജ്ഞകർമ്മത്തെ നിഷേധിക്കകമാത്രമാണു ചെയ്തത്.

ഭഗവാൻ അർജ്ജുനന്നു ദൈവാസുരസമ്പദ്വിഭാഗത്തെ ധരിപ്പിച്ചതിൽ ആദ്യമായി പ്രസ്താവിച്ചിട്ടുള്ളത് 'അഭയം' എന്നാണ്. നോക്കുക —

'അഭയംസത്വസംശുദ്ധിർ-
ജ്ഞാനയോഗവ്യവസ്ഥിതിഃ
ദാനംദമശ്ചയജ്ഞശ്ച
സ്വാദ്ധ്യായസ്തപആർജ്ജവം
അഹിംസാസത്യമക്രോധ-
സ്ത്യാഗശ്ശാന്തിരപൈശുനം
ദയാഭൂതേഷ്വലോലുപ്ത്വം
മാർദ്ദവംഹ്രീരചാപലം
തേജഃക്ഷമാധൃതിഃശൌച
മദ്രോഹോനാതിമാനിതാ
ഭവന്തിസമ്പദംദൈവീ
മഭിജാതസ്യപാണ്ഡവ.'

ഇപ്രകാരമുള്ള അഭയം, ആർജ്ജവം, അഹിംസ, ഭൂതദയ മുതലായ ദൈവസമ്പത്തുകൾ ബുദ്ധമുനിക്കുണ്ടായിരുന്നതുപോലെ മററാർക്കാചാര്യന്നുണ്ടായിരുന്നുവെന്നു തോന്നുന്നില്ല. ജയദേവകവി 'നിന്ദസിയജ്ഞവിധേഃ' എന്നു ആദിയിൽ പറഞ്ഞുവെങ്കിലും അവതാരരഹസ്യത്തെ പിന്നെ പ്രസ്താവിച്ചിട്ടുണ്ട്.

'വേദാനുദ്ധരതേജഗന്തിവഹതേ
ഭൂഗോളമുദ്ബിഭ്രതേ
ദൈത്യംദാരയതേബലിംഛലയതേ
ക്ഷത്രക്ഷയംകുർവ്വതേ
പൌലസ്ത്യംജയതേഹലംകലയതേ
കാരുണ്യമാതന്വതേ
മ്ലേച്ഛാൻമൂർച്ഛയതേദശാകൃതികൃതേ
കൃഷ്ണായതുഭ്യംനമഃ'.

'കാരുണ്യമാതനുതേ' എന്നതുകൊണ്ടാകുന്നു ബുദ്ധാവതാരകാര്യത്തെ കവി വെളിപ്പെടുത്തിയത്. പൂർവ്വാചാര്യന്മാർ പറഞ്ഞിട്ടുള്ള അഭിപ്രായങ്ങളുടെ സാരാംശം അറിവാൻ കഴിയാതെയും ചിലർ അവരെ നിന്ദിക്കുന്നുണ്ട് എന്നതും മറക്കത്തക്കതല്ല. ബുദ്ധൻ ഹിന്ദുക്കളുടെ ആചാര്യവർഗ്ഗത്തിൽ ഗണനീയനല്ലെങ്കിൽ കുമാരിലഭട്ടൻ, മണ്ഡനമിശ്രൻ തുടങ്ങിയുള്ളവർക്കു ഗതിയെന്താണ്? മീമാംസാദർശകനായ കുമാരിലഭട്ടൻ തുഷാനലപ്രവേശം (ഉമിത്തീയിൽ ദഹിക്കൽ) ചെയ്യുന്ന അവസരത്തിൽ പ്രത്യക്ഷീഭൂതനായ ആദിശങ്കരാചാര്യസ്വാമികളോടു പറഞ്ഞിട്ടുള്ളത് ഇവിടെ സ്മരിക്കേണ്ടതാണ്. ഗുരുവഞ്ചനം നിരീശ്വരവാദം എന്നു രണ്ടു ദോഷങ്ങളെ താൻ ചെയ്തിട്ടുണ്ടെന്നു സമ്മതിച്ചു. അതിൽ ആദ്യത്തേതിന്നു പ്രായശ്ചിത്തമായിട്ടാണ് അങ്ങിനെ ജീവാപായം വരുന്നതെന്നും മറ്റേതു പാപമാണെന്നു തനിക്കു ബോദ്ധ്യമില്ലെന്നുമാണു ഭട്ടാചാര്യൻ പ്രസ്താവിച്ചത്. മുണ്ഡനവിധിയെ കഠിനമായി ആക്ഷേപിച്ച ഗൃഹസ്ഥനായ മണ്ഡനമിശ്രനു ആചാര്യസ്വാമികളുടെ അദ്വൈതവാദത്തിലടിമപ്പെട്ടു സന്ന്യാസവൃത്തിയെ സ്വീകരിക്കേണ്ടിവന്നു. ഇതുകൊണ്ടു സ്വാമികളുടെ യോഗ്യത അസാധാരണവിധത്തിൽ വെളിപ്പെട്ടുവെന്നല്ലാതെ മണ്ഡനമിശ്രൻ അസാരനാണെന്നു വന്നിട്ടില്ല. ബുദ്ധൻ ജ്ഞാനിയായിരുന്നു. ജ്ഞാനകാണ്ഡത്തിൽനിന്നു വിപരീതമായൊന്നും അദ്ദേഹത്തിന്റെ പ്രസംഗങ്ങളിൽ കാണുന്നതല്ല. നിർവ്വാണപ്രാപ്തിക്കു മാർഗ്ഗം ഒന്നുമാത്രമല്ലെന്നതിന്നു അപ്പയ്യദീക്ഷിതരുടെ സ്തോത്രം നോക്കിയാൽത്തന്നെ മതി.

'ധ്യായന്തസ്ത്വാംകതിചനഭവം
ദുസ്തരംനിസ്തരന്തി
ത്വൽപാദാബ്ജംകതിചിദിതരേ
നിത്യമാരാധയന്തഃ
അന്യേവർണ്ണാശ്രമവിധിരതാഃ
പാലയന്തസ്ത്വദാജ്ഞാം
സർവ്വംഹിത്വാഭവജലനിധാ
വേഷമജ്ജാമിഘോരേ'

ബുദ്ധമതം ഒന്നു വേറെയാണെങ്കിലും അതു ഹിന്ദുമതത്തിലെ അവാന്തരതത്വങ്ങളിൽ ഉൾപ്പെടുന്ന ഒന്നായിരിക്കുമെന്നു പല മഹാന്മാർക്കും അഭിപ്രായമുണ്ട്. ബുദ്ധമതത്തിൽ ഹീനായനൻ, മഹായനൻ എന്നിങ്ങിനെ രണ്ടു തരക്കാരുണ്ട്. അതിൽ മഹായനൻ ഹിന്ദുക്കളിൽ ചില അഭിപ്രായക്കാർക്കു അധികം അടുക്കുന്നു. ആ വക പ്രസ്താവങ്ങൾ നില്ക്കട്ടെ. അമരകോശത്തിലെ മംഗളശ്ലോകത്തെപ്പറ്റി ആലോചിക്കാം. അതു ശിവപരമോ വിഷ്ണുപരമോ മറ്റോ ആക്കി അർത്ഥം പറയാൻ കഴിയില്ലെന്നു ഞാൻ പറയുന്നില്ല. പക്ഷേ അങ്ങിനെയുള്ള അർത്ഥത്തിന്നു ക്ലേശിക്കേണ്ടിവരും. ശബ്ദശാസ്ത്രം സ്വാധീനമുള്ള ഒരാൾക്കു ക്ലേശിച്ചാൽ ഏതു ശ്ലോകത്തിന്നും അർത്ഥം മാറ്റിപ്പറയാവുന്നതാണ്. കവി പ്രത്യേകദേവപരമായി വിവക്ഷിച്ചിട്ടില്ലെന്നു തെളിയിപ്പാൻ പ്രയാസമില്ല. 'ധീരാഃ' എന്ന സംബോധനതന്നെ ഇതിലേക്കുദാഹരണമാകുന്നു. ബുദ്ധമതഗ്രന്ഥങ്ങളിൽ 'ധീരാ' എന്ന പദം ഈ വക ഘട്ടങ്ങ

ളിൽ ധാരാളമായി പ്രയോഗിച്ചുകണ്ടിട്ടുണ്ട്. അമരകോശത്തിൽ ബ്രഹ്മാവിന്റെ പേരിന്നും മുമ്പായി ബുദ്ധജിനന്മാരുടെ പേരുകളെ വിവരിച്ചതിന്റെ സാരവും ആലോചിക്കേണ്ടതാണ്. ബുദ്ധമതത്തെ ആദരിക്കാമെങ്കിൽ ജൈനമതം ഹിന്ദുക്കൾക്കു നിസ്സംശയം ആദരിക്കത്തക്കതാണ്. അദ്വൈതിയും ജൈനനും മായി അല്പം ഭേദമേ ഉള്ളുവെന്നാണു ഞാൻ കേട്ടിട്ടുള്ളത്. ജൈനഗ്രന്ഥങ്ങളൊന്നും വായിച്ചിട്ടില്ലാത്തതിനാൽ തീച്ചയായി ഒന്നും പറവാൻ എനിക്കു കഴിയില്ലെങ്കിലും ഇപ്പോൾ വേഷഭാഷാദികളാൽ ഹിന്ദുക്കൾക്കു തുല്യന്മാരായ ജൈനന്മാരുണ്ടെന്നു അറിവുണ്ട്. 'ധമ്മാനന്ദസൂരി' എന്നൊരു ജൈനസന്യാസി വടക്കെ ഇന്ത്യയിൽ മതപ്രസംഗം ചെയ്തുവരുന്നതായി കേൾക്കുന്നു. അതിന്നു പുറമെ വയനാട്ടിൽ വലിയൊരു ഭൂമിഉടമസ്ഥനായ കൃഷ്ണക്കൌണ്ടനെ ഞാൻ കണ്ടറിയും. 'കൃഷ്ണക്കൌണ്ടൻ' എന്നു കേൾക്കുമ്പോൾ അദ്ദേഹം ഒരു ഹിന്ദുവല്ലെന്നു ആരാനും വിചാരിക്കുമോ? എന്നാൽ കൃഷ്ണക്കൌണ്ടനും അദ്ദേഹത്തിന്റെ തറവാട്ടുകാരും ജൈനമതക്കാരാണ്.

അമരസിംഹൻ ജൈനമതക്കാരനൊ ബുദ്ധമതക്കാരനോ ആയതുകൊണ്ടു ഹിന്ദുക്കൾക്കു അദ്ദേഹം അനാദരണീയനല്ല എന്നു കാണിപ്പാൻ വേണ്ടി ഞാൻ ഇത്രയും പറഞ്ഞു എന്നേ ഉള്ളു. ഏകാദശീവ്രതദിവസം അമരകോശം വായിപ്പാൻ പാടില്ലെന്നുള്ള മൂഢവിചാരം അമരകോശകവിയുടെ യഥാത്ഥതത്വം അറിയാതെ ആദികാലത്തു ആജ്ഞാശക്തിയുള്ള ചില വൈദികന്മാർ നടത്തിവന്നതനുസരിച്ചു നിലനിന്നുപോരുന്നതാണ്. അതു ഒരിക്കലും ആദരിക്കേണ്ടതില്ല. എന്നാൽ ഇപ്പോൾ ഒരാൾ അമരസിംഹൻ ഹിന്ദുവായിരുന്നു എന്നു പറയുന്നതായാലും ആ മൂഢവിശ്വാസം ജനങ്ങളുടെ ഇടയിൽനിന്നു വിട്ടുപോവാൻ പ്രയാസംതന്നെ. അതിന്നാണെങ്കിൽ തല്ക്കാലം യത്നിക്കേണ്ടതില്ല.

തേലപ്പുറത്ത് നാരായണനമ്പി

# ഞങ്ങളുടെ വായനശാല.

൧. രാജ്യവിവരണം. (കെ. സി. മാനവിക്രമൻ രാജാ ഡി. സി. എഴുതിയത്. കോട്ടയ്ക്കൽ ലക്ഷ്മീസഹായം അച്ചുക്കൂടം; വില ക. ൧—൮—൦)

ലോകത്തിലുള്ള സകല രാജ്യങ്ങളുടേയും പ്രകൃതി, ചരിത്രം, സംസ്ഥാനം, രാജ്യഭരണം മുതലായ വിഷയങ്ങളെ വിവരിച്ചുകൊണ്ടു കെ. സി. മാനവിക്രമൻ രാജാവവർകൾ എഴുതുവാനാരംഭിച്ചിട്ടുള്ള ഗ്രന്ഥപരമ്പരയുടെ ഒന്നാംഭാഗമാണ് ഈ പുസ്തകം. ധമ്മി വല്പത്തിൽ ൩൦ ഭാഗമടങ്ങിയ ഈ ൧-ാം ഭാഗം ഇന്ത്യയുടെ വിവരണമാണ്. ഇന്ത്യാരാജ്യത്തിന്റെ കിടപ്പ്, രാജ്യവിഭാ

ഗം, രാജ്യഭരണസമ്പ്രദായം മുതലായി ഒരു ഇന്ത്യക്കാരന്ന് അവശ്യം അറിഞ്ഞിരിക്കേണ്ട സംഗതികൾ പലതും ഇതിൽ വിശദമായി വിവരിച്ചിട്ടുണ്ട്. ഇംഗ്ലീഷു വിദ്യാഭ്യാസം സിദ്ധിക്കാത്ത മലയാളവായനക്കാൎക്കു സ്വരാജ്യത്തെസ്സംബന്ധിച്ചറിയേണ്ട പലേ വിഷയങ്ങളുമറിയുന്നതിന്ന് ഈ ഗ്രന്ഥം വലിയ ഒരു സഹായമായിരിക്കും. സ്വരാജ്യത്തിന്റെ സ്ഥിതി എങ്ങിനെയാണെന്നറിയാതെ അതിൽ അഭിമാനമുണ്ടാവുന്നതല്ല. ആ അറിവു കൂടാതെകണ്ടുണ്ടാവുന്ന സ്വരാജ്യാഭിമാനം വിലവെയ്ക്കത്തക്കതുമല്ല. പാഠശാലകളിൽനിന്നു കിട്ടുന്ന വിദ്യാഭ്യാസം സ്വഭാഷമുഖേനയാക്കണമെന്നുള്ള ഉദ്ദേശം കാലക്രമേണയെങ്കിലും സാധിക്കണമെങ്കിൽ ഈ ജാതി പുസ്തകങ്ങൾ സ്വദേശഭാഷകളിൽ എഴുതി പ്രസിദ്ധപ്പെടുത്തിയേ കഴികയുള്ളൂ. അതുകൊണ്ടു പ്രസ്തുതഗ്രന്ഥകാരന്റെ ഉദ്യമത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇതിലെ ഭാഷ ഒരു വിധം നന്നായിട്ടുണ്ട്. ദുൎല്ലഭം ചില ദിക്കിൽ കാണുന്ന അല്പം ചില അപശബ്ദങ്ങൾ മേലിൽ വരാതെ കഴിപ്പാൻ ശ്രമിക്കുമെന്നു വിശ്വസിക്കുന്നു.

2. പ്രേമബന്ധം (ഗ്രന്ഥകൎത്താവ് വാരിയത്തു ബാലകൃഷ്ണമേനോൻ; ചിററൂർ വിദ്യാലയം അച്ചുകൂടം; വില 12 ണ.)

ഇതൊരു കഥയാണ്. സാധാരണ ലോകമൎയ്യാദപ്രകാരം നോക്കുമ്പോൾ അനുരൂപന്മാരല്ലെങ്കിലും, 'പ്രേമബന്ധം' കൊണ്ട് അന്യോന്യസദൃശന്മാരായ രണ്ടു കാമിനീകാമുകന്മാർ, തങ്ങളുടെ അനുരാഗത്തെ സഫലമാക്കുന്നതിൽ തുടരെത്തുടരെ നേരിട്ട പ്രതിബന്ധങ്ങൾ നിമിത്തം പ്രാണത്യാഗം ചെയ്തുവെന്നാണ് കഥയുടെ സ്വരൂപം. അനുരക്തന്മാരായ കാമിനീകാമുകന്മാരുടെ മദനാവസ്ഥകളിൽ ഒടുവിലത്തേതായ മരണം രസവിച്ഛേദഹേതുവാകയാൽ അതു സംസ്കൃതകവികൾ ആദരിക്കാറില്ല. കരുണരസത്തിന്നാകട്ടെ ഭാൎയ്യയുടെ മരണത്താൽ ഭൎത്താവിന്നോ ഭൎത്താവിന്റെ മരണത്താൽ ഭാൎയ്യക്കോ ഉണ്ടാവുന്ന ശോകമാണ് ആധാരം. അവരിരുവരുടെയും മരണം ഒരുമിച്ചു സംഭവിക്കുമ്പോൾ കരുണത്തിന്നു നിലയില്ലാതെ വരുന്നു. അതുകൊണ്ടു സംസ്കൃതാലങ്കാരവേദികൾ ഇത്തരം കഥകളെ എടുക്കാറില്ല. അതിരിക്കട്ടെ. 'പ്രേമബന്ധകൃതബന്ധനം മഹത്' എന്ന ന്യായപ്രകാരം ഇങ്ങിനെ സംഭവിക്കുവാൻ പാടില്ലെന്നു ഞങ്ങൾ പറയുന്നില്ല. എന്നാൽ ആ സാഹസകൃത്യത്തിന്നുമുമ്പ് എത്രയോ പതനങ്ങൾ കഴിയേണ്ടതുണ്ട്. നായികാനായകന്മാർ തങ്ങളുടെ സമ്മേളനത്തിന്നുണ്ടാവുന്ന പ്രതിബന്ധങ്ങൾ സഹിച്ചുസഹിച്ച്, ഇനിമേലിൽ ജീവിച്ചിരിക്കുന്നതിന്നു ഒരുപായമില്ലെന്നു വായനക്കാരെ ബോദ്ധ്യപ്പെടുത്തിയതിന്നു ശേഷം അങ്ങിനെ ചെയ്താൽ മാത്രമേ രസാവഹമായിരിക്കയുള്ളൂ. പ്രകൃതത്തിൽ അങ്ങിനെ ബോദ്ധ്യം വന്നതായി സമ്മതിക്കുവാൻ ചില വായനക്കാരുണ്ടായേയ്ക്കാമെങ്കിലും അവരുടെ കൂട്ടത്തിൽ ഞങ്ങൾ കൂടുന്നില്ല. 'ആശാബന്ധഃ കുസുമസദൃശപ്രാണമപ്യംഗനാനാം സദ്യഃപാതപ്രണയി ഹൃദയം വിപ്രയോഗേ രുണദ്ധി' എന്നു കാളിദാ

സർ പറഞ്ഞിട്ടുള്ള ഘട്ടത്തിൽനിന്നു തെററിയതു അനവസരത്തിലായി എന്നാണു ഞങ്ങളുടെ പക്ഷം. എങ്കിലും ഭാഷാശുദ്ധി മുതലായി അനേകം ഗുണങ്ങളുള്ള ഈ ഗ്രന്ഥത്തിന്നു കേരളഭാഷയിൽ തീച്ചയായും ഒരു സ്ഥാനത്തിന്നർഹതയുണ്ട്.

3. ബധിരവിലാപം — (2-ാം പതിപ്പ്; കോട്ടയ്ക്കൽ ലക്ഷ്മീസഹായം അച്ചുകൂടം, വില 2 ണ.)

വള്ളത്തോൾ നാരായണമേനോനവർകളുടെ കൃതിയായ ബധിരവിലാപം കേരളഭാഷയിൽ സ്ഥിരപ്രതിഷ്ഠ ലഭിച്ച ഖണ്ഡകാവ്യങ്ങളിൽ ഒന്നാണ്. ഇതിനെപ്പററി ഇപ്പോൾ പുതുതായി ഒരു നിരൂപണത്തിന്നാവശ്യം കാണുന്നില്ല. പുസ്തകം അയച്ചുതന്നവരിൽ ഞങ്ങൾ കൃതജ്ഞരായിരിക്കുന്നു.

# പലവക

തൃശ്ശിവപേരൂർ വിവേകോദയം സമാജക്കാർ ഇതിനിടയിൽ പ്രസിദ്ധപ്പെടുത്തിയ ഒരപേക്ഷാപത്രത്തിന്റെ ഒരു പ്രതി ഞങ്ങളുടെ അഭിപ്രായത്തിന്നായി അയച്ചുതന്നിട്ടുള്ളതിൽ ഇങ്ങിനെ കാണുന്നു:—

'ഗവമ്മേണ്ടിൽനിന്നംഗീകരിച്ചിട്ടുള്ള വ്യവസ്ഥകളെ അനുസരിച്ചുകൊണ്ടു ഹിന്തുമതതത്വങ്ങളെ പഠിപ്പിക്കുവാൻ പ്രത്യേകം ഏപ്പാടുകളുള്ള ഒരു പുതിയ വിദ്യാലയം — തൽക്കാലം ഒരു ലോവർസെക്കണ്ടറി സ്കൂളായിട്ടാരംഭിച്ചു പിന്നീടു പൊതുജനങ്ങളുടെ സഹായത്തിന്റെ അവസ്ഥപോലെ ഒരു ഹൈസ്കൂളാക്കത്തക്കവണ്ണം ഒരു വിദ്യാലയം — ഈ സമാജം വകയായിട്ടു സ്ഥാപിക്കണമെന്നു വിചാരിക്കുന്നു. നമ്മുടെ നാട്ടിലുള്ള വിദ്യാലയങ്ങളിൽ മതവിഷയത്തെ പുറന്തള്ളി നിൎത്തിയതാണ് നവീനവിദ്യാഭ്യാസസമ്പ്രദായത്തിലുള്ള മുഖ്യമായ ഒരു ദോഷമെന്നത് ഇപ്പോൾ പരക്കെ ബോദ്ധ്യമായിട്ടുള്ള ഒരു സംഗതിയാകുന്നു. ആ ദോഷത്തിന്റെ ലഘുവായിട്ടെങ്കിലുമുള്ള ഒരു നിവാരണത്തിന്നായിക്കൊണ്ടാണ് അങ്ങിനെ ഒരു വിദ്യാലയം സ്ഥാപിക്കണമെന്നുദ്ദേശിക്കുന്നത്. അതിൽ ശിശുത്തരം മുതൽക്കു മേല്പോട്ട് അതാതു ക്ലാസ്സുകളിൽ പഠിപ്പിക്കുന്നതിന്നുതകുന്നവയായി മതവിഷയമായ പുസ്തകങ്ങളെ നിൎമ്മിച്ച് അവയെ പാഠപുസ്തകങ്ങളായിട്ടേപ്പെടുത്തണമെന്നും ഉപാദ്ധ്യായന്മാൎക്കും സമാജത്തിലെ മെമ്പ്രന്മാൎക്കും ഉപകാരമായിത്തീരുന്നതിന്നു മതവിഷയമായ ഉപഗ്രന്ഥങ്ങളെ പണ്ഡിതന്മാരെക്കൊണ്ടു പഠിപ്പിക്കത്തക്കവണ്ണം ഞായറാഴ്ചതോറുമുള്ള പാഠത്തെ ഘനപ്പിക്കണമെന്നും വിചാരിക്കുന്നു. മതസംബന്ധമായ ഇന്നിന്നവിഷയങ്ങളിൽ നടത്തുന്ന പരീക്ഷയിൽ ജയം പ്രാപിച്ചവരേ ഉപാദ്ധ്യായവേല സ്ഥിരപ്പെടുകയുള്ളുവെന്നു നിശ്ചയം ചെയ്കയും അതിന്നു തയ്യാറാകുവാൻ ഒരവധി നിശ്ചയിക്കുകയും ചെയ്യുന്നതാ

ണ്. വിദ്യാലയത്തോടു സംബന്ധിപ്പിച്ചേർപ്പെടുത്തുന്നതായ ഗ്രന്ഥശാലയിൽ ഇംഗ്ലീഷിലും സംസ്കൃതത്തിലും മലയാളത്തിലും പ്രസിദ്ധപ്പെടുത്തിയവയും എട്ടിലെഴുതിയവയുമായുള്ള മതസംബന്ധമായ ഗ്രന്ഥങ്ങൾ പലതും പ്രധാനമായിട്ടു ശേഖരിക്കണമെന്നും ആഗ്രഹമുണ്ട്. ആകപ്പാടെ ആ വിദ്യാലയത്തിന്നു ചുറ്റുമുള്ള നഭോമണ്ഡലം മുഴുവൻ മതസംബന്ധമായ കാര്യങ്ങളെക്കൊണ്ടു വ്യാപിപ്പിക്കണമെന്നാണ് ഉദ്ദേശം. എന്നാൽ മാത്രമേ ഉദ്ദിഷ്ടകാര്യം സഫലമായിത്തീരുകയുള്ളൂ. ഈ ഉദ്ദേശം അഭിനന്ദനീയം തന്നെ

* * *

തിരുവിതാംകൂർ ഗവർമ്മേണ്ടു പഴയ ഭാഷാകൃതികളെ ശേഖരിക്കുകയും പ്രസിദ്ധപ്പെടുത്തുകയും ചെയ്യുന്നതിന്നു ചില ഏർപ്പാടുകൾ ചെയ്വാൻ നിശ്ചയിച്ചിട്ടുള്ളതായിക്കാണുന്നു. പഴയകൃതികളെ കിട്ടാവുന്നേടത്തോളം തിരഞ്ഞുപിടിച്ചു സൂക്ഷിക്കുവാനും, അവയെ ഗവർമ്മേണ്ടുവകയായിത്തന്നെ പ്രസിദ്ധപ്പെടുത്തുവാനുമാണ് ഗവർമ്മേണ്ടിൽനിന്നു നിശ്ചയിച്ചിട്ടുള്ളതെന്നാണറിയുന്നത്. ഈ ജോലി, സംസ്കൃതഗ്രന്ഥങ്ങൾ ശേഖരിച്ചു പ്രസിദ്ധം ചെയ്യുന്ന ഡിപ്പാർട്ടുമേണ്ടിന്റെ അദ്ധ്യക്ഷനെത്തന്നെയാണത്രെ ഏല്പിക്കുവാൻ പോകുന്നത്. ഇതുപോലെ തന്നെ, പഴയ ഗ്രന്ഥങ്ങൾ പ്രസിദ്ധപ്പെടുത്തുവാനായി കൊച്ചിയിലും ചില നിശ്ചയങ്ങൾ ചെയ്തുകാണുന്നുണ്ട്. ഇതു ഭാഷാപരിഷ്കരണക്കമ്മററിക്കാർ മുഖേനയാണ്. പഴയ ഗ്രന്ഥങ്ങൾ ചില വ്യാഖ്യാനങ്ങളോടും അവതാരികകളോടുംകൂടി ഓരോ പണ്ഡിതന്മാരുടെ സഹായത്താൽ തെയ്യാറാക്കിച്ചു ഭാഷാപരിഷ്കരണക്കമ്മററി മുഖേന പ്രസിദ്ധപ്പെടുത്തുവാനാണിവിടെയുള്ള ആലോചന. ഈ ആലോചനകൾ കടലാസ്സിലല്ലാതെ കാര്യത്തിൽ വരുന്ന പക്ഷം ഭാഷാഭിമാനികൾക്കു സന്തോഷിപ്പാൻ വകയുള്ളവയാണെന്നുള്ളതിന്നു സംശയമില്ല.

* * *

ഭാഷാപരിഷ്കരണക്കമ്മററിയുടെ ആഭിമുഖ്യത്തിൽ ഒരു പുതിയ ഭാഷാനിഘണ്ടു ഉണ്ടാക്കുവാനുള്ള ശ്രമവും ചെയ്തുവരുന്നതായി അറിയുന്നു. ഈ വിഷയത്തെസ്സംബന്ധിച്ച ചില ലേഖനങ്ങൾ മുമ്പു 'മംഗളോദയ'ത്തിൽ പ്രസിദ്ധം ചെയ്കയുണ്ടായിട്ടുണ്ടെങ്കിലും നിഘണ്ടുനിർമ്മാതാക്കളുടെ ശ്രദ്ധയ്ക്കായി ചില സംഗതികൾകൂടി പറയുന്നത് ആവശ്യമാണെന്നു തോന്നുന്നു. ഒരു നിഘണ്ടുവുണ്ടാക്കുവാൻ വേണ്ടതു വാക്കുകളാണ്. വാക്കുകൾ പല ഗ്രന്ഥങ്ങളിലും പഴയ ആളുകളുടെ അറിവിലുമായി ചിന്നിച്ചിതറിയാണു കിടക്കുന്നത്. സാഹിത്യത്തിൽ ഏററവും സുലഭമായ ഗ്രന്ഥങ്ങൾ മാത്രം നോക്കിയതുകൊണ്ടു ഗ്രന്ഥാരൂഢങ്ങളായ വാക്കുകൾ തന്നെ മുഴുവൻ ശേഖരിക്കുവാൻ കഴിയുന്നതല്ല. ഓരോ വിഷയത്തെപ്പററിയുള്ളവയും ഇതേവരെ അച്ചടിക്കാത്തവയുമായ ഗ്രന്ഥങ്ങൾ കൂടി പരിശോധിക്കണം. ഗണിതശാസ്ത്രം, ശില്പശാസ്ത്രം, തന്ത്രശാസ്ത്രം, മന്ത്രശാസ്ത്രം മു

തലായ വിഷയങ്ങളെപ്പററി ചില ഗ്രന്ഥങ്ങൾ ഇതേവരെ അച്ചടിക്കാതെ കിടപ്പുണ്ട്. അവ തേടിപ്പിടിച്ച് അവയിലുള്ള പുതിയ വാക്കുകൾ ശേഖരിക്കണം. ഗണിതത്തിൽ യുക്തിഭാഷ മുതലായ ഗ്രന്ഥങ്ങൾ പണ്ഡിതന്മാൎക്കുകൂടി അൎത്ഥമറിവാൻ പ്രയാസമുള്ളവയാണ്. തന്ത്രശാസ്ത്രത്തിലെ പദങ്ങളുടെ താൽപൎയ്യം ഗ്രഹിക്കുവാൻ നല്ല താന്ത്രികന്മാരുടെ സഹായം വേണ്ടിവരും. ഇതുപോലെ മററുള്ളവയ്ക്കും പരസഹായം ആവശ്യമായിവരും. ആ വക ക്ലേശങ്ങൾക്കെല്ലാം നിഘണ്ടുനിൎമ്മാതാക്കൾ ഒരുങ്ങിയാൽ മാത്രമേ കാൎയ്യം സാധിക്കയുള്ളു. അങ്ങിനെ ശേഖരിക്കുന്ന വാക്കുകൾ നിഘണ്ടുവിൽനിന്നു വേറിട്ടെടുത്താൽ സാങ്കേതികനിഘണ്ടുവൊന്നു വേറെയും സമ്പാദിക്കാവുന്നതാണ്.

* * *

ഇതിന്നു പുറമെ, ഓരോ പ്രത്യേകസംഗതികളെപ്പററിയ വാക്കുകളെ സമ്പാദിക്കുന്നതിന്നു വേറെയും ചില സൂത്രങ്ങൾ വേണ്ടിവരും. ക്ഷേത്രത്തിന്നുള്ളിൽ ഉള്ള ഓരോ സ്ഥാനങ്ങളേയും ഓരോ വസ്തുക്കളേയും ഓരോ കൎമ്മങ്ങളേയും സംബന്ധിച്ച വാക്കുകൾ ക്ഷേത്രോപജീവികളുമായി ആലോചിച്ചാൽ ശേഖരിക്കുവാൻ കഴിയും. ബ്രാഹ്മണരുടേയും മററും നിത്യനൈമിത്തികകൎമ്മങ്ങളെസ്സംബന്ധിച്ച വാക്കുകളറിയുന്നതിന്നു ബ്രാഹ്മണോത്തമന്മാരുമായി എടപെഴകേണ്ടിവരും. യാഗശാല, അതിലെ സാധനങ്ങൾ, ക്രിയകൾ മുതലായവയെപ്പററിയ വാക്കുകൾ യാജ്ഞികന്മാരുടെ പരിചയംകൊണ്ടു മാത്രമേ സമ്പാദിക്കുവാൻ കഴികയുള്ളു.

* * *

മേല്പറഞ്ഞപ്രകാരം പലതരത്തിലുമായി സമ്പാദിക്കേണ്ട വാക്കുകൾ ശേഖരിക്കുവാൻ ചില ക്ലാൎക്കുമാരെ നിശ്ചയിച്ചതുകൊണ്ടൊന്നും കാൎയ്യമാവുന്നതല്ല. ഇതേവരെ അച്ചടിച്ചിട്ടുള്ള നിഘണ്ടുക്കളിലുള്ളതൊഴിയെ പുതുതായി ശേഖരിച്ചുകൊടുക്കുന്ന ഓരോ വൎഗ്ഗത്തിൽപ്പെട്ട വാക്കുകൾക്കും വാക്കൊന്നിന്നോ അല്ലെങ്കിൽ ഭാഗമൊന്നിന്നോ ഇന്ന പ്രതിഫലം കൊടുക്കാമെന്നു നിശ്ചയിക്കുകയാണു ഭേദം. അങ്ങിനെ ചെയ്താൽ അധികം ആളുകൾ ഈ വിഷയത്തിൽ പണിയെടുക്കുവാനും അധികം വാക്കുകൾ കിട്ടുവാനും എടവരുമെന്നാണു ഞങ്ങൾക്കു തോന്നുന്നത്. ഉദ്ദേശം ഒന്നുമാത്രമാണെങ്കിലും അതിന്റെ നിൎവ്വഹണം പല ഉപായങ്ങളെക്കൊണ്ടു വേണ്ടതാകയാൽ പലതരക്കാരായ പല ജനങ്ങളും കൂടി പ്രവൃത്തിയെടുക്കാതെ നിവൃത്തിയില്ല. പ്രത്യേകം നിശ്ചയിക്കുന്നവരായ ചില ആളുകൾ എത്രതന്നെ പണിയെടുത്താലും കാൎയ്യം വേണ്ടതുപോലെ നിൎവ്വഹിക്കുന്നത് അസാദ്ധ്യമാണ്. അഥവാ ഒരുവിധം സാദ്ധ്യമായാൽക്കൂടി അതിന്നു കാലം കുറെ വേണ്ടിവരും. പലതരക്കാരായ പലരുംകൂടി ഒരേ വിഷയത്തിൽ ഒരേ സമയത്തു പ്രവൃത്തിയെടുക്കുവാൻ വഴിയുണ്ടാക്കിയാൽ എത്ര വലിയ കാൎയ്യവും എളുപ്പത്തിൽ സാധിക്കാവുന്നതുമാണ്. ഈ സംഗതി കമ്മററിക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കുമെന്നു വിശ്വസിക്കുന്നു.

# ശബ്ദാലങ്കാരം.

## അനുപ്രാസം.

ശേഷമിരട്ടിക്കുന്നത–
ശേഷമനുപ്രാസമാണതുമിവണ്ണം
വൎണ്ണാനുപ്രാസം, പദ–
പിണ്ഡാനുപ്രാസമെന്നുരണ്ടുവിധം.

അൎത്ഥം:—ശേഷം, യമകലക്ഷണം തട്ടാതെയുള്ളത് ഇരട്ടിക്കുന്നത് അശേഷം, അക്ഷരങ്ങളാവട്ടേ പദങ്ങളാവട്ടേ ആവൎത്തിക്കുന്നത് അനുപ്രാസമാണ്. പദപിണ്ഡാനുപ്രാസം, പദാനുപ്രാസം.

### വൎണ്ണാനുപ്രാസം.

ഉല്ബണമെന്നുംപിന്നെയ–
നല്ബണമെന്നുംതിരിക്കിലുംവീണ്ടും
വൎണ്ണാനുപ്രാസംസ്വ, സ–
വൎണ്ണാംശത്താലെനാലുവിധമാകും.

അൎത്ഥം:— ഉല്ബണം, ലയമില്ലാത്തത്. രൂക്ഷാക്ഷരപരിക്ഷിപ്തമെന്നു സൂക്ഷ്മാൎത്ഥം. അനല്ബണം, ലയമുള്ളത്. മൃദുലവൎണ്ണദലലളിതമെന്നു താൽപൎയ്യം. സ്വം അതാതക്ഷരം തന്നെ. സവൎണ്ണം ഉച്ചാരണത്തിങ്കൽ സാമ്യമുള്ളക്ഷരം. എന്നാൽ, ഉല്ബണകേവലവൎണ്ണാനുപ്രാസം, അനല്ബണകേവലവൎണ്ണാനുപ്രാസം, ഉല്ബണസവൎണ്ണവൎണ്ണാനുപ്രാസം, അനല്ബണസവൎണ്ണവൎണ്ണാനുപ്രാസം എന്നു നാലുവിധമാണെന്നൎത്ഥം.

#### ഉല്ബണകേവലവൎണ്ണാനുപ്രാസം.

ധൃട്ടംഗംഗസ്സുള്ളിൽദ്വേഷം–
ജ്ജടെജ്ജടെജ്ജട്ടംവൎണ്ണം.
ദൃഢനുടെശംതകൾകെട്ടമടടവൊട്ടമടി–
റാട്ടനട്ടമലർശരനെട്ടകൊടിമമതുണ.

#### അനല്ബണകേവലവൎണ്ണാനുപ്രാസം.

സരസിജാസ്യസരസ്വതിതോററിട്ടും
സരസസൌഭഗസാരമെഴുംശിവേ!
സരസമേകകമേസതതംകൃപാ–
സരസമാനസഥാസസമീക്ഷണം.
മനോജമഥനന്റെവൻ–
മതിമയക്കിമട്ടാക്കമാ–
മനോജ്ഞമധുരാംഗിയാം
മലമകൾക്കമന്മാനസം
മനോരഥമസംഖ്യമാ–
മവമടക്കിമന്ദേതരം
മനോമറികൾമാറുമാ–
റമലഭക്തിനൾകുന്നുഞാൻ.

ഈ ഉദാഹരണം അത്യന്തം അനല്ബണമായിരിക്കുന്നു.

#### ഉല്ബണസവൎണ്ണവൎണ്ണാനുപ്രാസം.

മൂപ്പന്മാരൊക്കെയിക്കശ്ശലവിഷയവിഷം
സൌഖ്യമാക്കാണമെന്നാൽ
മൂക്കമ്പോൾക്കൊച്ചമിക്കണ്ടവകൾമുഴവനും
ദുഃഖമായിട്ടിരിക്കും
മുക്കണ്ണസ്വാമിമുഖ്യപ്രണയനിലനിന–
ക്കുന്നതൃക്കണ്ണിളക്കം
കഷ്ടൎണ്ണാൾക്കുള്ളതുക്കാല്ക്കടിമപെടുകിച്ചീ–
ദുഃഖവുംസൌഖ്യമാകാം.
വിശ്ലിത്തംവിട്ടെന്റസ്യ–
ദുഷ്ടമനസ്സേ!ശരിഷ്ടനിഷ്ഠയോടും
മട്ടലർശരനേച്ചട്ടൊരു
ദൃഷ്ടി[illegible]റയകെട്ടു.

ഈ ഉദാഹരണം ആദ്യത്തേതിലും ഉല്ബണമായിരിക്കും.

അനുല്ബണസവർണ്ണവർണ്ണാനുപ്രാസം.

ശിരസിശശിവിലസിട്ടംവിട-
നരസിവിശേഷിച്ചണിഞ്ഞപെണ്മാലേ!
മനസിമമനഭസിശശിപോ-
ലനസിതഹസിതാഭവിതറിവിലസണമേ.

പ്രാസത്തിലക്ഷരാനു-
പ്രാസത്തേസ്ഥാനനിയമമാണല്ലോ
കൂട്ടാൻവിരോധമിതിലും
കൂട്ടാണുസവർണ്ണമാന്നനുപ്രാസം.

സ്ഥാനനിയമത്തോടുകൂടിയും സവർണ്ണവർണ്ണാനുപ്രാസമുണ്ടെന്നും അതിനെ ചിലർ പ്രാസത്തിൻെറ കൂട്ടത്തിൽ ഗണിച്ചുവരുന്നുണ്ടെന്നും താൽപര്യം.

സ്ഥാനനിയമത്തോടുകൂടിയ
ഉല്ബണസവർണ്ണവർണ്ണാനുപ്രാസം.

നിഗലാതഢ്വനിയെന്നപോലലറിട്ടം
വൻതോക്കിനുള്ളൊച്ചയെ
സ്വർഗ്ഗാരോഹണനാന്ദിയെന്നുകരുതി-
ത്തോക്കിൻെറനേക്കായ്‌രണേ
ദുഃഖാവേശമതല്ലനല്ലരസമായ്-
ച്ചൊൽവോർകൾധാരാളമു-
ണ്ടിക്കാലത്തുമുമേ!ഭവൽപദപര-
ന്മാരെത്രയോദുല്ലഭം.

സ്ഥാനനിയമത്തോടുകൂടിയ
അനുല്ബണസവർണ്ണവർണ്ണാനുപ്രാസം.

മുദ്ധേന്ദുചൂഡൻപുണരുമ്പൊൾവിങ്ങും
മുത്തേന്തുമോമന്മുലയുള്ളനാഥേ!
ത്വദ്ദേഹസൌന്ദര്യവിലാസമെല്ലാം
പ്രത്യേകമെന്നുള്ളിൽവിളങ്ങിടേണം.
നിതാന്തമോരോദുരയോടുകൂടി
വൃഥാകഴിങ്ങിക്കഴിവുള്ളകാലം
നിദാനവുംഭ്രാന്തുപിടിച്ചുഴന്നാൽ
പ്രധാനസേവയ്ക്കിനിയെന്നുകൂടും?

ഇത് അസംയുക്താക്ഷരങ്ങളെക്കൊണ്ടുള്ള ഉദാഹരണമാണ്.

വിചാരിച്ചാലെല്ലാമരുളുമൊരുചി-
ന്താമണിമഹാ-
പ്രയാസങ്ങണ്ടെത്താനുസ്വരപുര-
സ്പൃട്ടറയിലാം
നിജാന്തർഭാഗത്തിൽഞ്ഞുവരുണി!
നിൻപൃജനകലാ-
ദശാലേശങ്ങിട്ടനാവനമരചി-
ന്താമണിതൃണം.

ഇതിൽ ചവൎഗ്ഗത്തിൽപ്പെടാത്തതായാലും താലവ്യമായ യകാരംകൊണ്ടും ശകാരംകൊണ്ടും സാവർണ്യഭേദം കാണിച്ചിരിക്കുന്നു.

ചിന്നുന്നദുഃഖത്തെയൊഴിച്ചടന്താ-
നൊന്നുംസുഖംനേടുവതിന്നുമുന്നം
മന്നത്തമേനിത്തിനയംനിനച്ചു
കുന്നിൻകുമാരിസ്സിതകൈതൊഴുന്നേൻ.

ഈ ശ്ലോകം ഒരു പ്രത്യുദാഹരണമാണ്. എങ്ങിനെയെന്നാൽ ഇതിൽപ്പറൽപ്പെരുപ്രകാരംഒന്നാംപാദത്തിലെ സംഖ്യയോട രണ്ടാംപാദത്തിലേതു കൂട്ടി മൂന്നാംപാദത്തിലേതു കിഴിച്ചാൽ നാലാംപാദത്തിലേതു കിട്ടും. അതായതു ഒന്നാംപാദം ൻ൦൦വ്വ൨൯൧൯൩൧൩, രണ്ടാംപാദം ൦൦൭൨൦൧൮൩൦൪൦, രണ്ടും കൂട്ടിയാലുള്ളതു ൻ൦വ്വ൦൨൭൨൫൩൬൩, ഈ സംഖ്യയിൽനിന്നു മൂന്നാംപാദം ൪൦൩൪൦൩൧൦൦൩ കിഴിച്ചിട്ടു കിട്ടിയതു ൧൦൧൫൨൧൩൩൦ ഇതാണല്ലോ നാലാംപാദം. എന്നാൽ ഇതിൽ സംഖ്യകൊണ്ടു സാദൃശ്യമുള്ള വർണ്ണങ്ങളുടെ ആവൃത്തിയുണ്ടെങ്കിലും ഇതു സവർണ്ണവർണ്ണാനുപ്രാസമാവുന്നതല്ല. ഉച്ചാരണത്തിൽസ്സാവർണ്യമേ ശ്രുതിസുഖമുളവാക്കുള്ളു. അങ്ങിനെയുള്ളതിനേ സവർണ്ണസംജ്ഞ പാണിനിമഹർഷി കൊടുത്തിട്ടുമുള്ളു.

വൃത്തി,ച്ഛേകം,ലാട,മെന്നു
വൃദ്ധർചൊല്ലുന്നപേരുകൾ
വൃത്തിയോടിങ്ങനുപ്രാസ-
വൃത്തിഭേദത്തിലെത്തിടും.
അച്ചുമാത്രംമുറസ്സാവ-
ർത്തിച്ചുവൃത്തിവരുത്തിയാൽ
വൃത്ത്യനുപ്രാസമെന്നായ്ത്തൽ
കൃത്യവിത്തുകൾചൊല്ലിടും.

വൃത്ത്യനുപ്രാസം

അമന്ദമദോന്മദവണിഞ്ഞവനാ-
ങ്ങമന്നിടാത്താശയണസ്സുമമ്മേ!
അംഘങ്ങളാന്നല്ലലകപ്പെടാസ്സാ-
നഖണ്ഡമായുണ്ടടിയനാപേക്ഷ

വർണ്ണാനുപ്രാസമൊന്നത്രേ
ഛേകാനുപ്രാസമെന്നതും
ഇതുഹല് മാത്രമുൾക്കൊണ്ടും
നടപ്പുണ്ടുപലേടവും

പരമ്പരാരാതിപരിഗ്രഹിച്ചോരീ-
ശ്ശരസ്തനീരൂപമൊരെണ്ണമുൾപ്പുരേ
പുരൈവൊരൊന്നാന്തരമാന്തരോത്സവം
ചിരന്നിരന്നോക്കതിരോസ്യരൌഘലവും

ഇതിൽ അടുത്തടുത്തല്ലെങ്കിലും രേഫങ്ങളിൽ അകാരംമുതൽ ഔകാരം വരെയുള്ള അച്ചുകൾ ഉപയോഗിച്ചിട്ടുണ്ട് എന്നൊരു വിശേഷവും കൂടി ഉദാഹരണരമണീയതയെ പോഷിപ്പിക്കുന്നു.

(വർണ്ണാനുപ്രാസകാണ്ഡം കഴിഞ്ഞു)

## പദാനുപ്രാസം.

പദാനുപ്രാസമൊന്നല്ലോ
ലാടാനുപ്രാസമായതും
ഇതുപക്ഷേവ്യംഗ്യമായു
മുണ്ടെന്നുപറയും ചിലർ

വ്യംഗ്യപദാനുപ്രാസം

ചിന്നനുമഞ്ഞമിന്നൽപ്പിണരഹിക
സ്സുന്നുതെട്ടുന്നിതശം (ഉള്ളൊളി-
നന്നായ്ക്കളകന്നമാക്കാന്തവളകിളിപിം-
സ്സുന്നമൊച്ചക്കരങ്ങും
ചന്ദ്രാർക്കാംശുക്കൾചിങ്ങത്തിലുമഹഹമറ
സ്സുന്നുവിണ്ണുക്കരികാ-
റിന്ദ്രാജ്ഞക്കൊത്തുവീശുന്നിതുപിരഹിവി
ക്കാറുകാലങ്കടുത്തു (ഷ-

ഈ ശ്ലോകത്തിൽ 'യമാനിലേന്ദ്രചന്ദ്രാർക്കവിഷ്ണുസിംഹാംശുവാജിഷു ശുകാഹികപിഭേകേഷുഹരിന്നാകപിലേത്രിഷു' എന്ന നിഘണ്ടുപ്രകാരം ഹരിപദത്തിന്റെ അർത്ഥങ്ങളെ കാണിച്ചിരിക്കുന്നതിനാൽ വ്യംഗ്യമായിട്ടു ഹരിപദാവൃത്തിരൂപമായ പദാനുപ്രാസമുണ്ടെന്നു ചിലർ പറയുന്നു. 'ഭിന്നാർത്ഥമായ്ശബ്ദമാത്രമൊന്നായ' ഹരിപദത്തിന്റെ ആവൃത്തിയാകയാൽ, 'പദയമകവ്യംഗ്യരീതിവകഭേദ'മാണിതെന്നു വേറെ ചിലരും ബലമുള്ള വാദം കൊണ്ടുവരുന്നു. വിദ്വാന്മാർ ഇരുകക്ഷികളുടേയും വാദം കേട്ടു വിധി പറഞ്ഞു കൊള്ളട്ടേ.

സ്ഥാനനിയമംപിടിച്ചും
താനതുപിടിയാതെകണ്ടുമെന്നീവണ്ണം
രണ്ടുവിധത്തിലുമിവിടെ-
ക്കണ്ടുവരുന്നുണ്ടഹോപദാനുപ്രാസം.

സ്ഥാനനിയമത്തോടുകൂടിയ പദാനുപ്രാസം.

ഇതു പദയമകംപോലെ സ്ഥാനഭേദംകൊണ്ടു പലമാതിരിയിലുണ്ടാവുമല്ലോ.

പാദമുഴക്കേ—

അന്തരാഗിരിജയെസ്മരിപ്പവ-
ർക്കേന്തുസങ്കടമഹോഭവാമയം
ഹന്തവൈഷയികരായിടുന്നവ-
ർക്കേന്തുസങ്കടമഹോഭവാമയം.

ഓരോ പാദങ്ങളുടെ ആദിമദ്ധ്യാന്തങ്ങളിൽ—

ജയജയമാമലമകളേ!
നവനവകരുണാവിലാസമുള്ളവളേ!

പലപലസങ്കടവുംമേ (ൽ.
പൊടിപൊടിയാക്കുകകടാക്ഷയന്ത്രത്താ
കാലൻപിടിപിടിയെന്നാ–
ട്ടോലേശിവ!ശിവ!ഭടക്കുനീട്ടെഴുത്തും,
അവനോബഹ്ലബഹ്ലകഠിനൻ
തവദയമൃദുമൃദുഭവാനി!വിഷമംമേ.
പാർവ്വതി!ശരണംശരണം
പാപംപെരുതഞ്ഞുതീർത്തുതരണംതരണം
പരമഴൽകെടണംകെടണം (ണം.
പദദാസനെയൊന്നുകോറിഷിടണംവിട

ഈരണ്ടു പാദങ്ങളിലായിട്ട് ആദിമദ്ധ്യാന്തങ്ങളിൽ —

നമുക്കനാടൊക്കെയടക്കിടേണം
നമുക്കുകീഴാവണമിന്നുലോകം
മനുഷ്യനേവംമഹിമക്കുവേണ്ടി
മനുഷ്യജന്മംകളയുന്നുമായേ!
ഭവപ്രിയംകണ്ടശിവേ!പരന്നു
തവപ്രിയംകണ്ടറിയാവതാമോ?
നന്നുപ്രസാദിക്കുകദേവി!നീതാൻ
മനംപ്രസാദിക്കമെനിക്കുമെന്നാൽ.
ദൃഢംശിവേ!നിൻകരുണാവിലാസം
പെട്ടന്നുദാളെന്റെമനോവിലാസം
ഉടൻപ്രപഞ്ചഭ്രമദുഷ്ടബോധം
വെടിഞ്ഞുനേടുംപരതത്വബോധം.

ഓരോ പാദങ്ങളിടവിട്ട് ആദിമദ്ധ്യാന്തങ്ങളിൽ —

ദുരാഗ്രഹത്താൽധനധാന്യജാലം
നിനച്ചുകാലംകളയുന്നുലോകം
ദുരാപമാംനിൻപദമദ്രികന്യേ!
നിനക്കുമാസ്സജ്ജനമോചകം.
ഗിരിസുതേ!കരുണാരസമൂന്നിടും
പെരിയനോട്ടമയച്ചിടുകെന്നിൽനീ
അരിയില്ലുംകരുണാരസമാർന്നതാ–
നരിയനോട്ടമയച്ചിടുമന്നുഞാൻ.

വെള്ളപ്പാലെത്രപുഞ്ചിരിക്കുരുചിയു–
ണ്ടെന്നാലുമേകേവലം
കള്ളപ്പെൺകൊടിമാർകടാക്ഷവലയിൽ–
ച്ചാടാതിരിക്കേണമേ
ഉള്ളിൽപ്പൊങ്ങൊതിമോസഖേ!വിടുവത–
ല്ലെന്നാലുമേകേവലം
തള്ളിപ്പാർവ്വതിയേവിടാക്കുകുഴിയിൽ–
ച്ചാടാതിരിക്കേണമേ.

എല്ലാപ്പാദങ്ങളുടേയും ആദിമദ്ധ്യാന്തങ്ങളിൽ —

സദാശിവപ്രിയാംഗനേ!
സദാശിവന്തരേണമേ
സദാശിവന്നുനൽസുഖം
സദാകൊടുത്തിടുംശിവേ!
സദാശിവൻതവപ്രിയൻ
സദാസുഖിച്ചിടുംവിധം
സദാശിവത്വമാർന്നുമേ
സദാസുഖിച്ചിടേണമേ.
ഗിരീന്ദ്രനുസന്തോഷമേകുന്നധന്യേ!
ഗിരീശൻസസന്തോഷമേറ്റുന്നകന്യേ!
ചിരാദ്ദുഃഖസന്തോഷമിശ്രത്വമെന്യേ
പരംപൂർണ്ണസന്തോഷമിങ്ങേകുവന്ദ്യേ!
ഗിരിക്കുശുദ്ധംമകളേ!ജയിക്കനീ
ഹരിക്കുതക്കോരനുജേ!ജയിക്കുനീ
സ്മരിക്കുമീശന്നുടലേ!ജയിക്കുനീ
സ്മരിക്കുമാർക്കുംമൃതേ!ജയിക്കുനീ.

മൂന്നാവൃത്തിയിൽ, ആദിമദ്ധ്യാന്തങ്ങളിൽ —

മനസ്സേമനസ്സേമനസ്സേറിനീനി–
ല്ലൊഴിയ്ക്കൊല്ലൊഴിയ്ക്കൊല്ലൊഴിയ്ക്കൊല്ല (തെല്ലു
സ്മരിക്കുസ്മരിക്കുസ്മരിക്കുശിവാഖ്യം
ജയിക്കുംജയിക്കുംജയിക്കുംദൃഢന്താൻ.

കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻതമ്പുരാൻ.

# മംഗളോദയം

൧൦൮൯

പുസ്തകം ൬ | കന്നി | ലക്കം ൩


## മംഗളം

ജ്ഞാനാനന്ദസ്വരൂപൻപരമപുരുഷനൊന്നുള്ളകൈവല്യഗീതം
ഗാനംചെയ്യുന്നുനിത്യംനിഗമശതസഹസ്രങ്ങൾനിസ്സീമശക്ത്യാ
നാനാശാസ്ത്രങ്ങളല്ലോനിരവധിവിഷയജ്ഞാനമേകിബ്ബുധന്മാ-
ർക്കാനന്ദംകൈവരുത്തിത്തരുവതുമതിനാൽശ്ശാസ്ത്രമേസേവനീയം.

# ശാസ്ത്രങ്ങളുടെ ഉൽപത്തി *

(ശാസ്ത്രം എന്നുവെച്ചാൽ എന്താണ്?)



ശാസ്ത്രജ്ഞാനവും സാധാരണജ്ഞാനവും തമ്മിൽ സ്വഭാവംകൊണ്ട് എന്തൊ കുറെ അന്തരമുണ്ട് എന്നൊരു വിചാരം ഇപ്പോഴും ആളുകൾക്ക് ഉള്ളതായിക്കാണുന്നു. ഗ്രീക്കുകാർ ഈ അന്തരം നല്ലവണ്ണം ഉള്ളതായിട്ടാണു ധരിച്ചിരുന്നത്. അവർ ഗണിതവിദ്യയെ മാത്രമേ പ്രധാനമായ ജ്ഞാനമായി കരുതിയിരുന്നുള്ളൂ. അവരുടെ ഭാഷയിൽ 'ഗണിതവിദ്യ' എന്ന പദത്തിന്നുതന്നെ 'പഠിച്ചറിഞ്ഞ വിഷയം' എന്നാണർത്ഥം. അവരെ അനുസരിച്ചുകൊണ്ടു പിൻകാലങ്ങളിലുള്ളവരൊക്കെ അങ്ങിനെതന്നെ വിശ്വസിക്കുകയും ചെയ്തു. ശാസ്ത്രജ്ഞാനം

* ഹെർബർട്ട് സ്പെൻസർ എഴുതിയ ഒരുപന്യാസത്തിൽനിന്നു തർജ്ജമ ചെയ്തത്.

കൊണ്ടു സിദ്ധിച്ചിട്ടുള്ള കാൎയ്യങ്ങൾക്കം, ഒരു ക്രമവുമില്ലാതെകണ്ടു ദിവസന്തോറും ചെയ്യുന്ന വിചാരങ്ങളാൽ സിദ്ധിച്ചിട്ടുള്ള കാൎയ്യങ്ങൾക്കം തമ്മിലുള്ള അന്തരം നോക്കുമ്പോൾ, ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും തമ്മിൽ ഇങ്ങിനെയൊരു ഭേദം കല്പിച്ചതിൽ ഒട്ടുംതന്നെ ആശ്ചൎയ്യപ്പെടുവാനില്ല. പക്ഷെ, സാധാരണക്കാരുടെ നിലയിൽനിന്നു കുറച്ചൊന്നുയൎന്നിന്നുനോക്കിയാൽ, ഈ ഭേദകല്പന കേവലം ഉപരിപ്ലവം മാത്രമാണെന്നു കാണുന്നതാണ്. രണ്ടു സംഗതികളിലും ഒരേ അന്തഃകരണവൃത്തികളെത്തന്നെയാണു പ്രയോഗിക്കുന്നത്; രണ്ടിലും അവയുടെ പ്രയോഗസമ്പ്രദായവും, മുഖ്യമായിട്ട്, ഒന്നുതന്നെയാകുന്നു. യഥാക്രമം വകതിരിച്ചു ചേൎത്തുവെച്ചിട്ടുള്ള ജ്ഞാനമാണ് ശാസ്ത്രം എന്നൊന്നു നിൎവ്വചിക്കാം. പക്ഷെ, സകല ജ്ഞാനവും ഏറക്കുറെ വകതിരിച്ചു ക്രമപ്പെടുത്തിയിട്ടുള്ളതായിരിക്കയാൽ ഈ നിൎവ്വചനം ശരിപ്പെടുന്നതല്ല. നമ്മൾ വീട്ടിൽവെച്ചും പുറമെചെന്നും അതിസാധാരണങ്ങളായ അനവധി കാൎയ്യങ്ങൾ നടത്തുന്നുണ്ട്. നമ്മൾ പല വിവരങ്ങളും ശേഖരിക്കുകയും അവയിൽനിന്നു പല സംഗതികളും ഊഹിക്കുകയും ചില ഫലങ്ങളെ പ്രതീക്ഷിക്കുകയും ചെയ്തിട്ടാണ് ആവക കാൎയ്യങ്ങൾ നാം നടത്തുവാൻ തുടങ്ങുന്നതെന്നു അവയിൽനിന്നുതന്നെ വ്യക്തമാണ്. അവ പ്രായേണ സഫലമായി വരുന്നുവെന്ന സംഗതിതന്നെ അവ നടത്തുന്നതിന്നു സഹായമായി ശേഖരിച്ച വിവരങ്ങളെ നമ്മൾ ശരിയായി ചേൎത്തുവെച്ചിരുന്നുവെന്നു തെളിയിക്കുന്നുണ്ട്. അല്ലെങ്കിൽ, ശാസ്ത്രജ്ഞാനം എന്നുവെച്ചാൽ കാലേക്കൂട്ടിയുള്ള അറിവാകുന്നു—മുൻകൂട്ടി കാണലാകുന്നു—ഇന്നിന്ന സംഗതികൾ ഇന്നിന്ന കാലങ്ങളിലും സ്ഥലങ്ങളിലും ഇന്നിന്നവയോടൊന്നിച്ചും അല്ലെങ്കിൽ ഇന്നിന്ന ക്രമത്തിലും കാണുമെന്നു മുമ്പേതന്നെ അറിഞ്ഞുവെയ്ക്കലാകുന്നു— എന്നു പറയുന്നതായാലും ദോഷനിവൃത്തി വരുന്നില്ല. എന്തെന്നാൽ ശാസ്ത്രശബ്ദത്തിന്നു സാധാരണ സ്വീകരിക്കപ്പെട്ടിട്ടുള്ള അൎത്ഥത്തെ അപേക്ഷിച്ച് ആ ലക്ഷണത്തിന്നു അതിവ്യാപ്തി ദോഷമുണ്ട് എന്നു നമുക്കു സമ്മതിക്കേണ്ടതായിട്ടുവരുന്നു. മാമ്പഴത്തെപ്പററി കുട്ടികൾക്കുണ്ടാകുന്ന ജ്ഞാനത്തെ ഇതിന്നുദാഹരണമായി എടുക്കാം. കുട്ടികൾ ഏതെങ്കിലും ഒരാകൃതിയും നിറവുമുള്ള ഒരു വസ്തു കാണുമ്പോൾ കൈകൊണ്ടുചെന്നാൽ അതു തടയുമെന്നും അതിന്നു ഉരുണ്ട വടിവാണെന്നും അതു മൃദുവായിരിക്കുമെന്നും അവർ അറിയുന്നു; അതു കടിച്ചുനോക്കിയാൽ ഇന്നരസമായിരിക്കുമെന്നും മനസ്സിലാക്കുന്നു. ചുററുപാടുമുള്ള വസ്തുക്കളെപ്പററി സാമാന്യേന കുട്ടികൾക്കുണ്ടാകുന്ന ജ്ഞാനവും സ്പഷ്ടമായി ഈ മാതിരിയിൽത്തന്നെയാകുന്നു. ആ ജ്ഞാനം അവയെപ്പററിയ വിവിധതത്വങ്ങൾ അടങ്ങിയതായിരിക്കുമെന്നൎത്ഥം. ഏതെങ്കിലും ഒരു വസ്തുവിനെപ്പററിയ ഏതാനും തത്വങ്ങളുടെ ജ്ഞാനമുണ്ടാകുന്നതോടുകൂടി അതിൽപെട്ട മററു തത്വങ്ങളുടെ ജ്ഞാനവും മുൻകൂട്ടി ഉണ്ടാകത്തക്കവിധമാണ് ഓരോ പദാൎത്ഥങ്ങളെ സംബന്ധിച്ചുള്ള തത്വസ

മൂഹങ്ങൾ ക്രമപ്പെടുത്തി ശേഖരിക്കപ്പെട്ടിട്ടുള്ളത്. ഇനി ശാസ്ത്രമെന്നതു ശരിയായിട്ടുള്ള ഭാവിദർശനം എന്ന ജ്ഞാനവിശേഷമാകുന്നു എന്നു നാം പറയുന്നുവെങ്കിൽത്തന്നെയും സാധാരണജ്ഞാനത്തിന്നും ശാസ്ത്രജ്ഞാനത്തിന്നും തമ്മിൽ ഉണ്ടെന്നു വിചാരിക്കുന്ന അന്തരത്തെ സ്ഥാപിപ്പാൻ സാധിക്കുന്നതല്ല. എന്തെന്നാൽ നമ്മൾ ശാസ്ത്രമെന്നു പറയുന്നതിൽ പല അംശവും നല്ല ശരിയായിട്ടുള്ളതല്ലെന്നും ശരീരശാസ്ത്രം മുതലായ ചിലത് ഒരുകാലത്തും നല്ല ശരിയാവുന്നതല്ലെന്നും നാം കാണുന്നുവെന്നു മാത്രമല്ല, പണ്ഡിതപാമരന്മാരിൽ സാമാന്യേന കണ്ടുവരുന്നവയായ പല ഭാവിദർശനങ്ങളും വളരെ ശരിയായിരിക്കുന്നുവെന്നും കൂടി നാം കാണുന്നുണ്ട്. ആധാരമില്ലാത്ത വസ്തു താഴത്തു വീഴുന്നതാണ്; കത്തിച്ച തിരി വെള്ളത്തിൽ മുക്കിയാൽ കെട്ടുപോകും; മഞ്ഞുകട്ടി തീയിലിട്ടാൽ ഉരുകി ഇല്ലാതാവും—ഇവയും ഇതുപോലെ പദാർത്ഥങ്ങളുടെ അതിപരിചിതങ്ങളായ ധർമ്മങ്ങളെപ്പററിയുള്ള പല ഭാവിദർശനങ്ങളും ശരിയായിരിക്കുന്നു. ഇവയെല്ലാംകൂടെ ഭാവിദർശനങ്ങൾക്കുണ്ടാകാവുന്നത്ര യാഥാർത്ഥ്യം കാണപ്പെടുന്നുണ്ട്. ഇവിടെ മുൻകൂട്ടി കാണപ്പെടുന്ന ഫലങ്ങൾ അതിസാധാരണങ്ങളാകുന്നു എന്നതു വാസ്തവം തന്നെ; എങ്കിലും അവയുടെ വ്യാപ്തിയെല്ലാത്തവണ്ണം അവ ശരിയായിരിക്കുന്നു എന്ന കാര്യത്തിൽ അവാസ്തവം ലേശംപോലുമില്ല. ലക്ഷണം സാധിക്കുന്നതിന്ന് ഇതു മാത്രമേ വേണ്ടതാനും. ഇന്നിന്നതാണ് സംഭവിക്കുക എന്നു മുൻകൂട്ടി കണ്ടപ്രകാരം തന്നെ ഈഷൽഭേദം കൂടാതെ നടന്നുകാണുന്നുണ്ട്. വളരെ ശരിയാണെന്നിങ്ങിനെ പ്രത്യേകലക്ഷണംകൊണ്ടു നിർദ്ദേശിക്കപ്പെടുന്ന ശാസ്ത്രജ്ഞാനംകൊണ്ടും ഇതിലധികമായിട്ടൊന്നും പറഞ്ഞൊപ്പിക്കുവാൻ സാധിക്കുന്നതല്ല.

ഇത്രയും പറഞ്ഞതുകൊണ്ടു, ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും തമ്മിൽ കല്പിക്കപ്പെട്ടിട്ടുള്ള അന്തരം നിലനില്ക്കുന്നതല്ലെന്നു കാണുന്നുണ്ടല്ലൊ. എന്നാൽ ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും മദ്ധ്യേ വെച്ച് ഒരതിരിടുവാൻ എത്രതന്നെ അസാദ്ധ്യമായാലും അവ രണ്ടും ഒന്നല്ലെന്നു നമ്മൾക്കു തോന്നുന്നുമുണ്ട്. ഇവിടെ ഇങ്ങിനെ ഒരു ചോദ്യം ജനിക്കുന്നു— ഇവയ്ക്കു തമ്മിൽ എന്തൊരു സംബന്ധമാണുള്ളത്? അടുത്തു മുമ്പു പറഞ്ഞുവെച്ചിട്ടുള്ള ദൃഷ്ടാന്തങ്ങളിൽനിന്നു തന്നെ ഈ ചോദ്യത്തിന്ന് ഏകദേശമായിട്ടൊരു സമാധാനം ഉണ്ടാക്കാം. സാധാരണജ്ഞാനത്തിന്നു ശാസ്ത്രജ്ഞാനത്തിൻെറ സ്വഭാവത്തോടു സാദൃശ്യമുള്ളതായ അംശങ്ങളിൽ ഇന്ദ്രിയങ്ങളെക്കൊണ്ടു നേരിട്ടു ഗ്രഹിക്കാവുന്നവയും അസങ്കീർണ്ണങ്ങളും അവികാര്യങ്ങളുമായ വിഷയങ്ങൾ മാത്രമേ അടങ്ങിയിരിക്കുന്നുള്ളു എന്ന സംഗതി ആ വക ദൃഷ്ടാന്തങ്ങളെ വീണ്ടും നിരൂപണംചെയ്തു നോക്കുമ്പോൾ കാണുന്നതാണ്. തീകത്തിച്ചാൽ അതിലെ പുക മുകളിലേക്കു പോകുമെന്നും അടുപ്പത്തു വെച്ച വെള്ളം തീ ഉടനെ തിളപ്പിക്കുമെന്നും ഉള്ള തത്വത്തെ അതിനിപുണനായ ഭൌതികശാസ്ത്രജ്ഞനെപ്പോലെ തന്നെ പാചക

ന്മാരും മുൻകൂട്ടി മനസ്സിലാക്കുന്നുണ്ട്. ഇവയെല്ലാം കാൎയ്യകാരണങ്ങൾക്കു തമ്മിൽ നേരിട്ടും നിത്യമായുമുള്ള സംബന്ധത്തോടുകൂടിയ വിഷയങ്ങളാകുന്നു; ഈ വിഷയങ്ങളിൽ കാൎയ്യകാരണങ്ങൾ അടുത്തുപിൻതുടൎന്നുകൊണ്ടും കാണത്തക്കവിധത്തിലും ആണിരിക്കുന്നത്; ഇവയിൽ ഹേതുക്കൾ ദൂരസ്ഥങ്ങളോ ഗൂഢസ്ഥങ്ങളോ ആയിരിക്കുന്നില്ല. അതിനാൽ അതിസ്വല്പമായ യുക്തികൊണ്ടുതന്നെ ഇവയുടെ ഫലം കാലേക്കൂട്ടി മനസ്സിലാക്കാവുന്നതാണ്. ഇനി നമ്മൾക്കു ശാസ്ത്രരൂപേണ സ്ഥിതിചെയ്യുന്ന ഭാവിദൎശനങ്ങളിലേക്കു കടന്നു നോക്കാം. ഇന്നൊരു സമയത്തു സോമഗ്രഹണമുണ്ടാകുന്നതാണ്; വായുവിന്റെ അമൎച്ച ഇത്രയാണെന്ന് അളന്നു നോക്കുന്നതിന്നുള്ള 'ബാറോമീറ്റർ' എന്ന യന്ത്രത്തെ ഇത്ര ഉയരമുള്ള ഒരു കുന്നിന്റെ മുകളിൽ കൊണ്ടുചെന്നു വെച്ചു നോക്കിയാൽ ആ കുഴലിലെ 'രസം' ഇത്ര അംഗുലം താണുപോയിട്ടുള്ളതായി കാണും; വിദ്യുച്ഛക്തിയെ ഉണ്ടാക്കുന്നതിന്നുള്ള 'ഗാൾവനിക്ക് ബാററി' (Galvanic battery) എന്ന യന്ത്രത്തിന്റെ കമ്പികളുടെ രണ്ടു തുമ്പുകളും വെള്ളത്തിൽ മുക്കിപിടിച്ചാൽ കമ്പികളിൽ ഒന്നിന്റെ തുമ്പത്തുനിന്നു ജ്വലിച്ചുകൊണ്ടിരിക്കുന്ന ആവിയും മറേറതിന്റെ തുമ്പത്തുനിന്നു ജ്വലിപ്പിക്കാവുന്ന ആവിയും നിയതപ്രമാണത്തോടുകൂടി പുറപ്പെടുന്നതാണ്— ഈ വക ശാസ്ത്രരൂപങ്ങളായ ഭാവിദൎശനങ്ങളിൽ കാൎയ്യകാരണങ്ങൾക്കുള്ള സംബന്ധം ഇന്ദ്രിയപ്രത്യക്ഷങ്ങളായ വിഷയങ്ങളിൽ കാണപ്പെടുന്നതുപോലെയല്ല എന്നു നാം കാണുന്നു. ഇവയിൽ ചില കാൎയ്യങ്ങൾ ചില പ്രത്യേകകാരണസംഘാതത്തെ ആശ്രയിച്ചാണിരിക്കുന്നത്; മററു ചില സംഗതികളിൽ കാൎയ്യകാരണങ്ങൾക്കു തമ്മിലുള്ള സംബന്ധത്തെ ദുൎഗ്രഹങ്ങളായ അനവധിഅനുമാനങ്ങളെക്കൊണ്ടു മാത്രമേ മനസ്സിലാക്കുവാൻ കഴികയുള്ളൂ. അതിനാൽ, ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും തമ്മിൽ ഇങ്ങിനെ ഒരു വ്യത്യാസമാണുള്ളത്— ശാസ്ത്രജ്ഞാനം ദുൎഗ്രഹമാണ്, സാധാരണമായിട്ടുള്ളത് അത്ര ദുൎഗ്രഹമല്ല. ഒരു കൂലിക്കാരൻ അടുത്ത വേലിക്കൽനിന്നു ചില മൂളക്കങ്ങൾ കേൾക്കുമ്പോൾ, ആ ഒച്ച പുറപ്പെടുവിക്കുന്ന പക്ഷിയുടെ ആകൃതിയും നിറവും ഇന്നിന്നതാണെന്ന് അവന്നു പറയുവാൻ കഴിയും; ഒരു ജ്യോതിശ്ശാസ്ത്രജ്ഞൻ സൂൎയ്യന്നും ഭൂമിക്കും മദ്ധ്യത്തിൽ ശുക്രൻ വരുന്ന സമയത്തെ ഒരിക്കൽ കണക്കാക്കിയതിന്നുശേഷം, ആ ഗ്രഹത്തെ ദൂരദൎശിനിയിൽകൂടി ഇന്ന സമയത്തു നോക്കിയാൽ സൂൎയ്യമണ്ഡലത്തിന്മേൽ ഒരു കറുത്ത പൊട്ടു തൊടീച്ചപോലെ ഇന്നവിധം കാണുമെന്നു ആയാൾക്കും കുറിച്ചു കാണിക്കുവാൻ കഴിയും; സാമാന്യേന നോക്കുന്നതായാൽ ഈ രണ്ടുപേരും ഒന്നുതന്നെയാണു ചെയ്യുന്നത് എന്നു നാം കാണുന്നു. ഇന്നിന്ന ലക്ഷണങ്ങളെല്ലാം കണ്ടാൽ, തങ്ങൾ മുൻകൂട്ടി സങ്കല്പിച്ച പ്രകാരമുള്ള ഇന്നിന്ന സംഗതികൾ നടന്നു കാണും എന്നാണ് ഇരുവരും മനസ്സിലാക്കുന്നത്. അതിനാൽ ശാസ്ത്രജ്ഞാനത്തിന്നും സാധാരണ ജ്ഞാനത്തിന്നും ത

ത്തിൽ ഉള്ള അന്തരം അവയെ ഗ്രഹിക്കുന്നതിന്നുവേണ്ടി പ്രയോഗിക്കുന്ന അന്തഃകരണവൃത്തിയിലല്ല സ്ഥിതി ചെയ്യുന്നത്; ആ അന്തരം ഭാവിദർശനങ്ങളുടെ യാഥാർത്ഥ്യത്തിലും അല്ല. ഭാവിദർശനം സാധിക്കുന്നതിന്നാവശ്യമായ പ്രയോഗങ്ങളുടെ സങ്കീർണ്ണാവസ്ഥയിലാണ് വ്യത്യാസമുള്ളത്. നമ്മളുടെ സാധാരണമായ ജ്ഞാനം മിക്കതും ശരിതന്നെയാകുന്നു; ശാസ്ത്രം കൊണ്ട് അവയുടെ യാഥാർത്ഥ്യം വർദ്ധിക്കുന്നതല്ല. എന്നാൽ ശാസ്ത്രംകൊണ്ട് എന്താണു സാധിക്കുന്നത്? സാധാരണയായി അറിയപ്പെടാത്തവയായ വിഷയങ്ങളെ സംബന്ധിച്ചുകൂടി ശാസ്ത്രം യഥാർത്ഥബോധമുണ്ടാക്കിത്തരുന്നു. ഏററവും അസങ്കീർണ്ണങ്ങളും സുഗമങ്ങളുമായ വിഷയങ്ങളുടെ സഹവർത്തനത്തെയും അനുവർത്തനത്തെയും സംബന്ധിച്ച പ്രത്യക്ഷദർശനം എത്രത്തോളം യഥാർത്ഥമായ ജ്ഞാനമാണോ നമ്മൾക്കുണ്ടാക്കിത്തരുന്നത് അത്രത്തോളം യഥാർത്ഥമായ ജ്ഞാനത്തെ ശാസ്ത്രം പ്രത്യക്ഷദർശനത്തിന്നു സാധിക്കാത്തവയോ സങ്കീർണ്ണങ്ങളോ ആയവയുടെ സഹവർത്തനത്തേയും അനുവർത്തനത്തേയും സംബന്ധിച്ചു നമ്മൾക്കുണ്ടാക്കിത്തരുന്നു. ഈ നിലയിൽനിന്നു നിരൂപിക്കുമ്പോൾ, അനുമാനാഭിപ്രായങ്ങളെക്കൊണ്ടു നമ്മുടെ മനസ്സിന്റെ ഗ്രഹണശക്തിയെ വിസ്താരപ്പെടുത്തുന്ന ഒന്നാണ് ശാസ്ത്രം എന്നു ചുരുക്കിപ്പറയാം.

എന്നാൽ കുറെക്കൂടി ആലോചിച്ചു നോക്കുമ്പോൾ ഈ പറഞ്ഞ വിവരണത്തിന് അവ്യാപ്തി എന്നൊരു ദോഷമുള്ളതായി ചിലർക്കു തോന്നുന്നതാണ്. ശാസ്ത്രജ്ഞാനം സാധാരണജ്ഞാനത്തിൽനിന്ന് അഭേദ്യമാണെന്നിരുന്നാലും, കുട്ടികളുടെ ഏററവും സുഗമങ്ങളും അസങ്കീർണ്ണങ്ങളുമായ ഭാവിദർശനങ്ങൾക്കും ഭൗതികശാസ്ത്രജ്ഞന്റെ ഏററവും ഗഹനങ്ങളും സങ്കീർണ്ണങ്ങളുമായവയ്ക്കും മദ്ധ്യത്തിലുള്ള പഴുതിനെ മേൽക്കുമേൽ അധികമധികം ദുർഘടങ്ങളായ യുക്തികളെ പ്രയോഗിക്കേണ്ടിവരുന്ന ഭാവിദർശനങ്ങളെ യഥാക്രമം കൂട്ടിച്ചേർത്തു നിരത്തിവെച്ചടയ്ക്കുന്നതായാലും, അവയ്ക്കു തമ്മിൽ മുൻപ്രസ്താവിച്ചതല്ലാതെ ഒരു വ്യത്യാസവുംകൂടിയുണ്ട്. ഇതു ശരിയുമാണ്. എന്നാലും ആ വ്യത്യാസം ശാസ്ത്രജ്ഞാനത്തേയും സാധാരണജ്ഞാനത്തേയും അതിരിട്ടു വേർതിരിക്കത്തക്ക ഒന്നല്ല. ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും തമ്മിലല്ല വ്യത്യാസം; ശാസ്ത്രത്തിന്റെ തന്നെ, അല്ലെങ്കിൽ ജ്ഞാനത്തിന്റെ തന്നെ ഓരോ ദശകൾക്കു തമ്മിലാണ് വ്യത്യാസമുള്ളത്. ആരംഭദശയിൽ ശാസ്ത്രം ഭാവിദർശനകാര്യത്തിൽ സംശയമില്ല എന്ന നിലയിലേ എത്തുന്നുള്ളു; അന്ത്യദശയിൽ അതു ഭാവിദർശനത്തിന്റെ പൂർണ്ണാവസ്ഥയെ പ്രാപിക്കുന്നു. ആരംഭത്തിൽ ഒരു സംബന്ധത്തെ മാത്രം നാം കണ്ടുപിടിക്കുന്നു; അവസാനത്തിൽ ആ സംബന്ധം ഇന്നത് എന്നു നാം തിട്ടപ്പെടുത്തുന്നു. ആദ്യം ഇന്നിന്ന അവസ്ഥകളിൽ ഇന്നിന്ന സംഭവങ്ങൾ നടക്കും എന്നും മുൻകൂട്ടി പറവാൻ നമുക്കു സാധിക്കുന്നു; ഒടുക്കം ഇന്നിന്ന ജാതിയെന്നുമാത്രമല്ല ഇത്രത്തോളമെന്നുകൂടി കാലേകൂട്ടി പറവാൻ

സാധിക്കുന്നു. അല്ലെങ്കിൽ, ഈ സിദ്ധാന്തത്തെ ഏററവും നിയതമായ ഒരാകൃതിയിലാക്കിത്തീക്കാം—അപൃഷ്ഠാവസ്ഥയിൽ ശാസ്ത്രമെന്നതു തത്തദ്വിഷയങ്ങളുടെ സ്വരൂപത്തെ അല്ലെങ്കിൽ സ്വഭാവത്തെ സംബന്ധിച്ചുള്ള ഭാവിദർശനമാകുന്നു. പൃഷ്ഠാവസ്ഥയിൽ അത് ഇത്ര എന്നിങ്ങിനെ അവയുടെ പരിമാണത്തെ സംബന്ധിച്ചുള്ള ഭാവിദർശനമാകുന്നു.

യഥാത്ഥജ്ഞാനത്തിൻെറ താണനിലയ്ക്കും ഉയന്ന നിലയ്ക്കും തമ്മിലുള്ള ശേഷം വ്യത്യാസം ഇതുകൊണ്ടു സ്പഷ്ടമാവുന്നതായി കാണാവുന്നതാണ്. ഒരു ഇയ്യക്കട്ട പൊന്തിക്കുവാൻ അത്ര വലിപ്പമുള്ള ഒരു മരക്കഷണം പൊന്തിക്കുവാൻ വേണ്ടതിലധികമായ ബലം പ്രയോഗിക്കേണ്ടിവരുമെന്ന ഭാവികഥനം ഭാവിദർശനത്തിലുള്ള സംശയരാഹിത്യത്തെ കാണിക്കുന്നതല്ലാതെ അതിൻെറ പൂണ്ണതയെ കാണിക്കുന്നില്ല. യാതൊരു ഫലംകൊണ്ട് ഒന്നു മറേറതിനെ അതിശയിച്ചുനില്ക്കുന്നുവോ ആ ഫലത്തിൻെറ സ്വഭാവം മാത്രമേ മുൻകൂട്ടി കാണുന്നുള്ളു. ഇത്ര എന്നു അതിൻെറ മാനത്തെ കാണുന്നില്ല. ഇതു സ്വഭാവത്തെ അല്ലെങ്കിൽ സ്വരൂപത്തെ സംബന്ധിച്ചുള്ള ഭാവിദർശനം മാത്രമേ ആയുള്ളൂ. ഇന്ന സമയത്ത് ഇന്നിന്ന ഗ്രഹങ്ങൾക്കു യോഗമുണ്ടാവും; തണ്ടുകൾക്ക് ഇത്രയിത്ര നീളമുള്ള 'ലിവർ' (Lever) എന്ന ഒരു ദണ്ഡുകൊണ്ടു ഇത്ര ബലം പ്രയോഗിച്ചുനോക്കിയാൽ ഇത്ര ഘനമുള്ള വസ്തുവിനെ പൊക്കാം; ഗന്ധകവും ഇരിമ്പും തമ്മിൽ ചേൎന്നുണ്ടായ അന്നഭേദി എന്ന കൂട്ടപദാത്ഥത്തെ അതിൻെറ അവയവദ്രവ്യങ്ങളായി വേർതിരിക്കുന്നതിന്നു സോഡപ്പൊടി ചേക്കേണ്ടത് ഇന്ന തോതു പിടിച്ചു കണക്കാക്കീട്ടു വേണം— ഈ വക ഭാവിദർശനങ്ങളിൽ ഫലത്തിൻെറ സ്വഭാവം മാത്രമല്ല മുൻകൂട്ടി അറിയുന്നതായി കാണിക്കുന്നുള്ളു; ഫലങ്ങളുടെയോ ഫലോൽപാദകങ്ങളായ കാരകങ്ങളുടെയൊ വലിപ്പത്തെയും ആ വക ഫലങ്ങൾ ഇന്നിന്ന കാലത്തും സ്ഥലത്തും ആണ് ഉണ്ടാവുക എന്നതിനേയും കൂടി മുൻകൂട്ടി അറിയുന്നതായി കാണിക്കുന്നു. ഇവിടെ സ്വരൂപത്തെ അല്ലെങ്കിൽ സ്വഭാവത്തെസ്സംബന്ധിച്ചുള്ള ഭാവിദർശനവും പരിമാണസംബന്ധമായ ഭാവിദർശനവും രണ്ടുമുണ്ട്. സാമാന്യജ്ഞാനത്തിൽനിന്നു വിശേഷിപ്പിച്ചു നോക്കുന്ന സമയം ചില ജ്ഞാനവിശേഷങ്ങൾ പ്രത്യേകിച്ചും ശാസ്ത്രരൂപങ്ങളായിരിക്കുന്നുവെന്നു വിചാരിക്കുവാൻ നമ്മളെ വഴിതിരിക്കുന്നതു ഈ വ്യംഗ്യമായിരിക്കുന്ന വ്യത്യാസമാണതാനും. പദാത്ഥങ്ങൾ ഏതെങ്കിലും ഒരുപ്രകാരത്തിൽ അളക്കപ്പെടാമോ? ഏതു കായ്യത്തിലും ഇങ്ങിനെയൊരു പ്രമാണമാണ് നമ്മൾ അറിയാതെകണ്ടും പ്രയോഗിക്കുന്നത്. ദിക്കിനെ അളന്നുനോക്കാം. അതിനാൽ 'ക്ഷേത്രഗണിതം'* Geometry എന്ന ശാസ്ത്രം ഉണ്ടായി. ദിക്കിനേയും ശക്തിയേയും ചേത്തുവെച്ച് അളക്കാം; അതു കാരണം 'സ്റ്റാററിക്സ്' (Statics) എന്ന ശാസ്ത്രം ഉത്ഭവിച്ചു; കാലം, ദിക്ക്, ശക്തി എന്നീ മൂന്നു കൂട്ടവും അളക്കാം; അ

* ഈ ശാസ്ത്രങ്ങളുടെ സ്വരൂപാദികളെയും മററും പററി മേലിൽ വിസ്തരിക്കുന്നതാണ്.

ത്തു ഹേതുവായിട്ടു 'ഡൈനാമിക്സ്' (Dynamics) എന്ന ശാസ്ത്രമുണ്ടായി. വായുവിന്റെ ഘനത്തേയും മറ്റും ഇത്ര എന്നു അളന്നു തിട്ടപ്പെടുത്തുന്നതിന്നു 'ബാരോമിററർ' (Barometer) എന്ന ഒരു യന്ത്രം കണ്ടുപിടിച്ചപ്പോൾ യന്ത്രഗതിശാസ്ത്രതത്വങ്ങളെ ആകാശഗമനകാൎയ്യങ്ങളിൽ പ്രയോഗിക്കുന്നതിന്നും മററും സാദ്ധ്യമായി. അപ്പോൾ ആകാശഗമനപ്രതിപാദകമായ ശാസ്ത്രം (Aerostatics) ഉണ്ടായി. ഉഷ്ണത്തിന്റെ ഏററക്കുറച്ചിലുകളെ അളന്നു തിട്ടപ്പെടുത്തുന്നതിന്നു 'താൎമ്മിററർ(Thermometer)എന്ന യന്ത്രം കണ്ടുപിടിച്ചു; അപ്പോൾ ഉഷ്ണത്തെ സംബന്ധിച്ചും ഒരു ശാസ്ത്രമുണ്ടായി. അതിന്നുമുമ്പ് അതു് അസാദ്ധ്യമായിരുന്നു. കേവലം നമ്മുടെ അനുഭവം എന്നല്ലാതെ അളന്നു തിട്ടപ്പെടുത്തുവാൻ പ്രമാണാന്തരമില്ലാതെകണ്ടുള്ള വിഷയങ്ങൾ പലതുമുണ്ട്. അവയെപ്പററി നമ്മൾക്കു ശാസ്ത്രരൂപമായ ജ്ഞാനമില്ല. നമ്മൾക്കു ഗന്ധരസങ്ങളെപ്പററി ശാസ്ത്രരൂപമായ അറിവു കിട്ടീട്ടില്ല. സ്വരവിഭാഗംകൊണ്ടും മററും ശബ്ദത്തിന്റെ മന്ദ്രമദ്ധ്യതാരസ്ഥാനാദിഭേദേനയുള്ള സംബന്ധങ്ങളെ നിൎണ്ണയിക്കുന്നതിന്നു ശാസ്ത്രമുണ്ട്. എന്തെന്നാൽ ഈ വക സംബന്ധങ്ങളെ അളക്കുന്നതിന്നു നമ്മൾ ഒരു ഉപായം കണ്ടുപിടിച്ചിട്ടുണ്ട്. എന്നാൽ പല കണ്ഠങ്ങളിൽനിന്നോ പല വസ്തുക്കളിൽ നിന്നോ പല സ്ഥാനങ്ങളിൽനിന്നോ പുറപ്പെടുന്ന ശബ്ദങ്ങളുടെ സ്വരൂപഭേദത്തേയും രുചിവൈശിഷ്ട്യാദികൾ തമ്മിൽത്തമ്മിലുള്ള സംബന്ധത്തേയും അറിയുന്നതിന്നു നമ്മൾക്കു ഇതേവരെ ഒരു ഉപായവും കണ്ടുകിട്ടിക്കഴിഞ്ഞിട്ടില്ല; അതിനാൽ നമ്മൾക്കു ആ വിഷയത്തിൽ ശാസ്ത്രരൂപമായ ജ്ഞാനവും ഇല്ല. അതിനാൽ, പദാൎത്ഥങ്ങളെ ഏതെങ്കിലും ഒരു വിധത്തിൽ അളന്നു തിട്ടപ്പെടുത്തി ഗ്രഹിക്കാറാവണം; അങ്ങിനെയിരിക്കുന്ന ജ്ഞാനമാണ് ശാസ്ത്രരൂപമായിട്ടിരിക്കുന്നത്. ആദ്യകാലങ്ങളിൽ മനുഷ്യൎക്കു ശക്തിയേയും ഘനത്തേയും സംബന്ധിച്ചുണ്ടായിരുന്ന ജ്ഞാനം ഇപ്പോൾ അവൎക്കു ഗന്ധരസങ്ങളെപ്പററിയുള്ള ബോധംപോലെയായിരുന്നു. കേവലം ഇന്ദ്രിയങ്ങളെക്കൊണ്ടു എത്രത്തോളം മനസ്സിലാക്കാമോ അത്രത്തോളമെ ആദ്യകാലങ്ങളിൽ മനുഷ്യർ അറിഞ്ഞിരുന്നുള്ളു. ശക്തിയേയും ഗുരുലഘുതകളേയും അളക്കുന്നതിന്നുള്ള യന്ത്രങ്ങൾ ഉണ്ടാവുന്നതുവരെ അജ്ഞാനം അപ്രകാരംതന്നെ ഇരിക്കുകയും ചെയ്തിരുന്നു. ഇപ്പോൾ നേരം ഇത്രയായി എന്നും ഇന്നതിന്നു ശേഷം ഇത്ര നേരം കഴിഞ്ഞു എന്നും മററും അറിയുന്നതിന്നു നാഴികവട്ട മുതലായ യന്ത്രങ്ങൾപോലും ഇല്ലായിരുന്ന ഒരു കാലം ഉണ്ടായിരുന്നു; അക്കാലങ്ങളിൽ മനുഷ്യർ ഉന്നിന്ന സംഗതികൾ ഇത്രയിത്രനേരം ഉണ്ടായി എന്നോ ഇന്നിന്നവയ്ക്കു ഇടയിൽ ഇത്രനേരം കഴിഞ്ഞുവെന്നോ മനസ്സിലാക്കിയിരുന്നത് അത്ര തിട്ടമായിട്ടായിരുന്നില്ല; ഓരോരോ വസ്തുക്കളിൽ ഇന്നതിന്നു ഇന്നതിനേക്കാൾ മാൎദ്ദവം കൂടുമെന്നോ കുറയുമെന്നോ വിരൽകൊണ്ടു തൊട്ടുനോക്കിപ്പറഞ്ഞാൽ എത്രത്തോളം ശരിയാകുമോ അത്രത്തോളമേ ആദിമനുഷ്യരുടെ കാല-

ഗണിതം തിട്ടമായിരുന്നുള്ളു. ചൂടിന്റെ ഏറ്റക്കുറവുകൾ തിട്ടപ്പെടുത്തി അറിയുന്നതിന്നു 'താമ്മാമിററർ' (Thermometer) എന്ന യന്ത്രങ്ങൾ ഉണ്ടാക്കുന്നതിന്നു മുമ്പ് മനുഷ്യർക്കു ചൂടിന്റെ താരതമ്യത്തെപ്പറ്റിയുണ്ടായിരുന്ന ജ്ഞാനം അവർ ഇപ്പോൾ ഉച്ചയുടെ താരതമ്യത്തെപ്പറ്റിയുള്ള ജ്ഞാനംപോലെയായിരുന്നതേയുള്ളു. ജ്ഞാനത്തിന്റെ ഈ പ്രാരംഭദശകളിൽ പദാൎത്ഥപരിശോധനത്തിന്നു യന്ത്രാദിസാമഗ്രികളുടെ സഹായമൊന്നും ഇല്ലായിരുന്നതിനാൽ ഏകദേശമായ താരതമ്യവിവേചനം മാത്രമേ സാദ്ധ്യമായിരുന്നുള്ളൂ; അവർ അതിസ്പഷ്ടങ്ങളായ വ്യത്യാസങ്ങൾ മാത്രമേ കാണാൻ കഴിഞ്ഞിരുന്നുള്ളു. അതിനാൽ അവർ പദാൎത്ഥങ്ങളുടെ ഏററവും അസങ്കീൎണ്ണങ്ങളായ അന്യോന്യാശ്രയതത്വങ്ങളെ മാത്രമേ തീൎച്ചപ്പെടുത്തുവാനും സാധിച്ചിരുന്നുള്ളു. മററു നിയമങ്ങളുമായി കൂടിപ്പിണഞ്ഞു കിടക്കാത്തവയും, അതിനാൽ, വലിയ സൂക്ഷ്മമായ നോട്ടം കൂടാതെതന്നെ തിരിച്ചറിയാവുന്നവയുമായ നിയമങ്ങളെ മാത്രമാണ് അവർ അറിഞ്ഞിരുന്നത്. അതിനാൽ നമ്മളുടെ ജ്ഞാനത്തിന്നു പാരിമാണികസ്വഭാവം സിദ്ധിക്കുന്നതിനെ അനുസരിച്ചാണ് നമ്മൾ ചെയ്യുന്ന ദീൎഘദൎശനങ്ങൾക്കു തികവും ഉറപ്പും വരുന്നത്; എന്നുമാത്രമല്ല ഈ പാരിമാണികസ്വഭാവം സിദ്ധിക്കുന്നതുവരെ നമ്മുടെ ജ്ഞാനം അസങ്കീൎണ്ണവിഷയങ്ങളെ മാത്രം അവശ്യംആശ്രയിച്ചിരിക്കുന്നതാണ്.

സി. വി. രവിശൎമ്മരാജാ

# സർ. ശേഷയ്യശാസ്ത്രി.

(൧)

ദ്രാവിഡരാജ്യത്തിലുള്ള പുണ്യനദികളിൽവെച്ച് ഏററവും പ്രസിദ്ധപ്പെട്ട കാവേരീനദിയുടെ പല കൈവഴികളിൽ ഒന്നായ 'വേറാറ്' എന്ന നദിയുടെ തീരത്തിലാണ് 'അമരാവതി' എന്ന അഗ്രഹാരം സ്ഥിതിചെയ്യുന്നത്. ഇതു പത്തുപന്ത്രണ്ടു മഠങ്ങൾ മാത്രമുള്ള ഒരു കുഗ്രാമമായിരുന്നു. ഈ അഗ്രഹാരത്തിന്റെ ഒരററത്ത് ഒരു ശിവക്ഷേത്രവും മറേറ ഒരററത്ത് ഒരു വിഷ്ണുക്ഷേത്രവും ഉണ്ട്. ഈ അഗ്രഹാരമാണ് ശേഷയ്യന്റെ ജന്മഭൂമി. ഇദ്ദേഹം ക്രിസ്തുവഷം 1828-ാമതിൽ മാൎച്ച് മാസം 22-ാംനു-യാണ് ജനിച്ചത്. വൈദികവൃത്തികൊണ്ട് ഉപജീവനം കഴിച്ചുവന്നിരുന്ന ഒരു വാദ്ധ്യാരുടെ അഞ്ചാമത്തെ പുത്രനായിരുന്നു ശേഷയ്യശാസ്ത്രി. ഇദ്ദേഹത്തെ പ്രസവിച്ച ഉടനെ തന്നെ തന്റെ സന്താനം ഒരാൺകുട്ടിയാണെന്ന് അറിഞ്ഞപ്പോൾ ശേഷയ്യന്റെ അമ്മ 'കഷ്ടം, ഇതും ആൺകുട്ടിയായല്ലൊ. ഒരു പെൺകുട്ടി ആയിരുന്നാൽ എത്ര നന്നായിരുന്നു' എന്നു പറഞ്ഞു

പ്രസവശുശ്രൂഷ ചെയ്തിരുന്നവൾ കേട്ടു. 'നിങ്ങൾ ഒട്ടും വ്യസനിയ്ക്കേണ്ടാ. ഈ പുത്രൻ നിങ്ങളുടെ മക്കളിൽവെച്ചു അതിയോഗ്യനാവും. ഈ കുട്ടിയുടെ പേരു നാട്ടിലെല്ലാം പരക്കും' എന്നു അവൾ മറുവടി പറഞ്ഞു. പിന്നെ കാലാന്തരത്തിൽ ശേഷയ്യൻ വളരെ പ്രസിദ്ധനായിത്തീർന്നതിൻെറശേഷം പലപ്പോഴും ഈ സ്ത്രീ അദ്ദേഹത്തെ ചെന്നുകാണുകയും അപ്പോഴൊക്കെയും തൻെറ ഭാവികഥനം പൂർത്തിയായതിനെപ്പററി സന്തോഷം പ്രസ്താവിക്കുകയും ശേഷയ്യനോടു നല്ല സമ്മാനങ്ങൾ വാങ്ങിപ്പോരുകയും ചെയ്തിരുന്നു.

എട്ടാമത്തെ വയസ്സിൽ ശേഷയ്യൻെറ ഉപനയനം കഴിഞ്ഞു. ശേഷയ്യൻെറ അമ്മാമനായ ഗോപാലയ്യൻ മദ്രാശിയിൽ ഒരു രത്നവ്യാപാരിയായിരുന്നു. ശേഷയ്യൻെറ അമ്മയുടെ അപേക്ഷപ്രകാരം ശേഷയ്യനെ തൻെറ ഒന്നിച്ചു താമസിപ്പിച്ചു വിദ്യാഭ്യാസം ചെയ്യിക്കാമെന്നു ഗോപാലയ്യൻ സമ്മതിച്ചു. എന്നാൽ ശേഷയ്യനെ വിട്ടുപിരിയുന്നതിൽ അമ്മക്കു വളരെ വ്യസനമുണ്ടായിരുന്നു. 'അമ്മ ഒട്ടും വ്യസനിയ്ക്കേണ്ടാ. ഞാൻ ഇപ്പോൾ ഒരു ദരിദ്രനായിട്ടാണ് പോകുന്നത്. എന്നാൽ ഞാൻ മടങ്ങിവരുമ്പോൾ ഒരു പൊതിക്കാളയ്ക്കു് എടുക്കാവുന്ന പണവും കൊണ്ടുവരും.' എന്നിപ്രകാരമുള്ള മകൻെറ സമാധാനവാക്കുകൾ കേട്ടും, മകൻെറ യാത്രാസമയത്തു ശുഭലക്ഷണങ്ങൾ കണ്ടും അമ്മ ഒരു വിധം സമാധാനിച്ചു.

ഗോപാലയ്യൻ ധൈര്യശാലിയും കാര്യങ്ങളിൽ വളരെ കൃത്യമുള്ളവനുമായിരുന്നു. ശേഷയ്യൻ ഗോപാലയ്യനോട് ഒരിക്കൽ എന്തോ ഒരു പൊളി പറഞ്ഞു. അപ്പോൾ മേലിൽ ഇങ്ങിനെ പൊളിപറയില്ലെന്നു നൂറുപ്രാവശ്യം പറയിക്കുകയും നൂറ് ഏത്തമിടീക്കുകയും ചെയ്തു. പിന്നെ ഒരിയ്ക്കൽ ശേഷയ്യൻെറ മുത്തശ്ശി അയാളോട് എന്തോ ഒരു പണി എടുക്കാൻ പറഞ്ഞപ്പോൾ 'ഞാൻ കിഴവികൾക്കു ദാസ്യപ്രവൃത്തി ചെയ്യാനല്ല വന്നിരിയ്ക്കുന്നത്' എന്നു ശേഷയ്യൻ പറഞ്ഞതു ഗോപാലയ്യൻ കേട്ടു ശേഷയ്യനു നല്ല പ്രഹരം കൊടുത്തു. തന്നേക്കാൾ വയസ്സു മൂത്തവരോടു വിനയം കാണിയ്ക്കണം എന്ന് ഉപദേശിയ്ക്കുകയും ചെയ്തു. 1847-ാമാണ്ടിൽ ഗോപാലയ്യൻ കാലഗതിയെ പ്രാപിച്ചു. ശേഷയ്യനോടുള്ള അദ്ദേഹത്തിൻെറ ചരമോപദേശം താഴെ പറയുംപ്രകാരമായിരുന്നു. 'എൻെറ കുട്ടി, നീ സദാ സത്യസന്ധനായിരിയ്ക്കണം. എന്നാൽ നിനക്കു ദൈവാനുഗ്രഹമുണ്ടാവും.'

ശേഷയ്യൻ മദ്രാശിയിൽ എത്തിയതിനുശേഷം ആറുമാസത്തോളം ഒരു മുതലിയാരുടെ കീഴിൽ പഠിച്ചു. ഈ കാലത്തിനുള്ളിൽ ശേഷയ്യൻ തമിഴ സാമാന്യം എഴുതുവാനും വായിയ്ക്കാനും പഠിച്ചു. ഈ സമയത്തു ശേഷയ്യൻ താമസിച്ചിരുന്ന ഗ്രാമത്തിൽ പോർത്തുഗീസ്സുകാരനായ ഫ്രാൻസിസ് റോഡ്രീഗ്യസ് എന്നാൾ ഒരു സ്കൂൾ സ്ഥാപിച്ചു. ശേഷയ്യനും വേറെ ചില വിദ്യാർത്ഥികളും ഈ സ്കൂളിൽ പഠിയ്ക്കാൻ തുടങ്ങി. ഇതിൽ ഇംഗ്ലീഷഭാഷ, കണക്കെഴുത്ത് ഇവയെല്ലാം പഠിപ്പിച്ചി

രുന്നു. ശേഷയ്യശാസ്ത്രികൾ ഫ്റാൻസിസ് റോഡ്രീഗ്യസ്സിൻെറ പേരിൽ വളരെ ബഹുമാനമുണ്ടായിരുന്നു. താൻ പ്രസിദ്ധനായതിൻെറ ശേഷം തൻെറ ഗുരുനാഥനായ റോഡ്രീഗ്യസ് മരിച്ചപ്പോൾ അയാളുടെ ഭാൎയ്യക്കു ചിലവിന്നു വേണ്ട പണം ശേഷയ്യൻ കൊടുത്തുപോന്നു. 1837-ാമാണ്ടിൽ ആൻഡർസൻസായ്പ് മദിരാശിയിൽ എത്തുകയും ഒരു സ്കൂൾ സ്ഥാപിക്കുകയും ചെയ്തു. ഈ സ്കൂളാണ് ഇപ്പോൾ ക്രിസ്ത്യൻകോളേജ് എന്നു വിളിച്ചുവരുന്ന പ്രസിദ്ധമായ വിദ്യാലയത്തിൻെറ അടിസ്ഥാനം. ശേഷയ്യനും വേറെ അഞ്ചു വിദ്യാൎത്ഥികളും ഈ സ്കൂളിലേക്കു പഠിക്കാൻ പോയി. ശേഷയ്യൻ കണക്കു, ഭൂമിശാസ്ത്രം ക്ഷേത്രഗണിതം ഇവകൾ നല്ലവണ്ണം പഠിച്ചു. ഈ സ്കൂളിൽ ക്രിസ്തീയസത്യവേദം പഠിപ്പിച്ചിരുന്നു. ശേഷയ്യനു സത്യവേദത്തിൽ നല്ല അറിവുണ്ടായിരുന്നു. അതിലെ പ്രധാനതത്വങ്ങളിൽ ശേഷയ്യനു നല്ല വിശ്വാസവുമുണ്ടായിരുന്നു. 1840-ാമാണ്ടിൽ ഈ സ്കൂളിൽ - ഉയൎന്നക്ലാസ്സിൽ പഠിച്ചിരുന്ന ചില വിദ്യാൎത്ഥികളെ മാൎഗ്ഗത്തിൽ കൂട്ടി എന്ന സംഗതിക്കു നാട്ടുകാൎക്കെല്ലാം ഈ സ്കൂളിൻെറ നേരെ കലശലായ വിരോധം ഉണ്ടായതുകൊണ്ടു വളരെ വിദ്യാൎത്ഥികൾ ആ സ്കൂൾ വിട്ടുപോയി. 1841-ാമാണ്ടിൽ ശേഷയ്യൻ മദ്രാശിഗവൎണ്ണരായിരുന്ന എൽഫിൻസ്റ്റൻപ്രഭുവിൻെറ ഉത്സാഹത്താൽ സ്ഥാപിക്കപ്പെട്ട 'ഹൈസ്കൂളിൽ' ചേൎന്നു പഠിച്ചുതുടങ്ങി. തെക്കെ ഇന്ത്യയിൽ വളരെ പ്രസിദ്ധി സമ്പാദിച്ച പൌവൽസായ്പായിരുന്നു ഈ സ്കൂളിലെ ഹേഡ്മാസ്റ്റർ. ഇദ്ദേഹത്തിൻെറ അസാമാന്യമായ യോഗ്യതയേയും അറിവിനേയും പററി അറിയാത്തവർ ദുൎല്ലഭമാണ്. വിദ്യാൎത്ഥികളുടെ പേരിൽ ഇത്രവാത്സല്യമുള്ളഗുരുനാഥനെ കണ്ടുകിട്ടാൻ പ്രയാസമാണ്. വിദ്യാൎത്ഥികളുടെ മനസ്സിനെ സന്മാൎഗ്ഗത്തിൽ പ്രവേശിപ്പിച്ച് അവരെ ധൎമ്മതല്പരരാക്കിത്തീൎക്കുന്നതിൽ ഇദ്ദേഹത്തിനുള്ള സാമൎത്ഥ്യം ഒന്നു വേറെതന്നെയായിരുന്നു. വിദ്യാൎത്ഥികൾക്ക് ഇദ്ദേഹത്തിൻെറ നേരെയുള്ള ഭയഭക്തിബഹുമാനങ്ങൾക്ക് അതിരില്ലായിരുന്നു. ഈ മഹാനുഭാവൻെറ കീഴിലാണ് രങ്കനാഥശാസ്ത്രി, മാധവരായര്, രാമയ്യങ്കാര്, രങ്കചാർലു മുതലായ യോഗ്യന്മർ പഠിച്ചത്. ശേഷയ്യനു തൻെറ ഗുരുനാഥൻെറ നേരെ വളരെ ഭക്തിയും വിശ്വാസവുമുണ്ടായിരുന്നു. സ്കൂൾപഠിപ്പു കഴിഞ്ഞതിൽ പിന്നേയും ഗുരുനാഥനും ശിഷ്യനും തമ്മിലുള്ള സ്നേഹത്തിന്ന് ഒട്ടും ഭംഗം വന്നിരുന്നില്ല. പ്രസിഡൻസികോളേജിൽ സ്ഥാപിക്കപ്പെട്ട പൌവലിൻെറ വെണ്ണക്കല്ലുകൊണ്ടുള്ള പ്രതിമക്കു ശേഷയ്യൻ ആയിരം ഉറുപ്പിക വരിപ്പണം കൊടുത്തു.

ശേഷയ്യൻ വളരെ ദരിദ്രനായിരുന്നതുകൊണ്ടു സ്കൂൾ ഫീസ്സു തക്ക സമയത്തു കൊടുപ്പാൻ ശേഷയ്യനു സാധിച്ചിരുന്നില്ല. എന്നാൽ അദ്ദേഹത്തിൻെറ ബുദ്ധിവൈഭവവും സാമൎത്ഥ്യവും കണ്ടിട്ടു പൌവൽസായ്പ് ശേഷയ്യൻെറ സ്കൂൾഫീസ്സു തൻെറ കയ്യിൽനിന്നു കൊടുത്തുപോന്നു. 'അനാഥൎക്കു ദൈവം തുണ' എന്നുണ്ടല്ലോ. ഈ കാലത്തു, ധൎമ്മിഷ്ഠനായ

പച്ചയ്യപ്പമുതലിയാർ ധൎമ്മവിഷയങ്ങൾക്ക നീക്കിവെച്ചിട്ടുണ്ടായിരുന്ന നാലു ലക്ഷം ഉറുപ്പിക ട്രസ്റ്റികൾ നല്ലവണ്ണം ഉപയോഗിയ്ക്കാഞ്ഞതിനാൽ ആ പണവും പലിശയും വേറെ ട്രസ്റ്റികളിൽ ഏല്പിക്കപ്പെടുകയും അതുകൊണ്ട് ഒരു സ്കൂൾ ഏൎപ്പെടുത്തുകയും ദരിദ്രന്മാരും മിടുക്കന്മാരുമായ വിദ്യാൎത്ഥികൾക്ക ഹൈസ്കൂളിൽ ചേൎന്നു പഠിയ്ക്കുന്നതിന്നുവേണ്ടി 7 ക. മുതൽ 10 ക. വരെയുള്ള പല സ്കോളർഷിപ്പുകൾ ഏൎപ്പെടുത്തപ്പെടുകയും ചെയ്തു. ഭാഗ്യവശാൽ ഇതിൽ ഒരു സ്കോളർഷിപ്പ ശേഷയ്യന്നു കിട്ടി. അതിന്നു പുറമേ ഒരു ഗവൎമ്മേണ്ടു സ്കോളർഷിപ്പും കിട്ടി. ശേഷയ്യന്നു ധൎമ്മിഷ്ഠനായ പച്ചയ്യപ്പമുതലിയാരുടെ പേരിലുള്ള കൃതജ്ഞതയ്ക്കു സീമയില്ലായിരുന്നു. ഈ ധൎമ്മിഷ്ഠന്റെ പേരിലുള്ള കൃതജ്ഞതെ കാണിപ്പാൻവേണ്ടി അദ്ദേഹത്തിന്റെ സ്മാരകത്തിന്നായി ഏൎപ്പെടുത്തീട്ടുള്ള പച്ചയ്യപ്പകോളേജിലെ വിദ്യാൎത്ഥിസമ്മാനഫണ്ടിലേയ്ക്കു ശേഷയ്യൻ രണ്ടായിരം ഉറുപ്പിക കൊടുത്തിട്ടുണ്ട്. ശേഷയ്യന്റെ കയ്യെഴുത്ത് ഒന്നാന്തരമായിരുന്നു. കയ്യെഴുത്തിന്നുള്ള സമ്മാനങ്ങൾ കൊല്ലംതോറും ശേഷയ്യനാണ് കിട്ടിവന്നത്. ഇതിന്നും പുറമെ വേറെയും പലേ സമ്മാനങ്ങളും ശേഷയ്യന്നു കിട്ടി. 'നാഗരികത്വംഎന്നാൽ എന്താണ്?' എന്നൊരു പ്രബന്ധം ശേഷയ്യൻ എഴുതിയതിനെപ്പററി സർ. അലക്സാണ്ടർ ആർബത്ത് നോട്ട് എന്ന യോഗ്യൻ താഴെ പറയുംപ്രകാരം അഭിപ്രായപ്പെടുക ഉണ്ടായി: 'ഒരു നാട്ടുകാരനാൽ രചിയ്ക്കപ്പെട്ട ഇത്ര വിശേഷമായ ഒരു പ്രബന്ധം ഞാൻ ഇതുവരെ വായിച്ചു കേട്ടിട്ടില്ല." 1846-ാമാണ്ടിൽ പച്ചയ്യപ്പ കോളേജിന്റെ അസ്ഥിവാരക്കല്ലിട്ട സമയത്തു പച്ചയ്യപ്പയുടെ ഔദാൎയ്യത്തേയും ദാതൃത്വത്തേയും പ്രശംസിച്ചു ശേഷയ്യൻ ഒരു വിശേഷപ്രബന്ധം എഴുതി. തനിക്ക വിക്കലുണ്ടായിരുന്നതുകൊണ്ട് അതു വേറെ ഒരാളെക്കൊണ്ടു വായിപ്പിച്ചു. ഇതിന്നു ശേഷയ്യന്ന് ഒരു പട്ടുമടിശ്ശീല നിറച്ചു സ്വൎണ്ണമോഹർ സമ്മാനം കിട്ടുകയും ചെയ്തു.

1846-ാമാണ്ടിൽ ഹൈസ്കൂളിന്റെ വാൎഷികോത്സവം കൊണ്ടാടുന്ന അവസരത്തിൽ മിടുക്കന്മാരായ വിദ്യാൎത്ഥികൾക്ക സമ്മാനം കൊടുത്ത കൂട്ടത്തിൽ അധികവും സമ്മാനങ്ങൾ കിട്ടിയതു നമ്മുടെ ശേഷയ്യന്നായിരുന്നു. ഗവൎമ്മേണ്ടിലെ റവന്യൂ സിക്രട്ടരിയായ സർ. ഹെൻറി മൊൻഗോമറി ഇതു കണ്ട് ആശ്ചൎയ്യപ്പെട്ടു ശേഷയ്യനെ മാടിവിളിച്ച് അയാളുടെ കൈ പിടിച്ചു കലുക്കുകയും 'നിങ്ങൾ കാവേരീനദിയുടെ സമീപത്തല്ലെ ജനിച്ചവരുന്നത്' എന്നു ചോദിക്കുകയും ചെയ്തു. 'അതേ' എന്ന ശേഷയ്യന്റെ മുറുവടി കേട്ടു സന്തോഷിച്ചു സായ്പ് തഞ്ചാവൂര് ജില്ലയിലെ ഹെഡ് ശിരസ്ഥദാരായിരുന്ന ഗുണ്ടപ്പാറാവുജിയുടെ മക്കളെ പഠിപ്പിക്കാൻ ശേഷയ്യനെ ശിപാൎശി ചെയ്തു. അതിന്നു 25 ഉറുപ്പിക ശമ്പളവും തീൎച്ചയാക്കി തന്റെ സ്കൂൾപഠിപ്പു കഴിയുന്നതുവരെ ശേഷയ്യൻ അവരെ പഠിപ്പിച്ചു. ഇപ്രകാരം ശേഷയ്യന്നു ദാരിദ്ര്യദുഃഖത്തിൽനിന്നു മോചനം ലഭിച്ചു. ശേഷയ്യന്റെ അച്ഛൻ, മകന്റ മദിരാശിയ്ക്കു പോയ ഉടനെ മരിച്ചതുകൊണ്ടു ക

കന്റെ അഭ്യുദയം കണ്ടു സുഖിപ്പാൻ അദ്ദേഹത്തിന്നിടവന്നില്ല. 1847-ാമാണ്ടിൽ രാമസ്വാമി അയ്യര് എന്നാളുടെ മകളായ 'സുന്ദരി'യെ ശേഷയ്യൻ വിവാഹം ചെയ്തു.

ശേഷയ്യന് ഇംഗ്ലീഷുഭാഷയിൽ സാമാന്യത്തിലധികം നൈപുണ്യമുണ്ടായിരുന്നു. ശേഷയ്യന് ഇംഗ്ലീഷിലുള്ള പാണ്ഡിത്യം കണ്ടു പൌവൽസായ്വിന്നു വളരെ അത്ഭുതവും ബഹുമാനവും തോന്നി. സ്കൂൾകുട്ടികൾ എല്ലാവരും ചേൎന്ന് ഒരു വാദപ്രതിവാദസംഘം ഏൎപ്പെടുത്തീട്ടുണ്ടായിരുന്നു. ശേഷയ്യനു സാമാന്യം വിക്കലുണ്ടായിരുന്നിട്ടുംകൂടി അദ്ദേഹം ഈ സംഘത്തിൽ ഒരു പ്രധാനഭാഗം വഹിച്ചിരുന്നു. ഒരിക്കൽ യവനവാഗ്മിയായ ഡമോത്തനീസ്സിന്റെ ജീവചരിത്രം ശേഷയ്യൻ വായിക്കയുണ്ടായി. അതിനുശേഷം ആ യവനവാഗ്മി ചെയ്തതുപോലെ ശേഷയ്യനും തന്റെ വായിൽ വെള്ളാരക്കല്ലുകൾ നിറച്ചു സമുദ്രതീരത്തിൽ ഒരു വിജനസ്ഥലത്തു ചെന്നു പ്രസിദ്ധന്മാരായ ആംഗ്ലേയവാഗ്മികളുടെ കൃതികളിൽനിന്നു താൻ കാണാപ്പാഠം പഠിച്ച ഓരോ വചനങ്ങൾ അത്യുച്ചത്തിൽ ചൊല്ലിത്തുടങ്ങി. ഇങ്ങിനെ അശ്രാന്തമായ പരിശ്രമത്താൽ ശേഷയ്യന്റെ വിക്കല് മുഴുവനും മാറിയകൂട്ടത്തിലായി. സംസാരത്തിൽ അല്പം ഒരു തപ്പല് മാത്രം ചിലപ്പോൾ ഉണ്ടായിരുന്നു. 1848-ാമാണ്ടിൽ ഇദ്ദേഹം പരീക്ഷയിൽ ഒന്നാമനായി ജയിച്ചു. അപ്പോൾ മരതകക്കല്ലു പതിച്ച ഒരു മോതിരം സമ്മാനം കിട്ടി. ശേഷയ്യൻ സ്കൂൾ വിട്ടു പോകുമ്പോൾ ഗുരുനാഥന്മാരെല്ലാവരും നല്ല സർട്ടിഫിക്കെറ്റുകൾ കൊടുത്തു. ശേഷയ്യൻ എല്ലാവരുടേയും പ്രീതിഭാജനമായിരുന്നു. അദ്ദേഹത്തിന്റെ ഫലിതങ്ങളും നേരംപോക്കുകളും എല്ലാവരേയും വശീകരിച്ചു. ആപൽക്കാലങ്ങളിലുള്ള ശേഷയ്യന്റെ മനഃസ്ഥൈൎയ്യവും ഗാംഭീരതയും അനതിശയനീയമായിരുന്നു.

പരീക്ഷയിൽ വിജയിയായതിന്റെ ശേഷം ഒരു ഗവൎമ്മെണ്ടുദ്യോഗം കിട്ടിയാൽ കൊള്ളാമെന്നു വിചാരിച്ചു ശേഷയ്യൻ സർ. ഹെൻറി മൊൺഗോമറിസായ്വിന്റെ പടിക്കൽ സായ്വിനെ കാണാൻ വേണ്ടി വളരെ ദിവസം കാത്തുനില്ക്കുകയും സായ്വ് അതിലേക്കൂടി വണ്ടിയിലിരുന്നു പോകുമ്പോൾ ശേഷയ്യൻ സലാം കൊടുക്കുകയും ചെയ്തിരുന്നു. എങ്കിലും സായ്വ് ഇങ്ങിനെ ഒരുവനെ കണ്ട ഭാവം തന്നെ നടിച്ചില്ല. ഇങ്ങിനെ കുറെ ദിവസം കഴിഞ്ഞ ശേഷം ശേഷയ്യന്റെ സ്നേഹിതനും പിന്നീടു തിരുവിതാംകൂറിലെ പ്രസിദ്ധദിവാനുമായ രാമയ്യങ്കാരുടെ അഭിപ്രായപ്രകാരം ശേഷയ്യൻ ഒരു കത്തെഴുതി മൊൺഗോമറിസായ്വിന്നയച്ചു. എഴുത്തു കിട്ടിയ ഉടനെ സായ്വ് ശേഷയ്യനോടു വരാൻ പറഞ്ഞയച്ചു. ശേഷയ്യൻ സായ്വിന്റെ മുമ്പിൽ ചെന്ന ഉടനെ സായ്വ് വളരെ ഗൌരവത്തോടെ 'നിന്നെപ്പോലെ ചെറുപ്പക്കാരനായ ഒരുവന് എനിക്കു നേരിട്ടു കത്തെഴുതാനുള്ള ധാൎഷ്ട്യമുണ്ടായതിൽ ഞാൻ ആശ്ചൎയ്യപ്പെടുന്നു' എന്നു പറഞ്ഞു. ശേഷയ്യൻ വളരെ വണക്കത്തോടുകൂടി താൻ മാമൂലിന്നു വിരോധമായി സായ്വവർകൾക്കു നേരിട്ടു കത്തെഴുതിയതിന്നു മാപ്പു ചോദിച്ചു. ശേഷയ്യന്റെ

മറുവടി കേട്ട സന്തോഷിച്ച സായ്പ് അദ്ദേഹത്തെ സഹായിക്കാമെന്ന വാക്ക കൊടുത്തു. ശേഷയ്യൻ ഉദ്യോഗത്തിന്നു വേണ്ടി മൊണ്ട്ഗോമറിയുടെ പടിക്കൽ കാത്തുനിന്നതും സായ്പിന്ന നേരിട്ട കത്തെഴുതിയതിന്നു മാപ്പു ചോദിച്ചതും ശേഷയ്യന്റെ ആത്മാഭിമാനത്തിന്നു പോരായ്മയായി എന്നൊരു പക്ഷമുണ്ട്. കുറച്ചെങ്കിലും ആത്മാഭിമാനമുള്ള ഒരുവൻ ഇപ്രകാരം ചെയ്യുന്നതല്ല എന്നാണ് ആ പക്ഷക്കാരുടെ അഭിപ്രായം. ഈ അഭിപ്രായം തെറ്റാണെന്നും പറവാൻ പാടില്ല. എന്നാൽ മനുഷ്യനായാൽ ചില ന്യൂനതകൾ ഉണ്ടാവുന്നതാണെന്നും സകലഗുണങ്ങളും തികഞ്ഞ മനുഷ്യനെ കാണാൻ ഞെരുക്കമാണെന്നും മാത്രമേ ഈ ആക്ഷേപത്തിന്നു സമാധാനമുള്ളൂ.

'എല്ലാം തികഞ്ഞിട്ടൊരുവസ്തുവോളം
തണ്ടാർമകൻഹന്ത ചമച്ചതുണ്ടോ?'

ജോർജ്ജുനോർട്ടന്റെ ശിപാർശിപ്രകാരം റവന്യൂബോർഡിൽ ശേഷയ്യനെ 12½ ക. ശമ്പളത്തിൽ ഒരു ഗുമസ്തന്റെ പണിക്കു മുതലായി വെച്ചു. മൂന്നുമാസം മുതൽ നോക്കിയതിന്റെ ശേഷം 25 ക. ശമ്പളത്തിൽ ഈ പണിക്ക സ്ഥിരമാക്കി. 1849-ാമാണ്ടിൽ റവന്യൂ ബോർഡുമെമ്പറായ സർ. വാൾട്ടർ എലിയെട്ട് എന്നാളൊന്നിച്ച ശേഷയ്യൻ വിശാഖപട്ടണത്തിലേക്കു സർക്കീറു പോയി. എലിയട്ടസായ്പ് തന്നെ ഏല്പിച്ചിരുന്ന ജോലികൾ വളരെ [illegible]ത്യമായും പ്രാപ്തിയോടുകൂടിയും ശേഷയ്യൻ നടത്തിയതിനാൽ സായ്പിന്നു ശേഷയ്യന്റെ മേൽ വളരെ തൃപ്തിയും പ്രതിപത്തിയും ഉണ്ടായി. ശേഷയ്യനു 50 ക. ശമ്പളമാക്കി. റവന്യൂവക കാര്യങ്ങളിൽ ശേഷയ്യൻ വളരെ അറിവു സമ്പാദിച്ചു. 1851-ാമാണ്ടിൽ എലിയട്ട് സായ്‌വും ശേഷയ്യനും മസൂലിപട്ടണത്തിലേക്കു പോയി. ഈ ജില്ലയിലെ ഭരണം വളരെ മോശസ്ഥിതിയിലായിരുന്നു. മിക്ക തഹസീൽദാർമാരും ഡിപ്യൂട്ടിതഹസീൽദാർമാരും അപ്രാപ്തന്മാരും കൈക്കൂലിക്കാരുമായിരുന്നു. മസൂലിപട്ടണത്തിലെ തഹസീൽദാരും മേൽപറഞ്ഞ കൂട്ടത്തിൽ ഒരുവനായിരുന്നു. മസൂലിപട്ടണം കലക്ടർ ആയാൾക്കു പകരമായി തക്കതായ ഒരാളെ അന്വേഷിച്ചിരുന്നു. ആ സംഗതിയെപ്പറ്റി കലക്ടർ എലിയട്ടിനോടു പറഞ്ഞു. എലിയട്ടസായ്പ് ഒരു ശിപാർശിക്കത്തോടുകൂടി ശേഷയ്യനെ കലക്ടർസായ്പിന്റെ അടുക്കലയച്ചു. സായ്പിന്ന് ആസകലാൽ ശേഷയ്യനെ ബോധ്യമായി. എങ്കിലും ശേഷയ്യന്റെ ചെറുപ്പം കണ്ട് (ശേഷയ്യനു 23 വയസ്സേ ആയിരുന്നുള്ളൂ.) 'ഇത്ര ചെറുപ്പക്കാരനായ നിങ്ങൾ ഇത്രയും ലഹളയുള്ള താലൂക്കിനെ ഭരിപ്പാൻ ശക്തനാവുമോ?' എന്നു സായ്പ് ചോദിച്ചു. ചെറുപ്പം എന്ന കുറ്റം കാലംകൊണ്ടു തീൎന്നുപോകുന്നതാണെന്നും സായ്പിന്റെ മേലന്വേഷണത്തിൻകീഴിൽ ഒരു താലൂക്കിലധികം ഭരിപ്പാൻ താൻ ശക്തനാവുമെന്നും ശേഷയ്യൻ മറുവടി പറഞ്ഞതു കേട്ട സായ്പ് സന്തോഷിച്ചു ശേഷയ്യനെ തഹസീൽദാരായി നിശ്ചയിച്ചു കല്പന എഴുതിക്കൊടുത്തു.

അന്നത്തെ കാലത്ത് ഒരു തഹസീൽദാരുടെ അവസ്ഥ ഇപ്പോഴത്തെ ഒരു കലക്ടരുടെ അവസ്ഥയേക്കാൾ വലുതായിരുന്നു. അക്കാലത്തു തഹസീൽദാർമാർ

കച്ചേരിക്ക പോകുന്നതു പകൽ അഞ്ചു മണിക്കായിരുന്നു. കേസ്സുവിചാരണകളെല്ലാം രാത്രിയിലായിരുന്നു. തഹസീൽദാർമാരുടെ ജോലികളെല്ലാം യഥാൎത്ഥത്തിൽ നടത്തിയിരുന്നതു ഗുമസ്തന്മാരായിരുന്നു. സാക്ഷികളുടെ വാംഗ്മൂലങ്ങൾ എഴുതി എടുത്തിരുന്നതും ഗുമസ്തന്മാർ തന്നെയായിരുന്നു. സാക്ഷികൾ വാമൊഴി കൊടുത്തതല്ല കൎശീത്തിൽ കാണുക. ഈ അഴിമതികൾക്കെല്ലാം ശേഷയ്യൻ നല്ല അമച്ചവരുത്തി. ശേഷയ്യൻ കച്ചേരിസ്സു ശരസ്സു പതിനൊന്നു മണസ്സു് എത്തും. സാക്ഷിക്കൎശീത്തു മുതലായതു സ്വന്തം കയ്യക്ഷരത്തിൽ തന്നെ ശേഷയ്യൻ എഴുതി എടുക്കും.

അക്കാലങ്ങളിൽ കവച്ചയും കളവും വളരെ അധികമായിരുന്നു. താലൂക്കകച്ചേരിയിലെ ഒരു ഗുമസ്തൻ തന്നെ ഇതിനെല്ലാം കാരുകാരനായിരുന്നു. വേലി തന്നെ പഞ്ചതിന്നാൻ തുടങ്ങിയാലത്തെ കഥ പറയേണ്ടതില്ലല്ലോ. ശേഷയ്യനു് ഈയാളെ സംശയം തോന്നി. ഒരു ദിവസം രാവിലെ പൊടുന്നനവേ ശേഷയ്യൻ അയാളുടെ വീട്ടിൽ ചെന്നു പരിശോധന കഴിച്ചപ്പോൾ വളരെ കളവുസാധനങ്ങൾ കണ്ടുകിട്ടി. ഈയാളിൽനിന്നു കൂട്ടുകാരുടെ വിവരങ്ങളെല്ലാം അറിഞ്ഞു് അവരേയും പിടിച്ചു ശേഷയ്യൻ അവരെയെല്ലാം സെഷ്യൻകോർട്ടിലേക്കു കമ്മട്ടാക്കി. അവൎക്കു നല്ല ശിക്ഷ കിട്ടുകയും ചെയ്തു. അന്നു മുതൽക്കു് ആ താലൂക്കിൽ കളവു നന്നേ ചുരുങ്ങിവന്നു. ശേഷയ്യൻ മസൂലിപട്ടണത്തിലെ ജനസംഖ്യ എടുക്കാൻ ഉത്സാഹിക്കുകയും ഒരുമാതിരി കാനേഷുമാരിക്കണക്കു് എടുക്കുകയും ചെയ്തു. ജനങ്ങൾക്കു് ഇതിൽ അശേഷം തൃപ്തിയുണ്ടായിരുന്നില്ല. ആളെ എണ്ണുന്നതു ചീത്തയാണെന്നായിരുന്നു അവരുടെ വിശ്വാസം. എങ്കിലും ശേഷയ്യന്റെ സാമൎത്ഥ്യത്താലും നയത്താലുമാണു് ഒരുമാതിരിയായിട്ടെങ്കിലും കാനേഷുമാരിക്കണക്കെടുക്കാൻ സാധിച്ചതു്. 1854-ാമാണ്ടിൽ നൈബു് ശിരസ്തദാരുടെ പണിക്കു് ഒഴിവു വരികയും ആ ജോലിക്കു കലക്ടർ ശേഷയ്യനെ നിശ്ചയിക്കുകയും ചെയ്തു. 1856-ാമാണ്ടിൽ ഹേഡു് ശിരസ്തദാർ ദീനം നിമിത്തം കല്പനയെടുത്തപ്പോൾ രണ്ടു ജോലിയും കൂടി നോക്കാൻ കലക്ടർ ശേഷയ്യനെ ഏല്പിച്ചു. അതിന്നു ശേഷയ്യനു 80 ക. അധികശമ്പളം നിശ്ചയിക്കുകയും ചെയ്തു. ആഗസ്റ്റ് മാസത്തിൽ ഹേഡു് ശിരസ്തദാർ മരിച്ചു. അപ്പോഴത്തെ കലക്ടർ ലഷിങ്ടൻസായ്പു് കല്പന എടുത്തു പോവാൻ ഭാവിക്കയായിരുന്നു. ശേഷയ്യനെ ഹേഡു് ശിരസ്തദാരായി നിശ്ചയിപ്പാൻ കലക്ടർ ശിപാൎശി ചെയ്തു. ഇതിന്നു കമ്മീഷണൎക്കു് ആദ്യം മനസ്സില്ലായിരുന്നു. എങ്കിലും സബ്‌കലക്ടരും ശേഷയ്യനെത്തന്നെ ശിപാൎശി ചെയ്തതിനാൽ അദ്ദേഹത്തെ ഹേഡു് ശിരസ്തപ്പണിക്ക നിശ്ചയിച്ചു. ഈ വിധം ഏഴുകൊല്ലം മുമ്പു പന്ത്രണ്ടുറുപ്പിക ശമ്പളമായി ഏററവും നിസ്സാരമായ ഒരു ഗുമസ്തന്റെ പണി നോക്കിയിരുന്ന ആൾ അക്കാലത്തു് ഒരു നാട്ടുകാരനു റവന്യൂഡിപ്പാർട്ടുമെണ്ടിൽ എത്രത്തോളം ഉന്നതി ലഭിക്കാമോ അത്രത്തോളം ഉന്നതിയെ പ്രാപിച്ചു.

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

# പുലയന്മാർ.

(തുടർച്ച)

പിന്നെ ദമ്പതിമാർ കുടിലിന്നകത്തുചെന്ന് ഒരിലയിൽ ഇരുന്ന് ഊണുകഴിക്കും. അതിന്നുശേഷമേ അതിഥികൾക്കു ഭക്ഷിപ്പാൻ പാടുള്ളു. അവരുടെ ഭക്ഷണവും കഴിഞ്ഞാൽ പൊലി ആരംഭിക്കുകയായി. അതിലേക്കു, നിലത്തു ഒരു ചുകന്ന തുണിയോ പിച്ചളത്തളികയോ വെച്ച് അതിന്റെ മുമ്പിൽ മണവാളനിരിക്കും. അപ്പോൾ അതിഥികൾ അവസ്ഥപോലെ ഒന്നും രണ്ടും, രണ്ടും മൂന്നും അണവീതം പൊലിക്കുകയും യാത്രപറഞ്ഞു പിരിയുകയും ചെയ്യും. പെണ്ണിനെ അപ്പോൾത്തന്നെ ചെക്കൻ കൂട്ടിക്കൊണ്ടുപോകുന്നതാണ്. പിറ്റെദിവസം അവളുടെ മാതാപിതാക്കന്മാർ ചെന്ന് അവരുടെ 'ലോക്യം' സ്വീകരിച്ചു മടങ്ങിപ്പോരുന്നതുമാണ്. നാലാംദിവസം ദമ്പതിമാർ കുളികഴിച്ചു സ്ഥലത്തെ അമ്പലത്തിൽ തൊഴുകയും, ഏഴാംദിവസം വധുവിന്റെ മാടത്തിലേയ്ക്കുപോയി അവിടെവെച്ചു താലി അഴിച്ചുകളഞ്ഞു പകരം പിച്ചളകൊണ്ടുള്ള ആഭരണങ്ങൾ അണിയുകയും, പിറ്റേദിവസം രാവിലെ വധുവിന്റെ അമ്മ വരനും ചങ്ങാതിക്കും ചില ചില്ലറ സാമാനങ്ങൾ സമ്മാനിക്കുകയും, അവരൊന്നിച്ചു മകളെ പറഞ്ഞയക്കുകയും ചെയ്യും.

മലബാറിലെ ചെറുമന്മാരുടെ കല്യാണം പുറപ്പെടുമ്പോൾ ആണുങ്ങൾ കൂട്ടമായിച്ചേർന്നു വടി തല്ലുന്നതും, പെണ്ണുങ്ങൾ അവരെ പ്രോത്സാഹിപ്പിക്കുവാനായി 'കാണട്ടെ—കാണട്ടെ—വടി തല്ല്, ചിറമൊ ഓ!' എന്നും മറ്റും ഓരോ പാട്ടുകൾ പാടുന്നതും പതിവാണ്. അവരുടെ കല്യാണാഘോഷങ്ങളിൽ ആണുങ്ങളും പെണ്ണുങ്ങളും ഭേദംകൂടാതെ ചേർന്ന് ആടുകയും പാടുകയും നൃത്തംവെയ്ക്കുകയും ചെയ്യും. അവരുടെയിടയിൽ, വധു വരന്റെ മാടത്തിൽ ചെന്നാൽ ഉറക്കെ നിലവിളിക്കയും തന്റെ ദുർഭാഗ്യത്തെപ്പറ്റി വിലപിക്കയും അകത്തു പ്രവേശിക്കുമ്പോൾ വിലങ്ങനെ വെച്ചിട്ടുള്ള ഒരു ഉലക്കയ്മേൽ ചവിട്ടുകയും വേണം. ഈ സമ്പ്രദായം പുലച്ചെറുമന്മാരുടെയിടയിലും നടപ്പുണ്ട്. എന്നാൽ അത് ഇല്ലാതാവാൻ തുടങ്ങീട്ടുമുണ്ട്.

വടക്കൻ ദിക്കുകളിൽ കല്യാണത്തിന്നുമുമ്പായി, മാതാപിതാക്കന്മാരുടെ അനുമതിയോടുംകൂടി, പെണ്ണ് ഒന്നോ രണ്ടോ ജാരന്മാരെ വെച്ചുകൊണ്ടിരിക്കുന്ന ഒരു പഴയ സമ്പ്രദായം ഇപ്പോഴും നിലനിന്നുവരുന്നുണ്ട്. ഇവരിൽ ഒരുവൻതന്നെയാണ് ഒടുവിൽ അവളെ കല്യാണം ചെയ്യുക. കല്യാണം കഴിഞ്ഞാൽ തൽക്ഷണം ഈ നിഷിദ്ധമായ സംബന്ധം വേണ്ടെന്നുവെയ്ക്കുകയും ചെയ്യും.

തണ്ടപ്പുലയരുടെ പെൺകുട്ടികളെ

തിരളുന്നതിന്നു മുമ്പും പിമ്പും കല്യാണം ചെയ്യുവരുന്നതാണ്. അവക്ക് കല്യാണത്തിന്നുമുമ്പ് ഏഴോ എട്ടോ വയസ്സിൽ മറെറാരു ക്രിയ ചെയ്യാറുണ്ട്. അതിന്നു 'തണ്ടകല്യാണം' എന്നു പേർ. ഇതിൽ പ്രധാനമായ ക്രിയ ഏതെങ്കിലും ഒരു സ്ത്രീ (സാധാരണയായി കുട്ടിയുടെ ഒരു ചാച്ചക്കാരത്തിയായിരിക്കും; അതില്ലാത്തപക്ഷം പ്രത്യേകം തിരഞ്ഞെടുക്കപ്പെടുന്ന ഒരുവൾ) കുട്ടിയെ തണ്ടച്ചെടിയുടെ ഇലകൊണ്ടുണ്ടാക്കിയ വസ്ത്രം ഉടുപ്പിക്കുകയാണ്. സാധാരണയായി ഒരു നല്ല ദിവസം ഉച്ചയ്ക്കു 12 മണിക്കാണ് ഈ ക്രിയയ്ക്കുള്ള മുഹൂർത്തം നിശ്ചയിച്ചുവരുന്നത്. അന്ന് എല്ലാ ബന്ധുമിത്രങ്ങൾക്കും ചോറും, കറിയും, കള്ളും, മത്സ്യവും കൊടുക്കുന്നതും അവരുടെ ഭക്ഷണം കഴിയുന്നതോടുകൂടി ക്രിയകളവസാനിക്കുന്നതുമാകുന്നു. ഈ ക്രിയയ്ക്കുമുമ്പു ഒരു കുമ്പാളക്കോണകമല്ലാതെ മററു യാതൊന്നും കുട്ടി ധരിക്കാറില്ല. തണ്ടകല്യാണം കഴിഞ്ഞേ തണ്ടവസ്ത്രം ധരിക്കാൻ പാടുള്ളൂ.

**തണ്ടകല്യാണം** (margin note)

തണ്ടപ്പുലയരുടെ വധുവിന്നുള്ള കല്യാണക്കോപ്പ്, ഒരു തുണിയും ശംഖുകൊണ്ടുള്ള ഒരു താലിയുമാകുന്നു. വധുപ്പണം ആറേകാലുറുപ്പികമുതൽ പത്തര ഉറുപ്പികവരെ കൊടുത്തുവരാറുള്ളതുമാണ്. ഇത്ര കല്യാണത്തിന്നുമുമ്പായി വരന്റെ മാതാപിതാക്കന്മാർ കൊടുക്കും. ഇതിൽ ഒരുറുപ്പിക പത്തരണ വധുവിന്റെ പിതൃസഹോദരന്നുള്ളതാണ്. ഈ വിധം സംഖ്യ അമ്മാമനും മുതലാളനുമുണ്ട്. ശിഷ്ടമുള്ളതേ മാതാപിതാക്കന്മാർക്കുള്ളൂ. താലികെട്ടു സാധാരണയായി ഉച്ചയ്ക്കു പന്ത്രണ്ടുമണിയോടുകൂടിയാണ്. കെട്ടുകഴിഞ്ഞാൽ തണ്ടകല്യാണത്തിന്നുള്ളപോലെ അതിഥികൾക്കു ഒരു സദ്യ പതിവുണ്ട്. അതിന്നുശേഷം ചെക്കൻ പെണ്ണിനെയും കൂട്ടി മുതലാളന്റെ അടുക്കൽ ചെല്ലുകയും അയാൾ ഒരുറുപ്പികയും നെല്ലും അവർ ചാരിനില്ക്കാൻ സംഗതിയാവുന്ന തെങ്ങിന്മേലെ നാളികേരം മുഴുവനും കൊടുക്കുകയും ചെയ്യും. വൈകുന്നേരത്തോടുകൂടി കല്യാണത്തിന്റെ എല്ലാ അംശങ്ങളും കലാശിക്കുന്നതാണ്. വധുവിനെ അപ്പോൾത്തന്നെ വരന്റെ മാടത്തിലേയ്ക്കു കൊണ്ടുപോകും. പോകുന്ന സമയം അവളുടെ അമ്മാമൻ അവളുടെ കയ്യുപിടിച്ചു വരന്റെ അമ്മാമന്ന് ഏല്പിച്ചുകൊടുക്കും. ഭർത്തൃഗൃഹത്തിലേയ്ക്ക് അപ്പോൾ വേറെ ആരും പോകുന്ന പതിവില്ല.

തണ്ടപ്പുലയന്മാരൊഴിച്ചു ബാക്കിയുള്ള പുലയജാതിക്കാരുടെയിടയിൽ ബഹുഭാര്യത്വവും ബഹുഭർത്തൃത്വവും തീരെ നടപ്പില്ലെന്നുതന്നെ പറയണം. തണ്ടപ്പുലയന്മാർ ബഹുഭാര്യത്വം ആചരിച്ചുവരാറുണ്ട്. എന്നാൽ ബഹുഭർത്തൃത്വം അവരുടെയിടയിലും നടപ്പില്ല. പാലക്കാട്ടുള്ള കണക്കച്ചെറുമന്മാർ, രണ്ടു ഭാര്യമാരെയുണ്ടാക്കി ഒരേ മാടത്തിലൊ പ്രത്യേകം മാടങ്ങളിൽ തന്നെയൊ താമസിപ്പിക്കുന്നത്, അപമാനകരമായി കരുതിവരുന്നു. അവർ രണ്ടു ഭാര്യമാരുള്ളവരെ സമുദായത്തിൽ കൂട്ടില്ല. തണ്ടപ്പുലയക്കു പതിവുംപടിയുള്ള സമ്പ്രദായത്തിൽ തന്നെ രണ്ടൊ മൂന്നൊ കല്യാണം കഴിക്കാം.

ഭർത്താവിൻെറ മരണാനന്തരം ഭാൎയ്യക്കു അയാളുടെ സോദരനെയൊഴികെ വേറെ ആരെയെങ്കിലും കല്യാണംചെയ്യാം. പുനർവിവാഹം ചെയ്യുന്നപക്ഷം. ആദ്യത്തെ ഭാൎയ്യയിൽ കുട്ടികളുണ്ടായിരുന്നാൽ അവരും പുതിയ ഭർത്താവിൻെറ മാടത്തിലേക്കുതന്നെ പോകും. എന്നാൽ പ്രായംതികഞ്ഞു തന്നത്താൻ വേലചെയ്യാറായാൽ മാതൃഗൃഹത്തിലേക്കുപോയി അവിടെ സ്വപ്രയത്നത്താൽ കഴിഞ്ഞുവരും. ഒരു ഭാൎയ്യക്കു ഭർത്താവിനെ തെളിഞ്ഞില്ലെങ്കിൽ, അവനു കല്യാണത്തിനു ചിലവായതു കൊടുത്ത് അവൾക്കു മടങ്ങിപ്പോവാം. എന്നാൽ ഭാൎയ്യയെ ഉപേക്ഷിക്കണമെന്നു ഭർത്താവിനു തോന്നുന്ന സംഗതികളിൽ ചിലവായ സംഖ്യ ചോദിപ്പാൻ അയാൾക്കവകാശവുമില്ല. ആദ്യം പറഞ്ഞ കാൎയ്യത്തിൽ തിരിച്ചുകൊടുപ്പാനുള്ള സംഖ്യ സാധാരണയായി പുതിയഭർത്താവുതന്നെയാണു കൊടുക്കുക.

ഗർഭവും പ്രസവവും

മറ്റു ചില ജാതിക്കാരിൽ നടന്നുവരുംപോലെതന്നെ ഇവരുടെയിടയിലും ഗർഭിണിക്കു ഏഴാംമാസത്തിൽ പുളികുടി പതിവുണ്ട്. അവളുടെ ശരീരത്തിൽ ദേവതാബാധയുണ്ടോ എന്നു പരീക്ഷിപ്പാനും ഉണ്ടെങ്കിൽ ഒഴിപ്പാനും ഇതൊരു സന്ദർഭവുമാണ്. അതിലേക്ക് അവളെ സ്വഗൃഹത്തിലേക്കു കൊണ്ടുപോകും. അവിടെ മന്ത്രവാദി വാഴപ്പോളകൊണ്ടും കുരുത്തോലകൊണ്ടും കൂടാരത്തിൻെറ ആകൃതിയിൽ ഒരു 'വെലിപ്പുതം' സൃഷ്ടിച്ച് അതിൻെറ ശിഖരത്തിൽ ഒരു കവുങ്ങിൻപൂക്കുല സ്ഥാപിക്കും. ഒരു തെങ്ങിൻ പൂക്കുല മുറിച്ചു മുറിഞ്ഞഭാഗം കാണാത്തവിധം തുണികൊണ്ടു മൂടി അതും മടിയിൽ വെച്ചുകൊണ്ടു പെണ്ണു വെലിപ്പുതത്തിനു മുമ്പിൽ ചെന്നിരിക്കണം. ഇത് അവൾ പ്രസവിക്കാൻ പോകുന്ന കുട്ടിയുടെ ലക്ഷണംപറവാനുള്ളതാണ്. മുറിഞ്ഞഭാഗത്തു വള്ളോനും, രക്ഷിതാവും, സോദരന്മാരും, സോദരികളും ഒരു പ്ലാവിലകൊണ്ടു എളനീർവെള്ളമൊഴിക്കും. അപ്പോൾ മന്ത്രവാദി അതുവാങ്ങി പൊളിച്ച് അതിലുള്ള കായ (വെള്ളക്കു)നോക്കി കുട്ടി ആണോ പെണ്ണോ എന്നും മറ്റും ലക്ഷണംപറയും. തലക്കൽ തണ്ടോടടുത്തു കായുണ്ടായിരുന്നാൽ കുട്ടി ജീവിച്ചിരിക്കും. കായകൾ എരട്ടയായിരുന്നാൽ എരട്ടപെറും. ഏതെങ്കിലും കായക്കു ന്യൂനതയുണ്ടെങ്കിൽ മരണമുണ്ടാവും. ലക്ഷണം പറഞ്ഞുകഴിഞ്ഞാൽ വെലിപ്പുതത്തിലിരിക്കുന്ന കാളിയെ മന്ത്രംചൊല്ലി പ്രസാദിപ്പിച്ചിട്ടു മന്ത്രവാദി പൂക്കുല പെണ്ണിൻെറ നേരെ കാട്ടിയുഴിയും. അവളുതിന്മേൽ അരിയും പൂവും ഇട്ടു കൊടുക്കും. അപ്പോളവൻ മറെറാരു മന്ത്രം ചൊല്ലി അവളുടെ ദേഹത്തിൽനിന്നും ദേവതയെ ഒഴിക്കും. ഈ മന്ത്രവാദകാൎയ്യത്തിനു 'ഗർഭബലി'യെന്നാണു പേർ. ദേവതയൊഴിച്ചു കഴിഞ്ഞാൽ വെലിപ്പുതവും പൂജാദ്രവ്യങ്ങളും പറമ്പിൻെറ ദൈവങ്ങൾക്കായി നിയമിച്ചിട്ടുള്ള ഒരു മൂക്കിൽ കൊണ്ടുപോയി സ്ഥാപിക്കും. അവിടെ വെച്ചാണ് ഗർഭിണിയുടെ പിന്നത്തെ ക്രിയകൾ. അവൾ വെലിപ്പുതത്തിൻെറ മുമ്പിൽ 21 കോട്ടിയ പ്ലാവില വെച്ച് എല്ലാററിലും പാൽ, എളന്നീർ

വെള്ളം, പൂവ്വ്, മഞ്ഞപ്പൊടി ഇതുകൾ കൂട്ടിച്ചേർത്തുണ്ടാക്കിയ ഒരു ദ്രാവകം ഒഴിക്കും. എന്നിട്ട് ഏഴു പ്രാവശ്യം വെലിപ്പുതത്തിന്നു പ്രദക്ഷിണം വെച്ചിട്ടു ഒരു പൂക്കുലകതിരുകൊണ്ടു ആ ദ്രാവകത്തിൽനിന്നും കുറെ അതിന്മേൽ തളിക്കും. കുറെ നെല്ലും അരിയുമെടുത്ത് തലക്കു ചുററിയുഴിഞ്ഞ് അതിന്മേൽ എറിഞ്ഞിട്ടു ഒരു വസ്ത്രംകൊണ്ടു നിവേദ്യസാധനം മൂടിക്കളയും. അതു കഴിഞ്ഞു മടങ്ങി വരുമ്പോൾ ഭർത്താവ് അവളുടെ വായിൽ ഏഴു തുള്ളി പുളി ഒഴിച്ചുകൊടുക്കും. അപ്പോൾ മന്ത്രവാദി തുളസിയിലയും നെല്ലുംകൊണ്ട് അവളുടെ മേൽ തലോടിനോക്കി അവളിൽ ദേവതയുണ്ടോ എന്നു പരീക്ഷിച്ചറികയും ഉണ്ടെന്നു കണ്ടാൽ പതിവുമ്പടിയുള്ള ബലിപൂജാദികളെക്കൊണ്ടു ഒഴിച്ചു കളകയും ചെയ്യുന്നതാണ്. അവൻെറ ഈ അധ്വാനത്തിന്നു പന്ത്രണ്ടര ഇടങ്ങഴി നെല്ലും രണ്ടു മുണ്ടുമുണ്ട്. മററു ജാതിക്കാരുടെയിടയിലും ഈ സമ്പ്രദായംതന്നെയാണു കണ്ടുവരാറുള്ളത്. ഈ കാലത്തു ഭർത്താവിന്നു ക്ഷൌരംചെയ്വാൻ പാടില്ല.

സ്ത്രീ പ്രസവിക്കാറായാൽ അവളെ മാടത്തിന്നടുത്തു ഒരു ചെറുകുടിലിൽ പാർപ്പിച്ച് അമ്മയും കുടുംബത്തിൽ പ്രായം ചെന്ന മററു ചിലരും കാത്തിരിക്കും. പ്രസവം കഴിഞ്ഞാൽ തള്ളയേയും കുട്ടിയേയും കുളിപ്പിക്കും. ഏഴാം ദിവസം തള്ള കുളിച്ചുവന്നാൽ വയററാട്ടിജ്ജോലി നടത്തിയിരുന്നവൾ നിലത്തു ഈരണ്ടടിയകലെയായി ഏഴു വരവരച്ച് അതിൻമീതെ എല കീറി പരത്തിയിടും. തള്ള കുട്ടിയേയുംകൊണ്ടു കത്തുന്ന ചില കോലുകളോടുകൂടി എലയുടെ മീതെ ഏഴു പ്രാവശ്യം അങ്ങോട്ടുമിങ്ങോട്ടും നടന്നാൽ അവൾ ശുദ്ധമായി. ഈ ഏഴു ദിവസം അവളുടെ ഭർത്താവ് അരികൊണ്ടുണ്ടാക്കിയ യാതൊന്നും ഭക്ഷിപ്പാൻ പാടില്ല. കള്ളും ഫലങ്ങളും മറേറാരോ സാധനങ്ങളുംകൊണ്ടു കഴിച്ചുകൂട്ടണം. ഈ ദിവസങ്ങളിൽ അവളുടെ സഖികളെല്ലാവരും അവളേയും കുട്ടിയേയും കാണ്മാൻ ചെല്ലുക പതിവാണ്. തള്ളയും പിള്ളയും 16 ദിവസം ഈ കുടിലിൽ കഴിച്ചുകൂട്ടും. 16-ാം ദിവസം കുളി കഴിഞ്ഞാൽ അവളുടെ പുല പോകും. അവൾക്കു പിന്നെ പ്രധാനമാടത്തിൽ കടപ്പാൻ വിരോധമില്ല. കുളിക്കുവാൻ പോകുമ്പോൾ എണങ്ങത്തി മാടവും പറമ്പും എല്ലാം അടിച്ചു വെടിപ്പുവരുത്തുകയും കുളിച്ചു വരുമ്പോൾ അവളെ ചാണകവെള്ളം തളിക്കയും ചെയ്യുന്നതാണ്. ചിലേടങ്ങളിൽ അത്തിയും ഇത്തിയും നല്ലവണ്ണം ഇടിച്ചു വെള്ളത്തിൽ കലക്കി കാച്ചു പാലും ചേർത്ത് അതുകൊണ്ടു കുടിലിൻെറ അകവും പുറവും തളിക്കുന്ന സമ്പ്രദായവുമുണ്ട്. ഇതുകൂടി കഴിഞ്ഞാലേ എല്ലാം ശുദ്ധമാവുള്ളൂ എന്നാണവരുടെ വിശ്വാസം. പാലക്കാട്ടെ ചിറമന്മാരുടെയിടയിൽ പുല 10 ദിവസമാണ്. ഇതു സംബന്ധിച്ചുള്ള എല്ലാ ചിലവുകളും ഭർത്താവാണ് നടത്തുന്നത്. പ്രസവശേഷം സ്ത്രീക്കു പ്രത്യേക ചികിത്സകളൊന്നുമില്ല. മേൽ മഞ്ഞളും എണ്ണയും പുരട്ടി ചൂടുള്ള വെള്ളംകൊണ്ടു കഴുകിക്കളയുന്നുണ്ട്. പുലയിൽനിന്നും ശുദ്ധമാവേണ്ടതിലേക്കു ഭർത്താവും കുളിക്കും. തള്ള പതിവുംപടിയുള്ള ചോറും മത്സ്യമാംസ

ങ്ങളും തന്നെയാണ് കഴിക്കുക. രണ്ടു മാസകാലം കാലത്തും വൈകുന്നേരവും ചില കാട്ടുമരുന്നുകളും ശീലിക്കും. മുലപ്പാലു മതിയാവോളമില്ലാതെ വന്നാൽ 3-ാം പക്കമൊ 4-ാം പക്കമൊ കുട്ടിക്കു എളനീർവെള്ളം കൊടുത്തുവരുന്നുണ്ട്. അതിനെ ചൂടുവെള്ളത്തിലാണു കുളിപ്പിക്കുന്നത്. 10-ാം ദിവസം അതിന്റെ മേൽ എണ്ണയും മഞ്ഞളും തേപ്പിച്ച് ഉടനെ തേച്ചു കഴുകിക്കളയും. രണ്ടു വഷം അതിന്റെ അവയവങ്ങളെല്ലാം പിടിച്ചു കുടഞ്ഞും മൂക്കു വലിച്ചു നീട്ടിയും അതിനെ ശുശ്രൂഷിക്കുന്നതാണ്.

കുട്ടിക്കു 28-ാം പക്കമാകുന്നു പേരിടുന്നത്. അന്ന് എല്ലാ ബന്ധുമിത്രങ്ങൾക്കും സദ്യദിവസംതന്നെ. ആണുങ്ങൾക്കു കുറുമ്പൻ, ചാത്തൻ, തേവൻ, അഞ്ഞനൻ, തുളുവൻ, മണിയൻ, വള്ളോൻ, പിത്തോൻ, കോമ്പൻ, ഊന്നിയാളൻ, പയിങ്കിളി, ചരളൻ, മതകിളി, ഈഴവാത്തി, കുരളി എന്നും പെണ്ണുങ്ങൾക്കു കുറുമ്പ, പുനല, മയിതാനം, അഴകി, കുഞ്ഞാള, തിരുമ, പഴുക്ക, തേനങ്കിളി, ചെറുകൊട്ടി, ചെറുനില, ഒമ, പുന, ആനത്തര എന്നുമാണ് ഇവർ സാധാരണയായിട്ടു പറയാറുള്ള പേരുകൾ.

കാതുകുത്തടിയന്തരം ആറാം മാസത്തിലൊ ഏഴാം മാസത്തിലൊ ആകുന്നു. ഒരു കൂത്ത ഊശികൊണ്ടു വള്ളോനാണ് കാതു കുത്തുന്നത്. പെൺകുട്ടികളുടെ കാതു വെളിച്ചെണ്ണ പുരട്ടി ഉണക്കുകയും, മരക്കൊരട്, പനയോലച്ചുരുൾ മുതലായവയിട്ടു ക്രമേണ ദ്വാരം വലുതാക്കുകയും ചെയ്യുന്നു. കാതു കുത്തുന്ന ദിവസം സ്വജനങ്ങൾക്കൊക്കെ ഭക്ഷണം കൊടുക്കും. ഈ വകക്കു മുതലാളൻ ഒരു റുപ്പികക്കു നെല്ലു കൊടുക്കുന്നതാണ്. ഇതുകൊണ്ടും അതിഥികൾ കൊണ്ടുവരുന്നതുകൊണ്ടുമാണു സദ്യ നടത്തുന്നത്. അവർ ഭക്ഷണാനന്തരം ചെണ്ടയും കൊട്ടിക്കൊണ്ടു പോയി മുതലാളനു അവിൽ കാഴ്ച വെക്കുകയും, അയാളുടെ ഭൃത്യജനങ്ങൾക്കു വീതിച്ചു കൊടുക്കുകയും ചെയ്യും. കാതു കുത്തുന്നവനു എട്ടണക്കു നെല്ലും ഒരു നാളികേരവും ഒരു പാത്രം അരിയും നാലണയുമുണ്ട്. കുട്ടി നടക്കുവാൻ തുടങ്ങിയാൽ അതിന്റെ മുടി വെട്ടിക്കളയും.

വ്യഭിചാരവും പത്നീപരിത്യാഗവും

കല്യാണം കഴിഞ്ഞ ഒരു സ്ത്രീക്കു സ്വജനങ്ങളിലുള്ള അന്യ പുരുഷനായി സംസർഗ്ഗമുണ്ടെന്നു കണ്ടാൽ വള്ളോനും മറ്റു സ്വജനങ്ങളും ചെന്നു ശരിയായൊരു വിചാരണ നടത്തി രണ്ടുപേരെയും നല്ല അടി അടിക്കുകയും, ജാരനും പെണ്ണിന്റെ അച്ഛന്റെ അനുമതിയുണ്ടെന്നുകണ്ടാൽ അവനും പിഴ കല്പിക്കുകയും, സ്ത്രീയെ ഒരു തണ്ടാന്റെ അടുക്കൽ കൊണ്ടുപോയി അവന്റെ പക്കൽ നിന്നും കരിക്കിൻവെള്ളം വാങ്ങി കുടിപ്പാൻ കൊടുത്ത് അവളെ പാപത്തിൽനിന്നും മോചിപ്പിക്കുകയും ചെയ്യും. അവളുടെ ഭർത്താവിനു പിന്നെ അവളെ സ്വീകരിക്കയൊ അവൾക്കു വേറൊരുവനെ കല്യാണം കഴിക്കയൊ ചെയ്യാം. തണ്ടാനു രണ്ടുനാലണയും കുറച്ചു വെററിലയും അടക്കയും പുകയിലയും ഇതിന്നു അനുഭവമുണ്ട്. പെണ്ണിന്റെ അച്ഛനും ജാരനും ചെയ്യുന്ന പിഴകൊണ്ടു കള്ളുവാങ്ങി

അവിടെ കൂടുന്നവരെല്ലാവരും കുടിക്കയും ചെയ്യും. ഒരുവൾക്കു കല്യാണത്തിന്നുമുമ്പു ഗർഭമാവുന്നതായാൽ, ജാരൻ ഒരു പുലയനാണെങ്കിൽ, അവളെ കല്യാണം ചെയ്യാൻ അവനെ നിർബ്ബന്ധിക്കും. അല്ലെങ്കിൽ അവളെക്കൊണ്ടു തക്കതായ പ്രായശ്ചിത്തം ചെയ്യിക്കും. ജാരൻ പറയനാണെങ്കിൽ പുലച്ചിയെ ജാതിയിൽനിന്നും ഭ്രഷ്ടയാക്കിക്കളയും. അവൾ പിന്നെ ക്രിസ്ത്യൻ മതത്തിലൊ മുഹമ്മദീയമതത്തിലൊ ചേരുകയാണ്. എന്നാൽ അരവയറും പട്ടിണിയായ ഈ കൂട്ടരുടെയിടയിൽ ഈ വക ദുർവൃത്തികൾ ദുർല്ലഭംതന്നെ. എങ്കിലും മേൽജാതിക്കാരരുമായുള്ള സംസർഗ്ഗത്തിന്റെ ഫലമായി ഇവിടെയും അവിടെയും സൌഭാഗ്യമുള്ള കുട്ടികളെ കണ്ടുവരാറില്ലെന്നില്ല.

തണ്ടപ്പുലയരുടെയിടയിൽ രസകരമായ ഒരു സംഗതി ഇന്നും നടന്നുവരുന്നുണ്ട്. അവരെ തണ്ടവസ്ത്രംകൊണ്ടടിക്കുന്നതു തീരെ അപമാനകരമായി വിചാരിച്ചുവരുന്നു. അടികൊണ്ടവനെ യോഗത്തിൽനിന്നും അകററി നിൎത്തുന്നതുമാണ്.

കെ. പരമേശ്വരക്കുറുപ്പ്.

---

# വിവാഹമംഗളാശംസ.*

---

പ്രേമംകൊണ്ടുവസന്തകാന്തിയുളവായ്‌വിശ്വാസമന്ദാനില-
സ്തോമംകൊണ്ടുകുളിൎത്തതായ്‌സരസമായാമോദസങ്കേതമായ്
ശ്രീമത്തായ്‌വിലസുംതൃതീയപുരുഷാൎത്ഥാരാമമാൻ്റീടുമീ-
യോമൽദ്ദമ്പതികൾക്കുസൎവ്വസുഖവുംനൽകട്ടെസൎവ്വേശ്വരൻ.

ഏതാനുംചിലരല്ലമാന്യരഖിലംമാനിച്ചിടുംതാതനും
മാതാവുംനിഭൃതാഭിമാനമകമേകൊണ്ടാടിടുംബാലികേ!
ഏതാദൃഗ്ഗുണപൂൎണ്ണരായസുതരാൽസന്തുഷ്ടരായ്‌നിസ്തുല-
ശ്രീതാവുംപ്രിയനോടുമൊത്തുസുഖമായ്‌വത്സേ!വസിച്ചീടുക.

കററിപ്പുറത്തു കേളപ്പൻനായർ.

---

* ദമ്പതികൾ:— ശ്രീമതി ടി. മാധവിയമ്മാൾ,
ശ്രീമാൻ പി. ഗോവിന്ദമേനോൻ അവർകൾ ബി. എ; ബി. എൽ

# ഒരു പൊട്ടിത്തകൎന്ന സ്വപ്നം.*

ഞാൻ ഡാർജിലിങ്ങിൽ പോയിരുന്നപ്പോൾ അവിടത്തെ കാലാവസ്ഥ, വീട്ടിന്നകത്തിരിപ്പാൻ ഉപദ്രവം തോന്നുന്നവിധവും, പുറത്തിറങ്ങുവാൻ ഉന്മേഷമുണ്ടാകാത്തവിധവും മഴക്കാറും മഞ്ഞുമായി കൂടൽപിടിച്ചതായിരുന്നു. ഹോട്ടലിൽനിന്നു രാവിലത്തെ പ്രാതൽ കഴിച്ച്, തടിച്ച ബൂട്ട്സും, മഴക്കോട്ടുമായി ഞാൻ പതിവുപോലെ പുറത്തിറങ്ങി.

അപ്പഴപ്പോഴായി കുറേശ്ശ മഴ ചാറിയിരുന്നു; മഞ്ഞുകൊണ്ടു മൂടിയിരുന്ന കുന്നുകളെക്കണ്ടാൽ, ഒരു ചിത്രകാരൻ മായ്ക്കുകളയുവാൻവേണ്ടി ഏതാണ്ടു തുടച്ചുവെച്ചിട്ടുള്ള ഒരു ചിത്രമാണെന്നു തോന്നും. കല്ക്കത്താനിരത്തിൽക്കൂടെ നടക്കുമ്പോൾ, ജീവിതത്തിന്നുള്ള പിൻപുറം കുന്നുകളുടെ പ്രകാശമാനമായിരിക്കേണ്ടതാണെന്ന് എനിക്കു തോന്നി. മഞ്ഞുകൊണ്ടു മൂടപ്പെട്ട ആ രാജ്യം, മൻഷ്യജീവിതത്തിന്നു പററിയതല്ലെന്നും ഞാൻ വിചാരിച്ചു.

ആ സമയത്തു, ഞാൻ നടന്നിരുന്നതിന്റെ വളരെ അടുത്തുനിന്ന് ഒരു സ്ത്രീയുടെ വിലാപം കേട്ടു. അതു നമ്മുടെ ശ്രദ്ധയെ ബലാദാകർഷിക്കത്തക്കവിധത്തിലുള്ളതായിരുന്നില്ല; മറെറാരു സമയത്തായിരുന്നെങ്കിൽ ഞാൻ അതിനെ വിലവെച്ചിരിക്കയുമില്ല; പക്ഷെ അതികഠിനമായ ആ മഞ്ഞിൽ, വീർപ്പുമുട്ടുന്ന ഒരു ലോകത്തിന്റെ രോദനംപോലെ അതു എനിക്കു തോന്നി.

ശബ്ദം പുറപ്പെട്ട സ്ഥലത്തു ചെന്നപ്പോൾ നിരത്തുവക്കിലുള്ള ഒരു പാറപ്പുറത്തു ഒരു സ്ത്രീ ഇരിക്കുന്നതായി കണ്ടു. വെയിൽ തട്ടി ചെമ്പിച്ചു ജടപിടിച്ചതായ കേശത്തെ അവൾ തലയിൽ ചുററി വെച്ചിരുന്നു. അവളിൽനിന്ന് അപ്പോൾ പുറപ്പെട്ടതായ ആ ശബ്ദം അവൾ മേഘത്താൽ മൂടപ്പെട്ട ആ മലഞ്ചരുവിൽ ഏകാകിനിയായിരുന്ന സമയത്തു, വളരെക്കാലമായി ആത്യാശയോടെ പ്രതീക്ഷിച്ചിരുന്ന ഒരു സംഗതിയിലുണ്ടായ കഠിനമായ നൈരാശ്യം സഹിപ്പാൻ കഴിയാതെ അവളുടെ ഹൃദയം പൊട്ടിയതാണൊ എന്നു തോന്നും.

'ഇതാകപ്പാടെ നല്ലതു തന്നെ; ആശ്ചൎയ്യകരമായ ഒരു കഥയുടെ ആരംഭമാണിത്. ഡാർജിലിങ്ങിൽ ഒരു കുന്നിൻമുകളിൽ ഒരു സന്യാസിനി ഇരുന്നു കരയുന്നതു കുറച്ചു അസാധാരണം തന്നെ' എന്നു ഞാൻ തന്നെത്താൻ പറഞ്ഞു.

അവൾ ഏതൊരു മതസംഘത്തിൽപെട്ടവളാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കുവാൻ കഴിഞ്ഞില്ല. അവൾ ആരാണെന്നും, അവളുടെ വ്യസനത്തിന്നു കാരണമെന്തെന്നും ഞാൻ ഹിന്ദിഭാഷയിൽ അവളോടു ചോദിച്ചു. അതിന്നെനിക്കു യാതൊരു മറുപടിയും ലഭിച്ചില്ല; അശ്രുപൂൎണ്ണങ്ങളായ നേത്രങ്ങൾകൊണ്ട് അവളെ ചുററിയിരുന്ന മഞ്ഞിന്നിടയിൽകൂടി എന്നെ സൂക്ഷിച്ചുനോക്കി. 'ഭയപ്പെ

* സർ. രവീന്ദ്രനാഥടാഗോറിന്റെ ഒരു ചെറുകഥ.

ടേണ്ട' എന്നു ഞാൻ അവളോട് പറഞ്ഞു. അവൾ ഒരു പുഞ്ചിരിയോടെ, അതിവിശേഷമായ ഹിന്തുസ്ഥാനിഭാഷയിൽ ഇങ്ങിനെ മറുവടി പറഞ്ഞു:—

'ഭയവും ഞാനുമായി വേർപിരിഞ്ഞിട്ട് കാലം വളരെയായി. ഇനിമേൽ എനിക്കു മാനാപമാനങ്ങൾ എന്നതില്ല. ഹേ, ബാബുജി! എന്റെ അമ്മകൂടി സമ്മതംകൂടാതെ അകത്തുകടക്കാത്തവിധത്തിൽ, എന്റെ സ്വന്തം അന്തഃപുരത്തിൽ, ഞാൻ ജീവിച്ചിരുന്നതായ ഒരു കാലം ഉണ്ടായിരുന്നു. എന്നാൽ ഇപ്പോഴാവട്ടെ, ലോകത്തിലെങ്ങുംതന്നെ എനിക്കു ഒരു മൂടുപടം ഇല്ല'.

'ബാബുജി' എന്ന് എന്നെ വിളിച്ചതിൽ എനിക്കു കുറഞ്ഞൊരു നീരസം തോന്നി. എന്റെ ഉടുപ്പും നടപ്പും മുഴുവൻ പാശ്ചാത്യമട്ടിലായിരുന്നു. എന്നിട്ടും ഞാൻ ബാബുജാതിയാണെന്ന് ഈ മൂഢസ്ത്രീ സംശയിച്ചത് എനിക്കു ഒട്ടുംതന്നെ ഇഷ്ടമായില്ല.

'തീവണ്ടി'സായ്പിനെപ്പോലെ മൂക്കു വിരുത്തി മേല്പോട്ടാക്കി, സിഗരററിന്റെ പുക പിന്നിലേക്കു വിട്ടുംകൊണ്ടു നടന്ന്, ഈ കെട്ടുകഥ തുടങ്ങുന്നതോടുകൂടിത്തന്നെ അവസാനിപ്പിക്കുന്നതായിരിക്കുമോ നല്ലത് എന്നു ഞാൻ കുറഞ്ഞൊന്നു സംശയിച്ചു. പക്ഷെ അവളുടെ ചരിത്രമറിവാനുള്ള ജിജ്ഞാസ എന്നെ അതിന്നനുവദിച്ചില്ല. മാന്യനായ ഒരാളാണെന്നു നടിച്ചുകൊണ്ടു ഞാൻ അവളോട് ഇപ്രകാരം ചോദിച്ചു: 'നിങ്ങൾക്കു എന്റെ സഹായം വല്ലതും ആവശ്യമുണ്ടോ?'

അവൾ എന്റെ മുഖത്തേക്കു ഒന്നു നിവൎന്നുനോക്കി, 'ഞാൻ ബദ്രവോൺ നവാബായ ഗുലാംഖാദർഖാനിന്റെ മകളാണ്' എന്നു മറുവടി പറഞ്ഞു.

ബദ്രവോൺ എവിടെയാണെന്നോ, അവിടത്തെ നവാബു ആരാണെന്നോ, വിശേഷിച്ചു കല്ക്കത്താനിരത്തിന്റെ വളവിലിരുന്നു കരയുന്ന ഈ സന്ന്യാസിനി ഒരു നവാബിന്റെ മകളാണെന്നോ വിചാരിപ്പാനും വിശ്വസിപ്പാനും എന്നാൽ സാധിച്ചില്ല. 'കഥ ഏതായാലും രസംകൂടുന്നുണ്ട്; പിന്നെയെന്തിന്നു ധൃതിപ്പെടുന്നു' എന്നു ഞാൻ വിചാരിച്ചു. വളരെ പ്രാഭവത്തോടെ നിലംതൊട്ടു ഒരു സലാം ചെയ്തുകൊണ്ടു 'ബീബിസാഹേബ്! എനിക്കു മാപ്പുതരണം. നിങ്ങൾ ആരാണെന്നു ഞാൻ അറിഞ്ഞിരുന്നില്ല.' എന്നു പറഞ്ഞു.

ഇതു കേട്ടപ്പോൾ ബീബിസാഹേബിന്നു കുറച്ചൊരു സന്തോഷമുണ്ടായി. അടുത്തുണ്ടായിരുന്ന കല്ലിനെ ചൂണ്ടിക്കാണിച്ചു 'ബൈതീയി' (ദയവുചെയ്തു ഇരുന്നാലും) എന്നു പറഞ്ഞു.

മററുള്ളവരെ അനുസരിപ്പിക്കാനുള്ള ശക്തി അവൾക്കു സഹജമായിട്ടുണ്ടെന്ന് അവളുടെ ചേഷ്ടകളിൽനിന്നു ഞാൻ ഗ്രഹിച്ചു. അവൾക്കരികിലുള്ള ആ പരുത്തു നനഞ്ഞു പാശിപിടിച്ച പാറമേൽ ഇരിക്കുവാൻ എന്നെ അനുവദിക്കുന്നത് എന്റെ യോഗ്യതയിൽ കവിഞ്ഞതായ ഒരു ബഹുമതിയാണെന്നും എനിക്കു തോന്നി. ബദ്രവോണിലെ ഗുലാംഖാദിർഖാൻ അവർകളുടെ മകളോടൊപ്പം ആ കല്ക്കത്താറോഡിന്റെ വളവിൽ ഒരു ചളിപുരണ്ട പാറമേൽ ഇരിക്കുന്നതു മാ

ന്യത എനിക്കുണ്ടാകുമെന്നു, അന്നു രാവിലെ ഹോട്ടലിൽനിന്നു മഴക്കുപ്പായവുമായി പുറത്തിറങ്ങിയപ്പോൾ ഞാൻ ഒരിക്കലും ആലോചിച്ചിരിപ്പാൻ തരമില്ല.

‘ബീബിസാഹേബ്! നിങ്ങളെ എന്തൊരു സംഭവമാണ് ഈ സ്ഥിതിയിലാക്കിയത്?’ എന്നു ഞാൻ ചോദിച്ചു.

ഇതു കേട്ട് രാജപുത്രി അവളുടെ കൈകൾ നെററിയിൽ വെച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു. ‘ആരാണ് എന്നെ ഇങ്ങിനെയാക്കിയതെന്നു ഞാൻ എങ്ങിനെ പറയും? ഈ കാണുന്ന മലയെ, മേഘങ്ങളാകുന്ന മൂടുപടത്തിന്നപ്പുറത്താക്കിയത് ആരാണെന്നു നിങ്ങൾക്കു പറയുവാൻ കഴിയുമോ?’

മഹത്തായ ഓരോ തത്വവാദങ്ങളിൽ ഏൎപ്പെടുവാൻ എനിക്കു തല്ക്കാലം ഇഷ്ടമുണ്ടായിരുന്നില്ല. അതുകൊണ്ടു ഞാൻ അവൾ പറഞ്ഞതു സമ്മതിച്ചു. ‘ശരിതന്നെ; നിങ്ങൾ പറയുന്നതു വാസ്തവമാണ്. രാജകുമാരി, യോഗം ഏതുവിധമെന്ന് ആൎക്കു പറയാൻ കഴിയും? നാം വെറും കൃമികൾ മാത്രം’ എന്നു പറഞ്ഞു.

മറെറാരു സമയത്തായിരുന്നുവെങ്കിൽ അതിനെപ്പററി ഞാൻ കുറഞ്ഞൊന്നു തൎക്കിക്കുമായിരുന്നു: പക്ഷെ ഹിന്തുസ്ഥാനിഭാഷ എനിക്ക് അറിയാത്തതുകൊണ്ട് അതിന്നു തരമായില്ല. ഭൃത്യന്മാരുടെ സഹവാസത്തിൽനിന്നു അല്പം ഹിന്തിഭാഷ കൈവശമായിട്ടുണ്ടെങ്കിൽ തന്നെ, അതു ഡാർജിലിങ്ങു റോഡുവക്കത്തിരുന്നിരുന്ന ബദ്രവോൺ രാജകുമാരിയോടൊ അഥവാ മററാരോടെങ്കിലുമോ, ദൈവശക്തിയേയും പൌരുഷത്തേയും പററിയ ഒരു വാദത്തിൽ ഏൎപ്പെടുവാൻ മതിയാവുന്നതുമല്ല.

‘ആശ്ചൎയ്യകരമായ എന്റെ അപൂൎവ്വചരിത്രം ഇന്ന് ഇപ്പോഴാണ് അവസാനിച്ചത്. നിങ്ങൾക്കു കേൾപ്പാൻ ഇഷ്ടമാണെങ്കിൽ ഞാൻ അതിനെ വിസ്തരിക്കാം.’

ഉടനെ ആ വാക്കിനെ ഞാൻ പിടികൂടി. ‘ഇഷ്ടമാണെങ്കിൽ എന്നോ? അതു കേൾക്കുന്നതു എനിക്കു വലുതായ ഒരു ഭാഗ്യമായിരിക്കും’ എന്നു ഞാൻ പറഞ്ഞു.

ഹിന്തുസ്ഥാനിഭാഷയോടുള്ള ബഹുമതിയെ ഞാൻ വെളിപ്പെടുത്തിയിരുന്നു, അതിലുള്ള ശബ്ദങ്ങളെ അനുസരിക്കുന്നതിലധികം, തിരസ്കരിക്കുന്നതിലാണെന്ന് എന്റെ പരിചിതന്മാൎക്കെല്ലാം അറിവുണ്ടായിരുന്നു. എന്നാൽ ആ രാജപുത്രിയുടെ സംഭാഷണരീതി, സ്വൎണ്ണവൎണ്ണമുള്ള ധാന്യങ്ങളാൽ പ്രശോഭിതമായ വയലുകളിൽകൂടി പ്രഭാതസമയത്തു മന്ദമായി വീശുന്ന ഇളംകാററിനോടു തുല്യമായിരുന്നു. ചാതുൎയ്യമയമായ വാക്സമൂഹം യാതൊരു തടവും കൂടാതെ കമനീയമായി അവളിൽനിന്നു പ്രവഹിച്ചു. എന്റെ മറുവടികളോ, അത്യബദ്ധമായും, ഹ്രസ്വമായും ഇരുന്നു.

അവളുടെ കഥ ഇപ്രകാരമായിരുന്നു:—

“എന്റെ അച്ഛന്റെ നാഡികളിൽക്കൂടെ ഡൽഹിചക്രവൎത്തിവംശത്തിന്റെ രക്തമായിരുന്നു ഒഴുകിയിരുന്നത്. എനിക്കനുരൂപനായ ഒരു വരന്റെ ദൌൎല്ലഭ്യവും ഇതുകൊണ്ടുതന്നെയായിരുന്നു. ലക്നോവിലെ നവാബിന്നു എന്നെ വിവാഹം ചെയ്യിക്കേണമെന്ന് ഒരു പ്രസ്താവ

മുണ്ടായി. എന്റെ അച്ഛന്ന് അതു പൂർണ്ണസമ്മതമായില്ല. ഇങ്ങിനെയിരിക്കുന്ന കാലത്താണ് 'കമ്പിനിബഹദൂറി'ന്നെതിരായി 'ശിപ്പായിലഹള'യുണ്ടായത്. ബീരങ്കികളുടെ പുകകൊണ്ടു ഹിന്തുസ്ഥാനം കറുത്തുവശായി.

ഒരു സ്ത്രീയുടെ മുഖത്തിൽനിന്നു ഇത്ര ശുദ്ധമായ ഹിന്തുസ്ഥാനിഭാഷ ഞാൻ മുമ്പൊരിക്കലും കേട്ടിട്ടില്ലായിരുന്നു. ക്രയവിക്രയവ്യാപാരത്തിൽ മുഴുകി ഒരു യന്ത്രതുല്യമായി ചരിക്കുന്ന ആധുനികകാലത്തോട്ടു ഒട്ടുംതന്നെ യോജിക്കാത്തതും, രാജകുടുംബങ്ങൾക്കു മാത്രം പററിയതും ആയ ഒരു ഭാഷയാണ് ഹിന്തുസ്ഥാനി എന്നു എനിക്കു തോന്നി. ശ്ലക്ഷ്ണശിലാനിർമ്മിതമായ മുകൾരാജധാനിയേയും, ആകാശത്തെ തൊട്ടുനില്ക്കുന്ന അവയുടെ താഴികകളേയും, മോടിയോടെ കടിഞ്ഞാണിട്ടു അണിയണിയായി നിരത്തിനിർത്തിയിരിക്കുന്ന അശ്വരത്നങ്ങളേയും, വിചിത്രതരങ്ങളായ അമ്പാരികളെ വഹിച്ചുകൊണ്ടുള്ള ആനക്കൂട്ടങ്ങളേയും, വിവിധവർണ്ണങ്ങളിലുള്ള തലപ്പാവുകളും മിന്നിത്തിളങ്ങുന്ന അരവാളുകളും സ്വർണ്ണക്കസവു വെച്ച ഉയർന്ന തരം പാപ്പാസ്സുകളും മനോഹരമായ മസ്ലിൻഉടുപ്പുകളും ധരിച്ചവരായ രാജസേവകവർഗ്ഗത്തേയും, എന്നുവേണ്ട ഒരു രാജധാനിയിൽ ഉണ്ടാവാവുന്ന എല്ലാ ആചാരങ്ങളേയും, എന്റെ മുമ്പിലേയ്ക്കു— പാശ്ചാത്യമട്ടിലുള്ള ഈ മലനാട്ടിലേയ്ക്കു — വിളിച്ചുവരുത്തുവാൻ മതിയായ ജാലശക്തി അവളുടെ ശബ്ദത്തിന്നുണ്ടായിരുന്നു.

രാജപുത്രി അവളുടെ കഥ വീണ്ടും തുടർന്നു. "ഞങ്ങളുടെ കോട്ട, 'യമുനാ'നദീതീരത്തിലായിരുന്നു. ഹിന്തുബ്രാഹ്മണനായ 'കേശവലാൽ' എന്ന ഒരാളായിരുന്നു അവിടത്തെ മന്ത്രി."

'കേശവലാൽ' എന്ന പേർ ഉച്ചരിക്കുമ്പോൾ അവളുടെ സ്വരത്തിന്നുണ്ടായിരുന്ന ദിവ്യമാധുരി മുഴുവനും അവൾ വെളിപ്പെടുത്തി. എന്റെ കയ്യിലുണ്ടായിരുന്ന വടി നിലത്തു വീണു. ഞാൻ ഒന്നു ചൊടിയോടെ നിവന്നിരുന്നു.

"കേശവലാൽ ഒരു പഴയ സമ്പ്രദായക്കാരനായിരുന്നു. അദ്ദേഹം പ്രതിദിനവും പ്രഭാതസമയത്തു യമുനാനദിയിൽ മാറിന്നു വെള്ളത്തിൽനിന്നു സൂര്യനെ തർപ്പിക്കുന്നതു എന്റെ അന്തഃപുരത്തിന്റെ ജനലിൽക്കൂടെ എനിക്കു കാണാമായിരുന്നു. നദിയിൽ സ്നാനഘട്ടത്തിലുള്ള മാർബിൾപ്പടവുകളിൽ ഈറൻവസ്ത്രത്തോടേ ഇരുന്നു നിശ്ശബ്ദമായി കുറേനേരം ജപിച്ചതിന്നു ശേഷം സുസ്പഷ്ടമായും, ശ്രവണമധുരമായും വേദഗാനം ചെയ്തുകൊണ്ട് അദ്ദേഹം ഗൃഹത്തിലേയ്ക്കു മടങ്ങിപ്പോകും."

"ഞാൻ ഒരു മുസല്മാൻകന്യകയായിരുന്നുവെങ്കിലും, സ്വമതത്തെപ്പററിയ പഠിപ്പോ, ഈശ്വരസേവയുടെ പരിചയമോ എനിക്കുണ്ടായിരുന്നില്ല. അക്കാലത്തു ഞങ്ങളുടെ കൂട്ടർ നിരീശ്വരന്മാരും വിഷയാസക്തിയിൽ മുഴുകിയവരും ആയിരുന്നു. അന്തഃപുരങ്ങളിൽനിന്നു മതവിശ്വാസങ്ങൾ തീരെ ബഹിഷ്കരിക്കപ്പെട്ടു; അവ ഐഹികസുഖാനുഭവത്തിന്റെ ഏകസങ്കേതമായിത്തീർന്നു. ഇങ്ങിനെയാണെങ്കിലും എനിക്കു ദൈവികവിഷയങ്ങ

ജ്ജിൽ അത്യാസക്തി ഉണ്ടായിരുന്നു. നിശ്ചലമായി സാവധാനത്തിൽ ഒഴുകുന്ന യമുനാനദിയിലെ നീലജലത്തിലേക്കു കെട്ടിയിറക്കിയിരിക്കുന്ന മാർബിൾപ്പടവുകളിൽ, അതിപ്രഭാതസമയത്തു കണ്ടുവന്നിരുന്ന ഭക്തിജനകമായ ആ കാഴ്ച, പുതുതായ ഉണർവു തട്ടീട്ടുള്ള എന്റെ ഹൃദയത്തിൽ അസാധാരണമായ ഭക്തിരസത്തെ വർഷിച്ചു."

"എനിക്ക് ഒരു ഹിന്തുദാസിപ്പെണ്ണുണ്ടായിരുന്നു. ദിവസേന രാവിലെ അവൾ കേശവലാലിന്റെ പാദശുശ്രൂഷ ചെയ്തുവന്നിരുന്നു. ഈ പ്രവൃത്തി എനിക്കു അതിയായ സന്തോഷത്തെ ഉണ്ടാക്കി; അവളുടെമേൽ കുറഞ്ഞോരസൂയയുംകൂടി എനിക്കു തോന്നി. അവൾ വിശേഷദിവസങ്ങളിൽ ബ്രാഹ്മണർക്കു സദ്യയും ദക്ഷിണയും കൊടുക്കുക പതിവുണ്ട്. ഞാൻ ഇതിന്നു പലപ്പോഴും ദ്രവ്യസഹായവും ചെയ്യാറുണ്ട്. ഒരു ദിവസം സദ്യക്കു കേശവലാലിനെക്കൂടി ക്ഷണിക്കുവാൻ ഞാൻ ഉപദേശിച്ചു. ഇതു കേട്ടപ്പോൾ അവൾ നിവർന്നുനിന്നു, തന്റെ എജമാനനായ കേശവലാൽ മറ്റുള്ളവരിൽനിന്നു ഭക്ഷണമാവട്ടെ, ദാനങ്ങളാവട്ടെ സ്വീകരിക്കയില്ലെന്നു മറുവടി പറഞ്ഞു. എനിക്കു അദ്ദേഹത്തോടുള്ള അതിരറ്റ ബഹുമതിയെ യാതൊരുവിധത്തിലും പ്രദർശിപ്പിക്കുവാൻ സാധിക്കാഞ്ഞതിനാൽ എന്റെ ഹൃദയദാഹം സ്ഥിരമായി നിലനിന്നുവന്നു. എന്റെ പൂർവികന്മാരിൽ ഒരാൾ ഒരു ബ്രാഹ്മണകുമാരിയെ ബലാല്ക്കാരേണ തന്റെ അന്തഃപുരത്തിലേക്കു പിടിച്ചുകൊണ്ടുവന്നിരുന്നുവെന്നു കേട്ടിട്ടുണ്ട്. ആ ബ്രാഹ്മണപുത്രിയുടെ രക്തമായിരിക്കാം എന്റെ ഉള്ളിൽ കിടന്നു തുടിക്കുന്നതെന്നു ഞാൻ പലപ്പോഴും വിചാരിക്കാറുണ്ടായിരുന്നു. ഈ ആലോചന ഞാനും കേശവലാലും ഏകജാതിയാണെന്നുള്ള ഒരു ബോധത്തേയും, വലുതായ ഒരു സമാധാനത്തേയും എനിക്കു നൽകി. ഹിന്തുക്കളുടെ പുരാണങ്ങളിൽനിന്നു അവരുടെ ഈശ്വരന്മാരേയും, ഈശ്വരിമാരെയുംപറ്റിയ പലേ അത്ഭുതകഥകളും സവിസ്തരം എന്റെ അടിമപ്പെണ്ണു പറയാറുണ്ടായിരുന്നു. ഹിന്തുക്കളുടെ നാഗരികത്വം അതിയായി പ്രചരിക്കുന്ന ഒരു ലോകത്തേയും ഞാൻ സങ്കല്പത്താൽ നിർമ്മിച്ചിരുന്നു. സ്വർണ്ണത്താഴികകളോടുകൂടിയ ക്ഷേത്രങ്ങൾ, ഈശ്വരന്മാരുടെ ദിവ്യമംഗളവിഗ്രഹങ്ങൾ, ക്ഷേത്രങ്ങളിൽനിന്നുണ്ടാവുന്ന മണിനാദം, അവിടെ കത്തിക്കുന്നതായ ധൂപത്തിന്റെയും അർച്ചിക്കുന്ന പുഷ്പങ്ങളുടേയും കളഭക്കൂട്ടുകളുടേയും പരിമളങ്ങൾ, ദൈവികശക്തികളോടുകൂടിയ യോഗികൾ, വന്ദ്യന്മാരായ ബ്രാഹ്മണോത്തമന്മാർ, അവതാരപുരുഷന്മാരുടെ കഥകൾ എന്നീസംഗതികളാൽ എന്റെ ആലോചന മുഴുവൻ നിറഞ്ഞു. അതിവിസ്തീർണ്ണമായി, അവ്യക്തമായ ഒരു ലോകത്തെ ഞാൻ മനസ്സുകൊണ്ടു സൃഷ്ടിച്ചു. വളരെ പഴക്കം ചെന്ന ഒരു വലിയ കെട്ടിടത്തിന്റെ അറകളിൽക്കൂടെ സന്ധ്യാസമയത്ത് ഒന്നിൽനിന്നു വേറൊന്നിലേക്കായി പറന്നുകളിക്കുന്ന ഒരു ചെറുപക്ഷിയെപ്പോലെ, നൂതനമായ ഈ മനോരാജ്യത്തിൽ എന്റെ ഹൃദയവും പറന്നുകളിച്ചു."

"ഇക്കാലത്തായിരുന്നു ശിപ്പായിലഹളയുടെ ഉത്ഭവം. ഞങ്ങളുടെ ലഘുവായ ബെദ്രവോൺ കോട്ടയിലുംകൂടി ഈ ലഹളയുടെ ഇടി തട്ടി. ഹിന്തുസ്ഥാനിലെ ആധിപത്യം ഞങ്ങൾക്കോ നിങ്ങൾക്കോ എന്നു ഹിന്തുക്കളും മുഹമ്മദീയരും തമ്മിലുണ്ടായിരുന്ന ആ ചൂതുകളി കുറച്ചുകാലമായി നിൎത്തിവെച്ചിരിക്കയായിരുന്നു. അതു വീണ്ടും തുടങ്ങുവാനുള്ള സമയം അടുത്തു. ഗോഹത്യ ചെയ്യുന്നവരായ വിളൎത്ത മുഖക്കാരെ ആൎയ്യാവൎത്തത്തിൽനിന്നു ഓടിക്കേണ്ടതായും വന്നു."

"എന്റെ അച്ഛൻ ഗുലാം ഖാദർഷാൻ വളരെ മുൻകരുതലുള്ള ആളായിരുന്നു. ഇംഗ്ലീഷുകാരെപ്പററി കലശലായി ശകാരിക്കും; അതേസമയത്തുതന്നെ അവരെ പുകഴ്ത്തുകയും ചെയ്യും. 'ഇക്കൂട്ടൎക്ക് അസാദ്ധ്യമായ കാൎയ്യങ്ങളെ സാധിക്കാൻ കഴിയും. ഹിന്തുസ്ഥാൻകാർ അവൎക്ക് ഇണയാവുകയില്ല. ഒരു വെറും അത്യാഗ്രഹത്തിന്നു കീഴടങ്ങി കുറച്ചു വല്ലതും ഉള്ളതിനെ നശിപ്പിപ്പാൻ ഞാൻ ഒരുങ്ങുന്നില്ല. 'കമ്പിനിബഹദൂറിനോട്' യുദ്ധംചെയ്യാൻ ഞാൻ ഒരുക്കമില്ല' എന്നു പറയും."

"ഹിന്തുസ്ഥാനിലുള്ള സകല മനുഷ്യരും, ഹിന്തുവും മുഹമ്മദീയനും ഒരുപോലെ ക്ഷോഭിച്ചവശരായിരിക്കുന്ന ഈ സമയത്ത്, എന്റെ അച്ഛന്റെ ഈ മാതിരിയിലുള്ള മുൻകരുതൽ വളരെ അപമാനകരമായി ഞങ്ങൾക്കു തോന്നി. അന്തഃപുരത്തിലുള്ള പ്രായംചെന്ന രാജ്ഞികൾക്കുംകൂടി സ്വസ്ഥതയില്ലാതായി. അപ്പോൾ കേശവലാൽ യുദ്ധസന്നദ്ധരായ ഭടന്മാരോടുകൂടി കോട്ടയിൽ വന്ന് അച്ഛനോടു ഇപ്രകാരം പറഞ്ഞു:—'അല്ലയോ നവാബുസാഹേബ്! നിങ്ങൾ ഞങ്ങളെ സഹായിപ്പാൻ ഭാവമില്ലെങ്കിൽ ഈ യുദ്ധം അവസാനിക്കുന്നതുവരെ നിങ്ങളെ തടവുകാരനാക്കി ഈ കോട്ടയെ എന്റെ അധീനത്തിൽ വെക്കും."

"തന്നെപ്പററിയേടത്തോളം യാതൊരു സംശയത്തിന്നും അവകാശമില്ലെന്നും, താൻ ലഹളക്കാരുടെ ഭാഗത്തു ചേരുവാൻ ഒരുക്കമാണെ"ന്നുമായിരുന്നു എന്റെ അച്ഛന്റെ മറുവടി. കേശവലാൽ ഖജാനയിലെ പണം ആവശ്യപ്പെട്ടപ്പോൾ അച്ഛൻ കുറച്ചു പണം മാത്രം കൊടുത്തു. ആവശ്യംവരുമ്പോൾ ഇനിയും തന്നുകൊള്ളാമെന്നും പറഞ്ഞു."

"എന്റെ ദേഹത്തിൽ നഖശിഖാന്തം അണിഞ്ഞിരുന്ന ആഭരണങ്ങളെയെല്ലാം ഞാൻ അഴിച്ചെടുത്ത് എന്റെ ഹിന്തുദാസി മുഖേന രഹസ്യമായി കേശവലാൽ വക്കൽ എത്തിച്ചു. അദ്ദേഹം അതിനെ സ്വീകരിച്ചുവെന്നു കേട്ടപ്പോൾ, തങ്ങളുടെ അലങ്കാരങ്ങളെ നിശ്ശങ്കം ത്യജിച്ച എന്റെ ഓരോ അവയവങ്ങൾക്കും രോമാഞ്ചമുണ്ടായി. വളരെക്കാലമായി ഉപയോഗിക്കാതെ കിടന്നിരുന്ന വാളുകളേയും, പഴയ സമ്പ്രദായത്തിലുള്ള തോക്കുകളേയും തുടച്ചു മിനുക്കിച്ചു കേശവലാൽ യുദ്ധത്തിന്നുള്ള ഒരുക്കങ്ങൾ തുടങ്ങി. പെട്ടെന്ന് ഒരു ദിവസം ഉച്ചയ്ക്കു, ചുകന്ന കുപ്പായക്കാരായ അനവധി വെള്ളപ്പട്ടാളക്കാരൊന്നിച്ചു കമീഷണർസായ്വു കോട്ടയിൽ കടന്നു വന്നു. എന്റെ അച്ഛൻ ഗുലാംഖാദർഷാൻ കേശവലാലിന്റെ ഉദ്ദേശത്തെ സ്വകാ

ശ്യമായി അവരെ അറിയിച്ചിരുന്നു. ഇങ്ങിനെയുള്ള ചതി പററിയെന്നു വരികിലും തങ്ങളുടെ തുരുമ്പുപിടിച്ച വാളുകളെക്കൊണ്ടും, ഉപയോഗമില്ലാത്ത തോക്കുകളെക്കൊണ്ടും യുദ്ധം ചെയ്വാൻ തൻെറ ചുരുക്കം ഭടന്മാരിൽ ഓരോരുത്തനും ഒരുങ്ങിയിരിക്കത്തക്കവണ്ണം, അത്രയധികമുണ്ടായിരുന്നു ആ ബ്രാഹ്മണൻെറ പ്രോത്സാഹശക്തി. അപമാനം സഹിക്കവയ്യാതെ എൻെറ ഹൃദയം പൊട്ടിപ്പോകുമെന്ന് എനിക്കു തോന്നി. എങ്കിലും എൻെറ കണ്ണുകളിൽനിന്ന് അല്പമെങ്കിലും കണ്ണുനീർ പൊടിഞ്ഞില്ല. എൻെറ സഹോദരൻെറ ഉടുപ്പുകൾ ധരിച്ച വേഷച്ഛന്നനായി ആരുമറിയാതെ അന്തഃപുരത്തിൽനിന്നു ഞാൻ പുറത്തിറങ്ങി. യുദ്ധത്താലുണ്ടായ ധൂളിയും, പുകയും, ഭടന്മാരുടെ ആർപ്പും, തോക്കുകളുടെ ഭോംകാരവും അവസാനിച്ചു. മരണദേവതയുടെ അനുഗാമിയായ അതിഭയങ്കരമായ നിശ്ശബ്ദത ആകാശത്തിലും ഭൂമിയിലും ഒരുപോലെ വ്യാപിച്ചു. അസ്തമയസൂര്യൻ യമുനാനദിയിലെ ജലത്തിന്ന് ഒരു ചുകപ്പുവണ്ണത്തെ ഉണ്ടാക്കിയുംകൊണ്ടു വിശ്രമാർത്ഥം രക്തപ്രവാഹത്തിൽ മുഴുകി. ഏകദേശം പൂണ്ണവലുപ്പത്തോടുകൂടിയ ചന്ദ്രൻ ആകാശത്തിൽ കാണുമാറായി. മരിച്ചു കിടക്കുന്നതും, മരണാവസ്ഥയിൽ കിടക്കുന്നതുമായ മനുഷ്യശരീരങ്ങളാൽ യുദ്ധഭൂമി മൂടപ്പെട്ടിരുന്നു. ഇപ്രകാരമുള്ള രംഗത്തിൽ കൂടെ മറെറാരു സമയത്തായിരുന്നുവെങ്കിൽ എനിക്കു കടന്നുപോവാൻ സാധിക്കയില്ലായിരുന്നു. എന്നാൽ ആ രാത്രിയിൽ ഉറക്കത്തിൽ നടക്കുന്ന ഒരാളെപ്പോലെ ആയിരുന്നു എൻെറ സ്ഥിതി. എൻെറ ഏകോദ്ദേശം കേശവലാലിനെ തിരയുകയായിരുന്നു. മററു സമസ്തവും എൻെറ ബോധത്തിൽനിന്നു മറഞ്ഞുപോയി. നേരം അർദ്ധരാത്രിയോടടുത്തപ്പോൾ യമുനാതീരത്തിലുണ്ടായിരുന്ന ഒരു മാവിൻതോട്ടത്തിൽ ഞാൻ കേശവലാലിനെ കണ്ടെത്തി. അദ്ദേഹത്തിൻെറ വിശ്വസ്തഭൃത്യനായ 'ദിയോഗി'യുടെ ശവത്തോടൊപ്പം അദ്ദേഹവും ആ നിലത്തു വീണുകിടന്നിരുന്നു. ആസന്നമരണനായ സേവകൻ തൻെറ എജമാനനെ യുദ്ധസ്ഥലത്തുനിന്നു ചുമന്നുകൊണ്ടുവന്നതോ, അല്ലെങ്കിൽ എജമാനൻ തന്നെ തൻെറ സേവകനെ എടുത്തുകൊണ്ടുവന്നതോ, തീച്ചയായും ഈ രണ്ടിൽ ഒന്നുകൊണ്ടായിരിക്കണം ഇവർ ഈ ദൂരപ്രദേശത്തു വന്നെത്തിയത് എന്ന് എനിക്കു ബോദ്ധ്യമായി. വളരെക്കാലമായി എൻെറ ഹൃദയത്തിൽ നിറഞ്ഞു നിന്നിരുന്ന ഭക്തിയെ ആ സമയത്ത് ഒരുവിധത്തിലും ഒതുക്കുവാൻ എനിക്കു സാധിച്ചില്ല. കേശവലാലിൻെറ കാല്ക്കൽ മറിഞ്ഞുവീണ് അഴിഞ്ഞു കിടന്നിരുന്ന എൻെറ തലമുടികൊണ്ട് അദ്ദേഹത്തിൻെറ പാദധൂളിയെ ഞാൻ തുടച്ചു. ശവതുല്യമായി തണുത്തിരുന്ന അദ്ദേഹത്തിൻെറ പാദങ്ങളെ എൻെറ നെററിയിൽ ചേർത്തതോടുകൂടി എനിക്കു കണ്ണുനീർ പൊട്ടിപ്രവഹിച്ചു.”

“ഉടനെ കേശവലാലിൻെറ ശരീരം കുറഞ്ഞൊന്നിളകി. വേദന സഹിക്കവയ്യാതെ ഒരു ദീനസ്വരം അദ്ദേഹത്തിൽനിന്നു പുറപ്പെട്ടു. ഞാൻ പെട്ടെന്നു ഞെ

ട്ടി എഴുന്നീററു. അദ്ദേഹത്തിന്റെ കണ്ണു കൾ അടഞ്ഞിരുന്നു. വളരെ താണസ്വരത്തിൽ അദ്ദേഹം വെള്ളം ആവശ്യപ്പെട്ടതായി എനിക്കു തോന്നി. ഉടനെ ഞാൻ യമുനയിലേയ്ക്കു ഓടി, എന്റെ വസ്ത്രം വെള്ളത്തിൽ നനച്ചുകൊണ്ടുവന്ന്, അല്പം മാത്രം തുറന്നിരുന്നതായ അദ്ദേഹത്തിന്റെ ചുണ്ടുകൾക്കിടയിൽ പിഴിഞ്ഞു വീഴ്ത്തി. എന്റെ വസ്ത്രത്തിൽനിന്ന് ഒരു കഷണം ചീന്തിയെടുത്തു, തുലയ്ക്കുകളുടെ വളരെ ആഴത്തിൽ വെട്ടുകൊണ്ടിരുന്നതായ അദ്ദേഹത്തിന്റെ ഇടത്തെ കണ്ണിനെ കെട്ടി നേരെയാക്കി. പിന്നേയും ചുണ്ടുകൾക്കിടയിൽ വെള്ളം പിഴിഞ്ഞുവീഴ്ത്തിയും, മുഖത്തു വെള്ളം തളിച്ചും ഇരുന്നു. അദ്ദേഹത്തിന്നു സാവധാനത്തിൽ സ്വബോധം വന്നു. 'വെള്ളം കുറച്ചുകൂടി വേണമോ?' എന്നു ഞാൻ ചോദിച്ചു. അദ്ദേഹം എന്റെ നേരെ തുറിച്ചുനോക്കി 'നീ ആരാകുന്നു?' എന്നു ചോദിച്ചു. എനിക്കു മറച്ചുവെക്കുവാൻ നിവൃത്തിയില്ലാതായി. 'അവിടേക്കായി സ്വയമേവ അർപ്പണം ചെയ്തിട്ടുള്ള അടിമയാണ് ഇത്. നവാബ് ഗുലാംഖാദർഖാനിന്റെ പുത്രി' എന്നു പറഞ്ഞു."

"അദ്ദേഹത്തിന്റെ അന്ത്യസമയത്തു ഞാൻ അദ്ദേഹത്തോടു ബോധിപ്പിച്ചതായ ഈ പരമാർത്ഥത്തെ അദ്ദേഹം തീർച്ചയായും കയ്ക്കൊള്ളുമെന്നു ഞാൻ വിചാരിച്ചു. ഈ അവസാനത്തെ ആനന്ദാനുഭവത്തിന്നു യാതൊരു പ്രതിബന്ധവും എനിക്കുണ്ടാവില്ലെന്നും ഞാൻ വിശ്വസിച്ചു. എന്നാൽ എന്റെ പേർ കേട്ട മാത്രത്തിൽ അദ്ദേഹം 'രാജ്യദ്രോഹിയുടെ പുത്രി! മതവിശ്വാസമില്ലാത്തവൾ! നീ എന്റെ ജീവിതത്തെ മുഴുവൻ അശുദ്ധമാക്കി' എന്നു കോപാന്ധനായി പറഞ്ഞുകൊണ്ട് എന്റെ വലത്തെ ചെകിട്ടിൽ ഊക്കോടെ ഒന്നടിച്ചു. എന്റെ തല ചുററി. ലോകം അന്ധകാരമയമായി തോന്നി."

"ഈ സംഭവം നടന്ന കാലത്ത് എനിക്കു പതിനാറു വയസ്സു മാത്രമേ പ്രായമായിരുന്നുള്ളു. എന്റെ ജീവിതത്തിൽ, എന്റെ അന്തഃപുരത്തിൽനിന്നു പുറത്തിറങ്ങുന്നത് ഇതാദ്യമായിട്ടാണ്. അത്യാഗ്രഹത്തോടും, അത്യുഷ്ണത്തോടുംകൂടിയ സൂര്യരശ്മിക്ക്, അതിമൃദുലമായ എന്റെ കവിൾത്തടങ്ങളിൽനിന്ന് അവയുടെ ചുകപ്പുവർണ്ണത്തെ അപഹരിക്കുവാൻ ഇതേവരെ സാധിച്ചിട്ടില്ല. ഇപ്രകാരമുള്ള ജീവിതത്തെ വെടിഞ്ഞു പുറത്തിറങ്ങിയ ഉടനെ എന്റെ ഇഹലോകദൈവത്തിൽനിന്നും സിദ്ധിച്ച സ്വീകാരം ഈവിധമായിരുന്നു."

സന്ന്യാസിനിയുടെ ഈ കഥയെ ഞാൻ കേട്ടുകൊണ്ടിരുന്ന സമയം ഒരു സ്വപ്നത്തിൽ ലയിച്ചിരിക്കുന്നതുപോലെയായിരുന്നു എന്റെ സ്ഥിതി. സിഗരററിലെ തീ കെട്ടുപോയതുകൂടി ഞാൻ അറിഞ്ഞില്ല. അവളുടെ ഭാഷാചാതുര്യത്തിലോ, ശബ്ദമാധുര്യത്തിലോ, അല്ല ആ കഥയിൽ തന്നെയോ, ഏതിലാണ് എന്റെ മനസ്സു ലയിച്ചിരുന്നത് എന്ന് എനിക്കു നിശ്ചയമില്ല. ആ സമയത്തു ഞാൻ തീരെ നിശ്ചേഷ്ടനായിരുന്നിരുന്നു. അവളുടെ കഥ ഈ ഘട്ടത്തിലെത്തിയപ്പോൾ എനിക്കു മിണ്ടാതിരിക്കു

വാൻ സാധിച്ചില്ല. 'ആ മൃഗം!' എന്നു ഞാൻ ഉറക്കെ പറഞ്ഞു.

അപ്പോൾ നവാബിന്റെ പുത്രി 'ആരാണു മൃഗം? മരണസങ്കടത്തിൽ പെട്ടുകിടക്കുന്ന ഒരു മൃഗത്തിന്നു കുറെ വെള്ളം കൊണ്ടുപോയി കൊടുക്കുന്നതായാൽ അതു അതിനെ ഉപേക്ഷിക്കുമോ?' എന്നു ചോദിച്ചു.

ഉടനെ ഞാൻ എന്റെ തെററുതിരുത്തി. 'ശരിയാണ്. അതു ഒരു ദിവ്യമായ പ്രവൃത്തിതന്നെ' എന്നു പറഞ്ഞു.

'ദിവ്യമായ പ്രവൃത്തിയോ? ആത്മാൎത്ഥമായി കൊടുക്കുന്നതു ആർതന്നെ ആയാലും ദൈവം അതിനെ സ്വീകരിക്കാതിരിക്കുമോ?' എന്നു നവാബിന്റെ പുത്രി വീണ്ടും തടഞ്ഞു പറഞ്ഞു.

ഇതിന്നുശേഷം മൌനമായിരിക്കുന്നതു തന്നെയാണ് നല്ലതെന്നു എനിക്കു തോന്നി. രാജപുത്രി അവളുടെ കഥ വീണ്ടും തുടൎന്നു.

"ഈ അടി എനിക്കു വല്ലാതെ കൊണ്ടു. ഞാൻ വാസ്തവമെന്നു വിശ്വസിച്ചിരുന്ന ആ ലോകം ആകപ്പാടെ പൊട്ടിത്തകൎന്നു എന്റെ തലയിൽ വീണതുപോലെ തോന്നി. കുറച്ചൊന്നു മാറിനിന്നു, കഠിനഹൃദയനും, ക്രൂരനും, സ്ഥിരനിഷ്ഠനും ആയ ആ ബ്രാഹ്മണയോഗിയെ വന്ദിച്ചു. 'താണനിലയിലുള്ളവരിൽനിന്നു ശുശ്രൂഷയോ, അന്യജാതിക്കാരിൽനിന്നു ഭക്ഷണമോ, ധനികന്മാരിൽനിന്നു ദ്രവ്യമോ, യൌവനയുക്തരിൽനിന്ന് അവരുടെ യൌവനമോ, സ്ത്രീകളിൽനിന്ന് അനുരാഗമോ അങ്ങ് ഒരിക്കലും സ്വീകരിക്കുന്നില്ല. ധൂളീനിൎമ്മിതമായ ഈ ലോകത്തിലെ മാലിന്യത്തിൽനിന്ന് എത്രയോ ഉയൎന്ന നിലയിൽ ഏകാകിയായിട്ടാണ് അങ്ങയുടെ സ്ഥിതി. അങ്ങേക്കായി എന്നെ അൎപ്പിക്കുവാൻ യാതൊരു അവകാശവും എനിക്കില്ല.' എന്നു ഞാൻ അദ്ദേഹം കേൾക്കത്തക്കവിധത്തിൽ തന്നെത്താൻ പറഞ്ഞു കുമ്പിട്ടു.

'പ്രൌഢയായ നവാബിന്റെ പുത്രി തന്റെ തലകൊണ്ടു ഭൂമിയെ തൊട്ടു വണങ്ങുന്നതു കണ്ടപ്പോൾ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായ ആലോചനകൾ എന്തെല്ലാമായിരുന്നുവെന്നു എനിക്കു അറിഞ്ഞുകൂട. എന്നാൽ അദ്ദേഹത്തിന്റെ മുഖത്ത് ആശ്ചൎയ്യമാകട്ടെ മററു മനോവികാരങ്ങളാകട്ടെ പ്രകാശിച്ചുകണ്ടില്ല. കുറച്ചുനേരം എന്റെ മുഖത്തേക്കു സൂക്ഷിച്ചു നോക്കിയശേഷം അദ്ദേഹം സാവധാനമായി തന്നെത്താൻ എഴുനീററു നിന്നിരുന്നു.'

'അതു കണ്ടപ്പോൾ അദ്ദേഹത്തിനെ സഹായിപ്പാനായി ഞാൻ എന്റെ കൈകൾ നീട്ടി. അദ്ദേഹം അതിനെ സ്വീകരിക്കാതെ, തന്നെത്താൻ വളരെ പ്രയാസപ്പെട്ട് ഇഴഞ്ഞിഴഞ്ഞു യമുനയിലെ തോണിക്കടവിലേക്കു പോയി. അവിടെ ഒരു കടത്തുതോണി കെട്ടിയിട്ടിരുന്നു. കടത്തുകാരനോ, യാത്രക്കാരോ ആരുംതന്നെ ഉണ്ടായിരുന്നതുമില്ല. 'കേശവലാൽ' ആ തോണിയിൽ കയറിയിരുന്നു തോണിയുടെ കെട്ടഴിച്ചു പുഴയുടെ നടുവിൽകൂടെ കീഴ്പ്പോട്ടു ഒഴുകിപ്പോയി ദൃഷ്ടിയിൽനിന്നും മാഞ്ഞു.'

'അകാലത്തു പറിച്ച ഒരു പുഷ്പത്തെപ്പോലെ, എന്റെ അനുരാഗത്തേയും, യൌവനത്തേയും, നിന്ദ്യം ത്യജിക്കപ്പെട്ട എന്റെ ആ ഭക്തിയേയും, കേശ

വലാലിനെ വഹിച്ചുകൊണ്ടുപോകുന്ന ആ തോണിക്കു നേരെ അപ്പിച്ചുകൊണ്ടു, എന്റെ ദേഹത്തെ യമുനയിലെ ജലജന്തുക്കൾക്കിരയാക്കുവാൻ ഞാൻ അതിയായി ആഗ്രഹിച്ചു. എന്നാൽ അതു എന്നാൽ സാദ്ധ്യമായില്ല. ഉദിച്ചുപൊന്തിയിരിക്കുന്ന ചന്ദ്രനും, യമുനക്കപ്പുറത്തു കറുത്തു തടിച്ച ഒരു വരപോലെ മാത്രം കാണപ്പെട്ടിരുന്ന മരക്കൂട്ടവും, നിശ്ചലമായും പ്രശാന്തമായും വിസ്തീൎണ്ണമായും ഒഴുകിക്കൊണ്ടിരിക്കുന്ന യമുനയിലെ നീലജലവും, ദൂരത്തുള്ള മാവിൻതോട്ടത്തിന്നുമീതെ ഉയൎന്നുകാണുന്ന ഞങ്ങളുടെ കോട്ടമതിലുകളും, ഇവയിലെല്ലാററിലും ഒരുപോലെ വ്യാപിച്ചിരുന്ന അൎദ്ധരാത്രിയിലെ നിശ്ശബ്ദതയും മരണത്തിന്നു പററിയതായി എനിക്കു തോന്നി. ചന്ദ്രികയാൽ മനോഹരമായ ആ രാത്രിയിലെ രസകരമായ മരണത്തിൽനിന്നു എന്നെ പിടിച്ചുവലിച്ചു ജീവിതപഥത്തിലേക്കു നയിച്ചതു, കണ്ണെത്താത്ത ദൂരത്തിൽ ഒലിച്ചുപോയിരുന്ന ആ ചെറുതോണി മാത്രമായിരുന്നു.'

'സ്വപ്നത്തിൽ നടക്കുന്നവളെപ്പോലെ, പുല്ലുനിറഞ്ഞ ചതുപ്പുനിലത്തിൽകൂടെയും, പൊന്തമൂടിയ കുററിക്കാടുകളിൽകൂടെയും, ആഴം കുറഞ്ഞ വെള്ളത്തിൽ ഇറങ്ങിയും, മണൽ മൂടിയ കുന്നുകളിൽ കയറിയും യമുനാതീരത്തിൽകൂടെ ഞാൻ നേരെ നടന്നു.'

അവൾ കഥ ഇവിടെ നിൎത്തി മൌനമായിരുന്നു; ഞാൻ ഒട്ടുപദ്രവിക്കുവാനും പോയില്ല. കുറെനേരം മിണ്ടാതിരുന്നശേഷം രണ്ടാമതും കഥ തുടൎന്നു:— 'പിന്നീടുള്ള സംഭവങ്ങൾ എല്ലാം കശപിശയായിരിക്കും. അവയെ ഓരോന്നോരോന്നായി വ്യക്തമായി പറഞ്ഞറിയിക്കേണ്ടതു എങ്ങിനെയെന്നു ഞാൻ അറിയുന്നില്ല. അന്തമില്ലാത്ത ഒരു വനത്തിൽകൂടെ നടക്കുന്നതായി എനിക്കു തോന്നി. എവിടേക്കാണു പോകുന്നതെന്നു എനിക്കറിവില്ലായിരുന്നു. അന്ധകാരമയമായ ആ മാൎഗ്ഗത്തിൽ കൂടെയുള്ള എന്റെ യാത്രയെ സ്മരിക്കുന്നതിന്നും കൂടി ഞാൻ ഇപ്പോൾ ശക്തയല്ല. എവിടെയാണു തുടങ്ങേണ്ടതെന്നും, എവിടെ അവസാനിപ്പിക്കേണമെന്നും, പറയേണ്ടതു എന്തെല്ലാമെന്നും, വിട്ടുകളയേണ്ടതു എന്തെല്ലാമെന്നും എനിക്കു യാതൊരു നിശ്ചയവുമില്ല. ആദ്യം കാണുമ്പോൾ, ഇവയെല്ലാം, ഒരു നവാബിന്റെ അന്തഃപുരത്തിൽ വളൎന്നിട്ടുള്ള ഒരു കന്യകക്കു കടക്കുവാൻ സാധിക്കാത്ത തടസ്ഥങ്ങളാണെന്നു തോന്നിയേക്കാം. അതു വെറും ആലോചന മാത്രമാണ്. തിരക്കിന്നിടയിൽ കടന്നുകൂടിയാൽ ഒരു വഴിയല്ലെങ്കിൽ, മറെറാന്നു നിങ്ങൾ കാണാതിരിക്കയില്ല. പക്ഷേ, ആ കാണുന്ന വഴി ഒരു നവാബിന്റെ യോഗ്യതക്കനുസരിച്ചതായിരിക്കേണമെന്നില്ല; എങ്കിലും മനുഷ്യരെ അവരവരുടെ യോഗാനുഭവങ്ങളിൽ എത്തിക്കുന്ന മാൎഗ്ഗം തന്നെയാണ് — പലവിധദുൎഘടങ്ങളോടും, വക്രമായ മാൎഗ്ഗത്തോടും, അവസാനമില്ലാത്ത വൈശാല്യത്തോടും, സന്തോഷങ്ങളാലും, സങ്കടങ്ങളാലും, തടസ്ഥങ്ങളാലും നിറയപ്പെട്ടും ഇരിക്കുന്നതായാൽകൂടിയും, എല്ലായ്പോഴും അതു് ഒരു മാൎഗ്ഗം തന്നെയാണ്."

"മനുഷ്യൎക്കെല്ലാവൎക്കും പൊതുവായ ഈ മാൎഗ്ഗത്തിൽകൂടെയുള്ള എന്റെ

സഞ്ചാരങ്ങൾ കേൾക്കുവാൻ ഒട്ടും സുഖമുള്ളതല്ല; അങ്ങിനെ ആയിരുന്നാൽക്കൂടിയും, അതിനെ വിസ്തരിച്ചു പറഞ്ഞു മുഴുമിക്കുവാനുള്ള ശക്തിയും എനിക്കില്ല. ചുരുക്കിപ്പറയുന്നതായാൽ, ഞാൻ പലേവിധബുദ്ധിമുട്ടുകളിൽക്കൂടേയും, അപായങ്ങളിൽക്കൂടേയും, അപമാനങ്ങളിൽക്കൂടേയും കടന്നുപോന്നിട്ടുണ്ട്. എന്നിട്ടും ജീവിതം എനിക്കു തീരെ ദുസ്സഹമായി തോന്നിയില്ല. വാണമെന്നപോലെ, കത്തിത്തീരുന്തോറും ഞാൻ അധികമധികം മേല്പോട്ടു കയറുകയാണു ചെയ്തത്. ഈ ഓട്ടത്തിന്റെ വേഗം ശമിക്കുന്നതുവരെ, കത്തുന്ന വേദനയെ ഞാൻ അറിഞ്ഞില്ല. എന്നാൽ എന്റെ അളവില്ലാത്ത സുഖത്തിന്നും, ശക്തിമത്തായ ദുഃഖത്തിന്നും ഏക കാരണമായ ആ അഗ്നി കെട്ടതോടുകൂടി ഞാൻ ക്ഷീണപരവശയായി ഭൂമിയിലെ ധൂളിയിൽ വീണ്ടും മറിഞ്ഞുവീണു. എന്റെ യാത്ര ഇന്നത്തോടുകൂടി അവസാനിച്ചു; എന്റെ കഥയും ഇതോടുകൂടെ അവസാനിച്ചു.”

ഇത്രത്തോളം പറഞ്ഞ് അവൾ നിൎത്തി. ഞാൻ എന്റെ തല കുലുക്കി ‘ഇതു വേണ്ടവിധത്തിലുള്ള ഒരു സമാപ്തിയായില്ല’ എന്നു തന്നെത്താൻ പറഞ്ഞു. എന്റെ തെററി പിഴച്ചുകൊണ്ടുള്ള ഹിന്ദി ഭാഷയിൽ ‘എന്റെ സംസാരം മൎയ്യാദപോലെയാകുന്നില്ലെങ്കിൽ എനിക്കു മാപ്പു തരണം. ഹേ രാജപുത്രി! നിങ്ങൾ ഈ കഥയെ കുറെക്കൂടി വെളിവാക്കി അവസാനിപ്പിക്കുന്നതായാൽ അതു എനിക്കു വളരെ സമാധാനകരമായിരിക്കും’ എന്നു പറഞ്ഞു.

നവാബിന്റെ പുത്രി ഒന്നു ചിരിച്ചു. അബദ്ധസങ്കുലമായ എന്റെ ഹിന്ദി കൊണ്ടും ഉദ്ദേശസാദ്ധ്യമുണ്ടായതായി ഞാൻ അറിഞ്ഞു. പരിശുദ്ധമായ ഹിന്ദുസ്ഥാനിയിൽത്തന്നെയാണ് ഞാനും സംസാരിച്ചിരുന്നതെന്നുവരികിൽ, അവൾക്കു അവളുടെ മടിയെ തള്ളിക്കളയുവാൻ സാധിക്കാതെ വന്നേക്കുമായിരുന്നു. എന്നാൽ എന്റെ ഭാഷയുടെ കുറവും അവളെ തുറന്നു പറയുവാൻ ധൈൎയ്യപ്പെടുത്തി. അവൾ വീണ്ടും തുടൎന്നു.

“ഇടക്കിടെ കേശവലാലിന്റെ വൎത്തമാനം ഞാൻ കേട്ടിരുന്നു. എങ്കിലും അദ്ദേഹത്തിനെ ഒരു നോക്കുപോലും കാണുവാൻ സാധിച്ചില്ല. ‘താന്തിയാതോപ്പി’ എന്നാളുടെ കൂട്ടത്തിൽക്കൂടി, ഒരിക്കൽ കിഴക്കൻദിക്കിലും, മറെറാരിക്കൽ പടിഞ്ഞാറൻദിക്കിലും അവിടവിടെയായി ലഹള നടത്തി, ഇടിമിന്നൽപോലെ പെട്ടെന്നു കാണാതാവുകയായിരുന്നു പതിവ്. ഞാൻ സന്യാസിനീവേഷം ധരിച്ചു കാശിയിൽ പോയി ‘ശിവാനന്ദസ്വാമി’യുടെ ശിഷ്യയായി ചേൎന്നു സംസ്കൃതഗ്രന്ഥങ്ങളെ പഠിക്കുവാനാരംഭിച്ചു. ഞാൻ അദ്ദേഹത്തെ ‘പിതാവേ’ എന്നു വിളിച്ചുവന്നു. ഇന്ത്യയിലെ എല്ലാദിക്കിൽനിന്നും വൎത്തമാനങ്ങൾ സ്വാമിസന്നിധിയിൽ എത്താറുണ്ടായിരുന്നു. അതിഭക്തിയോടെ അദ്ദേഹത്തിന്റെ കാല്ക്കൽ ഇരുന്നു ഗ്രന്ഥപാരായണം ചെയ്യുമ്പോൾ അത്യാസക്തിയോടെ യുദ്ധവൎത്തമാനങ്ങൾക്കും ഞാൻ ചെവികൊടുത്തിരുന്നു. ഹിന്ദുസ്ഥാനിൽ എല്ലാടവും ലഹളയെ ഒതുക്കിയതിന്നു പുറമെ, അതിന്റെ അവശിഷ്ടമായി അവിടവിടെ ഉണ്ടായിരുന്ന ക്ഷോ

ത്തെക്കൂടി ബ്രിട്ടീഷുരാജാവ് അമർത്തിക്കളഞ്ഞു."

'അതിന്നു ശേഷം കേശവലാലിനെപ്പററി യാതൊരു വർത്തമാനവും എനിക്കു കിട്ടിയില്ല. സന്ധ്യാസമയത്തെ ചുകന്ന പ്രഭയിൽ ആകാശത്തു ദൂരത്തായി ഇടയ്ക്കിടെ പ്രകാശിച്ചുകണ്ടിരുന്ന സ്വരൂപങ്ങൾ ഇരുട്ടായതോടുകൂടി പെട്ടെന്നു കാണാതായി.'

'ഇതോടുകൂടി ഞാൻ എന്റെ ഗുരുവിന്റെ രക്ഷയിൽനിന്നും വിട്ട്, വീടുവീടായി കേശവലാലിനെ തിരഞ്ഞുനടന്നു. പല പുണ്യസ്ഥലങ്ങളിൽ നടന്നു നോക്കിയെങ്കിലും, അദ്ദേഹത്തിനെ കാണുകയുണ്ടായില്ല. യുദ്ധഭൂമിയിൽവെച്ചോ, അഥവാ യുദ്ധശേഷമുള്ള മരണശിക്ഷയിലകപ്പെട്ടോ, കേശവലാൽ മരിച്ചിരിക്കുമെന്നായിരുന്നു അദ്ദേഹത്തിന്റെ പരിചിതന്മാരുടെ അഭിപ്രായം. എന്നാൽ ഇതൊരിക്കലും വാസ്തവമല്ലെന്ന് എന്റെ ഹൃദയത്തിൽനിന്ന് ഒരു ചെറിയ ശബ്ദം നിരന്തരം കേട്ടുകൊണ്ടിരുന്നു. കേശവലാൽ മരിച്ചിരിക്കയില്ല. ആ ബ്രാഹ്മണന്—അത്യുഗ്രമായ ആ തീപ്പൊരി— ഒരിക്കലും നശിക്കുവാൻ തരമില്ല. എന്റെ ആത്മാവിനേയും, എന്റെ ഇഹലോകജീവിതത്തേയും ഞാൻ അദ്ദേഹത്തിന്നായി സമർപ്പിക്കുന്നതിനെ കാത്തുകൊണ്ട് ഏകാന്തമായ ഒരു ക്ഷേത്രത്തിൽ അതിതേജസ്സോടെ ആ അഗ്നി ജ്വലിച്ചുകൊണ്ടു തന്നെയിരിക്കുന്നു.'

'തപശ്ശക്തികൊണ്ടു മാത്രം, നീചജാതിയിൽ ജനിച്ച പലേ ആളുകളും ബ്രാഹ്മണരായി തീർന്നിട്ടുണ്ടെന്നുള്ളതിന്നു ഹിന്ദുപുരാണങ്ങളിൽ പലേ ദൃഷ്ടാന്തങ്ങളും കാണാം. എന്നാൽ മുസൽമാൻജാതിയിൽ ജനിച്ച ഒരാൾക്കു ബ്രാഹ്മണ്യം സിദ്ധിച്ചതായി ഒരിടത്തും പ്രതിപാദിച്ചു കാണുന്നില്ല. എനിക്കു കേശവലാലുമായി ഐക്യം സിദ്ധിക്കുന്നതിന്നു വളരെ കാലതാമസം വേണ്ടിവരുമെന്നു എനിക്കു അറിയാമായിരുന്നു; എന്തെന്നാൽ, ആ സ്ഥാനം ലഭിക്കേണമെങ്കിൽ ഞാൻ ബ്രാഹ്മണപദവിയിൽ എത്തിയിരിക്കേണ്ടതാണ്. ഇപ്രകാരം മുപ്പതു സംവത്സരങ്ങൾ കഴിഞ്ഞു.'

'മനോവൃത്തിയിലും, നിത്യവൃത്തിയിലും ഞാൻ ഒരു ബ്രാഹ്മണസ്ത്രീയായിത്തീർന്നു. എന്റെ മുത്തുമുത്തശ്ശിയായിരുന്ന ആ ബ്രാഹ്മണസ്ത്രീയിൽനിന്നു പരമ്പരയായി എനിക്കു ലഭിച്ചിരുന്ന ആ രക്തം,അതിൽ ബാധിച്ചിരുന്ന മലിനതകളിൽനിന്നു വേറിട്ട് എന്റെ നാഡികളിൽക്കൂടെ പരിശുദ്ധമായി ഒഴുകിത്തുടങ്ങി. ഈ സ്ഥിതിയിൽ എത്തിയതിന്നുശേഷം, എന്റെ യൌവനത്തിൽ ഞാൻ കണ്ടതായ ആ ബ്രാഹ്മണന്റെ— ലോകത്തിൽ എനിക്ക് എല്ലാംകൂടി ഉണ്ടായിരുന്ന ആ ഏകബ്രാഹ്മണന്റെ— പാദങ്ങളിൽ ഞാൻ എന്നെ മനസാ സമർപ്പിച്ചു. അതോടുകൂടി സ്വർഗ്ഗീയസുഖത്തിന്റെ ഒരു പ്രഭാമണ്ഡലം എന്റെ തലയ്ക്കു ചുററും വിലസിത്തുടങ്ങി.'

'ശിപ്പായിലഹളയിലെ യുദ്ധത്തിൽ കേശവലാൽ കാണിച്ചതായ ധീരകൃത്യങ്ങളെപ്പററി ഞാൻ പലേ കഥകളും പലപ്പോഴും കേട്ടിരുന്നു. എന്നാൽ ഈ വക യാതൊരു സംഗതിയും എന്റെ മനസ്സിൽ പ്രവേശിച്ചിരുന്നില്ല. മ

നോഹരമായ ചന്ദ്രികയിൽ, ശാന്തമായി ഒഴുകിക്കൊണ്ടിരുന്ന ആ യമുനാജലത്തിൽക്കൂടെ കേശവലാലിനെ വഹിച്ചുകൊണ്ടുപോയിരുന്ന ആ കടത്തുതോണിമാത്രമായിരുന്നു എന്റെ മനസ്സിൽ നിരന്തരം പ്രകാശിച്ചിരുന്ന ഏകരൂപം. യാതൊരു സഹായിയോ സേവകനോ കൂടാതെ, പരാശ്രയമില്ലാത്തവനും സ്വതന്ത്രചിത്തനുമായ ആ ബ്രാഹ്മണശ്രേഷ്ഠൻ അന്തമില്ലാത്ത അഗാധമായ ജലപ്രവാഹത്തിലേക്ക് ഒഴുകിപ്പോകുന്നതിനെ ഞാൻ രാവുപകൽ കാണാറുണ്ടായിരുന്നു.'

'അവസാനം, ശിക്ഷയിൽനിന്നു രക്ഷപ്പെടുവാൻ വേണ്ടി അദ്ദേഹം 'നേപ്പാൾ' അതിൎത്തി കടന്നു ഓടിപ്പോയിരിക്കുന്നതായി ഞാൻ അറിഞ്ഞു. ഉടനെ ഞാൻ നേപ്പാളത്തേക്കു പോയി. വളരെ കാലം അവിടങ്ങളിൽ അന്വേഷിച്ചതിനു? ശേഷം, അദ്ദേഹം ആ രാജ്യം വിട്ടുപോയിട്ടു വളരെ കാലമായിരിക്കുന്നുവെന്നും, എങ്ങോട്ടാണ് പോയിരിക്കുന്നതെന്നു ആൎക്കും അറിവില്ലെന്നും ഞാൻ കേട്ടു. അതിന്നു ശേഷം ഞാൻ മലയായ മലയെല്ലാം നടന്നു തിരഞ്ഞു, അവസാനം ഈ ദിക്കിൽ എത്തി. ഈ രാജ്യം ഹിന്തുക്കളുടെ രാജ്യമല്ല. ഈ ദിക്കിലെ ഭട്ടീയന്മാൎക്കും, ലീച്ചുന്മാൎക്കും മതവിശ്വാസമില്ല. അവരുടെ ഭക്ഷണത്തെപ്പററി അവൎക്കു യാതൊരു നിഷ്ഠയുമില്ല. അവരുടെ സ്വന്തമായി ചില ദൈവങ്ങളും, പ്രാൎത്ഥനസമ്പ്രദായങ്ങളുമാണ് അവൎക്കുള്ളത്. പലേവിധത്തിലുമുണ്ടാകാവുന്ന സകലദൂഷ്യങ്ങളേയും അകററിനിൎത്തി അതിശ്രദ്ധയോടെ ഞാൻ എന്റെ ജീവിതത്തെ പരിശുദ്ധമായി സൂക്ഷിച്ചുവന്നു. എന്റെ തോണി കരയ്ക്കണയുവാനടുത്തിരിക്കുന്നുവെന്നും, എന്റെ ഇഹലോകജീവിതത്തിന്റെ ഒടുവിലത്തെ പടി വളരെ ദൂരത്തല്ലെന്നും എനിക്കു തോന്നിത്തുടങ്ങി.'

'അതിന്നു ശേഷം—എങ്ങിനെയാണു ഞാൻ അവസാനിപ്പിക്കേണ്ടത്? എല്ലാ അവസാനവും ക്ഷണത്തിൽ കഴിയുന്നതാണ്. വിളക്കു കെടുവാൻ ഒരൊററ ശ്വാസം മാത്രം മതി. പിന്നെ എന്തിന്നായി ഞാൻ ഇതിനെ വലിച്ചു നീട്ടുന്നു. ഇതാ ഇന്നു രാവിലെ, മുപ്പത്തെട്ടുകൊല്ലത്തെ വേൎപാടിന്നു ശേഷം ഞാൻ കേശവലാലിനെക്കണ്ടു.'

ഇവിടെ വെച്ചു അവൾ നിൎത്തിയപ്പോൾ എനിക്കുണ്ടായ ഉൽക്കണ്ഠയെ ഒതുക്കുവാൻ വയ്യാതെ 'എങ്ങിനെയാണ് നിങ്ങൾ കണ്ടത്' എന്നു ചോദിച്ചു.

'ഒരു ഭട്ടീയഗ്രാമത്തിന്റെ മുററത്തു തന്റെ ഭട്ടീയഭാൎയ്യയോടൊന്നിച്ചു, തന്റെ ഭട്ടീയപൌത്രന്മാരാലും, പൌത്രികളാലും ചുററപ്പെട്ട്, ധാന്യക്കതിരുകളിൽനിന്നു മണികളെ വേൎപെടുത്തിയുംകൊണ്ടു നില്ക്കുന്നതായിട്ടാണ് കേശവലാലിനെ ഞാൻ കണ്ടത്.' എന്നു നവാബിന്റെ പുത്രി മറുവടി പറഞ്ഞു. ഇതോടുകൂടി കഥ അവസാനിച്ചു.

അവളുടെ സമാധാനത്തിന്നായി വല്ലതും ചില വാക്കുകളെങ്കിലും പറയാതെ കഴിയില്ലെന്നു എനിക്കു തോന്നി. ഞാൻ ഇപ്രകാരം പറഞ്ഞു. 'പ്രാണഭയത്തോടുകൂടെ ഒളിഞ്ഞിരുന്നു, മുപ്പത്തെട്ടു വൎഷം അന്യജാതിക്കാരോടൊപ്പം കഴിച്ചുകൂട്ടേണ്ടിവന്ന ആ മനുഷ്യന്നു എത്ര

പ്രകാരത്തിലാണ് തന്റെ മതനിഷ്ഠയെ പരിശുദ്ധമായി നിലനിൎത്തുവാൻ സാധിച്ചത്.

'അതൊന്നും എനിക്ക നിശ്ചയമില്ല. എന്നാൽ ഈ കാലമത്രയും ഞാൻ ചുമന്നു നടന്നിരുന്ന ആ ശക്തി—എന്റെ ചെറുപ്പത്തിൽത്തന്നെ എന്റെ അനുരാഗത്തെ അപഹരിച്ചവനായ ആ ബ്രാഹ്മണന്റെ പ്രേരണാമന്ത്രം—എന്തു മായമായിരുന്നു? ഞാൻ അന്നു കണ്ടതു പരമാത്മസ്ഥിതിയാണെന്നു—ശാശ്വതമായസത്യമാണെന്നു—ആയിരുന്നുഞാൻ വിശ്വസിച്ചത്. അല്ലെന്നു വരികിൽ, ഭക്തികൊണ്ടുള്ള അത്യാസക്തിയെ ഒതുക്കുവാൻ കഴിയാതെ, പതിനാറു വയസ്സു മാത്രം പ്രായമായിരുന്ന കാലത്തു, എന്റെ പിതൃഗേഹമാകുന്ന രക്ഷയെ ത്യജിച്ച്, ആ ബ്രാഹ്മണനായിട്ടുകൊണ്ടു എന്റെ ശരീരത്തേയും, ഹൃദയത്തേയും, യൌവനത്തേയും അൎപ്പിച്ച സമയം, അതിനു പ്രതിഫലമായി അദ്ദേഹം എനിക്ക തന്നതായ ആ അടിയെ—അസഹനീയമായ ആ അപമാനത്തെ—എന്റെ പരിശുദ്ധിക്കായി എന്റെ ഗുരുവിൽനിന്നു ലഭിച്ച ഒരു അനുഗ്രഹംപോലെ ഞാൻ എങ്ങിനെയാണ് സ്വീകരിച്ചിരിക്കുക? ഓ! ബ്രാഹ്മണാ! അങ്ങയുടെ ജാതിമുറയെ കൈവിട്ടു അങ്ങു മറെറാരു സമ്പ്രദായത്തെ കൈക്കൊണ്ടു. എന്നാൽ ഞാൻ വ്യൎത്ഥമാക്കിയ ആ ജീവിതവും, ആ യൌവനവും ഇനി എനിക്ക എങ്ങിനെ തിരിച്ചുകിട്ടും?'

നവാബിന്റെ പുത്രി വളരെ വ്യസനത്തോടെ ഇപ്രകാരം പറഞ്ഞുകൊണ്ടു എഴുനീററു. 'ബാബുജീ, നമസ്കാരം' എന്നു പറഞ്ഞു. ഉടനെ തന്നെത്താൻ പിഴവുതീൎത്തു 'സാഹേബ്, സലാം' എന്നും പറഞ്ഞു. ഇപ്രകാരം മുഹമ്മദീയസമ്പ്രദായത്തിലുള്ള യാത്രപറയലോടുകൂടി, പൊട്ടിത്തകൎന്നു മണ്ണിൽ വീണുകിടക്കുന്ന ബ്രാഹ്മണ്യമാതൃകകളോടും, അവൾ അവസാനത്തെ യാത്രപറയൽ കഴിച്ചു. മറുവടിയായി ഒരക്ഷരംപോലും എനിക്കങ്ങോട്ടു പറയുവാൻ തരമാവുന്നതിനു മുമ്പ് അവൾ ഹിമാലയത്തിലെ ആ മഞ്ഞിൽ മറഞ്ഞുപോയി.

ഞാൻ കുറച്ചുനേരം എന്റെ കണ്ണുകളെ അടച്ചപ്പോൾ അവളുടെ കഥയിൽ പ്രസ്താവിച്ച എല്ലാ സംഭവങ്ങളും— നവാബിന്റെ പുത്രിയായി പതിനാറുവയസ്സു പ്രായമായആ കന്യക തന്റെ അന്തഃപുരത്തിലുള്ള ജനലിന്നരികെ വിശേഷപ്പെട്ട പേർഷ്യൻ പരമധാനിമേലിരുന്നു യമുനാനദിയിൽ പ്രാതസ്സന്ധ്യാവന്ദനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്ന ആ ബ്രാഹ്മണയുവാവിനെ സശ്രദ്ധം വീക്ഷിച്ചുകൊണ്ടിരിക്കുന്നതും, സന്ന്യാസിവേഷധാരിയായി, വ്യസനാക്രാന്തയായി, വല്ല പുണ്യക്ഷേത്രങ്ങളിലും സന്ധ്യാസമയത്തു ദീപാരാധനചെയ്തുകൊണ്ടിരിക്കുന്ന ആ സ്ത്രീരൂപവും, സ്വഗൃഹത്തിലുള്ള സുഖങ്ങളെ വിട്ടു, ദുഃഖപരവശയായി, ഡാർജിലിങ്ങ് കല്ക്കത്താ നിരത്തിൽ കണ്ടതായ ആ വളഞ്ഞ രൂപവും എന്റെ മനസ്സിൽ കൂടെ വീണ്ടും കടന്നുപോകുന്നതായി ഞാൻ കണ്ടു. വൈരുദ്ധ്യഗുണങ്ങളോടുകൂടിയ രണ്ടു രക്തങ്ങൾ, ഒരു സ്ത്രീയുടെ ശരീരത്തിൽ കൂടിച്ചേരുന്നതിൽനിന്നുണ്ടാകുന്ന ശോകരസമായ സംഗീതം, പ

രിപൂൎണ്ണമായ ശബ്ദഗാംഭീൎയ്യത്തോടും, കൌതുകകരമായ സാഹിത്യരസത്തോടും കൂടി പുറത്തു പുറപ്പെടുന്നതിന്റെ ധ്വനി എന്റെ മനസ്സിൽ അനുഭവപ്പെടുന്നതായി എനിക്കു തോന്നി.

ഞാൻ എന്റെ കണ്ണുതുറന്നു. മഞ്ഞു മുഴുവൻ ഒഴിഞ്ഞിരിക്കുന്നു. രാവിലത്തെ ഇളംവെയിലിൽ കുന്നിന്റെ ചരുവുകൾ മിന്നി പ്രകാശിച്ചിരുന്നു. ഇംഗ്ലീഷു മദാമ്മമാർ കൈവണ്ടികളിലും, ഇംഗ്ലീഷുസായ്പുമാർ കുതിരപ്പുറത്തും പുറത്തിറങ്ങിത്തുടങ്ങി. ഉറുമാൽകൊണ്ടു തല മുഴുവൻ മൂടിക്കെട്ടിയ ഒരു ബങ്കാളി ഗൃഹസ്ഥൻ, ഉറുമാലിന്റെ മടക്കുകൾക്കിടയിൽക്കൂടെ എന്റെ നേരെ ആശ്ചൎയ്യഭരിതമായ ഒരു നോട്ടമിട്ടുകൊണ്ട് അതിലെ കടന്നുപോയി.

ഞാൻ എന്റെ ഇരിപ്പിടത്തിൽനിന്നു എഴുനീററു. യാതൊരു ആവരണവും കൂടാതെ തുറന്നു പ്രകാശിക്കുന്ന ആ വെയിലിൽ, ആ സ്ത്രീയുടെ മേഘപ്രായമായി, മഞ്ഞുപോലെയുള്ള ആ കഥയെ വിശ്വസിക്കുന്നതു ഏററവും പ്രയാസമായിരുന്നു. എന്റെ സ്വന്തം മനോരാജ്യം ആയിരിക്കണം അതിന്റെ സിഗരററുപുകയെ കുന്നുകളിലെ മഞ്ഞുമായി കൂട്ടിക്കലൎക്കിയതു എന്നും, ആ ബ്രാഹ്മണയോദ്ധാവും നവാബിന്റെ പുത്രിയും യമുനാതീരത്തെ കോട്ടയും എല്ലാം വെറും ആവി മാത്രമായിരിക്കും എന്നും ആണ് എന്റെ ഇപ്പോഴത്തെ പൂൎണ്ണവിശ്വാസം.

സി. എൻ. എസ്.

# ഞങ്ങളുടെ വായനശാല.

൧. കള്ളന്റെ കള്ളൻ. (ഗ്രന്ഥകൎത്താവ് കുന്നത്തു ജനാൎദ്ദനമേനോനവർകൾ; ഭാരതമിത്രം അച്ചുകൂടം, കൊച്ചി വില ൧-ക).

'ഡിടക്ററീവ് സ്റ്റോറീസ്' അതായതു കളവു തുമ്പുണ്ടാക്കുന്ന കഥകൾ എന്നൊരു ജാതി കഥകൾ ഇംഗ്ലീഷു സാഹിത്യത്തിൽ പ്രസിദ്ധമാകുന്നു. അങ്ങിനെയുള്ള ഒരു പ്രസിദ്ധകഥാപുസ്തകത്തെ അനുകരിച്ചു മലയാളത്തിൽ എഴുതീട്ടുള്ള ഒരു കഥയാണ് 'കള്ളന്റെ കള്ളൻ.' പ്രസിദ്ധന്മാരായ കുററാന്വേഷികൾ വിചാരിച്ചിട്ടുകൂടി ഒരു എത്തും പിടിയും കിട്ടാതെ പോയ ചില കളവുകളെ, യാതൊരു പ്രയാസവും കൂടാതെ, തന്റെ അസാധാരണമായ ബുദ്ധിസാമൎത്ഥ്യംകൊണ്ടും ചിരപരിചയംകൊണ്ടും ഇതിലെ കഥാപുരുഷനായ മിസ്റ്റർ കൃഷ്ണമേനോൻ തുമ്പുണ്ടാക്കുന്നതു കണ്ടാൽ ആൎക്കും അത്ഭുതം തോന്നിപ്പോകും. ഇത്തരം കഥകളുടെ ജീവനായിട്ടുള്ളതു ബന്ധവൈചിത്ര്യമാണ്. ആദിമുതൽക്കുതന്നെ വായനക്കാരുടെ മനസ്സിൽ ഉൽകണ്ഠയുണ്ടാക്കിക്കൊണ്ടുപോയി അവസാനത്തിൽ മാത്രം അതു വെളിപ്പെടുത്തുകയാണ് ഗ്രന്ഥകൎത്താവു ചെയ്തിട്ടുള്ളത്. 'പരി

ണാമമുഷ്ടി' എന്നു പറയുന്ന ഈ ഗ്രന്ഥം ഇതിലെ എല്ലാ കഥകളിലും ബഹു ചാതുൎയ്യത്തോടെ പ്രതിഫലിച്ചു കാണുന്നുണ്ട്. വലിയ വ്യുൽപന്നന്മാരല്ലാത്തവൎക്കുകൂടി രസിച്ചുംകൊണ്ടു വായിക്കത്തക്ക ഭാഷയിൽ ഈ പുസ്തകം എഴുതിയ ജനാൎദ്ദനമേനോനവർകളെ ഞങ്ങൾ അഭിനന്ദിക്കുന്നു. ഇത്തരം പുസ്തകങ്ങൾ നമ്മുടെ ഭാഷയിൽ എത്രതന്നെ ഉണ്ടായാലും ഏറി എന്നു വരുന്നതല്ലെന്നാണ് ഞങ്ങൾക്കു തോന്നുന്നത്.

---

൨. രാജയോഗം—നക്ഷത്രമാല. (ചിറ്റൂർ വരവൂർ ശാമുമേനോനവർകൾ ഉണ്ടാക്കിയത്. വില ണ ൪)

അതിപ്രൌഢമായ രാജയോഗത്തെ വിഷയീകരിച്ചു നിൎമ്മിച്ചിട്ടുള്ള ഒരു കൈകൊട്ടിക്കളിപ്പാട്ടാണിത്. ഈ ജാതി ശാസ്ത്രസംഗതികളെ പാട്ടിൽ പെടുത്തിയാൽ പാട്ടിലാകയില്ലെന്നു ചിലൎക്കഭിപ്രായമുണ്ടായേക്കാം. എന്നാൽ അവൎക്കുകൂടി ഈ വിഷയം വളരെ വിജ്ഞേയവും, ഈ കവിയുടെ ഗ്രന്ഥനിൎമ്മാണപാടവം സ്ലാഘനീയവുമാണെന്നുള്ള സംഗതിയിൽ രണ്ടഭിപ്രായമുണ്ടാവാനിടയില്ല. ഈ ഗ്രന്ഥം, തൃശ്ശിവപേരൂരിൽ സ്ഥാപിക്കുവാൻ നിശ്ചയിച്ചിട്ടുള്ള 'ശ്രീരാമവൎമ്മഭജനമഠം' വകയായിട്ടാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. ഗ്രന്ഥകൎത്താവ് ഇതു ശ്രീമതി വി. കെ. പാറുക്കുട്ടിനേത്ര്യാരമ്മ അവർകൾക്കു സമൎപ്പിക്കുകയും, അവർ ഇതു സസന്തോഷം സ്വീകരിച്ചു പ്രൌഢസരസമായ ഒരു മുഖവുര എഴുതുകയും ചെയ്തിരിക്കുന്നതു പ്രത്യേകം പ്രസ്താവയോഗ്യമാണ്. കവിതാരീതി കാണിപ്പാനായി ഏതാനും വരികൾ താഴെ ചേൎക്കുന്നു:—

(ഭ്രമനത്തിങ്കൽകളിടാവാം എന്നപോലെ)

'സ്വാധിഷ്ഠാനത്തിൻമുകളി–ലുണ്ടു
ബോധിക്കനല്ലൊരുപത്മം
നീലാഭമാകുമപ്പത്മം–നാഭി
മൂലത്തിലുള്ളതാകുന്നു
സൂരീന്ദ്രരെല്ലാമതിനെ–മണി
പൂരകമെന്നുരയ്ക്കുന്നു.
അത്താമരതൻദളെയഘം–ഡാദി
പത്തക്ഷരാഞ്ചിതമല്ലൊ.
മുക്കോണമായിട്ടതിങ്ക–ലൊരു
ചക്രമുണ്ടായതിലായി
രേഫാനപിതൻവഹ്നിദേവൻ–ഭൂരി
ശോഭിപ്പതുണ്ടൎക്കതുല്യൻ
നാലുതൃക്കൈകളിയന്നോൻ–ആട്ടിൻ
മേലേകരേറിയിരുപ്പോൻ
മങ്ങാതയോഗിയായുള്ളോൻ–എന്നു
മിങ്ങിനെചിന്തിച്ചിടേണം.
സിന്ദൂരവൎണ്ണപ്പൂൎണ്ണാംഗൻ–രുദ്ര
നെന്നുപേരായുള്ളദേവൻ
മെയ്യിൽഭസിതമണിഞ്ഞോൻ–എന്നു
മിയ്യുലകങ്ങൾക്കശേഷം
ഇഷ്ടദൻമുക്കണ്ണനായോൻ–അതി
ന്നുറത്തിൽവാണരുളുന്നു.
നീലിമകോലുംശരീര–ത്തോടു
നാലുഹസ്തങ്ങളിണങ്ങി
പീതാംബരോജ്വലയായി–പ്പല
മാതിരിഭൂഷകൾചാൎത്തി
മത്തയായ്ലാകിനിയെന്നു–ള്ളോരു
ശക്തിയുംതത്രവാഴുന്നു.
ഈനാഭിപത്മത്തെനന്നായ്–ഏദി
ധ്യാനിച്ചിടുന്നയോഗീന്ദ്രൻ
രക്ഷിച്ചുസംഹരിച്ചീടാൻ–ഇഹ
ദക്ഷനായ്തീൎന്നീടുമല്ലൊ.'

# ശബ്ദാലങ്കാരം.*

( തുടൎച്ച )

ശംഭുപ്പെണ്ണിൻമൃദുമൃദുമൃദുപ്പുഞ്ചിരി-
പ്പൂനിലാവായ്
മുമ്പുംപിമ്പുംകളികളികളിപ്പാച്ചിൽപാ-
യുംകടാക്ഷം, (ല്ലകെ
കൊണ്ടാൽകൊണ്ടോനിവനിവനിവൻന
ങ്കേമനല്ലിൽ-
കണ്ടാൽനേടാമതുമതുമതുംമറാതും
വേണ്ടതെല്ലാം.

ഭവേമേനിദാനംനിദാനംനിദാനം
ശിവേ!നിൻവിചാരംവിചാരംവിചാരം
ക്ഷണംകൈവരട്ടേവരട്ടേവരട്ടേ
ഗുണംഞാൻകൃതാൎത്ഥൻകൃതാൎത്ഥൻകൃതാ
(ൎത്ഥൻ

പാദങ്ങളുടെ ആദ്യന്തങ്ങളിലായിട്ട്:—

നിത്യംഗൌരിതപസ്സേവന്മാർ
സേവന്മാരായോക്കുംകൂടി
കൂടിച്ചേൎക്കസൌഖ്യംസൌഖ്യം
സൌഖ്യംവില്ലുംനാഥേ!നിത്യം.

മാരാന്തകനുമിഹമാരാൎത്തിപേൎത്തുശുഭ-
മാരാഗമപ്പൊരുൾമണി-
സ്സാരാലെഴുംമഹിമയാരാലുമേവിഷമ-
മാരാലശേഷമറിവാൻ
പോരാത്തഞാനതിനുപോരാസ്സിലെന്തി
പോരായ്മയുണ്ടുഗിരിജേ! (വനു
നേരായിനിൻമിഴികൾനേരായിഞാൻ
(പെട്ടകിൽ
നേരായികാൎയ്യമഖിലം.

ഇത് അന്തരാളപ്രാസഭ്രാന്തിയുണ്ടാക്കുന്ന ഒരു മാതിരിയിലാണ്. എന്നുതന്നെയല്ല മൂന്നാംപാദം യമകാന്തർഭൂതമായ അന്തരാളപ്രാസന്തന്നെയുമാണ്.

പേൎത്തുംസമസ്യയൊന്നിനു
ചാൎത്തുംപൂരണമാലയും
പാൎത്താൽപ്പദാന്തപ്രാസത്തിൽ
ച്ചേൎത്താണവരുവാൻവഴി.

ഒരു സമസ്യക്ക കേവലം ഒരു പൂരണം മാത്രമാണുള്ളതെങ്കിൽ പദാന്തപ്രാസമാകുന്നതല്ല. പല പൂരണങ്ങളും നിരപ്പെച്ചേൎക്കുന്നതു പദാന്തപ്രാസമായി വിചാരിപ്പാൻ വഴിയുണ്ടെന്നേയുള്ളു.

സമസ്യ

"മേലപ്പുറമതിങ്കലുണ്ടൊരു വിശേഷരമ്യസ്ഥലം"

ഒളിച്ചകിണറുണ്ടുമേൽപ്പടവുമുണ്ടതിൻ
മേലെയായ്
തെളിഞ്ഞകയറൊന്നതിന്നരികിൽരണ്ടു
കുഭങ്ങളും
മലസ്സുടയവൻറമേലതുപതിഞ്ഞ
മട്ടായിവെൺ
മലപ്പുറമതിങ്കലുണ്ടതുവിശേഷ
രമ്യസ്ഥലം.
നിലാവുചൊരിയുന്നപൂമലരണിഞ്ഞ
കാർകുന്തൽ,കൺ-
വിലാസമതിൽവീരനാമലർശരൻറ
യാജ്ഞാക്ഷരം
വലിപ്പമിവയാൽപ്പെടുംശിവയുമായ്ശി
വൻവെള്ളിമാ-

* പകൎപ്പവകാശം [illegible]

'മലപ്പുറമതിങ്കലുണ്ടതുവിശേഷ
രമ്യസ്ഥലം'.
കലക്കമൊടുമാപ്പിളപ്പടകൾപൊങ്ങി-
യാൽത്തൽക്ഷണം
നിലയ്ക്കുവെടിവെയ്ക്കുവാൻവിരുതൊടുണ്ടു
പട്ടാളവും
കലിച്ചുപുഴചൂഴമീയ്യുഴകകാഴ്ച-
കാണേണ്ടതായ്
'മലപ്പുറമതിങ്കലുണ്ടതുവിശേഷ
രമ്യസ്ഥലം'.

വിഷമസമസ്യ

'തീക്കട്ടയിൽക്കൂടിയെറുമ്പരിയ്ക്കും'

മുക്കണ്ണനങ്കത്തിലെടുത്തഗൌരി-
യ്ക്കൊക്കുന്നപോൽഗ്ഗംഗയിലീർഷ്യയെന്നാ
(ൽ

നോക്കീടുവേണ്ടാപറയാനൊരുക്കാം
'തീക്കട്ടയിൽക്കൂടിയെറുമ്പരിയ്ക്കും'.
ചൊൽക്കൊണ്ടധർമ്മാഗമമൂർത്തികണ്ണൻ
കക്കുന്നപാൽവെണ്ണകളെന്നുകേട്ടു
ഈക്കേട്ടകാര്യംശരിയെന്നുവന്നാൽ
'തീക്കട്ടയിൽക്കൂടിയെറുമ്പരിയ്ക്കും.'
ഉൽകൃഷ്ടവിപ്രാംഗനദുഷ്ടയായാൽ
ക്കയ്യോട്ടിനീക്കുന്നതിവുണ്ടുപക്ഷേ,
ഈക്കെട്ടകാലംവെളരെപ്രയാസം
'തീക്കട്ടയിൽക്കൂടിയെറുമ്പരിയ്ക്കും.'

സുഖസമസ്യ.

'ആനയാനയുമാനയും'

ആനത്തലവനല്ലോസ-
ന്താനന്തൻകളികണ്ടിലും
നൂനംസമംഗിരിജയാ-
'മാനയാനയുമാനയും'
താനേകാതിലയാട്ടീടും
സ്ഥാനേകംഭങ്ങൾകാട്ടിടും
ആനച്ചന്തവുമുണ്ടാക-
'മാനയാനയുമാനയും.'
ഞാനയച്ചകടക്കണ്ണു-
മാനക്കാരന്റെതോട്ടിയും
മാനിയാതെന്തഹോപായാ-
'നാനയാനയുമാനയും.'

വിച്ഛിന്നസമസ്യ.

ംസ്സാദിത്യനംചന്ദ്രനമംംംംംംംച്ചപോലും!

ദിക്ചക്രംവസ്ത്രമായുംസകലഭുവനവും
ദേഹമായുംവിളങ്ങും
പച്ചക്കാമന്റെമെയ്ചുട്ടൊരുചുടുചുടല
ച്ചാമ്പൽപൂശുന്നപൂജ്യൻ (യാം
ഇച്ഛയ്ക്കൊക്കുന്നൊരിഷ്ടപ്രണയിനിമണി
ലോകമായയ്ക്കുവിശ-
ക്കാഴ്ച'സ്സാദിത്യനംചന്ദ്രനമ'ഴകിയലും
തോടയായ്വെച്ചപോലും' (വാ
അച്ചിയ്ക്കായിത്തനിയ്ക്കുള്ളൊരുമുതൽതന്നു
ണെങ്കിലുംപാതിവിററാ
പ്പിച്ചക്കാരന്റെകയ്യിൽക്കനകമലവിള
ഞ്ഞെന്നുകേട്ടോടിയെത്തി (ഹോ
പച്ചപ്പാവംമഹാബ്രാഹ്മണനൊരുവന
തന്റെവായ്പിട്ടുകൂട്ടീ
ട്ടുച്ച'സ്സാദിത്യനംചന്ദ്രനമ'വനിയുമാ
യേച്ചപായിച്ചപോലും'.
അത്യുക്കൻകാററുതട്ടിത്തരുനിരമറിയു
മ്മാറുമത്യുഗ്രയാത്രാ (വി
പ്രത്യൂഹംപോലെവെള്ളംപുഴകൾകരക
ഞ്ഞെന്തിവന്നൊന്നുപോലേ
അദ്രിക്കെല്ലാമടച്ചുൽക്കടമധികദിനം
രാപ്പകൽബ്ഭേദമില്ലാ
തത്ര'സ്സാദിത്യനംചന്ദ്രനമ'തിമാവാം
മട്ടുവർഷിച്ചപോലും.'

സ്ഥാനനിയമമില്ലാത്തതായ പദാന്തപ്രാസം.

സംസാരംബദ്ധസാരമെന്നുകരുതി

സ്സാരജ്ഞരുംസാരമാം
സംസാരംകലരുംശ്രുതിപ്പൊരുളിലേ-
സ്സാരംഗ്രഹിപ്പോരഹോ
ഹിംസാരഞ്ജനയുള്ളയജ്ഞവുമഹിം-
സാരമ്യസാരാത്ഥമായ്
കിംസാരംബത ചെയ്തിടുന്നു ഗിരിജേ
സംസാരഹിംസാരതേ!.

സാരജ്ഞന്മാർനിനയ്ക്കുംനിഗമപദമഹോ
സാരമേ!സാരമേറും (സ
കാരുണ്യത്തിന്റെവിത്തേന്തിനുശിവനുടെ
വ്വസ്വാവിത്തേ!സ്വാവിത്തേ! (നോ
പാരംദുഃഖത്തിൽനില്ക്കുന്നടിയനുടെമ
വൃത്തിയേവൃത്തിയേറു (വേ
ന്നോരീനിന്മേൽനടത്തിക്കുണമതിനുശി
കൈതൊഴുന്നേൻതൊഴുന്നേൻ.

ഈ ശ്ലോകത്തിൽ, പദാനുപ്രാസങ്ങളിൽചിലേടത്തു ഭിന്നാത്ഥത്വം കല്പിപ്പാനുംവഴിയുണ്ട്. അങ്ങിനെകല്പിക്കുന്നപക്ഷം അതു പദയമകമായിട്ടു വിചാരിക്കേണമെന്നും പറയാം. എന്തുകൊണ്ടെന്നാൽ, അപ്പോൾ സ്ഥാനനിയമമുണ്ടെന്നു വിവരിപ്പാനും തരമുണ്ടാവാതിരിക്കയില്ല. അതുകൊണ്ട് ഇതിനെ പദാനുപ്രാസമെന്നും, പദയമകമെന്നും, വാദപ്രിയന്മാർ തക്കിച്ചുകൊണ്ടിരിക്കട്ടെ.

സവ്വജ്ഞസവ്വസംസാര-
സവ്വസ്വംസവ്വകാലവും
സവ്വക്ഷമരുളീടട്ടേ
സവ്വമംഗളമംഗളം.

പദാനുപ്രാസകാണ്ഡം കഴിഞ്ഞു.

'ശബ്ദാലങ്കാരം' അവസാനിച്ചു.

# നിവേദനം.

ഇക്കഴിഞ്ഞ എടവമാസം മുതൽ മാസംതോറും മംഗളോദയത്തിൽ തുടച്ചയായി പ്രസിദ്ധപ്പെടുത്തിവരുന്ന 'ശബ്ദാലങ്കാരം' ഇതാ ഈ മാസത്തിൽ അവസാനിച്ചിരിക്കുന്നു.

ഇതിന്റെ കത്താവായ കുഞ്ഞിക്കുട്ടൻതമ്പുരാൻ തിരുമനസ്സുകൊണ്ടു 'രസികരഞ്ജിനീ' പത്രാധിപരായിരിക്കുന്ന കാലത്തു, പണ്ഡിതശിരോമണിയായ എ. ആർ. രാജരാജവമ്മ കോയിത്തമ്പുരാനവർകൾ (എം. എ) ഉണ്ടാക്കിയ 'ഭാഷാഭൂഷണം' എന്ന അലങ്കാരഗ്രന്ഥം കണ്ടിട്ട് 'ഇതു വളരെ നന്നായിട്ടുണ്ട്. പക്ഷേ ശബ്ദാലങ്കാരപ്രകരണം എനിക്കു ബോധിച്ചില്ല' എന്നു പറകയുണ്ടായത്രെ. അതു കേട്ടപ്പോൾ 'എന്നാലതൊന്ന് ഇവിടത്തെ വകയായിട്ടുണ്ടാക്കുക' എന്നു ചിലർ അപേക്ഷിച്ചപ്രകാരം അവിടുന്നുണ്ടാക്കിയതാണ് ഈ ഗ്രന്ഥം. ഇതവിടുന്നു സ്വല്പദിവസങ്ങൾക്കുള്ളിൽ നിമ്മിച്ചതും, ഇതിലെ ഉദാഹരണശ്ലോകങ്ങൾ മുഴുവൻ അവിടത്തെ സ്വന്തം വകയും ആകുന്നു.

ഇതിലെ വിഷയങ്ങളുടെ ഘടനയെപ്പററിയൊ വിശദതയെപ്പററിയോ ശ്ലോകങ്ങളുടെ ഭംഗിയെക്കുറിച്ചോ വായ

നക്കാരോട് ഒന്നും പറയേണ്ടതുണ്ടെന്നു തോന്നുന്നില്ല. അവിടത്തെ കുലദേവതയായ ശ്രീകുരുംബാദേവിയുടെ പേരിൽ ഉള്ള ഭക്തിയെ പ്രകാശിപ്പിക്കുന്ന ഇതിലെ ശ്ലോകങ്ങളിൽ ചിലത് അവിടുന്നു മുമ്പുതന്നെ നിർമ്മിച്ചിട്ടുള്ളവയും, ചിലതു തൽക്ഷണം ഉണ്ടാക്കിയവയും, പലതും ഇദ്ദിക്കുകാർക്കു പരിചിതങ്ങളുമാണ്. ദേവീസ്തവം എന്ന പേരിൽ മുമ്പൊരു ലക്കം 'മംഗളോദയ'ത്തിൽ ചേർത്തിരുന്ന പദ്യങ്ങൾ ഈ പുസ്തകത്തിലുള്ളവയാണ്. ശബ്ദാലങ്കാരപ്രധാനങ്ങളായ പദ്യങ്ങളുടെ ജീവനായ അക്ലിഷ്ടത ഇതിലെ ശ്ലോകങ്ങളിലെല്ലാം കിടന്നു കളിയാടുന്നുണ്ടെന്നു സഹൃദയന്മാർ സമ്മതിക്കാതിരിക്കയില്ല.

അന്നവിടുന്നു ഒരു കളിയായുണ്ടാക്കി, സ്വന്തംകയ്യക്ഷരത്തിൽ എഴുതി, 'രസികരഞ്ജിനി' വക റിക്കാർട്ടുകെട്ടുകളുടെ കൂട്ടത്തിൽ, ആത്മസഹജമായ അനാസ്ഥയോടെ സൂക്ഷിച്ചിരുന്ന ഈ ഉത്തമഗ്രന്ഥം ഇയ്യിടയിൽ ഞങ്ങൾക്കു കണ്ടുകിട്ടുവാനിടയായപ്പോൾ 'ഇനിയിതു ചിതലിന്റെ മുതലായി മണ്ണിൽ ലയിച്ചുപോകാതെ കഴിയട്ടെ' എന്നുവെച്ച് ഇങ്ങിനെ എടുത്തു പ്രസിദ്ധപ്പെടുത്തിയതാണ്. പുസ്തകത്തിന്റെ ആദിയിൽ 'അലങ്കാരസംഗ്രഹം—ശബ്ദാലങ്കാരം' എന്നും, അവസാനത്തിൽ 'ശബ്ദാലങ്കാരം എന്ന പൂർവ്വാർദ്ധം കഴിഞ്ഞു' എന്നും കൂടി എഴുതിക്കാണുന്നുണ്ട്. ഇതിൽനിന്ന്, അവിടുന്നു ശബ്ദാലങ്കാരപ്രകരണം മാത്രമല്ലാ മറ്റു പ്രകരണങ്ങളും എഴുതുവാനുദ്ദേശിച്ചിട്ടുണ്ടായിരിക്കണമെന്നൂഹിക്കേണ്ടിയിരിക്കുന്നു. ആ ഉദ്ദേശം സാധിക്കുവാൻ പിന്നീടവിടുന്നു ശ്രമിക്കാതെപോയതു മലയാളികളുടെ ഭാഗ്യദോഷം എന്നേ പറവാൻ തോന്നുന്നുള്ളൂ.

ഈ പുസ്തകത്തിൽ രഥബന്ധം, സർപ്പബന്ധം മുതലായി വിവരിക്കപ്പെട്ടിട്ടുള്ള ബന്ധങ്ങളുടെ ചിത്രങ്ങൾ മാസികയിൽ ചേർക്കുവാൻ തരമാവാതെ പോയതിൽ വ്യസനിക്കുന്നു. എന്നാൽ ഇതു പ്രത്യേകം ഒരു പുസ്തകമായി പ്രസിദ്ധപ്പെടുത്തുന്ന സമയത്തു അവകൂടി ചേർക്കുന്നതാണ്.

മംഗളോദയപ്രവർത്തകന്മാർ.

# മംഗളോദയം

൧൦൯൩

പുസ്തകം ൧൦ } തുലാം { ലക്കം ൧

## മംഗളം.

കറകലരുമിരുട്ടിൽപ്പെട്ടുവട്ടംതിരിഞ്ഞി-
പ്പിറവിയിലടിതെറ്റിച്ചുററിഞാൻകേണിടുന്നേൻ
തിറമയിൽവഴികാട്ടിക്കാക്ക,കെൻകണ്ണിൽവാഴ്കും
മറവകലെയകറ്റുംമാമറപ്പൊൻവിളക്കേ!

## സന്മാൎഗ്ഗം *

സന്മാൎഗ്ഗമെന്നുള്ളതു, മനുഷ്യനുള്ള അനിതരജന്തുസാധാരണമായ ഒരു ഗുണമാണു്. ഇതരജീവികളുടെ ചേഷ്ടകളേയോ വ്യാപാരങ്ങളേയോ സംബന്ധിച്ചു വ്യവഹരിക്കുമ്പോൾ സന്മാൎഗ്ഗമെന്നോ ദുൎമ്മാൎഗ്ഗമെന്നോ നാം പറയാറില്ലല്ലോ. ഇതു് എന്തുകൊണ്ടാണെന്നു് ആലോചിക്കേണ്ടിയിരിക്കുന്നു. ഗുണദോഷവിവേചനം ചെയ്യുന്നതിനുള്ള ശക്തി മൃഗങ്ങൾക്കു നൽകപ്പെട്ടിട്ടില്ലെന്നുള്ളതാണു് ഇതിനുള്ള കാരണം. ഇതരജീവികളുടെ വ്യാപാരങ്ങൾ ഒക്കെയും അവക്കു നൽകപ്പെട്ടിട്ടുള്ള മൃഗബുദ്ധിയുടെ അലംഘനീയമായ ആജ്ഞയുടെ അല്ലെങ്കിൽ പ്രേരണയുടെ ഫലങ്ങളാണു്. ഇതു് ഒരു മാതിരി അന്ധശക്തിയാണെന്നു വേണം പറവാൻ. എന്നാൽ മനുഷ്യനു 'വിശേഷബുദ്ധി' എന്നൊരു പ്രത്യേകശ



* തൃശ്ശിവപേരൂർ യോഗക്ഷേമവായനശാലയുടെ വാൎഷികയോഗത്തിൽ വായിച്ചതു.

ക്തി നൽകപ്പെട്ടിരിക്കുന്നു. മൃഗബുദ്ധി കേവലം വികാരത്തിന്റെ ഒരു വിശേഷ രൂപം മാത്രമാണ്. അതിന്റെ ഗതിയെ നിരോധിക്കുന്നതിനു വേറെ ശക്തിയൊന്നും ഈ വക ജീവികൾക്കു നൽകപ്പെട്ടിട്ടില്ല. എന്നാൽ വിശേഷബുദ്ധിയെന്നുള്ളതു യുക്തികൊണ്ടും ആലോചനകൊണ്ടും വികാരങ്ങളെ നയിക്കുകയും നിയന്ത്രിക്കുകയും ചെയ്യുന്നതിനുള്ള ഒരു ശക്തിയാണ്. ഇത്രയും പറഞ്ഞതു സന്മാർഗ്ഗത്തിന്റെ അടിസ്ഥാനം എന്താണെന്നു കാണിക്കുന്നതിനായിട്ടാണ്.

സന്മാർഗ്ഗം എന്നു വെച്ചാൽ സത്തായിട്ടുള്ള മാർഗ്ഗം എന്ന് അർത്ഥം കല്പിക്കാം. എന്നാൽ സത്തിന്നതെന്നും അസത്ത് ഇന്നതെന്നും എങ്ങിനെയാണ് തീർച്ചയാക്കുന്നത്? മനുഷ്യനിൽ 'മനസ്സാക്ഷി' എന്നൊ 'അന്തരാത്മാവെ'ന്നൊ 'അന്തരംഗ'മെന്നൊ പറയുന്ന ഒരു ദിവ്യശക്തിയുണ്ട്. ഇതു മനുഷ്യനിലുള്ള ഈശ്വരചൈതന്യം എന്നു പറയപ്പെട്ടിരിക്കുന്നു. ഇതുതന്നെയാണ് സദസദ്വ്യക്തിഹേതുവായി വർത്തിക്കുന്ന ശക്തി. ഈ ശക്തി എല്ലാ മനുഷ്യരിലും ഉണ്ടെങ്കിലും പല കാരണങ്ങൾ നിമിത്തം ചിലരിൽ അതു ദൃഢമായും ചിലരിൽ അസ്പഷ്ടമായും ചിലരിൽ ജഡമായും ഇരിക്കുന്നു. സന്മാർഗ്ഗവിഷയത്തിൽ നാം കാണുന്ന ഭേദം ഇതുകൊണ്ടുതന്നെ ആകുന്നു. ഇപ്രകാരം സന്മാർഗ്ഗത്തിന്റെ ഉൽപത്തിസ്ഥാനം മനുഷ്യപ്രകൃതിയിൽത്തന്നെ ആണെന്നാണ് പല മഹാന്മാരുടേയും അഭിപ്രായം. മറ്റു ചിലരുടെ അഭിപ്രായം സന്മാർഗ്ഗമെന്നുള്ളതു സമുദായക്ഷേമസംരക്ഷണത്തിനു വേണ്ടി മനുഷ്യർ തന്നെ സൃഷ്ടിച്ച ഒരു നിയമമാണെന്നാണ്. ഇവരുടെ പക്ഷപ്രകാരം മനുഷ്യക്ഷേമത്തിനുതകുന്നതു സന്മാർഗ്ഗവും അപ്രകാരമല്ലാത്തതു ദുർമ്മാർഗ്ഗവുമാണ് എന്നാകുന്നു. ഇരുകൂട്ടരും തമ്മിൽ ഉള്ള അഭിപ്രായവ്യത്യാസം അടിസ്ഥാനത്തെപ്പററി മാത്രമാണ്. അതിന്റെ സ്വഭാവത്തേയൊ ഉദ്ദേശ്യത്തേയൊ ഫലത്തേയൊ പററിയല്ലെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. സന്മാർഗ്ഗലംഘനം സമുദായനിയമലംഘനം മാത്രമായിട്ടാണ് ഇവർ വിചാരിക്കുന്നത്. ഇതു പാപമായിട്ടു ഗണിക്കപ്പെടുന്നില്ല. ഇവരുടെ അഭിപ്രായപ്രകാരം സന്മാർഗ്ഗനിയമം എല്ലാ ദിക്കിലും ഒരുപോലെ ഇരിക്കുന്നമെന്നില്ല. സമുദായസ്ഥിതിക്ക് അനുസരണമായിരുന്നാൽ മാത്രംമതി. എന്നാൽ ഭൂരിപക്ഷാഭിപ്രായം, സന്മാർഗ്ഗനിയമം ശാശ്വതവും സുസ്ഥിരവും ആയിട്ടുള്ള ഒന്നാണെന്നാണ്. അത് ഒരിക്കലും ഭേദപ്പെടുത്താൻ പാടില്ലാത്തതും ആകുന്നു. മതവും സന്മാർഗ്ഗവും തമ്മിൽ ഏററവും അടുത്തതായ ഒരു സംബന്ധം ഉണ്ട്. എല്ലാ മതങ്ങളും സന്മാർഗ്ഗോപദേശം ചെയ്യുന്നുണ്ട്. ബുദ്ധമതം വിശേഷിച്ചും സന്മാർഗ്ഗപ്രധാനമായ മതം തന്നെയാണ്. മനസ്സാക്ഷി അല്ലെങ്കിൽ അന്തരംഗം എന്നുള്ളതു മനുഷ്യനിൽ നിക്ഷിപ്തമായ ഒരു ചിച്ഛക്തിയാണെന്നു പറയപ്പെട്ടിരിക്കുന്നു. അതു മനുഷ്യൻ ദുഷ്പ്രവൃത്തി ചെയ്വാൻ തുനിയുമ്പോൾ വിരോധിക്കുകയും ചെയ്തതിൽ പിന്നെ മനസ്സിനു വലുതായ ശല്യം ജനിപ്പിക്കുകയും ചെയ്യുന്നു. അതിന് "ഉള്ളിലെ ഉപദേഷ്ടാവ്" എന്നു പേർ പറഞ്ഞുവരുന്നു. ഇതെല്ലാംകൊണ്ടും സന്മാർഗ്ഗനിയമം ഒരു അമാനുഷശക്തിയാൽ

സ്ഥാപിക്കപ്പെട്ടിട്ടുള്ള ഒരേർപ്പാടാണെന്നു വിചാരിക്കേണ്ടിയിരിക്കുന്നു. ഈ പരിശുദ്ധമായ അടിസ്ഥാനത്തിന്മേലാണ് ലോകകാര്യങ്ങൾ സകലവും സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. ക്രിസ്തീയവേദപുസ്തകത്തിൽ പറയപ്പെട്ടിരിക്കുന്ന 'ദശാജ്ഞ'കളും ഭഗവൽഗീതയിൽ 'അഭയം സത്വസംശുദ്ധിഃ' എന്നാരംഭിക്കുന്ന ശ്ലോകങ്ങളിൽ വിവരിക്കുന്ന സാത്വികസമ്പത്തുകളും സന്മാർഗ്ഗനിയമത്തിന്റെ മൂലതത്വങ്ങൾ തന്നെയാണ്.

സന്മാർഗ്ഗനിയമം സമുദായസൃഷ്ടിയാണെന്നു വിചാരിക്കുന്നപക്ഷം അതു് ഓരോ സമുദായത്തിലും ഭിന്നരൂപമായിരിക്കാനിടയുണ്ട്. എന്നാൽ പ്രായേണ സന്മാർഗ്ഗമൂലതത്വങ്ങൾ എല്ലാ സമുദായത്തിലും തുല്യങ്ങളായി കാണപ്പെടുന്നു. അസത്യം പറയുന്നതു നന്നെന്ന് ഒരു സമുദായവും അഭിപ്രായപ്പെടുന്നില്ല. സന്മാർഗ്ഗത്തിന്റെ ഉത്ഭവം എങ്ങിനെ ഇരുന്നാലും അതു മനുഷ്യരുടെ ക്ഷേമത്തിനു വേണ്ടതായ ഒരേർപ്പാടാണെന്നു സർവ്വസമ്മതമാകുന്നു. അതുകൊണ്ടു സന്മാർഗ്ഗനിയമം അനുസരിക്കേണ്ടതു് എല്ലാ മനുഷ്യരുടേയും കർത്തവ്യകർമ്മമാകുന്നു. 'അഹിംസാപരമോധർമ്മഃ' എന്നുള്ള വാക്യത്തിൽ ഇഹലോകത്തിൽ മനുഷ്യർ അവലംബിക്കേണ്ടതായ അത്യുൽകൃഷ്ടമായ സന്മാർഗ്ഗാദർശം അടങ്ങിയിരിക്കുന്നു. ഈ മഹദ്വാക്യത്തിന്റെ അർത്ഥം അറിഞ്ഞ് അനുഷ്ഠിക്കുന്നതായാൽ പിന്നെ സന്മാർഗ്ഗനിയമങ്ങൾ എന്തെല്ലാമാണെന്ന് അന്വേഷിച്ചു നടക്കേണ്ട ആവശ്യമൊന്നുമില്ല. അന്യന്റേയൊ അന്യജീവിയുടേയൊ മനസ്സിനൊ– ജീവനൊ– ദേഹത്തിനൊ– ഇഷ്ടവസ്തുവിനൊ, ശല്യമോ– ഉപദ്രവമൊ– നാശമൊ– ക്ഷയമൊ ജനിപ്പിക്കാത്തവിധത്തിൽ നാം വിചാരിക്കുകയും പറയുകയും ഇരിക്കുകയും പ്രവർത്തിക്കുകയും ചെയ്തിരുന്നാൽ പിന്നെ സന്മാർഗ്ഗനിയമം വേറെ ഒന്നും അനുഷ്ഠിക്കേണ്ടതില്ല. എന്നാൽ എല്ലാവർക്കും ഇതിന്റെ അർത്ഥം ആലോചിച്ചറിഞ്ഞു പ്രവർത്തിക്കുന്നതിനു ശക്തിയും ജ്ഞാനവും മററും ഉണ്ടായിരിക്കാൻ തരമില്ലല്ലൊ. അതു നിമിത്തമാണ് സന്മാർഗ്ഗോപദേശം ആവശ്യമായിത്തീർന്നിരിക്കുന്നത്. എന്നാൽ ഇതു ശരിയായ വിദ്യാഭ്യാസംകൊണ്ടു സാധിക്കാവുന്നതാണ്. മനുഷ്യനിലുള്ള സന്മാർഗ്ഗബുദ്ധി (Moral Sense) അല്ലെങ്കിൽ അന്തരിന്ദ്രിയത്തെ ദൃഢീകരിക്കുകയും ഉത്തേജിപ്പിക്കുകയും ചെയ്യുന്നതായാൽ പിന്നെ അന്യന്മാരിൽനിന്നൊ ഗ്രന്ഥങ്ങളിൽ നിന്നൊ ഉള്ള ഉപദേശം വേണ്ടിവരികയില്ല. വിദ്യാഭ്യാസത്തിന്റെ പ്രധാനോദ്ദേശ്യവും മുഖ്യപ്രവൃത്തിയും ഇതുതന്നെ ആണെന്നു പറയേണ്ടതില്ലല്ലൊ. നമ്മുടെ കണ്ണു തുറന്നാൽ അതിൽ ബഹിർലോകവസ്തുക്കൾ പ്രതിഫലിച്ചുകാണുന്നതുപോലെ വിദ്യാഭ്യാസമാകുന്ന അഞ്ജനശലാകകൊണ്ട് ഉള്ളിലെ കണ്ണിനേയും തുറക്കുന്നതായാൽ അതിൽ സന്മാർഗ്ഗമൂലതത്വങ്ങൾ എല്ലാം പ്രതിബിംബിച്ചു കാണാവുന്നതാണ്. സന്മാർഗ്ഗത്തിന്റെ അടിസ്ഥാനത്തെപ്പററിയാണ് ഞാൻ ഇപ്പോൾ പറഞ്ഞതു്. ഇനി അതിന്റെ അനുഷ്ഠാനത്തിന്റെ ആവശ്യകതയേയും മററും സംബന്ധിച്ചു കുറച്ചു പറയണമെന്നു വിചാരിക്കുന്നു. സന്മാർഗ്ഗാനുഷ്ഠാനം സമുദായക്ഷേമ

ത്തിനും ലോകത്തിന്റെ ഉൽഗ്ഗതിക്കും അത്യന്താവശ്യകമായിട്ടുള്ളതാണ്. സന്മാൎഗ്ഗനിയമലംഘനം നേരെ മറിച്ചും ആകുന്നു. മനുഷ്യർ ജനനാൽ തന്നെ സ്വതന്ത്രജീവികളാണ്. ഓരോരുത്തൎക്കും ജന്മാവകാശങ്ങളും ഉണ്ട്. ഈ അവകാശങ്ങളെ നാം പരസ്പരം സമ്മതിക്കുകയും മാനിക്കുകയും ചെയ്യാതിരുന്നാൽ അന്യോന്യവിരോധത്തിനും കലഹത്തിനും ഇടയാകുന്നതാണ്. ഇങ്ങിനെ ആയാൽ സമുദായ ഏൎപ്പാട് നടക്കുകയില്ല. പരസ്പരവിശ്വാസമാണല്ലോ സമുദായബന്ധത്തിന്റെ അടിസ്ഥാനം. അസത്യവാദം, വഞ്ചന, മോഷണം, വ്യഭിചാരം, ഹിംസ മുതലായ സന്മാൎഗ്ഗനിയമലംഘനം ഈ അടിസ്ഥാനത്തെ ഉൽഖനനം ചെയ്യുന്നു. ഇതുകൂടാതെ മനസ്സമാധാനത്തെ നശിപ്പിക്കുകയും ചെയ്യുന്നു. സമുദായജീവിതവും അസാദ്ധ്യമാക്കിത്തീൎക്കുന്നു. മനുഷ്യർ പരസ്പരവിശ്വാസത്തോടും യോജിപ്പോടും സമാധാനത്തോടുംകൂടി വൎത്തിച്ചാലല്ലാതെ ലോകത്തിന്റെ ഉൽഗതിക്കു ശ്രമിക്കുയോ സഹായിക്കുയോ ചെയ്യാൻ കഴിയുന്നതല്ല. ഇതുകൊണ്ടുതന്നെയാണു കലഹവും യുദ്ധവും മറ്റും ഉള്ള കാലത്തു പരിഷ്കാരങ്ങൾ ഉണ്ടാവാൻ തരമില്ലാത്തത്. സമുദായക്ഷേമത്തിന് അനുകൂലമായ സന്മാൎഗ്ഗസ്ഥിതിയും സമാധാനവും ഉണ്ടായിരുന്നിട്ടുള്ള കാലത്താണ് എല്ലാ രാജ്യക്കാരും ഉൽകൎഷത്തെ പ്രാപിച്ചിട്ടുള്ളത്. പല കാരണങ്ങളെക്കൊണ്ടും സന്മാൎഗ്ഗബോധം എല്ലാവൎക്കും ഒരുപോലെ ബലവത്തായി ഉണ്ടായിരിക്കാൻ തരമില്ല. ഇതുകൊണ്ടാണു രാജ്യങ്ങളിൽ ന്യായാസനങ്ങളുടേയും ദണ്ഡനീതിയുടേയും മറ്റും ആവശ്യം നേരിട്ടിരിക്കുന്നത്. സന്മാൎഗ്ഗനിയമലംഘനത്തിനു നാം ചിലപ്പോൾ 'മൎയ്യാദക്കേടെ'ന്നും 'കുറ്റ'മെന്നും ചിലപ്പോൾ 'പാപ'മെന്നും പേർ പറഞ്ഞുവരുന്നു. ഇവയെല്ലാം ഏതെങ്കിലും ഒരു വിധം ശിക്ഷാൎഹങ്ങളായിട്ടാണു വിചാരിക്കപ്പെട്ടുവരുന്നത്. ഇതു സമുദായശിക്ഷ-രാജശിക്ഷ—ദൈവശിക്ഷ ഇങ്ങിനെ മൂന്നുവിധം ഉണ്ട്. എന്നാൽ ശിക്ഷയെ ഭയന്നു മാത്രം സന്മാൎഗ്ഗം അനുഷ്ഠിക്കുന്നവർ യഥാൎത്ഥസന്മാൎഗ്ഗികളാണെന്നു പറവാൻ പാടില്ല. കൎത്തവ്യകൎമ്മമെന്നുള്ള ഏകനിഷ്ഠയോടുകൂടി സന്മാൎഗ്ഗം അവലംബിച്ചു നടക്കുന്നവർ മാത്രമേ യഥാൎത്ഥസന്മാൎഗ്ഗികളാകയുള്ളൂ. ശിക്ഷയെ ഭയന്നു മൃഗങ്ങളും പ്രായേണ ചില പ്രവൃത്തികളിൽ നിന്നും വിരമിക്കുന്നുണ്ടല്ലോ. അതുകൊണ്ടു മേൽപ്പറഞ്ഞ കൂട്ടർ മൃഗതുല്യന്മാർതന്നെയാണ്. ആഹാരാദിചതുഷ്ടയത്തെ മാത്രം 'അന്വേഷിച്ചു' നടക്കുന്നവ മൃഗങ്ങളും 'മനന' ശീലമുള്ളവർ മനുഷ്യരുമാണ്. ലോകത്തിൽ ഗുണമെന്നും ദോഷമെന്നും രണ്ടു ഭിന്നവസ്തുക്കളുണ്ട്. ഇവയെ അനുസരിച്ചു സന്മാൎഗ്ഗമെന്നും ദുൎമ്മാൎഗ്ഗമെന്നും രണ്ടുവഴികളും ഉണ്ട്. ഇവയെ തിരിച്ചറിയുന്നതിനു മനുഷ്യനു വിശേഷബുദ്ധിയും നൽകപ്പെട്ടിരിക്കുന്നു. ഈ ബുദ്ധ്യനുഗ്രഹത്തെ ഉപയോഗപ്പെടുത്താതെ മൃഗസാധാരണമായ ആവശ്യങ്ങളെ മാത്രം തേടി കദൎത്ഥങ്ങളിൽക്കൂടി ചരിക്കുന്നവർ മൃഗങ്ങളേക്കാൾ നികൃഷ്ടജീവികളാണെന്നുവേണം പറയാൻ. സന്മാൎഗ്ഗലംഘനങ്ങൾ അധികവും കാമക്രോധലോഭമോഹാദികളായ വികാരങ്ങ[illegible]

ണനിമിത്തമാണു സംഭവിക്കുന്നത്. അതുകൊണ്ടു ഈ വക വികാരങ്ങൾ തന്നെ ഭരിക്കാൻ അനുവദിക്കാതെ താൻ അവയെ ഭരിക്കുന്നതിനാണു മനുഷ്യൻ ശ്രമിക്കേണ്ടത്. ബുദ്ധിശക്തിയും ആലോചനയും വിവേകവും കൊണ്ടു ഇവയെ അവസ്ഥ്യമായ സ്ഥാനത്തിൽനിന്നും കവിഞ്ഞുപോകാതെ അടക്കിവെയ്ക്കേണ്ടതു എല്ലാവരുടേയും ചുമതലയാണ്. എന്നാൽ വികാരങ്ങൾക്കൊക്കെയും ഒരു വശീകരണശക്തിയുള്ളതുകൊണ്ടു നാം പലപ്പോഴും മനസ്സാക്ഷിയുടേയും ബുദ്ധിയുടേയും ഉപദേശത്തെ കേൾക്കാതെ ഇവയുടെ ക്ഷണനത്തെ സ്വീകരിക്കുന്നു. ഇതു മനസ്സാക്ഷി, ബുദ്ധിശക്തി ഇവകളെ ശരിയായ വിദ്യാഭ്യാസംകൊണ്ടു ദൃഢീകരിക്കയും ഉത്തേജിപ്പിക്കയും ചെയ്യാത്തതുകൊണ്ടു വരുന്ന ദോഷമാണ്. ഡാർവ്വിൻ എന്ന ശാസ്ത്രജ്ഞന്റെ മതപ്രകാരം മനുഷ്യൻതന്നെ മൃഗങ്ങളുടെ ക്രമേണയുള്ള രൂപാന്തരപ്രാപ്തിയാണെന്നു വിചാരിക്കപ്പെട്ടിരിക്കുന്നു. അതിനാൽ ഇപ്പോഴും മനുഷ്യനിൽ മൃഗസഹജങ്ങളായ പല സ്വഭാവങ്ങളും അവശേഷിച്ചു കിടക്കുന്നുണ്ടു. വിദ്യാഭ്യാസം തീരെ ഇല്ലാത്തവരിൽ ഇവ ബലവത്തായും ഉള്ളവരിൽ ശക്തികുറഞ്ഞും കാണപ്പെടുന്നു. അതുകൊണ്ടു സന്മാർഗ്ഗപോഷണത്തിന് ആദ്യമായി വേണ്ടതു ഹൃദയവികാരങ്ങളെ ശുദ്ധീകരിക്കയാണ്. ഇതാണു വിദ്യാഭ്യാസത്തിന്റെ പ്രധാനോദ്ദേശ്യം. വികാരങ്ങൾ മലിനങ്ങളായിരിക്കുന്ന കാലത്തോളം സന്മാർഗ്ഗബോധം മനസ്സിൽ ഉദിക്കുന്നതു പ്രയാസമാണ്. എന്നാൽ ഇപ്പോൾ നടപ്പുള്ള വിദ്യാഭ്യാസരീതി ഈ ഉദ്ദേശ്യത്തെ ഒട്ടുംതന്നെ സാധിക്കുന്നില്ലെന്നാണു പലരുടേയും അഭിപ്രായം. സന്മാർഗ്ഗവിദ്യാഭ്യാസമൊന്നു പ്രത്യേകം വേണമെന്നും പലക്കും അഭിപ്രായം ഉണ്ട്. ഇപ്പോഴത്തെ വിദ്യാഭ്യാസത്തിൽ പല ന്യൂനതകളും ഉണ്ട്. ഒന്നാമതു വിദ്യാഭ്യാസം ഏററവും ദ്രുതഗതിയിലാണ് ഇപ്പോൾ നടത്തപ്പെടുന്നത്. അതുകൊണ്ടു ബുദ്ധിക്കും ഹൃദയത്തിനും ആവശ്യമുള്ള പരിഷ്കാരം സിദ്ധിക്കുന്നില്ല. രണ്ടാമതു വിഷയങ്ങൾ കണക്കിലധികം ഉള്ളതുകൊണ്ടു ഒന്നിലും ദൃഢത സിദ്ധിക്കാൻ തരമില്ലാതിരിക്കുന്നു. എല്ലാററിലും ഉപരിപ്ലവമായ ജ്ഞാനമേ സിദ്ധിക്കുന്നുള്ളു. മൂന്നാമതു വിദ്യാഭ്യാസരീതിയിൽ സന്മാർഗ്ഗവിഷയത്തിനു പ്രാധാന്യം നൽകപ്പെട്ടിട്ടില്ല. നാലാമതു ഇപ്പോഴത്തെ രീതി ഉൽകൃഷ്ടങ്ങളായ ആദർശങ്ങളെ സമ്പാദിക്കുന്നതിനു സൌകര്യങ്ങൾ നൽകുന്നില്ല. ഇതുകൂടാതേയും പല ന്യൂനതകളും ഉണ്ട്. ഇവയെ പരിഹരിച്ചാൽ മാത്രമേ ഉദ്ദിഷ്ടഫലം സിദ്ധിക്കയുള്ളു. അതിനാലാണു വിദ്യാലയങ്ങളിൽ സന്മാർഗ്ഗവിദ്യാഭ്യാസം പ്രത്യേകമായി നടത്തണമെന്നു ഇപ്പോൾ ഒരു ബലമായ അഭിപ്രായമുള്ളത്. എന്നാൽ വിദ്യാഭ്യാസംതന്നെ മനുഷ്യനിൽ ഉള്ള വിവിധശക്തികളെ വികസിപ്പിക്കുന്നതിനുള്ള മാർഗ്ഗമായിരിക്കെ 'സന്മാർഗ്ഗവിദ്യാഭ്യാസ'മെന്നൊന്നു വേറെ വേണ്ടതായിട്ടുണ്ടോ എന്നു സംശയമാണ്. വിദ്യാഭ്യാസം ശരിയായി നടത്തുന്നതായാൽ സന്മാർഗ്ഗം അഥവാ സ്വഭാവശുദ്ധി അതിന്റെ ഫലമായിട്ടു താനേ വന്നുകൊള്ളും. എങ്കിലും ഉൽകൃഷ്ടാദർശങ്ങളും ഉത്തമദൃഷ്ടാന്തങ്ങളും വിശിഷ്ടന്മാരുടെ ജീവചരിത്രങ്ങളും ഈ വിഷയത്തിൽ വളരെ ഉപയോഗപ്രദങ്ങളാ

യിത്തീരുന്നതാണ്. സന്മാർഗ്ഗതത്വങ്ങൾ ശാശ്വതങ്ങളും സർവ്വവ്യാപ്തങ്ങളും സർവ്വജനസാധാരണങ്ങളുമാണ്. അവയെ ഏറക്കുറെ എല്ലാ മനുഷ്യർക്കും അറിയാവുന്നതുമാകുന്നു. തസ്കരനും, കാമിയും, അസത്യവാദിയും, വഞ്ചകനും മററും തങ്ങൾ ചെയ്യുന്ന പ്രവൃത്തികൾ സന്മാർഗ്ഗവിരുദ്ധങ്ങളാണെന്നറിയാം എന്നാൽ ഏതേതു വികാരങ്ങളുടെ പ്രേരണനിമിത്തം അവർ പ്രവൃത്തികൾ ചെയ്യുന്നതിന് ഇടയാകുന്നുവോ ആ വികാരങ്ങളെ അടക്കിവെയ്ക്കുന്നതിനോ അവയുടെ ശക്തി കുറയ്ക്കുന്നതിനോ വേണ്ടതായ ബുദ്ധിശക്തി അവർക്കില്ലാത്തതിനാലാണ ഇവയ്ക്കു വശംവദന്മാരായി ഭവിക്കുന്നത്. ലോകത്തിൽ അനേകകോടി ജീവജാലങ്ങൾ ഉണ്ട്. ഇവയൊക്കെയും നിശ്ചിതമാർഗ്ഗത്തിൽകൂടി മാത്രം ചരിക്കുന്നു. എന്നാൽ വിശേഷബുദ്ധിശക്തിയുക്തനും സ്വതന്ത്രനുമായ മനുഷ്യൻ മാത്രമേ ലോകത്തിൽ വഴിതെററി നടക്കുന്നുള്ളു. ഇതു എത്രയും ലജ്ജാവഹമായിട്ടുള്ള ഒരു കാര്യമാണ്. ഗുണദോഷവിവേചനം ചെയ്യുന്നതിനുള്ള ശക്തി നമുക്കു തന്നിരിക്കുമ്പോൾ അതിനെ ദുരുപയോഗപ്പെടുത്തുന്ന നാം എത്രമാത്രം കൃതഘ്നന്മാരായിരിക്കണം!

സന്മാർഗ്ഗനിയമം ലോകം മുഴുക്കെ ഒന്നേയുള്ളു. എന്നാൽ പരിഷ്കാരം, വിദ്യാഭ്യാസം ഇവയുടെ ന്യൂനാതിരേകം നിമിത്തവും പരിതസ്ഥിതികളായ സംഗതികളുടെ സ്വഭാവം നിമിത്തവും രാജ്യങ്ങളും സമുദായങ്ങളും ഈ വിഷയത്തിൽ സമനിലയിലല്ലാ ഇരിക്കുന്നത്. ഇങ്ങിനെ അല്പങ്ങളായ വ്യത്യാസങ്ങൾ ഉണ്ടായിരുന്നാലും പ്രധാന അംശങ്ങളിൽ തുല്യത ഏറക്കുറെ കാണാതിരിക്കയില്ല. രാജ്യങ്ങളാകട്ടെ സമുദായങ്ങളാകട്ടെ സന്മാർഗ്ഗനിലവിട്ടു പ്രവർത്തിക്കുന്നതായാൽ അവയ്ക്കും പ്രായേണ അധഃപതനം സംഭവിക്കുന്നതാണെന്നു രാജ്യചരിത്രങ്ങൾ ധാരാളം തെളിയിക്കുന്നു. 'റോമൻ' സാമ്രാജ്യം, 'മുഗൾ' സാമ്രാജ്യം ഇവയുടെ ക്ഷയത്തിനുള്ള പ്രധാനകാരണങ്ങൾ എന്താണെന്ന് ഈ രാജ്യങ്ങളുടെ ചരിത്രം വായിച്ചിട്ടുള്ളവർക്ക് അറിയാവുന്നതാണ്. സന്മാർഗ്ഗനിയമലംഘനത്തിൽനിന്നും ഉണ്ടാകാവുന്ന ദോഷങ്ങൾ എത്രയെന്നും അവ എത്ര വലുതാണെന്നും നമുക്കു ഇതിൽനിന്നും ഊഹിക്കാവുന്നതാണ്. ദുർമ്മാർഗ്ഗാവലംബികൾ സമുദായശരീരത്തിലുള്ള വ്രണങ്ങളാകുന്നു. കാലക്രമംകൊണ്ടു സമുദായശരീരം മുഴുവനും പഴുത്തു ജീർണ്ണമാകുന്നതിനും ഇടയായേക്കാം. അതിനാൽ സന്മാർഗ്ഗസംരക്ഷണം എല്ലാ സമുദായങ്ങൾക്കും ഒരു ഗൌരവമേറിയ ചുമതലയായിട്ടാണ് ഇരിക്കുന്നത്. ഓരോരുത്തരും ഓരോ സമുദായങ്ങളും ഓരോ രാജ്യങ്ങളും ഈ തത്വം അറിഞ്ഞു പ്രവർത്തിക്കേണ്ടതാണ്. വിദ്യാലയങ്ങളിൽ സന്മാർഗ്ഗവിദ്യാഭ്യാസം ആവശ്യമാണെന്നു നിർബ്ബന്ധിക്കുന്നതു ഈ തത്വം മനസ്സിലാക്കിയിട്ടുള്ളവരാകുന്നു. സന്മാർഗ്ഗബീജങ്ങൾ വീട്ടിലും വിദ്യാലയത്തിലുമാണ് ആദ്യമായി വിതയ്ക്കേണ്ടത്. ഇപ്പോഴത്തെ വിദ്യാർത്ഥികളാണല്ലൊ അടുത്ത ഭാവിയിൽ ലോകചക്രത്തെ മുമ്പോട്ടു ഉരുട്ടുവാൻ ചുമതലപ്പെട്ടിട്ടുള്ളവർ.

ലോകത്തിൽ സന്മാർഗ്ഗികൾ മാത്രമെ ഉണ്ടായിരുന്നുള്ളുവെങ്കിൽ അതു ഇപ്പോൾ പരിഷ്കാരത്തിന്റെ പരമകാഷ്ഠയിൽ എത്തിയിരുന്നേനെ. എന്നാൽ ഇ

തു തീരെ അസാദ്ധ്യമായിട്ടുള്ള കാര്യം തന്നെയാണ്. എന്തുകൊണ്ടെന്നാൽ, ചിലർ ലോകചക്രത്തെ മുമ്പോട്ടു തള്ളുമ്പോൾ മററു ചിലർ അതിനെ പിന്നോട്ടു തള്ളുന്നുണ്ട്. ശക്തി കൂടുന്നവർ ഒടുവിൽ വിജയം പ്രാപിക്കും. സന്മാർഗ്ഗികൾ ലോകനിയമത്തിനു അനുസരിച്ചു പ്രവർത്തിക്കുന്നതുകൊണ്ടു അവരുടെ കൈതന്നെ കേറി നിൽക്കുമെന്നു നമുക്കു വിശ്വസിക്കാൻ വകയുണ്ട്. ലോകത്തിൽ സന്മാർഗ്ഗനിയമത്തിനു വിപരീതമായി പ്രവർത്തിക്കുന്നവരുടെ എണ്ണം കുറയ്ക്കുകയാണ് വിദ്യാഭ്യാസത്തിന്റെ പ്രധാന ഉദ്ദേശ്യം. അതുകൊണ്ടു സന്മാർഗ്ഗനിയമപ്രചാരത്തിനു സർവ്വപ്രധാനമായ ഉപകരണം ഇതൊന്നു മാത്രമാണെന്നു സദാ നാം ഓർമ്മിച്ചിരിക്കേണ്ടതാണ്. സമുദായങ്ങളുടേയും സമുദായാംഗങ്ങളുടേയും ക്ഷേമത്തിനും ഉൽക്കർഷത്തിനും മനുഷ്യവർഗ്ഗത്തിന്റെ ഉൽഗ്ഗതിയ്ക്കും സന്മാർഗ്ഗം അത്യാവശ്യമായിട്ടുള്ള ഒന്നാകകൊണ്ടു നാം ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധ വെയ്ക്കേണ്ടതാണെന്നു പറയേണ്ടതില്ലല്ലോ. സത്തുക്കൾ അവലംബിക്കുന്ന മാർഗ്ഗം ഏതാണ്? നമ്മുടെ മതോപദേഷ്ടാക്കന്മാർ കാണിച്ചുതന്നിരിക്കുന്ന മാർഗ്ഗം ഏത്? ഈശ്വരാംശമായിരിക്കുന്ന നമ്മുടെ മനസ്സാക്ഷി നിർദ്ദേശിക്കുന്ന മാർഗ്ഗം ഏത്? സമുദായക്ഷേമത്തിനുതകുന്ന മാർഗ്ഗം ഏത്? മനസ്സമാധാനത്തെ നൽകുന്നതും സംരക്ഷിക്കുന്നതുമായ മാർഗ്ഗം ഏത്? മനുഷ്യഹൃദയത്തെ ശുചീകരിക്കുന്ന മാർഗ്ഗം ഏത്? അഹിംസയാകുന്ന പരമധർമ്മത്തെ അനുഷ്ഠിക്കുന്നവനുള്ള മാർഗ്ഗം ഏത്? ലോകത്തിൽ വിജയം പ്രാപിക്കുന്നതിനുള്ള മാർഗ്ഗം ഏത്? ശാശ്വതവും സർവ്വവ്യാപ്തവുമായ പ്രവൃത്തിമാർഗ്ഗം ഏത്? മനുഷ്യജന്മത്തെ പാവനമാക്കുന്നതിനുള്ള മാർഗ്ഗം ഏത്? പാപരഹിതമായ മാർഗ്ഗം ഏത്? ഇതുതന്നെയാണ് 'സന്മാർഗ്ഗം.' ഇതാണ് നാം അനുവർത്തിക്കേണ്ടതായ ഏകമാർഗ്ഗം.

ആർ. ഈശ്വരപിള്ള ബി. എ.

# മതവും ഈശ്വരവിശ്വാസവും

മതവും ഈശ്വരവിശ്വാസവും തമ്മിൽ സാരമായ സംബന്ധമുണ്ട്. എന്നാൽ ഒരാളുടെ മതംമാത്രം നോക്കീട്ട് അയാളുടെ ഈശ്വരവിശ്വാസത്തിന്റെ സ്വഭാവം മനസ്സിലാക്കുവാൻ സാധിക്കുമെന്നു തോന്നുന്നില്ല. മതം മനുഷ്യന്റെ ധർമ്മാർത്ഥകാമങ്ങളാകുന്ന പുരുഷാർത്ഥങ്ങൾ സാധിക്കുന്നതിൽ ചില വ്യവസ്ഥകൾ ചെയ്ത്, പരമമായ പദത്തെ പ്രാപിക്കുവാനുള്ള വഴിയെ ഉപദേശിക്കുന്നു; അതു നിയതവുമാകുന്നു. ഈശ്വരവിശ്വാസമാകട്ടെ ജനനകാലത്തേയും മാതാപിതാക്കന്മാരേയും പാരമ്പര്യത്തേയും പൂർവ്വവാസനയേയും അനുസരിച്ചിരിക്കും; അതു നിയതമല്ലതാനും. ഒരാളുടെ മതം ഏതെന്നറിവാൻ അയാളുടേയും വംശത്തിന്റെയും പൂർവ്വന്മാരുടേയും ചരിത്രം നോക്കിയാൽ മതി. അയാളുടെ ഈശ്വരവിശ്വാസത്തെ— അയാൾ ഈശ്വരനെ ഏതു നിലയിൽ വിശ്വസിച്ചിരിക്കുന്നു

എന്നതിനെ—അറിവാനാകട്ടെ അയാൾ സ്വന്തമായി ചെയ്യുന്ന പ്രാർത്ഥനകളേയോ, ഈശ്വരവിഷയമായി അയാൾ ചെയ്യുന്ന പ്രസ്താവങ്ങളേയോ തന്നെ ആധാരമാക്കേണ്ടിയിരിക്കുന്നു. ഇതിന്നു ചില ഉദാഹരണങ്ങൾ കാണിക്കാം:

ജഗൽഗുരുവായ സാക്ഷാൽ ശങ്കരാചാര്യസ്വാമികൾ അദ്വൈതമതത്തിന്റെ സ്ഥാപകനാണല്ലോ. ആ ലോകഗുരു ദ്വൈതമതത്തിന്റെ വിരോധിയുമാണ്. എങ്കിലും അദ്ദേഹത്തിന്നു ശിവന്റെ നേരെ പ്രത്യേകമായ ഒരു ഭക്തിയുണ്ടായിരുന്നു. നോക്കുക:—

'പിനാകിനി പ്രാണഭൃതാം പ്രണായകേ
ജനാർദ്ദനേവാ ജഗദന്തരാത്മനി
ന വസ്തുഭേദപ്രതിപത്തിരസ്തിമേ
തഥാപി ചേതസ്തരുണേന്ദുശേഖരേ.'
(ആചാര്യസ്വാമികൾ)

അർത്ഥം:— പിനാകധാരിയായ ഭഗവാൻ (ശിവൻ) പ്രാണികളുടെയെല്ലാം നാഥനാണ്. ജനാർദ്ദനദേവൻ (വിഷ്ണു) ജഗത്തുക്കളുടെ അന്തര്യാമിയുമാണ്. ഇവർ രണ്ടുപേരും ഭിന്നവസ്തുക്കളാണെന്നുള്ള വിചാരം എനിക്കില്ല. എങ്കിലും എന്റെ മനസ്സ്, ബാലചന്ദ്രനെ മുടിയിലണിഞ്ഞിരിക്കുന്ന ദേവനിൽ (ശിവനിൽ) ആണു രമിക്കുന്നത്.

കൃഷ്ണകർണ്ണാമൃതകർത്താവായ ശ്രീലീലാശുകയോഗീന്ദ്രൻ ജന്മനാ ഒരു ശൈവനായിരുന്നു. താൻ ശൈവനാണെന്ന് അദ്ദേഹം തന്നെ പറഞ്ഞിട്ടുമുണ്ട്. എങ്കിലും ആ ഭക്തശിരോമണി വിഷ്ണുഭക്തനായിരുന്നു. അദ്ദേഹത്തിന്നു ശ്രീകൃഷ്ണന്റെ പേരിലുള്ള ഭക്തിയെ അദ്ദേഹം വെളിപ്പെടുത്തുന്നതു നോക്കുക:—

'ശൈവാവയംനഖലുതത്രവിചാരണീയം
പഞ്ചാക്ഷരീജപപരാനിതരാംതഥാപി
ചേതോമദീയമതസീകുസുമാവഭാസം
സ്മേരാനനംസ്മരതിഗോപവധൂകിശോരം'
(ലീലാശുകയോഗീന്ദ്രൻ)

അർത്ഥം:— ഞങ്ങൾ ശൈവന്മാർ തന്നെ. അതിനെപ്പററി സംശയിപ്പാനില്ല. പഞ്ചാക്ഷരം ജപിക്കുന്നവരുമാണ്. എന്നാലും എന്റെ മനസ്സ് കായാമ്പൂവിന്റെ തുല്യമായ നിറത്തോടും മന്ദസ്മിതാർദ്രമായ മുഖത്തോടുംകൂടിയ ആ ഗോപബാലനെയാകുന്നു സ്മരിക്കുന്നത്.

കാളിദാസർ ശൈവനാണെന്നാണു കേൾവി. പേരിൽനിന്നുതന്നെ ദേവീഭക്തനാണെന്നു വരുന്നുമുണ്ട്. പക്ഷേ അദ്ദേഹത്തിന്റെ വിശ്വാസം ദ്വൈതത്തിലായിരുന്നില്ല. വ്യവഹാരസൌകര്യത്തിന്നുവേണ്ടി ബ്രഹ്മാ, വിഷ്ണു, രുദ്രൻ എന്ന ഭേദം കല്പിച്ചിട്ടുണ്ടെങ്കിലും മൂർത്തികൾ മൂന്നും ഒന്നുതന്നെ എന്നാണദ്ദേഹത്തിന്റെ വിശ്വാസം. നോക്കുക:—

'ഏകൈവമൂർത്തിർബ്ബിഭിദേത്രിധാസാ
സാമാന്യമേഷാംപ്രഥമാവരത്വം
വിഷ്ണോഹരസ്തസ്യഹരിഃകദാചി-
ദ്വേധാസ്തയോസ്താവപിധാതുരാദ്യൌ.'
(കാളിദാസർ)

അർത്ഥം:— മൂർത്തി ഒന്നേയുള്ളു. അതുതന്നെ മൂന്നായിത്തിരിഞ്ഞതാണ്. ഈ മൂന്നുപേക്കും (ത്രിമൂർത്തികൾക്ക്) ജ്യേഷ്ഠാനുജത്വം സമമാണ്. ചിലപ്പോൾ വിഷ്ണുവിന്നു ശിവൻ ജ്യേഷ്ഠനാവും; മററു ചിലപ്പോൾ വിഷ്ണു ശിവന്റെ ജ്യേഷ്ഠനാവും; ചില സമയത്തു ബ്രഹ്മാവ് വിഷ്ണുവിന്റെയും ശിവന്റെയും ജ്യേഷ്ഠനായിരിക്കും; വേറെ ചില സമയത്തു വിഷ്ണുവും ശിവനും ബ്രഹ്മാവിന്റെ ജ്യേഷ്ഠന്മാരുമായിരിക്കും.

കെ. വി. എം.

—:o:—

# പാശ്ചാത്യപരിഷ്കാരം.*

(ജപ്പാനെ നോക്കി പറയുന്നത്.)

ഒരൊററ രാത്രികൊണ്ടു പ്രാചീനാചാരങ്ങളെയെല്ലാം അഴിച്ചുകളഞ്ഞ്, ജപ്പാൻ പൂൎണ്ണവിജയഭാവത്തിൽ പ്രത്യക്ഷപ്പെട്ടു. ലോകം അത്യത്ഭുതത്തോടുകൂടിയാണു നോക്കിയിരിക്കുന്നത്. പുതുതായി ഒരു ഗൃഹം പതുക്കെപ്പതുക്കെ, സാവധാനം കെട്ടിയുയൎത്തുന്നതുപോലെയല്ലാതെ, പുതിയൊരു വസ്ത്രം പഴയ വസ്ത്രത്തെ മാററിക്കളഞ്ഞ് അപ്പോൾത്തന്നെ എടുത്തുടുക്കുന്നതുപോലെ അത്രയും വേഗത്തിലാണ് ജപ്പാനുണ്ടായിരിക്കുന്ന ഈ ഉയൎച്ച. കാലാനുകൂലതയാലോ, കാലപരിണാമത്താലോ അനുഭവപ്പെടുന്ന ധൈൎയ്യം, സ്ഥൈൎയ്യം, യൌവനത്തിളപ്പ്, ശക്തിപ്പരപ്പ് എന്നീഭാവങ്ങളുടെ രൂപീകരണമാണ് ഈ അഭിവൃദ്ധിയെന്നു ജപ്പാൻ കാണിക്കുന്നു. ഈ സംഭവം ലോകചരിത്രത്തിലെ കേവലം വിനോദകരമായ ഒരദ്ധ്യായമാണെന്നും, കാലത്തിന്റെ കാൎയ്യകാരണബന്ധമില്ലാത്ത ഒരു കളിയാണെന്നും, രൂപപരിപൂൎത്തിയും വൎണ്ണമനോജ്ഞതയും തികഞ്ഞതാണെങ്കിലും അന്തൎഭാഗം ശുദ്ധശൂന്യമായുള്ള നീൎപ്പോളപോലെയാണെന്നും ആദ്യകാലത്തു ലോകം സംശയിക്കയും ഭയപ്പെടുകയും ചെയ്തിരുന്നു. തന്നിൽ ലയിച്ചുകിടന്നു രൂപപ്പെട്ടുകൊണ്ടിരുന്ന ശക്തിപ്രഭാവം ഇത്തരത്തിൽ അപ്രതീക്ഷിതമാംവണ്ണം വെളിപ്പെട്ടതു താല്ക്കാലികമായ ഒരത്ഭുതസംഭവമല്ലെന്നും, അദൃശ്യമായിക്കിടന്നിരുന്ന ആ ശക്തി കാലയോഗത്തികവാൽ പ്രത്യക്ഷപ്പെട്ട്, ഇനി മേൽ വിസ്മൃതിയിൽ മറഞ്ഞുപോകാതിരിക്കത്തക്കവണ്ണം അത്രയേറെ സുസ്ഥിരമായി നില്ക്കുന്നൊന്നാണെന്നും ജപ്പാൻ നിസ്തൎക്കം തെളിയിച്ചിരിക്കുന്നു.

ജപ്പാനു് ഒരേകാലത്തിൽ പ്രാചീനവും അൎവ്വാചീനവുമായ സമ്പ്രദായങ്ങളെ ഒരുപോലെ തന്നെ കൈക്കൊണ്ടു പ്രവൎത്തിച്ചിരിക്കുന്നുവെന്നതാണ് മേൽപ്പറഞ്ഞ സംഭവത്തിൽ അടങ്ങിക്കിടക്കുന്ന രഹസ്യം. പൌരസ്ത്യഖണ്ഡത്തിലെ പൌരാണികമായ നാഗരികസമ്പത്ത് ജപ്പാനിൽ അന്യൂനം നിറഞ്ഞുകിടക്കുന്നുണ്ട്. മനുഷ്യനെ, അവന്റെ ഹൃദയാന്തൎഭാഗത്തിൽനിന്നുതന്നെ അനശ്വരമായ ഗുണവൈഭവത്തേയും അധികാരശ്രേഷ്ഠതയേയും അന്വേഷിപ്പാനായി പ്രേരിപ്പിക്കയും, നഷ്ടകഷ്ടങ്ങളിലും ആപൽക്കാലങ്ങളിലും സമാധാനം നൽകുകയും, സ്വാൎത്ഥഭാവത്തിൽനിന്നകററി പരാൎത്ഥം ആത്മത്യാഗം ചെയ്വാൻകൂടിയും സന്നദ്ധനാക്കുകയും, മനുഷ്യജന്മലാഭത്തിൽ അന്യൎക്കു ചെയ്യേണ്ടതായി വന്നിരിക്കുന്ന അസംഖ്യങ്ങളായ കടമകളെ സസന്തോഷം നിൎവ്വഹിപ്പിക്കയും, അനിത്യമായ സൎവ്വവസ്തുക്കളിലും ആ നിത്യാനന്ദത്തെ കാട്ടിക്കൊടുക്കുകയും, ഈ പ്രപഞ്ചം ആകമാനം മനുഷ്യ

* സർ. രവീന്ദ്രനാഥടാഗോറിന്റെ ഉപന്യാസം.

മനോയന്ത്രത്തിനു കീഴ്പെട്ടിട്ടില്ലാത്തഒരു മഹാശക്തിയാൽ പരിപൂർണ്ണമാണെന്ന വാസ്തവത്തെ ഗ്രഹിപ്പിക്കുകയും ചെയ്യുന്ന ഏററവും ഉൽകൃഷ്ടമായ ഒന്നാണ് ആ പ്രാചീനനാഗരികസമ്പത്ത്. ഈ അനുഭവങ്ങളാൽ ജപ്പാൻ പൌരസ്ത്യദേശത്തിൽ ഒരു ചെന്താമരയെന്നപോലെ നൈസൎഗ്ഗികമായ സൌന്ദൎയ്യത്തോടുകൂടി ഉയൎന്നു വിരിഞ്ഞു വിളങ്ങി, ഏററവും ആഴത്തിലായുള്ള തന്റെ ഉത്ഭവസ്ഥാനത്തിൽ വേരൂന്നി ഉറച്ചുനില്ക്കുന്നു.

പുരാതനമാഹാത്മ്യം പൂണ്ട പൌരസ്ത്യദേശത്തിന്റെ ഓമനക്കിടാവായ ജപ്പാൻ ആധുനികമായ സൎവ്വസതസമ്പ്രദായങ്ങളേയും ഒട്ടും അധൈൎയ്യപ്പെടാതെ സ്വായത്തമാക്കി വെച്ചിരിക്കുന്നു. പ്രാചീനാചാരങ്ങളിൽ ഔദാസീന്യശൃംഖലയുടെ കണ്ണികളായി തുച്ഛങ്ങളായിക്കിടക്കുന്ന ഭാഗങ്ങളെ നിശ്ശേഷംനീക്കിക്കളഞ്ഞ്, സ്വന്തം അനുഭവങ്ങളെ അനുക്രമമായി അടക്കിവെക്കുന്നതിലും കൃത്യനിഷ്ഠയിലുമാണ് യഥാൎത്ഥക്ഷേമത്തിന്റെ കിടപ്പെന്നറിഞ്ഞ് ആ വഴിക്കു ചെല്ലുകയാലാണ് ജപ്പാന്റെ ധൈൎയ്യം വെളിപ്പെട്ടത്. ഇന്നത്തെ കാലഗതിക്കനുസരിച്ച്, ആധുനികനാഗരികസംബന്ധമായ എല്ലാധൎമ്മങ്ങളേയും ജപ്പാൻ നിറഞ്ഞ വിശ്വാസത്തോടും തികഞ്ഞ സാമൎത്ഥ്യത്തോടും കൂടി അംഗീകരിച്ചിരിക്കുന്നു. ഇതാണ് ഏഷ്യാഭൂഖണ്ഡത്തിലെ മററു രാജ്യക്കാൎക്ക് അഭിവൃദ്ധിക്കായി സധൈൎയ്യം പ്രവൎത്തിക്കുന്നതിനു പ്രോത്സാഹപ്രദമായിത്തീൎന്നിരിക്കുന്നത്. ഇതുതന്നെയാണ്, പൌരസ്ത്യദേശത്തിൽ പൌരാണികമായുള്ള ആ ജീവനം ശക്തിയും കെടാതെ തന്നെ ഇന്നും നിലനില്ക്കുന്നുണ്ടെന്നു വെളിപ്പെടുവാൻ മാൎഗ്ഗമായിത്തീൎന്നിരിക്കുന്നതും. നമ്മുടെ അഭിവൃദ്ധിക്കായി നാം ഒന്നാമതായി ചെയ്യേണ്ടത്, നമ്മെ മൂടിക്കിടക്കുന്ന മാലിന്യത്തെ നിശ്ശേഷം അകററിക്കളകയാകുന്നു. നിരന്തരമായി പ്രവഹിച്ചുകൊണ്ടിരിക്കുന്ന കാലമഹാനദിയിൽ നാം നില തെററി വീണു കുടുങ്ങിപ്പോകാതെ സധൈൎയ്യം നീന്തിക്കയറണം. നമുക്കുള്ള പ്രാചീനമഹത്വത്തെ കേവലം വാക്കുകൾകൊണ്ടു വെളിക്കു വിട്ടുകളയുന്നതിൽ നിന്നു ഫലമൊന്നുമുണ്ടാവാനില്ലെന്നും, ആധുനികധൎമ്മങ്ങളൊക്കെയും യഥാവിധി നിൎവ്വഹിച്ചു വിജയം നേടുകയാണ് ഇന്നത്തെ സുഖജീവിതകവാടോൽഘാടനക്രിയയെന്നും നാം ജപ്പാനെ നോക്കി പഠിച്ചനുഷ്ഠിക്കയും വേണം.

ഇന്നത്തെ ജീവിതത്തിന്റെ ആദൎശമെന്തെന്നറിഞ്ഞു നാം അതിനഭിമുഖമായി ചെല്ലുമ്പോൾ, കാലം എന്ന ദ്വാരപാലകനോട് അവന്റെ ചോദ്യങ്ങൾക്കെല്ലാം അതാതിന്നൊത്തവണ്ണം മറുവടി പറഞ്ഞു മടക്കുകയാണ് നാശത്തിൽ നിന്നു തെററി മാറുന്നതിന് ഒരേവഴി. നമ്മുടെ പുരാതനനാഗരികബീജത്തിൽ ഇന്നും പ്രാണശക്തി തികഞ്ഞുതന്നെ ഇരിക്കുന്നുണ്ടെന്നും, അതിനെ ആധുനികജീവിതനിലത്തിൽ നടുക മാത്രമേ ചെയ്യേണ്ടതായുള്ളുവെന്നും താൻ കണ്ടുപിടിച്ച രഹസ്യം ജപ്പാൻ ഏഷ്യാഭൂഖണ്ഡത്തോടു വിളിച്ചുപറഞ്ഞുകൊണ്ടിരിക്കുന്നു.

പാശ്ചാത്യസമ്പ്രദായങ്ങളെ അതേവിധം നടിക്കുന്നതുകൊണ്ടാണ് ജപ്പാൻ ഇന്നു ഈ സ്ഥിതിയിൽ വന്നിരിക്കുന്നതെന്ന പ്രസ്താവത്തെ ഞാൻ വിശ്വസിക്കുന്നി

ല്ല. പ്രാണശക്തിയെ നമുക്ക നടിച്ചുകാണിപ്പാൻ കഴിയുമോ? വാസ്തവത്തിൽ, വെറും നാട്യം, ജന്മനാ സിദ്ധിച്ച ജീവിതഭാവത്തെ, നശിപ്പിച്ച് ഏതാണ്ടൊരു പ്രകാരത്തിലുള്ള മനഃപ്രകൃതിയെ മറ്റൊരു പ്രകാരത്തിലുള്ള ശരീരപ്രകൃതികൊണ്ടു മൂടിയ മട്ടിൽ മനുഷ്യസൃഷ്ടിയെ താറുമാറാക്കിക്കളയുകയാണ് ചെയ്യുന്നത്.

ഒക്കെയും പൌരസ്ത്യഭാവത്തിൽത്തന്നെയിരിക്കണമെന്നുവെച്ച്, സ്വന്തം രക്ഷയ്ക്കായി യൂറോപ്പിനെപ്പോലെ പുതിയ തരം യുദ്ധസാമഗ്രികൾ ശേഖരിച്ചുവെക്കേണ്ട കാൎയ്യത്തിൽ ജപ്പാൻ ശ്രദ്ധവെക്കാതിരിക്കേണമെന്നു ഞാൻ പറയുന്നില്ല. എന്നാൽ, അതു സ്വകീയസംരക്ഷണത്തിന്നു പൎയ്യാപ്തമായുള്ള സീമയിൽനിന്ന് ഒരിക്കലും കവിഞ്ഞുപോയ്ക്കൂടാ. വാസ്തവത്തിൽ, യഥാൎത്ഥമായ ശക്തി ഇത്തരം ആയുധങ്ങളെസംബന്ധിച്ചതല്ലാ എന്നും, ആ ആയുധങ്ങളെ പ്രയോഗിക്കുന്നവരെ സംബന്ധിച്ചതാണെന്നും ജപ്പാൻ അറിഞ്ഞിരിക്കേണ്ടതാണ്. ആന്തരസുഖം അസ്തമിച്ചുപോയാലും അധികാരശക്തി അധഃപതിക്കരുതെന്നു കരുതി ആയുധബലത്തെ അഭിവൃദ്ധിപ്പെടുത്തുവാൻ ആരംഭിച്ചാൽ അതിൽനിന്ന് അപരന്മാരെക്കാൾ അവനവന്നാണ് അധികം ആപത്തുണ്ടാകുകയെന്നും ആ ദേശം അറിഞ്ഞിരിക്കേണ്ടതു തന്നെ.

ജീവികൾക്കൊക്കെയും എളുപ്പത്തിൽ ജീവഹാനി നേരിടുമാകയാൽ, ജീവസംരക്ഷണത്തിന്നു പ്രകൃതി തന്നെ വേണ്ടതുക്ക ഏൎപ്പാടുകൾ ചെയ്തുവെച്ചിട്ടുണ്ടു. ദൈഹികമായ സാധനങ്ങൾകൊണ്ട് ഉണ്ടാക്കപ്പെട്ട ആവരണത്തിന്നുള്ളിൽ ജീവനെ അടച്ചുവെച്ചിരിക്കുന്നു. അതായതു, ഈ ശരീരം ജീവന്നായിക്കൊണ്ടു പ്രകൃതി തന്നെ നിൎമ്മിച്ചു വെച്ചിട്ടുള്ള ദൃഢതമമായ ദുൎഗ്ഗമാണ്. കാലോചിതമായ വളൎച്ചയ്ക്കു തക്കവണ്ണമാണ് ശരീരഘടന. മനുഷ്യനുള്ള സൎവ്വബലവും ജീവനോടു സംബന്ധിച്ചുകൊണ്ടു സ്വന്തം അന്തരംഗത്തിൽത്തന്നെയാണ് അടങ്ങിയിരിക്കുന്നത്. ആയുധങ്ങളാവട്ടെ, നിൎജ്ജീവപദാൎത്ഥങ്ങൾകൊണ്ടു നിൎമ്മിക്കപ്പെട്ടവയാകുന്നു. പ്രകൃത്യാ സിദ്ധിച്ച രക്ഷയും ബലവുംകൊണ്ടു തൃപ്തിപ്പെടാതെ, ആയുധബലത്തെ ആശ്രയിക്കുന്ന മനുഷ്യൻ ആ ആയുധങ്ങൾകൊണ്ടുള്ള ആപത്തു തനിക്കുതന്നെ ബാധകമാവാതിരിക്കത്തക്കവണ്ണം പ്രത്യേകം സൂക്ഷിച്ചിരിക്കേണ്ടതാണ്. മനുഷ്യൻ സ്വന്തം രക്ഷയ്ക്കായി ആയുധവൎഗ്ഗത്തെക്കൊണ്ടു നിൎമ്മിച്ചിട്ടുള്ള ഇടുങ്ങിയ ആവരണത്തിനുള്ളിൽ തന്റെ ശരീരത്തെ കുടുക്കി മറച്ചുവെക്കുവാൻ ശ്രമിക്കുന്നതായാൽ, അവൻ തന്നെത്താനറിയാതെ ഒട്ടൊട്ടായി ചെയ്തുവരുന്ന ആത്മഹത്യയാണത്. മററുള്ളവരെയെല്ലാം തങ്ങൾക്കു കീഴ്പ്പെടുത്തിനിൎത്തി സൎവ്വാധികാരവും തങ്ങളിൽത്തന്നെ ഉറപ്പിക്കുവാൻ ആഗ്രഹിച്ചു, പലവകയായി പുതിയ പുതിയ ഭാരങ്ങൾ ഒന്നിനൊന്നു വൎദ്ധിപ്പിച്ചു വൎദ്ധിപ്പിച്ച്, ആ ഭാരമെല്ലാം തങ്ങൾ തന്നെ ചുമന്നു മനുഷ്യഭാവത്തെ ചതച്ചുകളഞ്ഞുകൊണ്ടു ഭയങ്കരമായ ആത്മഹത്യയിലേക്കാണ് പാശ്ചാത്യർ പോയിക്കൊണ്ടിരിക്കുന്നതെന്ന വാസ്തവത്തെ, ജപ്പാൻ ലോകനീതിപ്രകാശത്തിൽ നിന്നുകൊണ്ടു നോക്കിക്കണ്ടറിയേണ്ടതാണ്.

ഇപ്പോൾ ജപ്പാനിൽ നാൾക്കുനാൾ

വളൎന്നു പരന്നുവരുന്ന പാശ്ചാത്യബാഹ്യപരിഷ്കാരഭാവം സ്വന്തം സുഖത്തിന്റെയോ ബലത്തിന്റെയോ ഉറപ്പിന്നും വളൎച്ചക്കും അനുഗുണമായിട്ടുള്ളതാണെന്നു ഞാൻ വിചാരിക്കുന്നില്ല. ഈ അനുകരണഭ്രമത്തിന്റെ ഫലം, ജപ്പാന്റെ സ്വാഭാവികമായുള്ള സ്ഥിതിക്കു പാഴ്ംചുമടായിത്തീൎന്ന്, ആ സ്ഥിതിയെ ദുൎബ്ബലപ്പെടുത്തുകയാണുണ്ടാകുക. ഈ വാസ്തവം ജപ്പാൻ, ക്രമേണ തന്നെത്താൻ അറിഞ്ഞുകൊള്ളും. ഇന്നത്തെ ജപ്പാൻകാർ ബാല്യം മുതല്ക്കേ അനുഷ്ഠിച്ചുവരുന്ന സ്വഭാവോചിതമല്ലാത്ത വിദേശീയാചാരങ്ങൾ, ഒടുക്കം ജപ്പാന്റെ സ്വന്തം ഭാവത്തെ പാടേ മൂടിമറച്ചു. നശിപ്പിച്ചുകളഞ്ഞേക്കാമെന്നു ഞാൻ ഭയപ്പെടുന്നു. പുരാണധൎമ്മങ്ങളെയെല്ലാം വിസ്മരിച്ച്, പ്രാചീനാഗമത്തിൽനിന്നുള്ള ഉറവിനെ ഈ പരിഷ്കാരംകൊണ്ട് അടച്ചുകളയുന്നതായാൽ, ജപ്പാന്റെ ശക്തിക്കും വൃദ്ധിക്കും സൌന്ദൎയ്യത്തിന്നും കാരണഭൂതമായിരിക്കുന്ന ജീവനദി നിൎജ്ജലമായിത്തീൎന്നു വററിവരണ്ടു പോയ്ക്കളയും.

പാശ്ചാത്യപരിഷ്കാരസമ്പ്രദായങ്ങളെ അതേവിധം അഭിനയിച്ചു ശീലിക്കുന്നതിനെക്കാൾ ഏററവും ആപൽകരമായിട്ടുള്ളതാണ്, ആ പരിഷ്കാരത്തിന്റെ അന്തൎഭാവത്തെ സ്വായത്തമാക്കി വെക്കുവാനുള്ള ശ്രമം. ജപ്പാനിലെ പ്രാചീനാചാരങ്ങൾ നവീനരാജ്യതന്ത്രപ്രവാഹത്താൽ നിശ്ശേഷം മറഞ്ഞുപോയിത്തുടങ്ങിയിരിക്കുന്നു. ജപ്പാൻകാർ അവരുടെ ആത്മീയധൎമ്മങ്ങളെക്കൂടിയും വിസ്മരിക്കുമാറു രാജ്യാംശവിനോദലാലസന്മാരായിത്തീൎന്നിരിക്കുന്നു. മററുള്ളവർ എങ്ങിനെ തുലഞ്ഞുപോയാലും തൻകാൎയ്യം ശരിക്കു നടത്തിക്കൊണ്ടിരിക്കുവാൻ കഴിവുള്ളവൻ മാത്രമേ ലോകരംഗത്തിൽ ശോഭിക്കയുള്ളുവെന്ന സ്വാൎത്ഥബുദ്ധിപ്രമാണത്തെ, ജപ്പാൻ തന്റെ ആധുനികചരിത്രഹൎമ്മ്യത്തിന്റെ ദ്വാരകവാടത്തിൽ തെളിവായി എഴുതിവെച്ചിരിക്കുന്നുവെന്നാണ് കാണുന്നത്. അന്ധതയാൽ, താൻ സ്പൎശിക്കുന്ന വസ്തുക്കളെ മാത്രം വിശ്വസിക്കുന്ന അന്ധന്റെ ജീവിതപ്രമാണമാണിത്. എന്നാൽ, അന്യന്റെ നേരെ വിടുന്ന ദ്രോഹം തന്നിൽത്തന്നെ തിരിയെ വന്നുചേരുവാൻ തക്കവണ്ണം പരസ്പരബന്ധത്തോടുകൂടിയാണ് മനുഷ്യസമുദായസൃഷ്ടിയെന്ന തത്വം സാധാരണന്മാൎക്കുകൂടിയും അല്പം ബുദ്ധിചെലുത്തിയാൽത്തന്നെ അറിയുവാൻ കഴിയുന്ന ഒന്നാണ്. പരക്ഷേമത്തെ സ്വന്തം ക്ഷേമമായി ഗണിക്കുകയെന്നതു മനുഷ്യജന്മംകൊണ്ടു സാധിക്കേണ്ടതായുള്ള മഹത്തായ ധൎമ്മമാണെന്നതാണ് മനുഷ്യർ കണ്ടറിഞ്ഞിട്ടുള്ള തത്വങ്ങളിൽ മുഖ്യമായത്. ഈ തത്വം നമ്മുടെ ജീവിതത്തിലെ ഓരോ ഘട്ടത്തിലും പ്രത്യക്ഷപ്പെട്ടു കാണാവുന്നതാണ്. ഇതും ഇതുപോലെ വേറെയുമുള്ള ധൎമ്മങ്ങളെയെല്ലാം വിസ്മരിച്ചു സ്വദേശാഭിമാനമൊന്നു മാത്രം സശ്രദ്ധം അഭ്യസിച്ചുവരുന്ന ജനസമുദായം, പെട്ടെന്നു ഭയങ്കരവും അഗാധവുമായ നാശത്തിൽ ചെന്നു വീഴുകയേ ചെയ്കയുള്ളു. മുൻകാലങ്ങളിൽ വിദേശാക്രമണങ്ങളും, യുദ്ധങ്ങളും, അസൂയയേയും ദുരാശയേയും ആദരിച്ചുകൊണ്ടുള്ള യു

കഠിനപ്രായങ്ങളും നമ്മുടെ രാജ്യത്തിൽ സൈരവാസം ചെയ്കയുണ്ടായിട്ടുണ്ട്. എന്നാൽ, ഇവയൊന്നും ബഹുജനങ്ങളുടെ ആന്തരഭാവത്തെ ബാധിക്കുന്നതിനു ശക്തമായിരുന്നില്ല. ഈ വക പ്രാപഞ്ചികവിനോദങ്ങളിൽ ഒരിക്കലും പ്രവേശിച്ചിട്ടില്ലാത്ത ജനങ്ങൾ ഒരേ മനസ്സായി വിശ്വസിച്ചു പിന്മാറിത്തന്നെ നിന്നു. ചില ദുരാത്മാക്കളിൽനിന്നു ഘോരമായി ഉത്ഭവിച്ചു മേല്പടി കഠിനകൃത്യങ്ങളുടെ ഫലമായുണ്ടായ അനുഭവങ്ങളിൽ ഒരു ഭാഗമായ പാപത്തെ നിരാകരിച്ച്, മറ്റൊരു ഭാഗമായ സുഖവാസസൌകര്യത്തെ മാത്രം സ്വീകരിക്കയാണ് ബഹുജനങ്ങൾ ചെയ്തത്. ജനങ്ങളുടെ ഈ സുസ്ഥിരഭാവംകൊണ്ടു രാജ്യഭക്തിയും, സ്വാത്മവിശ്വാസവും, ന്യായത്തിലും ധർമ്മത്തിലും ശ്രദ്ധയും, ആപത്തിലും മരണത്തിലും ധൈര്യവും ഈ രാജ്യത്തിൽ വർദ്ധിച്ചുവർദ്ധിച്ചു തന്നെ വന്നു. ആക്രമണശീലന്മാരായ രാജാക്കന്മാരാലും, രണശൂരന്മാരായ മഹാരഥന്മാരാലും വഴിപ്പെടുത്തപ്പെട്ട രാജ്യഭരണക്രമത്താൽ ബഹുജനങ്ങളുടെ വിശ്വാസസ്ഥൈര്യത്തിനൊ വിചാരഗതിക്കൊ ഒട്ടുംതന്നെ ഇളക്കമോ മാററമോ പററുകയുണ്ടായില്ല.

പൌരസ്ത്യദേശങ്ങളുടെ അഭിവൃദ്ധിവിഷയത്തെപ്പററി സംഭാഷണം ചെയ്യുമ്പോഴൊക്കെയും പാശ്ചാത്യരിൽ ഒരു വക ഭീതിഭാവം ഏറെക്കുറെ സ്ഫുരിച്ചുകാണാവുന്നതാണ്. ഇതിനു കാരണമെന്ത്? ഇന്നേവരെ നവനവമായി മാറിമാറിക്കൊണ്ടു വന്നിട്ടുള്ള പരിഷ്കാരങ്ങളൊന്നൊന്നും പ്രസവിച്ചുകൂട്ടിയിരിക്കുന്ന ഫലങ്ങളധികവും സുഖാനുഭവത്തിന് ഉചിതങ്ങളല്ലെന്ന് അവർക്കു തന്നെ അറിയാം. തങ്ങളുടെ ഈ പരിഷ്കാരനാടകത്തിന്റെ ബാഹ്യാഡംബരങ്ങൾ കണ്ട് പൌരസ്ത്യർ പരിഭ്രമിച്ചുകൊണ്ടിരിക്കുന്നതുവരെക്കും പാശ്ചാത്യർക്ക് അന്തസ്സും അധികാരവും കൈവിടാതെ കഴിക്കാം. പാശ്ചാത്യദേശത്തിൽ ഇന്നു കാണുന്ന നാഗരികവിലാസത്തിന്റെയെല്ലാം ഒരേ ഉദ്ദേശ്യം പണക്കിഴിയെ സ്വാധീനപ്പെടുത്തി മററാർക്കും വിട്ടുകൊടുക്കാതെ വെക്കണമെന്നതാണ്. അവിടത്തെ ആയുധശാലകളും രാജ്യഭരണസ്ഥാപനങ്ങളും ഈ ഒരേ ഉദ്ദേശ്യത്തെത്തന്നെ ആധാരപ്പെടുത്തിയിരിക്കുന്നു. ഈ ദ്വൈതയെ തൃപ്തിപ്പെടുത്തുവാനായി ഏർപ്പെടുത്തിയിരിക്കുന്ന ബാഹ്യാഡംബരങ്ങളും ദുർവ്യയാനുഭവങ്ങളുമെല്ലാം പാശ്ചാത്യരെ ഐശ്വര്യമാർഗ്ഗത്തിൽ കൂടി പ്രതിഭയമായ പാതാളത്തിലേക്കാണ് കൂട്ടിക്കൊണ്ടുപോകുന്നത്. പാശ്ചാത്യർ ലോകത്തിലേക്ക് ഇറക്കിവിട്ടിരിക്കുന്ന ഭയങ്കരപിശാചികകൾ, ഒടുക്കം തിരിയേ വന്ന് അവരെത്തന്നെ ഭയപ്പെടുത്തുമ്പോൾ, അവർക്കു വീണ്ടും വീണ്ടും ഘോരതരങ്ങളായ ആയുധങ്ങൾ നിർമ്മിച്ചുകൂട്ടേണ്ടതായി വരുന്നു. സമാധാനത്തിന്റെ ഛായ പോലും ഏല്ക്കാതെ, ആദ്യം അന്യർക്കായി ചെയ്ത് ഒടുക്കം തങ്ങൾക്കുതന്നെ തിരിച്ചുകിട്ടുന്ന ആപത്തുകൾക്കിടയിലാണ് പാശ്ചാത്യനാഗരികത്വത്തിന്റെ നില്പ്. അവർ രാജ്യതന്ത്രപിശാചികയെ ആരാധിക്കുവാനായി അന്യരാജ്യങ്ങളെ ബലികൊടുത്ത് അവയുടെ മാംസത്തെ മതിയാകുംവരെ തിന്നുന്നതിന്നു മടിക്കുന്നു. എന്നാൽ, ഈ

മാംസം കാലപ്പഴക്കത്തിൽ ദുഷിച്ചുപോയിട്ട്, അതു ഭുജിച്ചവരെക്കൂടിയും നശിപ്പിച്ചുകളയും. കാരുണ്യം, ശൌൎയ്യം, സ്വാഭിമാനം, സൌന്ദൎയ്യം, സാമൎത്ഥ്യം എന്നീ ഗുണങ്ങൾ ജപ്പാനു പൂൎണ്ണമായി ഉണ്ടായിരുന്നിട്ടും, യൂറോപ്പിലെപ്പോലെ, പരാക്രമണങ്ങളെന്ന വേട്ടനായ്ക്കളെ പരസങ്കടങ്ങളെന്ന ആഹാരംകൊടുത്ത് ജപ്പാനിലും വളൎത്തുവാൻ കഴിയുമെന്നു വെളിപ്പെടുത്തുന്നവരെല്ലാം ജപ്പാൻകാരെപ്പററി പാശ്ചാത്യൎക്കു പുച്ഛംതന്നെയായിരുന്നു. ഈ മനോജ്ഞമായ ഭൂതലത്തിൽ യുദ്ധനരകാഗ്നിയെ ആവശ്യംപോലെ വാരി വിതറുന്നതിനും, കൊള്ള, കൊല, സ്ത്രീദൂഷണം എന്നീ ദുരാചാരങ്ങൾ കോട്ടംകൂടാതെ അനുഷ്ഠിക്കുന്നതിനും ജപ്പാനും സാമൎത്ഥ്യമുണ്ടെന്നു കണ്ടപ്പോഴാണു യൂറോപ്പ് ജപ്പാനെ സമഭാവത്തിൽ കരുതുവാൻ തുടങ്ങിയത്. മനുഷ്യമനസ്സു സങ്കുചിതമായിരുന്ന ഏററവും പ്രാചീനകാലത്തിൽ, തങ്ങൾക്കു ദോഷം ചെയ്യുന്ന ഏതൊരു വസ്തുവിനെയും ജനങ്ങൾ ഭയംനിമിത്തം ആരാധിക്കുക പതിവായിരുന്നു; ഇതു മനുഷ്യരുടെ ഉൽകൃഷ്ടഭാവമെന്നു ഗണിക്കാമോ? പല നൂററാണ്ടുകളായി വൎദ്ധിച്ചുകൊണ്ടിരിക്കുന്ന നാഗരികത്വത്തിന്റെ ഗുണഫലങ്ങളെല്ലാം അനുഭവിച്ചിട്ടും, രാത്രികാലങ്ങളിൽ പട്ടിണിയാൽ ഉഴന്നു തിരിയുന്ന മൃഗങ്ങളെപ്പോലെ രാജ്യങ്ങൾ ഒന്നിനൊന്നു ഭയപ്പെടുകയും, പരഹിംസയ്ക്കോ സ്വരക്ഷയ്ക്കോ വേണ്ടി മാത്രം ഐക്യം ഭാവിക്കുകയും, വാണിജ്യസമ്പ്രദായത്തെയും രാജാംഗഗതിയേയും ഗൂഢമായി മറച്ചുവെക്കയുംസംഘത്തിൽ നിന്നു പിണങ്ങിപ്പിരിഞ്ഞു നിലവിളികൂട്ടുന്ന നായ്ക്കളെ സമാധാനിപ്പിച്ചടക്കുവാനായി അവയ്ക്കു സ്വശരീരത്തിൽനിന്നു മാംസഖണ്ഡങ്ങൾ മുറിച്ചെടുത്തുകൊടുക്കയും, കാലൊടിഞ്ഞു വീണ ദേശങ്ങളെ വീണ്ടും ഉയരുവാൻ വിടാതെ അടക്കിവെക്കയും, സ്വന്തം ശക്തിയെ പരദൌൎബ്ബല്യംകൊണ്ടു ഗണിക്കയും, ദുൎബ്ബലരാജ്യങ്ങളോട് ഒരു കൈ നീട്ടിക്കാണിച്ചു ധൎമ്മോപദേശം ചെയ്തുകൊണ്ടു മറുകൈകൊണ്ട് അവരുടെ സ്വത്തിനെ അപഹരിക്കയും മററും മററും ചെയ്യുന്നതു കണ്ട്, അതിൽ നമുക്കു അസൂയപ്പെടുവാൻ വല്ല വകയുമുണ്ടോ? ഭയവും, ദുൎമ്മോഹവും, വിശ്വാസപാതകവും, നായ്ക്കുരണപ്പൊടിപോലെയുള്ള രാജാംഗഗതിയും കാഞ്ഞിരപ്പഴംപോലെയുള്ള 'സമത്വസ്വാതന്ത്ര്യഭ്രാതൃത്വ'വാദവും ലോകമെങ്ങും ധാരാളമായി ചിതച്ചിരിക്കുന്ന ഈ നാഗരികദേവതയെ നമ്മളും നമസ്കരിക്കണമോ? നാം പാശ്ചാത്യവാണിജ്യശാലയിലേക്കു ഓടിച്ചെന്നു, നമ്മുടെ പിത്രാൎജ്ജിതസ്വത്തെല്ലാം കൊടുത്ത് ഈ നാഗരികസ്വത്തു മേടിച്ചുകൂട്ടുവാൻ തുടങ്ങുംമുമ്പേ, ഈ കൈമാററം ഗുണകരം തന്നെയോ എന്നതിനെപ്പററി അല്പമെങ്കിലും ആലോചിച്ചു നോക്കേണ്ടതില്ലയോ? ആത്മബോധം പെട്ടെന്നുണ്ടായിവരികയെന്നതു സാധാരണമല്ല. മദ്യപനു ലഹരി വൎദ്ധിച്ചിരിക്കുന്ന സമയത്ത് അവൻ ചെയ്ത ദുഷ്കൃത്യത്തെപ്പററി ഒട്ടുംതന്നെ ബോധമുണ്ടാകയില്ല. എന്നാലും പാശ്ചാത്യർ അവരുടെ ദുഃഖാനുഭവങ്ങൾക്കെല്ലാം ഇപ്പോഴും നിവൃത്തി തേടാതിരിക്കുന്നില്ല. താൻ ചെയ്യുന്ന അമിതഭോജനത്തെ ഒട്ടും കുറയ്ക്കുവാൻ ഇഷ്ടപ്പെടാതെ,

തനിക്കുള്ള അഗ്നിമാന്ദ്യത്തെ ഔഷധം സേവിച്ചു ശമിപ്പിക്കുവാൻ ശ്രമിക്കുന്ന ബുഭുക്ഷുവിനെപ്പോലെയാണ് പാശ്ചാത്യർ നിവൃത്തിമാർഗ്ഗം തേടുന്നത്. സ്വാതന്ത്ര്യത്തിന്മേൽ ഉയർത്തിവെച്ചിരിക്കുന്ന നിർജ്ജീവരാജകിരീടവും, നീചവിചാരകർമ്മങ്ങളെ മൂടിപ്പൊതിഞ്ഞിരിക്കുന്ന നാഗരികാഡംബരവും അങ്ങിനെതന്നെയിരിക്കേ, പാശ്ചാത്യർ ദുഃഖനാശത്തിനായി വീണ്ടും വീണ്ടും പരിഷ്കാരത്തിന്റെ പിന്നാലെ ഓടിയോടിച്ചെല്ലുന്നു.

കന്നത്തു ജനാർദ്ദനമേനോൻ.

# ശാസ്ത്രത്തിന്റെ ഉൽപത്തി.

## ശാസ്ത്രം എന്നുവെച്ചാൽ എന്താണ്?

(തുടർച്ച.)

ഇതിന്നും പുറമെ ഒരു സംഗതികൂടി പറയുവാനുണ്ട്. ഒരു വഴിക്കു നോക്കുമ്പോൾ, നമ്മൾക്കു ലൌകികങ്ങളായ സകലകാര്യങ്ങളെയും പാരിമാണികമായിട്ടന്വേഷിച്ചാൽ മാത്രമേ അവയിൽ മിക്കവയുടേയും നിയമങ്ങളെ കണ്ടുപിടിക്കുവാൻ കഴികയുള്ളു എന്നും, എന്നാൽ മറ്റൊരു വഴിക്കു നോക്കുമ്പോൾ, നമ്മൾ മുൻകൂട്ടി കാണുന്ന ഫലങ്ങളുടെ നിയമങ്ങളെ കണ്ടറിയുന്നതിന്റെ വേഗത്തെ അനുസരിച്ചു മാത്രമേ നമ്മുടെ പാരിമാണികമായ ഭാവിദർശനങ്ങളെ അധികമധികം വിഷയങ്ങളിലേക്കു വ്യാപിപ്പിക്കുവാൻ കഴിയുകയുള്ളുവെന്നുംകൂടി ഇവിടെ പറയേണ്ടിയിരിക്കുന്നു. എന്തുകൊണ്ടെന്നാൽ, നേരിട്ടുള്ള നോക്കുന്നതിന്നു തരമില്ലാത്തതായ ഒരു ഫലത്തിന്റെ പരിമാണം ഇത്രയാണെന്നു തിട്ടപ്പെടുത്തി പറയുന്നതിന്നുള്ള സാമർത്ഥ്യം, നമ്മൾക്ക് അളന്നുനോക്കാവുന്ന ഒന്നിനെ ആ ഫലം ഇന്നമാതിരിയിൽ ആശ്രയിച്ചിരിക്കുന്നു എന്ന ജ്ഞാനം നമുക്കുള്ളതായി ധ്വനിപ്പിക്കുന്നു; എന്നുവെച്ചാൽ നമ്മൾ പ്രതിപാദിച്ച ആപ്രത്യേകസംഗതി സാമാന്യമായ മറ്റൊന്നിന്റെ ഒരു ദൃഷ്ടാന്തമാണെന്നു നമ്മൾ അറിയുന്നതായി സൂചിപ്പിക്കുന്നു; നമ്മൾക്കു ഫലത്തിന്റെ പരിമാണം ഇത്രയെന്നു തിട്ടപ്പെടുത്തി പറയാവുന്ന വിഷയങ്ങളുടെ വ്യാപ്തി ആ വിഷയങ്ങളിൽ നമുക്കുള്ള വിശേഷജ്ഞാനത്തിന്റെ ആഴത്തെയും കാണിക്കുന്നുണ്ട്. ഇവിടെ ഇതിനെത്തന്നെ മറ്റൊരുവിധത്തിലും പറയാം. നമ്മൾ വിഷയങ്ങളുടെ സ്വരൂപത്തെയോ സ്വഭാവത്തെയോ സംബന്ധിച്ചു ചെയ്യുന്ന ഭാവിദർശനത്തിൽനിന്നു പാരിമാണികമായ ഭാവിദർശനത്തിലേക്കു കടക്കുമ്പോൾ, സ്വാർത്ഥാനുമാനത്തിൽനിന്നു പരാർത്ഥാനുമാനത്തെയാണു പ്രാപിക്കുന്നത്. വ്യക്തിജ്ഞാനംകൊണ്ടു സാമാന്യജ്ഞാനത്തെ പ്രാപിക്കുക എന്ന സ്വാർത്ഥാനുമാനത്തെ മാത്രം അവലംബിക്കുന്ന ശാസ്ത്ര

ത്തിൽ കേവലം സ്വരൂപത്തെയോ സ്വഭാവത്തെയോ സംബന്ധിച്ച ഭാവിദർശനം മാത്രമെ ഉണ്ടായിരിക്കുകയുള്ളു; ഫലങ്ങളുടെ പരിമാണത്തെ ഇത്രയെന്നു ശരിപ്പെടുത്തി പറവാൻ കഴിയാത്ത ശാസ്ത്രത്തിൽ ഒട്ടൊട്ടു സ്വാർത്ഥാനുമാനവും ഒട്ടൊട്ടു പരാർത്ഥാനുമാനവും ഉണ്ടായിരിക്കും. മുഴുവൻ പരാർത്ഥാനുമാനമായിട്ടിരിക്കുന്ന ശാസ്ത്രം മാത്രമാണു ഫലങ്ങളുടെ പരിമാണത്തെ ഇത്രയെന്നു തിട്ടപ്പെടുത്തി പറയുന്നതു്. പാരിമാണികമായ ഭാവിദർശനവും പരാർത്ഥാനുമാനവും സമാനങ്ങളാണെന്നു ഞങ്ങൾ പറയുന്നില്ല. എന്തെന്നാൽ കേവലം സ്വരൂപഭാവങ്ങളെ സംബന്ധിച്ച ഭാവിദർശനങ്ങളിലും പരാർത്ഥാനുമാനം വളരെയുണ്ടു്. പാരിമാണികമായ ഭാവിദർശനമൊക്കെ പരാർത്ഥാനുമാനംകൊണ്ടാണു സിദ്ധിക്കുന്നതെന്നും സ്വാർത്ഥാനുമാനംകൊണ്ടു സ്വരൂപസ്വഭാവങ്ങളെ സംബന്ധിച്ച ഭാവിദർശനം മാത്രമേ സാദ്ധ്യമാവുകയുള്ളു എന്നും മാത്രമേ ഞങ്ങൾ പറയുന്നുള്ളു.

ഈ വ്യത്യാസങ്ങൾകൊണ്ടു സാധാരണജ്ഞാനത്തെ ശാസ്ത്രജ്ഞാനത്തിൽനിന്നു വേർതിരിക്കുന്നതിന്നു നമ്മൾക്കു സാധിക്കുന്നതായി തോന്നുമെങ്കിലും അങ്ങിനെ വിചാരിച്ചുപോകരുതു്. സാധാരണജ്ഞാനത്തിന്റെ ആദ്യദശയ്ക്കും ശാസ്ത്രജ്ഞാനത്തിന്റെ അന്ത്യദശയ്ക്കും തമ്മിലുള്ള സ്ഥൂലമായ ഭേദം എന്താണെന്നാണു് ഇതുകൊണ്ടു കാണുന്നതു്; എങ്കിലും അവയുടെ സാരമായ ആ ഭേദത്തെ സ്മരിക്കുന്നതിന്നു അതുതന്നെ നമുക്കു വഴിയിട്ടുതരുന്നു; മേലെയെന്നും താഴെയെന്നും മാത്രമാണു് അവയ്ക്കുള്ള ഭേദമെന്നും തെളിയിക്കുന്നു. എന്തെന്നാൽ, ഒരു ഭാഗം നോക്കുമ്പോൾ നമ്മുടെ സാധാരണജ്ഞാനത്തിൽ മിക്കതും കുറച്ചൊക്കെ പാരിമാണികമായിട്ടുള്ളതാണു്; മുൻകൂട്ടി കാണപ്പെടുന്ന ഫലത്തിന്റെ വലിപ്പം ഇത്രയെന്നു ഏതാണ്ടൊക്കെ അറിയപ്പെടുന്നതായി കാണുന്നു. ഇനി മറ്റെ ഭാഗത്തു നോക്കുമ്പോൾ, അത്യുത്തമമായ പാരിമാണികഭാവിദർശനംപോലും പരമാർത്ഥത്തിൽ എത്തുന്നില്ല; അതിന്റെ അടുത്തു ചെല്ലുന്നതേയുള്ളു. വേനൽക്കാലത്തു പകൽനേരം വർഷകാലത്തെക്കാളധികമാണെന്നു സാധാരണക്കാരൻ നാഴികമണി കൂടാതെതന്നെ മനസ്സിലാക്കുന്നുണ്ടു്; കല്ലിന്നു മാംസത്തേക്കാൾ കനം കൂടുമെന്നു ത്രാസും പടിയും കൂടാതെതന്നെ അവന്നറിയാം. ഇന്നതു് ഇന്നതിനെക്കാൾ വലിയതാണെന്നും മറ്റേതിനെക്കാൾ ചെറിയതാണെന്നും അവൻ ചിലചില കാര്യങ്ങളിൽ മുൻകൂട്ടി കാണുന്നു—എന്നുവെച്ചാൽ അവൻ ആ വലിപ്പച്ചെറുപ്പത്തെ ഏതാണ്ടൊക്കെ അറിയുന്നു എന്നർത്ഥം. എന്നാൽ അതിസൂക്ഷ്മമായ അന്തരത്തെക്കൂടി സ്പഷ്ടമാക്കുന്ന യന്ത്രാദിസാമഗ്രികളും വളരെ തിട്ടപ്പെടുത്തിക്കൊണ്ടുള്ള കണക്കുകളും മറ്റും ഉണ്ടായാലും മുൻകൂട്ടിക്കാണുന്ന ഫലത്തിന്നും വാസ്തവത്തിൽ നടന്നുകാണുന്നതിന്നും തമ്മിലുള്ള അന്തരത്തെ വളരെ ചുരുക്കിക്കൊണ്ടുവരുവാൻ മാത്രമേ ശാസ്ത്രജ്ഞനെക്കൊണ്ടു സാധിക്കുകയുള്ളു. അതിന്നുംപുറമെ, പ്രാരംഭാവസ്ഥയിൽ സകല ശാസ്ത്രങ്ങളും ഫലത്തിന്റെ സ്വരൂപത്തെയോ സ്വഭാവത്തെയോ മാത്രം മുൻകൂട്ടിക്കാണുന്ന തരത്തിലുള്ളതാണെ

ന്നും, രസശാസ്ത്രം മുതലായി ചില ശാസ്ത്രങ്ങൾക്ക ഇയ്യിടെവെച്ച മാത്രമാണു പാരിമാണികമായ ഭാവിദർശനത്തിന്നുള്ള സാമർത്ഥ്യം കിട്ടിയതെന്നും, എന്നു മാത്രമല്ലാ ഇപ്പോൾ ഏററവും ഉന്നതപദവിയെ പ്രാപിച്ചിട്ടുള്ള ശാസ്ത്രങ്ങൾ ഇന്ദ്രിയങ്ങൾക്ക പ്രത്യക്ഷങ്ങളല്ലാത്തവയൊ നേരിട്ട തൂക്കുവാൻ തരമില്ലാത്തവയൊ ആയ ഫലങ്ങളുടെ പരിമാണത്തെ ഇത്രയെന്നു തിട്ടപ്പെടുത്തി പറയുന്നതിന്നുള്ള സാമർത്ഥ്യത്തെ പ്രാപിച്ചതു അനവധികാലം വളരെ സാവധാനത്തിൽ പുഷ്ടിയെ പ്രാപിച്ചുകൊണ്ടിരുന്നതിന്നുശേഷം മാത്രമാണ് എന്നും കൂടി മനസ്സിലാക്കേണ്ടതാകുന്നു. അതിനാൽ, ശാസ്ത്രജ്ഞാനത്തിന്റെയും സാധാരണജ്ഞാനത്തിന്റെയും വിഷയവ്യാപ്തിക്ക വളരെ അന്തരമുണ്ടെങ്കിലും ഭാവിദർശനത്തിന്റെ സ്വഭാവം അവ രണ്ടിന്നും ഒരുപോലെയാകുന്നു. ന്യൂനതയും ഉഭയസാധാരണമാണ്; ശാസ്ത്രജ്ഞാനത്തിലെക്കാൾ വളരെയധികമാണ് സാധാരണജ്ഞാനത്തിന്ന് എന്നു മാത്രമേയുള്ളൂ. ഒന്നിൽനിന്നു മറേറതിലേയ്ക്കുള്ള വഴി ഈ ന്യൂനതയെ എടവിടാതെ ചുരുക്കുകയും വിഷയവ്യാപ്തിയെ എടവിടാതെ വലുതാക്കുകയും ചെയ്തുകൊണ്ടുള്ള അനവധി പതനങ്ങളിലായിട്ട കിടക്കുന്നു.

ശാസ്ത്രജ്ഞാനത്തിന്നും സാധാരണജ്ഞാനത്തിന്നും സ്വഭാവസാദൃശ്യമുണ്ടെന്നും, ശാസ്ത്രജ്ഞാനമെന്നതു സാധാരണജ്ഞാനംതന്നെ പൂർണ്ണതയെ പ്രാപിക്കയും വിഷയവ്യാപ്തി കൂടുകയും ചെയ്തിട്ടുള്ളതാണെന്നും ഉള്ള യഥാർത്ഥസംഗതി ശാസ്ത്രത്തെ സംബന്ധിച്ച സകല സിദ്ധാന്തങ്ങൾക്കും—ശാസ്ത്രത്തിന്റെ അഭിവൃദ്ധി, വിവിധശാസ്ത്രങ്ങൾക്ക തമ്മിലുള്ള സംബന്ധം എന്നിവയ്ക്കു—അടിസ്ഥാനമായിരിക്കുന്നു. ശാസ്ത്രങ്ങളുടെ ഉൽപത്തിയിൽ ആദ്യഘട്ടങ്ങളെയൊക്കെ വിട്ടുകളഞ്ഞിട്ട, അവയ്ക്കു വ്യക്തമായ സ്വരൂപം സിദ്ധിക്കുന്നേടത്തുവെച്ച പ്രതിപാദിച്ചുതുടങ്ങുന്നതായ ഒരു 'ശാസ്ത്രചരിത്ര'ത്തിന്നു അപൂർണ്ണതയുണ്ട്, നിശ്ചയംതന്നെ. വിവിധശാസ്ത്രങ്ങൾക്ക തമ്മിലുള്ള അന്യോന്യാശ്രയഭാവത്തെയും അവയുടെ അഭിവൃദ്ധിയെയും നിരൂപണംചെയ്യുന്ന ഒരു 'ശാസ്ത്രതത്വനിരൂപണ'ത്തിൽ ശാസ്ത്രങ്ങൾ എങ്ങിനെയാണു ഭിന്നഭിന്നങ്ങളായി വന്നത് എന്നും അപരിഷ്കൃതമനുഷ്യന്റെ അലങ്കോലപ്പെട്ടുകിടക്കുന്ന വിചാരങ്ങളിൽനിന്നു ആ ഓരോ ശാസ്ത്രങ്ങളും എങ്ങിനെയാണു ക്രമേണ വളർന്നു വേർതിരിഞ്ഞു വന്നതെന്നും ഉള്ള അന്വേഷണം ചെയ്യുന്നില്ല എങ്കിൽ, ആ ശാസ്ത്രതത്വനിരൂപണം മുഴുവനേ അവാസ്തവമായിരിക്കില്ല എങ്കിലും, വലുതായ ന്യൂനത അതിന്നുണ്ടായിട്ടിരിക്കുന്നതാണ്. പിന്നെക്കുപിന്നെ കാണപ്പെടുന്ന കൂട്ടിപ്പിണച്ചിലുകൾകൊണ്ടു ദുർഘടങ്ങളായ വിഷയങ്ങളുടെ യഥാർത്ഥബോധമുണ്ടാകുന്നതിന്നു ആദിമമായ ആ സംശ്ലിഷ്ടസ്ഥിതിയെയാണു നോക്കേണ്ടതെന്നു വിഷയങ്ങളെ നേരിട്ടുനോക്കിയാൽ മാത്രമല്ല സാദൃശ്യങ്ങൾകൊണ്ടും കാണുന്നതാണ്. മനുഷ്യരുടെ ശരീരത്തിലുള്ള പലതരം അവയവങ്ങളുടെ സ്വരൂപാവസ്ഥാദികളെ പ്രതിപാദിക്കുന്ന ശാസ്ത്രത്തെയും അവയുടെ

വ്യാപാരാദികളെ പ്രതിപാദിക്കുന്ന ശാസ്ത്രത്തെയും ഇതരപ്രാണികളുടെ ശരീരത്തെ പരിശോധിച്ചറിയാതെ പഠിച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. യൌവനയുക്തനായ മനുഷ്യന്റെ ശരീരത്തെ പരിശോധിച്ചു ഓരോരോ അവയവങ്ങളുടെ ധൎമ്മങ്ങളെയും അവയ്ക്കു തമ്മിലുള്ള സംബന്ധത്തെയും ആണു പഠിച്ചുകൊണ്ടിരുന്നത്. മനുഷ്യഗൎഭസ്ഥനായ ശിശുവിന്റെ അംഗങ്ങൾക്കൊ തത്തുല്യമായി ഇതരപ്രാണികളിൽ കാണപ്പെടുന്ന അവയവങ്ങൾക്കൊ തമ്മിലുള്ള സംബന്ധത്തെയാകട്ടെ അവയുടെ വ്യാപാരങ്ങളെയാകട്ടെ അശേഷവും ആലോചിച്ചിരുന്നില്ല. എന്നാൽ അപ്രകാരമുള്ള പാഠംകൊണ്ടു യഥാൎത്ഥമായ അവബോധമുണ്ടാകുന്നതല്ലെന്നു ഇപ്പോൾ പ്രത്യക്ഷമായിരിക്കുന്നു. ശരീരത്തിലുള്ള അംഗങ്ങളുടെ സ്വരൂപാവസ്ഥാദികളെ പഠിക്കുന്ന ശാസ്ത്രജ്ഞനും അവയുടെ വ്യാപാരത്തെ പഠിക്കുന്ന ശാസ്ത്രജ്ഞനും അംഗങ്ങളുടെ യഥാൎത്ഥസ്വഭാവം മനസ്സിലാക്കുവാൻ ആ അവയവങ്ങളുടെ പൂൎവ്വസ്ഥിതി പരിശോധിച്ചറിയുകതന്നെ വേണമെന്നു ഇപ്പോൾ കാണുന്നുണ്ട്. ഇപ്പോൾ ജീവിച്ചിരിക്കുന്ന പ്രാണിജാലങ്ങൾക്കു തമ്മിലുള്ള സംബന്ധം ഇവയുടെ സജാതീയങ്ങളായി അനേകവൎഷസഹസ്രങ്ങൾക്കു മുമ്പെ ജീവിച്ചിരുന്ന പ്രാണികളുടെ ശരീരങ്ങളുടെ നഷ്ടശിഷ്ടങ്ങൾ പാറക്കല്ലുകളിലും മണ്ണിലും പററിക്കിടക്കുന്നതു പരിശോധിച്ചാൽ മാത്രമേ വ്യക്തമാവുകയുള്ളു. ആട്ടെ. ഈ സംഗതി പരിണാമത്തെ പ്രാപിക്കുന്ന സ്ഥലത്തിലും ശരിയായിരിക്കുന്നതാണെന്നു വ്യക്തമല്ലെ? ശാസ്ത്രവും വളൎച്ചയുള്ള ഒന്നല്ലേ? ശാസ്ത്രത്തിന്നും ബീജാദിദശകളില്ലേ? ആ ബീജാദ്യവസ്ഥകളെ പ്രതിപാദിക്കുന്ന ഭാഗത്തെ വിട്ടുകളഞ്ഞാൽ അതിന്റെ അനുക്രമമായ പരിണാമത്തെ സംബന്ധിച്ച തത്വങ്ങളും അതിന്റെ ഇപ്പോഴത്തെ അവസ്ഥിതിയും തെററിദ്ധരിച്ചുപോകുന്നതല്ലേ?

അതിനാൽ ആവിധമല്ലാതെ, ശാസ്ത്രജ്ഞാനവും സാധാരണജ്ഞാനവും വേറെയാണെന്നു പരക്കെയുള്ള ബോധത്തെ കണ്ണടച്ചു വിശ്വസിച്ചുകൊണ്ടു ഇതിനെ അനുഗമിക്കുന്ന 'ശാസ്ത്രതത്വനിരൂപണം' പരമാൎത്ഥമാണോ എന്നു ശങ്കിക്കുന്നതു യുക്തംതന്നെയാകുന്നു. ഇങ്ങിനെ പ്രതിപാദിച്ചുകൊണ്ടുപോകുന്ന ശാസ്ത്രങ്ങളുടെ സാമാന്യവിധികൾ തീരെ അയഥാൎത്ഥങ്ങളായി കാണപ്പെടുമെന്നു നമുക്കു മുൻകൂട്ടി ഊഹിക്കാവുന്നതാണ്. ഇതു തെററായിട്ടു വരുന്നതുമല്ല. സകലശാസ്ത്രങ്ങളേയും തമ്മിൽ തമ്മിൽ ജന്യജനകഭാവേന സംബന്ധിപ്പിക്കുകയും അവയോരോന്നും വേറെ വേറെ തിരിഞ്ഞുവന്നത് ഇന്നിന്നപ്രകാരമാണെന്നു കാണിക്കുകയും ചെയ്തുകൊണ്ടാണ് ശാസ്ത്രങ്ങളെ സംബന്ധിച്ച തത്വാന്വേഷണം ആരംഭിക്കേണ്ടത്.

'മൊൺഷിയർ കൊംടി' എന്ന പന്ത്രീസുകാരൻ ശാസ്ത്രങ്ങൾ തമ്മിലുള്ള സംബന്ധത്തെ വിശദമാക്കുന്നതിന്നു ഒരു ദൃഷ്ടാന്തം പറഞ്ഞിരിക്കുന്നു. ശാസ്ത്രസാമാന്യത്തെ ഒരു വൃക്ഷമായിട്ടും അതിന്റെ അവാന്തരഭേദങ്ങളെ ശാഖോപശാഖകളായിട്ടുമാണ് അദ്ദേഹം ഉപമിച്ചിരിക്കുന്നത്. ഈ ഉപമ യഥാൎത്ഥത്തെ മുഴുവൻ

കാണിക്കുന്നില്ലെങ്കിലും അതിനോടു വളരെ അടുത്തെത്തീട്ടുണ്ട്. വിവിധങ്ങളായ ശാസ്ത്രങ്ങളോരോന്നും ഒരേ ഒരു മൂലത്തിൽനിന്നാണ് ഉണ്ടായതെന്നും അവയോരോന്നും ഒപ്പത്തിനൊപ്പം വളൎന്നുകൊണ്ടിരിക്കുന്നുവെന്നും കാലക്രമേണ ശാഖോപശാഖകളായി പിരിഞ്ഞുപോയിക്കൊണ്ടിരിക്കുന്നുവെന്നും ഈ ഉപമകൊണ്ടു ധ്വനിക്കുന്നുണ്ട്. എന്നാൽ, പിന്നെയും പിന്നെയും അവാന്തരമായി പിരിയുന്ന വിഭാഗങ്ങൾ വേർതിരിഞ്ഞുനില്ക്കുന്നില്ല എന്നും അവ കൂടെക്കൂടെ നേരിട്ടും അല്ലാതെയും കൂട്ടിപ്പിണഞ്ഞു കിടക്കുന്നു എന്നും ഉള്ള യഥാൎത്ഥത്തെ ഈ ഉപമ ധ്വനിപ്പിക്കുന്നില്ല. വിവിധശാസ്ത്രങ്ങളും തമ്മിൽ തമ്മിൽ ചുറ്റിപ്പിണഞ്ഞാണു കിടക്കുന്നത്; ഓരോന്നിൽനിന്നും അനവധി ശാഖകൾ പുറപ്പെടുകയും ഓരോന്നും മറ്റുള്ളവയുടെ പല ശാഖകളുമായി കെട്ടുപിണയുകയും ചെയ്യുന്നു. ഈ കൂട്ടിപ്പിടുത്തം കാലം ചെല്ലുംതോറും അധികമധികമാവുകയും അധികം കെട്ടുപിണച്ചിലോടുകൂടിയിരിക്കയും അധികം പടൎന്നു പിരിഞ്ഞുവരികയും ചെയ്യുന്നു. കാലക്രമേണ ഓരോ ശാസ്ത്രങ്ങളുടെയും പ്രതിപാദ്യവിഷയം പിരിഞ്ഞുപിരിഞ്ഞു ചുരുങ്ങിവരുന്നു; അതുനിമിത്തം അധികമധികമായ സാമാന്യവിധികളും അവ കണ്ടെത്തുന്നു. ഓരോ ശാസ്ത്രങ്ങളും വിഷയങ്ങളെ കാലക്രമേണ അധികമധികം ചുഴിഞ്ഞു നോക്കുന്നു; അതുനിമിത്തം വിവിധവിഷയങ്ങൾക്കു തമ്മിലുള്ള ബന്ധം അധികമധികം അറിയപ്പെടുന്നു. അധികമധികം സാമാന്യങ്ങളായ ഓരോ വിധികളും അനവധി വ്യക്തിവിഷയങ്ങളെ മുമ്പെത്തെക്കാളധികം ഉയൎത്തിക്കൊണ്ടു വരുന്നുണ്ട്. അധികം നല്ലതായ ഓരോ ഉൽഗ്രഥനവിധികളും അധികം ചുഴിഞ്ഞു നോക്കുന്നതിന്നുള്ള വഴിയും കാണിച്ചു കൊടുത്തിട്ടുണ്ട്.

ഇനി നമ്മൾക്കു മുമ്പെ സൂചിപ്പിച്ചതായ ശാസ്ത്രോൽപത്തിവിവരണമെന്ന പ്രവൃത്തിയിൽ പ്രവേശിക്കാം. ശാസ്ത്രജ്ഞാനം സാധാരണജ്ഞാനത്തിൽനിന്നു ജനിച്ചു ക്രമേണ വളൎന്നതാണെന്ന നിലയിൽ നിന്നുകൊണ്ടാണ് ഇവിടെ നിരൂപണം ചെയ്യുവാൻ പോകുന്നത്. ഞങ്ങൾ ഈ വിഷയത്തെ പ്രതിപാദിക്കുന്നതു കാലക്രമത്തെ അനുസരിച്ചു ക്രമേണ വികാസത്തെ പ്രാപിക്കുന്ന ഒരു അന്തഃകരണസംസ്കാരവിശേഷത്തെയെന്നപോലെയാണ്. എന്നാൽ അതോടുകൂടിത്തന്നെ ജ്ഞാനത്തിന്നു വിഷയങ്ങളുടെ സ്വരൂപസ്വഭാവങ്ങളെപ്പറ്റിയ ഭാവിദൎശനത്തിന്നുള്ള സാമൎത്ഥ്യംകൂടി സിദ്ധിച്ചപ്രകാരത്തെയും പറഞ്ഞുകൊണ്ടു പോകുന്നതാണ്. സ്ഥൂലങ്ങളായ വിഷയങ്ങളിൽനിന്നു ഭാവൈകഗമ്യങ്ങളായ വിഷയങ്ങളിലേക്കുള്ള കയറ്റത്തെയും അപ്രകാരമുള്ള ഭാവൈകഗമ്യങ്ങളായ പരമാൎത്ഥതത്ത്വങ്ങളെ, പുതിയവയായ സ്ഥൂലവിഷയങ്ങളെ പരിശോധിക്കുന്നതിന്നായി വിനിയോഗിക്കുന്നപ്രകാരത്തെയും സാമാന്യവിധികളും വിശേഷവിധികളും ഒപ്പത്തിനൊപ്പം വളരുന്നുവെന്നതിനേയും ശാസ്ത്രങ്ങളുടെ ഇടവിടാതെ കണ്ടു വൎദ്ധിച്ചുവരുന്ന അവാന്തരവിഭാഗങ്ങളെയും അവയുടെ വീണ്ടും വീണ്ടുമുള്ള സംയോഗങ്ങളേയും നിരന്തരമായി വളരുന്ന അവയുടെ ഐക്യത്തെയും ഞങ്ങൾ വിവരിച്ചു പ്രതിപാദിക്കുന്നതാണ്.

സി. വി. രവിശങ്കരരാജാ.

# സർ. ശേഷയ്യശാസ്ത്രി

(൨)

ശേഷയ്യന് ഈ ഉന്നതി ലഭിച്ചതു സേവാബലംകൊണ്ടല്ല. തന്റെ ജോലികൾ നേരായും സ്ഥിരോത്സാഹത്തോടും ജാഗ്രതയോടും കൂടിയും നടത്തി മേലധികാരികൾക്കു തന്റെ മേൽ തൃപ്തിയും വിശ്വാസവും ജനിപ്പിച്ചതുകൊണ്ടാണ് ശേഷയ്യൻ ഈ നിലയിൽ വന്നത്. ശേഷയ്യന്റെ ഭാഗ്യംകൊണ്ടാണ് അദ്ദേഹം ഈ നിലയിലെത്തിയത് എന്നു ചിലർ പറയുമായിരിക്കാം. എന്നാൽ ഭാഗ്യം എന്നതു സ്ഥിരോത്സാഹപൂർവ്വമായ പരിശ്രമത്തിന്റെ ഒരു പര്യായമായി വിചാരിക്കപ്പെടുന്നപക്ഷം ശേഷയ്യന്റെ ഭാഗ്യംകൊണ്ടുതന്നെയാണ് അദ്ദേഹം ഈ സ്ഥിതിയിലെത്തിയത് എന്നു സമ്മതിക്കാവുന്നതാണ്. 'ഉത്സാഹിനംപുരുഷസിംഹമുപൈതി ലക്ഷ്മീർദ്ദൈവേനദേയമിതികാപുരുഷാവദന്തി' (സ്ഥിരോത്സാഹത്തോടുകൂടി പ്രവർത്തിക്കുന്ന പുരുഷനു സകലസമ്പത്തുകളും ഉണ്ടാവുന്നു. യാതൊരു യത്നവും ചെയ്യാതെ 'എല്ലാം ഈശ്വരൻ തരും' എന്നു മൂഢന്മാരും കൊള്ളരുതാത്തവരും മാത്രമേ വിശ്വസിക്കയുള്ളു.)'

ശിരസ്തദാര് എന്നു വെച്ചാൽ വാസ്തവത്തിൽ കലക്ടർ തന്നെയാണ്. ശേഷയ്യൻ ഉദ്യോഗങ്ങൾ തക്കതായ ആളുകൾക്കു കൊടുക്കുകയും കൊള്ളരുതാത്തവരെ പണിയിൽനിന്നു പിരിക്കുകയും ചെയ്തു. അക്കാലത്തു കലക്ടരുടെ കച്ചേരി കുടിയിരുന്നതും മാത്രിതന്നെയായിരുന്നു. ഈ പതിവു ശേഷയ്യൻ മാററി. ആ ജില്ലയിലുള്ള എല്ലാ കച്ചേരികളും സന്ധ്യയോടുകൂടി പിരിയേണമെന്നു ശേഷയ്യൻ നിശ്ചയം ചെയ്തു. ഇതു നാട്ടുകാർക്കു വളരെ ഉപകാരമായിത്തീർന്നു.

കലക്ടരുടെ കച്ചേരിയിലെ റിക്കാട്ടുകൾ വളരെ ഈട്ടംകൂടി കച്ചേരിയുടെ ഓരോ മൂക്കുകളിൽ കിടന്നിരുന്നു. പഴയ റിക്കാട്ടുകൾ നോക്കി തിരഞ്ഞെടുക്കാൻ അസാദ്ധ്യമായിരുന്നു. റിക്കാട്ടുകളുടെ ഇടയിലായിരുന്നു എലികളുടെ വാസം. എലികളെ പിടിക്കാൻ വേണ്ടി ഗവമേണ്ടു ചിലവിന്മേൽ (മാസം 3-ക. യായിരുന്നു ചിലവ്) ഒരു പൂച്ചയെ വളർത്തിയിരുന്നു. എന്നാൽ ഇതുകൊണ്ട് എലികളുടെ ബാധ നിന്നില്ല. പൂച്ച സർക്കാർ ചിലവിന്മേൽ തടിച്ചുതുടങ്ങി. എലികളെ പിടിക്കാതെയായി. അതിനാൽ പൂച്ചയ്ക്കു സർക്കാരിൽ നിന്നു ചിലവു കൊടുക്കാൻ പാടില്ലെന്നും പട്ടിണി കിടക്കുന്ന പൂച്ചയേ എലിയെ പിടിക്കുള്ളു എന്നും പറഞ്ഞു ശേഷയ്യൻ പൂച്ചയ്ക്കുള്ള ചിലവു നിർത്തൽ ചെയ്തു. പൂച്ചയെ റിക്കാട്ടുകീപ്പറുടെ സ്ഥാനത്തിൽനിന്നു ഭ്രഷ്ടനാക്കി. റിക്കാട്ടുകളെല്ലാം കഴിയുന്നവിധത്തിൽ പരിശോധിപ്പിച്ച് അവയെ ഒരുവിധം ക്രമപ്പെടുത്തി വെപ്പിച്ചു.

തന്റെ സ്വന്തം വസതിയിൽവെച്ചു ഉദ്യോഗകാര്യസംബന്ധമായി ആരേയും കാണില്ലെന്നു ശേഷയ്യൻ തീർച്ചയാക്കി. കച്ചേരി പിരിഞ്ഞു വന്നാൽ ഒന്നുരണ്ടു മണി

ഉച്ചനേരം ഒരു ശാസ്ത്രികളെക്കൊണ്ടു വിശേഷപ്പെട്ട ഗ്രന്ഥങ്ങൾ വായിപ്പിച്ച് അൎത്ഥം പറയിക്കും. ഇങ്ങിനെ ശേഷയ്യൻ സംസ്കൃതഭാഷയിൽ ഒരുവിധം ലോകവ്യുല്പത്തി സമ്പാദിച്ചു. ശങ്കരാചാൎയ്യസ്വാമികളുടെ കൃതികളായ ആത്മബോധം, അദ്വൈതമകരന്ദം എന്നിവ ശേഷയ്യനു വളരെ രസകരങ്ങളായിരുന്നു.

നോബൽ എന്ന ഒരു പാതിരിയുടെ ആദ്ധ്യക്ഷ്യത്തിൽ മസൂലിപട്ടണത്തിൽ ഒരു മിഷ്യൻ സ്കൂൾ വളരെ നല്ല സ്ഥിതിയിൽ നടത്തപ്പെട്ടിരുന്നു. 1856-ാമാണ്ടിൽ പാതിരിമാർ ചില വിദ്യാൎത്ഥികളെ 'മാൎഗ്ഗത്തിൽ കൂട്ടാൻ' ശ്രമിച്ചു. ഇതിനെപ്പററി നാട്ടുകാൎക്കു വളരെ അതൃപ്തിയും വിരോധവും ദ്വേഷ്യവും ഉണ്ടാവുകയും, മേലിൽ ഇങ്ങിനെ വരാതിരിപ്പാനുള്ള മാൎഗ്ഗം ആലോചിപ്പാൻവേണ്ടി അവർ വളരെപ്പേർ ചേൎന്നു ഒരു സഭ കൂടി ഒരു പുതിയ സ്കൂൾ ഏൎപ്പെടുത്താൻ തീൎച്ചയാക്കുകയും ചെയ്തു. സ്കൂളിനു 'ഹിന്തു ഹൈ സ്കൂൾ' എന്നു പേരിടുകയും അതിന്റെ കൈകാൎയ്യകൎത്തൃത്വം ഒരു കമ്മിററിയിൻകീഴിൽ ആക്കുകയും ശേഷയ്യനെ പ്രസിഡെണ്ടാക്കി നിശ്ചയിക്കുകയും ചെയ്തു. 1868-ാമാണ്ടുവരെ ശേഷയ്യൻ പ്രസിഡെണ്ടിന്റെ നിലയിൽ സ്കൂൾകാൎയ്യങ്ങൾ വളരെ ശുഷ്കാന്തിയോടുകൂടി നടത്തി സ്കൂളിനെ നല്ല സ്ഥിതിയിലാക്കി. 1868-ാമാണ്ടിൽ ശേഷയ്യൻ പ്രസിഡെണ്ടുസ്ഥാനം രാജി കൊടുത്തു. തനിക്ക് ആ ഡിസ്ത്രിക്ടിലേക്കു മടങ്ങി വരാൻ തരമില്ലാതെ വന്നതിനാലും ആ ഡിസ്ത്രിക്ടിലുള്ള ഒരുവൻ തന്നെ പ്രസിഡെണ്ടായാൽ മാത്രമേ കാൎയ്യങ്ങൾ നല്ലവണ്ണം നടക്കുകയുള്ളു എന്ന വിചാരത്താലും ആണ് ശേഷയ്യൻ പ്രസിഡെണ്ടുസ്ഥാനം രാജിവെച്ചത്. 1858-ാമാണ്ടിൽ 'നിരുപമഗുണശ്രീമതി ശീമറാണി'യായിരുന്ന വിക്ടോറിയാ മഹാരാജ്ഞി, താൻ തന്നെ ഇന്ത്യാരാജ്യഭരണം കമ്പനിക്കാരിൽനിന്നു ഏററുവാങ്ങിയപ്പോൾ മഹാരാജ്ഞിക്കു മസൂലിപട്ടണനിവാസികൾ അയച്ച മംഗളപത്രം തയ്യാറാക്കിയതു ശേഷയ്യനായിരുന്നു. അത് ഇന്ത്യാരാജ്യത്തിൽനിന്നു അയക്കപ്പെട്ട മംഗളപത്രങ്ങളിൽവെച്ച് ഒന്നാംകിടയായിരുന്നു. അതിന്റെ വിശേഷം നിമിത്തം അന്നത്തെ സ്റ്റേറ്റുസിക്രട്ടറി അതിനെ മഹാരാജ്ഞിതിരുമനസ്സിലേക്കു നേരിട്ടു അയച്ചുകൊടുത്തു.

1857-ാമാണ്ടിൽ നാട്ടുകാരിൽ ചിലരെ ഡിപ്യൂട്ടികലക്ടർമാരാക്കി നിശ്ചയിച്ച കൂട്ടത്തിൽ ശേഷയ്യനെ 350 ക. ശമ്പളമായി നെല്ലൂർ ഖജാന ഡിപ്യൂട്ടികലക്ടരായി നിശ്ചയിച്ചു. 1859-ാമാണ്ടിൽ ഇനാം കമ്മിഷ്യൻ ഏൎപ്പെടുത്തിയപ്പോൾ ശേഷയ്യൻ, രങ്കചാർലു, മാക്ഹാം ഇവരെ ആ ജോലിക്കു നിശ്ചയിച്ചു. രങ്കചാർലുവിനേയും മാക്ഹാമിനേയും ശേഷയ്യന്റെ കീഴെയാണു നിശ്ചയിച്ചത്. അതിനെപ്പററി ശേഷയ്യൻ ഗവൎമ്മേണ്ടിലേക്കു ഹരജി കൊടുക്കുകയും അന്നത്തെ ഗവൎണ്ണരായ സർ. ചാൾസ് ട്രെവില്യൻ ശേഷയ്യനു ഉടനെ തന്നെ കയററം കൊടുക്കുകയും 500 ക. ശമ്പളമാക്കിക്കൊടുക്കുകയും ചെയ്തു. ശേഷയ്യൻ ഏഴുകൊല്ലം ഇനാം കമ്മിഷ്യനിൽ പണി എടുത്തു. ഇനാംദാൎക്കു വളരെ അതൃപ്തി കൂടാതെ അവരുടെ കാൎയ്യങ്ങൾ തീൎച്ചപ്പെടുത്തിയതു

ശേഷയ്യന്റെ സാമൎത്ഥ്യംകൊണ്ടും നയംകൊണ്ടും തന്നെയായിരുന്നു. ഈ കാലത്താണ് ശേഷയ്യന്റെ രണ്ടു സഹോദരിമാർ മരിച്ചത്. ശേഷയ്യന് അവരിൽ വളരെ സ്നേഹമായിരുന്നു. അവൎക്ക വേണ്ട ചിലവുകളും അവരുടെ പുത്രന്മാരുടെ പഠിപ്പിന്നുള്ള ചിലവുകളും ശേഷയ്യനാണ് ചെയ്തുവന്നിരുന്നത്. ശേഷയ്യന്റെ അമ്മയ്ക്കു പ്രായമായിരുന്നതുകൊണ്ടു തന്റെ ജന്മഭൂമിയായ തഞ്ചാവൂർ ജില്ലയിലേയ്ക്കു മാററം കിട്ടിയാൽ കൊള്ളാമെന്ന് അദ്ദേഹം അപേക്ഷിക്കുകയും ഗവൎമ്മേണ്ട് അദ്ദേഹത്തിന്റെ അപേക്ഷയെ കയ്ക്കൊള്ളുകയും ചെയ്തു. 1866-ാമാണ്ടിൽ ശേഷയ്യൻ തഞ്ചാവൂരിലേയ്ക്കു മാറിപ്പോയി. അദ്ദേഹം മാറിപ്പോകുന്ന അവസരത്തിൽ അദ്ദേഹത്തിന്റെ കീഴ്‌ദ്യോഗസ്ഥന്മാർ അദ്ദേഹത്തിന്നു ഒരു മംഗളപത്രവും ഒരു വെള്ളിത്തളികയും സമ്മാനിച്ചു. ശേഷയ്യൻ തഞ്ചാവൂരിൽ മൂന്നു കൊല്ലം പണിയെടുത്തു. സ്വാതേയുള്ള 600 ക. ശമ്പളത്തിന്നു പുറമെ അഷ്വറൻസ് രജിസ്റ്റ്രാരുടെ നിലയിൽ 150 ക. കൂടി ശേഷയ്യനു കിട്ടിയിരുന്നു. തന്റെ പുതിയ ആപ്പീസ്സിലുള്ള അഴിമതികളെല്ലാം ശേഷയ്യൻ നിൎത്തൽ ചെയ്തു. ശേഷയ്യനെ തഞ്ചാവൂർ മുൻസിപ്പാലിട്ടിയിലെ വൈസ് പ്രസിഡെണ്ടായി നിശ്ചയിച്ചു. മുൻസിപ്പാലിട്ടിയുടെ സ്ഥിതി വളരെ മോശത്തിലായിരുന്നു. നിരത്തുകൾ കുണ്ടുംകുഴിയുമായും നിരത്തുവക്കിലുള്ള ചാലുകൾ ചളികൊണ്ടു നിറഞ്ഞും കിടന്നിരുന്നു. ശേഷയ്യന്റെ ഉത്സാഹത്തിന്മേൽ നിരത്തുകളെല്ലാം നല്ല സ്ഥിതിയിലാക്കപ്പെട്ടു. തഞ്ചാവൂർ ജില്ലയിൽ വളരെ നാഴിക ദൂരം നല്ല നിരത്തുകൾ ഉണ്ടാക്കിച്ചു. ഈ കാലത്തു വെന്നാർ പുഴവക്കിലുള്ള ഒരു എടപ്പിലാണു ശേഷയ്യൻ താമസിച്ചിരുന്നത്. വൈകുന്നേരത്ത് ഒന്നുരണ്ടു സ്നേഹിതന്മാരൊന്നിച്ചു ശേഷയ്യൻ പുഴമണലിൽക്കൂടി നടക്കുക പതിവായിരുന്നു. നിലാവുള്ള രാത്രികളിൽ നദിയുടെ പുളിനപ്രദേശങ്ങളിൽ കിടന്നു ശേഷയ്യൻ പ്രകൃതിദേവിയുടെ രമണീയതയെ ആസ്വദിച്ചിരുന്നു. ഇങ്ങിനെ മൂന്നു കൊല്ലം പരമാനന്ദത്തോടുകൂടി കഴിഞ്ഞു. ഈ കാലത്താണ് ശേഷയ്യന്റെ അമ്മ മരിച്ചത്. 1868-ൽ ശേഷയ്യൻ മദിരാശി സൎവ്വകലാശാലയിലെ ഒരു സാമാജികനായി. 1869-ാമാണ്ടിൽ റവന്യൂ ബോർഡിലെ ശിരസ്തദാർ മരിച്ച ഒഴിവിന്നു ശേഷയ്യനെ നിശ്ചയിച്ചു. ഈ പണി നല്ല മനസ്സോടുകൂടിയല്ല ശേഷയ്യൻ സ്വീകരിച്ചത്. തനിയ്ക്കു തഞ്ചാവൂരിലിരിയ്ക്കുമ്പോൾ 750 ക. ശമ്പളമുണ്ടായിരുന്നു. റവന്യൂ ബോർഡു ശിരസ്തദാൎക്ക 800 ക. ശമ്പളമായിരുന്നു. മദിരാശിയിൽ താമസിയ്ക്കാൻ ചിലവു വളരെ അധികം വേണ്ടിവരും. ശമ്പളത്തിൽ 50 ക. യേ കൂടുതലുള്ളുതാനും. ഈ കാലത്തിന്നു ശരിയ്ക്കു 20 കൊല്ലം മുമ്പാണ് ശേഷയ്യൻ റവന്യൂ ബോർഡിൽ ഒരു ഗുമസ്തനായിച്ചേൎന്നത്. ശിരസ്തദാരുടെ ശമ്പളം 800 ക. യിൽനിന്നു 1000 ക. യാക്കി. റവന്യൂ ബോർഡു മെമ്പ്രന്മാൎക്ക ശേഷയ്യന്റെ പേരിൽ വളരെ തൃപ്തിയുണ്ടായിരുന്നു. ശേഷയ്യൻ മദിരാശിയിൽ വളരെ സുഖമായി താമസിച്ചു. മഹാപ്രസിദ്ധന്മാരായ മുത്തുസ്വാമിഅയ്യര്, രാമയ്യങ്കാര്, മെൻസൽറാവു, രഘുനാഥറാവു മുതലായവർ അക്കാലത്തു മദിരാശിയിൽത്തന്നെയായിരുന്നു.

ഇവരെല്ലാവരും മൈലാപ്പൂരിലായിരുന്നു താമസിച്ചിരുന്നത്. കച്ചേരികൾ പിരിഞ്ഞാൽ ഇവരെല്ലാവരുംകൂടി മുത്തുസ്വാമിഅയ്യരുടെ മഠത്തിൽ ഒത്തുകൂടും. പല വിഷയങ്ങളെക്കുറിച്ചും സംസാരിച്ചുകൊണ്ടിരിക്കും. 1872-ാമാണ്ടിൽ ഒരുദിവസം രാവിലെ മദ്രാശി ഗവൎണ്ണർ ശേഷയ്യനെ ഗിണ്ടിയിലേയ്ക്കു വിളിച്ചു വരുത്തി തിരുവിതാംകൂർ ദിവാൻജി ആയിരിക്കാൻ മനസ്സുണ്ടോ എന്നു ചോദിച്ചു. ശേഷയ്യൻ കുറെ സംശയിച്ചതു കണ്ട് 'ഇങ്ങിനെ ഒരു ഉയൎന്ന പദവി സാമാന്യക്കാൎക്കു കിട്ടുന്നതല്ലെന്ന് ഓൎമ്മവെക്കേണ്ടതാണ്' എന്നു ഗവൎണ്ണർ വീണ്ടും പറഞ്ഞു. ശേഷയ്യൻ തന്റെ സ്നേഹിതന്മാരുമായി ആലോചിച്ചതിന്റെ ശേഷം പിറെറന്നു രാവിലെ ഗവൎണ്ണരുടെ സന്നിധിയിൽ പോയി ദിവാൻജി ആയിരിക്കാൻ സമ്മതമാണെന്നു പറഞ്ഞു. അതുപ്രകാരം ശേഷയ്യൻ തിരുവിതാംകൂർ ദിവാൻജിയായി.

നാടുനീങ്ങിയ ആയില്യം തിരുനാൾ മഹാരാജാവായിരുന്നു അക്കാലത്തു തിരുവിതാംകൂർ രാജ്യം ഭരിച്ചിരുന്നത്. ശേഷയ്യനു മുമ്പു ദിവാനായിരുന്ന സുപ്രസിദ്ധനായ മാധവരായരുമായിട്ടു മഹാരാജാവിന്നു നല്ല സുഖമുണ്ടായിരുന്നില്ല. അതുകൊണ്ടാണ മാധവരായര് ദിവാൻജി ഉദ്യോഗം രാജിവെച്ചത്. ഒരു കൊല്ലം കഴിഞ്ഞശേഷം ശേഷയ്യനെ ദിവാൻജിപ്പണിയ്ക്കു സ്ഥിരപ്പെടുത്താമെന്നായിരുന്നു നിശ്ചയം. ആയില്യം തിരുനാൾ തമ്പുരാന് അഹിതമായിട്ട് ആരും ഒന്നും പറഞ്ഞുകൂടാ. 'ഇന്ദ്രനോടൊക്കും സ്വാമി ചന്ദ്രനോടൊക്കും ഭവാൻ' എന്നെല്ലാം സേവ പറയുന്നവരെ തമ്പുരാന്നു നല്ല ഇഷ്ടമായിരുന്നു. മാധവരായർ നല്ല പ്രാപ്തനും കാൎയ്യസ്ഥനുമായിരുന്നു എങ്കിലും അദ്ദേഹത്തിന്നു സേവ പറവാൻ അറിഞ്ഞുകൂടായിരുന്നു. ജനങ്ങളെ വശീകരിച്ച് നയത്തിൽ കാൎയ്യം നേടാനുള്ള സാമൎത്ഥ്യം ശേഷയ്യനെപ്പോലെ ആൎക്കും ഉണ്ടായിരുന്നില്ല. മഹാരാജാവിന്ന് അനിഷ്ടംകൂടാതെയും കാൎയ്യങ്ങൾക്കു മോശം വരാതെയും ശേഷയ്യൻ രാജ്യകാൎയ്യങ്ങൾ നടത്തിവന്നു. മാധവരായർ ദിവാൻജി ആയിരുന്നപ്പോൾ തന്റെ സേവകനായ ഒരു തെലുങ്കുബ്രാഹ്മണന് ഒരു പണി കൊടുപ്പാൻ മഹാരാജാവു വളരെ ശ്രമിച്ചു. മാധവരായരുടെ തടസ്ഥംകൊണ്ടു തമ്പുരാന്റെ അഭിലാഷം സാധിച്ചില്ല. ശേഷയ്യൻ ദിവാൻജിയായ ഉടനെ ഒരു മുൻസിപ്പിന്റെ പണിയ്ക്കു ഒഴിവു വന്നു. തന്റെ മനോരഥം പൂൎത്തിയാക്കാൻ ഇതുതന്നെ നല്ല അവസരം എന്നു നിശ്ചയിച്ചു മഹാരാജാവ് ആ തെലുങ്കു ബ്രാഹ്മണനെ മുൻസിപ്പു പണിക്കു നിയമിച്ചു തീട്ടൂരം കൊടുത്തു. അതു സദർ കോടതിയിലേയ്ക്ക് അയപ്പാനായി ദിവാൻജിയ്ക്ക് അയച്ചു. ശേഷയ്യൻ ഈ ബ്രാഹ്മണനെപ്പററി അന്വേഷണം ചെയ്തപ്പോൾ ഈ സാധുവിന് എഴുതാനും വായിയ്ക്കാനും കൂടി അറിയില്ലെന്നു മനസ്സിലാക്കി തീട്ടൂരം തന്റെ പെട്ടിയിൽ സൂക്ഷിച്ചുവെച്ചു. പിന്നെ കുറെ ദിവസം കഴിഞ്ഞു തിരുമുമ്പാകെ ചെന്നപ്പോ 'എന്താണ് തീട്ടൂരം ഇതുവരെയായ്ക്കണ സദർകോടതിയിലേയ്ക്ക് അയക്കൽ ഇത്ര' എന്നു തമ്പുരാൻ ശേഷയ്യനോടാകന്മാർ.

ച്ചു. പണിത്തിരക്കകൊണ്ട് ഇതുവരെ അയയ്ക്കാൻ സാധിക്കാത്തതാണെന്ന ശേഷയ്യൻ മറുപടി പറഞ്ഞു. പിന്നെ തിട്ടം ദയവുചെയ്തു ചിന്തിക്കേണ്ടതാൽ കൊള്ളാമെന്ന ശേഷയ്യൻ മഹാരാജാവിനോട് അപേക്ഷിച്ചു. 'നല്ല കാര്യമായി. എന്നാൽ പിന്നെ എന്റെ വാക്കിന് എന്തു വിലയാണുള്ളത്? ഞാൻ ഈ പൌവലിന്റെ ശിഷ്യന്മാരെക്കൊണ്ടു കഴങ്ങി' എന്ന മഹാരാജാവു അരുളിച്ചെയ്തു. 'യാതൊരു പ്രാപ്തിയും ഇല്ലാത്തവനെ പണിയ്ക്കുവെച്ചാൽ അതിന്റെ കേട് അവിടെയ്ക്കു തന്നെ അല്ലേ? തമ്പുരാൻ രാജ്യവാസികളുടെ ഗുണം നോക്കാതെ തന്റെ സേവകനെ വളരെ ബാദ്ധ്യതയുള്ള ഒരു ജോലിയ്ക്കു വെച്ചു എന്ന ജനങ്ങൾ അധിക്ഷേപിയ്ക്കുമല്ലോ. എന്നാൽ അവിടുത്തെ സേവകനായ ഈ ബ്രാഹ്മണനു വേറെ ഒരു പണി കൊടുക്കാം' എന്ന ശേഷയ്യൻ പറഞ്ഞു. അതെങ്ങിനെയാണെന്ന മഹാരാജാവു ചോദിച്ചു. 'പത്മനാഭസ്വാമിക്ഷേത്രം വകയായി അനേകായിരം പണം ചിലവുചെയ്തു കേട്ടിട്ടുള്ള അഗ്രശാല മഹാ മോശസ്ഥിതിയിലായിരിയ്ക്കുന്നു. അതിന്റെ മേലന്വേഷണത്തിനായി ഇദ്ദേഹത്തെ നിശ്ചയിയ്ക്കാം' എന്നു പറഞ്ഞ് അപ്പോൾ തന്നെ അദ്ദേഹത്തെ ആ പണിയ്ക്കു നിശ്ചയിച്ചു. മുൻസിപ്പിന്റെ പണിയേക്കാൾ തനിയ്ക്കു അധികം ബോദ്ധ്യമായത് ഈ പണിയാണെന്ന് അദ്ദേഹം സമ്മതിച്ചു. മഹാരാജാവിനും ഉത്തമതൃപ്തിയായി. ശേഷയ്യന്റെ നയജ്ഞസ്ഥിരതയെപ്പറ്റി ഒരു ഉദാഹരണം കൂടി ഇവിടെ പറയാം. ആയില്യം തിരുനാൾ മഹാരാജാവിന്റെ പരിചാരകന്മാരിലൊരുവൻ ഒരു ദിവസം ഒരാളെ പ്രഹരംകൂട്ടി. അയാൾ മജിസ്ത്രേട്ടുകോടതിയിൽ അന്യായം കൊടുത്തു. കാര്യം തെളിഞ്ഞതുകൊണ്ടു മജിസ്ത്രേട്ട് അയാളെ ശിക്ഷിയ്ക്കാൻ തീർച്ചയാക്കി. പരിചാരകൻ മഹാരാജാവിന്റെ അടുക്കൽ ആവലാതി പറഞ്ഞു. മഹാരാജാവ് ഉടനെ തന്നെ ഈ കേസ്സിലെ റിക്കാർട്ടുകൾ അയയ്ക്കാനായി മജിസ്ത്രേട്ടിനു കല്പന അയച്ചു. 'തിരുവായയ്ക്കു എതിർവായ ഇല്ലല്ലോ.' മജിസ്ത്രേട്ടു റിക്കാർട്ടുകൾ സന്നിധിയിലേയ്ക്കു അയച്ചുകൊടുത്തു. എന്നാൽ മജിസ്ത്രേട്ട് ഈ വിവരം ദിവാൻജിയെ അറിയിയ്ക്കുകയും ചെയ്തു. മഹാരാജാവു തന്റെ പരിചാരകൻ കുറ്റക്കാരനല്ലെന്ന് അഭിപ്രായപ്പെട്ട് ഒരു വിധിന്യായം എഴുതി. ദിവാൻജി തിരുമുമ്പാകെ ചെന്നപ്പോൾ ഈ വിവരം മഹാരാജാവ് അദ്ദേഹത്തോടു പറഞ്ഞു. മഹാരാജാവിന്റെ ഈ പ്രവൃത്തി ശരിയായില്ലെന്ന ശേഷയ്യൻ അഭിപ്രായപ്പെട്ടു. 'എനിയ്ക്കു ഇതിന് അധികാരമില്ലെന്നോ നിങ്ങൾ പറയുന്നത്' എന്ന മഹാരാജാവു ചോദിച്ചു. അധികാരമില്ലെന്ന താൻ പറയുന്നില്ല എന്ന ശേഷയ്യൻ മറുപടി പറഞ്ഞു. 'ഒരു മഹാരാജാവിന്റെ പദവി എവിടെ? ഒരു മജിസ്ത്രേട്ടിന്റെ സ്ഥിതി എവിടെ? ഒരു മജിസ്ത്രേട്ടിന്റെ പ്രവൃത്തി ഒരു മഹാരാജാവു നടത്താൻ തുടങ്ങിയാലത്തെ കഥ എന്താണ്?' എന്ന ശേഷയ്യൻ ആത്മഗതമായി മഹാരാജാവിനു കേൾക്കത്തക്കവണ്ണം പറഞ്ഞു. ഈ വാക്കുകൾ തമ്പുരാന്റെ മനസ്സിൽ നല്ലവ

ണ്ണം തട്ടി. തന്റെ പ്രവൃത്തി ശരിയല്ലെന്ന് അദ്ദേഹത്തിന്നു ബോദ്ധ്യം വന്നു. 'ഞാൻ വിധിന്യായം എഴുതിയല്ലൊ. ഇനി എന്താണ് ചെയ്യേണ്ടത്?' എന്നു മഹാരാജാവു ശേഷയ്യനോട് ചോദിച്ചു. ഒരുത്തു ചിന്തിക്കഞ്ഞാൽ മതിയെന്നു ദിവാൻജി ഉത്തരം പറഞ്ഞു. റിക്കാട്ടുകൾ മടങ്ങിവന്ന ഉടനെ മജിസ്ത്രേട്ടു തമ്പുരാന്റെ പരിചാരകനെ ശിക്ഷിയ്ക്കുകയും ചെയ്തു.

അക്കാലത്തു തിരുവിതാംകൂറിലെ സൎക്കാരുദ്യോഗസ്ഥന്മാരുടെ ശമ്പളം വളരെ കുറവായിരുന്നു. ശമ്പളം വളരെ കുറവായിരുന്നതുകൊണ്ട് ഉദ്യോഗസ്ഥന്മാരുടെ എടയിൽ കൈക്കൂലി ധാരാളമായിരുന്നു. അതിനാൽ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടേണ്ടതാണെന്നു ദിവാൻജി ശിപാൎശ ചെയ്തു, എങ്കിലും മഹാരാജാവിന്ന് അത് ഒട്ടും സമ്മതമായിരുന്നില്ല. ശേഷയ്യന്റെ പിടുത്തംകൊണ്ട് ഒടുക്കം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടാൻ മഹാരാജാവു സമ്മതിച്ചു. അക്കാലത്ത് എഴുത്തുകുത്തുകളെല്ലാം ഓലയിലായിരുന്നു. ക്രി. അ. 1874-ാമതു മുതല്ക്ക് അതു മാററി എല്ലാ എഴുത്തുകുത്തുകളും കടലാസ്സിലാക്കി. തിരുവനന്തപുരത്തുള്ള പത്മതീൎത്ഥത്തിലെ വെള്ളം വളരെ ചീത്തയായിരുന്നു. അതിലേയ്ക്കു വെള്ളം കൊണ്ടുവന്നിരുന്ന കൊച്ചാറ് എന്ന തോട് മിക്ക ദിക്കിലും തൂൎന്നിരുന്നു. ശേഷയ്യൻ ഈ തീൎത്ഥം ചേറെടുപ്പിച്ചു വെടുപ്പാക്കി. തോടു നല്ലവണ്ണം ഉഴിയിപ്പിച്ചു പത്മതീൎത്ഥത്തെ നിൎമ്മലജലംകൊണ്ടു പൂൎണ്ണമാക്കിത്തീൎത്തു.

ഇങ്ങിനെ രണ്ടുമൂന്നു കൊല്ലം കഴിഞ്ഞു. മഹാരാജാവിന്നു ശേഷയ്യന്റെ പേരിൽ കുറേശ്ശ അതൃപ്തി തോന്നിത്തുടങ്ങി. ഉദ്യോഗസ്ഥന്മാരെ നിശ്ചയിക്കുന്നതു താനായിരിയ്ക്കണം എന്നായിരുന്നു തമ്പുരാന്റെ പിടുത്തം. മഹാരാജാവു ചെയ്ത ചില നിശ്ചയങ്ങളെ ദിവാൻജി സമ്മതിച്ചില്ല. 1877-ാമതിൽ ശേഷയ്യൻ ദിവാൻജിയായിട്ട് അഞ്ചു കൊല്ലമായി. ദിവാൻജിപ്പണിയ്ക്കു തിരുവിതാംകൂർ നാട്ടുകാരനെ വെക്കേണമെന്നായിരുന്നു തമ്പുരാന്റെ മനസ്സ്. അദ്ദേഹം ശേഷയ്യശാസ്ത്രിക്കു പകരം ദിവാൻപേഷ്കാരായിരുന്ന നാണുപിള്ളയെ നിശ്ചയിച്ചു. ശേഷയ്യൻ ദിവാൻജിപ്പണി രാജിവെച്ചതിന്റെ ശേഷം താൻ കാവേരീതീരത്ത് ഏകദേശം ഒരു ലക്ഷം ഉറുപ്പിക ചിലവിട്ടു പണിചെയ്യിച്ച മനോഹരമായ കെട്ടിടത്തിൽ താമസം തുടങ്ങി.

കെ. കുഞ്ഞുണ്ണിനായർ ബി. എ; ബി. എൽ.

---

# ഹൈന്ദവവീരധൎമ്മം

---

വീരധൎമ്മനിഷ്ഠയുള്ള ഹിന്ദുക്കളിൽ പ്രാധാന്യമുള്ളവരായിരുന്നു രജപുത്രന്മാർ. വിശ്രവിശ്രുതനായിരുന്ന വിക്രമാദിത്യമഹാരാജവിന്റെ മരണശേഷം, വീരധൎമ്മാചരണത്തിൽ ഇത്രമാത്രം പ്രസിദ്ധിയുള്ള രാജാക്കന്മാർ.

ഏതൽകാലപൎയ്യന്തം, മറെറാരു രാജകുലത്തിലും അവതരിച്ചിട്ടില്ലെന്നു പറയാവുന്നതാണ്. പ്രാചീനകാലത്തു രാജസ്ഥാനം, വാസ്തവത്തിൽ, വീരധൎമ്മത്തിന്റെ ഇരിപ്പിടമായിരുന്നു. അന്നു ഒരു രജപുത്രന്റെ ഹൃദയത്തിൽ പ്രധാനമായി സ്ഥലം പിടിച്ചിരുന്നത്, അവന്റെ കുതിരയും, കുന്തവും, ഭാൎയ്യയും മാത്രമായിരുന്നു എന്നു, കൊളോണൽടോഡ് പ്രസ്താവിച്ചിരിക്കുന്നു.

ആപത്തിൽ അകപ്പെട്ട തങ്ങളുടെ രാജാവിനെ സഹായിക്കാൻ സംശയിച്ച തന്റെ പുത്രന്മാരോട് ഒരു രജപുത്രസ്ത്രീ ഉപദേശിച്ചതു കേൾക്കുക!—'എന്റെ കുഞ്ഞുങ്ങളേ, നിങ്ങൾ അനുഭവിക്കുന്ന ഉപ്പും ചോറും ആരുടേതെന്നറിഞ്ഞ്, അദ്ദേഹത്തോടു നന്ദിയുള്ളവരായിരിക്കുക! നിങ്ങളുടെ രാജാവിനുവേണ്ടി നിങ്ങളുടെ ശിരസ്സിനെ ഉപേക്ഷിക്കുക. പ്രകാശമാനമായ ആ വിജയമകുടം നിങ്ങൾക്കു ലഭിക്കുമോ, ഇല്ലയോ എന്നു സംശയിക്കുകയേ വേണ്ട!' അറംഗ്സീബു ചക്രവൎത്തിയാൽ പരാജിതനാക്കപ്പെട്ട മഹാരാജജസ്വണ്ട്സിംഗ്, തന്റെ പ്രാസാദത്തിലേയ്ക്കു തിരിച്ചു ചെന്നപ്പോൾ, ഉദയപുരത്തിലെ റാണയുടെ പുത്രിയായ അദ്ദേഹത്തിന്റെ ഭാൎയ്യ, അദ്ദേഹത്തിന്റെ നഗരപ്രവേശത്തെ തടയുകയും, മഹാത്മാവായ റാണയുടെ ജാമാതാവായിരിക്കുന്നതിനു യോഗ്യത അയാൾക്കില്ലാത്തതുകൊണ്ട് അയാൾ, തന്റെ ഭൎത്താവല്ലെന്നു പറയുകയും ചെയ്തു. കൃഷ്ണകുമാരിയിലെ മഹാരാജാവിന്റെ പുത്രിയായിരുന്ന സംയുക്തയുടെ കഥയും ഈ അവസരത്തിൽ സ്മരണീയമാകുന്നു.

പാശ്ചാത്യന്മാൎക്കു ഹിന്ദുസമുദായത്തെപ്പററി എത്രതന്നെ ദുരഭിപ്രായമുണ്ടായിരുന്നാലും, ആധുനികകാലത്തും ഹിന്ദുക്കളുടെ ഇടയിൽ വീരധൎമ്മത്തിനു ധാരാളം പ്രചാരമുണ്ടെന്നഭിമനിക്കാതെ, നമുക്കു നവൃത്തിയില്ല. 'പാതിവ്രത്യം പരമധൎമ്മം ഭാൎയ്യ' എന്ന തത്വത്തെ ഇന്നത്തെ രജപുത്രന്മാരും ദൃഢമായി വിശ്വസിച്ചിട്ടുണ്ട്. അവർ, ഭാൎയ്യമാരോടാലോചിക്കാതെ ഒന്നും പ്രവൎത്തിക്കമാറില്ല. അവരുടെ ശുഭശകുനങ്ങൾ, സ്വന്തം പ്രണയിനികളുടെ സന്തോഷസമ്പൂൎണ്ണങ്ങളായ ഭാവവിലാസങ്ങളത്രെ! ബംഗാൾ നിവാസികളായ ഹിന്ദുക്കൾക്കു സ്ത്രീകളോടുള്ള ബഹുമാനം വാചാമഗോചരമാകുന്നു. അവർ, സ്ത്രീകളുടെ പേരുകളോടു 'ദേവി' എന്ന പദം കൂട്ടിച്ചേൎത്തു വിളിക്കുന്നു. ശ്രീമതി സ്വൎണ്ണകുമാരീദേവി, പ്രിയംവദാദേവി മുതലായ നാമധേയങ്ങൾ സുപ്രസിദ്ധങ്ങളാണല്ലോ.

വസിഷ്ഠന്റെയും മനുവിന്റെയും കാലങ്ങളിൽ എത്ര ഉൽകൃഷ്ടമായ ഒരു സ്ഥാനമാണ് ഒരു ഹിന്ദുജനനിക്കനുവദിച്ചിരുന്നതെന്ന്, ഞാൻ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചിട്ടുണ്ടല്ലോ. അമ്മമാരെ സംബന്ധിച്ചേടത്തോളം ഇന്നും ആ സ്ഥിതിക്ക് ഒരു വ്യതിയാനവും സംഭവിച്ചിട്ടില്ലെന്ന്, ഹിന്ദുസമുദായത്തോട് അടുത്തു പരിചയമുള്ള ഏതൊരാൾക്കും അറിയാവുന്നതാണ്. ലോകത്തിലുള്ള വിവിധജനസമുദായങ്ങൾ, തങ്ങളുടെ മാതാക്കന്മാരോടു പെരുമാറുന്ന രീതിയെക്കുറിച്ചു, "മാക്സ്ഓറൽ" എന്ന മഹാൻ ഇങ്ങനെ എഴുതിയിരിക്കുന്നു:— "ഫ്രാൻസിൽ,

മാതൃസ്നേഹവും ബഹുമാനവും താഴ്ന്ന തരം കൃഷിക്കാരുടേയോ, വേലക്കാരുടേയോ ഇടയിൽ കാണപ്പെട്ടേയ്ക്കാം. ഇംഗ്ലണ്ടിൽ, പുത്രിമാർ അവരെ പ്രഹരിക്കുകയും, ചിലപ്പോൾ ഗൃഹത്തിൽനിന്നാട്ടിയോടിക്കുകയും ചെയ്യുവരുന്നു. ഇതിന്റെ വാസ്തവത്തെപ്പററി സംശയമുള്ളവർ,ഏതെങ്കിലും ഒരിംഗ്ലീഷുവൎത്തമാനപത്രം തുറന്നു നോക്കി വായിച്ചു, തന്നെത്താൻ തൃപ്തിപ്പെട്ടുകൊള്ളട്ടെ! ഹിന്തുക്കളുടെ ഇടയിൽ, അമ്മമാർ, അവരുടെ അവസാനകാലത്തെ സമാധാനലബ്ധിക്കു കാരണഭൂതന്മാരായ സന്താനങ്ങളാൽ ചുററപ്പെട്ട്, ഇഹലോകവാസം വെടിയുന്നു. ഇവിടെ, ഇംഗ്ലണ്ടിൽ, അവർ ദേഹശക്തി മുഴുവൻ നശിക്കുന്നതുവരെ വേല ചെയ്യുന്നു; ഒടുവിൽ യാതൊരുപയോഗവുമില്ലാത്ത, വെറും ഗൃഹോപകരണങ്ങൾക്കു സദൃശികളായിത്തീൎന്നു, ലോകത്തിൽനിന്നു മറയുകയും ചെയ്യുന്നു.”

ഒരു ഹിന്തുകുടുംബത്തിലെ ഗൃഹനായിക അമ്മയോ, അവരുടെ അഭാവത്തിൽ മൂത്ത സഹോദരിയോ ആകുന്നു. നായകൻ, പുത്രനോ സഹോദരനോ ആയിരിക്കും. അവരുടെ ഭാൎയ്യ, പരിപൂൎണ്ണസൌഹാൎദ്ദത്തോടെ, നായികയുടെ വാത്സല്യപൂൎവ്വമായ ശാസനയിൽ, അഥവാ സംരക്ഷണയിൽ, വസിക്കേണ്ടിയിരിക്കുന്നു. പാശ്ചാത്യന്മാരുടെ കുടുംബജീവിതരീതി ഇങ്ങനെ അല്ല. ഒരു വേഡ്സ്‌വൎത്തൊ, ലാംബോ ബ്രഹ്മചൎയ്യാശ്രമത്തെ അവലംബിച്ചു, സഹോദരീസമേതം താമസിച്ചിട്ടുണ്ടായിരിക്കാം. എന്നാൽ അതിനെ, ഒരു നിയമത്തെക്കാൾ വ്യത്യസ്തമായി ഗണിക്കാനാണ്, അധികം സാംഗത്യമുള്ളത്.

സ്വന്തം ഭാൎയ്യയെക്കാൾ തന്റെ ജനനീസഹോദരികളെ കൂടുതൽ സ്നേഹിക്കുകയും, ബഹുമാനിക്കുകയും ചെയ്യയാണൊ വീരധൎമ്മം എന്നൊരു ചോദ്യത്തിന് ഇവിടെ അവകാശമുണ്ട്. ഒരു ഹിന്തുവിന് അവന്റെ ഭാൎയ്യയോട് എത്ര സ്നേഹവാത്സല്യങ്ങൾ ഉണ്ടായിരുന്നാലും ജനനീസഹോദരികളെ സംബന്ധിച്ച അവന്റെ മനോഭാവം ഒന്നു വേറെ തന്നെയാകുന്നു. അവൻ, ജനനവേള മുതലേ അവരെ സ്നേഹിക്കാൻ തുടങ്ങുന്നു. അതിനാൽ അതു, കാലാന്തരത്തിൽ, അവന്റെ കടമകളിൽ ഒന്നായിത്തീരുകയും ചെയ്യുന്നു. പരിശുദ്ധവും, സ്വാൎത്ഥരഹിതവും ആയ സ്നേഹം, അതു മാത്രമാണ്. അമ്മ, ഉടപ്പിറന്നവൾ മുതലായവരേക്കാൾ അധികമായി തന്റെ ഭാൎയ്യയെ സ്നേഹിക്കുന്ന ഒരാളെ, ഹിന്തുക്കൾ സ്വാൎത്ഥതൽപരനെന്നു വിളിക്കുന്നതാണ്. യൂറോപ്യന്മാർ ഭാൎയ്യമാരുടെ അടിമകളാകുന്നു. ഈ അടിമത്തം, നിൎമ്മലസ്നേഹത്താൽ ഉണ്ടാകുന്നതല്ല: കേവലം മൃഗസാധാരണമായ ആസക്തിയാണ്, അവരെ ഈ നിലയിൽ ആക്കിത്തീൎത്തിട്ടുള്ളത്. യഥാൎത്ഥവീരധൎമ്മം, ഇത്തരം കളങ്കങ്ങൾക്കു കാരണമായിരിക്കുകയില്ല. അതിനാൽ വാസ്തവവീരധൎമ്മത്തിൽ കൂടുതൽ പ്രസക്തി ഹിന്തുക്കളുടെ ഇടയിലാകുന്നു, എന്നാണ് എന്റെ അഭിപ്രായം. ഇതുകൊണ്ടു ഹിന്തുസമുദായത്തിൽ ദാമ്പത്യബന്ധത്തിനു പ്രാബല്യമില്ലെന്നു തെററിദ്ധരിക്കേണ്ടതില്ല. ഇതു സംബന്ധിച്ചു മഹാശയനായ ഒരു ബങ്കാളി വി

ഭോൻ അഭിപ്രായപ്പെട്ടിട്ടുള്ളതു നോക്കുക:— "ശരാശരിക്കണക്കു നോക്കിയാൽ അമംഗളവിവാഹങ്ങളുടെ എണ്ണം, ഇന്ത്യയിലെക്കാൾ ഇംഗ്ലണ്ടിലും, ഇംഗ്ലണ്ടിലേക്കാൾ അമേരിക്കയിലും അധികമാണ്. ആറു വൎഷത്തെ സൂക്ഷ്മപരിശോധനയിൽനിന്ന്, ഇംഗ്ലണ്ട് അമേരിക്ക മുതലായ രാജ്യങ്ങളിൽ ഇത്തരം വിവാഹങ്ങളുടെ എണ്ണം കൂടുന്നതിനു ഞാൻ കണ്ടുപിടിച്ചിട്ടുള്ള കാരണം, നവീനപരിഷ്കാരത്തിനനുസരിച്ച് അന്യന്മാരുടെ സന്തോഷസന്താപങ്ങളെ ഗണിക്കാതെ സ്വന്തം സൌഭാഗ്യത്തെ മാത്രം കരുതി ഇഷ്ടംപോലെ വിവാഹം ചെയ്യുന്ന ഏൎപ്പാടിന് അവിടങ്ങളിൽ കണ്ടുവരുന്ന പ്രചാരാധിക്യമാകുന്നു."

ഹിന്ദുക്കളുടെ ദാമ്പത്യബന്ധത്തിന്റെ അടിസ്ഥാനം മതമാണ്; നിയമമല്ല. അവർ വിവാഹത്തെ, ഒരു സംസ്കാരകൎമ്മമായി ഗണിച്ചിരിക്കുന്നു. ഭാൎയ്യാഭൎത്തൃബന്ധം പരലോകത്തിൽ ചെന്നാലും ഉണ്ടായിരിക്കുന്നതാണെന്നാകുന്നു, ഹിന്ദുക്കളുടെ വിശ്വാസം. വിവാഹാവസരത്തിൽ വരൻ ഉച്ചരിക്കുന്ന മന്ത്രത്തിന്റെ സാരം ആലോചിച്ചാൽ, ദേഹദേഹികൾക്കുള്ള സംബന്ധം ഹൈന്ദവഭാൎയ്യാഭൎത്താക്കന്മാൎക്കും ഉണ്ടെന്നു കാണാവുന്നതാണ്.

സമുദായാംശങ്ങളുടെ സന്മാൎഗ്ഗനിഷ്ഠ വീരധൎമ്മപ്രചാരത്തിനു സഹായിക്കുമെങ്കിൽ, ഹിന്ദുസമുദായം, ആ വിഷയത്തിലും ഒട്ടും പിന്നോക്കമല്ല. പാശ്ചാത്യന്മാർ, ഹിന്ദുസ്ത്രീകളെ, വ്യഭിചാരിണികളെന്നുതന്നെ വിളിച്ചുകൊള്ളട്ടെ! നാം ജനിക്കുന്നതുതന്നെ ബധിരന്മാരായിട്ടാകുന്നു; അഥവാ, ചില കാരണങ്ങളാൽ, നാം ബധിരത്വം കൈക്കൊള്ളേണ്ടിയിരിക്കുന്നു. അതിനാൽ അവരുടെ പരിഹാസ 'കൂക്കിവിളി'കളും, അഭിനയങ്ങളും നാം കേൾക്കുകയോ, കാണുകയോ ചെയ്യുന്നില്ലെന്നു വിചാരിച്ചുകളയാം. അവരുടെ രഹസ്യങ്ങളെല്ലാം 'അറിവോരറിയ'ട്ടെ!

വൈദിക, പൌരാണികകാലങ്ങളിൽ ഹൈന്ദവവനിതകൾക്കു പൊതുജനങ്ങളുമായി സ്വാതന്ത്ര്യത്തോടെ സംഭാഷണം ചെയ്യുന്നതിനും, പെരുമാറുന്നതിനും കഴിഞ്ഞിരുന്നു എന്ന് ഞാൻ മുമ്പുതന്നെ ഉപപാദിച്ചിട്ടുണ്ടല്ലോ. ഇപ്പോഴും അവരുടെ ആ സ്വാതന്ത്ര്യത്തിനു യാതൊരു ഭംഗവും ഉണ്ടായിട്ടില്ല. ആധുനികകാലത്ത് അവരിൽ ചില വൎഗ്ഗക്കാർ മൂടുപടം ഉപയോഗിക്കാറുള്ളത് ഒരാക്ഷേപമായി ചിലർ വിചാരിക്കുന്നുണ്ട്. അത് അവരുടെ അസ്വാതന്ത്ര്യത്തിന്റെ ലക്ഷണമല്ല. താത്താരന്മാർ ഇന്ത്യയിൽ പ്രവേശിച്ചു കുടിപാൎപ്പു തുടങ്ങിയപ്പോൾ ഹിന്ദുസ്ത്രീകൾ, തങ്ങളുടെ മാനത്തെ രക്ഷിക്കുന്നതിനായി, അവരെ അനുകരിച്ചു പൎദ്ദാസമ്പ്രദായം സ്വീകരിച്ചെന്നേ ഉള്ളു. മഹമ്മദീയരുമായി അധികം സംസൎഗ്ഗം ചെയ്യേണ്ടിവന്നതു, രജപുത്രജാതിക്കാൎക്കായിരുന്നു. അതിനാൽ ആദ്യമായി ഈ സമ്പ്രദായം നടപ്പായതും, അവരുടെ ഇടയിലാണ്. ബംഗാളിലും മഹമ്മദീയഭരണം വളരെക്കാലത്തേക്കു നിലനിന്നിരുന്നു. അതുകൊണ്ടാണ് അവിടേയും ഈ ഏൎപ്പാടിന് അധികം പ്രചാരമുണ്ടായത്. പക്ഷേ ഉയൎന്ന ജാതിക്കാർ മാത്രമേ, ഈ സമ്പ്രദായത്തെ അനുഷ്ഠിച്ചുവരുന്നുള്ളു. അ

യും ഉത്സവസ്ഥലങ്ങളിലും മററും പോകുന്നതിനും, സംഘങ്ങളിൽ ഹാജരാകുന്നതിനും വിരോധമില്ല. ബംഗാളികളുടെ ഭാൎയ്യാസ്നേഹം പ്രസിദ്ധമാണ്; 'ഹണിമൂൺ' (Honeymoon) കഴിയുമ്പോഴേക്കും അതു നശിച്ചുപോകുന്നില്ല. തങ്ങളുടെ ഭൎത്താക്കന്മാരുടെ സകാശത്തിൽ വച്ചുതന്നെ, അന്യപുരുഷന്മാരെ ചുംബിക്കുകയും, അവരുമായി സ്നേഹപൂൎവ്വം സല്ലപിക്കുകയും മററും ചെയ്യലെങ്കിൽ മാത്രമേ ഹൈന്ദവവനിതകൾക്കു സ്വാതന്ത്ര്യവും, ബഹുമാനവും ഉണ്ടാവുകയുള്ളുവെങ്കിൽ, ആ ഗുണങ്ങൾ അവൎക്കു വേണ്ടതന്നെ! അത്തരം സ്വാതന്ത്ര്യങ്ങളൊന്നും അവൎക്കില്ലെന്നു, വേണമെങ്കിൽ, അഭിമാനപൂൎവ്വം സമ്മതിക്കുകയും ചെയ്യേക്കാം.

പ്രാചീനഭാരതത്തിൽ, ബഹുഭാൎയ്യത്വം രാജാക്കന്മാരുടെ ഇടയിൽ മാത്രമേ പ്രചാരമുണ്ടായിരുന്നുള്ളു. ഇഷ്ടംപോലെ ഭാൎയ്യമാരെ പുതുക്കുന്ന സമ്പ്രദായം, ഇന്ത്യയിൽ ഇല്ലായിരുന്നെന്നുതന്നെ പറയാം. മനുസ്മൃതിപ്രകാരം, ദ്വിതീയവിവാഹം അപൂൎവ്വം ചില സന്ദൎഭങ്ങളിലേ അനുവദിക്കപ്പെട്ടിരുന്നുള്ളു. "ഭാൎയ്യ, മദ്യപായിനിയോ, വ്യഭിചാരിണിയോ, കുടിലഹൃദയയോ, ജീവിതത്തെ നേരാംവണ്ണം നയിക്കുന്നതിനു തക്ക ശക്തിയില്ലാത്തവളോ; അല്ലെങ്കിൽ ഭൎത്താവിന്റെ അഭിമതങ്ങളെ അനുസരിക്കാത്തവളോ, പണം മോഷ്ടിച്ചെടുക്കുന്നവളോ ആണെങ്കിൽ, ഒരാൾക്കു, വീണ്ടും വിവാഹം ചെയ്യാവുന്നതാണ്. അവൾ വന്ധ്യയാണെങ്കിൽ എട്ടാമത്തെ വൎഷത്തിലും, ചത്ത കുട്ടികളെ മാത്രം പ്രസവിക്കുന്നെങ്കിൽ പത്താംകൊല്ലത്തിലും, പെൺകുട്ടികളെ മാത്രമെങ്കിൽ പതിനൊന്നാം വൎഷത്തിലും, കലഹപ്രിയയാണെങ്കിൽ ഉടൻതന്നെയും ഒരാൾക്കു വീണ്ടും വിവാഹം ചെയ്യാം. ഭാൎയ്യ പതിവ്രതയും, സുശീലയും എന്നാൽ, ബലഹീനയുമാണെങ്കിൽ, അവളുടെ അനുവാദത്തോടുകൂടി ഒരു ഹിന്ദുവിനു വീണ്ടും വിവാഹം കഴിക്കാം. പക്ഷെ, ഒരു പ്രകാരത്തിലും അവൾ അധിക്ഷേപപാത്രമായിത്തീൎന്നുകൂട."

'സതി' എന്ന ഘോരകൎമ്മം ഹിന്ദുസ്ത്രീകളെക്കൊണ്ടു ചെയ്യിച്ചുവന്നു എന്നുള്ളതു വാസ്തവം തന്നെ. അതു, സിതിയന്മാരിൽനിന്നു ഹിന്ദുസമുദായത്തിലേക്കു സംക്രമിച്ചതാകുന്നു. * ഇത്തരം കഠിനകൎമ്മങ്ങൾ, പതിനെട്ടാം ശതാബ്ദത്തിന്റെ അവസാനം വരെ, ഗ്രേറ്റുബ്രിട്ടനിലും അനുഷ്ഠിച്ചുവന്നിരുന്നു. വൈദികകാലത്ത് ഈ സമ്പ്രദായം, ഇന്ത്യയിൽ അറിയപ്പെട്ടിരുന്നില്ല. ഭൎത്തൃമരണത്തിനുശേഷം ജീവിച്ചിരുന്നു, വല്ല അപമാനങ്ങളും ദുഃഖങ്ങളും സഹിക്കേണ്ടിവരുന്നതിനെക്കാൾ നല്ലതു, പരലോകത്തിൽ ഭൎത്താവിനോട് ഐക്യം പ്രാപിച്ചുകൊള്ളാമെന്ന വിശ്വാസത്തോടെ ഇഹലോകം വെടിയുകയാണ്, എന്നു ഹിന്ദുസ്ത്രീകൾ കരുതിവന്നിരുന്നു. ഈ വിശ്വാസം, ഹിന്ദുക്കളുടെ വീരധൎമ്മത്തിന്റെ പരിമാണത്തെ വൎദ്ധിപ്പിക്കുന്നതാണെന്നാകുന്നു എന്റെ അഭിപ്രായം.

* See on this subject Buckley's "History of Civilisation," vol. I. P. 364, note and Lecky's "Rise of Rationalism chap. I. vol.

‘സതി’ തുടങ്ങിയ ഘോരകർമ്മങ്ങൾ ഉത്ഭവിച്ചതും, അന്നത്തെ ഭരണാധികാരികളായിരുന്ന മഹമ്മദീയരുടെ കഠിനഹൃദയത്വംകൊണ്ടുതന്നെ ആയിരുന്നു. അവരുടെ ഉപദ്രവം ഇല്ലാതായതോടുകൂടി അവയ്ക്കും നാശം സംഭവിച്ചു. കൂടാതെ, ഇന്ത്യയിലെ ഒരു വൈസ്രായി ആയിരുന്ന ലാർഡ് വില്യം ബൻറിക്ക്, 1829-ൽ ഈ മാതിരി കർമ്മങ്ങൾക്കെതിരായി ഒരു നിയമം പാസ്സാക്കിയതിനാൽ ഇപ്പോൾ അവ, രജപുത്രസമുദായത്തിൽനിന്നു നിശ്ശേഷം മാഞ്ഞുപോയിരിക്കുന്നു.

കെ. എസ്സ്. പരമേശ്വരൻപിള്ള.

---

## * ജനത്തിൽനിന്നു
# കദനത്തിലേക്ക്

---

കാലത്തോറുകളിച്ചുകാലനിയമംതെറ്റാതെകണ്ടേറിടും-
കാലത്തോളമറിഞ്ഞമാതിരിഭേദാസ്യംവഹിക്കുംവിധൌ
കാലക്കേടിനുകീഴടങ്ങിമരുവുന്നിക്കാല,മെന്നല്ലതു-
ക്കാലല്ലാതൊരുനാളുമില്ലടിയനാലംബംതിരാണേശ്വര!

പൂമാതൊടൊത്തുമുദമേനിപുണന്റെപുണ്യ-
ധാമാവുറങ്ങുമളവന്തിമയാമവേദി
വാമാർദ്രശംഖനിനദംകളിരെശ്രവിച്ചു
രോമാഞ്ചകഞ്ചുകമണിഞ്ഞുതെളിഞ്ഞിടുംഞാൻ

‘ശ്രീകേശവായനമ’യെന്നൊഴുനീറുനാമ-
സങ്കീർത്തനങ്ങൾദുരിതാപഹരങ്ങൾചൊല്ലി
പങ്കേരുഹാക്ഷപദപല്ലവതല്ലജംതൊ-
ട്ടാകേശമാകുലമകന്നകതാരിലോക്കും.

ഇന്നാകിലാസ്സമയമാമയമേറിടുംമാ-
റൊന്നായ്നിലാവിലൊലിചേർത്തുസൃഗാലജാലം
പൊന്നാനിപാടുവതുശങ്കിടികൊണ്ടുനായ്ക്കൾ
സന്നാഹമൊത്തലകണത്തുവതാണുകേൾപ്പൂ.

എന്താണിതെത്രദിനമാണിവിടെക്കിടന്നു
സന്താപവഹ്നിയിലെരിഞ്ഞുപൊരിഞ്ഞിടേണ്ടു
കാന്താരവാസമിതിലുംസുഖമെന്നുതൊട്ടു-
ചിന്താഭരംമനസിസന്തതമേന്തിടുന്നു.

അക്കാലമർക്കനുദയാദ്രിയിലേറിടുംമു-
മ്പേല്ക്കാതെയില്ലഗണനായകഹോമധൂമം

---

* ഒരു നോട്ടുബുക്കിൽ നിന്ന്.

ചിൽക്കാതലായതിരുവാനപുരേശപരന്റെ
ത്തൃക്കാലണഞ്ഞുപണിയാത്തദിനങ്ങളില്ല. ൬

ഇക്കാലമക്കമലിനീരമണന്റെതാപ-
മേല്ക്കാതെയേല്ക്കുകിലനത്ഥമതെന്നുവൈദ്യൻ
വക്കാണമോടുപറയുന്നതുകേട്ടപാര-
മുൾക്കാമ്പുവാടിവിധിയെന്നുകിടന്നിടുംഞാൻ. ൭

സഞ്ജാതഹഷമനിമേഷർപണിഞ്ഞിടുന്ന
മഞ്ജീരശിഞ്ജിതമനോഹരപാദപത്മം
പുഞ്ജീകൃതാഞ്ജനസമാനമശേഷനേത്ര-
സഞ്ജീവനംസുകൃതിസൽകൃതചാരുജംഘം. ൮

സന്ധ്യാസ്സുനൽക്കനകഭംഗികവന്നചെന്താർ-
കാന്തന്റെകാന്തിയെഴുമംബരമംബുവിങ്കൽ
സന്ധിച്ചവീചിനിചയക്കളിയേററചന്തം-
ചിന്തുന്നപീതമൃദുകോമളമാംദുകൂലം. ൯

ആകാശവീഥിയിൽനിരത്തിനവാണിഭത്തി-
ലാകാരമൊത്തപലതാരകരത്നജാലം
രാകാശശാങ്കമണിചേൎന്നുവിളങ്ങിടുമ്മാ-
റേകാന്തകാന്തമണികിങ്കിണികമ്മനോജ്ഞം. ൧൦

വ്യോമാങ്കണത്തിലൊഴുകുംസുരഗംഗയല്ല,
ഭൂമിക്കുചുററുമെഴുമാഴിയതാകയില്ല,
പൂമാതണച്ചകരവല്ലിയതല്ലി,തെന്തോ
ദാമോദരോദരവിഭൂഷണമായബന്ധം. ൧൧

നാനാചരാചരനികേതനമാദിപത്മ-
നാരായവേരുനളിനാസനസന്നിവാസം
നാദാത്മകാത്മനിലയംനിഖിലാണ്ഡനാഥ-
നാഭീപുടംപരമപാവനപങ്കപൂരം. ൧൨

മൂലോകമൂലതലമൂഴിയുമാഴിമാത്തു-
മാലോലനീലമിഴികൊണ്ടുഴിയുംപ്രദേശം
ത്രൈലോക്യമോഹനമഹോത്രിവലീവിലോല-
മാലോകനാമൃതമയോദരമത്യുദാരം. ൧൩

താരങ്ങ,ളമ്പിളി, സുരാപഗ,ദുഗ്ദ്ധപാരാ-
വാരപ്പരപ്പിവപയോദതലേപതിച്ച്
ഹാരാവലീകവചമാലകളെന്നകള്ള-
പ്പേരാൎന്നണിഞ്ഞതിരുമാറിടമേററരമ്യം. ൧൪

(തുടരും)

# ഒരു ഗ്രന്ഥവരി.*

൫. ൯൩൯-ാമത എഴുതിയതായി ൫൭-ാം ഏടിൽ.

൨. പട്ടിക്കാട്ട ഊട്ടിലേക്ക ൯൩൨ൽ തീട്ടരപ്രകാരം കൊടുത്ത നെല്ല വാങ്ങീട്ടില്ല. കുറെ നെല്ല തിരുവോണവാരത്തിന്ന പലിശയായിട്ട.

൩. ൯൩൩-ൽ തീട്ടരപ്രകാരം പനഞ്ചകത്ത കൃഷി ഇലക്കം പാട്ടത്തിന്ന് (ഏട് ൨൦.)

൪. ൧൦൦ ഇരിക്കുന്ന പറമ്പും ഞാറൂപട്ടിയും ഇ അതൃത്തിക്കകത്തുള്ള ഉഭയവും ഇമലക്കകത്തുള്ള കാടും ഇതൊക്കയും കുഴിക്കാട്ടീന്ന തീപ്പെട്ട വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു ഗുരുദക്ഷിണയായി തന്നിരിക്കുന്നതത്രെ ആകുന്നത. അലയേരി ശേഖരപ്പിള്ളിയുടെ തറവാട്ടും ഉൽപത്തിയും പറമ്പുകളും ആറു ദെശവും ദേശാധിപത്യവും ഇതുംവണ്ണം തന്നെ ഗുരുദക്ഷിണ തിരുമനസ്സുകൊണ്ടു തന്നത. ഒക്കെ ജന്മം. (ഏ. ൨൨-൨൩)

൬. മൂക്കാട്ടദെശത്ത ആറില്ലവും അമ്പലവും വസ്തുവും (ഏ. ൨൩). നല്ലങ്കരദേശത്ത് ൫൨ ഇല്ലം. [illegible] ക്കെ കിഴക്കെ പുറത്തിന്ന നമ്പിയം എന്ന പെര വെറെയുണ്ട. അങ്ങിനെയുള്ള ദേശവും അവിടെയുള്ള ഉൽപത്തിയും ആധിപത്യവും മൂക്കാട്ടുകര ദെശത്ത അഞ്ചുമൊല ചെങ്കൊമ്പും കെണാറിപ്പണി, കൊളത്തിക്കണ്ണൻ ഇങ്ങിനെയുള്ള സ്ഥാനങ്ങളും ദെശത്തുവിത്ത കാല് പലവും. നല്ലങ്കരെ ദെശത്ത കീഴെക്കം. മൂക്കാട്ടുകര ദെശത്തെസ്സ ദെശവാഴിസ്ഥാനവും നാടുവാഴിസ്ഥാനവും ഉണ്ട. ആജായ്മസ്ഥാനവും ഉണ്ട. (ഏ. ൨൪. ൨൫. ൨൭.) ഒക്കെ കുഴിക്കാട്ടിൽ തീപ്പെട്ട വലിയതമ്പുരാൻ കല്പിച്ചുകൊടുത്തത.

൭. യടവണ്ടെന്ന പടിഞ്ഞാട്ട ചാലുതാത്തിയ വകക്ക ചെലവിന്ന പണ്ടാരവകെക്ക നിലം വച്ചുകൊടുത്തു. (ഏ. ൪൫)

൮. മൂക്കാട്ടുകരെ ദെശത്തും നല്ലങ്കരയും കുന്നത്തുങ്കരെയും മണ്ണാരപാടിക്കാൻ നമ്മുടെ ആള കൂടെ നിന്നിട്ട വെണം. അയിനിക്കൂററിലെയും പുന്നത്തുരെയും മനുഷ്യവും വെണം. പെററില കെട്ട പകുത്തുകൊടുപ്പാൻ നമ്മുടെ ആള കൂടെ നിന്നിട്ട വെണം. വിശേഷിച്ച മൂക്കാട്ടുകരെ ദെശത്ത അഞ്ചുമൊല ചെങ്കൊമ്പ പുവാലയെരിമ കെണാറിപ്പണി കൊളത്തിക്കണ്ണൻ ഇതൊക്കെയും നമുക്കത്രെ വെണ്ടത. പന്നിയെ കൊന്നാൽ ഇതൊക്കെയും കളരിഭഗവതിയുടെ നടക്കൽ വക്ക എന്നുള്ള പ്രകാരത്തിൽ വലിയതമ്പുരാൻ തിരുമനസ്സുകൊണ്ടു കല്പിച്ചുവച്ചിരിക്കുന്നതത്രെ ആകുന്നത. മൂക്കാട്ടുകരെ ദെശം പറവട്ടാനി നാട്ടിൽ കൂടീട്ടില്ല. ദേശം ആയിട്ടത്രെ തിരുമനസ്സുകൊണ്ടു കല്പിച്ചു തന്നിരിക്കുന്നു. മൂക്കാട്ടുകരെ

---

* മേപ്പറമ്പുറത്തു പണിക്കര് (പമ്പാൻ എന്നുകൂടി സ്ഥാനം) നമ്പൂതിരി വക [illegible] (൨൭)-ാം നമ്പർ ഗ്രന്ഥവരി. അക്ഷരങ്ങളെല്ലാം കണ്ടപടി ചെത്തിരിക്കുന്നു.

ദെശത്ത മാപ്പിളമാരുടെ കല്യാണത്തിന ഇവിടെ കളരിക്കൽ വന്നിട്ട വെററിലകെട്ട വച്ചിട്ട വെണം കെട്ടാൻ. നമുക്ക അടിയാര പത്തവീട്ടിൽ ശൂദ്രര രണ്ട വെളക്കത്തെടം രണ്ട വെലൻ ഒരു വെളുത്തെടൻ ഇങ്ങിനെ ആകുന്നത. (ഏ. ൪൯– ൫൦. ൭൧–൭൨.)

വ്യ. നമുക്ക ആചാൎയ്യസ്ഥാനവും ഗ്രാമ്യ സ്ഥാനവും പരദൈവവും കൂടി കൊലമ്പിള്ളി സമ്പ്രദായത്തിങ്കൽനിന്ന തന്നിരിക്കുന്നു. കൊലമ്പിള്ളി സമ്പ്രദായത്തിലെക്ക ഗ്രാമ്യ കളരിപ്പാടത്രെ ദ്രൊണാചാൎയ്യര കൊടുത്തിരിക്കുന്നത. അതിൽ പ്രധാനമായിട്ടത്രെ നമ്മുടെ കളരി കൊലമ്പിള്ളി സമ്പ്രദായത്തിൽ ആളില്ലാത്തതിനാൽ ദ്രൊണാചാൎയ്യര കൊടുത്ത ഗ്രന്ഥവും പൊന്നിയും പാരമ്പൎയ്യമായുള്ള തെവാരവും ഇതൊക്കെയും എടുത്തുകൊണ്ട ആ സമ്പ്രദായമായ സ്ഥാനമൊക്കെയും നമുക്ക നടക്കാം. ഇങ്ങിനെയത്രെ ആ സമ്പ്രദായത്തിങ്കൽ വച്ചിരിക്കുന്നത. നാമുക്കുള്ള സ്ഥാനങ്ങൾ പെരുമ്പടപ്പിൽ ചിത്രകൂടത്തിങ്കൽ (ചിത്രകൂടം എന്ന വെച്ചാൽ വന്നെരി), പാലിയത്ത ശങ്കരക്കൊതകയ്മള, വാഴെക്ക കയ്മള, പാട്ടത്തിൽ പണിക്കര, പുന്നത്ത കുറുപ്പ, മാങ്ങാഴി കുറുപ്പ, അവിണംമൂരി പണിക്കൻ–(അത മുടിഞ്ഞ മാങ്ങാഴി കുറുപ്പിന്ന കൊടുത്തിരിക്കുന്നു.) ആ വകയത്രെ. ചവളക്കാര (ശിഷ്യർ) കുറുപ്പിന്റെ ശിഷ്യര കൊളങ്ങരെ പണിക്കര, കെളത്തച്ചൻ, മണത്തച്ചൻ (മണക്കൊട്ടച്ചൻ)– യൊഗത്തിങ്കൽ യൊഗഗുരുസ്ഥാനം. ഇതിൽ പാലിയത്തച്ചന്മാര ദത്തരായതിൽ പിന്നെ അവിടെ ഒരു സ്ഥാനവും നടന്ന പൊരുന്നതുമില്ല. പുന്നത്ത കുറുപ്പിന്റെ അവിടെ കുറുപ്പ ഇങ്ങൊട്ട പിഴക്കകൊണ്ട അവിടെയും പൊകാറില്ല. കെളത്തും മണവത്തും കൂടീട്ട കളരി ഒന്നെയുള്ളു. അവിടെ മൂപ്പും എളമയും. അങ്ങിനെ ഇരുവര കൊലുംപുറ്വും എടുക്കും. (കലശം കഴിച്ച പുവ്വ കൊടുക്കുക.) ആ മൂപ്പിലെ കാലം കഴിഞ്ഞാൽ പിന്നെയും നാടുവാഴി ആകകൊണ്ട അങ്ങിനെ തന്നെ കൊലും പുവ്വും എടുത്താരം. മാങ്ങാഴി കുറുപ്പിന്റെ അവിടെയും കൊളങ്ങരെ പണിക്കരും എല്ലാവരും കൊലും പുവ്വും കൊടുക്കും. യൊഗത്തിങ്കൽ പടിഞ്ഞാറെ പക്ഷക്ക ഗുരു കൊളങ്ങരെ പണിക്കര. കിഴക്കെ പക്ഷക്ക പൊക്കാട്ട പണിക്കര. (ഈ തറവാട ഇപ്പൊഴും ഉണ്ട.) നമുക്ക യൊഗഗുരുസ്ഥാനം. പക്ഷ രണ്ടുംകൂടി കച്ചകെട്ടിക്കുമ്പൊൾ പക്ഷക്കാര കച്ചകെട്ടിക്കമാറില്ല. ഇങ്ങത്രെ കച്ചകെട്ടിക്കുണ്ടത. കൊവിലകത്ത കച്ചപ്പടം ചാൎത്തുടത്ത എന്നുള്ള ക്രിയ കഴിഞ്ഞെ തിരുമാടം പുറപ്പാടുള്ളു. അങ്ങിനെ കീഴമര്യാദി. കൊലും പുവ്വും എടുക്ക എന്നുള്ള സ്ഥാനം തിരുമൂപ്പ വാഴ്ചെക്കെ ഉള്ളു. പൊന്നി പൂജിച്ച കൊടുക്കെണ്ടതിന്ന ഉടവാളത്രെ പൂജിച്ച കൊടുത്തായം. അത കഴിഞ്ഞട്ടത്രെ അരിട്ട വാഴ്ചയും കിരീടം വക്കയും. ഉടവാള പൂജിക്കെണ്ടതിന്ന ചെന്നൊസ്സ നമ്പൂരി വെണം എന്നുള്ളത പറയാറുണ്ട. ആയത ചെയ്യമാറില്ല. ഞാനതന്നെ പൂജിപ്പായം. കൊലും പുവ്വും എടുക്കെണ്ടതിന്ന ആയുധപൂജ മറൊരുത്തര ചെയ്യാറില്ല. ആചാൎയ്യൻ ശൂദ്രനെങ്കിലും അവൻതന്നെ പൂജിപ്പായം. ആയുധം പൂജിക്കെണ്ടതി

ന്ന പത്മം ഇട്ട നെല്ലുമിട്ട അതിന്ന മീതെ നാക്കിലയിൽ വെള്ളരിയും തെങ്ങയും വച്ച അതിന്ന മീതെ പീഠം വച്ച അതിന്റെ മുകളിൽ പീഠം വിരിച്ച അതിന്ന മീതെ പൊന്നി വച്ച- കൊലൊത്താകുമ്പൊൾ ഒടവാളത്രെ വക്കെണ്ടത. പീഠം വിരിപ്പാൻ പട്ടകൊണ്ട വെണം. അത്രെ ഭെദമുള്ളു. കൊലൊത്താകുമ്പൊൾ ഭുവനെശ്വരി വിധാനം പൂജിച്ച പൂജ കഴിഞ്ഞാൽ ആജാരം (അഭിവാദ്യം) ചെയ്തിച്ച ദക്ഷിണയും കഴിച്ച ശിഷ്യൻ ആയുധം പൂജിച്ച തന്റെ മുമ്പിൽ ഇരുന്ന ആചാര്യൻ മൂന്നവട്ടം അക്ഷതവും പൂവ്വും കൂട്ടി തലയിൽ ഇട്ട അനുഗ്രഹിച്ച ശിഷ്യൻ എഴനീറ്റ പിന്നെയും ആജാരം ചെയ്താൽ ആയുധം എടുത്ത കൊടുക്ക. പിന്നെയും ആജാരം ചെയ്താൽ പിന്നെ കളരിയിൽ കുമ്പിടുന്ന മാതിരിക്കുള്ള കുമ്പടം ഒക്കെയും വെണം. കളരിയിൽ തന്നെയെങ്കിൽ മുമ്പിലും കളരിമര്യാദപൊലെ കുമ്പിടണം. ആയുധം എടുത്ത കൊടുക്കുന്നതിന്ന മുമ്പ ശ്രീപരശുരാമനെയും ദ്രൊണാചാര്യരെയും കൊലമ്പിള്ളി സമ്പ്രദായത്തിങ്കലെക്കും ആയുധം പൂജിച്ചതിന്ന മുമ്പിൽ ആചാരം ചെയ്തിട്ടവെണം ആയുധം എടുത്ത കൊടുപ്പാൻ. ഇങ്ങിനെ കൊലും പൂവ്വും എടുക്കുന്ന പ്രകാരം. തിരുമുപ്പു വാഴുക ആയുധം പൂജിച്ച കൊടുക്കെണ്ടതും ഈവണ്ണം തന്നെ. അത ഒടവാളത്രെ വെണ്ടത. മാറുള്ളെടത്ത ഒക്കെയും പൊന്നിയത്രെ ഭെദമുള്ളു. കച്ച കെട്ട തുടങ്ങിക്കെണ്ടതിന്ന ഗണപതി നിവെദിച്ച ശ്രീപരശുരാമനും കൊലമ്പിള്ളി പാരമ്പര്യമായുള്ള മൂർത്തി ഭുവനെശ്വരി വിധാനമായിട്ട നിവെദിച്ച ശിഷ്യൻ ആചാരം ചെയ്താൽ കച്ചയും മിഴക്കും പൊന്നിയും കൂട്ടി എടുത്ത കൊടുക്ക. എന്നിട്ട ആചാരം ചെയ്ത കച്ച കെട്ട തുടങ്ങുക. കൊലൊത്താകുമ്പൊൾ ദാനവും മൂല്യത്തവും ചെയ്യെണം. അങ്ങിനെ കീഴമര്യാദി. മൂക്കനാട്ട നമുക്ക ഒരു കളരിയും മുന്നൂററുപത കുടി ശിഷ്യകളും ഉണ്ട. അത വെള്ളസ്സനമ്പിയാര മൊടക്കി കളകകൊണ്ട അവിടെ പൊകാറില്ല. അരയാളത്തിൽ പണിക്കരും കൊളങ്കര പണിക്കരും പാതിയും പാതിയും ഒന്നിച്ച നടക്കുന്ന പതിനെട്ടരയാളത്തിൽ പതിനൊന്നരദെശം അവുരനുരും തെങ്ങല്ലൂരും പാലിശ്ശെരി ഇങ്ങിനെ പതിന്നാല ദെശം അരയാളത്തിൽ പണിക്കരുമായിട്ട പകുതിയും പകുതിയുമായി നടക്കെണ്ടത. അരയാളത്തിൽ പണിക്കര വല്ലട്ടം സമ്പ്രദായി. കുളങ്കരെ പണിക്കര നമ്മുടെ ശിഷ്യൻ. കുളങ്കരെ പണിക്കർക്ക ദെശങ്ങൾ പെരാമംഗലം പുറക്കാട്ടകര കാരൊര കാറ്റൂര താമരത്തുരുത്തി കൊട്ടയ്ക്കുളട്ട. ഈ ദെശങ്ങളിലും പാതിക്കാരുണ്ട. മാങ്കഴി കുറുപ്പിന്ന ദെശം പൊറനാട്ടകര അടാട്ട. ഈ രണ്ട ദെശത്തും പകുതിക്കാരുണ്ട. ചിത്രകൂടത്തിങ്കൽ കൊലൊത്തു അവിടെയല്ലൊ തിരുമുപ്പു വാഴു പണ്ടക്ക പണ്ടെ ആയിരുന്നത. അവിടം നാനാവിധമായി പൊകകൊണ്ടും കണയന്നൂർ കൊലൊത്ത വെച്ച കഴിക്കാറുണ്ട. അപ്പൊൾ അവിടെ കുഡിക്കൊട്ട സ്വരൂപത്തിങ്കലെ ഒതുങ്ങീട്ടുള്ളത്രെ കണയന്നൂർ കൊലൊം ആകുന്നത. അതുകൊണ്ട അരിട്ട വാഴുക പള്ളിപ്പുറത്ത നമ്പൂരിയായിട്ടത്രെ ആചരിച്ചപൊരുന്നത. ചിത്രകൂട

ത്തിങ്കൽ ആകുമ്പോൾ കാണിപ്പയ്യൂര നമ്പൂരിയത്രെ ആചരിക്കുന്നത. കണയന്നൂർ കൊവിലകത്തുവെച്ച തിരുമ്മുപ്പ വാഴ്ച കഴിക്കുമ്പോൾ ആയുധം പൂജിച്ചകൊടുക്ക ന്നൊന്തന്നെ ചെയ്യാറായം. അത്രു കൊലൊത്ത വടക്കിനിയിൽ വച്ചിട്ടത്രെ പൂജിക്കയും കൊടുക്കയും. അതു കഴിഞ്ഞിട്ട കുരീക്കാട്ട സ്വത്രുപത്തിങ്കലെ ആജാരകൊലമ്പിള്ളി നാസ്ത്ഥൂരപ്പൻ ആകുന്നു. ആയതുകൊണ്ട കിഴക്കിനിയിൽ എഴുന്നള്ളിട്ട അവിടന്ന നാസ്ത്ഥൂരപ്പന ഓണപ്പുണവ കൊടുത്ത ആജാരം ചെയ്യണം. എന്നിട്ട വെണം അരീട്ടവാഴ്ചക.

ചിത്രകൂടത്തിങ്കൽ ആകുമ്പോൾ നാസ്ത്ഥൂരപ്പന ഓണപ്പൊട കൊടുക്കയും ആചാരം ചെയ്കയുംവെണം. പണം എടുത്ത കൊടുക്കെണ്ടതിന്ന പൂണിക്കാട്ടിൽ ഭട്ടതിരി. അത ചിത്രകൂടത്തിങ്കൽ ആയാലും കണയന്നൂരിലായാലും പട്ടെരി തന്നെ ആകുന്നത. പെരുമ്പടപ്പ വലിയ തമ്പുരാന്റെ തിരുമ്മുപ്പ വാഴ്ച കണയന്നൂരവെച്ച കഴിക്കെണ്ടതാകുന്നത. കുരീസ്വത്രുപത്തിങ്കലെ ആയിട്ടല്ല. അരീട്ടവാഴ്ചക പള്ളിപ്പുറത്ത നമ്പൂരി ആയിട്ട ആചരിച്ചപൊരുന്നു. മററത അസ്വാധീനം ആകകൊണ്ടും. ചിത്രകൂടത്തുങ്കൽ ആയാലും കണയന്നൂര ആയാലും തിരുമ്മുപ്പ വാഴ്ചക ആയുധം പൂജിച്ചെടുക്കയും പെരുമ്പടപ്പിൽ സ്വത്രുപത്തുങ്കൽ തമ്പുരാക്കന്മാരെ കച്ചകെട്ടിക്കയൊ തിരുമെനി വിശപ്പിക്കയൊ ചെയ്യാറുള്ളു. മററാരും ചെയ്യാറില്ല.

# ഞങ്ങളുടെ വായനശാല

## കടാങ്കോട്ട് മാക്കം

[മൂന്നു ഖണ്ഡമുള്ള ഒരു കിളിപ്പാട്ട്. കെ. എം. കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മ, കട്ടമത്തു കുന്നിയൂർ കുഞ്ഞികൃഷ്ണക്കുറുപ്പ്, കെ. എം. കെ. നായർ ബി. എ. എന്നിവർ ക്രമേണ ഖണ്ഡങ്ങളുടെ കർത്താക്കൾ. വില അണ ൨.]

മലവെള്ളം വന്നാൽ നിലവെള്ളത്തെക്കൂടി തട്ടിക്കൊണ്ടു പോവുന്നതുപോലെ, പുതിയ പരിഷ്കാരപ്രവാഹം വരുന്നതോടുകൂടി പഴയതെല്ലാം പാറിപ്പറക്കുന്ന കാലമാണിത്. ഈ സ്ഥിതിക്കു 'എഴുത്തച്ഛന്റെ കിളിയും' നാട്ടിൽനിന്നു പറന്നുപോയി കാട്ടിൽ കടന്നുകൂടിയതിൽ അത്ഭുതമില്ലല്ലോ. എന്നാൽ 'പഞ്ചതാരയോടൊപ്പം മാധുര്യമേറീടുന്ന പഞ്ചമഗാനങ്ങളാലുലകം വശത്താക്കു'ന്ന ആ 'ശാരികാകുമാരികയെ' ബദരികാശ്രമത്തിൽനിന്നു വിളിച്ചു വരുത്തിയാൽ ചന്ദ്രടാങ്കോട്ട മാക്ക'ത്തിന്റെ കഥ പാടുന്നതിന്നു പ്രത്യേകം ഒരു സാന്നിദ്ധ്യമുണ്ടായേക്കു മെന്നാണ് ശ്രീമതി കുഞ്ഞിലക്ഷ്മിക്കെട്ടിലമ്മയും സഹായികളും വിചാരിച്ചിരിക്കുന്നത്.

പണ്ടൊരു കാലത്തു കടത്തനാട്ടു കേൾവിപ്പെട്ട കടാങ്കോട്ട് എന്ന നായർ വീട്ടിൽ ഉണ്ടായ 'മാക്കം' എന്ന പതിവ്ര

താശിരോമണിയുടെ കഥയാണ് ഇതിൽ വർണ്ണിച്ചിരിക്കുന്നത്. മാക്കത്തിന്റെ ഭർത്താവു 'നമ്പർനമ്പിയാർ' എന്ന ഒരു നായരായിരുന്നു. മാക്കത്തിന്റെ ജ്യേഷ്ഠന്മാരായി പന്തിരണ്ടുപേർ ഉണ്ടായിരുന്നു. ജ്യേഷ്ഠന്മാരും അവരുടെ ഭാര്യമാരും മാക്കവും കൂടി കടാങ്കോട്ടു തറവാട്ടിൽ താമസിച്ചുവന്നു. മാക്കത്തിന്റെ സൌന്ദര്യാദിഗുണങ്ങളാൽ അവൾ അഗ്രജന്മാരുടെ കണ്ണിലുണ്ണിയായിത്തീർന്നു. അവളുടെ ഇഷ്ടങ്ങൾ സാധിപ്പിക്കുവാൻ അവർ അഹമഹമികയാ ജാഗരൂകന്മാരായി. അവളുടെ ആജ്ഞതന്നെ ആ തറവാട്ടിൽ ആജ്ഞ എന്നായി. ഇതു കണ്ടിട്ടു 'ചേട്ടത്തിയമ്മമാർക്ക്' അവളുടെ നേരെ അസൂയ തുടങ്ങി. അവരുടെ കൂട്ടത്തിൽ 'പുരാണി' എന്ന ഒരുവൾ മാത്രം മാക്കത്തെ സഹോദരിയെപ്പോലെ സ്നേഹിച്ചുവന്നു. മാക്കം പ്രസവിച്ച് അവിടെ സന്തതിയുണ്ടായി. അതോടുകൂടി ആ തറവാടിന്റെ മാന്യത വർദ്ധിക്കുവാൻ പോകുന്നതോർത്ത് 'ചേട്ടത്തിമാരുടെ ചേട്ടത്തം' മൂത്തുവശായി. അവർ ഭർത്താക്കന്മാരോടു 'തലേണമന്ത്രം' പ്രയോഗിച്ചു പ്രയോഗിച്ച് തിരിവർക്ക് മാക്കത്തിന്റെ നേരെ വിരോധമുണ്ടാക്കിത്തീർത്തു. 'അമ്മായിപഞ്ചതന്ത്രം' ജ്ജിട ക്ഷമാംപ്രതി പരമാർത്ഥമായി. ഒടുവിൽ മാക്കത്തിന്റെ പേരിൽ 'ചേട്ടത്തിമാർ' കെട്ടിയുണ്ടാക്കിയ നടപ്പുദൂഷ്യം പ്രമാണിച്ചു ആങ്ങളമാർ പെങ്ങളെ ആ മരുമക്കളോടുകൂടി ഒരു കാട്ടിൽ കൊണ്ടുപോയി വെട്ടിക്കൊല്ലുകയുംചെയ്തു. അപ്പോൾ, മാക്കം ഭക്തിയോടെ ആരാധിച്ചുവന്നിരുന്ന ലോകമലയാർകാവിലെ ഭഗവതി പ്രത്യക്ഷമായി വിരോധികളായ പതിനൊന്നു 'അമ്മായിമാരേയും' രക്തം ഛർദ്ദിപ്പിച്ചു സംഹരിച്ചു. അതിന്നുശേഷം 'മാക്കം' എന്ന പേര് സീത, ദമയന്തി മുതലായവരുടെ പേരിനെപ്പോലെ പാതിവ്രത്യത്തിനു പ്രസിദ്ധമായി. ഇന്നും വടക്കേ മലയാളത്തിൽ മാക്കം കഥയെ തോററമായിട്ടും താരാട്ടായിട്ടും ജനങ്ങൾ ബഹുമാനിച്ചുപോരുന്നു.

മേൽപ്പറഞ്ഞ കഥ തോററത്തിൽനിന്നും മററും എടുത്തു നല്ല ഭംഗിയുള്ള കിളിപ്പാട്ടുരീതിയിലാക്കി കേരളീയർക്ക്—വിശേഷിച്ചു കേരളസ്ത്രീകൾക്കു—ഭക്തിപൂർവ്വം പാരായണം ചെയ്യാൻ തെയ്യാറാക്കിക്കൊടുത്ത കെട്ടിലമ്മയുടേയും സഹായികളുടേയും ശ്രമത്തെ കേരളസാഹിത്യസ്നേഹികൾ എത്ര ശ്ലാഘിച്ചാലും ഏറിപ്പോകുന്നതല്ല. കവിത വളരെ നന്നായിട്ടുണ്ട്. ശബ്ദാർത്ഥാലങ്കാരങ്ങളും പ്രസാദഗുണവും സർവ്വോപരി രസപുഷ്ടിയും സർവ്വത്ര തെളിഞ്ഞു കാണുന്നുണ്ട്. ദുർല്ലഭം ചില ദിക്കിൽ വന്നുപോയിട്ടുള്ള അശ്ലീലപ്രയോഗത്തെ മാത്രം ഞങ്ങൾ ഇഷ്ടപ്പെടുന്നില്ല. ഉദാഹരണത്തിനു തൽക്കാലം ഒരുങ്ങുന്നില്ല. മാക്കത്തെപ്പോലെ പാതിവ്രത്യവും, അവളുടെ അഗ്രജന്മാരെപ്പോലെ സൌഭ്രാത്രവും ഉള്ള ആളുകൾ കുറവാണെങ്കിലും, അവളുടെ ചേട്ടത്തിയമ്മമാരാവാൻ യോഗ്യതയുള്ളവർ സുലഭമായ ഇക്കാലത്തു, കേരളീയകുടുംബങ്ങളിൽ ഭാരതരാമായണാദികളെപ്പോലെ, നിത്യപാരായണത്തിനുള്ള ഒരു പാഠപുസ്തകമാക്കേണ്ടതാണ് ഈ ചെറുപുസ്തകമെന്നുവേണം പറയുവാൻ.

# മംഗളോദയം.

൧൦൯൩

പുസ്തകം ൧൦ | വൃശ്ചികം | ലക്കം ൮

## മംഗളം.

പ്രകൃതിയുടെ സേവ ചെയ്യുന്നതിന്നു-
ള്ളകൃതകമാം നിലകണ്ടറിഞ്ഞവണ്ണം
സ്വകൃതിയിലതിനപ്പുകത്തിടുന്നോ-
സ്സുകൃതിശിഖാമണികൾക്കു കൈതൊഴുന്നേൻ.

## സേർ. ജെ. സി. ബോസും ചെടികളും.



ശാസ്ത്രസൂക്ഷ്മാന്വേഷികളായ ആധുനികപണ്ഡിതന്മാരുടെ ഇടയിൽ ഒരു പ്രധാന സ്ഥാനം പ്രാപിച്ചിരിക്കുന്നാളും, സസ്യങ്ങളുടെ ജീവിതരഹസ്യത്തെ വെളിപ്പെടുത്തുന്നതിനുവേണ്ടി നടത്തീട്ടുള്ള പരീക്ഷകൾ മൂലം ലോകമെങ്ങും അനശ്വരമായ ഖ്യാതിസമ്പാദിച്ചിട്ടുള്ളദേഹവും, നമ്മുടെ മാതൃരാജ്യമായ ഇന്ത്യാസാമ്രാജ്യത്തിന്റെ ഒരു അംഗമായ വങ്കാളിൽ ജനിച്ചുവളൎന്നിരിക്കുന്ന മഹാനും ആയ സേർ. ജെ. സി. ബോസിനെ കേൾക്കാത്തവർ ചുരുക്കമായിരിക്കും. ഡാക്ടർ ജഗദീശചന്ദ്രബോസിന്റെ യോഗ്യത അറിഞ്ഞിട്ടു അമേരിക്കയിൽനിന്നു് അദ്ദേഹത്തെ ക്ഷണിക്കയും ആ ക്ഷണം സ്വീകരിച്ചു് അദ്ദേഹം മൂന്നുകൊല്ലം മുമ്പു് അമേരിക്കയിലേയ്ക്കു പോകയും അവിടെയുള്ള യോഗ്യന്മാരുടെ മുമ്പിൽവെച്ചു ചെടികളുടെ ജീവിതാവസ്ഥ, മരണാവസ്ഥ, വളച്ചു മുതലായ സ്ഥിതിഭേദങ്ങളെ ബഹു രസകര

മായവിധത്തിൽ അദ്ദേഹം കൊണ്ടുപോയിരുന്ന വിശിഷ്ടയന്ത്രം മൂലം അവൎക്കു ബോദ്ധ്യം വന്നതും ആ യോഗ്യന്മാർ പ്രത്യക്ഷപ്പെടുത്തിക്കൊടുക്കയും ചെയ്തു. ഈ സംഗതിനിമിത്തം അമേരിക്കക്കാൎക്കു അദ്ദേഹത്തിന്റെ പേരിൽ വലിയ ബഹുമാനം തോന്നുകയും ഓരോ വലിയ സൎവ്വകലാശാലകളിൽനിന്നു അദ്ദേഹത്തെ ഭിവസംപ്രതി പ്രസംഗങ്ങൾക്കായി ക്ഷണിക്കുകയും ചെയ്തിരുന്നു. ഒരു പ്രധാന സൎവ്വകലാശാലയിൽ ഒരു പ്രൊഫസ്സരായി അദ്ദേഹത്തെ നിയമിക്കാമെന്നും അദ്ദേഹത്തിനു ശാസ്ത്രതത്വാന്വേഷണത്തിനു വേണ്ടിവരുന്ന ധനം കൊടുക്കാമെന്നും അമേരിക്കക്കാർ പറഞ്ഞു. എന്നാൽ സ്വരാജ്യസ്നേഹിയായ അദ്ദേഹം ഈ ബഹുമതി സ്വീകരിച്ചില്ല. ഈ വിവരങ്ങളെല്ലാം അറിഞ്ഞപ്പോൾ ഇംഗ്ലീഷുകാരും അദ്ദേഹത്തെ ക്ഷണിച്ചു. ആയതിനാൽ അമേരിക്കയിൽനിന്നു മിസ്റ്റർ ബോസ് ഇംഗ്ലണ്ടിലേക്കു തിരിച്ചു. ഇംഗ്ലണ്ടിലുള്ള ശാസ്ത്രജ്ഞന്മാരും അദ്ദേഹത്തിന്റെ അറിവിനെ ബഹുമാനിച്ചു. ഇംഗ്ലണ്ടിൽനിന്നു ക്ഷണപ്രകാരം ഇദ്ദേഹം ആസ്ത്രിയയിലേക്കു തിരിച്ചു. അവിടെനിന്നു ക്ഷണപ്രകാരം ജൎമ്മനിയിലേക്കു പുറപ്പെടുവാൻ തുനിഞ്ഞപ്പോഴാണു യുദ്ധം ആരംഭിച്ചത്. ആയതിനാൽ ജൎമ്മനിയിൽ കയറാതെ ഇദ്ദേഹം ഇന്ത്യയിലേക്കു പോന്നു. ഇദ്ദേഹത്തിനു ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്നു ബഹുമാനപുരസ്സരമായി നൈറ്റ് (Knight) എന്ന സ്ഥാനം കൊടുത്തിരിക്കുന്നതിനു പുറമെ ഇപ്പോൾ ശാസ്ത്രതത്വാന്വേഷണത്തിനായി കൊല്ലത്തിൽ 50,000 ക. വീതം കൊടുത്തുവരുവാൻ തുടങ്ങിയിരിക്കുന്നു. ഇദ്ദേഹത്തിനു താമസിയാതെ അനവധി ബഹുമതികൾ ഇനിയും ലഭിക്കുമെന്നുള്ളതിനു സംശയമില്ല.

ജീവനുള്ള സാധനം, ജീവനില്ലാത്ത സാധനം എന്നിങ്ങിനെ രണ്ടായി സ്ഥൂലപദാൎത്ഥങ്ങളെ തിരിക്കുവാൻ പാടില്ലെന്നാണു മിസ്റ്റർ ബോസു പറയുന്നത്. എല്ലാ പദാൎത്ഥങ്ങൾക്കും ജീവനുണ്ടെന്നു അദ്ദേഹം യുക്തിയുക്തമായി സ്ഥാപിച്ചിരിക്കുന്നു. ഒരു സസ്യത്തിനും ഒരു ജന്തുവിനും തമ്മിൽ വളരെ സാമ്യമുണ്ടെന്നു അദ്ദേഹം കണ്ടറിഞ്ഞിരിക്കുന്നു. ചെടികൾക്കു ജീവനുണ്ടെന്നു മാത്രമല്ല ജന്തുക്കൾക്കുള്ള അവയവങ്ങൾ അവസ്സും ഉണ്ടെന്നു അദ്ദേഹം പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ജന്തുക്കൾക്കുള്ള കണ്ണുപോലെയുള്ള കണ്ണു നാം ചെടികളിൽ കാണുന്നില്ലെങ്കിലും ജന്തുക്കൾക്കുള്ള കണ്ണുകൾക്കു സദൃശമായ അവയവം ചെടികൾക്കും ഉണ്ട്. ചെടികൾക്കും ഒരു സ്നായുപടലം (Nervous system) ഉള്ളതായി അദ്ദേഹം പറയുന്നു. ഈ തത്വം നിമിത്തം അനവധി സംഗതികൾ കണ്ടുപിടിക്കുന്നതിനു മനുഷ്യൎക്കു താമസിയാതെ സാധിക്കുന്നതാണ്. തണുപ്പു, ചൂടു, വെളിച്ചം, മുതലായ ബാഹ്യാവസ്ഥകൾ ഞരമ്പുകൾമൂലം നാം അറിയുന്നപോലെ ചെടികളും അറിയുന്നുണ്ടെന്നു അദ്ദേഹം പരീക്ഷകൾമൂലം ഉറപ്പുവരുത്തിയിരിക്കുന്നു. അതിശൈത്യം നിമിത്തം ചെടികൾ മരവിക്കുന്നുവെന്നും, ചാരായം നിമിത്തം സസ്യങ്ങളും മദ്യപിച്ചവനെപ്പോലെ പ്രവൎത്തിക്കുന്നുവെന്നും, ദൂഷിച്ച വായു ശ്വസി

ക്കുന്നതുകൊണ്ടു ചെടികൾക്കു സുഖക്കേടുണ്ടാകുന്നുവെന്നും, അധികം ജോലിനിമിത്തം ചെടികൾ ക്ഷീണിക്കുന്നുവെന്നും, വിഷംനിമിത്തം ചെടികൾക്കു ബോധക്ഷയം ഉണ്ടാകുമെന്നും മററും അദ്ദേഹം പരീക്ഷകൾമൂലം പ്രത്യക്ഷപ്പെടുത്തിയിരിക്കുന്നു. ചുരുക്കി പറയുന്നതായാൽ ചെടികൾക്കും മനുഷ്യർക്കും തമ്മിൽ യാതൊരു വ്യത്യാസവുമില്ലെന്നാണ് ഇദ്ദേഹം സ്ഥാപിക്കുന്നത്. സകല ചരാചരങ്ങളും ഒന്നുതന്നെ, എല്ലാം ഒന്നിൽനിന്ന് ഉത്ഭവിക്കുന്നു ഒന്നിൽത്തന്നെ അവസാനിക്കുന്നു എന്നുള്ള ഹിന്തുക്കളുടെ വിശ്വാസം ഇപ്പോൾ ഇദ്ദേഹം പരീക്ഷകൾമൂലം ദൃഢപ്പെടുത്തിയെന്നു മാത്രമേ പറഞ്ഞിട്ടാവശ്യമുള്ളൂ. ഏകദേശം 3000 കൊല്ലം മുമ്പുതന്നെ ഹിന്തുക്കൾ ഈ തത്വം വെളിപ്പെടുത്തിയിരുന്നുവെന്നും പറയേണ്ടതില്ലല്ലോ.

രസകരമായ ഈ തത്വങ്ങൾ സ്ഥാപിക്കുന്നതിന് ഇടയായ സംഗതികളെപ്പററി പറയുന്നതുതന്നെ വളരെ രസമായിരിക്കും. മിസ്റ്റർ ബോസ് ആദ്യം പരീക്ഷകൾ നടത്തിയത് അചേതനവസ്തുക്കളിലാണ്. അധികം ജോലി എടുക്കുന്നതുകൊണ്ട് ഇരിമ്പുകഷണങ്ങൾക്കും ക്ഷീണം തട്ടുന്നുണ്ടെന്ന് അദ്ദേഹത്തിന് ഒരു സന്ദർഭത്തിൽ തോന്നി. ഈ തത്വം വിശദപ്പെടുത്തുന്നതിനുവേണ്ടി അദ്ദേഹം ചില പരീക്ഷകൾ നടത്തി. ഒരു ലോഹക്കഷണം അദ്ദേഹം വളരെനേരം തല്ലുകയും അപ്പോൾ അനവധി പ്രഹരം ഏററ ഒരാൾക്കുണ്ടാകാവുന്ന അവസ്ഥ ഈ കഷണത്തിന് ഉണ്ടായതായി അദ്ദേഹം കാണുകയും ചെയ്തു. ക്ഷീണിച്ച ലോഹക്കഷണങ്ങൾക്കു ക്ഷീണം തീക്കുന്നതിന് അല്പം സമയം അനുവദിക്കുന്നതുകൊണ്ട് അവ വീണ്ടും ഉത്സാഹസ്ഥിതി പ്രാപിക്കുന്നതായി ഇദ്ദേഹം കണ്ടറിഞ്ഞു. അതിശൈത്യം നിമിത്തം ലോഹങ്ങളും മരവിക്കുന്നുണ്ടെന്ന് അദ്ദേഹം മനസ്സിലാക്കി. ഇത്തരം പരീക്ഷകൾക്കുശേഷം അദ്ദേഹം ചെടികളുടെ ജീവിതരഹസ്യം ഗ്രഹിക്കുന്നതിനു ഉത്സാഹിച്ചു. എന്നാൽ പരീക്ഷകൾ നടത്തുന്നതിനു പാശ്ചാത്യപണ്ഡിതന്മാക്കുള്ള പോലെയുള്ള സൌകയ്യങ്ങളോ വിശേഷയന്ത്രങ്ങളോ ഇദ്ദേഹത്തിനുണ്ടായിരുന്നില്ല. എങ്കിലും ശാസ്ത്രതത്വാന്വേഷണത്തിലുള്ള രസംനിമിത്തം ഇദ്ദേഹം സ്വന്തമായി ചില യന്ത്രങ്ങളും ഉപകരണങ്ങളും കണ്ടുപിടിക്കയും ഈ യന്ത്രങ്ങൾ മൂലം സസ്യങ്ങളുടെ ജീവിതരഹസ്യം വെളിപ്പെടുത്തുകയും ആണു ചെയ്തിട്ടുള്ളത്.

ഇദ്ദേഹത്തിന്റെ ഈ യന്ത്രം കണ്ടിട്ടുതന്നെ യൂറോപ്യന്മാക്കു വലിയ അത്ഭുതം ജനിച്ചിട്ടുണ്ട്. തങ്ങൾക്കു ഇതിലും വിശേഷമായ യന്ത്രങ്ങൾ ഉണ്ടായിട്ടും മിസ്റ്റർ ബോസ് കണ്ടുപിടിച്ച തത്വങ്ങൾ കണ്ടുപിടിക്കാൻ സാധിക്കാതെ ഇരുന്നതിൽനിന്നു തത്വങ്ങളെ കണ്ടുപിടിക്കുന്നതിനു യന്ത്രങ്ങളെക്കാളും ആവശ്യമായിട്ടുള്ളതു നിരന്തരമായ പരിശ്രമവും ശാസ്ത്രജ്ഞാനത്തിനുള്ള ഔത്സുക്യവുമാണെന്നു ഒരു വലിയ ശാസ്ത്രജ്ഞൻ പറഞ്ഞുവത്രെ. മിസ്റ്റർ ബോസിന്റെ സ്വന്തയന്ത്രവും ഇന്ത്യയിൽ വളരുന്ന ഒരു ചെടിയും കൊണ്ടാണ് അദ്ദേഹം പാശ്ചാത്യരാജ്യങ്ങളിൽ സഞ്ചരിച്ചത്. ചെടി അതിന്റെ വത്ത

മാനങ്ങളെ യന്ത്രംമൂലം എല്ലാവരേയും അറിയിച്ചിരുന്നു. വിഷം തട്ടിയാൽ ചെടി മോഹാലസ്യപ്പെട്ടിരുന്നതും പിന്നെ മരുന്നു കൊടുക്കുന്നതുകൊണ്ടു വിഷബാധമാറി സ്വസ്ഥതി പ്രാപിച്ചിരുന്നതും ചെടി ജനങ്ങളെ മനസ്സിലാക്കിയിരുന്നു. ഒരു നുള്ള (Pinch) കിട്ടിയാൽ ഉണ്ടാകുന്ന വേദനയും ചെടി യന്ത്രംമൂലം പ്രത്യക്ഷപ്പെടുത്തിയിരുന്നു. ചെടി നമ്മോടു നേരിട്ടു സംസാരിക്കുന്നില്ലെങ്കിലും യന്ത്രംമൂലം നല്ലവണ്ണം സംസാരിക്കുന്നുണ്ട്. ഏകദേശം 6, 7 മാസം മുമ്പു ഡാക്ടർ ബോസ് തന്റെ തത്വങ്ങളെ അടിസ്ഥാനപ്പെടുത്തി ഒരു അത്ഭുതകൃത്യം നടത്തി. പരീക്ഷകൾ നടത്തുന്നതിന്നു ഗവർമ്മേണ്ടിൽനിന്നു അദ്ദേഹത്തിന്നു കൊടുത്തിട്ടുള്ള സ്ഥലത്തു വലിയ വൃക്ഷങ്ങളില്ലാതിരുന്നതിനാൽ രണ്ടു വലിയ അരയാൽ അവിടെ പറിച്ചു വെപ്പിക്കുന്നതിന്നു അദ്ദേഹം തീർച്ചയാക്കി. ആദ്യം തന്നെ ആ വൃക്ഷങ്ങളെ അദ്ദേഹം മോഹാലസ്യപ്പെടുത്തുകയും പിന്നെ അവ തിരഞ്ഞു പറിപ്പിച്ചു മാററി വെപ്പിക്കുകയു ആണ ചെയ്തത്. ഈ കൃത്യം നിമിത്തം ആലുകൾക്കു വെട്ടു മുതലായതുകൊണ്ടുള്ള ക്ഷീണം തട്ടാതെ ഇരിക്കയും ആലുകൾ യാതൊരു വാട്ടവും തട്ടാതെ മിസ്റ്റർ ബോസിന്റെ വളപ്പിൽ വേരുറച്ചുയുംചെയ്തു.

ഇദ്ദേഹത്തിന് ആസ്ത്രിയയിൽ വെച്ചു പററുവാൻപോയ ഒരു അബദ്ധം ഈ സന്ദർഭത്തിൽ പറയുന്നത് അല്പം രസകരമായിരിക്കുമെന്നു കരുതി അതിനെ ഇവിടെ പറയുന്നു. താൻ കണ്ടുപിടിച്ച തത്വങ്ങൾ വിദ്വച്ഛിരോമണികളായ പാശ്ചാത്യപണ്ഡിതന്മാരെ ധരിപ്പിക്കുന്നതിന്നാണല്ലോ മിസ്റ്റർ ബോസ് അന്യരാജ്യങ്ങളിലേക്കു പോയത്. എന്നാൽ തന്റെ യന്ത്രംമൂലം സസ്യശാസ്ത്രതത്വങ്ങൾ സഭാവാസികളെ വെളിപ്പെടുത്തുന്ന അവസരത്തിൽ അനാശാസ്യങ്ങളായ വല്ല സംഭവങ്ങളും നേരിടുമോയെന്നും യൂറോപ്പിലെ അതിശൈത്യം നിമിത്തം തന്റെ ചെടിക്കു വല്ല സുഖക്കേടും പിടിക്കുമോയെന്നും മിസ്റ്റർ ബോസിന്നും ശിഷ്യന്മാൎക്കും വലിയ വിചാരമുണ്ടായിരുന്നു. എങ്കിലും തന്റെ തത്വങ്ങൾ ശരിയാണെന്നുള്ള ദൃഢവിശ്വാസം മൂലമാണ് മിസ്റ്റർ ബോസും ശിഷ്യന്മാരും ധൈൎയ്യമായി പുറപ്പെട്ടത്. ആസ്ത്രിയയിൽ വെച്ച് ഒരു അബദ്ധം പിണയുവാൻ ഭാവിച്ചുവെങ്കിലും ദൈവഗത്യാ അതുകൂടാതെ പോരുവാൻ അദ്ദേഹത്തിന്നു സാധിച്ചു. വിഷം കൊടുത്താൽ ചെടിക്കുണ്ടാകുന്ന സ്ഥിതിഭേദത്തെ കാണിക്കുന്ന അവസരത്തിലാണ് ആ അബദ്ധം പിണയുവാൻ പോയത്. ആസ്ത്രിയയിൽവെച്ച് അവരുടെ പരീക്ഷക്കു അല്പം വിഷദ്രവ്യം വേണ്ടിവന്നു. ആ സമയം ചെറുപ്പക്കാരിയായ ഒരു സ്ത്രീ വിഷദ്രവ്യം താൻ കൊണ്ടുപോയി കൊടുക്കാമെന്നു മിസ്റ്റർ ബോസിന്റെ ഒരു ശിഷ്യനോടു പറഞ്ഞു. ഈ തരുണി ഷാപ്പിൽ ചെന്ന് അവൾക്കു വേണ്ട വിഷദ്രവ്യം (Pottasium cyanide) ആവശ്യപ്പെട്ടു. വിഷദ്രവ്യം വാങ്ങുന്ന ആളുടെ പേരും അതിന്റെ ഉദ്ദേശവും നിയമപ്രകാരം ഷാപ്പുകാർ അറിയേണ്ടതാകയാൽ ഈ യുവതി അവരോട് അവളുടെ ഉദ്ദേശം പറഞ്ഞുകൊടുത്തു. ഷാപ്പുകാർ ഇ

വളുടെ ഉദ്ദേശം വേറെ വല്ലതുമായിരിക്കാമെന്നു വിചാരിച്ചതിനാൽ വിഷത്തിനു പകരം അല്പം പഞ്ചസാരയാണു മധുരവാക്കോടുകൂടി കൊടുത്തയച്ചത്. പഞ്ചസാരക്കും ആ വിഷദ്രവ്യത്തിനും നിറവ്യത്യാസമില്ലാതിരുന്നതിനാൽ മിസ്റ്റർ ബോസിന്റെ ശിഷ്യൻ ധൃതിയിൽ ആയതു വാങ്ങിവെച്ചു. വലിയ സഭയിൽ, വിയന്നയിലുള്ള എല്ലാ വിദ്വാന്മാരും സന്നിഹിതരായിരിക്കുമ്പോൾ, മിസ്റ്റർ ബോസ് ഓരോന്നു കാണിക്കുന്ന അവസരത്തിൽ ചെടിക്കു വിഷം കൊടുത്താലുള്ള ഫലം പ്രദർശിപ്പിക്കുന്നതിനു പുറപ്പെട്ടു. എന്നാൽ വിഷമാണെന്നു കരുതിയിരുന്ന പഞ്ചസാരയുടെ പ്രയോഗംകൊണ്ടു ചെടിക്കു വാട്ടത്തിനുപകരം അല്പം ഉണർച്ചയാണു കണ്ടത്. വിഷദ്രവ്യം പോരാത്തതുകൊണ്ടായിരിക്കാം ഇപ്രകാരം പരിണമിച്ചതെന്നു വിചാരിച്ചു മിസ്റ്റർ ബോസിന്റെ ശിഷ്യൻ ആ സാധനം അല്പംകൂടി പ്രയോഗിച്ചു. എന്നിട്ടും വിപരീതഫലമല്ലാതെ കണ്ടില്ല. അവർക്ക് അല്പം പരിഭ്രമം ആ സമയത്തുണ്ടായിയെന്നു പറയാതെ തരമില്ല. എന്നാൽ താല്ക്കാലികബുദ്ധി ധാരാളം ഉണ്ടായിരുന്ന ആ ശിഷ്യൻ ഉടനെ ആ സാധനം അല്പമൊന്നു നാവിൽ തേച്ചു. അപ്പോളാണു കാര്യം മനസ്സിലായത്. ഉടനെ അയാൾ അടുക്കെ ഇരുന്നിരുന്ന ക്ലോറാഫാം (Chloroform) കുപ്പി എടുത്തൊന്നു നല്ലവണ്ണം ചരിച്ചു. അപ്പോൾ ചെടിയൊന്നു തലതാഴ്ത്തി. അങ്ങിനെ അബദ്ധം പിണയാതെ അന്നു കഴിഞ്ഞു. പിന്നീട് ഈ സംഭവത്തിനുള്ള കാരണങ്ങൾ അന്വേഷിച്ചപ്പോൾ അവക്ക് ചിരിക്കുന്നതിനും ധാരാളം വഴി ഉണ്ടായി.

മനുഷ്യനുള്ളതുപോലെ ചെടിക്കും ഒരു മരണദശയുണ്ടെന്നും ചെടിയുടെ മരണസമയം കൃത്യമായി നമുക്കു കണ്ടറിയാമെന്നും സെർ ജെ. സി. ബോസ് കാണിച്ചിരിക്കുന്നു. അദ്ദേഹം കണ്ടുപിടിച്ചിട്ടുള്ള യന്ത്രത്തിലുള്ള ഒരു സൂചി ചെടിയുടെ കഷ്ടസ്ഥിതിയെപ്പറ്റി കീഴ്പോട്ടുള്ള വരകൾ മൂലം എഴുതിക്കൊണ്ടുവരുന്ന മദ്ധ്യേ ചെടിയുടെ മരണസമയത്തു പെട്ടന്നു മേല്പോട്ട് എഴുതുന്നു. എല്ലാ ചെടികളും $60^{\circ}C$ ചൂട് ഏല്പിക്കുന്നതുകൊണ്ടു മരിക്കുന്നതായും അദ്ദേഹം കാണിച്ചിരിക്കുന്നു. ഒരു ചെടി ഒരു നിമിഷത്തിൽ വളരുന്ന വളർച്ചയെ അളക്കുന്നതിനുള്ള ഒരു യന്ത്രവും അദ്ദേഹം കണ്ടുപിടിച്ചിട്ടുണ്ട്. സെർ ജെ. സി. ബോസ് കണ്ടുപിടിച്ചിട്ടുള്ള സംഗതികളിൽനിന്ന് അനവധി ശാസ്ത്രങ്ങൾക്കു താമസിയാതെ പല അഭിവൃദ്ധിയും ഉണ്ടാകുന്നതാണ്. വൈദ്യവിഷയമാണു പ്രധാനമായി ഈ തത്വങ്ങൾ നിമിത്തം വികസിക്കാൻ പോകുന്നത്. കൃഷിശാസ്ത്രത്തിനും വലിയ ഗുണം സിദ്ധിക്കുന്നതാണെന്നു പറയേണ്ടതില്ലല്ലോ. ഓരോ മരുന്നുകൾക്കുള്ള ഫലം പരീക്ഷിച്ചറിവാൻ മേലിൽ പരീക്ഷകൾ ചെടിയിൽ നടത്തിയാൽ മതി. ഇതുപോലെതന്നെ ഓരോ വളങ്ങൾ ഓരോ ചെടികൾക്ക് ഉപയോഗിക്കുന്നതിനാലുള്ള ഫലം നമുക്ക് ഇനി എളുപ്പത്തിൽ പരീക്ഷിക്കാവുന്നതുകൊണ്ടു കൃഷിശാസ്ത്രവും എളുപ്പത്തിൽ പുഷ്ടിയെ പ്രാപിക്കുന്നതാണ്.

ഈ ലേഖനത്തിൽനിന്നു സെർ ജെ. സി. ബോസിന്റെ ബുദ്ധിവിശേഷവും, മാതൃരാജ്യസ്നേഹവും, അദ്ദേഹം കണ്ടുപിടിച്ച തത്വങ്ങൾ മൂലം അനവധി ശാസ്ത്രങ്ങൾക്കുണ്ടാകാവുന്ന അഭിവൃദ്ധിയും, അദ്ദേഹം നിമിത്തം ഇന്ത്യാരാജ്യത്തിനു ലഭിച്ചിട്ടുള്ള ഖ്യാതിയും വെളിപ്പെടുന്നുണ്ടല്ലോ. ഇപ്പോൾ ഇദ്ദേഹത്തിന്റെ കീഴിൽ പഠിക്കുന്നതിനായി അന്യരാജ്യങ്ങളിൽനിന്നു വിദ്യാർത്ഥികളും വന്നുതുടങ്ങിയിരിക്കുന്നു.

കെ. പരമേശ്വരമേനോൻ ബി. എ., ബി. എൽ.

# പാശ്ചാത്യസ്ത്രീകൾ.*

ജനനത്തിനു മുമ്പ് ഒരു പെൺകുട്ടിയോടു "നിനക്കു പാശ്ചാത്യരാജ്യത്തു ജനിപ്പാനോ, പൌരസ്ത്യരാജ്യത്തു ജനിപ്പാനോ അധികം മോഹം" എന്നു ചോദിക്കുന്നതായാൽ "ഞാനെന്തിനാണു ജനിക്കുന്നതുതന്നെ" എന്നു പക്ഷേ അവൾ മറുവടി പറയുമായിരിക്കാം. എല്ലാ രാജ്യങ്ങളിലും സ്ത്രീകളുടെ നില ശോചനീയമായ ദാസ്യാവസ്ഥതന്നെ എന്നത് എത്രയോ വാസ്തവമാണ്. പുരുഷന്മാരിൽതന്നെ ഭൂരിപക്ഷവും പലപ്രകാരത്തിലും അടിമസ്ഥാനത്തിലാണ്. സ്ത്രീകളുടെ നില അതിലും വളരെ താണതാകുന്നു. സ്ത്രീകളുടെ കാൎയ്യത്തിൽ പൌരസ്ത്യരാജ്യത്തിലുള്ള പുരാണദാസ്യസൂചകമൊഴികളിൽ ഒന്നായ 'അടിമയുടെ അടിമ' എന്ന പദത്തിനു നല്ല അൎത്ഥമുണ്ട്.

പാശ്ചാത്യരാജ്യങ്ങളിലേയും പൌരസ്ത്യരാജ്യങ്ങളിലേയും സ്ത്രീകളുടെ നിലക്കു യാതൊരു വ്യത്യാസവുമില്ലെന്നു ഖണ്ഡിച്ചുപറയാം. ചില പാതിരിമാരും, സായ്പന്മാരും, പാശ്ചാത്യസ്ത്രീകൾക്ക് ആ രാജ്യങ്ങളിൽ എത്രയോ ഉയൎന്ന പദവിയാണു കല്പിച്ചിട്ടുള്ളതെന്നും, അവരെ പുരുഷന്മാരെപ്പോലെ ബഹുമാനിക്കുന്നുണ്ടെന്നും, അവൎക്കു യഥാൎത്ഥസ്വാതന്ത്ര്യമുണ്ടെന്നും മററും പറയാറുണ്ട്. ഈ വക സംസാരങ്ങളെല്ലാം കേൾക്കുന്നതു വളരെ നല്ലതുതന്നെ. കേൾവികൊണ്ടു വല്ല ഗുണങ്ങളും വന്നേക്കാം. പക്ഷേ അവയ്ക്കു ഒരു ചെറിയ കുററം മാത്രമേ പറവാനുള്ളു. അതെന്തെന്നാൽ അവ അസത്യമാണ്. ഫ്റാൻസിലെ രാജ്ഞിയായ മേരി അൻടോണിയററ് എന്ന സ്ത്രീയെ തൂക്കിക്കൊ

* ഈ ഉപന്യാസത്തിന്നാവശ്യമായ പല വിഷയങ്ങളും പ്രൊഫസർ ഹരഡയാൾ (Prof: Har Dayal) എന്ന പണ്ഡിതൻ ഒരു ഇംഗ്ലീഷുമാസികയിൽ എഴുതിയിരുന്ന ലേഖനത്തിൽനിന്നെടുത്തതാണ്.

ന്നു എന്നു കേട്ടപ്പോൾ ബർക്ക് (Burke) എന്ന മഹാൻ 'അബലകളെ ബഹുമാനിച്ചിരുന്ന കാലം കഴിഞ്ഞുപോയി' എന്നു പറഞ്ഞുവത്രേ. അദ്ദേഹം പറഞ്ഞതു തെററാണ്. ലോകചരിത്രത്തിൽ സ്ത്രീകളെ ബഹുമാനിച്ചിരുന്ന ഒരു കാലംതന്നെയുണ്ടായിരുന്നില്ല. പാശ്ചാത്യപുരുഷന്മാക്ക് അവരുടെ സ്ത്രീകളോടുള്ള ബഹുമാനത്തേയും മററും പററി സാധാരണയായി അവർ ഘോഷിക്കുന്നതെല്ലാം എത്രയോ നീചമായ അസത്യമാണ്. സ്ത്രീകളോടുള്ള ഇടപാട് എല്ലാ രാജ്യങ്ങളിലെ പുരുഷന്മാക്കും ഒരുപോലെതന്നെയാണ്. അതിൽ പാശ്ചാത്യന്മാക്കു യാതൊരു ഔന്നത്യവുമില്ല. പൌരസ്ത്യവനിതകൾക്കുള്ള ചില ദോഷങ്ങൾ അവരുടെ പാശ്ചാത്യസഹോദരികൾക്കില്ലെന്നുവരികിലും, പരിഷ്കാരത്തിൽ എത്രയോ മുമ്പിൽ നില്ക്കുന്ന അവക്കുള്ള ചില ഭയങ്കരദോഷങ്ങൾ നമ്മുടെ സ്ത്രീകൾക്ക് ഇല്ലെന്നു തീച്ചതന്നെ.പുറമെ കാണുന്ന ചിലവിലയില്ലാത്ത ഗുണങ്ങളെക്കണ്ടു ഭ്രമിച്ചു പാശ്ചാത്യസ്ത്രീകൾക്കു വാസ്തവസ്വാതന്ത്ര്യമുണ്ടെന്നു നാം തെററിദ്ധരിക്കുകയാണ്. അതിൻെറ പരമാത്ഥം നോക്കുന്നതായാൽ, യൂറോപ്പിലേയും അമേരിക്കയിലേയും സ്ത്രീകൾക്കുണ്ടെന്നു പറയുന്ന സ്വാതന്ത്ര്യവും ഉന്നതനിലയും, ഒരു വെറും കള്ളക്കഥയാണ്.

പാശ്ചാത്യസ്ത്രീകളുടെ യഥാത്ഥനില അറിയേണ്ട ആവശ്യത്തിന്നു അവരെ രണ്ടു വഗ്ഗങ്ങളായി തിരിക്കാം. അവ ധനികവഗ്ഗം, മദ്ധ്യമവഗ്ഗം എന്നിവയാണ്. ഈ മദ്ധ്യമവഗ്ഗക്കാരാണ് ഇംഗ്ലണ്ടുചരിത്രത്തിലെ കഥാപാത്രങ്ങൾ. അവരാണ് ആ രാജ്യത്തെ ഇപ്പോഴുള്ള നിലക്കു കൊണ്ടുവന്നിട്ടുള്ളവർ. അവർതന്നെയാണ് ഇംഗ്ലണ്ടിലെ 'പ്രവൃത്തിവഗ്ഗം' (അതായത് വ്യവസായം, കച്ചവടം മുതലായ പ്രവൃത്തികൾ നടത്തുന്നവർ.) 'ധനികവഗ്ഗം' ഇന്നതാണെന്നു പറയേണ്ടല്ലോ. നമുക്കു ധാരാളം പരിചയമുള്ള കൂട്ടരാണ് ഇവർ. ആദ്യമായി ധനികവഗ്ഗത്തെ എടുക്കാം. ഈ വഗ്ഗത്തിലെ സ്ത്രീകൾക്കാണു ആ രാജ്യക്കാർ പുരുഷതുല്യമായ സ്വാതന്ത്ര്യമുണ്ടെന്നു ലോകമെങ്ങും ഭേരി അടിച്ചു നടക്കുന്നത്. ഇന്ത്യക്കാരനായ ഒരാൾ ബിലാത്തിയിൽ സഞ്ചരിക്കുന്ന സമയം ഈ വഗ്ഗത്തിൽപ്പെട്ട സ്ത്രീകൾ വിദ്യാഭ്യാസത്തിന്നു വിദ്യാലയങ്ങളിൽ പോവുക, പിയാനോ മുതലായവയിലും സംഗീതത്തിലും നൈപുണ്യം നേടുക, പുതുതായി പുറത്തു വരുന്ന പുസ്തകങ്ങൾ വായിക്കുക, വലിയ സദസ്സുകളിലും സഭകളിലും പോയി പ്രസംഗിക്കുക, അനവധി പുസ്തകങ്ങൾ എഴുതുക — മുതലായ പല പരിഷ്കൃതപ്രവൃത്തികളും നടത്തുന്നതായി കാണാം. ഇതെല്ലാം കണ്ടന്ധാളിച്ച ആ സാധു 'ശരിയാണ് പാതിരിമാർ പറയുന്നത്. ഈ ദിക്കിലെ സ്ത്രീകൾക്കുതന്നെയാണു സുഖം' എന്നും മററും ചില തെററിദ്ധാരണകൾ തലയിൽ കയററി മടങ്ങി വന്നു, അവയെക്കുറിച്ചു നമ്മുടെ ഇടയിൽ വെച്ചു പ്രസംഗിക്കുന്നു. പുറമേ കിട്ടുന്ന തുച്ഛമായ ഈ പരിഷ്കാരചിഹ്നങ്ങളുടെ അടിയിൽ നിരന്തരം കിടക്കുന്ന ആ സാധുവഗ്ഗത്തിൻെറ സങ്കടവും, ദുഃഖവും മുഴുവൻ ആയാൾ

മനസ്സിലാക്കുന്നില്ല. അങ്ങിനെ ചെയ്യുന്നതായാൽ ഒരിക്കലും പാശ്ചാത്യസ്ത്രീകൾ അവരുടെ പൌരസ്ത്യസഹോദരികളേക്കാൾ ഉന്നതസുഖമനുഭവിക്കുന്നുണ്ടെന്നു പറയുന്നതല്ല. ധനികവൎഗ്ഗത്തിൽ ഒരു സ്ത്രീയുടെ 15 വയസ്സു മുതൽ മരണംവരെയുള്ള ജീവിതം ദുഃഖസമുദ്രമാണ്. പുരുഷനെന്നപോലെ സ്ത്രീക്കും ഏതെങ്കിലും നിത്യവൃത്തി കഴിച്ചുകൂട്ടേണ്ടതല്ലെ? എന്നും മാതാപിതാക്കന്മാരുടെ കീഴിൽ ഭക്ഷണം കഴിച്ചുകൂട്ടുവാൻ സാധിക്കുന്നതല്ല. തന്നെ കാത്തുരക്ഷിക്കുവാൻ തക്ക ഒരാളെ തിരഞ്ഞുപിടിക്കുവാനുള്ള ശ്രമം 15 വയസ്സിൽത്തന്നെ തുടങ്ങും. ഈ കാൎയ്യത്തിൽ പൌരസ്ത്യസ്ത്രീകൾ എത്ര ഭാഗ്യവതികളാണ്! അവൎക്കു ഉചിതന്മാരായ ഭൎത്താക്കന്മാരെ തിരഞ്ഞെടുത്തു കൊടുപ്പാൻ മാതാപിതാക്കന്മാരാണ്. പുരുഷന്മാരുടെ ഇടയിൽ പോയി താൻതന്നെ തിരഞ്ഞെടുക്കേണ്ടുന്ന ആ ബുദ്ധിമുട്ടു അവൎക്കില്ല. നേരെ മറിച്ചാണ് പാശ്ചാത്യരുടെ മട്ട്. അവിടെ യൌവനയുക്തയായ ഒരു സ്ത്രീ തന്റെ സ്വന്തപ്രയത്നംകൊണ്ടുവേണം തന്നെ അനുരാഗപുരസ്സരം സ്നേഹിക്കുന്നതിന്ന് ഒരുവനെ തിരഞ്ഞെടുപ്പാൻ. ഈ കാൎയ്യം നേടാനാണ് ആ രാജ്യങ്ങളിലെ മാതാക്കന്മാർ തങ്ങളുടെ പുത്രിമാരേ സകലസദ്യകൾക്കും (Dinners), നടനങ്ങൾക്കും (Dances) മറ്റും തള്ളി അയക്കുന്നത്. അനവധി പുരുഷന്മാർ ഒന്നായി കൂടുന്ന ഇങ്ങിനെയുള്ള അവസരങ്ങളിൽ ലോകപരിചയമില്ലാത്ത ഒരു യുവതിയെ അവരുടെ കൂട്ടത്തിൽ നിൎബ്ബന്ധിച്ചയച്ചു,

മേലാൽ തന്റെ ജീവകാലം മുഴുവൻ തന്റെ സുഖദുഃഖങ്ങളിൽ പങ്കുകൊള്ളുവാൻ ഒരുവരനെ സ്വപ്രയത്നംകൊണ്ടു തിരഞ്ഞെടുപ്പാൻ വിടുന്നതാണോ സ്വാതന്ത്ര്യം? ഈ അനീതിയാണ് പാശ്ചാത്യന്മാരുടെ സ്ത്രീസ്വാതന്ത്ര്യത്തിന്റെ അടിസ്ഥാനം. ഈ ആവശ്യത്തിന്നുമാത്രമാണ് പാശ്ചാത്യയുവതികളെ വളരെ ശ്രദ്ധയോടും നിഷ്കൎഷയോടും പാട്ടും നടനവും മറ്റും ശീലിപ്പിക്കുന്നത്. ഇതു മാത്രമോ? യൂറോപ്പുരാജ്യത്തു എല്ലാ വലിയ പട്ടണങ്ങളിലും പെൺകുട്ടികളെ, പുരുഷന്മാരുമായി ശൃംഗാരത്തിൽ സംസാരിപ്പാനും അവരുടെ ഇടയിൽ അനുരാഗം തോന്നിക്കത്തക്കവിധം ഇടപെടാനും മറ്റും, പഠിപ്പിക്കുവാൻ പ്രത്യേകം ചില ഗുരുക്കന്മാരുണ്ട്!! യോഗ്യന്മാരായ അച്ഛനമ്മമാരുടെ കുട്ടികൾക്കു പുരുഷന്മാരുമായി മൎയ്യാദയ്ക്കു സംസാരിപ്പാനും, പെരുമാറുവാനും അറിവില്ല എന്നു വരുമോ? പിന്നെ എന്തിനാണ് ഈ 'വേശ്യാവിദ്യാഭ്യാസം'? ഇതിന്റെ ഏകോദ്ദേശം സദസ്സുകളിൽ വെച്ചു യുവഹൃദയം കവരാനാണെന്നു കേൾക്കുമ്പോൾ ആൎക്കാണ് വെറുപ്പു തോന്നാത്തത്? ശക്തിയേറിയ ഒരു 'ചൂണ്ടലാണു' ഇത്. ഈ വിദ്യാഭ്യാസം പ്രകൃതിവിരുദ്ധവും, സജ്ജനവൎജ്ജിതവുമാണ്. ഇംഗ്ലണ്ടിലേയും, മററു പശ്ചിമരാജ്യങ്ങളിലേയും യുവതികൾക്കു ഓരോ ആളുകളോടും, ഓരോ സഭയിലും ചില പ്രത്യേകരീതിയിൽ പെരുമാറുവാൻ നല്ല ശീലമുണ്ട്. ഇതാണു ആ നീചഗുരുക്കന്മാർ അവരെ ശീലിപ്പിക്കുന്നത്. സംഗീതവും, പിയാനോവും അൎത്ഥ

സിക്കുന്നതും ഈ ചൂണ്ടലിന്നു ശക്തി അധികമാക്കുവാനാണ്. സംഗീതം 'വരമൃഗയ'യ്ക്കു് എത്രയും ആവശ്യമായ ഒരായുധമാണ്. പാശ്ചാത്യയുവതികൾക്കു എല്ലാവക്കും സംഗീതത്തിലുള്ള ആന്തരമായ പ്രതിപത്തികൊണ്ടാണ്, അവർ നാലഞ്ചുകൊല്ലം ബുദ്ധിമുട്ടി രാവും പകലും പിയാനോ പഠിക്കുന്നതെന്നു ആരും തെറ്റിദ്ധരിച്ചുപോകരുത്. ആൺകുട്ടികളെ അവരുടെ മേലാലുള്ള ഉപജീവനത്തിന്നു വല്ല വഴിയും തേടാൻ വേണ്ടി വിദ്യാഭ്യാസം ചെയ്യിക്കുന്നതുപോലെതന്നെയാണ് പാശ്ചാത്യരാജ്യത്തെ പെൺകുട്ടികളുടെ സംഗീതാഭ്യാസവും നടനാഭ്യാസവും. ഈ അഭിപ്രായം വാസ്തവമാണെന്നുള്ളതിന്നു ചില പാശ്ചാത്യന്മാർതന്നെ സാക്ഷി പറയും. പാശ്ചാത്യരാജ്യങ്ങളിലെങ്ങും അനല്പപ്രസിദ്ധിനേടിയ ബർനാഡ് ഷാ (Bernad Shaw) എന്നാൾ അദ്ദേഹത്തിന്റെ ഒരു നാടകത്തിൽ, രണ്ടു കഥാപാത്രങ്ങളുടെ ഒരു സംഭാഷണത്തിൽ ഈ അഭിപ്രായം ധ്വനിപ്പിക്കുന്നു. ആ നാടകത്തിൽ ഒരു പുരുഷനും അയാളുടെ പരേതനായ സ്നേഹിതന്റെ പത്നിയും തമ്മിലുള്ള ഒരു സംഭാഷണത്തിലാണ് മേല്പറഞ്ഞ ധ്വനി. അതിന്റെ സാരം താഴെ ചേക്കുന്നു.

പുരുഷൻ—ഞാൻ പറയുന്നതു കേട്ട് ഒട്ടുംതന്നെ അത്ഭുതപ്പെടരുതേ. സംബന്ധം പുരുഷന്മാരെ ചൂണ്ടലിട്ടു പിടിക്കുന്ന ഒരു തൊഴിലാണെന്നു ഭവതിക്കറിവുണ്ടല്ലോ. ഭവതിയുടെ മാതാവു നിർബ്ബന്ധിച്ചു ഭവതിയെ പല ജാതി പാട്ടുകൾ പഠിപ്പിച്ചിരുന്നതിന്റെ ഉദ്ദേശം എന്തായിരുന്നു? ഭാര്യയുടെ സംഗീതമാധുര്യം അനുഭവിച്ച്, സകല ദുഃഖങ്ങളും കുറച്ചു നേരം മറന്നുകളയാം എന്നു ഭവതിയുടെ കാന്തനെ തെറ്റിദ്ധരിപ്പിക്കുവാനല്ലാതെ പിന്നെയെന്തിനാണ്? പരേതനായ എന്റെ സ്നേഹിതനെ കാന്തനായി ലഭിച്ച നിമിഷം മുതൽ ഭവതി ഒരിക്കലെങ്കിലും പാടിയതായോർമ്മയുണ്ടോ?

സ്ത്രീ—വിഡ്ഢിത്തം പറയരുത്. വിവാഹം കഴിഞ്ഞ ഒരു സ്ത്രീക്കു പല ജോലികളുമുണ്ട്. പാട്ടുംപാടിയിരുന്നാൽ പോരാ. അങ്ങിനെ കുറച്ചു കാലം കഴിയുമ്പോൾ പഠിച്ച പാട്ടൊക്കെ മറന്നുപോകും.

പുരുഷൻ—സംഗീതത്തിൽ വാസ്തവമായ പ്രതിപത്തിയുണ്ടെങ്കിൽ അതു മറക്കുന്നതല്ല. അതൊന്നുമല്ല. ഭവതിയുടെ കാന്തനായ ആ മത്സ്യത്തെ കിട്ടിയ നിമിഷം അതിനെ പിടിപ്പാനുപയോഗിച്ച ചൂണ്ടലായ സംഗീതം വലിച്ചെറിഞ്ഞു; അതാണു വാസ്തവം'

ദിനംപ്രതി പിയാനോവിന്റെ മുമ്പിൽ അഞ്ചുമണിക്കൂർ നേരം ഇടവിടാതെ നിർബ്ബന്ധബന്ധനം അനുഭവിച്ച് ആവലാതി പറയുന്ന എത്ര കുട്ടികളുണ്ട്! ഇതാണോ യഥാർത്ഥസ്വാതന്ത്ര്യം? പൂർവ്വകാലങ്ങളിൽ അടിമവ്യാപാരത്തിൽ ദേഹശക്തിയുള്ള അടിമകൾക്കു നല്ല വില കിട്ടുകകൊണ്ടു വ്യാപാരികൾ അവക്കു കച്ചവടസമയത്തിന്നുമുമ്പു തടിപ്പിക്കുവാനുള്ള ഭക്ഷണപദാർത്ഥങ്ങൾ ധാരാളം കൊടുത്തിരുന്നുവത്രെ. ഇതിൽ എന്താണ് അത്ഭുതം! വിവാഹാപണത്തിൽ പുരുഷന്മാ

രുടെ കണ്ണിന്നു പിടിക്കുവാൻ അവരെ ചതിച്ചു പററിക്കുവാനുള്ള ഏകോദ്ദേശമാണു പാശ്ചാത്യവനിതകളുടെ സകല വിദ്യാഭ്യാസത്തിൻെറയും അടിസ്ഥാനം. ഇതെല്ലാം സഹിക്കാം. തൻെറ ഇഷ്ടത്തിന്നു തീരെ വിരുദ്ധമാണെങ്കിലും, ഇടക്കിടക്കുള്ള സദ്യകൾക്കും, വിരുന്നുസല്ക്കാരങ്ങൾക്കും, നടനങ്ങൾക്കും എത്ര ബാലികമാരെയാണ് നിർബ്ബന്ധിച്ചു ഉന്തിപ്പായിക്കുന്നത്! ഈ വക ആഘോഷങ്ങൾ 'ധനികവർഗ്ഗത്തിൽ' ദിനംപ്രതി ഉണ്ടാവും. അതിന്നെല്ലാം ഹാജർ കൊടുക്കണം. അതിന്നാവശ്യമുള്ളതും വേണ്ടെന്നുവെപ്പാൻ നിവൃത്തിയില്ലാത്തതുമായ ചില ഉടുപ്പുകൾ രണ്ടുമൂന്നു മണിക്കൂർ നേരം ബുദ്ധിമുട്ടി ഞെരിഞ്ഞുടുത്ത്, അർദ്ധരാത്രി കഴിയുന്നതുവരെ പുരുഷന്മാരോടുകൂടിച്ചേർന്നു ലഹള കൂട്ടി, നിദ്രാവിഹീനകളായി ദിവസംപ്രതി സങ്കടമനുഭവിക്കുന്ന പാശ്ചാത്യയുവതികളുടെ സ്ഥിതി എത്ര ശോചനീയമായിട്ടുള്ളതാണ്! നാടുകടത്തപ്പെട്ട കുററക്കാർ അവരുടെ പുതിയ ജീവിതത്തിൻെറ കഷ്ടപ്പാടുകൾ കുറച്ചുകാലം കഴിഞ്ഞാൽ മറന്നുപോയേക്കാം. അതുകൊണ്ട് ഒരു നാടുകടത്തപ്പെട്ടവൻെറ ജീവിതം സുഖമായതാണെന്നനുമിക്കാമോ? അതേപ്രകാരം തന്നെ ദിനംപ്രതി പരിശീലിച്ചുവരുന്ന പ്രകൃതിവിരുദ്ധമായ ഈ ഓരോ പ്രവൃത്തിയിൽ പാശ്ചാത്യയുവതികൾക്കു കാലപ്പഴക്കംകൊണ്ടു പ്രത്യേകമായ യാതൊരു ബുദ്ധിമുട്ടും തോന്നുവാനിടയില്ലെങ്കിലും, അവരുടെ അപ്രകാരമുള്ള ജീവിതം സുഖമായതാണെന്ന് ഒരിക്കലും വിചാരിച്ചുകൂടാ. പാശ്ചാത്യവിവാഹം, ചുരുക്കിപ്പറയുകയാണെങ്കിൽ, രണ്ടു വിധത്തിലാണ് — നായാട്ടം, ക്രയവും. ഇതിൽ നായാട്ടിന്നത്യാവശ്യമായ ആയുധങ്ങളാണു സംഗീതം, നടനം മുതലായത്. നല്ല നായാട്ടുകാരനല്ലെങ്കിൽ മൃഗങ്ങളെ പിടിക്കുവാൻ സാധിക്കില്ല. അതുപോലെ തന്നെ നല്ല സ്ത്രീയല്ലെങ്കിൽ ഭർത്താവുമില്ല. ഇതു കാരണം സൌന്ദര്യം കുറഞ്ഞ യുവതികൾ വളരെ പേർ അഭർത്തൃകകളായി കാലം കഴിച്ചുകൂട്ടുന്നു.

പാശ്ചാത്യന്മാരുടെ ഭാര്യാസ്നേഹം വളരെപുകഴ്ത്തത്തക്കതല്ല. റുഡ്യാർഡ് കിപ്ലിങ്ങ് (Rudyard Kepling) എന്ന ഗ്രന്ഥകർത്താവു ഒരവസരത്തിൽ താഴെ ചേർക്കുന്ന ഒരു സംഭവം വിസ്തരിക്കുന്നു — തൻെറ ചുരുട്ടുവലി നിർത്തേണമെന്ന് അപേക്ഷിച്ച ഭാര്യയുടെ എഴുത്തു വായിച്ചുകിടക്കുന്ന ഒരു യുവാവ് ഇപ്രകാരം ആലോചിക്കുന്നു: 'സ്ത്രീകൾ എത്രയായാലും സ്ത്രീകൾതന്നെയല്ലേ? പക്ഷേ ഒരു ചുരുട്ടോ! (ചുരുട്ടുപെട്ടി തുറന്നുനോക്കി ആത്മഗതം) എൻെറ പ്രാണസ്നേഹിതന്മാരേ, നിങ്ങളെ ഉപേക്ഷിച്ച് അവളെ സന്തോഷിപ്പിക്കുവാൻ അവളാരാണ്? ഇതുപോലെ ആയിരം പെണ്ണുങ്ങളുണ്ടാവും. പക്ഷേ ഒരു ചുരുട്ടു ഒരു ചുരുട്ടുതന്നെയാണ്' ഭാര്യയോടുള്ള സ്നേഹത്തിൻെറ അളവ് എത്രയധികം!! 'ഇക്കാലത്തെ സ്ത്രീകൾ പുരുഷന്മാർക്കു സുഖാനുഭവത്തിന്നു മാത്രമാണ്' എന്നു ഓഗസ്റ്റ് ബേബിൽ (August Babel) എന്ന മഹാപ്രാസംഗികൻ വിളിച്ചുപറയുന്നു.

ഒരുമാതിരി ബുദ്ധിമുട്ടി നായാട്ടിൽ

വിജയിനികളായ സ്ത്രീകളുടെ സ്ഥിതി പിന്നെ വിവരിക്കാം. നായാട്ടിൽ അപജയം പററിയ നിർഭാഗ്യവതികളുടെ സ്ഥിതി വലിയ കഷ്ടത്തിലാണ്. 'വയററിൽ പിഴപ്പി'ന്നു വല്ല പ്രവൃത്തിയിലും ഏർപ്പെടാതെ എന്താണ് ഈ അനാഥകൾക്കു ഗത്യന്തരം? വല്ല തപാലാപ്പീസ്സിലോ, വലിയ ഹോട്ടലുകളിലോ പോയി ചുരുങ്ങിയ ശമ്പളത്തിന്നു ചേൎന്നു, ദിവസത്തിൽ പത്തുപന്ത്രണ്ടു മണിക്കൂർ ഇടവിടാതെ പ്രയത്നിച്ച് കഷ്ടിച്ചു ഉപജീവനം കഴിച്ചുകൂട്ടുകയാണ് ഇവരുടെ ഏകനിവൃത്തിമാൎഗ്ഗം. സ്ത്രീകളോടു കാണിക്കേണ്ടുന്ന ബഹുമാനത്തേയും വണക്കത്തേയുംപററി പ്രസംഗിച്ചും, പാശ്ചാത്യസ്ത്രീകളുടെ സ്വതന്ത്രാവസ്ഥയെപ്പററി ജയഭേരിയടിച്ചും നടക്കുന്ന കൂട്ടർ അവരുടെ എത്ര സഹോദരികളാണ് അവർ ഇപ്രകാരം അനാവശ്യമായി ലഹള കൂട്ടി ജനങ്ങളെ തെററിദ്ധരിപ്പിക്കുന്ന സമയം ലണ്ടനിലെ ഹോട്ടലുകളിലും, ആപ്പീസ്സുകളിലും അനാഥകളായി കഷ്ടപ്പെട്ടു ദാരിദ്ര്യദേവതയെ ഭയന്നു മാത്രം പണിയെടുക്കുന്നത് എന്നു ചിന്തിക്കുന്നുണ്ടോ?

പാശ്ചാത്യവിവാഹം പണംകൊടുത്താലും സാധിക്കുന്നതാണ്. ഫ്രാൻസ് രാജ്യത്തിൽ പ്രമാണിയായ ലിറെറാർനോ (Letourneaw) എന്നാൾ ഇപ്രകാരം പറയുന്നു— 'നല്ല സംഖ്യ കിട്ടുന്നതായാൽ വയസ്സും, സൌന്ദൎയ്യവും ഒന്നും നോക്കാതെ ഒരു സ്ത്രീയെ ഭാൎയ്യയാക്കുവാൻ എത്രയോ പേർ തയ്യാറാണ്. വൃദ്ധന്മാർ യുവതികളേയും, വൃദ്ധകൾ യുവാക്കന്മാരേയും പണം കൊടുത്തു കയ്യിലാക്കുന്നു. ഇക്കാൎയ്യത്തിൽ ഫ്രാൻസ് മററു രാജ്യത്തെ കടത്തിവെക്കുന്നത് എത്രയും ലജ്ജാവഹം തന്നെ.' പരിഷ്കാരസൂൎയ്യന്റെ സകല രശ്മികളും ഏകോപിച്ചു വിളങ്ങുന്ന രാജ്യത്തെ വൎത്തമാനമാണിത്! ഈ രാജ്യക്കാരാണ് സ്ത്രീസ്വാതന്ത്ര്യത്തെ പററി ലഹള കൂട്ടുന്നവർ!!

വിവാഹാനന്തരം ഒരു പാശ്ചാത്യസ്ത്രീ അനുഭവിക്കുന്ന ദുഃഖങ്ങൾക്കു അതിരില്ല. ഭൎത്താക്കന്മാരുടെ അസ്ഥിരതയാണ് ഇതിന്നു വലിയ കാരണം. അന്യസ്ത്രീപ്രവേശനം ഏതു ഭാൎയ്യയും സഹിക്കുന്നതാണോ? മുൻ പ്രസ്താവിച്ച ആഗസ്റ്റ് ബേബിൽ (August Babel) എന്ന മഹാൻ ഇപ്രകാരം പറയുന്നു:— 'മനുഷ്യരിൽ ഭൂരിപക്ഷക്കാൎക്കും രണ്ടു ഭാൎയ്യമാരെ സംരക്ഷിക്കുവാനുള്ള പ്രാപ്തിയുണ്ടാവുന്നതല്ല. സാധാരണയായി വിവാഹത്തിന്നു മുമ്പുതന്നെ അവൎക്കു ഒന്നിലധികം ഭാൎയ്യമാരുണ്ടാവും. അവരിൽ ഒന്ന് ന്യായപ്രകാരമുള്ളതും ശേഷം അന്യായമായിട്ടുള്ളവരുമായിരിക്കും.' ലിറെറാർനോ (Letourneaw) എന്നാൾ ഇപ്രകാരം പറയുന്നു— 'ഇക്കാലത്തു പരിഷ്കാരത്തിന്റെ പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന രാജ്യങ്ങളിലും, നാനാവിധശാസ്ത്രങ്ങളിൽ അനിതരസാധാരണമായ നൈപുണ്യം നേടിയ വൎഗ്ഗത്തിലും ഭൂരിപക്ഷക്കാരും ഒന്നിലധികം ഭാൎയ്യമാർ വേണമെന്നാഗ്രഹമുള്ളവരാണ്.' സ്ത്രീസ്വാതന്ത്ര്യത്തിന്റെ ഉന്നതപദവി ഇതാണ്! കഷ്ടം.

പാശ്ചാത്യരാജ്യത്തിലെ സ്ത്രീകളുടെ ജീവിതം തീരെ പ്രകൃതിവിരുദ്ധമായ നിലയിലാണ്. സൌന്ദൎയ്യവും, യൌവന

വും നിലനിൎത്തേണ്ടതിന്ന് അവർ എന്തു തന്നെ ചെയ്യാനും സന്നദ്ധകളാണ്. അധികം സന്താനങ്ങളുണ്ടാവുന്നതു അവൎക്കു തീരെ ഇഷ്ടമല്ല.

മദ്ധ്യമവൎഗ്ഗത്തിലേയും, ധനികവൎഗ്ഗത്തിലേയും സ്ത്രീകളുടെ വിദ്യാഭ്യാസം എത്രയോ ചുരുങ്ങിയതും, പുറമേക്കു മാത്രമുള്ളതുമാണ്. അവർ സാധാരണയായി അനേകനോവലുകൾ വായിച്ചു തള്ളാറുണ്ട്. അവയിൽ മിക്കതും മനസ്സിനെ അശുദ്ധപ്പെടുത്തുന്നവയായിരിക്കും. അല്പവിദ്യാഭ്യാസത്തിന്റെ ഫലമായി പാശ്ചാത്യസ്ത്രീകളുടെയിടയിൽ അനവധി അന്ധവിശ്വാസങ്ങളുണ്ട്. നവീനശാസ്ത്രങ്ങളിൽ അനല്പകീൎത്തിയും നൈപുണ്യവും നേടിയ അമേരിക്കയാണ് അബദ്ധമായ പല അന്ധവിശ്വാസങ്ങളുടെ വാസസ്ഥലം.

'പ്രവൃത്തിവൎഗ്ഗ'ത്തിലെ സ്ത്രീകളുടെ കഥ ഇതിലും കഷ്ടമാണ്. ലണ്ടനിലേയും മറ്റു യൂറോപ്പിലെ വലിയ പട്ടണങ്ങളിലേയും നീചക്കുടിലുകളിൽ ചെ. ന്നുനോക്കിയാലറിയാം ഇവരുടെ യഥാൎത്ഥസ്ഥിതി. ദേഹശക്തി കുറഞ്ഞുള്ള കൃശശരീരത്തോടുകൂടിയ എത്ര ചെറുപെൺകുട്ടികളാണ് ഈ പട്ടണങ്ങളിലെ യന്ത്രശാലകളിൽ പണിയെടുത്തു വലയുന്നത്! ഗൎഭിണികളായ എത്ര സ്ത്രീകളാണ് ഇപ്രകാരം അതിപ്രയത്നംകൊണ്ടു അപായം പറ്റുന്നത്! പ്രസവിച്ച ഉടനെ ആവശ്യമുള്ള ചികിത്സകൾ ചെയ്യുന്നതിന്നു കഴിവില്ലാതെ എത്ര സ്ത്രീകളാണ് അകാലമൃത്യുവിന്നു പാത്രീഭവിക്കുന്നത്! തങ്ങളുടെ ചെറുപൈതങ്ങൾക്കു ശരിയായി മുല കൊടുപ്പാൻ സമയമില്ലാത്തതുകൊണ്ടു എത്ര കുട്ടികളെയാണു ബാല്യമരണത്തിന്നു ഇരയാക്കുന്നത്! വൎഷം പ്രതിജനിക്കുന്ന 20 ലക്ഷം ബാലന്മാരിൽ 4 ലക്ഷം ജനിച്ചു 12 മാസത്തിനുള്ളിൽ മരിക്കുന്നതിന്നു വേറെ എന്താണു കാരണം? പരിഷ്കാരം അധികമായാലുള്ള ഫലമാണോ ഇത്? പ്രഭാതത്തിൽ 8 മണിമുതൽ വൈകുന്നേരം 6 മണിവരെ യന്ത്രശാലകളിൽ പണിയെടുത്തു മടങ്ങിവന്നാലുണ്ടോ ഇവൎക്കു ഒരു സ്ഥൈര്യം? രാത്രി രണ്ടുരണ്ടരമണിവരെ ഗൃഹകൃത്യങ്ങളിൽ പ്രവേശിക്കേണ്ടി വരും. പത്തു മണിക്കൂറുള്ള പ്രയത്നത്തിന്നു കൂലി കഷ്ടിച്ചു ഒന്നരയണയാണത്രെ. യന്ത്രശാലകളിലെ ജോലി മുഴുവനും നിന്നുകൊണ്ടു ചെയ്യേണ്ടതാണ്. ഒരേ നിലയിൽ ഇപ്രകാരം അധികനേരം നില്ക്കുന്നതുകൊണ്ടു അവൎക്കു ദേഹത്തിന്നു വലുതായ ചില സുഖക്കേടുകൾ വന്നു പിടിപെടുന്നു. ദയയെന്ന സൽഗുണം അല്പമെങ്കിലുമുള്ള ഒരു മനുഷ്യൻ ഒരു കഴുതയെക്കൊണ്ടു കൂടി ചെയ്യിപ്പിക്കുവാൻ മടിക്കുന്നതിലധികം പണി ചെയ്തു ദിവസംപ്രതി കഷ്ടിച്ചു 2അണ സമ്പാദിക്കുന്ന സ്ത്രീകൾ അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ (United States) 60 ലക്ഷത്തിലധികമുണ്ട്!!! ഇവരുടെ വാസസ്ഥലം ഗോശാലകളെക്കാൾ വൃത്തികെട്ടതായിരിക്കും. സാധാരണ ഒരാൾ അവയ്ക്കകത്തു കാലെടുത്തു വെപ്പാൻ മടിക്കും. ഈ വൎഗ്ഗത്തിലെ സ്ത്രീകൾ വിളൎത്തു, ശോഷിച്ചു, ഒട്ടിയ കവിളോടും, രക്തപ്രസാദമില്ലാത്ത ദേഹത്തോടും കൂടിയവരായിരിക്കും. വലിയ ഹൎമ്മ്യങ്ങളിലും ബംഗ്ലാവുകളിലും താമ

സിച്ച പുറത്തേക്ക വരുമ്പോൾ മുഖത്തും കവിളത്തും ചായവും പൊടിയും തേച്ച ഞെളിഞ്ഞു നടക്കുന്ന പാശ്ചാത്യസ്ത്രീകൾ, തങ്ങളുടെ സഹോദരികളിൽ വളരെ പേർ നിത്യവൃത്തിക്ക നിവൃത്തിയില്ലാതെ അത്യന്തകഷ്ടമനുഭവിച്ച വരുന്നുണ്ടെന്നു തിരെ കരുതുന്നില്ല. ഈ ജാതി സ്ത്രീകളുടെ ഏകമിത്രം അകാലമൃത്യവാണ്. ലഹരിപദാൎത്ഥങ്ങൾ കണക്കിലധികം കഴിച്ച തങ്ങളുടെ സങ്കടത്തെ അടക്കി വെക്കുവാനാണ ഇവർ ആ മഹാശത്രുവായ സുരാപാനം ശീലിക്കുന്നത്.

പാശ്ചാത്യസ്ത്രീകളിൽ മിക്കവരുടേയും ചാരിത്രത്തെപ്പററി അധികമൊന്നും പറയേണ്ടാവശ്യമില്ല. ഇംഗ്ലാണ്ടിൽ നടന്നു വരുന്ന വ്യഭിചാരത്തിന്റെ കാരണവും, അതിന്റെ നിവാരണമാൎഗ്ഗവും മററും അറിയുവാൻ വേണ്ടി പല കമ്മിററികളും ഏൎപ്പെടുത്തീട്ടുണ്ട. അവയുടേ റിപ്പോർട്ടു വായിച്ചാൽ സകലവും പുറത്തു വരും.

പാശ്ചാത്യസ്ത്രീകളേ കണ്ടാനന്ദിച്ച് അവരുടെ നിലയിൽ തങ്ങളും വരേണമെന്നു പൌരസ്ത്യവനിതകൾ വിചാരിക്കുന്നത് വെറും അബദ്ധമാണ്. അവരിൽ കാണുന്ന ചില ചില്ലറ ഗുണങ്ങൾ മാത്രമേ, വേണമെന്നു വരികിൽതന്നെ, നാം ആശിക്കേണ്ടു.

ഏ. പി.

# ഗിരിബാല. *

## (ഒരു ചെറുകഥ.)

ഗിരിബാലയ്ക്കു, തന്റെ നാലുഭാഗത്തേയ്ക്കും കവിഞ്ഞു പതഞ്ഞൊഴുകുന്നതായി തോന്നീയ യൌവനസമൃദ്ധിയുണ്ടായിരുന്നു. അവൾ ധരിച്ചിരുന്ന വിശേഷവസ്ത്രങ്ങളുടെ കൌതുകകരങ്ങളായ ചുളിവുകളിലും, മനോഹരമായ അവളുടെ കംബുകണ്ഠത്തിന്റെ ചലനങ്ങളിലും, കരലതകളുടെ ചേഷ്ടകളിലും, സംഗീതസ്സ്വായയോടുകൂടിയ പദവിന്യാസങ്ങളിലും, ചിലപ്പോൾ മന്ദഗതിയായും ചിലപ്പോൾ ധ്രുതഗതിയായും അവൾ സഞ്ചരിക്കുമ്പോൾ കാണപ്പെടുന്ന പാദസരങ്ങളുടെ കിലകിലശബ്ദത്തോടുകൂടിയ അവളുടെ കണംകാലുകളിലും, മണിനാദംപോലുള്ള ചിരിയിലും, അവളുടെ ശബ്ദമാധുൎയ്യത്തിലും, കടാക്ഷവീക്ഷണങ്ങളിലും ആ യൌവനപ്രത്തി നിറഞ്ഞൊഴുകിയിരുന്നു. പലപ്പോഴും അവൾ നീലപ്പട്ടുടുത്ത്, എന്തോ അവാച്യമായ ഒരു അസ്വസ്ഥതയോടുകൂടി, ചിന്താമഗ്നയാ

* ഈ കഥ ശ്രീ. രവീന്ദ്രനാഥടാഗോർ എഴുതിയതാകുന്നു.

യി സ്വഗൃഹോപരിയുള്ള നിലാമുററത്തുലാത്താറുണ്ട്. പുറത്തു കേൾക്കാത്തതും അവസാനം കാണാത്തതും ആയി ഹൃദയാന്തർഭാഗത്തു നടക്കുന്ന എന്തോ ഒരു സംഗീതത്തിന്നനുസരിച്ചു താളങ്ങൾ ചവുട്ടിയാൽ കൊള്ളാമെന്ന് അവളുടെ മൃദുപാദങ്ങൾക്ക് ആഗ്രഹമുള്ളതായി തദവസരങ്ങളിൽ കാണപ്പെട്ടുവരുണ്ട്. അവളുടെ യൌവനസരസ്സിൽ ചെറുതിരകളെ ഉല്പാദിപ്പിക്കുന്ന തൻെറ ശരീരചലനത്തിൽ അവൾക്കുതന്നെ പ്രത്യേകസന്തോഷമുണ്ടായിരുന്നു. പെട്ടെന്ന് അവൾ സമീപത്തുള്ള പൂച്ചട്ടിയിൽനിന്ന് ഏതെങ്കിലും ചെടിയുടെ ഒരു ഇല പറിച്ചു വെറുതെ മേലോട്ടെറിയും. അപ്പോൾ അവളുടെ കൈവളകളിൽനിന്നു ശ്രവണമധുരമായ ഒരു ശബ്ദം പുറപ്പെടും. മനോമോഹനമായ ആ കരപല്ലവത്തിൻെറ തന്മയത്തുള്ള വിശിഷ്ടമായ ആകൎഷണശക്തി ആരും ആസ്വദിക്കാതെയും അറിയാതെയും, പെട്ടെന്നു കൂട് തുറന്നു പുറത്തുവന്ന ഒരു പക്ഷിയെപ്പോലെ, അന്തരിക്ഷത്തിൽ ലയിക്കുകയും ചെയ്യും. അവൾ വസ്ത്രാഗ്രങ്ങളിൽനിന്ന്, എളകിക്കൊണ്ടിരിക്കുന്ന കൈവിരലുകൾകൊണ്ട്, ഒന്നുമില്ലെങ്കിലും, എന്തോ ഒന്നു തുടച്ചുകളയും; അകാരണമായി അവൾ കാൽവിരലുകളിന്മേൽ നിവൎന്നുനിന്നു നിലാമുററത്തിൻെറ ചുമരുകളുടെ മീതെ, പുറമേ കാണുവാൻ യാതൊന്നുമില്ലെങ്കിലും, എത്തിച്ചുനോക്കും; പെട്ടെന്നു ധൃതിയായി മറെറാരു വശത്തേയ്ക്കു തിരിഞ്ഞ് അവളുടെ വസ്ത്രത്തിൻെറ ഒരു തലയ്ക്കൽ ഞാത്തികെട്ടീട്ടുള്ള താക്കോൽക്കൂട്ടത്തെ കയ്യിലെടുത്തു വീശിക്കൊണ്ടു വേറെ ഒരു ഭാഗത്തേയ്ക്കു നടക്കും. അവൾ നിബിഡകോമളമായ കേശഭാരത്തെ കണ്ണാടി നോക്കി ചീകികെട്ടിക്കൊണ്ടിരിക്കുമ്പോൾ പെട്ടെന്ന് ഉത്സാഹരഹിതയായി കുന്തൽകെട്ടിനെ മുഴുവൻ അലക്ഷ്യമായി അഴിച്ചു ചിന്നിച്ചിതറും; ഉടനെ ആലസ്യഭാവത്തിൽ തന്നെത്താൻ ശയ്യയിൽ ചെന്നു വീഴും; അവളുടെ ആ കിടപ്പു നിലാവുള്ള രാത്രിയിൽ ചന്ദ്രരശ്മികൾ പത്രാവലികളുടെ എടയിൽക്കൂടി പ്രവേശിച്ചു നിബിഡച്ഛായ ബാധിച്ചിട്ടുള്ള വൃക്ഷച്ചുവട്ടിൽ വിശ്രമിക്കുന്നതുപോലെ ആകുന്നു.

അവൾക്കു കുട്ടികൾ ഇല്ല. ഭൎത്താവിൻെറ കുടുംബം വളരെ സമ്പത്തുള്ളതാകകൊണ്ടു വിശേഷിച്ചു ജോലിയും ഒന്നും ചെയ്യാനില്ല. തന്നിമിത്തം അവൾ ദിനംപ്രതി അവളുടെ സ്വശക്തിയെ,പാത്രം നിറഞ്ഞു കവിഞ്ഞൊഴുകുന്നതുവരെ ഒന്നിച്ചു വ്യയംകൂടാതെ സംഭരിക്കുകയായിരുന്നു. അവൾക്കു ഭൎത്താവുണ്ട്; പക്ഷേ അവളുടെ സ്വാധീനത്തിലല്ല. അവൾ കുട്ടിപ്രായം വിട്ടു വളൎന്നു യൌവനയുക്തയായ സ്ത്രീയായിത്തീൎന്നു. എങ്കിലും, നിത്യപരിചയത്താലായിരിക്കാം,' അവളുടെ ഭൎത്താവിൻെറ ശ്രദ്ധയിൽ മാത്രം ആ സംഗതി എത്തുപെട്ടില്ല.

അവൾ കേവലം ഒരു നവോഢയായിരുന്ന കാലത്ത്, അന്നു കോളേജ് വിദ്യാൎത്ഥിയായിരുന്ന അവളുടെ ഭൎത്താവായ 'ഗോപിനാഥൻ' ഉച്ചയ്ക്കു ക്ലാസിൽനിന്നു ചാടിച്ചെന്ന്, ഗുരുജനങ്ങൾ എല്ലാം മദ്ധ്യാഹ്നനിദ്രയെ ആസ്വദിച്ചിരിക്കുന്ന അവസരം നോക്കി സ്വകാൎയ്യമാ

യി ഗിരിബാലയെ പ്രാപിച്ച് അവളുമായി സരസസല്ലാപം ചെയ്ത് അവളോടുള്ള തന്റെ അനുരാഗത്തെ പ്രദശിപ്പിക്കാറുണ്ട്. അന്ന് അവർ ഒരേ ഒരു ഗൃഹത്തിൽ തന്നെയാണു താമസിച്ചിരുന്നതെങ്കിലും 'ഗോപിനാഥൻ' അവൾക്ക് എഴുത്തുകൾ അയക്കുക പതിവുണ്ട്. അതിനുള്ള ആവശ്യം സാധാരണ ഉണ്ടായിരുന്നില്ലെങ്കിലും എഴുത്തയയ്ക്കേണ്ടുന്ന ഏകോദ്ദേശത്തോടുകൂടി അതിനു വേണ്ട സന്ദർഭങ്ങൾ അയാൾ സ്വയം നിമ്മിക്കുകയും, വണ്ണവ്യത്യാസമുള്ള നനുത്ത കടലാസ്സിൽ കാമലേഖനങ്ങൾ എഴുതി പനീരു തളിച്ചു വാസനയുള്ളതാക്കി തന്റെ പ്രിയതമയ്ക്ക് അയയ്ക്കുകയും ചെയ്യാറുണ്ട്. സങ്കല്പനിമ്മിതമായ രാഗശൂന്യതയെ സ്വയമേവ വളരെ വലുതാക്കി അന്യോന്യം അസഹ്യത നടിച്ചുള്ള 'സൌന്ദയ്യപ്പിണക്കങ്ങ'ളും അക്കാലത്തുണ്ടാകാറുണ്ട്.

അങ്ങിനെയിരിക്കെ 'ഗോപിനാഥ'ന്റെ പിതാവു പരലോകപ്രാപ്തനാവുകയും, അദ്ദേഹത്തിന്റെ സ്വത്തുക്കളൊക്കെല്ലാം താൻ ഏകാവകാശിയായിത്തീരുകയും ചെയ്തു. നല്ല മൂപ്പെത്തി പണ്യിമിനസം വരുത്തീട്ടില്ലാത്ത മരത്തിന്മേൽ എന്നപോലെ, പകപ്പത വരാത്ത യുവാവായ 'ഗോപിനാഥ'ന്റെ കൂടെ പലതരത്തിലുള്ള 'ചിതൽപ്രാണികൾ' പററിക്കൂടുകയും, ഉള്ളു തുരന്നു കാമ്പു തിന്നുവാൻ തുടങ്ങുകയും ചെയ്തു. അപ്പോൾ മുതല്ക്ക് അയാളുടെ ചലനഗതി, ഭായ്യയുടെ സമീപത്തിൽനിന്ന് അയാളെ അധികമധികം ദൂരത്തേയ്ക്കു നയിപ്പിക്കുന്നു ഒരു വിരുദ്ധമാഗ്ഗത്തിൽ കൂടിയായിത്തീൎന്നു.

മനുഷ്യക്ക് 'നേതാക്കന്മാർ' ആയിത്തീരുവാൻ സ്വതേ വല്ലാത്ത ഒരു ആഗ്രഹമുണ്ട്. ദൃഢചിത്തന്മാരായ മഹാത്മാക്കൾപോലും അതിൽ ഭ്രമിച്ചു പെട്ടുപോയിട്ടുണ്ട്. സ്വഭാവസ്ഥൈയ്യവും ബുദ്ധിശക്തിയും അവയുടെ അഭാവത്താൽ മാത്രം ശോഭിക്കുന്ന ഒരാൾക്കു, ഗൃഹാന്തഭാഗത്താണെങ്കിലും തീരെ സാധാരണന്മാരായി ഏതാനും അടിമകളെപ്പോലുള്ള ആശ്രിതരുടെ ആണെങ്കിലും 'നേതൃത്വം' ലഭിക്കുക എന്നുള്ള അവസ്ഥ അത്രപോലെത്തന്നെ അത്യന്തം അഭിലഷണീയമായി തോന്നാതിരിക്കയില്ല. അത് ആപൽക്കരമായ ആഗ്രഹമാണെന്നു പറയേണ്ടതില്ലല്ലോ. തന്റെ ചങ്ങാതിമാരുടേയും പരിചിതന്മാരുടേയും ഇടയിൽ 'ഗോപിനാഥൻ' തന്നെത്താൻ ഒരു 'ധീരപുരുഷ'നായിത്തീരുകയും, ദിവസംപ്രതി ഓരോ ദുർവ്യാപാരത്തെയും അമിതവ്യയമാഗ്ഗത്തെയും പുതിയതായി കണ്ടുപിടിച്ചു പ്രവൎത്തിക്കുവാൻ ഉത്സാഹിച്ചുവരികയും ചെയ്തു. തന്റെ കൂട്ടക്കാരുടെ ഇടയിലെല്ലാം ഗോപിനാഥന്ന് 'അമിതഭീതിയില്ലാത്തവൻ' എന്നുള്ള വലുതായ പ്രസിദ്ധിയും ഉണ്ടായി. ആ പ്രസിദ്ധി തന്റെ ആ കീൎത്തിയെ എന്തു ചെയ്തും നിലനിൎത്തുന്നതിന്നു മാത്രമല്ല, എങ്ങിനെ ആയാലും ഉപയ്യുപരി വദ്ധിപ്പിക്കുന്നതിന്നുകൂടി ശ്രമിക്കുന്നതിന്നു ഗോപിനാഥനെ മുറുക്കിക്കൊണ്ടിരുന്നു. ഗോപിനാഥന്റെ 'ക്ലസലില്ലായ്മ' ദുസ്സഹമായിത്തുടങ്ങി.

ഇക്കാലത്തു സുന്ദരിയായ ഗിരിബാല ഏകാന്തമായ അവളുടെ യൌവനസമൃദ്ധിയുടെമറവിൽ,സ്വന്തം സിംഹാസനമുണ്ടെങ്കിലും കീഴിൽ പ്രജകളില്ലാത്ത ഒരു മഹാരാജ്ഞിയെപ്പോലെ കഴിച്ചുകൂട്ടി. പുരുഷലോകത്തെ മുഴുവനും അടിമപ്പെടുത്തുന്നതിന്നുള്ള ശക്തി തനിക്കു തന്റെ അധീനത്തിൽ ഉണ്ടെന്ന് അവൾക്ക് അറിയാമായിരുന്നു. പക്ഷെ, ആ പുരുഷലോകം മാത്രം ഉണ്ടായിരുന്നില്ല.

ഗിരിബാലയ്ക്കു 'സുധ' എന്നു പേരായി ഒരു തോഴിയുണ്ടായിരുന്നു. അവൾക്ക് ആടാനും പാടാനും കവിതയുണ്ടാക്കുവാനും അറിയാമായിരുന്നു. തന്റെ നായികയുടേതുപോലെ അത്ര പരിശുദ്ധവും പരിപൂർണ്ണവും ആയ ഒരു സൌന്ദര്യസമ്പത്തിനെ, തനിക്കുള്ള മുതലുകളെ അനുഭവിക്കുവാൻ മറക്കുന്നവനായ ഒരു പടുവിഡ്ഢിക്കു സമർപ്പിച്ചുവല്ലോ എന്നു സുധ പലപ്പോഴും അത്യന്തം വ്യസനത്തോടുകൂടി പ്രസ്താവിക്കാറുണ്ട്. തന്റെ സൌന്ദര്യത്തെക്കുറിച്ചു തോഴി വിസ്തൃതമായി വർണ്ണിക്കാറുള്ളതിലൊന്നും ഗിരിബാലക്കു ഒരിക്കലും അലംഭാവം ഭവിച്ചിട്ടില്ല. എങ്കിലും സുധ കളവുപറയുകയാണെന്നും തന്നെ അധിക്ഷേപിക്കുകയാണെന്നും പറയുകയും, അവളുടെ വാക്കുകളെ തീരെ നിഷേധിക്കുകയും, പറയുന്നതെല്ലാം കേവലം മുഖസ്തുതിയാണെന്നും മററും ശകാരിക്കുകയും ചെയ്യാതിരിക്കയില്ല. അതെല്ലാം കേട്ടു പരിഭ്രമിച്ചു സാധുവായ സുധ പരിശുദ്ധമായ സകല വസ്തുക്കളേയും പിടിച്ച് ആണയിട്ട് അവളുടെ ബഹുമാനപുരസ്സരമുള്ള അഭിനന്ദനങ്ങൾ അക്ഷരംപ്രതിയഥാർത്ഥങ്ങളാണെന്ന് ഉറപ്പിച്ചുപറയും. അത് എങ്ങിനെയെങ്കിലും ഗിരിബാല സുധയെക്കൊണ്ടു ഉരുക്കഴിപ്പിക്കാതിരിക്കയില്ല. സത്യവാചകം കൂടാതെ തന്നെ സുധയുടെ വർണ്ണനകൾ മുഴുവൻ പൂർണ്ണമായി വിശ്വസിക്കുന്നതിന്നു മുമ്പുതന്നെ മനസ്സും ഒരുക്കവുമുള്ള ഗിരിബാലക്കു സുധയുടെ ആണയിടലുംകൂടി കേട്ടാലേ തൃപ്തിയാകയുള്ളു.

സുധ ഗിരിബാലയെ ഒരു പാട്ടുപാടി കേൾപ്പിക്കാറുണ്ട്. അതിന്റെ തുടക്കം ഇങ്ങിനെ ആണ് — 'ഞാൻ ഭവതിയുടെ ദാസനാണെന്നു ഭവതിയുടെ കാലടികളിൽ രേഖപ്പെടുത്തട്ടെയൊ.' അതു കേൾക്കുമ്പോൾ, തന്റെ മനോഹരങ്ങളും രക്തപത്മത്തിന്നു കാഠിന്യമേകുന്നവയും മൃദുമൃദുതരങ്ങളും സ്നിഗ്ദ്ധങ്ങളും ആയ പാദങ്ങൾ,പരാജിതരായ പുരുഷപുംഗവന്മാരുടെ ഹൃദയങ്ങളെക്കൊണ്ട് എഴുതപ്പെടുന്ന നിത്യദാസ്യത്തിന്റെ രേഖകളെ വഹിക്കുന്നതിന്ന് അർഹതയുള്ളവയാണെന്നു ഗിരിബാലയ്ക്കു സങ്കല്പത്തിൽ ബോദ്ധ്യപ്പെടും. എന്നാൽ, ആ പാദങ്ങൾക്കു ദിഗ്ജയസഞ്ചാരത്തിന്നുള്ള സൌകര്യം മാത്രം ലഭിക്കണം. അതില്ലാത്തതുകൊണ്ടുള്ള ന്യൂനതയേ ഉള്ളു.

എങ്കിലും, ഗിരിബാലയുടെ ഭർത്താവു ഗോപീനാഥൻ കേവലം ദാസനായിത്തീർന്നു തന്നെത്താൻ വിട്ടുകൊടുത്തിരുന്നതു 'ലവംഗ' എന്ന ഒരു സ്ത്രീക്കായിരുന്നു. അവൾ കീർത്തിപ്പെട്ട ഒരു നാടകക്കാരത്തിയായിരുന്നു. അനുരാഗത്തിലുണ്ടായ ഉഗ്രമായ ഇച്ഛാഭംഗം നിമിത്തം നൈരാശ്യത്തോടുകൂടിയ ഒരു യുവതി. അ

വസാനപ്പെട്ട് അനുരാഗത്തെ ശപിച്ചും കൊണ്ടു മോഹാലസ്യംപൂണ്ടു നിലത്തുവീഴുന്നത് അത്യന്തം നിസർഗ്ഗമധുരമായി യാഥാർത്ഥ്യത്തോടുകൂടി രംഗഭൂമിയിൽവെച്ചു പ്രദർശിപ്പിക്കുവാൻ വിശേഷാൽവൈദഗ്ദ്ധ്യമുള്ള ഒരു നടിയായ 'ലവംഗ' സുപ്രസിദ്ധയായിരുന്നു. ഗിരിബാലയുടെ ഭർത്താവു തീരെ അവളെ വിട്ടുപിരിഞ്ഞുപോയിട്ടില്ലാതിരുന്നകാലത്തുതന്നെ, അവൾ 'ലവംഗ'യുടെ അത്ഭുതകരമായ നാട്യകലാവിദഗ്ദ്ധതയെക്കുറിച്ചു പ്രസിദ്ധമായി പലപ്പോഴും കേൾക്കുകയും,അവൾ രംഗപ്രവേശം ചെയ്യുന്നതു കാണുവാൻ അതിയായി ആഗ്രഹിക്കുകയും ചെയ്തിട്ടുണ്ടായിരുന്നു. പക്ഷെ അവളെ അതിന്നു ഭർത്താവ് ഒരിക്കലും അനുവദിച്ചില്ല. എന്തുകൊണ്ടെന്നാൽ_ ഒരു കാര്യത്തിൽ ഗോപിനാഥന്നു നല്ല ഉറച്ച അഭിപ്രായമുണ്ടായിരുന്നു: മര്യാദയും സദാചാരവും ഉള്ള സ്ത്രീജനങ്ങൾക്കു പ്രവേശിക്കാവുന്ന ഒരു സ്ഥലമല്ലാ നാടകപ്പുരകൾ.

ഒടുവിൽ, ഒരു ദിവസം ഗിരിബാല സുധയെ കയ്യിൽനിന്നു പണംകൊടുത്തു നാടകത്തിന്നയച്ചു. പേരുകേട്ട ആ നടിയുടെ പ്രധാനപ്പെട്ട വേഷവും നാട്യവും കണ്ടുവരുന്നതിന്നാണു സുധയെ പറഞ്ഞയച്ചത്. തിരിച്ചുവന്ന ശേഷം 'ലവംഗ'യുടെ കാര്യത്തെക്കുറിച്ചു സുധ ചെയ്ത വിവരണവും അഭിപ്രായപ്രകടനവും കാര്യമിലാവട്ടെ അഭിനയത്തിലാവട്ടെ ലവംഗക്കു അശേഷം അഭിമാനിക്കത്തക്കതായിരുന്നില്ല. ഗിരിബാലക്കു സുധയുടെ വിവേചനാശക്തിയിലും അഭിനന്ദനസാമർത്ഥ്യത്തിലും വളരെ വലിയ വിശ്വാസമായിരുന്നു. കാരണമെന്താണെന്നു പ്രത്യേകം എടുത്തുപറയേണ്ടതില്ലല്ലോ. അതുകൊണ്ടു ലവംഗയെക്കുറിച്ചുള്ള സുധയുടെ അഭിപ്രായം മുഴുവനും വിശ്വസിക്കുവാൻ ഗിരിബാല അശേഷം സംശയിച്ചില്ല. സുധയുടെ വിവരണം ലവംഗയുടെ ചില പ്രത്യേക ഗോഷ്ടികളേയും ചേഷ്ടകളേയും പരിഹസിച്ചുംകൊണ്ടുള്ള അനേകങ്ങളോടുകൂടിയായിരുന്നു. എല്ലാംകൂടി അത്ര ശ്രമിക്കുവാൻ മാത്രം ഒന്നും ആ നാടകക്കാരത്തിക്കുണ്ടായിരുന്നില്ലെന്നു ഗിരിബാല തീർച്ചപ്പെടുത്തി.

അവളുടെ ഭർത്താവ് ആ നാടകക്കാരത്തിയിലുള്ള അമിതമായ അഭിനിവേശത്താൽ തീരെ ഉപേക്ഷിച്ചുപോയതിന്നുശേഷം, അവൾക്കുതന്നെ സുധയുടെ വിവരണത്തിൽ സംശയം തോന്നിത്തുടങ്ങി. സുധ മുമ്പിലത്തെക്കാൾ വളരെ അധികം ഉറപ്പായും തീർച്ചയായും അവളുടെ പഴയ അഭിപ്രായങ്ങൾ ആവർത്തിക്കുകയും, രംഗസ്ഥയായ ലവംഗയെ സ്ത്രീകളെപ്പോലെ വസ്ത്രങ്ങൾ അണിയിച്ചതായ ഒരു വെറും കരിക്കൊള്ളിയോടു ഉപമിക്കുകയും മററും ചെയ്യുന്നതു കണ്ടതിനാൽ ഏതായാലും താൻതന്നെ ഒന്നു നേരിട്ടു നാടകത്തിന്നുപോയി എന്തെന്നുള്ളമായി ഈ സന്ദേഹത്തെ തീർച്ചപ്പെടുത്തിക്കളയാമെന്നു ഗിരിബാല ആലോചിച്ചുറച്ചു.

അവൾ ഒരു രാത്രി നാടകത്തിന്നു സന്നിഹിതയാവുകയും ചെയ്തു. പ്രവേശനം അനുവദിക്കപ്പെട്ടിട്ടില്ലാത്ത ഒരു സ്ഥലത്ത് അത് അറിഞ്ഞുംകൊണ്ടു ഒരുവൻ കടക്കുമ്പോൾ സാധാരണയായുണ്ടാകു

ന്ന പരിഭ്രമത്തോടുകൂടിയാണ 'ഗിരിബാല' നാടകപ്പുരക്കകത്തു കാലെടുത്തുവെച്ചത്. അവളുടെ ഹൃദയത്തിൽ ഉണ്ടായിരുന്ന ഭയവും പരിഭ്രമവും തന്നെ അന്ന് അവിടെ അവൾ കണ്ടതിന്നെല്ലാം പ്രത്യേകമായ ഒരു ആകർഷകതയെ വർദ്ധിപ്പിച്ചു. ദീപ്തിമത്തുക്കളായ രംഗദീപങ്ങളുടെ അസാധാരണപ്രകാശത്തിൽ കാഴ്ചക്കാരായ അനേകം ജനങ്ങളെ അവൾ പ്രസ്പഷ്ടമായിക്കണ്ടു. അവിടത്തെ സംഗീതകോലാഹലത്തിന്റെ മന്ത്രശക്തിയും, രംഗത്തെ അലങ്കരിക്കുന്ന വിചിത്രങ്ങളായ തിരശ്ശീലകളാൽ നിർമ്മിതമായ 'സീനുക'ളും അവളുടെ മനസ്സിന്റെ ആലോചനയെ ഉദ്ദീപിപ്പിച്ചു. മനുഷ്യസമുദായത്തിന്നു പ്രകൃതിസിദ്ധമായ അന്യോന്യാകർഷണശക്തി പെട്ടെന്നു സ്വയം നശിച്ച് അതിന്റെ വ്യാപാരങ്ങളിൽനിന്നു തീരെ വിമുക്തമായ്ത്തീർന്ന ഒരു ലോകം പോലെ ആകുന്നു ഗിരിബാലക്കു നാടകപ്പുരയിൽ ചെന്നപ്പോൾ തോന്നിയത്.

ഉന്നതഭിത്തികളാൽ ചുറ്റപ്പെട്ട അവളുടെ നിലാമുറ്റത്തെയും ആഹ്ലാദരഹിതമായ അവളുടെ നിർജ്ജീവഭവനത്തെയും വിട്ട് അവൾ ഇപ്പോൾ പ്രവേശിച്ചിരിക്കുന്ന സ്ഥലം എത്ര വ്യത്യസ്തപ്പെട്ടത്! അവിടെ, കലാവിദഗ്ദ്ധതയാൽ സ്വപ്നസദൃശങ്ങളായ മനോരാജ്യങ്ങളും ദൃഢീഭൂതങ്ങളായ വാസ്തവാവസ്ഥകളും അന്യോന്യം സ്നേഹഭാവത്തിൽ കൈകോർത്തുപിടിച്ച് ഒരുമിച്ചു കാണപ്പെടുന്നു!

ഒരു മണിനാദം കേട്ടു; പിൻപാട്ടുകാർ അവരുടെ സംഗീതതാളമേളങ്ങൾ തൽക്കാലം നിർത്തിവെച്ചു; കാഴ്ചക്കാരെല്ലാം അവരവരുടെ ആസനങ്ങളിൽത്തന്നെ നിശ്ശബ്ദമായിരുന്നു; രംഗദീപങ്ങൾക്ക് പ്രകാശം വർദ്ധിപ്പിച്ചു; പെട്ടെന്ന് ആ വർദ്ധിച്ച പ്രകാശത്തിന്നിടയ്ക്ക്, എവിടെ നിന്നാണെന്നറിയുവാൻ നിവൃത്തിയില്ലാത്ത വിധത്തിൽ, വൃന്ദാവനത്തിലെ ഗോപസ്ത്രീകൾ രംഗപ്രവേശം ചെയ്തു. സംഗീതാരംഭത്തോടുകൂടി അവർ നർത്തനവും തുടങ്ങി. ആഹ്ലാദഭരിതരായ കാഴ്ചക്കാർ താളത്തിന്നു താളത്തിന്നു ഹസ്തതാഡനം ചെയ്തു.

ഗിരിബാലയുടെ നാഡികളിൽക്കൂടി രക്തം അതിവേഗത്തിൽ ഓടുവാൻ തുടങ്ങി. തന്റെ ജീവിതം പരിമിതവും തന്റെ പരിസരങ്ങൾ വ്യവസ്ഥിതവും ആണെന്നും, നിയമപരമ്പരകളും സമുദായനിശ്ചയങ്ങളുമെല്ലാം സംഗീതലഹരിയിൽ അലിഞ്ഞുപോയിട്ടുള്ളതും തന്റെ മുമ്പിൽ കാണപ്പെടുന്നതും ആയ ആ കൃത്രിമലോകത്തിൽ തനിക്കു സ്ഥാനമോ സ്വാതന്ത്ര്യമോ ഇല്ലെന്നും ഉള്ള കഥയെല്ലാം ഗിരിബാല തീരെ മറന്നുപോയി.

സുധ ഇടയ്ക്കിടയ്ക്ക് അവളെ കാര്യസ്ഥിതി മനസ്സിലാക്കുവാൻ ശ്രമിക്കുന്നുണ്ട്. താമസിയാതെ മടങ്ങിപ്പോകണമെന്നും, അല്ലെങ്കിൽ ആരെങ്കിലും കണ്ടുപിടിച്ചേക്കുമെന്നും അവളെ ഓർമ്മപ്പെടുത്തുന്നുമുണ്ട്. എന്നാൽ ആ വാക്കുകളെ ഒന്നും ഗിരിബാല ശ്രദ്ധിച്ചില്ല. അവളിൽനിന്നു ഭയം എന്ന വികാരം തന്നെ തീരെ പൊയ്പ്പോയിരുന്നു.

കഥ യഥാവിധി നടക്കുന്നു. ശ്രീകൃഷ്ണൻ തനിക്കേറ്റവും പ്രിയപ്പെട്ട രാധയെ സംഗതിവശാൽ മുഷിപ്പിക്കുന്നു. അ

ഭിമാനക്ഷതത്താൽ കുപിതയായ രാധയാവട്ടെ കൃഷ്ണനെക്കണ്ടാൽ കണ്ട എന്നുതന്നെ നടിക്കാതിരിക്കുന്നു. കൃഷ്ണൻ അവളുടെ പാദങ്ങളിൽ വീണു വളരെ താഴ്മയോടുകൂടി ക്ഷമായാചനം ചെയ്യുന്നു. യാതൊരു ഫലവുമില്ല. ഗിരിബാലയുടെ ഹൃദയം തുടിക്കുന്നു. കുപിതയാക്കപ്പെട്ട രാധ താൻതന്നെ ആണെന്ന് അവൾ തന്നെത്താൻ സങ്കല്പിക്കുന്നു. തന്റെ അഭിമാനത്തെ രക്ഷിക്കുന്നതിന്ന് ഒരു സ്ത്രീക്കു സഹജമായിട്ടുള്ളതും രാധ തദവസരത്തിൽ പ്രത്യക്ഷമായി പ്രദർശിപ്പിക്കുന്നതും ആയ ആ സ്ത്രീശക്തി തന്നിലും കിടപ്പുണ്ടെന്നുള്ള ഒരു ബോധം ഗിരിബാലക്കുണ്ടാകുന്നു. ഇഹലോകത്തിൽ സ്ത്രീസൌന്ദര്യത്തിന്നുള്ള അപാരശക്തിയെക്കുറിച്ച് അവൾ പലപ്പോഴും കേട്ടിട്ടുണ്ട്. ഇന്നു രാത്രി, അതാ അത് അവൾക്ക് അവളുടെ മുമ്പാകെ പ്രത്യക്ഷമായിത്തീർന്നിരിക്കുന്നു.

അവസാനത്തിൽ യവനികകളെല്ലാം താഴെ പതിച്ചു. ദീപങ്ങൾക്കെല്ലാം പ്രകാശം കുറഞ്ഞു. കാഴ്ചക്കാരെല്ലാം സ്ഥലം വിടുന്നതിന്നു സന്നദ്ധരായി. എന്നാൽ ഇതാ ഗിരിബാലമാത്രം സ്വസ്ഥാനത്ത് മനോരാജ്യത്തിൽ മുങ്ങി നിശ്ചേഷ്ടയായി പഴയപോലെത്തന്നെ ഇരിക്കുന്നു. തനിക്കു തന്റെ സ്വഗൃഹത്തിലേയ്ക്കു തിരികെ പോകേണമെന്ന കഥതന്നെ അവൾ മറന്നിരിക്കുന്നു. തിരശ്ശീലകൾ വീണ്ടും ഉയരുകയും രാധയുടെ പാദാരവിന്ദങ്ങളിൽ വീണ് കൃഷ്ണൻ താഴ്മയോടുകൂടി യാചിക്കുന്നതായ ആ ലോകസാമാന്യവും അനശ്വരവും ആയ കഥാവസ്തു തുടർന്നുകാണുകയും ചെയ്യുന്നതിന്ന് അവൾ കാത്തിരിക്കുകയായിരുന്നു. അപ്പോൾ സുധ അവളുടെ സമീപത്തെത്തി നാടകം തീർന്നു എന്നും, വിളക്കുകളെല്ലാം ഉടനെ കെടുത്തുമെന്നും ഗിരിബാലയെ ഓർമ്മപ്പെടുത്തി.

ഗിരിബാല സ്വഗൃഹത്തിൽ മടങ്ങിയെത്തിയപ്പോൾ നേരം വളരെ വൈകിയിരിക്കുന്നു. അവളുടെ ഏകാന്തവും നിശ്ശബ്ദവുമായ ശയനമുറിയിൽ ഒരു ചെറിയ മണ്ണെണ്ണവിളക്ക് വളരെ വ്യസനഭാവത്തിൽ എന്നപോലെ മങ്ങിക്കത്തിക്കൊണ്ടിരുന്നു. വാതായനത്തിന്നു സമീപമുള്ള അവളുടെ കട്ടിലിനെ അലങ്കരിച്ചിരുന്ന 'കൊതുവല' അല്പാല്പമായി അകത്തു പ്രവേശിച്ചിരുന്ന നിശാമാരുതനാൽ കുറേശ്ശ ഇളക്കപ്പെട്ടിരുന്നു. ചീഞ്ഞു പുളിച്ചുപോയതും പുറത്തുള്ള 'അശുദ്ധക്കുണ്ടിലേക്ക്' എറിഞ്ഞുകളഞ്ഞതും ആയ ഒരു മധുരഫലത്തെപ്പോലെയാണ് അവൾക്കു പരിചയപ്പെട്ടതായ ലോകത്തെക്കുറിച്ച് അവൾക്കു തോന്നിയത്.

അന്നുമുതൽക്കു ഗിരിബാല എല്ലാ ശനിയാഴ്ചയും നാടകത്തിന്നു പോകാറുണ്ട്. അത് ആദ്യം കണ്ടന്നു തോന്നിയ വ്യാമോഹങ്ങൾക്കെല്ലാം ക്രമേണ ശക്തി കുറഞ്ഞു. ചായപ്പണിയിൽ മറഞ്ഞുകിടക്കുന്ന നടികളുടെ കേവലം സാധാരണങ്ങളായ ലാവണ്യങ്ങളും അവരുടെ നാട്യങ്ങളുടെ കൃത്രിമത്വവും അധികമധികം അവൾക്ക് അനുഭവപ്പെട്ടുതുടങ്ങി. എങ്കിലും അവളുടെ നാടകത്തിന്നു പോകുന്ന പതിവിന്നു വിഘ്നം വന്നില്ല. ആ പരിചയം വളർന്നുകൊണ്ടുതന്നെ വന്നു. രംഗ

ത്തിലെ യവനികകൾ ഉയരുന്ന ഓരോ അവസരത്തിലും അവളുടെ ജീവിതമാകുന്ന കാരാഗൃഹത്തിലെ ജനാവാതിൽ താനെ തുറക്കപ്പെട്ടതുപോലെ അവൾക്കു തോന്നി. വിചിത്രങ്ങളായ പരിസരങ്ങളോടും, മനോമോഹനങ്ങളായ 'സീനുക' ളോടും, ശോഭയേറിയ ദീപപംക്തികളോടും, അനുസരണീയമായ അനവധി പ്രത്യേകമട്ടങ്ങളോടുംകൂടിയ ആ നാടകരംഗം യഥാർത്ഥമായ ലോകത്തിൽനിന്നു വ്യത്യസ്തപ്പെട്ട് വളരെ അകന്നതായ ഒരു ദേവലോകംപോലെയാണ് അവൾക്കു കാണപ്പെട്ടത്. ആ വിശേഷപ്പെട്ട ദേവലോകത്തിലെ രാജ്ഞിയുടെ സിംഹാസനത്തെ അലങ്കരിക്കുന്നതിനുള്ള പ്രാപ്തി തനിക്കുണ്ടെന്നും, അതു തീരെ അസാദ്ധ്യമായ ഒരു സംഗതിയല്ലെന്നും അവൾ വിചാരിച്ചു.

മദ്യപാനം നിമിത്തം വിവേചനാശക്തിയില്ലാതെ എന്തോ ഒരു ആട്ടക്കാരത്തിയെക്കുറിച്ചു ബഹുമാനപുരസ്സരം ആഘോഷമായി അഭിനന്ദനംചെയ്യുന്ന ഉത്സാഹിയായ തന്റെ ഭർത്താവിനെ നാടകപ്പുരയിൽ കാഴ്ചക്കാരുടെ എടയിൽ ഒന്നാമതായി കണ്ട അവസരത്തിൽ ഗിരിബാലക്ക് അത്യന്തം വെറുപ്പു തോന്നുകയും, തനിക്കു നിർദ്ദാക്ഷിണ്യം ആ നീചമനസ്കനെ നിസ്സാരമായി പരിത്യജിക്കുന്നതിനു തക്കം ലഭിക്കുന്ന ഒരു ശുഭദിവസം ഉണ്ടാകേണമേ എന്ന് അവൾ ഹൃദയപൂർവ്വം ഈശ്വരനോടു പ്രാർത്ഥിക്കുകയും ചെയ്തു. എന്നാൽ അതിനുള്ള അവസരലാഭം അധികമധികം അസാദ്ധ്യമായി കാണപ്പെട്ടു. ഗോപിനാഥൻ സ്വഗൃഹത്തിൽ തീരെ ചെല്ലാനില്ലെന്നുതന്നെ ആയിത്തുടങ്ങി. ദുർവ്യാപാരങ്ങളാകുന്ന ഘോരമായ ഒരു മണൽച്ചുഴിക്കാറ് എങ്ങോട്ടെന്നറിയാതെ അയാളെ അകറ്റിക്കൊണ്ടുപോയി.

മീനമാസത്തിൽ ഒരിക്കൽ, സന്ധ്യക്കുശേഷം പൂർണ്ണചന്ദ്രൻ പ്രപഞ്ചത്തെ മുഴുവൻ ശുഭ്രമാക്കിത്തീർക്കുന്ന തുനിലാവത്ത്, വെണ്ണനിറത്തിലുള്ള സാരി ഉടുത്ത് ഗിരിബാല സ്വഗൃഹത്തിന്റെ നിലാമുറ്റത്ത് ഇരിക്കുകയായിരുന്നു. ദിവസവും സർവ്വാഭരണവിഭൂഷിതയായി വല്ല കല്യാണത്തിനും ഒരുങ്ങിനില്ക്കുന്നതുപോലെ അണിഞ്ഞുനില്ക്കുന്നതു ഗിരിബാലയ്ക്ക് അക്കാലത്ത് ഒരു പതിവായിത്തീർന്നിട്ടുണ്ടായിരുന്നു. വിലപിടിച്ചവയായ ആ ആഭരണങ്ങൾ, മദ്യപാനത്താൽ എന്നപോലെ, അവളിൽ ഒരു മദത്തെ ഉണ്ടാക്കിയിരുന്നു. ആഭരണസമ്പർക്കം തന്റെ സൌന്ദര്യശക്തിയെക്കുറിച്ചുള്ള ഉന്നതവും ദൃഢവും ആയ ഒരു ജ്ഞാനത്തെ അവളുടെ അവയവങ്ങൾക്കുണ്ടാക്കി. ശാഖകളിലെല്ലാം കുഡ്മളാങ്കുരങ്ങൾ പുറപ്പെടാറായിട്ടുള്ള വസന്തകാലത്തിലെ ഒരു ചെടിയെപ്പോലെ അവൾക്കു ദേഹമാസകലം ഒരു 'കിക്കിളി'യുള്ളതായി തോന്നി. വജ്രഖചിതങ്ങളായ വളകൾ അവളുടെ കൈകളേയും, മുത്തും ചുവപ്പുകല്ലും പതിച്ചതായ ഒരു കണ്ഠസരം അവളുടെ കണ്ഠപ്രദേശത്തേയും, ശുഭ്രമായ നീലവർണ്ണത്തിലുള്ള ഒരു അമൂല്യരത്നം പതിച്ചിട്ടുള്ള മോതിരം അവളുടെ എടത്തെ കയ്യിന്റെ ചെറുവിരലിനേയും ഉചിതമാകുംവണ്ണം അലങ്കരിച്ചിരുന്നു. ന

ഗാലുമായ അവളുടെ പാദങ്ങൾക്ക സമീപത്ത് ആ പാദങ്ങളെ ബഹുമാനപുരസ്സരം ഇടക്കിടയ്ക്ക തന്റെ കയ്യകൊണ്ട സ്പൃശിച്ചും, അത്രയും മനോഹരങ്ങളായ ആ ചേവടികളിൽ തന്റെ ജീവനെ സവിനയം പ്രതിഷ്ഠിക്കുന്നതിന്ന ഭാഗ്യമുണ്ടായ ഒരു പുരുഷനായിരുന്നാൽ കൊള്ളാമായിരുന്നു എന്നുള്ള തന്റെ ഹൃദയപൂൎവ്വകമായ ആഗ്രഹത്തെ സമഷ്ടിയായി പ്രസ്താവിച്ചും അവളുടെ തോഴിയായ സുധ അടുത്തുതന്നെ ഇരിക്കുന്നുണ്ടായിരുന്നു.

സുധ ഉചിതമായ ഒരു പ്രണയഗാനം മന്ദംമന്ദം മൂളിപ്പാട്ടായി പാടി നായികയ്ക്കു കേൾപ്പിച്ചുകൊടുത്തു. സന്ധ്യ ക്രമേണ രാത്രിയായി പരിണമിച്ചു. വീട്ടിലുള്ള സകലരും അത്താഴം കഴിഞ്ഞ് ഉറങ്ങുവാൻ തുടങ്ങിയിരിക്കുന്നു. പെട്ടന്ന ഗോപിനാഥൻ അവിടെ എത്തിച്ചേൎന്നു. പല വാസനദ്രവ്യങ്ങളുടേയും, പ്രധാനമായി മദ്യത്തിന്റേയും ഗന്ധം നാലുപാടും വ്യാപിച്ചു. സുധ ഉടുത്തിരുന്ന സാരിയുടെ അററംകൊണ്ടു തന്നെ തന്റെ മുഖം മറച്ചു നിലാമുററത്തുനിന്ന തൽക്ഷണം ഓടിപ്പോയി.

താൻ അതിയായി ആഗ്രഹിച്ചുകൊണ്ടിരുന്ന ആ ശുഭാവസരം ഇതാ ഒടുവിൽ കരലബ്ധമായിരിക്കുന്നു എന്ന ഗിരിബാല ആശിച്ചു. അവൾ മുഖം തിരിച്ചു മൌനത്തെ അവലംബിച്ചു സ്വസ്ഥയായിരുന്നു.

പക്ഷേ അവളുടെ നാടകരംഗത്തിലെ തിരശ്ശീല ഉയൎത്തപ്പെടുകയാകട്ടേ, അവളുടെ നായകനായ കാമുകൻ 'പ്രിയേ! ഈ പൂനിലാവു ചെയ്യുന്ന അപേക്ഷയെ ശ്രദ്ധിച്ചാലും; ഓമനേ! നീ നിന്റെ മുഖം മാറ്റരുത്' എന്നിങ്ങിനെയുള്ള വാക്കുകളാൽ കാല്ക്കൽ വീണ് അപേക്ഷിക്കുകയാകട്ടേ ഉണ്ടായില്ല!

സംഗീതസ്പൎശം കൂടി ഇല്ലാത്ത പരുപരുത്ത ശബ്ദത്തിൽ 'നിന്റെ താക്കോലെവിടെ' എന്നുമാത്രമേ ഗോപിനാഥൻ പറഞ്ഞുള്ളു.

കവിസൃഷ്ടിയായ ഒരു കഥാനായകന്റെ ഇച്ഛാഭംഗത്തോടുകൂടിയ ദീൎഘനിശ്വാസത്തോട് ഉപമിക്കാവുന്ന ഒരു തെക്കൻകാററു അപ്പോൾ പെട്ടന്നു വീശി. രാത്രിയിൽ മാത്രം വികസിക്കുന്ന മുല്ല മുതലായ പുഷ്പങ്ങളുടെ പരിമളധോരണി ആ നിലാമുററത്തെല്ലാം പരന്നു. ആ കാററു ഗിരിബാലയുടെ കവിൾത്തടങ്ങളിൽ അവളുടെ കുന്തളഭാരത്തിൽനിന്ന് ഒരു ഭാഗത്തെ അഴിച്ചു പരത്തി.

'എനിക്കു താമസിക്കുവാനിടയില്ല. താക്കോൽ തരൂ.' എന്നു ഗോപിനാഥൻ പറഞ്ഞു.

'ഞാൻ നിങ്ങൾക്ക താക്കോലുകളും പെട്ടിയിൽ ഉള്ളതു മുഴുവനും തരാം. പക്ഷേ നിങ്ങൾ എന്നെ വിട്ടുപിരിയരുത്' എന്ന ഗിരിബാല ഉത്തരം പറഞ്ഞു.

'അതിന്ന നിവൃത്തിയില്ല. എനിക്കു ധൃതിയുള്ള ജോലിയുണ്ട്' എന്നു ഗോപിനാഥനും, 'അങ്ങിനെയാണെങ്കിൽ നിങ്ങൾക്ക താക്കോൽ കിട്ടുകയും ഇല്ല' എന്ന ഗിരിബാലയും അന്യോന്യം മനസ്സിലാക്കി.

ഗോപിനാഥൻ അവിടെയെല്ലാം തിരയുവാൻ തുടങ്ങി. മേശയുടെ വലിപ്പെല്ലാം തുറന്നുനോക്കി. ഗിരിബാലയു

ടെ കുറിക്കൂട്ടുകളും മററും വെച്ചിരുന്ന പെട്ടിയുടെ അടപ്പ് തട്ടിപ്പൊളിച്ചു. അവളുടെ അലമാരിയുടെ ചില്ലുകളെല്ലാം അടിച്ചുടച്ചു. കിടയ്ക്കകളുടേയും, പായകളുടേയും അടിയിലെല്ലാം തപ്പിനോക്കി. പക്ഷേ, താക്കോൽ എങ്ങും കണ്ടില്ല. അർത്ഥംകൂടാതെ വെറും അന്തരിക്ഷത്തിലേയ്ക്കു നോക്കിക്കൊണ്ടുനില്ക്കുന്ന ഒരു മാർബിൾശിലാപ്രതിമയെപ്പോലെ ഗിരിബാല വാതലിന്നരികെ നിശ്ശബ്ദമായി നിശ്ചേഷ്ടയായി നിന്നു. കോപാധിക്യത്താൽ ശരീരമെല്ലാം വിറയ്ക്കുന്ന ഗോപിനാഥൻ അവളുടെ അടുക്കൽ വന്നു 'താക്കോലുകൾ തരൂ; അല്ലെങ്കിൽ പശ്ചാത്തപിക്കേണ്ടിവരും' എന്നു ചീറിക്കൊണ്ടു പറഞ്ഞു.

ഗിരിബാല ഒരക്ഷരം ശബ്ദിച്ചില്ല. കോപാന്ധനായ ഗോപിനാഥൻ അവളെ ചുമരിനോടു ചേർത്തുനിർത്തി വെറും ശക്തികൊണ്ട് അവളുടെ കണ്ഠസരവും വളകളും മോതിരവും വലിച്ച് അഴിച്ചെടുത്തു. അതിന്നുശേഷം യാത്രാസമയത്ത് അവളെ ഒരു തട്ടുംതട്ടിക്കൊണ്ട് ഇറങ്ങിപ്പോയി.

വീട്ടിൽ ആരും ഉറക്കംവിട്ടുണർന്നില്ല. അയൽവക്കക്കാർ ആരും ഈ അപമര്യാദയെക്കുറിച്ച് അറിഞ്ഞില്ല. രാത്രിയുടെ ശാന്തതയ്ക്ക് ഒരു വ്യത്യാസവും ഭവിച്ചില്ല. ചന്ദ്രന്റെ കാന്തിയ്ക്കു യാതൊരു മാററവും സംഭവിച്ചില്ല. ഇത്ര പരിശുദ്ധമായ നിർമ്മലാവസരങ്ങളിൽപ്പോലും ഇനിയൊരിക്കൽ ഒന്നിച്ചു കൂടുവാൻ നിവൃത്തിയില്ലാത്തവിധം മനുഷ്യഹൃദയങ്ങൾ മുറിഞ്ഞു വേർപ്പെടുന്നു!

പിറേറദിവസം രാവിലെ താൻ പിതൃഗൃഹത്തിലേയ്ക്കു പോകുന്നു എന്നു പറഞ്ഞുംകൊണ്ടു ഗിരിബാല സ്വഗൃഹം വിട്ടു പോയി. ഗോപിനാഥൻ എവിടെയായിരുന്നു എന്ന് ആർക്കും വിവരമില്ലാതിരുന്നതുകൊണ്ടും വീട്ടിൽ മററാരോടും തനിക്ക് ഉത്തരവാദിത്വം ഇല്ലാതിരുന്നതുകൊണ്ടും, സ്വഗൃഹത്തിൽ ഗിരിബാല ഇല്ലാഞ്ഞിരുന്നതിനെപ്പററി ആരും അത്ര ഗൌനിച്ചില്ല.

* * * *

ഗോപിനാഥൻ സാധാരണയായി പോകാറുള്ള നാടകക്കമ്പനിക്കാർ അക്കാലത്ത് 'മനോരമ' എന്ന ഒരു പുതിയ നാടകം അഭിനയിക്കുവാൻ അഭ്യസിക്കുകയായിരുന്നു. അതിലെ നായികയായ മനോരമയുടെ വേഷം എടുക്കുന്നതിന്നു 'ലവംഗ'യാണു പഠിച്ചിരുന്നത്. ഗോപിനാഥൻ അഭിനയാവസരങ്ങളിൽ മുന്നണിയിൽ തന്റെ സഹചരന്മാരാൽ ചുററപ്പെട്ടവനായി തന്റെ പ്രേമഭാജനമായ ആ നടിയെ അത്യുച്ചത്തിലുള്ള അഭിനന്ദനങ്ങൾ മൂലം തന്റെ നല്ല അഭിപ്രായത്തെ പ്രകടിപ്പിച്ചു പ്രത്യേകം പ്രോത്സാഹിപ്പിക്കാറുണ്ട്. അതുകൊണ്ടു ചിലപ്പോൾ കാര്യനിർവ്വഹണത്തിന്നു വിഘ്നം സംഭവിക്കാറുണ്ടെങ്കിലും നാടകക്കമ്പനി ഉടമസ്ഥന്മാർ തങ്ങളുടെ രക്ഷാധികാരിയായ ഗോപിനാഥനെ മുഷിപ്പിക്കുവാൻ ധൈര്യപ്പെട്ടില്ല. ഗോപിനാഥന്റെ പ്രതിക്രിയാസ്വഭാവത്തെ അവർ ഭയപ്പെട്ടിരുന്നു. എന്നാൽ ഒരു ദിവസം അണിയറയിൽ ചെന്നു ഒരു നടിയെ അസഹ്യപ്പെടുത്തുക എന്നുള്ളതുവരെ അ

യാൾ കടന്നു പ്രവർത്തിച്ചു. അപ്പോൾ അയാളെ പൊല്ലീസ്സുസഹായത്തോടുകൂടി പിടിച്ചു പുറത്താക്കേണ്ടിവന്നു.

ഗോപിനാഥൻ തക്കതായ പ്രതിക്രിയ ചെയ്യുവാനും തീർച്ചപ്പെടുത്തി. വളരെ നാളത്തെ പഠിപ്പും പലതരത്തിലുള്ള വിജ്ഞാപനങ്ങളും പരസ്യങ്ങളും കഴിഞ്ഞ ശേഷം ഒടുവിൽ 'മനോരമ' എന്ന നാടകത്തെ പരസ്യമായി ഒന്നാമതായി അഭിനയിക്കുന്നതിനുള്ള ദിവസം അടുത്തുവന്നു. തദവസരത്തിൽ ഗോപിനാഥൻ അന്നത്തെ നാടകത്തിലെ പ്രധാന വേഷക്കാരിയായ 'ലവംഗ'യെ പാട്ടിൽപ്പിടിച്ച് അവളേയുംകൊണ്ട് ഒളിച്ചുപൊസ്കളഞ്ഞു. കമ്പനി മാനേജർ മതിമറന്നു വല്ലാതെ പരിഭ്രമിച്ചുവശായി. ആരംഭദിവസം നീട്ടിവെക്കുന്നതിനു നിർബ്ബന്ധിതനായിത്തീർന്നു. പുതിയ ഒരു നടിയെ കണ്ടുപിടിച്ചു രണ്ടാമതു അഭ്യസിപ്പിക്കേണ്ടിവന്നു. അതെല്ലാം കഴിഞ്ഞു. വളരെ അവിശ്വാസത്തോടും ഭയത്തോടുംകൂടി മുമ്പു നിശ്ചിതവെച്ചിരുന്ന പ്രാരംഭാഭിനയം തുടങ്ങുന്നതിന് ഒരു ദിവസം തീർച്ചയാക്കി. അന്നു 'മനോരമാ'നാടകത്തെ ആദ്യമായി അഭിനയിച്ചു.

അന്നത്തെ വിജയം അനന്യസാധാരണവും അവിചാരിതവുമായിരുന്നു. ആ വർത്തമാനം ഗോപിനാഥൻ കേട്ടപ്പോൾ ആ നാടകം ഒന്നു വന്നുകാണുന്നതിനുള്ള തന്റെ ഉൽകണ്ഠയെ അമർത്തുന്നതിന് അയാൾ അശക്തനായിത്തീർന്നു.

'മനോരമാ'നാടകം തുടങ്ങുന്നതു, നായികയായ മനോരമ അവളുടെ ഭർത്താവിന്റെ ഗൃഹത്തിൽ ആരാലും ഗണിക്കപ്പെടാത്ത ഒരു നിസ്സാരാവസ്ഥയിൽ കഴിച്ചുകൂട്ടുന്ന ഭാഗം മുതൽക്കാണ്. നാടകത്തിന്റെ അവസാനത്തിൽ അവളുടെ ഭർത്താവ് അവളെ ഉപേക്ഷിച്ചു തന്റെ ആദ്യത്തെ വിവാഹസംഗതിയെ മറച്ചുവെച്ച്, ഒരു കോടീശ്വരന്റെ മകളെ രണ്ടാമതു വിവാഹം ചെയ്യും. വിവാഹക്രിയകൾക്കു ശേഷം മൂടുപടം നീക്കിനോക്കുമ്പോൾ തന്റെ വധു മുൻപറഞ്ഞ 'മനോരമ' തന്നെയാണെന്നറിയും. ഈ വ്യത്യാസം മാത്രമുണ്ട്: അവൾ പണ്ടത്തെ ആക്കം വേണ്ടാത്ത മനോരമയല്ല. ഇന്ന്, അവൾ സൌന്ദര്യത്തിലും വസ്ത്രാഭ്യലങ്കാരങ്ങളുടെ ധാടിയിലും ഒരു രാജ്ഞിയെപ്പോലെ വിളങ്ങുന്ന മനോരമയാണ്. അവളുടെ കുട്ടിക്കാലത്ത് ധനവാനായ അവളുടെ പിതാവിന്റെ ഗൃഹത്തിൽനിന്ന് അവളെ ആരോ കട്ടുകൊണ്ടുപോയതിനാൽ അവൾ ബാല്യകാലം കഴിച്ചതു വളരെ എളിയ ഒരു കുടുംബത്തിലായിരുന്നു. പുത്രീനാശത്താൽ വ്യസനാക്രാന്തനായിത്തീർന്ന പിതാവു വളരെ കാലം അന്വേഷിച്ചുനടക്കയും, ഒടുവിൽ അവളെ അവളുടെ ഭർത്താവിന്റെ ഗൃഹത്തിൽവെച്ചു കണ്ടെത്തുകയും, അവിടെനിന്നു സ്വഗൃഹത്തിലേയ്ക്കു കൂട്ടിക്കൊണ്ടുവന്നു തന്റെ സ്ഥിതിക്കും ധനത്തിനും അനുസൃതമായ വിധത്തിൽ രണ്ടാമതും അവളുടെ വിവാഹം ഘോഷമായി കഴിക്കയും ചെയ്യുന്നു.

അവസാനരംഗം ഭർത്താവിന്റെ പശ്ചാത്താപകാലമാണ്. ആ രംഗാഭിനയസമയത്തു കാണികളുടെ ഇടയിൽ പെട്ടന്ന് ഒരു കലശലുണ്ടായി. വെറും

ദാസിയെപ്പോലെ ആരാലും ആദരിക്കപ്പെടാത്ത നിലയിൽ 'മനോരമ' കാണപ്പെട്ടപ്പോൾ ഒന്നും ഗോപിനാഥനു യാതൊരു പരിഭ്രമവും വികാരഭേദവും ഉണ്ടായിരുന്നില്ല. എന്നാൽ വിവാഹാനന്തരം വിലപിടിച്ച പീതാംബരം ധരിച്ചു രംഗപ്രവേശം ചെയ്തു മൂടുപടം നീക്കിയപ്പോൾ, നിസ്സീമമായ സൌന്ദൎയ്യാതിരേകം ഉണ്ടെന്നുള്ള ജ്ഞാനത്തിൽനിന്നുദിച്ച ധീരതയോടും അഭിമാനത്തോടും കൂടി അവൾ കാഴ്ചക്കാരുടെ നേരെ അവളുടെ കോമളമുഖം തിരിച്ചു തന്റെ കംബുകണ്ഠത്തെ അല്പം ഒന്നു ചരിച്ചു വിജയാവേശത്തോടുകൂടി ഗോപിനാഥന്റെ നേക്കു അനിവാൎയ്യശക്തിയോടുകൂടിയ ഒരു കടക്കണ്ണു് എറിഞ്ഞപ്പോൾ തിരമാലകൾപോലെ ഹസ്തതാഡനഘോഷം തുടരെത്തുടരെ കാണികളിൽനിന്നു പുറപ്പെടുകയും അവരുടെ ഉത്സാഹം അപരിമിതമായിത്തീരുകയും ചെയ്തു.

പെട്ടെന്നു ഗോപിനാഥൻ ഉറച്ച ഗംഭീരസ്വരത്തിൽ 'ഗിരിബാലാ' എന്നു ഗൎജ്ജിച്ചുംകൊണ്ടു് ഒരു ഭ്രാന്തനെപ്പോലെ രംഗത്തിലേയ്ക്കു ഓടിക്കയറുവാൻ തുടങ്ങി. 'അവനെ പിടിച്ചു പുറത്താക്കു' എന്നു കാണികളെല്ലാം ഒരേ ശബ്ദത്തിൽ വിളിച്ചുപറഞ്ഞു. അവനെ പിടിച്ചു നീക്കുന്നതിനു പൊല്ലീസ്സുകാർ എത്തി. ഗോപിനാഥൻ അവൎക്കു വഴിപ്പെടാതെ 'ഞാൻ അവളെ കൊല്ലാതിരിക്കയില്ല' എന്നു ശബ്ദിച്ചുംകൊണ്ടു തിക്കിത്തിരക്കി. ഇതിന്നിടയ്ക്കു രംഗത്തിലെ തിരശ്ശീലകളെല്ലാം വീണു. നാടകം അവസാനിച്ചു.

പുത്തേഴത്തു രാമമേനോൻ ബി. ഏ., ബി. എൽ.

# ഭജനത്തിൽനിന്നു
# കദനത്തിലേക്കു്.*

(തുടൎച്ച)

നീലാംബുദത്തിലൊളിചിന്നിനമിന്നൽപോലെ
താലാങ്കസോദരകരേപരമുല്ലസിക്കും
പാലാഴിതൻനിനദവുംനിറവുംപകൎന്നു
ചേലാൎന്നപഞ്ചജനദൈത്യജപാഞ്ചജന്യം,

മുപ്പാരുമൂന്നുവലയംഖലമാഥിലോകം
മുല്ലാടു്,ഭ്രുവടിയിലായറുകോണമായി
കല്പാന്തസൂൎയ്യകിരണങ്ങളരങ്ങളായു-
മുൽപാദിതാത്ഭുതഭയാദിഭരംരഥാംഗം,

* ഒരു നോട്ടുബുക്കിൽനിന്നു്.

ഹാഹേതിവാനവരഹമ്മതിയിൽക്കളിക്കു-
ന്നാഹേതിദൈത്യവരപീഡിതരായെഴുന്നാൾ
നീഹാരമർക്കനതുപോലവനെക്കൃതാന്ത-
ന്നാഹാരമാക്കിവിലസുംഗദതാൻഗദാഗ്രം. ൧൭

വന്ദാരുമാനസമലിഞ്ഞലയാണ്ടതിങ്കൽ
മന്ദംകളിപ്പൊരണിമന്ദിരമന്ദിരായാഃ
കുന്ദേന്ദുമന്ദപവനാദിയനംഗഭൃത്യ-
സന്ദോഹകന്ദമരവിന്ദമമന്ദശോണം. ൧൮

നാലായിടുംമറകൾനാലുനയങ്ങൾനാലു
നാലായവർണ്ണയുഗവർഗ്ഗവിസർഗ്ഗസർഗ്ഗം
നാലാകുമാശ്രമമതുംനിഖിലാധിനാഥ-
നീലാളിവർണ്ണകരവല്ലികളായ്‌ലസിപ്പൂ. ൧൯

നാളീകനാളമളിസഞ്ചയകേളിരംഗം
കാളാംബുദദ്യുതികളിന്ദജതൻപ്രവാഹം
ഹാലാഹലംവിഷവിഹീനമഹീനകാന്തി-
കോലാഹലംകമലനേത്രഗളപ്രദേശം. ൨൦

ഹാരങ്ങളല്ലവിടെയുള്ളതുതാരമത്രേ,
നാരായണന്റെഗളമല്ലതുമല്ലതത്രേ,
സ്മേരാനനംസപദികാണ്മതുചന്ദ്രനത്രേ,
നീരാഴിയാണതിരുമാറിടമല്ലപോലും. ൨൧

തേടുന്നനേത്രമധുപംമധുവുണ്ടിടുന്നു
നേടുന്നുചിത്തകളഹംസമനന്തസൌഖ്യം
വാടുന്നുചന്ദ്രവദനംവിളറുന്നവന്നു-
ക്കൂടുന്നുപൂമകൾവിരുന്നിനുപൂമുഖത്തിൽ. ൨൨

കണ്ണാടികണ്ടുതൊഴുകൈതുടരുന്നുവിണ്ണോർ
കണ്ണാണലിഞ്ഞൊഴുകിടുന്നതുതൂനിലാവിൽ
എണ്ണുന്നമുത്തുകൾവിടർന്നൊരുപല്ലവത്തി-
ലുണ്ണുന്നപങ്കജമിതെന്തുമഹേന്ദ്രജാലം! ൨൩

ചില്ലീലതയ്ക്കെതിരുചൊൽവതിനാവതില്ലേ
വല്ലാതെഭീതിമനതാരിലുയർന്നിടുന്നു
എള്ളിന്റെപൂവരിയനാസികയോടെതിർത്തി-
ട്ടല്ലേജനങ്ങൾതിലമിത്തരമാട്ടിടുന്നു? ൨൪

ഇന്ദുപ്രഭാപടലമേറ്റുലസിപ്പതെല്ലാം
മന്ദിച്ചിടുന്നുദിനനാഥനുദിച്ചിടുമ്പോൾ

സന്ദേഹമില്ലവരിണങ്ങിവിളങ്ങിയെന്നാൽ
നന്ദാത്മജന്റെനയനങ്ങളൊടൊപ്പചൊല്ലാം. ൧൫

നെററിത്തടത്തൊടിടയുന്നൊരുചന്ദ്രലേഖ
മാറെറത്രയെന്നുരസിനോക്കിനചാണയാവാം
മാററിൻഗുണംതിലകമായ്വിലസുന്നു,ശുദ്ധ
തെററായിടംനിടിലമമ്പിളിയായ്ഭ്രമിച്ചാൽ. ൧൬

ഊനംവെടിഞ്ഞുതിരുവാഭരണങ്ങൾമാന്യ-
സ്ഥാനംകൊടുത്തൊരുമയോടവകീഴടങ്ങി
ആനന്ദമഞ്ജുടിയണിഞ്ഞഭിഷേകമേററു
നൂനംകൃതാർത്ഥതപൂകന്നിടുമാക്കിരീടം. ൧൭

ശ്രീതിങ്ങിവിങ്ങിവിലസുംതിരുമേനിതന്നി-
ലേതേതിനാണുഗുണമെന്നുഗണിച്ചിടുമ്പോൾ
ഓതാവതല്ലതറിയാതെപിണഞ്ഞുപോയ-
തേതാകിലുംപിഴപൊറുത്തുപൊറുത്തിടേണം. ൧൮

ഈവണ്ണമോർത്തതിരുവിട്ടൊരുഭക്തിപൂണ്ടു
കാർവർണ്ണമന്ദിരമണഞ്ഞുകഴിഞ്ഞകാലം
ഈവന്നകഷ്ടദശയോർത്തുനിനച്ചിടുമ്പോ-
ളാവൃത്തകന്റഹൃദയംതളരുന്നുദേഹം. ൧൯

നാരായണൻനളിനനേത്രനിളാമണാള-
നാനായബാലനളിവർണ്ണനവർണ്ണനീയൻ
നാമങ്ങളീവകവെടിഞ്ഞുകിടന്നുഴന്നു
നാമത്തലൊന്നിനിരയായതുമെന്തുചെയ്യാം! ൨൰

അമ്മയ്ക്കൊരമ്മ,വരുവെന്നടെകുട്ടനല്ലേ
സമ്മാനമൊന്നുതരുവേനിതികേട്ടബാലൻ
ഉണ്മാനെടുത്തകരമിട്ടുകടഞ്ഞുനീട്ട-
ന്നമ്മാതിരിക്കളികളുംതെളിവകിടാമേ.

അച്ഛന്റെകണ്ണുകളടഞ്ഞുവരുന്നുവൈഭ്യ-
നച്ഛസ്സുറങ്ങരുതുകൊച്ചുകിടാങ്ങളിത്ഥം ൨൧
ഇച്ഛിച്ചിടുന്നപടിചൊൽവതുകേട്ടമയ്യോ
മച്ചിത്തമാധിവശമായവരെശ്ശപിക്കും.

(തുടരും.) ൨൨

--ooOoo--

# സർ. ശേഷയ്യശാസ്ത്രി

(൩)

1887-ാമാണ്ടിൽ തെക്കെ ഇന്ത്യയിലുണ്ടായ കഠോരക്ഷാമകാലത്ത് ഇംഗ്ലീഷുകാരുടെ കരുണാപൂരത്താൽ ബിലാത്തിയിൽനിന്ന് അയയ്ക്കപ്പെട്ട 82 ലക്ഷം ഉറുപ്പിക ക്ഷാമപീഡിതന്മാരായ നാട്ടുകാൎക്ക് പങ്കിട്ടുകൊടുപ്പാൻ ഏൎപ്പെടുത്തിയ സഭയുടെ വൈസ്പ്രസിഡേണ്ടായി ശേഷയ്യനെ നിശ്ചയിച്ചു. ഈ കാൎയ്യത്തിൽ ശേഷയ്യന്റെ കഠിനമായ പ്രയത്നത്തെ ജനങ്ങൾ സൎവ്വാത്മനാ അഭിനന്ദിച്ചു.

'പരാൎത്ഥഫലജന്മാനോ
നസ്യുൎമ്മാൎഗ്ഗദ്രുമാഇവ
താപച്ഛിദോമഹാന്തശ്ചേൽ
ജീൎണ്ണാരണ്യംജഗദ്ഭവേൽ.'

(നിരത്തിന്റെ ഇരുവശത്തും വെച്ചുപിടിപ്പിച്ചിട്ടുള്ള വൃക്ഷങ്ങൾ വഴിയാത്രക്കാരുടെ താപത്തെ ഏതുപ്രകാരം ഇല്ലായ്മ ചെയ്യുന്നുവോ അതുപ്രകാരം പരോപകാരം ചെയ്യാൻ വേണ്ടി ജനിച്ചവരായ മഹാന്മാർ പരസങ്കടത്തെ ഇല്ലായ്മചെ[illegible]ാ. ഇങ്ങിനെയുള്ള മഹാന്മാരില്ലായി[illegible]രുന്നു എങ്കിൽ ഭൂലോകം ശൂന്യവനമാ[illegible]മായിരുന്നു) എന്ന ഒരു മഹാകവിയു[illegible]ട വാക്യം ഏററവും ശരിയായിട്ടുള്ള[illegible]ാണ്.

1879-ാമാണ്ടിൽ ശേഷയ്യൻ മദിരാ[illegible]ശി നിയമനിൎമ്മാണസഭയിലേയും വൈ[illegible]സ്രായിയുടെ നിയമനിൎമ്മാണസഭയിലേ[illegible]ം സാമാജികനായി നിശ്ചയിക്കപ്പെട്ടു.

പ്രസ്തുതകാലത്ത് പുതുക്കോട്ടരാജ്യത്തിലെ കാൎയ്യങ്ങൾ വളരെ തകരാറിലായിക്കിടന്നിരുന്നു. പുതുക്കോട്ട രാജാവ് ശേഷയ്യനോടു തന്റെ മന്ത്രിസ്ഥാനം വഹിപ്പാൻ ആവശ്യപ്പെട്ടു എങ്കിലും ശേഷയ്യൻ സമ്മതിച്ചില്ല. എങ്കിലും ചീഫ്സിക്രട്ടരി ആയിരുന്ന കാൎമ്മിക്കൽ സായ്വിന്റെയും മാധവരായരുടേയും പ്രേരണയാൽ ശേഷയ്യൻ പുതുക്കോട്ട ദിവാൻജിയായിരിക്കാൻ ഒരുവിധം സമ്മതിച്ചു.

പുതുക്കോട്ട രാജ്യത്ത് നികുതി നെല്ലായിട്ടാണ് പിരിച്ചുവന്നിരുന്നത്. സൎക്കാരിലേയ്ക്കുള്ള അവകാശം വിളവിൽ പകുതി ആയിരുന്നു. സൎക്കാരിലേയ്ക്കുള്ള ജന്മിഭോഗം പണമായി അടയ്ക്കണമെന്നു ശേഷയ്യൻ നിശ്ചയംചെയ്തു. കൃഷി ചെയ്തിരുന്നവൎക്ക് ഉടമാവകാശം നല്കപ്പെട്ടു. ഇതുനിമിത്തം സൎക്കാരിലെ മുമ്പിലത്തെ മുതലെടുപ്പു രണ്ടേകാൽ ലക്ഷമായിരുന്നത് ആറു ലക്ഷമായി. നികുതി അടയ്ക്കുന്നതിന്ന് അച്ചടിരശീതികൾ കൊടുക്കണമെന്ന് ഏൎപ്പാടു ചെയ്തു. അംശം ഉദ്യോഗസ്ഥന്മാരുടെ ശമ്പളം നെല്ലായിക്കൊടുത്തിരുന്നതു പണമായിക്കൊടുപ്പാൻ തീൎച്ചയാക്കി. ദിവാൻജി നേരിട്ടു തന്നെ ആഴ്ചയിലൊരുദിവസം സങ്കടക്കാരുടെ ഹരജികൾ കേൾക്കാനുള്ള ഏൎപ്പാടു ചെയ്തു. ഇതുനിമിത്തം ദിവാൻജിക്കു കുടിയാന്മാരുടെ സങ്കടങ്ങൾ അറിവാനും ആ സങ്കടങ്ങൾക്കു നിവൃത്തിവരുത്താനും കീഴുദ്യോഗ

സ്ഥന്മാരുടെ നടവടികൾ അറിയാനും വഴിയായി. പുതുക്കോട്ട രാജ്യത്തിൽ റവന്യൂ സർവ്വേയും സെററിൽമേണ്ടും ഏർപ്പെടുത്താൻ തീൎച്ചയാക്കി. സാൾട്ടഡിപ്പാർട്ടമേണ്ടിൽ ഉണ്ടായിരുന്ന അഴിമതികൾ മാററി. ബ്രിട്ടീഷുഗവൎമ്മേണ്ടും പുതുക്കോട്ട ഗവൎമ്മേണ്ടുമായി ഉപ്പിനെപ്പററി വളരെ തൎക്കങ്ങൾ ഉണ്ടായിരുന്നു. വളരെ എഴുത്തുകുത്തുകൾ നടന്നതിന്റെ ശേഷം മദിരാശിഗവൎമ്മേണ്ടിന്റെ ശാസനയിന്മേൽ പുതുക്കോട്ട രാജ്യത്ത് ഉപ്പ് ഉണ്ടാക്കാൻ പാടില്ലെന്നും അതിന്നു പ്രതിഫലമായി ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്നു പുതുക്കോട്ട രാജ്യത്തിലേയ്ക്കു 38000 ഉറുപ്പിക കൊടുക്കാമെന്നും തീൎച്ചപ്പെടുത്തി. ഇങ്ങിനെ പലവിധമായ പുതിയ ഏൎപ്പാടുകൾകൊണ്ടു മുമ്പു മുതലെടുപ്പ് $3\frac{1}{2}$ ലക്ഷമായിരുന്നത് ഇപ്പോൾ 8 ലക്ഷമായി. ഉദ്യോഗസ്ഥന്മാരുടെ ശമ്പളം ചുരുക്കമായിരുന്നു. അതുനിമിത്തം മിക്കവരും കൈക്കൂലിക്കാരായിരുന്നു. ശേഷയ്യൻ ഉദ്യോഗസ്ഥന്മാരുടെ ശമ്പളം കൂട്ടി. കൈക്കൂലിക്കാരെ പണിയിൽനിന്നു പിരിച്ചു നല്ല ആളുകൾക്ക് ഉദ്യോഗങ്ങൾ കൊടുത്തു. കൃഷിക്കുപയോഗമുള്ള കുളങ്ങൾ, ഏരികൾ മുതലായതു തൂൎന്നുകിടന്നിരുന്നത് 25000 ഉറുപ്പിക ചിലവിട്ടു നന്നാക്കിച്ചു. കച്ചേരികൾ, കോടതികൾ മുതലായതു മോശമായ എടുപ്പുകളിലായിരുന്നു. അതിന്നായി ഒരേദിക്കിൽ തന്നെ വളരെ ഉറപ്പിലും ഭംഗിയിലും ഉള്ള കെട്ടിടങ്ങൾ പണിചെയ്യിച്ചു. പഴയ നിരത്തുകൾ നന്നാക്കുകയും പുതിയ നിരത്തുകൾ ഉണ്ടാക്കിക്കുകയും ചെയ്തു. പുതുക്കോട്ട രാജ്യത്തിലെ നിരത്തുകളെപ്പോലെ വിശേഷമായ നിരത്തുകളില്ലെന്നു പ്രസിദ്ധിയായി. നിരത്തുകൾ നന്നായതുകൊണ്ടു കച്ചവടം വൎദ്ധിച്ചു. പുതുക്കോട്ട നഗരത്തിലെ ചന്ത തെക്കെ ഇന്ത്യയിലെ ചന്തകളിൽവെച്ചു പ്രധാനപ്പെട്ട ചന്തയായിത്തീൎന്നു. പുതുക്കോട്ട നഗരത്തിലെ കുളങ്ങൾ ചേറുകൊണ്ടു നിറഞ്ഞിരുന്നു. അതുകളെല്ലാം ചേറെടുപ്പിച്ചു കുറെക്കൂടി താഴ്ത്തിച്ചു. ശേഷയ്യൻ തന്നെ കൂടക്കൂടെ പണികളുടെ മേലന്വേഷണം ചെയ്തിരുന്നു. തെരുവുകളുടെ വിസ്താരം കൂട്ടി. എന്തിനേറെപ്പറയുന്നു? പത്തുകൊല്ലം മുമ്പുണ്ടായിരുന്ന പുതുക്കോട്ട നഗരം ഒരു മാന്ത്രികന്റെ ഇന്ദ്രജാലവിദ്യകൊണ്ടു പുതുതായി നിൎമ്മിക്കപ്പെട്ടതോ എന്നു കാണികൾക്കു തോന്നുമാറാക്കിത്തീൎത്തു. പുതുക്കോട്ട പട്ടണത്തിൽ ഒരു കമ്പിത്തപാലാപ്പീസ്സു വെച്ചു. ശേഷയ്യന്റെ ഭരണകാലത്ത് കൂട്ടായ്മക്കവെച്ച് മുതലായതു നാമാവശേഷമായിത്തീൎന്നു. വിദ്യാഭ്യാസവിഷയത്തിൽ ശേഷയ്യൻ വളരെ നിഷ്കൎഷ ചെയ്തു. ശേഷയ്യൻ ദിവാൻജിയായപ്പോൾ ഒരു ലോവർസെക്കണ്ടറി സ്കൂൾ മാത്രമായിരുന്നതിനെ കുറച്ചുകാലംകൊണ്ടു ശേഷയ്യൻ ഒരു രണ്ടാംഗ്രേഡ് കോളേജാക്കി. കോളേജിന്നു വളരെ വിശാലവും വിശേഷവുമായ ഒരു എടുപ്പു നിൎമ്മിച്ചു. ഇതിന്നു പുറമെ ഒരു പെൺപള്ളിക്കൂടവും സ്ഥാപിച്ചു.

പുതുക്കോട്ട രാജാവിന്റെ രാജ്യഭരണത്തിലെ അഴിമതികൾനിമിത്തം ബ്രിട്ടീഷുഗവൎമ്മേണ്ടിൽനിന്ന് അദ്ദേഹത്തിന്നുണ്ടായിരുന്ന ചില ബഹുമതികൾ എടു

ത്തുകളഞ്ഞിരുന്നു. ശേഷയ്യശാസ്ത്രികളുടെ ശിപാശ്ശപ്രകാരം ആ ബഹുമതികൾ എല്ലാം വീണ്ടും രാജാവിന്നു ബ്രിട്ടീഷുഗവൎമ്മേണ്ട് അനുവദിച്ചു. 1886-ാമാണ്ടിൽ പുതുക്കോട്ട രാജാവു കാലഗതിയെ പ്രാപിച്ചു. 1894 ാമാണ്ടുവരെ ശേഷയ്യൻ യുവരാജാവിൻെറ രക്ഷകസ്ഥാനം വഹിച്ചുപോന്നു. ഇപ്പോഴത്തെ രാജാവു പ്രായം തികഞ്ഞു രാജ്യഭാരം വഹിച്ചതിൻെറ ശേഷം ശേഷയ്യൻ ദിവാൻജിയുദ്യോഗം രാജിവെച്ചു. 1878-ാമാണ്ടിൽ ശേഷയ്യൻ ദിവാൻജിസ്ഥാനം വഹിച്ചപ്പോൾ രാജാവിൻെറ ധ്വംസനം നിമിത്തവും രാജ്യഭാരത്തിലെ അഴിമതികൾ നിമിത്തവും വളരെ കടത്തിലകപ്പെട്ടും നന്നെ മോശസ്ഥിതിയിലും ആയിരുന്ന രാജ്യത്തെ ഋണമുക്തമായും എരട്ടിച്ച മുതലെടപ്പോടുകൂടിയതായും പ്രജാക്ഷേമത്തോടുകൂടിയതായും ആക്കിത്തീൎത്തു. രാജാവിനെ അവമാനത്തിൽനിന്നു മോചിപ്പിച്ചു മാന്യപദവിയിലാക്കുകയും രാജ്യകാൎയ്യങ്ങളെല്ലാം നല്ല ചിട്ടയിലാക്കുകയും ചെയ്തു. ശേഷയ്യനെപ്പോലെയുള്ള മഹാന്മാൎക്കല്ലാതെ ഈ വിധം വലിയ കൃത്യങ്ങൾ ഇത്ര ശ്ലാഘ്യമായ വിധത്തിൽ നടത്താൻ ഞെരുക്കമാണല്ലൊ.

1882-ാമാണ്ടിൽ ശേഷയ്യൻെറ ഭാൎയ്യ മരിച്ചു. ശേഷയ്യൻെറ വ്യസനത്തിന്ന് അതിരുണ്ടായിരുന്നില്ല. എങ്കിലും കാലംകൊണ്ടു ശാന്തിവരാത്ത ദുഃഖം ഒന്നുംതന്നെയില്ലല്ലൊ. തൻെറ ദത്തപുത്രൻെറ സന്തതികളിൽ ശേഷയ്യൻെറ വാത്സല്യം പ്രസരിച്ചു. തൻെറ പൌത്രന്മാരുടെ അനിമിത്തഹാസങ്ങൾ കണ്ടും, അവരുടെ അവ്യക്തരമണീയങ്ങളായ വാക്കുകൾ കേട്ടും, അവർ സമീപത്തു വരുമ്പോൾ അവരെ വാരി എടുത്ത് ആലിംഗനം ചെയ്യുമ്പോൾ ഉള്ള സ്പൎശനസുഖം അനുഭവിച്ചും ശേഷയ്യൻെറ മനസ്സ് ആനന്ദിച്ചു. ശേഷയ്യൻ പണിയിൽനിന്നു പിരിഞ്ഞ ശേഷം കാവേരീതീരത്തുള്ള തൻെറ വിശേഷമായ ഭവനത്തിൽ സ്ഥിരവാസം ചെയ്തു. കാലത്ത് ഏഴുമണിക്ക് എണീററു കുളിച്ചു കാപ്പി കുടിക്കും. അതിന്നുശേഷം തപാലിൽ വന്ന കത്തുകൾ മുതലായതു വായിക്കും. ഒരു മണിക്കൂറു നേരം വൎത്തമാനപത്രങ്ങളും മാസികകളും വായിക്കും. പിന്നെ തൻെറ കാൎയ്യസ്ഥൻ കണക്കു മുതലായതു കൊണ്ടുവരുന്നതു പരിശോധിക്കും. 12 മണിക്കു ഭക്ഷണം കഴിച്ചു കുറെ വിശ്രമിക്കും. പിന്നെ എഴുത്തുകൾ എഴുതും. പിന്നെ സംഭാഷണംകൊണ്ടും പുരാണശ്രവണങ്ങൾകൊണ്ടും കാലം കഴിക്കും. ചിലപ്പോൾ വൈകുന്നേരത്തു വണ്ടിയിൽ കയറി സവാരി ചെയ്യും. തൻെറ കൂടെ താമസിപ്പിച്ചിട്ടുള്ള ശാസ്ത്രികളുമായി രാത്രി ഭക്ഷണസമയം വരെ ഓരോ സംസ്കൃതഗ്രന്ഥങ്ങൾ നോക്കും. ഇങ്ങിനെയായിരുന്നു ശേഷയ്യൻെറ ദിനചൎയ്യ. മദിരാശി ഗവൎണ്ണർമാർ ശേഷയ്യനെ അദ്ദേഹത്തിൻെറ ഭവനത്തിൽ ചെന്നു കാണുക പതിവാണ്. അദ്ദേഹത്തിന്നു ഗവൎമ്മേണ്ടിൽനിന്നു കെ. സി. ഐ. ഇ. എന്ന സ്ഥാനം കൊടുത്തു. ഏറെത്താമസിയാതെ ഈ മഹാനുഭാവൻ കാലഗതിയെ പ്രാപിക്കുകയും ചെയ്തു. അപ്പോൾ വൈസ്രോയി തുടങ്ങിയുള്ള വളരെ യോഗ്യന്മാർ ശേഷയ്യ

ന്റെ മരണത്തെപ്പററി അനുശോചിച്ചും കൊണ്ട് അദ്ദേഹത്തിന്റെ കുടുംബക്കാൎക്ക കമ്പികഠാ അയച്ചു. ശേഷയ്യൻ വളരെ ഈശ്വരഭക്തിയുള്ളവനായിരുന്നു. ഹിന്തുമതത്തിൽ ശേഷയ്യനു ദൃഢമായ വിശ്വാസം ഉണ്ടായിരുന്നു. അദ്ദേഹം കാശിയാത്ര, സേതുസ്നാനം മുതലായതു ചെയ്യിട്ടുണ്ട്. 'ഇന്ത്യൻ ഫിനാൻസ് കമ്മിററി'യുടെ മുമ്പാകെ തെളിവു കൊടുപ്പാനായി മദ്രാശി ഗവൎമ്മെണ്ടിൽനിന്നു ശേഷയ്യനോടു ബിലാത്തിക്ക പോവാനാവശ്യപ്പെട്ടു. എന്നാൽ തന്റെ ദേഹസ്ഥിതികൊണ്ടും മുഖ്യമായി മതവിരോധംകൊണ്ടും പോവാൻ തരമില്ലെന്നു ശേഷയ്യൻ മറുവടി അയച്ചു. ശേഷയ്യൻ ഒരു വലിയ പരിഷ്കാരപ്രിയനായിരുന്നില്ല. ബദ്ധപ്പെട്ടു യാതൊരു പരിഷ്കാരവും വരുത്താൻ പാടില്ലെന്നായിരുന്നു ശേഷയ്യന്റെ മതം. 'ആചാരഃപരമോധൎമ്മഃ' എന്ന തത്വത്തിൽ ശേഷയ്യനു നല്ല വിശ്വാസമുണ്ടായിരുന്നു. എന്നാൽ പൂൎവ്വാചാരങ്ങഠാ സമുദായത്തിന്റെ ഉൽഗതിക്ക വിരുദ്ധമായി വരുമ്പോഴൊക്കെയും അവ ത്യാജ്യങ്ങളാണെന്നു ശേഷയ്യൻ അഭിപ്രായപ്പെട്ടിരുന്നു.

ശേഷയ്യന്റെ സംഭാഷണചാതുൎയ്യം അനന്യസാധാരണമായിരുന്നു. അദ്ദേഹത്തിന്റെ ഫലിതങ്ങളും നേരംപോക്കകളും സകല ജനങ്ങളുടേയും മനസ്സിനെ വശീകരിക്കത്തക്കവയായിരുന്നു. ഒരിക്കൽ ആയില്യം തിരുനാഠാ മഹാരാജാവൊന്നിച്ചു ശേഷയ്യൻ വൈസ്രോയിയെ കാണ്മാൻ പോയിരുന്നു. ഗവൎമ്മെണ്ട് ബാംളിന്ന് (ഒരു മാതിരി നൃത്തത്തിന്ന്) വൈസ്രോയി ഇവരേയും ക്ഷണിച്ചിരുന്നു. ശേഷയ്യനും വൈസ്രോയിയുമായി ഒരു മണിക്കൂറു നേരം സംസാരിച്ചുകൊണ്ടുനിന്നു. ഒരു നാട്ടുകാരന്റെ സംസാരം കേട്ട് ആതിത്ഥ്യകൎമ്മത്തെക്കൂടി വിസ്മരിക്കത്തക്കവണ്ണം ഇയ്യാഠാക്ക വാഗ്വൈഭവം ഉണ്ടോ എന്ന് അവിടെ കൂടിയിരുന്നവൎക്കെല്ലാം അത്ഭുതം തോന്നി. പിന്നെ ഒരിക്കൽ ശേഷയ്യൻ മൈസൂർ റസിഡേണ്ടിനെ കാണ്മാൻ പോകയുണ്ടായി. ശേഷയ്യന്റെ കാൎഡു കിട്ടിയ സമയം റസിഡേണ്ടു ചില സാമന്തരുമായി ഒരു മുഖ്യകാൎയ്യത്തെപ്പററി സംസാരിച്ചുകൊണ്ടിരിക്കയായിരുന്നു. "നിങ്ങഠാ എനിക്ക് അഞ്ചു മിനിട്ട് എട തരണം. എന്നെ ഒരാഠാ കാണ്മാൻ വന്നിട്ടുണ്ട്" എന്നു പറഞ്ഞു റസിഡേണ്ടു ശേഷയ്യന്റെ അടുക്കൽ പോയി. ഇംഗ്ലീഷ ഭാഷ അറിയാമോ എന്നു സായ്പ് ശേഷയ്യനോടു ചോദിച്ചു. കുറച്ച് അറിയാമെന്നു ശേഷയ്യൻ മറുവടി പറഞ്ഞു. എന്തിനധികം പറയുന്നു? ഒരു മണിക്കൂറു നേരം തന്റെ സരസമായ വാഗ്ധോരണിയിൽ മുക്കി ശേഷയ്യൻ സായ്പിനെ മയക്കി എന്നേ പറയേണ്ടതുള്ളു. "നിങ്ങളുടെ സംസാരം കേട്ട് എനിക്ക തൃപ്തിയായില്ല. ഇനി അടുത്തു കാണാൻ സംഗതി വരുത്തുമെന്നു വിശ്വസിക്കുന്നു" എന്ന് ഒടുക്കം സായ്പ് ശേഷയ്യനോടു പറഞ്ഞു. ഇതാണ് ശേഷയ്യശാസ്ത്രിയുടെ ജീവചരിത്രത്തിന്റെ ഒരു സംക്ഷേപം.

ഒരുവൻ എത്രതന്നെ ദരിദ്രനായിരുന്നാലും വേണ്ടില്ല, അവൻ നിൎവ്യാജമായും സ്ഥിരോത്സാഹത്തോടുകൂടിയും ഉ

യത്നിച്ചാൽ വളരെ ഉന്നതപദവിയിൽ എത്തുന്നതാണെന്നും, അവനവന്റെ കൃത്യങ്ങളെ മുറപ്രകാരം ചെയ്താൽ രാജാക്കന്മാർ കൂടി ബഹുമാനിക്കുമെന്നും ഇദ്ദേഹത്തിന്റെ ചരിത്രത്തിൽ നിന്നു നമുക്കു ഗ്രഹിക്കാവുന്നതാണ്. അമ്പതു കൊല്ലത്തോളമുള്ള ഇദ്ദേഹത്തിന്റെ ഉദ്യോഗഭരണത്തിൽ നിന്ദ്യമായോ ധനാകാംക്ഷകൊണ്ടു മാത്രം ചെയ്തതായോ യാതൊരു പ്രവൃത്തിയും കാണുന്നതല്ല. അദ്ദേഹത്തിന്റെ പണിക്കുള്ള കൃത്യവും ആലോചനാശക്തിയും പ്രശംസാർഹമായിരുന്നു. താൻ ദിവാനായിരുന്ന രാജ്യങ്ങളിൽ പ്രജകളുടെ ക്ഷേമത്തിന്നു വേണ്ടി സദാ പരിശ്രമിച്ചും നിരത്തുകൾ, പാലങ്ങൾ മുതലായതു പണി ചെയ്യിച്ചും പുതുതായ കുളങ്ങൾ, കിണറുകൾ മുതലായവ നിർമ്മിച്ചും പഴയതു നന്നാക്കിച്ചും ജനങ്ങൾക്കു നിർമ്മലമായ ജലം ഉപയോഗിപ്പാൻ സൌകര്യം നല്കിയും, അനേകായിരം സ്ത്രീപുരുഷന്മാൎക്ക് ഉപജീവനത്തിന്നു മാൎഗ്ഗം ഉണ്ടാക്കിയും, പ്രാപ്തന്മാരും മൎയ്യാദക്കാരും ആയവൎക്ക് ഉദ്യോഗങ്ങൾ നല്കിയും, രാജ്യങ്ങളുടെ മുതലെടുപ്പു വൎദ്ധിപ്പിച്ചും, അവരുടെ പുഷ്ടി വരുത്തിയും മററു പല പ്രകാരത്തിലും ജനങ്ങളുടെ നന്മക്കുവേണ്ടി അശ്രാന്തപരിശ്രമം ചെയ്തു വന്ന നമ്മുടെ കഥാപുരുഷൻ ഇന്ത്യാരാജ്യത്തിന്നും പ്രത്യേകിച്ചു തെക്കെ ഇന്ത്യക്കും ഒരു ഭൂഷണമായിരുന്നു.

കെ. കണ്ണനുണ്ണിനായർ ബി. എ., ബി. എൽ.

---

# ഉക്കണ്ടനുണ്ണിയുടെ

# തറവാട്.

---

തുലാമാസം കാലം. രാത്രികലശലായി മഴ പെയ്ത ഒരു ദിവസം. ലങ്കാദ്വീപിലുള്ള അനിരുദ്ധപുരത്തിന്റെ മേല്പട്ട് അത്യുന്നതമായി നില്ക്കുന്ന മിഹിരാളിപർവ്വതനിരകളിൽ നിന്നു പൊട്ടിയൊലിച്ച് കുത്തിച്ചാടി ഇരമ്പിമറിഞ്ഞു വരുന്ന വെള്ളം മഹാബലിഗംഗയിൽ നിറഞ്ഞു വഴിഞ്ഞ് പാലത്തിന്നു മീതെ പൊങ്ങിനിന്നിരുന്നു. ഇരുതലമുട്ടിനില്ക്കുന്ന പുഴയുടെ മറുകരയിൽ ഉക്കണ്ടനുണ്ണി നിന്നിരുന്നത്, ഗോപാലൻനമ്പ്യാരുടെ ഭാഗ്യമായിട്ടാണു കലാശിച്ചത്. അപായം ശങ്കിച്ച് ഉക്കണ്ടനുണ്ണി കാട്ടിയ ആംഗ്യങ്ങളും, അയാൾ പുറപ്പെടുവിച്ചിരുന്ന ശബ്ദങ്ങളും നമ്പ്യാർ മനസ്സിലാക്കിയതേ ഇല്ല. തന്റെ കൈവശമുള്ള 'സൈക്കിൾ' ഒരു കൈകൊണ്ടു മുറുകെ പിടിച്ച്, മുട്ടോളം വെള്ളമുള്ള പാലത്തിൽക്കൂടി അക്കരെ കടപ്പാൻ ചെയ്ത ശ്രമത്തിൽ, വെള്ളത്തിന്റെ ഒഴുക്കിന്നുള്ള അതിയായ ശക്തിയും നമ്പ്യാർ മനസ്സിലാക്കിയില്ല.

നമ്പ്യാർ പാലത്തിന്റെ പകുതിയോളം എത്തിയതും, സൈക്കിൾ ക

യ്യിൽനിന്നു വിട്ടതും, പാലത്തിന്മേൽനിന്നു ചരിഞ്ഞുവീണതും, ഒലിവിൽ പെട്ടതും, എല്ലാം ഒരു നിമിഷംകൊണ്ടു കഴിഞ്ഞു. ഭാഗ്യവശാൽ, അടുത്തുണ്ടായിരുന്നതും പൊന്തിനില്ക്കുന്നതുമായ പാലത്തിന്റെ തൂണ് ഒരു കൈകൊണ്ടു കെട്ടിപ്പിടിപ്പാനും മറേറ കൈകൊണ്ട്, ഉക്കണ്ടനുണ്ണി എറിഞ്ഞുകൊടുത്ത കയറു പിടിപ്പാനും സാധിച്ചു. ഉക്കണ്ടനുണ്ണി നമ്പ്യാരെ വലിച്ചിഴച്ച് ഒരുവിധം കരയ്ക്കു കേററിയപ്പോൾ അയാൾ പച്ചവെള്ളത്തിൽ വീണ പൂച്ചയെപ്പോലെ വിറയ്ക്കുകയായിരുന്നു.

നമ്പ്യാർ — നിങ്ങൾ തന്നെയാണ് എന്റെ ജീവനെ രക്ഷിച്ചതെന്നു ഞാൻ വിചാരിക്കുന്നു.

ഉക്കണ്ടനുണ്ണി — ഞാനും അങ്ങിനെ തന്നെയാണു വിചാരിക്കുന്നത്. ഞാനിവിടെ ഉണ്ടായതു നിങ്ങളുടെ ഭാഗ്യമാണ്. വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന പാലം കടപ്പാൻ നിങ്ങൾ ശ്രമിപ്പാനുണ്ടായ കാരണം എന്താണ്?

നമ്പ്യാർ — ഞാൻ ഈ പാലം മുമ്പൊരിക്കൽ കടന്നിട്ടുണ്ട് — ഒരിക്കൽ മാത്രം. ഇത്ര വൈഷമ്യമുണ്ടെന്നു വിചാരിച്ചിരുന്നില്ല. എന്റെ സൈക്കിൾ തീരെ പോയൊ?

ഉക്കണ്ടനുണ്ണി പുഴയിലേയ്ക്കു നോക്കിയപ്പോൾ, വളരെ അകലെയായി മീമ്പിടുത്തക്കാർ കെട്ടിയുണ്ടാക്കിയ ഒരു വലത്തൂണിന്നരികെ സൈക്കിൾ തങ്ങിനില്ക്കുന്നതായിക്കണ്ടു. 'വീട്ടിൽപ്പോയി ഒരു വാലിയക്കാരനെ അയച്ച് അതു കൊണ്ടുവരുവിക്കാം' എന്നും പറഞ്ഞ്, ഉക്കണ്ടനുണ്ണി നമ്പ്യാരേയും കൂട്ടി കുന്നിന്മുകളിലുള്ള തന്റെ 'മരവിലാസം' എസ്റ്റേററിൽ പണിചെയ്യിട്ടുള്ള ബങ്കളാവിൽ ചെന്ന് ഒരു ചാരുകസേരമേൽ നമ്പ്യാരെ കൊണ്ടിരുത്തി.

നമ്പ്യാർ — അനിരുദ്ധപുരത്തിൽ ഞാനിന്നലെയാണെത്തിയത്. ഞാൻ കോയമ്പത്തൂരുള്ള 'സ്റ്റീൻ ആന്റ് കമ്പനി'ക്കാരുടെ ഏജന്റാണ്. കാപ്പിക്കച്ചവടം തൊഴിൽ. പത്തു കൊല്ലത്തിന്നു മുമ്പാണ് ഈ ദിക്കിൽ വന്നിട്ടുള്ളത്. നിങ്ങൾ ഇവിടെയായിട്ടു വളരെ കാലമായോ?

ഉക്ക — എട്ടു കൊല്ലത്തോളമായി.

നമ്പ്യാർ — നിങ്ങളുടെ പേർ എന്റെ കയ്യിലുള്ള കാപ്പിത്തോട്ടക്കാരുടെ ലിസ്റ്റിൽ കാണാത്തത് ആശ്ചര്യം തന്നെ. ഈ തോട്ടത്തിലുണ്ടാവുന്ന കാപ്പിക്കുരു ആരാണു വാങ്ങുന്നത്?

ഉക്ക — ഇവിടെ ഉണ്ടാവുന്നതെല്ലാം ഞാൻ കല്ക്കത്തയിലേയ്ക്കു കയാറി അയയ്ക്കുകയാണ്.

'ശരി' എന്നു പറഞ്ഞ്, നമ്പ്യാർ പൊടിക്കുപ്പിയെടുത്തു വിസ്തരിച്ചൊന്നു പൊടി വലിച്ചു.

നമ്പ്യാർ — നിങ്ങളുടെ പേര് ഞാൻ സാധാരണ കേട്ടുവന്നിട്ടുള്ള ഒരു പേരു പോലെ തോന്നുന്നു. അതുതന്നെ മലയാളക്കരയിൽവെച്ചേ കേട്ടിട്ടുമുള്ളു. ആ ദിക്കിൽ സ്ഥാനിനായന്മാക്കേ ഈ പേർ പറയാറുള്ളു. എന്റെ ദിക്കിൽത്തന്നെ ജന്മിയായ ഒരു സ്ഥാനിനായരുണ്ടായിരുന്നു. നായർകോട്ടയിലെ മതിലകത്തു മൂപ്പിൽനായർ. അ

ദ്ദേഹം മരിച്ചിട്ട കുറച്ചുകൊല്ലമായി. കേട്ടിട്ടുണ്ടോ? വല്ലപരിചയവുമുണ്ടൊ?

ഉക്കണ്ടനുണ്ണിനായർ ഒരു ദീൎഘശ്വാസം വിട്ടുകൊണ്ടു പറഞ്ഞു:—'ഉണ്ടെന്നാണു തോന്നുന്നത്. എന്റെ കാരണവരാണ്. അദ്ദേഹത്തെ ഒരിക്കലും ഞാൻ കണ്ടിട്ടില്ല; അതിന്നു മോഹിച്ചിട്ടുമില്ല. നായർകോട്ടയിൽത്തന്നെ ഞാനിതേവരെ പോയിട്ടില്ല.'

നമ്പ്യാർ—(കസേരമേൽ നിന്നെഴുന്നേററ് അല്പം ആശ്ചൎയ്യത്തോടെ) ആ യോഗ്യനായ മൂപ്പിൽനായർ മരിച്ച വിവരം നിങ്ങൾ ഇതേവരെ അറിഞ്ഞിട്ടില്ലെന്നോ?

ഉക്ക—ഇല്ല. അദ്ദേഹം എനിക്കാരാണ്? ഒന്നുമല്ല. കുടുംബച്ഛിദ്രം. ഏകസഹോദരിയുടെ മകനാണു ഞാൻ. ഉക്കണ്ടനുണ്ണി എന്ന പേര് എനിക്കുവേണ്ടതല്ലായിരുന്നു.

നമ്പ്യാർ—ആ കുടുംബത്തിൽ നിങ്ങളുടെ പേരായി മററു വല്ലവരും ഇനിയുണ്ടൊ?

ഉക്ക—എന്റെ അറിവിൽ പെട്ടേടത്തോളം ഇല്ല. ഞാൻ ഒടുക്കത്തേതാണെന്നാണു വിശ്വസിക്കുന്നത്. ഇനി ഉണ്ടാവാനും വഴി തോന്നുന്നില്ല.

നമ്പ്യാർ കുറച്ചുനേരം ഒന്നും മിണ്ടാതെ കസേരമേൽ മലൎന്നുകിടന്നു. എന്നിട്ടുപറഞ്ഞു:— 'മൂപ്പിൽനായരെ നിങ്ങൾക്കു വളരെ വിലയില്ലായിരിക്കാം. പക്ഷെ, നിങ്ങളോ നിങ്ങളുടെ പേരുള്ള മററൊരു നായരോ അദ്ദേഹത്തിന്നു വളരെ കാൎയ്യമായിരുന്നു. അദ്ദേഹത്തിന്റെ സ്വത്തിന്നു മുഴുവൻ അവകാശിയായിരിക്കുന്നത് ഒരു ഉക്കണ്ടനുണ്ണിനായരാണ്. മരുമകനാണെന്നു തോന്നുന്നു. പ്രിയസഹോദരിയുടെ മകനുമാണ്. നില്ക്കട്ടെ-എന്താണ് ആ സഹോദരിയുടെ പേര്? ശരി; കുഞ്ഞിക്കാവുനേത്ര്യാര്.'

ഉക്ക—പ്രിയസഹോദരിയൊ? അതു നല്ലൊരു വൎത്തമാനംതന്നെയാണല്ലൊ.

നമ്പ്യാരുടെ ക്ഷമയെല്ലാം പോയി. കസേരമേൽ നിന്നെഴുന്നേററ് നമ്പ്യാർ ചോദിച്ചു:—'നിങ്ങൾതന്നെയാണൊ കുഞ്ഞിക്കാവുനേത്ര്യാരുടെ മകൻ? നിങ്ങളെത്തന്നെയാണൊ വക്കീൽ മിസ്റ്റർ ഗോപാലമേനോൻ പരസ്യമൂലം ആവശ്യപ്പെടുന്നത്?.'

ഉക്ക—അതു സാരമില്ല. അടേ ആറുമുഖം! എന്നാടാ കാപ്പി ഇന്നും ആഹലെ (എന്നു വാലിയക്കാരനെവിളിച്ചുപറഞ്ഞു.)

നമ്പ്യാർ— അല്ലാ നിങ്ങൾതന്നെയാണോ കുഞ്ഞിക്കാവുനേത്ര്യാരുടെ മകൻ?

ഉക്ക—ഞാൻതന്നെയാണ്? നിങ്ങളെവിടുന്നാണ് ഈ കുപ്പായശ്ശീല വാങ്ങിയത്.?

'ഈ കുപ്പായശ്ശീല!' എന്നുപറഞ്ഞു നമ്പ്യാർ ഒരു ദീൎഘശ്വാസം വിട്ടു. എന്നിട്ടു പറഞ്ഞു:—'കാപ്പിയുടെ ചൂടു സാരമില്ല, ഇങ്ങോട്ടുനോക്കിൻ. ഞാനും മതിലകത്തുകാരനാണ്. പാലപ്പിള്ളി നമ്പ്യാരാണ്. ഞാൻ നിങ്ങളുടെ കാരണവരെ നല്ലവണ്ണം അറിയും. അദ്ദേഹം മരിച്ചിട്ട് ഏഴുകൊല്ലമേ ആയിട്ടുള്ളൂ. വക്കീൽ മിസ്റ്റർ ഗോപാലമേനോൻ, ആ കാരണവരുടെ മരണപത്രമനുസരിച്ചു നിങ്ങളെ കണ്ടുകിട്ടുവാൻ തിരയാത്ത ദി

കൊന്നുമില്ല. രാജ്യത്തുള്ള പത്രങ്ങളിലൊക്കെ പരസ്യം ചെയ്തിട്ടും ഉണ്ടായിരുന്നു. നിങ്ങൾ അതു കണ്ടില്ലെന്നുള്ള സംഗതിയിൽ എനിക്കു വളരെ ആശ്ചൎയ്യം തോന്നുന്നു.'

ഉക്ക—ഞാനതു കണ്ടിരുന്നുവെങ്കിലാണ് ആശ്ചൎയ്യം തോന്നേണ്ടത്. ഞാൻ ഈ കാപ്പിത്തോട്ടത്തെ ഇങ്ങിനെയാക്കാനുള്ള ശ്രമത്തിൽ മുഴുകിയിരിക്കുകയായിരുന്നു. ഞാൻ മുന്നൂറേക്രയോളം കാപ്പിയും കൃഷിചെയ്ത്, ഇങ്ങിനെ ഒരു സ്ഥലം കെട്ടിയുണ്ടാക്കി. അച്ഛൻ മരിച്ചതിന്നുശേഷം ഞാനും അമ്മയും രാമേശ്വരത്തേക്കു വന്നു. അമ്മ രാമേശ്വരത്തുന്നിന്നു മരിച്ചു. കുട്ടിയായി നിരാധാരനായ ഞാൻ ചിലരുടെയൊക്കെ സഹായംകൊണ്ട് ഈ സിംഹള(ലങ്കാ) ദ്വീപിൽ എത്തിച്ചേൎന്നു. പിന്നെ കഥകുറെയുണ്ട്. ഞാൻ അഞ്ചെട്ടുകൊല്ലമായിട്ട് വൎത്തമാനപത്രംതന്നെ നിഷ്കൎഷയായി വായിച്ചിട്ടില്ല. നേരം കുറെയായി. ഇനി കുളിച്ചു ഊണുകഴിപ്പാൻ ശ്രമിക്കുകയാണു വേണ്ടത്.

ഇത്രയും പറഞ്ഞ് ഉക്കണ്ടനുണ്ണി എഴുനീറ്റു. നായരുടെ അനാസ്ഥകണ്ട് നമ്പ്യാൎക്കു സാമാന്യത്തിലധികം ആശ്ചൎയ്യമായി. ഉണ്ണാനിരിക്കുമ്പോഴും ഈ വിഷയത്തെപ്പററി ഒന്നും സംസാരിച്ചില്ല. സംസാരവിഷയമെല്ലാം കാപ്പിക്കുരുക്കച്ചവടമായിക്കഴിഞ്ഞു. നമ്പ്യാരുടെ സാമ്പിൾ കാപ്പിക്കുരുക്കൾ നോക്കിയും, അതിന്റെ വിലയെപ്പററി സംസാരിച്ചും, കയററി അയയ്ക്കുന്നതിന്നുള്ള സൌകൎയ്യത്തെപ്പററി ആലോചിച്ചും അന്നത്തെ ദിവസം കഴിഞ്ഞു.

നമ്മുടെ 'ഗ്രീൻ ആൻറ് കമ്പനി' ഏജൻറിന്ന് ആശ്ചൎയ്യം വൎദ്ധിച്ചുവന്നതേയുള്ളു. ഉക്കണ്ടനുണ്ണിനായരെ കാത്തു സ്വരാജ്യത്തുനില്ക്കുന്ന വലുതായ ഒരു സ്വത്തിനെപ്പററിയുള്ള സംസാരത്തെ ആവൎത്തിക്കുവാൻ നമ്പ്യാർ കഴിയുന്നതും ശ്രമിച്ചുനോക്കി. പക്ഷെ അതു ഫലിച്ചില്ല. താൻ പറഞ്ഞതിനെ നായർ വിശ്വസിച്ചില്ലയൊ എന്നുകൂടി സംശയിക്കേണ്ടിവന്നു. ഒടുക്കം ദേഷ്യത്തോടെ ഇപ്രകാരം പറഞ്ഞു:— 'അല്ലേ ഉക്കണ്ടനുണ്ണിനായരെ, നിങ്ങളുടെ കാപ്പിക്കുരുക്കച്ചവടം കൊണ്ടുപോയി ചുടു. മതിലകത്തു നായൎക്കു നായർകോട്ടയും സ്വത്തുക്കളുമായി അഞ്ചുപത്തുലക്ഷത്തിന്നു വകയുണ്ടെന്നു നിങ്ങൾക്കു വിവരമുണ്ടൊ? ഇതിൽ വലിയൊരുഭാഗം കയ്യിരിപ്പാണപോൽ.'

ഉക്ക—ഉവ്വ്. അമ്മപറഞ്ഞ സംഗതികളാലോചിച്ചാൽ നിങ്ങൾ പറയുംപോലെ ഒരു വലിയ സ്വത്ത് അവിടെയുണ്ടെന്ന് എനിക്കും തോന്നുന്നുണ്ട്. പക്ഷെ, ഞാൻ ബദ്ധപ്പെട്ട് ഒന്നും ചെയ്വാൻ വിചാരിക്കുന്നില്ല. ആട്ടെ, നായർ കോട്ടയിൽ ആരാണിപ്പോൾ താമസിക്കുന്നത്?

നമ്പ്യാർ—വക്കീൽ മിസ്റ്റർ ഗോപാലമേനോനും അദ്ദേഹത്തിന്റെ രണ്ടു പെണ്മക്കളുമാണ്. കല്യാണിയും കാമാക്ഷിയും, പ്രത്യേകിച്ച കല്യാണി, കണ്ടാൽ നല്ല സൌഭാഗ്യമുള്ള കൂട്ടത്തിലാണ്. മൂപ്പിൽനായർ മരിക്കുമ്പോൾ

സ്വത്തുക്കളെല്ലാം ഗോപാലമേനോനെ ഏല്പിച്ചിരിക്കയാണ്. അദ്ദേഹം തന്റെ സ്വന്തമുതലുപോലെയാണ് ആ സ്വത്തുക്കൾ നോക്കിവരുന്നത്.

ഉക്ക—അതൊക്കെ പോട്ടെ. കാപ്പി കുറച്ചുംകൂടി ഇരിക്കട്ടെ. ദൂരംപോകേണ്ടതല്ലേ? ഏതെങ്കിലും ഞാൻ ആ പുഴവക്കത്ത് ഇന്നുണ്ടായതു നിങ്ങളുടെ ഭാഗ്യംതന്നെ.

നമ്പ്യാർ—(സ്വഗതം) ഞാനിങ്ങിനെ ഒരു പുള്ളിയെ ഇതുവരെ കണ്ടിട്ടില്ല. ഇയ്യാൾ പുഴവക്കത്തുണ്ടായത് എന്റെ ഭാഗ്യംതന്നെയാണൊ? പക്ഷെ ആയിരിക്കാം. എന്നാൽ ഇതു കേൾക്കുന്നവർ പറയുക എന്റെ ഭാഗ്യമെന്നല്ലാ ഇയ്യാളുടെ ഭാഗ്യമെന്നാണ്.

നമ്പ്യാർ കച്ചവടസംബന്ധമായി ഉക്കണ്ടനുണ്ണിനായരുമായിട്ടുള്ള ഏർപ്പാടുകളെല്ലാം കഴിച്ചതിന്നുശേഷം മടങ്ങിപ്പോവാൻ പുറപ്പെട്ടപ്പോൾ ഉക്കണ്ടനുണ്ണിനായർ പറഞ്ഞു:- 'വാസ്തവം പറകയാണെങ്കിൽ ഞാൻ ആ പുഴവക്കത്ത് അപ്പോളുണ്ടായതു നിങ്ങളുടെ ഭാഗ്യംതന്നെയാണ്. എന്നെപ്പററിയാവട്ടെ ഇവിടെ നടന്ന സംഭവത്തെപ്പററിയാവട്ടെ നിങ്ങൾ നാട്ടിലേക്കെഴുതുകയൊ അവിടെ ചെന്നാൽ ആരോടെങ്കിലും സംസാരിക്കുകയൊ ചെയ്കയില്ലെന്ന് ഒരു വാഗ്ദത്തം ചെയ്യണം. കൂടാതെ, ഇവിടെയുള്ള കാപ്പിക്കുരുവെല്ലാം വേഗം കൊണ്ടുപോവാൻ ഏർപ്പാടുചെയ്കയും വേണം.'

നമ്പ്യാർ കുറച്ചുനേരം ആലോചിച്ച് അങ്ങിനെയാവാമെന്നു സമ്മതിച്ച് മടങ്ങിപ്പോയി.

* * * * *

ഉക്കണ്ടനുണ്ണിനായർ എന്നു മലയാളത്തിലും, കണ്ടസ്വാമിപ്പിള്ള എന്നു സിംഹളദ്വീപിലും അറിയപ്പെടുന്ന, മരവിലാസം കാപ്പിത്തോട്ടം ഉടമസ്ഥനായ മിസ്റ്റർ നായർ സാധാരണന്മാരിൽനിന്നു വ്യത്യസ്തമായ രീതിയിലാണു കാര്യങ്ങൾ നടത്തിയിരുന്നത്. ഈ വലുതായ കാപ്പിത്തോട്ടം അനുഭവത്തിലാവുന്നതിനിടയ്ക്കു ധനസംബന്ധമായ പല കുഴപ്പങ്ങളും അദ്ദേഹത്തിന്നു സംഭവിച്ചിട്ടുണ്ട്. തന്റെ വരവു കാത്തിരിക്കുന്ന ആ വമ്പിച്ച മുതലിന്റെ വിവരം അറിഞ്ഞിട്ടുംകൂടി വക്കീൽ ഗോപാലമേനോന് എഴുതുകയാവട്ടെ നാട്ടിൽച്ചെന്നു കുറച്ചു പണം കൊണ്ടുവരുവാൻ ശ്രമിക്കുകയാവട്ടെ അദ്ദേഹം ചെയ്തില്ല. കാടുകൾ പുതുതായി വെട്ടിത്തെളിയിച്ചു കാപ്പിത്തോട്ടം വർദ്ധിപ്പിക്കുന്നതിന്നും, തോട്ടത്തിൽക്കൂടി വെള്ളച്ചാലുകൾ കഴിപ്പിക്കുന്നതിന്നും, കൂലിവേലക്കാർക്കു താമസിപ്പാൻ കെട്ടിടങ്ങൾ കെട്ടിക്കുന്നതിന്നും, തോട്ടം മാനേജ്മെൻറിൽ തന്നെസ്സഹായിപ്പാൻ സമർത്ഥനായ ഒരു തമിഴനെ നിശ്ചയിക്കുന്നതിന്നും ആയിരുന്നു മിസ്റ്റർ നായർ ശ്രമിച്ചുകൊണ്ടിരുന്നത്. ഇവ ഓരോന്നായി സാധിച്ചതോടുകൂടി സ്റ്റീൻ ആൻറ് കമ്പനിക്കാരുമായുള്ള കരാറും സമ്മതിച്ചുവന്നു.

ഒരു ദിവസം രാവിലെ കൊളമ്പിലേക്കു പുറപ്പെട്ടതും, അവിടുന്നു കപ്പൽകയറി തൂത്തുക്കുടിയിൽ വന്നതും, പിറേറന്നു കാലത്തു പെട്ടിയും സാമാനങ്ങളുമായി പാലക്കാട്ടു സ്റ്റേഷനിൽ വണ്ടിയിറങ്ങിയതും ഒക്കെ മിസ്റ്റർ നായരുടെ തൽ

കാലമുണ്ടായ ഒരാലോചനയുടെ ഫല മായിരുന്നു. പാലക്കാട്ട സബ്ബ്കോട തിയിൽ ചെന്നു കാരണവരുടെ മരണ ശാസനത്തിന്റെ ഒരു പകപ്പു കൈവശ പ്പെടുത്തി അതു മുഴുവൻ മനഃപാഠം പ ഠിക്കുകയായിരുന്നു ഒന്നാമത്തെ പ്രവൃത്തി. 'എന്റെ ഏററവും വിശ്വസ്തനും നിയ മോപദേഷ്ടാവും ആയ വക്കീൽ ഗോപാ ലമേനോൻ' എന്നാണ് ടെസ്റ്റിയെപ്പററി ലുബ്ധനായ കാരണവർ വിവരിച്ചിട്ടുണ്ടാ യിരുന്നത്. അത്ര വിശ്വസ്തനായ ഗോ പാലമേനോൻ ഒരു നല്ല സ്വഭാവക്കാര നായിരിക്കുമെന്ന വിശ്വാസത്തോടെ മി സ്റ്റർ നായർ തീവണ്ടി കയറി, നായർ കോട്ടയിൽനിന്ന് ആറു നാഴിക അകല മുള്ള മതിലകം സ്റ്റേഷനിൽ വണ്ടിയി റങ്ങി.

തമിഴരുടെ മാതിരിയിലുള്ള ഉടുപ്പും നടപ്പും മേൽമീശയും ഇടയ്ക്കിടെ തമിഴ ചുവയ്ക്കുന്ന മലയാളസംസാരവും കാര ണം മിസ്റ്റർ നായർ ഒരു മലയാളജില്ല ക്കാരനാണെന്നും, ശ്രുതിപ്പെട്ട മതിലക ത്തു നായരുടെ വംശജനാണെന്നും മററു ള്ളവർ വിശ്വസിക്കുന്നില്ലയൊ എന്ന സംശയം നായക്ക് തോന്നി.

ഒരു കാളവണ്ടിക്കാരൻ — നിങ്ങൾക്ക നാ യർകോട്ടയിലേക്കാണോ പോകേണ്ട ത്? നായർകോട്ടയ്ക്കിപ്പോൾ 'ഗോ പാലവിലാസം' എന്നാണു പേര്. നിങ്ങൾ അരമണിക്കൂറുകൂടി ഇവിടെ താമസിക്കുന്നതായാൽ വക്കീലെജമാ നന്റെ മോട്ടോർകാർ പോവുന്നുണ്ടാ വും. എജമാനൻ ഉച്ചവണ്ടിക്കു പാല ക്കാട്ടനിന്നു വരുമെന്നാണു കേട്ടത്.

ഉക്ക — അയാൾ വരുന്നതുവരെ താമ സിക്കേണമെന്നു ഞാൻ വിചാരിക്കു ന്നില്ല.

വണ്ടി — വക്കീലെജമാനനില്ലാതെ അവി ടെ പോയിട്ടു നിങ്ങൾക്കെന്താകാര്യം? വേറെ വല്ല കാര്യവും ഉണ്ടൊ?

ഉക്ക — ഞാൻ നായർകോട്ടയുടെ ഉടമ സ്ഥനാണ്. അതുതന്നെ കാരണം.

വണ്ടി — ഓ! ന്റെ! പടച്ചോനേ! ആ നാട്ടനീങ്ങിയ മൂപ്പിലെജമാനന്റെ കാണാതെപോയ മരുമകൻ ഒരാ ളല്ലെ ഉടമസ്ഥൻ? ആ എജമാ നൻ നിങ്ങ —

ഉക്ക — എന്താ ഇത്ര സംശയം? കാ ണാതെ പോയതായിരുന്നില്ല.

വണ്ടി — ഞങ്ങളെല്ലൊക്കെ അവിടുത്തെ കു ടിയാന്മാരാണ്. വക്കീലെജമാനന ല്ലെ അതൊക്കെ തീർച്ചപ്പെടുത്താൻ?

ഉക്ക — നീ മതിലകത്തെ കുടിയാനാ ണൊ? ആണെങ്കിൽ സാമാനം വ ണ്ടിയിലെടുത്തിട്ടു വണ്ടി വേഗം തെ ളിക്ക്.

അപ്പോഴയ്ക്കും വണ്ടിക്കാരും മററു ള്ളവരുമായി വളരെ ആളുകൾ അവിടെ കൂടിക്കഴിഞ്ഞു. ഭ്രാന്തനായ ഒരു കൊ ങ്ങൻ വന്നു താൻ മതിലകത്തു നായരാ ണെന്നും മററും പറയുന്ന വിവരം പ രിഹാസമായി ആളുകൾ സംസാരിച്ചുതു ടങ്ങി. മിസ്റ്റർ നായർ അതൊന്നും ശ്ര ദ്ധിക്കാതെ സാമാനങ്ങളെല്ലാം സ്റ്റേഷ നിൽ ഏല്പിച്ച് നായർകോട്ടയിലേക്കു ന ടക്കുവാൻ തന്നെ തീർച്ചപ്പെടുത്തി. നാ യർകോട്ടയിലേക്കുള്ള തന്റെ ഈ യാത്ര ഒന്നാമത്തേതായിരുന്നു. അതുകൊണ്ടും

സാധാരണ ആളുകൾ പെരുമാറുന്ന വഴി തെറ്റി വടക്കുഭാഗത്തുള്ള ഗൈററു കടന്നാണ് കോട്ടവളപ്പിലേക്കു നായർ പ്രവേശിച്ചത്. 'അയ്യോ എങ്ങട്ടാ പോണ്?' എന്ന് ഒരു സ്ത്രീയുടെ ശബ്ദം കേട്ടു നായർ തിരിഞ്ഞുനോക്കിയപ്പോൾ കണ്ടതു പുല്ലരിഞ്ഞുകൊണ്ടിരിക്കുന്ന വയസ്സായ ഒരു സ്ത്രീയെ ആണ്.

'കോട്ടയിലേക്കു തന്നെ. ഇതല്ലെ വഴി' എന്നു മിസ്റ്റർ നായർ ചോദിച്ചു.

സ്ത്രീ — അതേ. പക്ഷെ എജമാനന്മാൎക്കു മാത്രം. നിങ്ങൾ പോകേണ്ടതു കിഴക്കെ പടി കടന്നാണ്.

ഉക്ക — ഓഹോ! ആരാ എജമാനന്മാർ?

സ്ത്രീ — വക്കീലെജമാനനും കുടുംബങ്ങളും ബന്ധുക്കളും തന്നെ.

ഉക്ക — ശരി — പിന്നെ — എന്താ നിങ്ങളുടെ പേര്?

സ്ത്രീ — കുഞ്ചി.

ഉക്ക — കേട്ടോ കുഞ്ചിയമ്മേ, ഞാൻ നിങ്ങൾ പറഞ്ഞതിന്നു വളരെ നന്ദിപറഞ്ഞുകൊള്ളുന്നു. പക്ഷെ ഞാൻ മതിലകത്ത് ഉക്കണ്ടനുണ്ണിനായരാണ്. എജമാനന്മാരും ബന്ധുക്കളും പോകുന്ന വഴിക്കു തന്നെയാണ് ഞാൻ പോകാൻ ഭാവം.

കുഞ്ചിയമ്മ ഇതൊന്നും കേററുകന്നില്ല — ആ സ്ത്രീ ആശ്ചൎയ്യത്തോടെ നോക്കി നില്ക്കുകയാണ്. കുഞ്ചിയമ്മ ആറേഴുകൊല്ലമായി നായർവീട്ടിൽ ദാസ്യപ്രവൃത്തി തുടങ്ങീട്ട്. ഇതിലിടയ്ക്ക് ഇങ്ങിനെ ഒരാളുള്ളതായി കേട്ടിട്ടില്ല.

മിസ്റ്റർ നായർ ആ വഴിയെ പോയപ്പോൾ ചെന്നെത്തിയതു പൂന്തോട്ടത്തിലാണ്. അവിടെ രണ്ടുമൂന്നു പേർ പൂച്ചെടികൾ നനച്ചുകൊണ്ടും തോട്ടം നന്നാക്കിക്കൊണ്ടും ഇരിക്കുന്നുണ്ടായിരുന്നു. വളരെ ലുബ്ധനായിരുന്ന മരിച്ച മൂപ്പിൽനായർ ഇത്ര വളരെ പണം ചില വിട്ട് ഇങ്ങിനെ ഒരു തോട്ടമുണ്ടാക്കുമെന്നു വിശ്വസിപ്പാൻ ഉക്കണ്ടനുണ്ണിനായൎക്കു കഴിവുണ്ടായിരുന്നില്ല. ഏററവും നിഷ്കൎഷയോടും മനോധൎമ്മത്തോടും കൂടി ഉണ്ടാക്കിയ ഈ ഉദ്യാനം കണ്ടപ്പോൾ ഈ സ്വത്തിന്റെ ട്രസ്റ്റിയായ വക്കീൽ ഗോപാലമേനോനെപ്പററി എന്തെന്നില്ലാത്ത ഒരു ബഹുമാനമാണ് മിസ്റ്റർ നായൎക്കുണ്ടായത്

'എടോ, വെണ്ണീറിങ്ങിനെ അധികമിട്ടാൽ റോജപ്പൂവിന്റെ നിറത്തിന്നു കുറവും വരും, വാസനപോകയും ചെയ്യും. താനതു മനസ്സിലാക്കീട്ടില്ലെ' എന്നു തോട്ടത്തിൽ പണിയെടുക്കുന്ന ഒരുത്തനോടു നായർ പറഞ്ഞപ്പോൾ, ഒരു കയ്ക്കോട്ടും കയ്യിലെടുത്ത് ഭീമകായനായ വേറെ ഒരു തോട്ടക്കാരൻ അവിടെ പ്രത്യക്ഷമായി. 'തോട്ടത്തിൽ വരാൻ എജമാനന്റെ കല്പനയുണ്ടോ' എന്ന് ആ വിദ്വാൻ ചോദിച്ചതു കേട്ടതായി നടിക്കാതെ 'വക്കീലിന്റെ ധൃത്തു കുറച്ചധികമാണെന്നു തോന്നുന്നുവല്ലൊ' എന്നു മാത്രം നായർ പറഞ്ഞു. 'നിങ്ങളാരാണ്? നിങ്ങൾക്കിവിടെ എന്താണ്?' എന്നു വീണ്ടും പരുഷസ്വരത്തിൽ തോട്ടക്കാരൻ ചോദിച്ചു.

ഉക്ക — തന്റെ ഒടുക്കത്തെ ചോദ്യത്തിന്ന് ആദ്യം ഉത്തരം പറയാം. ഞാൻ ഈ പൂന്തോട്ടം കണ്ട് ആനന്ദിക്കുക

യാണ്. വക്കീൽ ഇതിനൊക്കെ വേണ്ടി എന്തു ചിലവിട്ടിട്ടുണ്ടെന്ന് അറിയണമെന്നുമുണ്ട്.

തോട്ടക്കാരൻ — എജമാനൻെറ അറിവോടുകൂടിത്തന്നെയാണൊ നിങ്ങളിവിടെ വന്നിട്ടുള്ളത്?

ഉക്ക — ഓഹോ! ശരിതന്നെ. വാസ്തവത്തിൽ അങ്ങിനെതന്നെയാണ്.

തോട്ട — നിങ്ങൾ എജമാനൻെറ കീഴ്ക്കനായ ഒരു സ്നേഹിതനായിരിക്കാം. നിങ്ങളുടെ മുഖം കണ്ടിട്ട് എനിക്കു പരിചയമില്ലല്ലോ. എജമാനൻ കോട്ടയിലില്ലാത്ത കാലത്തു പുറമെ ആരേയും തോട്ടത്തിൽ വരാൻ അനുവദിക്കാറില്ല.

ഉക്ക — എടാ കഴുതേ, നീ എങ്ങിനെ ഇവിടെ വന്നു?

തോട്ടക്കാരൻ പെട്ടന്നൊന്നു ഞെട്ടി. കയ്യോട്ടു താഴെ വീണു. എന്നിട്ടു പറഞ്ഞു:— 'ഞാനോ? ഞാൻ തോട്ടക്കാരനല്ലെ?'

ഉക്ക — ആശ്ചര്യംതന്നെ. ഞാൻ മുമ്പു നിൻെറ മുഖം കണ്ടിട്ടില്ലല്ലോ. തോട്ടം വെച്ചുപിടിപ്പിച്ചിട്ടുണ്ടെന്നു ഞാൻ അറിഞ്ഞിട്ടില്ല. ഒരു കുടുംബമുണ്ടെന്നുതന്നെ അറിഞ്ഞിരുന്നില്ല. ഞാൻ നിനക്കെന്താണു ശമ്പളം തരുന്നത്?

ഇതു കേട്ടപ്പോൾ തോട്ടക്കാരൻെറ പ്രകൃതം ഒന്നു മാറി. വിദ്വാനു കോപം വർദ്ധിച്ചുതുടങ്ങി. നായർ ഒരു ഭ്രാന്തനാണെന്നുതന്നെ അവൻ വിചാരിച്ചു. 'എന്താ നിങ്ങളീപ്പറഞ്ഞതിൻെറ സാരം' എന്നു ചോദിച്ചു.

ഉക്ക — ഒന്നുമില്ല; തനിക്കു തരുന്ന ശമ്പളം നിമിത്തം എന്തു നഷ്ടം വരുന്നുണ്ടെന്നു കണക്കാക്കുവാനാണ്.

തോട്ട — താനും ഞാനും — താനാരാണെന്നാണു വിചാരിക്കുന്നത്?

ഉക്ക — ഞാൻ മതിലകത്ത് ഉക്കണ്ടനുണ്ണിനായരെന്നുതന്നെയാണ്.

ഇതു കേട്ടപ്പോൾ തോട്ടക്കാരൻ 'ഹേ ശങ്കരൻനായരെ, കോമൻനായരെ, ഒരു രസം കേൾക്കണമെങ്കിൽ വരിൻ' എന്ന് ഉറക്കെ വിളിച്ചുതുടങ്ങി.

ഈ സംഭവങ്ങളെപ്പററി അധികം വിസ്തരിച്ചിട്ടു ഫലമില്ല. മിസ്റ്റർ നായക്കു ദേഹോപദ്രവം കൂടാതെ കഴിഞ്ഞതു ഭാഗ്യമെന്നേ വിചാരിക്കേണ്ടതുള്ളൂ. 'കുതിരവട്ട'ത്തേക്കു (കോഴിക്കോട്ടെ ഭ്രാന്താസ്പത്രി)യയക്കേണ്ട ഒരാളാണിതെന്നു പലരും പരിഹസിച്ചുപറയുന്നതു നായർ കേൾക്കുന്നുണ്ട്. ഒടുവിൽ നായർ പിൻഗാമികളോടുകൂടി കോട്ടവാതില്ക്കൽ എത്തി. അവിടെ വക്കീലിൻെറ കാര്യസ്ഥൻ നില്ക്കുന്നുണ്ടായിരുന്നു. അയാൾ ഈ ലഹളകളെല്ലാം കേട്ടു കാര്യം എന്താണെന്നു മനസ്സിലാക്കീട്ടുണ്ട്. 'നിങ്ങൾ അർഹതയില്ലാത്തദിക്കിൽ കടക്കുകയാണെന്നു മനസ്സിലായിട്ടുണ്ടോ' എന്നു കാര്യസ്ഥൻ ചോദിച്ചു.

ഉക്ക — ഇല്ല. അർഹതയുള്ള ദിക്കാണെന്നുതന്നെയാണു ഞാൻ മനസ്സിലാക്കീട്ടുള്ളത്.

കാര്യസ്ഥൻ — എന്നാൽ ആ മനസ്സിലാക്കിയതു തെററാണ്. തെണ്ടികളേയും എരപ്പാളികളേയും ഇവിടെ കടത്താൻ പാടില്ലെന്നാണു മൂപ്പരുടെ ക

ല്പന. അതുകൊണ്ടു നിങ്ങൾ ഇതാ ഈ എളുപ്പവഴിയിൽക്കൂടെ, കോട്ടയ്ക്കു പുറത്തു പോകയാണു നല്ലത്.

ഉക്ക—എന്റെ വഴിനോക്കി നടപ്പാൻ എനിക്കറിയാം.

കാൎയ്യ—അങ്ങിനെയാണെങ്കിൽ നിങ്ങളുടെ പേരും മേൽവിലാസവും പറഞ്ഞുതരിക. എനിക്കു നിങ്ങളെ പൊല്ലീസ്സിൽ ഏല്പിക്കാതെ നിവൃത്തിയില്ല. നിങ്ങൾ നില്ക്കുന്ന ദിക്കിൽനിന്നു ഇനിയും മുമ്പോട്ടു കടക്കുന്നതായാൽ ഈ നായ പിടിച്ചു കടിക്കും. ഞാൻ വിചാരിച്ചാൽ ഫലമുണ്ടാകയില്ല.

ഉക്ക—ഞാൻ കോട്ടയ്ക്കുള്ളിൽപോയി ചിലരെ കാണ്മാൻതന്നെയാണു ഭാവം. എന്റെ പേരും മേൽവിലാസവും പറഞ്ഞുതരുവാൻ സന്തോഷമാണ്. അതു കുറിച്ചെടുത്തുകൊള്ളു. എന്റെ പേര് ഉക്കണ്ടനുണ്ണിനായരെന്നും, മേൽവിലാസം നായർകോട്ട—മതിലകം എന്നുമാണ്.

കാൎയ്യസ്ഥൻ മിസ്റ്റർ നായരുടെ കേശാദിപാദം ഒന്നു നോക്കി, ഈ കളവുപറഞ്ഞതിന്നുതന്നെ ഇയ്യാളെ നായിനെക്കൊണ്ടു കടിപ്പിക്കേണ്ടതാണെന്നു പറഞ്ഞു.

ഉക്ക—ഞാനിപ്പോൾ വരുന്ന ദിക്കിലെ സമ്പ്രദായപ്രകാരം കുപ്പായക്കീശയിൽ എപ്പോഴും ഒരു റിവോൾവർ (കൈത്തോക്കു) ഉണ്ടായിരിക്കും. അതിപ്പോഴും എന്റെ പോക്കറ്റിലുണ്ട്. നിങ്ങളുടെ നായ എന്റെ അടുത്തുവരുന്നതായാൽ ആ നായയുടെ ആയുസ്സ് അവസാനിച്ചുവെന്നുവെച്ചാൽ മതി.

ഇങ്ങിനെ പറഞ്ഞു നായർ കൈത്തോക്കു പുറത്തേയ്ക്കെടുത്തുകാട്ടി. 'ഞാൻ കോട്ടയിലേയ്ക്കു പോകയാണു ചെയ്യുന്നത്. ഞാൻ അവിടെത്തന്നെ താമസിക്കാനാണു ഭാവം. നിങ്ങൾക്കു വേണമെന്നു തോന്നുമ്പോളൊക്കെ എന്നെ അവിടെ കാണാം. നാളെ എനിക്കു നിങ്ങളെ കാണേണ്ട ആവശ്യവുമുണ്ടാവാം. വേണ്ടിവന്നാൽ ആളെ അയയ്ക്കാം' എന്നും പറഞ്ഞ് ഉക്കണ്ടനുണ്ണിനായർ ഗൌരവത്തോടെ കോട്ടയിലേയ്ക്കു ചെന്നുകയറി.

എല്ലാററിന്നും അവസാനമുണ്ട്. കാലത്തിന്നു മാത്രമേ അവസാനമില്ലായ്മയുള്ളൂ. കാൎയ്യസ്ഥനുമായിട്ടുള്ള കൂടിക്കാഴ്ച നിമിത്തം മിസ്റ്റർ നായരുടെ ക്ഷമ ഏകദേശം അവസാനിച്ച ദിക്കായി.

ഉക്കണ്ടനുണ്ണിനായർ കോട്ടയുടെ ഉമ്മറത്തു പ്രവേശിച്ചതു സാമാന്യത്തിലധികം ദേഷ്യത്തോടുകൂടിയായിരുന്നു. സ്റ്റേഷനിൽവെച്ചു വണ്ടിക്കാർ അപമാനിക്കകയാൽ വണ്ടികൂടാതെ നടക്കേണ്ടിവന്നതും, കോട്ടയിലെത്തിയപ്പോൾ തോട്ടക്കാരനും കാൎയ്യസ്ഥനും മൎയ്യാദവിട്ടു പെരുമാറിയതും നായൎക്കു സഹിപ്പാൻ വയ്യാത്തതായ കോപത്തിന്നു കാരണമായി. ആ കോപമൊക്കെ കോട്ടയിലെ അടച്ചിട്ടിരുന്ന ഉമ്മറവാതിലിനോടാണു നായർ കാണിച്ചത്. വാതിലിന്മേൽ നായർ നാലഞ്ചുതവണ ഉറക്കെ മുട്ടിയ ശബ്ദം മുഴങ്ങിക്കൊണ്ടിരിക്കുമ്പോൾ ഒരു വാലിയക്കാരൻ വന്നു വാതിൽ തുറന്നു, 'എന്താ വേണ്ടതാവൊ' എന്നു വളരെ വിനയത്തോടെ ചോദിച്ചു. വിനയം കണ്ടപ്പോളുണ്ടായ ആശ്ചൎയ്യത്തോടെ 'ഗോ

പാലമേനോൻ ഇവിടെയുണ്ടൊ' എന്നാണ നായർ ചോദിച്ചത്.

വാലിയക്കാരൻ—എജമാനൻ ഇവിടെ ഇല്ല. പാലക്കാട്ടാണ്. ഇന്ന മടങ്ങി വരുമെന്നാണ വെച്ചിരുന്നത്. നാളെക്കൂടി അവിടെ താമസമുണ്ടെന്ന കമ്പിവന്നിട്ടുണ്ട്. എന്താ, ഇന്നിവിടെ കാണാമെന്ന വെച്ചിരുന്നുവൊ?

ഉക്ക—ഇല്ല; ഞാൻ വരുമെന്ന് അദ്ദേഹം ഊഹിപ്പാൻ സംഗതിയില്ല. മററാരാണിവിടെയുള്ളത്?

വാലി—ചെറിയമ്മ ഇവിടെ ഉണ്ട്.

ഉക്ക—ആട്ടെ, ആ അമ്മയെ ഒന്ന കാണാൻ തരമുണ്ടൊ?

വാലി—ഞാൻ ചോദിച്ചുവരാം. എന്താ പേര്?

ഉക്ക—ഉക്കണ്ടനുണ്ണിനായരെന്നാണ്.

ഈ ചോദിച്ച വാലിയക്കാരൻ വളരെ ചെറുപ്പത്തിലേ, മരിച്ച മൂപ്പിൽ നായരുടെ വാലിയക്കാരനായി വന്നകൂടിട്ടുള്ള ഒരുവനാണ്. ഉക്കണ്ടനുണ്ണിനായർ പേർ പറഞ്ഞുകൊടുത്തിട്ടും അയാളുടെ മുഖത്ത് ഒരു സ്തോഭവുമുണ്ടായില്ല. 'ഇങ്ങോട്ട കടന്നിരിക്കാം. ഞാൻ വേഗം വരാം' എന്ന പറഞ്ഞ് അകായിൽ ഒരു കസാല നീക്കിവെച്ച് വാലിയക്കാരൻ പോയി.

വിനയപൂർവ്വമായ സംഭാഷണം കോപത്തെ ശമിപ്പിക്കുമെന്ന പറയാറുണ്ട്. എന്നാൽ മിസ്റ്റർ നായരുടെ കോപം മുഴുവൻ ഇതുകൊണ്ട മാറീട്ടില്ല. എന്തെങ്കിലും, തൻെറ പുരാതനമായ തറവാട്ടിൽ ഇരിപ്പാൻ ഒരു കസേര കിട്ടിയപ്പോൾ ഇരിക്കാൻ മടിച്ചില്ല.

കോട്ടയിൽ ഒരിടത്തുനിന്ന പാട്ടും ഫിഡിൽവായനയും കേൾപ്പാനുണ്ടായിരുന്നു. അതിൽ ലയിച്ചിരിപ്പാൻ മിസ്റ്റർ നായൎക്ക അധികം സാധിച്ചില്ല. വാലിയക്കാരൻ മടങ്ങിവന്ന 'മുകളിലേയ്ക്കു പോകാം' എന്നും പറഞ്ഞു മുമ്പോട്ട നടന്നു. ഉക്കണ്ടനുണ്ണിനായർ അകത്തേയ്ക്കു കടന്നപ്പോൾ, ലജ്ജയോടും ഭയത്തോടും കൂടിയ സുന്ദരിയായ ഒരു സ്ത്രീയെയാണ കണ്ടത്.

കാമാക്ഷി—കൃഷ്ണൻ ആളെ തെററിദ്ധരിച്ചു എന്ന തോന്നുന്നു.

ഉക്ക—ഇല്ല. എനിക്ക പാലക്കാട്ടിറങ്ങിയപ്പോൾ 'വിസിററിങ്ങ് കാർഡൊ' ന്നും അടിപ്പാൻ സൌകൎയ്യപ്പെട്ടില്ല. ജാതകം എടുപ്പാനും മറന്നുപോയി.

കാമാ—ഞാൻ കുട്ടിയായിരുന്നപ്പോൾ നാടുനീങ്ങിയ മൂപ്പിൽ നായരുടെ മരുമകൻ തന്നെയായിരിക്കുമൊ?

ഉക്ക—അതു ഞാൻ ഇതുവരെ പറഞ്ഞില്ലല്ലൊ. ഇപ്പോൾ ഞാനതു സമ്മതിക്കുന്നു.

കാമാ—നിങ്ങൾ വന്നത്—

ഉക്ക—പൂൎവ്വികന്മാരുടെ സ്ഥാനത്ത് ഇരിക്കുവാൻതന്നെ.

കാമാ—ജ്യേഷ്ഠത്തിയും അച്ഛനും പാലക്കാട്ടേയ്ക്കു പോയിരിക്കയാണ്.

ഇങ്ങിനെ പറഞ്ഞു കാമാക്ഷി 'ലക്ഷ്മിഅമ്മേ, ലക്ഷ്മിഅമ്മേ, ഇങ്ങോട്ട വരു' എന്ന വിളിച്ചു. അപ്പോൾ വളരെ വൃദ്ധയായ ഒരു സ്ത്രീ അകത്തേയ്ക്കു കടന്നുവന്നു. ഈ തള്ള, ലജ്ജിച്ചുനില്ക്കുന്ന കാമാക്ഷിയുടേയും ഉക്കണ്ടനുണ്ണിനായരുടേയും മുഖത്തു സൂക്ഷിച്ചുനോക്കി പ

റഞ്ഞു:—'ഇതെന്തു പൂരമാണ്! ഇതു നമ്മുടെ കുഞ്ഞിക്കാവുനേത്യാരുടെ മകനല്ലെ? ഇപ്പോഴെങ്കിലും വരാൻ തോന്നിയല്ലൊ. എജമാനൻ നാടുനീങ്ങീട്ടു കുറെ കാലമായി. നേത്യാരു മരിച്ചിട്ട് അതിലും അധികം കാലമായി. എനിക്കു വയസ്സായില്ലെ, ഒക്ക മറവിയല്ലേ?'

ഉക്ക— ഞാൻ കുഞ്ഞിക്കാവുനേത്യാരുടെ മകനാണ്. ലക്ഷ്മിഅമ്മയെ ഞാൻ കണ്ടിട്ടുണ്ട്. അമ്മ പറഞ്ഞുകേട്ടിട്ടുമുണ്ട്. അമ്മയ്ക്കു നിങ്ങൾ ഒരു ബന്ധു മാത്രമേ നായർകോട്ടയിലുണ്ടായിരുന്നുള്ളുവെന്നും മനസ്സിലാക്കീട്ടുണ്ട്.

ലക്ഷ്മി— അതു ശരിയാണ്. വരാണ്ടിരിക്കില്ല എന്നു ഞാനെപ്പഴം പറയാറുണ്ട്. വരുമ്പോൾ വണ്ടിയുടെ ഒച്ചയൊന്നും കേട്ടില്ലല്ലൊ.

ഉക്ക— ഞാൻ സ്റ്റേഷനിൽനിന്നു നടക്കയാണു ചെയ്തത്.

ലക്ഷ്മി— ആവൂ! എന്നാൽ വല്ലാണ്ട് ക്ഷീണിച്ചിട്ടുണ്ടാവും. ഞാൻ വേഗം കുറെ ചായയുണ്ടാക്കാൻ പറയട്ടെ.

ഉക്ക— ചായ വേണ്ട, കാപ്പി മതി. കൊളമ്പിൽ ഞങ്ങൾക്കൊക്കെ കാപ്പികുടിയാണ് പ്രധാനം.

കാമാക്ഷി— കൊളമ്പിലോ! ഗോപാലൻനമ്പ്യാർ ഇതിനിടെ കൊളമ്പിൽ പോയല്ലെ മടങ്ങിവന്നത്?

ഉക്ക— അതു ശരിയാണ്. നമ്പ്യാർ ഒരു പുഴയിൽ വീണു മരിക്കേണ്ടതായിരുന്നു. ഞാനാണ് പിടിച്ചുകേററിയത്. *അമ്മാമൻ മരിച്ച വിവരം അയാളാണു പറഞ്ഞതും.

കാമാ— എന്താണിങ്ങിനെ നില്ക്കുന്നത്? ഒരു ദിക്കിൽ ഇരിക്കരുതേ? അച്ഛനില്ലാത്ത സമയവുമായി. അച്ഛന്നു കമ്പിയോ ആളേയോ അയയ്ക്കാം.

എന്നു പറഞ്ഞു കാമാക്ഷി കാപ്പി കൊണ്ടുവരുവാൻ പോയി. കുറച്ചു കഴിഞ്ഞപ്പോൾ കാമാക്ഷിയും ലക്ഷ്മിയമ്മയും കൂടി കാപ്പിയും പലഹാരവുമായി വന്നു. ഉക്കണ്ടനുണ്ണി നായർ കാപ്പി കുടിച്ചുതുടങ്ങി.

ഉക്ക— ഗോപാലമേനോന് എന്നെ കാണുന്നത് ഇഷ്ടമായിരിക്കുമോ? ഞാനാണവകാശി എന്നു തെളിയിക്കേണ്ടിവരുമോ?

കാമാ— അങ്ങിനെയൊക്കെ വേണോ? ജ്യേഷ്ഠത്തിയും ഞാനും വളരെ കാലമായി ഇവിടെയാണ് താമസം.

ലക്ഷ്മി— ഇഷ്ടമുണ്ടെങ്കിലും ശരി, ഇല്ലെങ്കിലും ശരി, കാണാതേയും കാര്യംപറയാതേയും കഴിയുമോ? അതിരിക്കട്ടെ. നിങ്ങളുടെ പെട്ടിയും സാമാനവുമൊക്കെ എവിടെ?

ഉക്ക— സ്റ്റേഷനിൽ ഉണ്ട്. അതിന്റെ രശീതിയാണിത്.

ഉടനെ സ്റ്റേഷനിൽ നിന്നു സാമാനം കൊണ്ടുവരുവാൻ രശീതിയും കൊണ്ട് ആളെ അയച്ചു.

ഉക്ക— അല്ലാ, എന്റെ സാമാനം ഇവിടെ കൊണ്ടുവന്നിട്ടോ? ഞാനെവിടെയാണ് താമസിക്കേണ്ടത്?

കാമാ— എന്താ സംശയം? മററു വല്ലതും ആലോചിച്ചിട്ടുണ്ടോ?

ഉക്ക— അതൊന്നുമില്ല. ഞാൻ ഇവിടെ ഒന്നുരണ്ടു മണിക്കൂറായി എത്തീട്ട്. എന്റെ അനുഭവം നോക്കിയാൽ—

കാമാ — പലതും സംശയിക്കാനുണ്ടാവും. എല്ലാസ്സോഴും ഭൂതവും വത്തമാനവും ഭാവിയോടു യോജിക്കില്ല.

ഉക്ക — അതിരിക്കട്ടെ. ലക്ഷ്മിഅമ്മേ! അമ്മയും അമ്മാമനും തമ്മിൽ ഇത്ര വളരെ മത്സരമാവാനെന്താ കാരണം?

ലക്ഷ്മി — അതു വലിയ കഥയാണ്. എല്ലാം അച്ഛൻ നമ്പൂരി കാരണം ഉണ്ടായതാണ്. ആ സായ്‌നേത്യാരു വളരെ ബുദ്ധിമുട്ടി. നമ്പൂരി മരിച്ചപ്പോൾ രാമേശ്വരത്തു പോകയാണു ചെയ്തത്. ഈശ്വരോരക്ഷ. അതിരിക്കട്ടെ; സ്റ്റേഷനിൽനിന്നു സാമാനം വരുമ്പോഴയ്ക്കു വേഗം ക്ഷൌരം ചെയ്തു തേച്ചുകുളിച്ചു മലയാളിയാവാൻ ശ്രമിക്കുക.

കാപ്പി കുടിച്ചു കഴിഞ്ഞപ്പോഴക്കു തന്നെ നായരുടെ കോപത്തിന്ന് അല്പം ശാന്തി വന്നു. അപ്പോളാണ്, കാമാക്ഷി സാമാന്യം സൌന്ദര്യമുള്ള ഒരു യുവതിയാണെന്നുള്ള ധാരണ നായരുടെ മനസ്സിൽ ഉദിച്ചത്. കാമാക്ഷിയെപ്പററിയ ചില പുതിയ വിചാരങ്ങളിൽ മഗ്നനായിരിക്കുമ്പോഴാണ് കുളിക്കാറായി എന്നു കൃഷ്ണൻ വന്നു പറഞ്ഞത്.

* * * * *

മൂന്നാംദിവസം രാവിലെ, ഉക്കണ്ടനുണ്ണിനായർ ഉണൎന്നെഴുനേററപ്പോൾ രണ്ടു സംഗതികളായിരുന്നു അദ്ദേഹത്തിന്റെ മനസ്സിൽ പ്രധാനമായിരുന്നത്. ഒന്നാമത്, അനിരുദ്ധപുരത്തിലുള്ള തന്റെ മരവിലാസം എസ്റ്റേററിനെ എന്തു കാട്ടണമെന്നും, രണ്ടാമത് അഞ്ചെട്ടു കൊല്ലമായി തന്റെ നായർകോട്ടയിൽ സസുഖം താമസിക്കുന്ന ഗോപാലമേനോനെ മുഖത്തോടുമുഖം കാണുമ്പോൾ ഉള്ള വികാരം എന്തായിരിക്കുമെന്നും ആയിരുന്നു. കാമാക്ഷി അയച്ച കമ്പിക്കു 'ചൊവ്വാഴ്ച വൈകുന്നേരം മൂന്നാമണിവണ്ടിക്കു മടങ്ങുന്നു' എന്നൊരു മറുവടിക്കമ്പി മാത്രമാണു കിട്ടിയത്. ഉക്കണ്ടനുണ്ണിനായരെപ്പററി ഒരു വാക്കുപോലും അതിൽ പറഞ്ഞിട്ടില്ല. ഗോപാലമേനോനോടു മുൻകൂട്ടി കാൎയ്യം പറഞ്ഞു മനസ്സിലാക്കാൻ ലക്ഷ്മിഅമ്മ തന്നെ സ്റ്റേഷനിലേക്കു പുറപ്പെട്ടിട്ടുണ്ടായിരുന്നുവെങ്കിലും കാമാക്ഷി അതുകൂടാതെ കഴിച്ചു. ഉക്കണ്ടനുണ്ണിനായർ ഇപ്പോൾ തനിച്ച പരിഷ്കാരിയായ ഒരു മലയാളി തന്നെയായിരുന്നു. ക്രാപ്പുചെയ്ത തലയും, മേൽമീശയില്ലാത്ത മുഖവും, വെള്ളത്ത മുണ്ടും, ഷൎട്ടും, തോൎത്തുമുണ്ടും ഒക്കെ യോജിച്ചതോടുകൂടി നായരുടെ മുമ്പത്തെ ഭാഷയെല്ലാം മാറി.

കാമാക്ഷിയും ഉക്കണ്ടനുണ്ണിനായരുംകൂടി മോട്ടോർകാറിൽ മൂന്നാമണിക്കു സ്റ്റേഷനിൽ എത്തി. സ്റ്റേഷനിൽ ഉണ്ടായിരുന്ന മുമ്പത്തെ വണ്ടിക്കാൎക്ക് ഈ വരവ് ഒരു അത്ഭുതമുണ്ടാക്കിത്തീൎത്തു എന്നു പറയേണ്ടതില്ലല്ലോ. ഒന്നാംക്ലാസ്സു വണ്ടിയിൽനിന്നു ഗോപാലമേനോനും കല്യാണിയും പുറത്തേക്കിറങ്ങി. കല്യാണി 'വെയററിങ്ങ് റൂ'മിലേക്കു വന്നപ്പോൾ അവിടെ മിസ്റ്റർ നായരും കാമാക്ഷിയും ഉണ്ടായിരുന്നു. 'കല്യാണിഅമ്മയെ ഇപ്പോൾ കാണുന്നതേ ഉള്ളുവെങ്കിലും കാമാക്ഷിമുഖേന എനിക്കു നല്ല പരിചയമായിക്കഴിഞ്ഞിട്ടുണ്ട്.' എന്നു നായർ പറഞ്ഞു.

കല്യാണി — വന്നവിവരം ഞാൻ അറി

ഞ്ഞു. പക്ഷെ, ഞങ്ങളെയൊക്കെ ആട്ടിപ്പുറത്താക്കുവാൻ വന്ന ഒരു ഭയങ്കരമൂർത്തിയാണെന്നുള്ള ഭയം കണ്ടപ്പോഴേ മാറിയുള്ളു.

ഉക്ക — അതാണു കേമമായത്. എന്താണാവോ അങ്ങിനെ തോന്നുവാൻ കാരണം?

കല്യാ — ഒന്നുമില്ല. അച്ഛന്റെ ചാപല്യം. ഏതെങ്കിലും അച്ഛന്നു മനസ്സിന്നു ഇപ്പോഴെ നല്ല സമാധാനമായുള്ളു.

അതിലിടയ്ക്കു ഗോപാലമേനോനും അകത്തേക്കു കടന്നു. ഗോപാലമേനോൻ ഒരു പഴയ വക്കീലാണ്. യാതൊരു സംശയവുംകൂടാതെ മിസ്റ്റർ നായരുടെ അടുക്കെ വന്നു മുഖത്തു നോക്കി.

ഗോപാലമേനോൻ — നേത്യാരെ ഞാൻ കണ്ടറിയും. നിങ്ങൾ വേറെ തെളിവൊന്നും ഇനി ഹാജരാക്കേണ്ടതില്ല. റിക്കാട്ടുകളെല്ലാം ക്രമപ്പെടുത്തി വെച്ചിട്ടുണ്ട്. ഞങ്ങൾ എപ്പോളാണ് സ്ഥലം ഒഴിഞ്ഞുതരേണ്ടത്?

ഉക്ക — പാലക്കാട്ടുനിന്നു വല്ലാത്ത വെയിലത്താണ് പുറപ്പെട്ടതെന്നു തോന്നുന്നു. വിയർത്തു ക്ഷീണിച്ചപോലെ തോന്നുന്നു. കുറച്ചു വിശ്രമിക്കുകയാണു നല്ലത്.

ഗോ_മേ — നിങ്ങൾ ഏതു കാട്ടിലാണ് ഇതുവരെ ഒളിച്ചിരുന്നത്? ഇന്ത്യയിലും ബർമ്മയിലും ലങ്കയിലും ഞാനന്വേഷിക്കാത്ത സ്ഥലമുണ്ടോ എന്നു സംശയമാണ്. കൊളമ്പിൽനിന്നാണെന്നു തോന്നുന്നു, സംശയിക്കത്തക്ക ഒരു തെളിവു നിങ്ങളെപ്പററി കിട്ടിയത്. നിങ്ങൾ, അമ്മാമൻ മരിച്ച വിവരം എങ്ങിനെ അറിഞ്ഞു?

ഉക്ക — ഈ ദിക്കുകാരനായ ഗോപാലൻ നമ്പ്യാരാണു പറഞ്ഞത്.

ഗോ_മേ — നമ്മുടെ പാലപ്പിള്ളി ഗോപാലൻനമ്പ്യാരോ? അയാളെ കൊളമ്പിൽനിന്നു വന്നതിന്നു ശേഷം പലതവണയും ഞാൻ കാണുകയുണ്ടായി. ഒരക്ഷരവും എന്നോടു പറഞ്ഞില്ലല്ലൊ! അയാളെ ഇതാ ഇപ്പോൾത്തന്നെ പ്ലാററുഫാറത്തിൽ കണ്ടുവെന്നു തോന്നുന്നുവല്ലൊ. അല്ലെ കല്യാണി!

കല്യാണി — ഇപ്പോൾത്തന്നെ ഇവിടെയുണ്ടായിരുന്നു. എങ്ങോട്ടാ ഒളിച്ചുകളഞ്ഞതാവോ?

ഗോ_മേ — അതിരിക്കട്ടെ. നിങ്ങൾ കാര്യം പറയൂ. ഞങ്ങൾ എപ്പോളാണു സ്ഥലം ഒഴിഞ്ഞുതരേണ്ടത്?

ഉക്ക — അതു നമുക്കാലോചിക്കാമല്ലൊ. എനിക്കു സ്വകാര്യമായി ഒന്നു പറയാനുണ്ട്. (എന്നു പറഞ്ഞ് വേറെ ഒരിടത്തേക്കു മാറീട്ട്.) ഞാൻ ഇവിടെ ബന്ധുക്കളും പരിചയക്കാരും ഇല്ലാത്ത ഒരാളാണെന്നറിയാമല്ലൊ. പുത്രനിർവ്വിശേഷമായ സ്നേഹത്തോടെ എനിക്കുവേണ്ടി എന്റെ സ്വത്തുക്കൾ നിങ്ങൾ ഭരിച്ചിട്ടുണ്ട്. എന്നെ ഒരു യഥാർത്ഥപുത്രനായി സ്വീകരിക്കുകകൂടി ചെയ്താൽ ഞാൻ അനുഗൃഹീതനായി. നിങ്ങൾക്ക് അതിന്നു ദയതോന്നുന്നപക്ഷവും കാമാക്ഷിക്കു തീരെ വിമുഖതയില്ലെന്നു വരുന്നപക്ഷവും സ്വത്തുക്കൾ ഞാൻ ഏററുവാങ്ങാം. അല്ലെങ്കിൽ ഞാൻ എന്റെ സ്ഥലത്തേക്കു

തന്നെ പോകുന്നു. നിങ്ങൾ തന്നെ എനിക്കുവേണ്ടി സ്ഥലവും സ്വത്തുക്കളും സംരക്ഷിച്ചാൽ മതി.

'ആട്ടെ, നമുക്കു വണ്ടിയിൽ കേറുക. ഇനിയും സംസാരിപ്പാൻ സമയമുണ്ടല്ലോ'. എന്നു പറഞ്ഞ് എല്ലാവരും കൂടി സ്റ്റേഷനിൽനിന്നു പുറത്തേക്കിറങ്ങി. അവിടെ ഒരു ദിക്കിൽ നമ്മുടെ ഗോപാലൻനമ്പ്യാർ നില്ക്കുന്നുണ്ടായിരുന്നു.

ഉക്ക — എന്താ മിസ്റ്റർ നമ്പ്യാർ, നിങ്ങളൊരു കള്ളന്റെ മട്ടിൽ കളിക്കുന്നത്? ഞാൻ അന്ന് ആ പുഴവക്കത്തുണ്ടായതു നിങ്ങളുടെ ഭാഗ്യമല്ലേ?

ഗോ_ന — അതു ഞാനും സമ്മതിക്കുന്നു. എന്റെ വലിയ ഭാഗ്യം അതൊന്നുമല്ല. നിങ്ങൾ ഇവിടെ വന്നപ്പോൾ കല്യാണിക്കുട്ടി കോട്ടയിൽ ഇല്ലാതിരുന്നതാണ് എന്റെ വലിയ ഭാഗ്യം. അങ്ങിനെയായിരുന്നുവെങ്കിൽ—

ഉക്ക — ദിവ്യചക്ഷുസ്സുള്ള നിങ്ങൾക്കെന്താ പറഞ്ഞുകൂടാത്തത്? അനാവശ്യം പറഞ്ഞു സമയം കളയാതെ നിങ്ങൾ ആ 'മരവിലാസ'ത്തിൽ പോയി ആ എസ്റ്റേറ്റു വിറ്റ് പണവും കൊണ്ടുവരുവിൻ! കല്യാണിയമ്മക്കു ദേശസഞ്ചാരത്തിന്ന് ഒരവസരം കിട്ടട്ടെ.

എം. ആർ. കെ. സി.

# ഞങ്ങളുടെ വായനശാല

## മംഗളമഞ്ജരി

[ശ്രീമൂലം തിരുനാൾ പൊന്നുതമ്പുരാൻ തിരുമനസ്സിലെ ഷഷ്ട്യബ്ദപൂർത്തിയെപ്പറ്റി ഉള്ളൂർ എസ്. പരമേശ്വരയ്യരവർകൾ (എം. എ., ബി. എൽ.) ഉണ്ടാക്കിയ ഒരു ലഘുകാവ്യം.]

സ്രഗ്ദ്ധരാവൃത്തത്തിലുള്ള - ഒരുനൂറൊന്നു പദ്യങ്ങളടങ്ങിയ ഈ ചെറുകൃതി, സുകൃതിയായ പരമേശ്വരയ്യരവർകളുടെ ഉത്തമകൃതികളിൽ ഒന്നാണ്. പൊന്നുതമ്പുരാൻ തിരുമനസ്സിലെ തിരുവവതാരം മുതൽ നാളതുവരെയുള്ള ജീവചരിത്രത്തേയും, അവിടുത്തെ വാഴ്ചക്കാലത്തു വരുത്തീട്ടുള്ള ഭരണപരിഷ്കാരങ്ങളേയും രസാനുഗുണമായവിധത്തിൽ വര്‍ണ്ണിച്ചിട്ടുള്ള ഈ കൃതിയിലെ ഓരോ പദ്യങ്ങളിൽനിന്നും, രാജവിഷയകമായിട്ടുള്ള രതിഭാവം അല്ലെങ്കിൽ ഭക്തി ഏററവും കാട്ടണംഗമമായി വ്യഞ്ജിക്കുന്നുണ്ട്. അതുകൊണ്ടല്ലാ ഈ കാവ്യത്തിന്റെ ജീവൻ. സസുഖം ങ്ങളെക്കൊണ്ടുള്ള പെരുമാററലങ്കാരങ്ങളുടെ വിനിവേശനത്തിലും, ഓജഃപ്രസാദാദികളായ ഗുണങ്ങളിലും, വൃത്തിയിലും, എന്നുവേണ്ടാ സകലവിഷയങ്ങളിലും അനൌചിത്യം വരാതെ കഴിപ്പാൻ കവി പ്രത്യേകം ശ്രദ്ധിച്ചിട്ടുണ്ട്. അതിനാൽ ഒരിടത്തും രസഭംഗം വരാതെ കഴിഞ്ഞിട്ടുമുണ്ട്. 'അനൌചിത്യാദൃതേ നാന്യദ്രസഭംഗസ്യകാരണം' എന്നാണല്ലോ ആലങ്കാരികനിയമം. ശ്രീഹർഷകൃതമായ നൈഷധീയചരിതത്തിന്റെ ഒടുവിൽ പ്രഭാതവർണ്ണനപരമായി വൈതാളികന്മാർ നളമഹാരാജാവിനെ സ്തുതിക്കുന്നതായ 'ജയജയമഹാരാജ! പ്രാഭാതികീം സുഷമാമിമാംസഫലയതമാം' എന്നാരംഭിക്കുന്ന പ്രസന്നപ്രൌഢസരസമായ സർഗ്ഗത്തോടൊണ്, പണ്ഡിതസമ്മതമായ ഈ ഖണ്ഡകാവ്യത്തെ ഞങ്ങൾക്കുപമിക്കുവാൻ തോന്നുന്നത്. രാജഭക്തിജനകമായ ഈ കൃതി, മലയാളത്തിലുള്ള ഉൽകൃഷ്ടവിദ്യാഭ്യാസത്തിന്നു പാഠപുസ്തകമാക്കുവാൻ ധാരാളം അർഹതയുള്ള ഒന്നാണെന്നാണ് ഞങ്ങളുടെ അഭിപ്രായം.

# മംഗളോദയം

൧൦൮൩

| പുസ്തകം ൧ | ധനു | ലക്കം ൬ |
|---|---|---|


## മംഗളം.

"സൌന്ദൎയ്യവിഭ്രമഭുവോ ഭുവനാധിപത്യ-
സമ്പത്തികല്പതരവസ്സ്വിപുരോ! ജയന്തി
ഏതേ കവിത്വകുമുദപ്രകരാവബോധ-
പൂൎണ്ണേന്ദവസ്തവ ജഗജ്ജനനി! പ്രണാമാഃ."

# കാളിദാസരും ഭവഭൂതിയും.

## ഒരു താരതമ്യനിരൂപണം.



ആദികവിയായ വാല്മീകിമഹൎഷിയുടേയും പുരാണേതിഹാസകൎത്താവായ വ്യാസമുനിയുടേയും രണ്ടു തരം സാഹിത്യപ്രസ്ഥാനങ്ങളെ പിന്തുടൎന്നു കവിതാനിൎമ്മാണം ചെയ്ത രണ്ടു മഹാകവികൾ, കാളിദാസരും ഭവഭൂതിയുമാകുന്നു. സുധാസ്യന്ദികളായ സൂക്തിജാലങ്ങൾക്കു തത്വോപദേശംകൊണ്ടു പരിമളമുണ്ടാക്കിത്തീൎത്ത വാല്മീകിമുനിയുടെ സാഹിത്യപഥത്തിൽ കാളിദാസർ സഞ്ചരിച്ചപ്പോൾ, ഗഹനമായ ആത്മീയതത്വങ്ങളെയും വിവിധമായ പ്രകൃതിപരിവൎത്തനങ്ങളേയും തമ്മിൽ എണക്കി വിളക്കി ഭാരതീയരുടെ മാഹാത്മ്യസ്തംഭങ്ങൾ നാട്ടിയ വ്യാസമഹൎഷിയുടെ കാവ്യാദ്ധ്വാവിൽ ഭവഭൂതിയും പൎയ്യടനം ചെയ്യാതിരുന്നില്ല. കാളിദാസർ മധുരമായ പ്രകൃതിവിലാസങ്ങളെ ശബ്ദാൎത്ഥങ്ങളിൽ ആവാഹിച്ചു കവിതയെ രസാത്മകമാക്കി, അമൂല്യവും മനോഹരവുമായ ചില രത്നങ്ങളെ സാ

ഹിതൃഭണ്ഡാരത്തിൽ നിക്ഷേപിച്ചു. ഭവഭൂതിയാകട്ടെ, വിഷമമായ പ്രകൃതിയുടെ ആഭ്യന്തരവികാരങ്ങളെ വർണ്ണിച്ചു കല്ലിനെക്കൂടി കരയിച്ച്, ഉജ്ജ്വലങ്ങളായ ചില കെടാവിളക്കുകൾ വെച്ചു സാഹിത്യമണിമന്ദിരത്തെ പ്രശോഭിപ്പിച്ചു. ഈ രണ്ടു മഹാകവികളെപ്പോലെ, പേരും പെരുമയും നേടിയവരൊ, നിലയും വിലയും തികഞ്ഞവരൊ ആയി പൌരസ്ത്യകവികളിൽ മററാരും ഉണ്ടായിട്ടില്ല. ഇവരിൽത്തന്നെ ആരാണ് മേലെ എന്ന കാര്യം ഇപ്പോഴും സംശയഗ്രസ്തമായിട്ടേ ഇരിക്കുന്നുള്ളു. ഓരോന്നുകൊണ്ടോരോരുത്തർ മേലെയാണെന്നല്ലാതെ സാർവ്വത്രികമായ ഉത്കർഷം ഒരാൾക്കു മററൊരാളേക്കാൾ ഉണ്ടെന്നു പറയുവാൻ നിവൃത്തിയില്ല. എന്നാൽ, രണ്ടുപേരുടേയും കവിതകൾക്കു സാരമായ ചില വൈലക്ഷണ്യങ്ങളും സാദൃശ്യങ്ങളുമുണ്ടെന്നു നാം പ്രത്യേകം മനസ്സിലാക്കേണ്ടിയിരിക്കുന്നു. രണ്ടുപേരുടെയും പോക്കു രണ്ടുവിധത്തിലാണെന്നത്രെ അവരുടെ കവിതകൾ വായിച്ചുനോക്കിയതിൽ എനിക്കു തോന്നിയിട്ടുള്ളത്. ഈ തോന്നലിന്റെ അടിസ്ഥാനങ്ങളായ സംഗതികളെ ഉപന്യസിച്ച് ഇരുവരുടേയും കവിതക്കുള്ള താരതമ്യം കണ്ടുപിടിക്കുവാൻ ശ്രമിച്ചുകൊള്ളട്ടെ.

കാഴ്ചപ്പുറം ചെത്തിത്തേച്ചു വെടിപ്പാക്കി വെള്ളവീശി മേ ടിപിടിപ്പിച്ചു കമനീയമാക്കിയും അക ഒന്നും ചെയ്യാതെ മോശമാക്കിയും ള്ള ഒരുതരം കെട്ടിടത്തോടു പ്രകൃ പമിക്കാമെങ്കിൽ, അതിന്റെ ഒരു അത്യന്തരമണീയവും മറേറ ഭാഗം ഏകാന്തദയനീയവുമാണെന്നുതന്നെ പറയാം. ഒരുപുറത്തു ചന്ദ്രൻ, ചന്ദനം, മന്ദമാരുതൻ, സുന്ദരി, സുഗന്ധപുഷ്പം തുടങ്ങി പ്രലോഭനങ്ങളായ വസ്തുക്കളുടെ മനോഹരമായ കാഴ്ചകൾക്കുള്ളിൽ ആശ, അനുരാഗം, ആനന്ദം നിർവൃതി, സ്നേഹം മുതലായ മധുരദ്രവ്യങ്ങൾ നിരത്തിവെച്ചു കാണികളെ ആകർഷിക്കുന്ന അതേപ്രകൃതിയുടെതന്നെ മറേറപ്പുറത്തുള്ള നിരാശത, ശോകം, നിർവ്വേദം, മൃതി മുതലായ കഷ്ടഭാഗങ്ങൾ വിരഹം, അനിഷ്ടപ്രാപ്തി, ഇഷ്ടാലാഭം മുതലായവയോടിടകലൎന്നു ഉലോം ഉദ്വേഗത്തെ പ്രദാനംചെയ്യുന്നവയാണ്. ഇവയിൽ കാളിദാസരുടെ ദൃഷ്ടി പ്രധാനമായി പതിഞ്ഞിട്ടുള്ളതു പ്രകൃതിയുടെ കാഴ്ചപ്പുറത്താകുന്നു. അവിടെക്കാണുന്ന മനോഹരമായ കാഴ്ചകളെ അദ്ദേഹം അതേനിലയിൽത്തന്നെ കവിതയിൽ പ്രതിഫലിപ്പിച്ചിട്ടുമുണ്ട്. എന്നാൽ അദ്ദേഹം പ്രകൃതിയുടെ അകത്തേക്കു കടന്നുനോക്കീട്ടില്ലാത്ത ഒരാളാണെന്നു പറയുവാൻ തീരെ ന്യായവുമില്ല. വിപ്രലംഭശൃംഗാരവർണ്ണനത്തിൽ ഓരോരോ ആഭ്യന്തരവികാരങ്ങളെ തന്മയപ്പെടുത്തി ചിത്രീകരിച്ചിരിക്കുന്ന കാളിദാസരുടെ തൂലികക്കു വിഷയമാകാത്തതായി യാതൊന്നുമില്ല. ദിവ്യവും വിശു യ അനുരാഗം, അകൃത്രിമവും വും ആയ വാത്സല്യം എന്ന ർണ്ണിച്ചു വിജയം നേടിയവരിൽ സമഹാകവി അഗ്രേസരനാണ്.

ഭവഭൂതി, സ്തോഭജനകമായ- യുടെ അകത്തുള്ള വസ്തുക്കളെ കഷ്ട

വിധത്തിൽ കാണിച്ചുകൊടുക്കുന്നു. ജീവിതായോധനത്തിൽ അപ്പപ്പോൾ നേരിടുന്ന വിഷമഘട്ടങ്ങളോടു മല്ലിട്ടു ഒടുവിൽ കിട്ടുന്ന പ്രകൃഷ്ടകഷ്ടമായ ഫലങ്ങളെ കാണിച്ചുതന്നു്, മോടിയുടെ ഉള്ളിൽ ഒളിച്ചു കിടക്കുന്ന പ്രകൃതിരഹസ്യങ്ങളെ മനസ്സിലാക്കിത്തരികയാണ് അദ്ദേഹം ചെയ്യുന്നതു്. ഭവഭൂതി തന്റെ വായനക്കാരെ പുറംപൂച്ചുകൊണ്ടു മോടിപിടിച്ച ഭാഗത്തുനിന്നു കൊണ്ടുപോന്നു വിചിത്രവും വിഷമവും കരുണവും ദാരുണവുമായ പ്രകൃതിപരിവർത്തനങ്ങളെ കാട്ടിക്കൊടുത്തു ലോകയന്ത്രത്തിരിച്ചിലിന്റെ മാററങ്ങളെ വെളിപ്പെടുത്തുന്നു. മാലതീമാധവത്തിൽ ശൃംഗാരത്തേയും, മഹാവീരചരിതത്തിൽ വീരത്തേയും വർണ്ണിച്ചിട്ടുണ്ടെങ്കിലും അവിടെയും പ്രകൃതിയുടെ വിഷമവിപരിണാമങ്ങളെ നിരീക്ഷിക്കുന്നതിലുള്ള വാസനയെ പ്രദർശിപ്പിക്കാതിരുന്നിട്ടില്ല. കാളിദാസൻ മനോമോഹനങ്ങളായ പ്രത്യക്ഷവസ്തുക്കളെക്കൊണ്ടും, സ്പൃഹണീയമായ ലളിതഭാവങ്ങളെക്കൊണ്ടും ... പെരുമാറുന്നതാണ് അധികം പ്രിയമായിട്ടുള്ളതു്. ഭാവ... ...ക്കൊ ...രമറിച്ചാണ് ... ...ണ്ടു സ്സഹം, ഉ...ം ഇ...ങ്ങ മൂ...രിക്കാം:—

...വങ്ങൾക്കുൻമകൾ പോകലൂന്നതിലാദ്യപരമേവ
...ത്യാശർകലികയാൽമന–
...റിഭാംഗളനിരുദ്ധബാഷ്പകലുഷംവി–
ഷാദജഡമീക്ഷണം;
...ാകമീദൃശമരണ്യവാസിമുനിയാമെ–
നിസ്സുമഭിമാനജം
...ാകഗംഗൃഹികളാത്മജാവിരഹപീഡ–
യെപ്പരിഹരിച്ചിടും?

(ശാ– 4 അ. 6 ശ്ലോ)

ട്ടിട്ടുണ്ടെന്നു പറഞ്ഞറിയിപ്പാൻ പ്രയാസമാണു്. സാധാരണ കവികളുടെ വർണ്ണനാക്കളുള്ള കരുക്കളായ ആമ്പലുമമ്പിളിയും, ചെന്താരും വസന്തവും, ഇളന്തെന്നലും, വണ്ടാർപൂവേണിയും ഒന്നും ഭവഭൂതിയുടെ കയ്യിലുള്ള സാധനങ്ങളല്ല. അലങ്കാരശാസ്ത്രത്തിൽ കാണിച്ചിട്ടുള്ളതിനപ്പുറമെ, കുറെ സ്വന്തം വകയായും ഉള്ള അലങ്കാരങ്ങളെയും, പ്രതിശ്ലോകം പ്രതിപാദം, പ്രതിവാക്യം, പ്രതിപദം, പ്രത്യക്ഷരംപോലും കുത്തിനിറച്ചു കയറി അസംഭാവ്യമായവിധം വർണ്ണിക്കുന്ന സമ്പ്രദായം ഭവഭൂതിക്കു പരിചിതമല്ല. അത്യന്തവിസദൃശങ്ങളായ വസ്തുക്കൾക്കു് അക്ഷരാനുഗൃഹീതമായ കൃത്രിമസാമ്യം സമ്പാദിച്ചു് ഉപമയും, ശ്ലേഷവും, വിരോധാഭാസവും, അതിശയോക്തിയും ഉണ്ടാക്കി ശബ്ദങ്ങളെക്കൊണ്ടു പന്തുതട്ടിക്കളിക്കുന്ന ജാലവിദ്യ ഭവഭൂതിക്കറിവില്ല. ആഹാര്യഭംഗിക്കു കൊതിച്ചു പ്രാസങ്ങളുടെ പിന്നാലെ നടന്നു കുഴങ്ങുന്ന ചിലരുടെ മിത്ഥ്യാഭ്രാന്തി ഭവഭൂതിക്കു ലവലേശമില്ല. ഇത്തരത്തിലൊക്കെ ആയാസിന്നതിനു പകരം പ്രകൃതിതത്വങ്ങളെ മനോധർമ്മമെന്ന വാർണ്ണീഷിട്ടു മിനുക്കി വർണ്ണിക്കവാനാണ് അദ്ദേഹം അധികം ഉദ്യമിച്ചിട്ടുള്ളതു്. അതു ഉദ്ദേശിച്ചതിലധികം ഫലിച്ചിട്ടുണ്ടെന്നു സഹൃദയന്മാരോടു വിശിഷ്യ പറഞ്ഞറിയിക്കേണ്ടതില്ല.

കാളിദാസർ ആവശ്യത്തിനു മാത്രം എല്ലാററിലും കൈവെച്ചു നോക്കീട്ടുള്ള അഗാധാശയനായ ഒരു കവിയാണ്. മിതത്വം അല്ലെങ്കിൽ സംക്ഷേപം എന്നതിൽ അദ്ദേഹം അത്യന്തം ശ്രദ്ധവെച്ചി

ട്ടുണ്ടെന്നു തൽകൃതികൾ ഏതു നോക്കിയാലും വിശദമാകുന്നതാണ്. വേണ്ടതു മാത്രം വിടാതെ പറഞ്ഞു കാര്യം മനസ്സിലാക്കുവാൻ കാളിദാസനെപ്പോലെ മറെറാരു കവിയുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിൻെറ സൂക്തികളിലെ ഓരോ അക്ഷരവും അനല്പമായ ഉദ്ദേശങ്ങളോടുകൂടി ചേർക്കപ്പെട്ടതാണെന്നു സൂക്ഷ്മമായി പരിശോധിക്കുന്നവർക്കൊക്കെ വെളിപ്പെടും. പരിപാവനമായ രണ്ടു മനോവൃത്തികളുടെ ഏകീഭാവമാകുന്ന ദിവ്യാനുരാഗത്തിൻെറ വിവിധമായ പരിവർത്തനങ്ങളേയും വിവിധമായ രീതിയിൽ വർണ്ണിച്ച ശ്രേഷ്ഠമായ ദാമ്പത്യജീവിതത്തെ സുഖസംതൃപ്തികളാൽ സുരഭിലമായിക്കാണിച്ചു കാളിദാസക്കു കവികർമ്മത്തിലുള്ള കരുത്തും വാസനയും അസാമാന്യങ്ങളാകുന്നു.

ഭവഭൂതി കാളിദാസരുടെ വഴിയിൽകൂടെ പോയി കാളിദാസർ കണ്ട ഭാഗങ്ങളെ നിരീക്ഷിക്കയും പരീക്ഷിക്കയും ചിത്രീകരിക്കയും ചെയ്തിട്ടുണ്ട്. കാളിദാസരോടു കിടപിടിക്കണം എന്ന ഉദ്ദേശത്തെ മുൻനിർത്തിയുംകൊണ്ടു ഭവഭൂതി പലതരത്തിലും പരിശ്രമിച്ചുനോക്കീട്ടുണ്ട്. താൻ വിശ്വത്തിൽ വിളികൊണ്ട ഒരു മഹാകവിയാകണം എന്ന പ്രബലമായ ഉദ്ദേശത്തോടുകൂടി കവിതചെയ്ത ഭവഭൂതിക്കു തൻെറ കാലത്തു താൻ ഉദ്ദേശിച്ചേടത്തോളം ഉള്ള മാന്യതയും യശസ്സും ബഹുമതിയും ലഭിച്ചിട്ടില്ലായിരുന്നുവെന്ന് അദ്ദേഹത്തിൻെറ കൃതികളിൽനിന്നു വെളിപ്പെടുന്നുണ്ട്. തൻെറ കവിതയ്ക്കുള്ള സ്വാരസ്യം അറിയാൻ ക്ഷമയില്ലാത്ത ചില അസൂയാലുക്കൾ തൻെറ കവിതയ്ക്കു കുറേശ്ശ കുററവും കുറവും പറയാറുണ്ടായിരുന്നതു ഭവഭൂതിക്കു തുലോം നൈരാശ്യത്തിനും ഈർഷ്യക്കും ഇടയാക്കിത്തീർത്തിട്ടുണ്ട്. അതിനെപ്പററി പരോക്ഷമായും, പ്രത്യക്ഷമായും ചിലപ്പോൾ അദ്ദേഹം വെളിപ്പെടുത്തീട്ടുമുണ്ട്.

'യേനാമ കേചിദിഹ നഃ
പ്രഥയന്ത്യവജ്ഞാം
ജാനന്തി തേ കിമപി താൻ
പ്രതി നൈഷ യത്നഃ
ഉല്പത്സ്യതേസ്തി മമ കോ-
പി സമാനധർമ്മാ
കാലോഹ്യയം നിരവധി-
ർവ്വിപുലാ ച പൃഥ്വീ.'

എന്നു പറഞ്ഞിട്ടുള്ളതു തൻെറ കവിതയ്ക്കു കുററം പറയുന്ന പാമരപ്രമാണികളെ ഉദ്ദേശിച്ചുതന്നെയാണല്ലോ. 'യഥാസ്ത്രീണാം തഥാവാചാം സാധുത്വേ ദുർജ്ജനോജനഃ' (ഉ. ച.) എന്നു ഉത്തരരാമചരിതത്തിൽപ്പറഞ്ഞിരിക്ക[illegible] പ്രകൃതത്തിൽ പ്രത്യേകപ്രസ്താവ[illegible] അർഹിക്കുന്നുണ്ട്. തൻെറ മൂന്നു [illegible]കകൃതികൾ പുറപ്പെട്ടിട്ടുംതന്നെപ്പ[illegible]റി ആരും അത്രന്നു [illegible]ച്ചിട്ടില്ലായിരുന്നു [illegible] മൂന്നിപ്രലംഭശൃംഗാരവർണ്ണനയിൽനിന്നു വെളിരോ ആഭ്യന്തരച്ഛരാണങ്ങളെ [illegible]ട്ടുത്തി ചിത്രീകരിച്ചാവ്യക്തന്ന [illegible]മിത്ര്യരുടെ തൂലികയ്ക്കു വിഷയമാകുന്നു പറയാതൊന്നുമില്ല. ദിവ്യവും വിശുദ്ധവുമായ അനുരാഗം, അകൃത്രിമവും [illegible] തോവും ആയ വാത്സല്യം എന്നി[illegible]ർണ്ണിച്ചു വിജയം നേടിയവരിൽ [illegible] സമഹാകവി അഗ്രേസരനാണ് [illegible]

ഭവഭൂതി, സ്തോഭജനകമായ [illegible] യുടെ അകത്തുള്ള വസ്തുക്കളെ കഷ്ടമ

കാളിദാസർ വർണ്ണിച്ച വിഷയത്തെത്തന്നെ എടുത്തു ഭവഭൂതിയും വർണ്ണിച്ചിട്ടുണ്ട്. പുത്രവാത്സല്യത്തേയും, ദാമ്പത്യാനുരാഗത്തേയും പററി രണ്ടുപേരും ഒരേനിലയിൽ വർണ്ണനം ചെയ്യുകാണുന്നു. ശാകുന്തളത്തിൽ വളൎത്തുപുത്രിയായ ശകുന്തളയെ ഭൎത്തൃഗൃഹത്തിലേക്കയക്കുന്ന സന്ദൎഭത്തിൽ അവളുടെ വിയോഗം ഓൎത്തു വിക്ലബനായിത്തീൎന്ന കണ്വനേയും, ഉത്തരരാമചരിതത്തിൽ വളൎത്തുപുത്രിയായ സീതയെ എന്നെന്നേക്കും പിരിഞ്ഞു അവളുടെ താദൃശമായ ദുൎദ്ദശയെ പററിയോൎത്തു വ്യസനിക്കുന്ന കൎമ്മയോഗിയായ ജനകനേയും നാം ഒരേ കണ്ണുകൊണ്ടു ഒരേ സമയത്തൊന്നു നോക്കുക. പ്രകൃതി മുഴുവൻ പ്രതിബിംബിച്ചിട്ടുള്ള ശാകുന്തളം നാലാമങ്കത്തിലെ കണ്വന്റെ വേഷം കെട്ടിച്ചുംകൊണ്ടാണ് ഭവഭൂതി ഉത്തരരാമചരിതം നാലാമങ്കത്തിൽ ജനകമഹാരാജാവിനെ പ്രവേശിപ്പിക്കുന്നത്. ആ ഘട്ടങ്ങളിൽ രണ്ടുപേരുടെയും സ്ഥിതിഗതികൾ എങ്ങിനെയുള്ളവയാണെന്നു മനസ്സിലാക്കുവാൻ അവരുടെ വികാരവിചാരങ്ങളെ പ്രതിഫലിപ്പിച്ചിട്ടുള്ള ആ രണ്ടു പദ്യങ്ങളേയും ഇവിടെ ഉദ്ധരിക്കാം:—

പോകുമെൻമകൾശകുന്തളാദ്യപരമേവ
മുൽകലികയാൽമന-
സ്സാകുലംഗളനിരുദ്ധബാഷ്പകലുഷംവി-
ഷാദജഡമീക്ഷണം;
ശോകമീദൃശമരണ്യവാസിമുനിയാമെ-
നിക്കുമഭിമാനജം
ലോകഗൃഹികളാത്മജാവിരഹപീഡ-
യെപ്പരിഹരിച്ചിടും?

(ശാ_ 4 അ. 6 ശ്ലോ)

(ഉ. ച. 4 അ. 3 ശ്ലോ.)

ഈ രണ്ടു പദ്യങ്ങളിലും, വിഷയവിരക്തന്മാരായ രണ്ടു ഗൃഹസ്ഥാശ്രമികളുടെ അപത്യവാത്സല്യവൈക്ലബ്യമാണ് സവിശേഷം സ്ഫുരിക്കുന്നത്. എന്നാൽ രണ്ടിലെയും പ്രകൃതങ്ങൾക്കു ഗണ്യമായ വൈലക്ഷണ്യമുണ്ടെന്നുള്ള സംഗതി ഞാൻ വിസ്മരിക്കുന്നില്ല. അനന്തരഭാവിയായ വിയോഗത്തെ അനുസ്മരിച്ചുകൊണ്ടുള്ള വൈക്ലബ്യത്തിനും, ചിരപ്രവൃത്തമായ വിഷമവിരഹത്തെ അനുസന്ധാനംചെയ്തുകൊണ്ടുണ്ടാകുന്ന വൈക്ലബ്യത്തിനും തമ്മിൽ തുലോം വിലക്ഷണതയുണ്ടെന്നു സമ്മതിക്കാതെ കഴിയുന്നതല്ല. വാത്സല്യവ്യാമുഗ്ദ്ധന്മാരായ ഇരുവരുടേയും വിചാരവും കാരണ്യമില്ലാ... പ്രകടമായിക്കാണാവുന്ന ...ഹൃദയന്മാർ ഊഹിച്ചറിസ്സുകൾ തെരി... ...പ്പെടുത്തിക്കൊള്ളട്ടെ. കലവസ്തു മലിന... ...വൈക്ലബ്യം സൌമ്യവും ലൌതെറിപ്പിക്കുന്നു. ജനകന്റേതാവട്ടെ, ...പും കരുണവും അലൌകികവു... കാളിദാസരുടെ പദ്യം വായി...ൾ കണ്വനു തൽക്കാലമുണ്ടായി പ്രണയവൈക്ലബ്യവും, ഉദ്വേഗവാത്സല്യവിശേഷവും കണ്ടു നാം ...ദയന്മാരായിത്തീരുന്നു. അതായതു,

ട്ടുണ്ടെന്നു തൽകൃതികൾ ഏതു നോക്കിയാലും വിശദമാകുന്നതാണ്. വേണ്ടതു മാത്രം വിടാതെ പറഞ്ഞു കാര്യം മനസ്സിലാക്കുവാൻ കാളിദാസരെപ്പോലെ കഴിവുള്ള മറ്റൊരു കവിയുണ്ടോ എന്നു സംശയമാണ്. അദ്ദേഹത്തിന്റെ സൂക്തികളിലെ ഓരോ അക്ഷരവും അനുവേഗത്തോടു ശങ്ങളോടുകൂടി [illegible] വല്ലാത്ത [illegible]വും, വാത്സല്യവ്യാമോഹവും, വിരക്തിയും, നിരാശതയും, നിർവ്വേദവും എല്ലാംകൂടി നമ്മുടെ ഹൃദയത്തെ വ്യഥപ്പെടുത്തി കരയിച്ചു ലോകത്തോടു വെറുപ്പു തോന്നിച്ചു നമ്മെ അലൌകികരാക്കിത്തീർക്കുന്നു. കാളിദാസർ, വാത്സല്യസുരഭിലമായ ഒരു ലോകത്തേക്കു കൂട്ടിക്കൊണ്ടുപോയി അവിടത്തെ പ്രകൃതിവിലാസങ്ങളെ വിവിധരീതിയിൽ നമുക്കു കാണിച്ചു തരുന്നു. ഭവഭൂതിയോ, പ്രകൃതിയുടെ പ്രകൃഷ്ടകഷ്ടമായ ആ പ്രദേശത്തേക്കു പിടിച്ചുവലിച്ചു കൊണ്ടുപോയി അവിടത്തെ [illegible] കാഴ്ചകൾ കാണിച്ചുതന്നു ഹൃദയത്തെ [illegible] ഈർച്ചവാളുകൊണ്ടു രണ്ടായിപ്പിളർന്നാലുള്ള [illegible]ഭവമത്രെ നമുക്കുണ്ടാക്കുന്നതു്.

ശകുന്തളയെ പരിത്യജിച്ചതിനെപ്പറ്റി ദുഷ്യന്തൻ ഇതുപോലെ പശ്ചാത്തപിക്കുന്ന ദിക്കുകളുണ്ട്. പഴേ കാര്യം ഓർത്തു പശ്ചാത്തപിക്കുന്ന ദിക്കുകളുണ്ട്. ഒരു മ സീതയെ പരിത്യജിച്ചു പശ്ചാത്താപവിവശനായിത്തീരുന്ന ശ്രീരാമനോടു ഭവഭൂതി താരതമ്യപ്പെടുത്തിനോക്കുക. ദുഷ്യന്തൻ അറിയാതെ വന്നുപോയ അബദ്ധം പറ്റി പശ്ചാത്തപിക്കുന്നു. ശ്രീരാമനോ അറിഞ്ഞുകൊണ്ടു ചെയ്ത കടുംകയ്യോർത്തു വല്ലാതെ വ്യസനിക്കുന്നു. ദുഷ്യന്തൻ, ശകുന്തളയുടെ കയ്യിൽനിന്നു ഊരിപ്പോയതും, അഭിജ്ഞാനസാധനവുമായ മുദ്രമോതിരം കണ്ടു ശകുന്തളാസ്മൃതിയുണ്ടായി വീണ്ടും വീണ്ടും വിലപിക്കുന്നു. ശ്രീരാമനോ, സീതയോടൊരുമിച്ചു രമിച്ചിരുന്ന തപോവനഭാഗങ്ങളെക്കണ്ടു ഉദ്ദീപിതമായ ശോകാവേഗത്തോടുകൂടി വിലപിക്കുന്നു. ദുഷ്യന്തൻ ശകുന്തളയുടെ ചിത്രം വരച്ചു വിനോദിക്കുന്നതിനുപകരം ശ്രീരാമൻ സീതയുടെ പ്രതിമയെ സ്വർണ്ണംകൊണ്ടുണ്ടാക്കിച്ചു യാഗത്തിൽ സഹധർമ്മചാരിണിയാക്കിത്തീർത്തു സമാശ്വസിക്കുന്നു. മേഘസന്ദേശത്തിൽ യക്ഷൻ തന്റെ പ്രിയതമയോടൊരുമിച്ചു രമിച്ച സന്ദർഭങ്ങളേയും, സങ്കേതസ്ഥലങ്ങളേയും, വിശിഷ്യ രക്താശോകപരീതമായ മാധവീലതാമണ്ഡപത്തേയും, അവിടെവെച്ചു തന്റെ പ്രിയതമ മയിലിനെ നൃത്തം പഠിപ്പിക്കുന്നതിനേയും, മറ്റു വ്യാപാരങ്ങളേയും പരാമർശിക്കുന്നതായി വർണ്ണിച്ച കാളിദാസരെ അനുകരിച്ചുംകൊണ്ടാണ് ഉത്തരരാമചരിതത്തിൽ, ശ്രീരാമൻ രണ്ടാമതും ദണ്ഡകാരണ്യത്തിൽ വന്നു പണ്ടു സീതയോടൊരുമിച്ചു വസിച്ച സ്ഥലങ്ങളേയും, സീത നട്ടുനനച്ചു വളർത്തിയ മരങ്ങളേയും, ആ നൃത്തമഭ്യസിപ്പിച്ചിരുന്ന മയിലിനേയും പുല്ലു മുതലായവ കൊടുത്തു വളർത്തിയ മൃഗാദികളേയും മററും കണ്ടു പൂർവ്വാനുഭവങ്ങളെ പരാമർശിക്കുന്നതായി ഭവഭൂതി വർണ്ണിച്ചിരിക്കുന്നത്.

(തുടരും)

സി. ശങ്കുണ്ണിനായർ.

# അദ്ധ്യാത്മജീവിതം*

സർവ്വാഭ്യുദയത്തിന്നും കാരണമായി
ിക്കുന്നതു ധർമ്മമാകുന്നു. കൃത്യാകൃത്യങ്ങ
ള അറിഞ്ഞു പ്രവർത്തിക്കുന്നതിന്നു ധർമ്മ
മന്നു പേർ പറയാം; അതായതു ശരിയാ
ിട്ടുള്ള കർമ്മമാകുന്നു ധർമ്മം. അതുകൊണ്ടു
ർമ്മമാകുന്നു ഏററവും ശ്രേഷ്ഠമായിരിക്കു
ന്നത്. കർമ്മമാകുന്നു ജീവിതലക്ഷണം.
ിശ്ചേഷ്ടമായിരിക്കുന്ന വസ്തുക്കൾക്കു ജീ
നില്ലെന്നു പറയുന്നതു വളരെ വാസ്തവ
ായിട്ടുള്ളതാകുന്നു. ജീവൻ ഒരു ശക്തി
ാണ്. ശക്തിയെ അറിയുന്നത് അതി
ന്റെ ചേഷ്ടകൾ മൂലമാകുന്നു. ചേഷ്ട
ൾ ഇല്ലെങ്കിൽ ശക്തിയില്ല. അതുപോ
ലത്തന്നെ കർമ്മമില്ലെങ്കിൽ ജീവനില്ല.
ർമ്മം ചെയ്യാതെ അഭിവൃദ്ധിയെ പ്രാപി
പാൻ സാധിക്കുന്നതല്ല. ഇങ്ങിനെ സ
പ്രകാരേണയും പരമപ്രധാനമായിരി
ന്ന കർമ്മത്തിന്നാധാരമായിരിക്കുന്നതു
ഹമാകുന്നു. ആ ദേഹത്തിന്റെ ശുശ്രൂ
യാകുന്നു അദ്ധ്യാത്മജീവിതത്തിൽ ആ
മായി ആലോചിക്കുവാനുള്ളത്.

ദേഹനിർമ്മാണത്തിന്ന് ഉപയോഗി
ന്ന സ്ഥൂലവസ്തുക്കളുടെ ഗുണമനുസരി
ദേഹം മൃദുവായൊ പരുത്തതായൊ
ിക്കുന്നു. എല്ലാവിധ മാത്രകളിലും
atter) നല്ലതരവും ചീത്തതരവുമുണ്ട്.
കശാപ്പുകാരന്റെയും കുലീനനായ
വിദ്യാർത്ഥിയുടെയും ദേഹങ്ങൾ ത
ൽ താരതമ്യപ്പെടുത്തി നോക്കുക. ാ
രക്തമാംസാദികൾകൊണ്ടു തന്നെ
യാകുന്നു ഉണ്ടാക്കപ്പെട്ടിരിക്കുന്നത്. പ
ക്ഷെ അവ തമ്മിൽ അജഗജാന്തരമുണ്ട്.
ഓജസ്സും തേജസ്സുമുള്ള ശരീരത്തെ ചീത്ത
യാക്കുവാനും, ഇതൊന്നുമില്ലാത്ത ശരീര
ത്തെ കാന്തിയും പുഷ്ടിയുമുള്ളതാക്കിത്തീ
ർക്കുവാനും സാധിക്കുന്നതാണെന്നു നമുക്ക
നുഭവമാണല്ലൊ. ദേഹത്തിൽ സദാ മാ
റഠങ്ങൾ വന്നുകൊണ്ടിരിക്കുന്നു. ആധുനി
കശാസ്ത്രപ്രകാരം അതിന്റെ ഓരോ അ
ണുക്കളും ഓരോ ജീവികളാണത്രെ. ഈ
ജീവികൾ എപ്പൊഴും വരുകയും പോക
കയും ചെയ്തുകൊണ്ടിരിക്കുന്നു. തങ്ങൾ
ചേർന്നതായ ദേഹത്തിലേക്ക് ഈ
കൾ ആകർഷിക്കപ്പെടുകയും പററ
ദേഹത്തിൽനിന്നു തെറിച്ചുപോവുക
ചെയ്യുന്നു. എല്ലാ വസ്തുക്കളും ചില ...
ശ്ചിതമായ വിധങ്ങളിൽ സ്പന്ദിച്ചു
കൊണ്ടിരിക്കുന്നുണ്ട്. തന്നെപ്പോലെയുള്ള
വരോടുകൂടി സൈ്വരമായിരിപ്പാനാണ്
എല്ലാററിന്റെയും ആഗ്രഹം. സൈ്വര
വും ചേർച്ചയുമില്ലാത്ത ദിക്കിൽനിന്നു വ
സ്തുക്കൾ തെറിച്ചുപോകുന്നു. ഒരു നിർമ്മ
ലവസ്തു മലിനമായ അണുക്കളെ ... ദൂരെ
തെറിപ്പിക്കുന്നു. എന്തുകൊണ്ടെ...
നിർമ്മലവസ്തുക്കളുടെ സ്പന്ദനത്തോടു അ...യാ
താരു ചേർച്ചയുമില്ലാത്തതും വിരോധമു
ള്ളതുമാണ് മലിനവസ്തുക്കളുടെ സ്പന്ദനം.
ഇതേപ്രകാരം ഒരു മലിനവസ്തു മലിനമാ
യ അണുക്കളെ ആകർഷിക്കുന്നു. അവ രണ്ടി

* ഒരു ഇംഗ്ലീഷ് പുസ്തകത്തിൽനിന്ന്

ന്റെയും സ്പന്ദനം ഒരുവിധത്തിലാണ്. അതുകൊണ്ട് ഒരു ശരീരത്തിന്റെ സ്പന്ദനത്തിന്നു മാററം വന്നാൽ ആ പുതിയ സമ്പ്രദായത്തിലുള്ള സ്പന്ദനത്തിന്നു യോജിക്കാത്തതായ അണുക്കൾ ദേഹത്തിൽനിന്നു ക്രമേണ തെറിച്ചുപോവുകയും പകരം യോജിപ്പും ചേർച്ചയുമുള്ള മററു വസ്തുക്കൾ നാലുപുറത്തുനിന്നും വന്നുകൂടുകയും ചെയ്യുന്നു. പ്രകൃതിയിൽ അനേകവിധത്തിൽ സ്പന്ദിച്ചുകൊണ്ടിരിക്കുന്ന വസ്തുക്കളുള്ളതുകൊണ്ട് അതാതു ശരീരം അതാതിന്നുതകുന്നതിനെ അല്പത്തിൽ തിരഞ്ഞെടുക്കുന്നു.

വളരെ ഗൌരവമുള്ള പ്രവൃത്തികൾ മുടെ ദേഹംകൊണ്ടു ചെയ്യുവാനുണ്ട്. ന്മീയജീവിതത്തിന്നു വിരോധമായ വി ിൽ സ്പന്ദിക്കുന്ന വസ്തുക്കൾ ഇല്ലെന്നു മര്യാൽ അങ്ങിനെയുള്ള സാധ ാകുന്നു ഭക്ഷണത്തിന് ഏററവും പ്പത്. മാംസഭക്ഷണം വിശേഷിച്ചും വിരോധമായിട്ടുള്ളതാകുന്നു. മാംസത്തിൽ നിറയെ വിഷകരമായ വസ്തുക്കളുണ്ട്. ഇരുന്നു പുളിച്ചിട്ടുണ്ടാകുന്ന ചാരായം, പാൽ, പാടക്കട്ടി മുതലായ വസ്തുക്കൾ തീരെ ഉപേക്ഷിക്കണം. പാകംചെയ്ത ധാന്യങ്ങൾ, കായ്ക ൾ, ഫലങ്ങൾ, അണ്ടികൾ, പ ൾ ഇവയെല്ലാം ഭുജിക്കുന്നതി നായി ിരോധമില്ല. ചിലരുടെ അഭിപ്രായത്തിൽ മുട്ടകളും ആവാം. വളരെ കാ യക്ലേശം ചെയ്യുന്നവർക്കു കൂടി ഈ ഭക്ഷണം ധാരാളമാണെന്ന് ആധുനികശാസ്ത്രം സ്ഥാപിക്കുന്നുണ്ട്.

ഭക്ഷണത്തിന്റെ കാര്യം ഇരിക്കട്ടെ. ദേഹശുശ്രൂഷയിൽ വേറെയും പല കാര്യങ്ങൾ ആലോചിക്കുവാനുണ്ട്. ദേഹത്തെ എപ്പോഴും വളരെ ശുചിയായും വൃത്തിയായും സൂക്ഷിക്കണം. അത്യാവശ്യവും അവനവന്നുതകുന്നതുമായ വസ്ത്രങ്ങൾ മാത്രമേ ധരിക്കാവൂ. വിസർജ്ജനങ്ങളും മററും കൃത്യമായിരിക്കുവാൻ പ്രത്യേകം മനസ്സു വെക്കണം. എല്ലാക്കാര്യങ്ങളും അതാതിന്നു നിശ്ചയിച്ചിട്ടുള്ള സമയങ്ങളിൽ ചെയ്യണം. ഇങ്ങിനെ ചെയ്യുന്നതു ദേഹത്തിന്റെ സ്വഭാവമനുസരിച്ചിരിക്കുമെന്നു മാത്രമല്ല, കാര്യങ്ങളും വളരെ വെടിപ്പായി നടക്കും.

ഓരോരുത്തരും പരിണാമത്തിന്റെ ഫലമായി എത്തിയിട്ടുള്ള അവസ്ഥ, അവനവന്റെ മുൻ കർമ്മബന്ധം, ഈശ്വരനിശ്ചിതമായ വിധത്തിൽ ലോകോപകാരാർത്ഥം പരിശ്രമിക്കുന്ന മഹാത്മാക്കളുടെ പിൻഗാമികളായിത്തീരുവാനുള്ള ആഗ്രഹം ഇങ്ങിനെ ബ്രഹ്മവിദ്യയിൽനിന്നു ലഭിച്ചിട്ടുള്ള അനേക നൂതനാശയങ്ങളെ പ്രമാണമാക്കിയിട്ടാകുന്നു ബ്രഹ്മവിദ്യാർത്ഥികൾ ജീവിതം നയിക്കേണ്ടത്. ബ്രഹ്മവിദ്യാർത്ഥികൾ ബ്രഹ്മവിദ്യാസംഘത്തിലെ അംഗങ്ങളായിരിക്കാം. ഈ സംഘത്തെപ്പററി ശരിയായ അറിവുണ്ടായാൽ അവർ തീർച്ചയായും അതിലെ അംഗങ്ങളായിത്തീരും. അവർ ഒരു മഹാത്മാവിന്റെ ശിഷ്യരാവാൻ ആഗ്രഹിക്കയും പ്രയത്നിക്കയും ചെയ്യുന്നവരായിരിക്കാം. അഥവാ ഒരു മഹാത്മാവിന്റെ ശിഷ്യരായി സ്വീകരിക്കപ്പെട്ടിട്ടുള്ളവരും ആയിരിക്കാം. ഒരു ബ്രഹ്മവിദ്യാർത്ഥിയുടെ സ്വാഭാവികമായ ജീവിതവും ഒരു ലൌകികന്റെ ജീവിതവും തമ്മിൽ പ്രത്യക്ഷത്തിൽ വലി

വ്യത്യാസം ഉണ്ടായിരിക്കയില്ല. പുറമേക്കെല്ലാം ഒരു ബ്രഹ്മവിദ്യാൎത്ഥിയും സാധാരണ ജോലികളിൽ ഏൎപ്പെട്ടുകൊണ്ടിരിക്കും. പക്ഷെ അയാളുടെ വിചാരങ്ങൾക്കും അനുഭവങ്ങൾക്കും വലുതായ ഒരു മാററം ഉണ്ടായിട്ടുണ്ട്. താൻ ഏഴ ലോകങ്ങളിൽ ചെയ്യുന്ന എല്ലാകൎമ്മങ്ങളും ഭൂലോകത്തിൽ ബാധകമാണെന്നുള്ള പൂൎണ്ണബോധം വന്നിട്ടുള്ളതുകൊണ്ടു താൻ ചെയ്യുന്നതെല്ലാം കഴിയുന്നതും ലോകരക്ഷ മാത്രമായിരിക്കേണമെന്നുള്ള നിശ്ചയത്തോടുകൂടി അദ്ദേഹം തന്റെ ആന്തരമായ ജീവിതനിഷ്ഠകളെ ക്രമപ്പെടുത്തുന്നു. പരിണാമത്തിന്റെയും പ്രകൃതിധൎമ്മത്തിന്റെയും ഉദ്ദേശ്യവും അവസാനവും മനുഷ്യരുടെ ക്ഷേമമാണെന്നുള്ള പൂൎണ്ണസമാധാനത്തോടുകൂടി അദ്ദേഹം എപ്പോഴും സന്തുഷ്ടനായിരിക്കും. നമ്മുടെ ഒരു ജന്മം ആത്മാവിന്റെ ജീവിതദശയിൽ ഒരു ദിവസം മാത്രമാണെന്നു മഹാത്മാക്കൾ പറഞ്ഞിട്ടുള്ളതനുസരിച്ച് ഇഹലോകവാസകാലത്തിൽ നാം ചെയ്യുന്ന കൎമ്മങ്ങൾ പരിണാമാവസാനത്തിലേക്ക് എത്തുവാനുള്ള ഒരു ദീൎഘജന്മത്തിൽ ചെയ്യേണ്ട കൎമ്മങ്ങളുടെ ഒരു ചെറിയ അംശം മാത്രമാണെന്നും അതുകൊണ്ട് ഇവിടെ നമുക്കുണ്ടാവുന്ന മിക്ക അനുഭവങ്ങളുടേയും കാരണം നമുക്കു ഗ്രഹിക്കുവാൻ സാധിക്കയില്ലെന്നും അദ്ദേഹത്തിന്നു പൂൎണ്ണബോദ്ധ്യമാണ്. ധൎമ്മം ഒരിക്കലും പിഴക്കുകയില്ലെന്നും മഹാത്മാക്കൾ തന്നെ സദാ കാത്തുരക്ഷിക്കുന്നുണ്ടെന്നുമുള്ള ദൃഢമായ വിശ്വാസമാകുന്നു അദ്ദേഹത്തിന്റെ പ്രസന്നതയ്ക്കുള്ള കാരണം.

വിചാരങ്ങൾ ഒരുവിധം മൂൎത്തികളാണെന്നും ഗുണവും ദോഷവും ചെയ്യുവാനുള്ള ശക്തി അവയ്ക്കുണ്ടെന്നും അദ്ദേഹം അറിയുന്നതുകൊണ്ടു തന്റെ മനസ്സ് എന്തു വിഷയത്തെപ്പററി ആലോചിക്കുന്നുവെന്ന് അദ്ദേഹം എപ്പോഴും ശ്രദ്ധയോടുകൂടി നോക്കിക്കൊണ്ടിരിക്കും. എന്തെങ്കിലും ഒരു ദുഷ്ടവിചാരം മനസ്സിൽ കടന്നുകൂടിയാൽ അതിന്റെ ദോഷത്തെ നശിപ്പിക്കുവാനും, മനസ്സിന്റെ മീതെ തനിക്കുള്ള അധികാരത്തെ സ്ഥാപിക്കുവാനും അദ്ദേഹം ഉടനെത്തന്നെ ശ്രേഷ്ഠമായ കാൎയ്യങ്ങളെപ്പററി വിചാരിക്കുവാൻ തുടങ്ങും. ആത്മീയവിഷയങ്ങളിൽ ശ്രദ്ധയുണ്ടായാൽ നാലുപുറത്തുനിന്നും അനേകബുദ്ധിമുട്ടുകൾ വന്നുകൂടുന്നതു പതിവാണ്. ഇങ്ങിനെ ബുദ്ധിമുട്ടുകൾ വൎദ്ധിച്ചുവരുമ്പോൾ ആത്മസംയമംകൊണ്ടും ആത്മബോധംകൊണ്ടും സ്വഭാവത്തിന്ന് എളുപ്പത്തിൽ മാററം വരുത്താം. പ്രാരബ്ധകൎമ്മങ്ങൾ കൂട്ടംകൂട്ടമായി വന്നുചാടുന്നതുകൊണ്ട് അവയെല്ലാം സഹിക്കുവാൻ വിശേഷാൽ ഒരു ശക്തിയില്ലാതെ സാധിക്കുന്നതല്ല. ഇതിന്നാണ് ആത്മശക്തി വൎദ്ധിപ്പിക്കുന്നത്. ബ്രഹ്മവിദ്യാൎത്ഥികൾ സമാധാനത്തോടും സന്തോഷത്തോടും കൂടി ജീവിതം നയിക്കുന്നതായി മററുള്ളവൎക്ക് സാധാരണ തോന്നുകയില്ല. അവർ വലപ്പോഴും സംസാരസാഗരത്തിലെ കൊടുങ്കാററുകൾ അടിച്ച് ആടി ഉലഞ്ഞുകൊണ്ടിരിക്കും. പക്ഷേ തങ്ങൾ ഇവ്വിധം ബുദ്ധിമുട്ടുന്നതു മററുള്ളവരുടെ ക്ഷേമത്തിന്നാണെന്നും, അങ്ങിനെ ചെയ്യുന്നതുകൊണ്ടു ലോകോപകാരാൎത്ഥം സദാ പരിശ്രമിച്ചു

കൊണ്ടിരിക്കുന്ന മഹാത്മാക്കളുടെ പിൻഗാമികളായിത്തീരുവാനുള്ള ഭാഗ്യം തങ്ങൾക്കുണ്ടാവുമെന്നുമുള്ള അവരുടെ പൂൎണ്ണവിശ്വാസത്തിൽനിന്നുത്ഭവിക്കുന്ന പരമാനന്ദം അവൎണ്ണനീയം തന്നെ.

ആത്മബോധം ഉണ്ടാകേണമെന്നുള്ള ഏകോദ്ദേശത്തോടുകൂടി ജീവിതം നയിക്കുവാൻ നിശ്ചയിച്ച് അവർ വിഷയസുഖങ്ങളിലുള്ള ആഗ്രഹങ്ങളെ കഴിയുന്നതും നശിപ്പിക്കുന്നു.

ഇങ്ങിനെ തന്റെ മുൻസ്വഭാവത്തെ മാററി ഒരു പരോപകാരിയായിത്തീരുവാനുള്ള നിരന്തരമായ ശ്രമത്തിൽ സഹായമായിത്തീരുന്നത് തന്റെ മുമ്പിൽ പോയിട്ടുള്ള മഹാത്മാക്കളുടെ ഉപദേശങ്ങളും മാതൃകകളുമാകുന്നു. ഈ മാൎഗ്ഗത്തിൽക്കൂടി ഗമിക്കുന്നവൎക്ക നേരിടുന്ന അനേകബുദ്ധിമുട്ടുകളെപ്പററിയും അവയെ ജയിക്കുവാനുള്ള വഴിയെപ്പററിയും ഭഗവൽഗീത മുതലായ പുസ്തകങ്ങൾ പ്രതിപാദിക്കുന്നുണ്ട്. "Light on the Path" "the Path of Discipleship" മുതലായ ഇംഗ്ലീഷുപുസ്തകങ്ങളും ഈ വിഷയത്തെ സംബന്ധിച്ചുള്ളവയാകുന്നു.

ആനിബസണ്ട് മദാമ്മ ഒരവസരത്തിൽ പറഞ്ഞിട്ടുള്ളത് ഇവിടെ പ്രസ്താവയോഗ്യമാണെന്നു തോന്നുന്നതിനാൽ അല്പം എടുത്തു പറയാം:—

"ഒരു മനുഷ്യൻ എങ്ങിനെയാണു പരിശുദ്ധനായിത്തീരുന്നത്? ദിവസവും രാവിലെ ധ്യാനത്തിന്നിരിക്കുമ്പോൾ പരിശുദ്ധിയെപ്പററി ആലോചിച്ച് അതെന്താണെന്നുള്ള പൂൎണ്ണാനുഭവം ഉണ്ടാക്കുന്നു. ദുഷ്ടവിചാരങ്ങളെ അടുത്തുവരുവാൻകൂടി അനുവദിക്കരുത്. നീചമായിട്ടുള്ള യാതൊന്നും ചെയ്യരുത്. ഇങ്ങിനെ പ്രഭാതത്തിൽ പരിശുദ്ധിയെപ്പററി വിചിന്തനംചെയ്യുകയും താൻ പരിശുദ്ധനാവണമെന്ന് ആഗ്രഹിക്കുകയും ചെയ്യുക. പകൽ ലോകവിഷയങ്ങളിൽ ഏൎപ്പെട്ടുകൊണ്ടിരിക്കുമ്പോൾ രാവിലത്തെ ധ്യാനവിഷയം എപ്പോഴും ഓൎമ്മയുണ്ടായിരിക്കണം. വളരെ സൂക്ഷിച്ചിട്ടുവേണം സകലപ്രവൃത്തികളും ചെയ്യുവാൻ. നീചപ്രവൃത്തികൾ ചെയ്തു ദേഹത്തെ മലിനമാക്കരുത്. അതുപോലെത്തന്നെ സംസാരത്തിലും ശ്രദ്ധവെക്കണം. അസഭ്യമായിട്ടു യാതൊന്നും പറയരുത്. അനാവശ്യകാൎയ്യങ്ങളെപ്പററി സംസാരിച്ചിട്ടോ ദുൎവ്വിഷയങ്ങളെപ്പററി പ്രസ്താവിച്ചിട്ടോ നാവു ചീത്തയാക്കരുത്. ഇങ്ങിനെ ആചരിക്കുന്ന ഒരാൾ, മനുഷ്യദൃഷ്ടിക്കു ഗോചരമല്ലാത്ത ഏററവും നിസ്സാരമായ ദോഷങ്ങൾകൂടി കണ്ടുപിടിക്കുവാൻ ശക്തിയുള്ള ഒരു ഗുരുവിന്റെ മുമ്പിൽ പ്രസ്താവയോഗ്യമായ സംഗതികളെപ്പററി മാത്രമേ സംസാരിക്കയുള്ളു. അയാൾ പറയുന്ന ഓരോ വാക്കും നിൎമ്മലമായിരിക്കും. അസഭ്യവാക്കുകൾ പറഞ്ഞുകൊടുക്കുന്നവരേയോ അവനവനേയോ അശുദ്ധമാക്കയില്ല. വിചാരവും അതേപോലെ പരിശുദ്ധമായിരിക്കും. അശുദ്ധമായ വിചാരങ്ങൾ യാതൊന്നും മനസ്സിൽ കടക്കുവാൻ അനുവദിക്കയില്ല. അഥവാ അറിയാതെ പ്രവേശിച്ചാൽ ഉടനെ പിടിച്ചു പുറത്താക്കും; അരനിമിഷം കൂടി താമസിയാതെ തൽക്ഷണം അടിച്ചോടിക്കും. തന്റെ മനസ്സിൽ മലിന

മായിട്ട് എന്തോ ഉണ്ടായിരിക്കണമെന്നും അതിൻെറ ആകർഷണം മൂലമാണ് ദുഷ്ടവിചാരങ്ങൾ കടന്നുകൂടുന്നതെന്നും അദ്ദേഹത്തിന്നു നല്ല നിശ്ചയമുള്ളതുകൊണ്ട് അവനവൻെറ മനസ്സിനെ നന്നാക്കുവാനാണ് അദ്ദേഹം ആദ്യമായി ശ്രമിക്കുക. ഇങ്ങിനെ സദാസമയവും പരിശുദ്ധനാകുവാനുള്ള മാർഗ്ഗം ആലോചിച്ചും ആചരിച്ചുംകൊണ്ടിരിക്കും. പിന്നെ ധ്യാനസമയം സത്യത്തെ ഒരു വിഷയമായെടുക്കുന്നു. ലോകക്ഷേമാർത്ഥം സത്യത്തിൻെറ ആവശ്യകത, ഒരു സമുദായത്തെ സംബന്ധിച്ചേടത്തോളം സത്യത്തിന്നുള്ള പ്രാധാന്യം, അവനവൻെറ സ്വഭാവലക്ഷണമായി എടുക്കുന്നതായാൽ സത്യത്തിൻെറ മാഹാത്മ്യം, ഇങ്ങിനെ സത്യത്തിന്നുള്ള അനേകവിധ മഹിമകളെപ്പററി അദ്ദേഹം മനനംചെയ്യുന്നു. പിന്നെ ലൌകികവിഷയങ്ങളിൽ, എപ്പെട്ടാൽ മററുള്ളവരുടെ മനസ്സിൽ തെററിദ്ധാരണയുണ്ടാക്കുന്നതായ വല്ലതും പ്രവൃത്തിക്കുകയോ കപടവിചാരത്തോടുകൂടി വല്ലതും പറയുകയോ ഉണ്ടാവില്ല. അസത്യം പറകയില്ലെന്നു മാത്രമല്ലാ,വളരെ ഖണ്ഡിച്ച കൃത്യമായിട്ടു മാത്രമേ സംസാരിക്കയുള്ളൂ. കൃത്യമല്ലാതെ പറയുന്നതും അസത്യമാകുന്നു. പ്രത്യക്ഷമായി കണ്ടനുഭവമുള്ള ഒരു സംഗതി കൃത്യമല്ലാതെ വിവരിക്കുന്നത് അസത്യത്തിന്നു തുല്യമാണ്. മഹാത്മാക്കളുടെ ശിഷ്യസ്ഥാനത്തിന്നാഗ്രഹിക്കുന്നവർ അതിശയോക്തിയായി വർണ്ണിച്ചുപറകയൊ, വാസ്തവത്തെ ഛായംപൂശിപ്പറകയൊ, തൻെറ അറിവിൽ പെട്ടേടത്തോളം വാസ്തവത്തിന്നു വിരുദ്ധമായിട്ടുള്ളതൊ അസത്യത്തിൻെറ ലവലേശമെങ്കിലും ലാഞ്ഛനയുള്ളതൊ ആയ സംഗതികളെ കൂട്ടിച്ചേർക്കുകയൊ ഒരിക്കലും ചെയ്യരുത്. ഇതുപോലെ മനസ്സിലും കൃത്യത്തെ ആചരിക്കണം. സത്യമല്ലാത്തയാതൊന്നും വിചാരിക്കരുത്. അസത്യം വിചാരിച്ച മനസ്സ് അശുദ്ധമാക്കരുത്. കരുണയാണു ശീലിക്കേണ്ടതെങ്കിൽ അപ്പൊഴും മാർഗ്ഗം ഇതുതന്നെ. ധ്യാനസമയം കരുണയെപ്പററി ആലോചിക്കണം. ശേഷമുള്ള സമയം അത് അനുഭവത്തിൽ വരുത്തണം. തൻെറ ചുററുമുള്ള എല്ലാവരോടും പരമകാരുണ്യമുള്ളവനായിരിക്കണം. വീട്ടുകാർക്കും, സ്നേഹിതന്മാർക്കും, സമീപസ്ഥന്മാർക്കും കഴിയുന്ന സഹായമെല്ലാം ചെയ്യണം. അകത്തും പുറത്തും മനസ്സിലും പ്രവൃത്തിയിലും കരുണ സദാ സ്ഫുരിച്ചുകൊണ്ടിരിക്കണം. ഇപ്രകാരം കരുണാശീലം ഒരു സ്വഭാവമായിത്തീരും. ധീരതയായാലും ഇൗവിധം തന്നെ. ബാഹ്യമായ സംഭവങ്ങളെ ഓർത്തു കുണ്ഠിതം ഉണ്ടാകയൊ ഗർവ്വുണ്ടാകയൊ ചെയ്യാത്തവരും, ജയാപജയങ്ങളിൽ സുഖിക്കുകയൊ ദുഃഖിക്കുകയൊ ചെയ്യാതെ സമഭാവനയോടുകൂടിയിരിക്കുന്നവരും, ബുദ്ധിമുട്ടുകളുള്ളപ്പോൾ വ്യസനിക്കുകയൊ ഇല്ലാത്തപ്പോൾ സന്തോഷിക്കുകയൊ ചെയ്യാതെ യാതൊന്നുകൊണ്ടും മനസ്സിന്നിളക്കംതട്ടാതെ സ്ഥിരചിത്തന്മാരായിരിക്കുന്നവരുമായ ധീരന്മാരെപ്പററിയും അവരുടെ യോഗ്യതകളെപ്പററിയും വിചിന്തനംചെയ്യണം. എപ്പൊഴും ധൈര്യത്തോടും ദൃഢതയോടുംകൂടി സ്ഥിതപ്രജ്ഞനായിരിക്കണം. ലൌ

കികകാൎയ്യങ്ങളിൽ ഏൎപ്പെടുമ്പോൾ ഇതെല്ലാം അനുഭവത്തിൽ വരുത്തണം. ഇങ്ങിനെ ആചരിച്ചു ശീലിക്കുന്ന ഒരാൾ ബുദ്ധിമുട്ടുകൾ നേരിടുമ്പോൾ ആനന്ദസ്വരൂപനായ ഈശ്വരനെ സ്മരിക്കും. ധനനാശം വരുമ്പോൾ ശാശ്വതമായ ജ്ഞാനസമ്പത്തിനെപ്പറ്റി ആലോചിക്കും. സ്നേഹിതന്മാർ മരിക്കുമ്പോൾ 'ഒരു ജീവൻ മരിക്കുന്നതല്ലാ ദേഹമാണു നശിക്കുന്നത്; പഴയവസ്ത്രം വലിച്ചെറിഞ്ഞു പുതിയതു ധരിക്കുന്നതുപോലെ ഒരു ദേഹത്തെ വിട്ടു മറെറാരുദേഹം സ്വീകരിക്കുന്നതാകുന്നു മരണം; അതുകൊണ്ടു മരിക്കുന്നവരെ ഇനിയും നമുക്കു കാണാം' എന്നെല്ലാം വിചാരിച്ച് ആശ്വസിക്കും. ഇങ്ങിനെ ആത്മസംയമമമൊ, ധൈൎയ്യമൊ, ശാന്തതയൊ, എന്തുതന്നെയായാലും അതിനെ ധ്യാനിക്കുകയും അനുഭവത്തിൽ വരുത്തുകയും ചെയ്യണം. എല്ലാം ഒരുമിച്ചു സാധിക്കയില്ല. ദിവസംതോറും സൽഗുണങ്ങളെപ്പററിയും ധ്യാനിക്കുവാൻ ഒരാൾക്കും സാധിക്കയില്ല. അതിനു സമയംതന്നെ ഉണ്ടാകയില്ല. ഓരോ ഗുണത്തെ എടുത്ത് അതിനെ അനുഭവത്തിൽ വരുത്തുവാനാണ് ശ്രമിക്കേണ്ടത്. ഈ ഉദ്ദേശത്തോടുകൂടി അനവരതം പരിശ്രമിക്കുവിൻ. അധികകാലം വേണ്ടിവരുമെന്നു വിചാരിച്ച് അധൈൎയ്യപ്പെടരുത്; വലിയ അദ്ധ്വാനം വേണ്ടിവരുമെന്നുവെച്ചു പേടിക്കേണ്ടാ; നാം ഇങ്ങിനെ സമ്പാദിക്കുന്ന ഗുണങ്ങളെല്ലാം ശാശ്വതമായിട്ടുള്ളവയാകുന്നു; അനന്തകാലം മുഴുവൻ ഉള്ളപ്പോൾ നാം എന്തിനാണു ഭയപ്പെടുന്നത്? ഇതു നമ്മുടെ ശാശ്വതസമ്പത്താകുന്നു. ധ്യാനം മാത്രമൊ കൎമ്മം മാത്രമൊ ഒരിക്കലും ആത്മീയാഭിവൃദ്ധിക്കു മതിയാകുന്നതല്ല. രണ്ടും ആവശ്യമാണ്. നിത്യനിഷ്ഠയിൽ ഇതുരണ്ടും ഉണ്ടായിരിക്കണം. ഇതാകുന്നു ശ്രേഷ്ഠതയെ സമ്പാദിക്കുവാനുള്ള മാൎഗ്ഗം. ഇതാകുന്നു അദ്ധ്യാത്മജീവിതം."

സി. പരമേശ്വരമേനോൻ ബി. എ.

---

# സിനിമ അല്ലെങ്കിൽ ചലനചിത്രം*

പത്തൊമ്പതാം നൂററാണ്ടിന്റെ അവസാനകാലത്തുണ്ടായ പുതിയ കണ്ടുപിടുത്തങ്ങളിൽ, ഏററവും രസകരവും ആശ്ചൎയ്യകരവുമായതു 'സിനിമ' അഥവാ ചലനചിത്രമാണ്. ഈ പുതുവിദ്യ ഇപ്പോഴും ശൈശവനിലയിലേ എത്തീട്ടുള്ളുവെങ്കിലും, ഈ നിലയിൽത്തന്നെ അതിനെ ലോകത്തിലെ അത്യത്ഭുതങ്ങളിൽ ഒന്നായി ഗണിക്കാവുന്നതാണ്. അല്പകാലത്തിന്നുള്ളിൽ ഈ തൊഴിൽകൊണ്ടു

രാവിലെ ധ്യാന...

ശുദ്ധിയെപ്പററി ... ന്താണെന്നുള്ള ... ണം. ദൃഷ്ടവിച...

* ... എന്നാണു മിക്കവരും ഇതിനെ വിളിച്ചുവരുന്നത്. ബയസ്കോപ്പും സിനി... വ്യത്യാസവുമുണ്ടോ എന്നു നല്ല നിശ്ചയമില്ല. ഈ ഉപന്യാസത്തിൽ പറഞ്ഞിട്ടുള്ള ... ട്ടിലും സംഖ്യകളിലും മറ്റും അതിശയോക്തിയില്ല. (ലേഖകൻ)

അനവധി 'ലക്ഷപ്രഭുക്ക'ളുണ്ടായിട്ടുണ്ട്.

സിനിമയുടെ പൂൎവ്വചരിത്രം ക്ഷണത്തിൽ പറഞ്ഞുതീക്കാവുന്നതാണ്. ഇതിന്റെ ഉത്ഭവം ഛായ എടുക്കുന്നതിൽനിന്നാണ്. 16-ാം ശതാബ്ദത്തിന്റെ അന്ത്യകാലത്ത് ഇററലിരാജ്യത്തുണ്ടായിരുന്ന പോർട്ട (Porta) എന്ന ഒരു ശാസ്ത്രജ്ഞനാണ ഛായ എടുക്കുന്ന വിദ്യ ഒന്നാമതായി കണ്ടുപിടിച്ചത്. എങ്കിലും ആദ്യമായി ഛായ എടുത്തതു 1727-ൽ ഷൽസ് (Shultze) എന്നു പേരായ ഒരു ജൎമ്മനാണ്. ഇതും മനുഷ്യന്റെ ഛായയല്ലായിരുന്നു; ചില എഴുത്തുകളുടേതായിരുന്നു. നാം ഇപ്പോൾ സാധാരണയായി കണ്ടുവരുന്ന ഫോട്ടോ (Photo) ഒന്നാമതായി എടുത്തതു 1802-ൽ തോമസ് വഡ്ജ്‌വുഡ് (Thomas Wedgwood) എന്ന ആംഗ്ലേയനാണ്. 1833-ൽ ഹോർനർ (Horner) എന്നാൾ സോട്രോപ് (Zoetrope) എന്ന ഒരു യന്ത്രമുണ്ടാക്കി. ഈ യന്ത്രം തിരിയുന്ന സമയത്തു അതിൽ നോക്കുന്നതായാൽ മനുഷ്യർ ഓടുന്നതും, കുതിരകൾ ചാടുന്നതും മററും കാണാമായിരുന്നു. ഈ യന്ത്രത്തെ 1877-ൽ മൂയ്ബ്രിഡ്ജ് (Muybridge) എന്നാൾ കുറെ പരിഷ്കരിക്കുകയും അതിനുശേഷം 1889-ൽ ഒരു ഫ്രഞ്ചു ഡാക്ടരായ മേറി (Marey) എന്നാൾ തന്റെ ചില പുതിയ യുക്തികളാൽ മുമ്പുണ്ടായിരുന്ന യന്ത്രങ്ങളെക്കൊണ്ടു ഇപ്പോഴുള്ള ചലനചിത്രങ്ങൾ ഉണ്ടാക്കുകയും ചെയ്തു.

മനുഷ്യമുഖത്തിന്റെ ചലനം ആദ്യമായി ഛായയെടുത്തു ജനങ്ങളെ ആശ്ചൎയ്യപ്പെടുത്തിയതു ലണ്ടനിലെ (Green) ഗ്രീൻ എന്നു പേരായ ഒരു ഫോട്ടോ എടുക്കുന്നവനായിരുന്നു. ഏകദേശം ഇക്കാലത്തുതന്നെ ഫ്രാൻസിലും അമേരിക്കയിലും ഈ അത്ഭുതവിദ്യ നടത്തിവന്നിരുന്നു. അമേരിക്കയിൽ ഈ ഉദ്യമം ഒന്നാമതായി ഏൎപ്പെടുത്തിയതു ലോകപ്രസിദ്ധനായ എഡിസൻ (Edison) എന്ന ശാസ്ത്രജ്ഞനാണ്.

'സിനിമ' എന്നു പറയുന്ന ഈ അത്ഭുതവിദ്യ വാസ്തവത്തിൽ എത്രയോ എളുപ്പത്തിൽ മനസ്സിലാക്കാവുന്ന ഒന്നാണ്. മനുഷ്യനയനങ്ങൾക്ക് അവയുടെ മുമ്പിലുണ്ടായിരുന്ന ഒരു സാധനം അവിടെനിന്ന് ഇല്ലാതായാൽ ഒരു നിമിഷ (Second) ത്തിന്റെ പത്തിൽ ഒരു ഭാഗം സമയം അതിന്റെ പ്രതിമയെ കാണാവുന്നതാണ്. ഈ കണക്കപ്രകാരം ഒരു നിമിഷത്തിൽ പത്തുപ്രാവശ്യം ഒരു സാധനത്തിന്റെ പ്രതിമയെ നമ്മുടെ നയനങ്ങൾക്കു ഗോചരമാക്കിയാൽ, ആ സാധനം മുമ്പിൽനിന്നു മറഞ്ഞുപോയാൽകൂടി ഒരു നിമിഷനേരം ആയത് അവിടെയുണ്ടെന്നു നമുക്കു തോന്നുന്നതാണ്. ഇതിന്നു ഒരു ചെറിയ ഉദാഹരണം പറയാം. ചന്ദനത്തിരിയുടെ ഒരു അഗ്രം കത്തിച്ചു മറേറ അഗ്രം പിടിച്ചു ചുഴററുന്ന സമയം, കത്തിച്ച അഗ്രം ഒരു ചക്രം വരപോലെ തോന്നുന്നത് എല്ലാവരും കണ്ടിട്ടുണ്ടായിരിക്കും. ഇതേപ്രകാരം ഒരു കുതിര ഓടുമ്പോൾ പല സ്ഥലങ്ങളിൽനിന്നും അതിന്റെ ഛായയെടുത്ത് ആ ഛായയെ ഓരോന്നായി നമ്മുടെ മുമ്പിൽ വേഗത്തിൽ കാണിക്കുന്നതായാൽ ഒരു കുതിര ഓടുന്നുണ്ടെന്നു തോ

ന്നം. സാധാരണയായുണ്ടുവരുന്ന ഈ തത്വം അടിസ്ഥാനപ്പെടുത്തിയാണ സിനിമ ഏൎപ്പെടുത്തീട്ടുള്ളത്. ഏകദേശം ആയിരമടി നീളവും 1 ഇഞ്ചു വീതിയുമുള്ള സെലുലോയ്ഡ (Ceiluloid) എന്ന ഒരു സാധനത്തിൽ ഒരിഞ്ചു നീളത്തിൽ അനവധി ഛായകൾ എടുക്കുന്നു. ഈ ഛായകളെല്ലാം ഏതെങ്കിലും ഒരു സംഭവം നടക്കുന്ന സമയത്ത് ഉടനുടൻ എടുക്കുന്നതാണ്. ചെറുതായ ഈ ഛായകളെ ഭൂതക്കണ്ണാടികൊണ്ടു വലുതാക്കി പ്രയോഗിയ ഒരു വെളിച്ചത്തിന്റെ സഹായംകൊണ്ടു മുമ്പിൽ വെച്ചിരിക്കുന്ന ഒരു മറ(Screen)മേൽ വേഗംവേഗം കാണിക്കുന്ന സമയത്താണ്, ഛായയിൽ കാണുന്ന സംഭവം നമ്മുടേ മുമ്പിൽ നടക്കുന്നുണ്ടെന്നു തോന്നുന്നത്. 'ബയസ്കോപ്പ്'കണ്ടാശ്ചൎയ്യപ്പെട്ടു മടങ്ങുന്ന പലൎക്കും ഈ തത്വം തീരെ നിശ്ചയമുണ്ടായിരിക്കയില്ല.

'സിനിമ'യ്ക്കുള്ള ചിലവിനെപ്പററിയും അതിനാലുള്ള ലാഭത്തെപ്പററിയും ചുരുങ്ങിയൊന്നു പറയാതെ നിവൃത്തിയില്ല. അമേരിക്കയിലാണ് ഈ തൊഴിൽ അധികമായുള്ളത്. അമേരിക്കയിലെവ്യവസായങ്ങളിൽ അഞ്ചാമത്തെ സ്ഥാനം സിനിമയ്ക്കാണത്രെ. അവിടെ സിനിമച്ചിത്രങ്ങളുണ്ടാക്കുന്ന 200 കമ്പനികളുണ്ട്. ഏകദേശം രണ്ടുലക്ഷത്തി എഴുപത്തി അയ്യായിരം ജനങ്ങൾ ഈ തൊഴിലിൽ ഏൎപ്പെട്ടിട്ടുണ്ട്. ...ചിലെ ധൃഷ്യമായ ചിത്രങ്ങൾ എടുപ്പാൻ ...ദിയെപ്പോയി മൂലധനം പത്തുകോടി ...ണെന്നുള്ള ...ട്ടുണ്ട്. 1916-ൽ അമേരിക്കയിൽ ... പ്രസിദ്ധംചെയ്ത 118 വിവിധവിഷയങ്ങളെപ്പററിയുള്ള 10000 ചിത്രങ്ങൾ പുറപ്പെട്ടിട്ടുണ്ട്. ഈ പതിനായിരം മാതൃകാച്ഛായകളിൽനിന്ന് ഉദ്ദേശം 85 വീതം വേറെയും ഛായകൾ എടുത്തിട്ടുണ്ട്. ഓരോ ചിത്രത്തിന്നും 1000 അടി നീളം കാണും. ഈ കണക്കുപ്രകാരം 1916-ാം വൎഷത്തിൽ അമേരിക്കയിൽനിന്നു മാത്രം 350 കോടി അടി നീളത്തിലുള്ള ചിത്രങ്ങൾ പുറപ്പെട്ടിട്ടുണ്ട്! (ഇതിന്ന് ഏകദേശം 66,270 നാഴിക നീളം കാണും. ഭൂമിയെ മൂന്നു പ്രാവശ്യം ചുററുവാനുള്ള നീളം!) ഈ ചിത്രങ്ങൾ എടുപ്പാൻ 437 കോടി ഉറുപ്പിക ചിലവാണ്. മേലേ കാണിച്ച ഈ വലിയ സംഖ്യകളെക്കാണുമ്പോൾ തന്നെ കണ്ണു മയങ്ങുന്നു. എന്നാൽ ഇവയ്ക്കൊത്ത ലാഭവുമുണ്ട്. അമേരിക്കയിലെ ഐക്യരാജ്യങ്ങളിൽ (United states) മാത്രം 15,000 ചിത്രശാലകളുണ്ട്. ഇവയിലെ ചിത്രങ്ങൾ കാണ്മാൻ ദിനംപ്രതി ഒരുകോടി ജനങ്ങൾ പോകാറുണ്ട്. (ഈ സംഖ്യ ഐക്യരാജ്യങ്ങളിലെ ജനസംഖ്യയിൽ പത്തിൽ ഒരു ഭാഗമാണ്.) ഒരാൾക്കു 4 ണ മുതൽ 4 ക. വരെയുള്ള ടിക്കററുമുണ്ട്. 1916-ൽ ടിക്കററു വിററ വകയിൽ മാത്രം 1000,00,000,0000 ക. വരവുണ്ട്. കണക്കാക്കി നോക്കുന്നതായാൽ അക്കൊല്ലത്തിൽലാഭം88,6250000 ക. യാണ്.

പ്രസിദ്ധപ്പെട്ട നടന്മാരേയും ആട്ടക്കാരേയും സിനിമയ്ക്കുവേണ്ടി കളിപ്പാൻ നമുക്കു വിശ്വസിപ്പാൻ വഹിയാത്ത സംഖ്യകൾ ശമ്പളം കൊടുത്തു നിൎത്തുന്നുണ്ട്. സിനിമച്ചിത്രങ്ങൾക്കുവേണ്ടി കളിക്കുന്ന 22 വയസ്സായ ഒരു യുവതി മൂന്...

കൊല്ലംകൊണ്ടു 20000 പവൻ സമ്പാദിച്ചിരിക്കുമ്പോൾ. സിനിമയിൽ വിഡ്ഢിവേഷം കെട്ടുവാൻ പ്രസിദ്ധനായ ചാർലി ചേപ്ലിൻ' (Charlie Chaplin) എന്നാൾ ഇതിൽ പത്തിരട്ടി സമ്പാദിച്ചു കഴിഞ്ഞിരിക്കുന്നു. (ഇപ്പോൾ കളിച്ചുവരുന്നുമുണ്ട്.) ഷേക്സ്പിയർ മഹാകവിയുടെ 'മേക്‌ബത്ത്' (Macbeth) എന്ന പ്രസിദ്ധനാടകത്തിൽ നായകൻെറ വേഷം കെട്ടുവാൻ 'സർ ഹെർബെർട്ട് ട്രീ' (Sir Herbert Tree) എന്ന നടന്നു കൊടുത്ത സംഖ്യ ഒരു ജീവിതദശയിൽ ഒരാൾക്ക് എത്ര ബുദ്ധിമുട്ടിയാലും സമ്പാദിക്കുവാൻ കഴിയുന്നതല്ല.

സിനിമയിൽ എടുക്കുവാൻ കഴിയാത്ത യാതൊരു സംഭവവുമില്ല. അവരുടെ ചില ചിത്രങ്ങൾ കണ്ടാൽ ഏവനും ആശ്ചര്യം തോന്നുന്നതാണ്. അഗ്നിപർവ്വതങ്ങൾ പൊട്ടി ഒലിക്കുക, തീവണ്ടികൾ പുഴയിൽ വീഴുക, ആകാശവിമാനങ്ങൾ വെടികൊണ്ടു പൊളിഞ്ഞു താഴത്തു പതിക്കുക, സമുദ്രമദ്ധ്യത്തിൽവെച്ചു കപ്പൽ മുങ്ങുക, വിലപിടിച്ച രാജധാനികൾക്കും ഹമ്മ്യങ്ങൾക്കും തീപ്പിടിക്കുക, വന്യമൃഗങ്ങളുടെ ഇടയിൽ പെട്ട് അതിൽനിന്നു രക്ഷപ്പെടുക മുതലായ സകല സംഭവങ്ങളും യാതൊരു പ്രയാസവും കൂടാതെ കാണിക്കാവുന്നതാണ്. ഭ്രുവത്തിൻെറ അററം കണ്ടുപിടിക്കുവാൻ പുറപ്പെട്ട കേപ് ടൻ സ്കോട്ടിൻെറ (Captain Scott) എല്ലാ അനുഭവങ്ങളും ചിത്രത്തിൽ പുറത്തു വന്നിട്ടുണ്ട്. ഇംഗ്ലീഷുഭാഷയിലെ എല്ലാ നല്ല നോവലുകളും 'ചിത്രീകരിച്ചി'ട്ടുണ്ട്. പുരാതന റോം, ഗ്രീസ് ഈ രാജ്യങ്ങളിലെ സകല കഥകളും യഥേഷ്ടം സിനിമയിലുണ്ട്. ഇന്ത്യാരാജ്യത്തെ ചില കഥകളും എടുത്തിട്ടുണ്ട്. ഇതിൽ മുഖ്യമായതു ബോംബേക്കാരുടെ 'ഹരിശ്ചന്ദ്രൻ' എന്ന നാടകമാണ്.

സിനിമ മനുഷ്യനു 'തമാശ'ക്കു മാത്രമുള്ള ഒരേർപ്പാടല്ല. അതുകൊണ്ടു പലവിധ ഗുണങ്ങളുമുണ്ട്. വിദ്യാഭ്യാസസംബന്ധമായാണ് അതുകൊണ്ട് ഏറാവും വലിയ ഉപയോഗം. ലോകവിശ്രുതനായ എഡിസൻ തന്നെ ഈ സംഗതിയെപ്പററി ഇപ്രകാരം പറയുന്നു: "വിദ്യാഭ്യാസം ക്ഷണത്തിൽ സിദ്ധിപ്പാൻ ഇതിലധികം നല്ല മാഗ്ഗം മറെറാന്നില്ല. അന്യരാജ്യങ്ങളെപ്പററിയും അവിടങ്ങളിലെ ജനങ്ങളെക്കുറിച്ചും അവരുടെ പല നടവടികളെപ്പററിയും ഒരുവന്നു പൂണ്ണമായ അറിവു 'സിനിമ'യിൽനിന്നു സിദ്ധിനും. മനുഷ്യജീവിതത്തിൻെറ എല്ലാ ഭാഗങ്ങളേയും ഈ ചിത്രങ്ങളിൽനിന്നു കണ്ടറിവാൻ സാധിക്കുന്നു." ഇന്ത്യക്കാരായ നമുക്ക് ആംഗ്ലേയരുടെ നടവടികളേയും, അവരുടെ രാജ്യങ്ങളിലെ പല സമ്പ്രദായങ്ങളേയും പററി അനവധി പുസ്തകങ്ങൾ വായിച്ചാൽക്കൂടി ലഭിപ്പാൻ സാധിക്കാത്തതായ അറിവ്, ഒന്നരണ്ടു സിനിമപ്രദശ്നങ്ങൾ കണ്ടാൽ അവയിൽനിന്നു ലഭിക്കുന്നതാണ്. അമേരിക്കയിലെ പ്രധാന സവ്വകലാശാലകൾ വിദ്യാഭ്യാസസംബന്ധമായ അനവധി ചിത്രങ്ങൾ ഉണ്ടാക്കിച്ചു വിദ്യാത്ഥികൾക്കുവേണ്ടി ഉപയോഗിക്കുന്നുണ്ട്. ഇതിന്നും പുറമെ യൂറോപ്പുരാജ്യത്തുള്ള പല ഗവമ്മേണ്ടുകളും

പൊതുജനങ്ങൾക്ക് അറിവു വൎദ്ധിപ്പാനായി സിനിമപ്രദൎശനങ്ങൾ നടത്തിവരുന്നുണ്ട്. മതസംബന്ധമായും ഇപ്രകാരം തന്നെ ചെയ്തുവരുന്നുണ്ട്. ഇയ്യിടെ അമേരിക്കയിൽ ൩൦ ലക്ഷം ഉറുപ്പിക ചിലവിട്ടു മതവിഷയങ്ങളായ പല ചിത്രങ്ങളും എടുത്തിട്ടുണ്ട്.

അമേരിക്കയിലെ ഒരു പ്രസിദ്ധപ്പെട്ട ഇരുമ്പുശാലയായ 'കാൎണ്ണീഗി ഇൻസ്റ്റിറ്റ്യൂറ്റിൽ (Carnegie Institute) ഇരുമ്പു കുഴിച്ചെടുക്കുന്നതും, മണ്ണു കിളച്ചു ലോഹം വേൎതിരിക്കുന്നതും, പിന്നീടു ശുദ്ധിവരുത്തുന്നതും, ഇരുമ്പുകൊണ്ടുണ്ടാക്കാവുന്ന സകല പ്രവൃത്തികളും സിനിമയിലാണു കാണിച്ചുകൊടുക്കുന്നത്. ഖനികളിൽനിന്ന് ഇരുമ്പു കുഴിച്ചെടുക്കുന്നതു മുതൽ അതുകൊണ്ടുണ്ടാക്കുന്ന വിവിധ സാധനങ്ങൾ വീടുകളിൽ എത്തുന്നവരെയുള്ള സകലപ്രവൃത്തികളും ചിത്രരൂപേണയാണു പണിക്കാരെ പഠിപ്പിക്കുന്നത്.

"സിനിമഭ്രാന്ത്" പൌരസ്ത്യരാജ്യങ്ങളിൽ കടന്നുകൂടീട്ടില്ല. ജാപ്പാൻകാർ അല്പാല്പമായി ഇപ്പോൾ അതിന്നു വേണ്ട ഉദ്യമങ്ങൾ ചെയ്തുവരുന്നുണ്ട്: ജാപ്പാനിൽ ഇപ്പോഴ് നൂറിരുമ്പതിലധികം സിനിമശാലകൾ ഉണ്ട്. ഇന്ത്യയിൽ ഈ തൊഴിൽ തീരെയില്ലെന്നുതന്നെ പറയാം. ഇന്ത്യാരാജ്യത്തുള്ള പല കഥകളും, നമ്മുടെ വിലയേറിയ പുരാണങ്ങളും മറ്റും സിനിമക്ക് എത്രയും ചേൎന്നവകളാണ്.

രാമായണം കഥ മുഴുവനും ചിത്രരൂപേണ കാണുന്നതായാൽ നമുക്ക് ആ പുരാണത്തെപ്പററി ഇപ്പോൾ ഉള്ള അറിവിൽ പതിന്മടങ്ങറിവുണ്ടാവുമെന്നതിന്നു യാതൊരു സംശയവുമില്ല. ഇതിന്നും പുറമെ സാരമേറിയ എത്രയോ കഥകൾ നമുക്കുണ്ട്. അവ സിനിമയിൽ കാണിച്ച്, അവയുടെ സൂക്ഷ്മതത്വങ്ങൾ മനസ്സിലാക്കിയാൽ പിന്നെ തീരെ മറക്കുവാൻ സാധിക്കുന്നതല്ല. പുരാതനറോമിലെ ചില കഥകൾ സിനിമയിൽ കാണുന്ന സമയം എനിക്ക് ആ രാജ്യക്കാരെപ്പററിയുണ്ടാവുന്ന ബഹുമാനത്തേയും സ്നേഹത്തേയും വിവരിക്കുവാൻ കഴിയില്ല. ചില സങ്കടഘട്ടങ്ങളിൽ ഏവനും മനസ്സലിഞ്ഞുപോകും. മററുള്ള രാജ്യങ്ങളെപ്പോലെ ഇന്ത്യയും ഈ പുതുതായ ഏൎപ്പാടിൽ വേണ്ട ഉദ്യമങ്ങൾ ഉടനെ ചെയ്യുമെന്ന് ഊഹിക്കാവുന്നതാണ്. ഈ ആവശ്യത്തിന്ന് ഉത്സാഹിക്കേണ്ടതു ധനവാന്മാരാണ്. മറെറല്ലാ തൊഴിലുകളെക്കാൾ മൂലധനം അധികമാവശ്യം സിനിമക്കുണ്ട്.

പുരാണപ്രസിദ്ധമായ നമ്മുടെ മാതൃഭൂമിയുടെ പഴയ കഥകളും, അതിലെ പൂൎവ്വന്മാരുടെ മഹത്തായ ജീവചരിത്രങ്ങളും, മററും ചിത്രത്തിൽ കണ്ടു നമ്മെ ഇതരരാജ്യക്കാർ ബഹുമാനിക്കുന്ന കാലം ഒട്ടും ദൂരെയല്ല.

എ.

# പുഷ്പാഞ്ജലി*

## ഒന്നാമദ്ധ്യായം.

[വേദവ്യാസന്റെ തപസ്സ്. മാർക്കണ്ഡേയന്റെ വരവ്. ധ്യാനത്തിൽ കണ്ട ദേവീമൂർത്തി. വേദവ്യാസന്റെ ചോദ്യങ്ങൾ.]

കലിയുഗത്തിന്റെ ആരംഭം കണ്ടിട്ട ഭഗവാൻ വേദവ്യാസൻ തന്റെ പ്രകൃതിസുലഭമായ ദയാഗുണത്താൽ പ്രേരിതനായിട്ട മനുഷ്യജാതിക്ക കലികാലത്തിൽ വരാൻപോകുന്ന ദോഷങ്ങൾ നീക്കാനുള്ള ആഗ്രഹത്തോടുകൂടി ഏകാന്തദ്ധ്യാനത്തിലിരുന്നു കണ്ണടച്ചുംകൊണ്ടു 'സ്വസ്തി' എന്നു ശബ്ദബ്രഹ്മത്തെ ജപിച്ചുകൊണ്ടിരുന്നിരുന്നു. അനേകായിരം കൊല്ലങ്ങൾ ഈവിധത്തിൽ കഴിഞ്ഞുകൂടിയതിന്നുശേഷം ഒരിക്കൽ പെട്ടെന്നു മഹർഷിയുടെ ദേഹം മുഴുവനും രോമാഞ്ചഭരിതമാവുകയും മുഖകമലം വികസിക്കുകയും കണ്ണുകളിൽനിന്ന് ആനന്ദാശ്രുക്കൾ വീണുതുടങ്ങുകയും ചെയ്തു. വ്യാസദേവൻ കണ്ണുകൾ മിഴിച്ചു. കണ്ണുകൾ മിഴിച്ചു നോക്കിയപ്പോൾ തന്റെ മുമ്പിൽ ഏഴ കല്പാന്തകാലം ജീവിച്ചിരിക്കുന്നവനും കാലനെ ജയിച്ചവനുമായ മാർക്കണ്ഡേയമഹർഷി നില്ക്കുന്നതു കണ്ടു.

വ്യാസദേവൻ മഹാമുനിയെ യഥാവിധി വന്ദനാദികൾ ചെയ്ത് ആസനത്തിലിരുത്തിയതിന്നുശേഷം മാർക്കണ്ഡേയൻ പറഞ്ഞു. "സകല വേദങ്ങളേയും പകുത്തുവെച്ചു വേദങ്ങൾക്ക പ്രചാരം വരുത്തിയ വ്യാസദേവാ! അങ്ങു തന്നെയാണ ധന്യൻ. അങ്ങു തന്നെയാണ ജ്ഞാനി. അങ്ങു തന്നെയാണ ഭഗവൽഭക്തൻ! അങ്ങ് ഇപ്പോൾ അനുഭവിച്ചിരുന്ന അനുപമമായ ആനന്ദം നിസ്തുലവും സീമയില്ലാത്തതുമാണ്. അത് ഏറക്കുറവില്ലാത്തതും പരിശുദ്ധവുമായ അമൃതാനന്ദമാണ്. അങ്ങയുടെ തപസ്സിദ്ധിയുടെ സകല ലക്ഷണങ്ങളും കണ്ടറിഞ്ഞിട്ട ഞാൻ അത്യന്തം സന്തോഷിക്കുന്നു."

വ്യാസദേവൻ പറഞ്ഞു: "മുനിശ്രേഷ്ഠനായ അങ്ങയെ കണ്ടിട്ട് എന്റെ കണ്ണുകൾ പരിശുദ്ധങ്ങളായിരിക്കുന്നു. അങ്ങയുടെ വാക്കുകൾ കേട്ടിട്ട് എന്റെ മനസ്സു പവിത്രമായി. ഞാൻ എല്ലാംകൊണ്ടും പരിശുദ്ധനായിത്തീർന്നിരിക്കുന്നു. അങ്ങയുടെ ശിഷ്യനായിരിക്കാനുള്ള യോഗ്യത എനിക്കില്ല. എങ്കിലും ഞാൻ തീരെ അയോഗ്യനാണെന്ന് അങ്ങക്കു തോന്നാത്തപക്ഷം എന്നെ അനുഗ്രഹിച്ച് എന്റെ ചോദ്യങ്ങൾക്ക ശരിയായ മറുവടി പറഞ്ഞ് എനിക്കറിവുണ്ടാക്കിത്തന്ന് എന്നെ കൃതാർത്ഥനാക്കിത്തീർത്താലും."

---

* പ്രസിദ്ധഗ്രന്ഥകാരനായ ശ്രീ ഭൂദേവമുഖോപാദ്ധ്യായൻ ബംഗാളഭാഷയിൽ എഴുതീട്ടുള്ള "പുഷ്പാഞ്ജലി" എന്ന ഗ്രന്ഥത്തിന്റെ തർജ്ജമയാണ പ്രസ്തുത പ്രബന്ധം. ചില തീർത്ഥസ്ഥാനങ്ങളെ അവലംബനമാക്കി വ്യാസമാർക്കണ്ഡേയസംവാദമെന്ന വ്യാജേന ഹിന്ദുധർമ്മത്തിന്റെ ചില തത്വങ്ങളെ വെളിപ്പെടുത്തുകയാണ "പുഷ്പാഞ്ജലി"യുടെ വിഷയം.

മഹാമുനിയായ മാർക്കണ്ഡേയൻ വേദവ്യാസൻെറ വിനയവാക്കുകൾ കേട്ട പുഞ്ചിരിയിട്ടു. മൌനം അവലംബിച്ച തൻെറ സന്തോഷവും സമ്മതവും വെളിപ്പെടുത്തിയപ്പോൾ വ്യാസഭഗവാൻ ആഗ്രഹാതിശയത്തോടു കൂടി പറഞ്ഞുതുടങ്ങി. "മുനിശ്രേഷ്ഠാ! ഞാൻ ധ്യാനത്തിലിരുന്ന് എന്തൊരു അപൂൎവ്വമൂൎത്തിയേയാണു കണ്ടത്! ആ മൂൎത്തി സ്ത്രീരൂപമായിട്ട് എൻെറ ഹൃദയഗുഹയിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്നു. ആ മൂൎത്തിയുടെ പാദകമലങ്ങൾക്ക് എന്തൊരു അനുപമസൌന്ദൎയ്യമാണ്! ദേഹത്തിൻെറ പ്രഭ എത്ര ഉജ്ജ്വലമായിരിക്കുന്നു! മുഖചന്ദ്രന് എന്തൊരു മനോഹരകാന്തിയാണ്! ഇവൾ പൎവ്വതരാജപുത്രിയായ പാൎവ്വതിയെപ്പോലെ സിംഹാരൂഢയായിരിക്കുന്നില്ല. ത്രിപഥഗാമിനിയായ ഗംഗാദേവിയുടെ സമ്പൂൎണ്ണമായ ശോഭ ഇവളുടെ ദേഹത്തിൻെറ ഒരു ഭാഗത്തു വിളങ്ങുന്നുണ്ട്. ഇവളെ ലക്ഷ്മീദേവി എന്നു പറയാനും പാടില്ല. ലക്ഷ്മി ചുകന്നവസ്ത്രം ധരിച്ചവളാണ്. ഇവൾ പച്ചവസ്ത്രം ധരിച്ചവളാണ്. സരസ്വതിയെപ്പോലെ ഇവൾ സ്നിഗ്ദ്ധമധുരമായ, സൌമ്യഭാവത്തോടുകൂടിയവളാണ്. എന്നാൽ ഇവളുടെ കയ്യിൽ വീണയില്ല. മററു സകല ദേവതകളെക്കാളും ഇവൾക്ക് ഒരു വിശേഷമുള്ളത് ഇതാണ്: ഇവൾ ഇടവിടാതെ തൻെറ സന്താനങ്ങൾക്കു മാതൃവാത്സല്യത്തോടുകൂടി അന്നപാനാദികൾ കൊടുത്തുംകൊണ്ടിരിക്കുന്നു. മുനിവരാ! ഇവൾ ഏതൊരു ദേവിയാണ്? ഇവളെ പൂജിക്കേണ്ട ക്രമം എന്താണ്? ഇവളെ ഉപാസിക്കാൻ ആരെല്ലാമാണ് അധികാരികൾ? ഇവളെ ആരാധിക്കുന്നതിൽ വരാവുന്ന വിഘ്നങ്ങൾ എന്തെല്ലാമാണ്? ഈ സകല വിഘ്നങ്ങളേയും അകററാനുള്ള ഉപായങ്ങൾ എന്തെല്ലാമാണ്? ഇവളെ സേവിച്ചാൽ കിട്ടുന്ന ഫലം എന്താണ്? ഈ എല്ലാ വിഷയങ്ങളെക്കുറിച്ചും സവിസ്തരമായി ഉപദേശംതന്ന് ഈ കിങ്കരനെ അങ്ങ് കൃതാൎത്ഥനാക്കിച്ചെയ്യാൻ കൃപചെയ്യണം."

മഹാമുനി മാർക്കണ്ഡേയൻ ഏകാന്തമനസ്സോടും നിമേഷരഹിതമായ ദൃഷ്ടിയോടും കൂടി ആഗ്രഹാതിശയംകൊണ്ടു നിറഞ്ഞു വ്യാസദേവൻെറ മുഖാരവിന്ദത്തിൽനിന്നൊഴുകുന്ന വാക്യാമൃതത്തെ പാനംചെയ്തു വിമുക്തനായിത്തീൎന്നു. വേദവ്യാസൻ പറഞ്ഞവസാനിപ്പിച്ചശേഷം ആശ്ചൎയ്യത്തോടുകൂടി അദ്ദേഹം പെട്ടെന്നു പറഞ്ഞു: 'വേദവ്യാസാ! അങ്ങുതന്നെയാണ് ധന്യന്മാരിൽവെച്ചു ധന്യൻ. തൻെറ സന്താനങ്ങളിൽവെച്ചു സൎവ്വംകൊണ്ടും പ്രധാനിയായവൻെറ ജ്ഞാനദൃഷ്ടിക്കു മുമ്പിൽ അമ്മ തൻെറ യഥാൎത്ഥസ്വരൂപത്തോടുകൂടിത്തന്നെ പ്രത്യക്ഷയായ് ഭവിച്ചിരിക്കുന്നു. വേദവ്യാസനൊഴിച്ച് ഈ സ്വരൂപം പ്രത്യക്ഷമായി കാണാനുള്ള യോഗ്യത വേറെ ആൎക്കുണ്ട്? ഏതൊരുവൻ ഇടവിടാതെയുള്ള ചിന്താബലംകൊണ്ടു വേദാൎത്ഥങ്ങളെല്ലാം ഹൃദിസ്ഥമാക്കി സകല മനുഷ്യരുടേയും ഗുണത്തിനുവേണ്ടി അവയെല്ലാം പുരാണരൂപത്തിൽ വെളിപ്പെടുത്തിയോ; ഏതൊരുവൻ യശസ്സു നേടാനുള്ള ആഗ്രഹം ലേശംപോലും കൂടാതെ സകല വിഷയങ്ങ

ളിലും പരോപകാരത്തിന്നുവേണ്ടി തന്റെ തപസ്സിന്റെ ഫലം വിനിയോഗിച്ചുവോ; ഏതൊരുവൻ യാതൊരു തടസ്ഥവും കൂടാതെ രാജധാനിയിലാവട്ടെ ദേവസഭയിലാവട്ടെ കടന്നുചെല്ലുമ്പോൾ സൎവ്വരാലും ഒരുപോലെ ആദരിക്കപ്പെടുകയും താൻ ചെന്ന ദിക്കെല്ലാം ഏതൊരുവന്റെ മാഹാത്മ്യംകൊണ്ടു പരിശുദ്ധമായിത്തീരുകയും ചെയ്തിരുന്നുവോ; ഏതൊരുവന്റെ മുഖത്തിൽനിന്നു പുറപ്പെടുന്ന സകല വാക്കുകളും തൂലികയിൽനിന്നു പുറപ്പെടുന്ന സകല കൃതികളും ആ മഹാദേവിയുടെ സ്തുതിപാഠങ്ങളായിട്ടുതന്നെ കലാശിച്ചുവോ; ബ്രഹ്മചാരിയും യതിയും സത്യവതീപുത്രനുമായ ആ വേദവ്യാസന്റെ മുമ്പിലല്ലാതെ ദേവകുലമാതാവും സനാതനിയും സതിയുമായ ആ ദേവി മററാരുടെ മുമ്പാകെ തന്റെ സ്വരൂപത്തെ പ്രത്യക്ഷമായിക്കാണിക്കും? സാധോ! വേദവ്യാസാ! അങ്ങുതന്നെയാണു ധന്യൻ.'

ഇങ്ങിനെ പറഞ്ഞതിന്റെ ശേഷം മാൎക്കണ്ഡേയൻ ആസനത്തിൽനിന്ന് എണീട്ടു വ്യാസദേവന്റെ തലയിൽതൊട്ടു നല്ലവണ്ണം അനുഗ്രഹിച്ചു. പിന്നെ 'എന്റെ ഒന്നിച്ചുവരൂ' എന്നിങ്ങിനെ പറഞ്ഞ് അദ്ദേഹം മുമ്പിൽ നടന്നു. വ്യാസഭഗവാൻ അദ്ദേഹത്തിന്റെ പിന്നാലെ പോയി.

## രണ്ടാം അദ്ധ്യായം.

---

[കുരുക്ഷേത്രദൎശനം.— സങ്കല്പിതയാത്ര. സഹസഞ്ചാരികൾ.]

കുരുക്ഷേത്രം എത്ര രമണീയമായ സ്ഥാനമാണ്! നാലുഭാഗത്തു നോക്കിയാലും കണ്ണെത്തുന്നതുവരെ ചുകന്ന മണലോടുകൂടിയ മരുഭൂമി പരന്നുകിടക്കുന്നതു കാണാം. ദുൎല്ലഭം ചിലേടത്തു പലാശവൃക്ഷങ്ങളോടു കൂടിയ ചെറുകാടുകൾ കാണപ്പെടുന്നുണ്ട്. മദ്ധ്യഭാഗത്തിൽ അഗാധവും വെള്ളംനിറഞ്ഞതുമായ ഒരു തടാകത്തിൽ അരയന്നങ്ങൾ ജലക്രീഡ ചെയ്തുംകൊണ്ടു താമരക്കൂട്ടങ്ങളെ ഇളക്കുകയും വെള്ളത്തിന്ന് അനക്കമുണ്ടാക്കിത്തീൎക്കുകയും സുമധുരമായ കളരവംകൊണ്ടു വായുമണ്ഡലത്തെ മുഖരിതമാക്കിത്തീൎക്കുകയും ചെയ്തിരുന്നു.

കുരുക്ഷേത്രം എത്ര ഭയങ്കരമായ ഒരു സ്ഥാനമാണ്! ഇതിന്റെ മണ്ണു മുഴുവനും ചോരകൊണ്ടു പുരണ്ടതാണ്. പുഷ്പിച്ചുനില്ക്കുന്ന പലാശവൃക്ഷങ്ങളെല്ലാം നിണമണിഞ്ഞവയാണ്. തടാകങ്ങളെല്ലാം പരശുരാമനാൽ ഹനിക്കപ്പെട്ട ക്ഷത്രിയന്മാരുടെ ചോരകൊണ്ടു നിറഞ്ഞവയാണ്. ഈ സ്ഥലത്തുവെച്ചു കുരുവംശം നശിക്കുകയും പൃഥുരാജാവു കൊല്ലപ്പെടുകയും മഹാരാഷ്ട്രസൈന്യം നശിക്കുകയും അതു നിമിത്തം ഹിന്ദുജാതിയുടെ ഉദയോന്മുഖമായ ആശ വളരെ കാലത്തേക്കു അസ്തമിക്കുകയും ചെയ്തു.

കുരുക്ഷേത്രം എത്ര ശാന്തരസത്തോടുകൂടിയ സ്ഥാനമാണ്! ഇവിടെ കുരുപാണ്ഡവന്മാരും ഹിന്ദുക്കളും മുസൽമാന്മാരും ശത്രുക്കളും ബന്ധുക്കളും സകലരും ഒരേശയ്യയിൽ കിടന്നുംകൊണ്ടു സുഖമായി ഉറങ്ങിക്കിടക്കുന്നു. അവർ തമ്മിൽ ലേശമെങ്കിലും മത്സരമോ വൈരമോ ഇല്ല. ഭയം, വിദ്വേഷം, ഈൎഷ്യ മുതലായ ഭാവങ്ങൾ അവർ തീരെ ഉപേക്ഷിച്ചുകള

ഞ്ഞിരിക്കുന്നു. ഈ സ്ഥലം സാക്ഷാൽ ശാന്തിനികേതനമാണ്. സൂര്യകിരണങ്ങളേററു വിടർന്നുനില്ക്കുന്ന ഈ കാണുന്ന താമരക്കൂട്ടം പുരാതനവീരപുരുഷന്മാരുടെ ഹൃദയപത്മങ്ങളാണ്. ഈ കാണുന്ന കളഹംസങ്ങൾ പുരാണകവികളാണ്. അവ നല്ല ശ്രുതിയോടുകൂടി വീരന്മാരുടെ ഗുണഗണങ്ങളെ ഗാനംചെയ്യുന്നു.

കുരുക്ഷേത്രത്തിന്റെ മദ്ധ്യത്തിൽക്കൂടി ഒഴുകുന്ന സരസ്വതീനദിയുടെ തീരത്ത് ഏററവും പ്രശസ്തമായ ഒരു പേരാലിന്റെ ചോട്ടിലാണ് മാർക്കണ്ഡേയമഹർഷിയുടെ ആശ്രമം. മഹർഷി ആ സ്ഥാനത്തെത്തി പിന്തിരിഞ്ഞുനോക്കിയപ്പോൾ വേദവ്യാസൻ തന്റെ അടുത്തെത്തിയതായിക്കണ്ടു.

മാർക്കണ്ഡേയൻ തന്റെ മുമ്പിൽക്കൂടി ഒഴുകുന്ന നദിയുടെ നേരെ ചൂണ്ടിക്കാണിച്ചു തൊണ്ടയിടറിക്കൊണ്ടു പറഞ്ഞു. "പണ്ടേക്കുപണ്ടേയുള്ളതും വീതികുറഞ്ഞതുമായ ആ നദി അങ്ങയുടെ പാദമൂലത്തിൽക്കൂടെ ഒഴുകിപ്പോകുന്നത് അങ്ങ് കാണുന്നുണ്ടല്ലോ. ഞാൻ എന്റെ സ്വന്തം കണ്ണുകൾകൊണ്ട് ഈ നദിയുടെ ബാല്യാവസ്ഥയും കൈശോരവും യൌവനവും വാർദ്ധക്യവും കണ്ടിരിക്കുന്നു. ഒരു കാലത്ത് ഈ പ്രദേശങ്ങളെല്ലാം ഈ നദിയുടെ ഗർഭത്തിലായിരുന്നു. പിന്നീടു സത്യലോകത്തിൽ കുരുക്ഷേത്രം ഉത്ഭവിക്കുകയും സരസ്വതിയുടെ സന്താനങ്ങളായ ബ്രഹ്മർഷികൾ ഈ ഭൂമിയിൽ താമസം തുടങ്ങുകയും ചെയ്തു. ക്ഷീണിതയും മലിനയുമായ ഈ നദി അക്കാലത്ത് ഊക്കോടുകൂടി ഒഴുകുന്ന ഒരു വലിയ നദിയായിരുന്നു. അപ്പോൾ സമുദ്രം ഇവളെ ഉപേക്ഷിച്ചു ദൂരത്തു പോയിരുന്നില്ല. അക്കാലത്തു സമുദ്രം കിഴക്കേദിക്കു മുഴുവനും അതിക്രമിച്ചു പ്രൌഢയായ സരസ്വതിയുടെ പാണിഗ്രഹണംചെയ്യാൻവേണ്ടി ഈ സ്ഥലംവരെ തന്റെ തിരമാലകളെ പ്രസരിപ്പിച്ചിരുന്നു. കഷ്ടം! ആ കാലം ഇന്നലെ കഴിഞ്ഞതുപോലെ തോന്നുന്നു. ഈ നദി വീണ്ടും പ്രബലവേഗത്തോടുകൂടിയതായിത്തീരുമോ? ഇതിന്റെ ഇരുകരകളും വീണ്ടും ബ്രഹ്മഗുണഗാനങ്ങൾകൊണ്ടു മാറെറാലികൊള്ളുമോ? ഇവൾ അന്യരു കീഴടങ്ങാതെ വീണ്ടും സമുദ്രസംഗമത്തെ കാംക്ഷിച്ചുകൊണ്ടു സർവ്വാലങ്കാരഭൂഷിതയായ സ്ത്രീയെപ്പോലെ പ്രൌഢയായി തന്റെ കാമുകനെ അന്വേഷിച്ചുപോകുമോ?"

ഈ കഥകളെല്ലാം കേട്ടപ്പോൾ വേദവ്യാസന്റെ ഇരുകണ്ണുകളിൽനിന്നും കണ്ണീർ ധാരധാരയായി വീണുതുടങ്ങി. ഒന്നുരണ്ടു കണ്ണീർത്തുള്ളികൾ സരസ്വതീജലത്തിൽ വീണു. അപ്പോൾ കഠിനമായ കൊടുങ്കാററ് ഏററിട്ടെന്നപോലെയോ, അഥവാ ഭയങ്കരമായ ഭൂകമ്പത്തിന്റെ ഊക്കുകൊണ്ടെന്നപോലെയോ നദിയിലെ വെള്ളം ഇളകിമറിഞ്ഞുതുടങ്ങി. കാണക്കാണെ ജലപ്രവാഹം വർദ്ധിച്ചുതുടങ്ങി. ഇരുകരകളേയും ഭഗ്നമാക്കിക്കൊണ്ടു സരസ്വതീനദി ക്രമത്തിൽ വലുതായിത്തുടങ്ങി. ഹോമാഗ്നിയിൽനിന്നുത്ഭവിക്കുന്ന ധൂമഗന്ധം വഹിച്ചുകൊണ്ടു വായു വീശിത്തുടങ്ങി. ബ്രഹ്മർഷികളുടെ കണ്ഠങ്ങളിൽനിന്നു പുറപ്പെടുന്ന വേദഘോഷം കേട്ടുതുടങ്ങി. ഭൂമിയും വെള്ളവും ആകാശവും എല്ലാം ജീവമയമായി കാണപ്പെട്ടു. പി

ന്നെ ബ്രഹ്മഷികൾ, മഹഷികൾ, രാജ ഷികൾ, അതിരഥന്മാർ, മഹാരഥന്മാർ, അദ്ധരഥന്മാർ, കവികൾ, ഭടന്മാർ, സൂതിപാഠകന്മാർ മുതലായവരുടെ സാന്നിദ്ധ്യംകൊണ്ട് ആ ദിക്കു മുഴുവനും ഏററവും മാഹാത്മ്യത്തോടുകൂടിയതായി ഭവിച്ചു. പിന്നെ അവരെല്ലാവരും അവരവരുടെ പ്രകൃതിസുലഭമായ സ്വരത്തിൽ വേദവ്യാസനോടു സ്വകാൎയ്യമായിട്ടു പറഞ്ഞു. 'മാഭൈഃ, മാഭൈഃ (പേടിക്കേണ്ട, പേടിക്കേണ്ട.) ഞങ്ങളാരും ഇവിടെനിന്നു പോയിട്ടില്ല. എല്ലാവരും ഇവിടെത്തന്നെ ഉണ്ട്.'

വേദവ്യാസൻ ചിത്രത്തിലെഴുതിയ പാവയെപ്പോലേയും ശോഭയോടുകൂടിയ ഒരു പ്രതിമയെന്നപോലേയും ഏററവും സ്തംഭിച്ച ഭാവത്തോടുകൂടി ഈ സകല സംഭവങ്ങളും കണ്ടുകൊണ്ടു നിന്നിരുന്നു. ആ സമയത്തു മാൎക്കണ്ഡേയൻ വ്യാസന്റെ ശിരസ്സിൽ കൈവെച്ച് ഇപ്രകാരം പറഞ്ഞു: 'ധന്യാത്മാവായ വേദവ്യാസാ! ഭഗവതിയായ സരസ്വതിയുടേയും തീൎത്ഥരാജാവായ കുരുക്ഷേത്രത്തിന്റേയും കലിയുഗോചിതമായ അവസ്ഥ കണ്ടുവല്ലോ. എന്നാൽ അങ്ങയുടെ ഹൃദയഗുഹയിൽനിന്നു പുറപ്പെട്ട കണ്ണീരിന്റെ മഹിമവിശേഷംകൊണ്ടു യുഗധൎമ്മത്തിന്നു മാററം വരികയും ക്ഷണനേരംകൊണ്ടു സത്യയുഗം ലോകത്തിൽ വീണ്ടും പ്രവൎത്തിക്കുകയും ചെയ്തിരിക്കുന്നു. ഈ മാതിരി മനസ്സ് എവിടെയുണ്ടോ അവിടെ സത്യയുഗം എല്ലാപ്പോഴും പ്രകാശിക്കുന്നതാണ്. സാധുക്കളും സജ്ജനങ്ങളും ആയവരുടെ കണ്ണീരാണ് കലിദോഷങ്ങളെ കഴുകിക്കളയാനുള്ള കൈകണ്ട മരുന്ന്. മഹാമനസ്കന്മാരുടെ കണ്ണീർതന്നെയാണ് യഥാൎത്ഥമായ സരസ്വതീജലം. എത്ര കാലത്തോളം തപസ്സിദ്ധന്മാരായ മഹാന്മാരുടെ ഹൃദയഗുഹയിൽനിന്ന് ഈ ജലം പുറപ്പെടുന്നുവോ അത്ര കാലം സരസ്വതി ജീവിച്ചിരിക്കുകയും വേഗത്തോടുകൂടി ഒഴുകുകയും ചെയ്യുന്നതാണ്. ഇപ്പോൾ നമുക്കു പോവുക. എന്നാൽ ഈ വേഷം പാടില്ല. കലിയുഗം ആരംഭിച്ചത് അങ്ങു കണ്ടുവല്ലോ. ഇപ്പോൾ കാലോചിതമായ വേഷം ധരിച്ചാലും. ഞാൻ ആൎക്കും കാണാൻപാടില്ലാത്തവിധത്തിൽ അങ്ങയുടെ ഒന്നിച്ചു വരാം.''

## മൂന്നാം അദ്ധ്യായം.

[ജ്വാലാമുഖീദർശനം. ക്രോധപരീക്ഷ.]

ദ്വാപരയുഗത്തിൽ കുരുക്ഷേത്രത്തിന്റെ പടിഞ്ഞാറെ അററത്ത് പാണ്ഡവന്മാരുടെ അമ്മയായ കുന്തീദേവി താമസിച്ചിരുന്നു. അതുകൊണ്ട് ആ സ്ഥലത്തിന്ന് അംബാലയം എന്ന പേർ സിദ്ധിച്ചു. ആ പേർ ദുഷിച്ച് ഇപ്പോൾ ആ സ്ഥലത്തിന്ന് അംബാലാ എന്ന പേർ വിളിച്ചുവരുന്നു. ഒരുദിവസം മദ്ധ്യവയസ്കനായ ഒരു ബ്രാഹ്മണൻ ഈ സ്ഥലത്തിൽ വന്നെത്തി. അവിടെയുള്ള അതിവിശാലമായ ഒരു മൈതാനത്തിന്റെ നടുവിലായി അനേകായിരം ഭടന്മാർ അണിനിരന്നു നില്ക്കുന്നത് ആ ബ്രാഹ്മണനു കാണാറായി.

ഈ സൈന്യത്തിലെ ചില ഭടന്മാരുടെ നേരെ സൈന്യാധിപതിക്കു വളരെ

സംശയമുണ്ടായിരുന്നു. രാജാധികാരികൾ അവരുടെ എല്ലാ ആയുധങ്ങളും വെപ്പിച്ച് അവരെ ബന്തോവസ്തിലാക്കിയിരുന്നു. എന്നാൽ യഥാൎത്ഥത്തിൽ പ്രത്യേകമായ രാജദ്രോഹശങ്കയ്ക്കു കാരണമൊന്നും ഉണ്ടായിരുന്നില്ല. സംശയിക്കപ്പെട്ടിരുന്ന ഭടന്മാർ സകല വിഷയങ്ങളിലും സേനാപതിയുടെ കല്പനകളനുസരിച്ചു നടന്നിരുന്നു. രാജദ്രോഹകരങ്ങളായ ഗൂഢസഭകളിലൊന്നും അവർ ചേൎന്നിരുന്നില്ല. എന്നുമാത്രമല്ല അവരുടെ ചാൎച്ചക്കാരും വേഴ്ചക്കാരും അവൎക്ക് അയച്ചിരുന്ന എഴുത്തുകൾ അവർ സ്വന്തമായിട്ട് തുറന്നു വായിച്ചില്ല. അവർ ആദ്യമായിട്ട് ആ എഴുത്തുകൾ രാജപുരുഷന്മാൎക്കു വായിക്കാൻ കൊടുത്തിരുന്നു. അവർ എന്തുതന്നെ ചെയ്കിട്ടും അവൎക്കു രാജപുരുഷന്മാരുടെ വിശ്വാസം നേടാൻ കഴിഞ്ഞില്ല. ഈ അവസരത്തിൽ അവരുടെ കാവലിന്നായി നിയമിക്കപ്പെട്ടിരുന്ന രാജസൈന്യത്തെ വേറെ ഒരു സ്ഥലത്തിലേക്കു അയയ്ക്കേണ്ടതായ ആവശ്യം നേരിട്ടു. പ്രധാനരാജപുരുഷൻ അവിശ്വസ്തന്മാരായ ഭടന്മാരെയെല്ലാം കൊല്ലുവാൻ അനുവാദം കൊടുത്തു. അംബാലയത്തിലെ വിശാലമായ മൈതാനത്തിൽ സൈന്യങ്ങളെല്ലാം ഒന്നിച്ചുകൂടിനില്ക്കുന്നതു മദ്ധ്യവയസ്കനായ ബ്രാഹ്മണൻ കണ്ടു. ആയുധംവെപ്പിക്കപ്പെട്ട ഭടന്മാർ നടുവിലും, അസ്ത്രങ്ങളും കവചങ്ങളും ധരിച്ച ഭടന്മാർ അവരുടെ നാലുഭാഗത്തും നിന്നിരുന്നു. സേനാപതി ഉറക്കെ ഇങ്ങിനെ പറഞ്ഞിരുന്നു: 'നിങ്ങളുടെ ബന്ധുമിത്രാദികൾ എന്നുമുതൽക്കു രാജദ്രോഹകാൎയ്യത്തിൽ എൎപ്പെട്ടുവോ അന്നുമുതൽക്കു നിങ്ങളും ഗൂഢമായിട്ട് അവരോട് ഒത്താശ ചെയ്യതുടങ്ങിയിരിക്കുന്നു. ആ കാൎയ്യത്തിൽ എനിക്കു അണുമാത്രം സംശയമില്ല. നിങ്ങൾ എന്തു സാഹസംകൊണ്ടാണ് ഇപ്പോഴും ഇവിടെത്തന്നെ താമസിക്കുന്നത്? നിങ്ങൾ ഇതേവരെ പുറപ്പെട്ടുപോകാഞ്ഞത് എന്തുകൊണ്ടാണ്?' ആയുധംവെച്ച ഭടന്മാർ ഈ വാക്കുകൾ കേട്ടിട്ടു മുഖത്തോടുമുഖം നോക്കി. എന്നാൽ എന്താണു പറയേണ്ടത്, എന്താണു ചെയ്യേണ്ടത് എന്നു തീൎച്ചപ്പെടുത്താൻ അവൎക്കു കഴിഞ്ഞില്ല. ഈ അവസരത്തിൽ വേറെ ഒരു സേനാധിപൻ 'കാടിപ്പോവിൻ, കാടിപ്പോവിൻ' എന്നിങ്ങിനെ ഉറക്കെ പറഞ്ഞു. അപ്പോൾ സൈന്യങ്ങൾ സംഭ്രമിച്ചുവശായി. ഒന്നുരണ്ടുപേർ കൂട്ടത്തിൽനിന്നു തെററി. അപ്പോൾ അസ്ത്രസമൂഹങ്ങളുടെ ഝണഝണശബ്ദവും ഭടന്മാരുടെ ആൎത്തനാദവും മുഴങ്ങി. ക്ഷണനേരത്തിന്നുള്ളിൽ രണ്ടായിരത്തിലധികം ഭടന്മാരുടെ ശവങ്ങൾ കുന്നുപോലെ കൂടി. അപ്പോൾത്തന്നെ സൈന്യാധിപൻ പ്രധാനമന്ത്രിക്കു താഴെ പറയുംപ്രകാരം എഴുതി അയച്ചു. 'അവിടുന്ന് അയച്ച കല്പന ഇന്നലെ രാത്രി കിട്ടി. രാജദ്രോഹികളെ ബന്ധോവസ്തിലാക്കാൻ ശ്രമിച്ചപ്പോൾ അവർ ഓടിപ്പോവാൻ നോക്കി. അതുകൊണ്ട് അവരെയെല്ലാം കൊല്ലേണ്ടതായി വന്നു. ഇന്നു സന്ധ്യയ്ക്കു ഞങ്ങൾ പുറപ്പെടുന്നു.'

തന്റെ സ്വന്തം കണ്ണുകൾകൊണ്ട് ഈ സകല സംഭവങ്ങളും മദ്ധ്യവയസ്കനായ ബ്രാഹ്മണൻ കണ്ടുകൊണ്ടു നിന്നിരുന്നു. അദ്ദേഹത്തിന്റെ ശരീരം കോപം

കൊണ്ടു വിറയ്ക്കുകയും, കണ്ണുകൾ ചുകന്ന് അവയിൽനിന്നു തീപ്പൊരികൾ പുറപ്പെടുകയും ചെയ്തു. എന്തെങ്കിലും ചിലതു പറയാനും എന്തെങ്കിലും ചിലതു പ്രവർത്തിക്കാനും അദ്ദേഹം ശ്രമിച്ചുനോക്കി എങ്കിലും അദ്ദേഹത്തിന് ഒന്നുംതന്നെ ചെയ്വാൻ സാധിച്ചില്ല. ആരോ ഒരുവൻ അദ്ദേഹത്തെ ബലമായി ആകർഷിച്ചുകൊണ്ട് ആ സ്ഥലത്തിൽനിന്നു ദൂരെ ഒരു ദിക്കിലേയ്ക്കു കൂട്ടിക്കൊണ്ടുപോയിത്തുടങ്ങി. അദ്ദേഹം ബദ്ധപ്പെട്ടു നടന്നുതുടങ്ങി. അനേകം നഗരങ്ങളും നദികളും വനങ്ങളും ഉപവനങ്ങളും കടന്നുപോയതിന്റെ ശേഷം ജ്വാലാമുഖിയിലേയ്ക്കു പോകുന്ന വഴിയും ഇന്ദ്രപ്രസ്ഥത്തിലേയ്ക്കു പോകുന്ന വഴിയും തമ്മിൽ കൂട്ടി മുട്ടുന്ന സ്ഥലത്ത് അദ്ദേഹം ചെന്നെത്തി.

ബ്രാഹ്മണൻ അവിടെനിന്ന് ഇന്ദ്രപ്രസ്ഥത്തിലേയ്ക്കുപോകുന്ന വിശാലമായ വഴിയ്ക്കു നേരെ നോക്കിയപ്പോൾ അധികം ദൂരത്തല്ലാതെ ഒരു കൂട്ടം കുതിരപ്പടയാളികളെ കണ്ടു. അവരുടെ രണഭേരികൾ മുഴങ്ങിക്കൊണ്ടിരുന്നു. അവരുടെ കൊടിക്കൂറകളെല്ലാം കാററത്തു പറന്നുകൊണ്ടിരുന്നു. സൈനികന്മാരുടെ അട്ടഹാസങ്ങളും കുതിരകളുടെ ഹേഷാരവങ്ങളും കൂടിച്ചേർന്ന് അതിമാന്ദ്രഘോഷവും ഭയങ്കരവുമായ ശബ്ദം പുറപ്പെട്ടുതുടങ്ങി, കുതിരപ്പടയാളികൾ കുറേക്കൂടി അടുത്തെത്തി. അവരുടെ കോലാഹലംകൊണ്ടു നാലുദിക്കും മുഴങ്ങി. അവരുടെ നടുവിൽനിന്നു സ്ത്രീജനങ്ങളുടെ മുറവിളിശബ്ദവും ഇടയ്ക്കിടയ്ക്കു കേട്ടുതുടങ്ങി. ആനയുടെ എല്ല്, ഖണ്ഡാമൃഗത്തിന്റെ തോല്, ചെമ്പിച്ച രോമം മുതലായ സാധനങ്ങൾകൊണ്ടു ബ്രഹ്മാവിനാൽ സൃഷ്ടിക്കപ്പെട്ട ആയിരത്തിലധികം നരപിശാചുക്കൾ വലിയ വലിയ കുതിരകളുടെ പുറത്തു കയറി യാത്രചെയ്തിരുന്നു. അവരിൽ ഓരോരുത്തന്റെ ഒന്നിച്ചും കൈകാലുകളിൽ ആമത്തോടുകൂടിയ ഒന്നുരണ്ടു സുന്ദരിമാർ ഉണക്കംകൊണ്ടു വാടി വിളർത്ത വള്ളികളെപ്പോലെ നയിക്കപ്പെട്ടിരുന്നു.

ഈ സ്ത്രീകളുടെ കൂട്ടത്തിലുണ്ടായിരുന്ന ഒന്നുരണ്ടു പേർ ഈ മാതിരി ദ്രോഹം കൊണ്ടുള്ള കഠിനവേദന സഹിക്കാൻ കഴിയാതെ ആത്മഹത്യ ചെയ്തു. അപ്പോൾ പിശാചുക്കളായ കുതിരപ്പടയാളികൾ അവരുടെ ദേഹങ്ങളിൽനിന്നു വസ്ത്രാഭരണങ്ങൾ അഴിച്ചെടുത്ത് അവരുടെ ശവശരീരങ്ങൾ ദൂരെ വലിച്ചെറിഞ്ഞു. ചില സ്ത്രീകൾ ചിത്തഭ്രമത്തോടുകൂടിയവരായിട്ടു തന്നെത്താൻ പേയും പിറാന്തും പറഞ്ഞുതുടങ്ങി. ചിലർ 'ഞാൻ ഭർത്തൃഗൃഹത്തിലേയ്ക്കു പോകുന്നു' എന്നു പറഞ്ഞു മൃദുസ്വരത്തിൽ കരഞ്ഞുതുടങ്ങി. മററു ചിലർ 'ഞാൻ അച്ഛന്റെ വീട്ടിലേയ്ക്കു പോകുന്നു' എന്നു പറഞ്ഞ് അവ്യക്തസ്വരത്തിൽ പാടിത്തുടങ്ങി. വേറെ ചിലർ തങ്ങളുടെ വെറും കൈകൾകൊണ്ടു മടിയിൽ കിടക്കുന്ന കുട്ടിയെ മുല കുടിപ്പിയ്ക്കുന്ന മാതിരി ആംഗ്യം കാട്ടിത്തുടങ്ങി. പിന്നെ മുലകൾ ചുരന്നു കുട്ടി കുടിക്കാത്തതുകൊണ്ടുള്ള വേദന നിമിത്തം 'ഓമനേ! മുല കുടിയ്ക്കു. എന്താണു മുല കുടിയ്ക്കാത്തത്?' എന്നിങ്ങിനെ മമ്മം പിളുക്കുന്ന വാക്കുകൾ വീണ്ടും വീണ്ടും പറഞ്ഞുതുടങ്ങി. മററു ചിലർ വെണ്ണക്കല്ലുകൊണ്ടുണ്ടാക്കി

യ പ്രതിമകളെപ്പോലെ ചേതനാശൂന്യകളായിട്ട യാതൊരു അനക്കവും കൂടാതെ നിന്നിരുന്നു. ചൈതന്യത്തിന്റെ ഒരു ലക്ഷണം മാത്രം അവരിൽ കാണപ്പെട്ടിരുന്നു: അതായത് അവരുടെ കണ്ണുകളിൽനിന്നു ധാരമുറിയാതെ വെള്ളം ഒഴകികൊണ്ടിരുന്നു. അനേകം പേർ അവരവരുടെ അച്ഛനമ്മമാരുടേയും സോദരന്മാരുടേയും മക്കളുടേയും പേർ ചൊല്ലിവിളിച്ചുംകൊണ്ട് ഉറക്കെക്കരഞ്ഞിരുന്നു. ക്രൂരന്മാരായ കുതിരപ്പടയാളികൾ സ്ത്രീകളുടെ സങ്കടങ്ങളെ ലേശം വകവെയ്ക്കാതെ അവരെ പലവിധത്തിലും ഉപദ്രവിയ്ക്കുകയും അടിയ്ക്കുകയും ചെയ്തിരുന്നു.

ഈ സകല സംഭവങ്ങളും കണ്ടും കേട്ടും കൊണ്ടു നിന്ന ബ്രാഹ്മണന്നു ക്രമത്തിൽ കഠിനമായ ക്രോധം ഉജ്ജ്വലിച്ചു. ദേഷ്യം സഹിയ്ക്കാൻ കഴിയാതെ അദ്ദേഹം പല്ലുകടിച്ചുതുടങ്ങി. അദ്ദേഹത്തിന്റെ ചുണ്ടുകൾ മുറിപ്പെട്ടു. എന്നാൽ അദ്ദേഹത്തിന്ന് എന്തെങ്കിലും ചെയ്യാനോ പറയാനോ സാധിച്ചില്ല. പിന്നെ അദൃശ്യമായ ഒരു ശക്തിയാൽ ആകൎഷിയ്ക്കപ്പെട്ടവനായിട്ട് അദ്ദേഹം വടക്കോട്ട യാത്രതുടങ്ങി.

വഴി ക്രമത്തിൽ തിരമാലകളെന്നപോലെ നിമ്നോന്നതമായിത്തുടങ്ങി. നാലു ഭാഗത്തും വലിയ വലിയ പാറക്കല്ലുകൾ നിലത്തിൽനിന്നു പൊട്ടിപ്പൊങ്ങിയപോലെ കാണപ്പെട്ടു. അതിന്നപ്പുറത്തുള്ള സ്ഥലത്തു സസ്യങ്ങൾ നന്നേ ദുൎല്ലഭമായിട്ടേ വളൎന്നിരുന്നുള്ളു. പിന്നെ കുറെ സ്ഥലം മുൾച്ചെടികൾകൊണ്ടു നിറഞ്ഞിരുന്നു. ഒടുക്കം യാതൊരു ചെടികളും മുളയ്ക്കാത്തതും ചുമന്ന ചരൽകൊണ്ടു നിറഞ്ഞതുമായ ഒരു പ്രദേശത്തു ബ്രാഹ്മണൻ എത്തി. തന്റെ മുമ്പിലായി മഞ്ഞുമൂടിയതും സ്ഫടികത്തൂണുപോലെ ഉജ്ജ്വലശോഭയോടു കൂടിയതും അനവധി രത്നങ്ങളോടുകൂടിയതും സാക്ഷാൽ പരമശിവന്റെ ആകൃതിപോലെ വിളങ്ങുന്നതുമായ ഒരു പൎവ്വതം ബ്രാഹ്മണൻ കണ്ടു.

ബ്രാഹ്മണൻ മല കേറിത്തുടങ്ങി. വഴി വളരെ കുടുസ്സായിട്ടുള്ളതും ജനസഞ്ചാരമില്ലാത്തതും കുത്തനെയുള്ളതും കയറിപ്പോകാൻ വളരെ ഞെരുക്കമുള്ളതും ആയിരുന്നു. എങ്കിലും ബ്രാഹ്മണൻ അതിവേഗത്തിൽ ആ മലയുടെ മുകളിൽക്കൂടെ യാത്ര ചെയ്തു. മേല്പോട്ടു നോക്കുമ്പോൾ മഞ്ഞിൻകട്ടകൾ കാണ്മാനുണ്ട്. കീഴ്പോട്ടു നോക്കുമ്പോൾ തുല്യമായ പ്രദേശം കാണ്മാനുണ്ട്. അൎദ്ധനാരീശ്വരനായ പരമശിവന്റെ മടിയിലിരിക്കുന്ന പാൎവ്വതീദേവി സ്വയംപ്രകാശത്തോടുകൂടി വിളങ്ങുകയാണെന്നു ബ്രാഹ്മണന്നു തോന്നി.

ബ്രാഹ്മണൻ അത്ഭുതപ്പെട്ടു നിന്നു. ഉടനെ ബ്രാഹ്മണവേഷം മാറി വേദവ്യാസന്റെ സ്വരൂപം കാണപ്പെട്ടു. മാൎക്കണ്ഡേയൻ ഇടത്തെ കൈകൊണ്ടു വേദവ്യാസന്റെ കൈ പിടിച്ചു നില്ക്കുന്നു. അവരുടെ മുമ്പിൽ ജ്വാലാമുഖീകുണ്ഡം ആളിക്കത്തി ജ്വലിച്ചുകൊണ്ടിരിയ്ക്കുന്നു. കുണ്ഡത്തിന്റെ ഉള്ളിൽനിന്നു ശംഖ്, മണി, കുഴിത്താളം മുതലായ പലവിധവാദ്യങ്ങളുടെ ഘോഷം കേൾക്കുന്നുണ്ട്. ക്ഷണനേരത്തിന്നുള്ളിൽ എല്ലാം നിശ്ശബ്ദമായി. പിന്നെ ഒരു നിൎദ്ദിഷ്ടസ്ഥലത്തിനിടയിൽ ഗിരിഗൎഭത്തിൽനിന്നു ഭയങ്കരമായ ഗ

ജ്ജനം കേൾക്കപ്പെടുകയും പൎവ്വതമാസ
കലം ഒന്നായി എളകിത്തുടങ്ങുകയും ചെ
യ്തു. നാലുഭാഗത്തുമുള്ള ചെറിയ ചെറിയ
ഖണ്ഡങ്ങളിൽനിന്നു കലശലായ പുക പു
റപ്പെടുകയും ജ്വാലാമുഖി വായ പിളൎന്നു
ഏറ്റവും നീണ്ട നാവുകൊണ്ടു പൎവ്വത
ത്തിന്റെ കൊടുമുടിയെ നക്കുകയും ചെയ്തു.

മാൎക്കണ്ഡേയൻ പറഞ്ഞു:— 'ദേവി! ഭവതിയുടെ ഈ വിധത്തിലുള്ള ആകൃതി പണ്ടു ഞാൻ പല പ്രാവശ്യവും കണ്ടിട്ടുണ്ട്. അതു പിന്നെ എപ്പോഴെങ്കിലും കാണുമെന്നു ഞാൻ വിചാരിക്കയുണ്ടായില്ല. ഏതേത് അവസരങ്ങളിൽ ദേവഗണങ്ങൾക്ക് അതിയായ കഷ്ടപ്പാടുകൾ നേരിട്ട് അവൎക്കു ക്രോധം ജ്വലിച്ചുവരുന്നുവോ; ഏതേത് അവസരങ്ങളിൽ ഭഗവാൻ ഭൂഭാരം തീൎക്കാൻ സങ്കല്പിക്കുന്നുവോ; ഏതേത് അവസരങ്ങളിൽ സജ്ജനങ്ങളുടെ ഹൃദയഗുഹയിൽനിന്ന് ഉത്ഭവിക്കുന്ന രൌദ്രരസം പരപീഡനം പരോപദ്രവം മുതലായ ക്രൂരകൃത്യങ്ങളാൽ തീരെ മറ്റിക്കപ്പെടുന്നുവോ; അതാത് അവസരങ്ങളിൽ ഭവതി ഈ മാതിരി വലിയ ആകാരത്തോടുകൂടിയവളായിട്ടു സിദ്ധപുരുഷന്മാൎക്കു ഭവതിയുടെ മൂൎത്തിയെ കാട്ടിക്കൊടുക്കുന്നു. തന്റെ മൂൎത്തിയെ കാട്ടിക്കൊടുക്കുക മാത്രമല്ലാ ഭവതി ചെയ്യുന്നത്. തന്റെ തേജസ്സ് മുഴുവനും അവരിലൎപ്പിച്ച് അവരുടെ മനസ്സിനെ സീമയില്ലാത്ത രൌദ്രരസത്തിൽ മുക്കുകയും ചെയ്യുന്നു. ഇപ്പോൾ ഭവതിയുടെ അമിതമായ തേജസ്സുകൊണ്ടു പാതാളംവരെയുള്ള സ്ഥലം ദ്രവീഭൂതമായിട്ട് എങ്ങിനെ പ്രകാശിക്കുന്നുവോ അതുപോലെത്തന്നെ സജ്ജനങ്ങളുടെ മനസ്സിന്റെ ഉൾപ്രദേശവും ക്രോധംകൊണ്ട് എളകിമറിയുന്നു. ഏതുപ്രകാരം ഭവതിയുടെ നാവു മഞ്ഞിൻകട്ടകളെ നക്കീട്ടുകൂടി ശീതളമായിത്തീരുന്നില്ലയോ, നേരെ മറിച്ചു തീയിൽ നെയ്യ് ഒഴിച്ചാലെന്നപോലെ അവയെ ഭവതി ആളിക്കത്തിക്കുന്നുവോ, അതേപ്രകാരത്തിൽ ഭവതി സജ്ജനങ്ങളുടെ നാവിനേയും അഗ്നിമയമാക്കിത്തീൎക്കുകയും ആത്മസമൃദ്ധിയുടെ രസം അനുഭവിച്ച് തൃപ്തിപ്പെടാതെ അവരുടെ [illegible] ഭാവത്തെ അവലംബിക്കുകയും ചെയ്യുന്നു. ഏതുപ്രകാരത്തിൽ എടുക്കാൻ കഴിയാത്ത ഭാരത്തോടുകൂടിയ ഈ വന്മല ഭവതിയെ തടുത്തുനിൎത്താൻ സാധിക്കാതെ താൻതന്നെ വിറക്കുകയും വലുതാവുകയും ചെയ്യുന്നുവോ അതേപ്രകാരത്തിൽ ഭവതിയാൽ ഉത്തേജിതന്മാരായ മഹാത്മാക്കളും അളവില്ലാത്ത ആന്തരബലത്തോടുകൂടിയവരായിട്ടു [illegible]ല വിഘ്നങ്ങളേയും അതിക്രമിച്ച് ഉന്നതിയെ പ്രാപിക്കുന്നു.'

മാൎക്കണ്ഡേയൻ ഇതെല്ലാം പറഞ്ഞു വ്യാസദേവന്റെ നേരെ ഏകദൃഷ്ടിയോടുകൂടി നോക്കിക്കൊണ്ടു പറഞ്ഞു: 'വേദവ്യാസാ! അങ്ങുതന്നെയാണു ധന്യൻ. ജ്വാലാദേവി അങ്ങയിൽ അധിഷ്ഠിതയായിരിക്കുന്നു. നമുക്ക് ഇവിടെനിന്നു പോവുക.'

കെ. കുഞ്ഞുണ്ണിനായർ
ബി. എ., ബി. എൽ.

# കവളപ്പാറെ ഗ്രന്ഥവരി.

സ്ഥലവ്യാപ്തി:— കവിളപ്പാറ നാട മുപ്പത്തിരണ്ടു തറയിൽക്കൂടി തൊണ്ണൂറ്റി ആറു ദേശം.

അതിര്:—കിഴക്കു— കുളപ്പിള്ളി നായരുടെ നാട്ടിന്റെ മീത്തണ്ണെ ഷൊളിക്കെട്ടാൽ പടിഞ്ഞാട്ടു; തെക്കു— പേരാറ്റുപുഴയുടെ തെക്കെവക്കിന്നു വടക്കോട്ടു; പടിഞ്ഞാറു— നെടുങ്ങനാട്ടു പടനായരുടെ കിഴക്കെ ഓങ്ങല്ലൂര മാട്ടുങ്കൽനിന്നു കിഴക്കോട്ട്; വടക്കു— മുകളൂര പെരുവഴിയാൽ തെക്കോട്ട്. ഈ നാട ചേരമാൻ കല്പനയായി അനുഭവിച്ചുപോരുന്നു.

സ്ഥാനങ്ങൾ:— ഈ നാട്ടിന്നകത്തു മേൽക്കോയ്മസ്ഥാനത്തേയ്ക്കുള്ള രക്ഷാശിക്ഷയും, അങ്കം ചുങ്കം എഴ കോഴ കല്പന പെരാമ്പറ അയ്മുല മുമ്മുല ചെങ്കൊമ്പു കൊടിവാല്യ കണ്ണടപ്പുള്ളി അങ്കച്ചുട്ട യാ[illegible]ംതാലും വിരുതുവാദ്യം നെറിപ്പട്ടം. [illegible]ടവീട പാക്കംകൂത്തു മുമ്പിൽതളി ചിതറ് തചിളി കുടമേൽകുട കുടമേൽ കുറുപ്പംനി വെള്ളയും കെട്ടുക കന്നയും കരിമ്പടവും ആനയും വാളും വീരചങ്ങലയും ആലവട്ടം വെൺചാമരയും തണ്ടും പടവും കരിയും കുടിയ്ക്കൊരുപണം കാഴ്ചയും ഉണ്ട്. അടമക്കാട്ടു സ്വരൂപം. കാരയ്ക്കാട്ടു കുമരൻരാമൻ എന്നു സ്ഥാനം. പന്തിരുകുലത്തിൽ കാരയ്ക്കാട്ടു വെള്ളാളൻ വംശം. ഒന്നുകുറയ ആയിരം നായര് ഒന്ന്. ഉരുവാസ്സുളങ്ങളെ അന്തിമഹാകാളൻ പരദേവത. മൂന്നുകൂട്ടി വെടി. ചെരിച്ചുനറുക്കികറി. ചൊവ്വൂര്കൂറ്. കാരയ്ക്കാട്ടു മൂത്തനായര്, എളയനായര്, മൂന്നാംനായര്, നാലാംനായര്. ശേഷമുള്ള പുരുഷന്മാർ ഉണ്ണികൾ. സ്ത്രീകളിൽ വയസ്സുമൂത്തത് അമ്മനെത്യാര്, രണ്ടാമത്തു കുഞ്ഞിനെത്യാര്, മൂന്നാമത്തു കാവുനെത്യാര്, നാലാമത്തു ചെറിയ കാവുനെത്യാര്. ശേഷം സ്ത്രീകൾ കാവ് എന്നു പറയും. വയസ്സുക്രമം പാരമ്പര്യം.

വൃത്തി:— ഈ നാട്ടിൽ ബ്രാഹ്മണര് അഗ്നിയും യാഗവും ചെയ്യുമ്പോൾ രക്ഷിക്കയും, ശാലകെട്ടിച്ചുകൊടുക്കയും, മേലരി ഉണ്ടാക്കിച്ചു കൊടുക്കയും, ശാലയ്ക്കകത്തു മദ്ധ്യമായി വേണ്ടുന്ന ക്രിയയ്ക്കു വേണ്ടുന്ന പണം കൊടുക്കയും, പെണ്ണുകൊടുക്കു നിർവ്വാഹമില്ലെന്നു പറഞ്ഞാൽ അതിന്നു പണം കൊടുത്തു കഴിപ്പിക്കയും ചെയ്തുപോരുമാറാകുന്നു. ബ്രാഹ്മണസ്ത്രീകൾ ദോഷപ്പെട്ടുപോയാൽ ബ്രാഹ്മണരെ എല്ലാവരേയും എത്തിച്ചു ദാസീവിചാരം കഴിച്ച്, ക്ഷത്രിയരുകൂടെ വേണ്ടതാകകൊണ്ടു തലപ്പള്ളിനാട്ടിൽ കക്കാട്ടു കാരണവപ്പാട്ടിലെക്കൂടെ എത്തിച്ച്, ദോഷപ്പെട്ടിട്ടുള്ളതിനെ വിറ്റു പണമെടുത്തു കാരണവപ്പാട്ടിലെ അവകാശമുള്ളതിനെ കൊടുക്കും.

മൂപ്പുവാഴ്ച:—പുരുഷാന്തരപ്പകർച്ചവന്നു മൂപ്പുകിട്ടിയാൽ മേനക്കത്തൊടിയിൽ പടക്കൊട്ടിലിൽവെച്ച് കിരാങ്ങാട്ടു രണ്ടു നമ്പൂരിപ്പാടന്മാരെയും എത്തിച്ച് തന്ത്രി കല്ലൂര നമ്പൂരിപ്പാട്ടിന്നു കലശം പൂജിച്ച് കാപ്പുകെട്ടി അഭിഷേകം ചെയ്തു അരിയി

ട്ടുവാഴ്ച കഴിഞ്ഞു തണ്ടേറി കൊണ്ടിത്തുറെ അന്തിമഹാകാളൻ കാവിൽ തൊഴുത് ആരിയങ്കാവിൽ ഭഗവതിയെ തൊഴുത് പാലത്തറമേൽ നിലവാടുനിന്നു തണ്ടിൽക്കൂടി എറുപ്പെ തേവരേയും തൊഴുത് ഉരുവാസ്സുളങ്ങരെ അന്തിമഹാകാളൻ കാവിലേയ്ക്കു തണ്ടേറിപ്പോയി അവിടേയും തൊഴുത് എറുപ്പെ വന്നു തണ്ടിൽ നിന്നിറങ്ങിയിരുന്നു വെളമുള്ളി അച്ഛനെ കല്പിച്ച് അകമ്പടിക്കു വന്നിട്ടുള്ളവൎക്കൊക്കയും ചിലവിന്നു വെപ്പിച്ച് ബ്രാഹ്മണസദ്യയും സവ്വാണിയും പ്രതിഗ്രഹവും കഴിച്ചു നമ്മുടെ ഭക്ഷണം കഴിഞ്ഞിരുന്ന് ഒന്നുകുറയ ആയിരത്തിലുള്ളോൎക്കും സ്ഥാനികൾ അവകാശികൾ മുതലായിട്ടുള്ളോൎക്കും പുടവയും കൊടുക്കും. പിറേറദിവസം കാൎയ്യാരംഭം തുടങ്ങും. കല്പനയ്ക്കു നാട്ടുകാരെല്ലാവരും വേലയും കരിയും കാഴ്ചയും ഈ മൎയ്യാദകൾ ഒക്കെയും ചെയ്തുപോരുന്നു. (ഒരു താവാട്ടു കുറിയററുപോയാലും കല്യാണം, പുലകുളി, മാസം ഈ വക അടിയന്തരങ്ങൾക്കു നായൎക്കനുഭവമുണ്ട്.)

ചില ചരിത്രശകലങ്ങൾ:— ചേരമാൻ കൂല്ലകായായി നടന്നുപോരുന്ന സ്ഥാനങ്ങളുടെയും അവകാശങ്ങളുടെയും പുരാണമായിട്ടുണ്ടായിരുന്ന ഗ്രന്ഥവും താമ്രസാധന (ശാസന)വും അറുപത്തഞ്ചാമതിൽ ടിപ്പുസുൽത്താന്റെ പാളയം വന്നിട്ടു രാമരാജാവിന്റെ ആ രാജ്യത്ത് ആലങ്ങാട്ടു നാം പാൎത്തിരിക്കുന്നേടത്തുനിന്നു പോയി. 50-ാമതു മുതൽ 56-ാമതുവരെ നാം രാമരാജാവവർകളുടെ രാജ്യത്തായിരുന്നു. 66-ാമതു മുതൽ ബഹുമാനപ്പെട്ട കമ്പനിസ്സൎക്കാരിൽനിന്നു വന്നതിന്റെ ശേഷം 'ദിവാനദി'യുടെ പാളയത്തോടുകൂടി പാലക്കാട്ടുശേരി ചെന്ന് അരിച്ചിലപാനങ്ങളും എത്തിച്ചുകൊടുത്തു. അന്നു കോട്ടപിടിപ്പാൻ വന്നതു 'ഇഷ്ടോട്ട്' എന്നൊരു സായ്പും 'ഗണ്ണാൽ പ്രേഷ്ടൻ' എന്നൊരു സായ്പും ഉണ്ടായിരുന്നു. അതിൽപ്പിന്നെ രാജ്യം നിദാനം വരുത്തേണ്ടതിന്നു മലയാം പ്രവിശ്യയിൽ സുപ്രവൈജരുടെ സ്ഥാനത്തു വിലിയങ്ങാമൂൽ പാറമേൽ ഇക്കോയൻ സായ്പു അവർകളും അലിശാന്ത്രമെജര് ഡോൻസായ്പു അവർകളും ഇവരുമായിട്ടത്രെ 68-ാമതിലേക്കു കരാറുനാമം എഴുതിപ്പിടിച്ചത്. ഈ നാടു കോഴിക്കോട്ടേയ്ക്കു ചേൎക്കേണമെന്നു താമൂതിരിപ്പാടുതമ്പുരാൻ 'കമ്പനി' എജമാനന്മാരെ ബോധിപ്പിച്ചതിന്റെ ശേഷം പെരുമ്പടപ്പു സ്വരൂപത്തിങ്കൽ ചേൎക്കേണമെന്നു 'പേമേസ്തരി ബോനി'സായ്പു അവർകളുടെ കത്തും വലിയതമ്പുരാന്റെ തീട്ടൂരവും കമ്പനി എജമാനന്മാൎക്കു വരികകൊണ്ടും, കോഴിക്കോട്ടു വെച്ചു വിസ്തരിച്ചതിൽ ആ രാജ്യത്തെക്കു ചേൎക്കേണ്ടതല്ലെന്ന് അന്നു വിസ്തരിച്ചു എജമാനന്മാൎക്കു ബോധിച്ചു. 68-ാമതു ധനുമാസത്തിൽ ബോമ്പായി ജനറാൾ അബിക്രമിസായ്പു അവർകളും ഗവനവർ ഡങ്കിനിസായ്പു അവർകളും കോഴിക്കോട്ട് എത്തിയതിന്നുശേഷം കൊച്ചിയാരുമായുള്ള വിസ്താരത്തിന്നു കൊച്ചിക്കു ചെല്ലേണമെന്നു കല്പന വരികകൊണ്ട് കൊച്ചിക്ക് എത്തി. ബോമ്പായി ജനറാളുടെ കല്പനക്കു പങ്കാളത്തിൽനിന്നും വന്നിരിക്കുന്ന ചാളിസബോഡൻസായ്പു അവർകളും ബോമ്പായിൽ കമ്മിട്ടിയിൽ വില്യംഫെജിസായ്പു

അവർകളും കൂടി പൂൎവ്വാപരങ്ങൾ ഒക്കേയും രണ്ടുപുറത്തേയും അന്വേഷിച്ചു വിസ്തരിച്ചു കൊച്ചിയാക്കും ഈ നാട്ടിന്മേൽ ഒരു സംബന്ധം ഇല്ലെന്ന് അവരും നിശ്ചയിച്ചു കല്പനയായി പോന്നു. പിന്നെ 70-ാമതിൽ കരാറുനാമം എഴുതി പിടിച്ചു. ഈ നാട്ടിൽ ഒരു മേക്കോയ്മസ്ഥാനം ഒരുത്തൎക്കും ഇല്ല.

നെടിയിരുപ്പുസ്വരൂപത്തിങ്കൽ നിന്ന് ഓരോരോ രാജ്യങ്ങളിൽ അതിക്രമം തുടങ്ങിയപ്പോൾ ഇവിടെയും കടന്നുപദ്രവിക്കകൊണ്ട് 24-ാമതു മുതൽ 33-ാമതുവരെക്കും ആ ഉപദ്രവങ്ങൾ ഒക്കയും സഹിച്ചു നാട്ടിൽത്തന്നെ ഇരുന്നു. അതിക്രമം ഏറെ തുടങ്ങിയപ്പോൾ യുദ്ധംചെയ്തു നില്പാൻ ശക്തിയില്ലായ്കകൊണ്ട് കുഡുംബത്തോടുകൂടെ നാം ഒഴിച്ച് 33-ാമതു മുതൽ 38-ാമതുവരെ കൊച്ചിയിൽ പാൎത്തു. കൊച്ചിയിൽ പാൎക്കുമ്പോൾ കൊച്ചിരാജ്യവും നെടിയിരിപ്പുസ്വരൂപത്തിങ്കൽ നിന്നു കയറുകകൊണ്ട്, പെരുമ്പടപ്പുസ്വരൂപത്തിങ്കൽനിന്നും വള്ളുവനാട്ടുകരെ തമ്പുരാനും നാമുംകൂടി നെടിയിരിപ്പുസ്വരൂപത്തിങ്കലോടു പടയുണ്ടായിട്ട് ബലം പോരായ്കകൊണ്ട് അവിടെ നിന്നും ഒഴിച്ചു രാമരാജാവിനെ ചെന്നു കണ്ടു. 38-ാമതു കുംഭമാസത്തിൽ പത്മനാഭപുരത്തുവെച്ചു താമൂതിരിപ്പാടു തമ്പുരാനെയും അതിൽ പെട്ട കാൎയ്യസ്ഥന്മാരെയും കവളപ്പാറെ നാട്ടിലുള്ള ബ്രാഹ്മണരേയും പാലിയത്തച്ചനെയും എത്തിച്ചു തിരുമുമ്പാകെ വെച്ചു കാൎയ്യംകൊണ്ടു സുബ്ബയ്യൻ ദളവായും കൂടി കേട്ട് അതിക്രമം ചെയ്വാൻ സംഗതിയില്ലെന്നു വെച്ചു ബോധിച്ചു നെടിയിരുപ്പുസ്വരൂപത്തിങ്കലെ ആളുകളെയും വാങ്ങിച്ചു ഈശ്വരപ്പിള്ള സൎവ്വാധികാൎയ്യക്കാരെയും രണ്ടു പുള്ളി ആളെയും കല്പിച്ചയച്ചു ഇവിടെ കൊണ്ടുവന്നു കുടിയിരുത്തി രക്ഷക്കായിട്ടു പത്തു പരിചക്കാരെയും ഇവിടെ ആക്കി. 38-ാമതു മുതൽ 49-ാമതു ധനുമാസത്തിൽ ശ്രീനിവാസരായരു വരുവോളവും അവരിവിടെ പാൎത്തു. 38-ാമതു മുതൽ 49-ാമതു വരെക്കും നാട്ടിലുണ്ടാവുന്നതിൽ നാലൊ അഞ്ചൊ പാരം കുരുമുളകു രാമരാജാവിന്നു രക്ഷക്കായി കൊടുത്തുപോന്നു. 41-ാമതിൽ നബാവു വന്നു. അക്കൊല്ലം തന്നേ നിന്നതും ഉള്ളു. നികുതി എടുത്തതും ഇല്ല. നബര് വകക്കു 16000 ഉറുപ്പിക കൊടുത്തു. 49-ാമതു ധനുമാസത്തിൽ ശ്രീനിവാസരായരുടെ പാളയം മങ്കരക്കു വന്നാറെ നാം അവിടെ ചെന്നു കണ്ടു കോഴിക്കോട്ടോളം പാളയത്തോടു കൂടി പോയി. എന്നിട്ടു പല അവകാശങ്ങളും കൂടി 16000 ഉറുപ്പികക്കു കൈകാൎയ്യം എഴുതിക്കൊടുത്തു നാം അടച്ചു. 50-ാമതിലും മേലെഴുതിയ പ്രകാരം അടച്ചു. ചില ദേശങ്ങൾ 24-ാമതു മുതൽക്കു താമൂതിരിപ്പാട്ടിന്നു അടക്കി. 39-ാമതു മുതൽ 49-ാമതുവരെ മുളക് എടുപ്പാൻ രാമരാജാവിന്റെ ആള് പരിചക്കാരെയുംകൊണ്ടു ചെന്നു ഈടും മുട്ടും ഉണ്ടാകുമാറും ഉണ്ട്

താമൂതിരിപ്പാട്ടിന്നു കയറിയെടുപ്പാൻ സംഗതി നമ്മുടെ കാരണവന്മാരിലൊരാൾക്കു ചുനങ്ങാട്ടു മൂത്താരുടെ ഭവനത്തിൽ ഒരു സ്ത്രീയോടു കൂടി സംസൎഗ്ഗമുണ്ടായിരുന്നു. സ്ത്രീയെക്കൊണ്ടുവന്നു നമ്മുടെ ഭവനത്തിൽ പാൎപ്പിച്ചിരിക്കുമ്പോൾ ആ സ്ത്രീയുടെ ഭവനത്തിലേക്കു

പോവാൻ തുണക്ക 50 നായരെ അരിയൂര് തെക്കുംമുറിയിൽ നിന്നയച്ചു. ആ സംഗതിയായിട്ട ചുനങ്ങാട്ട മൂത്താരുടെ കൂലിചേവലം ഉണ്ടായി എന്നുവെച്ചും, കുളപ്പിള്ളി നായരു നെടിയിരിപ്പു സ്വരൂപത്തിങ്കൽ ചേൎന്നിട്ടുള്ള ആളാകകൊണ്ടും, അരിയൂരു തെക്കുംമുറി ദേശവും വരവൂര് തെക്കുംമുറി ദേശവും ചുനങ്ങാട്ട ചേരിക്കല്ലിന്മേലക്ക് അടുപ്പം ആകകൊണ്ടും അടക്കിയിരിക്കുന്നത്. കുളപ്പിള്ളി നായരെ അതിൽപിന്നെ താമൂതിരിപ്പാട്ടിന്നു ചേരിക്കല്ലിന്മേലക്ക് പ്രബലവായി കല്പിച്ചതാകുന്നു. അവകാശങ്ങൾ കൂടക്കൂടെ നെടിയിരിപ്പു സ്വരൂപത്തിങ്കൽനിന്നങ്ങോട്ടുക്കും; സമയംപോലെ ഇങ്ങോട്ടും എടുക്കും.

50-ാമതു കൎക്കടകമാസത്തിൽ സി[illegible]സാരഖാനും കുട്ടനാഞ്ചപ്പയ്യനും കരിമ്പുഴെ വന്നിരിക്കുമ്പോൾ മേലെഴുതിയ 6000 ഉറുപ്പികയും ശ്രീനിവാസരായൎക്ക [illegible]00 ഉറുപ്പിക വേറെയും കൊടുത്തിരിക്കുന്നു എന്നു പറഞ്ഞ് അവല്ലർ ഉണ്ടാക്കിത്തീൎത്ത് അതോടുകൂടെ 2050 ഉറുപ്പികക്ക നാട്ടിലെ ആധാരം എഴുതി. കാണാതെ കെട്ടുക്ക കൈകാകിതം എഴുതിക്കൊണ്ട് ആ പണം നാട്ടിൽനിന്നു പിരിച്ച് അടക്ക കഴികയില്ലെന്നു വച്ച് നാം രാമരാജാവിന്റെ രാജ്യത്ത് ആലങ്ങാട്ട ചെന്നു പാൎത്തതിന്റെ ശേഷം, നമ്മെക്കൊണ്ടെഴുതിച്ച കൈകാകിതത്തിലെ പണം തന്നുകൊള്ളേണമെന്ന് അരമനയിൽനിന്നു നാട്ടുകാരെ തടുത്തു മുട്ടിക്കകൊണ്ട് 1.ാമതിൽ ഏതാനും പണം നാട്ടുകാരു പിരിച്ചടച്ചതിന്റെ ശേഷം 52-ാമതിൽ അയിതറവസ്സുകുട്ടി മൂപ്പൻ നെടുങ്ങാട്ട കീഴ്ത്തല അധികാരം ഏററതോടുകൂടി കവിളപ്പാറയുംകൂടെ ഏററ് ആളാക്കി പണം എടുത്തിരുന്നതിൽ അന്ന് അരിയൂർ തെക്കുംമുറിയും വരവൂകോട തെക്കുംമുറിയും കുന്നത്തുറെ ചുങ്കവും വെങ്കിടമാക്കി വച്ചിരിക്കുന്നു. അതുകൊണ്ടത്രെ വെങ്കിടമായി പോയത്. കടന്നവാഴ്ചയും അങ്ങോട്ട തന്നെ എടുത്തു. 69-ാമതിൽ നാട്ടിൽ തഹസ്സീലും ആയി.

(തുടരും)

---

# മഴവില്ല്

(കൃഷ്ണഗാഥാരീതി.)

(1)

[illegible]റൊളിവണ്ണന്റെമാറിൽമരുവുന്ന
[illegible]റൊളിപ്പൊമ്പീലിമാലപോലെ
[illegible]ർമുകിൽമാലതൻമേലേവിളങ്ങുന്ന
[illegible]ർമഴവില്ലേനീവെൽവുതാക!

(2)

തങ്കനിറമൊത്തചെങ്കതിരേന്തുവോൻ-
തങ്കരസഞ്ചയസങ്കരത്തിൽ
ഉല്ലോലകേളികളിക്കുംകടലിലെ-
കല്ലോലമാലതൻസന്തതിയായ്

ആവർണ്ണ്യകാന്തിയുംലാവണ്യസമ്പത്തു-
മാവണ്ണംതന്നേപകൎന്നുകൂടി
മേന്മയിൽവന്നുപിറന്നുവളൎന്നോരു
നന്മഴവില്ലേനീവാഴ്കനീണാൾ!

(3)

തങ്കക്കതിർമാലചാൎത്തിദ്ദിഗംഗനാ-
കൊങ്കത്തടങ്ങളലങ്കരിച്ചു
ചെഞ്ചായംചേരുന്നോരുഷ്ണരവുമേന്തി-
ച്ചെഞ്ചമ്മേസൂൎയ്യനണഞ്ഞീടുമ്പോൾ
മിന്നിമിന്നീടുന്നോരാകാശവീഥിക-
തന്നിലെപ്പശ്ചിമഭിത്തിമേലും;
സന്ധ്യസ്ത്രീകൈക്കുമ്പോൾബ്ബന്ധൂകസൌന്ദൎയ്യം
സന്ധിസ്ഥംതങ്കരംപൊന്തിച്ചല്പം
കൊങ്കത്തടമലതങ്കൽത്തടവിയാ-
മങ്കമാരോടുപിരിഞ്ഞീടുമ്പോൾ
തന്നെടുവീൎപ്പോത്തതെന്നലാൽക്കാർ-
(കൊണ്ട
വിണ്ണിലെപ്പൂൎവ്വമാംഭിത്തിമേലും; (യോ-
തന്നെഴുന്നുള്ളത്തിൻചിഹ്നമായ്ച്ചാൎത്തി
രുന്നതതോരണമാലപോലെ
കാണുന്നവരുടെകണ്ണുകുളിൎക്കവേ
കാണുംമഴവില്ലേവാഴ്കനീണാൾ!

(4)

നീർകൊണ്ടിരുണ്ടോരുവാർകൊണ്ടൽ-
(ച്ചാൎത്തുകൾ
നേർകണ്ടുപാതിപരന്നവിണ്ണിൽ
അണ്ടർകോൻതന്നുടെഗോപുരദ്വാരത്തു
രണ്ടുവരിയായ്‌വളഞ്ഞുകൂടി
നന്നായ്നവരത്നജാലംപതിച്ചോരു
പൊന്മയമാകുംകമാനംപോലെ
മണ്ണിനെവിണ്ണോടുചേൎക്കുന്നമാൎഗ്ഗമാം-
വണ്ണംമഴവില്ലുമിന്നുന്നേരം
കട്ടിക്കരിങ്കാറാംചാണമേൽത്തേച്ചോരു
ചട്ടറ്റതങ്കനികഷംപോലെ
മിന്നൽപ്പിണരുകൾമിന്നിക്കളിപ്പതു-
മുന്നിദ്രമായിടിവെട്ടുന്നതും
കണ്ടുകുതൂഹലംപൂണ്ടുവലാകകൾ
തണ്ടലർബാണപരവശരായ്
തള്ളുംകളരവമൊത്തുനിരക്കവേ
തുള്ളിപ്പറന്നുനിരന്നുകൂടി
ചേണുറ്റൊരാകാശദേശത്തുനീളത്തിൽ
തൂണില്ലാത്തോരണമാലതൂക്കി
കണ്ണിന്റെപുണ്യമായ്നില്ക്കുന്നകാഴ്ചയെ
വിണ്ണിൽത്തെളിവോടേകാണുന്നുഞാൻ.

(5)

ഇങ്ങിനേഭംഗികലൎന്നമഴവില്ലു
മങ്ങാതെനില്പതുകണ്ടീടുമ്പോൾ
തള്ളിപ്പെരുക്കുംകവിതന്റെവാസന
തുള്ളിക്കളിക്കുന്നകൌതുകത്താൽ;
തൂവെണ്ണിലാവൊളിപ്പുഞ്ചിരിതൂകുന്ന
കാർവേണിയാളുടെമേനിപുൽകി
വാഴുന്നകാമുകൻകാമിതംകൈവന്നി-
ട്ടാഴുന്നിതാനന്ദസാഗരത്തിൽ;
കാൎയ്യാൎത്ഥമായിട്ടുടുത്തഗൃഹത്തിങ്കൽ-
ന്നാൎയ്യയാസ്സേർവിട്ടുപോയധീരൻ
പാലഞ്ചുംവാണിയെക്കൈവിട്ടതിദ്ദൂരെ
നാലഞ്ചുകൊല്ലമായ്പാൎക്കുംപോലെ
ഉൾക്കൊണ്ടുപൊങ്ങുന്നോരുൽക്കണ്ഠയും-
(പൂണ്ടു
നില്ക്കുന്നചിന്താനിമഗ്നനായി;
നിൎഭാഗ്യശക്തിയാൽദ്ദൂരത്തൊരേടത്തു
നിൎഭരദുഃഖനായ്പോയപാന്ഥൻ
ഇണ്ട[illegible]ണ്ടുപിളൎന്നമനസ്സോത്തു
മണ്ടുന്നസങ്കേതശൂന്യനായി;
വങ്കൊലപാതകംകാംക്ഷിച്ചുപോകുന്ന
പങ്കിലമാനസനായദുഷ്ടൻ
താൻപോകുംകാൎയ്യംമറന്നുദയാൎദ്രനായ്
ത്തു[illegible]ലനില്ക്കുന്നുമാൎഗ്ഗമദ്ധ്യേ;
കള്ളപ്പണികൾകരുതിഗ്ഗമിക്കുന്ന
കള്ളനുംതന്റെകരളലിഞ്ഞ്

നല്ലമാർഗ്ഗംതന്നേനല്ലനമുക്കെന്ന
നല്ലോരുബുദ്ധിയുദിച്ചിടുന്നു;
കട്ടിക്കരിമ്പാറമട്ടിൽകരുത്തുള്ള
ദുഷ്ടന്റെഹൃത്തുമലിയുന്നേരം
പാറപോൽപ്പാരംകറുപ്പുമാത്രംപൂണ്ട
കാറലിയുന്നതിലെന്തുചിത്രം?

(6)

സത്വരജസ്തമോയുക്തമാംചേതസ്സിൽ
സത്വഗുണത്തെവളർത്തിമേന്മേൽ
ബുദ്ധിയിൽനിത്യംലയിച്ചുകിടക്കുന്ന
ബുദ്ധാത്മതേജസ്സിൻഛായകാട്ടി
ആനന്ദപീയൂഷപൂരംചൊരിയുവാ-
നാനന്ദരൂപനാംദേവദേവൻ
കാറുപിടിച്ചുകിടക്കുംപ്രകൃതിയിൽ
വീറോടുകാണിക്കുംപൊൻവിളക്കേ!
ഏഴുജന്മത്തിലുംചെയ്തോരുപുണ്യത്തെ-
യേഴുനിറത്തിലൊതുക്കിനിർത്തി
അഞ്ചിതകോമളരൂപമാസ്വാദിപ്പിക്കുന്ന
ചഞ്ചലപിഞ്ഛികാചാരുമൂർത്തേ!
കാർമുകിൽമാലതൻമേലേവിളങ്ങുന്ന
വാർമഴവില്ലേനീവെൽവുതാക!

കെ. വി. എം.

# ശ്മശാനപ്രതിധ്വനി

**കരുണാകരമേനോൻ:**— എനിക്കു വളരെ പണിത്തിരക്കുള്ള കാലമാണിത്. ഈ കച്ചേരി അവസാനിക്കാറായി. കേസ്സുകൾ കുറെ നിലവിലാണ്. പിന്നെ വീട്ടിലേയ്ക്കു വന്നിട്ട് അടിയന്തരമായി ഞാൻ നിവൃത്തിക്കേണ്ടതായ ആവശ്യം ഒന്നും ഇല്ല. അമ്മാമനെ അവസരംപോലെ കാണാമല്ലോ.

**ആശാൻ:**— നിങ്ങൾക്കു മുൻസീപ്പുദ്യോഗം കിട്ടിയതിന്നുശേഷം നിങ്ങൾ വീട്ടിൽ പോകയുണ്ടായിട്ടില്ല. അമ്മയും പെങ്ങന്മാരും എന്തൊക്കെ കഷ്ടങ്ങളാണ് അനുഭവിക്കുന്നതെന്ന് ഒരന്വേഷണവും നിങ്ങൾ ചെയ്യാറില്ല. നിങ്ങളെ പഠിപ്പിച്ചു പ്രാപ്തനാക്കിയ കാരണവൎക്കു പണ്ടത്തെപ്പോലുള്ള ദേഹശക്തിയും കുടുംബഭരണത്തിന്നുള്ള കഴിവും ഇപ്പോഴുണ്ടോ? നിങ്ങളുടെ ഭാരം നിങ്ങൾ അറിയുന്നില്ലെന്നാണ് ആക്ഷേപം.

**കരു:**— ആരാണ് ആക്ഷേപിക്കാൻ? എന്റെ ആവശ്യങ്ങൾ തന്നെ നിവൃത്തിക്കുവാൻ ഞാൻ കുഴങ്ങുന്നു. കാരണവനേയും മക്കളേയും അമ്മപെങ്ങന്മാരേയും ഒക്കെ തീററിപ്പോററി പുലർത്താൻ ഒരുവൻ വിചാരിച്ചാൽ സാധിക്കുമോ? ആശാന് ഇതൊക്കെ വിവരമുണ്ടായിരിക്കെ എന്താണ് ആക്ഷേപക്കാരുടെ ഭാഗം നിന്നു സംസാരിക്കുന്നത്?

**ആശാൻ:**— വിവരം കുറെ ഏറിപ്പോയതുകൊണ്ടാണല്ലോ പറയേണ്ടിവന്നത്. മുഷിയരുത്. നിങ്ങൾ പറഞ്ഞവരെയൊക്കെ തീററിപ്പോററി നിങ്ങളെ പഠിപ്പിച്ച് ഈ സ്ഥിതിക്കാക്കിയ കാരണവൻ ഒരു അസാധാരണമനുഷ്യനായിരിക്കണ്ടേ?

**കരു:**— ആശാന്റെ ന്യായങ്ങളെല്ലാം എനിക്കു മനസ്സിലാകുന്നുണ്ട്. ഇതെല്ലാം പണ്ടത്തെ കാലത്തെ ന്യായങ്ങ

ളാണ്. ഇക്കാലത്ത് ഇതൊന്നും വരുമെന്നു തോന്നുന്നില്ല. അവനവനും അവനവന്റെ ഭാൎയ്യയും മക്കളും എന്നല്ലാതെ മരുമക്കത്തായബാദ്ധ്യതകളൊന്നും ഇക്കാലത്ത് ആരും നോക്കുമെന്നു തോന്നുന്നില്ല. നോക്കുവാൻ സാധിക്കയുമില്ല.

ആശാൻ:— നിങ്ങളുടെ അമ്മാമൻ ഈ നയം അനുസരിച്ചിരുന്നുവെങ്കിൽ നിങ്ങൾക്ക് ഇത്രയൊക്കെ ന്യായം പറവാൻ തന്നെ അവസരം ഉണ്ടാകുമായിരുന്നുവോ? ഞാൻ തുറന്നു പറയുന്നതു നിങ്ങളുടെ താവാട്ടുമായി എനിക്കു പണ്ടേയ്ക്കുപണ്ടേ ഉള്ള വേഴ്ചയുടെ ഫലമായ സ്നേഹംകൊണ്ടു മാത്രമാണെ! നിങ്ങൾ അമ്മാമന്റെ മകളെ സംബന്ധം കഴിച്ചിരുന്നുവെങ്കിൽ നിങ്ങൾക്കുവേണ്ടി അദ്ദേഹം ചെയ്തിട്ടുള്ളതിന്ന് ഒരു കൃതജ്ഞതാപ്രദൎശനമെങ്കിലും ആയിരുന്നു.

കരു:— നിങ്ങളുടെ കൊള്ളിച്ചുള്ള സംസാരമൊക്കെ എനിക്കു മനസ്സിലാവാട്ടയില്ല. അനുരാഗവിഷയത്തിൽ അന്യന്മാരുടെ അഭിപ്രായത്തിന്നു വശംവദരാകുന്നവർ കുറഞ്ഞുകുറഞ്ഞാണു വരുന്നത്. അതിൽ ബുദ്ധിയുള്ളവൎക്കാൎക്കും ദൂഷിക്കുവാനവകാശമില്ല.

ആശാൻ:— ബുദ്ധിയും വിവേകവുമെല്ലാം ഇക്കാലങ്ങളിലെ മനുഷ്യൎക്കു കുറെ അധികം കൂടും. കേസ്സുകൾ അധികമുള്ള വക്കീലിന്റെയോ, അല്ലെങ്കിൽ ജഡ്ജിയുടേയോ മകളെ സംബന്ധം കഴിപ്പാൻ ചെറുപ്പക്കാരൻ വക്കീൽ മോഹിക്കുന്നത് അനുരാഗശക്തികൊണ്ടോ, അതല്ല സ്വാൎത്ഥവിചാരംകൊണ്ടോ? അതൊന്നും പറഞ്ഞിട്ടു ഫലമില്ല. എല്ലാം ഒരുവിധം കച്ചവടം തന്നെ.

കരു:— ഇപ്രകാരം ഒരുദ്ദേശത്തോടുകൂടിയാണ് അമ്മാമൻ എന്നെ പഠിപ്പിക്കാനും മററും ചെലവഴിച്ചിട്ടുള്ളതെന്നു പറകയാണെങ്കിൽ അമ്മാമന്റെ ബുദ്ധി കുറെ നീചമായിപ്പോയിട്ടുണ്ടെന്നു പറയാതെ തരമില്ല.

ആശാൻ:— ശാന്തം പാപം! നിങ്ങളെ പഠിപ്പിച്ചുതുടങ്ങിയതിന്നു ശേഷമല്ലെ അമ്മാമന്നു മകൾതന്നെ ഉണ്ടായത്? വലിയ ഒരു കുടുംബഭാരം നിൎവ്വഹിച്ചു നിങ്ങളെ പഠിപ്പിച്ചു പാസ്സാക്കുവാനും, പാസ്സാക്കിയതിന്നുശേഷം വരായ ഇല്ലാത്ത വക്കീലായി കഴിച്ചു കാലങ്ങളിൽ നിങ്ങളെ ബുദ്ധിമുട്ടറിയാതെ സംരക്ഷിപ്പാനും ചിലവഴിച്ചു പതിനായിരത്തിലധികം ഉറുപ്പികയുണ്ടെങ്കിൽ അമ്മാമന്ന് എന്താണ് ഇപ്പോൾ ബുദ്ധിമുട്ടുള്ളത്? ആ മഹാനെപ്പററി ദോഷാരോപണമൊന്നും ചെയ്യരുത്. അമ്മാമന്റെ മകൾ പോട്ടെ; നിങ്ങളുടെ പെങ്ങന്മാൎക്കെങ്കിലും തരം പോലെ ഒരു ഭൎത്താവിനെ ഉണ്ടാക്കുവാൻ നിങ്ങളുടെ സംബന്ധം ഉപകരിച്ചിരുന്നുവെങ്കിൽ—

കരു:— ആശാൻ സംസാരിക്കുമ്പോൾ സൂക്ഷിക്കണം. എവിടെനിന്നാണു സംസാരിക്കുന്നതെന്ന് ഓൎക്കണം. ഞാനിപ്പോൾ കുട്ടിയല്ല. ഇതൊക്കെ ആലോചിപ്പാൻ എനിക്കു ശക്തിയുണ്ട്. ഇതെല്ലാം പറയാൻ ഇത്ര ബുദ്ധിമുട്ടി ഇവിടെ വരേണ്ടതുണ്ടായിരുന്നില്ല.

ആശാൻ:— ബുദ്ധിമുട്ട് എനിക്കല്ലേ?

ഞാൻ വേറെ ഒരാളെ ബുദ്ധിമുട്ടിക്കാനും വിചാരിച്ചിട്ടില്ല. എനിക്കു നിങ്ങൾ ഒരു സഹായവും ചെയ്യേണ്ടതുമില്ല. ഞാൻ ഇങ്ങിനെയൊന്നുമല്ല വിചാരിച്ചതും ആശിച്ചതും. എനിക്കു വേറെയും ചില തിടുക്കങ്ങളുണ്ട്. അമ്മപെങ്ങന്മാരെ ചെന്നു കാണേണ്ടതാണെന്ന് ഉപദേശിപ്പാൻ മാത്രമേ ഞാൻ ഉദ്ദേശിച്ചിരുന്നുള്ളൂ. ഉപദേശം കുറച്ചധികമായി. ക്ഷമിക്കണേ! ഞാനിതാ പോകുന്നു.

എന്നും പറഞ്ഞു ആശാൻ പുറപ്പെട്ടുപോയി. കരുണാകരമേനവന്നു മനസ്സിൽ ആകപ്പാടെ പല വികാരങ്ങളും കടന്നുകൂടി. ഒന്നിന്നും ശക്തനല്ലാതെ കുറെ നേരം അന്ധനായിരുന്നുപോയി.

പെരുമ്പടപ്പു ദേശത്തുള്ള മേലേടത്തു തറവാട് ഒരു പഴയ തറവാടാണ്. തറവാട്ടിൽ സമ്പത്തധികമില്ലെങ്കിലും സന്താനവർദ്ധനയ്ക്കു കുറവുണ്ടായിരുന്നില്ല. ഇപ്പോഴത്തെ കാരണവൻ ഗോവിന്ദമേനവൻ ചെറുപ്പം മുതല്ക്കേ ആ സ്ഥാനത്തെത്തിയ ആളാണ്. ചില്ലറ ഒരു ഗവർമ്മെണ്ടുജോലിയും ചില കാര്യസ്ഥാനവും ഒക്കെക്കൂടി കുടുംബത്തേയും ഭാര്യാമക്കളേയും ബുദ്ധിമുട്ടറിയാതെ സംരക്ഷിപ്പാനും, മരുമകൻ കരുണാകരമേനവനെ ലോക്കോളേജിന്നപ്പുറം കടത്തിവിടുവാനും എങ്ങിനെയോ ഇദ്ദേഹത്തിന്നു സാധിച്ചു. ഇതിൽ വളരെ കഷ്ടിക്കേണ്ടിവന്നുവെങ്കിലും, ഈ തറവാട്ടിൻെറ ഭാവിശ്രേയസ്സു മുഴുവനും കരുണാകരമേനവൻ കാരണമായുണ്ടാകുമെന്നു മോഹിച്ചു, കരുണാകരമേനവനെ യാതൊരു ബുദ്ധിമുട്ടും കാരണവർ അറിയിച്ചിരുന്നതേയില്ല. തറവാട്ടിലുള്ളവർക്കൊക്കെ ഈ 'വിദ്യാഭ്യാസം' കാരണം പല ബുദ്ധിമുട്ടുകളും അനുഭവിക്കേണ്ടിവന്നിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലോ.

കരുണാകരമേനവൻ ഇപ്പോൾ ഒരു മുൻസീപ്പാണ്. കാരണവരേയും തറവാട്ടുകാരേയും അറിയിക്കാതെ താനൊരു സംബന്ധം ഉണ്ടാക്കുകയും ചെയ്തിട്ടുണ്ട്. തറവാട്ടുകാര്യത്തിൽ യാതൊരു അന്വേഷണവും ചെയ്യാറില്ലെന്നു മാത്രമല്ലാ, അല്ലാപ്പും കാണുന്നവരോടു ചില ദ്വേഷ്യപ്രസ്താവങ്ങൾ തന്നെ ചെയ്യാറില്ലെന്നില്ല. കാരണവർക്കു ദേഹത്തിന്നു നല്ല സുഖമില്ലാത്ത കാലമാണ്. തറവാട്ടുചിലവും ഭാര്യച്ചിലവും ഒക്കെ കൂടി താങ്ങുവാൻ ശേഷിയില്ലാതെ കാരണവർ കുഴങ്ങുന്നതു കണ്ടു ദയ തോന്നി, ആ തറവാട്ടിലെ പഴയ ഒരു വേഴ്ക്കാരനായ രാമപ്പണിക്കർ (ആശാൻ) മുൻസീപ്പ് 'എജമാനനെ' കാണ്മാൻ വടക്കാഞ്ചേരി പോയതാണ്. അവിടെ വെച്ച് ആശാനും മുൻസീപ്പുമായുണ്ടായ സംഭാഷണമാണു മേൽ ഉദ്ധരിച്ചിട്ടുള്ളത്.

ആശാൻ വടക്കാഞ്ചേരിയിൽനിന്നു മടങ്ങി അല്പം ദിവസം കഴിഞ്ഞതിന്നുശേഷം പെരുമ്പടപ്പിൽ ഏതോ ഒരു സഭയ്ക്കു പോയിരുന്ന മുൻസീപ്പു കരുണാകരമേനവൻ, ഒന്നു വീട്ടിൽ പോയി അമ്മയെ കാണാതെ മടങ്ങുന്നതു വലിയ ആക്ഷേപമായി കരുതുമെന്ന വിചാരത്തോടെ ഉച്ചതിരിഞ്ഞു രണ്ടുമണി സമയത്തു മേലേടത്തു തറവാട്ടിൽ കയറിച്ചെന്നു. കരുണാകരമേനവൻ അവിടെ പോയിട്ടു കാലം രണ്ടുമൂന്നു കൊല്ലം കഴിഞ്ഞിരിക്കുന്നു. തറവാട്ടിലുള്ളവരൊക്കെ സ്വാർത്ഥികളാ

ണ്ണെന്നും അവരൊക്കെ തന്നെ വെറുക്കുന്നവരാണെന്നും ധരിച്ചുവെച്ചിട്ടുള്ള കരുണാകരമേനവന്നു വീട്ടുകാരെന്നു പറഞ്ഞാൽ മുഖം കറുക്കുന്ന സ്വഭാവമാണു കുറച്ചുകാലമായി കണ്ടുവരുന്നത്. മേനവന്റെ ഈ പ്രകൃതമാറ്റത്തിന്നു കാരണം അദ്ദേഹത്തിന്റെ ഭാൎയ്യയാണെന്നു തറവാട്ടുകാർ മുക്കിലും മൂലയിലും ഇരുന്നു പറയും. ഈ സംസാരം എങ്ങിനെയെങ്കിലും മേനവനറിഞ്ഞാൽ ശുണ്ഠി വൎദ്ധിക്കും. ഈ വക സംഗതികളാൽ കരുണാകരമേനവന്റെ ഈ വരവിൽ അദ്ദേഹത്തെ ആദരിപ്പാൻ ആളുകൾക്കു കുറവൊട്ടും ഉണ്ടായിരുന്നില്ലെങ്കിലും ആരുടെ മുഖത്തും ഒരു പ്രസന്നതയുണ്ടായിരുന്നില്ലെന്നു പറയേണ്ടതില്ലല്ലോ. ഒരു കാലത്തു കരുണാകരമേനവന്റെ വീട്ടിലേക്കുള്ള വരവു ചന്ദ്രോദയംപോലെ വിചാരിച്ചിരുന്നവൎക്കൊക്കെ ഇപ്പോൾ എന്തൊരു പ്രകൃത മാറ്റമാണു വന്നിരിക്കുന്നത്! 'കണാരു', 'കുട്ടൻ', 'കണാരേട്ടൻ' എന്നൊക്കെ മുൻകാലങ്ങളിൽ വീട്ടുകാർ വിളിക്കുന്നതു കേൾക്കുമ്പോൾ അന്യന്റെ മനസ്സുകൂടി അലിഞ്ഞുപോയിരുന്നു. ഇപ്പോഴോ? വല്ലാത്ത ഒരു മാറ്റമാണു വന്നിട്ടുള്ളത്.

അമ്മയെ കണ്ടു സംസാരിച്ചു. പാറുക്കുട്ടിയമ്മയും മക്കളും മാത്രമാണ് മേലേടത്തു തറവാട്ടിലെ ആകെയുള്ള കുടുംബം. കരുണാകരമേനവൻ ഈ അമ്മയുടെ മൂത്ത മകനാണ്. ഈ അമ്മ വളരെ നല്ല സ്വഭാവക്കാരിയായതുകൊണ്ടു മകന്റെ മനസ്സിന്നു വേദനയുണ്ടാക്കത്തക്കവിധത്തിൽ ഒന്നും സംസാരിച്ചില്ല. കരുണാകരമേനവന്റെ അച്ഛൻ വലിയ ഒരു പണക്കാരനൊന്നുമല്ലായിരുന്നു. അദ്ദേഹം ജീവിച്ചിരുന്നേടത്തോളം കാലം പല സഹായങ്ങളും ചെയ്തിരുന്നുവെന്നല്ലാതെ കാണത്തക്ക മുതലായി അഞ്ചാറു സന്താനങ്ങളെ മാത്രമേ പാറുക്കുട്ടിയമ്മക്കു കൊടുത്തിരുന്നുള്ളു. സഹോദരനായ ഗോവിന്ദമേനവന്റെ സംരക്ഷണ തന്നെയാണ് അവലംബമായിരുന്നത്.

“നിന്നോടു ന്യായാന്യായങ്ങൾ പറവാൻ ഞാൻ ആളല്ല. കൃതഘ്നത കാട്ടുമ്പോൾ കോപവും വ്യസനവും ആൎക്കും ഉണ്ടാവും. അനുരാഗംപോലെതന്നെ മനസ്സിന്നുണ്ടാകുന്ന ഒരു വികാരമാണല്ലൊ കോപവും വ്യസനവും.”

എന്നാണു കരുണാകരമേനവനോടു കണ്ണിൽ വെള്ളം നിറച്ചുംകൊണ്ട് അമ്മ ഒടുവിൽ പറഞ്ഞത്. നിൎദ്ദയന്മാരെക്കൂടി ആൎദ്രചിത്തന്മാരാക്കുന്ന അമ്മയുടെ വ്യസനം കണ്ട് 'നാളെ പോയാൽ പോരെ' എന്ന ക്ഷണം നിരസിക്കുവാൻ കരുണാകരമേനവന്നു ശക്തിയുണ്ടായില്ല.

വീട്ടിൽ വന്നിട്ടു കാരണവരെ കാണാതെ മടങ്ങിപ്പോകുന്നതും ഭംഗിയല്ലല്ലൊ. അന്ന് അവിടെ വന്നിട്ടുണ്ടായിരുന്ന ആശാനും ഈ അഭിപ്രായത്തെ ബലപ്പെടുത്തി. കാരണവരും അനന്തിരവനും തമ്മിലുണ്ടായ സംഭാഷണം എന്തായിരുന്നുവെന്നും, അവർ തമ്മിൽ എന്തു പറഞ്ഞാണ് പിരിഞ്ഞതെന്നും ആശാനു മാത്രമേ വിവരമുള്ളു.

നേരം സന്ധ്യയായി. കാരണവൻ ഗോവിന്ദമേനവൻ പത്തായപ്പുരമാളികയിൽ നാമം ജപിപ്പാനിരിക്കുകയാണ്. പാൎവ്വതിയമ്മയും കുട്ടികളും കുളങ്ങരെ പോയി മടങ്ങിവന്നിട്ടില്ല. അമ്മായിയും

മക്കളും അടുക്കളയിലാണ്. ആശാൻ പടിപ്പുരയിലിരുന്നു ചിലരുമായി സംസാരിക്കുകയായിരുന്നു. കരുണാകരമേനവൻ പത്തായപ്പുരമാളികയുടെ ചുവട്ടിൽ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തിക്കൊണ്ടിരിക്കുകയുമായിരുന്നു. അപ്പോൾ പെട്ടെന്നു രണ്ടു വെടി പൊട്ടുന്ന ശബ്ദവും, പത്തായപ്പുരമാളികയിൽനിന്നു എന്തോ കലശലായ ചില ശബ്ദവും കേട്ടു. എന്താണെന്നറിവാൻ ഓരോരുത്തർ ഓരോ വഴിയായി ഓടിയെത്തിത്തുടങ്ങി. ആശാൻ മുകളിൽ കയറിച്ചെന്നു നോക്കിയപ്പോൾ ഒരു ഭദ്രദീപത്തിന്റെ മുമ്പാകെ ഒരു പുല്പ്പായ വിരിച്ചിട്ടുള്ളതിൽ കാരണവൻ ഗോവിന്ദമേനോൻ ദേഹമാസകലം രക്തംപുരണ്ടു കിടക്കുന്നു. അദ്ദേഹത്തിന്റെ ഒരു കയ്യിൽ ഒരു ആറുകുഴൽ കയ്ത്തോക്കുണ്ട്. മറ്റെക്കൈകൊണ്ട് ചരിഞ്ഞുവീണുകിടക്കുന്ന ഒരു ടീപ്പോയിയുടെ ഒരു കാൽ പിടിച്ചിട്ടുണ്ടായിരുന്നു. ആ ചെറിയ വട്ടമേശമേൽ ഉണ്ടായിരുന്ന ചില പുഷ്പപാത്രങ്ങളും കുപ്പികളുമെല്ലാം താഴെ ഉരുണ്ടുപിരണ്ടു വീണു പൊട്ടി ഛിന്നഭിന്നമായി അങ്ങുമിങ്ങും ചിന്നിച്ചിതറിക്കിടക്കുന്നുമുണ്ടായിരുന്നു. ആശാന്റെ ആദ്യത്തെ നോട്ടത്തിൽ ആ മുറിയിൽ ഒരിടത്തു കരുണാകരമേനവൻ ചിത്രത്തിൽ എഴുതപ്പെട്ട ഒരാളെപ്പോലെ നിശ്ചേഷ്ടനായി നില്ക്കുന്നതു കണ്ടതുമില്ല. ആശാൻ ഇതൊക്കെ കണ്ടുംകൊണ്ട് ആശ്ചര്യത്തോടെ അധികനേരം നില്ക്കേണ്ടിവന്നില്ല. അമ്മായി ജാനകിയമ്മയും മറ്റു ചിലരും പരിഭ്രമിച്ചോടിവന്നു നിലവിളിയും മുറവിളിയുമായി വീട്ടിലുള്ളവർ മുഴുവനും പത്തായപ്പുരമാളികയിൽ നിറഞ്ഞുകഴിഞ്ഞു. ഈ ലഹളകളൊക്കെ കേട്ടു അയൽവക്കത്തുനിന്ന് ആളുകൾ ഓടിയെത്തിത്തുടങ്ങി. ഇതിലിടയ്ക്ക് ആശാന്റെയും കരുണാകരമേനവന്റെയും ദൃഷ്ടികൾ തമ്മിൽ കൂട്ടിമുട്ടി. ആശാൻ കരുണാകരമേനവന്റെ കയ്യുംപിടിച്ചു താഴത്തേയ്ക്കു പോകുന്നതിനു മുമ്പായി സ്ത്രീകളേയും മറ്റും അകത്തുനിന്നു സാന്ത്വനവാക്കുകൾ പറഞ്ഞു പുറത്താക്കി വാതിൽ പൂട്ടുകയും ചെയ്തു.

ഭ്രാന്തനെപ്പോലെയിരിക്കുന്ന കരുണാകരമേനവനെ താഴത്തെ ഒരു മുറിയിൽ കൊണ്ടാക്കി. 'ഏതുവിധമായാലും നിങ്ങൾക്ക് ഒരു കൊലപാതകന്റെ സ്ഥാനമാണ് ഇപ്പോഴുള്ളത്' എന്നു തന്നത്താനറിയാതെ ആശാൻ പറകയും ആയത് അവിടെ കൂടിയിരുന്ന ചിലർ കേൾക്കുകയും ചെയ്തിരുന്നു. എന്തിനു പറയുന്നു? ആ കാളരാത്രി കഴിഞ്ഞു നേരം പ്രഭാതമായപ്പോഴെക്കും, മുൻസിപ്പു കരുണകരമേനവൻ വീട്ടിൽ വന്നു കാരണവരുമായി പറഞ്ഞിടഞ്ഞ് ഒടുവിൽ കാരണവരെ വെടിവെച്ചു കൊന്നുവെന്നുള്ള വർത്തമാനം കർണ്ണാകർണ്ണികയായി മേലേടത്തു തറവാട്ടിലെ വാലിയക്കാരുടെ മുഖത്തിൽനിന്നു പുറപ്പെട്ടു പെരുമ്പടപ്പു രാജ്യം മുഴുവൻ പരന്നുകഴിഞ്ഞിരിക്കുന്നു. പോല്ലീസ്സു ഇൻസ്പെക്ടരും മജിസ്ത്രേട്ടും നേരംപുലർന്നതോടുകൂടി സ്ഥലത്തെത്തി.

ഗോവിന്ദമേനവന്റെ ആതിത്ഥ്യം സ്വീകരിച്ചും മററുവിധത്തിലും അദ്ദേഹവുമായി പരിചയപ്പെടാത്ത ഉദ്യോഗസ്ഥന്മാരും പ്രമാണികളും വളരെ കുറവായിരുന്നു. ഇതു കാരണം ഈ സംഭ

വം സാമാന്യത്തിലധികം ശബ്ദമുണ്ടാക്കി യെന്നു പറയേണ്ടതില്ലല്ലൊ. ഒരു ഡോക്ടർകൂടെ ആവശ്യമാണെന്നും മൃതശരീരത്തെ ദ്ദരദിക്കിലുള്ള ആസ്പത്രിയിലേക്കു കൊണ്ടുപോകുന്നതു ഭംഗിയല്ലെന്നും മററും മജിസ്ത്രേട്ടു അഭിപ്രായപ്പെടുകയാൽ അതിന്നായി കത്തും കൊടുത്തു ആളെ അയച്ചു. ഈ സംഭവത്തെപ്പററി ഒരന്വേഷണം നടത്തി റപ്പോട്ടാക്കേണ്ടതായിട്ടുള്ളതുകൊണ്ടു ചിലരെയൊക്കെ വിസ്തരിക്കേണമെന്നു മജിസ്ത്രേട്ടു അഭിപ്രായപ്പെട്ടപ്രകാരം മരിച്ചാളെ ഒടുവിൽ ജീവനോടെ കണ്ടുവെന്നു പറഞ്ഞ അമ്മായി ജാനകിയമ്മയെയാണ് ഒന്നാമതു വിസ്തരിച്ചത്.

ദിനസരിപ്രകാരം സന്ധ്യയ്ക്കു ഭർത്താവിന്നു ജപിപ്പാൻ നിലവിളക്കു മുകളിൽ കത്തിച്ചുവെച്ചു പുല്ലുപായയും ഭസ്മവും കൊണ്ടുകൊടുത്തു ഭർത്താവു ജപിപ്പാനിരുന്നതിന്നു ശേഷമാണു താൻ താഴെ വന്നതെന്നും, കരുണാകരമേനവൻ മാത്രം താഴെ വരാന്തയിൽ ആ സമയം ലാത്തിക്കൊണ്ടിരിക്കുന്നതായി കണ്ടിട്ടുണ്ടെന്നും ജാനകിയമ്മ പറഞ്ഞു. മുകളിൽനിന്നു വലുതായ ചില ശബ്ദം കേട്ടു താൻ ഓടിച്ചെന്നപ്പോഴേക്ക് ആശാൻ തുടങ്ങിയ പലരും അവിടെ എത്തീട്ടുണ്ടായിരുന്നുവെന്നും പറഞ്ഞു. ഈ സംഭവം ആത്മഹത്യയൊ അതല്ലാ കൊലയൊ എന്നു പറവാൻ തന്നാൽ സാധിക്കയില്ലെന്നും, ഉച്ചതിരിഞ്ഞു കരുണാകരമേനവനുമായുണ്ടായ സംഭാഷണാനന്തരം ഭർത്താവിൻെറ പ്രകൃതത്തിൽ ഒരു മാററം വന്നതായി തനിക്കു തോന്നീട്ടുണ്ടെന്നും ജാനകിയമ്മ സമ്മതിച്ചു.

പിന്നെ വിസ്തരിച്ചതു കരുണാകരമേനവനെയായിരുന്നു. താൻ കാരണവർ മരിച്ച ദിവസം ഉച്ചക്കാണ് അവിടെ വന്നതെന്നും, ഉച്ചതിരിഞ്ഞു കാരണവരുമായുണ്ടായ സംഭാഷണസമയം ആശാനും അടുത്തുണ്ടായിരുന്നുവെന്നും, സന്ധ്യക്കു താൻ പത്തായപ്പുരയുടെ താഴത്തെ വരാന്തയിൽ അങ്ങോട്ടുമിങ്ങോട്ടും ലാത്തിക്കൊണ്ടിരുന്നതു ശരിയാണെന്നും, മുകളിൽനിന്നു അസംഗതമായ ചില ശബ്ദങ്ങൾ കേട്ടു താൻ മുകളിൽ ചെന്നപ്പോൾ കണ്ടതു കാരണവർ രക്തത്തിൽ പുരണ്ടുകിടക്കുന്നതായിരുന്നുവെന്നും, പിന്നെയുണ്ടായ സംഗതിയൊന്നും തനിക്കു ഓൎമ്മയില്ലെന്നുമായിരുന്നു അദ്ദേഹത്തിൻെറ മറുവടി.

ആശാനെയാണ് പിന്നെ വിസ്തരിച്ചത്. പത്തായപ്പുരമാളികയിൽനിന്ന് അസാധാരണമായ ചില ശബ്ദങ്ങൾ കേട്ടപ്പോൾ താൻ മുകളിലേക്കു ബദ്ധപ്പെട്ടു ചെന്നുവെന്നും താനാണ് കരുണാകരമേനവനെ അകത്തുനിന്നു പിടിച്ചു താഴത്തു കൊണ്ടാക്കിയതെന്നും പറഞ്ഞു. കാരണവരും അനന്തിരവനുമായി ഉച്ചതിരിഞ്ഞുണ്ടായ സംഭാഷണം എന്തായിരുന്നുവെന്നുള്ള ചോദ്യത്തിന്നു ആശാൻ താഴെ പറയുംപ്രകാരം മറുവടി പറഞ്ഞു:—

'കാരണവരുടെ സ്വയാൎജ്ജിതമായ മുതൽ മുഴുവനും അദ്ദേഹത്തിൻെറ ഭാൎയ്യാമക്കളുടെ രക്ഷക്കായി കൊടുക്കാഞ്ഞാൽ അവർ കഴങ്ങിപ്പോകുമെന്നും, കരുണാകരമേനവനെ പഠിപ്പിച്ചു പ്രാപ്തനാക്കുവാൻ വിദ്യാഭ്യാസത്തിന്നും വക്കീ

ലായി വന്നതിന്നശേഷം കേസ്സുകിട്ടാതെ ഉഴലുന്ന കാലത്തെ ചെലവിന്നുമായി പതിനായിരം ഉറുപ്പികയോളം കാരണവർ ചിലവിട്ടിട്ടുണ്ടെന്നും ആ പണത്തിന്റെ മൎയ്യാദപലിശ അമ്മക്കു മാസവീതം തന്റെ സമ്പാദ്യത്തിൽനിന്നു കൊടുത്താൽ മതിയാകുന്നതാണെന്നും കാരണവർ പറഞ്ഞു. അവരവരുടെ ഒരു തോന്നലിന്നു വശപ്പെടുന്നവൎക്ക് അന്യന്മാരുടെ തോന്നലിനെ ക്രമപ്പെടുത്തുവാനുള്ള മോഹം എന്തിനാണെന്നു പറഞ്ഞു അല്പം ദേഷ്യത്തോടെ കാരണവർ അവിടെനിന്നു എഴുനീററുപോകയാണ് ചെയ്തതു്.

ഈ സംഭവത്തിന്നശേഷം കാരണവരെ ആശാൻ കണ്ടു സംസാരിക്കയുണ്ടായിട്ടുണ്ടോ എന്നായിരുന്നു പിന്നത്തെ ചോദ്യം. അഞ്ചുമണിസമയത്ത് അടിയന്തരമായി ആളു വന്നു കൂട്ടിക്കൊണ്ടുപോയി കാരണവർ എഴുതിയുണ്ടാക്കിയ ഒരു മരണശാസനത്തിൽ സാക്ഷിയായി ഒപ്പിടുവിച്ചിരിക്കുന്നുവെന്നും പറഞ്ഞു. കാരണവരുടെ കയ്യിലുണ്ടായിരുന്ന കയ്ത്തോക്കു അദ്ദേഹത്തിന്റെ സ്വന്തം തോക്കാണെന്നും ആശാൻ മൊഴികൊടുത്തു.

ഇതിന്നശേഷം അപ്പോത്തിക്കിരി മിസ്റ്റർ ജോണിനെ വിസ്തരിച്ചു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ മരിച്ചാളുടെ ദേഹത്തിലുള്ള മുറികളെ നോക്കിയാൽ കൊലയെക്കാൾ ആത്മഹത്യയാണെന്നു സംശയിപ്പാനാണ് അധികം വഴികാണുന്നതെന്നാണ്. ടീപ്പോയി മറിഞ്ഞുവീണതു പ്രാണവേദനയോടെ അതിന്റെ കാൽ കടന്നുപിടിച്ചതുകൊണ്ടായിരിക്കാമെന്നുംപറഞ്ഞു. ദേഹത്തിൽനിന്നു വേറെ യാതൊരു ലക്ഷ്യവും കിട്ടീട്ടില്ലെന്നും പറഞ്ഞു.

ഇതോടുകൂടി സാക്ഷിവിചാരണ അവസാനിപ്പിച്ചു. ഇതിന്നശേഷം കാരണവരുടെ എഴുത്തുമേശ പരിശോധിച്ചു. അതിന്നുള്ളിൽ കാരണവരുടെ സ്വഹസ്താക്ഷരത്തിലുള്ള താഴെ ചേൎത്തപ്രകാരമുള്ള ഒരെഴുത്താണ് കണ്ടത്:.

ശ്രീ.

മരുമക്കത്തായത്തറവാട്ടുകൾക്കു നേരിട്ടിട്ടുള്ള ദോഷങ്ങളിൽ ഏററവും പ്രധാനമായിട്ടുള്ളതു നവീനവിദ്യാഭ്യാസത്തിന്റെ സന്താനങ്ങളായ അനന്തിരവന്മാരുടെ ആവിൎഭാവമാണ്. ഹൃദയസംസ്കാരം സിദ്ധിപ്പാൻ സൗകൎയ്യമില്ലാത്ത ഇപ്പോഴത്തെ വിദ്യാഭ്യാസം ചോടുകീഴോക്കാതെയുള്ള ചില പുതിയ ആദൎശങ്ങളോടുകൂടി സമുദായോപദ്രവികളായ അനാവധി ചെറുപ്പക്കാരെ ഉണ്ടാക്കിത്തീൎക്കുന്നു. വിദേശരാജ്യങ്ങളെയും, വിദേശസമ്പ്രദായങ്ങളെയും മാത്രം മനസ്സിലാക്കി സൎവ്വജ്ഞന്മാരാണെന്നു നടിക്കുന്ന ഇത്തരം ചെറുപ്പക്കാരുടെ അല്പബുദ്ധിയിൽ വിദേശരാജ്യസ്നേഹം സ്വരാജ്യസ്നേഹമാണെന്നു തോന്നുന്നു. ഇവർ നവീനവിദ്യാഭ്യാസത്തെ ഭ്രമിച്ചു കുലവൃത്തി മറക്കുന്നു. കുടുംബഭരണത്തിൽ ഇവരെക്കൊണ്ടു യാതൊരു സഹായവുമില്ല. അഹർവൃത്തി കഴിപ്പാൻ ത്രാണിയില്ലാത്ത ഇവർ കുടുംബത്തിൽ ഉപദ്രവികളായിത്തീരുന്നു. തറവാട്ടുസമ്പ്രദായത്തെ അവർ നിന്ദിക്കുന്നു. കാരണവരെ അവർ വെറുക്കുന്നു. അമ്മപെങ്ങന്മാരെ അവർ സ്നേഹിക്കുന്നില്ല. സ്വാൎത്ഥം എന്ന ഒരു കാൎയ്യമേ അവൎക്കു

നിശ്ചയമുള്ളൂ. അവരവരുമായി രക്തബന്ധമുള്ളവൎക്കുവേണ്ടി അല്പം ചില അസൌകൎയ്യങ്ങൾ സഹിപ്പാൻ കഴിയാത്ത ഇവരാണ് സ്വരാജ്യത്തിന്നുവേണ്ടി എന്തും ചെയ്യാനൊരുക്കമാണെന്നു ധാടിപറയുന്നത്. ഇവർ എല്ലാവരും സമന്മാരാണെന്നാണ് നടിക്കുന്നത്. എല്ലാവൎക്കും മഞ്ചലിൽ കയറണം. മഞ്ചൽ എടുപ്പാനാരുമില്ല. അനുസരണം എന്നത് ഇവൎക്കില്ല. പരിശുദ്ധമായ മനോവികാരങ്ങൾ ഇവരെ സ്പൎശിക്കകൂടി ചെയ്യിട്ടില്ല. ഇത്തരക്കാരായ അനന്തിരവന്മാർ നമ്മുടെ ഇപ്പോഴത്തെ സ്കൂളുകളിൽനിന്നു കൊല്ലംതോറും അധികമധികമായി പുറത്തു ചാടിവരുന്നുണ്ട്. അപ്രകാരമുള്ള ശൂന്യഹൃദയന്മാരായ സ്വാൎത്ഥികൾക്കു മാതൃകയായി നില്ക്കുന്നത് എന്റെ അനന്തിരവൻ കരുണാകരനാണ്. അവനെ ഈ സ്ഥിതിയിലാക്കുവാൻ ഞാൻ വളരെ പണിപ്പെട്ടിട്ടുണ്ട്. അനവധി ദ്രവ്യവും നശിപ്പിക്കേണ്ടിവന്നിട്ടുണ്ട്. ഇവൻ എനിക്കും ഇവന്റെ അമ്മപെങ്ങന്മാൎക്കും ബന്ധുക്കൾക്കും ഒരു സഹായിയായി വരുമെന്നുണ്ടായ എന്റെ മോഹം അസ്തമിച്ചിരിക്കുന്നു. ഈ ഇച്ഛാഭംഗം സഹിപ്പാൻ എനിക്കു ശക്തിയുണ്ട്. പക്ഷെ എന്റെ ആലോചനക്കുറവുകൊണ്ടു വന്ന ദോഷം പലരും അനുഭവിക്കേണ്ടതായി വന്നിരിക്കുന്നു. കരുണാകരനെ പഠിപ്പിക്കുക കാരണം എന്റെ സ്വയാൎജ്ജിതം അധികമൊന്നും ബാക്കിയില്ല. ഉള്ളത് എന്റെ ഭാൎയ്യാമക്കൾക്കു കൊടുപ്പാൻ ഞാൻ ഏൎപ്പാടുചെയ്തിട്ടുണ്ട്. സഹോദരിക്കും കുട്ടികൾക്കും പട്ടിണികിടപ്പാതെ കഴിപ്പാനുള്ള മുതലും ഞാൻ കൊടുത്തിട്ടുണ്ട്.

ഞാൻ ഇനി ജീവിച്ചിരുന്നിട്ടു വലിയ ആവശ്യങ്ങളൊന്നും നിവൃത്തിക്കാനില്ല. ജീവിച്ചിരിക്കുന്നതായാൽ ചില വൈഷമ്യങ്ങളൊക്കെ വരുവാനുമുണ്ട്. ഇതുകാരണം എന്റെ ജീവനെ ഞാൻതന്നെ ഇന്നു നശിപ്പിക്കുന്നതാണ്. എന്നെ സ്നേഹിക്കുന്നവരാരും ഇതിൽ വ്യസനിക്കേണ്ടതില്ല.

ചൊല്ലുവിളിയും അനുസരണവും ഇല്ലാത്ത അനന്തിരവന്മാരുടെ ബാദ്ധ്യതയെപ്പററി നായർറഗുലേഷനിൽ ഒന്നും പറയാതിരുന്നത് ഈ ശൂന്യഹൃദയന്മാരായ അനന്തിരവന്മാരുടെ മാതൃകാജീവികൾ ഉണ്ടാക്കിയ റഗുലേഷനായതുകൊണ്ടാണ്. ആ റഗുലേഷൻ ശരിപ്പെടുന്നതുവരെ അനന്തിരവന്മാരെ വിദ്യാഭ്യാസം ചെയ്യിക്കുന്നതിന്നു ചെലവിടുന്ന പണം കുടുംബത്തിലുള്ള സ്ത്രീകൾക്കു പട്ടിണിയില്ലാതാക്കുവാൻ ഉപയോഗിക്കുന്നതാണു നല്ലതെന്നു എല്ലാ കാരണവന്മാരോടും ഉപദേശിക്കുവാൻ ഞാൻ മടിക്കുന്നില്ല.

10-10-1095 എം. ഗോവിന്ദമേനോൻ.

ഈ കത്ത് അടക്കം ചെയ്തു ലക്കോട്ടിന്മേൽ 'കാണേണ്ടവൎക്കു കാണ്മാൻ' എന്നു ഒരു മേൽവിലാസവും എഴുതിയിരുന്നു. ലോകരെ ഭയപ്പെട്ടു ശവസംസ്കാരമൊക്കെ കഴിയുന്നതുവരെ മുൻസീപ്പു താമസിച്ചു, വൈകുന്നേരം ആരോടും ഒന്നും പറയാതെ വടക്കാഞ്ചേരിക്കു മടങ്ങുകയും ചെയ്തു. പരിഭ്രമിച്ചുഴലുന്നവരെല്ലാം ആശാനെ ശരണം പ്രാപിക്കയും ചെയ്തു.

ശേഷം.

# ഞങ്ങളുടെ വായനശാല.

## ലണ്ടനിലെ രഹസ്യങ്ങൾ.

(പ്രഥമ വാല്യം; പരിഭാഷകൻ വടക്കുംകൂർ ഗോപാലമേനോനവർകൾ; സംക്ഷരരത്ന പ്രകാശിക അച്ചുക്കൂടം, കന്നംകുളം; വില ഒന്നര ഉറുപ്പിക.)

ഗുണവാന്മാരും ദോഷവാന്മാരുമായ പല ആളുകളുടെ അവസ്ഥാനുരൂപമായ ചേഷ്ടകളേയും തൽഫലങ്ങളേയും അനുഭവപ്പെടുത്തി കാവ്യനിബന്ധനം ചെയ്ത്, ഗുണത്തിൽ പ്രവൃത്തിയും ദോഷത്തിൽനിന്നു നിവൃത്തിയും മനുഷ്യൎക്ക് ഉളവാക്കുകയാണ് ഒരു കവിയുടെ ധൎമ്മമെങ്കിൽ ഇംഗ്ലീഷു സാഹിത്യത്തിൽ പ്രസിദ്ധനായ 'റൈനോൾഡ്' എന്ന ആഖ്യായികാകാരൻ ഉത്തമകവിയും 'മിസ്റ്ററീസ് ആഫ് ലണ്ടൻ' എന്ന അദ്ദേഹത്തിന്റെ കൃതി ഉൽകൃഷ്ടകാവ്യവും ആണെന്നു നിസ്സംശയം പറയാവുന്നതാണ്. ആ വിശിഷ്ടകൃതിയുടെ ഒരു തൎജ്ജമയാണ് ഇപ്പോൾ ഞങ്ങളുടെ ആലോചനയ്ക്കു വിഷയീഭവിച്ചിട്ടുള്ള പുസ്തകം.

1831-ൽ ലണ്ടൻ പട്ടണത്തിൽ നടന്നതായിക്കല്പിച്ചിട്ടുള്ള ഈ കഥയിലെ കഥാബന്ധത്തിന്റെ വൈചിത്ര്യത്തേയോ പാത്രകല്പനയുടെ വൈദഗ്ദ്ധ്യത്തേയോ പാത്രങ്ങളുടെ തന്മയത്വത്തേയോ പറ്റി പരിപൂൎണ്ണമായ ഒരു നിരൂപണം ചെയ്യുന്നത് ഇപ്പോൾ കുറെ സാഹസമായിരിക്കും. കാരണം ഈ കഥയുടെ ഒരു ഭാഗം മാത്രമേ ഈ പുസ്തകത്തിലടങ്ങീട്ടുള്ളു എന്നതുതന്നെ. എന്നാൽ, ഈ കഥയുടെ നിൎമ്മാണംകൊണ്ടു ഗ്രന്ഥകൎത്താവുദ്ദേശിച്ചിട്ടുള്ള കാൎയ്യം ഏററവും ഉൽകൃഷ്ടമായ ഒന്നാണെന്നു തീൎച്ചയായും പറയാവുന്നതാണ്. സുപ്രസിദ്ധമായ സാക്ഷാൽ ലണ്ടൻ പട്ടണത്തിൽ നടക്കുന്ന പല രഹസ്യങ്ങളുടേയും സ്വഭാവം പരസ്യമാക്കുകയാണ് ഈ 'രഹസ്യങ്ങ'ളുടെ രഹസ്യം എന്ന് ഇതിലെ പല ഭാഗങ്ങളിൽനിന്നും കഥാഗതിയിൽനിന്നും വൎണ്ണനകളിൽനിന്നും വ്യക്തമാവുന്നുണ്ട്. ഇതിലേയ്ക്കു ഗ്രന്ഥകൎത്താവു തന്നെ സാക്ഷിയാണ്. നോക്കുക:—

'കഥാപുസ്തകങ്ങളിൽ വൎണ്ണിച്ചുകാണുന്നതല്ലാതെ നിത്യപരിചയത്തിൽ കണ്ടെത്താൻ പ്രയാസമാണെന്നു ലോകപരിചയമുള്ളവൎക്കു പോലും തോന്നുന്ന ചില യഥാൎത്ഥസംഭവങ്ങളെ വായനക്കാൎക്കു പരിചയപ്പെടുത്തണമെന്നാകുന്നു ഈ ഗ്രന്ഥകൎത്താവിന്റെ ഉദ്ദേശം.' 'അമിതമായ സമ്പത്തിന്റെ സമീപം തന്നെ കഠിനമായ ദാരിദ്ര്യവും, അവൎണ്ണനീയമായ ആഡംബരത്തോടൊ... പ്പം തന്നെ പരിതാപകരമായ മ... ...വും, അത്യാനന്ദകരമായ സ... ...ണ്ടത് ... ...ി പണ്ഡിത്തിന്നടുത്തു തന്നെ ഭയാനക... ...ുപ്പാടും അവിടെ സ്പഷ്ടമാ... അഭിപ്രായ... 'മേഘമാൎഗ്ഗത്തോളം ഉ...ന്ത പോഷിപ്പി... ...ത്തുമായ ഒരു ഗോപുരപംക്തികൾ വേ... എന്നൊരു മ... ...ന്റെ ഒരററം—കുപ്പ... ...െ കാണപ്പെടുന്നപകരിക്കുന്നതും രസമ... ശരി മഹത്ത്വം ഉണ്ടായിരിക്കുമെന്നു നി... ...ന്റെ മാത...

ച്ചുററുമിരുന്നത്രെ പട്ടിണിക്കാരായ അനേകം കുട്ടികൾ ഭക്ഷണത്തിന്നായി നിലവിളി കൂട്ടുന്നത്". 'ഈ വലിയ പട്ടണത്തിലെ ജനങ്ങളുടെ ഗുണവും ദോഷവും ധനം ദാരിദ്ര്യം എന്നീവാക്കുകളെ ആശ്രയിച്ചാണിരിക്കുന്നത്. ധനമുള്ളവനു സകലസൽഗുണങ്ങളും ഉണ്ടെന്നാണു വെച്ചിട്ടുള്ളത്; അതില്ലാത്തിടത്തു ദുർഗ്ഗുണമല്ലാതെ യാതൊന്നും കാണപ്പെടുകയുമില്ല.' 'അന്യായപ്രവൃത്തികൾ ഈ പട്ടണത്തിൽ പക്ഷേടത്തും നടന്നുവരുന്നുണ്ട്. അനാഥശാല, ജെയിൽ, തെമ്മാടികളുടെ സങ്കേതസ്ഥാനം മുതലായ സ്ഥലങ്ങളിൽ കാണപ്പെടുന്ന ദുഷ്പ്രവൃത്തികൾ രാജധാനി, പ്രഭുമന്ദിരങ്ങൾ, പാർലിമെണ്ടുസഭ, പുരോഹിതമന്ദിരങ്ങൾ മുതലായ സ്ഥലങ്ങളിലും നടന്നുവരുന്നുണ്ട്. എന്നാൽ കുററങ്ങളുടെ ഗുരുലഘുത്വം കുററക്കാരുടെ സ്ഥിതിയെ അനുസരിച്ചാണു നിർണ്ണയിക്കപ്പെടുന്നത്. പണക്കാർ സാമുദായികമായി എത്ര ഗൌരവമുള്ള കുററം ചെയ്താലും ചോദ്യമില്ല. സാധുക്കൾ ധനവാന്മാർ കാട്ടിയതുപോലെ കാട്ടിയാൽ കാലുകൾക്കു ശൃംഖലയും തടവുമുറിയിൽ ബന്ധനവുമായിരിക്കും അനുഭവം.'

ഇങ്ങിനെയിരിക്കുന്ന ലണ്ടൻപട്ടണത്തിലെ സ്ഥിതികളെയും അവിടത്തെ സമുദായത്തെയും പററി ചില കവികൾ വളരെ കേമമായി വർണ്ണിച്ചിട്ടുള്ളത് എടുത്തു ദുർല്ലഭമായ ചില ഉൽകൃഷ്ടമാതൃകമേൽ 'ദൃഷ്ടിപതിപ്പിച്ചുംകൊണ്ടു' ആലോചിച്ചിട്ടാണെന്നാണു ഗ്രന്ഥകർത്താവു പറയുന്നത്. പലരും അദ്ദേഹം ലണ്ടനെ ഇങ്ങിനെ വർണ്ണിക്കുന്നു. കരുകരു കിണററിലെ വെള്ളം എന്റെ ശുദ്ധജലമാണെന്നു തോന്നും; എന്നാൽ അതിൽനിന്നൊരു തുള്ളി ഭൂതക്കണ്ണാടിയിൽക്കൂടി നോക്കിയാൽ ഭയവും അറപ്പും തോന്നും. ഭാഗ്യമക്കൾക്കു കാട്ടിക്കൊടുപ്പിൽ ഭയവും പ്പാടുചെയ്തിട്ടുണ്ട്. സഹേ...വിധകൃമികൾക്കും പട്ടിണികിടപ്പും അതിൽ ഉള്ള മുതലും ഞാൻ കൊടുത്തു

കാണാം. അതുപോലെതന്നെയാകുന്നു ലണ്ടൻ പട്ടണത്തിന്റെ സ്ഥിതിയും'. ആ ഭൂതക്കണ്ണാടിതന്നെയാണ് വാസ്തവത്തിൽ ഈ പുസ്തകം എന്നാണു ഞങ്ങൾക്കു തോന്നുന്നത്. ഇങ്ങിനെയിരിക്കെ ലണ്ടൻപട്ടണത്തിന്റെ മനോഹരതയെ മാത്രം ദൂരദർശിനിക്കുഴൽ വെച്ചു നോക്കി പ്രശംസിക്കുന്ന ചില ആംഗ്ലേയസാഹിത്യവേദികൾ ഈ ഭൂതക്കണ്ണാടിയെ നിന്ദിക്കുന്നുണ്ടെങ്കിൽ അതിന്നുള്ള കാരണം സ്പഷ്ടമാണല്ലൊ.

ഇതിന്റെ തർജ്ജമയെപ്പററി ഞങ്ങൾക്കു വളരെ നല്ല അഭിപ്രായമാണുള്ളത്. മൂലത്തിന്റെ തന്മയത്വം കളയാതെ സാധാരണ വായനക്കാർക്കു കൂടി ധാരാളം മനസ്സിലാവുന്നതും സരളവും ശുദ്ധവുമായ ഭാഷയിൽ ഇതു തർജ്ജമ ചെയ്വാൻ പരിഭാഷകൻ ചെയ്ത ശ്രമത്തെ മലയാളികൾ ബഹുമാനിക്കേണ്ടതാണ്. ഇദ്ദേഹം വളരെയധികം ലേഖനങ്ങളും പുസ്തകങ്ങളും എഴുതീട്ടുള്ള ആളല്ല; എന്നാൽ വളരെയധികം എഴുതേണ്ട ഒരാളാണെന്നു ആരും സമ്മതിക്കുന്നതാണ്.

1831 ജൂലായി 10-ാം നു- തമ്മിലു യാത്ര പറഞ്ഞു പിരിഞ്ഞ പ്രിയസഹോദരന്മാരായ ഉജിൻ റിച്ചാർഡ് എന്ന രണ്ടു യുവാക്കളിൽ റിച്ചാർഡു പോയന്നായ ഹീനമാർഗ്ഗത്തിൽ അയാൾക്കനുഭവമായ കാഴ്ചകളാണ് ഇആഖ്യാത്തിൽ ഉള്ളത്. ഉജിൻ ആകട്ടെ സ്വതന്ത്രമായ ഒരു വഴിയിൽ കൂടെയാണു തിരിച്ചിട്ടുള്ളത്. അയാൾ അന്നു പിരിഞ്ഞതിൽപ്പിന്നെ അയാളെ നാം കണ്ടിട്ടില്ല. നിശ്ചയപ്രകാരം ഒരു വ്യാഴവട്ടം കഴിഞ്ഞു 1843 ജൂലായി 10-ാം നു- അയാൾ ആ സങ്കേതസ്ഥാനത്തു വരുമ്പോഴത്തെ സ്ഥിതി എങ്ങിനെയായിരിക്കുമെന്ന്, റിച്ചാർഡിനെപ്പോലെ വായനക്കാരും കാത്തുകൊണ്ടാണിപ്പോൾ ഇരിക്കുന്നത്.

---

# മംഗളോദയം

൧൦൮൯

പുസ്തകം ൧ | മകരം | ലക്കം ൧


## മംഗളം.

മൂലക്കുന്നിൽത്തിങ്ങുംമഷിതമണിഹാരദ്യുതിസദാ
മുലസ്സുമ്മാറോമൽപ്പുതുമതിരളുംപുഞ്ചിരിയൊടും
കളിക്കാവാർകൊണ്ടൽപ്രഭയൊടുമനംഗാരിമടിയിൽ-
ക്കളിക്കുന്നകുന്നിൻസുകൃതലതയെക്കൈതൊഴുകുവൻ.

ഒരു പഴയകവി.

## അലങ്കാരനിരൂപണം.



കാവ്യത്തിൻെറ ജീവൻ രസമാണ്. രസജ്ഞാനമില്ലാത്തവക്ക സരസകൃതികളെ നിമ്മിയ്ക്കുവാൻ അസാദ്ധ്യമാകുന്നു. രസപോഷകമായ ഒരു വസ്തുവാകുന്നു അലങ്കാരം. അപ്പോൾ രസജ്ഞാനംപോലെതന്നെ അലങ്കാരജ്ഞാനവും കാവ്യനിമ്മാണത്തിന്ന് അത്യാവശ്യമായിത്തീരുന്നു. ഇത്ര അത്യാവശ്യമായ അലങ്കാരത്തിൻെറ സ്വരൂപത്തെക്കുറിച്ച് എത്രതന്നെ ചവ്വിതചവ്വണം ചെയ്താലും അത് അസ്ഥാനത്തിലായിത്തീരുന്നതല്ല.

അലങ്കാരമെന്നാലെന്ത് എന്നാണ് ഇവിടെ ആദ്യമായി ഗ്രഹിയ്ക്കേണ്ടത്. ഇതിൻെറ ലക്ഷണത്തെപ്പററി പണ്ഡിതന്മാരുടെ ഇടയിൽ പലേ അഭിപ്രായഭേദങ്ങളുമുണ്ട്. "രസത്തെ പോഷിപ്പിക്കുന്നതും രസത്തിലില്ലാത്തതുമായ ഒരു ധമ്മമാണ് അലങ്കാരം" എന്നൊരു മതം. "രസത്തിന്നുപകരിയ്ക്കുന്നതും രസമുള്ളേടത്തെല്ലാം ഉണ്ടായിരിയ്ക്കുമെന്നു നി

യമമില്ലാത്തതുമായ ധൎമ്മമാണ് അലങ്കാരം" എന്നു മറെറാരുമതം.

ശബ്ദാൎത്ഥങ്ങളിൽവെച്ചൊന്നിൽ
വാച്യമായിട്ടിരുന്നിടം
ചമൽക്കാരം ചമസ്സുന്ന
മട്ടലങ്കാരമായത്.

എന്ന കാരികയും, "ശബ്ദാൎത്ഥങ്ങൾ രണ്ടാലൊന്നിനെ ആശ്രയിച്ചിരിയ്ക്കുന്നതും, വ്യംഗ്യഭിന്നവും, ചമൽക്കാരകവുമായ വസ്തു അലങ്കാരം എന്ന് അലങ്കാരസാമാന്യലക്ഷണം." എന്നിങ്ങിനെ വൃത്തിയും ഭാഷാഭൂഷണത്തിൽ കാണിച്ചിട്ടുണ്ട്. ഇതിൻെറ പദപ്രയോജനവും മററും അവിടത്തന്നെ നോക്കി ഗ്രഹിയ്ക്കേണ്ടതാകുന്നു. ഈ അഭിപ്രായം തന്നെയാണ് മിക്ക ആലങ്കാരികന്മാരും സ്വീകരിച്ചിട്ടുള്ളത്. ഇപ്പോൾ അലങ്കാരലക്ഷണം ഇന്നതാണെന്നു സ്പഷ്ടമായല്ലൊ. ഇനി അതിൻെറ സ്വരൂപത്തെപ്പററി അല്പം ചിന്തിയ്ക്കാം.

സ്ഥിതമായരസത്തിൻെറ-
യംഗങ്ങൾക്കുപകാരിയായ്
ചേരുംധൎമ്മമലങ്കാരം
ഹാരാദ്യാത്മാവിനെന്നപോൽ

എന്നാണ് അലങ്കാരസ്വരൂപത്തെപ്പററി ഭാഷാഭൂഷണത്തിൽ നിൎവ്വചിച്ചുകാണുന്നത്. രസങ്ങളുടെ അംഗങ്ങളായ ശബ്ദാൎത്ഥങ്ങൾ വഴിയായി ഏതേതു ധൎമ്മങ്ങൾ രസങ്ങളെ ഉൽകൃഷ്ടങ്ങളാക്കിത്തീൎക്കുന്നുവോ ആ ധൎമ്മങ്ങൾ തന്നെ അലങ്കാരങ്ങൾ. അനുപ്രാസാദികൾ ശബ്ദംവഴിയായും ഉപമാദികൾ അൎത്ഥംവഴിയായും രസങ്ങളെ പോഷിപ്പിയ്ക്കും; കാവ്യപ്രാപ്തങ്ങളായ വിഭാവാദികൾക്കു പുഷ്ടിയുള്ളപ്പോൾ അലങ്കാരംകൂടിയുണ്ടെങ്കിൽ അതാതു രസങ്ങൾക്ക് ഒരു മിടുക്കു കൂടുമെന്നു താല്പൎയ്യം. കാമിന്യാദികൾക്കു സ്വതസ്സിദ്ധമായ സൌന്ദൎയ്യമുണ്ടെങ്കിലേ അലങ്കാരങ്ങൾ അഴകായിരിയ്ക്കു. വിരൂപമാരാണെങ്കിൽ അവരുടെ ആഭരണങ്ങൾ കാഴ്ചപ്പകിട്ടിന്നു മാത്രമേ പൎയ്യാപ്തങ്ങളാകയുള്ളു. അതുപോലെ ഒരു രസവുമില്ലാത്തിടത്ത് ഉക്തിവൈചിത്ര്യം മാത്രമേ അലങ്കാരങ്ങൾക്കുള്ളു.

രസങ്ങളുണ്ടെങ്കിൽത്തന്നെയും അലങ്കാരങ്ങൾ അനുഗുണങ്ങളല്ലെങ്കിൽ അതുകൾ രസപോഷകങ്ങളാകുന്നില്ല. നേരേമറിച്ച്, അവ സാപകൎഷകങ്ങളായിത്തന്നെ തീരും. ബാലികമാർ യുവതികളുടേയും സ്ത്രീകൾ പുരുഷന്മാരുടേയും അലങ്കാരങ്ങളെ ധരിച്ചാൽ അതിൻെറ ഫലം ഊഹ്യമാണല്ലോ. ഇപ്രകാരം തന്നെ, കുണ്ഡലം കയ്യിന്മേലും കങ്കണം കണ്ണുകളിലും ഉപയോഗിച്ചാൽ പരന്മാരുടെ പരിഹാസത്തിനു പാത്രമായിത്തീരും. അലങ്കാരങ്ങൾ സൎവ്വദാ രസപോഷകങ്ങളായിരിയ്ക്കയില്ല. രസമില്ലാത്തെടത്തും അലങ്കാരമുണ്ടായി എന്നുവരാം. രസമുള്ളിടത്ത് അതിന്നനുഗുണമായി ഉപയോഗിയ്ക്കുന്ന അലങ്കാരം രസത്തെ പോഷിപ്പിയ്ക്കും. ഇവിടെ രണ്ടു സംഗതികൾ ധരിയ്ക്കേണ്ടതുണ്ട്. അതായത്:—

"ശൌൎയ്യാദികൾ സമവേതങ്ങളും ഹാരാദികൾ സംയുക്തങ്ങളുമാകയാൽ ലൌകികാലങ്കാരങ്ങൾക്ക് ഒരു പക്ഷേ ഭേദമുണ്ടായേക്കാം. കാവ്യങ്ങളുടെ ഗുണാലങ്കാരങ്ങൾ അങ്ങിനെയല്ല; അതുകൾ അലൌകികങ്ങളാണ്. അവ ഒരു കാ

ലത്തും ശബ്ദങ്ങളെ വിട്ടുപിരിയുന്നില്ല. രണ്ടും സമവേതങ്ങൾ തന്നെ. സമവേതങ്ങൾ എന്നതിന്നു സമനിയതങ്ങൾ എന്നേ അത്ഥമുള്ളു. അപ്പോൾ ഗുണാലങ്കാരങ്ങൾക്കു ഭേദമില്ലെന്നു സിദ്ധമായി.'' എന്നൊരു മതമുണ്ട്. ഇത് അസാധുവായിത്തീന്നിരിക്കുന്നു എന്നുള്ളതു മേൽപ്പറഞ്ഞ കാരിക സൂചിപ്പിക്കുന്നുണ്ട്. ഇതാണ് ഒന്നാമത്തെ സംഗതി.

''ഗുണങ്ങളാണു കാവ്യശോഭയ്ക്കു കാരണം. അലങ്കാരങ്ങൾ ആ ശോഭയെ പുഷ്ടിപ്പെടുത്തുവാനേ മതിയാകയുള്ളൂ'' എന്നും മതാന്തരമുണ്ട്. അതും അടിസ്ഥാനരഹിതമാണെന്ന് ഈ കാരിക സ്ഥാപിക്കുന്നു. എങ്ങിനെ?

ഈശ്ശരീരംതന്നെഭദ്രേ!
സ്വർഗ്ഗപ്രാപ്തിക്കുകാരണം
നിൻെറതാമ്രാധരരസം
സുധയേക്കാൾ മനോഹരം.

ഇവിടെ വിശേഷോക്തി, വ്യതിരേകം എന്നിങ്ങിനെ രണ്ടലങ്കാരങ്ങളുണ്ട്. മാധുര്യാദിഗുണങ്ങൾ സ്പഷ്ടമായി പ്രകാശിക്കുന്നില്ലതാനും. പൂർവ്വാർദ്ധം വിശേഷോക്തിയും ഉത്തരാർദ്ധം വ്യതിരേകവുമാകുന്നു.

വിശേഷോക്തി,ജനിക്കാസ്സിൽ
കാര്യംഹേതുവിരിക്കവേ

എന്നാണ് ഭാഷാഭൂഷണത്തിൽ പറഞ്ഞിരിക്കുന്നത്. എങ്കിലും ''ഏകഗുണഹാനികല്പനായാം ശേഷഗുണദാർഢ്യകല്പനാ വിശേഷോക്തിഃ'' എന്നും പ്രമാണം കാണുന്നുണ്ട്. സ്വർഗ്ഗപ്രാപ്തിക്കു കാരണമായ ദിവ്യത്വം ഈ ശരീരത്തിനില്ല എന്നിങ്ങിനെ ഏകഗുണഹാനിയെ സൂചിപ്പിക്കുകയും സുഖാദിശേഷഗുണങ്ങൾക്കു ദാർഢ്യം വരുത്തുകയും ചെയ്തിരിക്കുകൊണ്ട് ഇതു വിശേഷോക്തിതന്നെ. ഇതുപോലെ വ്യതിരേകാലങ്കാരവും ഇപ്പദ്യത്തിലുണ്ട്.

വിശേഷംവ്യതിരേകാഖ്യം
വർണ്ണ്യാവർണ്ണ്യങ്ങൾതങ്ങളിൽ

എന്നേ ഭാഷാഭൂഷണം വിധിക്കുന്നുള്ളു. പക്ഷേ ''ഉപമേയസ്യഗുണാതിരേകത്വം വ്യതിരേകഃ'' എന്നു വേറെയും പ്രമാണമുണ്ട്. ഇവിടെ ഉപമേയമായ അധരരസത്തിന്ന് ഉപമാനമായ സുധയേക്കാൾ ഗുണാതിരേകം കല്പിച്ചിരിക്കുകൊണ്ട് ഇതും വ്യതിരേകാലങ്കാരം തന്നെ. ഇപ്പറഞ്ഞ രണ്ടു വാക്യങ്ങൾക്കും അലങ്കാരത്വമുണ്ടെന്നുവരുമ്പോൾ, ഗുണങ്ങളെക്കൊണ്ടുണ്ടാകുന്ന ശോഭയെ പോഷിപ്പിക്കുന്ന ധമ്മമല്ലാ അലങ്കാരം എന്നും മററും സ്പഷ്ടമാണല്ലോ. ഈ പരമാത്ഥത്തെ ഗ്രഹിക്കുകതന്നെയാണ് കാരിക സൂചിപ്പിക്കുന്ന രണ്ടാമത്തെ സംഗതി.

ശബ്ദാലങ്കാരങ്ങളും അത്ഥാലങ്കാരങ്ങളും രസപോഷകങ്ങളായിട്ടും ഉക്തിവൈചിത്ര്യമാത്രങ്ങളായിട്ടും ഉണ്ടായിരിക്കുമെന്നു മുമ്പു പറഞ്ഞുവല്ലോ. ആ സംഗതിയെത്തന്നെ ഒന്നുകൂടി വിശദപ്പെടുത്തി ഈ നിരൂപണം ഉപസംഹരിക്കാമെന്നു വിചാരിക്കുന്നു.

''മാലേയംമാററിവെച്ചു,മതിമതിപനിനീർ
(നീർ
പിന്നെയുംപാററിടൊല്ലേ,
മേലേമേലേചുമപ്പിക്കരുതുകനമെഴും
മുത്തുമാലാകലാപം, (യി-
നീലേശംനന്ദിയെന്യേപ്രിയസഖി!നില
ല്ലാതെവല്ലാതിവണ്ണം
മാലേകായ്ക്കെ''ന്നമാൻനേർമിഴിനിലവി-
(ളിയായ്
നാൾകഴിക്കുന്നനിത്യം.

ഇവിടെ മകാരാന്തപ്രാസം സ്പഷ്ടമാണ്. ലകാരവും നകാരവും ഇടയ്ക്കിടയ്ക്കുണ്ടുതാനും. ഇങ്ങിനെ ഈ ശബ്ദാലങ്കാരം വിപ്രലംഭശൃംഗാരത്തിന്നു പോഷകമായിത്തീരുന്നു. ഈ അക്ഷരങ്ങൾ (മകാരാദികൾ) മാധുര്യമെന്ന ഗുണത്തെ വ്യഞ്ജിപ്പിയ്ക്കുന്നവയും, മാധുര്യം ശൃംഗാരത്തെ പോഷിപ്പിയ്ക്കുന്നതും ആകുന്നു.

> ടവർഗ്ഗഭിന്നമാംവർഗ്ഗം
> മൂന്നിൽപ്പഞ്ചമസംയുതം
> ലഘുരേഫണകാരങ്ങൾ
> മാധുര്യവ്യഞ്ജകങ്ങളാം

എന്നും,

> സംഭോഗംകരുണംവിപ്ര-
> ലംഭംശാന്തമിവറ്റയിൽ
> ഉത്തരോത്തരമുൽക്കർഷം
> മാധുര്യത്തിന്നുവന്നിടും

എന്നും ഭാഷാഭൂഷണത്തിൽ കാണിച്ചിട്ടുണ്ട്. ഇപ്പോൾ ശബ്ദാലങ്കാരം രസപോഷകമാകുന്നതിന്ന് ഉദാഹരണം കാണിച്ചുവല്ലോ. ഇനി രസപോഷകമായ അർത്ഥാലങ്കാരത്തിന്നും ഒരുദാഹരണം കാണിയ്ക്കാം.

> അയ്യയ്യോ തോഴി! രാഗപ്പൊലിമ പകിരി
> പാഞ്ഞുകേറുന്നചൂറും (പോൽ
> പൊയ്യല്ലേ മെത്തുളയ്ക്കുന്നിതു മുനകലരും
> കാരമുള്ളെന്നപോലെ
> വയ്യല്ലോ, മെവലിയ്ക്കുന്നിതു ശിവശിവ
> വൈദ്യുതിശക്തിപോലേ (നോ!
> ക്കിയ്യല്ലെന്നമ്മയല്ലാജനകനുമിതുമാ-
> റ്റിടുവാനാകയില്ല.

ഇവിടെ മാലോപമയാണ് അലങ്കാരം. 'ഒരുപമേയത്തെത്തന്നെ പല ഉപമാനങ്ങളോടുപമിയ്ക്കുന്നതു മാലോപമ.' എന്നു ലക്ഷണം. 'പകിരിപോലെ' എന്ന ഉപമകൊണ്ട് അനുരാഗം പടർന്നുപിടിയ്ക്കുന്നതിന്ന് ഒരു ശക്തി അധികം തോന്നിയ്ക്കുന്നുണ്ട്. ഇതുപോലെ തന്നെ 'കാരമുള്ളുപോലെ തുളയ്ക്കുന്നു' എന്നും, 'വിദ്യുച്ഛക്തിപോലെ വലിയ്ക്കുന്നു' എന്നും ഉള്ള അലങ്കാരങ്ങൾ അതാതവസ്ഥകൾക്ക് ആധിക്യം സൂചിപ്പിയ്ക്കുന്നുണ്ട്. ഈ ആധിക്യസൂചനം വിപ്രലംഭശൃംഗാരത്തിന്നു പോഷകവുമാണ്. വിപരീതോദാഹരണങ്ങളെക്കൊണ്ടും ഈ സംഗതി ഒന്നു വിശദപ്പെടുത്താം.

> ഇഷ്ടപ്രാണപ്രിയപ്രേയസിവടിവിലട-
> ത്തുൽക്കടപ്രേമഭാരം
> സ്പഷ്ടപ്രഖ്യാപനംചെയ്കടവിനൊടുതദാ
> നേക്കടൻനോക്കിയപ്പോൾ
> പുഷ്ടപ്രേമപ്രകർഷപ്രകടനപടുവാം
> തൽക്കടക്കൺമിടുക്കാൽ
> നഷ്ടപ്രജ്ഞൻവിശിഷ്ടൻചുടുചുടെനെടു
> വീർപ്പിട്ടുവട്ടംതിരിഞ്ഞാൻ. (വീ-

ഈ പദ്യത്തിൽ ടകാരാന്തപ്രാസമാണ് പ്രധാനമായിട്ടുള്ളത്. പ്ര, ഷ മുതലായവയും ഇല്ലെന്നില്ല. ഈ പ്രാസം രസപോഷകമാകുന്നില്ല. വിപ്രലംഭശൃംഗാരമാണ് ഇവിടേയും രസം. പക്ഷെ ടവർഗ്ഗാദ്യന്തപ്രാസങ്ങൾ ശൃംഗാരരസത്തിന്നനുഗുണങ്ങളല്ല.

> ദ്വിരുക്തംരേഫസംയോഗം
> ശഷരണ്ടുംടവർഗ്ഗവും
> നീളംവൃത്തിയുമോജസ്സിൽ
> കൊള്ളാമുദ്ധതബന്ധവും

എന്നും, വീരബീഭത്സരൌദ്രങ്ങൾ
മേൽക്കുമേലതിനാശ്രയം

എന്നുമാണ് നിശ്ചയം. അപ്പോൾ ഈ അനുപ്രാസം ശൃംഗാരരസത്തിനു വിരുദ്ധമായ രൌദ്രാദികളെയാണ് പോഷിപ്പിക്കുന്നത് എന്നും അതു പ്രകൃതത്തിനു യോജിക്കുന്നതല്ലെന്നും സ്പഷ്ടമാണല്ലോ. ഇനി അർത്ഥാലങ്കാരങ്ങൾ രസപോഷകങ്ങളല്ലാതെ വരുന്നതിനും ഒരുദാഹരണം കാണിക്കാം.

കാന്തൻ, തന്നൊടുവേർപിരിഞ്ഞിവിട
  പോയനുകാര്യേണിയ- (യോ
ത്യന്തം, തോഴികൾചെയ്തശാസനകളാ-
  ലുണ്ണാനിരുന്നെങ്കിലും
ചന്തംതങ്കിനവാരിവാഹനിവഹം
  കേട്ടപ്പൊഴേഭക്ഷണം
സ്വാന്തംതൊണ്ടയിൽനിറുത്തിനാ, ളുടൽവി
  ജീവന്നടപ്പെന്നപോൽ. (ടം

ഇവിടെ "ഉടൽവിട്ടു ജീവന്നടപ്പെന്നപോൽ" എന്നത് ഉപമാലങ്കാരമാണെങ്കിലും അതു രസത്തെ പോഷിപ്പിക്കുന്നില്ല. എന്നു മാത്രമല്ല, സൂക്ഷ്മം വിചാരിക്കുമ്പോൾ ഈ അലങ്കാരം രസത്തിനു കുറെ ഹാനികരമാണെന്നു തന്നെ പറയേണ്ടിവരും. വിപ്രലംഭശൃംഗാരം തന്നെയാണല്ലോ ഇവിടെ രസം. സാധാരണ വിപ്രലംഭാവസ്ഥയിൽ ജീവനിർഗ്ഗമനോപായങ്ങളെയാണ് നിബന്ധിക്കുമാറുള്ളത്; അല്ലാതെ തന്നിരോധോപായങ്ങളെയല്ല. വിപ്രലംഭവേളയിൽപ്രാണാപായോപായംകൂടി വർണ്ണിക്കപ്പെടുവാൻ യോഗ്യതയുണ്ട്. അങ്ങിനെ സംഭവിക്കാവുന്നതുമാകുന്നു. ആ സ്ഥിതിക്ക് അതിന്നു വിപരീതമായി ജീവനിരോധോപായം നിബന്ധിച്ചതു നിമിത്തം പ്രകൃതരസത്തിന്ന് അപകർഷം തന്നെയാണ് ഈ അലങ്കാരംകൊണ്ടു സംഭവിച്ചത്.

'ജീവനിർഗ്ഗമനത്തെത്തടയുന്നതായ ഒരടപ്പ് സുപ്രസിദ്ധമല്ല. ഉപമാനം പ്രസിദ്ധമായിരിക്കേണമെന്നും നിയമമുണ്ട്. അതുകൊണ്ട് ഇവിടെ ഉപമയല്ല, ഉൽപ്രേക്ഷയാണ് അലങ്കാരം' എന്നും മറ്റും മതാന്തരമുണ്ട്. ഉൽപ്രേക്ഷാലങ്കാരമാണെങ്കിലും പ്രകൃതദോഷത്തിന്റെ നിവാരണം വരുന്നില്ല. ഉപമാലങ്കാരംകൊണ്ടുണ്ടാവുന്നതുപോലെ തന്നെ ഉൽപ്രേക്ഷാലങ്കാരംകൊണ്ടും വിപ്രലംഭശൃംഗാരത്തിന്ന് അപകർഷം സംഭവിക്കുന്നുണ്ട്. ഏതായാലും അലങ്കാരവിനിവേശനത്തിൽ ഈ വക സംഗതികളെക്കുറിച്ച് പ്രത്യേകം മനസ്സിരുത്തേണ്ടതാകുന്നു.

ആലത്തൂർ അനുജൻനമ്പൂതിരിപ്പാട്

# ക്ഷയരോഗം

'ഒരു രാജ്യത്തിന്റെ ഉത്തമസമ്പത്തു തന്നിവാസികളുടെ ആരോഗ്യമാണ്' എന്നു ശ്രുതിപ്പെട്ട ആംഗ്ലേയഗ്രന്ഥകാരനായ റസ്കിൻ (Ruskin) ഒരിക്കൽ പറഞ്ഞിരിക്കുന്നു. ഈ ചെറുവാചകത്തിൽ എത്രയും വലുതായ ഒരു തത്വം അടങ്ങീട്ടുണ്ടെന്ന്, കുറച്ചാലോചിച്ചു നോക്കിയാൽ ആൎക്കുമറിയാവുന്നതാണ്. ഒരു

രാജ്യക്കാർ തങ്ങളുടെ രാജ്യത്തിന്റെ അഭ്യുദയത്തിന്നു വേണ്ടി എത്രതന്നെ പ്രയത്നിച്ചാലും, എന്തുതന്നെ നിയമങ്ങൾ ഏർപ്പെടുത്തിയാലും, എത്ര ദ്രവ്യം ചിലവിട്ടാലും, ഉദ്ദേശസാഫല്യം വരേണമെങ്കിൽ തങ്ങളെ അരോഗദൃഢഗാത്രരാക്കിത്തീർക്കുവാനുള്ള ശ്രമമാണു ആദ്യമായി ചെയ്യേണ്ടത്. ഈ സാരം തീരെ വിസ്മരിച്ച് വേറെ എന്തുതന്നെ യത്നിച്ചാലും ഒരു രാജ്യത്തിന്നു വേണ്ടപ്പെട്ട ഗുണങ്ങൾ വന്നുചേരുന്നതല്ല. ഒരു ഭീമനോ, ഒരു രാമമൂർത്തിയോ, ഒരു സാണ്ടോവോ തങ്ങളുടെ ഇടയിലുണ്ടെന്നു വെച്ചു തൃപ്തിപ്പെട്ടിരിക്കുന്നവർ വിഡ്ഢികളാണ്. ജനസമുദായത്തിന്നു പരക്കെ ആരോഗ്യമുണ്ടായാലല്ലാതെ, ഒന്നുരണ്ടു ശക്തന്മാരുണ്ടായാൽ മാത്രം നാം ഒട്ടുംതന്നെ തൃപ്തിപ്പെടരുത്. കലിക്കു വയസ്സു അധികമാകുംതോറും ലോകനിവാസികളുടെ ശക്തി കുറഞ്ഞാണ് വരുന്നതെന്നു ചില വൃദ്ധന്മാർ അഭിപ്രായപ്പെടുന്നതു വളരെ ശരിയാണ്. മനുഷ്യന്റെ ശരീരശക്തിയും, രൂപഗാംഭീര്യവും ക്രമേണ കുറഞ്ഞുവരുന്നതായിട്ടാണ് കാണുന്നത്. നമ്മുടെ പൂർവന്മാർക്കുണ്ടായിരുന്ന ദേഹശക്തിയും, പൌരുഷവും, ആരോഗ്യവും നമുക്കില്ല. ഇതിനെല്ലാം കാരണം പരിഷ്കാരവർദ്ധനയാണെന്നു പറഞ്ഞാൽ അത്ര ക്ഷണത്തിൽ ആരും വിശ്വസിക്കുന്നതല്ല. എന്നാൽ വാസ്തവം അങ്ങിനെയാണ്. പരിഷ്കാരം വർദ്ധിച്ചുവരുന്നതോടുകൂടി മുമ്പുള്ള രോഗങ്ങൾക്കു ശക്തി അധികമാകുന്നതിന്നുപുറമെ പുതുതായി പല രോഗങ്ങളും കണ്ടുവരുന്നുമുണ്ട്.

ജനസമുദായത്തിന്റെ ആരോഗ്യത്തെ പ്രായേണ ഇല്ലായ്മചെയ്തുവരുന്ന രോഗങ്ങളിൽ ഏറ്റവും ഉഗ്രവും ഭയങ്കരവുമായതു 'ക്ഷയം' എന്ന വ്യാധിയാണ്. വർഷംപ്രതി വർദ്ധിച്ചുവരുന്ന ഈ രോഗം ഇന്ത്യാരാജ്യത്തിന്നു ഏറ്റവും കെടുതി ചെയ്തിട്ടുണ്ടെന്നും, ഈ രാജ്യത്തിൽ സംഭവിക്കുന്ന മരണങ്ങളിൽ വളരെയധികം സംഖ്യക്ക് ഇതൊന്നുമാത്രമാണ് കാരണമെന്നും വളരെ കുറച്ചുപേർക്കു മാത്രമേ നല്ല നിശ്ചയമുള്ളു. ഇന്ത്യക്കാരനാണെങ്കിലും, പാശ്ചാത്യന്മാരായ ഡാക്ടർമാരുടേയിടയിൽ അനല്പവിഖ്യാതി നേടിയ ഒരു യോഗ്യനും, ക്ഷയരോഗത്തെപ്പറ്റിയുള്ള അന്വേഷണങ്ങൾ നടത്തിവരുന്ന വൈദ്യന്മാരുടെകൂട്ടത്തിൽ പ്രഥമഗണനീയനും, ഇംഗ്ലാണ്ടിലെ പ്രസിദ്ധ ക്ഷയരോഗാസ്പത്രികളിൽ ഒന്നായ 'Mendip Hills Sanatorium' എന്ന ആസ്പത്രിയിലെ പ്രധാനാംഗവുമായ ചൌരിമുത്തു എന്ന മഹാൻ ഇരുപതു കൊല്ലം ബിലാത്തിയിൽ താമസിച്ചതിന്നുശേഷം ഇയ്യിടെ ഇന്ത്യയെ സന്ദർശിച്ച സമയം അഭിപ്രായപ്പെട്ടത്, ഈ 20 കൊല്ലങ്ങൾക്കിടയിൽ ക്ഷയരോഗം ഇന്ത്യയിൽ വളരെയധികം വർദ്ധിച്ചുവന്നിട്ടുണ്ടെന്നാണ്. ഇദ്ദേഹത്തിന്റെ അഭിപ്രായപ്രകാരം ക്ഷയരോഗംകൊണ്ടുള്ള മരണം ഇംഗ്ലാണ്ടിലുള്ളതിനെക്കാൾ അധികമായുള്ളത് ഇന്ത്യയിലാണ്. കല്ക്കട്ടയിലെ ഗവർമ്മെണ്ടാസ്പത്രിയിൽ ചികിത്സക്കു വരുന്ന കൂട്ടരിൽ നൂററിന്ന് ഇരുപത്തഞ്ചുവീതം ക്ഷയരോഗചിഹ്നങ്ങളുള്ളവരാണ്. ഇംഗ്ലണ്ടിലെ വ്യവസായസങ്കേതസ്ഥാനങ്ങളായ ബിർമിംഗാം, മാഞ്ചെസ്റ്റർ മുതലായ

പട്ടണങ്ങളിലെക്കാൾ അധികം ക്ഷയരോഗികളുള്ളത്. ഇന്ത്യയിലെ പട്ടണങ്ങളിലാണ്. ഇന്ത്യക്കാരായ ക്ഷയരോഗികളിൽ അധികഭാഗം സ്ത്രീകളാണത്രെ! ഈ കൂട്ടത്തിൽ തന്നെ ഭൂരിപക്ഷം മുഹമ്മദീയസ്ത്രീകളാണ്. ഇതിന്നു കാരണം അവരുടെ ചില പ്രത്യേകസമുദായനടപടികളാണ്. അന്യപുരുഷന്മാർക്ക് അവരെ കണ്ടുകൂടാ എന്ന നിയമമനുസരിച്ചു മുഹമ്മദസ്ത്രീകളുടെ വാസം കാററും വെളിച്ചവും തട്ടാത്ത ചില വീടുകളിലാണ്. ശുദ്ധവായുവും വെളിച്ചവും വേണ്ടപോലെ അനുഭവിക്കാതെ രാവും പകലും വീട്ടിന്നകത്തടച്ചിരിക്കുന്നതുകൊണ്ടാണ് അവരുടെയിടയിൽ ഈ മഹാരോഗം ഇത്രയധികം കണ്ടുവരുന്നത്.

ക്ഷയരോഗം ഇന്ത്യയിൽ വർഷംപ്രതി വർദ്ധിച്ചുവരുന്നുണ്ട്. ഇന്ത്യയിലെ ആസ്പത്രികളിലെ കണക്കുകൾ പരിശോധിച്ചു നോക്കിയാൽ 1911-ൽ ആകെ 89,212 ക്ഷയരോഗികളെ ചികിത്സിച്ചതായിട്ടും, 1912-ൽ (ഒരു കൊല്ലംകൊണ്ട്) ഈ സംഖ്യ 92412 ആയും 1913-ൽ 96,850 ആയും വർദ്ധിച്ചതായിട്ടും കാണാം. ഈ കണക്കുപ്രകാരം ആദ്യവർഷാന്തരത്തിൽ നൂറുക്കു 3⅓ വീതവും, രണ്ടാം വർഷത്തിൽ നൂറുക്കു 8½ വീതവുമാണ് ഉദ്ദേശവർദ്ധന. 1901 മുതൽ 1905 വരെയുള്ള കണക്കുപ്രകാരം നൂററിന്നു 50 വീതവും, 1901 മുതൽ 1910-വരെയുള്ള കണക്കുപ്രകാരം നൂറുക്കു നൂറുവീതവുമാണു വർദ്ധന കാണുന്നത്! മദിരാശി ജനറൽ ആസ്പത്രിയിൽ 1913-ൽ മുൻവർഷത്തേക്കാൾ ഇരട്ടിയാണത്രെ ക്ഷയരോഗത്താലുള്ള മരണങ്ങൾ. ഈ കണക്കുകൾകൊണ്ടു ക്ഷയരോഗത്തിന്നു വർദ്ധനയല്ലാതെ കുറവു തീരെയില്ലെന്നു മാത്രമൊഴിച്ച്, ഇന്ത്യയിലെ ക്ഷയരോഗത്തിന്റെ വാസ്തവസ്ഥിതി മുഴുവൻ നമുക്കു മനസ്സിലാവുന്നില്ല. ഇതിന്നുള്ള പ്രധാനകാരണം ക്ഷയരോഗത്തെ അതിന്റെ ആദ്യനിലയിൽ കണ്ടറിയുവാനുള്ള ബുദ്ധിമുട്ടാണ്. ക്ഷയത്തിന്റെ പുറപ്പാടുകാലത്ത് ആയതു മലമ്പനിയാണെന്നും, ശ്വാസകോശത്തിന്റെ പഴുപ്പാണെന്നും മററും തെററിദ്ധരിപ്പാൻ വളരെ എളുപ്പമുണ്ട്. ഇങ്ങിനെ രോഗത്തിന്റെ വാസ്തവസ്ഥിതിയറിയാതെ മരിച്ചുപോകുന്ന ക്ഷയരോഗികളുടെ സംഖ്യ ഒട്ടധികമുണ്ട്. ഡാക്ടർ റോജർ, ഡാക്ടർ സ്റ്റീവർട്ട് എന്ന പണ്ഡിതന്മാരുടെ അഭിപ്രായം ശ്വാസകോശസംബന്ധമായ സുഖക്കേടുകൊണ്ടു മരിക്കുന്ന കൂട്ടത്തിൽ 10-നു 9 വീതം ക്ഷയരോഗികളാണെന്നാണ്. ഇപ്രകാരമുള്ള ചില കാരണങ്ങളെക്കൊണ്ടു ക്ഷയരോഗികളുടെ ആകത്തുക ശരിയായി അറിയുവാൻ വളരെ ബുദ്ധിമുട്ടുണ്ട്. ലോകത്തിൽ ഈ രോഗം നിമിത്തം വർഷത്തിൽ 50 ലക്ഷം ജനങ്ങൾ മരിക്കുന്നുണ്ടെന്നും, ഇതിൽ അഞ്ചിൽ ഒരു ഭാഗം-അതായതു 10 ലക്ഷം പേർ- ഇന്ത്യക്കാരാണെന്നും ഒരു പണ്ഡിതൻ കണക്കാക്കിയിരിക്കുന്നു. ചുരുക്കിപ്പറയുന്നതായാൽ ഇന്ത്യയിലെ പ്രധാനനഗരങ്ങളായ ബോംബേയിലും കൽക്കത്തയിലുമുള്ള ആകെ ജനസംഖ്യയോടു തുല്യമായ ഒരു സംഖ്യയാണു കൊല്ലംതോറും ക്ഷയരോഗത്തിന്ന് ഇരയായി വരുന്നത്!

'ക്ഷയം' പരിഷ്കാരസംബന്ധമായ രോഗങ്ങളിൽ ഒന്നാണെന്നു മുമ്പു പ്രസ്താവിച്ചുവല്ലോ. കാടുകളിലും മലഞ്ചരിവുകളിലും അലഞ്ഞുനടന്നു ജീവിക്കുന്ന പശുക്കൾക്കോ, സ്വച്ഛയനുസരിച്ചു കായ്കനികളും മററും തിന്നു ജീവിക്കുന്ന വാനരന്മാർക്കോ,- ചുരുക്കത്തിൽ, സ്വാതന്ത്ര്യജീവിതം അനുഭവിക്കുന്ന യാതൊരു മൃഗത്തിനോ- ക്ഷയം പിടിപെട്ടതായറിവില്ല. ഇപ്രകാരം യാതൊരു സുഖക്കേടുമില്ലാതെയുള്ള ജീവികളെ പിടിച്ചു പട്ടണങ്ങളിൽ കൊണ്ടുവന്നു കാഴ്ചബംഗ്ലാവുകളിലും മററും അടച്ചിടുന്നതായാൽ അവശ്യാത്ര്യമായി വരുന്ന രോഗം ക്ഷയമാണത്രേ! ഇതേപ്രകാരംതന്നെയാണു മനുഷ്യന്റെ കഥയും. പുരാതനകാലത്തു— നമ്മുടെ പൂർവ്വന്മാർ ആധുനികപരിഷ്കാരനയങ്ങൾ ഒന്നുംതന്നെയറിയാതെ, ശുദ്ധവായു, ശുദ്ധജലം, സൂര്യരശ്മി എന്നു മൂന്നു ദിവ്യൌഷധങ്ങൾ സദാ അനുഭവിച്ചുവന്നിരുന്ന കാലത്തു— ക്ഷയം എന്ന രോഗം ഇന്നതാണെന്നാർക്കും നിശ്ചയമുണ്ടായിരുന്നില്ല. പരിഷ്കാരോദയത്തോടുകൂടി പ്രകൃതിവിരുദ്ധമായ ചില നടപടികളും, ജനനിബിഡിതമായ പട്ടണങ്ങളിൽ ദ്രവ്യലാഭത്തിനുള്ള വാസവും മററും തുടങ്ങി. ഇതു കാരണം പ്രകൃത്യാ മനുഷ്യനുള്ള ആരോഗ്യസ്വഭാവം പൊയ്പ്പോകയും, പല വ്യാധികൾ ഉണ്ടായിത്തുടങ്ങുകയും ചെയ്തു. സകലരോഗങ്ങൾക്കും കാരണം മനുഷ്യന്റെ പ്രകൃതിവിരുദ്ധമായ ജീവിതമാണ്. ക്ഷയരോഗത്തിന്റെ ഏകകാരണം ഇതുതന്നെയാണ്. പരിഷ്കാരവർദ്ധനയോടുകൂടി ലോകത്തിൽ വ്യവസായസംബന്ധമായും, സമുദായസംബന്ധമായും മററും അനവധി വലുതായ മാററങ്ങളുണ്ടാവുന്നു. ഈ പുതുതായ മാററങ്ങൾ എല്ലാം മനുഷ്യനെ പ്രകൃതിനിശ്ചിതമായ പന്ഥാക്കളിൽനിന്നു ദൂരെ മാററിനിർത്തുന്നു. ഇതിന്റെ ഫലമാണു പുതുരോഗങ്ങൾ. വ്യവസായസംബന്ധമായ പരിഷ്കാരത്തിന്റെ ഒന്നാമത്തെ ചിഹ്നം മനുഷ്യൻ നാട്ടുപ്രദേശം വിട്ടു തിക്കുംതിരക്കുമുള്ള പട്ടണങ്ങളിൽ താമസിക്കുന്നതാണ്. പട്ടണങ്ങളിലെ ലഹളയും, അവിടങ്ങളിലെ യന്ത്രശാലകളിലെ ദുർവ്വായുവും ധൂമവും, മററും എത്ര ശക്തനേയും ക്രമേണ രോഗിയാക്കുന്നതാണ്. ധനസമ്പാദനത്തിനുവേണ്ടി സ്വശക്തി മറന്നുള്ള ബുദ്ധിമുട്ടും, നിദ്രാവിഹീനമായ അദ്ധ്വാനവും തുടങ്ങുന്നു. ഇതുകൊണ്ടെല്ലാം ആരോഗ്യം ക്ഷയിക്കാതെ നിവൃത്തിയില്ല. പരിഷ്കാരംകൊണ്ടുള്ള ഗുണങ്ങൾ മുഴുവനും ലഭിച്ചിട്ടില്ല എന്നു പാശ്ചാത്യന്മാർ തെററു കണ്ടുപിടിക്കുന്ന ഇന്ത്യാരാജ്യത്തിന്നു പരിഷ്കാരത്തിന്റെ കഠിനദോഷങ്ങളിൽപ്പെട്ട മുൻപ്രസ്താവിച്ചവ സകലതും അനുഭവമായിട്ടുണ്ട്. പാരിസ് പട്ടണത്തിലെ മാർക്കെററുകളിൽ വില്പാൻ വെച്ചിരിക്കുന്ന ഭക്ഷണപദാർത്ഥങ്ങളെയെടുത്തു മുൻ പ്രസ്താവിച്ച ഡാക്റ്റർ മുത്തു ചില പരീക്ഷകൾ നടത്തിയതിന്റെ ഫലമായി, ഈ പദാർത്ഥങ്ങളിൽ— പ്രത്യേകിച്ചു 'പച്ചക്കറി'കളിൽ— മിക്കഭാഗവും ഒന്നു രണ്ടു ദിവസം പഴകിയതുകൊണ്ടു ഒരു തരം ഘോരവിഷമുള്ളതായ്ക്കണ്ടിരിക്കുന്നുവത്രേ. നാട്ടുപ്രദേശങ്ങളിൽ നട്ടുവളർത്തി ദിവസേന

രാവിലെ പരിശുദ്ധമായനുഭവിപ്പാൻ സാധിക്കുന്ന ഈ പദാർത്ഥങ്ങൾ വളരെ ദൂരെയുള്ള നഗരങ്ങളിൽ എത്തുന്നതിനു മുമ്പു ചില്ലറ വിഷങ്ങളാവുന്നു. ഈ വക സാധനങ്ങൾ ഭക്ഷിക്കുന്നതുകൊണ്ടു ക്രമേണ ദേഹത്തിന്റെ ശക്തി കുറഞ്ഞുവരുന്നു. ശക്തിക്കുറവോടുകൂടി രോഗങ്ങൾ പിടിപ്പാൻ എളുപ്പവുമധികമായിവരുന്നു. നഗരവാസത്തിന്റെ ദോഷങ്ങളിൽ ഒന്നു മാത്രമേ മേലേ കാണിച്ചിട്ടുള്ളൂ. പരിഷ്കാരവർദ്ധനയോടുകൂടി ദാരിദ്ര്യവും വർദ്ധിക്കുന്നുണ്ട്. ഇന്ത്യക്കാരനായ ഒരു കൂലിക്കാരനു തന്റെയും, ഭാര്യയുടേയും രണ്ടു മക്കളുടേയും ചിലവിന്നു മാസത്തിൽ 17 ക. യേ സമ്പാദിപ്പാൻ സാധിക്കുള്ളൂ എന്നു ഡാക്ടർ സ്ലേട്ടർ കണക്കാക്കീട്ടുണ്ട്. ഈ സ്വല്പസംഖ്യകൊണ്ടു സുഖജീവിതത്തിന്നു തീരെ സാധിക്കുന്നതല്ല. ഇതിനും പുറമേ ഇന്ത്യയിലെ ധനികവർഗ്ഗക്കാരുടെ പരിഷ്കൃതജീവിതവും രോഗങ്ങൾക്കു കാരണമായ്ത്തീരുന്നുണ്ട്. പാശ്ചാത്യസമ്പ്രദായപ്രകാരമുള്ള ജീവിതവും, മദ്യപാനവും, നമ്മുടെ രാജ്യത്തിന്റെ ഉഷ്ണസ്ഥിതിയും ഒന്നായിച്ചേർന്നാൽ ഉണ്ടാവുന്ന ഫലം രോഗം മാത്രമല്ലാതെ-മറ്റൊന്നുമല്ല.

'ക്ഷയരോഗത്തിന്നു കാരണം ഒരു തരം അണുപ്രായമായ ജീവി (Bacillus Microbe) യാണല്ലോ. ഈ ജീവിയില്ലാതെ എങ്ങിനെയാണ് ക്ഷയം പിടിപെടുക? പരിഷ്കാരത്തെ കുറ്റപ്പെടുത്തുന്നതു വെറുതെയാണ്.' എന്നു പക്ഷേ ചിലർ വിചാരിക്കുമായിരിക്കാം. അണുപ്രായമായ ഒരുതരം ജീവിയാണ് ക്ഷയത്തിന്നുകാരണമെന്നതിൽ ആരുംതന്നെ സംശയിക്കുന്നില്ല. എന്നാൽ ഈ ജാതി ജീവിമാത്രം ശ്രമിച്ചാൽ രോഗമുണ്ടാവുന്നതല്ല. സ്വശക്തിയെ പുറത്തു പ്രദർശിപ്പിപ്പാൻതക്കതായ ഒരു 'കളരി'യില്ലാതെ ഏതൊരു വിഷജീവി വിചാരിച്ചാലും മനുഷ്യനെ രോഗാതുരനാക്കുവാൻ സാധിക്കുന്നതല്ല. ഈ 'കളരി' ക്ഷീണിച്ച മനുഷ്യശരീരമാണ്. ദേഹസുഖം നിലനില്ക്കുന്ന കാലംവരെ ഏതു വിഷജീവി അകത്തു ചെന്നാലും വ്യാധി വരുന്നതല്ല. മനുഷ്യശരീരത്തിന്റെ ചുറ്റും അനവരതം അസംഖ്യം അണുജന്തുക്കൾ ചലിക്കുന്നുണ്ട്. ശക്തിയേറിയ ഒരു ഭൂതക്കണ്ണാടികൊണ്ടു പരിശോധിച്ചു നോക്കുന്നതായാൽ മനുഷ്യന്റെ ദേഹത്തിൽ രോഗബീജങ്ങളായ പല ജന്തുക്കൾ പറ്റിയിരിക്കുന്നതായിക്കാണാം. നാം ശ്വസിക്കുന്ന വായുവിൽക്കൂടെതന്നെ ഒരു ദിവസത്തിൽ അസംഖ്യം രോഗബീജങ്ങൾ നമ്മുടെ ദേഹത്തിൽ ചെന്നുചേരുന്നുണ്ട്. ഇവയെല്ലാം മനുഷ്യനെ രോഗാതുരനാക്കുവാൻ തുടങ്ങിയാൽ ആരോഗ്യമെന്നൊരവസ്ഥ ലോകത്തിൽ തീരെയില്ലാതാകുന്നതാണ്. പക്ഷേ, മനുഷ്യശരീരത്തിന്നു പ്രകൃത്യാ വല്യതായ ഒരു നിരോധശക്തി (Resisting Power) ഉണ്ട്. ഈ ശക്തി നിലനില്ക്കുന്നതുവരെ രോഗബീജങ്ങൾക്കു നമ്മെ ആക്രമിക്കുവാൻ സാധിക്കുന്നതല്ല. അമിതജീവിതംകൊണ്ടോ, പ്രകൃതിവിരുദ്ധമായ പ്രവൃത്തികൾകൊണ്ടോ നമ്മുടെ മേൽപ്പറഞ്ഞ ശക്തി ക്ഷയിക്കുമ്പോഴാണ് രോഗബീജങ്ങൾക്കു അവയുടെ ശക്തി പുറമെ പ്രദർശിപ്പിപ്പാൻ സാധിക്കുന്നത്. ഈ പ്രദർശനമാണു രോഗം. മനുഷ്യശരീരത്തിന്നു

പ്രകൃത്യാ ഉള്ള ഈ ശക്തി കുറഞ്ഞാൽ മാത്രമേ ക്ഷയരോഗം പിടിപെടുകയുള്ളൂ. ഈ ശക്തിയെ പ്രായേണ ഇല്ലാതാക്കുവാനാണ് ആധുനികപരിഷ്കാരജീവിതത്തിന്റെ ഉത്സാഹം. ശ്വാസകോശത്തിന് അതിൽ വായുവിൽനിന്നു വന്നുപററുന്നതായ എല്ലാ രോഗബീജങ്ങളേയും ഹനിപ്പാനും അവയുടെ ശക്തിയെ നാമാവശേഷമാക്കി തീൎപ്പാനുമുള്ള ഒരു ശക്തി പ്രകൃത്യാ ഉണ്ട്. പുകവലികൊണ്ടും അമിതജീവിതംകൊണ്ടും ഈ ഗുണം ക്ഷയിക്കുമ്പോഴാണ് ക്ഷയരോഗബീജങ്ങൾക്ക അവയുടെ ശക്തികൊണ്ടു നമ്മേ അടിമപ്പെടുത്താൻ സാധിക്കുന്നത്.

ക്ഷയരോഗത്തിന്നു പല കാരണങ്ങളും പറയുന്നുണ്ട്. അതൊരു പാരമ്പൎയ്യവ്യാധിയാണെന്നും അച്ഛനമ്മമാൎക്കില്ലാതെ മക്കൾക്ക ക്ഷയരോഗമുണ്ടാവുന്നതല്ലെന്നും ചിലർ അഭിപ്രായപ്പെടുന്നുണ്ട്. ക്ഷയം ദാരിദ്ര്യവ്യാധിയാണെന്നും നിത്യജീവിതം സുഖമായിക്കഴിച്ചുകൂട്ടുന്നവൎക്ക ഈ വ്യാധിയേ തീരെ ഭയപ്പെടേണ്ടാവശ്യമില്ലെന്നും വേറേ ചിലർ വിശ്വസിക്കുന്നുണ്ട്. സുരാപാനം, തിങ്ങിവിങ്ങിയുള്ള വാസം, ഇവയാണു ഈ രോഗത്തിന്റെ രണ്ടു കാരണങ്ങൾ എന്നു മൂന്നാമതൊരുകൂട്ടർ പ്രബലമായി വാദിക്കുന്നു. മേൽപ്രസ്താവിച്ച സംഗതികൾ ദേഹത്തിന്നു വ്യാധികളെ തടുപ്പാനുള്ള ശക്തിയെ ക്ഷയിപ്പിക്കുകയല്ലാതെ ക്ഷയരോഗമുണ്ടാക്കിത്തീൎക്കുന്നതല്ല. നീചവായു, അശുദ്ധഭക്ഷണം, മലിനജലം, ഇവയാണ് ഈ വ്യാധിയുടെ മുഖ്യകാരണങ്ങൾ.

ക്ഷയരോഗത്തിന്നുള്ള ചികിത്സയെപ്പററി ഒന്നുംതന്നെ തീൎച്ച പറഞ്ഞുകൂടാ. പ്രധാനമായി രണ്ടുതരം ചികിത്സയാണ് ഇതിന്നു വിധിച്ചിട്ടുള്ളത്. ഒന്നു ഒരുതരം കുത്തിവെക്കലാണ് (Tuberculin). ഇതിന്നു വലിയ ഫലങ്ങളൊന്നുമില്ലെന്നാണു പൊതുജനാഭിപ്രായം. രണ്ടാമത്തേതു ചില മരുന്നുകൾ ശ്വസിക്കുന്നതാണ്. ഇതുകൊണ്ടു ചില രോഗികളെ തീരെ സുഖപ്പെടുത്തീട്ടുണ്ട്. ഇംഗ്ലണ്ടിലെ പ്രധാനപ്പെട്ട ആസ്പത്രികളിൽ രണ്ടാമത്തെ ചികിത്സാക്രമമാണ് നടത്തിവരുന്നത്. മററെല്ലാമരുന്നുകളേക്കാൾ ഈ ഉഗ്രവ്യാധിക്കത്യാവശ്യമായതു ശുദ്ധവായുവാണ്. നാട്ടുപ്രദേശങ്ങളിൽ തുറന്ന വിശാലമായ സ്ഥലങ്ങളിൽ ചെന്നു താമസിച്ചു മലിനവായു തീരെ ശ്വസിക്കാതെയിരുന്നാൽ വളരെ ആശ്വാസം കിട്ടുന്നതാണ്. പട്ടണങ്ങളിൽ താമസിച്ചു എത്രതന്നെ മരുന്നുകൾ ശീലിച്ചാലും വലിയ ഗുണമൊന്നും വരുന്നതല്ല. ഈ രോഗത്തെപ്പററി വേണ്ടുന്ന അന്വേഷണങ്ങളും പരീക്ഷകളും നടത്തിവരുന്ന യോഗ്യന്മാരായ വൈദ്യന്മാരുടെ അഭിപ്രായപ്രകാരം, വിശാലമായി തുറന്നുകിടക്കുന്ന സ്ഥലങ്ങളിൽ താമസിച്ചു ശുദ്ധവായു ഏല്ക്കുന്നതാണ് (Open air treatment) ഏററവും വലിയ ചികിത്സ. ഇപ്രകാരം താമസിച്ചു ചില മരുന്നുകൾ ശീലിച്ചാൽ ക്ഷയരോഗത്തെ ആദ്യദശയിൽത്തന്നെ മാറാവുന്നതാണെന്നു അവർ ഖണ്ഡിച്ചു പറയുന്നുണ്ട്. ഈ കാരണംകൊണ്ടാണ് പാശ്ചാത്യരാജ്യങ്ങളിലെ എല്ലാ ക്ഷയാസ്പത്രികളും ജനവാസം കുറഞ്ഞ നാട്ടുപ്രദേശങ്ങളിൽ നിൎമ്മി

ച്ചിട്ടുള്ളത്. ഇപ്രകാരം പട്ടണങ്ങളിൽനിന്നു വളരെ അകന്നുകിടക്കുന്ന സ്ഥലങ്ങളിൽ അനവധി ഏക്ര സ്ഥലം ആസ്പത്രിക്കു വേണ്ടി ഉപയോഗിച്ചിട്ടുണ്ട്. പട്ടണങ്ങളിലും ജനങ്ങൾ തിങ്ങിത്താമസിക്കുന്ന സ്ഥലങ്ങളിലും ക്ഷയാസ്പത്രി ഏർപ്പെടുത്തുന്നതു പൊതുജനങ്ങളുടെ ക്ഷേമത്തിന്നു തീരെ വിരോധമായിട്ടുള്ളതാണ്. ക്ഷയം പകർച്ചവ്യാധികളിൽപ്പെട്ട ഒന്നാകകൊണ്ടു രോഗിയെ മറ്റു ജനങ്ങളുമായി ഇടപെടാൻ സമ്മതിക്കരുത്. ഈ രോഗത്തിന്റെ അന്ത്യദശയിൽ രോഗി പുറമെക്കു ശ്വാസിക്കുന്ന വായുവിൽനിന്നും, തുപ്പലിൽനിന്നും മറ്റും ക്ഷയം പകരുന്നതാണ്.

ക്ഷയരോഗം ദിനംപ്രതി വർദ്ധിച്ചുവരുന്ന നമ്മുടെ രാജ്യത്തു വേണ്ടുന്നത്ര ആസ്പത്രികളില്ല. പാശ്ചാത്യരാജ്യങ്ങളിലുള്ളപോലെ ഇന്ത്യയിൽ ക്ഷയരോഗത്തിന്നു പ്രത്യേകമായ ആസ്പത്രികൾ വേണ്ടവിധം ഏർപ്പെടുത്തീട്ടില്ല. ഈ കാര്യത്തിൽ ഗവർമ്മേണ്ടു വേണ്ടുന്ന ശ്രമങ്ങൾ ചെയ്യുന്നുണ്ടെങ്കിലും പൊതുജനസഹായം തീരെയില്ല. അനവധി ദ്രവ്യം യാതൊരാവശ്യവുമില്ലാതെ വ്യയം ചെയ്യുന്ന ഇന്ത്യയിലെ ധനവാന്മാർ ഈ കാര്യത്തിൽ യാതൊരു പ്രയത്നവും ചെയ്യാത്തതു ഏറ്റവും വ്യസനകരമാണ്. മനുഷ്യജീവിതത്തിന്റെ ഘോരശത്രുക്കളിൽ ഒന്നായ ഈ മഹാവ്യാധിയിൽനിന്നു രോഗികളെ രക്ഷപ്പെടുത്തുന്നതു എത്രയോ വലിയ ഒരു ധർമ്മമാണ്. ഇന്ത്യാരാജ്യത്തിന്റെ അഭ്യുദയത്തിന്നും, ഭാവിശ്രേയസ്സിന്നും സദാ കാംക്ഷിച്ചു പലവിധ പ്രയത്നങ്ങളും ചെയ്യുന്ന മഹാന്മാർ ഈ വിഷയത്തിൽ ഒന്നുംതന്നെ ഉദ്യമിച്ചു കാണുന്നില്ല. കാര്യത്തിന്റെ യഥാർത്ഥഗൌരവം വേണ്ടപോലെ മനസ്സിലാകാഞ്ഞിട്ടായിരിക്കാം ഈ ഉദാസീനത. ഏതായാലും ഇനി മടിച്ചിരിക്കുന്നതു തീരെ അബദ്ധമാണ്. മറ്റെല്ലാ രാജ്യങ്ങളെപ്പോലെ, ഇന്ത്യാരാജ്യത്തിന്നും തന്റെ അഭ്യുദയത്തിന്നു ഏറ്റവും ആവശ്യമായതു ആരോഗ്യമുള്ള സന്താനങ്ങളാണെന്ന തത്വം എല്ലാമഹാന്മാരും അറിഞ്ഞിരിക്കേണ്ടതാണ്.

ക്ഷയരോഗത്തെപ്പറ്റി പാശ്ചാത്യവൈദ്യന്മാരുടെ 'കണ്ടുപിടുത്തങ്ങൾ' ഇനിയും അവസാനിക്കാതെ ഇരിക്കുന്നതേയുള്ളുവെങ്കിലും, നമ്മുടെ പഴയ മഹർഷിമാർ അതിപ്രാചീനകാലത്തു തന്നെ ഈ രോഗത്തിന്റെ തത്വങ്ങൾ ധരിക്കുകയും ആയുർവ്വേദശാസ്ത്രത്തിൽ ഇതിനെപ്പറ്റി വിസ്തരിച്ചു പറകയും ചെയ്തിട്ടുണ്ട്. ക്ഷയത്തെ 'രോഗങ്ങളുടെ രാജാവു' എന്നാണ് അവർ പറഞ്ഞിട്ടുള്ളത്. ഇതിന്റെ നിദാനലക്ഷണാദികളേയും പലതരം ചികിത്സകളേയും അവർ കാണിച്ചിട്ടുമുണ്ട്. ആയുർവ്വേദപ്രകാരം ചികിത്സിക്കാനുള്ള ആതുരശാലകൾ നിർമ്മിക്കുന്നതു ക്ഷയരോഗത്തെ കുറക്കുവാനുള്ള ഒരുപായമായിരിക്കും.

എ. പി.

# കാളിദാസരും ഭവഭൂതിയും

## ഒരു താരതമ്യനിരൂപണം.

(തുടൎച്ച)

---

ശകുന്തള വളൎത്തിവരുന്നതും, മാലിനീതീരത്തുള്ള ലതാവലയത്തിൽ രാജാവും ശകുന്തളയും ഒരുമിച്ചു വിനോദിച്ചിരിക്കുന്ന സന്ദൎഭത്തിൽ അവിടെ ചെന്നതും, രാജാവു നീട്ടിക്കാണിച്ച വെള്ളം കുടിക്കാതെ ശകുന്തള കൊടുത്തപ്പോൾ വന്നു കുടിച്ചതും, അപ്പോൾ രാജാവിനു ശകുന്തളയെ കളിയാക്കുന്നതിനു കാരണമായിത്തീൎന്നതും ആയ ദീൎഘാപാംഗൻ എന്ന മാൻകുട്ടിയുടെ സ്ഥാനത്തത്രെ, സീതാദേവിയുടെ വളൎത്ത പുത്രനും ദേവിയുടെ കൎണ്ണപല്ലവത്തെ തുമ്പിക്കൈ നീട്ടി എത്തിവലിഞ്ഞെടുത്തു തിന്നിരുന്നതുമായ ആനക്കുട്ടിയെ സങ്കല്പിക്കേണ്ടത്. എന്നാൽ ശകുന്തളയെക്കൊണ്ടു ഒരു ഘട്ടത്തിൽ പ്രസ്താവിപ്പിച്ചതു കൂടാതെ മറ്റൊരു സന്ദൎഭങ്ങളിലും പരാമൎശിക്കാതിരുന്നിട്ടുള്ള കാളിദാസരുടെ മാൻകുട്ടി പ്രത്യേകം വൎണ്ണിച്ചിട്ടുള്ള ഭവഭൂതിയുടെ ആനക്കുട്ടിയേക്കാൾ അധികം സഹൃദയന്മാരുടെ ഹൃദയത്തിൽ കളിയാടുന്നുണ്ടെന്നു പറയാതെ കഴിയുന്നതല്ല. അതിനു കാരണം ആ മാൻകുട്ടിയുടെ പ്രസ്താവം താദൃശമായ ഒരു സന്ദൎഭം നോക്കിയാണ് കാളിദാസർ അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളതാകുന്നു. അനസൂയാപ്രിയംവദമാരുടെ ശകുന്തളയുടെയും സ്ഥാനത്തു തമളമാരെയും സീതയേയും സങ്കല്പിച്ചാൽ സാരമായ ചില സംഗതികൾ നമുക്കു വെളിപ്പെടുന്നതാണ്. അനസൂയയും പ്രിയംവദയും ശകുന്തളയെ ദുഷ്യന്തനോടു ചേൎത്തു തോഴിയുടെ ഹിതം സാധിപ്പിക്കുന്നു. മുരളയും തമസയും സീതയ്ക്കു രാമനറിയാതെ അദ്ദേഹത്തെ കാണിച്ചു കൊടുത്തു ആശ്വാസം നൽകുന്നു. ഇവിടെയാണു രണ്ടു കവികളുടെയും മനോധൎമ്മങ്ങൾക്കുള്ള താരതമ്യം വെളിപ്പെടുന്നത്. ശകുന്തള, (മുഗ്ദ്ധയായ നായിക) ഉദ്ദീപിതമായ അനുരാഗത്തിന്റെയും, സീത, (ഈൎഷ്യാവതിയാണെങ്കിലും വത്സലയായ നായിക) പചേളിമമായ പ്രണയത്തിന്റെയും മൂൎദ്ധാഭിഷിക്തോദാഹരണങ്ങളാകുന്നു. കാളിദാസരുടെ നായിക നവയൌവനോദയത്തിൽ സാധാരണ യുവതികൾ ആശിക്കയും സങ്കല്പിക്കയും ചെയ്യാറുള്ള പ്രിയതമസമാഗമോപഭോഗങ്ങളെ ലജ്ജാവൃതമായ ഹൃദയത്തിൽ പ്രതിഷ്ഠിച്ചു പൂജിക്കുന്നു. ഭവഭൂതിയുടെ നായികയോ നിരാശതയും പ്രത്യാശയും ഇടകലൎന്ന ഈൎഷ്യാപ്രണയങ്ങളുടെ പ്രേരണയാൽ ലൌകികധൎമ്മത്തിന്റെയും അലൌകികധൎമ്മത്തിന്റെയും മദ്ധ്യേ നില്ക്കുന്നു. യഥാതഥമായ സ്നേഹധൎമ്മങ്ങളെ നിൎമ്മായമായ മനസ്സിലും വചസ്സിലും വ്യാപാരത്തിലും പ്രതിഫലിപ്പിക്കുന്ന അനസൂയാപ്രിയംവദമാർ — ലോക

പ്രകൃതിയുടെ ആ രണ്ടു തന്മയത്വച്ഛായകൾ–ഏതു സഹൃദയന്റെ ഹൃദയത്തിൽനിന്നാണു മാഞ്ഞുപോകുന്നത്? അസംഭാവ്യമായ വ്യാപാരങ്ങളോടുകൂടിയ തമസാമുരളമാർ രണ്ടു നദീപാത്രങ്ങളായിട്ടു തന്നേ വായനക്കാരുടെ ദൃഷ്ടിയിൽ പതിയുന്നുള്ളൂ. അവക്കു ലൌകികച്ഛായ വരുത്തുവാൻ ഭവഭൂതി ലവലേശമെങ്കിലും ആലോചിച്ചിട്ടില്ല. കാളിദാസർ യക്ഷഭാര്യയെക്കൊണ്ടു മയിലിനെ നൃത്തം അഭ്യസിപ്പിക്കുന്നതു കണ്ടു ഭവഭൂതി സീതയെക്കൊണ്ടും ഒരു മയിലിനെപ്പിടിച്ചു പഠിപ്പിക്കുവാൻ ശ്രമിക്കാതിരുന്നിട്ടില്ല. യക്ഷഭാര്യ 'ശിഞ്ജദ്വലയസുഭഗമായ' താളങ്ങളെക്കൊണ്ടാണ് നൃത്തം പഠിപ്പിക്കുന്നതെങ്കിൽ, സീത 'കൃതപുടാന്തർമ്മണ്ഡലാവൃത്തിചക്ഷുഃപ്രചലിതചടുലഭ്രൂതാണ്ഡവ'ങ്ങളെക്കൊണ്ടാണ് തന്റെ കൃത്യം നിർവ്വഹിക്കുന്നത്. കണ്ണുരുട്ടി കയ്യും കലാശവും കാണിച്ചു നന്നെ ബുദ്ധിമുട്ടി ഉപാദ്ധ്യായീവേഷം കെട്ടിയ സീതയുടെ ആ കഷ്ടപ്പാടു കണ്ടാൽ കാണികൾക്കുകൂടി കരുണ തോന്നിപ്പോകും. കാളിദാസരുടെ രക്താശോകത്തേയും കേസരത്തേയും ഒന്നു നോക്കുക.

'രക്താശോകശ്ചലകിസലയഃ
കേസരശ്ചാത്ര കാന്തഃ
പ്രത്യാസന്നൌ കുരവകവൃതേർ–
മാധവീമണ്ഡപസ്യ.
ഏകഃ സഖ്യാസ്തവ സഹ മയാ
വാമപാദാഭിലാഷീ
കാംക്ഷത്യന്യോ വദനമദിരാം
ദോഹദച്ഛദ്മനാസ്യാഃ'

(ഉ.മേ– :15– ശ്ലോ)

ഇനി ഭവഭൂതിയുടെ കദംബവൃക്ഷത്തേയും ഒന്നു പരിശോധിക്കുക.

'കതിപയകുസുമോൽഗമഃകദംബഃ
പ്രിയതമയാപരിവർദ്ധിതോയമാസീൽ'

(ഉ– ച. 3. അ. 20 ശ്ലോ)

യക്ഷസ്ത്രീ നട്ടു നനച്ചു വളർത്തിയ രക്താശോകവും കേസരവും എപ്പോഴും നായകന്റെ സ്മരണയ്ക്കു വിഷയീഭവിക്കത്തക്ക വിധത്തിലാണ് കാളിദാസർ വർണ്ണിച്ചിരിക്കുന്നത്. അശോകം നായകനെപ്പോലെ വാമപാദപ്രഹാരത്തേയും, കേസരം വദനമദിരയേയും അഭിലഷിക്കുന്നതായി വർണ്ണിച്ച കാളിദാസരുടെ സാഹിത്യമർമ്മജ്ഞത അസാധാരണ തന്നെയാകുന്നു. സീതയുടെ കദംബവൃക്ഷത്തിനാവട്ടെ, നായകകർത്തൃകമായ സ്മരണത്തിനൊ, വർണ്ണനത്തിനൊ അനുഗുണമാംവണ്ണമുള്ള യാതൊരു വിശേഷവും ഭവഭൂതി കാണിച്ചിട്ടില്ല. കാളിദാസരുടെ നായകന്റെ നായികാവിയോഗദുഃഖം ലൌകികവും, സഹൃദയാസ്വാദയോഗ്യവുമാകുന്നു. ഭവഭൂതിയുടെ നായകന്റേതാവട്ടെ ഭയങ്കരവും തീവ്രവും അലൌകികവുമാകുന്നു. ദുഷ്യന്തൻ സ്വപുത്രനാണെന്നറിയാതെ സർവ്വദമനനെക്കണ്ടു വിചാരിക്കുന്നതുപോലെ തന്നെ ശ്രീരാമൻ കുശലവന്മാരെ കണ്ട സമയത്തും അനല്പമായ വികല്പങ്ങളോടുകൂടി പലതും വിചാരിക്കുന്നുണ്ട്. ദുഷ്യന്തൻ താപസകുമാരന്റെ വേഷത്തിൽ സ്വപുത്രനെക്കണ്ടു പറയുന്നതു നോക്കുക:–'എന്താണ് എനിക്കു ഈ ബാലനിൽ ഔരസപുത്രനിലെന്ന പോലെ സ്നേഹം തോന്നുന്നത്? അനപത്യത തന്നെയാണ് ഇപ്രകാരം വാ-

തസല്യത്തെ ജനിപ്പിക്കുന്നത്.' ശ്രീരാമൻ ലവനെക്കാണുമ്പോൾ പറയുന്നതെന്താണെന്നും പരിശോധിക്കുക: രാമൻ— 'ഇതെന്താണ് ഒരുമിച്ചു തന്നെ ദുഃഖം നശിപ്പിക്കുകയും ഏതോ ഒരു കാരണത്താൽ ആത്മാവിനെ സ്നേഹിപ്പിക്കയും ചെയ്യുന്നു. അഥവാ സ്നേഹം നിമിത്തത്തെ അവലംബിച്ചു ഉണ്ടാകും എന്നുള്ളതു പ്രമാണിക്കത്തക്കതല്ല. എന്തെന്നാൽ

"ഏതോ ഹേതുമനസ്സിലുള്ളതുഘടി-
 പ്പിക്കുന്നുവസ്തുക്കളെ
പ്രീതിക്കാശ്രയമാകയില്ലവെളിയിൽ-
 ക്കാണുന്നധർമ്മാദികൾ;
ശീതാംശൂദയമാകിലാശുകിനിയു-
 ന്നില്ലേശശാങ്കോപലം,
പ്രാതഃസൂര്യനുദിക്കിലാശുവിടരു-
 ന്നില്ലേസരോജങ്ങളും?

(ഉ. ച. 6. അ. 12. ശ്ലോ.)

ഇവിടെ ആകസ്മികമായി ജനിക്കുന്ന സ്നേഹവിശേഷത്തെപ്പററി രണ്ടു കവികളും കാണിച്ചിട്ടുണ്ടെങ്കിലും, അതിന്റെ ആഴം അധികം കണ്ടിട്ടുള്ളതു ഭവഭൂതിയാണെന്നുതന്നെ പറയേണ്ടിയിരിക്കുന്നു. ബാഹ്യോപാധിയെ അവലംബിച്ചല്ല യഥാർത്ഥസ്നേഹത്തിന്റെ ഉല്പത്തി. അതു 'ഭാവസ്ഥിര'മായ ഏതോ ബന്ധവിശേഷത്താൽ ഉത്തേജിതമായി അറിയാതെ രണ്ടു ഹൃദയതത്വങ്ങളെ കൂട്ടിക്കെട്ടിയിണക്കിക്കൊണ്ടാണ് പ്രത്യക്ഷപ്പെടുന്നത് എന്നുള്ള തത്വത്തെ സോദാഹരണം വർണ്ണിച്ച ഭവഭൂതി ഈ ഘട്ടത്തെ സംബന്ധിച്ചേടത്തോളം കാളിദാസരെ കവിച്ചുവെച്ചിട്ടുണ്ട്. കാളിദാസരാവട്ടെ താല്ക്കാലികയുണ്ടായ ആ വാത്സല്യത്തിനു കാരണമായിക്കണ്ടതു അനപത്യതയെ മാത്രമാകുന്നു. ദുഷ്യന്തൻ സർവ്വദമനനെ കാണുന്നതു സിംഹക്കുട്ടിയോടുകൂടി നിർഭയം കേളിയാടുന്ന ഒരു മിടുമിടുക്കൻ കുട്ടിയുടെ രൂപത്തിലാണ്. ശ്രീരാമൻ ലവനെക്കാണുന്നതോ, യുദ്ധത്തിൽ അസാധാരണ വൈദഗ്ദ്ധ്യം കാണിക്കുന്ന ഒരു വീരകുമാരന്റെ മട്ടിലാകുന്നു. ഭവഭൂതിയുടെ താപസകുമാരനേക്കാൾ കാളിദാസരുടെ മഹർഷിബാലനു ലൌകികത്വം കുറച്ചു കൂടും. ദുഷ്യന്തൻ ആ ബാലനെപ്പററിയൂഹിക്കുന്നതിങ്ങിനെയാണ്:

'പെരിയോരുതപസ്വിബീജമായ്-
ത്തെരിയുന്നേഷകുമാരകൻമമ
എരിയുന്നതിനിന്ധനേച്ഛയാ
പൊരിയായ്വേവിടുമഗ്നിപോലവെ.'

(ശാ. 7. അ. 15. ശ്ലോ)

രാമൻ ലവനെപ്പററി വിചാരിക്കുന്നതെങ്ങിനെയെന്നു നോക്കുക. 'ഈ ക്ഷത്രിയക്കുട്ടിയിൽ മഹത്തായ ഒരു പൌരുഷം കാണപ്പെടുന്നു.

'നോട്ടംപുല്ലായ്ഗണിക്കുന്നിതു സകലജഗ
 ത്തത്വസാരത്തെനൂനം
ധാർഷ്ട്യംപൂണ്ടിട്ടാപ്പുള്ളൊരുഗതിധരയെ
 ത്താഴ്ത്തുമോഎന്നുതോന്നും
കുട്ടിക്കാലത്തുപോലുംഗിരിയൊടുസമമാം
 ഗൌരവത്തോടുകൂടി-    (നാ
പ്പെട്ടെന്നിങ്ങോട്ടുപോരുന്നൊരുശിശുവിവ
 വീരമോഗർവ്വതാനോ?'

(ഉ. ച. 6. അ. 19. ശ്ലോ)

സർവ്വദമനനിൽ ചക്രവർത്തിലക്ഷണം കണ്ട ദുഷ്യന്തൻ—

'സുരക്തമിഷ്ടാത്ഥരസപ്രസാരിതം
കരംസ്ഫുരിക്കുന്നനിരന്തരാംഗുലി
നിരന്തരാളച്ഛദചാരുവാരിജം
വരംവിഭാതത്തിൽവിടർന്നതെന്നപോൽ.'
(ശാ. 7. അ. 16. ശ്ലോ)

എന്നിങ്ങിനെ പറയുന്നതിനെ ഏകദേശം സംവദിച്ചുകൊണ്ടാണ് ശ്രീരാമൻ കുശനെ കണ്ടപ്പോൾ പറയുന്നത്:—

'ഉന്നിദ്രാബ്ജമതിന്നുനല്ലമധുവിൻ
ബിന്ദുക്കളാൽപ്പോലയും
മിന്നുംനല്ലമണിക്കുചാരുകിരണ-
ക്കൂട്ടങ്ങളാൽപ്പോലയും
ചിന്നുംകൌതുകകാന്തിയുള്ളതനുവി-
ന്നേററംസ്വതഃസിദ്ധമാം
സൌന്ദര്യപ്രഭയാൽവിശിഷ്ടമൊരല-
ങ്കാരംഭവിക്കുന്നതേ'.

'താരുണ്യംചേർന്നപാരാവതഗളസദൃശ
ശ്യാമളംചാരുഗാത്രം
നേരേനന്നായ്നിരപ്പുള്ളവയവമെരുതിൻ
സ്കന്ധമൊത്തംസയുഗ്മം (നോ-
പാരംഘോരാന്തസ്വഭാവത്തൊടുമൃഗപതി
ക്കുന്നപോലൊട്ടുനോക്കം
ചേരാത്തുള്ളോരുനോട്ടംഘനമധുരമൃദം
ഗധ്വനിക്കൊത്തശബ്ദം.'
ഉ. ച. 6. അ. 24. 25. ശ്ലോ)

സ്വപ്നമനനിൽ തന്റെ ഛായയുണ്ടെന്നും, ഗർഭിണിയായ മാതാവു അപ്സരഃസംബന്ധത്താൽ തപോവനത്തിൽ വന്നു പ്രസവിച്ചുണ്ടായ കുട്ടിയാണ് ഇതെന്നു താപസിമാർ പറഞ്ഞു കേട്ടതും, 'ശകുന്തലാവണ്യംപശ്യ' എന്ന ശകുന്തളാപ്രസ്താവം കേട്ട്, 'എന്റെ അമ്മ എവിടെ?' എന്നു ഋഷികുമാരൻ ചോദിച്ചതും, രക്ഷാകരണ്ഡപ്രസ്താവമുണ്ടായതും എല്ലാംകൂടി ദുഷ്യന്തന്റെ ആശയേയും സംശയത്തേയും വർദ്ധിപ്പിക്കുന്നു. കുശലവന്മാരിൽ സീതയുടെ ഛായ കണ്ടതും, അവർ ഇരട്ടപെററ കുട്ടികളാണെന്നറിഞ്ഞതും, ജൃംഭകാസ്ത്രസിദ്ധിസ്വതഃ സ്വായത്തമാണെന്നു പറഞ്ഞതും എല്ലാം കൂടി ആയപ്പോൾ ശ്രീരാമന്റെ സംശയവും പ്രബലമായി വർദ്ധിക്കുന്നു.

'തിങ്ങിദ്ദേഹത്തിൽനിന്നിട്ടിഹപലവഴിയാ
യ്പോന്നവാത്സല്യമോ,ന-
ല്ലംഗംകൈക്കൊണ്ടിവണ്ണംവെളിയിലി
(ഹവസി-
ക്കുന്നചൈതന്യമോമെ
ത്തുംഗാനന്ദാൽദ്രവിച്ചുള്ളൊരുമമഹൃദയം
കൊണ്ടുസൃഷ്ടിച്ചതോത-
ന്നംഗസ്പർശങ്ങളാലെന്നുടലിലമൃതൊഴി-
ക്കുന്നവോയിക്കുമാരൻ?'
(ഉ. ച. 6. അ. 22. ശ്ലോ)

എന്നിങ്ങിനെ പുത്രസ്പർശസുഖത്തെപ്പററി രാമനെക്കൊണ്ടു പറയിച്ച ഭവഭൂതി—

'ഹന്തനല്ലൊന്നെനിക്കാരുടേയോകിടാ-
വന്തരംഗത്തിലേവംസുഖംസ്പർശനാൽ
എന്തനിർവാച്യമായുള്ളൊരാനന്ദമ-
ത്തന്തയാകുംമഹാധന്യനുണ്ടായിടും?'
(ശാ. 7. അ. 19. ശ്ലോ)

എന്നിങ്ങിനെ ദുഷ്യന്തനെക്കൊണ്ടു പറയിച്ച കാളിദാസരെക്കാൾ ഒരുപടി മേലെയാണെന്നാണ് ഇവിടെ എനിക്കു തോന്നുന്നത്. 'വിരഹവ്രതം കൈക്കൊണ്ടു വിവർണ്ണയായിട്ടുള്ള ശകുന്തളയേയും, സീതയേയും വർണ്ണിച്ചിരിക്കുന്നതു നോക്കുക.

'വാസസ്സുരണ്ടുമതിധൂസരമായ്,വ്രതോപ
വാസാലുണങ്ങിമുഖമാകലിതൈകവേ
(ണീ

വാസംത്ഥ ടന്നിവിടെയീവിധമെൻെറവി (പ്ര-
വാസവ്രതത്തെയിവൾസാധു വഹിച്ചി (ട്ടന്നു'
(ശാ. 7. അ. 21. ശ്ലോ)

'പാരംവിളത്ത്ബലമാംകവിൾകൊണ്ടു (മാഭ-
ചേരുംമുഖേ ചിതറിവീണകചങ്ങളോടും
പോരുന്നകാട്ടിൽ,ഉടൽപൂണ്ടവിയോഗ (ശോ
സ്ത്രീരൂപിയാംവ്യസനമോഇവളെന്നുതോ (ന്നും'
(ഉ. ച. 3. അ. 4. ശ്ലോ)

ഇവിടെ സീതയുടെ വിരഹിണീവേഷത്തിൽ ആണു് വ്യസനം നിറഞ്ഞു വഴിഞ്ഞൊഴുകുന്നതു്. ശകുന്തളയെപ്പോലെ തന്നെ ഭർത്തൃതിരസ്കൃതയായി പരരക്ഷയിൽ ഇരിക്കുന്നവളാണ് സീതയും. രണ്ടുപേക്കും പുനഃസംഗമപ്രത്യാശ വിദൂരമായ ഭാവിയിലത്രെ ഇരിക്കുന്നതു്. ആകയാൽ ഇരുവരുടേയും സ്ഥിതി ഒരേനിലയിൽത്തന്നെ കഷ്ടമായിട്ടാകുന്നു. എന്നാൽ അവരെ വൎണ്ണിക്കുന്ന കവികളുടെ മനോധൎമ്മത്തിനുള്ള അന്തരം അവരുടെ സ്ഥിതിവൎണ്ണനത്തിലും പ്രത്യക്ഷമായിട്ടുണ്ടു്. ഭവഭൂതി വൎണ്ണിച്ച വിരഹിണീവേഷം ശുദ്ധകരുണവും, കാളിദാസർ വൎണ്ണിച്ചിട്ടുള്ളതു ശൃംഗാരസംവലിതമായ കരുണം കലൎന്നതുമാകുന്നു. ഔചിത്യത്തെ സംബന്ധിച്ചേടത്തോളം കാളിദാസർ മെച്ചം കൊണ്ടുപോയിട്ടുണ്ടെന്നു പറയാതിരിപ്പാൻ നിവൃത്തിയില്ല. കാളിദാസർ നായികയുടെ വിരഹതാപത്തെ വൎണ്ണിച്ചതു നായകമുഖേനയും, ഭവഭൂതി സഖീമുഖേനയും ആകുന്നു. നായകനെക്കൊണ്ടു വൎണ്ണിപ്പിക്കുന്നതു രസപരിപോഷത്തിന്നു തുലോം അനുകൂലമായിട്ടുള്ളതാണെന്നു സഹൃദയസമക്ഷം പ്രത്യേകം പ്രസ്താവിക്കണമെന്നില്ല. മേഘസന്ദേശത്തിൽ 'താംജാനീയാഃ' 'നൂനംതസ്യാഃ' 'ഉത്സംഗേവാ' 'ആധിക്ഷാമാം' ഇത്യാദി പദ്യങ്ങളെക്കൊണ്ടു വൎണ്ണിച്ചിട്ടുള്ള നായികയുടെ വിരഹിണീവേഷം ഉത്തരരാമചരിതത്തിലേക്കാൾ അധികം ദയനീയമായിട്ടാണു് തോന്നുന്നതു്.

ശകുന്തള, തന്നെ ഭൎത്താവു നിഷ്കാരണം നിരാകരിച്ചതിൽ അദ്ദേഹത്തോടു തെല്ലും പരിഭവിക്കാതെ സ്വന്തം ദൌൎഭാഗ്യവിജൃംഭിതത്തെപ്പററി പഴിക്കയേ ചെയ്യുന്നുള്ളു. സീതയാകട്ടെ, ഭൎത്താവിനോടു കുറെ പരിഭവിക്കയും, അദ്ദേഹത്തെ കുററപ്പെടുത്തുകയും ചെയ്യുന്നുണ്ടു്. എന്നാൽ രഘുവംശത്തിൽ കാളിദാസർ വൎണ്ണിച്ച സീത, ഉത്തരരാമചരിതസീതയേക്കാൾ തുലോം ഈൎഷ്യാവതിയായിട്ടാണു് കാണപ്പെടുന്നതു്. ഇക്കാൎയ്യത്തിൽ ഇരുവരും വാല്മീകിയുടെ പദ്ധതിയെ അനുവൎത്തിച്ചതുകൊണ്ടായിരിക്കാം ഇങ്ങിനെ വന്നിരിക്കുന്നതു്. നായികാനായകന്മാരുടെ വിപ്രലംഭശൃംഗാരത്തെ വൎണ്ണിക്കുന്നകാൎയ്യത്തിൽ കാളിദാസരൊ, ഭവഭൂതിയൊ മേലേ എന്നു നിശ്ചയിപ്പാൻ കഴിയുന്നതല്ല. പ്രവാസവിപ്രലംഭാദികളെ വൎണ്ണിക്കുന്നതിൽ കാളിദാസരും, കരുണവിപ്രലംഭത്തെ വൎണ്ണിക്കുന്നതിൽ ഭവഭൂതിയും അനുപമന്മാരാണു്. കാളിദാസരുടെ നായകൻ (ദുഷ്യന്തൻ) നായികാപ്രത്യഭിജ്ഞയുണ്ടായപ്പോൾ പശ്ചാത്തപിച്ചു വിരഹവ്യഥയനുഭവിക്കുന്നതായി വ

ണ്ണിച്ചഭാഗത്തിലും ശൃംഗാരപ്പൊടിയിട്ടു വിളക്കി ഭംഗിയാക്കീട്ടുണ്ട്. ഭവഭൂതിയുടെ നായകന്റെ വിരഹവ്യഥാവർണ്ണനത്തിലാകട്ടെ, ആദിയിൽ ഗൂഢമായിരിക്കുന്ന രതിഭാവം ഒടുവിൽ കരുണവിപ്രലംഭശൃംഗാരമായിച്ചമയുന്നു. കരുണത്തിന്റെ ദാരുണതയത്തെ വെളിപ്പെടുത്തുവാൻ വേണ്ടിയാണ് രാമനറിയാതെ സീതയെ മുന്നിൽക്കൊണ്ടുവന്നു നിർത്തുകയും, സ്പർശിപ്പിക്കയും മറ്റും ചെയ്തത്. കാളിദാസർ തന്റെ നായകനെ ശോകം കലർന്ന ശൃംഗാരത്തോടുകൂടിയവനായി വായനക്കാരുടെ മുമ്പിലവതരിപ്പിക്കുന്നു. ഭവഭൂതിയോ, ശുദ്ധമായ കരുണരസംകണ്ണക്കെ ആവിർഭവിപ്പിക്കുന്നു. കാളിദാസർ വർണ്ണിച്ച ശൃംഗാരം 'കൂലങ്ങൾ തള്ളിപ്പുളിനംതകർക്കുന്ന' ഗംഗാപ്രവാഹംപോലെയാണെങ്കിൽ, ഭവഭൂതിയുടേതു ആദ്യം സികതാതുല്യമായ കരുണത്താൽ അന്തർഹിതവും അന്തർവാഹിയുമായി പ്രവഹിച്ച് ഒടുവിൽ ത്രിവേണീസംഗത്തിൽ പ്രത്യക്ഷപ്പെടുന്ന സരസ്വതീപ്രവാഹംപോലെയാണെന്നു പറയാം.

കാളിദാസർ, രഘുവംശം 8-ാം സർഗ്ഗത്തിലും, കുമാരസംഭവം 4-ാം സർഗ്ഗത്തിലും കരുണം വർണ്ണിച്ചിട്ടുണ്ടെങ്കിലും ഭവഭൂതിയെപ്പോലെ ഇത്ര കണെക്കന്നിയെ കടത്തിവെച്ചിട്ടില്ല. രണ്ടുപേരുടേയും കരുണമയമായ പദ്യങ്ങളെ ഉദ്ധരിച്ചു താരതമ്യപ്പെടുത്തുവാൻ സഹൃദയന്മാരെത്തന്നെ ഭരമേല്പിച്ചുകൊള്ളട്ടെ.

(തുടരും)

സി. ശങ്കുണ്ണിമേനോൻ.

# ഭൂമിയുടെ പൂർവ്വസ്ഥിതി

ഭൂമിയുടെ പൂർവ്വചരിത്രം അറിയുന്നതിന്നു ആകാശസന്ദർശനം ഒരുപായമാകുന്നു. ആകാശത്തിൽ നാം എന്തുകാണുന്നു? മിന്നിമിന്നി പ്രകാശിക്കുന്ന അസംഖ്യം നക്ഷത്രങ്ങളും, മാറി മാറി നടക്കുന്ന ഏതാനും ഗ്രഹങ്ങളും, ചന്ദ്രികയാൽ ദിക്കെങ്ങും പ്രവഹിപ്പിക്കുന്ന ചന്ദ്രനും അല്ലാതെ നാം മുകൾത്തട്ടിൽ ഒന്നും കാണുന്നില്ല. ചില കാലങ്ങളിൽ വാലും ഉയർത്തിപ്പിടിച്ചുകൊണ്ടു ചിലർ ആകാശത്തിൽ വരുന്നതായും നാം കാണുന്നുണ്ട്. എന്നാൽ ഇതുകൊണ്ടൊന്നും നമ്മുടെ കാര്യം സാധിക്കുന്നില്ല. വെറും കണ്ണുകൾകൊണ്ടു ഫലമില്ലാതെ കാണുന്നതിനാൽ യന്ത്രങ്ങളുടെ സഹായത്തോടുകൂടി നമുക്കു ആകാശം സന്ദർശിക്കുക തന്നെ. ആദ്യംതന്നെ ഒരു ഭൂതക്കണ്ണാടിയാണുപയോഗിക്കുവാൻ പോകുന്നത്. ഭൂതക്കണ്ണാടികൊണ്ടു ആകാശം പരിശോധിക്കുമ്പോൾ അത്ഭുതകരമായ പലകാര്യങ്ങളും നമ്മുടെദൃഷ്ടിക്കു വിഷയമാകുന്നു. നക്ഷത്രങ്ങളുടെ സംഖ്യകൾ കൂടിക്കൂടി വരുന്നതുമാത്രമല്ല ഒന്നായി തോന്നിയിരുന്ന ചില നക്ഷത്രങ്ങൾ രണ്ടായും മ

റവും പരിണമിക്കുന്നു. പുററുപോലെ ഓരോ ദിക്കിൽ കൂടിച്ചേൎന്നു തിളങ്ങുന്ന ദീപ്തിജ്വാലങ്ങളെ നോക്കുമ്പോളാണ് അത്യന്തം ആഹ്ലാദം ജനിക്കുന്നത്. ദൂരദൎശിനിയുടെ ഗുണംപോലെയാണ് കാഴ്ചയുടെ ഗുണവും കാണുന്നത്. വളരെ നല്ല ഒരു ദൂരദൎശിനി ഉപയോഗിക്കുമ്പോൾ ചില നക്ഷത്രങ്ങളുടെ ചുററും പ്രഭയുള്ള വസ്തുക്കൾ കാണുന്നു. ഒന്നുകൂടി സൂക്ഷിച്ചു നോക്കുമ്പോൾ നക്ഷത്രപ്പുററുകളെന്നു വിചാരിച്ചിരുന്നവ അപ്രകാരമല്ലാതെ പരിണമിക്കുന്നു. സംഗതികൾ വിശദമാകുംതോറും പുററുകളായി തോന്നിയിരുന്ന ചില കൂട്ടങ്ങൾ യഥാൎത്ഥത്തിൽ ബാഷ്പാകൃതിയായിരിക്കുന്ന ചില സാധനസമൂഹമാണെന്നു നമുക്കു മനസ്സിലാകുന്നു. ഇത്തരം ഒന്നിച്ചുകൂടി കിടക്കുന്ന ബാഷ്പരൂപമായ സാധനസമൂഹത്തെ ഇംഗ്ലീഷിൽ നെബ്യുല (Nebula) എന്നു പറയുന്നു. ഈ നെബ്യുലയാണ് നമ്മുടെ വിഷയത്തിന്നു ആധാരമായിട്ടുള്ളത്. അതിവിശേഷമായ ഭൂതക്കണ്ണാടിയുടെ സഹായംകൊണ്ടു ആകാശത്തിൽ അനവധി ബാഷ്പപടലങ്ങളെ കാണാം. ചില സമയം കണ്ണാടിയുടെ ബലക്കുറവു നിമിത്തം നക്ഷത്രപ്പുററും ബാഷ്പസമൂഹവും തമ്മിൽ തിരിച്ചറിയുന്നതിന്നു ബുദ്ധിമുട്ടു നേരിടുന്നുണ്ട്. അപ്പോഴാണു ആകാശമാൎഗ്ഗം പരിശോധിക്കുന്നതിന്നുള്ള വേറെ ഉപകരണങ്ങൾ നാം ഉപയോഗിക്കുന്നത്. അതുകൾ ഉപയോഗിക്കുമ്പോൾ ഭൂമിയിൽ മണൽത്തരിയുള്ളപോലെ ആകാശത്തിൽ നക്ഷത്രങ്ങൾ ഉള്ളതായി നാം കാണുന്നു. ആകാശത്തിന്റെ ഛായാപടം എടുക്കുന്നതുകൊണ്ടാണ് ഈ സംഗതി നല്ലവണ്ണം പ്രത്യക്ഷമാകുന്നത്. വമ്പിച്ച സൂൎയ്യനെക്കാളും വലുതാണെന്നു കരുതിയിരിക്കുന്ന ഇത്ര നക്ഷത്രങ്ങൾ ഉള്ള ആകാശത്തെ അളവററ സ്ഥലം എന്നു പറഞ്ഞാൽ അത്ഭുതമുണ്ടോ? ഛായ എടുക്കുന്ന യന്ത്രംകൊണ്ടും ബാഷ്പപടലങ്ങളെത്തിരിച്ചറിയാം. ഈ യന്ത്രവും പോരാത്തദിക്കിൽ ജ്യോതിശ്ശാസ്ത്രത്തെനല്ലവണ്ണം പോഷിപ്പിച്ചിട്ടുള്ള സ്പെക്ട്രോസ്കോപ്പ് (Spectroscepe) എന്ന ഉപകരണം ഉപയോഗിച്ചാൽ മതി. ഓരോ സാധനങ്ങളിൽനിന്നു പുറപ്പെടുന്ന രശ്മികൾ ഈ ഉപകരണത്തിൽ വന്നു വീഴുമ്പോൾ ഉണ്ടാകുന്ന സമ്പ്രദായത്തിൽനിന്നു ആ സാധനങ്ങളുടെ തത്വങ്ങളെ ഈ യന്ത്രം മൂലം നമുക്ക് അറിയുന്നതിന്നു സാധിക്കുന്നു. ഈ യന്ത്രംകൊണ്ടു നമുക്കു നക്ഷത്രപ്പുററുകളേയും ബാഷ്പസമൂഹത്തേയും തിരിച്ചറിവാൻ നല്ലവണ്ണം സാധിക്കുന്നു.

മേൽപ്പറഞ്ഞതായ ഒരു ബാഷ്പസമൂഹത്തിൽനിന്നാണ് ഭൂമി ഉണ്ടായിട്ടുള്ളത്. ഈ വാസ്തവമാണ് ഇനി യുക്തിയുക്തമായി സ്ഥാപിപ്പാനുള്ളത്. ഏതു ബാഷ്പസമൂഹത്തിൽ നിന്നാണ് ഭൂമി ഉത്ഭവിച്ചതെന്നു നമുക്ക് ഇപ്പോൾ പറവാൻ സാധിക്കുന്നതല്ല. എങ്കിലും ഭൂമിയുടെ ഉത്ഭവം ഒരു ബാഷ്പപടലത്തിൽ നിന്നാണെന്ന് ഊഹിക്കുവാൻ നല്ല കാരണം ഉണ്ട്. പല പ്രായത്തിലുള്ള ചെടികളിൽനിന്ന് ഒരു വലിയ വൃക്ഷത്തിന്റെ ആദ്യസ്ഥിതി അറിയുന്നപോലെ ഭൂമിയുടെ ആദ്യസ്ഥിതി അറിവാൻ വല്ല വസ്തുക്കളും ആകാശത്തിൽ നാം കാണുന്നു

ണ്ടോയെന്നു നോക്കുക. ഛായ എടുക്കുന്ന യന്ത്രംകൊണ്ട് ആകാശത്തിൽ അനവധി ബാഷ്പപടലങ്ങൾ ഉള്ളതായി കണ്ടറിഞ്ഞിരിക്കുന്നു. പിന്നീടും പിന്നീടും ഉണ്ടായിട്ടുള്ള സൂക്ഷ്മദൎശനത്തിന്റെ ഫലമായി പലതരത്തിലുള്ള ബാഷ്പപടലങ്ങളെയും കണ്ടിരിക്കുന്നു. ഇതുകളിൽ പ്രധാനമായി പറവാനുള്ളത് ഒരുതരം പിരിഞ്ഞ പ്രഭാപടലങ്ങളെയാണ് (Spinal Nebula). ഈ പിരിഞ്ഞ പ്രഭാപടലങ്ങളെ നല്ലവണ്ണം സൂക്ഷിച്ചുനോക്കുമ്പോളാണ് നമുക്കു നമ്മുടെ ഊഹം ശരിയാണെന്നു തോന്നുന്നത്. ഇത്തരം പിരിഞ്ഞ പ്രഭാപടലങ്ങളിൽ ചിലതിന്റെ മദ്ധ്യം വളരെ കട്ടയായും, അററങ്ങളിലും ഇടക്കും കട്ടയായും കാണുന്നു. ഈമാതിരി ഇടക്കു കട്ടയായ സ്ഥിതിയിൽ കാണുന്ന ബാഷ്പപടലങ്ങളെ നോക്കുമ്പോഴാണ് ഭൂമിയുടെയും സൂൎയ്യവ്യൂഹത്തിന്റെയും ഉത്ഭവം നമുക്കു പ്രത്യക്ഷമാകുന്നത്. ഇത്തരമുള്ള ഒരു ബാഷ്പപടലത്തിൽനിന്നു നമ്മുടെ സൂൎയ്യവ്യൂഹംപോലെയുള്ള ഒരു കൂട്ടം ഗോളങ്ങൾ ഉണ്ടാകുന്നതിന്നു പ്രയാസമില്ല. നമ്മുടെ സൂൎയ്യവ്യൂഹത്തിൽ നടുക്ക് ഒരു സൂൎയ്യനും ചുററും കുറെ ഗ്രഹങ്ങളും അല്ലെ കാണുന്നത്. ഇതുപോലെയുള്ള ഒരു സൂൎയ്യവ്യൂഹം ഇടക്കു കട്ടയായി കാണുന്ന ഒരു പ്രഭാപടലത്തിൽനിന്നു ഉത്ഭവിപ്പാൻ പാടുള്ളതാണ്.

ആകാശമാൎഗ്ഗം പരിശോധിച്ചിട്ടു കാണുന്ന വസ്തുക്കളിൽനിന്നു ഭൂമിയുടെ പൂൎവ്വരൂപം ഒരു ബാഷ്പപടലമായിരിക്കാമെന്നു നാം സാധിച്ചുവല്ലൊ. ഇനി വേറെ കാരണങ്ങൾ മൂലം ഈ ഊഹം പ്രബലപ്പെടുത്താമോയെന്നാണ് നോക്കേണ്ടത്? ഇതിനു പ്രധാനമായി വിചിന്തനം ചെയ്യാനുള്ളതു സൂൎയ്യവ്യൂഹത്തിൽ പെട്ട ഗോളങ്ങളെ തന്നെയാണ്. ആദ്യമായി നാം സൂൎയ്യനെ തന്നെ എടുക്കാം. സൂൎയ്യൻ കത്തിജ്വലിക്കുന്ന ഒരു ഗോളമാണെന്ന് എല്ലാവരാലും സമ്മതിക്കപ്പെട്ടിരിക്കുന്നു. ഇതിന്റെ മദ്ധ്യത്തിന്റെ അളവ് ഇപ്പോൾ 868000 നാഴികയാണെന്നു കണക്കാക്കിയിരിക്കുന്നു. സൂൎയ്യനിൽനിന്നു പുറപ്പെടുന്ന ചൂടിന്റെ കാഠിന്യം പറയാതെതന്നെ എല്ലാവൎക്കും ഗ്രഹിക്കാവുന്നതാകയാൽ അതിനെപ്പററി ഇവിടെ അധികം പറയുന്നില്ല. അതികഠിനമായ ചൂടു നാം ദിനംപ്രതി ഏല്ക്കുന്നുണ്ടല്ലൊ. സൂൎയ്യനിൽനിന്നു സദാസമയത്തും ചൂടു പുറപ്പെട്ടുതന്നെ ഇരിക്കുന്നു. ഈ ചൂടുകൊണ്ടു നമ്മുടെ ഭൂമി മാത്രമല്ല ഫലപ്പെടുന്നത്. സൂൎയ്യനെ സൃഷ്ടിച്ചിരിക്കുന്നതു നമ്മുടെ ഭൂമിക്കു വേണ്ട വെളിച്ചവും ചൂടും നല്കുന്നതിന്നു മാത്രമല്ല. എന്തുകൊണ്ടെന്നാൽ സൂൎയ്യനിൽനിന്നു പുറപ്പെടുന്ന ചൂടുകൊണ്ടു നമ്മുടെ ഭൂമിപോലെയുള്ള 200 കോടി ഭൂമികൾക്കു വേണ്ട ഉഷ്ണം ലഭിക്കുമെന്നു കണക്കാക്കിയിരിക്കുന്നു. ഇപ്രകാരം ദിനംപ്രതി ഉഷ്ണം സൂൎയ്യനിൽനിന്നു പോയിക്കൊണ്ടിരിക്കുന്ന സ്ഥിതിക്ക് എന്തുകൊണ്ടാണ് സൂൎയ്യന്റെ ചൂടിനു യാതൊരു വ്യത്യാസവും കാണാത്തത്? ഇത് ഒരു വലിയ അത്ഭുതംതന്നെ അല്ലെ? എന്നും സൂൎയ്യന് ഒരുപോലെ ചൂടുള്ളതായി പറഞ്ഞു കേൾക്കുന്നു. എന്നാൽ ഈ സംഗതിക്ക് ഒരു കാരണമുണ്ട്. ഇതു പ്രകൃതിശാസ്ത്രജ്ഞന്മാർ അനുസരിച്ചിരിക്കു

ന്നു. ഈ ശാസ്ത്രപ്രകാരം ഒരു വസ്തുവിന്റെ ചൂട അതിന്റെ വലിപ്പത്തെ ആശ്രയിച്ചിരിക്കും. ഒരു വസ്തുവിലുള്ള ചൂട ആ വസ്തുവിന്റെ വലിപ്പം കൂടുംതോറും അധികം സ്ഥലം വ്യാപിക്കുകയും അതുനിമിത്തം ചൂടിന്റെ ആധിക്യം കുറഞ്ഞുവരികയും ചെയ്യുന്നു. ഇതുപോലെതന്നെ ഒരു സാധനത്തിന്റെ വലിപ്പം ചുരുങ്ങുമ്പോൾ അതിലടങ്ങിയ ചൂട സ്വല്പം സ്ഥലം മാത്രം വ്യാപിക്കുന്നതുകൊണ്ടു ചൂടിന്റെ ആധിക്യം (Degree) കൂടി വരികയും ചെയ്യുന്നു. ഈ നിയമം സൂര്യനെ സംബന്ധിച്ചേടത്തോളവും ശരിയാണ്. ആയതിനാലാണ് സൂര്യന്റെ ചൂടിന്നു നാം ഇത്രകാലം ചെന്നിട്ടും യാതൊരു വ്യത്യാസവും കാണാത്തത്. സൂര്യന്റെ മദ്ധ്യ അളവു പതിനൊന്നു കൊല്ലംകൂടുമ്പോൾ ഒരു നാഴിക വീതം കുറഞ്ഞുവരുന്നതായി കണ്ടറിഞ്ഞിരിക്കുന്നു. ഈ മാതിരി വലിപ്പം കുറഞ്ഞുവരുന്നതുകൊണ്ടാണ് ചിലവായി പോകുന്ന ചൂട കഴിച്ചു ബാക്കിയുള്ള ചൂടുകൊണ്ടു സൂര്യൻ പണ്ടത്തെപ്പോലെ ചൂടതോന്നിക്കുന്നത്. ഈ മാതിരിയുള്ള വ്യത്യാസം സൂര്യന്റെ മദ്ധ്യഅളവിന്നു വരുന്നുണ്ടെങ്കിലും സൂര്യന്റെ വലിപ്പത്തിന്നു യാതൊരു വ്യത്യാസവും കാണാത്തത് എന്തുകൊണ്ടാണെന്നു ചിലർ ചോദിക്കുമായിരിക്കാം. ഇതിന്നു ആ വമ്പിച്ച ഗോളത്തിന്റെ വലിപ്പംതന്നെയാണ് കാരണം. ഒരു പതിനായിരം കൊല്ലംകൊണ്ടു സൂര്യന്റെ മദ്ധ്യഅളവിന് എന്തു വ്യത്യാസം വരുമെന്നു നമുക്കു കണക്കാക്കുക തന്നെ. അതിന്റെ മദ്ധ്യ അളവിന് ഏകദേശം 1000 നാഴിക വ്യത്യാസം വരുമെന്നു വിചാരിക്കുക. ഇതുനിമിത്തം സൂര്യന്റെ മദ്ധ്യ അളവ് 863000 നാഴികയിൽനിന്നു 862000 നാഴിക മാത്രം ആകുന്നു. ഏകദേശം 9 കോടി നാഴിക ദൂരെ സ്ഥിതി ചെയ്യുന്ന ഒരു വിപുലമായ ഗോളത്തിൽ ഇത്തരം ഒരു വ്യത്യാസം സംഭവിച്ചാൽ ആയതു നമ്മുടെ പ്രഥമദൃഷ്ടിക്കു ഗോചരമല്ലാത്തതിൽ വലിയ അത്ഭുതമില്ല. മേൽപ്പറഞ്ഞതിൽനിന്നു സൂര്യന്റെ വലിപ്പം ദിനംപ്രതി കുറഞ്ഞുവരുന്നുണ്ടെങ്കിലും ചൂടിന്നു വ്യത്യാസം കാണാതിരിക്കുവാൻ കാരണമുണ്ടെന്നു വന്നുവല്ലൊ. ഈ കാരണങ്ങളിൽനിന്നു സൂര്യന്റെ പൂർവ്വസ്ഥിതിയെന്താണെന്നാണ് നാം ആലോചിക്കേണ്ടത്. അനേകായിരം കൊല്ലങ്ങൾക്കു മുമ്പു സൂര്യന്റെ വലിപ്പം ഇപ്പോഴത്തേതിലും അധികമുണ്ടായിരുന്നിരിക്കണമെന്നും അതിലടങ്ങിയ ചൂട ഇപ്പോഴത്തേതിലും കൂടിയതായിരിക്കണമെന്നും മേൽപ്പറഞ്ഞ സംഗതികളിൽനിന്നു നമുക്ക് ഊഹിക്കാമല്ലൊ. ഈ കാരണങ്ങൾ നിമിത്തം സൂര്യൻ അനവധി കാലങ്ങൾക്കുമുമ്പു ബാഷ്പാകൃതിയായ ഒരു സാധനമായിരിപ്പാൻ തരമുണ്ട്. സൂക്ഷ്മം ആലോചിക്കുന്നതായാൽ സൂര്യൻ പണ്ട് ഉഷ്ണാധിക്യം നിമിത്തം ഒരു ഘനപദാർത്ഥമോ, ദ്രവപദാർത്ഥമോ ആയിരിക്കാതെ ഒരു ബാഷ്പസദൃശമായ വസ്തുവായിരുന്നിരിക്കണം.

ഇനി ഈ വക സംഗതികളെ പ്രകൃതത്തിൽ യോജിപ്പിച്ചു നോക്കുക. അനേകായിരം കൊല്ലങ്ങൾക്കുമുമ്പു ഭൂമി ഇപ്പോഴത്തെ മാതിരിതന്നെ ഇരുന്നുവോ? ഈ ചോദ്യത്തിനാണ് നാം ഉത്തരം പ

റയേണ്ടത്. ഈ സന്ദർഭത്തിൽ പറവാനുള്ളതു ജർമ്മനിയിൽ കുറെ കൊല്ലങ്ങൾക്കു മുമ്പു നടത്തിയ ഒരു പരീക്ഷയാണ്. ഈ പരീക്ഷയുടെ ഫലമായി കണ്ടുപിടിച്ച സംഗതികളിൽനിന്നു ഭൂമിയുടെ ഉൾഭാഗം അത്യന്തം ഉഷ്ണിച്ചതാണെന്നു കണ്ടറിഞ്ഞിരിക്കുന്നു. ഏകദേശം 100 അടി താഴെ ഭൂമിയിൽ എല്ലാ ഇടത്തും 52° F ചൂടുണ്ടെന്നും അതിൽ കീഴോട്ടു പോകുംതോറും ഒരു നാഴിക 80° F ചൂടു കൂടിവരുന്നുവെന്നും ജർമ്മൻകാർ കണ്ടുപിടിച്ചു. ഇതുപ്രകാരം കണക്കാക്കുന്നതായാൽ ഭൂമിയുടെ ഉപരിഭാഗത്തിന്റെ മൂന്നുനാഴിക താഴെ തിളക്കുന്ന വെള്ളത്തെക്കാൾ ചൂടുള്ളയായി കാണുന്നതാണ്. ഈ കണക്കുപ്രകാരം നോക്കുന്നതായാൽ ഏകദേശം 20 നാഴിക താഴെ ചൂടു വളരെ അത്യന്തംതന്നെയാണ്. ആയതിനാൽ ആ പ്രദേശം ഭൂമിയുടെ ഉപരിഭാഗംപോലെ ഒരു ഘനപദാർത്ഥമായിരിക്കയില്ല. ആയതു ഒരു ദ്രവപദാർത്ഥംതന്നെ ആയിരിക്കും. ഇനിയും കീഴോട്ട് ആലോചിക്കുന്നതായാൽ ദ്രവപദാർത്ഥവുമല്ലാതെ ബാഷ്പസദൃശമായ പദാർത്ഥമായും പരിണമിക്കുന്നാണ്. ഭൂമിയിലുള്ള അഗ്നിപർവ്വതങ്ങൾ പൊട്ടിത്തെറിക്കുമ്പോൾ പുറപ്പെടുന്ന ഉഷ്ണിച്ച വായുവും കല്ലുരുകിയ വെള്ളവും ഭൂമിയിൽനിന്നു വരുന്നതല്ലെ? ഈ സംഗതികൊണ്ടുതന്നെ ഭൂമിയുടെ ഉൾഭാഗത്തെപ്പററിയുള്ള നമ്മുടെ ഊഹം ശരിയാകുന്നില്ലെ? ഇപ്പോൾ പണ്ടുണ്ടായിട്ടുള്ളപോലെയുള്ള അഗ്നിപർവ്വതങ്ങളുടെ ലഹളകൾ നാം കേൾക്കാത്തതു ഭൂമി ദിനംപ്രതി തണുത്തുവരുന്നതുകൊണ്ടാണ്. ഭൂമിയുടെ ചൂടു കുറഞ്ഞുകുറഞ്ഞു വരികയാലാണ് ഭൂമി തണുത്തുകട്ടയായപോലെ കാണുന്നത്. അനേകായിരം കൊല്ലങ്ങൾക്കുമുമ്പ് ഭൂമിയുടെ സ്ഥിതി, ഈ കാരണത്താൽ, ഈ മാതിരി ആയിരിപ്പാൻ തരമില്ല. സൂക്ഷ്മം ആലോചിക്കുന്നതായാൽ ഒരുകാലത്തു ഭൂമിയും ഉഷ്ണാധിക്യം നിമിത്തം ഒരു ഘനപദാർത്ഥമല്ലാതെ ഒരു ദ്രവപദാർത്ഥം ആയിരുന്നിരിക്കണം. അതിലും അനേകകൊല്ലങ്ങൾക്കു മുമ്പ് ഭൂമി ഒരു ദ്രവസാധനവുമല്ലാതെ ഒരു ബാഷ്പസദൃശമായ സാധനവും ആയിരുന്നിരിക്കണം.

സൂര്യവ്യൂഹത്തിൽ കാണുന്ന മററുള്ള ഗോളങ്ങളുടെ സ്ഥിതിയും പണ്ടുള്ളതുപോലെതന്നെ ആയിരുന്നിരിക്കണം. ഘനപദാർത്ഥമായ ഒരു സാധനം ബാഷ്പാകൃതിയെ പ്രാപിക്കുമ്പോൾ അധികം സ്ഥലം വ്യാപിക്കുന്നതു സർവ്വസാധാരണമായ ഒരു സംഗതിയാണല്ലോ. ഈ കാരണങ്ങളാൽ ബാഷ്പാകൃതിയായി പണ്ടുകാലത്തു കിടന്നിരുന്ന സൂര്യവ്യൂഹത്തിലെ ഗോളങ്ങൾ എല്ലാം കൂടി ഒരുകാലത്തു ഒരു ഒററ ബാഷ്പപടലമായിരുന്നിരിക്കണം. ഇതുകൊണ്ടും ഇതിനും പുറമെ ഇപ്പോൾ നാം ആകാശത്തിൽ ഇത്തരം ബാഷ്പപടലങ്ങൾ ധാരാളം കാണുന്നതുകൊണ്ടും സൂര്യവ്യൂഹത്തിന്റെ (Solar system) പൂർവ്വസ്ഥിതി ഒരു ബാഷ്പപടലമായിട്ടായിരുന്നുവെന്നു ഊഹിക്കുന്നതിനുകാരണമുണ്ട്. എന്നു മാത്രമല്ല പലതരത്തിലുള്ള ബാഷ്പപടലങ്ങളും, അവയിൽ വെച്ചു പ്രധാനമായി പിരിഞ്ഞതരത്തിലു

ള്ള പാഷ്പപടലങ്ങളും നമ്മളെ ഈ ഊഹത്തിൽ സഹായിക്കുന്നു.

ഈ ഊഹത്തെ പിൻതാങ്ങുന്നതായ വേറൊരു വിശേഷകാരണവും ഉണ്ട്. ശാസ്ത്രങ്ങളുടെ വികാസത്തോടുകൂടി നമുക്കു വേറൊരു സംഗതിയും സാധിച്ചിരിക്കുന്നു. ഒരു വസ്തുവിലടങ്ങിയ സാധനങ്ങൾ എന്താണെന്നു നമുക്കു ഇപ്പോൾ പറയുന്നതിനു സൗകര്യമാണല്ലോ. രസായനശാസ്ത്രത്തിന്റെ സഹായംകൊണ്ട് ഒരു സംയുക്തപദാർത്ഥത്തിലുള്ള മൂലപദാർത്ഥങ്ങളെ അറിയുന്നതിന് നമുക്ക് ഇക്കാലത്ത് എളുപ്പമായിരിക്കുന്നു. ഇതിനെല്ലാം പുറമെ അനേകകോടി നാഴികദൂരെ സ്ഥിതിചെയ്യുന്ന വസ്തുക്കളുടെ സ്വഭാവത്തെ അറിയുന്നതിനും നമുക്ക് ഇപ്പോൾ സാധിച്ചിരിക്കുന്നു. സൂര്യന്റെയും മററു ഗോളങ്ങളുടെയും സ്വഭാവം നാം ഇപ്പോൾ വർണ്ണച്ഛായാതത്വദർശനയന്ത്രം (Spectroscope) മൂലം അറിഞ്ഞിരിക്കുന്നു. ഈ ഗോളങ്ങളിൽ നിന്ന് പുറപ്പെടുന്ന രശ്മികൾ ആ ഗോളങ്ങളിലുള്ള മൂലപദാർത്ഥങ്ങളെ നമ്മോടുപദേശിക്കുന്നു. ഇതിൽനിന്ന് ആ ഗോളങ്ങളിലും ഭൂമിയിലും ഉള്ള പദാർത്ഥങ്ങൾ ഒന്നാണെന്ന് നാം ധരിച്ചിരിക്കുന്നു. ഈ സംഗതി ഒരു വലിയ അത്ഭുതംതന്നെ അല്ലെ? ഈ വാസ്തവം നമ്മുടെ ഊഹത്തെ ബലമായി പിൻതാങ്ങുന്നില്ലെ?

ആകാശത്തിൽ കാണുന്ന വേറൊരു സംഗതികൂടി ഇവിടെ പറയാം. സൂര്യവ്യൂഹത്തിൽ നാം എന്താണു കാണുന്നത്? സൂര്യവ്യൂഹത്തിന്റെ മദ്ധ്യത്തിൽ സൂര്യൻ സ്ഥിതിചെയ്യുന്നുണ്ടെങ്കിലും സൂര്യൻ സദാ അതിന്റെ അച്ചുതണ്ടിന്മേൽ ചുററിത്തിരിഞ്ഞുകൊണ്ടാണ് ഇരിക്കുന്നത്. ഇതിനുപുറമെ വേറൊരു അത്ഭുതസംഗതിയും നാം കാണുന്നുണ്ട്. എല്ലാ ഗ്രഹങ്ങളും സൂര്യനെ ഒരു ദിക്കുനോക്കി (In one direction) പ്രദക്ഷിണം ചെയ്യുന്നു. ഇതിനു എന്താണ് കാരണം? സദാസമയത്തും ചുററിത്തിരിയുന്ന ഒരു ബാഷ്പപടലത്തിൽനിന്നു സൂര്യനെപ്പോലെ മദ്ധ്യസ്ഥിതമായ ഒരു ഗോളവും അതിന് ചുററും ഒരു ദിക്കുനോക്കി സഞ്ചരിക്കുന്ന വേറെ ചില ഗോളങ്ങളും ആ ബാഷ്പപടലം കാലക്രമംകൊണ്ടു തണുത്തു വരുന്നതോടുകൂടി തണുത്ത ഓരോ ഭാഗം വേറിട്ടു പിരിഞ്ഞു നാം ഇപ്പോൾ കാണുന്നമാതിരി ഉണ്ടാവുന്നതിനു സാധിക്കുമോ എന്നാണ് ഈ സംഗതികൊണ്ട് ആലോചിക്കേണ്ടത്. ഭൂമിയിലും മററു ഗോളങ്ങളിലും ഉള്ള പദാർത്ഥങ്ങൾക്ക് കാണുന്ന സാമ്യം ഈ കാര്യനിരൂപണത്തിൽ ഒരു പ്രധാനസംഗതിയായി കരുതേണ്ടതാണെന്നും പറയേണ്ടതില്ലല്ലോ.

കെ. പരമേശ്വരമേനോൻ
ബി. എ. ബി. എൽ.

# പുഷ്പാഞ്ജലി.

## നാലാം അദ്ധ്യായം.

[ജീവലോകം. മരുഭൂമി- ത്രിപുഷ്കരം.]

ഏതൊരു പൎവ്വതത്തിന്റെ കിഴക്കുഭാഗത്തായി ജ്വാലാമുഖീതീൎത്ഥം സ്ഥിതിചെയ്യുന്നുവോ അതിന്റെ പടിഞ്ഞാറെ അററത്തുനിന്ന് ഒരു നദി തെക്കോട്ട് ഒഴുകിപ്പോകുന്നുണ്ട്. വൃദ്ധനായ ഒരു ബ്രാഹ്മണനും മദ്ധ്യവയസ്കനായ ഒരു ബ്രാഹ്മണനും കൂടി ആ നദിയുടെ ഗതി അനുസരിച്ച് സഞ്ചരിച്ചുംകൊണ്ട് ക്രമത്തിൽ ഏററവും രമണീയമായ ഒരു പ്രദേശത്തു വന്നെത്തി. ആ പ്രദേശം മുക്കോണാകൃതിയോടുകൂടിയതാണ്. അത് അഞ്ചുനദികൾ ഒന്നിച്ചുചേരുന്ന സ്ഥലമാണ്. വടക്കുഭാഗത്തു സ്ഥിതി ചെയ്യുന്നതും ആകാശം മൂടിനില്ക്കുന്നതും ചൎമ്മചക്ഷുസ്സുകൊണ്ട് കാണാൻ കഴിയാത്ത കൊടുമുടികളോടുകൂടിയതുമായ പൎവ്വതനിരകളിൽനിന്നാണ് ആ നദികൾ ഉത്ഭവിക്കുന്നത്. ആ നദികൾ തെക്കോട്ട് ഒഴുകി സമുദ്രത്തിൽ ചെന്നുചേരുന്നു. ഈ പ്രദേശം ഏററവും സസ്യസമൃദ്ധിയോടുകൂടിയതാണ്. ഈ പ്രദേശത്തിൽ ഉണ്ടാവാത്ത വസ്തുക്കൾ ഒന്നുംതന്നെയില്ല. ബ്രാഹ്മണർ ഇരുവരും ഈ പ്രദേശത്തിന്റെ നാനാഭാഗങ്ങളിലും സഞ്ചരിച്ചുംകൊണ്ട് ക്രമത്തിൽ തെക്കോട്ടു യാത്രചെയ്തുതുടങ്ങി.

ഇങ്ങിനെ വളരെ ദിവസം സഞ്ചരിച്ചതിന്റെ ശേഷം മദ്ധ്യവയസ്കനായ ബ്രാഹ്മണൻ തന്റെ ഒന്നിച്ചുള്ള വൃദ്ധബ്രാഹ്മണന്റെ നേരെ ഭക്തിയോടുകൂടി നോക്കീട്ടു പറഞ്ഞു. "ആൎയ്യ! ഇത്രദിവസം ഈ പ്രദേശത്തിൽ സഞ്ചരിച്ചിട്ട് എന്റെ ശരീരത്തിന്ന് ക്രമത്തിൽ ഒരു മാററം സംഭവിച്ചിരിക്കുന്നു. ഇന്ദ്രിയങ്ങൾക്ക് മുമ്പിലത്തെപോലെ ശക്തിതോന്നുന്നില്ല. കണ്ണിന്ന് മുമ്പിലത്തെപ്പോലെ ദൂരദൃഷ്ടിയില്ലാതായിരിക്കുന്നു. ദൂരത്തുനിന്നു പറയുന്ന വാക്കുകളൊന്നും നല്ലവണ്ണം കേൾക്കാൻ കഴിയുന്നില്ല. നടക്കാനുള്ള മിടുക്കും കുറഞ്ഞു വശായിരിക്കുന്നു. എന്തിനധികം പറയുന്നു? അങ്ങയുടേ മുഖത്തുള്ള തേജസ്സു കൂടി എന്റെ ദൃഷ്ടിക്കു മലിനപ്പെട്ടപോലേ കാണപ്പെടുന്നു. പൂൎവ്വാപരസംഭവങ്ങൾ ഒന്നും നല്ലപോലെ ഓൎമ്മതോന്നുന്നില്ല. ഞാൻ എവിടുന്നാണു വന്നത്, എവിടെയ്ക്കാണ് പോവേണ്ടത് എന്നും മനസ്സിൽ വേണ്ടപോലേ തോന്നുന്നില്ല".

വൃദ്ധൻ പറഞ്ഞു: "കലിയുഗോചിതമായ ശരീരം എടുത്തതുകൊണ്ട് ആ ശരീരത്തിന്റെ ധൎമ്മത്തെ അനുഭവിക്കാതെ കഴികയില്ല. അങ്ങ് ഇപ്പോൾ ആ ധൎമ്മമാണ് അനുഭവിക്കുന്നത്. എന്നാൽ പുണ്യതീൎത്ഥങ്ങൾ ദൎശനംചെയ്താൽ പി

ന്നേ അങ്ങേയ്ക്കു് ഈ തോന്നൽ ഉണ്ടാവില്ല. വീണ്ടും അങ്ങയുടേ സ്വന്തം സ്വരൂപം അങ്ങേയ്ക്കു് കിട്ടും''.

ഒടുവിൽ പറഞ്ഞ വാക്കുകൾ ദൂരത്തുള്ള ഏതോ ഒരുവന്റെ കണ്ഠത്തിൽനിന്നു പുറപ്പെട്ട വാക്കുകളെപ്പോലേ മദ്ധ്യവയസ്കനായ ബ്രാഹ്മണന്റെ ചെവിയിൽ പ്രവേശിച്ചു. അദ്ദേഹം തന്റെ പാർശ്വഭാഗത്തിലേയ്ക്കു് നോക്കിയപ്പോൾ തന്റെ ഒന്നിച്ചുണ്ടായിരുന്ന മഹാപുരുഷനേ കണ്ടില്ല. അദ്ദേഹം ആശ്ചര്യപ്പെട്ടു് ഇപ്രകാരം വിചാരിച്ചു തുടങ്ങി: "പഞ്ചമഹാഭൂതങ്ങളിൽനിന്നുണ്ടായതും പ്രശസ്തവുമായ ഈ പ്രദേശത്തിനുള്ളിൽ ഞാൻ എവിടേനിന്നാണ് വന്നെത്തിയത്? എന്തിനാണ് വന്നത്? ഞാൻ തന്നെത്താൻ വന്നതാണോ? അതോ വല്ലവരും എന്നേ ഇവിടെകൊണ്ടു വന്നാക്കിയതാണോ? എന്നേ വല്ലവരും ഇവിടെയ്ക്കു് കൂട്ടിക്കൊണ്ടു വന്നതായി എനിയ്ക്കു് ഓർമ്മതോന്നുന്നില്ല. ഞാൻ ആരോടാണ് ചോദിയ്ക്കേണ്ടത്? എന്റെ ഒന്നിച്ചുണ്ടായിരുന്ന ദിവ്യപുരുഷൻ എവിടേയാണ്? വാസ്തവത്തിൽ എന്റെ ഒന്നിച്ചു വല്ല ദിവ്യപുരുഷനും ഉണ്ടായിരുന്നുവോ? അദ്ദേഹം കാണിച്ചുതന്ന ആ പ്രശസ്തയായ സരസ്വതിയും അത്യുഗ്രയായ ജ്വാലാമൂർത്തിയും ഇപ്പോഴും എന്റെ ഹൃദയത്തിൽ ദൃഢമായി പതിഞ്ഞുകിടക്കുന്നുണ്ടല്ലോ. ആ സ്ഥിതിയ്ക്കു് അതെല്ലാം എങ്ങിനേ മിഥ്യയായി ഭവിയ്ക്കും? ഇതെല്ലാം ജന്മാന്തരത്തിലേ സംസ്കാരങ്ങളാണെന്നും ഈ ജന്മത്തിൽ അവയിൽ ചിലത് കാണുന്നതാണെന്നും തോന്നുന്നില്ല''.

ഇതെന്താണ്! സത്യമെന്തെന്നും മിഥ്യയെന്തെന്നും എനിക്കു തിരിച്ചറിയാൻ കഴിയുന്നില്ല. എല്ലാം ഘോരമായ ഇന്ദ്രജാലമെന്നപോലെ തോന്നപ്പെടുന്നു. പൊടുന്നനവേ എനിയ്ക്കു് വല്ലാത്ത ഭയം തോന്നുന്നു. ഇനി ഞാൻ ഏകനായിട്ടു് സഞ്ചരിയ്ക്കില്ല. ജനങ്ങൾ താമസിയ്ക്കുന്ന ദിക്കിലേയ്ക്കു് പോകതന്നേ. ജനങ്ങൾ എന്തുചെയ്യുന്നു എന്നു നോക്കട്ടേ. അവരുടേ ഉപദേശം എന്താണെന്നു കേൾക്കട്ടേ!

മദ്ധ്യവയസ്കനായ ബ്രാഹ്മണൻ ഇങ്ങിനേ മനോവിചാരപ്പെട്ടുംകൊണ്ടു് അവിടേനിന്ന് എണീട്ടു് തന്റെ മുമ്പിൽ കണ്ട ഒരു ചെറുപുഴയുടെ വക്കത്തുകൂടെ യാത്രചെയ്യാൻ തുടങ്ങി. ഹിമവാന്റെ, ആകാശം മുട്ടിനില്ക്കുന്ന കൊടുമുടിയുടെ മുകൾഭാഗത്തു നിന്നാണ് ഈ നദിയുടെ ഉത്ഭവം. ഈ നദി കുറേക്കാലം പർവ്വതത്തിന്റെ താഴ്‌വരകളിൽക്കൂടിയും ഗുഹകളിൽക്കൂടിയും ഒഴുകിയതിന്റെ ശേഷം കീഴ്പോട്ടൊഴുകി ഒരു വലിയ നദിയായിത്തീർന്നു തെക്കോട്ടു് ഒഴുകുന്നു. നദി കീഴ്പോട്ടു് എറങ്ങി വരുന്തോറും ക്രമേണ വിസ്താരം കൂടി വന്നു് ഒരു കരയിൽ നിന്നു നോക്കിയാൽ മറുകര കാണാത്ത വിധത്തിൽ അത്ര വലുതായിത്തീർന്നു. നദിയുടെ വെള്ളം കലങ്ങിമറിഞ്ഞതും ചുഴികളോടുകൂടിയതും ഏററവും വക്രഗതിയോടുകൂടിയതും വളരെ ഊക്കോടുകൂടി ഒഴുകുന്നതും ആയിരുന്നു.

എന്നാൽ ഈ സകല ദോഷങ്ങളും തടസ്ഥങ്ങളും ഉണ്ടായിരുന്നു എങ്കിലും നദിയിൽക്കൂടി അസംഖ്യം വലിയ തോണി

കൾ ഇടവിടാതെ പോയ്ക്കൊണ്ടിരുന്നു. ഓരോ തോണിയിലും ഓരോ ആൾ ഉണ്ടായിരുന്നു. ഒന്നിലെങ്കിലും തോണിക്കാരൻ ഉണ്ടായിരുന്നില്ല. എല്ലാ തോണികളും നദിയുടെ ഒഴുക്കനുസരിച്ചു പോയ്ക്കൊണ്ടിരുന്നു. ചില തോണികൾ വലിയ ചുഴികളുടെ ഉള്ളിൽ പെട്ടു വട്ടംചുററുകയും മററു ചില തോണികൾ വലിയ തിരകളുടെ അടി ഏററു പൊളിഞ്ഞു വെള്ളത്തിൽ മുങ്ങിപ്പോവുകയും ചെയ്തിരുന്നു. എന്നാൽ നിമിഷംപ്രതി ഇങ്ങിനെ ഓരോ ആപത്തുകൾ നേരിടുന്നതു കണ്ടിട്ടും തോണികളിലിരിക്കുന്ന ഒരാളെങ്കിലും മടങ്ങിപ്പോകാനുള്ള ശ്രമം ചെയ്തില്ല. എല്ലാവരും കണ്ണിമ ആട്ടാതെ മുമ്പോട്ടുതന്നെ നോക്കിക്കൊണ്ടു യാത്ര ചെയ്യുന്നു. സൂര്യന്റെ അത്യുഗ്രമായ വെയിൽകൊണ്ട് ഉഷ്ണം സഹിക്കാൻ വയ്യാതെ എല്ലാവരും കലങ്ങിയ വെള്ളം കണ്ണുകളിലും തലയിലും ശരീരത്തിലും ഒഴിക്കുകയും ദാഹം സഹിക്കാതെ വെള്ളം കൂടെക്കൂടെ കുടിക്കുകയും ചെയ്തിരുന്നു.

അവർ എവിടേയ്ക്കാണ് പോകുന്നതെന്നും എത്ര ദൂരം പോകാനുണ്ടെന്നും എന്താവശ്യത്തിന്നാണ് പോകുന്നതെന്നും തോണിയിലിരിക്കുന്നവരോടു ചോദിച്ചാൽ 'ഞങ്ങൾ കച്ചോടാവശ്യത്തിന്നു വേണ്ടി ശൌഭപുരത്തിലേക്കു പോകയാണ്' എന്ന് എല്ലാവരും ഉത്തരം പറയുന്നുണ്ട്. എല്ലാവരും ശൌഭപുരം വളരെ അടുത്താണെന്നു വിചാരിക്കുന്നു. ഒരു വളവുകഴിഞ്ഞാൽ ശൌഭപുരം കാണാറാവും എന്നാണ് അവരുടെ വിചാരം. എന്നാൽ അനേകം വളവുകൾ കടന്നുപോയിട്ടും ഒരു വളവു ബാക്കിയുണ്ടായിരുന്നു. ഓരോ വളവുകളിൽ എത്തുമ്പോൾ അനേകം തോണികൾ ചാരന്മാരുടെ ദൃഷ്ടിയിൽ അകപ്പെടുകയും അവർ അവരെ ബന്തോവസ്തിലാക്കുകയും ചെയ്യുന്നു.

ചാരന്മാരുടെ കയ്യിലകപ്പെട്ടാൽ പിന്നെ രക്ഷ കിട്ടാൻ ഞെരുക്കമാണ്. അതാതുദിക്കിലെ രാജാക്കന്മാരുടെ അനുചരന്മാർ വന്നു തോണികളെ പരിശോധിക്കുന്നു. തോണിയിലുള്ള സകല സാമാനങ്ങളിലും തങ്ങളുടെ രാജാവിന്റെ മുദ്ര ഉണ്ടോ എന്ന് അവർ സൂക്ഷ്മമായി പരിശോധിക്കുന്നു. മുദ്ര കാണാഞ്ഞാൽ തോണിയിലുള്ള സാമാനങ്ങൾ കള്ളച്ചരക്കുകളാണെന്നു തീരുമാനിച്ച് അവർ തോണിയിലുള്ളവരെ ചങ്ങലക്കിട്ടു കൊണ്ടുപോകുന്നു. എവിടേയ്ക്കാണ് കൊണ്ടുപോകുന്നതെന്ന് ആർക്കും പറവാൻ സാധിക്കുന്നില്ല.

എന്നാൽ ഈ ആപത്തുകളെല്ലാം നേരിട്ടിട്ടും തോണിയിലുള്ളവരിൽ ഒരാളെങ്കിലും ശൌഭപുരത്തിലേക്കു പോകാനുള്ള ഉദ്ദേശത്തെ കൈവിട്ടില്ല. അവരെല്ലാവരുടേയും ദൃഷ്ടിയിൽ ആ പുരിയുടെ സൌന്ദര്യം സീമയില്ലാത്തതായിരുന്നു. ചിലർ ഈ നഗരം സ്വർണ്ണമയമായും രത്നവിഭൂഷിതമായും കണ്ടിട്ട് ആകർഷിക്കപ്പെടുകയും ചിലർ അതിന്റെ സമൃദ്ധിയും പ്രതാപവും കണ്ടിട്ടു മോഹിതന്മാരായിത്തീരുകയും ചെയ്തു. ചിലർ ഈ നഗരത്തിന്റെ എല്ലാ ഭാഗങ്ങളിലും കീർത്തിക്കൊടിക്കൂറകൾ പറക്കുന്നതായി കണ്ടു. വേറെ ചിലർ ഈ നഗരത്തിലെ അപ്സരസ്ത്രീസദൃശികളായ കാമിനിമാരു

ടെ രൂപമാധുര്യം കണ്ടാനന്ദിപ്പാനുള്ള മോഹത്തോടുകൂടി യാത്രതുടൻ.

ചിലപ്പോൾ മററുള്ളവരുടെ തോണികൾ രാജാധികാരികൾ ബന്ധോവസ്ഥിലാക്കുന്നതുകണ്ടിട്ട ചിലക്ക് അതിയായ ഭയവും വ്യസനവും ഉണ്ടായി. ആ അവസരങ്ങളിൽ അവരുടെ മുമ്പിൽ കാണപ്പെട്ടിരുന്ന ശൌഭപുരത്തിനു മുമ്പിലത്തെപ്പോലെയുള്ള സൌന്ദര്യം ഉള്ളതായി അവക്ക തോന്നിയില്ല. അപ്പോൾ അവർ പിന്നോക്കവും ഇരുവശത്തും നോക്കിത്തുടങ്ങി. എന്നാൽ അവരുടെ ഈ മനോഭാവം അല്പനേരം മാത്രമെ സ്ഥായിയായി നിന്നിരുന്നുള്ളു. എല്ലാ ഭാഗങ്ങളിൽനിന്നും പുതിയ പുതിയ തോണികൾ, നദിയുടെ ഒഴുക്കനുസരിച്ച് ഇടവിടാതെ വരുന്നത് എല്ലാവക്കും കാണാറായി. അതുനിമിത്തം നദിയിലുള്ള തോണികളുടെ എണ്ണം വദ്ധിച്ചുവന്നതല്ലാതെ ഒരു ദിക്കിലും കറഞ്ഞുകണ്ടില്ല. ഇതു കണ്ടിട്ട് എല്ലാവക്കും ആശ്വാസമായി. ഈ ദിക്കിന്ന കീഴ്പോട്ടുള്ള നദീജലം കടിച്ചാൽ ഏററവും ദുബ്ബലനായവൻ മഹാ ബലവാനായിത്തീരുന്നു. ഏററവും ഭീരുവായവൻ അതിസാഹസിയും ധൈര്യശാലിയും ആയിത്തീരുന്നു. കരുടന്റെ കണ്ണുകൾക്കുകൂടി നല്ല വെളിച്ചം ഉണ്ടാക്കിക്കൊടുത്തു ശൌഭപുരത്തിനെ അടുത്തായി കാണിച്ചുകൊടുക്കുന്നു.

ബ്രാഹ്മണവേഷം ധരിച്ച വേദവ്യാസൻ വെള്ളം തൊട്ടതേ ഇല്ല. അദ്ദേഹം ഏകാന്തവിചാരത്തിൽ നിമഗ്നനായിട്ട നദിയുടെ ലക്ക നോക്കികൊണ്ടു തീരത്തിൽകൂടി നടന്നുതുടങ്ങി. നദിയുടെ വളവുകളിലെത്തുമ്പോൾ തോണിയിലുണ്ടായിരുന്നവക്ക നേരിട്ട കാലതാമസംപോലെ അദ്ദേഹത്തിന്ന താമസം വേണ്ടിവന്നില്ല. വളരെ ദൂരം മുമ്പിട്ട ചെന്നപ്പോൾ ആ ഏററവും വിശാലവും ജീവജാലസമ്പക്കം തീരെയില്ലാത്തതും ആയ നദി ഏററവും ഭയങ്കരവും മണൽ നിറഞ്ഞതുമായ ഒരു മരുഭൂമിയിൽ ചെന്ന ലയിക്കുന്നതായി അദ്ദേഹത്തിന്ന കാണാൻകഴിഞ്ഞു.

ബ്രാഹ്മണൻ ആ മരുഭൂമിയിൽകൂടെ നടന്നുതുടങ്ങി. ഒരു ദിക്കിലെങ്കിലും ഒരു പ്രാണിയേയോ ഒരു പുൽക്കൊടിയൊ ഒരു തുള്ളി വെള്ളമോ അദ്ദേഹം കണ്ടില്ല. എല്ലാം നിജ്ജീവമായും കനംകറഞ്ഞതായും പരസ്പരസംബന്ധമില്ലാത്തതായും അദ്ദേഹത്തിന്ന തോന്നി. കുറെ ദൂരം നടന്നപ്പോഴക്ക് അദ്ദേഹത്തിന്ന കലശലായ ദാഹം തുടങ്ങി. നാവു വരണ്ടുതുടങ്ങി. അകത്തും പുറത്തും ഒരുപോലെ വരണ്ടുതുടങ്ങി. അദ്ദേഹം നാലുഭാഗത്തും അങ്ങുമിങ്ങും നോക്കിത്തുടങ്ങി. ഒരു ദിക്കിലെങ്കിലും ദൃഷ്ടി പതിയാനുള്ള സ്ഥലം കണ്ടില്ല. മേൽഭാഗത്ത് ആകാശമണ്ഡലം ചുട്ടു പഴുത്ത ചെമ്പുകിടാരംപോലെ പരന്നുകിടക്കുന്നു. കീഴ്ഭാഗത്തു ചലനമില്ലാത്ത മണൽക്കൂട്ടം നാലു ഭാഗത്തും വ്യാപിച്ചുകിടക്കുന്നു. കലങ്ങിയ വെള്ളമെങ്കിലും കുടിക്കാൻ കിട്ടിയാൽ മതി എന്ന അദ്ദേഹത്തിന്ന തോന്നി. ശൌഭപുരത്തിലേക്കു പോവാൻ അത്യുത്സാഹത്തോടുകൂടിയവരും ഭ്രമശാലന്മാരുമായ തോണിയിലിരിക്കുന്നവരുടെ അവസ്ഥ, തന്റെ അവസ്ഥയേക്കാൾ എത്രയോ സുഖകരമാണെന്ന ബ്രാഹ്മണന്ന തോന്നി-

ബ്രാഹ്മണൻ മനസ്സിൽ വിചാരിച്ചുതുടങ്ങി: 'അവരുടെ ഭ്രമം സുഖമായ ഭ്രമംതന്നെയാണ്. ഇതെന്താണ്! സകലഭ്രമവും നീങ്ങിപ്പോയാൽ പിന്നെ ഒന്നുംതന്നെ കാണാനില്ല. അവരെപ്പോലെ തോന്നികയറിവരാതെ ഞാൻ ആലോചനയോടുകൂടി ചെയ്ത പ്രവൃത്തി ഇങ്ങിനെയാണോ കലാശിച്ചത്? അവക്ക് ഇതിനേക്കാൾ വലുതായ ഒരു ദുഃഖം എന്താണ് വരാനുള്ളത്?'

ബ്രാഹ്മണൻ ഇങ്ങിനെ ചിന്താമഗ്നനായി ഇരിക്കുമ്പോൾ അധികം ദൂരത്തല്ലാതെ അതിവേഗത്തിൽ നദീജലം ഒഴുകുന്നതും നദിയുടെ തെളിഞ്ഞവെള്ളത്തിൽ നദീതീരത്തിൽ പൂത്തുതളിർത്തു നില്ക്കുന്ന വൃക്ഷങ്ങളുടെ നിഴൽ പ്രതിബിംബിച്ചുകൊണ്ടിരിക്കുന്നതും അദ്ദേഹത്തിന്നു കാണാറായി. ബ്രാഹ്മണൻ വേഗത്തിൽ നദിയുടെ നേക്കു പാഞ്ഞു. എന്നാൽ എത്ര ദൂരം പോയിട്ടും വെള്ളത്തിന്റെ അടുത്തുചെല്ലാൻ അദ്ദേഹത്തിന്നു കഴിഞ്ഞില്ല. തുല്യദൂരത്തിൽ നിന്നുകൊണ്ടു ജലം അദ്ദേഹത്തെ ആകഷിച്ചു. ഈ നദി മിഥ്യയാണെന്നും മരീചികപോലെ ഭ്രമത്തെ ഉണ്ടാക്കിത്തീക്കുന്നതാണെന്നും ബ്രാഹ്മണന്ന് അപ്പോൾ മനസ്സിലായി. അദ്ദേഹം അമ്പരന്നുപോയി. കുറച്ചുനേരത്തിന്നുമുമ്പു തനിക്കുണ്ടായ സുഖകരമായ ഭ്രാന്തി തന്നെയാണ് നന്നായിരുന്നത് എന്ന് അദ്ദേഹത്തിന്നു തോന്നി. എങ്കിലും യാതൊന്നു മിഥ്യയാണെന്നു തനിക്കു ബോദ്ധ്യപ്പെട്ടുവോ അതിനെ പിന്നെ പിന്തുടരാൻ അദ്ദേഹം ശ്രമിച്ചില്ല.

ഇങ്ങിനെ അല്പനേരം അദ്ദേഹം അനങ്ങാതെ നിന്നു. അപ്പോഴക്കും പൊടുന്നനവെ രണ്ടു ഭയങ്കരസ്വരൂപങ്ങൾ അല്പം ദൂരത്തായി അദ്ദേഹത്തിന്നു കാണാറായി. അതിൽ ഒന്നു സ്ത്രീയും മറ്റൊന്നു പുരുഷനുമാണെന്ന് അദ്ദേഹത്തിന്നു മനസ്സിലായി. രണ്ടുപേരുടേയും ആകൃതി വലിയതും നിറം കൂരിരുട്ടിന്നു തുല്യവും ആയിരുന്നു. രണ്ടുപേരുടേയും തലയിൽ കിരീടംപോലെയുള്ള ശിരോലങ്കാരങ്ങൾ ഉണ്ടായിരുന്നു. രണ്ടുപേരും ഒരു ചുഴലിക്കാറ്റിന്മേലാണ് ഇരുന്നിരുന്നത്. രണ്ടു സ്വരൂപവും ക്രമത്തിൽ അടുത്തെത്തി. എങ്കിലും അവർ ബ്രാഹ്മണന്റെ നേരെ ഒരു നോട്ടംപോലും നോക്കാതെ തങ്ങളുടെ ഇഷ്ടംപോലെ സഞ്ചരിച്ചു. പുരുഷന്റെ മൂക്കിൽനിന്നു പുറപ്പെടുന്ന ശ്വാസവായു ബ്രാഹ്മണന്റെ ദേഹത്തിൽ തട്ടിയപ്പോൾ അദ്ദേഹം മോഹാലസ്യപ്പെട്ടു വീണു. സ്ത്രീയുടെ കാല്പൊടി അദ്ദേഹത്തെ മൂടിക്കളഞ്ഞു.

പുരുഷൻ ഈ മരുഭൂമിയിലെ രാജാവാണ്; അദ്ദേഹത്തിന്റെ പേർ നൈരാശ്യം എന്നാണ്. സ്ത്രീ അദ്ദേഹത്തിന്റെ പ്രിയതമയായ രാജ്ഞിയാണ്; അവളുടെ പേർ 'സ്വേച്ഛാചാരിത' (തോന്നിവാസം) എന്നാണ്. ജനങ്ങൾ, സൂക്ഷ്മജ്ഞാനംകൂടാതെ ഇവരെത്തന്നെയാണ് 'കൊടുങ്കാറ്റ്' എന്നു പറഞ്ഞുവരുന്നത്. ഈ ദമ്പതിമാർ വളരെക്കാലമായിട്ടു ഒന്നിച്ചുതന്നെയാണു താമസം. അവർ സർവ്വത്ര ഒന്നിച്ചുതന്നെയാണ് സഞ്ചരിക്കാറുള്ളത്. ജലമുള്ള പ്രദേശങ്ങളിൽക്കൂടി ഇവരുടെ പ്രതാപം ഏറ്റവും ദുസ്സഹമായിട്ടുള്ളതാണ്. മരുഭൂമിയിൽ

വെച്ച് ഇവരെ കണ്ടുമുട്ടിയാൽ ഒരു വിധത്തിലും രക്ഷയുണ്ടാകുന്നതല്ല. സകല വസ്തുക്കളും ഇവരുടെ പ്രഭാവംകൊണ്ട് ഉണങ്ങിവരണ്ടു ജഡീഭൂതമായിത്തീരുന്നു.

വ്യാസദേവൻ കലിയുഗോചിതമായ ബ്രാഹ്മണശരീരത്തെ എടുത്തിരുന്നു. ആ ശരീരത്തിന്ന് ഈ മാതിരി ഉഗ്രമായ കൊടുങ്കാറ്റേറ്റു നില്ക്കാൻ എങ്ങിനെ സാധിക്കും? വ്യാസദേവന്റെ ആത്മാവും ഈ മാതിരി ദുർബ്ബലമായ ശരീരത്തിന്റെ സംസർഗ്ഗംകൊണ്ട് ഓജസ്സില്ലാത്തതായിട്ട് ഈ കൊടുങ്കാറ്റു സഹിക്കാൻ കഴിയാതെ വികൃതമായിപ്പോയി. അദ്ദേഹത്തിന്റെ ചൈതന്യം തീരെ നശിച്ചുപോയില്ലെങ്കിലും അദ്ദേഹം ഏറ്റവും വിചലിക്കുകയും കേന്ദ്രഭ്രഷ്ടനായിത്തീരുകയും ചെയ്തു.

മരുഭൂമിയിലെ രാജാവും റാണിയും പോയി. അവരുടെ അനുചരന്മാർ ആകാശത്തെ മൂടിക്കൊണ്ടു വന്നുതുടങ്ങി. ബ്രാഹ്മണന്നു തീരെ കണ്ണുകാണാതായി. അദ്ദേഹത്തിന്റെ സ്വന്തശരീരംകൂടി അദ്ദേഹത്തിന്നു കാണാൻ പാടില്ലാതായി. അദ്ദേഹത്തിന്റെ കണ്ണു നിഷ്പ്രയോജനമായിത്തീൎന്നു. അദ്ദേഹത്തിന്റെ ജീവിതകാലം മുഴുവനും ദീർഘമായ ഒരു സ്വപ്നം മാത്രമാണെന്ന് അദ്ദേഹത്തിന്നു തോന്നി.

എപ്പോൾ ബാഹ്യശരീരം കാണാൻ കഴിയാതെ വരുന്നുവോ അപ്പോൾ ആത്മവിസ്മൃതിയും ഉണ്ടാകുന്നു. പിന്നെ എന്താണുള്ളത്? സകലവും നൈരാശ്യത്തിന്റെയും സ്വേച്ഛാചാരിത്വത്തിന്റെയും കളിക്കോപ്പുകൾ മാത്രമാണെന്നു തോന്നിപ്പോകുന്നു. മണൽത്തരികൾ അങ്ങുമിങ്ങും പാറിക്കൊണ്ടിരിക്കുന്നു. ഇവയെല്ലാം ഒരു ദിക്കിൽ കുന്നുപോലെ കൂടുന്നു. ഉടനെതന്നെ ആ കുന്നു ഖണ്ഡംഖണ്ഡമായിപ്പോകുന്നു. അവ ഒരേടത്ത് ഒന്നായിക്കൂടി ഉറച്ചപോലെ കാണപ്പെടുന്നു. വീണ്ടും അവ ഛിന്നഭിന്നമായി വെവ്വേറെയായി കാണാതെയായിത്തീരുന്നു; തപസ്സ്, അദ്ധ്യയനം, ജ്ഞാനസമ്പാദനം, ഇന്ദ്രിയനിഗ്രഹം, കർത്തവ്യസാധനം ഇവയെല്ലാററിന്റെയും മൂലം സത്യത്തിലുള്ള വിശ്വാസമാണ്. 'സത്യം എവിടെ? ഇതു നൈരാശ്യത്തിന്റെയും സ്വേച്ഛാചാരിതയുടേയും രാജ്യമാണല്ലോ. ഇവിടെ വെച്ചു സ്വേച്ഛാചാരിണിയായ രാജ്ഞിയുടെ അനുഗ്രഹം കിട്ടാനായി യത്നംചെയ്താലും. അവൾ ക്ഷിപ്രപ്രസാദിനിയാണ്. അങ്ങേക്ക് എന്താണ് ഇഷ്ടം അതു ചെയ്താലും. കർത്തവ്യാനുഷ്ഠാനത്തെ ഉദ്ദേശിച്ചു കഷ്ടപ്പെട്ടു കുഴങ്ങേണ്ട. ഈ ആവേഗത്തെ മാത്രം അങ്ങു പരിപാലിക്കാതെ കഴിയില്ല'.

മോഹത്തിലകപ്പെട്ട ബ്രാഹ്മണൻ ഈ അശരീരിവാക്കുകൾ കേട്ടു പരിഭ്രമിക്കുകയും ഭയപ്പെടുകയും വ്യസനിക്കുകയും ചെയ്തു. അദ്ദേഹത്തിന്ന് ആത്മഹത്യ ചെയ്വാനുള്ള മോഹം ഉണ്ടായി. 'ഇനി നിസ്സാരമായ ഈ ജീവനെ രക്ഷിച്ചിട്ടു പ്രയോജനമൊന്നുമില്ല.' എന്നിങ്ങിനെ അദ്ദേഹം മനസ്സുകൊണ്ട് ഉറച്ചു. അപ്പോഴക്കും ആരൊ പെട്ടെന്ന് അദ്ദേഹത്തിനെ ബലമായി ആകർഷിച്ച് അദ്ദേഹത്തിനെ അവിടെ നിന്നു പിടിച്ചുവലിച്ചു കൊണ്ടുപോയി.

കുറച്ചു ദൂരം പോയപ്പോൾ അദ്ദേഹത്തിന്റെ മുമ്പിലായി മൂന്നു വിശേഷപ്പെട്ട മാളികകൾ അദ്ദേഹം കണ്ടു. അതിൽ ഒന്നാമത്തേതിന്റെ പേർ രത്നപുരം എന്നാണ്. അദ്ദേഹം അതിന്റെ ഉള്ളിലേയ്ക്കു കടന്നുനോക്കിയപ്പോൾ അതിൽ അനേകം മുറികളുള്ളതായി കണ്ടു. മുറികളെല്ലാം വളരെ പ്രകാശത്തോടുകൂടിയവയും വിശേഷപ്പണികളോടുകൂടിയവയുമായിരുന്നു. ഓരോ മുറികളും ഓരോ വിധത്തിലായിരുന്നു. ഓരോന്നിന്റെ നിറവും ആകൃതിയും ഓരോ വിധത്തിലായിരുന്നു. ചിലതു വെളുത്തു് നാല്കോണാകൃതിയോടുകൂടിയതും ചിലതു നീലനിറത്തിൽ ആറു കോണുകളോടുകൂടിയതും മററു ചിലതു ചുകന്നനിറത്തിൽ എട്ടുകോണുകളോടുകൂടിയതും ആയിരുന്നു. ഇങ്ങിനെ എല്ലാം മുറികളും വ്യത്യസ്തങ്ങളായ നിറത്തോടുകൂടിയവയും ഭിന്നഭിന്നങ്ങളായ ആകൃതികളോടുകൂടിയവയും ആയിരുന്നു. എന്നാൽ ഓരോന്നിന്റെ നിറവും ആകൃതിയും എന്തെങ്കിലുമായിക്കൊള്ളട്ടെ; ഓരോന്നിനേയും നോക്കുമ്പോൾ കാഴ്ചയ്ക്കു അതുതന്നെ എല്ലാററിലും മനോഹരമായി തോന്നപ്പെട്ടു. ഈ മുറികളെല്ലാം ഉണ്ടാക്കിയതു ആരാണെന്നറിയാൻ ബ്രാഹ്മണനു ഔത്സുക്യമുണ്ടായി. ആകർഷണം എന്നും വിപ്രകർഷണം എന്നും പേരുള്ളവരും തീരെ കുരുടന്മാരുമായ ചില ഭൃത്യന്മാരാണ് ഇടവിടാതെ പരിശ്രമിച്ച് ഇതെല്ലാം നിർമ്മിച്ചത് എന്നു ബ്രാഹ്മണനു് അന്വേഷണംകൊണ്ടു മനസ്സിലായി. എന്നാൽ അവരുടെ അടുക്കൽ ചെന്നു ചോദിച്ചപ്പോൾ അവർ ഒരു മറുപടിയും പറഞ്ഞില്ല. അവർ തങ്ങളുടെ ജോലികൾ എടുത്തുകൊണ്ടിരുന്നതേയുള്ളു. അവരുടെ ജോലി വളരെ ഭാരമുള്ളതായിട്ടു് അദ്ദേഹത്തിന്നു തോന്നിയില്ല. ആ പുരിയിലുള്ള ഓരോ മാതിരിയിലുള്ള പദാർത്ഥങ്ങളെ ചിലർ ഒരു ഭാഗത്തുനിന്നു പിടിച്ചുവലിയ്ക്കലും മററു ചിലർ അവയുടെ മറുഭാഗത്തുനിന്നു പിടിച്ചുവലിയ്ക്കയും ചെയ്യുന്നു. ഈ പിടിച്ചുവലികൊണ്ടു മുറികൾ അതാതുദിക്കിൽ കോട്ടംകൂടാതെ ഉണ്ടായിത്തീരുന്നു. ഭൃത്യന്മാരുടെ ഇടയിൽ ഈ മാതിരി സുദൃഢമായ നിയമബന്ധം കണ്ടു് ബ്രാഹ്മണൻ ഏററവും വിസ്മയിച്ചു. അദ്ദേഹം വിസ്മിതനായി എങ്കിലും മൂകന്മാരും അന്ധന്മാരുമായ ഭൃത്യന്മാരുടെ ഇടയിൽ ഈ മാതിരി ഇടവിടാതെയുള്ള പരിശ്രമം കണ്ടിട്ടു് അദ്ദേഹത്തിന്റെ ഉള്ളിൽ സന്തോഷം തോന്നിയില്ല. അദ്ദേഹം ദുഃഖംകൊണ്ടു തപ്തമായ ഹൃദയത്തോടുകൂടി പുറത്തേയ്ക്കിറങ്ങി. 'ഹരിതപുരം' എന്നു പേരായ രണ്ടാമത്തെ മാളിക തന്റെ മുമ്പിൽ കണ്ടിട്ടു് അദ്ദേഹം അതിന്റെ ഉള്ളിൽ പ്രവേശിച്ചു.

'ഹരിതപുരം' മുമ്പുകണ്ട 'രത്നപുര'ത്തേക്കാൾ എത്രയോ വലിയതും വിചിത്രപ്പണിയോടു കൂടിയതും അധികം ശോഭയോടു കൂടിയതും ആണെന്നു ബ്രാഹ്മണനു തോന്നി. ഇതിന്റെ ഉള്ളിലും അനേകം മുറികളുണ്ടായിരുന്നു. അവയുടെ നിറവും നിർമ്മാണരീതിയും പരസ്പരവിഭിന്നങ്ങളായിരുന്നു. ആ മുറികളിലും അനേകം മൂകന്മാരും അന്ധന്മാരുമായ ഭൃത്യന്മാർ ഇടവിടാതെ അവരവക്കു നിയമിച്ചിട്ടുള്ള

ജോലികളിൽ ഏൎപ്പെട്ടുകൊണ്ടിരുന്നു. എന്നാൽ മുമ്പു കണ്ട പുരിയിൽനിന്നു ഇതിന്നു ഒരു വിശേഷമായ വ്യത്യാസം ഉണ്ടായിരുന്നു. അതായതു ഈ പുരിയുടെ പുറത്തുനിന്നു വിശോഷണം എന്നു പേരോടുകൂടിയ ഭൃത്യന്മാർ ഭിന്നപ്രകൃതികളായ ഉപാദാനവസ്തുക്കളെ പുരിയിലേ ഉള്ളിലേക്കു കൊണ്ടുപോകുന്നു. പിന്നെ അകത്തുള്ള വേലക്കാർ ആവക സംഘ്നങ്ങളെക്കൊണ്ടു പലവിധത്തിലായി പണിചെയ്തു പുരിയുടെ ഓരോ ഭാഗങ്ങൾ നിൎമ്മിക്കുന്നു. ഓരോ മുറികളും പതുക്കെപ്പതുക്കെ വലുതായി വരുന്നു.

ആ മാതിരി കൌശലപ്പണികളും പുരിയുടെ ബാഹ്യശോഭയുംകണ്ടിട്ടും ബ്രാഹ്മണന്റെ മനഃക്ഷോഭത്തിന്നു ശമനംവന്നില്ല. ബ്രാഹ്മണൻ വ്യാകുലതയോടും കുണ്ഠിതത്തോടും കൂടി ആ പുരിയിൽനിന്നു പുറത്തേക്കിറങ്ങി. പിന്നെ 'പ്രാണിപുരം' എന്നു പേരായ മൂന്നാമത്തെ മാളികയുടെ ഉള്ളിൽ പ്രവേശിച്ചു. ഇത്ര സമൃദ്ധിയോടുകൂടിയ ഒരു സ്ഥലം അദ്ദേഹം ഇതുവരെ കണ്ടിട്ടില്ലായിരുന്നു. ഇതിന്റെ ഉള്ളിൽ പലവിധത്തിലുള്ള ശില്പയന്ത്രങ്ങൾ തിരിഞ്ഞുകൊണ്ടിരിക്കുന്നു. വിഷയസുഖാനുഭവത്തിന്നുതകുന്ന സകല പദാൎത്ഥങ്ങളും അവിടെ ലോപംകൂടാതെ തയ്യാറാക്കിവെച്ചിട്ടുണ്ടു്. ഏതെല്ലാം വിധത്തിലുള്ള കൌശലപ്പണികളും ചിത്രപ്പണികളുമാണ് അവിടെ നടന്നുകൊണ്ടിരിക്കുന്നത് എന്നതിന്നു കണക്കില്ല. ഇതെല്ലാം ആശ്ചൎയ്യകരമാണെന്നു ബ്രാഹ്മണന്നു തോന്നി. അദ്ദേഹത്തിന്റെ ആശ്ചൎയ്യത്തിന്നു ഈ ഒരു വിശേഷകാരണം ഉണ്ടായിരുന്നു: അവിടെയുള്ള സകല യന്ത്രങ്ങളുടേയും തിരിച്ചൽകൊണ്ടു ഓരോരോ മുറികൾ ഒരു സ്ഥലത്തുനിന്നു മറ്റൊരു സ്ഥലത്തേക്കു എല്ലായ്പോഴും മാറിമാറിക്കൊണ്ടിരുന്നു.

ബ്രാഹ്മണൻ അതിയായ കൌതുഹലത്തോടു കൂടി പുരിയുടെ സൎവ്വോന്നതമായ 'നരപ്രകോഷ്ഠ'ത്തിലേക്കു കയറിച്ചെന്നു. ഈ പ്രകോഷ്ഠം ഏഴു നിലയിലായിരുന്നു. അദ്ദേഹം എല്ലാ നിലയുടേയും മുകളിൽ സ്ഥിതിചെയ്യുന്ന ഏഴാംനിലയിൽ കേറിച്ചെന്നു. ഇവിടെ പ്രകോഷ്ഠത്തിന്റെ സൎവ്വസ്ഥാനങ്ങളിൽനിന്നും കമ്പിവഴിക്കു വൎത്തമാനങ്ങൾ വന്നു ചേരുകയും അവിടെനിന്നു എല്ലാ ദിക്കിലേക്കും കല്പനകൾ പോയ്ക്കൊണ്ടിരിക്കുകയും ചെയ്യുന്നതു ബ്രാഹ്മണൻ കണ്ടു. എന്നാൽ ആരാണ് ഈ വൎത്തമാനങ്ങളെല്ലാം ഗ്രഹിക്കുന്നതെന്നും ആരാണ് കല്പനകൾ കൊടുക്കുന്നതെന്നും അദ്ദേഹത്തിന്നു മനസ്സിലാക്കാൻ കഴിഞ്ഞില്ല. വളരെ സൂക്ഷ്മമായി പരിശോധിച്ചപ്പോൾ സ്മൃതി, ധൃതി, ചിന്ത, മനനം, വിചാരണ മുതലായ ചില സ്ത്രീപുരുഷന്മാരുടെ മഹിമ അദ്ദേഹത്തിന്നു കാണമാറായി. ഇവരെല്ലാവരും തങ്ങൾക്കു നിൎദ്ദേശിച്ച കാൎയ്യങ്ങൾ ബഹു ജാഗ്രതയായി നടത്തുന്നുണ്ടു്. ഒരാൾക്കെങ്കിലും നിമിഷനേരംപോലും വെറുതെ ഇരിക്കാൻ കഴിയുന്നില്ല. ഇവരുടെനേരെ ഒരു കഠിനമായ നിയമം ഏൎപ്പെടുത്തീട്ടുണ്ടെന്നു അദ്ദേഹത്തിന്നു മനസ്സിലായി. ഇവർ മനസ്സിരുത്താതെ സ്വസ്ഥാനം വിട്ടുപോകയോ അല്ലെങ്കിൽ സ്വന്തജോലി വിട്ടു മററുവല്ല

ജോലികളിൽ ഏർപ്പെടുകയോ ചെയ്താൽ അവർക്ക് ഉടനെ മരണശിക്ഷ കിട്ടുന്നു. എന്നാൽ ഇവർക്ക് മരണശിക്ഷ കിട്ടുന്നുണ്ടെങ്കിലും അവർ വീണ്ടും ജീവനോടുകൂടി എഴുന്നീല്ക്കുകയും ചെയ്യുന്നു.

എന്നാൽ ഇവർ ആരുടെ കല്പനയെയാണ് അനുസരിക്കുന്നത്? അതാതു ആളുകൾക്ക് ഓരോ സ്ഥാനം കല്പിച്ചു അവരവർക്ക് ഓരോ ജോലികൾ നിയമിച്ചിരിക്കുന്നത് ആരാണ്? ആരുടെ കല്പന നിമിത്തമാണ് ഇവർക്ക് മരണശിക്ഷ കിട്ടുന്നത്? ഇങ്ങിനെ ആലോചിച്ചുകൊണ്ടിരിക്കുമ്പോൾ പണ്ടു കണ്ടിട്ടില്ലാത്തതും ഏററവും സൌന്ദര്യത്തോടുകൂടിയതുമായ ഒരു സ്ത്രീരൂപം അവരുടെ എടയിൽ ഇടവിടാതെ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതു ബ്രാഹ്മണനു കാണാററായി. ഇവളെ ഒരു നിയമവും ബാധിക്കുന്നില്ല. വല്ല നിയമങ്ങളും ലംഘിച്ചാൽ അതിനു ഇവൾക്ക് ഒരു ശിക്ഷയും കിട്ടുന്നതുമില്ല. ഇവൾ ഏകയാണ്. പൂർണ്ണസ്വാതന്ത്ര്യത്തോടുകൂടിയവളാണ്. എല്ലാററിൻേറയും കർത്തൃഭൂതയാണ്. ഇവൾ വിധാത്രീരൂപേണ അവിടെ സ്ഥിതിചെയ്യുന്നു. ഈ ലാവണ്യവതിയുടെ നേരെ ബ്രാഹ്മണൻ സൂക്ഷിച്ചുനോക്കിത്തുടങ്ങിയപ്പോൾ അദ്ദേഹത്തിൻെറ മനസ്സിൽ അത്ഭുതപൂർവ്വമായ ഒരു ഭാവം ഉദിച്ചുതുടങ്ങി. ഈ സ്വരൂപം ഒരു പരമതേജസ്സിൻെറ ഛായയാണെന്നും അതിൻെറ ഛായയ്ക്കുകൂടി ജ്ഞാനവെളിച്ചം നല്കാൻ കഴിയുന്നതാണെന്നും അദ്ദേഹത്തിന്നു മനസ്സിലായി.

ആ ഉഗ്രതേജസ്സിൻെറ പ്രഭാവം കൊണ്ടാവട്ടെ അല്ലെങ്കിൽ മററുകാരണം കൊണ്ടാവട്ടെ വ്യാസദേവൻെറ ഭ്രമം തീന്നുപോയി. അദ്ദേഹം കണ്ണുമിഴിച്ചു നോക്കിയപ്പോൾ മാർക്കണ്ഡേയമഹർഷി തൻെറ അടുക്കൽ നില്ക്കുന്നതു അദ്ദേഹം കണ്ടു. പൂർണ്ണചന്ദ്രൻ ആകാശത്തിലുദിച്ചുയന്നു ശീതളരശ്മികൾകൊണ്ടു അമൃതുകൊണ്ടെന്നപോലെ അദ്ദേഹത്തിൻെറ ശരീരത്തെ കുളൎപ്പിച്ചു. നാലുഭാഗത്തും വൃക്ഷസമൂഹങ്ങളുടെ ഇളന്തളിരുകൾ ഇളംകാററററു പതപതശബ്ദത്തോടുകൂടി എളകിക്കൊണ്ടിരുന്നു. പക്ഷികൾ ആനന്ദകളരവത്തോടുകൂടി വിശ്രമസുഖത്തെ ആഗ്രഹിച്ചുംകൊണ്ടു തങ്ങളുടെ കൂടുകളിലേക്ക് പറന്നുപോയിരുന്നു. സമീപത്തിലുള്ള മൂന്നുതടാകങ്ങളിലെ നിർമ്മലജലം വക്ഷഃപ്രദേശത്തു ജലജകുസുമഹാരത്തെ ധരിച്ചുകൊണ്ടു ആനന്ദത്തോടുകൂടി തിളുതിളുങ്ങിക്കൊണ്ടിരിക്കുന്നു. ആ മരുഭൂമിയാവട്ടെ സഹിക്കാൻ പാടില്ലാത്ത ചൂടാവട്ടെ ആ അന്ധകാരമാവട്ടെ അവിടെ ഇല്ലാതായി. നൈരാശ്യത്തിൻേറയും തോന്നിവാസത്തിൻേറയും ആധിപത്യം അവിടെ ഉണ്ടായിരുന്നില്ല. ഈ സ്ഥാനം മഹാഐശ്വര്യശാലിയായ ഒരു അധിരാജാവിൻെറ ആരാമമന്ദിരമായിരുന്നു.

മാർക്കണ്ഡേയമഹർഷി ചിരിച്ചുംകൊണ്ടു പറഞ്ഞു. 'സാധോവേദവ്യാസാ! അങ്ങു മാത്രമാണ് പരമപവിത്രമായ പുഷ്കരമഹാതീർത്ഥത്തിൻെറ യഥാർത്ഥമാഹാത്മ്യം അറിയാൻ സാധിച്ചിട്ടുള്ളവൻ. കനിഷ്ഠനും മദ്ധ്യമനും ജ്യേഷ്ഠനുമായ മൂന്നു പുഷ്കരങ്ങൾ അവരുടെ സാക്ഷാൽ സ്വരൂപത്തെ അങ്ങക്കു കാട്ടിത്തന്നിരിക്കുന്നു. ബ്രഹ്മസൃഷ്ടമായ മൂന്നുവിധസൃഷ്ടിയുടെ ര

ഹാസ്യം മുഴുവനും അങ്ങേക്കു മനസ്സിലായിരിക്കുന്നു. അങ്ങ് അച്ഛേദ്യവും അഭേദ്യവും സർവ്വവ്യാപിയുമായ നിയമശൃംഖലയെക്കണ്ടുവല്ലോ. അങ്ങ് ഭയം വ്യസനം സംശയം മുതലായവയെ അതിക്രമിച്ചിരിക്കുന്നു. അഘടിതഘടനാപടീയസിയും ആദ്യയുമായ ഏതൊരു മഹാമായയുടെ പ്രസാദത്താൽ ബ്രഹ്മാവിന്നു ഈ മരുഭൂമിയിൽ ഈ മൂന്നു മഹാതീർത്ഥങ്ങളെ സൃഷ്ടിക്കാൻ കഴിഞ്ഞുവോ ഇഷ്ടാർത്ഥദായിയായ ആ ദേവിയും തന്റെ വിഭൂതികളെ അങ്ങേക്കു കാട്ടിത്തന്ന് അങ്ങയുടെ ഹൃദയത്തിൽ ചിരപ്രതിഷ്ഠിതയായിരിക്കുന്നു. ഭ്രമം പ്രമാദം നാസ്തിക്യം മുതലായ പിശാചുക്കൾക്കു അങ്ങയെ തൊടാൻ സാധിക്കില്ല. സർവ്വസിദ്ധികളും ലഭിക്കുന്ന വഴിയിൽ അങ്ങ് കാലെടുത്തുവെച്ചിരിക്കുന്നു. അങ്ങേക്കു അസാദ്ധ്യമായിട്ടു ഒന്നുംതന്നെ ഇല്ല. അങ്ങേക്കു സ്വയമേവ സൃഷ്ടിചെയ്യാനുള്ള ശക്തിയുണ്ടായിരിക്കുന്നു. നമുക്കു പോക.'

കെ. കുഞ്ഞുണ്ണിനായർ ബി. എ. ബി. എൽ.

# കിരാതം

## അരയന്നപ്പാട്ട് *

(ഒപ്പത്തുവൃത്തം)

അരയന്നമേ! മല്ലേവരികെന്നുടെമുന്നിൽ
അരവിന്ദനാഭനെവണങ്ങിക്കൊൾക.
ദുരിതങ്ങൾനീങ്ങുവാൻഹരിതന്നുടെനല്ല
ചരിതങ്ങൾചൊല്ലുനീവിരവിനോടെ.
മുരവൈരിദേവന്റെസഖിയായിമേവുന്ന
കുരുവീരനായൊരുപുരുഷൻപാർത്ഥൻ
പുരവൈരിയെച്ചെന്നുവിവോടെസേവിച്ചു
ശരമാശുലഭിച്ചോരുചരിതംചൊൽനീ.
അരയന്നമതുനേരമുരചെയ്തുമധുരമായ്
ഹരിസൂനുതന്നുടെചരിതംകേൾപ്പിൻ.
ധൃതരാഷ്ട്രനന്ദനൻചതിയാലെചൂതിങ്കൽ
ഹൃതമാക്കിപാണ്ഡുതൻതനയന്മാരെ
വനവാസംചെയ്യാനങ്ങയച്ചോരനന്തരം
മുനിവേഷംപൂണ്ടൊരുനരവീരന്മാർ
അനന്തമാകുംദ്വൈതവനന്തന്നിലങ്ങി
(നെ
മനന്തന്നിൽമോദേനമരുവുംകാലം
പരിഖേദംപൂണ്ടൊരുവരവാണിപാഞ്ചാ
നരവരനോടേവമുരചെയ്യുന്നു: (ലി
'ഗ്രഹിച്ചുകൊൾകാട്ടുഃഖംസഹിച്ചുകൂടാ
(തായി
സുഖിച്ചുവാണീടുവാൻനാട്ടിലെത്തും
ധനവുംവേണ്ടാതന്റെജനവുംവേണ്ടാ
(ചൊറും
കനവുംവേണ്ടാനിങ്ങൾക്കൊരുനാൾപോ
(ലും
ചതിച്ചുസുയോധനനതിൽചൂടുമില്ലി
(പ്പോൾ
പതിച്ചുപരാധീനംവിപിനംതന്നിൽ
അടിച്ചുതലമുടിപിടിച്ചുവലിച്ചെന്നെ.

* ഒരു പഴയ ഗ്രന്ഥത്തിൽനിന്ന്.

ത്തടിച്ചദുശ്ശാസനൻവലിച്ചപാരം
പഴിച്ചപാദംകൊണ്ടുചവിട്ടിവസനങ്ങ-
ളഴിച്ചസഭതന്നിലിഴച്ചമൂഢൻ
അതുകൊണ്ടുംനിങ്ങൾക്കിന്നഭിമാനമി
(ല്ലേതും
ചതികൊണ്ടുമില്ലൊരുകലുക്കമിപ്പോൾ
എനിക്കിപ്പോളോരോന്നേനിനയ്ക്കുമ്പോ
(ളാതങ്കം
ജനിക്കുന്നഹാകഷ്ടംരമണന്മാരേ!
കിഴിഞ്ഞുകൊണ്ടിങ്ങിനെകഴിഞ്ഞുബഹു
(കാലം
കുഴഞ്ഞുകയ്യുംകാലുംനടക്കമൂലം
കടന്നുമലകളുംനടന്നുപലവഴി
കിടന്നുകരിമ്പാറപ്പുറത്തുതന്നെ
തപസ്സുംചെയ്തിങ്ങിനെവപുസ്സുംകൃശമായി
യശസ്സുംകുറഞ്ഞുപോയ്നിരുപിച്ചാലും
പൊട്ടക്കുന്നനാടെല്ലാമടക്കുന്നവൈരിക
നടക്കുന്നാമെല്ലാമടവിതന്നിൽ (ൾ
ഉടുപ്പാനുമില്ലിങ്ങുകിടപ്പാനുമില്ലെങ്ങും
നടപ്പാനുമിക്കാലംചടപ്പാവുന്നു.
ചതിച്ചോരുവൈരിയെവധിച്ചീടുവാൻ
(നിങ്ങൾ
വിധിച്ചീടുന്നില്ലയോവിരുതന്മാരേ!
വലയുന്നുഞാനെന്റെതലയിലെഴുത്ത
(ല്ലോ
വലയിലകപ്പെട്ടമൃഗിയെപ്പോലെ
കരുത്തന്മാർനിങ്ങളിലൊരുത്തൻനിരു
(പിച്ചാൽ
വരുത്താൻതടവില്ലാപദവിയെല്ലാം
നഗരങ്ങൾനാടുകളഖിലമുപേക്ഷിച്ചു
വിപിനേവസിക്കുന്നവിരുതന്മാരേ! (ൾ
തടിച്ചഗദകൊണ്ടൊന്നടിച്ചാലരാതിക
ളടിച്ചനടിപ്പെല്ലാമടങ്ങിപ്പോകും
അതിനുവൃകോദരൻമതിരുന്നതില്ലയോ
ഗതിയെന്തിനിക്കെന്റെരമണന്മാരേ!'

II

പാഞ്ചാലിതന്നുടെവാക്യം-കേട്ടു
പരിചോടുകോപിച്ചഭീമൻ
ചാഞ്ചല്യംകൂടാതെചൊന്നാൻ-ആശു
'ചതിക്കില്ലെടോഭീമസേനൻ
വൈരികളെക്കൊലചെയ്വാൻ-ഇപ്പോൾ
വളരെയുണ്ടാശനമുക്കും
ആര്യന്റെശാസനയില്ലാ-ഞ്ഞിപ്പോൾ
അടങ്ങുന്നുഞാനിത്രകാലം
ദുര്യോധനാദികൾനൂറും-പിന്നെ
ദുരഭിമാനംപരമേറും
കർണ്ണനുംഗാന്ധാരരാജൻ-താനും
കലഹത്തിനെത്തുന്നനേരം
ഇന്നുതന്നേഗദകൊണ്ടു-ചെന്നു
ഇടിപൊടിയാക്കുമിബ്ഭീമൻ
കണ്ടാലുംദ്രൗപദിചാലേ-മമ
കരബലമപ്പൊടിദാനീം
പണ്ടാരുംചെയ്യാത്തവണ്ണം-ചില
പടുതകൾകാട്ടുമിബ്ഭീമൻ
എട്ടുദിവസത്തിൻമുമ്പേ-കേൾക്കാം
എതിർപ്പടതന്നുടെനാശം
ഒട്ടുംക്ഷമയില്ലിനിക്കേ-നോക്ക്
ഒരുവനെശ്ശങ്കയുമില്ല
എങ്കിൽഞാൻപോകുന്നുബാലേ!-കാര്യം
എളുതായിസ്സാധിച്ചീടുന്നേൻ
പങ്കജലോചനേദേവീ!-നിന്റെ
പരിഭവമിന്നിഹതീർക്കാം.'
അങ്ങിനെഭാവിച്ചനേരം-മെല്ലേ
അരുൾചെയ്തുധർമ്മതനൂജൻ:
'ഇങ്ങുവാനീഭീമസേനാ-ഉണ്ണീ!
ഇതിനുള്ളകാലമല്ലിപ്പോൾ
സാഹസമൊന്നിനുമാകാ-ഭീമാ-
സമയംകഴിവോളംപാർക്ക
കാനനവാസംകഴിഞ്ഞാൽ-പിന്നെ

കരബലമൊക്കവേകാട്ടാം
ഊനമുണ്ടിങ്ങിനെചെയ്താൽ–ഇപ്പോൾ
ഉചിതമല്ലെന്നുവരുംകേൾ
ധൎമ്മംപിഴയ്ക്കരുതല്ലോ–ഭീമ
ധരണീപതിക്കുവിശേഷാൽ
മൎമ്മമറിയാത്തപാപ്പാ–നുണ്ടോ?
മദഗജംപാട്ടിൽവരുന്നു?
വല്ലതുമൊന്നിഹചെയ്താൽ–ഉടൻ
വരുമതുകൊണ്ടൊരുദോഷം
നാലഞ്ചുമാസംസഹിച്ചീ–ടുക
നലമൊടേസോദരവീരാ!
കാലമടുക്കുന്നനേരം–ഞാനും
കഥിക്കുന്നതുണ്ടേടോഭീമാ!
വല്ലാതെചെന്നുതുടൎന്നാൽ–അതു
വരികയില്ലെന്നല്ലാമേലിൽ
ഇല്ലാത്തദുഷ്കീൎത്തിയുണ്ടാം–ആശു
നിരൂപിക്കനീഭീമസേനാ!'
ആൎയ്യന്റെശാസനകേട്ടു–ഭീമൻ
അനുവാദത്തോടെവസിച്ചു
വീൎയ്യവാന്മാൎക്കവിവേകം–വേണം
വിജയമതിന്നനുകൂലം.
വേദവ്യാസമുനിതാനും–അപ്പോൾ
വിരവോടേകാണായിമുന്നിൽ
ആദരവോടരുൾചെയ്തു–മുനി
അറിയേണംപാണ്ഡവന്മാരേ!
വൈരികളെക്കൊലചെയ്വാൻ–പാരം
വിഷമമതോൎത്തീടവേണം
ഗൌരീശന്റെകൃപയല്ലാ–തൊരു
ഗതിയില്ലെടോപാൎത്ഥന്മാരേ!
പാശുപതാസ്ത്രംലഭിപ്പാ–നായി
പരിചോടേപോകേണംപാൎത്ഥൻ
ആശുതപംചെയ്തുകൊണ്ടാൽ–ഇപ്പോൾ
അതുവരുവാൻദണ്ഡമില്ല
ഇങ്ങിനെമാമുനിശ്രേഷ്ഠൻ–വ്യാസൻ
ഹിതമരുൾചെയ്തുമറഞ്ഞു
ഭംഗിയോടെസവ്യസാചി–താനും
ഭഗവാനെസ്സേവിപ്പാനായി
വില്ലുംശരവുമെടുത്തു–മെല്ലെ
വിരവോടെയാത്രയുംചൊല്ലി.
വില്ലാളിവീരൻനടന്നു–ചെന്നു
വിജനപ്രദേശത്തിരുന്നു
കാലേകുളിച്ചുജപിച്ചു–തന്റെ
കരളിലുറപ്പിച്ചുരൂപം
ഫാലേവിളങ്ങുന്നനേത്രം–പിന്നെ
ഫണിഗണഭൂഷിതഗാത്രം
അമ്പിളിതുമ്പയുമെല്ലാം–ചേരും
അഴകിനചെഞ്ചിടാഭാരം
മാനുംമഴുവുംകരാഗ്രം–തന്നിൽ
മദകരിചൎമ്മദുകൂലം
മാനസമോഹനരൂപം–തന്റെ
മനസ്സിലുറപ്പിച്ചുപാൎത്ഥൻ
പഞ്ചാഗ്നിമദ്ധ്യേവസിച്ചു–കൊണ്ടു
പരമേശനെസ്സേവചെയ്തു
അഞ്ചാറുവത്സരമേവം–തന്നെ
അലസാതെവാണിതുപാൎത്ഥൻ.

III

ശങ്കപൂണ്ടുവാണീടുന്ന
ശതമഖന്റെശാസനത്താൽ
പങ്കജാക്ഷിമാരെല്ലാരും
പരിചിനൊടുപാൎത്ഥൻതന്റെ
മാനസമിളക്കുവാനായ്
മദനകേളിമേളത്തോടെ
കാനനാന്തേപോന്നുവന്നു
കളി തുടങ്ങിഭംഗിയോടെ
പാടിതോടികല്യാണിയും
പരിചിനോടെപാടിയാടി
മോടികൂട്ടിമേളത്തോടെ
മുരളിവീണാനാദംതൂകി

മന്ദഹാസംപൂണ്ടുനല്ല
മധുരവാക്യംചൊല്ലിക്കൊണ്ടു
സുന്ദരവരികപാത്ഥ!
സുരതകേളിയാടീടുവാൻ
സുന്ദരിമാരാകുംഞങ്ങൾ
സുഭഗ!നിന്നെക്കാംക്ഷിക്കുന്നു
കന്ദരേവന്നാലുംവീര
കളികൾകണ്ടുകൊണ്ടാലുംനീ
ചന്ദനംപനിനീർനല്ല
ചടുലമാലാസൌരഭ്യങ്ങൾ
മന്ദവാതംവെണ്ണിലാവും
മദനകേളിക്കനുകൂലം
ഇന്ദുചൂഡസേവകൊണ്ടു
ഇനിവരേണ്ടതെന്തുപാത്ഥ
ഇന്ദുമുഖിമാരോടുള്ള
ഹിതസംഭോഗമല്ലോനല്ലു
ഉൗണ്ഠാക്കമുപേക്ഷിച്ചു
ഉരിയാടാതെഖേദിയാതെ
കാണിനേരംപോലുംനല്ല
കമനിമാരെലാളിച്ചാലും
മങ്കമാർമൌലിമാരുടെ
മനസിമോഹമേറീടുന്നു
കൊങ്കപുണർന്നാലുംവന്നു
കൊടുസന്താപംതീർത്താലുംനീ
കണ്മിഴിച്ചുകണ്ടാലുംനീ
കളമൊഴിമാരുടെരൂപം
മന്മഥൻറബാണമേറു
മയങ്ങീടുന്നുഞങ്ങളെല്ലാം
നിന്മനമിളക്കാൻവന്ന
നിലിമ്പനാരിമാക്കെല്ലാക്കും
മന്മഥാത്തിപെരുകുന്നു
മദനരൂപാനിൻറമൂലം
എന്നിവണ്ണമോരോവാക്യം
പറയുന്നോരുനാരിമാരെ
കണ്ണുപോലുംനോക്കീടാതെ
ഉറച്ചുനിന്നുസവ്യസാചി.
മന്ദഭാവംപൂണ്ടുകൊണ്ടു
മടങ്ങിപ്പോന്നുനാരിമാരും.

IV

വീരനാകുംപാണ്ഡവൻറ
ഘോരമാകുംതപംകൊണ്ടു
പാരമല്ലൽപിടിപെട്ടുപാരിടംതന്നിൽ.
ചൂടുകൊണ്ടുപൊറുക്കാഞ്ഞു
പാടുപെട്ടുപലർകൂടി-
ച്ചാടിയോടിപ്പുറപ്പെട്ടാരീശനെക്കാണ്മാൻ
ഇന്ദ്രനാദിസുരന്മാരും
ചന്ദ്രസൂയ്യാദികൾതാനും
ചന്ദ്രചൂഡാലയംപുക്കുവന്ദനംചെയ്തു.
തുമ്പമാലയണിയുന്ന
തമ്പുരാനേനമസ്കാരം
വമ്പനായകിരീടിക്കുവരംനൽകേണം.
നാഗലോകംഭൂമിലോകം
നാകലോകമിവമൂന്നു
മാകുലമായിതുപാരംമാരഹന്താവേ!
അന്യൂമാശ്ശുകൊടുക്കാഞ്ഞാ-
ലന്യൂമിക്കുമുലകെല്ലാം (ൾ.
വിസ്മരിച്ചങ്ങറിയിപ്പാൻനേരമില്ലിപ്പോൾ
ഇത്തരംദേവകളെല്ലാം
സത്വരമങ്ങുണത്തിച്ചു,
ഉത്തരമൊന്നരുളീലാകൃത്തിവാസാവും.
ഇന്ദ്രനാദിസുരന്മാരും
പോന്നുമെല്ലെപ്പുറംവാങ്ങി-
കുന്നിൻമാതുതന്നെച്ചെന്നുവന്ദനചെയ്തു.
അജ്ജുനൻറനിയമംകൊ-
ണ്ടിജ്ജനങ്ങൾതരംകെട്ടു
നിജ്ജരന്മാരുടെകൂട്ടംനശിക്കുമാറായ്.
അംബുമൂത്തിക്കിതുകൊണ്ടു
കുട്ടമില്ലാമഹാദേവി!

കേട്ടതിന്നുത്തരംപോലുമരുളുന്നില്ലാ.
നിന്തിരുകൺമുനകൊണ്ടു
ചന്തമോടെകടാക്ഷിച്ചാൽ
തന്തിരുവുള്ളമുണ്ടാകാമെങ്കിലേയുള്ളു.
എന്നിവകേട്ടുനേരം
കുന്നിൽമാതുംപുറപ്പെട്ടു
ചെന്നുകണ്ടുണർത്തിച്ചവല്ലഭനോടായ്.
എത്രനാളുണ്ടഹോപാർത്ഥ-
നത്രവന്നുഭജിക്കുന്നു! (നീ.
അന്നുമെന്തേകൊടുക്കാഞ്ഞുവിശ്വനാഥ
വേലുകൊണ്ടുംതിന്നുകൊണ്ടും
തോലുചുക്കിച്ചുളിഞ്ഞല്ലോ
കോലുപോലെമെലിഞ്ഞല്ലോനമ്മുടെ
(പാർത്ഥൻ.
പട്ടിണികാരണംപാർത്ഥൻ
പെട്ടപോകുന്നുതിൻമുമ്പേ
ഒട്ടുമേതാമസിയാതെവരംനൽകേണം.
മട്ടലർബാണനെക്കണ്ണിൽ
ച്ചുട്ടെരിച്ചഭഗവാനേ! (ൽ.
കഷ്ടമെന്നുവരുമല്ലോവരംനൽകാഞ്ഞാ
മന്ദഹാസാമൃതംപൂണ്ടു
ചന്ദ്രചൂഡനരുൾചെയ്തു
സുന്ദരാംഗി!നിനക്കെന്തുസംഭ്രമമിപ്പോൾ
പാകവൈരിസുതനുള്ളിൽ-
പ്പാകമൊട്ടുംഭവിച്ചില്ല
ലോകവീരനഹമെന്നുഭാവമുണ്ടിപ്പോൾ.
കോലുപോലെമെലിഞ്ഞോരു
കോമളാംഗൻകയക്കുമ്പോൾ (ള്ളേണം.
കാലനുംപേടിയുണ്ടാമെന്നോർത്തുകൊ
തോലുചുക്കിച്ചുളിഞ്ഞാലും
തോലിയുണ്ടെന്നറിയുമ്പോൾ
വാലുതൊട്ടപുലിപോലെപാഞ്ഞടുത്തീടും.
കൊണ്ടൽവേണി!നിനക്കെല്ലാം
കണ്ടറിയാറായ്വരുമിപ്പോൾ
രണ്ടുനാലുദിവസത്തിലകത്തുതന്നെ.
ഖാണ്ഡവത്തെദ്ദഹിപ്പിച്ചോരു
പാണ്ഡവൻനമ്മുടെനേരെ
ഗാണ്ഡീവത്തെക്കുലച്ചുകൊണ്ടടുക്കുന്നേരം
പേടമാന്മിഴിയാളേ!നീ
പേടിപൂണ്ടുവിറച്ചീട-
മാടലുണ്ടായ്വരുമുള്ളിലവനെക്കണ്ടാൽ.
വേടവേഷംധരിച്ചുഞാൻ
വേട്ടയാടിയവൻമുമ്പിൽ
വേഗമോടെഗമിക്കുന്നേൻകുന്നിൻമകളേ!
വില്ലുകൊണ്ടുഞ്ഞവനോട
തല്ലുകൊൾവാനൊരുമ്പെട്ടു (നീ
ചെല്ലുവാൻഞാൻതുടങ്ങുന്നുവല്ലഭേ!കേൾ
വേടനാരീശരീരത്തെ-
ക്കൂടവേനീധരിക്കേണം (ൽ.
കാട്ടുതന്നിൽക്കേളിയാടിനടക്കാമെന്നാ
കുന്നേപെല്ലംമൂലത്തിൽ
കുന്നിമാലയണിഞ്ഞാലും
കുന്നിന്മാതേ!നിനക്കേതുംകുസലുംവേണ്ടാ.
നീലവർണ്ണംകലർന്നോരു
ചേലകൊണ്ടുടുത്താലും (ല്ലോ.
നീലിയെന്നുള്ളപേർപണ്ടേനിനക്കുണ്ട
കൊട്ടയുംനല്ലൊരുകോലും
കൊണ്ടുപിമ്പേനടന്നാലും
വേട്ടയാട്ടുന്നതുകണ്ടുവിനോദിച്ചാലും.
ഇത്ഥമോരോന്നരുൾചെയ്തു
മൃത്യവൈരിവിരവോടെ
മത്തനാകുംകിരാതൻെറശരീരംപൂണ്ടു.
താടിയുംമോടിയുംമീശ-
ക്കൊമ്പുമമ്പുമൊരുവില്ലും
പേടിയാകുംകിരാതൻെറശരീരംകണ്ടാൽ
നീലവസ്ത്രംകടിഭാഗേ
പീലിമാലാമുടിഭാഗേ
നാലുഭാഗേനിറഞ്ഞുള്ളകിരാതന്മാരും.

ഗളത്തിൽച്ചങ്ങലകെട്ടി
വെള്ളത്തനാസ്സളമായി-
ക്കളിച്ചുപവ്വതേവന്നിങ്ങിറങ്ങിനാഥൻ.
വേടനാരീശരീരത്ത-
ക്കേടകന്നുധരിച്ചോരു
പേടമാൻകണ്ണിയാളാകുംപാവ്വതിയോടും
കാട്ടിലോരോമരത്തിന്റെ
മൂട്ടിലെല്ലാംവലകെട്ടി
വേട്ടയാടിനടകൊണ്ടുവേടരാജാവും
പന്നിമാനുംകരടിയും
കുന്നിനൊത്തകരികളു-
മെന്നിവറെറക്കൊലചെയ്തുനടക്കുന്നേരം
മൂകനെന്നൊരുമൂഢൻ
ലോകവൈരിമഹാദൈത്യൻ
വേഗമോടേപന്നിവേഷംധരിച്ചുകൊണ്ട്
പാത്ഥനെക്കൊല്ലുവാനായി-
പ്പാഞ്ഞടുക്കുന്നതുനാഥൻ
പാത്തുകണ്ടങ്ങൊരുശരമയച്ചുവേഗാൽ.
അജ്ജുനനുമതുനേര-
മസ്ത്രമൊന്നുപ്രയോഗിച്ചു (വാൻ-
ഗജ്ജനംചെയ്തടുക്കുന്നപന്നിയെക്കൊൽ
രണ്ടുബാണമൊരുമിച്ചു
കൊണ്ടുപന്നിത്തടിയനും
രണ്ടുകീറായ്മുരിച്ചങ്ങുമറിഞ്ഞുവീണാൻ
അജ്ജുനന്റെശരംചെന്ന-
ങ്ങാശുവേടൻകസ്തുലാക്കി (ഠ.
ഗജ്ജനംചെയ്തരചെയ്തുപാത്ഥനുമപ്പോ

# കവളപ്പാറെ ഗ്രന്ഥവരി

(തുടച്ച്)

സ്ഥാനങ്ങൾ:— മൂകശ്ശര് ദേശത്ത് ഒം നായരും അവിടെത്തന്നെ ചിററഴി പാറക്കാട്ടുദേശത്തു ചിററഴി അപ്പുറം പാറസ്സാട്ട് ഒരു വീടും ഉണ്ട്. അവിടെ കുലിചേവുകക്കാരേ ഉള്ളു; മറെറാന്നുമില്ല. കൊച്ചിശ്ശീമയിൽ കൊണ്ടയൂരു ദേശത്ത് എട്ടു തറവാട്ടുകാരും, ആ ശീമയിൽ തന്നെ വരവൂര പുലക്കാട്ടുകൂടി എട്ടു തറവാട്ടുകാരും, കിഴക്കെ അയിരനാട്ടിൽ ഇരിങ്ങററൂരുദേശത്ത് എട്ടു തറവാട്ടുകാരും കവളപ്പാറെ ഒന്നു കുറെ ആയിരത്തിലേയ്ക്കു ചേന്നതാകുന്നു. നമ്മുടെ നാട്ടിൽ താമൂതിപ്പാട് തമ്പുരാന്റെ ചേരിക്കല്ലിന്മേലേക്കു ജന്മം വാങ്ങിയ ഉഭയം ഉണ്ട്. കിഴക്കേ കോവിലകത്തേക്കും ജന്മം ഉണ്ട്. പെരുമ്പടപ്പുരാജ്യത്തും തൃരുനാട്ടിലേക്കും വള്ളുവനാട്ടുകരക്കും എഴുന്നള്ളിയിരിക്കുന്നേടത്തേക്കു ചെല്ലണം. മററു നാടുവാഴികളുടെ അടുക്കലേക്കു ചെല്ലുകയില്ല. (ഈ നാട്ടിൽ ഒരുത്തനെ കൊല്ലേണമെങ്കിൽ നാം കല്പിച്ചു കൊല്ലും. നമ്മുടെ ഭവനത്തിൽ മത്സ്യമാംസം മയ്യാദയില്ല. ചങ്ങാതക്കാൎക്ക് അനുഭവം കൊടുത്തിരിക്കുന്നതിന്റെയും ചങ്ങാതം വരേണ്ടതിന്റെയും വിവരം നഭാവു വന്നതിന്റെ ശേഷം ഒന്നും കിട്ടീട്ടില്ല. ചങ്ങാതം നെല്ല് ഇന്നപ്പോൾ വെച്ചു എ,ന്നും ഇന്നപ്രകാരം എന്നും ഉള്ള ഗ്രന്ഥവരി പോയി.)

തിരുവില്വാമലെ ക്ഷേത്രത്തിങ്കൽ അക കോയ്മസ്ഥാനം ഉണ്ട്. അയിതാമല്ലീഖാൻ വന്നിട്ടും. നമ്മുടെയും നാട്ടുകാരുടെയും കയ്യായിട്ട നാട്ടിലെ നികുതിപ്പണം വാങ്ങുകയും ഈ നാട്ട വേറെ ഒരു താലൂക്കാക്കി പണം അടയ്ക്കയും നികുതിപ്പണം കഴിച്ച നമ്മുടെ അവകാശങ്ങൾ മുടങ്ങാതെ നടന്നുപോരികയും ചെയ്തുവന്നിരിക്കുന്നു. കമ്പനിസ്സർക്കാരിൽനിന്നും ആയതിൽപ്പിന്നെ നമ്മുടെ മര്യാദപോലെതന്നെ ഈ കരാറും എഴുതിക്കൊടുത്തിട്ടുള്ള നികുതിയുടെ പത്തിന്നു രണ്ടു നമുക്കു കല്പിച്ചുവെച്ചു. നമുക്കു പാലക്കാട്ടുശ്ശേരി രാജ്യത്ത് തെമ്മലപ്പുറത്തു താഴക്കോട്ടുനാട്ടിൽ കാഞ്ഞൂരേൽ പടനായര് എന്നൊരു സ്ഥാനവും കൂടെ ഉണ്ട്. ആ സ്ഥാനത്ത് ആളില്ലായ്കകൊണ്ട് നാം ദത്തുപോയിരിക്കുന്നു. അത് ഏകദേശം അഞ്ചു പുരുഷാന്തരം മുമ്പെ നൂററിമുപ്പതു സംവത്സരം ആയിരിക്കും. അവിടെ 'കാഞ്ഞൂരേലുടയ കുമരൻ രാമൻ' എന്നു പേര്. തെന്മലപ്പുറം മൂവ്വായിരം നായരും വടമലപ്പുറം രണ്ടായിരം നായരുംകൂടി കർത്താവ് ആകുന്നു. രക്ഷ ശിക്ഷ അങ്കം ചുങ്കം വാളും കയറും മുതലായ സ്ഥാനങ്ങൾ ഒക്കയും ഉണ്ട്. താഴക്കോട്ടുനാട് ആറുദേശം അഞ്ഞൂറുനായര് പ്രത്യേകംതന്നെയാകുന്നു. ആളുകളെക്കൊണ്ട് സ്വത്രുപത്തിങ്കലേക്ക് ഉള്ള വേലയും ഉണ്ട്. അതോടുകൂടെ 'ചൃണ്ടിലെ' എന്ന സ്ഥാനവും ഉണ്ട്. തത്രുരുനാട്ടിൽ ചേന്ന പഴമ്പാലക്കോട്ടു മൂത്തനായര് എന്ന ഒരു സ്ഥാനവും ഉണ്ട്. ആയതിന്റെ സംഗതി ആ സ്ഥാനത്ത് ഒരാൾ തന്നെ ആകകൊണ്ടും ഇവിടെ നമ്മുടെ വഴിയിൽ ഒരു സ്ത്രീയോടുകൂടി സംസർഗ്ഗം ഉണ്ടാകകൊണ്ടും അവിടേക്കു ദത്തായിരിക്ക ആകുന്നത്. അത്തും ൧൩൨൦-ലകം സംവത്സരം ആയിരിക്കും. ഒരു ദേശവും ദേശാധിപത്യവും രക്ഷാശിക്ഷകൾ മുതലായ സ്ഥാനങ്ങളൊക്കയും അമ്പതു നായരും ഉണ്ട്. കുമരൻ രാമൻ എന്നു പേര്. കാവശ്ശേരി ചൃണ്ടിൽ അച്ഛൻ എന്ന ഒരു സ്ഥാനവും ഉണ്ട്. കോയ്മസ്ഥാനം മുതലായ സ്ഥാനങ്ങളും ൨൦൦ നായരും ഉണ്ട്. കോതകുമരൻ എന്നു പേര്. കാട്ടുശ്ശേരി ദേശത്തു കറുത്തില്ലത്തു കയ്മള് എന്ന സ്ഥാനം. തൃക്കണായക്ഷേത്രം സങ്കേതമായിട്ടുള്ള ദേശാധിപത്യവും കോയ്മസ്ഥാനം മുതലായിട്ടുള്ള സ്ഥാനങ്ങളും ൭൦ നായരും ഉണ്ട്. ഇട്ടുണ്ണികുമരൻ എന്നു പേര്. ഈ സ്ഥാനം വന്നതു പെരുമ്പടപ്പിൽ സ്വത്രുപത്തിങ്കൽ വലിയ തമ്പുരാന്റെ സംബന്ധമായിട്ടുള്ളതാകകൊണ്ട് ആയതൊക്കയും എന്നേക്കും അനുഭവിച്ചുകൊള്ളുവാൻ 935-ാമതിൽ കല്പിച്ച തീട്ടൂരം തന്നു നടന്നുപോരികയാകുന്നു. തെന്നിലാപുരത്തു പന്നിത്തിരുത്തി എന്ന സ്ഥാനവുമുണ്ട്. കുന്നേക്കാട്ടു ഭഗവതിയുടെ സങ്കേതമായിട്ടുള്ള ദേശാധിപത്യവും കോയ്മസ്ഥാനം മുതലായിട്ടുള്ള സ്ഥാനങ്ങളും ൭൦ നായരും ഉണ്ട്. ആ സ്ഥാനവും വലിയ തമ്പുരാൻ കല്പിച്ച് 935-ാമതിൽ തീട്ടൂരം തന്നതാകുന്നു. ഇട്ടുണ്ണികുമരൻ എന്നു പേര്. കൊച്ചിശ്ശീമയിൽ മെതുകര ദേശത്ത് അയ്യഴിപ്പടനായര് എന്നൊരു സ്ഥാനവും ഉണ്ട്. അവിടേക്ക് ൨൨൦ കൊല്ലം മുമ്പെ ദത്തുപോയി

രിക്കകയാകുന്നു. ചാത്തൻ രാമൻ എന്നു പേര്. കിള്ളിമംഗലം പങ്കുളം മായന്നൂര മൂന്നുതറ മുന്നൂറു നായരും നാട്ടവാഴി സ്ഥാനത്തിന്നുള്ള കോയ്മസ്ഥാനവും ഉണ്ട്. ടി. ശീമയിൽ പുലാക്കോട്ട വടക്കുംനമ്പിടി എന്നൊരു സ്ഥാനവും ഉണ്ട്. അതും ഒത്ത്. ചേലക്കര വെങ്ങാനെല്ലൂര ചേലക്കോട്ട മൂന്നുതറ 200 നായരും കോയ്മസ്ഥാനവും ഉണ്ട്. കണ്ടൻ രാമൻ എന്നു പേര്. മേലെഴുതിയ ഏഴ സ്ഥാനങ്ങളിലും കൃഷിയും ഉല്പത്തിയും പറമ്പും കുടിയാന്മാർക്ക് ആക്കിയതും ഉണ്ട്. ഈ സ്ഥാനങ്ങളിൽ, നാട്ടവാഴിസ്ഥാനങ്ങളിൽ തണ്ടേറുകയും, കാഞ്ഞൂന്മേൽ പടനായരുടെ സ്ഥാനത്തിന്നു തരുവയൂര സ്വരൂപത്തിങ്കൽ വലിയ തമ്പുരാന്റെ അരിയിട്ടുവാഴ്ചക്ക വലിയ തമ്പുരാൻ തണ്ടേറുമ്പോൾ തെന്മല വടമല അയ്യായിരം നായരേയും അകമ്പടിക്കെത്തിച്ച് അകമ്പടിത്തണ്ടായിട്ട നാം തമ്പുരാന്റെ മുമ്പിൽ തണ്ടേറുകയും വേണം. തമ്പുരാനെ കാഴ്ചയും ഇങ്ങോട്ട് അവകാശങ്ങളും ഉണ്ട്. അയ്യഴിപ്പടനായരുടേയും വടക്കുംനമ്പിടിയുടേയും സ്ഥാനത്തിന്നു പെരുമ്പടപ്പ സ്വരൂപത്തിങ്കൽ എത്തുകയും കാഴ്ചയും ഉണ്ട്. അടമക്കാട്ട സ്വരൂപം ങ്കാരക്കാട്ട കുമരൻ രാമൻ എന്നു പേര്. ഇരവികുമരൻ എന്നുമുണ്ട്. പന്തിരുകുലം വംശം, വെള്ളാളൻ ജാതി. രാമരാജാവിനെ തിരുമനസ്സറിയിപ്പാൻ എന്നും ഇവിടത്തെ അവസ്ഥയാവിത് എന്നും എഴുതണം. കൊച്ചി രാജാവിന് അമ്പാടിമേനോൻ വായിച്ചു തിരുമനസ്സറിവിക്കേണ്ടും അവസ്ഥ എന്നെഴുതണം. വള്ളുവക്കോനാതിരിക്ക തമ്പുരാനെ ഉണർത്തിപ്പാൻ എന്നെഴുതണം. തരുവയൂര സ്വരൂപത്തിങ്കൽ വലിയ തമ്പുരാനെ കുറുപ്പിലേറുവാൻ എന്നെഴുതണം. കുതിരവട്ടത്തു നായരെ ബോധിപ്പിപ്പാൻ എന്നെഴുതും (അന്ന്) .... ആയുധങ്ങൾ വാള്പരിച തോക്ക കുന്തം പത്തിവാള്.

ചില ചരിത്രശകലങ്ങൾ:— തിരുമമ്പിന്റെ സംഗതിയായിട്ട നെടിയിരുപ്പ കൊല്ലം 861-ാമതു എടവഞ്ഞാററിൽ വലുതായിട്ടൊരു പടവന്നു. അതിന്നു നമുക്ക് ആറങ്ങോട്ടർ സ്വരൂപവും പെരുമ്പടപ്പ സ്വരൂപവും ഇങ്ങുന്നം കൂടി തടുത്തു. അതിന്റെ ശേഷം പിമ്പ് 862-ാമതു ചിങ്ങഞാറ് 17-ാംനു- ഓണം അവിട്ടത്തുന്നാൾ മൊഴിവലത്തു പടവന്നു. അന്ന് അവക്ക് അനേകം അപായമുണ്ടായി. തോക്ക മുതലായുള്ള അനേകം ആയുധങ്ങളും ഇട്ടേച്ചുപോയി. 982-ാമതു കക്കടകഞാററിൽ തേഞ്ചേരി നമ്പൂതിരി പടവന്നു നാട്ട ചുട്ടാറെ നരാവുവിനെ കണ്ട് അയിരിലനാട്ടൻ വെങ്കിട്ടരായരും കുതിരബലവും കൊണ്ടുവന്നു നീക്കി. 935-ാമതിൽ പൊന്നാന വാഴ്ചൽ തലശ്ശന്നവരും പത്തായപ്പുരക്കൽ പാട്ടമാളിയും ഉണ്ണിരാരിച്ചൻ എറാടിയും പടയും വന്ന് ആറാളെ വെട്ടിക്കൊന്നു. 950-ാമതു മകരമാസം 5-ാംനു- പെരുമ്പടപ്പ സ്വരൂപത്തിങ്കൽനിന്ന് ഇട്ടിക്കോമ്പി അച്ചനെ പുതുക്കോട്ടനിന്നു പിടിച്ച് കോട്ടയിൽ കിലേദാരവകൽ കൊടുത്തു. 955-ാമതു വരെയ്ക്കു ചൊക്കനാഥപുരത്തു കോട്ടയിൽ പാപ്പിച്ച് കന്നി 2-ാംനു- ശ്രീരംഗപട്ടണത്തേയ്ക്കു കൊണ്ടുപോകയും

ചെയ്തു. 'ധീയാബ്ലിസ്സത്ര്വന്ദ്യഃ' എന്ന കലികൊല്ലം 993-ാമതു പരദേശിരായരു വന്നു രാജ്യത്തു ക്ഷേത്രം മുതലായതൊക്കയും ചുട്ടഴിക്കയും ചെയ്തു. രണ്ടാമതു രാമപ്പയ്യൻ ദേവപ്പയ്യനും കുതിരബലത്തോടുകൂടി വന്നാക്രമിച്ചാറെ ആയവരെ വെട്ടി നീക്കേണ്ടതിന്നു പെരുമ്പടപ്പുസ്വരൂപത്തേയും നെടിയിരുപ്പു സ്വരൂപത്തെയും ആറങ്ങൂട്ടർ സ്വരൂപത്തെയും അറിയിച്ച് പടയോടുംകൂടി എത്തിച്ച് പരദേശിയെ വെട്ടിനീക്കി ആളും ആയുധത്തോടുകൂടി പാർക്കേണ്ടതിന്നു കിഴക്കന്തല നാലുദേശം 500 നായരേയും കുടകരനാട്ടിൽ പൊത്തുമട്ടിപ്പാറക്കു വടക്കോട്ടുള്ള നാടും 500 നായരേയും രക്ഷക്കായിട്ടു പെരുമ്പടപ്പു സ്വരൂപത്തിങ്കലേക്കു കൊടുത്തിരിക്കുന്നു. വടക്കങ്കര തേങ്കുറുശ്ശി വിളയഞ്ചാത്തനൂരു കൈനില്ല 1000 നായരേയും രക്ഷക്കായിട്ട് നെടിയിരുപ്പു സ്വരൂപത്തിങ്കലേക്കു കൊടുത്തിരിക്കുന്നു. കുത്തനൂർ കുഴൽമന്ദ കനിശ്ശീരിയും കൂടി 1000 നായരേയും, ആറങ്ങോട്ടൂർ സ്വരൂപത്തിങ്കലക്കു കൊടുത്തതു വെട്ടിയടക്കവാൻ നെടിയിരുപ്പു സ്വരൂപത്തിങ്കന്നു വന്ന സംഗതിക്കത്രെ അംബത്താൻകോട്ടയിൽനിന്നു വെടിയുണ്ടായത്. തരുവയ്യൂര സ്വരൂപത്തിങ്കൽ രാജാക്കന്മാരില്ലാതെ വന്ന കാലത്തു കുറെക്കാലം മക്കൾ രാജ്യഭാരം ചെയ്തു. അവരുടെ രാജ്യഭാരംകൊണ്ടു പ്രജകൾക്കും രണ്ടു തമ്പുരാട്ടിമാരുള്ളവർക്കും സഹിച്ചുകൂടാത്ത സങ്കടം വരികകൊണ്ട്, തമ്പുരാട്ടിമാർ രണ്ടാളും തൃശ്ശിവപേരൂര വടക്കുംനാഥന്റെ ക്ഷേത്രത്തിൽ വള്ളിക്കൊട്ടയിൽ വെള്ളം നിത്തി കുറഞ്ഞൊരു ദിവസം പെരുമ്പടപ്പു സ്വരൂപത്തിങ്കൽ തമ്പുരാക്കന്മാരും അനുസരിച്ച ഭജനം പാർത്തു. അവിടെവന്നു ശംഖം ധരിച്ചപ്രകാരം ദർശനമുണ്ടായി. ആ വസ്തുത പെരുമ്പടപ്പു സ്വരൂപത്തിങ്കൽ തമ്പുരാന്റെ തിരുമനസ്സിലും അറിഞ്ഞാറെ നിങ്ങളെ രാജ്യത്തു കുടിയിരുത്തി ശത്രുവിനെ വെട്ടിമടക്കിത്തരാമെന്നരുളിച്ചെയ്തു തമ്പുരാട്ടിമാരും ഒന്നിച്ചു തമ്പുരാൻ എഴുന്നള്ളത്തു പൂപ്പെട്ടു നാട്ടിൽ എത്തി കനിശ്ശീരി 500 നായരേയും ആ നാടും പെരുമ്പടപ്പു സ്വരൂപത്തിങ്കലെക്കൊഴിഞ്ഞുകൊടുത്ത് അവിടെ എടവും കോവിലകവും ഉണ്ടാക്കി അവിടെനിന്നു ശത്രുക്കളെ കൊല്ലേണ്ടവരെ കൊന്നും ഒതുക്കേണ്ടുന്നവരെ ഒതുക്കിയും ചെയ്തതിന്റെ ശേഷം തരുവയ്യൂര സ്വരൂപത്തിങ്കൽ രാജാക്കന്മാരും ഉണ്ടായി രാജ്യഭാരം ചെയ്തു. കുറെക്കാലം കഴിഞ്ഞതിന്റെ ശേഷമത്രെ നെടിയിരുപ്പു സ്വരൂപത്തിങ്കന്നു നടുവട്ടത്തോടുകൂടെ കനിശ്ശേരിയും അടക്കി അന്നു സ്വന്തരാജ്യമായിരുന്ന ചിമ്പനാടും അടക്കി പെരുമ്പടപ്പു സ്വരൂപത്തെയും ഒഴിപ്പിക്കയും ചെയ്തു.

(തുടരും.)

# ഞങ്ങളുടെ വായനശാല.

## ൧. ശ്രീവഞ്ചിരാജീയം.

എറണാകുളം കോളേജിലെ മലയാളപണ്ഡിതനായ മേലങ്ങത്ത് അച്യുതമേനോനവർകൾ ഉണ്ടാക്കിയതും, വഞ്ചിരാജനായ തിരുവിതാംകൂർ മഹാരാജാവുതിരുമനസ്സിലെ ഷഷ്ടിപൂർത്തി പ്രമാണിച്ച് തിരുമുമ്പാകെ സമർപ്പിച്ചതും ആയ ഒരു ഖണ്ഡകാവ്യമാണ് 'വഞ്ചിരാജീയം'. ശ്രീവഞ്ചിരാജന്റെ അപദാനങ്ങളെ സ്തുതിച്ചുകൊണ്ടുള്ള ഉദാഹരണപദ്യങ്ങളോടുകൂടി കൈരളീകണ്ഠാഭരണം എന്നൊരു ഭാഷാസാഹിത്യശാസ്ത്രഗ്രന്ഥം ഈ കവി നിർമ്മിച്ചുവരുന്നുണ്ടെന്നും, അതിൽനിന്നു 100 ഉദാഹരണപദ്യങ്ങൾ തിരഞ്ഞെടുത്ത് വേറെ ഒരു പുസ്തകമാക്കി അച്ചടിച്ചതാണിതെന്നും ഗ്രന്ഥകർത്താവു പ്രസ്താവിച്ചിരിക്കുന്നു. ഈ സംഗതികൊണ്ടുതന്നെ ഈ കൃതിയുടെ കാര്യത്തിൽ ഗ്രന്ഥകർത്താവും ഗ്രന്ഥനിരൂപകന്മാരും തമ്മിൽയോജിപ്പാൻ നിവൃത്തിയില്ലാതെ വന്നിരിക്കുന്നു. ഒരു അലങ്കാരഗ്രന്ഥത്തെ നിരൂപണംചെയ്യേണ്ടത് ഒന്നു വേറെ; ഒരു കാവ്യത്തെ പരിശോധിക്കേണ്ടതും ഒന്നു വേറെ. അലങ്കാരഗ്രന്ഥമാണെങ്കിൽ അതിന്നു വിഷയപരിപൂർത്തിവന്നിട്ടുണ്ടോ, അതിലെ ലക്ഷണങ്ങളോടു ലക്ഷ്യങ്ങൾക്കു യോജിപ്പുവന്നിട്ടുണ്ടോ എന്നുതുടങ്ങിയ സംഗതികളാണു നോക്കേണ്ടത്. കാവ്യമാണെങ്കിലോ, അതു രസാത്മകമായിട്ടുണ്ടോ, രസാനുഗുണമായ ഗുണാലങ്കാരാദികളുടെ പൂർത്തി സിദ്ധിച്ചിട്ടുണ്ടോ എന്നു മുതലായ കാര്യങ്ങളാണു പരിശോധിക്കേണ്ടത്. അലങ്കാരഗ്രന്ഥത്തിലെ ഉദാഹരണശ്ലോകങ്ങൾ എന്ന നിലക്ക് ഇതിലെപ്പദ്യങ്ങൾ (ആ ഗ്രന്ഥത്തിൽ ചേർന്നുവരുമ്പോൾ) നന്നായിട്ടുണ്ട് എന്നുതന്നെ വിചാരിക്കുക. എങ്കിലും ഒരു കാവ്യത്തെപ്പോലെ നോക്കുമ്പോൾ ഇതിലെ അധികം പദ്യങ്ങളും രസമയങ്ങളാണെന്നു സമ്മതിക്കുവാൻ നിവൃത്തിയില്ല. അധികം പദ്യങ്ങൾ സരസങ്ങളായാൽ ഇടക്കു ചില നീരസപദ്യങ്ങളുണ്ടെങ്കിൽക്കൂടി ആ കൃതിയെ സരസമെന്നു പറയാമെന്ന് അലങ്കാരശാസ്ത്രം സമ്മതിക്കുന്നുണ്ട്; അതു നേരെ മറിച്ചായാൽ അങ്ങിനെ ചെയ്യുന്നില്ല. ശബ്ദമാത്രാനുഗ്രഹീതങ്ങളായ സാദൃശ്യാദികളും അസംഭാവ്യങ്ങളായ അതിശയോക്തിമുതലായവയും ഇടകലന്ന് രസപോഷകങ്ങളല്ലാത്ത അലങ്കാരങ്ങളാൽ നിബിഡമായിത്തീർന്നിട്ടുള്ള ഈ കൃതിയിൽ രാജവിഷയകമായരതിഭാവം വ്യഞ്ജിക്കുന്നതായി സഹൃദയന്മാൎക്കനുഭവപ്പെടുമെന്നു തോന്നുന്നില്ല. സ്വതഃസംഭവികളായ
ങ്ങൾ ഇതിൽ ദുർല്ലഭമാണ്;
ഗവും പ്രൌഢോക്തി
പ്രൌഢോക്തിപ്രചുര
സത്യതപബുദ്ധി ഇ
ല്ലെങ്കിൽ പിന്നെ

നക്കാരായ യുവ്കവികളിൽ ഒരാളായ അച്യുതമേനവന്റെ സഹജമായ രചനാചാതുര്യ്യവും ശബ്ദാർത്ഥഭംഗിയും ഉള്ള അനേകം നല്ല പദ്യങ്ങൾ ഇതിലുണ്ട്; ഉദാഹരണത്തിന്ന് ഒരു ശ്ലോകം താഴെ ചേൎക്കുന്നു:—

'എങ്ങാണാവിമലേന്ദുകുന്ദകുമുദ-
 ക്ഷീരങ്ങളെസ്സന്തതം
മങ്ങാറാക്കിവിളങ്ങിടുന്നൊരുഭവൽ
 കീൎത്തിപ്രകാശാങ്കുരം?
എങ്ങാണീമമശുഷ്കഷ്കരണി?നൃപതേ!
 മോഹാൽകുതിച്ചോണിവൻ
പൊങ്ങാനായ്ത്തുടരുന്നവെണ്മതികലാ-
 ബിംബംഗ്രഹിച്ചീടുവാൻ'!

പക്ഷേ കാവ്യത്തെ സാമാന്യേന നോക്കുമ്പോൾ, ഇവയുടെ ഗുണംകൂടി ശോഭിക്കുന്നില്ല. ഇത്രമാത്രം പറയുന്നതല്ലാതെ ഈ കൃതിയെപ്പററി വിസ്തരിച്ചൊരു നിരൂപണം ചെയ്യേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല. ഇതിന്നു വില നാലണയാണ്. ഉൽകൃഷ്ടമാനനായ ഈ കവിയിൽനിന്നു കേരളഭാഷക്കു ചില നല്ല കൃതികൾ ഉണ്ടായിക്കാണ്മാൻ ഞങ്ങൾ പ്രാൎത്ഥിക്കുന്നു.

## ൨. കംസൻ.

പുരാണപ്രസിദ്ധനായ കംസന്റെ ...ചരിത്രത്തെ സരസകവിതാരീതി...ിട്ടുള്ള ഈ ഖണ്ഡകാവ്യ...ു സാക്ഷാൽ കുത്തിക്കു...മനസ്സുകൊണ്ടാണ്. ...ുള്ള ഈ ചെറുകൃ...ന ഇതിനുമുമ്പു തന്നെ സാഹിത്യവേദികൾക്കു പരിചയപ്പെട്ടതും സാഹിത്യസാമ്രാജ്യത്തിൽ പ്രതിഷ്ഠകിട്ടിയതും ആകുന്നു. കംസൻ ഒരു ദുഷ്ടനാണെന്നുമാത്രമല്ലാതെ അദ്ദേഹത്തിന്റെ ചരിത്രത്തിലെ ഇതരഭാഗങ്ങൾ അറിഞ്ഞിട്ടില്ലാത്തവൎക്ക് ഈ കൃതി ഒരു പാഠമാകുന്നു. അലങ്കാരങ്ങൾക്കും മററും വേണ്ടി ഒട്ടും ക്ലേശിക്കാതേയും, സരളമായും, നല്ല ഒഴുക്കോടുകൂടിയും കവിതയുണ്ടാക്കുന്നതിൽ അദ്വിതീയനായിരുന്ന തമ്പുരാന്റെ ഈ കൃതിക്കു ധാരാളം പ്രചാരം വരാതിരിക്കയില്ല. കംസന്റെ സൽഗതിയെപ്പററിയുള്ള രണ്ടുപസംഹാരപദ്യങ്ങളിൽനിന്ന് ഇതിലെ കവിതയെങ്ങിനെയെന്നും മററും അറിയാവുന്നതുകൊണ്ട് ആ പദ്യങ്ങൾ താഴെചേൎക്കുന്നു:—

കഴിഞ്ഞു സാംസാരികബന്ധമീവിധം
വഴിഞ്ഞു സച്ചിത്സുഖമൈക്യമാൎന്നവൻ
കിഴിഞ്ഞുപോകാപ്പടി പൂൎണ്ണവിഷ്ണുവായ്
കഴിഞ്ഞു കംസൻ കഥയായി മംഗളം.
മുക്കാൽമുകുന്ദനിലയെത്തിനകാലനേമി
തല്ക്കാലമിങ്ങിനെപിറന്നുവളൎന്നവീരൻ
ചൊല്ക്കൊണ്ടുയൎന്നപുരുഷാൎത്ഥചതുഷ്ടയ
 (ത്തെ
കൈക്കൊണ്ടുപൂൎണ്ണപരപിന്മയനായികംസൻ.

ഉത്തമമായ ഈ കൃതി പൊതുജനോപയോഗപ്രദമാംവണ്ണം പ്രസിദ്ധപ്പെടുത്തിയ ഭാഷാഭിമാനിയായ പി. വി. കൃഷ്ണവാരിയരവൎകളെ ഞങ്ങൾ അഭിനന്ദിക്കുന്നു. വില 4. ണ.

ശേഷം പുസ്തകങ്ങളുടെ അഭിപ്രായം വഴിയെ

മം. പ.

# മംഗളോദയം

൧൦൯൨

പുസ്തകം ൧൦ | കുംഭം | ലക്കം ൧൧


## മംഗളം.

തിങ്കളണിയും മഹേശ്വര-
നങ്കതലത്തിങ്കൽ വെച്ചു ലാളിക്കും
പങ്കജശരപരമോത്സവ-
മെങ്കരളിൽ സതതസൌഖ്യമരുളട്ടേ.

ഒരു പഴയ കവി.

## അൎത്ഥോപക്ഷേപകങ്ങൾ.



ശ്രവ്യകാവ്യങ്ങളെ അപേക്ഷിച്ച്, ദൃശ്യകാവ്യങ്ങൾക്ക് അധികം സാൎവ്വജനീനമായ പ്രചാരം സിദ്ധിക്കുന്നതിനു കാരണം, ജനസമുദായത്തിന്റെ വിനോദരസികതയായിരിക്കാം. വേദശാസ്ത്രപുരാണകാവ്യങ്ങൾ ഒരേ ഉദ്ദേശത്തോടുകൂടി നിൎമ്മിക്കപ്പെട്ടവയാണെങ്കിലും, ഉപദേഷ്ടാക്കന്മാരുടെ സ്ഥിതിഭേദത്താലും ഉപദേശങ്ങളുടെ രീതിഭേദത്താലും, ഒരുപോലെ, എല്ലാവരിലും ഉദ്ദിഷ്ടഫലത്തെ ജനിപ്പിക്കുന്നതിനു മതിയാകുന്നില്ല. ശ്രോതാക്കളുടെയോ വാചയിതാക്കളുടെയോ മനോഗതിയെ പിന്തുടൎന്ന്, അവരെ വളരെ ദൂരം ആകൎഷിച്ച്, തന്നെത്താനറിയാത്ത മനസ്സംസ്കരണം നടത്തുന്ന വിഷയത്തിൽ, കാവ്യം, മറ്റു മൂന്നു പ്രസ്ഥാനങ്ങളെയും അതിശയിക്കുന്നു. നിരന്തരം കാവ്യപരിശീലനം ചെയ്യുന്ന സഹൃദയൻ, ബാഹ്യോപദേശം ലഭിക്കാതെ

തന്നെ ദൃഷ്ടാന്തവിമുഖനും സ്വധർമ്മനിരതനും ആയിത്തീരുന്നു. ശാസനയോ നിർബ്ബന്ധമോ കൂടാതെ ജനങ്ങളുടെ മനസ്സാക്ഷിയെ പരിശുദ്ധമാക്കാൻ കാവ്യത്തിനു ശക്തിയുണ്ട്. വായനക്കാരുടെ മനസ്സിൽ സന്ദർഭോചിതങ്ങളായ വികാരപരമ്പരകൾ ജനിക്കത്തക്കവിധത്തിൽ കഥയെ ഘടിപ്പിക്കുന്നതിലും, കഥാപാത്രങ്ങളുടെ ജീവിതഗതിക്കു തന്മയീകരിക്കുന്നതിലുമാണ് കവി, പുരാണകർത്താവിനെ പശ്ചാൽക്കരിക്കുന്നത്. കഥയുടെ തന്മയത്വം (ഭാഷ, വേഷം, നടവടി, ജീവിതക്രമം മുതലായവയിൽ) എത്രത്തോളം വർദ്ധിക്കുന്നുവോ, അത്രത്തോളം കവി ഉദ്ദേശസിദ്ധിയിൽ വിജയിയായിത്തീരുന്നു. സദുപദേശത്തിലും, തൽഫലമായ ധർമ്മബോധനത്തിലും മുന്നണിയിൽ നില്ക്കുന്നതിനും, തന്മൂലം കാവ്യത്തിനു ജനസമുദായത്തിന്റെ ഇടയിൽ അനിതരസാധാരണമായ പ്രചാരം സിദ്ധിക്കുന്നതിനും കാരണം സരസമായ കഥാബന്ധവൈചിത്ര്യമാണെന്നും വന്നേക്കാം. അതിനാണ് അധികം സൌകര്യവും.

കാവ്യശാസ്ത്രങ്ങൾ സമാനോദ്ദേശങ്ങളാണെങ്കിലും, തന്നിർവ്വഹണത്തിൽ സ്വീകരിച്ചിരിക്കുന്ന നയം ഭിന്നമായിരിക്കുന്നതുപോലെ, കാവ്യശാഖയിലും ശ്രവ്യകാവ്യത്തെക്കാൾ ദൃശ്യകാവ്യത്തിന് ഉദ്ദിഷ്ടകാര്യനിർവ്വഹണസൌകര്യം കൂടും. ഉപദേശം എത്ര സരസമായാലും അനുഭവത്തെപ്പോലെ ഉള്ളിൽ കൊള്ളുന്നതല്ല. മദ്യപാനംകൊണ്ടുണ്ടാകാവുന്ന ദോഷങ്ങളെ കാവ്യം വായിച്ചു മനസ്സിലാക്കുന്നതും പ്രത്യക്ഷത്തിൽ കണ്ടു മനസ്സിലാക്കുന്നതും ഒരുപോലെയല്ലല്ലോ. ഉപദേശത്തിന്റെ ഫലം നിയതമല്ലെന്നിരിക്കെ, അനുഭവത്തിന്റെ ഫലം നിശ്ചിതമത്രെ. കാവ്യശാസ്ത്രങ്ങളെപ്പോലെ തന്നെ ദൃശ്യശ്രവ്യകാവ്യങ്ങളും ഫലത്തിൽ ഭിന്നനയങ്ങളും, ദൃശ്യകാവ്യം ശീഘ്രഫലപ്രദവുമാകുന്നു. ദൃശ്യകാവ്യത്തിന്റെ പ്രചാരത്തിൽ ഈ കാരണവും അന്തർഭവിച്ചിരിക്കാം.

"നാടകാന്തം കവിത്വം" എന്ന ചൊല്ലുണ്ടാകുന്നതിനു കാരണം അതിന്റെ ദുഷ്കരത്വമാകുന്നു. കഥാപാത്രങ്ങളുടെ വേഷഭാഷാനാട്യങ്ങളിൽ വേണ്ട തന്മയത്വവും, സന്ദർഭോചിതങ്ങളായ തത്തദ്വികാരങ്ങളെ ജനിപ്പിക്കുന്ന രസസ്ഫൂർത്തിയും ആണ് നാടകത്തിന്റെ ദുഷ്കരത്വത്തിനു കാരണം. ശ്രവ്യകാവ്യങ്ങളിൽ (ഗദ്യമായാലും പദ്യമായാലും) കവിക്കു സ്വാതന്ത്ര്യമുണ്ട്. ദൃശ്യകാവ്യത്തിലാകട്ടെ, കവി അസ്വതന്ത്രനാകുന്നു. ശ്രവ്യകാവ്യത്തിൽ വാചാലനായ കവി ദൃശ്യകാവ്യത്തിലേക്കു കടക്കുമ്പോൾ ആദ്യവസാനം മൌനം അവലംബിക്കേണ്ടിവരുന്നു. ശ്രവ്യകാവ്യം ചില അവസരങ്ങളിൽ, കവിയെ പുറത്തു കാട്ടുന്നു; ദൃശ്യകാവ്യം ആവിധം ചെയ്യാതെ "നാന്ദി"മുതൽ "ഭരതവാക്യം"വരെ കവിയെ തിരശ്ശീലയ്ക്കുള്ളിൽ മറച്ചുവെക്കുന്നതേയുള്ളു.

കവി പ്രത്യക്ഷനായാലും പരോക്ഷനായാലും, ശ്രോതാക്കൾക്കോ ദ്രഷ്ടാക്കൾക്കോ കഥ "ആദ്യന്തം" മനസ്സിലാകേണ്ടത് അത്യാവശ്യമായിരിക്കുന്നു. ജുഗുപ്സാവഹങ്ങളോ കഥാഗാത്രത്തിൽ അപ്രധാനങ്ങളോ ആയ ഭാഗങ്ങൾ, തീരെ

ത്യാജ്യകോടിയിൽ തള്ളുന്നതായാൽ ദ്ര ഷ്ടാക്കൾ നെററിചുളിക്കം; കവിയുടെ ഉദ്ദേശം ഫലിക്കുകയുമില്ല. ജുഗുപ്സാവഹ ങ്ങളായ യുദ്ധമൈഥുനനിദ്രാദികൾ സ ഹൃദയന്മാരായ സജ്ജനങ്ങളുടെ മുമ്പിൽ വെച്ച്, രംഗത്തിൽ പ്രയോഗിക്കുന്നതി ന് അൎഹതയില്ലാത്തവയും, കഥാഗാത്ര ത്തിൽ അപ്രധാനങ്ങളായ സ്ഥാനപാ നാദികൾ കഥയുടെ വൃഥാസ്ഥൗല്യത്തി ന്ന കാരണവും ആകയാൽ ആ രണ്ടുകൂട്ട വും, നാടകനിൎമ്മാണത്തിൽ കവിയെ വിഷമിപ്പിക്കുന്നു. നാട്യശാസ്ത്രകൎത്താ വായ ഭരതമുനി, ജുഗുപ്സാവഹങ്ങളൊ ക ഥാഗാത്രത്തിൽ അപ്രധാനങ്ങളോ ആ യതുകൊണ്ടു, രംഗപ്രയോഗാനൎഹങ്ങളാ യ ഭാഗങ്ങളെ ഈ വിധം പരിഗണി ക്കുന്നു:—

> കൊലവിളിയുദ്ധംമരണം
> രാജ്യക്ഷോഭംവിവാഹമപലപനം
> കുളിയുണൎശാപംശയനം
> തൊട്ടതുരംഗത്തിലാടിടാനാകാ.

രംഗപ്രയോഗാനൎഹങ്ങളായതുകൊ ണ്ടു നാടകത്തിൽ കൂട്ടിച്ചേൎക്കുന്നതിനോ, ദ്രഷ്ടാക്കളെ കഥ മുഴവൻ മനസ്സിലാക്കേ ണ്ടിയിരിക്കുന്നതുകൊണ്ടു ചേൎക്കാതെയിരി ക്കുന്നതിനോ, നിവൃത്തിയില്ലാത്ത ഈ വ ക ഭാഗങ്ങൾ നാടകകൎത്താക്കളെ വല്ലാ തെ വിഷമിപ്പിക്കുമെന്നുള്ളതു തീൎച്ചയാ ണല്ലൊ. ശ്രവ്യകാവ്യകൎത്താക്കൾക്ക് ഇ വക ദുൎഘടങ്ങളൊന്നുമില്ലാതിരുന്നതു കൊണ്ടുതന്നെയായിരിക്കണം, പൂൎവ്വിക ന്മാരുടെയിടയിൽ നാടകങ്ങളധികമു ണ്ടാകാതിരുന്നതും, "നാടകാന്തം കവി ത്വം" എന്ന ചൊല്ലുണ്ടായതും.

> രംഗപ്രയോഗാനൎഹങ്ങ-
> ളായഭാഗങ്ങളോതുവാൻ
> നാടകത്തിൽച്ചേൎക്കുമംശ-
> മൎത്ഥോപക്ഷേപകാഹ്വയം
> വിഷ്കംഭ,മങ്കമുഖവും,
> ചൂളികാ,ങ്കാവതാരവും,
> പ്രവേശകം,വരുമിവ-
> യൎത്ഥോപക്ഷേപകങ്ങളായ്.

ജുഗുപ്സാവഹങ്ങളായതുകൊണ്ടോ, അ പ്രധാനങ്ങളായതുകൊണ്ടോ രംഗ ത്തിൽ പ്രയോഗിക്കാൻ യോഗ്യതയില്ലാ തെ, ഭരതമുനി തുടങ്ങിയ നാട്യശാസ്ത്ര ജ്ഞന്മാർ തള്ളിക്കളഞ്ഞിരിക്കുന്ന മുൻപ റഞ്ഞ വധാദികൾ, രംഗസ്ഥന്മാൎക്ക് മന സ്സിലാകത്തക്കവിധം അഭിനയിക്കുന്നതി ന്ന നാടകത്തിൽ കൂട്ടിച്ചേൎക്കുന്ന ഭാഗത്തി ന് "അൎത്ഥോപക്ഷേപകങ്ങൾ" എന്നു പേർ. ഇവയിൽ ചിലത് അങ്കഭിന്നമാ യിരിക്കും എന്നു മാത്രമല്ല, ഇതിന്റെ പ്ര വൎത്തകങ്ങളായ പാത്രങ്ങൾ പ്രായേണ കഥാബാഹ്യങ്ങളായിരിക്കുകയും ചെയ്യും. ഈ അൎത്ഥോപക്ഷേപകത്തിന്ന വിഷ്കംഭം, അങ്കമുഖം, ചൂളിക, അങ്കാവതാരം, പ്ര വേശകം എന്നിങ്ങനെ അഞ്ചു പിരിവു കൾ ഉണ്ട്. ഇവയിൽ ഓരോന്നിനേയും മുറയ്ക്കു വിവരിച്ച് ഉദാഹരിക്കാം.

> ഭൂതഭാവികഥാംശങ്ങൾ
> വിവരിക്കുന്നമട്ടിലായ്
> ചുരുക്കിയാദിയിൽച്ചൊല്ലും
> ഭാഗംവിഷ്കംഭമായ്വരും.

നടന്നു കഴിഞ്ഞവയോ നടക്കാനി രിക്കുന്നവയോ ആയ കഥാഭാഗങ്ങളെ— രംഗപ്രയോഗാനൎഹങ്ങളായ കഥാഭാഗ ങ്ങളെ— രംഗസ്ഥന്മാരെ മനസ്സിലാക്ക

ത്തക്കവിധം സംക്ഷേപിച്ച് അങ്കത്തിന്റെ ആദിയിൽ ചേർക്കുന്ന അഭിനേയഭാഗത്തിനു വിഷ്കംഭം എന്നു പേർ. "അങ്കത്തിന്റെ ആദി" എന്നു പറഞ്ഞതുകൊണ്ടു പ്രഥമാങ്കത്തിന്റെ മുമ്പിലും വിഷ്കംഭം പ്രയോഗിക്കാം. "അങ്കമുഖം" തുടങ്ങിയ ശേഷംനാലുവകയും പ്രഥമാങ്കാദിയിൽ സാധിക്കാത്തവയാണെന്നു മേൽ സ്പഷ്ടമാകും.

പ്രഥമാങ്കാദിയിൽ, അതായതു നാടകമുഖത്തിൽ, സൂത്രധാരപ്രമുഖസംഭാഷണരൂപമായ "പ്രസ്താവന" ക്കിബ്ബന്ധിതമാകയാൽ, അങ്കാദിയിൽ വിഷ്കംഭം അസംഭവ്യമല്ലേ എന്നു ഒരു പൂർവ്വപക്ഷത്തിന് ഇവിടെ അവകാശമുണ്ട്. പക്ഷേ പ്രസ്താവനയ്ക്കു പിൻപിലും പ്രഥമാങ്കത്തിനു മുൻപിലുമായി ഒരു വിഷ്കംഭം ചേർക്കേണ്ട ആവശ്യമോ ചേർക്കുന്ന പതിവോ സാധാരണമായിട്ടെങ്കിലും കാണുന്നില്ല എന്നല്ലാതെ അതു തീരെ അസംഭവ്യമാണെന്നു വന്നുകൂടുന്നതല്ല. ഉദാഹരണത്തിനു മാളവികാഗ്നിമിത്രം എടുക്കാം. അതിന്റെ പ്രസ്താവനയിൽ,

"വരുതിസദസ്യർകൊടുത്തതു
വിരവിൽനടത്താനൊരുമ്പെട്ടേൻ ഞാൻ
വരമഹിഷിധാരിണിയുടയ (ഞാൻ;
-വിരുതെഴമപ്പരിജനംപോലെ."

എന്നു പറഞ്ഞു സൂത്രധാരപരിചാരകന്മാർ തിരശ്ശീലയ്ക്കുള്ളിൽ മറയുന്നതോടുകൂടി വിഷ്കംഭം ആരംഭിക്കുന്നു. സൂത്രധാരോക്തിയെ അനുസരിച്ച്, ധാരിണീമഹാരാജ്ഞിയുടെ കല്പന നടത്തുന്നതിനു പുറപ്പെട്ട ചേടിയാണ് അതിൽ ആദ്യമായി പ്രവേശിക്കുന്നത്. അഗ്നിമിത്രമഹാരാജാവിന്, യാദൃച്ഛികമായി ചിത്രത്തിൽ കാണുന്നതിനിടയായ സുന്ദരി മാളവികയിൽ അനുരാഗം ജനിച്ചതും, മേൽ കുന്നാമങ്കത്തിൽ വിദൂഷകന്റെ ഏഷണികൊണ്ടു പരസ്പരം കലഹിക്കുവാൻ പോകുന്ന നടന്മാരുടെ അടുക്കൽ നാട്യകലാഭ്യസനത്തിനു മാളവിക ഏല്പ്പെടുത്തപ്പെട്ടിട്ടുള്ളതും ആയ സംഗതികളാണ് ഈ വിഷ്കംഭത്തിലെ പ്രതിപാദ്യവിഷയം. മഹാരാജാവിന്റെ മന്മഥസാരഥിയായ വിദൂഷകന്റെ ഏഷണി പുഷ്പിച്ചതായി ഒന്നാമങ്കത്തിലും, ഫലിച്ചതായി രണ്ടാമങ്കത്തിലും പ്രസ്താവിക്കേണ്ടിയിരിക്കുന്നതുകൊണ്ട്, ഈ വിഷ്കംഭത്തിന്റെ ആവശ്യം നേരിട്ടു. നാടകത്തിലെ ഭാവികഥയിൽ മിക്കഭാഗവും വിഷ്കംഭസൂചിതമായ നാട്യകലാഭ്യസനത്തെ ആശ്രയിച്ചാണിരിക്കുന്നത്. അതുകൊണ്ടു വിഷ്കംഭം അങ്കാദിയിൽ വരുമെന്നു പറഞ്ഞത് അസംഭവ്യമല്ല; സംഭവ്യംതന്നെ.

ഇനി വിഷ്കംഭം രണ്ടുവിധമെന്നു ചൊല്ലുന്നു: —

മദ്ധ്യപാത്രങ്ങളെക്കൊണ്ടു
മാത്രമുള്ളതുശുദ്ധമാം;
നീചമദ്ധ്യങ്ങൾചേർന്നായാൽ
മിശ്രവിഷ്കംഭമായതു.

കഥാപാത്രങ്ങൾ ഉത്തമം, മദ്ധ്യമം, അധമം (നീചം) എന്നിങ്ങനെ മൂന്നുവിധം. അർത്ഥോപക്ഷേപകം, പ്രായേണ കഥാബാഹ്യങ്ങളായ പാത്രങ്ങളെക്കൊണ്ടു നിർവ്വഹിക്കപ്പെടുന്നതാണെന്നു മുൻ പറഞ്ഞിട്ടുണ്ട്. ഇതുമൂലം, ഉത്തമപാത്രങ്ങൾക്ക് അർത്ഥോപക്ഷേപകത്തിൽ പ്രവേശമില്ലെന്നനുമാനിക്കാം. മദ്ധ്യമപാത്രങ്ങളെ

കൊണ്ടുള്ള വിഷ്കംഭം ശുദ്ധം; മദ്ധ്യമാധമങ്ങൾ ചേർന്നുള്ളതു മിശ്രം; എന്നു വിഷ്കംഭം രണ്ടുവിധം. ഉത്തരരാമചരിതത്തിലെ ദ്വിതീയാങ്കാദിയിൽ വാസന്ത്യാത്രേയീസംഭാഷണരൂപമായ വിഷ്കംഭം ശുദ്ധം; താപസിയായ ആത്രേയിയും വനദേവതയായ വാസന്തിയും മദ്ധ്യമപാത്രങ്ങളാകുന്നു. ബുദ്ധിവൈഭവംകൊണ്ടു സഹപാഠികളെ അതിശയിക്കുന്നവരും ഗുരുവിനെ അതിശയിപ്പിക്കുന്നവരുമായ രണ്ടു ബ്രഹ്മചാരികൾ മഹർഷിയുടെ ആശ്രമത്തിൽ അജ്ഞാതകുലന്മാരായി എത്തീട്ടുണ്ടെന്നും മററുമുള്ള സംഗതികൾ കാണികൾ മനസ്സിലാക്കുന്നത് ഇവരുടെ സംഭാഷണത്തിൽനിന്നാണ്.

ചണ്ഡകൌശികം മൂന്നാമങ്കത്തിന്റെ ആദിയിൽ ബീഭത്സവേഷനായ പാപപുരുഷന്റെയും, ശിവപാരിഷദനായ ഭൃംഗിരിടിയുടേയും പ്രവേശത്തോടുകൂടിയ ഭാഗം മിശ്രവിഷ്കംഭം. പാപപുരുഷൻ നീചപാത്രവും ഭൃംഗിരിടി മദ്ധ്യമപാത്രവുമാണല്ലോ. വിശ്വാമിത്രമഹർഷിയാൽ വഞ്ചിതനായ ഹരിശ്ചന്ദ്രമഹാരാജാവു് ക്ഷീണബുദ്ധിയായി കാശീവിശ്വനാഥസന്ദർശനത്തിനായി വരുന്ന അവസരത്തിൽ, അർദ്ധനാരീശ്വരൻ സന്നിധാനംചെയ്വാൻ നിശ്ചയിച്ചിരിക്കുന്ന വത്തമാനത്തെ സൂചിപ്പിക്കുകയാണ് ഈ മിശ്രവിഷ്കംഭത്തിന്റെ ഉദ്ദേശം. മുദ്രാരാക്ഷസം മുതലായ നാടകങ്ങളിലും മിശ്രവിഷ്കംഭം നീചമദ്ധ്യമപാത്രസങ്കലിതമാണെന്നു കാൺക.

നാടകത്തിലെ പാത്രങ്ങൾക്കു നീചമദ്ധ്യമോത്തമത്വം കല്പിക്കുന്നതിനുള്ള മാനദണ്ഡമെന്തായിരിക്കും? സംസ്കൃതനാടകങ്ങളിൽ പ്രാകൃതഭാഷയുടെ ഒരവാന്തരവിഭാഗമാണ്, ഈ നീചപാത്രങ്ങൾ സംഭാഷണം ചെയ്യുന്നതിന്നു ഉപയോഗിക്കുന്നത്. ഭാഷാഭേദമാണ് നീചത്വാരോപത്തിനു കാരണമെന്ന് ഇതുകൊണ്ടു നിർണ്ണയിക്കുവാൻ നിവൃത്തിയില്ല. കാരണം ഉത്തമപാത്രമായ നായികയുടെ ഭാഷയും പ്രാകൃതംതന്നെയാണല്ലോ. പ്രാകൃതഭാഷയിലെ, അഭിന്നങ്ങളോ ഈഷൽഭിന്നങ്ങളോ ആയ അവാന്തരവിഭാഗങ്ങളെ നിരൂപണം ചെയ്തു്, നീചപാത്രത്വാരോപത്തിനു മാനദണ്ഡമായി ഒരു ശാഖയെ പൃഥക്കരിക്കുന്നതു അശക്യംതന്നെ.

നീചത്വാരോപത്തിനു കാരണം കുലമാണെന്നുള്ള വാദവും സാധൂകരിക്കത്തക്കതല്ല. 'ചാരുദത്തൻ' എന്ന നാടകത്തിലെ കഥ നടന്ന കാലത്തു രാജ്യപരിപാലനംചെയ്തിരുന്ന പാലകമഹാരാജാവിന്റെ മച്ചുനനായ 'രാജശ്രീ രാജസ്യാലൻ സംസ്ഥാനകനങ്ങുന്നവർകൾ' ഒരു നല്ല കുലത്തിൽ ജനിച്ചവനായിരിക്കണം. പക്ഷേ, വേഷഭാഷാദികളെക്കൊണ്ടു നോക്കുന്നതായാൽ ഒരു മാതൃകാനീചപാത്രമായിട്ടാണു നമുക്കു പ്രത്യക്ഷമാകുന്നത്. നിരപരാധിനിയായ ഒരു സാധുവേശ്യയെ കഴുത്തു ഞെക്കിക്കൊല്ലുന്നതിനും ഏതാദൃശങ്ങളായ മററനേകം ദുഷ്കൃത്യങ്ങൾ ചെയ്യുന്നതിനും--ചുരുക്കിപ്പറയുകയാണെങ്കിൽ, വധാധികൃതനായ ആരാച്ചാരെക്കൊണ്ടു 'ഇവനെന്തു ചണ്ഡാലനോ' എന്നു പറയിക്കത്തക്കവണ്ണം നിഷ്ഠുരപ്രവൃത്തികൾ ചെയ്യുന്നതി

നം.-- യാതൊരു സങ്കോചവുമില്ലാത്ത നമ്മുടെ രാജസ്യാലൻ, കലീനനായിരിക്കാമെങ്കിലും നീചനല്ലെന്നു വരുമോ? ഈ സംസ്ഥാനകനങ്ങുന്നു, വേഷാനുസാരിയായ നീചഭാഷയാണ് ഉപയോഗിക്കുന്നത്. നോക്കുക:—

'ഓടിക്കിതച്ചു ഗിരിമണ്ടിണനെന്തിരപ്പീ?
കമ്പ്ലേകലമ്പരുതു; കൊല്ലിണതില്ലനിന്നേ
കാമമ്മുഴുത്തുരുകിനെഞ്ചുതകുന്നിടുന്നു
ഘോരമാംഗികൾ മതിലിട്ടൊരുമത്തി
പോലെ'

'മക്കളേ! മനസ്സെ! ഹൃദയമെ! എൻറപ്പനെ! ഇവനെ വിട്ടയക്കണോ വേണ്ടയൊ? പറ (വിചാരം നടിച്ച്) ഇവൻ പോകെംവേണ്ട, നിക്കെംവേണ്ട. ഉച്ഛ്വാസോംവേണ്ട, നിച്ഛ്വാസോംവേണ്ട, ഇവിടെ വീണു മരിയട്ടെ.'

ആചാരത്തിലും വിചാരത്തിലും, വേഷത്തിലും ഭാഷയിലും ഇത്രത്തോളം നീചനായ ഒരാൾക്കു 'രാജശ്രീരാജസ്യാല'ത്വം കിട്ടിയതുകൊണ്ടു മാത്രം ഒരു മെച്ചവും വരാനില്ല. ഭാഷയും കുലവും നീചത്വത്തിൻെറ നിയമങ്ങളല്ല; സഹകാരികാരണങ്ങളിൽ അതുകളും ഉൾപ്പെടുമെന്നേയുള്ളൂ. വിചാരവും ആചാരവും നീചമായിരുന്നാൽ ആ പാത്രം നീചം എന്ന ഒരു നിയമം സ്വീകരിക്കുകയേ നിവൃത്തിയുള്ളൂ. ശാകുന്തളം ഷഷ്ഠാങ്കാദിയിലെ പ്രവേശകത്തിൽ മുക്കുവനെയുംകൊണ്ടു പ്രവേശിക്കുന്ന അധികാരി, ദുഷ്യന്തമഹാരാജാവിൻെറ അടുത്ത ഒരു സംബന്ധിയാണെങ്കിലും, കാളിദാസമഹാകവി നീചപാത്രമായിട്ടാണ് സ്വീകരിച്ചിട്ടുള്ളത് എന്ന സംഗതി ഇവിടെ പ്രത്യേകം സ്മരണീയമായിരിക്കുന്നു.

ക്രമം വിട്ടു, സൌകര്യം പ്രമാണിച്ച്, ഇനി പ്രവേശകത്തെ വിവരിക്കുന്നു.

രണ്ടങ്കങ്ങൾക്കുനടുവേ
ചുരുക്കിക്കഥവേണ്ടപോൽ
നീചപാത്രങ്ങൾനീചോക്തി-
കൊണ്ടുചൊന്നാൽപ്രവേശകം.

വിഷ്കംഭത്തിനും പ്രവേശകത്തിനും അധികം അന്തരമില്ല. പാത്രങ്ങൾ നീചങ്ങൾ മാത്രമായിരിക്കണം. ഭാഷയും നീചം; അങ്കദ്വയമദ്ധ്യത്തിലെ വന്നുകൂടൂ; ശേഷം വിഷ്കംഭംപോലെ. അങ്കദ്വയമദ്ധ്യഗത്വം നിശ്ചിതമാകയാൽ പ്രഥമാങ്കാദിയിൽ പ്രവേശകത്തിനു പ്രവേശമില്ല. ഭാഷ നീചമായിരിക്കണമെന്നു നിർബ്ബന്ധം.

മലയാളഭാഷയിൽ ഭാഷാന്തരമായോ സ്വതന്ത്രമായോ ഇതേവരെയുണ്ടായിട്ടുള്ള നാടകങ്ങളെ പരിശോധിച്ചാൽ നീചഭാഷാപ്രയോഗത്തിൽ തൽകർത്താക്കൾ അത്ര മനസ്സു വെച്ചിട്ടില്ലെന്നു കാണാം. അപൂർവ്വം ചിലർ ശ്രമിച്ചിട്ടുണ്ടെങ്കിലും അതു ഫലപ്രദമായിട്ടില്ല. നീചപാത്രങ്ങളെക്കൊണ്ടുള്ള അത്ഥോപക്ഷേപകമാകയാൽ, പ്രവേശകം എന്നു പേർ കല്പിക്കുകയല്ലാതെ പ്രവേശകത്തിൻെറ ലക്ഷണം മുഴുവൻ അതിൽ ഘടിപ്പിക്കണമെന്നു നാടകകർത്താക്കൾ വിചാരിച്ചിട്ടുള്ളതായി തോന്നുന്നില്ല; അതിലേക്കു പറയത്തക്ക ലക്ഷ്യങ്ങളും കാണുന്നില്ല. നീചഭാഷാപ്രയോഗവൈമുഖ്യമായിരിക്കണം ഇതിന്നുള്ള കാരണം. ഒന്നാമതായി ഭാഷക്കു കിട്ടിയ അഭിജ്ഞാനശാകുന്തളപരിഭാഷയിൽ ന്ന-ാമങ്കത്തിൻെറ ആ

ദിയിലുള്ള പ്രവേശകം, 'ഏമാനന്മാർ' 'പരമാത്തം' ഇത്യാദി നീചപദപ്രയോഗസങ്കലിതമായിരുന്നു. സന്താനഗോപാലം തൃതീയാങ്കാദിയിലെ പ്രവേശകത്തിൽ 'നോക്കിപ്പോൾ കാണാൻ തരാവില്ല' എന്നും മററും വൃഷളീയുഗളത്തെക്കൊണ്ടു സംഭാഷണം ചെയ്യിക്കുന്ന കേരളവ്യാസനും ഇക്കാര്യത്തിൽ പരിശ്രമിച്ചിട്ടുണ്ട്. എന്നാൽ, ഈ പരിശ്രമം ഇദംപ്രഥമമായി പരിപൂർണ്ണവിജയത്തിൽ പര്യവസാനിപ്പിച്ച്, ഭാഷാവനിതയെ കരിക്കൽക്കൂടി സകരുണം അനുഗ്രഹിച്ചതു 'ചാരുദത്ത' കർത്താവായ കേരളപാണിനിയാണെന്നുള്ളതിൽ രണ്ടുപക്ഷമില്ല.

നീചപാത്രങ്ങളുടെ ഭാഷ നീചമായിരിക്കേണ്ടതു അത്യാവശ്യമാകുന്നു. കഥയുടെ തന്മയത്വം വർദ്ധിക്കുന്നതിനുള്ള ഉപായങ്ങളിൽ ഇതും അപ്രധാനമല്ലാത്തതാണ്. ഉത്തമപാത്രമായ രാജാവിനെപ്പോലെ നീചപാത്രമായ ചണ്ഡാളനും സംഭാഷണംചെയ്തുതുടങ്ങുന്നത് അത്ര നന്നായിരിക്കുകയില്ല; അതു തന്മയത്വത്തിനു ഹാനികരവുമാണ്. വേണീസംഹാരത്തിന്റെ പുതിയ പരിഭാഷയിൽ ശ്രീമാൻ പന്തളത്തു കേരളവർമ്മ തമ്പുരാനവർകൾ നീചപാത്രങ്ങളായ രാക്ഷസയുഗ്മത്തെക്കൊണ്ടു സംഭാഷണം ചെയ്യിച്ചിട്ടുള്ളതിൽ, ആന്തരമായും ബാഹ്യമായുമുള്ള അവരുടെ വേഷത്തിനനുസരിച്ച് ഭാഷയും നീചമാക്കിയിരുന്നുവെങ്കിൽ തന്മയത്വത്തിന് ഒരു മാററുംകൂടി കൂടുമായിരുന്നു.

ജയദ്രഥവധപ്രതിജ്ഞയെ ശ്രവിച്ച ദുര്യോധനൻ ജയദ്രഥരക്ഷണത്തിനുവേണ്ടി രഥാരൂഢനായി രണഭൂമിയിലേക്കു പുറപ്പെടുന്ന ഭാഗത്തിൽ അവസാനിക്കുന്ന രണ്ടാമങ്കത്തിനു പിൻപും, ദ്രോണവധം നിമിത്തം പോക്കളം വിട്ടോടുന്ന വില്ലാളികളെ, കാര്യം മനസ്സിലാക്കാതെ അപഹസിച്ചും, കളകളശബ്ദത്തെക്കേട്ടു വാളൂരിപ്പിടിച്ചും, അശ്വത്ഥാമാവ് രംഗപ്രവേശം ചെയ്യുന്ന തൃതീയാങ്കത്തിനു മുൻപും ആയി, ഒരു പക്ഷിണിയിൽ (ഒരു രാവും രണ്ടു പകലും) നടന്ന യുദ്ധവും മററും കവി, വസാഗന്ധരുധിരപ്രിയനാമധേയമായ രാക്ഷസയുഗ്മത്തെ പ്രവേശിപ്പിച്ച് രംഗസ്ഥന്മാരെ മനസ്സിലാക്കുന്നു. രാക്ഷസയുഗ്മം നീചപാത്രങ്ങളാകയാൽ ഈ അത്ഥോപക്ഷേപകം പ്രവേശകം.

*"ഹദമാണുശമംശഭാലഏ
കുംഭശഹസ്സവശാഹിംശംചിഏ
അണിശംഅപിവാമിശോണിഅം
വലിശശദംശമലെഹൂവീഅദു."

ഈ രാക്ഷസീവാക്യത്തെ ഭാഷാന്തരകൃതിയിൽ

"മൃതരാക്ഷേടർതൻവസോഗ്രമാംസാ-
നിതമാംകുംഭസഹസ്രമിന്നണച്ചേൻ;
സതതംനിണമിങ്ങനിക്കുടിക്കാം;
ശതവഷംസമരംഭവിച്ചിടട്ടേ."

എന്നാണ് തർജ്ജമചെയ്തുകാണുന്നത്. ഇതിലെ ഭാഷ നീചമായിരിക്കുന്നില്ലെന്നു മാത്രമല്ല, അതേകൃതിയിലെ മററു ചില മദ്ധ്യമോത്തമപാത്രങ്ങളുടെ ഭാഷയെ

---

* ഹതമാനുഷമാംസഭാരകുംഭസഹസ്രവസാഭിഃസംചിതേ അനിശം ച പിബാമി ശോണിതം വർഷശതം സമരോ ഭവേതു.

അപേക്ഷിച്ച് സംസ്കൃതമായും കാണപ്പെടുന്നു. വേണീസംഹാരത്തിലെ പ്രതിനായകനായ ദുര്യോധനൻ രണ്ടാമങ്കത്തിൽ ചൊല്ലുന്ന പദ്യം നോക്കുക.

"ചതിവിലോതടവരാഹനേരയോ
ചിതമെഴുംവലുതോപരമല്ലമോ;
അരികളിൽസ്വയമോപരഭ്രമാരചി-
പ്പൊരുവിപത്തുതരത്തുമതിപ്രിയം."

നിരർത്ഥകപദപ്രചുരമോ വിഷമാന്വയമോ ആയ ഈ പദ്യം നാടകത്തിലെ പ്രതിനായകൻ പറയുന്നതും, മുന്നുദ്ധരിച്ച "മൃതരാംഭടർതൻ" ഇത്യാദി പദ്യം കേവലം കഥാബാഹ്യമായ ഒരു നീചപാത്രം പറയുന്നതുമാണ്. ഇവയിലെ ഭാഷാഭേദവും പദപ്രയോഗവും സഹൃദയന്മാർ പരിശോധിക്കട്ടെ. കഥാപാത്രങ്ങളിൽ ഓരോരുത്തരുടെയും— വിശേഷിച്ചു നീചപാത്രങ്ങളുടെ— ഭാഷയിൽ തന്മയത്വം വരുത്തുന്നതിനു നാടകകർത്താക്കന്മാർ ശ്രദ്ധിക്കേണ്ടത് അത്യാവശ്യമാകുന്നു. "പ്രവേശക"ത്തിലെ പാത്രങ്ങൾക്കും അവരുടെ ഭാഷക്കും നീചത്വം കല്പിക്കേണ്ടതു, ഭരതമുനിയുടെ അഭിപ്രായപ്രകാരം, നിർബ്ബന്ധിതമായിരിക്കേ, മറ്റെല്ലാവിഷയങ്ങളിലും ഭരതമുനിയെ അനുകരിക്കുന്ന ഭാഷാകവികൾ ഇക്കാര്യത്തിലും ദൃഷ്ടിവെക്കേണ്ടതാണെന്നു ചൂണ്ടിക്കാണിക്കുന്നതിനുവേണ്ടി പ്രസംഗവശാൽ എഴുതേണ്ടിവന്ന ഈ ഭാഗം ഇവിടെ നില്ക്കട്ടെ.

ഏതെങ്കിലുമൊരങ്കത്തിൽ-
ഭാവിയായകഥാംശവും
ബീജവുംചൂണ്ടിയോതീടി-
ലതാണങ്കമുഖാഹ്വയം.

കഥയിലെ ഭാവിഭാഗങ്ങളേയും കഥാബീജത്തേയും ഒട്ടൊട്ടായി തെളിയിക്കത്തക്കവിധം പാത്രങ്ങൾ തമ്മിൽ സംഭാഷണം നടത്തുകയാണെങ്കിൽ അതു അങ്കമുഖം. മാലതീമാധവത്തിലെ പ്രഥമാങ്കത്തിൽ കാമന്ദകിയും അവലോകിതയും തമ്മിൽ നടത്തുന്ന സംഭാഷണം നോക്കുക. ഒരങ്കത്തിന്റെ ഒടുവിൽ പാത്രങ്ങൾ നടത്തുന്ന സംഭാഷണത്തെത്തുടൎന്ന് അടുത്ത അങ്കം തുടങ്ങുന്നതാണ് അങ്കമുഖമെന്നു ധനികൻ സിദ്ധാന്തിക്കുന്നു. വാസ്തവത്തിൽ ഈ അങ്കമുഖത്തിനും അടുത്തു വക്ഷ്യമാണമായ അങ്കാവതാരത്തിനും തമ്മിൽ പറയത്തക്ക യാതൊരു ഭേദവും കാണാത്തതിനാൽ ആ അഭിപ്രായം നിരസിക്കുകയേ നിവൃത്തിയുള്ളു. ഭാവ്യങ്ങളിലെ കഥ, സംക്ഷേപിച്ചിട്ടാണെങ്കിലും പ്രതിപാദിക്കപ്പെടുന്നതുകൊണ്ടു, ഹൃദയവികാരപരമ്പരാവിജ്ഞാപകമായ 'മുഖം'പോലെ ഈ 'അങ്കം' ദ്രഷ്ടാക്കൾക്ക് ആന്തരജ്ഞാനബോധത്തിനുതകുന്നതിനാൽ ഇതിന്റെ നാമം— അങ്കമുഖം— അന്വർത്ഥം തന്നെ.

ഒരങ്കത്തിന്റെയൊടുവിൽ-
കഥാപാത്രംകഥിച്ചപോൽ
അടുത്തങ്കംതുടങ്ങുന്ന
രീതിയങ്കാവതാരമാം.

ചില അവസരങ്ങളിൽ കഥാപാത്രങ്ങൾ അങ്കത്തിന്റെ ഒടുവിൽ സംഭാഷണം ചെയ്യുന്നതിനെ അനുസരിച്ച് അടുത്തങ്കത്തിന്റെ ആദിയിൽ കഥാപാത്രം പ്രവേശിക്കുകയും കഥ അനവച്ഛിന്നമായി നടന്നുകൊണ്ടിരിക്കുകയും പതിവുണ്ട്. അങ്കത്തിനു മദ്ധ്യേ പാത്രങ്ങൾ സംഭാഷ

ണംചെയ്തുകൊണ്ടിരിക്കുന്നതിനിടയ്ക്കു, മറെറാരു പാത്രം പ്രവേശിക്കുകയോ കഥാപാത്രങ്ങളുടെ പ്രസംഗവും പ്രവൃത്തിയും തുടൎന്നുകൊണ്ടിരിക്കുകയോ ചെയ്താൽ അങ്കച്ഛേദം വരിക പതിവില്ലല്ലോ. എന്നാൽ അങ്കം ക്രമത്തിലധികം നീണ്ടുപോവുകയോ മററു കാരണങ്ങളാൽ തക്കതായ ആവശ്യം നേരിടുകയോ ചെയ്താൽ പ്രസംഗവും പ്രവൃത്തിയും നടന്നുകൊണ്ടിരിക്കുമ്പോൾ തന്നെ അങ്കച്ഛേദം വരുത്തി അടുത്ത ഭാഗം മറെറാരങ്കമായി തിരിക്കാറുണ്ട്. ശാകുന്തളത്തിലെ ൬-ം ൭-ം അങ്കങ്ങൾ ഉദാഹരണത്തിനു സ്വീകരിക്കാം. "മഹാരാജാവേ തേരിൽ കയറാം" എന്ന മാതലിവാക്യത്തിൽ ൬-ാമങ്കം അവസാനിക്കുകയും "രഥാരൂഢനായ മഹാരാജാവും മാതലിയും ആകാശമാൎഗ്ഗത്തിൽ പ്രവേശിച്ചും"കൊണ്ടു ൭-ാമങ്കം ആരംഭിക്കുകയും ചെയ്യുന്നു. ഇവിടെ കഥ അനവച്ഛിന്നമായി നടന്നുകൊണ്ടിരിക്കുകയാണെങ്കിലും സൌകൎയ്യത്തിനുവേണ്ടി, കവി, അങ്കച്ഛേദം ചെയ്തിരിക്കുന്നു. ഇവിടെ മാതലിയുടെ അപേക്ഷ അനുസരിച്ചു മഹാരാജാവു തേരിൽ കയറുന്നതും രഥം ആകാശമാൎഗ്ഗത്തിലേക്ക് ഉയരുന്നതും ആയിരിക്കാം കവി രംഗപ്രയോഗാനൎഹമായി വിചാരിച്ചിട്ടുള്ളത്. ഈ ഭാഗം രംഗത്തിൽ പ്രയോഗിക്കുന്നതിനു പാടില്ലാത്തവിധം നിന്ദ്യമല്ലെങ്കിലും രംഗത്തിൽ പ്രയോഗിക്കുന്നതിന് അസാദ്ധ്യമാണെന്നു കാണാവുന്നതാണ്. രണ്ടായാലും മററു അൎത്ഥോപക്ഷേപകങ്ങളെപ്പോലെ അങ്കാവതാരം രംഗപ്രയോഗാനൎഹകഥാഭാഗസൂചനം നിൎവ്വഹിക്കുന്നില്ലെന്നുള്ള വിശേഷം സൂക്ഷിച്ചു കാണുക.

തിരശ്ശീലയ്ക്കുള്ളിൽനിന്നു
സൂചിപ്പിപ്പതുചൂളിക.

ഒരങ്കത്തിന്റെ ആദിയിലോ മദ്ധ്യഭാഗത്തോ അണിയറയിൽനിന്നുംകൊണ്ടു കഥാസൂചനം നിൎവ്വഹിക്കുന്നതു ചൂളിക. വേണീസംഹാരത്തിലെ (അണിയറയിൽ കളകളത്തിനു ശേഷം) ഭോ ഭോ ദ്രുപദൻ, വിരാടൻ, വൃഷ്ണി, അന്ധകൻ, സഹദേവൻ തുടങ്ങിയിരിക്കുന്ന നമ്മുടെ സേനാപതികളേ! കൌരവസേനയിലെ പ്രധാനയോധന്മാരേ! ഭവാന്മാർ കേട്ടാലും.

"സത്യംതോററീടുമെന്നായ്ഭയമൊടുബ
ന്ധിച്ചുശാന്തപ്പെടുത്തീ; (ദ്യൂത-
പേൎത്തുംവംശത്തെനിൎത്താൻശമമൊട
ലവുംവിസ്മരിപ്പാനുമെന്നി; (ഖി-
ചാലേചൂതാട്ടമായോരരണിയിലുളവായ്
ദ്രൌപദീവസ്ത്രമോക്ഷ-
ത്താലേവൎദ്ധിച്ചിടുന്നുകുരുവനമതിലാ-
ധൎമ്മജക്രോധവഹ്നി."

എന്ന ഭാഗം നോക്കുക. ശ്രീകൃഷ്ണൻ ധൎമ്മപുത്രരുടെ ദൌത്യം വഹിച്ച്, കൌരവസദസ്സിലേക്കു പുറപ്പെട്ടുപോയ വൎത്തമാനം കേട്ടു ക്രമത്തിലധികം ക്രുദ്ധനായ ഭീമസേനൻ, അത്തവിഷയത്തെ സംബന്ധിച്ച് സഹദേവനുമായി കലഹിച്ചുകൊണ്ടിരിക്കുന്ന അവസരത്തിൽ, ഭഗവദ്ദൌത്യം വിഫലമായതിനേയും ഭഗവാൻ അധിക്ഷേപിക്കപ്പെട്ടതിനേയും സൂചിപ്പിക്കുന്നതിനുവേണ്ടി അണിയറയിൽനിന്നു വിളിച്ചുപറയുന്ന ഭാഗമാണിത്.

ഇച്ചൊന്ന അഞ്ചു അൎത്ഥോപക്ഷേപകങ്ങളിൽ വിഷ്കംഭപ്രവേശകങ്ങൾമാത്രം

അങ്കഭിന്നങ്ങളാകുന്നു അസൂചിതപാത്രപ്രവേശം നാടകത്തില്‍ വിഹിതമല്ലായ്കയാല്‍, ഇവയുടെ അവസാനത്തില്‍ സൂചിപ്പിക്കുന്നതുപോലെയായിരിക്കും അടുത്ത അങ്കത്തില്‍ കഥാപാത്രം പ്രവേശിക്കുന്നത്. കാമാവിഷ്ടനായ രാവണന്‍ സീതാനനയനത്തിനുവേണ്ടി അശോകവനികയിലേക്ക പുറപ്പെടാന്‍ നിശ്ചയിച്ചിരിക്കുന്നതായി തന്റെ ചേടിയില്‍നിന്നും ഗ്രഹിച്ച മണ്ഡോദരി, മഹാരാജാവിന്റെ കാമഗോഷ്ഠികളെക്കണ്ടു പരിഹസിക്കുന്നതിനും വേണ്ടിവരുന്നപക്ഷം പ്രത്യക്ഷയാകുന്നതിന്നും നിശ്ചയിച്ച്, "മഹാരാജാവറിയാതെ അശോകവനികയില്‍ ചെന്ന് വള്ളിക്കെട്ടിനിടയില്‍ മറഞ്ഞുനില്‍ക്കുന്നതിനു" പുറപ്പെടുന്ന ഭാഗത്തില്‍ ആശ്ചര്യചൂഡാമണിയിലെ പ്രവേശകം അവസാനിക്കുകയും കാമാവിഷ്ടനായ രാവണന്റെ പ്രവേശത്തോടുകൂടി അഞ്ചാമങ്കം ആരംഭിക്കുകയും ചെയ്യുന്നു. ഇവിടെ പ്രവേശകത്തില്‍ സൂചിപ്പിക്കുന്ന പാത്രമായ രാവണനാണ് അങ്കത്തില്‍ ആദ്യമായി പ്രവേശിക്കുന്നതെന്നു സ്പഷ്ടം. ഇതുപോലെ എല്ലാ സ്ഥലങ്ങളിലും കാണ്‍ക. അങ്കത്തിന്റെ അംഗമെന്ന നിലയില്‍ നടത്തപ്പെടുന്ന ഈ രണ്ടര്‍ത്ഥോപക്ഷേപങ്ങള്‍ക്ക "പൂര്‍വ്വാംഗം" എന്നും കൂടിപ്പേരുകല്പിക്കാം. അങ്കത്തിനു പൂര്‍വ്വമുള്ള അംഗം എന്നു ശബ്ദാര്‍ത്ഥം. "പ്രവേശകം എന്ന പൂര്‍വ്വാംഗം" എന്നു ശാകുന്തളത്തിലും "വിഷ്കംഭം എന്ന പൂര്‍വ്വാംഗം" എന്നു മാളവികാഗ്നിമിത്രത്തിലും പ്രയോഗിച്ചിട്ടുള്ളതു നോക്കുക. അങ്കമുഖാദ്യര്‍ത്ഥോപക്ഷേപകങ്ങള്‍ അങ്കഭിന്നങ്ങളും, എല്ലായ്പ്പൊഴും കഥാബാഹ്യങ്ങളായ പാത്രങ്ങളെക്കൊണ്ടു നിര്‍വ്വഹിക്കപ്പെടുന്നവയും അല്ലായിരിക്കാം; എങ്കിലും അവ രംഗപ്രയോഗാനര്‍ഹമായ ഏതെങ്കിലും കഥാഭാഗം രംഗസ്ഥന്മാരെ മനസ്സിലാക്കുന്നുണ്ടായിരിക്കുമെന്നു സൂക്ഷ്മമാലോചിച്ചാലറിയാം. നടന്മാര്‍ക്കും കാണികള്‍ക്കും വൈമനസ്യത്തിന്നിടവരുത്താതെ അതിചതുരമായി കാര്യം നിര്‍വ്വഹിച്ച പൂരാതനകവികുഞ്ജരന്മാരുടെ മനോധര്‍മ്മനാനാമുഖത്വം അഭിനന്ദനീയം തന്നെ.

പണ്ഡിതന്‍ എ. ഡി. ഹരിശര്‍മ്മ.

---

# വൃഷ്ടാഞ്ജലി.

## അഞ്ചാം അദ്ധ്യായം.

[പ്രഭാസദര്‍ശനം– ദൈന്യം– ആശാ– പ്രജ്ഞാ.]

നേരം പ്രഭാതമായി. സകല ജീവജാലങ്ങള്‍ക്കും ഉണര്‍ച്ച വന്നു. തീര്‍ത്ഥവാസികളായിട്ടുള്ള ബ്രാഹ്മണര്‍ പുഷ്കരമഹാതീര്‍ത്ഥത്തില്‍ സ്നാനതര്‍പ്പണാദികള്‍ കഴിച്ചു പ്രാതഃകൃത്യം അവസാനിപ്പിച്ചതിന്റെശേഷം 'പ്രഭാസ'നദിയുടെ തീര

ത്തിൽക്കൂടി വടക്കപടിഞ്ഞാറായി യാത്ര ചെയ്തുതുടങ്ങി. ഇവരിൽ ഒരാൾ വൃദ്ധനും ഗംഭീരസ്വഭാവത്തോടുകൂടിയവനും പ്രശാന്തമൂർത്തിയോടുകൂടിയവനും, മറ്റേ ആൾ തരുണവയസ്കനും തേജസ്വിയും അനുസന്ധാനശീലനും ആയിരുന്നു. വൃദ്ധൻെറ ദൃഷ്ടി മുമ്പോട്ടും മദ്ധ്യവയസ്കൻെറ ദൃഷ്ടി നാലുഭാഗത്തേക്കും പ്രസരിച്ചിരുന്നു.

കുറച്ചു ദൂരം പോയതിൻെറ ശേഷം മദ്ധ്യവയസ്കൻ പറഞ്ഞു: "ആര്യ്യാ! ഈ പ്രദേശം ഏററവും ശുഷ്കമായിരിക്കുന്നു. ഇവിടെ സസ്യങ്ങളും ദുർല്ലഭമായിട്ടേ വളരുന്നുള്ളു. ജനങ്ങളുടെ പാർപ്പിടങ്ങൾ കാണപ്പെടുന്നുണ്ടെങ്കിലും ഗ്രാമങ്ങളെല്ലാം നന്നെ ചെറുതായിരിക്കുന്നു. ജനസംഖ്യയും നന്നെ സ്വല്പമായിരിക്കുന്നു. നാലുദിക്കിലും നോക്കിയാൽ മുൾച്ചെടികളും ഈന്തമരങ്ങളും നിറഞ്ഞ വലിയ വലിയ മൈതാനങ്ങളാണ് കാണപ്പെടുന്നത്. ഭൂമിദേവിയെ ഇങ്ങിനെ ജനശൂന്യമായി കാണുമ്പോൾ മനസ്സിന്നു വളരെ സമാധാനക്കേടുണ്ടാവുന്നതാണ്."

വൃദ്ധൻ ഉത്തരം പറഞ്ഞു: "ഈ പ്രദേശം പണ്ട് ഈ മാതിരി ഫലവത്തല്ലാത്തതും ജനശൂന്യവുമായിരുന്നില്ല. സത്യയുഗത്തിൽ ഈ പ്രദേശം സമുദ്രംകൊണ്ടു മൂടിയിരുന്നു. പിന്നെ വിന്ധ്യപർവ്വതത്തിൻെറ ഉത്ഥാനത്തോടുകൂടി ഈ പ്രദേശവും ഉണ്ടായിത്തീൎന്നു. ത്രേതായുഗത്തിലും ദ്വാപരയുഗത്തിലും ഈ സ്ഥലം വങ്കാടായിക്കിടന്നിരുന്നു. ആ സമയത്തിൽ രാക്ഷസസന്താനങ്ങളായ ജടാസുരവംശക്കാർ ഈ കാട്ടിൽ സഞ്ചരിച്ചുകൊണ്ടിരുന്നു. പിന്നെ യദുവംശക്കാരായ ക്ഷത്രിയന്മാർ ഈ രാക്ഷസവംശത്തെ നശിപ്പിച്ച് ഈ പ്രദേശത്തിൽ വാണുതുടങ്ങി. ഇപ്പോഴും അവരുടെ സന്താനങ്ങൾതന്നെയാണ് ഈ പ്രദേശത്തിൽ കുടികൊള്ളുന്നത്. കരിയും ചുമലിൽ വെച്ചുകൊണ്ടു ദൃഢഗാത്രനായ ഒരാൾ വരുന്നതു നോക്കു; അയാൾ ഒരു യാദവനാണ്."

ഇങ്ങിനെ പറഞ്ഞുംകൊണ്ടു വൃദ്ധബ്രാഹ്മണൻ മുൻഭാഗത്തേയ്ക്കു തൻെറ കൈവിരൽ ചൂണ്ടിക്കാണിച്ചു. മദ്ധ്യവയസ്കനായ ബ്രാഹ്മണൻ, വൃദ്ധൻ ചൂണ്ടിക്കാണിച്ചതിന്നു നേരെ നോക്കിയപ്പോൾ അതിദീൎഘകായനും കൃഷിക്കാരനെപ്പോലെ തോന്നുന്നവനുമായ ഒരുവൻ അധികം ദൂരത്തല്ലാതെ നില്ക്കുന്നതു കണ്ടു. മദ്ധ്യവയസ്കനായ ബ്രാഹ്മണൻ അവൻെറ അടുക്കൽ ചെന്നു മധുരസ്വരത്തിൽ ആശീർവ്വാദംചെയ്തുകൊണ്ട് അവനോടു ചോദിച്ചു: 'താൻ ഏതു ജാതിക്കാരനാണ്? തൻെറ വീട് എവിടെയാണ്?' കൃഷിക്കാരൻ ദീൎഘശ്വാസം വിട്ടുംകൊണ്ടു പറഞ്ഞു: 'ഞാൻ യദുവംശക്കാരുടെ ഒരു സന്താനമാണ്. ആ കാണുന്ന കുടിലാണ് എൻെറ പാർപ്പിടം.' ബ്രാഹ്മണൻ പറഞ്ഞു: 'തൻെറ മുഖഭാവംകൊണ്ടു താൻ ഒരു വലിയ ദുഃഖത്തിലകപ്പെട്ടവനെന്നപോലെ തോന്നുന്നുണ്ട്. ബ്രാഹ്മണൻെറ അനുഗ്രഹംകൊണ്ടു ദുഃഖത്തിന്നു പ്രതിവിധി വരുന്നതാണെന്നു തനിക്കു വിശ്വാസമുണ്ടെങ്കിൽ തൻെറ വിവരങ്ങളെല്ലാം എന്നോടു പറഞ്ഞാലും.' യാദവൻ തല കുനിച്ചു നമസ്കരിച്ചുംകൊണ്ടു പറഞ്ഞു: 'നിങ്ങളുടെ അനുഗ്രഹം ഉണ്ടെങ്കിൽ മു

മ്പോട്ടു നടന്ന് എൻെറ കുടിലിനെ നിങ്ങളുടെ കാൽപ്പൊടികൾകൊണ്ടു പരിശുദ്ധമാക്കിയാലും. ഈ അധമൻെറ വൎത്തമാനങ്ങൾ പിന്നീടു കേൾപ്പിക്കാം.' ബ്രാഹ്മണർ കുടിലിൻെറ നേൎക്ക നടന്നുതുടങ്ങി. യാദവൻ അവരുടെ പിമ്പിലും നടന്നുതുടങ്ങി. ബ്രാഹ്മണർ കുടിലിൻെറ ഉമ്മറത്ത് എത്തിയ ഉടനെ ഒരു സ്ത്രീ പുറത്തേയ്ക്കു വന്നു ബ്രാഹ്മണരെ നമസ്കരിച്ചു. 'ഇവൾ എൻെറ ഭാൎയ്യയാണ്' എന്നു യാദവൻ അവരോടു പറഞ്ഞു. 'പുത്രൻ ഉണ്ടാവട്ടെ' എന്നു മദ്ധ്യവയസ്കനായ ബ്രാഹ്മണൻ ആശീൎവ്വാദം ചെയ്തു. യാദവൻ ഏററവും വ്യസനത്തോടുകൂടി പറഞ്ഞു: 'അയ്യോ ഈ അനുഗ്രഹം ഞങ്ങൾക്ക തരരുതെ! ഞങ്ങൾക്ക സന്തതിയുണ്ടാവണമെന്നു മോഹമില്ല.' മദ്ധ്യവയസ്കനായ ബ്രാഹ്മണൻ ഏററവും ആശ്ചൎയ്യത്തോടുകൂടി ചോദിച്ചു: 'എന്താണ് ഇങ്ങിനെ പറയുന്നത്? ഗൃഹസ്ഥാശ്രമികൾക്ക പുത്രസന്താനത്തെപ്പോലെ നയനാനന്ദകരവും മനസ്സന്തോഷത്തെ ഉണ്ടാക്കിത്തീക്കുന്നതുമായ മററു വല്ല വസ്തുവും ഈ പ്രപഞ്ചത്തിൽ ഉണ്ടോ? ആൎക്ക സന്താനമില്ലയോ അവരുടെ ജീവിതം സാൎത്ഥകമായിത്തീരുന്നില്ല. അവരുടെ ഗൃഹവാസം വിഡംബനമാത്രമാണ്. അവൎക്ക് ഇഹത്തിലും പരത്തിലും ഗതിയില്ല. അവരുടെ വീട് അന്ധകാരംതന്നെയാണ്.' ഇതിന്നു യാദവൻ ഒരു മറുപടിയും പറഞ്ഞില്ല. എത്ര നിബ്ബന്ധിച്ചിട്ടും ഈ അനുഗ്രഹം സ്വീകരിപ്പാൻ യാദവൻ വളരെ വൈമനസ്യം കാണിച്ചുതുടങ്ങി. വൃദ്ധൻ പറഞ്ഞു: 'ഹേ! യാദവാ, തനിക്ക സമാധാനക്കേടു വേണ്ട. ഇപ്പോൾ ആ കാൎയ്യത്തെപ്പററി പറഞ്ഞിട്ട് ആവശ്യമില്ല. നേരം വൈകുന്നു. ഞങ്ങൾ തൻെറ അതിഥികളാണ്. ഭക്ഷണം കഴിഞ്ഞതിൻെറശേഷം ഇദ്ദേഹം തൻെറ വിവരങ്ങളെല്ലാം കേട്ടു വേണ്ട ഉപദേശം തരും.' യാദവൻെറ അഭിപ്രായമനുസരിച്ച് അയാളുടെ ഭാൎയ്യ രണ്ടു മൺകുടങ്ങൾ എടുത്തു സമീപത്തുള്ള നദിയിൽനിന്നു വെള്ളം കൊണ്ടുവരാൻ പോയി. യാദവൻ കുടിലിൻെറ ഉള്ളിൽനിന്ന് ഒരു കട്ടില് എടുത്തുംകൊണ്ടുവന്നു ബ്രാഹ്മണരെ അതിന്മേൽ ഇരുത്തിയതിൻെറ ശേഷം പറഞ്ഞു: 'ഞാൻ വലിയ ദരിദ്രനാണ്. ആ ഗ്രാമത്തിൽ ഒന്നു പോയി വരേണ്ടതുണ്ട്. നിങ്ങൾക്ക് അതുകൊണ്ട് ഒന്നും തോന്നരുത്.' യാദവൻ അവിടെനിന്നു പോയി. ഉടനെ അവൻെറ ഭാൎയ്യ വെള്ളവുംകൊണ്ട് അവിടെ എത്തി. ഒരു കുടം വെള്ളം കുടിലിൻെറ വാതുക്കൽ വെച്ചു മററെ കുടത്തിലെ വെള്ളംകൊണ്ടു ബ്രാഹ്മണരുടെ കാൽ കഴുകി. പിന്നെ അവൾ കുടിലിൻെറ ഒരു ഭാഗം ചൂലുകൊണ്ട് അടിച്ചു വെടിപ്പാക്കി മെഴുകി അവിടെ ഭക്ഷണം തയ്യാറാക്കാനുള്ള ഒരുക്കങ്ങൾ കൂട്ടി. ഏറെത്താമസിക്കാതെ യാദവൻ ഭക്ഷണസാമഗ്രികൾകൊണ്ടു മടങ്ങി എത്തി. അതെല്ലാം കുടിലിൻെറ ഉള്ളിൽ വെച്ചു ഭക്ഷണം തയ്യാറാക്കാനായി അവൻ ബ്രാഹ്മണരെ ഉള്ളിലേയ്ക്കു വിളിച്ചു.

വൃദ്ധൻ പറഞ്ഞു: 'നിങ്ങളുടെ വീട്ടിൽവെച്ചു സ്വയംപാകം ചെയ്യേണ്ട ആവശ്യം ഞങ്ങൾക്കില്ല. ഞങ്ങൾ പരിഷ്

ജകന്മാരാണ്. ഞങ്ങൾക്ക് ആർ തയ്യാറാക്കീട്ടുള്ള ഭക്ഷണവും കഴിക്കാം. സ്പർശദോഷം ഞങ്ങളെ ബാധിക്കുകയില്ല." വിശേഷിച്ച്, തന്റെ ഭാര്യ സൽകുലജാതയും ദേവീതുല്യയും ആണ്. അവൾ തയ്യാറാക്കുന്ന ഭക്ഷണം കഴിക്കാൻ ഞങ്ങൾക്ക് ഒരു വിരോധവുമില്ല'. പിന്നെ വെപ്പു കഴിഞ്ഞതിന്റെശേഷം ബ്രാഹ്മണരുടേയും പിന്നെ യാദവന്റെയും ഭക്ഷണം കഴിഞ്ഞതിന്റെശേഷം യാദവന്റെ ഭാര്യയും ഭക്ഷണം കഴിച്ചു.

സന്ധ്യാസമയത്തു മദ്ധ്യവയസ്കനായ ബ്രാഹ്മണൻ യാദവന്റെ വൃത്താന്തങ്ങൾ പറയാൻ അവനെ നിർബ്ബന്ധിച്ചു. യാദവൻ തലതാഴ്ത്തി കുറച്ചുനേരം മൌനമായിരുന്നു. പിന്നെ പെട്ടെന്ന് എണീററുനിന്നു പറഞ്ഞു: 'ഇവിടെവെച്ചു വേണ്ട. മഹാന്മാരായ നിങ്ങൾ എന്റെ ഒന്നിച്ചു വന്നാലും.' ബ്രാഹ്മണർ അവന്റെ ഒന്നിച്ചുപോയി. പിന്നെ നദീതീരത്തിലുള്ള ഉയൎന്ന ഒരു സ്തൂപത്തിന്റെ മുകളിൽ കയറി യാദവൻ ബ്രാഹ്മണരെ അവിടെ ഇരുത്തിയതിന്റെശേഷം താനും ഇരുന്നു. തന്റെ ഇടത്തുഭാഗത്തും വലത്തുഭാഗത്തും മൂന്നുനാലു ഭാഗം നോക്കിയതിന്റെശേഷം യാദവൻ പറയാൻ തുടങ്ങി:—

“നിങ്ങൾ തെക്കോട്ടായി നദിയുടെ മറുകരയിലേയ്ക്കു നോക്കുവിൻ. ഏററവും വലുതായ ഒരു രാജമന്ദിരം ഇടിഞ്ഞു പൊളിഞ്ഞു കിടക്കുന്നതു നിങ്ങൾക്കു കാണാവുന്നതാണ്. അതായിരുന്നു എന്റെ അച്ഛന്റെ വാസസ്ഥലം. നിങ്ങൾ ഇടത്തോട്ടു നോക്കുവിൻ! അതാ എന്റെ കുടിൽ കാണുന്നു. ആ രാജഭവനം എങ്ങിനെയാണ് ഈ കുടിലായി പര്യവസാനിച്ചത് എന്നറിയാനാണ് നിങ്ങൾ ആഗ്രഹിക്കുന്നത്.” യാദവൻ ദീർഘശ്വാസം വിട്ടു.

വൃദ്ധൻ പറഞ്ഞു: “മാറിമാറിക്കൊണ്ടിരിക്കുന്നതു തന്നെയാണ് കാലധർമ്മം. സകലത്തിന്നും ഇടവിടാതെയുള്ള മാററം വന്നുകൊണ്ടിരിക്കുന്നു. മുമ്പു രാജഭവനമായിരുന്നതു കാലാന്തരത്തിൽ മാററം വന്നു കുടിലായിത്തീരുന്നു. കുടിലായിരുന്നതു മാറി വീണ്ടും രാജഭവനമായിത്തീരുന്നു. തന്റെ അച്ഛന്റെ വാസസ്ഥലം കുടിലാണ് ആയിരുന്നത് എങ്കിൽ താൻ ഇപ്പോൾ രാജഭവനത്തിൽ താമസിച്ചിരുന്നേനെ. താൻ ഇപ്പോൾ കുടിലിൽ താമസിക്കുന്നു. തന്റെ അനന്തിരവന്മാൎക്ക് രാജഭവനത്തിൽ താമസിക്കാൻ എടവരും.” വൃദ്ധൻ ഉഗ്രദൃഷ്ടിയോടുകൂടി പറഞ്ഞ വാക്കുകൾ തീജ്വാലയെന്നപോലെ യാദവന്റെ ഹൃദയത്തിൽ പ്രവേശിച്ച് അവന്റെ ഹൃദയത്തിൽ വളരെക്കാലമായി കെട്ടുകിടന്നിരുന്ന ആശാപ്രദീപത്തെ ഒന്നായി കത്തിജ്വലിപ്പിച്ചു. ആ ദീപപ്രഭ അവന്റെ മുഖത്തു ശോഭിച്ചു. അവൻ പറയാൻ തുടങ്ങി:—

“നാലുഭാഗത്തും നോട്ടം എത്തുന്നതുവരെയുള്ള ദിക്കെല്ലാം എന്റെ അച്ഛന്റെ സ്വത്തായിരുന്നു. അച്ഛൻ അതിഗുണവാനായിരുന്നു. തന്റേതെന്നും അന്യന്റേതെന്നും ഉള്ള വിചാരം അദ്ദേഹത്തിന്നുണ്ടായിരുന്നില്ല. അദ്ദേഹം ചാർച്ചക്കാരും വേഴ്ചക്കാരുമായ അനേകം പേരെ തന്റെ ഒന്നിച്ചു താമസിപ്പിച്ചു രക്ഷി

ച്ചുവന്നിരുന്നു. അവരിൽ ചിലർ സ്വാത്ഥം നേടാൻ വേണ്ടി അദ്ദേഹത്തിന്നു വിരോധം പ്രവത്തിച്ചു എങ്കിലും അദ്ദേഹം അവരെ ശിക്ഷിക്കുകയോ അവൎക്കു വിരോധമായി പ്രവത്തിക്കുകയോ ചെയ്തില്ല. അവർ ചെയ്തതെല്ലാം അദ്ദേഹം ക്ഷമയോടുകൂടി സഹിച്ചതേയുള്ളു.

"കുറെ കാലം ഇങ്ങിനെ കഴിഞ്ഞു. പിന്നീട് അദ്ദേഹത്തിൻെറ ബന്ധുവായ് ഒരുവൻ സമുദ്രത്തിൻെറ അക്കരയിൽനിന്ന് അവിടെ വന്നെത്തി. മ്ലേച്ഛദേശത്തിൽ താമസിക്കുക നിമിത്തം അവൻ പൈതൃകധമ്മം വെടിഞ്ഞു തോന്നിവാസിയായിത്തീൎന്നിരുന്നു. അങ്ങിനെയാണെങ്കിലും അവൻ തന്നെ ശരണം പ്രാപിച്ചപ്പോൾ അച്ഛൻ അവന് അഭയം കൊടുത്തു. അച്ഛൻ അവനെ തൻെറ ഭവനത്തിൽ താമസിപ്പിച്ചില്ല. ഭവനത്തിൻെറ പുറത്തുഭാഗത്ത് അവൻ ഒരു പീടിക വെച്ചു തൻെറ നിത്യവൃത്തി കഴിച്ചുവന്നു.

"ഞങ്ങളുടെ കുടുംബം വളരെ വലുതായിരുന്നു. അനവധി ചാച്ചക്കാരും വേഴ്ചക്കാരും ഒന്നിച്ചാണ് ഞങ്ങൾ താമസിച്ചിരുന്നത്. ഇത്ര അധികം കുടുംബങ്ങൾ ഒന്നായി താമസിക്കുമ്പോൾ ചിലപ്പോൾ അവർ തമ്മിൽ യോജിപ്പില്ലാതെ സ്വല്പ വരുന്നത് ഒരിക്കലും അസംഭവമല്ലല്ലോ. ആദ്യത്തിൽ ഈ കലഹങ്ങളെല്ലാം രണ്ടു, നാലു, പത്തു ദിവസങ്ങളിലധികം നിന്നിരുന്നില്ല. പുറത്തുനിന്ന് ആരെയും മദ്ധ്യസ്ഥനായി വിളിക്കാതെ കാൎയ്യങ്ങൾ രാജിയായിത്തീൎന്നിരുന്നു. ഗൃഹച്ഛിദ്രങ്ങളൊന്നും പുറത്തേയ്ക്കു പ്രകാശിച്ചില്ല.

"എന്നാൽ സമത്ഥനായ ഈ പീടികക്കാരൻ വന്നതിൻെറ ശേഷം കാൎയ്യങ്ങൾ ആമാതിരി കലാശിച്ചില്ല. കുടുംബക്കാർ തമ്മിൽ വല്ല തക്കങ്ങളും ഉണ്ടായാൽ അവൻ ആരും അറിയാതെ കുടുംബക്കാരുടെ പിന്നിൽ കൂടി അവരുടെ ശണ്ഠ വദ്ധിപ്പിച്ച് മിക്ക അവസരങ്ങളിലും അവർ തമ്മിൽ വ്യവഹാരം ഉണ്ടാക്കിത്തീൎത്തു. വ്യവഹാരം തുടങ്ങിയപ്പോൾ അവൻ ബഹുകൌശലത്തോടും സൂത്രത്തോടുംകൂടി ചിലപ്പോൾ ഒരു പക്ഷത്തിലും ചിലപ്പോൾ മറുപക്ഷത്തിലും ചേൎന്ന് ഇരുകക്ഷികൾക്കും നാശം ഉണ്ടാക്കിത്തീക്കുകയും താൻ ലാഭം നേടുകയും ചെയ്തു. എന്നാൽ ഇതെല്ലാം കണ്ടിട്ടും ആൎക്കും ഒരിക്കലും അവൻെറ നേരെ അവിശ്വാസം ഉണ്ടായില്ല.

"എന്തിനധികം പറയുന്നു? ഇത്ര ധൂത്തനും തൻകാൎയ്യം മാത്രം നോക്കുന്നവനും സമത്ഥനും ആയ ഒരു പുരുഷൻ ഇതുവരെ ഞങ്ങളുടെ പ്രദേശത്തിൽ വന്നിട്ടില്ല. അവൻ ക്രമത്തിൽ എല്ലാവരേയും തൻെറ വശത്താക്കി. ഞങ്ങളുടെ ദിവാൻജിയുടെ അധികാരംകൂടി അവൻെറ കയ്യിലായിത്തീൎന്നു. അതിന്നു പിന്നീടുള്ള കഥ പറയണോ? ദിവാൻജി ഭൂമിയുടമസ്ഥനായിത്തീൎന്നു. ഞങ്ങൾ പിച്ചക്കാരായി ഈ കുടിലിലും താമസിക്കേണ്ടിവന്നു.

"എൻെറ മുമ്പിലത്തെ സ്ഥിതി എന്തായിരുന്നു, ഇപ്പോഴത്തെ സ്ഥിതി എന്താണ് എന്നു നിങ്ങൾ നോക്കുവിൻ! വലിയ ജന്മിയുടെ മകനായ ഞാൻ വയലിൽ ഉഴുതുകൊണ്ടു കാലം കഴിക്കുന്നു.

എനിയ്ക്കു സന്തതികളുണ്ടായാൽ അവരുടെ അവസ്ഥ എന്തായിരിയ്ക്കും? ഞങ്ങളുടെ സർവ്വസ്വവും നശിച്ചാലേ ഋണം വരുള്ളൂ. ദുഃഖംകൊണ്ടും കഷ്ടപ്പാടുകൾകൊണ്ടും വഴിഞ്ഞൊഴുകുന്നതും ചളിനിറഞ്ഞതുമായ ഈ ജീവനനദി വററി വരണ്ടു നശിച്ചുപോകുന്നതുതന്നെയാണു നല്ലത്.''

ഈ കഥ പറഞ്ഞുകൊണ്ടിരിയ്ക്കുമ്പോൾ വൃദ്ധബ്രാഹ്മണൻ മദ്ധ്യവയസ്കനായ ബ്രാഹ്മണൻെറ ശിരസ്സിൽ കൈ വെച്ചിരുന്നു. മർമ്മംപിളക്കുന്ന യാദവൻെറ കഥകൾ കേട്ടിട്ട് മദ്ധ്യവയസ്കനായ ബ്രാഹ്മണന് അതിയായ വ്യസനം ഉണ്ടായി. പിന്നെ യാദവൻെറ കൈ പിടിച്ച് അദ്ദേഹം ഇങ്ങിനെ പറഞ്ഞു: ''പോക. ഈ നിലാവുള്ള സമയത്തു നിങ്ങളുടെ പിതൃഭവനത്തിൻെറ അവശേഷത്തെ നോക്കിക്കണ്ടു നമുക്കു മടങ്ങിവരാം. മഹാനായ ഇദ്ദേഹം നിങ്ങളുടെ കുടിലിലേയ്ക്കു ദൃഷ്ടിവെച്ചുംകൊണ്ടു നമ്മൾ മടങ്ങിവരുന്നതുവരെ ഇവിടെ നില്ക്കട്ടെ.''

മദ്ധ്യവയസ്കനായ ബ്രാഹ്മണൻ മുമ്പിലും യാദവൻ അദ്ദേഹത്തിൻെറ പിമ്പിലും നടന്നുതുടങ്ങി. നദിയിൽ വെള്ളം കുറച്ചേ ഉണ്ടായിരുന്നുള്ളൂ. ഇരുവരും എളുപ്പത്തിൽ മറുകരയെത്തി രാജഭവനത്തിൻെറ ഉള്ളിൽ പ്രവേശിച്ചു. യാദവൻ ആ ഭവനത്തിൻെറ ഉള്ളിൽ കടന്ന മാത്രത്തിൽ അത്യുഗ്രമായ ഒരു പ്രകാശംകൊണ്ട് അയാളുടെ കണ്ണ് മഞ്ഞിവശായി. അയാൾ കണ്ണടയ്ക്കുകയും വീഴാതിരിയ്ക്കാൻ വേണ്ടി അയാൾ തൻെറ ഒന്നിച്ചുള്ള ബ്രാഹ്മണൻെറ കൈപിടിച്ചു നില്ക്കുകയും ചെയ്തു. കുറച്ചു കഴിഞ്ഞശേഷം അയാൾ കണ്ണു മിഴിച്ചു. എന്നാൽ ഒരടി മുന്നോട്ടു പോവാൻ അയാൾക്കു കഴിഞ്ഞില്ല. തൻെറ മുമ്പിൽ മഹത്തായ ഒരു രാജസഭയും അതിൻെറ നടുവിൽ ഒരു സിംഹാസനവും ആ സിംഹാസനത്തിൽ ഒരു ചക്രവർത്തി ഇരിയ്ക്കുന്നതും യാദവനു കാണാറായി. രാജാവിൻെറ മുമ്പിലായി അദ്ദേഹത്തിനെപ്പോലെ സുന്ദരനായ ഒരു യുവാവ് കൈകൂപ്പിക്കൊണ്ടു നില്ക്കുന്നുണ്ട്. ക്രോധംകൊണ്ടു ചുമന്ന കണ്ണുകളോടുകൂടിയ രാജാവ് ഈ യുവാവിൻെറ നേരെ കണ്ണിമയാട്ടാതെ നോക്കിക്കൊണ്ട് ഇടിവെട്ടുംപോലെയുള്ള ശബ്ദത്തിൽ ഇങ്ങിനെ പറഞ്ഞു: ''നീ എൻെറ മൂത്ത മകനായിരുന്നിട്ടുകൂടി രാജ്യഭ്രഷ്ടനായിത്തീൎന്നുവല്ലോ. നിൻെറ വംശക്കാൎക്കു രാജ്യാധികാരത്തിന്നുള്ള അവകാശം നശിച്ചുപോയി. നിൻെറ സന്താനങ്ങളിൽ ആൎക്കും ഒരിയ്ക്കലും രാജ്യാധികാരം കിട്ടുന്നതല്ല.'' വാടിയ മുഖത്തോടുകൂടിയ യുവാവ് ഏററവും വിനയത്തോടുകൂടി പറഞ്ഞു: ''ഒരുകാലത്തും എൻെറ സന്താനങ്ങൾക്കു രാജ്യപ്രാപ്തി ഉണ്ടാവില്ലേ?'' രാജാവ് കുറച്ചു നേരം മൌനമായിരുന്ന് ആലോചിച്ചുംകൊണ്ടു പറഞ്ഞു: ''നിൻെറ വംശത്തിൽ മഹാവിഷ്ണു അവതരിയ്ക്കുന്ന കാലം വരെ നിൻെറ അനുജൻെറ പുത്രന്മാർ രാജ്യംഭരിയ്ക്കുകയും നിൻെറ സന്തതികൾ അവൎക്കു കീഴടങ്ങിയിരിക്കേണ്ടതായി വരികയും ചെയ്യും. അതുവരെ നിൻെറ സന്തതികൾക്കു രാജ്യാധികാരം കിട്ടുകയില്ല.''

യാദവൻെറ മനസ്സിലുദിച്ച ചോദ്യത്തിന്നുത്തരമായിട്ട് ബ്രാഹ്മണൻ അയാളോടു പറഞ്ഞു: ''ഇദ്ദേഹം യയാതിമ

ഹാരാജാവാണ്. ഇദ്ദേഹത്തിൻെറ മൂത്ത മകനും തൻെറ കുലത്തിലെ ആദിപുരുഷനുമായ യദുവിനെ ഇദ്ദേഹം ശപിച്ചു രാജ്യഭ്രഷ്ടനാക്കി.” യാദവൻ ഈ വാക്കുകൾ കേട്ടപ്പോൾ ബ്രാഹ്മണൻ മുമ്പു ചെയ്ത 'പുത്രലാഭ'മാകുന്ന അനുഗ്രഹത്തെ സ്വീകരിച്ചുംകൊണ്ടു വീണ്ടും രാജസഭയുടെ നേക്കു നോക്കി.

എന്നാൽ മുമ്പു കണ്ടതൊന്നും അയാൾ തൻെറ മുമ്പിൽ കണ്ടില്ല. ആ സഭാഗൃഹവും സിംഹാസനസ്ഥ രാജാവും രാജപുത്രനും രാജമന്ത്രികളും എല്ലാം മറഞ്ഞുപോയി. അതിൻെറ എല്ലാം സ്ഥാനത്ത് ഒരു വലിയ കാരാഗൃഹം കാണപ്പെട്ടു. അതിൻെറ ഉള്ളിൽ കയ്യിലും കാലിലും ചങ്ങലയോടുകൂടിയവളും വലിയ ഒരു കല്ല് തലയിലേററിയിരിക്കുന്നവളും സുന്ദരിയുമായ ഒരു സ്ത്രീയും, അവളുടെ അരികത്തു പ്രശാന്തഗംഭീരനും ചിന്താകുലനും ആയ ഒരു മഹാപുരുഷനും നില്ക്കുന്നുണ്ട്. ഇത്ര സുന്ദരിയായ ഇവളുടെ ഈ ദീനസ്ഥിതി കാണുമ്പോൾ കല്ലും കൂടി അലിഞ്ഞുപോകും. “ഈ സ്ത്രീപുരുഷന്മാർ ആരാണ്? നിഷ്ഠുരനായ ഏതു നരാധമനാണ് ഇവരെ ഈ മാതിരി കഷ്ടസ്ഥിതിയിലാക്കിയത്?” യാദവൻെറ മനസ്സിലുദിച്ച ഈ ചോദ്യങ്ങൾക്ക് ഉത്തരമായിട്ടു ബ്രാഹ്മണൻ മൃദുസ്വരത്തിൽ പറഞ്ഞു: “കംസാസുരൻ കാരാഗൃഹത്തിൽ ഇട്ട ദേവകീവസുദേവന്മാരെയാണ് താൻ കണ്ടത്.”

യാദവൻ കണ്ണിമയാട്ടാതെ നോക്കിക്കൊണ്ടു നിന്നു. പെട്ടെന്നു കാരാഗൃഹത്തിൻെറ വാതിൽ തുറക്കപ്പെട്ടു. ഉജ്ജ്വലമായ പ്രഭകൊണ്ടു, കൂരിരുട്ടോടുകൂടിയിരുന്ന കാരാഗൃഹം പ്രകാശിച്ചു. യാദവൻ നോക്കിക്കൊണ്ടുനില്ക്കേ, അത്യുജ്ജ്വലമായ ആ പ്രഭയുടെ ഉള്ളിൽനിന്ന് ഓരോരുത്തരായിട്ട് ഏഴു കുട്ടികൾ പുറത്തേയ്ക്കു വന്നു. അവർ ഓരോരുത്തരായി ചെന്നു ദേവകിയുടെ ഓരോ ചങ്ങലകൾ വിടുത്തിയതിന്നുശേഷം വീണ്ടും ആ പ്രഭാപടലത്തിന്നുള്ളിൽ പ്രവേശിച്ച് അതിൽ തന്നെ ലയിക്കുകയും ചെയ്തു.

അവർ മാത്രമല്ല ലയിച്ചുപോയത്. ഇടിഞ്ഞുപൊളിഞ്ഞുകിടന്നിരുന്ന രാജഭവനവും ആ യാദവനും അവരോടുകൂടെത്തന്നെ കാണാതെയായിപ്പോയി. താൻ ആ പ്രഭാസനദിയുടെ തീരത്തു തന്നെ നില്ക്കുന്നതായിട്ടാണ് വേദവ്യാസൻ കണ്ടത്; മാർക്കണ്ഡേയൻ തൻെറ ശിരസ്സിൽ കൈവെച്ചു തന്നോട് ഇങ്ങിനെ പറയുന്നതു വേദവ്യാസൻ കേട്ടു. 'സാധോ വേദവ്യാസാ! അങ്ങ് ധന്യൻതന്നെ. പ്രഭാസതീർത്ഥത്തിൻെറ അധിഷ്ഠാത്രിയായ ആശാമഹാദേവിയെ അങ്ങ് പ്രത്യക്ഷമാക്കിയിരിക്കുന്നു. ആയ്യന്മാരായ യാദവവംശക്കാരുടെ ഹൃദയത്തിൽനിന്നു രാജ്യാപഹാരം നിമിത്തമുള്ള ശോകാന്ധകാരത്തെ നീക്കംചെയ്ത് അവരുടെ മനസ്സിൽ ഉജ്ജ്വലമായ പ്രകാശം ഉണ്ടാക്കിത്തീക്കാൻ അങ്ങയ്ക്കു സാധിച്ചിരിക്കുന്നു.'

വ്യാസദേവൻ മാർക്കണ്ഡേയൻെറ കാല്ക്കൽ സാഷ്ടാംഗം നമസ്കരിച്ചു ചോദിച്ചു. 'ഹേ മുനിശ്രേഷ്ഠാ! ഇന്നത്തെ സകല സംഭവങ്ങളും അങ്ങയുടെ മായകൊണ്ടുണ്ടായതാണോ? ഞാൻ ഇന്നു കണ്ടതിൽ ഒരു സംഭവമെങ്കിലും യഥാത്ഥമല്ലെന്നുണ്ടോ?'

മാർക്കണ്ഡേയൻ വ്യാസദേവന്റെ ശിരസ്സിൽ ചുംബനംചെയ്തുകൊണ്ടു പറഞ്ഞു: 'ഭിന്നങ്ങളായിരിക്കുന്ന ബാഹ്യേന്ദ്രിയങ്ങളുടെ പ്രത്യക്ഷത എങ്ങിനെ ഭിന്നപ്രകാരമായിരിക്കുന്നുവോ അതുപോലെ അന്തരിന്ദ്രിയങ്ങളുടെ അനുഭൂതിയും ഭിന്നസ്വഭാവത്തോടുകൂടിയതാണ്. ചില പദാർത്ഥങ്ങൾ ത്വഗിന്ദ്രിയംകൊണ്ടും ചിലതു നേത്രേന്ദ്രിയംകൊണ്ടും മററു ചിലതു ശ്രോത്രേന്ദ്രിയംകൊണ്ടും വേറേ ചിലതു ഘ്രാണേന്ദ്രിയംകൊണ്ടും അറിയപ്പെടുന്നു. അതുപോലെ വിഷയഭേദംകൊണ്ടു ചില പദാർത്ഥങ്ങൾ യുക്തികൊണ്ടും ചിലത് ധർമ്മശക്തികൊണ്ടും മററു ചിലത് ആശകൊണ്ടും അനുഭവസിദ്ധമായിത്തീരുന്നു. ബാഹ്യലോകത്തിൽ ത്വഗിന്ദ്രിയപ്രത്യക്ഷമല്ലാത്ത ഒരു പദാർത്ഥം മിഥ്യയാണെന്നോ യഥാർത്ഥമല്ലെന്നോ പറയാൻ പാടുണ്ടോ? ഒരിക്കലും പാടില്ല. അതുപോലെ ബുദ്ധിക്കു വിഷയമാവാത്തതുകൊണ്ട് ഒരു സംഭവവും മിഥ്യയാണെന്നോ അസത്യമാണെന്നോ തീരുമാനിക്കാൻ പാടില്ല. അങ്ങ് ഈ പുണ്യതീർത്ഥത്തിൽനിന്നു കയ്യിൽ കൊള്ളുന്ന വെള്ളം മൂന്നു പ്രാവശ്യം കുടിച്ച് ഇങ്ങോട്ടു വരൂ.'

വ്യാസദേവൻ അപ്രകാരം ചെയ്തു. ഉടനെ അദ്ദേഹത്തിന്നു കാര്യമെല്ലാം മനസ്സിലായി. അദ്ദേഹം ഇങ്ങിനെ പറഞ്ഞു: 'ബുദ്ധിശക്തിക്കും ധർമ്മശക്തിക്കും വിഷയഭൂതങ്ങളായ സകല പദാർത്ഥങ്ങളും ഏതുപ്രകാരം സത്യവും സാരവത്തും ആണോ അതുപ്രകാരം തന്നെ ആശാവൃത്തിക്കു വിഷയഭൂതങ്ങളായ സകലപദാർത്ഥങ്ങളും സത്യവും സാരവത്തും ആണ്. ശ്രീകൃഷ്ണജനനിയായ ദേവകിയുടെ ആദ്യത്തെ ഏഴു പുത്രന്മാരിൽ ഓരോരുത്തരും അവർക്കു കാരാഗൃഹത്തിൽനിന്നു വിട്ടുപോരേണ്ടു കാര്യത്തിൽ എട്ടാമത്തെ ഗർഭത്തിൽ ജനിച്ച മഹാപുരുഷനെപ്പോലെ തുല്യസഹായം ചെയ്തിരിക്കുന്നു. ആദ്യത്തെ പുത്രന്മാരുണ്ടായില്ലെങ്കിൽ എട്ടാമത്തെപുത്രന് ഉണ്ടാവാൻ തരമില്ലല്ലോ.'

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

---

# സിവാജി *

അക്ബർ ചക്രവർത്തിയുടെ പ്രശാന്തമായ ഭരണം അസ്തമിച്ചു. ജിഹാംഗീറും, ഷാജിഹാനും പൂർവികന്മാരെ പിന്തുടന്നു. താൻ വിശ്വസിച്ചുപോരുന്ന മതത്തിൽ പ്രതിപത്തിയില്ലാത്ത പ്രജകളെയെല്ലാം കഠിനമായി ശാസിച്ചുപദ്രവിക്കുന്നതിൽ മാത്രം നിഷ്കർഷ പ്രദർശിപ്പിച്ച്, സ്വമതതിമിരത്താൽ അന്ധനായി, മററു യാതൊന്നിലും ശ്രദ്ധയില്ലാത്ത ഒരു ചക്രവർത്തിയായിരുന്നു അതിന്നുശേഷം സിംഹാസനത്തിൽ ആരോഹണംചെയ്തത്. അദ്ദേഹത്തിന്റെ ഭരണത്തിൽ അ

* ഒരു ഇംഗ്ലീഷുമാസികയിൽ നിന്ന്.

ധികം ക്ലേശിച്ചതു ഹിന്തുക്കളായിരുന്നു. അവരുടെ ക്ഷേത്രങ്ങളെയെല്ലാം അന്യായമായി നശിപ്പിച്ചും, ഭൂസ്വത്തുക്കളെ അക്രമമായി കീഴടക്കിയും, മററനേകവിധത്തിലും അദ്ദേഹം അവരെ ഉപദ്രവിച്ചു. ഇതു മുഗൾസാമ്രാജ്യത്തിന്റെ സമാധാനത്തെ ഇല്ലാതാക്കി; രാജ്യത്തിൽ അതൃപ്തിയും, ലഹളയും ക്രമേണ വൎദ്ധിച്ചുവന്നു. ഇന്ത്യാചരിത്രനഭോമണ്ഡലം ഇപ്രകാരം കറുത്തുവശായിരിക്കുന്ന കാലത്തായിരുന്നു ഈ ഉപന്യാസത്തിലെ നായകനായ സിവാജി അതിശോഭയോടെ ഉദിച്ചു പൊന്തിയത്.

പാശ്ചാത്യഗ്രന്ഥകാരന്മാർ ഇദ്ദേഹത്തെ കൊലപാതകിയെന്നും, ചതിയനെന്നും, തട്ടിപ്പറിക്കാരനെന്നും പറഞ്ഞാക്ഷേപിക്കുന്നു; ആയതിനാൽ ഇദ്ദേഹത്തെപ്പററി ശരിയായ ഒരു അറിവു നമുക്കു അവശ്യം വേണ്ടിയിരിക്കുന്നു. അതിപ്രശസ്തിയുള്ള 'ചിററൂർ രജപുത്ര'വംശങ്ങളിലൊന്നായ "ബാസലി"യിലെ ഒരു മാന്യകുടുംബത്തിൽ ജാതനായ സിവാജി ഒരിക്കലും ഒരു തട്ടിപ്പറിക്കാരനല്ല. സ്വദേശാഭിമാനം മൂൎത്തീഭവിച്ച നമ്മുടെ കഥാനായകൻ, തന്റെ പൌരുഷത്തിനുചിതമായ വിധത്തിൽ തന്റെ ഉദ്ദേശസിദ്ധിക്കായി യത്നിച്ചു. അദ്ദേഹത്തിൽ നിറഞ്ഞു കവിഞ്ഞിരുന്ന മഹത്തായ വാസനാബലം, അദ്ദേഹത്തെ പലേ പരിശ്രമങ്ങൾക്കുമായി പ്രേരിപ്പിച്ചു. സ്വജനങ്ങളിൽ അതിയായ ക്രൂരതയെ പ്രദൎശിപ്പിച്ചും, അവരുടെ ഭൂസ്വത്തുക്കളെ അന്യായമായി കീഴടക്കിയും, ക്ഷേത്രങ്ങളെ നശിപ്പിച്ചും ഉപദ്രവിച്ചുവന്നിരുന്നതു 'നീചന്മാരായ പശുഭക്ഷകന്മാരെ'—ആ മുസൽമാന്മാരെ—കീഴടക്കുക എന്നൊരൊററ സംഗതിയായിരുന്നു സിവാജിയുടെ ജീവിതത്തിലെ പ്രധാനോദ്ദേശം.

സിവാജി, 1627 മേയ്മാസത്തിൽ, ദക്ഷിണരാജ്യത്തുള്ള 'ശിവനേരി' എന്ന കോട്ടയിൽ ജനിച്ചു. അദ്ദേഹത്തിന്റെ പിതാവു, 'ബീജാപ്പുര'രാജാക്കന്മാരുടെ സേവകനായ 'ഷാജി' എന്നാളായിരുന്നു. മാതാവായ "ജീജാബായി", ഉത്തമദേശാഭിമാനിയായ ഒരു സ്ത്രീരത്നം ആയിരുന്നുവെന്നു മാത്രമല്ല, മുഹമ്മദീയമതത്തെ അവർ തീരെ വെറുത്തും വന്നിരുന്നു. സിവാജിയുടെ ഉത്തമോത്തമമായ സ്വരാജ്യസ്നേഹത്തിനും, സ്വമതവിശ്വാസത്തിനും മൂലകാരണം ഈ മഹതിയായിരുന്നുവെന്നു വിശിഷ്യ പറയേണ്ടതില്ലല്ലോ.

മുഹമ്മദീയരെപ്പററിയുള്ള വെറുപ്പ് സിവാജിയിൽ ശൈശവം മുതൽക്കുതന്നെ പ്രത്യക്ഷമായി കണ്ടുതുടങ്ങി. 'മുഹമ്മദീയരും ഹിന്തുക്കളുമായുള്ള മത്സരത്തിനു് അന്നും ഇന്നും ഒരുപോലെ കാരണമായ 'ഗോഹത്യയെ നിൎത്തൽചെയ്യാനായി ഒന്നിലധികം പ്രാവശ്യം' ലഹളക്കു പോയതാകും, ഹിംസകന്മാരെ തെരുവുകളിൽ വെച്ചുതന്നെ എതിൎത്തു ജയിച്ചു, കൊല്ലുവാൻ നിൎത്തിയിരിക്കുന്ന പശുക്കളെ വീണ്ടു കൊണ്ടുവന്നതായും മററും അനേക കഥകൾ അദ്ദേഹത്തെപ്പററി പറഞ്ഞുവരുന്നു' എന്നു 'പ്രൊഫസർ റോബിൻസൺ' പറയുന്നു. പത്തു വയസ്സുമാത്രം പ്രായമായിരുന്ന കാലത്തു ബീജാപ്പുരം രാജധാനിയിൽ പതിവുപ്രകാരമുള്ള 'സലാം' ചെയ്യുന്നതിനു

സിവാജി മറുത്തുവെന്നും, അപ്പോൾ ശിക്ഷയിൽനിന്നൊഴിവു കിട്ടിയതു അച്ഛന്റെ ശിപാശിയാൽ മാത്രമായിരുന്നുവെന്നും കേട്ടിട്ടുണ്ട്.

തങ്ങൾ മനഃപൂർവ്വം വെറുത്തുവന്നിരുന്ന മുസൽമാന്മാരുടെ രാജധാനിയായ ബീജാപ്പുരത്തിൽ താമസിക്കവാനുള്ള തൃപ്തികേടു നിമിത്തം, സിവാജിയും അമ്മയും ഷാജിയുടെ ജാഗീരായിരുന്ന പൂനയിൽ താമസം ഉറപ്പിച്ചു. ഷാജിയുടെ ഒരു വിശ്വസ്തഭൃത്യനും, ധർമ്മപരായണനും, സൽസ്വഭാവിയും ആയ 'ദാദാജി കോണ്ടു' എന്ന ആളുടെ രക്ഷാകർത്തൃത്വത്തിൻകീഴിൽ സ്വമതസ്നേഹം, സ്വരാജ്യസ്നേഹം ഇവയാകുന്നു വിശുദ്ധവായു വിനോയും ശ്വസിച്ചുകൊണ്ടു സിവാജി സുഖമായി വളൎന്നുവന്നു. സ്വമതസ്നേഹം വൎദ്ധിച്ചു വൎദ്ധിച്ചു കാലാന്തരത്തിൽ അതു കുലദേവതയായ 'അംബാഭവാനി'യിലുള്ള അതിഭക്തിയായി പരിണമിച്ചു. "തന്റെ ജീവിതത്തിൽ, താൻ ചെയ്യേണ്ടതായ ഒരു മുഖ്യ കടമ തനിക്കുണ്ടെന്നുള്ള ആന്തരബോധവും, കൊള്ളയടിക്കുന്നതിൽ സ്വതേ അഭിരുചിയില്ലെങ്കിലും, വിദേശീയരുടെ അന്യായമായ ആധിപത്യത്തിൽനിന്നു സ്വരാജ്യത്തെ രക്ഷിക്കുവാനുള്ള അത്യാസക്തിയും സിവാജിയോടൊപ്പം വളൎന്നുവന്നിരുന്നുവെന്നു നിസ്സംശയമാണ്" എന്നു 'പ്രൊഫസർ റോബിൻസൺ' പറഞ്ഞിരിക്കുന്നു.

സിവാജിക്കു പൂനയിൽ താമസിക്കുന്ന കാലത്തു ഹിന്തുശാസ്ത്രങ്ങളും, പുരാണങ്ങളും വായിച്ചുകേൾക്കുന്നതിൽ അതിയായ മോഹം ജനിച്ചു. രാമായണം, മഹാഭാരതം ഇവ വായിച്ചു കേട്ടുകൊണ്ട് അദ്ദേഹം രാത്രി വളരെനേരം ഉറക്കൊഴിച്ചിരിക്കും. ഒരിക്കൽ, ഒരു കഥാപ്രസംഗം കേൾക്കുന്നതിന്നായി, തന്റെ ജീവനുണ്ടാകാവുന്ന ആപത്തിനെക്കൂടി ഗണ്യമാക്കാതെ ഒരു മുസൽമാൻ സൈന്യത്തിന്നിടയിൽ കൂടെ ഒളിച്ചു കടന്നു പോയി. തന്നോടു എന്നെന്നും വിശ്വാസം കാണിച്ചവരായ 'മാവാളി'കളോട് അദ്ദേഹം ആദ്യമായി പരിചയപ്പെട്ടത് ഇവിടെ വെച്ചായിരുന്നു. മഹാരാഷ്ട്രയുടെ മുഴുവൻ ശക്തിക്കും കാരണഭൂതമായ ദക്ഷിണരാജ്യത്തെ കുന്നുകളെ കാട്ടാരടിയും ഇരുട്ടിൽപോലും തിരിച്ചറിയത്തക്കവണ്ണം പരിചയപ്പെടുവാനിടവന്നത് അദ്ദേഹത്തിന്ന് ഈ കൂട്ടരുടെ സഹവാസത്താലായിരുന്നു. 'സിൻഹഗാഡ്' കോട്ട പിടിച്ച അവസരത്തിൽ, തന്റെ ജീവനെക്കൂടെ തൃണീകരിച്ച 'താനാജിമാലുസ്രെ' എന്നാളെ കണ്ടതും ഇവിടെ വെച്ചാണ്. തന്റെ ഉദാസഹായികളായി നിന്ന്, ആപത്സമയങ്ങളിൽ ഉപകാരം ചെയ്യുവരായ 'എസാജകാങ്ക്', 'ബാജപസാൽകർ' എന്നിവരുടെ സ്നേഹിതനായിത്തീൎന്നതും പൂനയിൽവെച്ചുതന്നെ.

സിവാജിക്കു വിദ്യാഭ്യാസം വളരെ കുറവായിരുന്നു. എഴുതുവാനോ, വായിക്കുവാനോ അദ്ദേഹത്തിന്നറിവുണ്ടായിരുന്നില്ല. പക്ഷെ, ആയുധാഭ്യാസത്തിൽ അതിനിപുണനായിരുന്നു. നല്ലൊരു വില്ലാളിയും, ഒരു ധീരയോദ്ധാവുമായിരുന്ന സിവാജി കുതിരസ്സവാരിയിലും അതിയായ വൈദഗ്ദ്ധ്യം പ്രദൎശിപ്പിച്ചു.

1646-ൽ സിവാജി ആക്രമണം

ആരംഭിച്ചു. ആദ്യമായി 'തോണ്ണ' എന്ന കോട്ട പിടിച്ചടക്കി. അതിന്നശേഷം ഓരോന്നോരോന്നായി അനവധി കോട്ടകൾ കൈവശപ്പെടുത്തി, ക്ഷണമാത്രം കൊണ്ട് അതിപ്രബലനായിത്തീൎന്നു. അന്നത്തെ രാജ്യാവസ്ഥ സിവാജിയുടെ പരാക്രമജീവിതത്തിന്ന് ഏററവും യോജിച്ചതായിരുന്നു. തലസ്ഥാനനഗരത്തിലുള്ള അതിമത്സരം നിമിത്തം അയൽപ്രദേശങ്ങളെ തിരിഞ്ഞുനോക്കുവാൻപോലും ബീജാപ്പൂരിയിലെ സുൽത്താന്നു സാധിച്ചിരുന്നില്ല. ആയതുകൊണ്ടു ബീജാപ്പൂരം സൈന്യം തനിക്കെതിരായി പുറപ്പെട്ടപ്പോൾ അവരെ തോല്പിച്ചോടിക്കുന്നതിന്നു സിവാജിക്കു നിഷ്പ്രയാസം സാധിച്ചു. സിവാജിയുടെ ഈ പ്രവൃത്തി പ്രബലമായ ഒരു ആക്ഷേപത്തിന്നു വിഷയമായിത്തീൎന്നിട്ടുണ്ട്. എന്നാൽ, കുറഞ്ഞൊന്നു മനസ്സിരുത്തി ആലോചിക്കുന്നപക്ഷം അതിന്റെ സൂക്ഷ്മാവസ്ഥ നമുക്കുതന്നെ വ്യക്തമാവുകയും ചെയ്യും. ഹിന്തുക്കൾ 'അഫ്സൽഖാനെ' ഏററവും നിന്ദ്യനും നീചനും ആയി കരുതിവരുന്നു; എന്തെന്നാൽ, ഊയാൾ 'പന്തർപ്പൂർ', 'തുൾജാപ്പൂർ' എന്നീ സ്ഥലങ്ങളിൽ കൂടെ ജയഭേരിയും മുഴക്കിക്കൊണ്ടു കടന്നുപോയ സമയം, അവിടങ്ങളിലെ അതിപ്രശസ്തങ്ങളായ, 'വിത്തോബ' ദേവന്റെയും, 'അംബാഭവാനി'യുടേയും ക്ഷേത്രങ്ങളെ ഇടിച്ചുപൊളിച്ചു, ബിംബങ്ങളെ തച്ചുടച്ചു നശിപ്പിച്ചതിന്നു പുറമെ, ശ്രീമൂലസ്ഥാനങ്ങളിൽ പശുവിന്റെ ചോര തളിച്ചു ഹിന്തുക്കളുടെ മനസ്സിനെ അതികഠിനമായി വ്രണപ്പെടുത്തി. എന്തെങ്കിലും ഒരു ഹിന്ദു, തന്നോട് അല്പമെങ്കിലും ദയ കാണിച്ചേയ്ക്കുമെന്നു സംശയിപ്പാൻപോലും ഈയാൾക്കു മാൎഗ്ഗമില്ല. സിവാജിയുടെ പ്രവൃത്തി പുരുഷോചിതമല്ലാതിരുന്നാൽകൂടിയും, അത് ഈയാളുടെ മേൽ പ്രയോഗിച്ചതിന്നു തക്ക ന്യായമുണ്ട്. അതിന്ന് ഒരിക്കലും സിവാജിയെ കുറപ്പെടുത്തുവാൻ പാടുള്ളതുമല്ല.

1659-ൽ ബീജാപ്പൂരക്കാരോടു തുടങ്ങിയ യുദ്ധം 1662 വരെ നിലനില്ക്കുകയും, അവസാനം ബീജാപ്പൂരക്കാർ സിവാജിയുടെ സ്വാതന്ത്ര്യഭരണത്തിന്നു കീഴടങ്ങുകയും ചെയ്തു.

മുഗൾചക്രവൎത്തിയുമായുണ്ടായ യുദ്ധത്തിലും സിവാജി വിജയിയായി. മുഗൾപടനായകന്മാരുടെ നേതാവായ 'ഷേയിസ്തഖാൻ' എന്നാളുടെ തന്ത്രങ്ങൾ സിവാജിയോടുടേററതിൽ തോററുപോയി. ഒടുവിൽ, മുഗൾപടനായകനായ 'രാജാ ജയസിംഹ' എന്ന മഹാൻ സിവാജിയെക്കൊണ്ടു സമാധാന ഉടമ്പടി ചെയ്യിപ്പിച്ചു; ഡൽഹിയിൽ മുഗൾചക്രവൎത്തിയെ ചെന്നു കാണുവാനും 'രാജാ' സിവാജിയെ പ്രേരിപ്പിച്ചു. എന്നാൽ മുഗൾരാജധാനിയിൽ അദ്ദേഹത്തിന്നു ബഹുമതി ലഭിച്ചില്ലെന്നു മാത്രമല്ല, തന്റെ ജീവന്നുംകൂടെ അപായംവരുവാനിടയുണ്ടെന്നു കണ്ടപ്പോൾ സിവാജി ഇതപ്പിടം ഉപേക്ഷിച്ച് ആരും അറിയാതെ (ഒരു പലഹാരക്കൊട്ടയിൽ ഒളിഞ്ഞിരുന്നിട്ടാണെന്നു തോന്നുന്നു) പുറത്തു ചാടിക്കളഞ്ഞു.

ഇതിന്നുശേഷം അദ്ദേഹം ഒരിക്കലും മുഗൾചക്രവൎത്തിയുടെ അധീനത്തിൽ

പെട്ടിട്ടില്ല. മുഗൾ അധികാരത്തിൽനിന്നൊഴിഞ്ഞു, താൻ സ്വതന്ത്രനാണെന്ന് അദ്ദേഹം വിളംബരപ്പെടുത്തി. മുഗളന്മാർ കയ്യശപ്പെടുത്തിയ കോട്ടകൾ ഓരോന്നിനേയും വീണ്ടെടുത്തു. 'സൂററിൽ' ഉണ്ടായിരുന്ന ഇംഗ്ലീഷുവർത്തകശാലയേയും കൊള്ളയടിച്ചു കീഴടക്കി.

1674-ാമാണ്ടിൽ താൻ 'മഹാരാജാ'വാണെന്നു വിളംബരം ചെയ്തു. തന്റെ വിജയങ്ങളെ ദൃഷ്ടാന്തപ്പെടുത്തുന്ന രാജകിരീടത്തെ അദ്ദേഹം ശിരസ്സിൽ ധരിച്ചു. എന്നാൽ, കിരീടധാരണത്തിന്നുമുമ്പു 'പ്രതാപഗാൽ' എന്ന കോട്ടയിൽ പോയി തന്റെ കുലദേവതയായ 'അംബാഭവാനി'യെ കുറെക്കാലം ഭക്തിപുരസ്സരം ഭജിച്ചുവെന്നും, ഒരിക്കൽ അദ്ദേഹം തന്നെത്താൻ മറന്നു ധ്യാനനിമഗ്നനായിരിക്കുന്ന സമയം 'അംബാഭവാനി' പ്രത്യക്ഷയായിവന്ന് അദ്ദേഹത്തെ അനുഗ്രഹിച്ച്, മഹാരാഷ്ട്രരുടെ ഭാവിയെപ്പററി വിശദമായി പറഞ്ഞുകൊടുത്തുവെന്നും ഒരു കഥ പറഞ്ഞുവരുന്നു.

കിരീടധാരണവും, സിംഹാസനാരോഹണവും 1674 ജൂൺ 6-ാംനു 'രാജഗാഡി'ൽ വെച്ചു വിധിപ്രകാരം അനുഷ്ഠിച്ചു. അന്നത്തെ കാഴ്ച അതിപ്രാഭവമുള്ള ഒന്നായിരുന്നു; ഇന്ത്യാചരിത്രത്തിൽ പ്രധാനമായ ഒരു ദിവസവും ആയിരുന്നു; എന്തെന്നാൽ, മഹാരാഷ്ട്രസാങ്കേതികസമുദായം ഒരു മഹത്തായ നിലയിൽ എത്തിയിരിക്കുന്നുവെന്ന് ആ ദിവസം ലോകരെ അറിയിച്ചു.

സിവാജിയുടെ യുദ്ധപരിശ്രമങ്ങൾ മിക്കതും ഇതോടേ അവസാനിച്ചു. തന്റെ ജീവിതശേഷം ഈശ്വരധ്യാനത്തിലും, മതാചാരാനുഷ്ഠാനത്തിലും നയിക്കേണമെന്നായിരുന്നു അദ്ദേഹത്തിന്റെ ആഗ്രഹം. തന്റെ ആത്മജ്ഞാനഗുരുവായ 'രാമദാസ്' എന്ന മഹാനിൽ രാജ്യഭാരത്തെ സമർപ്പിച്ചു തനിക്കു സന്ന്യാസവ്രതം സ്വീകരിക്കേണമെന്നും അദ്ദേഹം ഉദ്ദേശിച്ചിരുന്നു. എന്നാൽ, മനുഷ്യവർഗ്ഗത്തിന്റെ ഗുണത്തിന്നുവേണ്ടി അദ്ദേഹംതന്നെ രാജ്യം ഭരിക്കേണമെന്നു ഗുരുവായ 'രാമദാസ്' നിർബ്ബന്ധിക്കയാൽ സിവാജി അതിന്നനുവദിച്ചു.

സിവാജിയുടെ ജീവിതോദ്ദേശം പൂത്തിയായിരിക്കുന്നു. മുഗൾവംശക്കാർ തലതാഴ്ത്തിക്കഴിഞ്ഞു. എന്നു മാത്രമല്ല, താൻ ഒരു ഇരുപതു കൊല്ലംകൂടി ജീവിച്ചിരിക്കുന്നതായാൽ ഇന്ത്യാചരിത്രത്തിന്റെ ഗതിക്ക് ആകപ്പാടെ ഭേദഗതി വരുത്തക്കവണ്ണം, ഹിന്ദുസമുദായത്തിന്റെ വിത്തുകൾ അദ്ദേഹം വിതക്കയും ചെയ്തിരിക്കുന്നു. വിശ്രമംകൂടാതുള്ള നിരന്തരപരിശ്രമത്താൽ അദ്ദേഹം ക്ഷീണനായി ഭവിച്ചു. അവസാനം 1680 ഏപ്രിൽ 5-ാംനു, 53-ാം വയസ്സിൽ ചരമഗതിയെ പ്രാപിക്കയും ചെയ്തു.

സിവാജി നടപ്പാക്കിയ ഭരണരീതി, ചാണക്യനിർമ്മിതമായ ഭരണരീതിയോട് ഏതാണ്ടു യോജിച്ചിരുന്നു. ഇപ്പോൾ നടപ്പിലുള്ള അധികാരസംഘരണത്തിന്നും വളരെ സാദൃശ്യമുള്ളതായിരുന്നു. രാജ്യമെങ്ങും പഞ്ചായത്തുകൾ ഏപ്പെടുത്തി, മുതൽ സംബന്ധമായ (സിവിൽ) വ്യവഹാരങ്ങൾ തീർപ്പുചെയ്യാനുള്ള അധികാരം അവക്കു നൽകി. കുററങ്ങളെ സംബ

സ്ഥിച്ച (ക്രിമിനാൽ) വ്യവഹാരങ്ങൾക്കു തീർപ്പു കല്പിച്ചിരുന്നതു ഹിന്തുനിയമപ്രകാരമായിരുന്നു. നവീനകാലത്തെ ബ്രിട്ടീഷു 'ക്യാബിനേറ്റു' മന്ത്രികളെപ്പോലെ, അല്ലെങ്കിൽ നമ്മുടെ ഭരണനിർവ്വാഹകസംഘത്തെപ്പോലെ, ഓരോ ഭരണശാഖകളിലേയും തലവന്മാർ കൂടിച്ചേർന്ന ഒരു സംഘമായിരുന്നു സാമ്രാജ്യഭരണകർത്തൃത്വം വഹിച്ചിരുന്നത്. ഈ നിർവ്വാഹകസംഘത്തിന്റെ പേർ 'അഷ്ടപ്രധാൻ' എന്നാണ്. പ്രധാനമന്ത്രി, അല്ലെങ്കിൽ അഷ്ടപ്രധാനിലെ അദ്ധ്യക്ഷന്നു 'പേഷ്വ' എന്നായിരുന്നു സ്ഥാനപ്പേർ. അഷ്ടപ്രധാനിലെ മററു അംഗങ്ങൾ, ആയവ്യയപരിശോധകൻ, കണക്കു സൂക്ഷിപ്പുകാരൻ, കാര്യദർശി, സൈന്യനായകൻ, വിദേശമന്ത്രി, പ്രധാനന്യായാധിപൻ, പുരോഹിതൻ എന്നിവരും ആയിരുന്നു.

ധനസംബന്ധമായ ചില ഭരണപരിഷ്കാരങ്ങളാലാണു സിവാജി ജനങ്ങളുടെ വാത്സല്യഭാജനമായിത്തീർന്നത്. പൂർവ്വകാലത്തു നികുതി പിരിക്കേണ്ടതിലേക്കായി, രാജ്യത്തിലെ ഓരോ പ്രദേശങ്ങളെ ഓരോരുത്തൎക്കു ലേലംവിളിച്ചു കൊടുക്കുന്നതുസാധാരണയായിരുന്നു. ലേലക്കാരൻ ശരിയായ സംഖ്യ രാജാവിന്ന് അടക്കുന്ന കാലത്തോളം, അവർ നികുതി വസൂലാക്കുന്നത് ഏതുവിധത്തിലാണെന്നു ഭരണാധികാരികൾ അന്വേഷിക്കുമാറില്ല. ഈ സമ്പ്രദായത്താൽ പ്രജകൾക്കു വളരെ കഷ്ടം അനുഭവിക്കേണ്ടിവന്നു. രാജ്യത്തിൽ നടന്നുവന്നിരുന്ന അനീതികൾക്കു കണക്കുണ്ടായിരുന്നില്ല. ലേലം വാങ്ങുന്നവർ, ഭൂമിയുടമസ്ഥന്മാരുടെ കയ്യിലുള്ളതു മുഴുവനും പിഴിഞ്ഞു വസൂലാക്കിയിരുന്നതിനാൽ അവർ യാതൊരു ശരണവുമില്ലാതെ സങ്കടപ്പെട്ടു. ഇതിനെ സിവാജി പരിഷ്കരിച്ചതു രണ്ടുവിധത്തിലായിരുന്നു. ഒന്നാമതു, പഴയ നിശ്ചയങ്ങളെ ഉടച്ചുവാൎത്തു പുതുതാക്കി; അതാതു കാലത്തുണ്ടാവുന്ന വിളകളുടെ നില ആസ്പദമാക്കി നികുതിയുടെ തോതു നിശ്ചയിച്ചു; ക്ഷാമകാലത്തു യാതൊരു നികുതിയും പിരിച്ചുകൂടെന്നും തീർച്ചപ്പെടുത്തി. രണ്ടാമത്, എല്ലാ അംശങ്ങളും ഉദ്യോഗസ്ഥന്മാരുടെ ശരിയായ മേലന്വേഷണത്തിൻകീഴിലാക്കി; കൃഷിക്കാർ കഷ്ടപ്പെടാതിരിക്കത്തക്കവിധത്തിൽ കന്നുകാലികൾ, വിത്തുകൾ, പണം എന്നിവയെ ധാരാളമായി സഹായിച്ചുംവന്നു.

സിവാജിയുടെ സൈന്യം, ആധുനികസൈന്യങ്ങളെപ്പോലെ ആയുധം ധരിച്ച്, ഒന്നായിച്ചേർന്നു പഠിച്ചവരായിരുന്നില്ല. യുദ്ധം ചെയ്യുന്നതിൽ യാതൊരു ശട്ടവട്ടങ്ങളും, അവർ അനുസരിച്ചിരുന്നതുമില്ല. എന്നാൽ ഇന്ത്യയുടെ അക്കാലത്തെ അവസ്ഥയ്ക്കു, നവീനപരിഷ്കാരപ്രകാരം യുദ്ധം ശീലിച്ചവരേക്കാൾ ശത്രുക്കൾക്കു ഭയങ്കരവും, നാശകരവുമായ അപ്രകാരത്തിലുള്ള അപരിഷ്കൃതസൈന്യങ്ങൾതന്നെയായിരുന്നു ആവശ്യം.

എഴുതുവാനോ, വായിക്കുവാനോ ശീലമില്ലെങ്കിലും വിദ്വാന്മാരുടെ രക്ഷാകർത്തൃസ്ഥാനം സിവാജി വഹിച്ചുവന്നു. മഹാകവികളായ 'തുക്കാറാം', 'രാമദാസ്' മുതലായവർ വസിച്ചുവന്നത് ഇദ്ദേഹത്തിന്റെ രാജധാനിയിലായിരുന്നു. വടക്കേ ഇന്ത്യയിലേയും, പശ്ചിമ ഇന്ത്യയി

ലേയും മഹാന്മാരായ ഹിന്തുകവികൾ ഇദ്ദേഹത്തിന്റെ മുമ്പിൽ രാജസദസ്സിൽ വെച്ചു വാദപ്രതിവാദം നടത്തുകയും, യോഗ്യതാനുസരണം സിവാജിയാൽ നല്കപ്പെടുന്ന ബഹുമതികൾ വാങ്ങിപ്പോവുകയും പതിവായിരുന്നു.

വിദേശചരിത്രകാരന്മാരായ അനേകം പേർ സിവാജി അതിക്രൂരനാണെന്നും, കൊലപാതകത്തിന്നുകൂടി മടിയില്ലാത്ത പരമദുഷ്ടനാണെന്നും പറഞ്ഞു ദുഷിച്ചിട്ടുണ്ട്. എന്നാൽ, ബുദ്ധിപൂൎവ്വകമായി അല്പമൊന്ന് ആലോചിച്ചുനോക്കുന്നതായാൽ ഈ ദുരഭിപ്രായം അടിസ്ഥാനരഹിതമാണെന്ന് എളുപ്പത്തിൽ മനസ്സിലാക്കാം. നമ്മുടെ ഇടയിൽ ഇപ്പോൾ ആചരിച്ചുവരുന്ന നടവടികളെ ആസ്പദമാക്കി പണ്ടുള്ളവരുടെ ഗുണദോഷനിൎണ്ണയം ചെയ്യുന്നത് ഒരിക്കലും ശരിയല്ല. 'ഇരുപതാം നൂററാണ്ടിൽ ജീവിക്കുന്നവരായ നമുക്കു, പതിനേഴാം നൂററാണ്ടിൽ നടപ്പായിരുന്ന പലേ സംഗതികളേയും ആക്ഷേപിക്കുവാൻ സാധിക്കുന്നതാണ്; എന്നാൽ, അക്കാലത്തെ അഭിപ്രായസാമാന്യത്തിനും, സൌകൎയ്യങ്ങൾക്കും അവസ്ഥക്കും നടുവിൽ നാം ജീവിക്കുന്നതായോൎത്ത്, അപ്പോൾ നാം ഏതുവിധം പ്രവൎത്തിച്ചിരിക്കുമെന്ന് ആലോചിച്ചില്ലാതെ എന്തെങ്കിലും തോന്നിയ ഒരു വിധി പറയുന്നത് അന്യായമല്ലേ? അതു സത്യത്തിന്നനുസരിച്ചതാണോ?' എന്ന് ഒരു ചരിത്രകാരൻ ചോദിച്ചിരിക്കുന്നു. 17.ാം നൂററാണ്ടിൽ, ഇന്ത്യാരാജ്യത്തിന്റെ സൎവ്വാധ്യക്ഷത മുഹമ്മദീയൎക്കായിരുന്നു. അവരാകട്ടെ, ഭരണകാൎയ്യത്തെ സംബന്ധിച്ചേടത്തോളം യാതൊരു ലോകമൎയ്യാദയും അടിസ്ഥാനപ്പെടുത്തിയിരുന്നതുമില്ല. ചതി അക്കാലത്ത് അവൎക്കു പതിവില്ലാത്ത ഒന്നായിരുന്നില്ല. ഇപ്രകാരത്തിലുള്ള കരു വൎഗ്ഗക്കാരുമായിട്ടായിരുന്നു സിവാജിക്ക് ഇടപെടേണ്ടിവന്നത്. എന്നിട്ടും അദ്ദേഹം, ഹിന്തുമതശാസ്ത്രാനുസരണമായ തന്റെ ദിനചൎയ്യകളിൽനിന്ന് അണുപോലും തെററിയില്ല. ശത്രുമിത്രഭേദമോ, ജാതിമതവ്യത്യാസമോ കൂടാതെ സൎവ്വസ്ത്രീകളേയും അദ്ദേഹം ഏതു സമയത്തും ബഹുമാനിച്ചുവന്നു. ശത്രുവായിരുന്നാൽകൂടിയും, താഴെ വീണുപോയവനോട് അദ്ദേഹം പൊരുതുകയില്ല. ശരണാഗതന്മാരിൽ അദ്ദേഹം അതിദയാലുവായിരുന്നു.

സിവാജിയുടെ ശത്രുക്കളിൽ ഒരുവനും, മുസൽമാൻവൎഗ്ഗക്കാരനുമായ 'കാഫിഖാൻ' അദ്ദേഹത്തെപ്പററി ഇപ്രകാരം എഴുതിയിരിക്കുന്നു: "സിവാജിയുടെ സൈന്യങ്ങൾ എവിടെ ആക്രമിക്കുന്നതായാലും, സ്ത്രീജനങ്ങളെ ഉപദ്രവിക്കയോ പള്ളി, ദൈവപുസ്തകങ്ങൾ മുതലായവയെ നശിപ്പിക്കയോ ചെയ്തുപോകരുതെന്ന് അദ്ദേഹം അവൎക്കു പ്രത്യേകം കല്പനകൊടുത്തിരുന്നു. സകല മതത്തിനേയും അദ്ദേഹം ഒരുപോലെ ബഹുമാനിച്ചു. പരിശുദ്ധമായ 'കൊറാൻ' ഗ്രന്ഥങ്ങൾ വല്ലവിധത്തിലും തനിക്കു കിട്ടുന്നതായാൽ അദ്ദേഹം അവയെ സാദരം സ്വീകരിച്ച് തന്റെ മുഹമ്മദീയസേവകന്മാൎക്കാക്കെങ്കിലും സമ്മാനിക്കും. തന്റെ സേവകന്മാരിൽ ആരെങ്കിലും സ്ത്രീകളെ ബ

ന്ധിച്ചുകൊണ്ടു വരുന്നതായാൽ, അവൾ ഹിന്തുവായാലും ശരി, മുഹമ്മദീയയായാലും ശരി, അശരണയാണെന്നു കണ്ടാൽ അവളെ ഉടനെ ബന്ധനത്തിൽനിന്നും മോചിപ്പിച്ച്, അവളുടെ രക്ഷിതാക്കന്മാർ വന്നുചേരുന്നതുവരെ അവളെ മാന്യമായ നിലയിൽ സംരക്ഷിക്കും.''

നമ്മുടെ രാജ്യചരിത്രത്തിൽ ഒരു മഹത്തായ മാററത്തെ ഉണ്ടാക്കിത്തീർത്തിട്ടുള്ള മഹാന്മാരുടെ നടുവിൽ ഒരു മാന്യസ്ഥാനത്തെ അർഹിക്കുന്ന സിവാജി, ഒരു ഉൽകൃഷ്ടപുരുഷനും, ഒരു മഹാരാജാവും ആണെന്നതിന്നു വല്ല സംശയവും ഉണ്ടോ?

സി. എൻ. എസ്സ്.

# കാളിദാസരും ഭവഭൂതിയും

## ഒരു താരതമ്യനിരൂപണം

(തുടച്ച്)

സീതയുടെ പേരിൽ പൌരന്മാർ പറഞ്ഞുണ്ടാക്കിയ അളീകാപവാദത്തെ ചാരമുഖത്തുനിന്നു കേട്ട സമയത്തു രാമന്നുണ്ടായ അവസ്ഥാന്തരത്തെ കാളിദാസരും ഭവഭൂതിയും വർണ്ണിച്ചിട്ടുള്ള ഘട്ടം, അവരുടെ കവിതയെ താരതമ്യപ്പെടുത്തി നോക്കുമ്പോൾ ഒഴിച്ചുവിടുവാൻ പാടില്ലാത്ത ഒരു സന്ദർഭമാണ്. കാളിദാസരുടെ രാമൻ ഭദ്രമുഖത്തുനിന്ന് ആ അപവാദം കേട്ടപ്പോൾ എങ്ങിനെയായി എന്നു നോക്കുക:—

''പ്രിയയെപ്പഴിചെയ്കയെന്നചല്ലാ-
ത്തയശസ്സാലടിയേററവൻെറചിത്തം
സ്വയമഗ്നിയിൽവെന്തനല്ലിരുമ്പൂ-
ക്കയരുംചുററികയാൽകണക്കുടഞ്ഞു''.

ഇങ്ങിനെ ഉടഞ്ഞുപോയ ഹൃദയത്തിൽ തൽക്കാലമുണ്ടായ വിചാരം ഇതാണ്:—

''പഴിവാക്കിതുകേട്ടിരിക്കയോതെ (ന്നോ?
റൊഴിയുംമൽപ്രിയയെത്ത്യജിക്കയൊ
പഴിയേതിതിൽനല്ലതെന്നുറക്കാൻ
കഴിയാതുള്ളവനാടിഡോളപോലെ''.

ഭവഭൂതിയുടെ രാമനോ, ദുർമ്മുഖമുഖത്തുനിന്ന് അപവാദം കേട്ടപ്പോഴേക്കും മൂർച്ഛിച്ച് അതികരുണമാംവണ്ണം വിലപിക്കുന്നു:—

''അയ്യയ്യോപ്രിയയന്യഗേഹമതിൽവാ-
ണുണ്ടായദുഷ്ഷേരിനെ-
ത്തിയ്യിൽക്കാട്ടിയൊരത്ഭുതപ്പണികളാ
ത്തീർത്തീടിനാളെങ്കിലും (ൽ-
പയ്യെപ്പിന്നെയുമെൻെറദുർവ്വിധിവശാൽ
പേപ്പട്ടിഘോഷിച്ചുതൻ
മെയ്യിൽച്ചേർന്നവിഷംകണക്കുപര-
ന്നീടുന്നിതെല്ലാടവും''

''ഹാ ദേവി! ദേവയജനസംഭവേ! ഹാ സ്വജന്മാനുഗ്രഹപവിത്രിതവസുന്ധരേ! ഹാ ജനകവംശനിന്ദിനി! ഹാ പാവകവസിഷ്ഠാരുന്ധതീപ്രശസ്തശീലശാലിനി! ഹാ രാമമയെകജീവിതേ! ഹാ മഹാര

ന്യവാസപ്രിയസഖി! ഹാ താതപ്രിയേ! ഹാ സ്തോകപ്രിയവാദിനി! ഇപ്രകാരമുള്ള ഭവതിക്കുകൂടി ഈ വിധമുള്ള പരിണാമം സംഭവിച്ചു."

"ആതങ്കത്തൊപ്പരമനുഭവി-
ച്ചീടുവാൻതന്നെ ദൈവം
ചൈതന്യത്തെക്കഠിനമതിയാ-
യുള്ളരാമന്നു നൽകി
ഖേദം നൽകുന്നിതു മമ ബലാൽ
പ്രാണനോ മർമ്മമെല്ലാം
ഭേദിപ്പിച്ചെൻ ഹൃദിനിഹിതമാം
വജ്രകീലം കുന്നക്കെ".

ഈ ഘട്ടത്തിൽ ഭവഭൂതിഭാരതിയിലുള്ള തന്മയത്വവും ഹൃദയദ്രവീകരണസാമർത്ഥ്യവും അനിതരസാധാരണമാണെന്ന് അനുഭവരസികന്മാർ സമ്മതിക്കാതിരിക്കയില്ല. എന്നാൽ, അതിൽ നായകന്റെ ധീരോദാത്തത്വത്തിനു തെല്ലൊരപകർഷം വന്നുപോയിട്ടില്ലേ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ആന്തരഭാഗത്തുള്ള ദുഃഖത്തെ ഇത്ര പ്രകടമായിക്കാണിച്ചതാണ് ഈ സംശയത്തിന്നു കാരണം. കാളിദാസരാകട്ടെ, ഇവിടെ പ്രകൃതിഗംഭീരനായ രാമന്റെ ഗാംഭീര്യധൈര്യാദികൾക്കു തെല്ലുപോലും ഹാനിവരുത്താതെ ഔചിത്യത്തെ രക്ഷിച്ചിരിക്കുന്നു. കാളിദാസർ ഇവിടെ ആദികവിയെ അനുകരിച്ചിരിക്കയാണ്. "തസ്യൈവം ഭാഷിതം ശ്രുത്വാ രാഘവഃ പരമാത്മവാൻ" എന്നു മാത്രമേ, അപവാദം ഗ്രഹിച്ച അവസരത്തിൽ, ആദികവി പറയുന്നുള്ളൂ. പക്ഷേ, ലക്ഷ്മണാദികൾ അടുത്തുവന്നപ്പോഴേക്കും ആ സ്ഥിതി ഒന്നു മാറി. 'ചിന്താവ്യാകുലിതേന്ദ്രിയ'നായി 'അവാങ്മുഖ'നായി 'ദീനമനസ്സാ'യിത്തീർന്ന രാമനെ ലക്ഷ്മണാദികൾ കാണുന്നതു കാച്ചുകൂടി വൈക്ലബ്യംപൂണ്ട അവസ്ഥയിലാണ്. അവർ കണ്ടതായ രാമമുഖത്തെ നോക്കുക:—

"തേ തു ദൃഷ്ട്വാമുഖം തസ്യ
സഗ്രഹം ശശിനം യഥാ
സന്ധ്യാഗതമിവാദിത്യം
പ്രഭയാ പരിവർജ്ജിതം
ബാഷ്പപൂർണ്ണേ ചനയനേ" ഇത്യാദി.

ഇങ്ങിനെ ആദികവിയെ അനുകരിച്ച് ഔചിത്യരക്ഷകനായ കാളിദാസർ മറ്റു ഘട്ടങ്ങളിലും നായകന്റെ ധീരോദാത്തതയെ രക്ഷിച്ചിട്ടുണ്ട്. സീതാപരിത്യാഗം കഴിഞ്ഞു മടങ്ങിവന്നു ലക്ഷ്മണൻ വിവരം പറഞ്ഞപ്പോഴും 'മിഴിനീർമഴയാൽ നൃപൻ തുഷാരം പൊഴിയും പൌഷഹിമാംശുപോലെയായി' എന്നു മാത്രമേ കാളിദാസർ പറഞ്ഞിട്ടുള്ളൂ.

ഉത്തരരാമചരിതത്തിലെ ചിത്രദർശനം കഥാവസ്തുവിൽ മർമ്മഭൂതമായിട്ടിരിക്കുന്നുണ്ടെങ്കിലും, ഭവഭൂതി അങ്ങിനെയൊരു പ്രസ്താവമുണ്ടാക്കീട്ടുള്ളതു വാല്മീകിയേയും കാളിദാസരേയും അനുകരിച്ചിട്ടാണ്. രാവണവധാനന്തരം രാമൻ സീതയോടും അനുചരന്മാരോടുംകൂടി പുഷ്പകവിമാനാരൂഢനായി അയോദ്ധ്യക്കു പോകുമ്പോൾ സീതക്ക് ഓരോരോ സ്ഥലങ്ങളേയും അവിടെ വെച്ചുള്ള സ്വാനുഭവങ്ങളേയും പറ്റി പറഞ്ഞുകൊടുക്കുന്നതായി വാല്മീകിയും കാളിദാസരും വർണ്ണിച്ചിട്ടുണ്ട്. വാല്മീകി സംക്ഷിപ്തമായുരഞ്ഞ സംഗതികളെ കാളിദാസർ ചമൽക്കാരത്തോടുകൂടി വിസ്തരിച്ചു പ്രതിപാദിച്ചിരി

ക്കയാണ്. നായകൻ നായികയ്ക്കു പൂർവ്വാനുഭൂതങ്ങളായ സംഗതികളേയും, സ്ഥലകാലങ്ങളേയും മററും ഓർമ്മിപ്പിച്ചുകൊടുക്കുന്നതായി വർണ്ണിക്കുന്നത് അത്യന്തം ഹൃദയംഗമമായിരിക്കും. അങ്ങിനെയുള്ള വർണ്ണനകളിൽ കവിക്ക് ഔചിത്യം വിടാതെ പ്രകൃതോപയോഗിയാംവണ്ണം സ്വമനോധർമ്മങ്ങളെ പ്രകടിപ്പിക്കുന്നതിനു നല്ല സൌകര്യവുമുണ്ട്. കാളിദാസർ ഈ തത്വം മനസ്സിലാക്കി തന്റെ ഉദ്ദേശ്യത്തെ സരസമാംവണ്ണം നിർവ്വഹിച്ചു ഫലിപ്പിച്ചിരിക്കുന്നു. ഭവഭൂതി അതു കണ്ട് അതുപോലെ ഒന്നു വർണ്ണിച്ചുനോക്കാൻ വേണ്ടിയും കൂടിയായിരിക്കണം ചിത്രദർശനപ്രസ്താവത്തെ ആശ്രയിച്ചിട്ടുള്ളതെന്നു തോന്നുന്നു. മററും മഹത്തായ പ്രയോജനം അതുകൊണ്ടില്ലെന്നു ഞാൻ വിചാരിക്കുന്നതായി ആരും ധരിക്കാതിരിക്കുവാനപേക്ഷയുണ്ട്. കാളിദാസരുടെ രാമൻ സീതയോടു പറയുന്ന സംഗതികളെത്തന്നെ മിക്കതും ഭവഭൂതിയുടെ രാമനും സീതയോടു പറയുന്നുണ്ട്. പക്ഷെ പറയുന്ന രീതിയിൽ ചില വ്യത്യാസങ്ങളുണ്ടെന്നേ ഉള്ളൂ. ചിത്രശാലയിൽ കാണുന്ന ചിത്രകഥകൾ രാമായണം ആദിമുതൽ അന്തംവരെയും വ്യാപിക്കുന്നവയും, അതു നോക്കിക്കാണ്മാൻ പ്രവേശിച്ചിട്ടുള്ളതു സീത, രാമൻ, ലക്ഷ്മണൻ എന്ന മൂവരും ആണ്. ഇതുകൊണ്ടു ഭവഭൂതിക്ക് ആ ഘട്ടത്തെ രസമയമാക്കുന്നതിനു പല സൌകര്യങ്ങളുമുണ്ടായിട്ടുണ്ടെങ്കിലും, ചില അസൌകര്യങ്ങൾകൂടി ഉണ്ടാകാതിരുന്നിട്ടില്ല. ചില ഘട്ടങ്ങളിൽ രാമന്റെ ധീരോദാത്തതയെ ഭവഭൂതിക്കു സാരമാക്കാതെ തള്ളിക്കളയേണ്ടി വന്നിട്ടുണ്ട്. ലക്ഷ്മണസാന്നിദ്ധ്യത്തിൽ സ്പഷ്ടമായി വക്തവ്യങ്ങളല്ലാത്ത ചില പൂർവാനുഭവങ്ങൾ വരുമ്പോൾ കവി കുറെ ക്ലേശിച്ച് ആ ഭാഗം ശരിപ്പെടുത്തുകയാണ് ചെയ്യുന്നത്. കാളിദാസർക്കുട്ടെ ഈ വക വിഷമതകളൊന്നുമില്ല. ഒന്നാമതു പുഷ്പകാരൂഢനായി സീതയോടുകൂടി രാമൻ സല്ലപിക്കുന്ന ആ സമയം രഹസ്യങ്ങളായ വൃത്താന്തങ്ങളെക്കൂടി വിസ്രബ്ധമായിപ്പറയുന്നതിനു യോജിച്ചതാണ്. രണ്ടാമതു താവന്മാത്രവ്യാപികളായ കഥകളെ മാത്രമേ രാമൻ പ്രധാനമായിപ്പറയുന്നുമുള്ളൂ. കാളിദാസർ ഈ ഘട്ടത്തിൽ രാമനെ കുറച്ചു ഭാവാവിഷ്ടനാക്കീട്ടാണ് അവതരിപ്പിക്കുന്നതെന്നുള്ളതും സ്മരണീയമാണ്. ചിത്രശാലയിൽ വെച്ചു ഗർഭിണിയെ വിനോദിപ്പിക്കുവാനായി പറഞ്ഞുതുടങ്ങിയ പൂർവ്വകഥകളിൽ കോപസാധ്വസാദികളായ മനോവികാരങ്ങൾക്കിടവരുത്തുന്ന പൂർവ്വസ്മരണകളെ ഭവഭൂതി ഉളക്കിവിട്ടതും സ്പഷ്ടമാണ്. സിദ്ധസാദ്ധ്യനായിത്തിരിച്ചുവരുന്ന രഘുവംശരാമന്റെ മനോഭാവമാകട്ടെ പ്രകൃതത്തിൽനിന്ന് ഒട്ടും തെററിപ്പോകുന്നില്ല. അതിനാൽ, രഘുവംശത്തിലെ 13-ാംസർഗ്ഗം മുഴുവൻ വായനക്കാരെ അലൌകികാനന്ദസാഗരത്തിൽ മഗ്നരാക്കുന്നു. നായകനെക്കൊണ്ടു നായികയോടു വിസ്രംഭസംഭാഷണം ചെയ്യിക്കുന്നതിൽ വിഷയങ്ങളുടെ പ്രസ്തുതാർത്ഥപര്യവസായിത്വം, രസമയത്വം മുതലായ ഗുണങ്ങൾ പ്രത്യേകം ദീക്ഷിക്കുന്നാളാണ് കാളിദാസർ എന്നതിനു കുമാരസംഭവത്തിലെ 8-ാംസർഗ്ഗവും ഉദാഹര

ണമാണ്. വിസ്തരഭയത്താൽ ഉദാഹരണങ്ങളൊന്നും ഇവിടെ എഴുതുന്നില്ല.

വീരരസം വർണ്ണിക്കുന്ന കാര്യത്തിൽ കാളിദാസരേക്കാൾ സമർത്ഥൻ ഭവഭൂതിയാണ്. കാളിദാസക്കു വീരം, രൌദ്രം ഭയാനകം മുതലായ രസങ്ങളെ വർണ്ണിക്കുന്നതിൽ വലിയ പാടവമുള്ളതായി തോന്നുന്നില്ല. ശാകുന്തളത്തിൽ, മാതലി വന്നു വിദൂഷകന്റെ കഴുത്തിൽപ്പിടിച്ചു ഞെക്കിയപ്പോൾ വിദൂഷകൻ ഭയപ്പെട്ട് ഉച്ചത്തിൽ രാജാവിനെ വിളിച്ചു നിലവിളിക്കുന്നു. വിദൂഷകന്റെ ആർത്തനാദം കേട്ട്, അതേവരെ വിപ്രലംഭാർത്തനായിരുന്ന രാജാവു പെട്ടെന്നു പ്രകൃതിമാറി കുപിതനായിച്ചമയുന്നു. കാളിദാസർ ദുഷ്യന്തന്റെ ആ പ്രകൃതിവ്യതിയാനത്തെ വർണ്ണിക്കുന്നതിൽ യാതൊരു പ്രകാരഭേദത്തേയും ആശ്രയിച്ചിട്ടില്ല. രാജാവു ദേഷ്യപ്പെട്ടു പറയുന്ന വാക്കിൽ രോഷസൂചകങ്ങളായ പരുഷവർണ്ണങ്ങളാവട്ടെ, ഉദ്ധതബന്ധമാവട്ടെ പ്രാധാന്യേന അംഗീകരിക്കപ്പെട്ടിട്ടില്ല. നോക്കുക, രാജാവു പറയുന്നത്:

'യോഹനിഷ്യതിവധ്യംത്വാം
രക്ഷ്യംരക്ഷതിചദ്വിജം
ഹംസോഹിക്ഷീരമാദത്തേ
തന്മിശ്രാവർജ്ജയത്യപഃ' (ശാ6.28)

ഒന്നാമതു ഈ വൃത്തംതന്നെ ഈ രസത്തിനു പററിയതല്ല. രണ്ടാമതു ബന്ധം സൌമ്യമായിട്ടത്രേ കാണുന്നത്. ഇതുപോലെതന്നെ "അക്ലിഷ്ടബാലതരുപല്ലവലോഭനീയം" എന്ന പദ്യത്തിലും ഉത്തരാർദ്ധത്തിൽ പൂർവ്വാർദ്ധത്തിലേക്കാൾ വ്യത്യാസം തോന്നത്തക്ക യാതൊരു ബന്ധഭേദവും വരുത്തീട്ടില്ല. തന്നിമിത്തം, പൂർവ്വാർദ്ധത്തിലെ ശൃംഗാരം മാറി ഉത്തരാർദ്ധത്തിൽ വീരരസമാണെന്നു തോന്നാൻ വളരെ പണിയുണ്ട്. ഭവഭൂതിയാണെങ്കിൽ ഈ വക സന്ദർഭങ്ങളിൽ ഗൌഡീരീതിയെ ആശ്രയിച്ചു പരുഷവർണ്ണങ്ങളും ഉദ്ധതബന്ധവും വേണ്ടുവോളം ഉപയോഗിക്കുമായിരുന്നു. നോക്കുക! സീതയുടെ താദൃശമായ കഷ്ടാവസ്ഥയാൽ ദുഃഖിതനായിത്തീൎന്ന ജനകൻ രാമന്റെ 'സാഹസപ്രവൃത്തി'യെപ്പററിയോർത്തപ്പോൾ പെട്ടെന്നു കുപിതനായിത്തീൎന്നു പറയുന്നതാണിത:—

'ഉൾക്കാമ്പിൽഘോരവജ്രപ്രഹരസദൃശമി-
ദ്ദുഃഖമോർത്തോർത്തുദിക്കും
മൽക്രോധാഗ്നിക്കിതത്രേ സമയമെരിയു-
ചാപശാപങ്ങൾകൊണ്ടും' (വാൻ

വീരരസവിഷയത്തിൽ ഭവഭൂതിക്കുള്ള പ്രത്യേക യോഗ്യതക്ക് എത്ര ഉദാഹരണങ്ങൾ വേണമെങ്കിലും സുലഭമാകയാൽ വിസ്തരിക്കുന്നില്ല. ഇങ്ങിനെയാണെങ്കിലും ഭവഭൂതി ശൃംഗാരമൊ, കരുണമൊ വർണ്ണിക്കുന്ന ഘട്ടങ്ങളിൽ ഔചിത്യം എല്ലായ്പോഴും നോക്കുക പതിവില്ല. രാമൻ ചിരപരിചിതമായ ദണ്ഡകാരണ്യഭാഗങ്ങളെ രണ്ടാമതു കാണുമ്പോൾ അനുസ്മൃതമായ പ്രിയാവിയോഗവ്യഥയാൽ കരുണമയനായ്ച്ചമഞ്ഞു പറയുന്ന സന്ദർഭത്തിലും ഭവഭൂതി ഉദ്ധതബന്ധത്തെ കൈവെടിഞ്ഞിട്ടില്ല. "ഇഹസമദശകുന്താക്രാന്തവാനീരമുക്ത" എന്നാദിയായ പദ്യത്തിലെ ദീർഘസമാസവും, പരുഷവർണ്ണങ്ങളും ഉദ്ധതബന്ധവും വീരരസത്തിനൊ മറ്റൊ യോജിക്കുന്നതല്ലാതെ കരു

ണാദികൾക്കു തീരെ അനുകൂലിക്കുന്നില്ലെന്നുതന്നെ പറയേണ്ടിയിരിക്കുന്നു.

ഭവഭൂതി പല സ്ഥലങ്ങളിലും ഔചിത്യത്തെ പരിപാലിക്കാതെ പോയിട്ടുണ്ടെന്നു ചിലർ പറയാറുണ്ട്. കൂലങ്കഷമായി പരിശോധിച്ചു നോക്കുമ്പോൾ തീരെ അതില്ലെന്നു പറവാനും കഴിവു കാണുന്നില്ല. കാവ്യങ്ങളിലെ വിഷയത്തെ സ്വതസ്സംഭവി, പ്രൌഢോക്തിസിദ്ധം എന്നിങ്ങിനെ രണ്ടായി വിഭാഗിക്കാം. ഇതിൽ പ്രൌഢോക്തിസിദ്ധമായ വിഷയത്തെ എടുത്തു കവിതയുണ്ടാക്കുന്നവർ അസംഭാവ്യത വന്നുപോകാതിരിക്കുവാൻ വേണ്ടി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്. അനൌചിത്യം എന്ന ദോഷം കടന്നുകൂടിയാൽ കാവ്യാൎത്ഥം മാത്രമല്ലാ കാവ്യജീവനായ രസംതന്നെ ദൂഷിതമായിത്തീരുന്നതാണ്. സ്വകപോലകല്പിതമായ കാവ്യകഥാശരീരത്തിന്റെ അവയവങ്ങൾക്കു വൈകല്യമൊ, യോജിപ്പുകേടോ (അനൌചിത്യം) സംഭവിക്കുക എന്നത് ഒട്ടും അസാധാരണമല്ലാത്തതുകൊണ്ടു കാവ്യസൃഷ്ടിയിൽ ബാഹ്യമായും ആഭ്യന്തരമായും ഉള്ള പൎയ്യവേക്ഷണം അത്യന്താപേക്ഷിതമായിരിക്കുന്നു. ആലസ്യതയാലൊ, അനഭിജ്ഞതയാലൊ, അന്യസംരംഭത്താലൊ കവികൾക്കു ചിലപ്പോഴൊക്കെ ഇക്കാൎയ്യത്തിൽ സൂക്ഷ്മക്കുറവു വന്നുപോകാറുണ്ട്. ഭവഭൂതിയെ സംബന്ധിച്ചേടത്തോളവും ഈ പതിവു ബാധകമാകാതിരുന്നിട്ടില്ല. പക്ഷെ അന്യസംരംഭത്താൽ മതിമറന്നു പോയതുകൊണ്ടുള്ള നോട്ടക്കുറവല്ലാതെ അനഭിജ്ഞതയാണ് ഇതിനു കാരണമെന്നു പറവാൻ നിവൃത്തിയില്ല. ലൌകികദൃഷ്ട്യാ സചേതനവ്യാപാരമില്ലാത്ത നദികൾ മുതലായവയെ ദൃശ്യകാവ്യങ്ങളിൽ പാത്രങ്ങളാക്കിക്കല്പിച്ച് അവയെ സചേതനതുല്യം ലൌകികകാൎയ്യങ്ങളിൽ പ്രവൎത്തിപ്പിക്കുന്നതു ദൃശ്യകാവ്യത്തിന്റെ ഉദ്ദേശ്യത്തിനു തീരെ വിരുദ്ധമായിട്ടുള്ളതാണ്. തമസ്സ, മുരള മുതലായ നദീപാത്രങ്ങളെക്കൊണ്ടു നാടകീയവസ്തുവിനെ പ്രവൎത്തിപ്പിച്ചതു ഭവഭൂതിക്കൊരു ന്യൂനതയായിട്ടു തന്നെയാണു തോന്നുന്നത്. ഉത്തരരാമചരിതം ഏഴാമങ്കത്തിലെ അന്തൎന്നാടകത്തിൽ സീത ജലത്തിൽ പ്രസവിച്ച കുട്ടികളെ എടുത്തുംകൊണ്ടു ഗംഗയും ഭൂമിയും മറ്റും പ്രവേശിക്കുന്നതും ഒരു വിധം ലൌകികദൃഷ്ടിക്ക് അസംഭാവ്യം തന്നെയാണ്. കാളിദാസർ ഇക്കാൎയ്യത്തിൽ വളരെ നിഷ്കൎഷവെച്ചിട്ടുണ്ടെന്നു തന്നെ പറയാം. ശകുന്തളയെ അദൃശ്യമായ ഒരു തേജസ്സു വന്നെടുത്തുംകൊണ്ടു പോയി എന്ന സംഗതി അണിയറയിൽവെച്ചു നടന്നതായിക്കല്പിച്ച് പുരോഹിതമുഖേന രാജാവറിയുന്നതായ്വൎണ്ണിച്ച കവിസാൎവ്വഭൌമൻ ഔചിത്യഭംഗത്തിൽ എത്രമാത്രം ഭയപ്പെടുന്നുണ്ടെന്നു സഹൃദയന്മാൎക്കറിയാം. ഇതുകൊണ്ടു ഭവഭൂതി അനഭിജ്ഞനായ ഒരാളാണെന്നൊ, യഥാൎത്ഥകവിത്വം ഇല്ലാത്ത ആളാണെന്നൊ എനിക്കഭിപ്രായമില്ല. പക്ഷെ, നീചമദ്ധ്യമപാത്രപ്രയോജ്യമായ പ്രാകൃതവാക്യങ്ങളിൽപ്പോലും കണക്കെന്നിയെ ദീൎഘസമാസങ്ങളും അലങ്കാരങ്ങളും പ്രയോഗിക്കുക മുതലായ ചില ദുഷ്ടദോഷങ്ങൾ അദ്ദേഹത്തിന്റെ സങ്കല്പശക്തിയുടെ അ

റിവുകൂടാതെ കാവ്യശരീരത്തിൽക്കടന്നുകൂടിയതായിത്തോന്നിയതുകൊണ്ടു മാത്രം ഇത്രയും പ്രസ്താവിച്ചുപോയതാണ്.

ഭവഭൂതിയുടെ പേരിൽ ചിലർ ചമത്തുന്ന മറെറാരപരാധം അദ്ദേഹം വ്യംഗ്യാത്ഥത്തെ വാച്യാത്ഥമാക്കി കവിതാസൌന്ദൎയ്യം കുറയ്ക്കുന്നുവെന്നുള്ളതാണ്. ഈ ഉച്ചൈവ്വാദം തീരെ നിമ്മൂലമാണെന്നു പറയാൻ കഴിയാത്തവണ്ണം അത്രയധികം ഉദാഹരണങ്ങൾ ശൃംഗഗ്രാഹം ഗ്രഹിക്കത്തക്ക നിലയിൽ കാണപ്പെടുന്നുണ്ട്. നോക്കുക: —

"പാരംഗഭരാത്തയാംക്ഷിതിജയെ–
കൈവിട്ടുകെങ്കേമനാ–
മീരാമൻെറശരീരമാകിയനിന–
ക്കെങ്ങുന്നുവന്നൂകൃപ?"

(ഉ. ച. 2. അ. 10. ശ്ലോ.)

ഇവിടെ വക്താവു രാമനായിരിക്കെ അദ്ദേഹം തൻെറ കയ്യിനെപ്പററി 'എൻെറ അവയവം' എന്നല്ലാതെ 'രാമൻെറ അവയവം' എന്നു പറയേണ്ട ആവശ്യമില്ലാത്തതിനാൽ 'രാമൻെറ' എന്ന പദം പ്രകൃതത്തിൽ അനുപപന്നമായിട്ട് 'പാരംഗഭരാത്തയാം ക്ഷിതിജയെക്കൈവിട്ട കെങ്കേമനായ രാമൻെറ' എന്ന അത്ഥാന്തരത്തിൽ സംക്രമിക്കുന്നു. ഇവിടെ വ്യംഗ്യം, അബലയെക്കൈവെടിയുന്നതുതന്നെ ഉചിതമല്ല; അതിലും വിശേഷിച്ച് അവൾ പത്നിയാണ്; പോരെങ്കിൽ ക്ഷിതിജയും;—അതായത് അയോനിജപരിശുദ്ധമായ യാഗഭൂമിയിൽ നിന്നു ജനിച്ച ദിവ്യയും വിശുദ്ധയുമായുള്ളവൾ;— പുറമെ, ഗഭിണി; ഇങ്ങിനെയാകുമ്പോൾ അവൾ സവ്വാത്മനാ നിദ്ദോഷയാണെന്നു വരുന്നു; താദൃശിയായ സ്വസധമ്മചാരിണിയെ— സവ്വദാ ഭരിക്കേണ്ടവളെ— നിഷ്കാരണം നിരാകരിക്കുവാൻ തരിമ്പും കൂസൽകൂടാത്ത ക്രൂരനാണ് രാമൻ; എന്നൊക്കെയാണ്. ഈ വക ആലോച്യമാനസരസങ്ങളായ വ്യംഗ്യാത്ഥങ്ങളെ മുഴവൻ വ്യഞ്ജിപ്പിക്കുന്ന രാമശബ്ദം ഉപാത്തമായിരിക്കെ, അതൊക്കെ കണ്ടുതോ വിളിച്ചുപറയുന്ന വിശേഷണം ചേത്തതിനാൽ കാവ്യം സ്വാരസ്യംകുറഞ്ഞു ഗുണീഭൂതവ്യംഗ്യമായിച്ചമഞ്ഞുപോയി. ഇങ്ങിനെതന്നെ കഃ'ഏകസമ്പ്രതിനാശിതപ്രിയതമസ്താമേവ രാമഃസ്വയം' എന്നാദിയായ സ്ഥലങ്ങളിലും ലക്ഷണാമൂലകമായഅത്ഥാന്തരസംക്രമിതവാച്യധ്വനിയെ വ്യാഹനിച്ചിരിക്കുന്നു. ഭവഭൂതിക്കു എത്ര പറഞ്ഞാലും തൃപ്തിവരികയില്ല. തൻെറ പദപ്രയോഗത്തിൽ ഒളിഞ്ഞുകിടക്കുന്ന സ്വാരസ്യം മററുള്ളവക്കു മനസ്സിലാക്കുവാൻ കഴികയില്ല എന്നുവിചാരിച്ചിട്ടാണോ എന്നു തോന്നും അദ്ദേഹം അന്യഥാസിദ്ധവും, വ്യംഗ്യവുമായ അത്ഥത്തെ വീണ്ടും വിളിച്ചുപറയുന്നത്. "അത്യാച്യാനന്ദയതിമാം ത്വം പുനഃകാസി നന്ദനി" എന്ന ദിക്കിൽ, 'നന്ദിനി' എന്നസംബോധനയിലെ താല്പൎയ്യം അതുകൂടാതെതന്നെ വരുത്തിയിരിക്കെ പിന്നേയും, അന്യഥാസിദ്ധമായ 'ആനന്ദന'ത്തെ കുറിക്കുന്ന അതിനെ ഉപയോഗിക്കേണ്ട ആവശ്യമില്ല.

ഒന്നിനെ തിരിച്ചും മറിച്ചും, അവിടേയും ഇവിടേയും ഒക്കെപ്പറഞ്ഞാലും അദ്ദേഹത്തിന്നു തൃപ്തിവരികയില്ല. സീതയു

ടെ പ്രിയാലാപങ്ങൾ രാമന്ന് ഏററവും ആനന്ദപ്രദമാണെന്നുള്ള സംഗതിയെ ഏതെല്ലാം പ്രകാരത്തിൽ പറഞ്ഞാലാണ് വ്യക്തമാക്കുവാൻ സാധിക്കുക എന്നു നിശ്ചയമില്ലാഞ്ഞിട്ടെന്നപോലെ, "മ്ലാനസ്യജീവകുസുമസ്യവികാസനാനി" എന്ന പദ്യത്തിൽ ഉക്ത അർത്ഥത്തെത്തന്നെ ഭവഭൂതി തിരിച്ചും മറിച്ചും വർണ്ണിച്ചിരിക്കുന്നു. സീതാസ്പർശസുഖത്തെ രാമൻ വ്യക്തമാക്കുന്നത് അനേകപദ്യങ്ങളെക്കൊണ്ടാണ് "വിനിശ്ചേതുംശക്യോ ന സുഖമിതിവാ ദുഃഖമിതിവാ", "ആശ്ച്യോതനം നു ഹരിചന്ദനപല്ലവൌഘേഃ", "സ്പർശഃ പുരാ പരിചിതോ നിയതം സ ഏവ" എന്ന പദ്യങ്ങളിൽ നിബദ്ധമായ അർത്ഥങ്ങൾക്കു പ്രകാരഭേദം വരുത്തുകയും, വൈചിത്ര്യത്താൽ വായനക്കാരുടെ ഹൃദയത്തെ വിനോദിപ്പിക്കുവാൻ ശ്രമിക്കുകയും കവി ചെയ്തിട്ടുണ്ടെങ്കിലും, മൂന്നിലേയും വിഷയം ഏറക്കുറെ അഭിന്നമാണെന്നു പറയേണ്ടതില്ലല്ലൊ.

ഇത്രയും പറഞ്ഞ സംഗതികളാൽ കാളിദാസഭവഭൂതികളുടെ കവിതകൾക്കുള്ള സാദൃശ്യവും, വൈസാദൃശ്യവും ഏതാണ്ടു വെളിപ്പെട്ടു കഴിഞ്ഞുവല്ലൊ. സിംഹാവലോകനന്യായേന ഉക്തവിഷയത്തെത്തന്നെ സംക്ഷേപതഃപരാമർശിച്ചുപറയുന്നതായാൽ, കാളിദാസർ പ്രകൃതിയുടെ കമനീയഭാഗങ്ങളെ സരസമായ്‌വർണ്ണിക്കുന്ന കവിയും, ഭവഭൂതി പ്രകൃതിയുടെ ആഭ്യന്തരമായ തത്വങ്ങളെ കരുണമായ്‌വർണ്ണിക്കുന്ന കവിയുമാണെന്നുപറയാം; കാളിദാസർ സംക്ഷേപപ്രിയനും, ഭവഭൂതി വിസ്തരപ്രിയനും ആകുന്നു. കാളിദാസർ വാച്യത്തിനേക്കാൾ അധികം ചമൽക്കാരം കൊടുത്തു വ്യംഗത്തെ സ്വരസമാക്കി സഹൃദയന്മാരെ രസിപ്പിക്കുന്നു. ഭവഭൂതി വ്യംഗ്യാർത്ഥത്തെ അത്ര വകവെക്കാതെ വാച്യാർത്ഥത്തിന്നു ചമൽക്കാരം കൊടുത്തു വർണ്ണിച്ചു സഹൃദയന്മാരുടെ ഹൃദയങ്ങളിൽ ക്ഷോഭം ജനിപ്പിക്കുന്നു. ഇങ്ങിനെ നിരൂപണം ചെയ്തു താരതമ്യപ്പെടുത്തിയതിൽ ഇനിയും അനവധി വിഷയങ്ങൾ വക്തവ്യങ്ങളായിട്ടുണ്ട്. അവയെല്ലാം പ്രത്യേകം എടുത്തു നിരൂപണം ചെയ്യുവാൻ മുതിരുന്നതായാൽ ഇപ്പോൾത്തന്നെ കണക്കിലധികം നീണ്ടുപോയ ഈ ലേഖനം ഇനിയും സുദീർഘമായി വായനക്കാരെ വെറുപ്പിക്കുവാനിടയുണ്ട്. തന്നിമിത്തം ആ പ്രയാസത്തിൽ നിന്നു വിരമിക്കുകതന്നെ ചെയ്യുന്നു. നിരൂപണം ചെയ്ത സംഗതികളിൽക്കാണാവുന്ന സ്ഖാലിത്യങ്ങളെ സഹൃദയന്മാർ ചൂണ്ടിക്കാണിച്ചു തരുന്നതായാൽ അതു മഹത്തായ ഒരനുഗ്രഹമായിരിക്കും.

സി. ശങ്കുണ്ണിനായർ.

# കവളപ്പാറെ ഗ്രന്ഥവരി. (തുടച്ച്)

കേരളരാജ്യം ഉണ്ടായതിന്റെയും കവളപ്പാറ നാട്ടുവാഴ്ചയുടെയും വിവരം:- മലയാചലപർവ്വതത്തോടടുത്ത പ്രദേശമാകകൊണ്ടു മലയാളമെന്നും, ഇവിടെ സർപ്പങ്ങളുടെ വാസമാകകൊണ്ടു അവരെ ഒഴിപ്പിച്ച സ്ഥലമാകകൊണ്ടു ശരളരാജ്യമെന്നും പറവാൻ സംഗതി. 'വീരഹത്തി', 'മാതൃഹത്തി' ഈ രണ്ടു ദോഷങ്ങളും വരുമെന്നു വിചാരിച്ചു പരശുരാമങ്കൽനിന്നു വാങ്ങിയ നീരു വിരൽപഴുതിൽക്കൂടെ ചോർന്നുകളഞ്ഞു. ആ നീരുകൂടെ നില്ക്കുന്ന വെള്ളാളൻ താഴെ കൈകാട്ടി വാങ്ങി മുമ്പേ സേവിച്ചു. ആയതിനെക്കണ്ടു പരശുരാമൻ, കബളമായി പ്രവൃത്തിച്ചത് എങ്കിലും മുമ്പേ നീരുസേവിച്ച സംഗതിക്കു സ്വന്തമായ രാജ്യം കൊടുക്കേണമെന്നു കല്പിച്ചു 'കവിളപ്പാറെ' എന്ന നാമത്തോടുകൂടെ മുക്കാതം നാടും വെള്ളാളരെ മക്കൾ മരുമക്കളായിട്ട് 1000 ചേകവരെ പരിഷയായിട്ടും അവൎക്കു കൂടിയും ആടിയും .യാവിപ്പാൻ 12600-കലം വസ്തുവും വെള്ളാസ്ഥ മുതലായി അഞ്ച് ആസ്ഥയും കല്പിച്ചു കൊടുത്തു. ആയിരത്തിന്നും നക്കം മുക്കം അറയും ആമവും താഴം തളയും വാളും കയറും വാഴിപ്പും ശേഷിപ്പും ഈ വക ഒന്നും മൎയ്യാദയല്ലെന്നും, ദേശം ദേശാധിപത്യം മലയും മലപ്പുറവും കാപ്പുകളും കയം..ഇവ ഒക്കെയും കല്പിച്ചു. ആയിരത്തിലേക്കും കർത്താവായിട്ടും തമര് ആയിട്ടും വരരുചിമഹർഷി കാരണത്താൽ പന്തിരുകുലം വംശകർത്തൃത്വത്തോടുകൂടെ രാജത്വം പ്രമാണമായി അയ്മുല മുമ്മുല കലകൊമ്പ് അങ്കച്ചുട്ട് കുന്നടപ്പള്ളി കൊടിവാല ഈ വക ആയിരത്തിലുള്ളവരു നിറുത്തിയാൽ പിടിച്ചുകൊണ്ടുപോയി നിർത്തുവാനും, അങ്കം ചുങ്കം ഏഴു കോഴ രക്ഷ ശിക്ഷ ദാസീവിചാരം മുതലായ രാജഭോഗങ്ങൾ സർവ്വസ്വവും രാജപദവിയോടുകൂടെ നടത്തി വാണ് അനുഭവിച്ചു കൊള്ളുവാനും ശ്രീപരശുരാമൻ കല്പിച്ചു കൊടുത്തിരിക്കുന്നു. ദാസീവിചാരത്തിൽ ബ്രാഹ്മണരു കുററം നിശ്ചയിച്ചു വിധികഴിച്ചു സ്വരൂപം ചൊല്ലിയാൽ വിററു പണമെടുക്കുന്ന ദോഷപരിഹാരത്തിന്നുവേണ്ടി കക്കാട്ടു കാരണവപ്പാട്ടുതമ്പുരാനെ ആളയച്ച് അവിടെനിന്ന് ഒരാളെക്കൂടെ വരുത്തി ഈ പണം കൊടുത്തയപ്പാൻ തക്കവണ്ണം വെച്ചിരിക്കുന്നപ്രകാരം കേട്ടിരിക്കുന്നു. നാലു സ്വരൂപത്തിങ്കലേക്കും കാൎയ്യത്തിന്ന് ഒരു സംഗതിയുമില്ലെന്നു പൂർവ്വാപരായി കേട്ടിരിക്കുന്നു.

വാസ്തുവരമ്പുകൾ വിവരം:— നെടുങ്ങനാട്ടു പടനായരുമായി എററടച്ചിലുണ്ടായാൽ ഓങ്ങല്ലൂരു മാട്ടമ്മേൽ വിൽകുത്തിപ്പാറയ്ക്കൽ ഒന്നും, കണ്ണനൂർ പടനായരുമായി നെല്ലിക്കുളത്തിങ്കൽ ഒന്നും, പനമണ്ണ കൂരടിയിൽ ഒന്നും, കളപ്പിള്ളി നായരുമായി അരിയൂർ തെക്കുംമുറി ഒന്നും, തോട്ടശ്ശേരി തലശ്ശന്നരുമായി കരുത്തിക്കഴായക്കൽ ഒന്നും കൂടി അഞ്ചു കണ്ണ്. മൂപ്പടനായരു വക ഒരു നൈത്യാ

രു കൊട്ടക്കോട്ടു കുളത്തിലേക്കൊരു മീൻ
ഉണ്ടെന്നുവച്ചു വരികയാൽ ഇരുനൂററിച്ചി
ല്വാനം സംവത്സരംമുമ്പെ ഒരു പടയു
ണ്ടായിട്ടുണ്ട്. അരിയൂർ തെക്കുംമുറിയും
വടക്കുംമുറിയും കൂടി അയമ്പതു നായരു
ള്ളതിൽ തെക്കുംമുറി 25 നായരുള്ളത് ഇ
പ്പോഴ് കുളപ്പിള്ളിനായർക്ക് ചേർന്നില്ലു
വാനുള്ള സംഗതി — ചുനങ്ങാട്ടു മൂത്തോരു
ടെ വകയിൽ ഒരു സ്ത്രീയെ കല്പിച്ചാളയ
ച്ചു വരുത്തി എറുപ്പെപ്പാപ്പിച്ചിരിക്കു
മ്പോഴ് വീട്ടിലേക്കുപോയി വരാതെ താ
മസിക്കകൊണ്ട് ആളയച്ചുവരുത്തി വീ
ട്ടിൽ താമസിപ്പാൻ സംഗതിയെന്തെന്നു
ചോദിച്ചാറെ ഇങ്ങോട്ടുപോരുവാൻ ആ
ളില്ലായ്കകൊണ്ടു എന്നു പറഞ്ഞാറെ തെ
ക്കുംമുറി 25 നായരെ തുണക്കായിട്ടു ക
ല്പിച്ചിരിക്കകൊണ്ടു ചുനങ്ങാട്ടസ്വരൂ ചേർ
ന്നിരിക്ക ആകുന്നത. നെടുങ്ങനാട്ടു കി
ഴിത്തറ രാജ്യം ഉണ്ണിക്കുളത്ത ചുണ്ടമ്പ
റെറ കർത്താക്കന്മാരുടെ ആയിരുന്നു. അ
വരും രണ്ടു കൂറാകകൊണ്ടു തമ്മിൽ പട
യുണ്ടായിരുന്നു. ഒരു പടക്ക് ഉണ്ണിക്കുളത്ത
ക്കുവേണ്ടി കവളപ്പാറനിന്നും എതാനും
ആളെ സഹായമായി കല്പിച്ച് അവിടേ
ക്ക ഇവിടേനിന്നും അയച്ചതിൽ 50 നാ
യര അപായം വരികകൊണ്ടു പടകഴി
ഞ്ഞു പിരിഞ്ഞതിന്നശേഷം അപായം വ
ന്ന ആൾക്കു ആളോ ദ്രവ്യമോ വേണ്ടു എ
ന്നു ചോദിച്ചാറെ ആൾക്ക ആളുതന്നെ
വേണമെന്നു പറകകൊണ്ടു മുകളൂര 50
നായരേയും ചിററഴി അച്ചനേയും, കൂലി
ചേവകത്തിന്നായി ഒഴിച്ചുതന്നിരിക്കുന്നു.
അവരു പുറംകണ്ടു പിരിച്ചയുടെ അകം
കാണുകയില്ലെന്നുവച്ച് ഒതുങ്ങിനില്പായ്ക

കൊണ്ട് എതാനും ആളെ കല്പിച്ചു ചി
ററഴി സ്ത്രീപുരുഷന്മാരെ അടക്കം ശിക്ഷി
ച്ചിരിക്കുന്നു. അപ്പോഴ് പാറക്കാട്ട് ഒരു
നായരു ചിററഴി മരുമസംബന്ധമായി
ചേർന്നിരുന്ന ആള് മുലകുടിപ്രായത്തിൽ
ഒരു പെൺകുട്ടിയെ പുതപ്പിൻകീഴവെച്ചു
കൊണ്ടുപോയി വളർത്തി കല്യാണം കാ
ലമായപ്പോഴ് എറുപ്പെ കൊണ്ടുവന്നു വ
സ്തുത കേൾപ്പിച്ചാറെ മംഗല്യധാരണ
ത്തിന്നു വേണ്ടുന്ന ചെല്ലും ചിലവും കച്ച
പുടവയും നൂലും തീട്ടും കല്പിച്ചുകൊടു
ത്ത് ആളെ കൂടെ അയച്ചു കല്യാണം അ
ടിയന്തരം കഴിച്ചു കുടിയിരുത്തിയിരിക്കു
ന്നു. ആ സംഗതികൊണ്ടത്രെ ഇപ്പോഴ്
കല്യാണത്തിട്ടോടുകൂടി കച്ചയും പുടവയും
നൂലും കല്പിച്ചുകൊടുത്തുവരുന്നത്..... മുള
യംകാവ് നാലേടത്തക്ക് സംബന്ധം ഉ
ള്ളതാകുന്നു. നെടുങ്ങനാട്ടു പടനായരുടെ
കുത്തുവിളക്കും വീട്ടിക്കാട്ടുനിന്നു വെളിച്ച
പ്പാടും കുന്നനൂപ്പടനായരുടെ നാട്ടിൽ
നിന്നു കൂത്തുകാരും കവളപ്പാറെനിന്നു കു
ഴൽക്കാരും ആയിട്ടു കൂത്തും പൂരവും കഴി
യേണ്ടതാകുന്നു. നെടുങ്ങനാട്ടു പടനായ
രുടെ കുത്തുവിളക്കല്ലാതെ വെളിച്ചപ്പാട
ന്മാർക്ക് വേറെ വിളക്കില്ല. കവളപ്പാറെ
ഒന്നുകുറ ആയിരത്തിൽ പന്തീരായിരത്തി
അറുനൂററിക്കലം വസ്തുവും നാട്ടിന്റെ പു
റത്ത് ആകുന്നത്. ആയിരത്തിൽ മക്കൾ
മരുമക്കൾ തമ്മിൽ എടഞ്ഞു പടയുണ്ടാ
യിട്ടുണ്ടാകകൊണ്ടു മക്കളിൽ ഒരാൾ അ
പായം വരികകൊണ്ട് ഒന്നുകുറ ആയിര
മെന്നും ഒന്ന് അന്തിമഹാകാളൻ എ
ന്നും കേട്ടിരിക്കുന്നു. നാനൂറു വില്ലുക്കാരിൽ
പത്തില്ലും കുളപ്പുള്ളി ആയിരത്തിൽ ഉ
ള്ളവരും ജന്മികളാകകൊണ്ട് അവരുടെ

ഇടയിലിരിപ്പാൻ യുക്തമല്ലെന്നുവെച്ചു കലക്കമില്ലായ്കക്ക് കഴിച്ചിരിക്കുന്നപ്രകാരം കേട്ടിരിക്കുന്നു. ആയിരത്തിൽ എഴുനൂററമ്പത് എന്നും ഇരുനൂററമ്പത് എന്നും കൂടി ആയിരം എന്ന് ഇപ്പോഴും, അഞ്ഞൂറും അഞ്ഞൂറും എന്നു മുമ്പേയും പറയുന്നു. കിരാങ്ങാട്ടുനമ്പൂതിരിപ്പാട്ടിന്നു കോട്ടയിൽ മണ്ണിൽനായരെ ഒരു സംഗതിയിൽ ശിക്ഷിക്കകൊണ്ടും, ആ സംഗതിക്കു ശിക്ഷിച്ചു എന്നും ശിക്ഷിച്ചില്ല എന്നും വാദിച്ച് അഞ്ഞൂറിലുള്ളവരും കാഞ്ഞൂരു നമ്പൂരിപ്പാട്ടിൽനിന്നും തമ്മിൽ എടച്ചിലായിട്ടു വരികകൊണ്ടാകുന്നു എന്നു കേട്ടിരിക്കുന്നു. ഇതു വീലുതൊടിയിൽ ശങ്കരമേനോനും മേലുവീട്ടിൽ കണ്ണപതി നായരും കൂടി ആലോചിച്ച്.... എഴുതിയത്. ശുഭം.

# കിരാതം

## അരയന്നപ്പാട്ട്*

V

“ആരെടാനിയ്യെന്നസ്ത്രത്തെവന്നുടൻ
ചോരണംചെയ്യാനെന്തൊരുകാരണം
ആരെന്നുള്ളതറിയാതെനമ്മുടെ
നേരെവന്നാലനർത്ഥംനിനക്കുണ്ടാം.”
എന്നനേരമരുൾചെയ്തുശങ്കരൻ
“പന്നിയെക്കൊലചെയ്തതുയോഗ്യമോ
എന്നുടെവനംതന്നിലേജന്തുക്ക-
ളന്യന്മാക്കുലഭിക്കുമോതാപസാ?
എന്തിനയ്യോതപസ്സുചെയ്തീടുന്നു
ജന്തുനിഗ്രഹംചെയ്തുഭുജിപ്പാനോ?
എന്തൊരുകള്ളത്താപസനേഷനീ
എതുദിക്കിന്നുവന്നുനീമാനുഷാ?”
എന്നതുകേട്ടുരചെയ്തുഫൽഗുനൻ
“എന്നെനീയറിഞ്ഞീലയോകാട്ടാളാ
മന്നിലുംപിന്നെവിണ്ണിലുംപാതാളം-
തന്നിലുംകേളിയുള്ളൊരുവീരൻഞാൻ
ഖാണ്ഡവവനംചുട്ടുകരിച്ചൊരു
പാണ്ഡവൻഞാനെന്നോർത്തുപറകനീ
ഗാണ്ഡീവായുധമുള്ളൊരുപാർത്ഥൻഞാൻ
താണ്ഡവങ്ങൾപലതുണ്ടറികനീ
കാട്ടിലുള്ളമൃഗത്തെക്കൊലചെയ്താൽ
കാട്ടാളാനിനക്കെന്തൊരുസങ്കടം?
പട്ടിൽവന്നാൽപ്പലരുംകൊലചെയ്യും
നാട്ടിലാചാരംനിങ്ങൾക്കറിയാമോ?
പോടാനമ്മുടെമുന്നിലടുക്കാതെ
വേടാനിങ്ങളെത്തീണ്ടുംനാമൊക്കെടോ!
ഊടറിയാതെനമ്മോടെതൃത്തീടിൽ
കേടുതട്ടുംകിരാതാനിനക്കിപ്പോൾ.”
പാണികൊട്ടിച്ചിരിച്ചരുൾചെയ്തു വേടാ
“പ്രാണികൾക്കെല്ലാമീശ്വരൻഞാനെന്ന
നാണിയമുള്ളപാണ്ഡവൻഞാനെന്നു
നാണിക്കാതെപറഞ്ഞതുവിസ്മയം!
അഞ്ചുപൊണ്ണത്തടിയന്മാർചെന്നൊരു

* ഒരു പഴയ ഗ്രന്ഥത്തിൽനിന്ന്

ചഞ്ചലാക്ഷിയെവേളികഴിച്ചപോൽ
അഞ്ചുപേരൊടുംസാരസ്യമാടുവാൻ
ചാഞ്ചല്യമില്ലവൾക്കമനക്കാമ്പിൽ
അയ്യോനിങ്ങൾജനിച്ചതുംകേട്ടുഞാൻ
പൊയ്യല്ലെന്തൊരുവിസ്മയമിങ്ങിനെ?
വേട്ടഭർത്താവറിയാതയുണ്ടാക്കി,
കേട്ടവർത്തമാനംഞാൻപറയുന്നു
കാട്ടിലുള്ളജനത്തെക്കണ്ടിവൊടേ
പാട്ടിലാക്കിപ്പോൽനിന്നുടെമാതാവും
കോട്ടംകൂടാതെനാലഞ്ചുപുത്രന്മാർ
ചേട്ടുണ്ടുപിറന്നപോലജ്ഞനാം!
അച്ഛൻകാണാതെയുണ്ടായനിന്നുടെ_
യച്ഛനാരെന്നുംഞാനറിയുന്നുണ്ട്.
ഒച്ചപ്പെട്ടാലതൊക്കെപ്പരവശം
പച്ചക്കാമദേവാനീയറിയണം
വെണ്ണയുംപാലുംകട്ടുകവർന്നോരു
കണ്ണൻനിന്നുടെചങ്ങാതിയായതും
കണ്ണുകൊണ്ടുഞാൻകണ്ടറിയുംപോലെ
കാര്യമൊക്കെഗ്രഹിക്കുന്നുഫൽഗുനാ!
നൂറുപേരെയൂയപ്പെട്ടുകാനനേ
കാററുമേററുനടക്കുന്നനിങ്ങൾക്കു
ക്കുററകാരംകുറയുമെന്നാകിലു_
മ്മുററക്കാരെന്നഭാവമുണ്ടഞ്ചിനും.
തോററുമേവുന്നകാലത്തുനീപിന്നെ
നോററുകൊണ്ടുതപഞ്ചെയ്തുമേവുന്നു
കുററന്മേലേറിക്കൂത്താടുംദേഹത്തെ_
ക്കുററുകാരനാക്കീടുവാനുത്സാഹം!
കൊററിനില്ലാഞ്ഞിരന്നുനടക്കുന്ന
പോററിയെച്ചെന്നുസേവിക്കുംനിന്നുടേ
മാററിത്തമോർത്താലയ്യോചിരിവരും
മാററിക്കൂടാതലയിലെഴുത്തുകൾ!
ചത്തുചുട്ടചുടലക്കളങ്ങളിൽ
നൃത്തമാടുന്നദേഹത്തെസ്സേവിച്ച്
ശത്രുസംഹാരംചെയ്യാമെന്നിങ്ങിനേ
പാർത്ഥനിന്നുടെമോഹമത്ഭുതം!"

ഇത്ഥമുള്ളകിരാതസ്വരൂപൻെറ
കത്ഥനംകേട്ടുകോപിച്ചഫൽഗുനൻ
യുദ്ധത്തിന്നുടൻവില്ലുംകുലക്കൂട്ടി
ബദ്ധവേഗാലടുത്തുമഹാരഥൻ.

VI

മുഴത്തകോപവുംചാപമെടുത്തുഫൽഗു
നൻ ബാണംതൊടുത്തുവിരവിലങ്ങടുത്തു
വിളവിനെത്തടുത്തുപടുതമോടേ * തുട
ങ്ങിസംഗരംതമ്മിൽ മടങ്ങീലെങ്കിലുംഭൂമി
നടുങ്ങി മൃഗഗതിമുടങ്ങിമുനികളുമടങ്ങി
യൊതുങ്ങിനിന്നു * കുലുങ്ങിപർവതമേഴും
കലങ്ങിസാഗരമേഴും മറിഞ്ഞുമരങ്ങളുംമ
റിഞ്ഞുധരണിയിൽ നിറഞ്ഞുപൊടിപട
ലം * ശരംകൊണ്ടുംകരംകൊണ്ടുംമരം
കൊണ്ടുംമലകൊണ്ടും അടിച്ചുമവർത
മ്മിലിടിച്ചുമഥതല്ലിപ്പൊടിച്ചു പൊടിപട
ലം * ചൊടിച്ചുതങ്ങളിൽവീര്യംനടിച്ചു
ശണ്ഠയുമിട്ടു പിടിച്ചുമറിച്ചുകൊണ്ടടിച്ചു
തറികളുമൊടിച്ചുപടപൊരുതി * അട
ുത്തുപാർവ്വതിദേവി തടുത്തുരണ്ടുപേരോടും
അരുതുപിണക്കമെന്നരുളി കരളിലേകരു
ണപെരുകയാലെ * രണത്തിൻെറയിട
യിൽനിഗ്രഹത്തിന്നുതുടങ്ങുന്ന കണക്കവ
രത്തുമോനിണക്കു മനക്കാമ്പിലടക്കമൊ
ത്തുക്കമുണ്ടൊ * തടുക്കാതെകിരാതിനിയടു
ക്കാതെരണംതമ്പിൽ നടക്കുന്നിണക്കമി
ന്നടുത്തുമരണമെന്നരുത്തഹരിതനയൻ *
കിരാതനല്ലിവൻപാർത്ഥാ പുരാരിതാനി
വൻദേവൻ കരുതുമനമതിലരുതുപരാഭ
വമരുതുവിരുതുകളും * കനല്ക്കണ്ണിലനംഗ
നെക്കരിച്ചോരീശ്വരനയ്യോ കയർത്തുപൊ
രുതുകിലടുത്തുമരണമെന്നരുളി ഗിരിമക
ളും * പൊളിവാക്കുപറഞ്ഞുകൊണ്ടിളി
ച്ചവന്നടുക്കാതെഗമിച്ചുകൊണ്ടില്ലെങ്കിൽ
ക്ഷമിച്ചുവസിക്കില്ലാ സമർത്ഥനഹമധു

നാ * പറഞ്ഞതിങ്ങിനെപാൎത്ഥൻകറ
ഞ്ഞൊരുഭയംകൂടാതുടനെ പലതരമടവു
പലവിധമവിടെത്തുടങ്ങിനാൻ *

VII

വാളുംപരിചയുംവില്ലുംശരങ്ങളും
വേലുംചുരികയുംകുന്തങ്ങളും
ശൂലംഗദാചക്രമൊക്കെപ്രയോഗിച്ചു
കാലാരിവേടനുമജ്ജുനനും.
"പുഷ്പങ്ങളാകട്ടെഫൽഗ്ഗുനനിന്നുടെ
കെൽപ്പുള്ളബാണങ്ങളെല്ലാമിപ്പോൾ"
എന്നുശപിച്ചിതുപാൎവ്വതീദേവിയു-
മന്നേരമസ്ത്രങ്ങൾപുഷ്പമായി
പുഷ്പശരംകൊണ്ടുപുഷ്പശരാരിയോ-
ടൊപ്പംപ്രയോഗിച്ചുഫൽഗ്ഗുനനും
"അമ്പുകളില്ലാതെപോകനിനക്കെന്നു"
മമ്പോടരുൾചെയ്തുഗൌരിയപ്പോൾ
വില്ലുകൊണ്ടജ്ജുനൻവിശൈകനാഥ
(നെ-
ത്തല്ലിത്തുടങ്ങിമടങ്ങിടാതെ
അമ്പിളിതല്ലിപ്പൊളിക്കമിവനെന്നു
ശംഭുവിനുള്ളിൽഭയംതുടങ്ങി
തുംഗമായുള്ളശിരസ്സിലൊളിച്ചൊരു
ഗംഗാഭഗവതിവിൽപിടിച്ചു (ഞ്ഞു
ചാപംനശിച്ചപ്പോൾകോപംസഹിയാ
ഭൂപാലനന്ദനനജ്ജുനനും
മുഷ്ടികൾകൊണ്ടുഹരൻെറതിരുമാറിൽ
പെട്ടെന്നുകുത്തിത്തുടങ്ങിവീരൻ
തൃക്കണ്ണുരണ്ടുംചുവന്നുകിരാതൻെറ
ചിക്കെന്നുഴന്നുഗിരിമകളും
"പുഷ്പാസ്ത്രനല്ലാപുരന്മാരുമല്ലിവൻ
പുഷ്പായുധാന്തകാകോപിക്കൊല്ലാ
അന്തകനല്ലാഗജാസുരനല്ലിവ-
നന്തകനാശനാകോപിക്കൊല്ലാ"
എന്നുരചെയ്തുതടുത്തൊരുഗൌരിയോ-
ടൊന്നുമിളക്കീലചന്ദ്രചൂഡൻ
കുന്തീകുമാരനെത്താഡിച്ചുതാഡിച്ചു
ബന്ധിച്ചുഭൂതലംതന്നിലിട്ടു
പാദങ്ങൾകൊണ്ടുചവിട്ടിത്തകത്തവൻ
പാരാതെപാൎത്ഥനെപ്പിണ്ഡമാക്കി
ഭൂമിയിലിട്ടുരുട്ടിപലവട്ടം
കാമാരിമെല്ലവേവാങ്ങിനിന്നു.
തല്ലുകൾകൊണ്ടുതകന്നോരുഫൽഗ്ഗുനൻ
വല്ലാതെഖേദിച്ചുചിന്തചെയ്തു:
"അയ്യോ!ഇതിനെന്തുകാരണമീശ്വരാ
ദുര്യോധനൻതൻെറമായയിതോ (ച്ചു
കള്ളക്കിരാതനെക്കൊണ്ടെന്നെത്തോല്പി
കല്യനായുള്ളോരുകാലകാലൻ (നു
വൈരികൾക്കൊക്കെമഹോത്സവമായ്വ
പാരിൽപ്പരിഹാസമായിത്തീന്നു (ൻ
'കാട്ടാളനോടേററുതോററുപോലജ്ജുന
കേട്ടാലുമത്ഭുതംമാലോകരേ!
വില്ലുകലച്ചതുംപാക്കമുറിച്ചതും
നല്ലോരുപെണ്ണിനെക്കയ്ക്കൊണ്ടതും
അന്നതത്തോരുമന്നവരെയെല്ലാ-
മൊന്നൊഴിയാതെകണ്ടോടിച്ചതും
ഖാണ്ഡവംചുട്ടതുമെല്ലാംവൃഥാഫലം
പാണ്ഡവനിപ്പോളിളപ്പെട്ടപോൽ'
ഇത്ഥംപരിഹാസപാത്രമായ്വന്നഞാൻ
ചത്തുപോകയെങ്കിലോഖേദമില്ലാ
എന്തിനിരിക്കുന്നുകുന്തീകുമാരക-
നെന്തെങ്കിലുമിനിച്ചാകനല്ലു
മാരനിഷൂദനനാരദസേവിത
ചാരണഭഞ്ജനഗൌരീനാഥാ!
ശംഭോപുരാന്തകശങ്കരനിൻകൃപ
സംഭവിച്ചീടേണമെങ്കലിപ്പോൾ"
എന്നുരചെയ്തുഭഗവാനെദ്ധ്യാനിച്ചു
വന്ദനംചെയ്തുവസിച്ചുപാൎത്ഥൻ.

VIII.

വനചരവരനുടെമെയ്യലെയ്- നല്ല
ഘനതരജടമുടികണ്ടാൻ
അനുപമഫണിമണിമാലാ-ദിക-
ളനവധിവിരവോടുകണ്ടാൻ
തുമ്പമലരുടെനടുവേ-നല്ലൊ-
രമ്പിളിയുടെകലകണ്ടാൻ
അമ്പൊടുനിടിലതടാന്തേ-പുന-
രമ്പിനതിരുമിഴികണ്ടാൻ
സരസിജനവദളമ്പോലേ-രണ്ടു
തിരുമിഴിവിരവൊടുകണ്ടാൻ
സരസരുചിരതിരുനാസാ-പുട
മുരുതരമഴകൊടുകണ്ടാൻ
കുണ്ഡലവിരചിതരൂപം-ഫണി
കുണ്ഡലയുഗമപികണ്ടാൻ
ഗണ്ഡവുമധരവുമുടനേ-രുചി
മണ്ഡലഭരമൊടുകണ്ടാൻ
ഒരുശശിബിംബസമാനം- നല്ല
തിരുമുഖമമ്പൊടുകണ്ടാൻ
ഗരളരുചിഗളനാളം-പിന്നെ
തരളകലിതഫണിമാലം
തിരുമാറിടമഭിരാമം-പിന്നെ
ഉരുതരമഴകൊടുകണ്ടാൻ
പരശുമൃഗാദിസമേതം-പിന്നെ
കരചയമമ്പൊടുകണ്ടാൻ
സുരുചിരകൃശതരമുദരം-പിന്നെ
ഗുരുജഘനവുമഥകണ്ടാൻ
ഫണിമണികാഞ്ചികലാപം-ബദ്ധ
ഗുണമൊടുപുനരഥകണ്ടാൻ
കരിവരചൎമ്മദുകൂലം-പിന്നെ
തുടയിണയൊടുമഥകണ്ടാൻ
തരുണകിസലയമനോജ്ഞം-പിന്നെ
ചരണയുഗളമപികണ്ടാൻ
പരമശിവനുടെസവിധേ-പിന്നെ
ഗിരിമകളെയുമഥകണ്ടാൻ
കരിമുഖനറുമുഖനഖിലം-നിജ
പരിജനകുലമപികണ്ടാൻ
ഹരഹരശിവശിവശംഭോ!-ജയ
പുരഹരജയജയശംഭോ!
തരളഫണിവലയശംഭോ!-ജയ
കരുണാലയജയശംഭോ!
പരശുഹരിണധരശംഭോ!- ജയ
പ്രഥമവിഭോജയശംഭോ!
വരമരുളുകമമശംഭോ!-ജയ
പരമവിഭോജയശംഭോ!

IX.

കാട്ടാളവേഷംവെടിഞ്ഞുമുന്നിൽ
കാണായദേവൻകരുണാശീലൻ
പാൎത്ഥനെച്ചെന്നുകരംപിടിച്ചു
പാരാതെകണ്ടങ്ങെഴുന്നീല്പിച്ചു
താഡനംകൊണ്ടുതളൎന്നദേഹം
തൻകരംകൊണ്ടുതലോടിമെല്ലെ
പാൎത്ഥന്റെദേഹംനേടത്തക്കൊള്ളം
പത്തുമടങ്ങുമനോജ്ഞമാക്കി
പാശുപതമെന്നപേരായുള്ളോ-
രാശുഗമാശുകൊടുത്തുദേവൻ
ആദരവോടങ്ങരുളിച്ചെയ്തു
"ഖേദമരുതേതുമിന്ദ്രസൂനോ!
നിന്നുടെധൈൎയ്യമറിവാനായി
വന്നുഞാൻകാട്ടാളവേഷത്തോടെ
വീൎയ്യഭാവംകണ്ടുതെളിഞ്ഞുഞാനും
കാൎയ്യങ്ങളെല്ലാമുടനെതന്നെ
സാധിക്കമഞ്ജുനാനിങ്ങൾക്കിപ്പോൾ
ബാധിക്കുംവൈരിയെനിഗ്രഹിപ്പാൻ
ബോധിക്കുംകാൎയ്യംവരുന്നനേര-
മാധിക്കുസംഗതിയില്ലമേലിൽ"
എന്നുള്ളനാഥന്റെവാക്കുകേട്ടു
വന്ദിച്ചുണൎത്തിച്ചുപാണ്ഡുസൂനു:

“കാരുണ്യമൂർത്തേനമസ്തേനാഥാ
ചാരുനിൻപാദംവണങ്ങിടുന്നേൻ
കാട്ടാളനെന്നുനിനച്ചുകൊണ്ടു
കാട്ടിയഗോഷ്ഠികളെവില്ലേതും
വല്ലാത്തവാക്കുപറഞ്ഞുപോയി
വല്ലാത്തധിക്കാരംചെയ്തുപോയി
എല്ലാംക്ഷമിച്ചെന്നെരക്ഷിക്കേണം
കല്യാണമൂർത്തേനമസ്തേനാഥാ!
പാർവ്വതീദേവി!ജഗന്മാതാവേ!
പാർത്ഥന്റെപാപമൊഴിച്ചരുൾക”
ഏവംപറഞ്ഞുവണങ്ങിടുന്ന
ദേവേന്ദ്രപുത്രന്റെകൈപിടിച്ചു
പ്രീതിയണിഞ്ഞൊരുദേഹംതന്നിൽ
ഭൂതാധിനായകൻചേർത്തുമെല്ലെ
ഗാഢംപുണർന്നനുഗ്രഹിച്ചു-
ട്ടൂഢസന്തോഷംവരങ്ങൾനൽകി
കന്നിമകളോടുംവൃന്ദത്തോടു-
മൊന്നിച്ചതത്രമറഞ്ഞുദേവൻ
വന്ദിച്ചുദേവന്റെദിക്കുനോക്കി
നന്ദിച്ചുപോന്നിതുസവ്യസാചി

സമാപ്തം.

# ഞങ്ങളുടെ വായനശാല.

൧. ഭാഷാവിലാസം:— (3-ാം പുസ്തകം; പ്രസാധകൻ പി. വി. കൃഷ്ണവാരിയർ, കോട്ടയ്ക്കൽ; വില ൧ ക.)

‘കവനകൌമുദി’യുടെ വിശേഷാൽ പ്രതിയായി കൊല്ലന്തോറും പ്രസിദ്ധപ്പെടുത്തിവരുന്ന ‘ഭാഷാവിലാസ’മെന്ന ഗ്രന്ഥമാലയെ വായനക്കാർക്കു പുതുതായി പരിചയപ്പെടുത്തേണ്ട ആവശ്യമില്ലല്ലോ. യുദ്ധംനിമിത്തം ലക്ഷ്മീദേവി അനുവദിക്കായ്കയാൽ സരസ്വതിയുടെ സ്വൈരസഞ്ചാരത്തിന്നു തുലോം തടസ്ഥംനേരിട്ടിട്ടുള്ള ഇക്കാലത്തുകൂടി പതിവുപോലെ ഭംഗിയായി പുറപ്പെട്ട ഭാഷാവിലാസത്തിന്നു ഞങ്ങൾ സസന്തോഷം സ്വാഗതംപറഞ്ഞുകൊള്ളുന്നു. ഇക്കൊല്ലത്തെ പുസ്തകത്തിന്നു പതിവിൽ കവിഞ്ഞതായ ഒരു മെച്ചവും പറയാനില്ലെങ്കിലും, പല നല്ല പ്രബന്ധങ്ങളും ഇതിൽ കാണുന്നുണ്ട്. പദ്യത്തിൽ 4-ം ഗദ്യത്തിൽ 7-ം കൂടി ആകെ 11 പ്രബന്ധങ്ങൾ ഇതിലടങ്ങിയിരിക്കുന്നതിൽ അധികഭാഗവും വായനക്കാരുടെ ശ്രദ്ധയ്ക്കു വിഷയീഭവിക്കേണ്ടവയാണ്. നാലപ്പാട്ട നാരായണമേനവന്റെ വക കൃഷ്ണഗാഥാരീതിയിലുള്ള ‘ഇന്നത്തെ അമ്മ’യ്ക്കാണ് ഇത്തവണ പ്രാധാന്യം നൽകിക്കാണുന്നത്. ഈ അമ്മ മാർക്കണ്ഡേയപുരാണത്തിലെ മദാലസയെ അനുക്ഷണം ഓർമ്മപ്പെടുത്തുന്നു. ഒരു വിശേഷം മാത്രമുണ്ട്: മദാലസ മകനെ കൊഞ്ചിക്കളിപ്പിച്ചുംകൊണ്ട് ഉപദേശിക്കുന്നതു നിവൃത്തിമാർഗ്ഗത്തേയാണ്; ‘ഇന്നത്തെ അമ്മ’യോ, നേരെ മറിച്ചു പ്രവൃത്തിമാർഗ്ഗത്തെയാണ്. ഏതായാലും ഈ ‘അമ്മയെ’ നമ്മുടെ സ്ത്രീജനങ്ങൾ അനുകരിക്കുന്നതു നന്നായിരിക്കും. കവിതാഭാഗംകൊണ്ടു നോക്കിയാൽ ഇതിലു

ള്ള എല്ലാ പദ്യപ്രബന്ധങ്ങളേയും അതിശയിക്കത്തക്കതായ ഒരു സൌന്ദയ്യം വള്ളത്തോളിന്റെ കൃതിയായ 'തിരൂർ—പൊന്നാനിപ്പുഴ'യിലാണു കാണുന്നത്. ദ്വിതീയാക്ഷരപ്രാസനിർബ്ബന്ധമില്ലായ്കയാൽ അപ്രതിഹതമായി ഒഴുകുന്ന ഈ കവിതയെ തദ്വിഷയമായ പുഴയോടുതന്നെ തുല്യപ്പെടുത്താവുന്നതാണ്. പ്രകൃതിയുടെ നിസ്സർഗ്ഗസൌന്ദയ്യത്തെ പ്രകാശിപ്പിക്കുന്ന ഈ ചെറുകൃതി 'പ്രകാശ'ത്തിന്റെ പല പൂവ്വചാരിത്രങ്ങളേയും ഉദാഹരിക്കുന്നുണ്ട്. ഇതിൽ 'തുഞ്ചൻപറമ്പി'നെ വണ്ണിച്ചുകൊണ്ടുള്ള പദ്യങ്ങൾ ഒരു പ്രയത്നത്തിന്റെ പേരിലുള്ള ഭാവിയെ ഇളക്കിവിടുവാൻ തക്കവണ്ണം മനോഹരമായിട്ടുണ്ട്. ആശയഗാംഭീയ്യവും തന്മയത്വവും തികഞ്ഞ ഈ കൃതിയാണ് വാസ്തവത്തിൽ, ഇത്തവണയിലെ 'ഭാഷാവിലാസ'ത്തിന്നു ജീവനായിരിക്കുന്നത്. സർ. ടാഗോറിന്റെ 'ഗീതാഞ്ജലി'യിൽനിന്നു പി. ജി. രാമയ്യർ തർജ്ജമചെയ്തിട്ടുള്ള 'ദേശാഭിമാനിയുടെ പ്രാത്ഥന'യും നന്നായിട്ടുണ്ട്. ഗദ്യപ്രബന്ധങ്ങളിൽ പ്രൌഢമായ ഒന്ന് എം. രാജരാജവമ്മ തമ്പുരാന്റെ വക 'ജ്ഞാനാധാരം' എന്ന ശാസ്ത്രലേഖനമാണ്. ഒരുകൊല്ലം തികച്ചു വായിക്കുവാൻ ക്ഷമയുള്ളവർ വായിച്ചു ഗ്രഹിക്കുവാനായി പ്രൌഢങ്ങളായ ഓരോ ശാസ്ത്രലേഖനങ്ങൾ കൊല്ലംതോറും 'ഭാഷാവിലാസ'ത്തിന്നു സമ്മാനിക്കുന്ന തമ്പുരാനെ ഭാഷാപ്രണയികൾ ബഹുമാനിക്കാതിരിക്കയില്ല. കെ. വെങ്കിടേശ്വരശമ്മാ എഴുതിയ 'നീചവർഗ്ഗോദ്ധാരണ'ത്തിൽ പല പുതിയ സംഗതികളും ഉണ്ട്. 'പ്രകൃതിയും കലാവിദ്യയും', 'കാവ്യസ്വരൂപം', 'കാവ്യതത്വം' മുതലായ ഉപന്യാസങ്ങളെപ്പററി പ്രത്യേകിച്ചൊന്നും പറയേണ്ടതായി തോന്നുന്നില്ല. ആകപ്പാടെ നോക്കിയാൽ ഈ വിശേഷാൽപുസ്തകം 'ഭാഷാവിലാസ'ത്തിന്റെ ക്രമാഭിവൃദ്ധിയെ സൂചിപ്പിക്കുന്നില്ലെങ്കിലും, ഒട്ടും ക്ഷയോന്മുഖതയെ കാണിക്കുന്നില്ലെന്നു സസന്തോഷം പ്രസ്താവിച്ചുകൊള്ളുന്നു. ഇതിൽ ശ്രീമതി സരോജിനീനായഡുവിന്റെ ഒരു ഛായാപടം കൊടുത്തിട്ടുള്ളതും നന്നായിട്ടുണ്ട്.

൨. സസ്യശാസ്ത്രം:—(കെ. വി. രാഘവൻനായർ എഴുതിയത്; ലക്ഷ്മീസഹായം പ്രസ്സ്, കോട്ടയ്ക്കൽ; വില 6 ണ)

ഇതു സസ്യശാസ്ത്രസംബന്ധമായ പ്രാഥമികതത്വങ്ങളെ വിവരിക്കുന്ന ഒരു ചെറുപുസ്തകമാണ്. കൃഷി മുതലായ തൊഴിലുകളിൽ ഏപ്പെടുന്നവർ മാത്രമല്ലാ പ്രകൃതിയുടെ അകൃത്രിമസൌന്ദയ്യത്തെ അറിഞ്ഞാസ്വദിപ്പാൻ ആഗ്രഹമുള്ള എവർക്കും സസ്യശാസ്ത്രത്തിന്റെ ഒരു സാമാന്യജ്ഞാനമെങ്കിലും ഉണ്ടാകേണ്ടത് അത്യാവശ്യമാകയാൽ ഈ പുസ്തകത്തെ ഞങ്ങൾ അഭിനന്ദിക്കുന്നു. ലളിതമായ രീതിയിൽ വിഷയങ്ങളെ വിവരിപ്പാൻ ഗ്രന്ഥകാരൻ ചെയ്തിട്ടുള്ള ശ്രമം സ്തുത്യഹമാണ്. സസ്യശാസ്ത്രത്തിലെ ചില ഉപരിഗ്രന്ഥങ്ങൾ കൂടി ഇദ്ദേഹം എഴുതുമെന്നും, ഇതിലൊതുക്കുവാൻ വിട്ടുപോയിട്ടുള്ള ചില വിഷയങ്ങളെ ആയതിലൊതുക്കുമെന്നുമാണ് വിശ്വസിക്കുന്നത്. ഈ ശാസ്ത്രത്തിൽ സേർ. ജെ. സി. ബോസ്സിന്റെ ഉപജ്ഞോപലങ്ങളായ സംഗതികളേയും, പാശ്ചാത്യരുടെ അഭിപ്രായങ്ങളിൽനിന്നു വ്യത്യസ്തമായി ഹിന്തുശാസ്ത്രകാരന്മാരുള്ള ചില പക്ഷങ്ങളേയും വിവരിച്ചും വിമശിച്ചും ചേക്കേണ്ടതു വിഷയത്തിന്റെ പൂന്നതയ്ക്കു വളരെ ആവശ്യമാണ്. യുവാവും ഉത്സാഹിയുമായ ഈ ഗ്രന്ഥകാരന്റെ പരിശ്രമം നിഷ്ഫലമായിത്തീരാതെ കാണുവാൻ ഞങ്ങൾ ആശംസിക്കുന്നു.

# सिद्धान्तबिन्दुः ।

शरीरमध्ये स्थितस्सर्वशरीरव्यापकस्सत्वप्राधान्येन सूक्ष्मपञ्चभूतारब्धोऽन्तःकरणाख्यो विद्याविवर्तो दर्पणादिवदतिस्वच्छो नेत्रादिद्वारा निर्गत्य योगान् घटादीन् विषयान् व्याप्य तत्तदाकारो भवति द्रुतताम्रादिवत् । तस्य च सौरालोकादिवद्झटित्येव संकोचविकासावुपपद्येते ॥

सिद्धान्तबिन्दुव्याख्या न्यायरत्नावली । शरीरमध्यस्थसुखादिरूपेण परिणममानत्वात् शरीरमध्यस्थः । युगपद्धस्तपादाद्यवच्छिन्नसुखदुःखादिरूपेण परिणममानत्वात् शरीराद्यवयवेषु सर्वेषु व्यापकः । सात्विकज्ञानसुखादिपरिणामवत्वादाह सत्वप्राधान्येनेति । उत्क्रमणसमये गतिविघाताभावादाह सूक्ष्मेति । पञ्चभूतगुणानां ग्राहकत्वादाह पञ्चभूतेति । आरब्धेति परिणामेत्यर्थः । सत्वांशाधिक्ययुक्तापञ्चीकृतपञ्चभूतपरिणाम इति समुदायार्थः । विवर्तः परिणामः । भूतानां विशेषपरिणामित्वेपि सामान्यपरिणामिन्यविद्येत्यर्थः । अतिस्वच्छः स्वसंबन्धिनः प्रतिबिंबोत्पत्तियोग्यः । नेत्रादीति चक्षुरादि बहिरिन्द्रियेण संयुक्तो भूत्वा तेनैव रूपेण घटादिभिस्संयुक्तो भूत्वा घटादिविषयकचाक्षुषादिरूपेण परिणमत इत्यर्थः । मनस्संयुक्तेन्द्रियविषयसंनिकर्षस्य चाक्षुषादिहेतुत्वज्ञापनाय व्याप्य तत्तदाकारो भवतीत्युक्तम् । इन्द्रियमिश्रितत्वेन मनोव्याप्तिकथनेनैव इन्द्रियव्याप्तिलाभात् तावता च चाक्षुषादिमनोवृत्तेः घटादिस्वविषयसंयुक्तत्वमावश्यकम् । मनसश्चक्षुरादीन्द्रियासंयोगकाले चाक्षुषानुत्पत्तावपि चक्षुरादिमनोयोगचक्षुरादिविषयसंयोगयोः न पार्थक्येन कारणत्वं किं तु शक्तिविशेषरूपेण एकमेव कारणत्वं मनोसंयुक्तचक्षुर्विषयसंयोगे तादृशशक्तिविशेषास्वीकारेणातिप्रसंगभङ्गात् इत्यपि ज्ञापितम् । द्रुतताम्रादिवदिति यथा द्रवीभूतताम्रादि मूषापात्रादौ क्षिप्तं पश्चाद्वाय्वाद्यपसारिततेजोभागं सत् काठिनीभवति तथा मनो घटादिसंनिकृष्टेन्द्रियसंयुक्तं सत् आकाराख्यविषयतासंबन्धेन घटादिसंबद्धचाक्षुषादिरूपं भवतीत्यर्थः ॥

## न्यायरत्नावलीव्याख्या ।

श्रीकोटिलिंगनिलयां भूयो भूयो नमामि ताम् ।
परां शक्तिं यया हीनश्शङ्करोऽपि निरर्थकः ॥
नमामि भूयो भूयोहं ब्रह्मानन्दयतीश्वरम् ।
प्राकाशयच्चान्द्रिकाद्यैस्सिद्धान्तान् शाङ्करान् हि यः ॥
श्रीकोटिलिंगराजेन विदुषा गोदवर्मणा ।
न्यायरत्नावलीभागभावो यत्नात् प्रकाश्यते

आदित्यादिरूपं तेजो यथा आलोकरूपैस्स्वावयवैस्सर्वान् देशान् व्याप्नुवदाकाशमध्ये तिष्ठति तथा तेजोभागबहुळं मनस्स्वावयवैस्सर्वाञ्छरीरान् व्याप्नुवच्छरीरमध्ये तिष्ठतीत्यभिप्रायेणाह मूले शरीरमध्ये स्थितस्सर्वशरीरव्यापक इति । न्यायरत्नावल्यां व्यापक इति युगपत् संबद्ध इत्यर्थः । विशेषपरिणामित्वेपीति भौतिकात्मककार्यविशेषपरिणामित्वेनान्तःकरणस्य भौतिकस्य भूतपरिणामत्वेपीत्यर्थः । सामान्यपरिणामिन्यविद्येति कार्यसामान्यपरिणाम्यविद्यापरिणामत्वमपीत्यर्थः । मूले योग्यान् घटादिविषयान् व्याप्येत्यत्र योग्यानित्यस्याभावे घटादीत्यादिपदेनायोग्यानामपि ग्रहणात्तत्तदाकारो भवतीत्यत्र तच्छब्देनापि तेषां ग्रहणापत्त्या मनसः अयोग्यविषयकचाक्षुषादिरूपेणापि परिणामस्तद्वाक्याल्लभ्येत । तथा च तदसंगतिः । तद्रूपेण मनसः परिणामाभावात् । अतो योग्यानिति । ननु व्याप्य तत्तदाकारो भवतीति मूलेन चाक्षुषादिर्मनोवृत्तेस्स्वविषयसंयुक्तत्वमुक्तं तदयुक्तम् । मनोविषयसंयोगस्य चाक्षुषादिकं प्रत्यहेतुत्वात्तत्संयोगस्यैवानावश्यकत्वेन चाक्षुषादिमनोवृत्तेर्विषयसंयोगस्य सुतरामनावश्यकत्वादित्याशङ्कापरिहाराय तादृशमूलेनैव मनस्संयुक्तेन्द्रियविषयसंनिकर्षस्य चाक्षुषादिहेतुत्वस्य मनसो बहिरनिर्गमवादिनामप्यभिमतस्य ज्ञापनद्वारा तदावश्यकता ज्ञापितेत्याह । न्यायरत्नावल्यां मनस्संयुक्तेति व्याप्य तत्तदाकार इति । बहिरिन्द्रियसंयुक्तत्वेन रूपेण घटादिभिस्संयुक्तो भूत्वेत्याद्यर्थकेत्यादि । इन्द्रियमिश्रितत्वेन मनोव्याप्तिकथनेनेति इन्द्रियसंयुक्तत्वेन मनसो या व्याप्तिः विषयसंयोगः चाक्षुषादिवृत्तित्वावच्छेदेन तदुत्तरत्वकथनेनेत्यर्थः । इन्द्रियव्याप्तिलाभादिति तादृशवृत्तित्वावच्छेदेन विषयेन्द्रियसंयोगोत्तरत्वलाभादित्यर्थः । तावता च मनस्संयुक्तेन्द्रियविषयसन्निकर्षस्य हेतुत्वज्ञापनेन च आवश्यकमिति इतीतिशेषः । ज्ञापितमित्यनेनान्वयः । विषये मनस्संयुक्तेन्द्रियसंयोगस्य चाक्षुषादिहेतुत्वे तस्यावश्यकत्वात् मनस्संयोगोप्यावश्यकः । विषये मनस्संयोगं विना तत्संयुक्तेन्द्रिये मनस्संयोगासंभवादिति भावः । न पार्थक्येन कारणत्वमिति । अयं भावः । यदि चक्षुरादिमनोयोगचक्षुरादिविषयसंयोगयोः कारणत्वं कल्प्यते तदा पार्थक्येनैव तत् कल्पनीयम् । उभयसाधारणस्यानतिप्रसक्तस्यावच्छेदकस्याभावात् । तथा च कार्यकारणभावद्वयकल्पनागौरवम् । न च चक्षुरादिमनोयोगचक्षुरादिविषयसंयोगयोरेकं शक्तिविशेषमनतिप्रसक्तं स्वीकृत्य तेन रूपेणैककारणत्वकल्पनसम्भवः इति वाच्यम् । तथा सति चक्षुरादिमनोयोगमात्रेण चक्षुरादिविषयसंयोगमात्रेण च चाक्षुषाद्यापत्तेः । न च विषयासंयुक्तचक्षुरादिमनोयोगे मनोसंयुक्तचक्षुरादिविषयसंयोगे च तादृशशक्तिविशेषाकल्पनान्न तदापत्तिरिति वाच्यम् । एवमप्युभयत्र शक्तिविशेषसंबद्धस्य च कल्पनीयतया गौरवात् । अतो नोभयोः कारणत्वमिति । किन्त्वेति चक्षुरादिविषयसंयोगस्येति शेषः । एकमेवेति चक्षुरादिमनोयोगनिष्ठचाक्षुषादिकारणत्वरूपस्वजातीयद्वितीयरहितमेवेत्यर्थः । अतिप्रसंगभयादिति चक्षु-

# മംഗളോദയം

൧൦൮൬

| പുസ്തകം ൨ | മീനം | ലക്കം ൮ |
|---|---|---|


## മംഗളം.

മറവിലൊളിച്ചുകിടന്നൊരു മറയുടെപൊരുൾനിർവ്വചിച്ചുതെളിയിക്കാൻ
തിറമൊടുപിറന്നസാക്ഷാൽ മറയവർമണിയായയാസ്കനെത്തൊഴുന്നേൻ.

## നിരുക്തം.

### ൧.

എന്നെപ്പോലെയുള്ളവർ നിരുക്തത്തെപ്പററി ഒരു അഭിപ്രായം എഴുതുന്നുവെങ്കിൽ, അത് അതി സാഹസപ്രവൃത്തികളിൽ ഒന്നായി പയ്യവസിക്കാവുന്നതാണ്. എന്നാൽ



ഈ ഗ്രന്ഥത്തിൻെറ ഗംഭീരതയും, ഇതിനെ സംബന്ധിച്ച് സാധാരണ പണ്ഡിതന്മാരുടെ ഇടയിൽ കണ്ടുവരുന്ന മദ്ധ്യസ്ഥതയുമാണ് എന്നെ ഇതിലേക്കു പ്രേരിപ്പിച്ചിട്ടുള്ളത്. വേദാംഗങ്ങളിൽവെച്ചു മുഖ്യമായ ഈ നിരുക്തശാസ്ത്രം ഇപ്പോൾ നാമാവശേഷസ്ഥിതിയിൽ കിടക്കുന്നു. അവശ്യം വേണ്ടതായ, ഇതിൻെറ പുനരുദ്ധാരണത്തിന്നു സാക്ഷാത്തായോ പരമ്പരയായോ, എൻെറ ഈ ശ്രമം ഉപകാരമായിത്തീരുന്നതായാൽ, ഞാൻ കൃതാൎത്ഥനായി. ഏതായാലും പ്രകൃതവിഷയത്തെക്കുറിച്ച് ആലോചിച്ചുവാനാരംഭിക്കട്ടെ.

നിരുക്തം ഒരു മൂലഗ്രന്ഥമല്ല. അ

മരംപോലെയുള്ള വൈദികനിഘണ്ടുവിന്റെ ഒരു വ്യാഖ്യാനമാണിത്. ഈ വൈദികനിഘണ്ടു മഹർഷിമാരാൽ രചിക്കപ്പെട്ടതാണെന്നു പറയാമെന്നല്ലാതെ ഇതിന്റെ ശരിയായ കർത്താവ് ഇന്നാളാണെന്നു നിശ്ചയിക്കുവാൻ സാധിക്കില്ലെന്നും, ഇതിനെ പലരും വ്യാഖ്യാനിച്ചിട്ടുണ്ടെന്നും ഇങ്ങിനെ പലേ വ്യാഖ്യാനങ്ങളുള്ളതിൽ ഒന്നാണു യാസ്കന്റെ നിരുക്തമെന്നും ഭഗവദ്ദുർഗ്ഗാചാര്യർ നിരുക്തവ്യാഖ്യാനത്തിൽ പറഞ്ഞിട്ടുണ്ട്. നമ്മുടെ നിരുക്തകർത്താവായ യാസ്കൻ ഏതു കാലത്ത് ഏതു ദിക്കിൽ ജീവിച്ചിരുന്നു എന്ന് അന്വേഷിക്കുന്നവർക്കു, ശരിയായ സമാധാനം കിട്ടുമോ എന്നു സംശയമാണ്. ഈ മഹാൻ, ക്രിസ്ത്വാബ്ദാരംഭത്തിനു നാലു ശതവർഷം മുമ്പു ജീവിച്ചിരുന്ന ഒരാളാണെന്നും, ഇദ്ദേഹത്തിന്റെ കാലശേഷമാണ് പ്രസിദ്ധനായ പാണിനി വ്യാകരണസൂത്രത്തെ നിർമ്മിച്ചതെന്നും നാം ഇന്ത്യാചരിത്രത്തിൽനിന്ന് അറിയുന്നു. നിരുക്തത്തിലെ വാക്യരചന, യാസ്കൻ അതിപ്രാചീനനാണെന്നു നമ്മെ ബോദ്ധ്യപ്പെടുത്തുന്നു. ഇതിലധികം യാസ്കനെപ്പററി ഒന്നും പറയുവാൻ സാധിക്കാത്തതുകൊണ്ടു വൈദികനിഘണ്ടുവിനേയും നിരുക്തത്തേയും കുറിച്ച് ആലോചിക്കുക.

അമരം തുടങ്ങിയ ലൌകികനിഘണ്ടുവിലുള്ളേടത്തോളം പര്യായശബ്ദങ്ങളോ ഗ്രന്ഥബാഹുല്യമോ ഉള്ളതല്ല നമ്മുടെ വൈദികനിഘണ്ടു. 350 അനുഷ്ടുപ്പ് ശ്ലോകങ്ങളുള്ളതായ ഒരു ഗ്രന്ഥത്തോളം മാത്രമേ ഇതിന്നു വലിപ്പമുള്ളു. ഇതിൽ അഞ്ചദ്ധ്യായങ്ങളുണ്ട്. ആദ്യത്തെ മൂന്നദ്ധ്യായങ്ങൾകൊണ്ടു 69 വസ്തുക്കളുടെ പര്യായങ്ങളെയാണ് പറഞ്ഞിട്ടുള്ളത്. വ്യാകരണംകൊണ്ടു സിദ്ധിക്കാത്തവയും നാനാർത്ഥങ്ങളുമായ 278 വൈദികപദങ്ങളെ നാലാമദ്ധ്യായത്തിൽ പഠിച്ചിട്ടുണ്ട്. അഞ്ചാമദ്ധ്യായം മുഴുവൻ അഗ്നി, ഇന്ദ്രൻ ഇത്യാദി ദേവതാപ്രതിപാദകങ്ങളായ ശബ്ദങ്ങളാകുന്നു. ദേവതാവാചകങ്ങളായ വാക്കുകൾ ആകെ ഇതിൽ 151 ആണ് ഉള്ളത്. വൈദികനിഘണ്ടുവിൽ കാണുന്ന മിക്ക ശബ്ദങ്ങളും വേദത്തിൽ മാത്രമേ കണ്ടുവരുന്നുള്ളു. അല്പം ചില ശബ്ദങ്ങൾ ലൌകികസംസ്കൃതത്തിലും ഉണ്ടായി എന്നു വരികിലും അപ്പോൾ അർത്ഥവ്യത്യാസമുള്ളതുകളാവാം. ഈ നിഘണ്ടു ഒരു ചെറിയ ഗ്രന്ഥമാണെങ്കിലും ഇതിന്റെ വ്യാഖ്യാനമായ നിരുക്തം പന്തീരായിരം ഗ്രന്ഥത്തിൽ കുറയില്ല. (32 അക്ഷരങ്ങൾക്ക് ഒരു ഗ്രന്ഥമെന്നു പറഞ്ഞുവരാറുള്ള സംഗതി വായനക്കാർ ഇവിടെ ഓർമ്മവെക്കുമല്ലൊ) നിരുക്തത്തിൽ പന്ത്രണ്ടദ്ധ്യായങ്ങളുണ്ട്. ആദ്യത്തെ ഒന്നരഅദ്ധ്യായം ഈ ശാസ്ത്രത്തിന്റെ ഉപോൽഘാതമായി വിചാരിക്കാം. അതായത് ഇതുപഠിച്ചാൽ പ്രയോജനമെന്തെന്നും ഇതുപഠിക്കുന്നതിന്ന് ആരാണ് അധികാരി എന്നും മററുമാണ് വിചാരിച്ചിട്ടുള്ളത്. പിന്നത്തെ ഒന്നര അദ്ധ്യായം വൈദികനിഘണ്ടുവിലുള്ള ആദ്യത്തെ മൂന്നദ്ധ്യായങ്ങളുടെ വ്യാഖ്യാനമാകുന്നു. നാലും, അഞ്ചും, ആറും അദ്ധ്യായങ്ങൾകൊണ്ടു നിഘണ്ടുവിലെ നാലാമദ്ധ്യായവും ഒടുവിലുള്ള ആറദ്ധ്യായങ്ങൾ

കൊണ്ട് അഞ്ചാമദ്ധ്യായവും വ്യാഖ്യാനിക്കപ്പെട്ടിരിക്കുന്നു. ഇങ്ങിനെ പന്ത്രണ്ടദ്ധ്യായങ്ങൾ കഴിഞ്ഞതിന്നുശേഷം നിരുക്തപരിശിഷ്ടം എന്ന പേരായി അല്പംകൂടി കാണുന്നുണ്ട്. ഈ നിരുക്തപരിശിഷ്ടത്തിലെ ഉപപാദനാസമ്പ്രദായം കണ്ടാൽ ഇതു യാസ്കപ്രണീതമല്ലെന്നു സംശയിക്കാവുന്നതാണ്. ഇനി ഈ ശാസ്ത്രത്തിലെ വിഷയങ്ങളിൽ പ്രവേശിക്കുക.

നിരുക്തശാസ്ത്രത്തിന്ന് ആരാണ് അധികാരി എന്നു മുമ്പ് ആലോചിക്കട്ടെ. "നാവൈയാകരണായനാനവസന്നായ അനിദംവിദേനിർബ്രൂയാൽ" എന്നനിരുക്തവാക്യം. അത്ഥം:—വ്യാകരണം അറിയാത്തവൎക്കോ, ശിഷ്യവൃത്തിയെസ്വീകരിക്കാത്തവൎക്കോ, നിരുക്തശാസ്ത്രഗ്രഹണത്തിന്നു സാമത്ഥ്യം ഇല്ലാത്തവൎക്കോ ഈ ശാസ്ത്രത്തെ ഉപദേശിക്കരുത്. അത്തരക്കാൎക്ക് ഉപദേശിക്കരുതെന്നു പറഞ്ഞിട്ട് വ്യാകരണമില്ലെങ്കിലും ബുദ്ധി, തപസ്സ് ഇത്യാദി ഗുണഗണങ്ങളുള്ളവൎക്ക് ഉപദേശിക്കാമെന്നു അഭിപ്രായത്തോടുകൂടി ഉപദേശാൎഹന്മാരെപ്പറയുന്നു. "ഉപസന്നായത്തുനിർബ്രൂയാൽ യോവാലംവിജ്ഞാതും സ്യാൽ മേധാവിനെ തപസ്വിനെവാ." അത്ഥം:—നിരുക്തഗ്രഹണത്തിന്നു സമത്ഥനും ശിഷ്യനായിത്തീൎന്നവനും മേധാവിയും തപസ്വിയും ആയവന്ന് ഇത് ഉദേശിക്കണം. വേദത്തിന്റെ സഹായത്തോടുകൂടാതെപഠിക്കപ്പെടുവാൻ സാധിക്കാത്തതായും വേദാത്ഥവിചാരത്തിന്ന് അത്യന്തോപയുക്തമായും ഇരിക്കുന്ന ഈ ശാസ്ത്രത്തിന്ന് അധികാരിമാർ മുമ്പു കാണിച്ച ഗുണഗണങ്ങളുള്ളവരാണെന്നുള്ള യാസ്കന്റെ അഭിപ്രായത്തിൽനിന്നു നാം തീൎച്ചയാക്കേണ്ടത്, അക്കാലത്തു ജാതിഭേദസ്ഥാപകങ്ങളായ നിയമങ്ങൾ ഇത്ര നിഷ്കഷയായി അനുസരിക്കപ്പെട്ടുകൊണ്ടിരുന്നില്ലെന്നോ, വേദാദ്ധ്യയനത്തിന്ന് ആഗ്രഹമുള്ള സത്വഗുണപ്രധാനന്മാൎക്കെല്ലാം വേദാഭ്യാസമാവാമെന്നോ ആകുന്നു. ബ്രാഹ്മണക്ഷത്രിയവൈശ്യന്മാർ വേദാധികാരികളാകുന്നു. ഇവരിൽതന്നെ എല്ലാവൎക്കും നിരുക്തപാഠംകൊണ്ട് ഉപയോഗമാവില്ലെന്നു കാണിക്കുവാനാണ് യാസ്കൻ ഇങ്ങിനെ പറഞ്ഞിട്ടുള്ളതെന്നു ശങ്കിക്കുന്നവർ അറിയേണ്ട സംഗതികളെ താഴെ കാണിക്കുന്നു.

ദയാനന്ദസ്വാമികൾ, വിവേകാനന്ദസ്വാമികൾ ഈ രണ്ടു മഹാന്മാരെപ്പോലെ ഹിന്തുമതത്തിന്റെ തത്വങ്ങൾ അറിഞ്ഞിട്ടുള്ള ഒരാൾ അടുത്തകാലങ്ങളിൽ ഉണ്ടായിട്ടുണ്ടൊ എന്നു സംശയമാകുന്നു. സകല ജനങ്ങളും വേദാധികാരികളാണെന്നുള്ളതിലേക്കുള്ള പ്രമാണം വേദം തന്നെയാകുന്നു എന്ന് ഈ രണ്ടു മഹാന്മാരും പറഞ്ഞിട്ടുണ്ട്. ഇവർ ഈ സംഗതിയിൽ പ്രമാണമായി പറഞ്ഞിട്ടുള്ള വേദമിതാകുന്നു. 'യഥേമാംവാചം കല്യാണിമാവദാനിജനേഭ്യഃ ബ്രഹ്മരാജന്യാഭ്യാംശൂദ്രായചാചാൎയ്യായ ചസ്വായ ചാരണായ.' അത്ഥം:— 'ബ്രാഹ്മണൻ, ക്ഷത്രിയൻ, ശൂദ്രൻ, ഭക്തൻ, ഇങ്ങിനെ പലവിധമായ ജനങ്ങൾക്കുവേണ്ടി ഞാൻ (ഈശ്വരൻ) അതിപരിശുദ്ധമായ വേദത്തെ തരാം.' അതാതു ജാതിക്കാരുടെ കൃത്യങ്ങളെ ഉപദേശിക്കുന്നതുകൊണ്ടു വേദം നിഖിലജാതിക്കാൎക്കും ഉപകാരമാകുമെന്നു മാത്രമേ ഈ വേദത്തിന്നു താല്പൎയ്യ

മുള്ളു എന്ന് ഒരു പക്ഷമുണ്ടാകും. എന്നാൽ ബ്രാഹ്മണത്വം, ക്ഷത്രിയത്വം മുതലായ ജാതിധർമ്മങ്ങൾ സത്വരജസ്തമോഗുണങ്ങളെ അല്ലാതെ ജനനത്തെ ആശ്രയിച്ച് ഇരിക്കുന്നതുകളല്ലെന്നു, മഹാഭാരതം (ശാന്തിപർവ്വത്തിൽ) വജ്രസൂച്യുപനിഷത്തു ഇത്യാദി ഗ്രന്ഥങ്ങൾ ഉൽഘോഷിക്കുന്നു. ഇതെല്ലാം ആലോചിച്ചാൽ സാത്വികന്മാരായവരെല്ലാം വേദാധികാരികളാണെന്നു നിശ്ചയിക്കേണ്ടതാണ്. എല്ലാവർക്കും വേദാദ്ധ്യയനം പാടില്ലെന്ന് ആക്കിത്തീർക്കുന്നതിനുള്ള ശ്രമം വളരെ കാലം മുമ്പുതന്നെ ആരംഭിച്ചിട്ടുണ്ട്. ഈ ശ്രമത്തിന്റെ സമ്പ്രദായം എന്തായിരിക്കുമെന്ന് അറിയേണമെങ്കിൽ ഋഗ്ഭാഷ്യഭൂമികയിൽ സായണൻ പറഞ്ഞിട്ടുള്ള ഒരു സംഗതി മനസ്സിലാക്കിയാൽ മതി. സായണൻ ഇങ്ങിനെ പറയുന്നു. 'വേദാദ്ധ്യയനം എല്ലാവർക്കും ആവാം. പക്ഷെ ഉപനയനം ചെയ്തവർക്കേ വേദാദ്ധ്യയനം വിധിച്ചിട്ടുള്ളു. ഉപനയനം ആകട്ടെ, ധർമ്മശാസ്ത്രപ്രവർത്തകന്മാർ, ബ്രാഹ്മണ- ക്ഷത്രിയ- വൈശ്യന്മാർക്കാണ് അനുവദിച്ചിട്ടുള്ളത്. അതുകൊണ്ട് ഈ മൂന്നു ജാതിക്കാർക്കു മാത്രമാണ് വേദാദ്ധ്യയനം വിഹിതമായിട്ടുള്ളത്.' ഈശ്വരനാൽ എല്ലാവർക്കും കൂടി ദാനം ചെയ്യപ്പെട്ട വേദമാകുന്ന ഒരു സ്വത്തിനെ ചില ജാതിക്കാർ, അന്യജാതിക്കാർക്കു കൊടുക്കാതെ, കൈവശമാക്കി എന്നുള്ള അധർമ്മപ്രവൃത്തിയാണൊ ഇന്ത്യയുടെ അധോഗതിക്കു കാരണഭൂതമായിത്തീർന്നത്? ഈ വേദാപഹാരം കേരളത്തിൽ ഒന്നുകൂടി കേമമായി നടന്നിട്ടുണ്ട്. മലയാളബ്രാഹ്മണരിൽ തന്നെ എല്ലാവർക്കും വേദാധികാരമില്ലത്രെ? അധർമ്മത്തിന് അധോഗതി എന്ന നിയമംകൊണ്ടാണൊ നമ്പൂതിരിമാർക്കു സകല കാര്യത്തിലും അന്യാപേക്ഷ വേണ്ട ദിക്കായത്? പ്രസക്താനുപ്രസക്ത്യാ ആ അപ്രകൃതത്തെപ്പററി അധികമൊന്നും ഇപ്പോൾ ഞാൻ പറയുന്നില്ല. ഇതുവരെ കാണിച്ചതിൽനിന്നു നാം തീർച്ചയാക്കേണ്ടതു സാത്വികന്മാർക്കെല്ലാം വേദാദ്ധ്യയനത്തിന്നും നിരുക്തപാഠത്തിന്നും അധികാരമുണ്ട് എന്നാകുന്നു. ഇനി നിരുക്തപാഠത്തിന്റെ പ്രയോജനത്തെ കുറിച്ച് ആലോചിക്കുക.

വൈദികജ്ഞാനത്തേയും ലൌകികജ്ഞാനത്തേയും തരുന്ന ഒരു ശാസ്ത്രമായി നാം നിരുക്തത്തെ വിചാരിക്കാം. വ്യാകരണംകൊണ്ടു സിദ്ധിക്കാത്ത വൈദികപദങ്ങൾക്കു സംഭാവ്യങ്ങളായ അനേകാർത്ഥങ്ങളെ പ്രദർശിപ്പിക്കുന്നതുകൊണ്ടും, ഈ പദങ്ങളുടെ അർത്ഥങ്ങളെ പ്രകരണാനുഗുണ്യേന നിശ്ചയിക്കേണ്ടതാണെന്നു സ്പഷ്ടമാക്കുന്നതിന്ന് ഉചിതമായ പല ഉദാഹരണങ്ങളെ വേദത്തിൽനിന്നു കാണിക്കുന്നതുകൊണ്ടും, അർത്ഥം മനസ്സിലാവാൻ പ്രയാസമുള്ള അനവധി മന്ത്രങ്ങളെ കർമ്മബ്രഹ്മപരമായും നിർഗ്ഗുണബ്രഹ്മപരമായുംവ്യാഖ്യാനിക്കുന്നതുകൊണ്ടും, മന്ത്രപ്രതിപാദ്യങ്ങളായ ദേവതകളുടെ സ്വരൂപങ്ങളെ വെളിവാക്കിത്തരുന്നതുകൊണ്ടും, ദേവതകളെപ്പറയാത്ത മന്ത്രങ്ങളിൽ അതുകളെ ഊഹിക്കേണ്ട സമ്പ്രദായത്തെ മനസ്സിലാക്കിത്തരുന്നതുകൊണ്ടും നിരുക്തം വേദാർത്ഥങ്ങളെ വിചാ

രിക്കുന്നവക്ക് ഇതരശാസ്ത്രങ്ങൾകൊണ്ടു ചരിതാത്ഥമാവാത്ത ഒരു വലിയ സാഹായ്യം കൊടുക്കുന്നു. ഓരോരൊ, മന്ത്രവ്യാഖ്യാനാവസരങ്ങളിൽ യാസ്കൻ പലേ ലോകതത്വങ്ങളേയും കാണിക്കുന്നുണ്ട്. ഇതിൽനിന്നു വൈദികന്മാക്ക് എന്നു വേണ്ടാ എല്ലാവക്കും പലതും അറിവാനുണ്ട്. സാധാരണ ശാസ്ത്രങ്ങളെക്കാൾ നിരുക്തത്തിന്ന് ഒരു പ്രത്യേകവിശേഷം ഉണ്ട്. ഒരു ശാസ്ത്രത്തിൽ ഒരു പ്രത്യേകസിദ്ധാന്തമുണ്ടെന്നു വിചാരിക്കുക. ഈ സിദ്ധാന്തത്തെ സ്ഥാപിക്കുന്നതിന്ന് ആ ശാസ്ത്രപ്രവത്തകന്മാർ സ്വമതത്തെ പ്രദശിപ്പിക്കുന്നതുകൊണ്ടു തൃപ്തിപ്പെടുന്നില്ല; അന്യമതത്തെ ഖണ്ഡിക്കാതിരുന്നാൽ ഇവക്കു തീരെ സുഖമില്ല; ഇങ്ങിനെയാണു സകല ശാസ്ത്രരീതിയും കണ്ടുവരുന്നത്. നിരുക്തത്തിലാവട്ടെ ഈ സമ്പ്രദായം കാണുന്നില്ല. നിരുക്തത്തിലുള്ള ഒരു പ്രത്യേകസിദ്ധാന്തത്തെ സ്ഥാപിക്കുമ്പോൾ യാസ്കൻ അനുസരിക്കുന്ന രീതി പ്രശംസനീയമെന്നു പറഞ്ഞാൽ മതി. സ്വമതത്തെയും അന്യമതത്തേയും പ്രദശിപ്പിച്ച് ഇതിൽ ഏതാണു നല്ലതെന്നു തീച്ചയാക്കേണ്ട ഭാരം വായനക്കാക്കു വിട്ടുകൊടുക്കുന്നതല്ലാതെ യാസ്കൻ സ്വമതത്തെ ഭൂഷിപ്പിക്കുകയോ അന്യമതത്തെ ദൂഷിക്കുകയോ ചെയ്യുന്നില്ല. ശൈവന്മാർ, വൈഷ്ണവന്മാർ ഇങ്ങിനെ അനന്തമതക്കാരായ ഹിന്തുക്കൾക്കെല്ലാം പ്രമാണമായിരിക്കുന്ന വേദത്തിൻെറ പൊതുവിൽ ഒരു വ്യാഖ്യാനംപോലെ വിചാരിക്കേണ്ടതായ നിരുക്തം സകല മതക്കാക്കും അവകാശം കൊടുക്കുന്നുവെന്നുള്ളതിൽ ആശ്ചയ്യപ്പെടുവാനില്ലെന്നു പറയാം. വിദ്വാന്മാരുടെ ബഹുമാനത്തിന്നു സവ്വഥാ നിരുക്തം പാത്രീഭവിക്കുന്നു എന്നു പറഞ്ഞാൽ മതി. ഈ ശാസ്ത്രത്തിലുള്ള ചില വിഷയങ്ങളെപ്പററിയെങ്കിലും അല്പം വിസ്തരിച്ചു നിരൂപണം ചെയ്വാൻ ശ്രമിക്കട്ടെ.

ശബ്ദമെന്നു പറയുന്നതു നാശമുള്ള ഒരു വസ്തുവാണെന്നു തക്കശാസ്ത്രത്തിലും, നാശരഹിതമാണെന്നു മീമാംസാദി ശാസ്ത്രങ്ങളിലും പറയുന്നു. നിരുക്തകാരന്മാരുടെ ആശയവും ശബ്ദം നിത്യമാണെന്നായിട്ടാണ് കാണുന്നത്. ശബ്ദം അനിത്യമെന്നുപറയുന്നവരുടെ അഭിപ്രായത്തേയും നിത്യമെന്നു വിചാരിക്കുന്നവരുടെ ആശയത്തേയും സൂക്ഷ്മമായി ആലോചിക്കുന്നതായാൽ ഈ രണ്ടഭിപ്രായങ്ങൾ അന്യോന്യവിരുദ്ധങ്ങളല്ലെന്നു മനസ്സിലാവും. ശബ്ദമെന്ന വാക്കുകൊണ്ടു താക്കികൻ അത്ഥമാക്കുന്നതു നാം ചെവികളെക്കൊണ്ടു കേൾക്കുന്ന സാധനത്തെ മാത്രമാണ്. നമ്മുടെ ചെവികൾക്കു വിഷയമാവുന്ന വസ്തു (ശബ്ദം) നശിക്കുന്നു എന്നുള്ളതു സകല ജനങ്ങൾക്കും പ്രത്യക്ഷസിദ്ധമായിട്ടുള്ളതും ഇതു നിത്യമല്ലെന്നു മീമാംസകന്മാരും മററും സമ്മതിക്കുന്നതുമാണ്. ശബ്ദത്തിന്നു നിത്യത്വം പറയുന്നവർ, ആകാശത്തിൽ സവ്വദാ ലയിച്ചുകിടക്കുന്ന ഒരു വസ്തുവിനെയാണ് ശബ്ദമെന്നു പറയുന്നത്. ഈ ശബ്ദം സവ്വദാ ആകാശത്തിലുണ്ടെങ്കിൽ നാം എന്തുകൊണ്ടാണ് അതിനെ എല്ലായ്പോഴും കേൾക്കാതിരിക്കുന്നതെന്നു വിചാരിക്കണം. ഒരു വസ്തു ഉണ്ടായതുകൊണ്ട് അതു നമ്മുടെ അനു

ഭവത്തിൽ വരുന്നതല്ല. നഭസ്സിൽ നക്ഷത്രങ്ങളുണ്ടെങ്കിലും നമുക്ക് അവയെ പകൽസമയത്തു കാണുവാൻ സാധിക്കുന്നതല്ല. ഒരു സാധനം നമ്മുടെ ഇന്ദ്രിയഗോചരമാകുന്നതു പലേ കാരണങ്ങളുടെ സഹായത്താലാണ്. സർവ്വത്ര സ്ഥിതിചെയ്യുന്നതും നിത്യവുമായ ശബ്ദം ഒരുവന്റെ ശ്രോത്രങ്ങൾക്കു ഗോചരമാവണമെങ്കിൽ പ്രയത്നം (ശബ്ദം പുറപ്പെടുവിക്കൽ) എന്ന കാരണം ആവശ്യപ്പെടുന്നു. ഈ കാരണം ഇല്ലാത്തതുകൊണ്ടാണ് നാം എല്ലായ്പ്പോഴും ശബ്ദത്തെ കേൾക്കാതിരിക്കുന്നത്. ചുരുക്കത്തിൽ പറയുന്നതായാൽ നാം കേൾക്കുന്നതിനെ താക്കികൻ അനിത്യമെന്നും ശബ്ദമെന്നും പറയുന്നു. മീമാംസകപ്രഭൃതികൾ ആകാശത്തിൽ സർവ്വദാ ലയിച്ചുകിടക്കുന്നതിനെ ശബ്ദമെന്നും പ്രയത്നരൂപകാരണമുണ്ടായാൽ അതു നമ്മുടെ അനുഭവത്തിൽ വരുന്നു എന്നും പറയുന്നു.

ഗാർഗ്ഗ്യൻ എന്ന ഒരു ആചാര്യനെ ഒഴിച്ച് മററുള്ള നിരുക്തശാസ്ത്രപ്രവർത്തകന്മാരെല്ലാം, സകല വാക്കുകളും ഓരോരൊ ധാതുക്കളിൽനിന്ന് ഉണ്ടാവുന്നു എന്നു പറയുന്നു. വൈയാകരണന്മാരിൽ ശാകടായനനല്ലാതെ മററുള്ളവരെല്ലാം ചില ശബ്ദങ്ങൾ മാത്രമേ ധാതുക്കളിൽനിന്നുണ്ടാകുന്നുള്ളു എന്ന് അഭിപ്രായപ്പെടുന്നു. പ്രത്യക്ഷവൃത്തി, പരോക്ഷവൃത്തി, അതിപരോക്ഷവൃത്തി എന്നിങ്ങിനെ മൂന്നു തരമാണ് ശബ്ദമുള്ളത്. പ്രത്യക്ഷവൃത്തികളായിരിക്കുന്ന ശബ്ദങ്ങളെല്ലാം (ഉദാഹരണത്തിനു ഹാരകൻ, കാരകൻ ഇത്യാദി) ഇന്ന ധാതുവിൽനിന്നാണ് ഉണ്ടായിട്ടുള്ളതെന്നു പറവാൻ പ്രയാസമില്ല. ഈ വിധമുള്ള ശബ്ദങ്ങൾ ധാതുജങ്ങളാണെന്നു വൈയാകരണന്മാരെല്ലാവരും സമ്മതിച്ചിട്ടുണ്ട്. പരോക്ഷവൃത്തികളായിരിക്കുന്ന ശബ്ദങ്ങൾ ഉണാദികളാകുന്നു. ഇതുകൾ ശാകടായനമുനിയാൽ നിർമ്മിക്കപ്പെട്ട സൂത്രങ്ങൾകൊണ്ടു ധാതുക്കളിൽനിന്നുണ്ടായവയാകുന്നു. പ്രത്യക്ഷവൃത്തികളും പരോക്ഷവൃത്തികളും ആയ വാക്കുകളുടെ വ്യുൽപത്തിയെക്കുറിച്ചു വിചാരിക്കൽ പാണിനീയസൂത്രംകൊണ്ടും ശാകടായനസൂത്രംകൊണ്ടും കഴിയുന്നതാണ്. ആയതുകൊണ്ട് അതിപരോക്ഷവൃത്തികളായിരിക്കുന്ന വാക്കുകളുടെ അവയവാർത്ഥങ്ങളെയാണ് നിരുക്തത്തിൽ അധികം വിചാരിക്കുന്നത്. ഒരു ശബ്ദത്തെ വിഭിന്നാർത്ഥങ്ങളായോ ഏകാർത്ഥങ്ങളായോ ഇരിക്കുന്ന എത്ര ധാതുക്കളിൽനിന്ന് ഉണ്ടായിട്ടുള്ളതായി വിചാരിക്കാമോ ആ ധാതുക്കളിൽനിന്നെല്ലാം ഉത്ഭവിച്ചതായി ആ വാക്കിനെ സ്വീകരിക്കണം. ഇങ്ങിനെ സ്വീകരിച്ച് ആ ധാതുക്കളുടെ അർത്ഥങ്ങളേയും പ്രകരണത്തേയും ആലോചിച്ച് ആ പദത്തിന്റെ അർത്ഥം സന്ദർഭംപോലെ അറിയേണ്ടതുമാണ്. നിഘണ്ടു എന്ന ശബ്ദം പലേ ധാതുക്കളിൽ നിന്നുണ്ടാവുന്നതും അതിപരോക്ഷവൃത്തിയായതും ആകുന്നു. ഇതിന്റെ അവയവാർത്ഥത്തെ ഒന്നു വിചാരിക്കട്ടെ.

ഗമ്-, ഹന്, ഹൃ ഈ മൂന്നു ധാതുക്കളിൽനിന്നും നിഘണ്ടുശബ്ദം ഉണ്ടാവുന്നു എന്നു പറയാം. ഒരു പുഴ വേട്ടാളനായിത്തീരുമ്പോൾ പുഴുവിന്റെ അവസ്ഥയിൽനിന്നു വേട്ടാളന്റെ അവസ്ഥ-

യിലാവുന്നതിനിടയ്ക്ക് ഈ പ്രാണി പല മാതിരിയുള്ള ആകൃതികളെ സ്വീകരിക്കുന്നു. ഇതുപോലെ ഒരു ധാതു അതിപരോക്ഷവൃത്തിയായ ഒരു ശബ്ദമാവാൻ പോകുമ്പോൾ പല മാതിരി ശബ്ദങ്ങൾ ഉണ്ടാവുന്നു. പ്രകൃതത്തിൽ ഹ്വാ എന്നാകുന്നു ധാതു. ഇതിന്റെ അതിപരോക്ഷവൃത്തിയായ ശബ്ദം നിഘണ്ടു എന്നും ആകുന്നു. ഇതുകളുടെ മദ്ധ്യേ ഉണ്ടാവുന്ന ആകൃതികൾ സമാഹ്വതം, സമാഹന്തൃ ഇവകളാകുന്നു. ഹ്വാ എന്ന ധാതുവിൽനിന്നു സം, ആ ഈ രണ്ടു ഉപസർഗ്ഗങ്ങളോടുകൂടി സമാഹ്വതം എന്നുണ്ടാവുന്നു. ഈ ശബ്ദം സമാഹന്തൃ എന്നായിത്തീരുന്നു. സമാഹ്വതം, സമാഹന്തൃ ഈ രണ്ടു വാക്കുകൾ പാണിനീയസൂത്രംകൊണ്ടോ ഉണാദിസൂത്രംകൊണ്ടോ സിദ്ധിക്കുന്നു എന്നു പറയാം. സമാഹന്തൃ എന്ന വാക്കു നിഘണ്ടു എന്നായിത്തീരുന്നതിന്നു നിയമം പറയുവാൻ വ്യാകരണസൂത്രം ഉണ്ടോ എന്നു സംശയമാണ്. അതിന്നു നിരുക്തം തന്നെ വേണം. നിരുക്തത്തിലാകട്ടെ ഇങ്ങിനെ പറയുന്നു: സം, ആ, എന്നുള്ള ഉപസർഗ്ഗങ്ങളുടെ സ്ഥാനത്തു നി എന്ന ഉപസർഗ്ഗവും ഹ എന്നുള്ളതിന്നു ഘ എന്നും ര്, ത്, ഇതുകൾക്കു പകരം ന്, ട്, ഇതുകളും യഥാക്രമം വരുന്നു. ഹ്വാ, സമാഹ്വതം, സമാഹന്തൃ, നിഘണ്ടു ഇവകളാകുന്നു ഹ്വാ എന്ന ധാതുവിന്റെ ശബ്ദാകൃതികൾ. പലതിൽനിന്ന് എടുത്ത് ഒരു ഗ്രന്ഥമാക്കപ്പെട്ടത് എന്നാകുന്നു അപ്പോൾ നിഘണ്ടുശബ്ദത്തിന്റെ അർത്ഥം. ഹന്, സമാഹൃതാ, സമാഹന്തൃ, നിഘണ്ടു ഇതുകൾ ഹന് എന്ന ധാതുവിന്റെ സ്വരൂപങ്ങളാകുന്നു. അർത്ഥം ഒന്നായി പഠിക്കപ്പെട്ടത് എന്നാണ്. ഗമ്, നിഗമയിത, നിഗന്തൃ, നിഘണ്ടു ഇപ്രകാരമാണു ഗമ് ധാതുവിന്റെ ആകാരങ്ങൾ. വേദാർത്ഥത്തിലേയ്ക്കു പ്രവേശിപ്പിക്കുന്നു എന്നു അർത്ഥവുമാകുന്നു.

"വർണ്ണാഗമോവർണ്ണവിപര്യയശ്ച
ദ്വൌചാപരൌവർണ്ണവികാരനാശൌ
ധാതോസ്തദർത്ഥാതിശയേനയോഗ-
സ്തദുച്യതേപഞ്ചവിധംനിരുക്തം."

അർത്ഥം— ഒരു അക്ഷരത്തിനു വേറെ ഒരു അക്ഷരം വരിക, വർണ്ണങ്ങൾക്ക് അന്യോന്യം പൂർവ്വാപരവൈപരീത്യം വരിക, അക്ഷരങ്ങൾക്കു വികാരപ്രാപ്തി, അക്ഷരനാശം, വാക്കുകളുടെ മൂലമായിരിക്കുന്ന ധാതുക്കൾക്ക് അർത്ഥവിശേഷത്തിൽ പര്യവസാനം ഈ അഞ്ചു സംഗതികളെ അടിസ്ഥാനമാക്കീട്ടാണു നിരുക്തത്തിലെ നിർവ്വചനകൾ. ഇങ്ങിനെ ശബ്ദവ്യുൽപത്തിയെപ്പററിവിചാരിക്കുന്നതുകൊണ്ടു നിരുക്തശാസ്ത്രം ഭാഷാതത്വശാസ്ത്രത്തോട് (Philology) ഏതാനും സാമ്യമുള്ളതാണെന്നു പറയാം. ഹിന്തുക്കളുടെ ആത്മവിചാരശാസ്ത്രം പാശ്ചാത്യന്മാരേയും വിസ്മയിപ്പിക്കുന്നുവല്ലൊ. അതുകൊണ്ടു നിരുക്തത്തിലെ ആത്മവിചാരത്തെപ്പററി നിരൂപണം ചെയ്യേണ്ടതാണ്.

ജ്ഞാനകാണ്ഡമായ ഉപനിഷത്തുകളുടെ അർത്ഥവിചാരത്തിന്നല്ല നിരുക്തശാസ്ത്രം പ്രവൃത്തമായിട്ടുള്ളത്. കർമ്മകാണ്ഡങ്ങളുടെ അർത്ഥവിചാരത്തിന്നും കർമ്മികൾ അറിയേണ്ടതായ ദേവതകളുടെ സ്വരൂപത്തിന്നും വേണ്ടിയാണ് ഈ

ശാസ്ത്രം. അതുകൊണ്ടു ബ്രഹ്മസ്വരൂപനിരൂപണത്തെപ്പററി യാതൊരു വിചാരവും ഇതിൽ കാണുന്നതല്ല. പക്ഷെ യാസ്കൻ, പ്രസക്താനുപ്രസക്ത്യാ ഈശ്വരൻ ഒന്നു മാത്രമേയുള്ളു എന്നു പറയുകയും അതിനെ സ്ഥാപിക്കുന്നതിന്നു ഋഗ്വേദത്തിൽനിന്ന് ഉദാഹരണം കാണിക്കയും ചെയ്തിട്ടുണ്ട്. 'ഏകംസൽവിപ്രാ ബഹുധാവദന്ത്യഗ്നിം യമം മാതരിശ്വാനമാഹുഃ'. അത്ഥം — ഒരേ ഈശ്വരനെ വിദ്വാന്മാർ അഗ്നി, യമൻ, സൂര്യൻ എന്നിങ്ങിനെ പലേമാതിരിയായിപ്പറയുന്നു. സൃഷ്ടിസ്ഥിതിസംഹാരരൂപമായ കാര്യങ്ങൾക്കവേണ്ടി ഈ ഈശ്വരൻ മൂന്നായിത്തീരുന്നു. ഇതുകളെ ഓരോരോ ശാസ്ത്രങ്ങളിൽ അതാതു ശാസ്ത്രപ്രവത്തകന്മാർ ഭിന്നഭിന്നശബ്ദങ്ങളെക്കൊണ്ടും പറയുന്നു. ഈ ഈശ്വരത്രയത്തെ അഗ്നി, ഇന്ദ്രൻ, ആദിത്യൻ എന്നു നിരുക്തശാസ്ത്രജ്ഞന്മാരും, ബ്രഹ്മവിഷ്ണുമഹേശ്വരന്മാരെന്നു പൌരാണികന്മാരും, സത്വരജസ്തമോഗുണങ്ങളാണെന്നു യോഗം സാംഖ്യം ഇത്യാദി ശാസ്ത്രപ്രവത്തകന്മാരും, ഋഷിദേവപിതൃക്കൾ എന്നു ധമ്മശാസ്ത്രപ്രവത്തകന്മാരും, വാതപിത്തകഫങ്ങളെന്നു വൈദ്യന്മാരും പറയുന്നു. പല ശാസ്ത്രങ്ങളിൽ അനിതരസാധാരണമായ ശക്തിയോടുകൂടി മൂന്നു വസ്തുക്കളെപ്പറയുന്നതായി നാം കാണുന്നു. അതുകൊണ്ടു ഇതുകളെല്ലാം ഒന്നാണെന്നു വിചാരിക്കുന്നതിൽ ദോഷമില്ലെന്നു വിചാരിച്ചിട്ടാണ് ഇങ്ങിനെ പറഞ്ഞത്. ഇതുകളെല്ലാം വെവ്വേറെയാണെന്നു വിചാരിക്കുന്നപക്ഷത്തിലും ഇതുകൾക്ക് അന്യോന്യസംബന്ധമുണ്ടെന്നു നമുക്ക് ഊഹിക്കാം. നിരുക്തശാസ്ത്രത്തിൽ പറയുന്ന ഈ മൂന്നു തേജോവിശേഷങ്ങളുടെ സ്വരൂപങ്ങളേയും പ്രവൃത്തികളേയും പററി പറയുന്നതിന്നു മുമ്പായി അവശ്യം അറിയേണ്ടതായ ഒരു സംഗതിയെ ചേക്കുന്നു.

'വികാരം പ്രകൃതിംചൈവ പുരുഷംച സനാതനം യോയഥാവദ്വിജാനാതി സവിതൃഷ്ണോ വിമുച്യതേ.' അത്ഥം — പുരുഷൻ പ്രകൃതിവികാരം ഇതുകളെ എവനാണോ ശരിയായി അറിയുന്നത് അവൻ വിരക്തനായി സംസാരപാശത്തിൽനിന്നു മോചിക്കുന്നു.

മുമ്പു കാണിച്ച ശ്ലോകത്തിന്റെ അത്ഥം ഒന്നുകൂടി വിചാരിക്കട്ടെ. വികാരം, പരിണാമം ഇതുകൾ പര്യായങ്ങളാകുന്നു. പാൽ തൈരാകുന്നതിനെ, നാം പാൽ തൈരായി പരിണമിക്കുന്നു എന്നു പറയാം. ഒരു വസ്തുവിലുള്ള ഗുണങ്ങളെല്ലാം നശിച്ചതിന്റെശേഷം അതിൽതന്നെ ഗുണാന്തരങ്ങൾ ഉണ്ടാവുന്നതു പരിണാമമോ, വികാരമോ ആകുന്നു. ജലം രണ്ടു വായുക്കളുടെ പരിണാമംകൊണ്ടാണ് ഉണ്ടാവുന്നത് എന്നു രസശാസ്ത്രം നമ്മെ പഠിപ്പിക്കുന്നു. വൃക്ഷങ്ങൾ, ചെടികൾ, ഫലമൂലങ്ങൾ ഇത്യാദികളെല്ലാം പൃഥിവിയുടേയോ ഘനമുള്ള വസ്തുക്കളുടേയോ പരിണാമഭേദംകൊണ്ടാണു നാനാവിധങ്ങളായി കാണപ്പെടുന്നത് എന്നു നമുക്ക് ആലോചിച്ചാൽ അറിയാം. നാം ഭക്ഷിക്കുന്ന സാധനങ്ങളാണു നമ്മുടെ ഏഴുവിധമായ ധാതുക്കളായി തീരുന്നതെന്നും ശാസ്ത്രസിദ്ധമാകുന്നു. ബുദ്ധി, മനസ്സ്, പ്രാണവായു ഇതുകൾ പ്രാണി

...ഹാം ഭക്ഷിക്കുന്ന ആഹാരാംശങ്ങളിൽനിന്നുണ്ടാവുന്നതുകളാണെന്നു ഛാന്ദോഗ്യോപനിഷത്തിൽ കാണുന്നു. അഗ്നി, ഇന്ദ്രൻ, ആദിത്യൻ ഈ മൂന്നു തേജോവിശേഷങ്ങൾ ഈശ്വരന്റെ പ്രത്യക്ഷാവസ്ഥകളാണെന്നും, ഇതുകൾ പ്രത്യേകം സൎവ്വവ്യാപികളായും അന്യോന്യം പരിണാമികളായും ഇരിക്കുന്നു എന്നും നിരുക്തസിദ്ധാന്തമാണ്. വിദ്യുച്ഛക്തി, ചൂട് ഇങ്ങിനെ പല സാധനങ്ങൾ, ഈശ്വരതേജസ്സിനെപ്പോലെ ഇരിക്കുന്നതും നവീനശാസ്ത്രംകൊണ്ടു സിദ്ധിക്കുന്നതും ആയ ഒരു ശക്തിയുടെ (Energy) വികാരങ്ങളാകുന്നു. പുരുഷൻ, പ്രകൃതി ഇതുകളെ ഒഴിച്ച് ഉലകത്തിലുള്ള സകല പദാൎത്ഥങ്ങളും പരിണാമവിശേഷംകൊണ്ടുണ്ടാവുന്നതുകളാണെന്നു നാം ശാസ്ത്രംകൊണ്ടും യുക്തികൊണ്ടും നിശ്ചയിക്കാവുന്നതാണ്. ഈ പരിണാമത്തിന്നോ, വികാരത്തിന്നോ ആശ്രയമായിട്ടുള്ളതാണു പ്രകൃതി. "യതോവാചോ നിവൎത്തന്തേ അപ്രാപ്യ മനസാ സഹ". വാക്കുകൊണ്ടു പറയുന്നതിന്നും, മനസ്സുകൊണ്ടു ചെയ്യുന്നതിന്നും വയ്യാത്ത ഒരു വസ്തുവാണ് പുരുഷൻ. ഇതു ജീവാത്മാവോ, പരമാത്മാവോ ഏതെങ്കിലും ആവട്ടെ. വികാരം, പ്രകൃതി, പുരുഷൻ ഈ വാക്കുകളുടെ അൎത്ഥങ്ങൾ ഇപ്പോൾ ഒരുവിധം സ്പഷ്ടമായി എന്നു വിചാരിക്കുന്നു. ഇനി ഈ മൂന്നു വസ്തുക്കളെക്കൊണ്ട് എങ്ങിനെയാണ് പ്രപഞ്ചമുണ്ടാവുന്നതും നശിക്കുന്നതും എന്നാലോചിക്കണം.

വരവൂർ കപ്ലിങ്ങാട്ടു നാരായണൻ ഭട്ടതിരി.

# 'ഞാൻ വീട്ടിലേക്കു പോകുന്നു'

(ഒരു ചെറുകഥ.)

"ഫാതിക ചക്രവൎത്തി" ഗ്രാമത്തിലെ വികൃതിക്കുട്ടികളിൽ തലവനായിരുന്നു. ഒരിക്കൽ അവന്ന് ഒരു പുതിയ വികൃതി തോന്നി. കേവഞ്ചിയുടെ പാമരം ഉണ്ടാക്കുന്നതിന്നു നീണ്ട ഒരു തടി പുഴവക്കത്തു ചളിയിൽ കൊണ്ടുവന്നിട്ടിരുന്നു. കുട്ടികൾ എല്ലാവരും കൂടി ഒത്തൊരുമിച്ച് ആ തടി അതു കിടന്നിരുന്ന സ്ഥലത്തുനിന്നു വലിച്ചുനീക്കി ഉരുട്ടിക്കളയണമെന്ന് അവൻ തീൎച്ചപ്പെടുത്തി. തടിയുടെ ഉടമസ്ഥൻ കോപിച്ചു ശുണ്ഠിയെടുക്കുന്നതുകണ്ടാനന്ദിക്കുന്നതിന്നാണ് ആ പ്രകാരം പ്രവൎത്തിപ്പാൻ നിശ്ചയിച്ചത്. ആ അഭിപ്രായത്തെ സകലരും ഐകകണ്ഠ്യേന സമ്മതിക്കുകയും, അതുപ്രകാരം ചെയ്യുവാൻ ഉറപ്പിക്കുകയും ചെയ്തു.

പ്രവൃത്തി ആരംഭിക്കുന്നതിന്ന് അല്പം മുമ്പു ഫാതികന്റെ സ്വന്തം അനു

* സർ. രവീന്ദ്രനാഥടാഗോർ.

ജൻ "മാഘൻ" അവർ നോക്കിക്കൊണ്ടുനില്ക്കെ, ഒരു കാരണവും കൂടാതെയും ആരോടും ഒന്നും പറയാതെയും ആ തടിയിന്മേൽ പിടിച്ചു കയറി അതിന്റെ മുകളിൽ ഉറപ്പിച്ചിരുന്നു. കുട്ടികൾ കുറച്ചുനേരത്തേക്കു കുറഞ്ഞൊന്നു പരിഭ്രമിച്ചുവശായി. ഒരു കുട്ടി അടുത്തുചെന്നു 'മാഘ'നെ പതുക്കെ ഒന്ന് ഉന്തിക്കൊണ്ട് എണീററു മാറുവാൻ പറഞ്ഞു. പക്ഷെ 'മാഘ'ന്ന് ഒരു കുലക്കവുമുണ്ടായില്ല—കുട്ടികളുടെ ലാഘവത്തെക്കുറിച്ചു വിചിന്തനം ചെയ്യുന്ന ചെറുപ്പക്കാരനായ ഒരു തത്വജ്ഞാനിയെപ്പോലെ അവൻ അവിടെത്തന്നെ നിശ്ചേഷ്ടനായിരുന്നതേ ഉള്ളു. 'ഫാതിക'ന്നു ദ്വേഷ്യം വന്നു. "മാഘാ! നീ ഈ ക്ഷണത്തിൽ താഴെ എറങ്ങാത്തപക്ഷം ഞാൻ നിന്നെ അടിച്ചു താഴത്തിറക്കും" എന്നു 'ഫാതികൻ' ഉറക്കെ പറഞ്ഞു.

മാഘൻ അതു കേട്ടഭാവം നടിക്കാതെ ഒന്നു തിരിഞ്ഞു കുറേക്കൂടി ഉറപ്പിച്ചിരുന്നു.

ആ കുട്ടികളുടെ ഇടയിൽ 'ഫാതിക'ന്നുണ്ടായിരുന്ന സ്ഥാനഗൌരവം നിലനിർത്തണമെങ്കിൽ അവൻ പറഞ്ഞപ്രകാരംതന്നെ പ്രവർത്തിക്കണം. അല്ലെങ്കിൽ താനെങ്ങിനെ ആ ബാലസംഘത്തിന്റെ നേതൃത്വത്തിന്ന് അർഹനാകും? പക്ഷെ ഈ ഘട്ടത്തിൽ ഫാതികന്റെ ധൈര്യം അവനെ സഹായിച്ചില്ല. അവൻ പറഞ്ഞപ്രകാരം പ്രവർത്തിച്ചില്ല. എന്നാൽ അവന്നു തന്റെ കൂട്ടുകാർക്ക് വിശേഷിച്ചും രസപ്രദമായിത്തീരുന്നതും സ്വന്തം സഹോദരനെ കുറെ ദുർഘടത്തിൽ ആക്കുന്നതും ആയ ഒരു പുതിയ സൂത്രം തോന്നി. വികൃതി കാട്ടുന്നതിൽ ഫാതികന്റെ മനോധർമ്മം കലശലായിരുന്നു. മാഘനോടുകൂടിത്തന്നെ ആ മരത്തടി ഉരുട്ടുന്നതിന്ന് അവൻ പെട്ടന്ന് അവന്റെ കൂട്ടുകാർക്ക് ഒരു കല്പനകൊടുത്തു. മാഘൻ കല്പന കേട്ടു എങ്കിലും ഒട്ടും കൂസാതെ തന്റെ മാനത്തെ രക്ഷിക്കുവാൻ സ്വസ്ഥാനത്തുതന്നെ ഇരുന്നു. പക്ഷെ, ഈ ലോകത്തിൽ മാന്യത നേടുവാൻ ഉത്സാഹിക്കുന്ന സകലക്കും സാധാരണ പാററുള്ളതുപോലെ "മാഘ"ന്നും ഇക്കാര്യത്തിൽ ഒരു വീഴ്ച പററി. തന്റെ പ്രവൃത്തിയിൽ ആപത്തുണ്ടെന്നുള്ള സംഗതി അവൻ തീരെ വിസ്മരിച്ചു. മാനസമ്പാദനമാർഗ്ഗം ആപൽക്കരമാണെന്ന് അവൻ അറിഞ്ഞില്ല..

കുട്ടികളെല്ലാവരുംകൂടി ഒത്തൊരുമിച്ച് "ഒന്ന്, രണ്ട്, മൂന്ന്, ഇദാ പോട്ടേ" എന്നു നിലവിളിച്ചുംകൊണ്ട് ആ മരത്തടി ഉരുട്ടുവാൻ തുടങ്ങി. "പോട്ടേ" എന്നു പറഞ്ഞതോടുകൂടി മരത്തടി എളകി മറിഞ്ഞു. അതോടുകൂടി മാഘനും അവന്റെ തത്വജ്ഞാനവും സ്ഥാനവും മാനവും എല്ലാം ചളിയിൽ പതിച്ചു.

മററു കുട്ടികളെല്ലാം ആഹ്ളാദിച്ചു രസിച്ചു കൂക്കിവിളിച്ചു. എന്നാൽ 'ഫാതികൻ' അല്പം ഭയപ്പെട്ടില്ലെന്നില്ല. ഇനി എന്താണുണ്ടാവുക എന്ന് അവന്നു മനസ്സിലായി. മാതാവായ ഭൂമിയിൽനിന്നു മാഘൻ വിധിയെപ്പോലെ കണ്ണുകാണാത്തവനായും ഭൂതങ്ങളെപ്പോലെ ഘോരമായി ശബ്ദിച്ചുംകൊണ്ടും ഒരുവിധം എഴുനീല്ക്കുകയും ഉടനെ ഫാതികന്റെ നേർക്ക് ഓടി എത്തി അവനെ അടിക്കുകയും

ഇടിക്കുകയും മാന്തുകയും പിച്ചുകയും ശകാരിക്കുകയും ചെയ്തു. അതുകൊണ്ടൊന്നും തൃപ്തിപ്പെടാതെ കരഞ്ഞുംകൊണ്ടു വീട്ടിലേക്കു പോയി. ഫാതികനാൽ നിർദ്ദേശിക്കപ്പെട്ടിരുന്ന വിനോദനാടകത്തിലെ ഒന്നാമങ്കം ഇപ്രകാരംഅവസാനിച്ചു.

'ഫാതികൻ' മുഖം തുടച്ചുംകൊണ്ടു പുഴവക്കത്തു താനുകിടന്നിരുന്ന ഒരു മരത്തടിയുടെ അററത്തു് ഒരു പുൽക്കൊടി എടുത്തു കടിച്ചുചവച്ചുംകൊണ്ടു ചിന്താമഗ്നനായി സ്ഥിതിചെയ്തു. പുഴക്കടവിൽ ഒരു ബോട്ടു വന്നടുത്തു. നരച്ച തലമുടിയും കറുത്ത മേൽമീശയുമുള്ള മദ്ധ്യവയസ്കനായ ഒരു പുരുഷൻ ആ വഞ്ചിയിൽനിന്നു കരയ്ക്കിറങ്ങി. മരത്തടിയിന്മേൽ സ്വസ്ഥനായിരിക്കുന്ന കുട്ടിയെക്കണ്ടു് അദ്ദേഹം "ചക്രവത്തിയുടെ വീടേതാണു്" എന്നു ചോദിച്ചു. താൻ കടിച്ചുംകൊണ്ടിരുന്ന പുല്ക്കൊടിയെ പിന്നേയും കടിച്ചുംകൊണ്ടു് "ഇതാ- അവിടെ" എന്നു ഫാതികൻ പറഞ്ഞു. അവൻ ഏതോ ഒരു സ്ഥലത്തേക്കു ചൂണ്ടിക്കാണിച്ചു എങ്കിലും അതെങ്ങോട്ടാണെന്നുതന്നെ മനസ്സിലാക്കുവാൻ സാധിച്ചില്ല. അപരിചിതനായ ആ യാത്രക്കാരൻ ഒരിക്കൽക്കൂടി ചോദിച്ചു. അവൻ ഇരുന്നേടത്തുതന്നെ ഇരുന്നു കാലാട്ടിക്കൊണ്ടു "പോയി അന്വേഷിക്കു" എന്നു പറഞ്ഞു പഴയപോലെ പുല്ലിന്റെ തണ്ടു കടിച്ചു ചവച്ചുംകൊണ്ടിരുന്നു.

ഈ അവസരത്തിൽ ഒരു വാലിയക്കാരൻ ഫാതികന്റെ ഗൃഹത്തിൽനിന്നു പുഴവക്കത്തേയ്ക്കു വന്നു ഫാതികനെ അവന്റെ അമ്മ വിളിക്കുന്നു എന്നു പറഞ്ഞു. ഫാതികന്നു് അനക്കമുണ്ടായില്ല. പക്ഷേ അവന്റെ സൂത്രമൊന്നും വാലിയക്കാരനോടു പററിയില്ല. അയാൾ ഫാതികനെ ബലമായി വാരി എടുത്തുംകൊണ്ടു വീട്ടിലേക്കു പോയി. ഫാതികൻ പിടിവിട്ടുപോകുന്നതിന്നു വളരെ ശ്രമിച്ചു.

ഫാതികൻ വീട്ടിലെത്തി അമ്മയെ കണ്ടു. "നീ പിന്നെയും 'മാഖ'നെ തല്ലി ഇല്ലേ" എന്നു മാതാവു ചോദിച്ചു.

"ഇല്ല. ആരാ ഉവ്വെന്നുപറഞ്ഞതു്" എന്നു കോപത്തോടുകൂടി ഫാതികൻ മറുപടി പറഞ്ഞു.

"കള്ളവു പറയണ്ട. നീ അവനെ തല്ലി ഇല്ലേ" എന്നു് അമ്മ വീണ്ടും ഉച്ചത്തിൽ ചോദിച്ചു.

"ഇല്ലാന്നു് ഞാൻ പറഞ്ഞില്ലേ. മാഖനോടുതന്നെ ചോദിയ്ക്കു." പക്ഷേ മാഖൻ മുമ്പു പറഞ്ഞിട്ടുള്ളതിൽനിന്നു് ഒരണവും മാററിപ്പറഞ്ഞില്ല. "ഉവ്വു്. അമ്മേ ചേട്ടൻ എന്നെത്തല്ലി." എന്നായിരുന്നു മാഖന്റെ മറുപടി.

ഫാതികന്നു ക്ഷമയില്ലാതായി. അവന്നു് ആ അനീതി അസഹ്യമായിത്തീന്നു. അവൻ മാഖന്റെ നേരെ കുതിച്ചു ചാടി ആ കുട്ടിയെ പ്രഹരം തുടങ്ങി. "ഇതുംകൂടി ഇരിക്കട്ടെ, ഇതും, ഇതും കൂടി നുണപറഞ്ഞതിന്നു്" എന്നു വിളിച്ചു പറഞ്ഞുംകൊണ്ടു ഫാതികൻ മാഖനെ "പൊതിരെത്തല്ലി".

അമ്മ മാഖന്റെ ഭാഗത്തുകൂടി- ഫാതികനെ വലിച്ചുനീക്കി കയ്യുകൊണ്ടു് അവനെ അടിച്ചോടിച്ചു. ഫാതികൻ അമ്മയെ ഉന്തിനീക്കി. അമ്മയ്ക്കു ശുണ്ഠി മൂ

ത്തു. "എടാ! നീ നിന്റെ പെററ തള്ളയെക്കൂടി തല്ലിത്തുടങ്ങിയോ? കുരുത്തംകെട്ടോനെ" എന്ന് അമ്മ അവനെ ശകാരിച്ചു.

ഈ ഘട്ടത്തിൽ ആ നരച്ച തലമുടിയും കറുത്ത മീശയുമുള്ള വഴിപോക്കൻ അവിടെ എത്തിച്ചേൎന്നു. അദ്ദേഹം "എന്താ സംഗതി" എന്നു ചോദിച്ചു. ഫാതികൻ അദ്ദേഹത്തെ കണ്ടപ്പോൾ ലജ്ജിച്ചു മുഖം താഴ്ത്തി.

അമ്മ തിരിഞ്ഞുനിന്നു പുതിയതായി വന്ന ആളുടെ മുഖത്തു നോക്കിയപ്പോൾ അവരുടെ കോപം നിൎത്തിപ്പോവുകയും അത്ഭുതരസം സ്ഫുരിക്കുകയും ചെയ്തു. ആ വന്ന ആൾ അവരുടെ സഹോദരൻ വിഷാംബരൻ ആയിരുന്നു. "അല്ല ജ്യേഷ്ഠനോ. ഇപ്പോൾ എവിടുന്നു വരുന്നു?"

ഇതിന്നിടക്കു അവർ ബഹുമാനപുരസ്സരം സഹോദരന്റെ കാലടികളെ തൊട്ടു തലയിൽ വെച്ച് സഹോദരനോടു സ്വാഗതം പറഞ്ഞു. അവർതമ്മിൽ കണ്ടിട്ടു കുറേ കാലമായിരുന്നു. ഫാതികന്റെ അമ്മയുടെ വിവാഹത്തോടുകൂടി സഹോദരൻ അവരെ വിട്ടു പോവുകയും ബോമ്പയിൽ ചില ജോലികളിൽ ഏൎപ്പെട്ടു അവിടെ സ്ഥിരതാമസമാക്കുകയും ചെയ്തു. അദ്ദേഹം അങ്ങിനെ ബോമ്പയിൽ താമസിക്കുന്ന കാലത്തു തന്റെ സഹോദരിയുടെ (ഫാതികന്റെ മാതാവിന്റെ) ഭൎത്താവു മരിച്ചുപോയി. 'വിഷാംബരൻ' അതിൽപ്പിന്നെ ഇപ്പോഴാണ് ഒന്നാമതായി കല്ക്കട്ടയിലേക്കു വന്നത്. വന്ന ഉടനെത്തന്നെ തന്റെ സഹോദരിയെക്കുറിച്ചു അന്വേഷണങ്ങൾ നടത്തുകയും കാണ്മാൻ പുറപ്പെടുകയുംചെയ്തു. സഹോദരിയുടെ വാസസ്ഥലം ചോദിച്ചറിഞ്ഞു മനസ്സിലാക്കിയ ക്ഷണംതന്നെ അവരെ കാണുന്നതിന്നു ഉഴറിയെത്തി.

അടുത്ത കുറേ ദിവസങ്ങൾ അത്യന്തം ആഹ്ലാദമായി കഴിഞ്ഞുകൂടി. സഹോദരൻ, കുട്ടികളുടെ (മരുമക്കളുടെ) വിദ്യാഭ്യാസസ്ഥിതിയെക്കുറിച്ചു പ്രത്യേകം അന്വേഷണംചെയ്തു. ഫാതികനെക്കൊണ്ടു ഒരു നിവൃത്തിയില്ലാതായിരിക്കുന്നുവെന്നും അവൻ മടിയനും, അനുസരണമില്ലാത്തവനും, കോപിഷ്ഠനും ആണെന്നും അവന്റെ അമ്മ പറഞ്ഞു. മാഘൻ ഒരു ആട്ടിൻകുട്ടിയെപ്പോലെ സാധുവും നിരുപദ്രവിയും, പഠിപ്പിൽ ശുഷ്കാന്തിയുള്ളവനും, കനകംപോലെ നല്ലവനും ആണെന്നായിരുന്നു അമ്മ അമ്മാമനെ അറിയിച്ചത്. സഹോദരിയുടെ ബുദ്ധിമുട്ടിന്നു നിവൃത്തിയുണ്ടാക്കാമെന്നും, ഫാതികനെ താൻ കൊണ്ടുപോയി തന്റെ കുട്ടികളുടെ ഒന്നിച്ചു പഠിപ്പിച്ചുകൊള്ളാമെന്നും 'വിഷാംബരൻ' അഭിപ്രായപ്പെട്ടു. വിധവയായ ആ സ്ത്രീ അതു ഉടനെ സമ്മതിച്ചു. 'നീ എന്റെ കൂടെ വരുന്നുവോ' എന്ന് അമ്മാമൻ 'ഫാതിക'നോടു ചോദിച്ചപ്പോൾ അവൻ സന്തോഷത്താൽ മതിമറന്നവനായി 'ഉവ്വ് അമ്മാമാ ഞാൻ പോരാം' എന്നു സമാധാനം പറയുകയും ഭാവംകൊണ്ടും മററും അതു പൂൎണ്ണസമ്മതമാണെന്നു പ്രത്യക്ഷപ്പെടുത്തുകയും ചെയ്തു.

'ഫാതിക'നെ പറഞ്ഞയച്ചപ്പോൾ

അമ്മക്ക് എന്തൊരാശ്വാസമായി! അവർക്ക് ഫാതികനോട് വിരോധമായി എന്തൊ ഒരു പക്ഷഭേദംതന്നെ ഉണ്ടായിരുന്നു. ജ്യേഷ്ഠാനുജന്മാർ (ഫാതികനും മാഘനും) തമ്മിൽ ശണ്ഠയൊഴിഞ്ഞിട്ടുള്ള സമയമുണ്ടായിരുന്നില്ല. ഫാതികൻ എന്തെല്ലാം ആപത്താണുണ്ടാക്കിത്തീർക്കുന്നതെന്നു അവർ എല്ലായ്പോഴും ഭയപ്പെട്ടുംകൊണ്ടിരുന്നു. മാഘനെ അവൻ വല്ല പുഴയിലും തട്ടി മുക്കുകയൊ, അടിച്ചു തല പൊട്ടിക്കുകയോ, വല്ല അപകടത്തിലും കൊണ്ടുചാടിക്കുകയോ എന്തൊക്കെയാണുണ്ടാക്കിത്തീർക്കുക എന്ന് അവർക്ക് വലിയ പരിഭ്രമമായിരുന്നു. എങ്കിലും സ്വഗൃഹംവിട്ടു പോകുന്ന കാര്യത്തിൽ ഫാതികൻ പ്രദർശിപ്പിച്ച അസാമാന്യമായ സന്തോഷവും സംതൃപ്തിയും കണ്ടപ്പോൾ അമ്മയ്ക്കു കുറെ സുഖക്കേടുണ്ടായി.

കാര്യമെല്ലാം തീർച്ചപ്പെടുത്തിയ മുതൽക്കു യാത്രയെക്കുറിച്ചു ഫാതികൻ എപ്പോഴും അമ്മാമനെ ധൃതിപ്പെടുത്തുവാൻ തുടങ്ങി. പകൽസമയം മുഴുവനും അവൻ 'മുള്ളിന്മേൽ നില്ക്കുന്നപോലെ' കഴിച്ചുകൂട്ടി. രാത്രി കണ്ണിന്റെ പോള അടച്ചിട്ടുമില്ല. അവൻ അവന്റെ പട്ടവും ഗോട്ടിക്കായകളും മറ്റു കളിസ്സാമാനങ്ങളുമെല്ലാം എന്നെന്നേക്കുമായി 'മാഘ'ന്നു സ്വന്തമായി വിട്ടുകൊടുത്തു. യാത്രാസമയത്തു മാഘന്റെ നേർക്കു കാണിച്ച ഔദാര്യവും ദയയും അപരിമിതമായിരുന്നു.

അമ്മാമനും മരുമകനും കല്ക്കട്ടയിൽ എത്തി. മരുമകൻ ആദ്യമായി തന്റെ അമ്മായിയുമായുള്ള പരിമയം സമ്പാദിച്ചു. തീരെ അനാവശ്യവും ആഗ്രഹിക്കാത്തതുമായ ആ പുതിയ സന്താനത്തെ കുറിച്ച് അമ്മായിഅമ്മക്കു വളരെ സന്തോഷം ഒന്നും ഉണ്ടായില്ല. വീട്ടിൽ ആളില്ലായ്കയും ഉണ്ടായിരുന്നില്ല. അവരുടെ സ്വന്തം മൂന്നു കുട്ടികളുടെ ഭാരം തന്നെ അവർക്കു പിടിപ്പതുണ്ടായിരുന്നു. പത്തുപതിന്നാലു വയസ്സുള്ള കേവലം ഒരു നാടൻചെക്കനെ അവിടയ്ക്കു കെട്ടിവലിച്ചുകൊണ്ടുവന്നതു തീരെ അനുചിതവും വളരെ അസൌകര്യങ്ങൾക്കു കാരണവും ആയിരുന്നു. ആ അബദ്ധം പ്രവർത്തിക്കുന്നതിന്നു മുമ്പിൽ 'വിഷാംബരൻ' നല്ലവണ്ണം ആലോചിക്കേണ്ടതായിരുന്നു.

മനുഷ്യജീവിതത്തിൽ ഉണ്ടാവുന്ന അസൌകര്യങ്ങളിൽ ഒന്നാമതായിട്ടുള്ളതു പത്തുപതിന്നാലു വയസ്സായ ഒരു കുട്ടിയുണ്ടായിരിക്കുന്നതാകുന്നു. അതിലും മീതെ ഒന്നുമില്ല. അവൻ 'ഇല്ലത്തുനിന്നു പോരികയും ചെയ്തു, അമ്മാത്തൊട്ടെത്തിയതുമില്ല' എന്ന തരക്കാരനാകുന്നു. ഭവനത്തിലെ ഒരു അലങ്കാരമായി കരുതേണ്ടകാലം കഴിഞ്ഞു. വല്ല ഉപയോഗവും ഉള്ളവനായിത്തീർന്നിട്ടുമില്ല. ഒരു ചെറിയ കുട്ടിയെയെന്നപോലെ അവനെ ലാളിക്കുവാനൊ കളിപ്പിക്കുവാനൊ പാടില്ല. കാര്യസ്വഭാവമൊന്നും അവന്നില്ലാത്തതുകൊണ്ട് എപ്പൊഴും വേണ്ടാത്തതിനൊക്കെ മുമ്പനായിരിക്കുകയും ചെയ്യും. അവൻ ഒരു കുട്ടിയെപ്പോലെ കൊഞ്ചിപ്പറഞ്ഞാൽ പരിഹാസ്യനായി. മുതിർന്നവനെപ്പോലെ ഉറപ്പിച്ചുപറഞ്ഞാൽ അധികപ്രസംഗിയായി. ചുരുക്കത്തിൽ, അവനെന്തുപറഞ്ഞാലും നീരസമായി. ആപതനമാണ് ഒരു കുട്ടിയുടെ

ചമല്ക്കാരമില്ലാത്ത വളൎച്ചക്കാലം. ദിനം പ്രതി എന്നപോലെ അവന്റെ ശരീരം ധൃതിപ്പെട്ടു വളരുന്നു. ഇന്നേടത്തെ ഉടുപ്പുകൾ നാളെ പാകമല്ലാതായിത്തീരുന്നു. അവന്റെ ഒച്ചയുടെ മാൎദ്ദവം ക്രമേണ കുറയുകയും, അതിന്നു പരുപരുപ്പു കൂടുകയും, കട്ടിത്തവും ശക്തിയും വൎദ്ധിക്കുകയും ചെയ്യുന്നു. അവന്റെ മുഖത്തുനിന്നു ബാലത്വവും കോമളത്വവും അസ്തമിക്കുന്നു. മുഖത്തിന്നു ഒരു ആകൃതിഭേദം വരുന്നു. ബാല്യത്തിലെ തെററുകളേയും വീഴ്ചകളേയും ക്ഷമിക്കുന്നതിന്നു എല്ലാവരും മനസ്സും ഉണ്ട്. എങ്കിലും പതിനാലുവയസ്സായ ഒരു കുട്ടി ഗത്യന്തരമില്ലാതെ ചെയ്യുന്ന വീഴ്ചകൾകൂടി ദുസ്സഹങ്ങളായി തോന്നുന്നു. അവനുതന്നെ ഈ സംഗതികളെക്കുറിച്ച് അശേഷം സുഖകരമല്ലാത്ത ഒരു പരമാൎത്ഥജ്ഞാനം താനേ ഉണ്ടായിത്തീരുന്നു. തന്നിമിത്തം അവൻ മുതിൎന്നവരോടു സംസാരിക്കുമ്പോൾ ഒന്നുകിൽ അവിവേകിയോ അല്ലെങ്കിൽ തന്നെക്കുറിച്ചു തനിക്കുതന്നെ അശേഷം തൃപ്തിയോ വിശ്വാസമോ ഇല്ലാത്തതുപോലെ തീരെ ലജ്ജാവിവശിതനോ ആയി കാണപ്പെടുന്നു.

എങ്കിലും ഈ പ്രായത്തിലാണ്, ഒരു കുട്ടിയുടെ അന്തരംഗത്തിന്റെ അഗാധതയിൽ തന്നെ ആരെങ്കിലും ആദരിക്കുകയും സ്നേഹിക്കുകയും ചെയ്താൽ കൊള്ളാമെന്നുള്ള അതിയായ ആഗ്രഹം ആദ്യമായി അങ്കുരിക്കുന്നത്. ആരാണ്, ഏതൊരുത്തനാണ്, അവനെ അങ്ങിനെ ആദരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നത്, അയാളെ ആ കുട്ടി ഹൃദയപൂൎവ്വം അനുസരിക്കുകയും താല്പൎയ്യപ്പെടുകയും ചെയ്യും. ചുരുക്കത്തിൽ അവൻ അയാളുടെ അടിമയെപ്പോലെ ആയിത്തീരും. പക്ഷെ, ആരും അവനെ പരസ്യമായി സ്നേഹിക്കുവാൻ ധൈൎയ്യപ്പെടുകയില്ല; കാരണം, അത് അവൻ അതിലാളനയായി ധരിച്ചേക്കും. അതു കുട്ടിയുടെ സ്വഭാവത്തെ മലിനപ്പെടുത്തുകയേ ഉള്ളു. അതുകൊണ്ടു, സ്നേഹമുള്ളവരും കൂടി, അവനെ ശകാരിക്കുകയും ദേഷ്യപ്പെടുകയും ചെയ്യുന്നു. എജമാനനില്ലാത്ത ഒരു തെണ്ടിനായയുടേതുപോലെയാകുന്നു ഏകദേശം ആ കുട്ടിയുടെ അപ്പോഴത്തെ സ്ഥിതി.

പതിനാലുവയസ്സായ ഒരു കുട്ടിക്കു സ്വഗൃഹംതന്നെയാണ് സ്വൎഗ്ഗം. മറെറാരു ഭവനത്തിൽ അപരിചിതന്മാരൊരുമിച്ചു കഴിച്ചുകൂട്ടുക എന്നതു കൊല്ലുന്നതിന്നു ശരിയാണ്. സ്ത്രീജനങ്ങളുടെ പ്രത്യേകശ്രദ്ധക്കു പാത്രീഭവിക്കുന്നതാണ് അവന്റെ ഭാഗ്യത്തിന്റെ പരമകാഷ്ഠ. അവരുടെ അനാദരവും അപ്രീതിയുമാണ് സഹിക്കവയ്യാത്ത സങ്കടവും.

തന്റെ അമ്മായിയുടെ ഗൃഹത്തിൽ ആ ഗൃഹനായികയുടെ അസംതൃപ്തിയെ അറിഞ്ഞുംകൊണ്ടും, മററുള്ളവരുടെ അനാദരവും പുച്ഛവും എപ്പോഴും അനുഭവിച്ചുംകൊണ്ടും താമസിക്കുന്നതു 'ഫാതിക'നു പരമസങ്കടമായിത്തീൎന്നു. അമ്മായി അവനോടു എന്തെങ്കിലും ഒരു പ്രവൃത്തി എടുക്കുവാൻ പറഞ്ഞാൽ അവൻ സന്തോഷത്താൽ മതിമറന്നവനായി ആ പ്രവൃത്തി വേണ്ടതിൽ കുറച്ചധികം ചെയ്യും. എങ്കിലും അമ്മായി സ

ന്തോഷിക്കയില്ല. അതുകൊണ്ട് അവനെ അമ്മായി ശകാരിക്കുകയും ശാസിക്കുകയും ‘പാഠങ്ങൾ നോക്കാതെ ഓടിനടക്കുന്നു’ എന്നും മറ്റും അധിക്ഷേപിക്കുകയും ചെയ്യും!

അമ്മായിയുടെ ഗൃഹത്തിലെ ആ സങ്കുചിതവും ഉന്മേഷരഹിതവും ആയ ജീവിതവും, അവരുടെ അനാദരവും ഫാതികനു തീരെ ദുസ്സഹമായിത്തീർന്നു. അവിടത്തെ ദുഷിച്ച വായുവിൽ അവനു വീർപ്പുമുട്ടുന്നുണ്ടെന്നുകൂടി തോന്നിത്തുടങ്ങി. അവനു പുറത്തു ചാടി വല്ല വെളിമ്പറമ്പിലും ചെന്നുനിന്നു കുറെ ശുദ്ധവായു തൃപ്തിവരെ ശ്വസിച്ചാൽ വേണ്ടില്ലെന്നായി. കൽക്കട്ടയിൽ എങ്ങാനും വെളിമ്പറമ്പുണ്ടോ? ആകാശത്തോളം ഉയർന്നതും ജനങ്ങൾ തിങ്ങിപ്പാർക്കുന്നതും ആയ കെട്ടിടങ്ങൾ നിറഞ്ഞുനില്ക്കുന്ന തെരുവുകൾ തന്നെ എവിടെ നോക്കിയാലും! ഫാതികൻ സദാനേരവും, ദൂരെ ഗ്രാമഭാഗത്തുള്ള തന്റെ സ്വന്തം ഭവനത്തെ കുറിച്ചു തന്നെ ഓർത്തുംകൊണ്ടിരുന്നു. വല്ലവിധത്തിലും അവിടെ എത്തിച്ചേർന്നാൽ മതി എന്നു മോഹിച്ചുതുടങ്ങി. രാവും പകലും വേറെ ചിന്തയില്ലാതായി. പകൽ മുഴുവനും അവൻ പട്ടം പറപ്പിച്ചു കളിക്കാറുള്ള ആ പറമ്പുകളും, ചാടിയോടിക്കളിച്ചുകൊണ്ട് അവൻ ആഹ്ലാദിച്ചു നടക്കാറുള്ള ആ വിശേഷപ്പെട്ട പുഴവക്കുകളും, ഇഷ്ടമുള്ളപ്പോഴൊക്കെ ചാടി നീന്തിക്കളിക്കാറുള്ള അരുവികളും എല്ലാം അവന്റെ മനോമുകുരത്തിൽ പ്രതിബിംബിച്ചു പ്രകാശിച്ചു. അവൻ സങ്കല്പത്തിൽ ആ സ്വപ്നങ്ങളെ വീണ്ടും അനുഭവിക്കുവാൻ തുടങ്ങി. താൻ ഇഷ്ടപ്രകാരം പ്രഭുത്വം നടിച്ചു യഥേഷ്ടം ഭരിക്കാറുള്ള ആ ബാലസംഘത്തെക്കുറിച്ചും, പ്രത്യേകിച്ചു, തന്റെ നേരെ സ്വതേ കുറെ നീരസമുള്ള തന്റെ അമ്മയായ ആ ഭയങ്കരമൂർത്തിയെക്കുറിച്ചും, അവൻ ഏതു നേരവും ആലോചിച്ചുംകൊണ്ടിരുന്നു. മൃഗങ്ങളുടേതുപോലെ കേവലം കായികമായ ഒരു സ്നേഹശക്തി, താൻ സ്നേഹിക്കുന്ന ആളുടെ സമീപത്തിൽ എത്തിച്ചേരുവാനുള്ള ഒരു ആസക്തി, സ്നേഹബന്ധങ്ങളുടെ അഭാവത്തിലുള്ള എന്തെന്നില്ലാത്ത ഒരു പരിഭ്രമം, സന്ധ്യാസമയത്തു തള്ളയെ കാണാതെ കരയുന്ന പശുക്കുട്ടിയെപ്പോലെ തന്റെ മാതാവിനെ ഓർത്ത് മനസ്സിന്റെ അഗാധതയിൽ നിശ്ശബ്ദമായി നടക്കുന്ന ഒരു വിലാപം, ഹാ! പരിശുദ്ധമായ ആ സ്നേഹശക്തി, ആ ജീവസാധാരണമായ മനോവികാരം, സാധുവും ബലഹീനനും നിസ്സഹായനും വിരൂപനും ആയ കുട്ടിയെ (ഫാതികനെ) വല്ലാതെ ഇളക്കിമറിച്ചു. ആ സംഗതി ആരും തന്നെ അറിഞ്ഞില്ല. എങ്കിലും അത് എപ്പോഴും അവന്റെ മനസ്സിൽ വലിയ ഒരു കനമായിത്തോന്നുകയും കുട്ടി അതിനു തീരെ വശംവദനായിത്തീരുകയും ചെയ്തു.

ഫാതികനെപ്പോലെ അത്ര മണ്ടനായ ഒരു കുട്ടി സ്കൂളിൽ വേറെ ഉണ്ടായിരുന്നില്ല. ഗുരുനാഥൻ വല്ലതും ചോദിച്ചാൽ അവൻ ‘കോട്ടുവായ്’ ഇട്ടുംകൊണ്ടു മിഴിച്ചുനില്ക്കുന്നതല്ലാതെ ഒരു വാക്കുപോലും സമാധാനം പറയാറില്ല. ഏറുവാൻ വയ്യാത്ത ഭാരം വഹിച്ചിട്ടുള്ള

ഒരു കഴുതയെപ്പോലെ അവൻ ഗുരുനാഥൻ അടിക്കുന്ന അടിയെല്ലാം നിശ്ശബ്ദമായി അനുഭവിച്ചുകൊള്ളും. മററുള്ള കുട്ടികൾ പുറത്തുപോയി കളിക്കുമ്പോൾ അവൻ താനേ മൌനമായി ജനവാതലുകൽനിന്നു പുറത്തു ദൂരെക്കാണുന്ന ഗൃഹാഗ്രങ്ങളെ ആശയോടുകൂടി നോക്കിക്കൊണ്ടുനില്ക്കും. വല്ല ഭവനങ്ങളുടെയും വരാന്തകളിലോ നിലാമുററങ്ങളിലോ കുട്ടികൾ കാടിക്കളിക്കുന്നതു കണ്ടെത്തിയാൽ അവന്റെ കരൾ പതച്ചുതുടങ്ങും. അവിടെ എത്തിച്ചേരുവാനുള്ള അത്യാശ ദുസ്സഹമായിത്തീരും.

ഒരു ദിവസം ഫാതികൻ സാമാന്യത്തിലധികം ധൈര്യം അവലംബിച്ച് 'അമ്മാമാ! ഞാൻ എന്നാ ഇനി വീട്ടിലേക്കു പോവുക' എന്നു വിഷാംബരനോടു ചോദിച്ചു.

'സ്കൂൾ പൂട്ടട്ടെ; അതുവരെ ക്ഷമിക്കു' എന്ന് അമ്മാമൻ ഉത്തരം പറഞ്ഞു.

പക്ഷേ, സ്കൂൾ പൂട്ടണമെങ്കിൽ നവമ്പ്രമാസമാകണം. അതിന്നിനിയെത്ര കഴിഞ്ഞിട്ടുവേണം!

ഒരു ദിവസം ഫാതികൻ പഠിച്ചിരുന്ന പുസ്തകം കാണാനില്ലാതായി. പുസ്തകം ഉണ്ടായിരുന്നാൽ കൂടി അന്നന്നത്തെ പാഠങ്ങൾ പഠിക്കുന്നതിന് അവനു വളരെ പ്രയാസമായിരുന്നു. പുസ്തകംകൂടി ഇല്ലാതായപ്പോൾ കാര്യം തീരെ അസാദ്ധ്യമായിത്തീർന്നു. ദിനംപ്രതി ഗുരുനാഥൻ അവനെ നിർദ്ദയമായി പ്രഹരിക്കും. അവന്റെ സ്ഥിതി അത്യന്തം ശോചനീയവും ദയനീയവും ആയി. കൂട്ടുകാരെല്ലാം അവനെ വിട്ടു മാറിത്തുടങ്ങി. അവക്ക് അവന്റെകൂടെ നടക്കുന്നതുതന്നെ അപമാനമായി തോന്നി. അവന്റെ അമ്മാമന്റെ മക്കൾ തന്നെ അവനെ മററു കുട്ടികളേക്കാൾ അധികം പരിഹസിക്കുവാനും ഉപദ്രവിക്കുവാനും മടിച്ചില്ല. ഒടുവിൽ ഫാതികൻ, നിവൃത്തിയില്ലാതായിട്ട്, അവന്റെ അമ്മായിയുടെ അടുക്കൽ ചെന്ന് അവന്റെ പുസ്തകം പോയി എന്നു പറഞ്ഞു.

അമ്മായി ചുണ്ടിയെടുത്ത് ചുണ്ടുകടിച്ചുംകൊണ്ട് അവനെ ശകാരിച്ചു. 'എടാ കഴുതേ നിനക്കു മാസത്തിൽ അഞ്ചു പുസ്തകം വീതം വാങ്ങിത്തരുവാൻ ഇവിടെ നിന്റെ ആരാണുള്ളത്? പോക്കപോലെ തടിച്ചിരിക്കുന്നുണ്ടല്ലോ. ഇവിടുത്തെ കുട്ടികൾക്കു തന്നെ വേണ്ടതെല്ലാം കൊടുക്കുന്നതിന്ന് ഇവിടെ സാധിക്കുന്നില്ല."

അമ്മായിയുടെ സ്നേഹവാത്സല്യപ്രദർശനം വളരെ കേമമായി. ഫാതികനു തൃപ്തിയായി.

അന്നു വൈകുന്നേരം സ്കൂളിൽനിന്നു വരുന്ന വഴിക്കു ഫാതികനു കലശലായി തലവേദനയുണ്ടായിരുന്നു. കുറേശ്ശ പനിയും ദേഹമാസകലം ഒരു വിറയലും തോന്നി. മലമ്പനിയുടെ പുറപ്പാടായിരിക്കുമോ എന്ന് അവൻ സംശയിച്ചു. വല്ല സുഖക്കേടും വന്നാൽ തന്നെക്കൊണ്ട് അമ്മായിക്കു വലിയ ബുദ്ധിമുട്ടും അസൌകര്യവും ഉണ്ടാകുമല്ലോ-എന്നുമാത്രമായിരുന്നു ഫാതികന്റെ ഭയം മുഴുവനും.

പിറേറന്നു രാവിലെ ഫാതികനെ അവിടെ എങ്ങും കണ്ടില്ല. അയൽവക്കത്തെല്ലാം അന്വേഷിച്ചതിൽ യാതൊരു ഫലവും ഉണ്ടായില്ല. തലേന്നാൾ രാത്രി മുഴുവനും ഉഗ്രക്കോടെ മഴ ധാരാളം പെ

സ്സിരുന്നു. കുട്ടിയെ അന്വേഷിപ്പാൻ പുറത്തുപോയവരെല്ലാം ചളിപുരണ്ടു മടങ്ങി എത്തി. ഒടുവിൽ 'വിഷാംബരൻ' പൊല്ലീസ്സുസഹായത്തെ അവലംബിച്ചു.

അന്നു സന്ധ്യക്കു പൊല്ലീസ്സുകാരുടെ ഒരു വണ്ടി ആ വീടിന്റെ പടിക്കൽ വന്നുനിന്നു. അപ്പോഴും മഴ പെയ്യുന്നിരുന്നു. വഴിയിലെല്ലാം വെള്ളമുണ്ടായിരുന്നു. രണ്ടു പൊല്ലീസ്സുകാർ കൂടി ഫാതികനെ ആ വണ്ടിയിൽനിന്നു താങ്ങി എടുത്ത് അകത്തു കൊണ്ടുവന്ന് 'വിഷാംബര'ന്റെ മുമ്പിൽ കിടത്തി. കുട്ടിയുടെ ശരീരം മുഴവനും നനഞ്ഞൊലിച്ചിരുന്നു; ദേഹമെല്ലാം ചളി പുരണ്ടിരുന്നു; മുഖവും കണ്ണുമെല്ലാം പനിയുടെ ശക്തികൊണ്ടു വല്ലാതെ രക്തവർണ്ണമായിരുന്നു; കൈകാലുകളെല്ലാം വിറച്ചുംകൊണ്ടിരുന്നു. 'വിഷാംബരൻ' കുട്ടിയെ താൻതന്നെ താങ്ങിയെടുത്ത് അകത്ത് ഒരു മുറിയിലേക്ക കൊണ്ടുപോയി. അദ്ദേഹത്തിന്റെ ഭാര്യ അവനെ കണ്ടപ്പോൾ 'എന്തൊരുപദ്രവമാണ്! ഈ ചെക്കൻ കാരണമായിട്ട്? എന്തെല്ലാമൊരു ബുദ്ധിമുട്ടാണ്! അവനെ വീട്ടിലേയ്ക്കു പറഞ്ഞയച്ചേക്കരുതേ' എന്നു നിഷ്ഠുരണ്യം വിഷാംബരനോടു ചോദിച്ചു.

'ഫാതികൻ' അവളുടെ വാക്കുകൾ എല്ലാം കേട്ടു. അവൻ തന്നെ ബുദ്ധിമുട്ടി ഇപ്രകാരം ഉറക്കെ പറഞ്ഞു. 'അമ്മാമാ! ഞാൻ വീട്ടിലേക്ക പോവുകയായിരുന്നു. അവർ എന്നെ പിടിച്ചുവലിച്ചു വീണ്ടും ഇവിടെ കൊണ്ടുവന്നിട്ടു.'

പനിയുടെ ശക്തി വർദ്ധിച്ചു സന്നിയായി. അന്നു രാത്രി മുഴവനും കുട്ടി ബോധരഹിതനായിരുന്നു. വിഷാംബരൻ വൈദ്യനെ വരുത്തി. ഫാതികൻ കണ്ണുകൾ തുറന്നു. പനികൊണ്ട്, ആ ദൃഷ്ടികൾ രക്തംപോലെയിരുന്നു. അവൻ മുറിയുടെ മുകൾഭാഗത്തേക്ക നോക്കി ആരോടെന്നില്ലാതെ ഇങ്ങിനെ പറഞ്ഞു- 'അമ്മാമാ! സ്കൂൾ പൂട്ടൽ ഇനിയും ആയില്ലേ? എനിക്ക വീട്ടിലേക്ക പോകരുതേ?'

വിഷാംബരൻ സ്വന്തം കണ്ണുകളിൽനിന്ന് അശ്രുകണങ്ങളെ തുടച്ചുനീക്കി. ഫാതികന്റെ നീണ്ടുചടച്ച തീപോലെ ചൂടുള്ള ആ കൈകൾ സ്നേഹത്തോടുകൂടി എടുത്തു തലോടിക്കൊണ്ടു രാത്രി മുഴവനും കുട്ടിയുടെ സമീപത്തുതന്നെ കഴിച്ചുകൂട്ടി. കുട്ടി പിന്നേയും എടയ്ക്കെല്ലാം ഓരോന്നു പറയുവാൻ തുടങ്ങി. ഒടുവിൽ അവന്റെ ശബ്ദത്തിന്നു ശക്തി കൂടി. അവന്റെ മനസ്സിൽ ഭയപരിഭ്രമങ്ങൾ ഉള്ളതായി തോന്നി. 'അമ്മേ എന്റെ അമ്മേ! അയ്യോ! എന്നെ ഇങ്ങിനെ അടിക്കരുതേ. അമ്മേ! ഞാൻ പറയുന്നതു നേരാണ്.' എന്നിങ്ങിനെ അവൻ ചിലതെല്ലാം പുറത്തു കേൾക്കത്തക്കവണ്ണം പറഞ്ഞു.

പിറേറദിവസം കുറേ നേരത്തേയ്ക്കു 'ഫാതിക'ന്നു നല്ല സുബോധമുണ്ടായിരുന്നു. അവൻ മുറിയുടെ നാലുപുറവും പതറിക്കൊണ്ടു നോക്കി. ആരെയോ കാത്തുകൊണ്ടു കിടക്കുകയാണെന്നു തോന്നി. ഒടുവിൽ ഇച്ഛാഭംഗത്തോടുകൂടിയെന്നപോലെ അവൻ തല ചരിച്ചു നിരാശയോടുകൂടി കിടന്നു. ചുമരിന്റെ ഭാഗത്തേക്ക തിരിഞ്ഞുകിടന്ന് ഉച്ചത്തിൽ ദീർഘമായി ഒന്നു നിശ്വസിച്ചു.

കുട്ടിയുടെ മനോഗതികൾ വിഷ്ണാംബരനു നല്ലപോലെ മനസ്സിലായി. അദ്ദേഹം തല കുനിച്ചു കുട്ടിയോടു 'ഹാതീ! ഞാൻ നിന്റെ അമ്മയ്ക്കു ആളെ അയച്ചിട്ടുണ്ടു്. ഇപ്പോൾ വരും' എന്നു പറഞ്ഞു.

പകൽ അങ്ങിനെ കഴിഞ്ഞുകൂടി. വൈദ്യൻ വളരെ പരുങ്ങലോടുകൂടി കുട്ടിയുടെ കാൎയ്യം അല്പം അപകടത്തിലാണെന്നു് അഭിപ്രായപ്പെട്ടു.

ഹാതികൻ രാത്രിയെല്ലാം ഉറക്കെ വിളിച്ചുപറയുവാൻ തുടങ്ങി. 'ആ—തോത്—നോക്കു—അവിടെ പതിനെട്ടടി താഴ്ചയുണ്ടു്. ആ—കുറി നോക്കു—അവിടെ താഴ്ച ഇരുപത്തിനാലടിയുണ്ടു്.' പുഴയിൽ കപ്പൽക്കാർ ആഴം നോക്കി കുറിക്കുന്നതു് കുട്ടി ധാരാളം കണ്ടു ശീലിച്ചിട്ടുണ്ടായിരുന്നു. കപ്പലിന്നു വേണ്ട വെള്ളമുണ്ടോ എന്നു് അവർ പലപ്പോഴും അളന്നുനോക്കാറുണ്ടു്. ഇപ്പോൾ അവൻ തന്നെ—ഹാതികൻ തന്നെ—നിലയില്ലാത്ത ഒരു മഹാസമുദ്രത്തിന്റെ ആഴം നിൎണ്ണയിക്കുവാൻ ഉത്സാഹിക്കുകയായിരുന്നു. ആ സമുദ്രത്തെ അളന്നു നിൎണ്ണയപ്പെടുത്തീട്ടുള്ള കപ്പൽക്കാരൻ ആർ?

അന്നു് ഉച്ച കഴിഞ്ഞപ്പോഴയ്ക്കും ഹാതികന്റെ അമ്മ ഒരു ചുഴലിക്കാററിന്റെ പരിഭ്രമത്തോടും വേഗത്തോടുംകൂടി ഹാതികൻ കിടക്കുന്ന അകത്തെത്തിച്ചേൎന്നു. ഭ്രാന്തത്തിയെപ്പോലെ അങ്ങും ഇങ്ങും നോക്കിയും അവിടേയും ഇവിടേയും മുട്ടിയും അവൾ ഉറക്കെ കരയുവാൻ തുടങ്ങി.

വിഷ്ണാംബരൻ അവളെ സമാധാനപ്പെടുത്തുവാൻ കഴിയുന്നതും ശ്രമിച്ചു. എങ്കിലും അവൾ മോഹാലസ്യത്തോടുകൂടി കുട്ടിയുടെ കിടയ്ക്കമേൽ വീണുംകൊണ്ടു് 'ഓമനേ— എന്റെ ഓമനേ— ഹാതീ! എന്നിങ്ങിനെ നിലവിളിച്ചതേയുള്ളു.

ഹാതികന്റെ അനിയന്ത്രിതങ്ങളായിരുന്ന ചേഷ്ടകളെല്ലാം പെട്ടെന്നു കുറെ നേരത്തേക്കു ശമിച്ചു. കയ്യിട്ടടിക്കലും കാലിട്ടിളക്കലും മററും നിലച്ചു. 'ഏ' എന്നൊരു ശബ്ദം അവൻ പുറപ്പെടുവിച്ചു.

അവന്റെ അമ്മ വീണ്ടും 'ഓമനേ— ഹാതീ! എന്റെ ഓമനേ!' എന്നു വിളിച്ചുംകൊണ്ടു കരഞ്ഞു.

ഹാതി പതുക്കെ അവന്റെ തല ചരിച്ചു. അവൻ ആരെയും കണ്ടറിഞ്ഞതായി തോന്നിയില്ല. ഒടുവിൽ 'അമ്മേ! സ്കൂൾ പൂട്ടൽ ആയി. ഞാൻ വീട്ടിലേക്കു പോകുന്നു' എന്നു് ആരോടെന്നില്ലാത്ത വണ്ണം അവൻ ദീനസ്വരത്തിൽ പറഞ്ഞു. അവന്റെ സൎവ്വചേഷ്ടകളും അവസാനിച്ചു.

പുത്തേഴത്തു രാമമേനോൻ ബി. എ., ബി. എൽ.

# മണ്ണാർപാട്ട്.*

പാരരാജ്യത്തെങ്ങും വെളിവില്ലാഞ്ഞിട്ട് പരശുരാമൻ കണ്ണാൽ ജനിച്ചു. അറുകൂർ കാളിമാർ ജനിപ്പിച്ചു നല്ലച്ചൻ പൊന്നിനോടകത്തിൽ കരകേററി. വെള്ളിത്താഴിട്ടുപൂട്ടി നല്ലച്ചൻ പൊന്നിൻതാഴിട്ടുപൂട്ടി. കീഴംകീഴ്ക്കടവിൽ എറക്കി നല്ലച്ചൻ കലിവെള്ളപ്പേരാററിലൊഴുക്കി. ഭാഗ്യമുള്ളോരുമകളാണെന്നിയ്യെങ്കിൽ ഭാഗ്യനാർക്കടവിൽച്ചെന്നടഞ്ഞുകൊൾ്ക. യോഗ്യമുള്ളോരുമകളുനീയെങ്കിൽ യോഗ്യനാർക്കടവിൽച്ചെന്നണഞ്ഞുകൊ. ഭാഗ്യം യോഗ്യംകെട്ടമകളാണെങ്കിൽ എലക്കടവുപുലക്കടവുപറ്റീന്തിക്കോ. ഭാഗ്യമുള്ളോരുമകളായിട്ട് തെക്കംകൊല്ലം കീഴ്ക്കടവിൽച്ചെന്നു മെയ്യണഞ്ഞു.

തെക്കങ്കൊല്ലം നല്ലമ്മ കുളികുറിതേവാരത്തിന്നായിട്ട് തെക്കംകൊല്ലം കീഴ്ക്കടവിൽ ചെല്ലുമ്പോൾ പൊന്നിനോടകത്തിൽ ചെറുതായിട്ടൊരു മകളെക്കാണുന്നു നല്ലമ്മ. ഓടിക്കൂടെ ചെന്നു പിടിക്കുവാൻ ചെന്നപ്പോൾ അരസ്സ്വോളം നീററിലക്ക് എറങ്ങിനിന്നു പൊന്നിനോടം. അരസ്സ്വോളംനീററിലെറങ്ങിച്ചെന്നപ്പോൾ തുപ്പത്തുപ്പെ വെള്ളത്തിലിറങ്ങിനിന്നു. കുളികുറിതേവാരം കഴിക്കാതെ നല്ലമ്മ തെക്കംകൊല്ലത്തേക്കോടുന്നു. അതിനെക്കണ്ടിട്ട് അരയിരിക്കുന്ന തെക്കംകൊല്ലത്തു നല്ലച്ചൻ. എന്താണു നല്ലമ്മേ എന്താണു നല്ലമ്മേ കുളികുറിതേവാരം ഉടൻ കഴിക്കാഞ്ഞത്? മറോത്തുമല്ലാ എന്റെ തെക്കംകൊല്ലത്തു നല്ലച്ചാ കീഴം നല്ല കീഴ്കടവാരത്ത് കുറിയാനൊരു പൊന്നിനോട്ടം നിലനിക്കുന്നു. അതിലുണ്ടു നല്ലച്ചാ ചെറുതാവൊരു കന്യയാവത് ഇരിപ്പാവത്. ആ മകളെ എനിക്കു കിട്ടേണം നല്ലച്ചാ തെക്കംകൊല്ലത്തിനിക്ക് അണിവളർത്തേണം. അതിനെക്കേട്ടു നല്ലച്ചനുണ്ട് കീഴം കീഴ്ക്കടവാരത്തേക്കെഴുന്നള്ളുന്നു. ഒരു ദിവസം ശീവേലി കഴിക്കുന്ന നേരത്ത് ഈരടി മുമ്പാക്കം നീങ്ങി നിക്കുന്നു. രണ്ടാം ശീവേലി കഴിക്കുന്ന നേരത്തു അരയോളം വെള്ളത്തിൽ വന്നു പൊന്നിനോടം. മൂന്നാം ശീവേലി കഴിക്കുന്ന നേരത്തു പൊന്നിനോടം വന്നിങ്ങു മെയ്യണഞ്ഞു. വെള്ളിത്താഴങ്ങു പൂട്ടുന്നു നല്ലച്ചൻ പൊന്നിൻതാഴങ്ങു തുറക്കുന്നു. പൊന്നിൻതാഴങ്ങു തുറക്കുന്നു നല്ലച്ചൻ മകളെച്ചെന്നങ്ങു പിടിക്കുന്നു. കുടതഴ നല്ല കൈവിളക്കോടേ മകളെക്കൊണ്ടിങ്ങു പോരുന്നു. തെക്കംകൊല്ലം നല്ലകണ്ടർമാളികമുകളിൽക്കൊണ്ടന്നങ്ങിറയിരുത്തി. കാൽ കുറിയ ചന്ദനക്കതിൽക്കട്ടിമ്മൽ നടകഴിഞ്ഞിന പന്തിനിമെത്തയിമ്മൽ മകളെക്കൊണ്ടങ്ങിരയിരുത്തി. കാക്കിൽ വിളക്ക് കതിർവിളക്ക് തൂക്കുവിളക്ക് തുരടുവിളക്ക് നിന്നെരിഞ്ഞു ക

* ഭദ്രകാളീപരമായ പാട്ട്; മണ്ണാരെക്കൊണ്ടു ചൊല്ലിച്ചു കേട്ടെഴുതിയതു. അധിക വിവരം ഇതിന്റെ അവസാനത്തിൽ.

ത്തുന്ന നന്താരമണിവിളക്ക് കാക്കിലും തലക്കൽ കൊണ്ട് കളത്തിവെച്ചു. ആദിയാകുന്ന വടക്കംകൊല്ലത്തൊരു മകൻ പിറക്കുവോളം തെക്കംകൊല്ലത്തു നീയിരി മകളെ. വടക്കംകൊല്ലത്തൊരു മകൻ പിറന്നാല് മകളെ മാലവെച്ച് കൊടുത്തയക്കണ്ട്. എന്നവണ്ണം പടച്ചോൻ നല്ലച്ചൻ തെക്കംകൊല്ലത്തങ്ങരയിരുത്തി.

അതിനെ കേൾക്കുന്നു വടക്കംകൊല്ലത്തു കയനോർ പാവി നല്ലമ്മ. കേട്ടുകൊണ്ടാലോ എന്റെ വടക്കംകൊല്ലത്തു നല്ലച്ചാ ആദിയാകുന്ന തെക്കംകൊല്ലത്തു മകളെപ്പറന്നങ്ങ് അണിവളത്തന്നല്ലോ. നമ്മൾക്കിരിവക്കും പുത്രരില്ലാത്ത വിധിയോഗം വന്നുപോയല്ലോ എന്റെ നല്ലച്ചാ. കാക്കവായിൽ ചാത്തൂട്ടവാനും കറുകനാക്കിൽ ജലമൊഴിക്കുവാനും നമ്മൾക്കിരുവക്കും പുത്രനില്ലാത്ത വിധിയോഗം വന്നല്ലോ എന്റെ നല്ലച്ചാ. മററാരും ചെയ്യോരു പാപർദോഷമല്ലെന്റെ നല്ലച്ചാ. നല്ലച്ചൻ ചെയ്യോരു പാപർദോഷമാണ്. എന്തൊരു പാവർദോഷം ഞാൻ ചെയ്തുഎന്റെ നല്ലമ്മെ? കെട്ടാത്ത പെണ്ണിനെ കെട്ടിക്കില്ല നല്ലച്ചൻ വാഴാത്ത വയിൽഭൂമി വാഴിക്കില്ല നല്ലച്ചൻ. ഇടിഞ്ഞുപൊളിഞ്ഞു കിടക്കുന്ന പാഴമ്പലം വെട്ടി പണി ചെയ്തു കുടിവെക്കില്ല നല്ലച്ചൻ. ഓലകൊണ്ടു കെട്ടിയ മതിൽമാസ്ഥാനം ഓലെറക്കിട്ടോടിടീക്കില്ല നല്ലച്ചൻ. ചോപ്പു ചിററാത്ത മതിൽ മണ്ടകത്തു ചോപ്പു ചുററിച്ചാടിക്കില്ല നല്ലച്ചൻ. പൂജയില്ലാത്ത ദേവന്മാൎക്ക് മൂന്നു ദിവസത്തെ പൂജ കൊള്ളിപ്പിക്കില്ല നല്ലച്ചൻ. ഞാൻ ചെയ്യുന്ന പാപർദോഷമല്ലാഎന്റെ നല്ലമ്മെ.നല്ലമ്മചെയ്യുന്ന പാപർദോഷമാണ്എന്റെ നല്ലമ്മെ. എന്തോരു് പാപർദോഷമാണ് ഞാൻ ചെയ്തു നല്ലച്ചാ ഏതൊരു പാപർദോഷമാണു ഞാൻ ചെയ്തു നല്ലച്ചാ. തലവെറുത്തിട്ടാരാനും എൻ കോയിക്കൽ വന്നുപോയാല് തല നിറച്ചൊലപ്പെണ്ണ കൊടുക്കില്ല നല്ലമ്മ. വായവെറുത്തിട്ടാരാനും എങ്കോവിക്കൽ വന്നുപോയാല് വായ്ക്കൊരു രസഭാവംകൂടി കൊടുക്കില്ല നല്ലമ്മ. അരവലഞ്ഞിട്ടാരാനും എൻകോവിക്കൽ വന്നുപോയാല് അരക്കൊരാടചേല കൊടുക്കില്ല നല്ലമ്മ. വയർവിശന്നിട്ടാരാനും എങ്കോവിക്കൽ വന്നുപോയാല് ദാഹം ഓത്തു തണ്ണീർ കൊടുക്കില്ല നല്ലമ്മ. ഞാൻ ചെയ്ത പാപർദോഷമല്ലാഎന്റെ നല്ലച്ചാ. നല്ലച്ചൻ ചെയ്ത പാപർദോഷമാണ്. നാട്ടദാനം എന്റെ നല്ലച്ചൻ ചെയ്തുവരും മുമ്പിൽ വീട്ടദാനം ഞാൻ ഇവിടെ ചെയ്തിരിക്കാം എന്റെ നല്ലച്ചാ. ആയതിനെക്കേട്ട നല്ലച്ചനരണ്ട് കുത്തുന്ന പയ്യിനെ കെട്ടിടേണം നല്ലമ്മ. കടിക്കുന്ന പട്ടിയിനെ പൂട്ടിയിടേണം എന്റെ നല്ലമ്മെ. നാട്ടദാനത്തിന്നും വീട്ടദാനത്തിന്നും എന്തുപൊന്നുംമുതലതുമുള്ളതു നല്ലമ്മെ. ആയതിനെ കേട്ട നല്ലമ്മയുണ്ട് വടക്കംകൊല്ലത്തു നല്ലച്ചനോടു പട പറയുന്നു. മുത്തച്ഛൻ നേടിയ മൂലപൊന്നിൻഭണ്ഡാരമുണ്ട് എളയച്ചൻനേടിയഎളവരങ്കപ്പൊന്നുമുണ്ട്. ആ പൊന്നു രണ്ടും വെട്ടിക്കൂറു ചെയ്ത് ശിവലോകത്തു നല്ലച്ചന് പൊന്നും തൂപ്പതിക്കാഴ്ച കൊണ്ടുപോയാൽ നമ്മൾക്കൊ

രാങ്കുട്ടിയുണ്ടാവാനുള്ള വിധിയോഗമുണ്ടാകുമെന്റെ നല്ലച്ചാ.

ആയതിനെ കേട്ട നല്ലച്ചനുണ്ട് മന്ത്രമൂർത്തികടലോടിയെ വിളിച്ചു കൂട്ടുന്നത്. കേട്ടുകൊണ്ടാലും എന്റെ മന്ത്രമൂർത്തികടലോടി കടലോടി പോയി പൊൻവെട്ടം വാരിയരെ തേടി ഉടൻ കൂട്ടിക്കൊണ്ടുവന്നാണ്. ആയതിനെക്കേട്ട കടലോടിയുണ്ട് കമ്പിട്ടാമ്പടി ചാടി ആനവാതിൽ പോർവടി കടന്ന് ഇടപടിതോരണം കടന്ന് അത്രവരക്കൊട്ടില്ലോടിയെട കടന്ന് വെള്ളമുള്ളവടവും കടന്ന് വെള്ളമില്ലാത്തവടവും കടന്ന് അടിപരന്ന അരയാലും കടന്ന് മുടികളത്ത മുല്ലമലക്കാവുംകടന്ന് താനിരങ്കം വയൽഭൂമിയോടിക്കടന്ന് പൊൻവെട്ടം വാരിയര് പൊന്നുംപോർവടി നോക്കി നിവിരേ ചെന്നു വഴി പുറപ്പെട്ടു. പൊൻവെട്ടം വാരിയരെ പൊൻവെട്ടം വാരിയരെഎന്ന് അലഞ്ഞുലഞ്ഞ് രണ്ടു വിളി കൊള്ളുന്നു. അകനാഴികയിൽ വിളിയെക്കേട്ടപുറനാഴികയിൽ ഓടിപ്പുറത്തുവന്നു. എന്തിഞ്ഞു പോന്നെന്റെ മന്ത്രമൂർത്തികടലോടി മുറ്റേത്തുമല്ലാ എന്റെപൊൻവെട്ടം വാരിയരെ.വടക്കംകൊല്ലത്തു നല്ലച്ചനും നല്ലമ്മയും വടക്കംകൊല്ലത്തോളം ചെല്ലുവാൻ ചൊല്ലിക്കൂട്ടി.ആയതിനെക്കേട്ട പൊൻവെട്ടംവാരിയരുണ്ട് നീ ഇവിടെത്തന്നെ നിന്നുകൊണ്ടാലും ഞാൻ കുളികുറിതേവാരം ഒന്നുടൻകഴിഞ്ഞുവരട്ടെ എന്നുകല്പിച്ചു പൊൻവെട്ടം വാരിയര്. പൂങ്കുളം കടവ് ഇറങ്ങി കുളികുറിതേവാരം ഉടൻ കഴിച്ചു. ലാടം പതിച്ച തിരുമൊറിയിന്മേൽ മൂലം പതിച്ച മൂലഭസ്മക്കുറിയും തൊട്ട് പടിഞ്ഞാറ്റിയിലോടിക്കടന്നു പൊൻവെട്ടം മഴവെട്ടത്ത് എടമേതേച്ചുവലമേ വായ്ക്കൂട്ടിവലമേ തേച്ചു എടമേ വായ്ക്കൂട്ടി താഴയിലിട്ടുതട്ടി മുറുക്കി. പോന്നാലും എന്റെവാരിയരെ പുറപ്പെട്ടാലും എന്റെമന്ത്രമൂർത്തികടലോടി എന്നിങ്ങിനെ അണിയാത്രയും എടവഴങ്ങിപ്പോകാമല്ലോ എന്നുവഴിപുറപ്പെട്ടു പൊൻവെട്ടംവാരിയര്. പൊന്നുംപോർവടിഓടിയെടകടന്നുപോകാമല്ലോ എന്നുവഴിപുറപ്പെടുവാനും കാലമാകുന്നു. പോയ്വരട്ടെപോയ്വരട്ടെഎന്നുഅണിയാത്രയും തിരുവഴങ്ങി പോകാമല്ലോഎന്നുവഴിപുറപ്പെട്ടുപൊൻവെട്ടം വാരിയര. അച്ചാലുംഅവ്വരങ്കോടിഇടകടന്നുകണ്ടങ്ങനെ പളുങ്ക്പട്ട പാറപ്പുറവും ഓടിയെടകടക്കുന്നു. ഏററത്തെ തെങ്ങൊളുംകൂടി ഓടിയെടകടക്കുന്നു വാരിയര് ഏറക്കത്തെ കഴങ്ങളുംകൂടിയെടകടക്കുന്നു. വടക്കംകൊല്ലത്തുപോന്നുംപോർവടി നോക്കിനിവിരെ ചെന്നു വഴിപുറപ്പെട്ടു. വടക്കംകൊല്ലത്തു വെള്ളിസ്സിലവണിമുററത്തു അണച്ചുകെട്ടി ആചാരോപചാരത്തോടുകൂടി നിലപാക്കുന്നു.

ആയതിനെക്കണ്ട് നല്ലച്ചനുണ്ട് ആചാരോപചാരത്തിനല്ലാ ഞാൻചൊല്ലിക്കൂടിയത് എന്റെ വാരിയരെ. ഒപകാരമായ പണി പലതുമുണ്ടല്ലോ. ആയതിനെക്കേട്ട വാരിയരുണ്ട്. അടിയത്തിനെ.വിടചെന്നാലും ആചാരോപചാരം എളച്ചുകൂടെന്റെ നല്ലച്ചാ. ഒപകാരമായ പണി പലതും ചൊല്ലുവാനായി നല്ലച്ചനും ചെന്നരയിരുന്നു. ഒപകാരമായ പണി കാരണം കേൾപ്പാനായി പൊൻവെട്ടംവാരിയര് ചെന്നു നിലപാക്കു

ന്നു. മൂത്തച്ഛൻ നേടിയ മൂലഭണ്ഡാരപ്പൊന്നും എളയച്ഛൻ നേടിയ എളവരക്കപ്പൊന്നും മന്ത്രസൂര്യമണിക്കിണററിൽ കിടപ്പുണ്ടു്. ആ പൊന്നിനെ വെട്ടിക്കുറു ചെയ്തുതരേണമെന്റെ പൊൻവെട്ടം വാരിയരെ. ആയതിനെക്കേട്ട പൊൻവെട്ടം വാരിയരുണ്ട് പൊന്നിനാൽ വെട്ടി ക്കുറു ചെയ്തു കൊടുക്കും നേരത്തിലുണ്ടു പൊൻവെട്ടം വാരിയർക്കു വേണ്ടുന്ന അരിയാവന കുറുശയും കഴിച്ചു് അവർ വന്നവഴിക്കവർ പോകുന്നോരു നേരത്തിലുണ്ടു്. ആയതിനെ കേട്ട നല്ലച്ഛനുണ്ട് മന്ത്രസൂര്യക്കടലോടിയെ വിളിച്ചുകൂട്ടുംനേരത്തിങ്കൽ. കേട്ടുകൊണ്ടാലോ എന്റെ കടലോടിയേ! പൊന്നരുക്കും തട്ടാനെ തേടി ഉടൻ കൂട്ടിക്കൊണ്ടുവന്നാണ് എന്നു കല്പിച്ചു.

ആയതിനെ കേട്ട മന്ത്രസൂര്യക്കടലോടിയുണ്ട് എളിയതൊന്നു എടുത്തുടുത്തു പെരിയതൊന്നെടുത്തു തോളത്തിട്ടു ഇടുപടി ചാടിക്കടന്നു വെള്ളമുള്ളവടവും കടന്നു വെള്ളമില്ലാത്തവടവും കടന്നു് അച്ചാലവൃക്ഷങ്ങളും ഓടിക്കടന്നു പൊന്നരുക്കും ചെറുതട്ടാന്റെ പൊന്നുംപോർവടിക്കൽ നിവരേ ചെന്നു വഴിപുറപ്പെട്ടു. തട്ടാരുവാഴുന്ന ഇട്ടിതമ്പി തട്ടാരുവാഴുന്ന ഇട്ടിതമ്പി അലഞ്ഞുലഞ്ഞ് രണ്ടു വിളി കൊള്ളുമ്പോഠം. അകനാഴികയിൽക്കിടന്നു വിളിയെ കേട്ട പുറനാഴികക്കോടി പുറത്തുവന്നു. കേട്ടുകൊണ്ടാലൊ എന്റെ തട്ടാരു വാഴുന്ന ഇട്ടിതമ്പി വടക്കുംകൊല്ലത്തു നല്ലച്ഛനും നല്ലമ്മയും അങ്ങോട്ടു ചെല്ലുവാൻ ചൊല്ലുകൂട്ടി എന്റെ തട്ടാരു വാഴുന്ന ഇട്ടിതമ്പി. ആയതിനെ കേട്ട ഇട്ടിതമ്പിയുണ്ട് അവനോടു കൈവാളികത്തഞ്ചി എടുത്ത് ഞെട്ടുംഞെളിഞ്ഞു കുടയെടുത്ത് പച്ചിലപ്പൊന്തിയും കല്പിടിച്ച് - പോന്നാലും എന്റെ തട്ടാനെ പുറപ്പെട്ടാലും എന്റെ മന്ത്രസൂര്യക്കടലോടിയെ പോകാമല്ലൊ എന്നു വഴി പുറപ്പെട്ട തട്ടാരു വാഴുന്ന ഇട്ടിതമ്പി. ഇടുപടി തോരണം ഓടിക്കടന്ന് വെള്ളമുള്ളവടവും കടന്ന് വെള്ളമില്ലാത്തവടവും കടന്ന് കാററനങ്ങാക്കരിമ്പന ഓടിക്കടന്ന് നീരനങ്ങാതോടും പുഴകടന്ന് വടക്കുംകൊല്ലത്തു പൊന്നും പോർ വടി നോക്കി നിവിരേ ചെന്നു വഴിപുറപ്പെട്ടു. വെള്ളിസ്സിലവണിമിററത്ത് കാളിമാങ്കല്ലും തന്റെ കരുവാഴ തന്റെ നിഴലരികെ അണച്ചുകെട്ടി ആചാരോപചാരത്തോടുകൂടി നിലപാക്കുന്നു. കടലോടിയെക്കണ്ട നല്ലച്ഛനുണ്ട് തട്ടാൻ പോന്നോ പോന്നില്ലെ എന്നു ചോദിച്ചു. കണ്ടില്ലെ നല്ലച്ഛാ കണ്ടാലൊട്ടറിഞ്ഞുകൂടെ. കാളിമാങ്കല്ലും തന്റെ കരുവാഴതന്റെ നിഴലരികെ അണച്ചുകെട്ടി ആചാരോപചാരത്തോടുകൂടെ ഇതാ നില്ക്കുന്നു എന്റെ നല്ലച്ഛാ. ആയതിനെക്കണ്ട നല്ലച്ഛനുണ്ട് ആചാരോപചാരത്തിനല്ലാ ഞാൻ വരുത്തി എന്റെ തട്ടാനെ. ഉപകാരമായ പണി പലതുമുണ്ടല്ലൊ. അടിയത്തിന്നെവിടെ ചെന്നാലും എന്റെ നല്ലച്ഛാ തുടമടക്കി ആചാര ഓചാരം എവിടെ ചെന്നാലും എളച്ചുകൂടല്ലോ എന്റെ നല്ലച്ഛാ. ആയതിനെ കേട്ട നല്ലച്ഛനുണ്ട് ഉപകാരമായ പണി പലതും ചൊല്ലുവാനായി നല്ലച്ഛനും ചെന്നരയിരുന്നു. ശിവലോകത്തു നല്ലച്ഛനുണ്ട് തട്ടാനെ പൊ

ന്നിൻതൃപ്പടിക്കാഴ്ചക്ക വെള്ളിത്താലമൊന്നു പൊന്നും താലമൊന്നു പൊന്നിനാലെ തസ്സൂഴങ്ങൊന്നു വെള്ളിയാലെ വള്ള പൊന്നിനാലെ പൂമ്പാള വെള്ളിയാലെ പൂക്കലത്തരി പൊന്നിനാലെ ചെമ്പഴക്ക ചെമ്പഴക്ക കൊത്തി അരിവാനായി പൊന്നിനാലെ ആനകച്ചക്കി ചെറുക്കിളിയാളെ ഒന്നു പണി തീക്കേണം. ആയതിനെക്കേട്ടനല്ലമ്മയുണ്ടു തട്ടാനോടു പടപറയുന്നു. പൊന്നുരുക്കി തട്ടാൻ പൊന്നിനാലേ പൊൻതാലമൊന്നു പണി തീക്കുന്നു. വെള്ളിയുരുക്കി തട്ടാൻ വെള്ളിത്താലൊന്നു പണി തീക്കുന്നു തട്ടാൻ. വെള്ളിത്താലത്തിൽ പൊന്നിനാലേ തസ്സൂഴങ്ങൊന്നു പണി തീക്കുന്നു തട്ടാൻ. വെള്ളികൊണ്ട് എടക്കിടെ തസ്സൂഴങ്കിന്നു തള്ള കെട്ടുന്നു തട്ടാൻ. പൊന്നുകൊണ്ടു പൂമ്പാളയൊന്നു പണി തീത്തു തട്ടാൻ. വെള്ളികൊണ്ടു പൂക്കലയും തരിയും പണി തീത്തു തട്ടാൻ. പൊന്നുകൊണ്ടു ചെമ്പഴക്ക എഴ പണി തീത്തു തട്ടാൻ. ചെമ്പഴക്ക കൊത്തിയെറിവാനായി കാരകച്ചക്കിച്ചെറുക്കിളിയാളെ ഒന്നു പണിതീത്തു തട്ടാൻ. വെള്ളിത്താലത്തിൽ പൊലി ചമച്ച പൊന്നിൻതാലം കൊണ്ടതിർകമത്തി വടക്കംകൊല്ലത്തു നല്ലച്ചനും നല്ലമ്മക്കും കാഴ്ചവെക്കുന്നു തട്ടാൻ. തട്ടാനു വേണ്ടുന്ന എണ്ണിപ്പതിനാറു പുള്ളിപ്പുതപ്പണവും കൊടുത്തു തട്ടാൻ പോകുന്നവഴിക്ക് അവൻ പോകുന്നോരു നേരത്തിങ്കൽ പടപറഞ്ഞു വടക്കംകൊല്ലത്തുനല്ലച്ചൻ. ഈ കാഴ്ച ആരുകൊണ്ടുപോകേണം എന്റെ നല്ലമ്മേ. അപ്പോൾ പടപറഞ്ഞുനല്ലമ്മ. പുത്രക്ക വരം നല്ലച്ചനല്ലേ എന്റെ നല്ലച്ചാ. ആയതിനെ കേട്ടു നല്ലച്ചനുണ്ട് ശിവലോകത്തുക്ക പൊന്നിൻ തൃപ്പടിക്കാഴ്ച കൊണ്ടുപോകുന്നു. എടമേ ചെന്നു മുല്ലയിലനുള്ളി വലമേ കൊണ്ടുന്നു കാഴ്ചവെക്കുന്ന നേരത്തിങ്കൽ. എന്തിന്നായി വെച്ച കാഴ്ചയാകുന്നു നല്ലച്ചാ. വടക്കംകൊല്ലത്തു പുത്രരുണ്ടാകാതെ വെച്ച കാഴ്ചയാകുന്നു എന്റെ നല്ലച്ചാ. ആയതിനെക്കേട്ടു ശിവലോകത്തു നല്ലച്ചനുണ്ട് പൊന്നിൻ തൃപ്പലിക്കാഴ്ചയെടുത്ത്. മൂലഭണ്ഡാരത്തിൽ വെച്ചു തച്ചടച്ചു താഴകൂട്ടി അഞ്ചു നേന്ത്ര കണ്ടം പഴക്കനിയെടുത്തു ദീപപ്രതിഷ്ഠ മന്ത്രപ്രതിഷ്ഠ പ്രാണപ്രതിഷ്ഠ ജപിച്ചു കൊടുക്കുന്നോരുനേരത്തിങ്കൽ വ്യാഴാഴ്ച അസ്തമിച്ചു വെള്ളിയാഴ്ച വെളുക്കും മുമ്പിൽ കലങ്ങിയ വെള്ളത്തിൽ കുളികഴിയാതെ കരിഞ്ഞ പുല്ലിൽ ചവിട്ടാതെ തെളിഞ്ഞ വെള്ളത്തിൽ കുളിച്ചു കരിയാത്ത പുല്ലിൽ ചവിട്ടി ആദികിഴക്ക തിരിഞ്ഞുനിന്നു നാലു പഴകനി നാലുദിക്കിലേക്കും വലിച്ചെറിഞ്ഞ് ഒരു പഴക്കനി അമൃതുചെയ്തുകൊണ്ടാലും. പുത്രക്കും പുണ്യത്തിനും വരമാകുന്നു. എന്നുകല്പിച്ചു ശിവലോകത്തു നല്ലച്ചൻ.

ആയതിനെക്കേട്ടനല്ലച്ചനുണ്ട് നേന്ത്ര കണ്ടം പഴക്കനിയും കൊണ്ടുപോന്നുനല്ലമ്മക്ക കൊടുക്കുന്നോരുനേരത്തിങ്കൽ. വെള്ളിയാഴ്ച ഗംഗശാല പുലരുംമുമ്പു കുളികഴിതേവാരവും ഉടൻകഴിഞ്ഞു കാർകോടി മുല്ല മലർക്കാവിൽ ചെന്നുനിന്ന് ആദി കിഴക്ക തിരിഞ്ഞുനിന്നു നാലു ദിക്കിലേക്കും നാലു പഴക്കനി വലിച്ചെറിഞ്ഞ് ഒരു പഴക്കനി അമൃതു ചെയ്യുന്നോരുനേരത്തിങ്കൽ തീണ്ടാരിയും വന്നു കാണുന്നോ

ഒരുനേരത്തിങ്കൽ നല്ലമ്മക്കു മൂന്നു ദിവസം മുടംകിടന്നുനാലാംദിവസം മാററുടുത്തുകുളികഴിഞ്ഞ് അട്ടും തൊട്ടു മെസ്സൂറിയിട്ട് ഉപ്പേറ്റുണങ്ങല്ലരിയും വാരി തിൻ കഴിഞ്ഞു മന്ത്രസൂച്ചമണിക്കിണറ്റേരെ ചെന്നു കൊട്ടയാലെ നീർകോരി അമൃതുചെയ്തു. അരിചെന്നതായുസ്സായി, ഉപ്പു ചെന്നതു കരുവായി, വെള്ളം ചെന്നുള്ളപ്പോളുയായി. അക്കരു കരുവായി, ഇത്തുളിത്തുളിവായി, അംബുജം കൂമ്മയായി. ഒന്നുകാൽമാസത്തിൽ ഉണ്ടോ ഇല്ലയോ എന്നു സംശയം തുടങ്ങി. രണ്ടുകാൽ മാസത്തിലല്ലോ ഒരു കിടാരം പിള്ള താഴ്ത്തുറന്നു. മൂന്നുകാൽ മാസത്തിലല്ലോ മുതുവുരുണ്ടുമുലക്കണ്ണു രണ്ടും കൺകറുത്തു. നാലുകാൽ മാസത്തിലല്ലോ നാക്കിലപോലടിപരന്നു. അഞ്ചുകാൽമാസത്തിലല്ലോ പഞ്ചപിള്ള പണിമുടിഞ്ഞു. ആറുകാൽ മാസത്തിലല്ലോ അറുകാലുണ്ണി പാടിളകി. ഏഴുകാൽ മാസത്തിലല്ലോ ഏഴറുപിള്ള ഇളക്കം തുടങ്ങി. എട്ടുകാൽ മാസത്തിലല്ലോ ചൊട്ടമുലയിൽ പാൽചുരന്നു. ഒമ്പതാംമാസത്തിലല്ലോ ഒമ്പുളികല്യാണവും കഴിഞ്ഞു. പത്തുകാൽ മാസത്തിലല്ലോ പലപല ക്ഷീണപാതങ്ങളും വന്നടുക്കുന്നു. ഉപ്പിട്ട ചേമ്പിലപോലെ ഇറുകെ പിഴിഞ്ഞ ആടപോലെ പലപല ക്ഷീണപാതങ്ങളും വന്നടുത്തു നല്ലമ്മയ്ക്ക്. അപ്പപ്പടപറഞ്ഞു നല്ലമ്മ കേട്ടുകൊണ്ടാലും എന്റെ നല്ലച്ചാ പലപല ക്ഷീണപാതങ്ങളും വന്നു മുന്നൊതിത്തല്ലോ. വയർപിടിക്കുന്ന നാവികത്തി പെരുങ്കാളി നല്ലമ്മേറെ തേടി ഉടൻ കൂട്ടിക്കൊണ്ടുവന്നാണ് എന്നു കല്പിച്ചു. ആയതിനെ കേട്ടു നല്ലച്ചനങ്ങ് മന്ത്രസൂച്ചക്കടലോടിയെ വിളിച്ചുകൂട്ടിക്കൊണ്ടു നാവികത്തികരികാളി നല്ലമ്മേനെ തേടി ഉടൻകൂട്ടിക്കൊണ്ടു വന്നാണ് എന്നു കല്പിച്ചു.

(തുടരും)

# പുഷ്പാഞ്ജലി.

## ആറാം അദ്ധ്യായം.

[സ്വാഹാ_അഭ്ര_സൃഷ്ടി_അഗ്നികലോല്പത്തി_സംസ്കാരം]

രാജസ്ഥാനത്തിന്റെ ഉള്ളിൽപ്പെട്ട അബ്വലീപർവ്വതനിരകളിൽനിന്നാണ് പ്രഭാസനദിയുടെ ഉത്ഭവം. രണ്ടു ബ്രാഹ്മണർ ഈ നദിയുടെ തീരങ്ങളിൽക്കൂടി ചരിച്ച് ഈ പർവ്വതനിരകളുടെ അടുത്തെത്തി. പിന്നെ അതിന്റെ ഏററവും ഉയന്ന 'അഭ്ര' എന്ന പേരായ കൊടുമുടി അവർ കയറിത്തുടങ്ങി. ഈ കൊടുമുടി ഏററവും വലുതായ ഒററപ്പാറയായിരുന്നു. വെയിൽകൊണ്ടും കാററുകൊണ്ടും മഴകൊണ്ടും അതിന്റെ ചില ഭാഗങ്ങൾഅല്പാല്പം പിളന്നിരുന്നു. പിളന്നി

രുന്ന സ്ഥലങ്ങളിൽ അവിടവിടെയായി ഭസ്മനിറത്തിലുള്ള മണ്ണ് കൂട്ടിയിരുന്നു. അതുനിമിത്തം അവിടവിടെ ചെറിയ പുല്പടികൾ വളൎന്നിരുന്നു. കൊടുമുടിയിലേയ്ക്കുള്ള വഴി വളരെ കുണ്ടുംകുഴിയുമുള്ളതും വളവോടുകൂടിയതും ചില ദിക്കുകളിൽ കയറാൻ ഏററവും ഞെരുക്കമുള്ളതും ആയിരുന്നു.

ബ്രാഹ്മണർ ഈ കൊടുമുടിയുടെ മുകളിൽ എത്തിയപ്പോൾ അവിടെ ഒരു ക്ഷേത്രം കണ്ടു. പിന്നെ ക്ഷേത്രത്തിന്റെ പുറത്തുള്ള ഒരു കല്ലിന്മേൽ അവർ രണ്ടു പേരും ഇരുന്നു. മദ്ധ്യവയസ്കനായ ബ്രാഹ്മണൻ നാലുഭാഗത്തും നോക്കിക്കൊണ്ടു പറഞ്ഞു. 'ആൎയ്യ! പ്രളയാഗ്നിയിൽ ദഹിച്ചുപോയ ഭൂമി പുനരുജ്ജീവനംചെയ്താൽ ഈ മാതിരി കാണപ്പെടുമെന്നു എനിക്കു തോന്നുന്നു. ആകാശമണ്ഡലത്തിന്റെ നേരെ കണ്ണിമയാട്ടാതെ നോക്കിക്കൊണ്ടിരിക്കുന്ന ഭൂമി അപ്പോൾ പെററുവീണ കുമാരിയെപ്പോലെ അത്ഭുതസൂചകമായ ഭാവത്തിന്റെ പ്രതിമാസ്വരൂപംപോലെ ഇരിക്കുന്നു.' വൃദ്ധൻ പറഞ്ഞു: അപ്രകാരം മനസ്സിൽ തോന്നുന്നതിൽ അത്ഭുതമില്ല. ബ്രഹ്മപത്നിയായ സ്വാഹാദേവിയുടെ പരിശുദ്ധമായ ആവിൎഭാവസ്ഥലം ഇതാണ്. കുറച്ചു കാലം മുമ്പിൽ മഹാദേവി ബ്രഹ്മാവൊന്നിച്ച് ഈ സ്ഥലത്തിൽ പ്രത്യക്ഷയായിട്ടുണ്ടായിരുന്നു. ഏതൊരു ബ്രഹ്മാവിന്റെ നാലു മുഖങ്ങളിൽനിന്നു ലോകസൃഷ്ടിയ്ക്കുള്ള നാലു ഉപാദാനങ്ങൾ ഉൽഗിരണം ചെയ്യപ്പെട്ടുവോ, വൎണ്ണാശ്രമങ്ങൾ നാലായിട്ടു വിഭജിക്കപ്പെട്ടുവോ, നാലു വേദങ്ങൾ ഉച്ചരിക്കപ്പെട്ടുവോ, നാലു സംസ്കാരങ്ങൾ സ്ഥാപിയ്ക്കപ്പെട്ടുവോ ആ ബ്രഹ്മാവിന്റെ പ്രത്യക്ഷരൂപമാണ് അഗ്നി. സ്വാഹാദേവി അഗ്നിശക്തിയാണ്. സ്വാഹതന്നെയാണ് പരിവൃത്തി. സ്വാഹതന്നെയാണ് സംസ്കാരം. സ്വാഹതന്നെയാണ് സൃഷ്ടി. അങ്ങു മഹാദേവിയുടെ ക്ഷേത്രത്തിന്നുള്ളിൽ പ്രവേശിച്ച് ദേവിയെ ദൎശിച്ചാലും'

മദ്ധ്യവയസ്കനായ ബ്രാഹ്മണൻ ക്ഷേത്രത്തിന്നുള്ളിൽ പ്രവേശിച്ചു. പ്രവേശിച്ച മാത്രത്തിൽ കൂരിരുട്ടോടുകൂടിയതും അവസാനം കാണാത്തതുമായ ആകാശത്തിന്റെ മദ്ധ്യത്തിൽ താൻ പ്രവേശിച്ചതായി അദ്ദേഹത്തിന്നു തോന്നി. സൎവ്വദിക്കുകളും ശൂന്യംതന്നെ. ഒരിടത്തും ഒന്നും കാണപ്പെടുന്നില്ല. അധോഭാഗത്തിലുള്ള ഭൂമി കാണാതായി. വെളിച്ചമില്ലാതായി. ശബ്ദവും ഇല്ലാതായി. അദ്ദേഹം സ്തംഭിച്ചുനിന്നു. അദ്ദേഹത്തിന്റെ ദേഹത്തിന്നു ചലനമില്ലാതായി. മനോവ്യാപാരങ്ങളും നിന്നുപോയി. കാലദേശാവസ്ഥകളുടെ ജ്ഞാനവും മറഞ്ഞുപോയി. ദിക്കുകളെല്ലാം സങ്കുചിതമായി. ഭൂതവും ഭാവിയും വൎത്തമാനവും ഒന്നായി ചേൎന്നു. സകലവും ഒന്നായി ചേൎന്ന് അഭ്രവായി ഭവിച്ചു.

എത്രനേരം ഈ മനോഭാവം ഉണ്ടായി എന്നു ആൎക്കു പറയാൻ സാധിയ്ക്കും? ഒരു മുഹൂൎത്തമായിരിയ്ക്കാം മതി. അഥവാ ഒരു കല്പമോ അല്ലെങ്കിൽ നൂറു കല്പകാലമോ ആയിരിയ്ക്കാം മതി. പതിവ്രതയായ കാമിനി ഏതുവിധത്തിൽ തന്റെ കമനീയഭുജവല്ലികൾകൊണ്ടു

കാന്തന്റെ കണ്ഠപ്രദേശത്തെ ആലിംഗനംചെയ്യുമ്പോ ആ വിധത്തിൽ പെട്ടെന്നു പരമതേജോമയമായ ഒരു ബാഹുലത അനന്തമായ ആ അളവിനെ ആലിംഗനംചെയ്വാൻ തുടങ്ങി. ഉറക്കമുണരാൻകാലത്തുണ്ടാവുന്ന സ്വപ്നം പോലെ, നിർമ്മലനീലിമയോടുകൂടിയ ആകാശമെന്നപോലെ ശ്യാമളമായ പുരുഷശരീരം പ്രഭാമയിയായ ഒരുവളുടെ ഭുജവല്ലികൊണ്ട് ആലിംഗനംചെയ്യപ്പെട്ടിരുന്നതായും അനേകം സൂര്യകാന്തമണികൾകൊണ്ടും ചന്ദ്രകാന്തമണികൾകൊണ്ടും മരതകരത്നങ്ങൾകൊണ്ടും അനേകം മുത്തുമാല പവിഴമാല വൈരമിന്നി മുതലായവകൊണ്ടും അനുപമമായ ആ ശരീരത്തിന്റെ ശോഭ വർദ്ധിച്ചുവരുന്നതായും അദ്ദേഹത്തിന്നു തോന്നി.

വ്യാസദേവന്റെ ശരീരത്തിന്ന് ഉണച്ചുവന്നു. അത്യുജ്ജ്വലമായ ഒരു സൂര്യകാന്തമണിയുടെ നേരെ അദ്ദേഹത്തിന്റെ ദൃഷ്ടി പ്രത്യേകിച്ചു പതിഞ്ഞു. ആ രത്നംനിമിഷംപ്രതി തിളങ്ങിത്തിളങ്ങിക്കൊണ്ടു അതിന്റെ രശ്മികളെ നാലു ഭാഗത്തേക്കും വ്യാപിപ്പിച്ചുകൊണ്ടിരിക്കുന്നത് അദ്ദേഹംകണ്ടു. ആ മണിയുടെ നാലു ഭാഗത്തും ചെറിയ ചെറിയ രത്നങ്ങൾ പതിച്ചിരിക്കുന്നതായും അവയിൽ ചിലതു പച്ചയും ചിലതു ചുവപ്പും ചിലതു വെളുത്തതും ചിലതു മഞ്ഞയും ആയിരുന്നുവെന്നും അദ്ദേഹത്തിന്നു തോന്നി.

ഈ മദ്ധ്യമണിയാണ് വിഷ്ണുഭഗവാന്റെ മാറിടത്തിൽ ശോഭിച്ചുകൊണ്ടിരിക്കുന്ന കൌസ്തുഭമെന്ന് വ്യാസദേവൻ ഊഹിച്ചു. പെട്ടെന്നു അദ്ദേഹത്തിന്റെ കാഴ്ചയുടെ ശക്തി ആയിരം എരട്ടി വർദ്ധിച്ചുവന്നു. അദ്ദേഹത്തിന്റെ ദിവ്യചക്ഷുസ്സുകൊണ്ടു അദ്ദേഹം താഴെ പറയും പ്രകാരം കണ്ടുതുടങ്ങി. സൂര്യകാന്തമണി എന്നു അദ്ദേഹം ഊഹിച്ചിരുന്നത് ഒരു മഹത്തായ വസ്തുവായിരുന്നു. അത് അഗ്നിതേജസ്സോടുകൂടി ഇടവിടാതെ ചുററിത്തിരിഞ്ഞുകൊണ്ടിരിക്കുന്നു. അതു ഏററവും ശക്തിയോടുകൂടി ഇളകിമറിഞ്ഞുകൊണ്ടിരിക്കുന്നു. അതിന്റെ ഉള്ളിൽനിന്നു ജ്വലിക്കുന്ന പദാർത്ഥങ്ങൾ പുറത്തേക്കുവന്ന് മേൽപ്പട്ടു പറക്കുകയും കീഴ്പ്പട്ടു വീഴുകയും ചെയ്യുന്നു. കൊടുങ്കാററ് ഇളകി മറിയുന്ന സമുദ്രത്തിൽ ഓളം വെട്ടിക്കളിക്കുന്ന പർവ്വതപ്രമാണങ്ങളായ തിരമാലകൾ ഈ അഗ്നിത്തിരമാലകളുടെ കോടിഭാഗത്തിന്റെ ഒരംശംപോലും വലുതായിട്ടുള്ളതല്ല. നഗരം ദഹിക്കുമ്പോൾ ആകാശം മുട്ടത്തക്കവിധത്തിൽ കത്തിക്കാളുന്ന തീജ്വാലകൾ ഈ അഗ്നിജ്വാലയോടു സാമ്യപ്പെടുത്തുമ്പോൾ വളരെ തുച്ഛമാണ്. ആ മദ്ധ്യമണിയുടെനാലുഭാഗത്തുമുള്ള ചെറിയരത്നങ്ങൾ ആ അഗ്നിപിണ്ഡത്തിൽനിന്നു പുറപ്പെടുന്ന തീപ്പൊരികൾമാത്രമാണെന്നു വ്യാസദേവന്നു കാണാറായി. അവയും ഇടവിടാതെ ചുററിത്തിരികയും ഇളകി മറിയുകയും ചെയ്തുകൊണ്ടിരിക്കുന്നു. അവയെല്ലാം അഗ്നിദേവന്റെ ഇരിപ്പിടമാണ്. ആ രത്നങ്ങളുടെ കൂട്ടത്തിൽ ഉണ്ടായിരുന്ന ഒരു പച്ചക്കല്ലു കണ്ടിട്ടു വ്യാസദേവന്നു വളരെ സന്തോഷം തോന്നി. അത് വ്യാസദേവന്റെ സമീപത്തെത്തിയപ്പോൾ അദ്ദേഹം അതിനെ സൂക്ഷിച്ചു

നോക്കി. അതും അഗ്നിദേവന്റെ അധി ഷ്ഠാനമാണെന്നും അഗ്നിദേവന്റെ പ്രഭാവംകൊണ്ടു അതിന്റെ അകവും പുറവും ഒരുപോലെ ഇളകിക്കൊണ്ടിരിക്കുന്നു എന്നും വ്യാസദേവനു മനസ്സിലായി. അതിന്റെ ഒരു ഭാഗത്തു പർവ്വതനിരകൾ പൊങ്ങിനില്ക്കുന്നതും ചിലേടത്തു നദികൾ ഒഴുകുന്നതും ചിലേടത്തു വായു സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും മറ്റുചില ദിക്കിൽ ധാതുരൂപങ്ങളായ പദാർത്ഥങ്ങൾ ചേൎന്നുകൊണ്ടിരിക്കുന്നതും ചിലേടത്തു വൃക്ഷങ്ങൾ വളരുന്നതും ചിലേടത്തു പ്രാണികൾ സഞ്ചരിച്ചുകൊണ്ടിരിക്കുന്നതും അദ്ദേഹത്തിന്നു കാണാറായി. ഇതു തന്നെയാണ് മനുഷ്യജാതിയുടെ ഇരിപ്പിടമായ ഭൂമിയെന്നു വ്യാസദേവനു മനസ്സിലായി. ഉടനെ 'ഭൂർഭുവഃസ്വഃസ്വാഹാ' എന്ന മന്ത്രം ഉച്ചത്തിൽ ഉച്ചരിക്കപ്പെടുകയും അതിന്റെ ഘോഷംകൊണ്ടു ക്ഷേത്രം മുഴുവനും മാറ്റൊലി കൊള്ളുകയും ചെയ്തു.

മാൎക്കണ്ഡേയമഹർഷി വ്യാസദേവന്റെ അരികെ നിന്നുംകൊണ്ടു ചോദിച്ചു. 'അങ്ങയുടെ മുമ്പിൽ എന്താണു കാണുന്നത്?' വ്യാസദേവൻ പറഞ്ഞു. 'ഞാൻ നാലു കുണ്ഡങ്ങൾ കാണുന്നുണ്ട്. പിന്നെ ഓരോ കുണ്ഡങ്ങളുടെ അരികത്തു ഓരോ മഹർഷിമാർ നില്ക്കുന്നതും കാണുന്നുണ്ട്. ഓരോ മഹർഷിമാരുടെ അടുക്കൽ വികൃതാകൃതിയോടുകൂടിയ ഓരോ മനുഷ്യനേയും കാണുന്നുണ്ട്.' മാൎക്കണ്ഡേയൻ പറഞ്ഞു. 'മഹർഷിമാർ ചെയ്യുന്നതു എന്താണെന്നു വളരെ ശ്രദ്ധയോടുകൂടി നോക്കിക്കണ്ടാലും.'

വ്യാസദേവൻ ശ്രദ്ധയോടുകൂടി നോക്കിത്തുടങ്ങി. ഒരു മഹർഷി 'ഭൂർഭുവഃസ്വഃ സ്വാഹാ' എന്ന മന്ത്രോച്ചാരണം ചെയ്തുടനെ ഇളക്കമില്ലാത്ത ഇടിമിന്നലിന്നു തുല്യമായ ഒരു ദേവീസ്വരൂപം കുണ്ഡത്തിൽനിന്നു പുറത്തേക്കു വന്ന് ആ മഹർഷിയുടെ പൂജയെ സ്വീകരിച്ചു. പിന്നെ മഹർഷി തന്റെ സമീപത്തു നില്ക്കുന്ന വികടാകാരനായ മനുഷ്യന്റെ ചെവിയിൽ മന്ത്രം ഉപദേശിച്ചുകൊടുത്തു. തദനന്തരം ദേവി മന്ദഹാസംചെയ്ത് തന്റെ തേജോമയമായ കൈകൊണ്ടു മനുഷ്യന്റെ ശിരസ്സു തലോടി മറയുകയും ചെയ്തു. ദേവിയുടെ കരസ്പർശത്തിന്റെ മാഹാത്മ്യംകൊണ്ടു ആ മനുഷ്യന്റെ ആകൃതിക്കു ഒരു മാററം സംഭവിച്ചു. മുമ്പിലത്തെ ബീഭത്സാകൃതിയും വികൃതവേഷവും തീരെ പൊയ്പോയി. അയാൾ, അസാമാന്യവീര്യത്തോടുകൂടിയ രാജചക്രവൎത്തിയുടെ രൂപം ധരിച്ചുനില്ക്കുന്നതു വ്യാസദേവൻ കണ്ടു. മററുള്ള മൂന്നു മഹർഷിമാരും ആ വിധംതന്നെ ചെയ്തു. ദേവി അവരുടേയും പൂജകൾ സ്വീകരിച്ചു. അവരുടെ ശിഷ്യന്മാരേയും ദേവി തൊട്ടുതലോടി. അവരും രൂപാന്തരത്തെ പ്രാപിച്ച് ദിവ്യരൂപം ധരിച്ചു. പെട്ടെന്നു അവരെല്ലാം മറയുകയുംചെയ്തു.

മാൎക്കണ്ഡേയൻ പറഞ്ഞു: 'അങ്ങു നാലു മഹർഷിമാരെ കണ്ടുവല്ലൊ. അവർ ജമദഗ്നിയുടേയും പരാശരന്റേയും വസിഷ്ഠന്റേയും വിശ്വാമിത്രന്റേയും കുലത്തിൽ ജനിച്ചവരാണ്. ഇവരുടെ ശിഷ്യന്മാർ ആദ്യം ചന്ദൻ, ഭില്ലൻ, പുളിന്ദൻ, കോലൻ; എന്ന പേരുകളായിരു

ന്നു. സ്വാഹാദേവിയുടെ കരസ്പർശംകൊണ്ടു പരിശുദ്ധന്മാരായിട്ടു അവൎക്കു പ്രമാരൻ, പ്രതിഹാരൻ, രഥോഡൻ, ചൌഹാനൻ എന്ന പേരുകൾ സിദ്ധിച്ചു. സമുദായദ്രോഹികളും ധൎമ്മദ്വേഷികളുമായ ക്ഷത്രിയന്മാരെ നശിപ്പിക്കാനാണു ഈ അഗ്നികുലത്തിന്റെ സൃഷ്ടി. അതു അങ്ങു സ്വന്തം കണ്ണുകൊണ്ടു കണ്ടുവല്ലോ.'

'അസത്തിൽനിന്നു സത്തു ഉണ്ടാവുന്നതല്ല. അനന്തമായ അഭ്രവിൽനിന്നാണു പരമപുരുഷന്റെ ആവിൎഭാവം. അദ്ദേഹത്തിന്റെ ഹൃദയാകാശത്തിൽ സ്ഥിതിചെയ്യുന്ന കൌസ്തുഭരൂപിയായ സൂൎയ്യശരീരത്തിൽനിന്നാണു ഗ്രഹങ്ങൾ ഭൂമി മുതലായവയുടെ ഉൽപ്പത്തി. ഭൂമിയിൽനിന്നു ജീവജാലങ്ങളുണ്ടായി. വളരെ നികൃഷ്ടമായ ജീവശരീരത്തിന്റെ പരിണാമമാണു മനുഷ്യശരീരം.

'സകല ബ്രഹ്മാണ്ഡങ്ങളുടേയും പ്രതിബിംബസ്വരൂപമായ മനുഷ്യശരീരത്തെ നോക്കുക. അഭക്ഷ്യപദാൎത്ഥങ്ങളെല്ലാം അഗ്നിസമ്പൎക്കംകൊണ്ടു പ്രകൃതഭേദംവന്നു വിശുദ്ധങ്ങളായിത്തീരുകയും ഭക്ഷ്യപദാൎത്ഥങ്ങളായി പരിണമിക്കുകയും ചെയ്യുന്നു. മനുഷ്യർ ഭക്ഷിക്കുന്ന പദാൎത്ഥങ്ങൾ ജഠരാഗ്നിയിൽ ദഹിച്ചു മാംസം, എല്ലു, മജ്ജ മുതലായവയായി പരിണമിക്കുന്നു. അചേതനമായ ജഡപദാൎത്ഥം ചൈതന്യത്തോടുകൂടിയതായിട്ടു അനക്കം, മനനം, വിചാരം മുതലായ ക്രിയകളെ നിൎവ്വഹിക്കുന്നു.

'സകലവും സ്വാഹാമഹാദേവിയുടെ ലീലയാണു്. പ്രകൃതിവാദികൾ അവളെ ആകൎഷണശക്തി എന്നു പറയുന്നു. കാരണം അവൾ ശക്തിയാണു്. പാശുപതമതക്കാർ അവളെത്തന്നെ സൃഷ്ടിയെന്നു പറയുന്നു. കാരണം അവൾ ആദ്യയാണു്.. അദ്ധ്യാത്മവാദികളുടെ ദൃഷ്ടിയിൽ അവൾ ഇച്ഛാമയിയാണു്. കാരണം അവൾ ജ്ഞാനാഗ്നിശിഖയാണു്. അവളുടെ പവിത്രമായ മഹാമന്ത്രം 'ഭൂൎഭുവഃസ്വഃ സ്വാഹാ' എന്നാകുന്നു.

'വ്യാസദേവാ! അങ്ങു ആ മഹാമന്ത്രത്തിന്റെ മാഹാത്മ്യം മനസ്സിലാക്കിയിരിക്കുന്നു. പുതുതായിട്ടു ഒരു വസ്തുവും സൃഷ്ടിക്കപ്പെടുന്നില്ല എന്ന തത്വം അങ്ങു അറിഞ്ഞുവല്ലോ. ലോകത്തിലുള്ള പദാൎത്ഥങ്ങളെല്ലാം ദ്രവീഭൂതമായിത്തീരുകയും പ്രകൃതഭേദത്തോടു കൂടിവരികയും പരിഷ്കരിക്കപ്പെട്ടുവരികയും ചെയ്യുന്നതു കൂടാതെ അവ പുതുതായി സൃഷ്ടിക്കപ്പെടുന്നില്ല. അങ്ങയുടെ ജ്ഞാനാഗ്നിക്കു ലോകത്തിലുള്ള പദാൎത്ഥങ്ങൾക്കു മാററം വരുത്താനും അവയെ സംസ്കരിപ്പാനും ഉള്ള ശക്തിയുണ്ടു്. പൂൎവ്വാചാൎയ്യന്മാരുടെ ആവാഹനംകൊണ്ടു സ്വാഹാദേവി പ്രത്യക്ഷയായിവന്നു അസഭ്യന്മാരും കാടന്മാരും ആയ ജാതിക്കാരുടെ സന്താനങ്ങളെ എങ്ങിനെ പരിശുദ്ധന്മാരാക്കിത്തീൎത്തു അവരെ രാജചക്രവൎത്തിപദം അലങ്കരിയ്ക്കുവാൻ യോഗ്യന്മാരാക്കിത്തീൎത്തുവോ അപ്രകാരംതന്നെ അങ്ങയുടെ ആവാഹനംകൊണ്ടു ദേവി പ്രത്യക്ഷമായി വന്നു മുമ്പു ചെയ്തതുപോലെയെല്ലാം ചെയ്യും. അങ്ങയുടെ അഗ്നിസമ്പൎക്കംകൊണ്ടു ആചാരഹീനന്മാർ സദാചാരത്തോടുകൂടിയവരായിത്തീരും. അപരിഷ്കൃതന്മാർ പരിഷ്കാരവിശിഷ്ടന്മാരായിത്തീരും. ഭേദം അഭേദമായിത്തീരും. നമുക്കു ഇവിടെനിന്നു പോക.'

കെ. കുഞ്ഞുണ്ണിനായർ ബി. എ., ബി. എൽ.

# ഒരു തീട്ട് (നീട്ട്)

അരുളിച്ചെയ്ത നമ്മുടെ പെരുമ്പളം കരയിൽ നെട്ടൂരത്ത കൊമൻ അരുവെലി ഇരവിയ്ക്കും ചൊവ്വട്ടത്ത ആയ്യപ്പനും എന്നാൽ പെരുമ്പളത്ത കിഴക്ക കായലിന്നും കഴക്കത്തിന്നും പടിഞ്ഞാറ തെക്ക വെമ്പനാട്ടകായലിന്നും കഴക്കത്തിന്നും വടക്ക പടിഞ്ഞാറെ വട്ടത്തലെ കായലിന്നും കഴക്കത്തിന്നും കിഴക്ക വടക്ക പട്ടെകാട്ട കായലിന്നും കഴക്കത്തിന്നും തെക്ക ഈ നാല അത്യക്കകത്തുള്ള പെരുമ്പളം ദെശത്തുള്ള ആജ്ഞാസ്ഥാനങ്ങളും ഊരാഴ്മ പരിസ്ഥാനവും ഇല്ലാചൊല്ലും ഇടവിലക്കും നെടിയകുടയും ചങ്ങലവട്ടകയും പൊന്നുംപിടി പിശാകത്തിയും നാരായവും വെള്ളിവടിയും പൊന്നും കാവിട്ടവാളും തൊട്ടികടുക്കനും അയ്യല മൂൻ മൂലയും ചെല്ലിച്ചെകൊമ്പും നിങ്ങടെ ഭവനങ്ങളിൽ കല്യാണത്തിന തട്ടിട്ട കതൃമാടവും ആനകെറി തൊഴുകയും കൂട്ടപന്തലും കുടയും കൊട്ടും കൊടിയും കുഴലും കൊമ്പും വാളും പരിചയും കുത്തുവിളക്കും രണ്ട കൈയ്ക്കും വളയും പാട്ടും അനന്തമൂടി കാതിലയും മുമ്പിനാല ചെരമാംകളെ സ്ഥാനമായിട്ട ഉള്ളതാക കൊണ്ട അപ്രകാരം മെലാൽ അനന്തിരവരകാലത്തും നടന്നുകൊള്ളത്തക്കവണ്ണം കല്പിച്ച നാം തീട്ടം തന്നിത എന്നാ കൊല്ലം വൃ൧൧ മത മകരഞായറ ൨ിൽ കല്പിച്ചരുളിയചെയ്ത ചിറയ്ക്കൽ കൊവലകത്ത ഇരിന്നരുളെ. പവ്വത്തിൽ നാരായണൻ കൈയെഴുത്ത.

മേൽകാണുന്ന തീട്ട്, തിരുവിതാംകൂറ് വൈക്കത്തിന്നു മെൽ വടക്ക വെമ്പനാട്ടകായലിന്റെ മദ്ധ്യത്തിലുള്ള പെരുമ്പളം കരയിൽ ഈ വീട്ടിൽ പറഞ്ഞിട്ടുള്ള രണ്ടാമത്തെ ഭവനമായ അരുവേലിപ്പണിക്കരുടെ ഭവനത്തിൽനിന്നു കിട്ടിയ ഒരു ചെമ്പുതകിട്ടിൽനിന്നു പകർത്തിട്ടുള്ളതാണ്. എഴുത്തിൽ കണ്ടമാതിരി, യാതൊരു വ്യത്യാസവും വരുത്താതെ പകർത്തിയിരിക്കുന്നു. ചിറയ്ക്കൽ കോവിലകത്തേയ്ക്കു ഈ നാട്ടിനോടുള്ള സംബന്ധം മുതലായി ചരിത്രസംബന്ധമായ സംഗതികളും പവ്വത്തിൽ നാരായണൻ എന്ന കൈപ്പടക്കാരന്റെ വീട് ഇപ്പോഴുണ്ടോ എന്നുള്ള വിവരവും അറിഞ്ഞാൽകൊള്ളാമെന്നുണ്ട്. ചരിത്രാന്വേഷണതല്പരന്മാരുടെ ശ്രദ്ധയെ ഇതിലേയ്ക്കു ക്ഷണിച്ചുകൊള്ളുന്നു. ചെമ്പേടിന്റെ തലയ്ക്കൽ രണ്ടാം പുറത്തു നാല് ഒപ്പും കാണുന്നുണ്ട്. തീട്ടു കൊടുത്ത തമ്പുരാന്റെ പേർ കാണുന്നില്ല.

ആർ. ഗോവിന്ദപ്പിള്ള.

# അഗ്നിപൎവ്വതങ്ങൾ.

ഭൂമിശാസ്ത്രപഠനമോ, മററു ശാസ്ത്രീയാഭ്യസനമോ ലഭിച്ചിട്ടില്ലാത്ത സാധാരണക്കാൎക്കും അഗ്നിപൎവ്വതങ്ങൾ എന്താണെന്നും അവയുടെ ഉത്ഭവം എങ്ങിനെയാണെന്നും മററുമുള്ള സംഗതികളെക്കുറിച്ച് ഒരു ഏകദേശജ്ഞാനം ഉണ്ടായിരിക്കമെന്നുള്ള സങ്കല്പം കാലസ്ഥിതിക്കു അസ്ഥാനത്തിലാകയില്ലല്ലൊ. അപ്രകാരമുള്ളവൎക്കു ലോകത്തിൽ ശക്തിയേറിയ അഗ്നിപൎവ്വതങ്ങൾ എവിടെയാണെന്നും അവയുടെ ആപല്ക്കരങ്ങളും അത്ഭുതകരങ്ങളുമായ പ്രവൃത്തികൾ എന്തെല്ലാമെന്നും അറിയുന്നതിന് ഒരു ജിജ്ഞാസ ജനിക്കുന്നതു കേവലം സഹജമാണ്.

അമേരിക്കാ, ഇററലി, ജപ്പാൻ, യൂറോപ്പിനു ചുററും കിടക്കുന്ന ചില ദ്വീപുകൾ ആദിയായ സ്ഥലങ്ങളിലാണ് അഗ്നിപൎവ്വതങ്ങൾ ധാരാളമായി കാണപ്പെടുന്നത്. അഗ്നിപൎവ്വതങ്ങളുടെ വലിപ്പത്തെക്കുറിച്ചു നമുക്ക് ആദ്യമായി അന്വേഷിക്കാം. കാസ്പെയിൽ ഉൾക്കടലിന്റെ തീരപ്രദേശങ്ങളിൽ സ്ഥിതി ചെയ്യുന്ന പൎവ്വതങ്ങൾ വിസ്താരത്തിൽ തുലോം ചെറിയവയാണ്. അവയ്ക്കു സാധാരണയായി മൂന്നോ നാലോ നാഴികയിലധികം വ്യാസമുണ്ടായിരിക്കുന്നതല്ലാ. എന്നാൽ മററുള്ള സ്ഥലങ്ങളിൽ കാണപ്പെടുന്നവ മിക്കവാറും വലിപ്പം കൂടിയവയാണ്. ആ കൂട്ടത്തിൽ പ്രാധാന്യമേറിയവ 'കൊട്ടോപാക്സി' (Cottopaxi), മെക്സിക്കൊയിലുള്ള പൊപ്പൊക്യാററുപെൽ (Popocatepell)' 'ചിമ്പൊറാസൊ' (Chimborazo), 'സഹാമ' (Sohama) എന്നവയാണ്. മേൽപ്പറയപ്പെട്ടവയിൽ ഒടുവിലത്തേതിന്റെ ഉയരം 22,850 അടിയിൽ കവിഞ്ഞുപോകുമെന്നത്രേ കണക്കാക്കിയിരിക്കുന്നത്. ഏഷ്യാഭൂഖണ്ഡത്തിൽ നോക്കുകയാണെങ്കിൽ ജപ്പാൻരാജ്യം അഗ്നിപൎവ്വതങ്ങളുടെ ആസ്ഥാനമാണെന്നുതന്നെ പറയാം. അവിടത്തെ 'ഫൂജിയാമ' എന്ന പൎവ്വതത്തിനു 12,365 അടി ഉയരമുണ്ട്. പ്രസ്തുതപൎവ്വതം ജപ്പാൻകാർ ഒരു ദേവാരാധനസ്ഥലമാക്കി വളരെ പരിശുദ്ധമായി സൂക്ഷിച്ചുവരുന്നു. ഈ കാരണത്താൽ ഇതിന്റെ പ്രവൃത്തികൾ ദോഷരഹിതങ്ങളാണെന്നു ധരിച്ചുപോകണ്ടാ. 'ഫൂജിയാമാ' പൎവ്വതത്തിന്റെ ജ്വാലാമുഖത്തിനു (Crater) ഉദ്ദേശം ഒരു മൈൽ വിസ്താരമുണ്ടെന്നറിയുമ്പോൾ അതിൽനിന്നുളവാകുന്ന അപകടങ്ങൾ ഊഹ്യമാണല്ലൊ.

അഗ്നിപൎവ്വതങ്ങളുടെ നാശസ്വഭാവത്തെക്കുറിച്ചാണ് നമുക്കു രണ്ടാമതായി ചിന്തിപ്പാനുള്ളത്. ഏതെങ്കിലും ഒരു അഗ്നിപൎവ്വതം 'പൊട്ടുന്ന'തിനു സ്വല്പം മുമ്പായി ഇടിനാദതുല്യമായ ഒരു ഭയങ്കരശബ്ദം നമ്മുടെ ചെവികൾക്കു വിഷയീഭവിക്കുന്നു. ഈ ശബ്ദം ദീൎഘസമയത്തേക്കു നിലനില്ക്കുന്നില്ലെങ്കിലും, ആപത്തിൽനിന്നോടി രക്ഷപ്പെടുവാനാഗ്രഹിക്കുന്ന സമീപസ്ഥന്മാൎക്ക് ഇതു ധാരാളം ഒരു മുന്നറിവായിട്ടു പരിണമിക്കുന്നുണ്ട്. അല്ല

നേരം കഴിഞ്ഞിട്ട ശബ്ദം കേൾക്കപ്പെട്ട ഭാഗത്തേക്ക നാം ദൃഷ്ടി പതിക്കുക. കത്തിത്തിളങ്ങുന്ന അഗ്നിജ്വാലയാൽ പ്രശോഭിതമായി കാണപ്പെടുന്ന സ്ഥലം പർവ്വതമുഖമാണെന്നു നമുക്ക ദൃഢമായി വിശ്വസിക്കാം. ജ്വാലാമുഖത്തു പിന്നീട പ്രത്യക്ഷപ്പെടുന്നതു കാർമേഘംപോലിരിക്കുന്ന ആവിയും ഗന്ധകം മുതലായ പദാർത്ഥങ്ങൾ അടങ്ങിയ വിഷവായുക്കളുമാകുന്നു. സമീപത്തുള്ള ജീവജാലങ്ങൾ ഈ വിഷവായു ശ്വസിക്കേണ്ടിവന്നാൽ അവയ്ക്കു പ്രാണാപായം നിശ്ചയമാണ്. എന്നാൽ പ്രകൃതവായുവിന്റെ മരണകരമായ ഫലം ആദ്യകാലങ്ങളിൽ അറിയപ്പെട്ടിരുന്നില്ല. 'ജാവാ' എന്ന ദ്വീപിൽ ഒരു വിഷവൃക്ഷം (Deadly upas tree) നില്ക്കുന്നുണ്ടെന്നും അതിന്റെ ചുറ്റും മേഞ്ഞുനടന്നു അതിൽനിന്നു വീഴുന്ന പഴങ്ങൾ ഭക്ഷിക്കുന്ന മൃഗങ്ങൾക്ക് ആ കാരണത്താൽ പെട്ടെന്നു ജീവനാശം സംഭവിക്കുന്നുവെന്നും പണ്ട് ഒരു കഥയുണ്ടായിരുന്നു. ഈ കഥയിലുണ്ടായിരുന്ന തെറ്റിദ്ധാരണ നവീനശാസ്ത്രജ്ഞന്മാർ പരീക്ഷാനന്തരം തീർത്തിരിക്കുന്നു. മേൽപ്രസ്താവിക്കപ്പെട്ട വൃക്ഷത്തിന്റെ കനികൾ വിഷസമ്മിശ്രങ്ങളാണെന്നു നിസ്സംശയം സമ്മതിക്കുന്നുണ്ടെങ്കിലും അവ പുറമെ വ്യാപിക്കുന്ന വായുവിനെ മലിനപ്പെടുത്തത്തക്ക ശക്തിയുള്ളവയല്ലെന്നത്രെ അവർ സിദ്ധാന്തിക്കുന്നത്. അതിനാൽ മൃഗങ്ങളുടെ ജീവഹാനിക്കുള്ള സാക്ഷാൽ കാരണം ഈ വൃക്ഷമല്ലെന്നും പിന്നെയോ, ആ താഴ്വരയിലുള്ള ഒരു അഗ്നിപർവ്വത്തിൽനിന്നും സദാ പ്രവഹിച്ചുകൊണ്ടിരിക്കുന്നതായി മുൻപറഞ്ഞ വിഷവായുക്കൾ മാത്രമാണെന്നും കാലാന്തരത്തിൽ സ്ഥാപിക്കപ്പെട്ടു. രണ്ടാമതായി അഗ്നിപർവ്വതത്തിൽനിന്നും പുറപ്പെട്ടുകാണുന്നതു വളരെ വളരെ ഘനം കുറഞ്ഞതും നേരിയതുമായ ഒരു വക പൊടിയാണ്. കാറ്റിന്റെ ശക്തിയാലും മറ്റും ഈ ധൂളിക്കൂട്ടങ്ങൾ വളരെ അകലെ ചെന്നു വീഴുന്നുണ്ട്. ഇപ്രകാരം ഈ പൊടികൾ എത്രയും വേഗത്തിൽ പ്രയാണം ചെയ്തു ദൂരസ്ഥലങ്ങൾ കരസ്ഥമാക്കിയതായി ഒരനുഭവം പറയാം. കോൺസികിന (Consequina) എന്ന അഗ്നിപർവ്വതം ഒരിക്കൽ പിളർന്നപ്പോൾ അതിൽനിന്നും പ്രവഹിച്ച പൊടി 700-ഓളം മൈൽ അകലത്തിരിക്കുന്ന കിംഗ്സ്റ്റിൻ നഗരത്തിൽ ചെന്നു വീണതായി ചരിത്രത്തിൽ കാണുന്നുണ്ട്. അവസാനമായി അഗ്നിപർവ്വതങ്ങളിൽനിന്നും ചൂടുപിടിച്ചു പഴുത്തിരിക്കുന്ന ചില ലോഹങ്ങളും ചില ദ്രാവകദ്രവ്യങ്ങളും പുറപ്പെടുന്നു. ഈ വക സാധനങ്ങളാണ് കഠിനതമങ്ങളായ പല നാശങ്ങൾക്കും ഹേതു.

ലോകത്തിൽ നാശം വരുത്തിയിട്ടുള്ള അഗ്നിപർവ്വതങ്ങളിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണ് മോണ്ട്റലി. ഇതു പൊട്ടിപ്പിളർന്നപ്പോളുണ്ടായ അനർത്ഥഫലങ്ങൾ സീമാതീതമായിരുന്നു. എത്രയായിരം ജീവനാണ് ഒരു നിമിഷംകൊണ്ടു നഷ്ടപ്പെട്ടുപോയതു! സെൻ്റ്പിയറി എന്നുപേരായ നഗരം കേവലം നാമാവശേഷമായിപ്പോയെന്നു ചരിത്രകാരന്മാർ എഴുതിയിരിക്കുന്നു. ഈ പർവ്വതം പൊട്ടിയപ്പോളുണ്ടായ മുഴക്കം 850 നാഴിക ദൂരെയുള്ള

സ്ഥലങ്ങൾവരെ കേൾക്കപ്പെട്ടുവെന്നു പറയുന്നതിൽ യാതൊരു അതിശയോക്തിയുമില്ലാ. ഇതുപോലെയുള്ള ഭയങ്കരശക്തികൾ അമേരിക്കായിലുള്ള അഗ്നിപൎവ്വതങ്ങളും പ്രവൎത്തിച്ചിട്ടുണ്ട്. ഈ അടുത്ത കാലത്ത് അതായതു 1914-ൽ 'കാലിഫോർനിയാ' പൎവ്വതം പിളൎന്ന വൎത്തമാനം വായനക്കാർ ഓൎക്കുന്നുണ്ടായിരിക്കുമല്ലോ. അതിനാൽ അത് ഇവിടെ വിവരിക്കുന്നില്ലാ. വിസൂവസ് എന്ന പൎവ്വതം മിക്കവൎക്കും പരിചയപ്പെട്ടിട്ടുള്ള ഒന്നായിരിക്കണം. ഒന്നാംശതാബ്ദത്തിൽ ഇതു പൊട്ടിയപ്പോളുണ്ടായ സംഭവങ്ങൾ അത്യത്ഭുതകരങ്ങളായിരുന്നു. ഭൂമിയുടെ അന്തൎഭാഗത്തു ചൂടുപിടിച്ചുരുകിക്കിടന്നിരുന്ന കല്ലു, മണ്ണ് ആദിയായ വസ്തുക്കൾ ചുററുമുണ്ടായിരുന്ന സ്ഥലങ്ങളിൽ ചെന്നുവീഴുകയും തന്നിമിത്തം പ്രസ്തുതസ്ഥലങ്ങൾ 20 അടി പൊക്കംവരെ പൊടിമണ്ണിനാൽ മൂടപ്പെട്ടുപോകയും ചെയ്തുവെന്നുള്ളതെല്ലാം വാസ്തവസംഗതികളാണ്. ഈ പൎവ്വതമുഖത്തുനിന്നും കത്തിജ്വലിച്ചിരിക്കുന്ന വിവിധസാധനങ്ങൾ, പുക, പൊടി, ആദിയായവ സദാ പുറപ്പെട്ടുകൊണ്ടിരിക്കുന്നതിനാൽ ഇത് ആദിഗ്വാസികൾക്ക് ഏററവും അത്ഭുതകരവും ഭയജനകവുമായ ഒരു കാഴ്ചയായിട്ടാണ് ഇന്നുമിരിക്കുന്നത്. ഇതുപോലെ അപായകരങ്ങളായ പൎവ്വതങ്ങൾ ലോകത്തിൽ ഇപ്പോൾ ആകെ 197-നോളം കണ്ടെത്തപ്പെട്ടിട്ടുണ്ട്. മേൽപ്പറഞ്ഞസംഗതികളിൽനിന്നെല്ലാം അഗ്നിപൎവ്വതങ്ങൾ ലോകത്തിലെ അത്ഭുതക്കാഴ്ചകളിലൊന്നാണെന്നു നാം ദൃഢമായി ധരിക്കുന്നു.

പി. ററി. വറുഗീസ്.

# പുസ്തകവായന. *

കലിയുഗത്തിലുള്ള സ്നേഹിതന്മാരെന്തൊരുവകക്കാരാണ്! നല്ല കാലത്തു സ്നേഹിതന്മാർ തന്നെ; സഹായം ചെയ്യുവാനും സഹാനുഭൂതി പ്രകടീകരിക്കുവാനും തയ്യാർ തന്നെ. നല്ല കാലം പോയി ദുഷ്കാലം വരുന്ന സമയം സ്നേഹം അയഞ്ഞുതുടങ്ങുന്നു. സഹാനുഭൂതി പ്രകടീകരിക്കുകയും സഹായം ചെയ്യുകയുമില്ലെന്നല്ലാ ആളെ അറിയുവാൻകൂടി സാധിക്കുകയില്ല. പക്ഷെ പുസ്തകത്തിന്നവധി വിശിഷ്ടഗുണങ്ങളുണ്ട്. പുസ്തകത്തിൽ സമയത്തിൻെറ പ്രഭാവം അല്പം പോലും ഫലിക്കുന്നതല്ല. തന്നെ സ്നേഹിക്കുന്നവൎക്കു ദുഷ്കാലമായാലും വേണ്ടതില്ലാ നല്ല കാലമായാലും വേണ്ടതില്ലാ താൻ ദുൎമ്മുഖം കാണിക്കുകയാകട്ടെ, പുഞ്ചിരിയിടുകയാകട്ടെ ചെയ്യാതെ ഒരേ നിലയിൽത്തന്നെ ചെയ്യുന്നു.

* ഈ ലേഖനത്തിലെ ചില ഭാഗങ്ങൾ 'വിദ്യാൎത്ഥി' എന്ന ഹിന്ദിമാസികയിൽനിന്നെടുത്തതാകുന്നു.

പുസ്തകം വൎത്തമാനാവസ്ഥയിലും, ഭവിഷ്യത്സമയത്തിലും ഒരേ മാതിരി തന്നെ കാട്ടിലെന്നപോലെ വീട്ടിലും, ദുഃഖത്തിലെന്നവണ്ണം സുഖത്തിലും, എന്തിനധികം പറയുന്നു, സകലസമയത്തും മുഖത്തെ പിന്തിരിക്കുകയോ കപടഭാവത്തെ നടിക്കുകയോ ചെയ്യാതെ സദാ സകൃപാകടാക്ഷം ധൈൎയ്യഗാംഭീൎയ്യാദ്യുൽകൃഷ്ടഭാവങ്ങളാൽ നല്ല വഴിയെ കാണിച്ചുതരുന്നു. യൌവനത്തിൽ ജ്ഞാനവിതരണവും ഉപദേശവും ചെയ്യുകയും, വാൎദ്ധക്യത്തിൽ ഉന്മേഷത്തെ ഉദിപ്പിച്ചു സമയത്തെ ന്യായ്യമായവിധത്തിൽ വ്യതീതമാക്കുകയും ചെയ്യുന്നു. പുസ്തകങ്ങളുടെ നിവാസസ്ഥാനം നമ്മുടെ ഹൃദയമാകുന്നു. കവികളുടെ സുകവിതകൾ നമ്മുടെ രക്തനാഡിയിൽ പ്രവഹിക്കുന്നു. യൌവനാവസ്ഥയിൽ നാം അവയെ പഠിക്കുകയും ആമരണം വിസ്മരിക്കാതിരിപ്പാൻ പ്രയത്നിക്കുകയും ചെയ്യുന്നു. നമ്മുടെ വിദ്യാവിജ്ഞാനാദികൾ സൎവ്വഗ്രന്ഥകാരന്മാരുടേയും കൃപാദൃഷ്ടികളുടെ ഫലമാകുന്നു.

സമയത്തെയും ആവശ്യത്തെയുമനുസരിച്ച് ഉത്തമപുസ്തകങ്ങളിലുള്ള സാരഗൎഭങ്ങളായ ഉപദേശങ്ങൾ മനുഷ്യരെ പാപകൎമ്മകരണത്തിൽനിന്നു രക്ഷിക്കുകയും, ആത്മാവിനെ സദാ പവിത്രമാക്കിവെപ്പാൻ ഉത്സാഹിപ്പിക്കുകയും ചെയ്യുന്നുവെന്നു മാത്രമല്ല കൎത്തവ്യപരായണന്മാരാക്കിത്തീൎക്കുകയും ചെയ്യുന്നു. 'ഉത്തമോപദേശങ്ങളെ കാൎയ്യരൂപമായി പരിണമിപ്പിക്കുക' എന്നത് ഒരുത്തമോപദേശമല്ലയോ? മനുഷ്യർ പഠിക്കുന്നതിനെ പുനരാലോചിക്കുകയും സ്വല്പസമയാനന്തരം ആലോചനയെ അനുകൂലിച്ചു തങ്ങൾ ആചരിക്കുകയും ചെയ്യാതിരിക്കുകയില്ലെന്നു നമുക്ക് ആലോചിച്ചാൽ അറിയാവുന്നതാണ്. പ്രിയവായനക്കാരെ! നോക്കുവിൻ! ദുഷ്ടനായ ദുൎയ്യോധനൻമൂലം അനല്പതേജസ്വിയായ അൎജ്ജുനൻ ഗഹനമായ അരണ്യത്തിൽ പോയി, ദിവ്യാസ്ത്രത്തെ സമ്പാദിക്കുകയും, പാൎവ്വതീജാനിയെ പ്രത്യക്ഷമാക്കുവാൻവേണ്ടി നിയമാനുകൂലം ബ്രഹ്മചൎയ്യവ്രതത്തെ പരിപാലിച്ചു കഠിനതപസ്സു ചെയ്യുകയും, സ്വേച്ഛാനുസാരേണ സമാഗതയും അംഗനാരത്നവുമായ ഉൎവ്വശിയെ പരിത്യജിക്കുകയും ചെയ്തു — എന്നുള്ള ഘട്ടം വായിക്കുന്ന ഏതൊരു മനുഷ്യനാണ് അൎജ്ജുനന്റെ അസാധാരണ ധാരണാശക്തിയെ പ്രശംസിക്കുകയും, അൎജ്ജുനനെപ്പോലെ അല്പകാലമെങ്കിലും ബ്രഹ്മചൎയ്യവ്രതത്തെ പരിപാലിക്കുകയും ചെയ്‌വാനാഗ്രഹിക്കാത്തത്? 'അനവധി പ്രാവശ്യം ചെയ്ത അപകാരത്തെ ഗണിക്കാതെ ദുഷ്ടനായ ദുൎയ്യോധനനു ധൎമ്മപുത്രർ മാപ്പുകൊടുത്തു' എന്നുള്ള സ്ഥലം വായിക്കുന്ന ഏവനാണു ക്ഷമാശീലനാകുവാനാഗ്രഹിക്കാത്തത്? ദേവവ്രതൻ താൻ ചെയ്ത ഭയങ്കരപ്രതിജ്ഞയെ ജന്മപൎയ്യന്തം പരിപാലിച്ചു എന്നുള്ള ഭാഗം വായിക്കുന്ന ഏവനാണു തനിക്കു പ്രതിജ്ഞയെ രക്ഷിക്കണമെന്ന സുബുദ്ധി ഉളവാകാതിരിക്കുന്നത്? കേവലം പ്രതിജ്ഞ ചെയ്കയും അതിനെ രക്ഷിക്കുകയും ചെയ്താൽ ജന്മസാഫല്യം വന്നു എന്നല്ലാ ഞാൻ പറയുന്നത്. പൂൎവ്വോക്തയോഗ്യപുരുഷന്മാർ ഏതുവിധം അഭ്യാസത്താൽ തങ്ങളുടെ

പ്രതിജ്ഞയെ പരിപാലിച്ചുവോ അതേ മാതിരി പുനഃപുനഃ ധമ്മഗ്രന്ഥങ്ങളെ വായിച്ചും, ആലോചിച്ചും, അവയിലുള്ള ഉത്തമോപദേശങ്ങളെ അനുസരിച്ചു നമുക്കും നമ്മുടെ ആചാരത്തെ പരിശുദ്ധമാക്കിത്തീർപ്പാൻ സാധിച്ചെന്നു വന്നേക്കാം. ഇതിന്നുവേണ്ടിയാകുന്നു നമ്മുടെ പൂവ്വന്മാർ സ്വഗ്രന്ഥങ്ങളേയും, ധമ്മപുസ്തകങ്ങളേയും രാവിലെ വായിക്കേണമെന്നു നിശ്ചയിച്ചിരിക്കുന്നത്. പ്രാതഃകാലത്തു നമ്മുടെ ഹൃദയത്തിൽ പതിയുന്ന ഭാവം നമ്മളെ സല്ക്കമ്മം ചെയ്യുവാൻ പ്രേരിപ്പിക്കുന്നു.

ഗ്രന്ഥകത്താക്കന്മാർ പുസ്തകദ്വാരാ അമരന്മാരായിത്തീരുന്നു. അവർ സ്വകൃതപുസ്തകദ്വാരാ സവ്വദേശങ്ങളിലും ചുററി സഞ്ചരിച്ചു സവ്വക്കും ഏകദൃഷ്ട്യാ ഉപദേശം ചെയ്യുന്നു. നാം അവയെ ഗുരുക്കന്മാരെപ്പോലെ വിചാരിച്ചു പൂജിക്കുകയും ആദരിക്കുകയും ചെയ്യുന്നു. കാളിദാസൻ ജീവിച്ചിരുന്ന സമയം ഒരിക്കലെങ്കിലും ഇംഗ്ലണ്ടിലോ അമേരിക്കയിലോ പോയതായി കേട്ടിട്ടില്ല. അദ്ദേഹം പരലോകാന്തരിതനായിട്ടുകൂടി 'ശകുന്തള'യുടെ കൃപയാൽ സകല ദിക്കുകളിലും ചുററി സഞ്ചരിക്കുന്നു. ചന്തുമേനവൻ വളരെ കാലം മുമ്പു സ്വഗ്ഗവാസിയായെങ്കിലും 'ഇന്ദുലേഖ'യുടെ സഹായത്താൽ കേരളം ഒട്ടുക്കു ചുററിസ്സഞ്ചരിച്ചുവരുന്നു. ഇതേമാതിരി വേദപാരംഗതനായ വേദവ്യാസൻ, ആദികവിയായ വാല്മീകി മുതലായവരും പുരാണാദിദ്വാരാ അമരന്മാരാകുന്നു. തങ്ങളുടെ ഉത്തമവിചാരാദികളാൽ പൂജ്യന്മാരാകുന്നു. പൂവ്വോത്തമമഹഷികൾ അവരുടെ ഉത്തമവിചാരങ്ങളെ നമുക്കുവേണ്ടി പുസ്തകരൂപമായി ഉപേക്ഷിച്ചുപോയിരുന്നില്ലെങ്കിൽ സാധാരണ മൃതന്മാരായ മനുഷ്യരെപ്പോലെ അവരേയും വിചാരിക്കുമായിരുന്നു.

ഇവയെല്ലാം പുസ്തകങ്ങളുടെ പ്രശംസയിൽ കഴിഞ്ഞുകൂടി. വിദ്യാനുരാഗികളായ എല്ലാ മനുഷ്യരും, ഉത്തമപുസ്തകങ്ങളിൽനിന്നു ലാഭത്തെ എടുക്കുകയും, തദുപദേശാനുസാരേണ തങ്ങളുടെ ആചാരത്തെ പരിശുദ്ധമാക്കുകയും ചെയ്യണമെന്നിതിനാൽ സിദ്ധിച്ചു. യഥാവിധി വിദ്യാഭ്യാസം ചെയ്തശേഷം ലോകത്തിൽ ചിരകാലം ജീവിച്ചിരിക്കുന്നതിന്നുവേണ്ടി ഉത്തമപുസ്തകങ്ങളെ എഴുതുവാൻ ശ്രമിക്കേണ്ടതും അത്യാവശ്യകമാകുന്നു. പരന്തു, പ്രസ്സ്മാനേജരുടെ കൃപാകടാക്ഷത്താൽ ചീത്തയും നല്ലതുമായ പുസ്തകങ്ങൾ വദ്ധിച്ചുവരുന്ന ഇക്കാലത്തു വളരെ ആലോചിച്ചുവേണം പുസ്തകത്തെ തിരഞ്ഞെടുപ്പാൻ. ഈ ലേഖനത്തെ ഇവിടെ സമാപിച്ചു, 'ഇമർസൻ' എന്ന പാശ്ചാത്യപണ്ഡിതന്റെ മൂന്നു ഉപദേശങ്ങളെക്കൂടി വായനക്കാരുടെ മുമ്പിൽ വെച്ചുകൊള്ളട്ടെ.

1. സാഹിത്യസംബന്ധികളായ നൂതനപുസ്തകങ്ങൾ വായിക്കരുത്. പുസ്തകം അച്ചടിച്ചശേഷം ഒരു വഷം കഴിഞ്ഞു വായിക്കുക.

2. അതിപ്രസിദ്ധപുസ്തകങ്ങളെ മാത്രം വായിക്കുക.

3. തനിക്കു രുചിയില്ലാത്ത വിഷയത്തിലുള്ള പുസ്തകങ്ങളെ സ്വപ്നത്തിൽ

കൂടി നോക്കരുത്. ലാർഡ് 'ലിട്ടൻ' പറയുന്നതു നോക്കുക:—

1. വിജ്ഞാനസംബന്ധികളായ നവീനപുസ്തകങ്ങളെ വായിക്കുക.

2. സാഹിത്യസംബന്ധികളായ പ്രാചീനപുസ്തകങ്ങളെ പഠിക്കുക.

3. സമയം സ്വല്പവും അമൂല്യവുമാകുന്നതിനാൽ എല്ലാ വിഷയങ്ങളിലും ഉള്ള നല്ല നല്ല പുസ്തകങ്ങളെ അദ്ധ്യയനം ചെയ്യുക.

ഹരിപ്പാരത്തിലെ ഒരു വിദ്യാർത്ഥി.

# ഞങ്ങളുടെ വായനശാല.

൧ കല്യാണികല്യാണം:— (കെ. സി. നാരായണൻനമ്പ്യാർ ഉണ്ടാക്കിയത്; വില ൪ ക)

ഒമ്പതദ്ധ്യായമുള്ള ഈ ഖണ്ഡകാവ്യം രണ്ടു സംഗതികളെക്കൊണ്ടു പ്രത്യേകം ശ്രദ്ധേയമായിരിക്കുന്നു. ഒന്നാമത്, ഇതിലെ പ്രമേയം നായന്മാരുടെ സമുദായപരിഷ്കാരത്തെസ്സംബന്ധിച്ച സാരമായ പല വിചിന്തനങ്ങൾക്കും എടകൊടുക്കുന്ന ഒന്നാണ്; രണ്ടാമത് ഇതിലെ കവിതാരീതി സൂക്ഷ്മദർശികളായ ഗ്രന്ഥനിരൂപകന്മാരുടെ നിരൂപണത്തിന്നു വിഷയീഭവിക്കേണ്ടുന്ന ഒന്നുമാകുന്നു.

കേരളീയരെല്ലാവരും 'പരിഷ്കാരം, പരിഷ്കാരം' എന്ന മന്ത്രവും ജപിച്ചുകൊണ്ടു പഴയ നടവടികളേയും ആചാരങ്ങളേയും പരിഷ്കരിക്കുവാനായി പരിശ്രമിക്കുന്ന കാലമാണല്ലോ ഇത്. ഇക്കൂട്ടത്തിൽ പലതുകൊണ്ടും പ്രാധാന്യം വഹിക്കുന്ന നായന്മാരുടെ ഗതി ഒട്ടും പിന്നോക്കമല്ല. ദേശഭേദംകൊണ്ടും അവാന്തരജാതിഭേദംകൊണ്ടും ഭിന്നിച്ചുകിടക്കുന്നവരും വാസ്തവത്തിൽ നായന്മാർ എന്ന വർഗ്ഗത്തിൽ പെടുന്നവരും ആയ സമുദായക്കാർ തമ്മിൽ 'കൊള്ളക്കൊടുക്ക'യും 'കൂടിക്കഴിച്ചലും' തുടങ്ങണം; ഇതരസമുദായക്കാരുടെ ആചാരത്തിൽനിന്നു തുലോം വിലക്ഷണമായവിധം കന്യകമാർക്കു 'താലികെട്ടുക' എന്നൊരു നടവടിയുള്ളതു നിൎത്തൽചെയ്യണം; താലികെട്ടുകല്യാണത്തിന്നു മുമ്പ് ഒരു കന്യക ഋതുവായാൽ ഭ്രഷ്ടുണ്ടെന്നുള്ള വെപ്പ് വേണ്ടെന്നു വെക്കണം; എന്നു തുടങ്ങി നായർസമുദായത്തിലെ പരിഷ്കാരികൾക്കുള്ള അഭിപ്രായങ്ങളെ ഒട്ടുമുക്കാലും ഈ ഗ്രന്ഥത്തിൽ പരാമർശിച്ചിട്ടുണ്ട്. വടക്കേ മലയാളത്തിലുള്ള ഒരു പഴയ നായർ തറവാട്ടിലെ കന്യകയെ തിരുവനന്തപുരത്തുകാരനായ ഒരു തമ്പി സംബന്ധം കഴിച്ചു എന്നുള്ളതാണ് ഇതിലെ കഥാവസ്തു. കഥയെപ്പററിയോ കഥാപാത്രങ്ങളെപ്പററിയോ അധികം വിസ്തരിക്കേണ്ട ആവശ്യമുണ്ടെന്നു തോന്നുന്നില്ല.

ഒരു കവിയുടെ ധൎമ്മം, പ്രധാനമായി, താൻ നന്നാക്കിവൎണ്ണിച്ചിട്ടുള്ള പാത്രങ്ങളുടെ ഗുണങ്ങളെ വായനക്കാരെക്കൊണ്ടു അനുകരിപ്പിക്കയും ചീത്തയാക്കിക്കാ

ണിച്ചിട്ടുള്ള പാത്രങ്ങളുടെ ദോഷങ്ങളെ നിരസിപ്പിക്കുകയുമാണല്ലോ. ഈ ധമ്മം കവിഎങ്ങിനെ സാധിക്കുന്നു? കവിതയിലുള്ള രസത്താൽ വായനക്കാരെ ആകൃഷ്ടന്മാരാക്കുന്നതുകൊണ്ടാണിതു സാധിക്കുന്നത്. പാത്രങ്ങളുടെ തന്മയത്വം, തദാശ്രയമായി കഥാവസ്തുവിൽ ഉണ്ടാകുന്ന സത്യത്വബുദ്ധി, ഇതു രണ്ടും നിമിത്തം വ്യഞ്ജിക്കുന്ന രസം എന്നിവയാലാണ് കവി ഈ കൃത്യം നിറവേററുന്നത്. പ്രകൃതത്തെ സംബന്ധിച്ചേടത്തോളം ഈ വിഷയത്തിൽ കവി വളരെ വിജയം നേടിയിരിക്കുന്നു എന്നുള്ളതിന്നു സംശയമില്ല. പത്മനാഭൻ തമ്പിയുടെയും കല്യാണിയുടെയും സമാഗമത്തെപ്പററിയും, അതിനുണ്ടായ കാരണത്തെപ്പററിയും എവക്കും ഒരു പക്ഷപാതം തോന്നാതിരിക്കയില്ല. കഥാവസ്തു യഥാൎത്ഥത്തിൽ കവിയുടെ സ്വകപോലകല്പിതമാണെങ്കിലും രസാകൃഷ്ടന്മാരായ സഹൃദയന്മാൎക്ക് ഇതു യഥാൎത്ഥമാണെന്നു തന്നെ തോന്നിപ്പോകുന്നു.

ഇതിലെ കവിതാരീതിക്കുള്ള ഒരു പ്രത്യേകഗുണം അക്ലിഷ്ടതയാണ്. നമ്പ്യാരുടെ കവിത 'ബലാദാകൃഷ്യമാണ'യല്ല; നേരെ മറിച്ച് 'സ്വയമേവാഗത'യാണ്. കവിതാകാമിനിയുമായി വലിയ പ്രണയകലഹം കഴിച്ച് വളരെ അദ്ധ്വാനം ചെയ്തതിന്നു ശേഷം ഒരു വിധം സിദ്ധസാദ്ധ്യന്മാരാവുന്ന കവികളെയാണ് ഇന്നത്തെ സാഹിത്യലോകത്തിൽ അധികം കാണുന്നത്. അവരൊക്കെ 'കവിതയുണ്ടാക്കുക'യാണു ചെയ്യുന്നത്. നമ്പ്യാൎക്കോ കവിത 'ഉണ്ടാവുക'യാകുന്നു. താൻ വിചാരിക്കുന്ന അൎത്ഥത്തെ വിശദമാക്കുവാനുള്ള പദങ്ങൾ ഈ കവിക്കു സുലഭമാണ്. രചനയും വളരെ സുഖമുള്ളതാണ്. ഇതിന്നു എത്ര ഉദാഹരണം വേണമെങ്കിലും ഇതിൽ സുലഭമാകുന്നു. നോക്കുക:—

"എന്താ ഹേ! മനയത്തിടത്തിൽമുതലി-
ല്ലാതായിവന്നോ, ഭവൽ-
സ്വന്താവശ്യമതിന്നിതെന്തു കഥയാ-
ണെത്രയ്ക്കു ലുബ്ധിക്കണോ?
സന്താനത്തിനു, താലി വേണ്ട, ചരടെ-
ന്നാലും ധരിപ്പിക്കവാ-
നെന്താവുന്നു! വിവേകബുദ്ധികൾ പിഴ-
ച്ചെന്നാകിൽ നന്നാകുമോ?
"അമ്മാമൻ പടുവൃദ്ധനാണു, മുനിസി-
പ്പെന്തോ പരിഷ്കാരിയാ-
ണമ്മാരെന്തറിയുന്നു, കാൎയ്യമഖിലം
മററാരു നോക്കീടുവാൻ?
ചുമ്മാ നിങ്ങളിരുന്നതത്ര ശരിയാ-
യില്ലാക്കുടുംബത്തിനു-
ള്ളമ്മാഹാത്മ്യമതേനിലയ്ക്കു നിലനി-
ന്നീടാനിന്നു താനല്ലയോ?
"താലികെട്ടു കഴിപ്പതിന്നു പണമി-
ല്ലെന്നാകിൽ മേനപ്പൊ-
ത്താലിക്കുട്ടിയവൻ കടം തരികയി-
ല്ലാഞ്ഞോ പറഞ്ഞോ ഭവാൻ?
പാലക്കാട്ടിലെഴുന്ന പട്ടരരിക-
ത്തില്ലേ പണക്കാരനായ്?
കാലക്കേടിനു വേണ്ടതൊന്നുമവിടെ-
ത്തോന്നീലയെന്നായ് വരാം."

കല്യാണിയുടെ താലികെട്ടുകല്യാണം വേണ്ടെന്നുവെച്ചതിനെപ്പററി നാട്ടുകാർ കുഞ്ഞൻനായരോടു മുള്ളുപറയുന്ന

മേൽക്കാണിച്ച പദ്യങ്ങൾ എത്രമാത്രം സരസങ്ങളായിട്ടുണ്ടെന്നു പറയേണ്ടതില്ലല്ലൊ.

ശബ്ദങ്ങൾ തിരഞ്ഞെടുത്തു നിരത്തിവെച്ച്, അൎത്ഥസംശയം വരുന്ന ദിക്കിൽ 'ഏട്ടുനോട്ടം' കൊടുത്തു കാവ്യസൌധം കെട്ടിയുണ്ടാക്കുന്ന കവികൾ നമ്പ്യാരുടെ കവിത ഒന്നു വായിച്ചുനോക്കേണ്ടതാണ്. ഇതിൽ അനാവശ്യപദങ്ങൾ ഉണ്ടായേക്കാം; ചില പദങ്ങളേയും പ്രയോഗങ്ങളേയും വൈയാകരണന്മാർ സമ്മതിക്കാതിരുന്നേക്കാം; അലങ്കാരങ്ങൾ മതിയായില്ലെന്നും ചിലൎക്കാക്ഷേപമുണ്ടായേക്കാം. എന്നാൽ അവൎക്കെല്ലാവൎക്കും നമ്പ്യാൎക്കുള്ള അസാധാരണമായ വാസനാഗുണത്തെപ്പററി ബഹുമാനം തോന്നാതിരിക്കയില്ല.

സമുദായപരിഷ്കരണസംബന്ധമായ ഈ സരസകാവ്യം ഉത്തരകേരളീയ നായർസമാജത്തിന്റെ ആഭിമുഖ്യത്തിൽ പ്രസിദ്ധപ്പെടുത്തിയതു് ഉചിതമായിട്ടുണ്ട്. ആവശ്യക്കാർ മംഗളോദയം കമ്പനിയിൽ ആവശ്യപ്പെടേണ്ടതാണ്.

---

൨. എന്റെ ശപഥം:– (പ്രസാധകൻ സി. എൻ. ശങ്കരൻ, ആനിഹാരൾ, ചാലപ്പുറം; വില ൧–ണ.)

സി. ജിനരാജദാസ എന്ന മഹാൻ എഴുതീട്ടുള്ള "I promise" എന്ന ഇംഗ്ലീഷപുസ്തകത്തിന്റെ മലയാളതൎജ്ജമയാണ് "എന്റെ ശപഥം". ബാലോപദേശപരമായ ഈ പുസ്തകത്തിൽ 1 പ്രസന്നമുഖം, 2 ധൈൎയ്യവാക്ക്, 3 ഉന്മേഷവിചാരം, 4 വീൎയ്യപ്രവൃത്തി എന്നിങ്ങിനെ നാലു വിഷയങ്ങളെപ്പററിയാണ് പ്രതിപാദിച്ചിട്ടുള്ളത്. ഈ നാലു ഗുണങ്ങളെ ആശ്രയിച്ചാണ് കുട്ടികളുടെ യോഗ്യതകണക്കാക്കേണ്ടതെന്നാകുന്നു ഗ്രന്ഥകൎത്താവു സാധിച്ചിട്ടുള്ളത്. അതിന്നു വേണ്ടുന്ന യുക്തിപ്രമാണങ്ങളും ഉദാഹരണത്തിന്നായി ചില കഥകളും അതാതു സന്ദൎഭങ്ങളിൽ ഭംഗിയായി പ്രതിപാദിച്ചിട്ടുമുണ്ട്. സ്വാൎത്ഥത്തെ ഉപേക്ഷിച്ചു ലോകാനുഗ്രഹാൎത്ഥമായി പ്രവൎത്തിക്കുന്നവനാണ് യഥാൎത്ഥഗുരുവെന്നും, അങ്ങിനെയുള്ള ഗുരുവിന്റെ ശിഷ്യന്നു ഗുരുവിനോടുള്ള കൎത്തവ്യം ഗുരുവിന്റെ ഉദ്ദേശസിദ്ധിക്കു സഹായിക്കുക മാത്രമാണെന്നും, താല്പൎയ്യമായ കാൎയ്യം സാധിക്കുന്നതിന്നു 'പ്രസന്നമുഖം' മുതലായ ഗുണങ്ങൾ അത്യാവശ്യമാണെന്നും ആണ് ഈ പുസ്തകത്തിൽനിന്നു മനസ്സിലാക്കാനുള്ളത്. സത്യം, മൎയ്യാദ, സ്വാഭിമാനം, സ്വാതന്ത്ര്യം മുതലായ ഗുണങ്ങൾ ബാലന്മാരിൽ ജനിപ്പിക്കുവാൻ ഈ പുസ്തകം വളരെ ഉപകരിക്കുന്നതാണ്. ഇന്നത്തെ ബാലന്മാരാണ് നാളെ പൌരന്മാരായിത്തീരുന്നതെന്നുള്ള വാസ്തവം ആലോചിച്ചുനോക്കിയാൽ ബാലന്മാരുടെ ഹൃദയത്തെ സംസ്കരിക്കേണ്ടുന്ന ആവശ്യം വ്യക്തമാകുന്നതാണ്. ആ വിഷയത്തിൽ വിദ്യാൎത്ഥികൾക്ക് അത്യന്താപേക്ഷിതമായ ഒരു പുസ്തകമാണിതെന്നു നിസ്സംശയം പറയാം. സി. ജിനരാജദാസ് അവർകളുടെ പ്രശാന്തഗംഭീരമായ ഒരു ഛായാപടം ഇതിന്റെ ആദിയിൽ ചേൎത്തിട്ടുള്ളതു വളരെ ഹൃദയാവൎജ്ജകമായിരിക്കുന്നു.

---

൩. സ്വയംഭരണാധികാരം:— (പരിഭാഷകൻ സി. വി. രവിശർമ്മരാജാ; പ്രസാധകൻ എം. കൃഷ്ണൻ ഭട്ടതിരിപ്പാട്, ചാവക്കാട്; വില രണ്ടര അണ.)

സുപ്രസിദ്ധനായ ബാലഗംഗാധരതിലകൻ അഹമ്മദനഗരത്തിൽവെച്ചു ചെയ്ത പ്രസംഗത്തിന്റെ പരിഭാഷയാണ് ഈ ചെറുപുസ്തകം. ഇന്ത്യാരാജ്യത്തിന്നു സ്വയംഭരണാധികാരം കിട്ടുവാൻ അർഹതയുണ്ടെന്നു യുക്തിപ്രമാണങ്ങളോടുകൂടി സ്ഥാപിക്കുകയാണ് ഇതിൽ ചെയ്തിട്ടുള്ളത്. ഗംഭീരങ്ങളായ വിഷയങ്ങളെപ്പററി ലളിതമായും മദ്ധ്യസ്ഥനിലയിലും പ്രസംഗിച്ചു ഫലിപ്പിക്കുവാനുള്ള ശക്തിയാണ് തിലകന്റെ പ്രസംഗങ്ങൾക്കുള്ള പ്രത്യേകഗുണം. അതു് എറക്കുറെ ഈ പരിഭാഷയിലും കാണുന്നുണ്ട്. ഇതിന്റെ മൂലമായ "പ്രസംഗം കേട്ടപ്പോൾ കൊടുംകാററടിച്ചു വീശുന്ന സമയത്തു കോളിളകിമറിഞ്ഞു വല്ലാതെ ക്ഷോഭിച്ച ഒരു കടൽപോലെയായി ആ മഹാസഭ" എന്നു മുഖവുരയിൽ പറഞ്ഞുകാണുന്നു. ഇതു വായിച്ചാൽ അങ്ങിനെ ഒരു ശക്തി ഈ പ്രസംഗത്തിന്നുണ്ടെന്നു സമ്മതിക്കുവാൻ വയ്യ. അതിന്നു കാരണം, ഇതിലെ പ്രമേയത്തിന്നു മറാത്തിയിൽനിന്നു ഇംഗ്ലീഷിലും ഇംഗ്ലീഷിൽനിന്നു മലയാളത്തിലും പകൎന്നപ്പോളുണ്ടായ വൈകല്യമായിരിക്കാം. രാജ്യകാൎയ്യസംബന്ധമായ ഈ ചെറുപുസ്തകത്തിന്നു മലയാളത്തിൽ തീൎച്ചയായും ഒരു സ്ഥാനത്തിന്നവകാശമുണ്ട്..

യോഗക്ഷേമവായനശാലാസിക്രട്ടറി അയച്ചിട്ടുള്ള 'നമ്പൂതിരിമാർ', ബി. വി. ബുക്കഡിപ്പോക്കാർ അയച്ചുതന്നിട്ടുള്ള പ്രഹസനമാലയിലെ ആദ്യത്തെ നാലു പുസ്തകങ്ങൾ, മലബാർ ഹോംറൂൾ ആപ്പീസ്സിൽനിന്നയച്ചിട്ടുള്ള 'സ്വയംഭരണത്തിന്നുള്ള അർഹത' എന്നീപുസ്തകങ്ങൾ കയ്പററിയിരിക്കുന്നു. അഭിപ്രായം വഴിയെ.

മം- പ-

आवृतः तस्मिन् पक्षे जीवस्यैव जगदुपादानत्वेन सर्वसंबद्धत्वादावरणभङ्गार्थावृत्तिरिति विवेकः ॥

न्या—र— ननु कथमतिशीघ्रमेव मनसस्सूर्यमण्डलादिसंयोगः तत्राह । तस्येति । ननु मनसः इन्द्रियसंयुक्तत्वेपि घटादिसंयोगे मानाभावः । घटाद्यसंयुक्तभागावच्छेदेनैव इन्द्रिये तत्संयोगसंभवात् । न च विषये मनस्संयोगं विना विषयचैतन्याभिन्नप्रमातृचैतन्यरूपस्य विषयसाक्षात्कारस्यानुपपत्तिरिति वाच्यम् । विषयाकारया अनिर्गताया अपि इन्द्रियजन्याया मनोवृत्तेर्विषयसाक्षात्कारत्वसंभवात् आत्मसुखादौ मनःकरणस्यैव साक्षात्कारस्य वाचस्पतिमते स्वीकारात् । अथ विनिगमकाभावादिन्द्रिये घटादिसंयुक्तभागावच्छेदेनापि मनस्संयुज्यते । सावयवत्वाच्च युगपत् पादहस्ताद्यवच्छिन्नसुखदुःखादिपरिणामवत्त्वात् । किञ्च इन्द्रियसन्निकर्षं प्रति चाक्षुषादेः घटादिनिष्ठेन विषयतासंबद्धेनैवावच्छेदकतासंबद्धेनापि विनिगमकाभावेन कार्यतासंभवात् चाक्षुषादिमनोवृत्तेस्स्वविषयावच्छिन्नत्वसिध्या बहिर्निर्गमस्यावश्यवाच्यत्वेन घटादिसंयोगस्यापि संभवः । न च चक्षुरादेर्घटादिनिष्ठविषयताकत्वासिद्धौ विषयतासंबद्धेनेन्द्रियसन्निकर्षकार्यत्वस्यावश्यकतया सैव तत्र विनिगमिकेति वाच्यम् । विशिष्टविषयकबुद्धित्वेन बाधाभावादिकार्यत्वस्यावश्यकतया तत एवोक्तसिद्धिसंभवात् उक्तकार्यत्वस्यानावश्यकत्वात् । न च निर्विकल्पकप्रत्यक्षस्य उक्तसिध्यै तादृशमिन्द्रियसन्निकर्षकार्यत्वमावश्यकमिति वाच्यम् । उक्तप्रत्यक्षे मानाभावात । न जातिमान् घटः इत्यादौ शुद्धघटत्वादिप्रकारताप्रयोजकत्वेन घटत्वादिनिर्विकल्पकं इति च्यम् । विजातीयसन्निकर्षत्वेनैव उक्तविषयताकधीहेतुत्वसंभवात् अनन्तकोटिनिर्विकल्पककल्पने गौरवादिति चेत् था हि घटादिसंसृष्टस्य मनसश्शरीरसंसर्गे मानाभावेन शरीरावच्छिन्नमनोभागावच्छिन्नचितश्चाक्षुषादिकाले प्रमात्वसिद्धान्तानुपपत्तेः । तत्राह—सचेत्यादि-अवच्छिन्नः शरीरघटादितदन्तरालदेशेषु युगपत् संयुक्तः । तत्र दृष्टान्तमाह—चक्षुर्वदिति-चक्षुरादीन्द्रियस्य यथा जीवनदशायां न शरीरत्यागः जीवनादृष्टस्य तत्र प्रतिबन्धकत्वात् तथा मनसोपीत्यर्थः । कर्तेति—क्रियानुकूलेन्द्रियसंयोगादिव्यापारवत्त्वादिति शेषः । ज्ञानकर्मत्वसाधकं आवरणनिवृत्त्यादिरूपस्य ज्ञानक्रियाजन्यफलस्य संपादकम् । तत्र हेतुः अभिव्यक्तियोग्यत्वमिति—आवरणनिवृत्त्यादिरूपाभिव्यक्तिं प्रति कारणीभूताया वृत्तिज्ञानरूपक्रियाया योग्यतारूपमित्यर्थः । विषयसंस्पृष्टत्वभागावच्छिन्नक्रिया विषयनिष्ठाभिव्यक्तिजननयोग्या भवतीति भावः । प्रमातेति । प्रमानुकूलव्यापारवत्त्वादिति शेषः । प्रमाणमिति विषयसंस्पृष्टभागरूपप्रमासिध्यर्थं प्रमातृव्यापाराविशिष्टत्वात् तादृशप्रमां प्रति अयोगव्यवच्छेदेन कारणत्वाच्चेति शेषः । प्रमात्राप्या हि वृत्तिर्विषयेण संसृज्यते । विषयसंस्पृष्टभाग योगशून्या चेति भावः । प्रमितिरिति—अज्ञातविषयभागत्वादिति शेषः । तदव्यवधानेन अज्ञातविषयाभिव्यक्तिरूपफलदर्शनेन तस्यैवाज्ञातविषयकत्वमिति भावः । ब्रह्मेति—जीवचैतन्यस्य

ादिमनोयोगाभावेऽपि चाक्षुषानुत्पत्तिरूपातिप्रसङ्गभङ्गादित्यर्थः । न च चक्षुरादिमनोयोगा चक्षुरादिविषयसंयोगस्य वा शक्तिविशेषे-हेतुत्वमित्यत्र विनिगमकाभावः । चक्षुरादियोगस्य हेतुत्वे हेतुतावच्छेदकसंबद्धगौरवादिति भावः । ज्ञापितमिति मनश्चक्षुरादीन्द्रियसंयोगकाले चाक्षुषानुत्पत्त्या इन्द्रियमनःसंयोगस्य चाक्षुषादिकं प्रति हेतुत्वं स्वीकरणीयं (ज्ञापनीयं) न तु मनस्संयुक्तेन्द्रियविषयसंयोगस्य मनस्संयुक्तेन्द्रियविषयसंयोगदशायां चाक्षुषानुत्पत्तेरिन्द्रियमनस्संयोगरूपकारणान्तरविरहादेवोपपत्तेः । इन्द्रियमनस्संयोगस्य हेतुत्वास्वीकारे च तदभावदशायां चाक्षुषानुत्पत्तेर्निर्वाहाय मनस्संयुक्तेन्द्रियविषयसंयोगस्यैव हेतुत्वं स्वीकरणीयं (ज्ञापनीयम्) । अन्यथा तदनिर्वाहात् । इति मनस्संयुक्तेन्द्रियविषयसंयोगस्य हेतुत्वज्ञापनेनेन्द्रियमनस्संयोगस्य हेतुत्वमिति ज्ञापितमिति भावः । यद्वा एकमेव कारणत्वमित्यन्तग्रन्थस्य यथाश्रुत एवार्थः । मनोसंयुक्तचक्षुर्विषयसंयोगेति विषयासंयुक्तचक्षुर्मनस्संयोगोपलक्षणम् । तथा च मनोसंयुक्तचक्षुर्विषयसंयोगे विषयासंयुक्तचक्षुर्मनस्संयोगे च तादृशशक्तिविशेषास्वीकारेणेत्यर्थः । अथवा मनोसंयुक्तचक्षुर्विषयसंयोगवति तादृशचक्षुर्विषयसंयोगे विषयासंयुक्तचक्षुर्मनस्संयोगे वा सतीत्यर्थः । चक्षुर्विषयसंयोगमात्रदशायां चक्षुर्मनस्संयोगमात्रदशायां चेत्यर्थः भवत् । तादृशशक्तिविशेषास्वीकारेणेति व्याप्तिसंबद्धेन तादृशशक्तिविशेषविशिष्टस्य अधिकरणे अभावेनेत्यर्थः । तादृशशक्तिविशेषपर्याप्तेस्तदुभयस्मिन्नेव स्वीकारादिति भावः । अतिप्रसङ्गभङ्गादिति पार्याप्तिसंबद्धेन तादृशशक्तिविशेषविशिष्टस्यैव चाक्षुषादिहेतुत्वस्वीकारादिति भावः । दर्शिता चेयं रीतिः यद्यपि घटादिकार्यं प्रति तत्तत्कार्यानुकूलैकशक्तिमत्त्वेन कारणत्वे लाघवमित्यादिना शक्तिवादतरंगिण्यां रामरुद्रभट्टैः ॥

स च सावयवत्वात्परिणममानो देहाभ्यन्तरे घटादौ च सम्यग्व्याप्य देहघटयोर्मध्येऽपि चक्षुर्वदविच्छिन्नोऽवतिष्ठते । तत्र देहेन्तःकरणभागोऽहंकाराख्यः कर्तेत्युच्यते । देहविषयमध्यवृत्तिदण्डायमानस्तद्भागो वृत्तिज्ञानाख्यः क्रियेत्युच्यते । विषयव्यापकस्तद्भागो विषयस्य ज्ञानकर्मत्वसंपादकमभिव्यक्तियोग्यत्वमित्युच्यते । तस्य च त्रिभागस्यान्तःकरणस्यातिस्वच्छत्वाच्चैतन्यं तत्राभिव्यज्यते । तस्य चाभिव्यक्तस्य चैतन्यस्य एकत्वेऽप्यभिव्यञ्जकान्तःकरणभागभेदात् त्रिधा व्यपदेशो भवति । कर्तृभागावच्छिन्नश्चिदंशः प्रमाता क्रियाभागावच्छिन्नचिदंशः प्रमाणं विषयगतोभिव्यक्तियोग्यत्वभागावच्छिन्नचिदंशः प्रमितिरिति । प्रमेयं तु विषयगतं ब्रह्मचैतन्यमेवाज्ञातं तदेव ज्ञातं सत् फलम् । तत्र च यस्मिन् पक्षे अन्तःकरणावच्छिन्नो जीवः यस्मिंश्च पक्षे सर्वगतोऽसंगोऽविद्याप्रतिबिंबो जीवः तत्रोभयत्रापि प्रमातृचैतन्योपरागार्था विषयगतचैतन्यावरणभंगार्था चान्तःकरणवृत्तिः । यस्मिंश्च पक्षे विद्यावच्छिन्नस्सर्वगतो जीव